| Swargeeya Manna | | |
| --- | --- | --- |
| January | February | March |
| April | May | June |
| July | August | September |
| October | November | December |

# January

| | | | | | |
|---|---|---|---|---|---|
| Jan 1 | Jan 2 | Jan 3 | Jan4 | Jan5 | Jan 6 |
| Jan 7 | Jan 8 | Jan 9 | Jan 10 | Jan 11 | Jan 12 |
| Jan 13 | Jan 14 | Jan 15 | Jan 16 | Jan 17 | Jan 18 |
| Jan 19 | Jan 20 | Jan 21 | Jan 22 | Jan 23 | Jan 24 |
| Jan 25 | Jan 26 | Jan 27 | Jan 28 | Jan 29 | Jan 30 |
| Jan 31 | | | | | |

# February

| | | | | | |
|---|---|---|---|---|---|
| Feb 1 | Feb 2 | Feb 3 | Feb 4 | Feb 5 | Feb 6 |
| Feb 7 | Feb 8 | Feb 9 | Feb 10 | Feb 11 | Feb 12 |
| Feb 13 | Feb 14 | Feb 15 | Feb 16 | Feb 17 | Feb 18 |
| Feb 19 | Feb 20 | Feb 21 | Feb 22 | Feb 23 | Feb 24 |
| Feb 25 | Feb 26 | Feb 27 | Feb 28 | Feb 29 | |

# March

| | | | | | |
|---|---|---|---|---|---|
| Mar1 | Mar2 | Mar3 | Mar4 | Mar5 | Mar6 |
| Mar7 | Mar8 | March9 | Mar10 | Mar11 | Mar12 |
| Mar13 | Mar14 | Mar15 | Mar16 | Mar17 | Mar18 |
| Mar19 | Mar20 | Mar21 | Mar22 | Mar23 | Mar24 |
| Mar25 | Mar26 | Mar27 | Mar28 | Mar29 | Mar30 |
| Mar31 | | | | | |

# April

| | | | | | |
|---|---|---|---|---|---|
| April1 | April2 | April3 | April14 | April5 | April6 |
| April7 | April8 | April9 | April10 | April11 | April12 |
| April13 | April14 | April15 | April16 | April17 | April18 |
| April19 | April20 | April21 | April22 | April23 | April24 |
| April25 | April26 | April27 | April28 | April29 | April30 |

# May

| | | | | | |
|---|---|---|---|---|---|
| May1 | May2 | May3 | May4 | May5 | May6 |
| May7 | May8 | May9 | May10 | May11 | May12 |
| May13 | May14 | May15 | May16 | May17 | May18 |
| May19 | May20 | May21 | May22 | May23 | May24 |
| May25 | May26 | May27 | May28 | May29 | May30 |
| May31 | | | | | |

# June

| | | | | | |
|---|---|---|---|---|---|
| June1 | June2 | June3 | June4 | June5 | June6 |
| June7 | June8 | June9 | June10 | June11 | June12 |
| June13 | June14 | June15 | June16 | June17 | June18 |
| June19 | June20 | June21 | June22 | June23 | June24 |
| June25 | June26 | June27 | June28 | June29 | June30 |

# July

| | | | | | |
|---|---|---|---|---|---|
| July1 | July2 | July3 | July4 | July5 | July6 |
| July7 | July8 | July9 | July10 | July11 | July12 |
| July13 | July14 | July15 | July16 | July17 | July18 |
| July19 | July20 | July21 | July22 | July23 | July24 |
| July25 | July26 | July27 | July28 | July29 | July30 |
| July31 | | | | | |

# August

| | | | | | |
|---|---|---|---|---|---|
| Aug1 | Aug2 | Aug3 | Aug4 | Aug5 | Aug6 |
| Aug7 | Aug8 | Aug9 | Aug10 | Aug11 | Aug12 |
| Aug13 | Aug14 | Aug15 | Aug16 | Aug17 | Aug18 |
| Aug19 | Aug20 | Aug21 | Aug22 | Aug23 | Aug24 |
| Aug25 | Aug26 | Aug27 | Aug28 | Aug29 | Aug30 |
| Aug31 | | | | | |

# September

| | | | | | |
|---|---|---|---|---|---|
| Sep1 | Sep2 | Sep3 | Sep4 | Sep5 | Sep6 |
| Sep7 | Sep8 | Sep9 | Sep10 | Sep11 | Sep12 |
| Sep13 | Sep14 | Sep15 | Sep16 | Sep17 | Sep18 |
| Sep19 | Sep20 | Sep21 | Sep22 | Sep23 | Sep24 |
| Sep25 | Sep26 | Sep27 | Sep28 | Sep29 | Sep30 |

# October

| | | | | | |
|---|---|---|---|---|---|
| Oct1 | Oct2 | Oct3 | Oct4 | Oct5 | Oct6 |
| Oct7 | Oct8 | Oct9 | Oct10 | Oct11 | Oct12 |
| Oct13 | Oct14 | Oct15 | Oct16 | Oct17 | Oct18 |
| Oct19 | Oct20 | Oct21 | Oct22 | Oct23 | Oct24 |
| Oct25 | Oct26 | Oct27 | Oct28 | Oct29 | Oct30 |
| Oct31 | | | | | |

# November

| | | | | | |
|---|---|---|---|---|---|
| Nov1 | Nov2 | Nov3 | Nov4 | Nov5 | Nov6 |
| Nov7 | Nov8 | Nov9 | Nov10 | Nov11 | Nov12 |
| Nov13 | Nov14 | Nov15 | Nov16 | Nov17 | Nov18 |
| Nov19 | Nov20 | Nov21 | Nov22 | Nov23 | Nov24 |
| Nov25 | Nov26 | Nov27 | Nov28 | Nov29 | Nov30 |

# December

| | | | | | |
|---|---|---|---|---|---|
| Dec1 | Dec2 | Dec3 | Dec4 | Dec5 | Dec6 |
| Dec7 | Dec8 | Dec9 | Dec10 | Dec11 | Dec12 |
| Dec13 | Dec14 | Dec15 | Dec16 | Dec17 | Dec18 |
| Dec19 | Dec20 | Dec21 | Dec22 | Dec23 | Dec24 |
| Dec25 | Dec26 | Dec27 | Dec28 | Dec29 | Dec30 |
| Dec31 | | | | | |

# ജനുവരി 1

***ജനങ്ങളേ, നമ്മുടെ ദൈവത്തെ വാഴ്ത്തുവിൻ; അവന്റെ സ്തുതി ഉച്ചത്തിൽ കേൾപ്പിപ്പിൻ. അവൻ നമ്മെ ജീവനോടെ കാക്കുന്നു; നമ്മുടെ കാലടികൾ വഴുതുവാൻ സമ്മതിക്കുന്നതുമില്ല - സങ്കീ.66:8,9***

നാമെല്ലാവരും ദൈവത്തിന്റെ വചനവും സേവയും സംബന്ധിച്ച് ഏകഹൃദയവും ഏകമനവും ഉള്ളവരായിരിപ്പാൻ ഇടയാകത്തക്കവണ്ണം മറ്റൊരാറുകൂടെ അവന്റെ കൃപ നമ്മെ വീഴാതെവണ്ണം കാത്തതിനാൽ തിരുനാമത്തിനു സ്തോത്രമുാകട്ടെ. കർത്താവിന്റെ ജനങ്ങളിൽ നിന്ന് സാക്ഷാൽ അവന്റെ വകയല്ലാത്തവരെ അരിച്ചുമാറ്റുവാനായി വ്യാജ ത്തിന്റെ വ്യാപാരശക്തിയെ (2 തെസ്സ. 2: 10-12) അവരുടെ മേൽ പ്രയോഗി ഷാൻ ശത്രുവിന് അനുവാദമുായിരിക്കെ, ഒരു പുതിയ ആരംഭത്തിൽ സത്യത്തെ വിലമതിച്ചും ദിവ്യനിയോഗത്തിന് അനുസൃതമായും നാം പ ിന്നെയും ഉറച്ചുനിൽക്കുന്നതായി കാണുമ്പോൾ നിശ്ചയമായും നമ്മുടെ ഹൃദയം ദൈവത്തിന്റെ നേരെ നന്ദിനിറഞ്ഞതായിരിക്കണം. - Z'03,3 (R 3125)

* * * * * *

ദൈവജനങ്ങൾ അവന്റെ വചനത്തിന്റെ മഹത്ത്വം ഉയർത്തിഷിടിക്ക ണമെന്നും, അവന്റെ സ്വഭാവലക്ഷണങ്ങളുടെ മൂർത്തീഭാവം തന്നെയായ അതിന്റെ സന്ദേശം ഉൾക്കൊള്ളണമെന്നും പരസ്പരം പ്രബോധിഷിക്കു ന്നു. തന്റെ വിശ്വസ്തജനത്തെ അവരുടെ പ്രയാണത്തിലുടനീളം അവൻ പരിപാലിക്കുന്നു ക്രിസ്തുവാകുന്ന പാറമേൽ കാലൂന്നിയിരി ക്കുന്ന ഇവർ വീഴാനോ അവിടെ നിന്നും തള്ളിയിടപ്പെടാനോ അവൻ അനുവദിക്കുകയില്ല - P'35, 182.

* * * * * *

**സമാന്തരവേദഭാഗങ്ങൾ : യോവേ. 2:26; സങ്കീ. 103; 104:1; 105:1-7; 91:1-16; 92:1-5; 10-15; റോമ. 8:31-39; 1 പത്രൊ. 1:2-9; യൂദാ. 24, 25; സങ്കീ. 40:1-4; 115:18; യെശ. 33:16; മത്താ. 10:28-31.**

ചോദ്യങ്ങൾ :- ഈ ആഴ്ച ഞാൻ അവന്റെ സ്തുതി വിളിച്ചറി യിച്ചോ? അത് എന്നെ എങ്ങനെ ശക്തീകരിച്ചു? അതു വീഴ്ചയിൽ നിന്നും എന്നെ എങ്ങനെ കാത്തുകൊു? അവന്റെ സ്തുതി സംബന്ധിച്ച് ഈ വർഷം ഞാൻ എന്തുചെയ്യും?

# ജനുവരി 2

***നിങ്ങൾ താന്താങ്ങൾക്കുള്ളവരല്ല. എന്തെന്നാൽ നിങ്ങൾ വിലയ്ക്കു കൊള്ളപ്പെട്ടവരാണ്. അതുകൊ് ദൈവത്തിന്റെ വകയായ നിങ്ങളുടെ ശരീരത്തിലും ആത്മാവിലും അവനെ മഹത്ത്വപ്പെടുത്തുവിൻ - 1 കൊരി. 6:19, 20.***

നാം നമുക്കുള്ളവരല്ല, പിന്നെയോ മറ്റൊരുവന്റെ വകയാകുന്നു. അതുകൊ് നമ്മെത്തന്നെ പ്രസാദിപ്പിക്കാൻ അന്വേഷിക്കാതെ അവനെ പ്രസാദിപ്പിക്കണം, സ്വയത്തെ സേവിക്കാതെ അവനെ സേവിക്കണം, സ്വന്തഇഷ്ടത്തെ അനുസരിപ്പാൻ നോക്കാതെ അവന്റെ ഇഷ്ടത്തെ അനുസരിക്കണം എന്നിങ്ങനെയുള്ള പാഠങ്ങളേക്കാൾ പുതുവത്സരാരംഭത്തിൽ പ്രധാനമായി എന്തുള്ളൂ. സമ്പൂർണ്ണവും സർവ്വതോമുഖവുമായ വിശുദ്ധിയെന്നാണ് ഇതിനർത്ഥം. പാപത്തിൽനിന്നും നീതിയിലേക്കുള്ള വേർപാടു മാത്രമല്ല സ്വയത്തിൽ നിന്നും ലോകത്തിൽനിന്നും ക്രിസ്തുവിലുളള ദൈവേഷ്ടത്തിലേക്കുള്ള വേർപാടുതന്നെ. - Z'97, 35 (R 2097)

*   *   *   *   *   *

ദൈവത്തിന്റെ ജനം അവന്റെ വകയായിരിക്കുന്നത് അവൻ അവരുടെ സ്രഷ്ടാവും അവരെ വിശുദ്ധീകരിക്കുന്നവനും ആയതുകൊുമാത്രമല്ല, വീടെുപ്പുകാരൻ എന്ന നിലയ്ക്കുമാണ്. അതുകൊ് തങ്ങളും തങ്ങൾക്കുള്ളവയും തങ്ങളുടെ ഉടമസ്ഥനും സ്രഷ്ടാവും ആയ ദൈവത്തിന്റെ മഹത്ത്വത്തിന് ഉപകരണങ്ങളായിത്തീരുക എന്നത് ന്യായവും ഉചിതവുമാണ്. വിശ്വാസത്തിന്റെയും സ്നേഹത്തിന്റെയും പ്രത്യാശയുടെയും അനുസരണത്തിന്റെയും പൂർണശക്തിയിലായിരിക്കണം ഈ ആത്മാർപ്പണം. എന്തെന്നാൽ അതിൽ കുറഞ്ഞതെന്തും അനുചിതവും അസ്വീകാര്യവും ആയിരിക്കും. - P'29, 189.

*   *   *   *   *   *

**സമാന്തരവേദഭാഗങ്ങൾ : മത്താ. 20:28; 1 തിമൊ. 2:5,6; അപ്പൊ. 20:28; വെളി 5:9; 14:4, 5; 2 കൊരി. 5:14, 15; തീത്തൊ. 2:14; 1 കൊരി. 7:23; 10:31; ഗലാ.3:13; എബ്രാ.9:12; 1 പത്രൊ. 1:18; 2:9; മത്താ.5:16; യോഹ. 15:8; ഫിലി. 1:9-11.**

ചോദ്യങ്ങൾ :- ഈ ആഴ്ച ഈ വാക്യത്തിന് എന്റെ ജീവിതത്തിൽ എന്തു സ്ഥാനം നൽകപ്പെട്ടു? ഏതു സാഹചര്യങ്ങളിൽ? ഫലമെന്തായിരുന്നു?

# ജനുവരി 3

***ഇടവിടാതെ പ്രാർത്ഥിപ്പിൻ - 1 തെസ്സ. 5:17.***

പ്രാർത്ഥനയിലുള്ള കണിശവും സ്ഥിരതയും സംബന്ധിച്ചു നമ്മുടെ സ്വാഭാവിക ചായ്‌വുകൾ എന്തുതന്നെ ആയിരുന്നാലും തിരുവെഴുത്തുക ളുടെ ഉപദേശമാണ് നാം സ്വീകരിക്കേത്. പ്രകൃത്യാ ഉള്ള നമ്മുടെ ചായ്‌വുകളെ ജയിച്ചുകൊു നാം "ചെറിയ കുഞ്ഞുങ്ങളെപ്പോലെയും", "പ്രിയമക്കളെപ്പോലെയും" മേലിൽനിന്നുള്ള ഉപദേശത്തിന് നമ്മുടെ അഭി പ്രായങ്ങളെയും നടത്തയെയും അനുരൂപമാക്കണം. "അതുകൊ് (എന്റെ നാമത്തിൽ) യാചിപ്പിൻ എന്നാൽ നിങ്ങളുടെ സന്തോഷം പൂർണ്ണ മാകേതിന് നിങ്ങൾക്കു ലഭിക്കും" (യോഹ. 16:24) എന്നുള്ളത് നാം എല്ലാ വരും ഓർത്തുകൊള്ളണം. അനുസരണവും വിശ്വസ്തതയും ഉള്ളവ രായി തന്നോടു യാചിക്കുന്ന മക്കൾക്കു കൊടുപ്പാനായി സ്വർഗ്ഗസ്ഥപി താവ് നിക്ഷേപിച്ചിട്ടുള്ള കരുണകളും അനുഗ്രഹങ്ങളും വിചാരണകളും വളരെയാണ് - Z'96, (R 2004)

*　　*　　*　　*　　*　　*

കർത്താവിന്റെ ജനങ്ങൾ മടുത്തുപോകാതെ എപ്പോഴും പ്രാർത്ഥി ക്കുന്നവരായിരിക്കണം. വളരെ വൈകി ലഭിക്കുന്ന മറുപടിയാണ് ഏറെ വിലമതിക്കപ്പെടുന്ന അനുഗ്രഹങ്ങൾ. സ്വർഗ്ഗീയപിതാവിന്റെ പ്രീതിക്കായി കൃപയുടെ സിംഹാസനത്തിങ്കൽ നാം അനവരതം മുട്ടിക്കൊിരുന്നാൽ ന മ്മുടെ ആത്മീയതയ്ക്ക് ആഴമേറുകയും നമ്മുടെ വിശുദ്ധമായ ആഗ്രഹ ങ്ങൾ സാധിച്ചുകിട്ടുകയും ചെയ്യും - P'34, 189.

*　　*　　*　　*　　*　　*

**സമാന്തരവേദഭാഗങ്ങൾ : 1 പത്രൊ. 4:7; ലൂക്കൊ. 2:37; 11:5-13; 21:36; റോമ. 12:12; എഫേ. 1:15, 16; 6:18; ഫിലി. 4:6,7; കൊലൊ. 1:9; 4:2; സങ്കീ. 5:1-3; 42:8; 109:4; 116:2; ദാനി. 6:10; അപ്പൊ. 6:4; 10:2, 9; റോമ. 1:9; 1തെസ്സ. 3:10; 1 തിമൊ. 5:5; 2 തിമൊ. 1:3.**

ചോദ്യങ്ങൾ :- നിരന്തരമായ പ്രാർത്ഥനയോടു ബന്ധപ്പെട്ട് ഈ ആഴ്ചയിൽ ഉായ അനുഭവങ്ങൾ ഏവ? എന്തു സഹായം ലഭിച്ചു? എന്തു പ്രതിബന്ധമുായി? ഫലമെന്തായിരുന്നു?

# ജനുവരി 4

***യഹോവയെ കാത്തിരിക്കുക; ധൈര്യപ്പെട്ടിരിക്കുക, അവൻ നിന്റെ ഹൃദയത്തെ ബലപ്പെടുത്തും. ഞാൻ പറയുന്നു, യഹോവയെ കാത്തിരിക്കുക. - സങ്കീ. 27:14.***

ദൈവത്തിന്റെ സകല നിർണയങ്ങളിലും സമയം എന്നത് ഒരു പ്രധാന ഘടകമാണ്. നാം യാചിക്കുന്ന അനുഗ്രഹങ്ങൾ ചിലപ്പോൾ താമസിച്ചുപോയി എന്നുവരാം. നമ്മുടെ സഹിഷ്ണുതയെ പരീക്ഷിക്കുന്ന കാലതാമസത്തിങ്കൽ നാം നിരാശപ്പെട്ടുപോകരുത്. ലോകത്തെ ആകൃതിപ്പെടുത്തുന്നതിനും അതിനെ മനുഷ്യനിവാസയോഗ്യമാക്കിത്തീർക്കുന്നതിനും ദൈവത്തിനു കാലം വേിവന്നു. തിന്മയുടെ പരിജ്ഞാനം ലോകത്തിനു നൽകുന്നത് കാലം കൊാണ്. ലോകരക്ഷകനായി ക്രിസ്തു ജനിക്കുന്നതിനുവേിയുള്ള ഒരുക്കത്തിനും അവന്റെ മഹത്ത്വമുള്ള വാഴ്ചയിൽ പങ്കുകൊള്ളുന്നതിന് സഭയെ ഒരുക്കുന്നതിനും കാലം ആവശ്യമാണ്. അതുപോലെ തന്നെ തന്റെ ജനങ്ങളുടെ ആളാംപ്രതിയുള്ള കാര്യങ്ങളെ ചിട്ടപ്പെടുത്തുന്നതിനും അവനു സമയം വേണം. നമ്മുടെ പ്രാർത്ഥനകളുടെ മറുപടി താമസിച്ചുപോയി എന്നു തോന്നുമ്പോഴും ദൈവം മറന്നിട്ടില്ല. ഒരു കുരികിലിന്റെ വീഴ്ചയെ ശ്രദ്ധിക്കുകയും നമ്മുടെ തലയിലെ രോമങ്ങൾ എണ്ണുകയും ചെയ്യുന്നവൻ തന്റെ ഏറ്റവും എളിയ പൈതലിന്റെ എത്രയും മന്ദമായ വിളിയെയോ നിസ്സാരമായ ആവശ്യത്തെയോ പോലും അഗണ്യമാക്കുന്നവനല്ല - Z'95, (R 1759)

*   *   *   *   *   *

തന്റെ ജനങ്ങളുടെ ക്ഷമാശീലത്തെ പരീക്ഷിക്കുന്നതിന് അവർക്കുവേിയുള്ള അവന്റെ കരുതലുകളിൽ പലപ്പോഴും കാലവിളംബങ്ങളും ഉൾപ്പെടുന്നു്. ഈ പരീക്ഷകളെ സധൈര്യം അഭിമുഖീകരിക്കുന്നവർ അതുവഴി കർത്താവിൽ ബലവാന്മാരായിത്തീരും. അതുകൊ് തങ്ങളുടെ പക്ഷത്തുള്ള ദൈവം വേസമയത്ത് തങ്ങളുടെ തുണയ്ക്കെത്തുമെന്നറിഞ്ഞ് ജീവിതത്തിലെ എല്ലാ വ്യത്യസ്ത സാഹചര്യങ്ങളിലും അവർ അവനെ കാത്തിരിക്കുന്നു. - P'33, 191.

*   *   *   *   *   *

**സമാന്തരവേദഭാഗങ്ങൾ : യിരെ. 14:22; സങ്കീ. 25:3, 5, 21; 39:7;. 123:2; 62:1, 2, 5; 33:20; 37:7; ഹോശെ. 12:6; ഗലാ. 5:5; സങ്കീ. 130:5,6; 40:1; 25:21; 69:3; മീഖാ. 7:7; ദാനി. 12:12; യെശ. 40:31; 64:4.**

ചോദ്യങ്ങൾ :- ഈ ആഴ്ച ഞാൻ കർത്താവിനായി കാത്തിരുന്നോ? എങ്ങനെ? എന്തുകൊ്? ഫലമെന്തായിരുന്നു?

# ജനുവരി 5

***നിന്നെ നിന്ദിച്ചവരുടെ നിന്ദകൾ എന്റെമേൽ വീണു - റോമ. 15 :3***

ക്രിസ്തു സഹിച്ചതുപോലെ അവന്റെ നിന്ദകളെ നാമും സഹിക്കണം. തെറ്റിപ്പോകുന്നവരും നികൃഷ്ടരുമായവർക്കു ദൈവം പക്ഷേ അനുതാപം നൽകുമെന്നു കരുതി അവരുടെ നേരെ സഹതാപം കാട്ടുകയും അവർക്കുവേി പ്രാർത്ഥിക്കുകയും ചെയ്യാം. അവന്റെ സേവയിൽ നല്ല പടയാളികളെപ്പോലെ കഷ്ടം സഹിച്ചുകൊു കർത്താവിന്റെ നേർക്കുള്ള നമ്മുടെ ഭക്തിയെ തെളിയിപ്പാൻ കിട്ടിയ ഒരു പദവിയെന്നു വച്ച് വിനയം വിടാതെയുള്ള ധീരതയോടുകൂടി നാം അവയെ സഹിക്കുക. മനുഷ്യന്റെ നീചത്വം വെളിപ്പെട്ടുകാറെ അതു അപൂർവ്വമായ ഒന്നായി കർത്താവിനു തോന്നിയില്ല. പാപബദ്ധമായും അന്ധകാരപ്രഭുവിന്റെ അധികാരത്തിനു വിധേയമായും ഇരിക്കുന്ന ശത്രുതയുള്ള ഒരു ലോകത്തിലായിരുന്നു താൻ എന്ന് അറിയുകയാൽ നിന്ദയും പരിഹാസവു പീഡയും അവരിൽ നിന്നും അവൻ പ്രതീക്ഷിച്ചുകൊുതന്നെ അവയെ എല്ലാം ക്ഷമയോടെ സഹിച്ചു. അവന്റെ സ്നേഹോദാരമായ വിശാലഹൃദയം സ്വന്തദുഃഖങ്ങളെ ഗണ്യമാക്കാതെ മറ്റുള്ളവരുടെനേർക്കുള്ള സ്നേഹംകൊു നിറഞ്ഞിരുന്നു. - Z'96, 83 (R 1963)

* * * * * *

ശത്രുവിന്റെ വഞ്ചനമൂലം സ്വർഗ്ഗസ്ഥപിതാവിന്റെ സ്വഭാവം അന്യഥാകരിക്കപ്പെടുകയാലും മനുഷ്യരാശിയുടെ പാപവും അജ്ഞതയും വഴി അവന്റെ ഉദ്ദേശ്യങ്ങളെപ്പറ്റി മിഥ്യാധാരണ ജനിക്കയാലും ദൈവനാമം അഭക്തരുടെ നിന്ദയ്ക്കു പാത്രമാകുന്നു. അവന്റെ വിശ്വസ്ത ജനമെന്ന നിലയ്ക്ക് അവന്റെ പക്ഷത്തു നിലയുറപ്പിക്കുന്നവർ അവനുവേി വ്യവഹരിക്കയാൽ അവരാൽ നിന്ദിക്കപ്പെടുന്നു. നിന്ദാഹേതുക്കൾ ചിലപ്പോൾ വ്യത്യസ്തമായിരിക്കാം എന്നുമാത്രം. - P'32, 197.

* * * * * *

**സമാന്തരവേദഭാഗങ്ങൾ : സങ്കീ. 69:9; മർക്കൊ. 12:35-40; ലൂക്കൊ. 12:50;. റോമ. 6:1-11; 8:10,17,18; 15:2; 1 കൊരി. 15:29-34; 2 കൊരി. 1:5; 4:8-5:9; ഗലാ. 2:20; ഫിലി. 3:10; കൊലൊ. 1:24; 2:11,12; 2 തിമൊ. 2:10-12; 1പത്രൊ. 2:19-24; 3:13-18; 4:12-19.**

ചോദ്യങ്ങൾ :- ഈ വാക്യത്തിന്റെ വെളിച്ചത്തിൽ ഈ ആഴ്ചയിലെ അനുഭവങ്ങൾ എന്തെല്ലാമായിരുന്നു? ആ അനുഭവങ്ങളെ എങ്ങനെ അഭിമുഖീകരിച്ചു? അവ എന്നിൽ എന്തു പ്രതികരണമുളവാക്കി?

# ജനുവരി 6

***ഞങ്ങൾ ജ്ഞാനമുള്ളൊരു ഹൃദയം പ്രാപിക്കത്തക്കവണ്ണം ഞങ്ങളുടെ നാളുകളെ എണ്ണുവാൻ ഞങ്ങളെ ഉപദേശിക്കേണമേ - സങ്കീ.90:12***

ക്രിസ്ത്യാനി നാളുകളെ എണ്ണുന്നത് വിഷണ്ണമനസ്സോടെയോ ആശ്വാസമില്ലാതെയോ അല്ല, പിന്നെയോ സുബോധത്തോടെയത്രേ. പിന്നിടുന്ന നാളുകളെല്ലാം അവന്റെ എണ്ണത്തിൽ അത്രയും അനുഗ്രഹങ്ങളും അന്ധകാരത്തിൽ നിന്നു തന്റെ അത്ഭുതപ്രകാശത്തിലേക്കു വിളിച്ചവന്റെ സ്തുതികളെ വർണ്ണിക്കുന്നതിന് കിട്ടിയ അവസരങ്ങളും ആണ്. പരദേശപ്രയാണത്തിൽ മറ്റുള്ളവരെ സഹായിക്കുന്നതിനും ദൈവമുമ്പാകെ പ്രസാദകരമായ സ്വഭാവത്തിൽ അധികമധികം വളരുന്നതിനും ദൈവത്തിന്റെ പ്രിയപുത്രന്റെ മാതൃകയോട് അധികമധികം അനുരൂപപ്പെടുന്നതിനും ഉള്ള അവസരങ്ങളായി അവൻ അവയെ എണ്ണിക്കൊള്ളുന്നു. - Z'01, 333 (R 2895)

* * * * * *

നീതിയോടു പരിചയിക്കുന്ന യഥാസ്ഥാപനവർഗ്ഗം തിന്മയോടു പരിചയിച്ചിരുന്ന നാളുകളിലെ ജീവിതാനുഭവങ്ങളിൽ നിന്നും തിന്മ എത്ര വർജ്ജ്യമെന്നും നീതി എത്ര സ്വാഗതാർഹമെന്നുമുള്ള പാഠം അതായത് യഹോവാഭക്തി ജ്ഞാനത്തിന്റെ ആരംഭം എന്ന പാഠം ഗ്രഹിക്കാൻ കഴിയേതിന് പ്രാർത്ഥിക്കും. സത്യത്തിലും നീതിയിലും അവർക്ക് ശാശ്വത നന്മയ്ക്ക് ഉതകത്തക്കവിധം ഈ പ്രാർത്ഥനയ്ക്കു കർത്താവ് ഉത്തരം നൽകും. - P'26, 189.

* * * * * *

**സമാന്തരവേദഭാഗങ്ങൾ : ഇയ്യോ. 12:2,3,7-13,16,17,22; 28:12-28; 32:9; സങ്കീ. 107:43; 111:10; സദൃ. 1:5,7,20-2:10; 3:13-26,34,35; 4:4-22; 8:1-9; 16:16, 20-24; 1 കൊരി. 1:24,30; യാക്കോ. 1:5.**

ചോദ്യങ്ങൾ :- ഈ ആഴ്ചയിലെ ഏതനുഭവങ്ങളാണ് വിശേഷിച്ചും ജ്ഞാനദായകമായത്? ആ അനുഭവങ്ങളോടു ഞാൻ എങ്ങനെ പ്രതികരിച്ചു? എന്തായിരുന്നു ഫലം?

# ജനുവരി 7

***ആരെക്കൊും ദൂഷണം പറയരുത് - തീത്തൊ.. 3 :2***

അപവാദവും ദോഷാരോപണവും അന്യന്റെ തേജോവധവും, അപകീർത്തി മറ്റൊരുവന്റെ സൽപ്പേരിന്റെ കവർച്ചയും ആണെന്ന നേരായ ബോധം നമുക്ക് എത്രവേഗം ഉാകുന്നുവോ അത്രയ്ക്കു കർത്താവിന്റെ ദൃഷ്ടിയിലെന്നപോലെ നമ്മുടെ വീക്ഷണത്തിലും അതിന്റെ ഭയാനകത്വം വ്യക്തമാകും. സത്യവും ദിവ്യവുമായ ഈ കാഴ്ചപ്പാട് ഒരിക്കൽ ഉായാൽ പുതിയ മനസ്സും ഹൃദയവും ഇച്ഛയും ജഡത്തിന്റെയും പിശാചിന്റെയും ഈവക ക്രിയകളെ വിജയിക്കുന്നതിൽ ഉണർന്നു പ്രവർത്തിക്കും. ഈർഷ്യയുടെയും, അസൂയയുടെയും മത്സരത്തിന്റെയും, വക്രതയുടെയും, ദൂഷണത്തിന്റെയും പഴയ പുളിമാവ് നീക്കിക്കളഞ്ഞ് ഹൃദയവിശുദ്ധി പ്രാപിക്കുന്നതിനും കർത്താവിന്റെ പകർപ്പായിത്തീരുന്നതിനും ഓരോ ദൈവപൈതലും പരിശ്രമിക്കും. - Z'03, 425 (R 3272)

* * * * * *

അവരവരിൽ പലവിധ വീഴ്ചകളും അന്യരിൽ അനവധി സത്ഗുണങ്ങളും കാണുന്നതുകൊ് ആരെപ്പറ്റിയും ദൂഷണം പറയുന്നത് അനുചിതമാണ്. അന്യരുടെ മുറ്റം തൂക്കാൻ ഉദ്യമിക്കും മുമ്പ് സ്വന്തം മുറ്റം തൂത്തു വൃത്തിയാക്കണം. ഈ തൂപ്പുജോലി അന്യരോടു കൂടുതൽ സഹതപിക്കാൻ സഹായകമാകും. അപ്പോൾ മാത്രമേ അന്യരുടെ കുറവുകളെപ്പറ്റി പറയാവൂ. അപ്രകാരം പറയുന്നത് അങ്ങനെ പറയാത്തപക്ഷം അവർക്കു നിശ്ചയമായും നേരിടാവുന്ന ആപത്തിനെ തടയണമെന്ന സദുദ്ദേശ്യത്തോടെ സ്നേഹം എന്ന സുവർണനിയമത്താൽ പ്രേരിതരായിട്ടായിരിക്കണം. - P'31, 191.

* * * * * *

**സമാന്തരവേദഭാഗങ്ങൾ : പുറ. 22:28; സങ്കീ. 10:7-8; 34:13; 41:5-9; 64:2-5; സദൃ. 4:24; 10:11,19,31,32; 12:5,6,13,17-19; 15:1,4,28; 16:27,28; 26:20-23, 28; സഭാ. 10:11,20; യെശ. 32:6,7; മത്താ. 12:34-37; എഫെ. 4:25,29,31; യാക്കോ. 3:5-10; 4:11.**

ചോദ്യങ്ങൾ :- ഈ ആഴ്ച ഞാൻ സംസാരിച്ചത് നല്ലതോ, തീയതോ? എന്തുകൊ്? സാഹചര്യങ്ങളും പ്രതിബന്ധങ്ങളും എന്തായിരുന്നു?

# ജനുവരി 8

***ആരും തിന്മയ്ക്കുപകരം തിന്മ ചെയ്യാതിരിപ്പാൻ നോക്കുവിൻ; തമ്മിലും എല്ലാവരോടും എപ്പോഴും നന്മ ചെയ്തുകൊിരിപ്പിൻ - 1 തെസ്സ.5:15***

തിരുവെഴുത്തുകളിലെ മാനദണ്ഡമനുസരിച്ച് ദൈവത്തിന്റെ വിശ്വസ്തജനം ലോകത്തിലുള്ള മറ്റാരേക്കാളും ഏറ്റം സംസ്കാര സമ്പന്നരും ഏറ്റം മഹാമനസ്കരും ഏറ്റം ദയാലുക്കളും ആയിരിക്കണം. അത് അങ്ങേയറ്റം പൂർണ്ണമായ അർത്ഥത്തിലുമായിരിക്കണം. ലോകത്തിൽ സാധാരണ കാണുംവിധം കേവലം ബാഹ്യപ്രകടനമോ, കരുണയുടെയും സൗമ്യതയുടെയും വെറും അഭിനയമോ ആയിരിക്കരുത്. ഹൃദയത്തിൽ നിന്നും, കർത്താവിന്റെയും സത്യത്തിന്റെയും സ്നേഹത്തിന്റെയും നീതിയുടെയും ആത്മാവിന്റെ വ്യാപാരത്തിൽ നിന്നും പുറപ്പെടുന്നതായിരിക്കണം അത് - Z'01,297 (R 2877)

* * * * * *

സൗമ്യതയുടെ ആത്മാവ് കർത്താവിന്റെ ആത്മാവായിരിക്കുന്നതു പോലെ പ്രതികാരത്തിന്റെ ആത്മാവ് പിശാചിന്റെ ആത്മാവ് ആകുന്നു. ശത്രുമിത്രഭേദം കൂടാതെ എല്ലാവർക്കും വിശേഷാൽ വിശ്വാസികൾക്കും അവസരം കിട്ടുംപോലെ നന്മചെയ്യുന്നതിന് കർത്താവിന്റെ ആത്മാവുള്ളവർ നിരന്തരം ജാഗരിച്ചിരിക്കും. ഈ പാതയിൽ സദാ സഞ്ചരിച്ചുകൊ് അവർ കർത്താവിന്റെ സാദൃശ്യത്തോട് ഉത്തരോത്തരം അനുരൂപപ്പെട്ടുകൊിരിക്കും. - P'35, 182.

* * * * * *

**സമാന്തരവേദഭാഗങ്ങൾ : ലേവ്യ.19:18; ആവ. 32:25; സങ്കീ.94:1; സദൃ. 20:22; മത്താ. 5:38-41; റോമ. 12:12-17, 19-21; എബ്രാ. 10:30; 1 പത്രൊ. 2:23, 3:9; ഗലാ.6:10; 1 തെസ്സ. 3:12; 1 തിമൊ. 6:18**

ചോദ്യങ്ങൾ :- ഈ ആഴ്ച ഞാൻ തിന്മയ്ക്കു പകരം തിന്മയോ, തിന്മയ്ക്കു പകരം നന്മയോ, നന്മയ്ക്കു പകരം തിന്മയോ പകരം നൽകിയത്? സാഹചര്യങ്ങളും പ്രേരകശക്തികളും ഫലങ്ങളും എന്തായിരുന്നു?

# ജനുവരി 9

***മറ്റൊരുവനിൽ നിന്നും നിന്നെ വിശേഷിപ്പിക്കുന്നതാര്? ലഭിച്ചതല്ലാതെ നിനക്കെന്തുള്ളു? - 1 കൊരി. 4 : 7***

ഏതൽക്കാലകൃപയിലേക്കും സത്യത്തിലേക്കും തങ്ങൾ വന്നിരിക്കുന്നത് സ്വന്തം ജ്ഞാനത്തിന്റെയോ മറ്റുള്ളവരുടെ ജ്ഞാനത്തിന്റെയോ ഫലമായിട്ടല്ല, പ്രത്യുത കർത്താവിങ്കൽ നിന്നുള്ള ജ്ഞാനവും കൃപയും മുഖേനയാണെന്ന് സർമപ്പിതരായ അവന്റെ മുഴുവൻ ജനങ്ങളും മനസ്സിലാക്കണം. സേവനത്തിന്റെ ഏതു തുറയിലുള്ളവരും - വിശ്വാസത്തിന്റെ ഭവനത്തിൽ തങ്ങൾ വഹിക്കുന്ന സ്ഥാനത്തിന് കർത്താവിനോടു കടപ്പെടുകയും ദൈവജനത്തിന് ശുശ്രൂഷകരായിരിക്കയും ചെയ്യുന്ന ഏവരും ഈ ആശയം പിടിച്ചുകൊള്ളണം. കർത്താവിന്റെ നാവുകൾ എന്ന നിലയിൽ പ്രവർത്തിക്കാനുള്ള തങ്ങളുടെ അവസരം അവർ വിലമതിക്കുകയും ഏറ്റുപറയുകയും വേണം. അതിനെ ഏറ്റുപറയുന്നതിലുള്ള പരാജയം അതിനെ അഭിനന്ദിക്കുന്നതിലുള്ള പരാജയം തന്നെയാണ്.- Z'03, 430 (R 3277)

*                *                *                *                *                *

ജീവിതത്തിലെ പ്രധാനകാര്യങ്ങളിൽ നമുക്കു മറ്റുള്ളവരിൽ നിന്നുള്ള വ്യത്യാസം നാം സ്വയം കൈവരിക്കുന്നതല്ല, ദൈവദത്തമാണ്. ദൈവസേവയോടു ബന്ധപ്പെട്ട താലന്തുകളെയും സ്ഥാനങ്ങളെയും പദവികളെയും സംബന്ധിച്ചും ഇതു ശരിയാണ്. ഒരുവനെ മറ്റൊരുവനിൽ നിന്നും വിഭിന്നനാക്കുന്നത് ദൈവമാണ്. കർത്തൃസേവയിൽ നമുക്കു നൽകപ്പെടുന്ന സ്ഥാനത്തെ സംബന്ധിച്ചും നാം വിനയമതികളായിരിക്കണം. എല്ലാം കേവലം ദൈവദാനമായിരിക്കെ ഗർവ്വത്തിനു വകയില്ല. - P'30, 14.

*                *                *                *                *                *

**സമാന്തരവേദഭാഗങ്ങൾ : യാക്കോ.1:17; യോഹ. 3:27; 1 കൊരി. 12:11; റോമ. 12:3,6; 1 പത്രൊ. 4:10; എഫേ.2:8,9; ഫിലി. 2:13; മീഖാ.6:8; മത്താ. 5:3; ലൂക്കൊ. 14:11, 17:10; 22:24-27; 1 കൊരി. 1:28,29**

ചോദ്യങ്ങൾ :- ഈ വേദവാക്യത്തോടനുബന്ധിച്ച് ഈ ആഴ്ചയിലെ അനുഭവങ്ങൾ എന്തെല്ലാമായിരുന്നു? അവയെ എങ്ങനെ നേരിട്ടു? അവ എന്തു ഫലങ്ങൾ ഉളവാക്കി?

# ജനുവരി 10

***കർത്താവിന്റെ നാമത്തിൽ സംസാരിച്ച പ്രവാചകന്മാരെ കഷ്ടാനുഭവത്തിനും ദീർഘക്ഷമയ്ക്കും ദൃഷ്ടാന്തമായി വിചാരിച്ചുകൊൾവിൻ- യാക്കോ. 5 : 10***

ഇന്നും നാം നടക്കേ പാത സ്വയം താഴ്ത്തലിന്റെയും ആത്മത്യാഗത്തിന്റെയും ഇടുങ്ങിയ വഴിയാകുന്നു. അത് സൗമ്യതയുടെയും താഴ്മയുടെയും വഴി തന്നെ. ആ പാതയിൽകൂടി നടക്കുന്നതിന് കഴിഞ്ഞ വർഷത്തെ അത്രയോ പക്ഷേ അതിൽ ഏറെയോ ശ്രമവും കൃപയും ആവശ്യമായി വരും. നാം കൃപയിലും ജ്ഞാനത്തിലും എത്രയധികം വളരുന്നുവോ അത്രയധികം നിഗളിച്ചും അഹങ്കരിച്ചും നിലമറന്നും പോകുന്നതിനുള്ള പരീക്ഷകൾ പ്രബലതരമാകും. വിശ്വാസത്തിലും പ്രത്യാശയിലും, സ്നേഹത്തിലും കർത്തൃസേവനത്തിലുള്ള ഉത്സാഹത്തിലും നാം എത്രമേൽ അഭിവൃദ്ധിപ്പെടുന്നുവോ അത്രയധികം ശത്രു നമ്മെ എതിർക്കുകയും അവന്റെ ദൂതന്മാർ നമ്മെ ദുഷിക്കുകയും പിന്നിൽ നിന്നു കുത്തുകയും പൊതുവേ ഉപദ്രവിക്കാൻ ശ്രമിക്കുകയും ചെയ്യും - Z'95, 3 (R 1751)

*    *    *    *    *    *

ദൈവത്തിന്റെ നാവുകൾ എക്കാലവും അളവറ്റ ശകാരങ്ങൾക്കും കടുത്ത കഷ്ടാനുഭവങ്ങൾക്കും ഇരയായിട്ടു്. ദൈവത്തെപ്പോലെ അവരും അവയെ ക്ഷമാപൂർവ്വം സഹിക്കുകയാണ്. കർത്താവിന്റെ ജനങ്ങൾക്കും നാവുകൾക്കും ഈ വിഷയത്തിൽ അവർ അനുകരണാർഹമായ ദൃഷ്ടാന്തമായിരിക്കുന്നു. അവരെ മാതൃകയാക്കുന്നത് ദൈവജനങ്ങൾക്കു വളരെ പ്രയോജനകരമാകും. തന്മൂലം കർത്തൃനാമം മഹത്ത്വീകരിക്കപ്പെടും. - P'34, 179.

*    *    *    *    *    *

**സമാന്തരവേദഭാഗങ്ങൾ : 2 തിമൊ. 3:16; 1 പത്രൊ. 1:11; 2 പത്രൊ. 1:20,21; 2 കൊരി. 4:16-18; 2 തിമൊ. 2:10-12; 1 പത്രൊ. 3:13-18; 4:13-19; മത്താ. 5:10-12; 23:34,37; ലൂക്കൊ. 6:22,23,26; അപ്പൊ. 5:41; 7:52; 2 ദിന. 36:16; നെഹെ. 9:26; 1 തെസ്സ. 2:15; ഇയ്യോ. 1:22; 2:10; 42:10**

ചോദ്യങ്ങൾ :- ദോഷം സഹിക്കുന്നതിൽ പ്രവാചകന്മാർ കാണിച്ചിട്ടുള്ള ദൃഷ്ടാന്തം ഈ ആഴ്ചയിൽ എനിക്ക് എങ്ങനെ ഗുണകരമായി? ഏതു പരിതസ്ഥിതിയിൽ? അതിൽ എന്താണ് സഹായകമായത്? എന്താണ് പ്രതിബന്ധം സൃഷ്ടിച്ചത്?

# ജനുവരി 11

***അവന്റെ വചനം എന്റെ  അസ്ഥികളിൽ അടയ്ക്കപ്പെട്ടിട്ട് എന്റെ ഹൃദയത്തിൽ തീ കത്തുന്നതുപോലെയിരിക്കുന്നു; ഞാൻ സഹിച്ചു തളർന്നു എനിക്കു വഹിയാതെയായി - യിരെ. 20 : 9***

കൃപയുടെയും അനുഗ്രഹത്തിന്റെയും വെളിച്ചത്തിന്റെയും ഈ കാലം വരേയ്ക്കും ജീവിച്ചിരിക്കാൻ ഭാഗ്യം ലഭിച്ചവരായ നമുക്കു കർത്താവിനെ മഹത്ത്വപ്പെടുത്താം. യോഹന്നാന്റെ സ്നേഹസ്വഭാവവും ഉത്സാഹവും തീക്ഷ്ണതയും നമ്മിൽ വെളിപ്പെടട്ടെ. അവൻ സ്നേഹിക്കുന്ന ശിഷ്യൻ ആയിരിക്കെത്തന്നെ അവന്റെ അദമ്യമായ  തീക്ഷ്ണതനിമിത്തം അവന്റെ സഹോദരനോടുകൂടെ ഇടിയുടെ പുത്രന്മാർ എന്നർത്ഥമുള്ള ബോവനർഗസ് എന്നു വിളിക്കപ്പെട്ടു എന്ന കാര്യം നാം മറക്കരുത്. സ്നേഹപ്രചോദിതമായ തീക്ഷ്ണതയാലും ത്യാഗങ്ങളാലും നമുക്കു നിറയപ്പെടാം. അങ്ങനെ കർത്താവിനെ അവന്റെ വകയായ നമ്മുടെ ശരീരത്തിലും ആത്മാവിലും മഹത്ത്വപ്പെടുത്താം. - Z'01, 151 (R 2806)

* * * * * *

ക്രിസ്ത്യാനിക്കു തന്റെ വിശ്വാസത്തിൽ ഉത്തമബോധ്യമുള്ളതിനാൽ അവനു മൗനമായിരിപ്പാൻ കഴിയുകയില്ല. നയാഗ്രയിലെ വെള്ളത്തെ ജലപാതത്തിലേക്കുള്ള പ്രവാഹത്തിൽ നിന്നു തടയാനാകാത്തതുപോലെ ദൈവവചനം ഘോഷിക്കുന്നതിൽനിന്നു വിരമിച്ചിരിക്കാൻ അവനു സാധ്യമല്ല. സത്യത്തെ അതിനോടുള്ള സ്നേഹത്തിന്റെ പേരിലല്ലാതെ കൈക്കൊള്ളുന്നവർ മതിയായ കാരണം കൂടാതെതന്നെ പലപ്പോഴും അതിന്റെ ഘോഷണത്തിൽ നിന്നും പിന്തിരിയുന്നു. എന്നാൽ ദൈവത്തിന്റെ സാക്ഷ്യങ്ങളിൽ പ്രിയം വയ്ക്കുന്നവർ ഉചിതമായ എല്ലാ അവസരങ്ങളിലും അവന്റെ കൃപകളെപ്പറ്റി പ്രസ്താവിക്കും, പ്രസ്താവിക്കണം. - P'33, 191.

* * * * * *

**സമാന്തരവേദഭാഗങ്ങൾ : യാക്കോ. 1:21-23; 1 പത്രൊ. 2:2; എബ്രാ. 4:12; 2 തിമൊ. 2:15; യോശു.1:8; 1 ദിന. 16:15; ഇയ്യോ. 23:12; സങ്കീ. 19:7-11;40:8; 119:14-20,46,54,93,97,111,143,157-167,172; സഭാ.5:1; യെശ.55:10,11; എസ്രാ. 7:10; മലാ.2:6,7; ലൂക്കൊ.12:42-44; അപ്പൊ.4:20,31; 20:22-24; 1കൊരി. 9:16-23; 2 കൊരി. 6:3-7**

ചോദ്യങ്ങൾ :- ഈ ആഴ്ചയിൽ ഞാൻ വചനത്തിന്റെ പേരിൽ തീക്ഷ്ണതയുള്ളവനായിരുന്നോ? എങ്ങനെ? എന്തുകൊ്? ഫലം എന്തായിരുന്നു?

# ജനുവരി 12

***സഹോദരന്മാരേ, ഒരു മനുഷ്യൻ വല്ല തെറ്റിലും അകപ്പെട്ടുപോയെങ്കിൽ ആത്മീയരായ നിങ്ങൾ സൗമ്യതയുടെ ആത്മാവിൽ അവനെ യഥാസ്ഥാനപ്പെടുത്തുവിൻ; നീയും പരീക്ഷയിൽ അകപ്പെടാതിരിക്കാൻ സൂക്ഷിച്ചുകൊൾക. - ഗലാ. 6 : 1***

മറ്റുള്ളവരെ ശാസിക്കുന്നത് നേരിട്ടുളള കുറ്റം ചുമത്തലോ കുറ്റവിസ്താരമോ ആകുന്നതിനേക്കാൾ സൂചനാരൂപത്തിലും സൗമ്യമായും ദയാമസൃണമായും ആയിരിക്കണമെന്ന ഈ പാഠം നാം നന്നായി ഗ്രഹിക്കണം. അവരുടെ മുൻകാല മാനസികാവസ്ഥയല്ല, വീഴ്ച സംഭവിച്ച തത്സമയ മാനസികാവസ്ഥയാണ് കണക്കിലെടുക്കേത്. തെറ്റിന്റെ ദോഷഫലങ്ങൾക്കല്ല, കുറ്റക്കാരനെ വീഴ്ചയിൽനിന്ന് വീടെടുക്കുന്നതിനാണ് ഊന്നൽ നൽകേത്. ദുഷ്കൃത്യങ്ങൾക്കു നാം പരസ്പരം വിധിക്കാനും ശിക്ഷിക്കാനുമല്ല ശ്രമിക്കേത്. ഇതെല്ലാം കർത്താവിന്റെ അധികാരത്തിൽപ്പെട്ടതാണെന്ന് ഓർക്കുകയാണു വേത്. നാം ഒരർത്ഥത്തിലും സ്വയം പ്രതികാരം ചെയ്കയോ തിന്മയ്ക്കു പകരം വീട്ടുകയോ ശകാരത്തിനു മുതിരുകയോ ചെയ്യരുത്. - Z'01, 150 (R 2806)

*　　*　　*　　*　　*　　*

തെറ്റുപറ്റുക മനുഷ്യസാധാരണമാണ്. അതുകൊ് എല്ലാവരും തെറ്റു ചെയ്തുപോകുന്നു. പ്രയോജനകരമാം വിധം ശാസിക്കുക എന്നതാവട്ടെ ദൈവികമാണ്. അതുകൊ് ചുരുക്കം പേർക്കേ ഈ ഗുണവിശേഷം സ്വായത്തമാക്കാൻ കഴിയൂ. യഥായോഗ്യമായ അറിവും സ്നേഹവും ആത്മസംയമവും ഉള്ള വളർച്ച പ്രാപിച്ച ഒരു ക്രിസ്ത്യാനിക്കേ ഇതു വേവിധം പ്രവൃത്തിപഥത്തിൽ വരുത്താൻ കഴിയൂ. മറ്റുള്ളരെ ശാസിക്കയിൽ താൻ തന്നെ തെറ്റിൽ അകപ്പെടാതിരിപ്പാൻ അവൻ തന്നെത്താൻ സൂക്ഷിച്ചുകൊള്ളുകയും വേണം. - P'32, 197, 198.

*　　*　　*　　*　　*　　*

**സമാന്തരവേദഭാഗങ്ങൾ : യെശ.57:15; റോമ. 15:1,7; 1 കൊരി. 8:9,11; 9:22; എബ്രാ.12:13; യാക്കൊ.5:19,20; സദൃ. 24:16; 28:5; റോമ. 8:9,14,15; 1 കൊരി. 4:21; 2 തെസ്സ. 3:15; 2 തിമൊ. 2 :25; 1 കൊരി. 10:12**

ചോദ്യങ്ങൾ :- ഈ വേദവാക്യത്തിനനുസൃതമായി ഈ ആഴ്ചയിലെ അനുഭവങ്ങൾ എന്തായിരുന്നു? അവയെ എങ്ങനെ സ്വീകരിച്ചു? പരിണതഫലങ്ങൾ എന്തായിരുന്നു?

# ജനുവരി 13

***എന്റെ കുഞ്ഞുങ്ങളേ, നിങ്ങൾ പാപം ചെയ്യാതിരിപ്പാൻ ഞാൻ ഇതു നിങ്ങൾക്കെഴുതുന്നു. ഒരുവൻ പാപം ചെയ്തുവെങ്കിലോ, നീതിമാനായ യേശുക്രിസ്തു എന്ന കാര്യസ്ഥൻ നമുക്കു പിതാവിന്റെ അടുക്കൽ ഉ്. -1 യോഹ. 2 : 1***

വിശ്വാസക്കുറവിനാലോ ജഡത്തിന്റെ ബലഹീനതയാലോ ദൈവ ത്തിന്റെ ഇഷ്ടത്തിനും നമ്മുടെ ആത്മീയനന്മയ്ക്കും വിരുദ്ധമായി നാം ഏതെങ്കിലും തെറ്റുചെയ്തുപോയി എന്നു കാണുമ്പോൾ അതിൽ നിന്നും പിന്തിരിയുന്നതിനും കർത്താവിനെ വിളിച്ചപേക്ഷിക്കുന്നതിനും ഒട്ടും താമസിക്കരുത്. പ്രതിരൂപത്തിൽ മൃഗങ്ങളുടെ രക്തത്താൽ അബ്രഹാം പ്രതിഷ്ഠിച്ചിരുന്നതിലും എത്രയോ മേൽത്തരമാണ് ക്രിസ്തു വിന്റെ വിലയേറിയ രക്തത്താൽ പ്രതിഷ്ഠിച്ചിരിക്കുന്ന നമുക്കുള്ള ബലിപീ ഠം. അതുകൊ് "കരുണ ലഭിപ്പാനും തക്കസമയത്തു സഹായത്തിനുള്ള കൃപ പ്രാപിപ്പാനുമായി നാം ധൈര്യത്തോടെ (പൂർണ്ണവിശ്വാസത്തോടെ) കൃപാസനത്തിന് അടുത്തുചെല്ലുക" എന്ന് അപ്പൊസ്തൊലൻ പ്രബോധി പ്പിക്കുന്നു. (എബ്രാ. 4 : 16) - Z'01, 233 (R 2847)

* * * * * *

ദൈവപൈതൽ പാപം ചെയ്യുന്നത് ശരിയല്ല. എന്നാൽ പാപം ചെയ്തുപോയാൽ മാനസാന്തരപ്പെടുന്നപക്ഷം നീതിമാനായ യേശു ക്രിസ്തുവിന്റെ ഫലപ്രദമായ പക്ഷവാദത്തിൽ അവന് അഭയപ്പെടാം. ഒരു വിദഗ്ദ്ധനായ വ്യവഹാരജ്ഞൻ തന്റെ കക്ഷിക്ക് അനുകൂലമായ ഗുണവ ശങ്ങളെല്ലാം പ്രതിപാദിക്കയും ദോഷങ്ങളുടെ ഉത്തമാംശം കഴിവതും ഉപ യോഗപ്പെടുത്തുകയും ചെയ്യുന്നതുപോലെ നമ്മുടെ കാര്യസ്ഥനായ യേശുക്രിസ്തു തന്റെ പുണ്യത്താൽ നമ്മുടെ കുറവുകളെ മറയ്ക്കു കയും സ്വർഗ്ഗീയ ന്യായാസനത്തിനു താൻ പ്രിയംകരനാകയാൽ തന്റെ കക്ഷികളായ നമുക്കുവേി വിജയകരമായി വാദിക്കുകയും ചെയ്യുന്നു. - P'26, 189, 190.

* * * * * *

**സമാന്തരവേദഭാഗങ്ങൾ : യോഹ.16:7; റോമ.3:20-26; 4:24,25; 8:34; 10:4; 1 കൊരി. 1:30; 2 കൊരി. 5:18; ഫിലി. 3:9; എബ്രാ. 7:25; 9:24; 1യോഹ. 1:7; 2:2; 4:10**

ചോദ്യങ്ങൾ :- ഈ ആഴ്ചത്തെ ഏത് അനുഭവങ്ങളാണ് കാര്യസ്ഥനോട് അടുത്തുചെല്ലാൻ പ്രേരകമായത്? ഫലമെന്തായിരുന്നു?

# ജനുവരി 14

***ആകയാൽ ഞാൻ നിശ്ചയമില്ലാത്തവണ്ണമല്ല ഓടുന്നത്, ആകാശത്തെ കുത്തുന്നതുപോലെയല്ല ഞാൻ മുഷ്ടിയുദ്ധം ചെയ്യുന്നത് - 1 കൊരി. 9 : 26***

നമ്മുടെ ഇഷ്ടത്തെ അതായത് മനസ്സിന്റെയും ശരീരത്തിന്റെയും എല്ലാ ശക്തിയെയും പ്രാപ്തിയെയും ബോധപൂർവ്വം പൂർണ്ണമായി പ്രതിഷ്ഠിക്കുന്നത് വീഴ്ച ഭവിച്ച പ്രകൃതിയുടെ ബലഹീനതകളിൽ വലിയൊരു സഹായമായിരിക്കും. കർത്താവിനായുള്ള തന്റെ പ്രതിഷ്ഠയെപ്പറ്റി ഈ ബോധമുള്ളവൻ ഇനിയെന്തെങ്കിലും പ്രതിഷ്ഠിപ്പാൻ അവശേഷിക്കുന്നതായി വിചാരിക്കയില്ല. “ഞാനും എന്റെ കുടുംബവുമോ ഞങ്ങൾ യഹോവയെ സേവിക്കും” എന്ന് അവസാനമായി തീരുമാനിച്ചുകഴിയുന്നതോടെ മനസ്സിന്റെ സന്ദേഹാവസ്ഥയ്ക്കു തിരശ്ശീല വീണുകഴിയും. അതുകൊണ്ട് യുദ്ധസേവനത്തിന്റെ വ്യവസ്ഥ മരണപര്യന്തമാണെന്നും സൈന്യത്തിൽനിന്നും പിരിയുന്നതിനെപ്പറ്റി ചിന്തിക്കാൻപോലും അവകാശമില്ലെന്നും വിശ്വാസത്തിന്റെ നല്ലപോരിൽനിന്നും ഒരു നാഴികപോലും വിട്ടുനിൽക്കാൻ പാടില്ലെന്നും മുഴുവൻ പടയാളികളും മനസ്സിലാക്കുന്നത് എത്രയോ പ്രധാനമാണ്. - Z'03, 421 (R 3272)

* * * * * *

വിജയകരമായ ക്രിസ്തീയജീവിതം നയിക്കുന്നതിന് കർത്തവ്യജ്ഞാനവും നിരന്തരമായ ലക്ഷ്യബോധവും ലക്ഷ്യത്തെപ്പറ്റിയുള്ള മതിപ്പും അനുപേക്ഷണീയമാണ്. ഒരു ഓട്ടത്തിൽ പങ്കെടുക്കുന്നവർ ആ മത്സരത്തിന്റെ നിബന്ധനകളെയും ഓട്ടക്കളത്തെയും പറ്റി അജ്ഞരായിരിക്കുകയും സമ്മാനം പ്രതീക്ഷിക്കുകയും ചെയ്യുന്നതുപോലെ മൗഢ്യമായിരിക്കും ക്രിസ്തുവിനോടുകൂടി വാഗ്ദാനം ചെയ്യപ്പെട്ടിരുന്ന രാജ്യത്തിന്റെ പ്രതിഫലം പ്രതീക്ഷിക്കുകയും എന്തു വ്യവസ്ഥകൾക്കു വിധേയമായും എന്തു ലക്ഷ്യത്തിനുവേിയുമാണ് അത് നൽകപ്പെടുന്നത് എന്ന് അറിയാതിരിക്കുകയും ചെയ്യുന്നത്. - P'31, 191.

* * * * * *

**സമാന്തരവേദഭാഗങ്ങൾ : 2 ദിന.20:15,17; സങ്കീ 19:5; സഭാ. 9:11; 1 കൊരി. 9:24-27; ഗലാ. 5:7; ഫിലി. 2 :16; 3:14,15; എബ്രാ. 6:20; 12:1,2; എഫെ.6:11,17; 1 കൊരി. 16:13; 2 തിമൊ. 2:3,4; 4:7; എബ്രാ. 12:10; 10:32; 11:34; 1 തിമൊ. 6:12**

ചോദ്യങ്ങൾ :- ക്രിസ്തീയമായ എന്റെ ഓട്ടത്തിലും പോരാട്ടത്തിലും ഈ ആഴ്ച എനിക്ക് നിർബന്ധവും ദൃഢനിശ്ചയവും ഉായിരുന്നുവോ? എന്തു

കാരണത്താൽ? എങ്ങനെ? ഏതേതു സാഹചര്യങ്ങളിൽ? ഫലമെന്തായിരുന്നു?

# ജനുവരി 15

***ന്യായം പ്രവർത്തിപ്പാനും ദയാതത്പരനായിരിപ്പാനും നിന്റെ ദൈവത്തിന്റെ സന്നിധിയിൽ താഴ്മയോടെ നടപ്പാനുമല്ലാതെ എന്താകുന്നു യഹോവ നിന്നോടു ചോദിക്കുന്നത്? - മീഖാ. 6 : 8***

ഇവ ന്യായമായ ആവശ്യങ്ങളാണെന്ന് എല്ലാവരും സമ്മതിക്കും. ഭാവിയിൽ ലോകത്തെ ന്യായം വിധിക്കുന്നതിനായി അഭ്യസിപ്പിക്കപ്പെടുന്നവരിൽനിന്ന് ഇതിൽ കുറവായ ഒന്നും ദൈവത്തിന് ആവശ്യപ്പെടാൻ കഴികയില്ല എന്നത് വളരെ വ്യക്തമാണ്. പ്രവാചകൻ വിവരിക്കുന്ന ഈ ഗുണങ്ങൾ മൂന്നും സ്നേഹം എന്ന ഏകപദത്തിൽ അടങ്ങിയിരിക്കുന്നു. സ്നേഹം ആവശ്യപ്പെടുന്നത് നാം നമ്മുടെ അയൽക്കാരോടും സഹോദരങ്ങളോടും കുടുംബങ്ങളോടും നമ്മോടുതന്നെയും ന്യായമായി പ്രവർത്തിക്കണമെന്നും മറ്റുള്ളവരുടെ ശാരീരികവും ധാർമ്മികവും ബുദ്ധിപരവുമായ അവകാശങ്ങളെയും സ്വാതന്ത്ര്യങ്ങളെയും ആദരിക്കുന്ന നിലയ്ക്ക് ഒരു വിധത്തിലും അവർക്ക് അവ നിഷേധിക്കപ്പെടരുതെന്നും അത്രെ. - Z'02, 172 (R 3020)

* * * * * *

ദൈവത്തോടും മനുഷ്യരോടും സ്നേഹത്തിന്റെ പ്രമാണം നിറവേറ്റുക എന്നതാണ് ക്രിസ്തീയധർമ്മത്തിന്റെ ആകെത്തുക. ഓരോരുത്തർക്കും അർഹിക്കുന്നതു നൽകുക, ബലഹീനരോടും ഹതഭാഗ്യരോടും പീഡിതരോടും സഹതപിക്കുക, ദൈവത്തിന്റെ പൂർണ്ണതയോടു തട്ടിച്ചു നോക്കി നമ്മുടെ ബലഹീനതകളെയും പരിമിതികളെയും പറ്റി ജനിക്കുന്ന അറിവിന്റെ അടിസ്ഥാനത്തിൽ ദിവ്യസ്വഭാവത്തെ വിലമതിക്കുക എന്നീ കാര്യങ്ങൾ സ്വാർത്ഥത്തെ ദൈവത്തിനും മനുഷ്യനും അനുയോജ്യമാം വിധം വിനിയോഗിക്കാൻ വളരെ സഹായകമാകും. - P'35, 183

* * * * * *

**സമാന്തരവേദഭാഗങ്ങൾ : മത്താ. 22:36-40; ആവ. 10:12; സങ്കീ. 41:1; മർക്കൊ. 11:25,26; എഫെ. 4:32; കൊലൊ.2:13; ആവ.5:33; മത്താ. 11:29; യോഹ. 13:4-17; ഫിലി. 2:5-8; 1 പത്രൊ. 5:5,6; 1 യോഹ. 1:7**

ചോദ്യങ്ങൾ :- ഈ ആഴ്ച നീതി, ദയ, താഴ്മ ഇവയോട് എന്റെ പ്രതികരണം എപ്രകാരമായിരുന്നു? എന്റെ പ്രവർത്തനങ്ങൾക്ക് എന്താണു പ്രേരകമായത്? അതിൽനിന്നും എന്തു ഫലമുളവായി?

# ജനുവരി 16

***പ്രാർത്ഥനയിൽ ഉറ്റിരിപ്പിൻ - റോമ. 12 : 12***

പ്രാർത്ഥനയിൽ ഉറ്റിരിക്കുക, എപ്പോഴും പ്രാർത്ഥിക്കുക, അതായത് സ്ഥലകാലഭേദമില്ലാതെ നമ്മുടെ ഹൃദയങ്ങളെയും മനസ്സുകളെയും സദാ ദൈവത്തികലേക്ക് ഉയർത്തുക, അങ്ങനെ ദിനംതോറും നാഴികതോറും നമ്മുടെ പിതാവും പ്രിയപ്പെട്ട കർത്താവും നിരന്തരം നമ്മോടുകൂടെ വസിക്കുന്നു എന്നറിയുക എന്നീ കാര്യങ്ങൾ, കർത്താവിന്റെ കൂട്ടുശിഷ്യന്മാരേ, നമ്മുടെ എത്രമഹത്തായ പദവിയാണ്! അവന്റെ ദൃഷ്ടിയിലും മേൽനോട്ടത്തിലും അതതുദിവസത്തെ ചുമതലകൾ തിരക്കിട്ട് തീർത്തശേഷമോ ഹൃദയദാഹത്തിനനുസരിച്ചോ, നമ്മുടെ അറയ്ക്കുള്ളിൽ കടന്ന് ദൈവവുമായി തനിച്ചിരുന്ന് ഹൃദയത്തിന്റെ ഭാരങ്ങൾ ഇറക്കിവയ്ക്കുന്നത് എത്ര വിലപ്പെട്ട ഒരനുഭൂതിയാണ്. - Z'95, 215 (R 1864)

*  *  *  *  *  *

മനുഷ്യനു ദൈവവുമായുള്ള സംസർഗ്ഗമാണ് പ്രാർത്ഥന. അർത്ഥികൾ നിമിത്തം മനുഷ്യരെപ്പോലെ ദൈവം മടുത്തുപോകുന്നില്ല. അതുകൊ് യേശുവിന്റെ നാമത്തിൽ അവർക്കു സദാ അവന്റെ സിംഹാസനത്തെ സമീപിക്കാം. തന്മൂലം നാം എത്ര നന്ദിയോടെ ഈ അവകാശത്തെ വിലമതിക്കുകയും പ്രയോജനപ്പെടുത്തുകയും ചെയ്യേിയിരിക്കുന്നു. ഇതു നമ്മെ ഉദ്ധരിക്കുകയും അന്യഥാ അപ്രാപ്യമായ അനുഗ്രഹങ്ങൾക്ക് ഉടമകളാക്കുകയും ചെയ്യും. ഈ അനുഗ്രഹങ്ങൾ ഇരുവിധമാണ്. ഒന്നാമത് പ്രാർത്ഥനയുടെ ആത്മാവ് പുലർത്തുന്നതിനാൽ ഉളവാകുന്നവ, രാമത് ഉത്തരമായി ലഭിച്ച വരങ്ങൾ മൂലമുള്ളവ. - P'30, 14.

*  *  *  *  *  *

**സമാന്തരവേദഭാഗങ്ങൾ : ലൂക്കൊ. 18:1-8; 1 തെസ്സ. 5:17; കൊലൊ. 4:2; എഫേ. 6:18,19; അപ്പൊ. 12:5; 2:42; സങ്കീ. 27:8; 145:18; സദൃ. 15:8; യെശ.55:6; മത്താ. 6:5-13; 7:7,8; 1 തിമൊ. 2:8; യാക്കൊ. 5:16; യൂദാ. 20**

ചോദ്യങ്ങൾ :- ഈ ആഴ്ച ഞാൻ പ്രാർത്ഥനയിൽ ഉറ്റിരുന്നുവോ? എന്തിനുവേി? എങ്ങനെ? എവിടെ?

# ജനുവരി 17

***ദൈവസ്നേഹത്തിൽ നിങ്ങളെത്തന്നെ സൂക്ഷിച്ചുകൊൾവിൻ - യൂദാ. 21***

നീതിയുടെ പ്രമാണങ്ങളെ അനുസരിച്ചും അവയിൽ അടിക്കടി പ്രിയംവെച്ചും ദിനംതോറും നാഴികതോറും നമുക്കു ദൈവസ്നേഹ ത്തിൽ നമ്മെത്തന്നെ സൂക്ഷിക്കാം. പരീക്ഷകൾ ക്ലേശങ്ങൾ ദുഃഖങ്ങൾ നിരാശകൾ തുടങ്ങി ജീവിതത്തിലെ തിക്താനുഭവങ്ങളിലെല്ലാം സന്തോ ഷാനുഭവങ്ങളിലും കവിഞ്ഞ് നമുക്ക് ആനന്ദിക്കാം. നമ്മുടെ പോരായ്മക ളെക്കുറിച്ചും അവൻ സ്ഥാപിച്ചിരിക്കുന്ന സ്നേഹത്തിന്റെയും സ്വാതന്ത്ര്യ ത്തിന്റെയും പ്രമാണത്തെക്കുറിച്ചും തെളിവായ ഉൾക്കാഴ്ച നൽകാൻ ഇവയിൽ ഏതെങ്കിലുമോ എല്ലാംതന്നെയോ അവൻ ഉപയോഗപ്പെടുത്തു മെങ്കിൽ നാം സന്തോഷിക്കേതല്ലേ? അവയ്ക്കു നാം ഹൃദയപൂർവ്വ മായും പൂർണ്ണമായും കീഴ്വഴങ്ങാൻ അവൻ ആവശ്യപ്പെടുന്നു. - Z'02, 173 (R 3021)

* * * * * *

പൂർണഹൃദയത്തോടും മനസ്സോടും ആത്മാവോടും ശക്തിയോടും കൂടി പിതാവിനോടും പുത്രനോടുമുള്ള നിഷ്കാമസ്നേഹം, തന്നോടുള്ള തിൽ കവിഞ്ഞ് സഹോദരവർഗ്ഗത്തോടുള്ള നിഷ്കാമസ്നേഹം, പൊതു വിൽ മനുഷ്യരാശിയോടും ശത്രുക്കളോടുപോലും ആത്മതുല്യമായുള്ള നിഷ്കാമസ്നേഹം ഇവ അടങ്ങിയതാണ് ദൈവസ്നേഹം. ഇപ്പോഴത്തെ പരിതസ്ഥിതിയിൽ അതു നമ്മുടെ ഹൃദയത്തിൽ സ്വയമേവ പിടിച്ചു നിൽക്കുകയില്ല. അതിനെ പിടിച്ചുകൊള്ളാത്തപക്ഷം പിഴുതെറിയ പ്പെടാവുന്ന ഇന്നത്തെ സാഹചര്യങ്ങളിൽ അതു നിശ്ചയമായും കൈവിട്ടു പോകും. അതുകൊ് ഈ സ്നേഹം നാം കൈവരിച്ചിട്ടുങ്കെിൽ അതിനെ കാത്തുകൊള്ളാൻ നാം പരിശ്രമിക്കണം. - P'34, 189.

* * * * * *

**സമാന്തരവേദഭാഗങ്ങൾ : ആവ. 33:3,12; സങ്കീ. 63:3; 146:8; യെശ. 38:17; യിരെ. 31:3; യോഹ. 3:16; 14:21,23; 16:27; 17:10,23,26; റോമ. 5:8; 2 കൊരി. 13:11; എഫേ. 2:4; കൊലൊ. 3:14; 1 യോഹ. 3:1; 4:8-19; മത്താ. 5:43-48; 19:19; യോശു. 22:5; സങ്കീ. 91:14; യോഹ. 13:14,15,34,35; 15:12-19**

ചോദ്യങ്ങൾ :- ഈ ആഴ്ച ദൈവസ്നേഹത്തിൽ ഞാൻ എന്നെത്തന്നെ കാത്തുകൊോ? എങ്ങനെ? എന്തിന്? ഏതേതു പരിതസ്ഥിതികളിൽ?

അതിന് എന്തുസഹായം ലഭിച്ചു? എന്തു പ്രതിബന്ധം നേരിട്ടു? എന്തായിരുന്നു ഫലം?

# ജനുവരി 18

***ഉത്സാഹത്തിൽ മടുപ്പില്ലാതെ ആത്മാവിൽ എരിവുള്ളവരായി കർത്താവിനെ സേവിപ്പിൻ - റോമ. 12 : 11***

ഓട്ടക്കളത്തിൽ വിജയിക്കാനാഗ്രഹിക്കുന്ന എല്ലാവരും കർത്താവിന്റെ വേലയിൽ തങ്ങൾക്കുള്ള തീക്ഷ്ണതയെയും ഉത്സാഹത്തെയുംപറ്റി ശ്രദ്ധാലുക്കളാകണം. മാറ്റിവയ്ക്കാവുന്നതോ ഉപേക്ഷിക്കാവുന്നതോ ആയ ഐഹികചിന്താകുലങ്ങളാൽ ഭാരപ്പെട്ടിട്ടു നമ്മുടെ ഒന്നോ അനേകമോ ആയ താലന്തുകളെ നാം കുഴിച്ചിടുന്നുവെങ്കിൽ, തനിക്കുവേിയോ കുടുംബത്തിനുവേിയോ ഉള്ള അതിമോഹങ്ങൾക്ക് അവയെ അടിമപ്പെടുത്തുന്നുവെങ്കിൽ — ഇതു നമ്മുടെ സമർപ്പിതസമയം ശാസ്ത്രം, തത്ത്വജ്ഞാനം, സംഗീതം, കലാവിദ്യ, വ്യവസായം, രാജ്യതന്ത്രം, ഉല്ലാസം ഇവയ്ക്കുവേി ദുർവ്യയം ചെയ്യുകവഴിയും ആകാം — ഒടുവിലായി നാം അവിശ്വസ്ത ഭൃത്യന്മാരെന്ന നിലയിൽ പുറത്തെ ഇരുട്ടിലേക്കു പോകും. - Z'91, 9 (R 1281)

* * * * * *

എല്ലാ ജീവിതമണ്ഡലങ്ങളിലും കർത്തൃസേവനത്തിൽ വിശേഷിച്ചും വിജയത്തിന് പ്രവർത്തനം അനുപേക്ഷണീയമാണ്. ആവേശോജ്ജ്വലവും തീക്ഷ്ണവുമായ ഒരു മനസ്സുകൂടിയാകുമ്പോൾ വിജയത്തിലേക്കുള്ളവഴി കൂടുതൽ സുഗമമാകും. ഈ പ്രവൃത്ത്യുന്മുഖതയും എരിവും ജ്ഞാനോപദിഷ്ടമായ മാർഗ്ഗത്തിൽ കർത്താവിനു സമർപ്പിക്കുമ്പോൾ ക്രൈസ്തവദൗത്യം സഫലമാകുകയും ഈ ഗുണവിശേഷങ്ങൾ പുലർത്തുന്നവർ അത്യധികം അഭിവൃദ്ധിപ്പെടുകയും ചെയ്യും. - P'33, 191.

* * * * * *

**സമാന്തരവേദഭാഗങ്ങൾ : 1 ദിന. 29:17; 2 ദിന. 15:15; എസ്രാ. 7:23; സങ്കീ. 42:1,2; 119:139; സഭാ. 9:10; യെശ. 62:6,7; യോഹ. 9:4; 1 കൊരി. 13:3; 14:12; 2 കൊരി. 4:8-10,13,16-18; 9:2; ഗലാ.4:18; കൊലൊ. 3:22-24; തീത്തോ.2:14; യൂദാ. 3; വെളി. 3:19**

ചോദ്യങ്ങൾ :- ഈ ആഴ്ച ഞാൻ തീക്ഷ്ണത പുലർത്തിയോ? ഏതു കാര്യത്തിൽ? എന്തായിരുന്നു ഫലം?

# ജനുവരി 19

***നിന്റെ ന്യായപ്രമാണം എനിക്ക് എത്രയോ പ്രിയം; ഇടവിടാതെ അതെന്റെ ധ്യാനമാകുന്നു. - സങ്കീ. 119 : 97***

കർത്താവിന്റെ വചനം പഠിക്കുന്നത് ക്രിസ്ത്യാനിയുടെ വലിയ പദവിയാണ്, എന്നാലും ഈ വഴിക്കുള്ള ശ്രമം ഒട്ടധികവും പ്രയോജനകരമാകുന്നില്ല. പഠിക്കുന്നത് പ്രവൃത്തിപഥത്തിൽ ആക്കാതിരിക്കുന്നത് സമയം പാഴാക്കുന്നതിലും അധമമാണ്. എന്തുവില കൊടുക്കേിവന്നാലും ദിവ്യനിർണ്ണയം സംബന്ധിച്ചുള്ള ജ്ഞാനം സമ്പാദിക്കുന്നതിനു ലഭിക്കുന്ന ഉചിതമായ ഏതവസരവും ദൈവത്തിന്റെ ജനങ്ങൾ പ്രയോജനപ്പെടുത്തണം. എന്നാൽ അതിനുവേി ബലികഴിക്കേത് മുഖ്യമായും മറ്റുള്ളവരുടെയല്ല, സ്വന്തം സുഖസൗകര്യങ്ങളാണ് എന്ന വസ്തുത കർത്താവിന്റെ പൈതങ്ങൾ കുറിക്കൊള്ളണം. മറ്റുള്ളവരുടെ ചെലവിൽ വേദപഠനം നടത്തുന്നത് സ്വാർത്ഥത്തിന്റെ ലക്ഷണമാണ്, ദൈവാത്മാവിനാലുള്ള ഹൃദയനിറവിന്റെ ലക്ഷണമല്ല. - Z'99, 156 (R 2488)

* * * * * *

ക്രിസ്ത്യാനിയുടെ ഏറ്റവും അമൂല്യമായ പൈതൃകസ്വത്താണ് ദൈവവചനം. അതിലെ ഉപദേശങ്ങൾ, ചട്ടങ്ങൾ, വാഗ്ദത്തങ്ങൾ, പ്രബോധനങ്ങൾ, പ്രവചനങ്ങൾ, ചരിത്രങ്ങൾ, പ്രതിരൂപങ്ങൾ ഇവ സ്നേഹയോഗ്യവും, സ്നേഹത്തെ തട്ടിയുണർത്തുന്നതുമാണ്. ധ്യാനശീലനായ ക്രിസ്ത്യാനിക്ക് തിരുവെഴുത്തിലെ വിഷയങ്ങൾപോലെ ആനന്ദജനകവും ആത്മവിസ്മൃതികരവുമായി മറ്റൊന്നില്ല. ധ്യാനത്തോടു തദനുരൂപമായ ജീവിതത്തെ കൂട്ടിയിണക്കുന്നവർക്ക് ഇതിലുമുപരിയായ ധന്യത മറ്റൊന്നും നൽകുകയില്ല. എന്തെന്നാൽ ഇവ ആത്മാവും ജീവനും ആകുന്നു. - P'32, 198.

* * * * * *

**സമാന്തരവേദഭാഗങ്ങൾ : ഇയ്യോ.23:12; സങ്കീ. 1:2;19:7-11; 40:8;119:16,20,24,35,47,48,54,70,77,92,103,111,113,119,127,131,140,143,159,162-167,174; യിരെ. 15:16; ലൂക്കൊ. 4:22; 11:28; അപ്പൊ. 17:11; റോമ. 15:4; കൊലൊ.3:16; 2 തിമൊ 2:15;3:15-17**

ചോദ്യങ്ങൾ :- ഈ ആഴ്ച ഞാൻ ദൈവത്തിൽ പ്രമോദിക്കയും അതു ധ്യാനവിഷയമാക്കുകയും ചെയ്തോ? എങ്ങനെ? എന്തിനുവേി? ഫലമെന്തായിരുന്നു?

# ജനുവരി 20

***നിങ്ങൾ ബാലശിക്ഷ സഹിച്ചാൽ ദൈവം മക്കളോട് എന്നപോലെ നിങ്ങളോടു പെരുമാറുന്നു; അപ്പൻ ശിക്ഷിക്കാത്ത മകൻ എവിടെയുള്ളു? - എബ്രാ. 12 : 7***

പരിശോധന പൂർണമായി ഒഴിവാക്കിക്കൊ് സ്വഭാവപരിപോഷണം സാധ്യമല്ല. അത് ഒരു ചെടിപോലെയാണ്. ആരംഭത്തിൽ അതു വളരെ ഇളതാണ്. ദൈവസ്നേഹത്തിന്റെ സൂര്യപ്രകാശം അതിനു സുലഭമാകണം. അവന്റെ കൃപാവർഷം കൊ് അതു നനയ്ക്കപ്പെടണം. വിശ്വാസത്തിന് അടിത്തറയും അനുസരണത്തിനു പ്രേരകവുമാകുമാറ് ദൈവസ്വഭാവത്തെ സംബന്ധിച്ച പരിജ്ഞാനത്താൽ അതിനു പരിചരണം നൽകണം. ഈ അനുകൂല സാഹചര്യങ്ങൾകൊ് അതു വളർന്നുകഴിഞ്ഞാൽ ശിക്ഷണത്തിന്റെ കരങ്ങളാൽ ചെത്തിവെടിപ്പാക്കപ്പെടാൻതക്ക നിലയിൽ എത്തും. കുറച്ചൊരു ക്ലേശക്ഷമത അതിനു കൈവരികയും ചെയ്യും. അല്പാല്പമായി സ്വഭാവദാർഢ്യം നേടുന്നതനുസരിച്ച് കൂടുതൽ ബലവും അഴകും കൈവരുത്തുന്നതിന് പരിശോധനകൾ കാരണമാകും. അവസാനമായി കഷ്ടാനുഭവങ്ങളാൽ അതു സ്ഥിരപ്പെടുകയും വികാസം നേടുകയും സുസ്ഥാപിതമാകുകയും പൂർണ്ണതയിലെത്തുകയും ചെയ്യുന്നു. - Z'95, 107 (R 1806)

* * * * * *

ജഡപ്രകാരമുള്ള പിതാക്കന്മാർ നമ്മുടെ ഗുണത്തിനായി നമ്മെ ശിക്ഷിക്കുന്നുവെങ്കിൽ സ്വർഗ്ഗീയപിതാവ് നമ്മുടെ ഗുണത്തിനായി നമ്മെ ശിക്ഷിച്ചാൽ അതിൽ ഇടറിപ്പോകരുത്. അങ്ങനെയുള്ള ശിക്ഷയുടെ അഭാവം നാം അവന്റെ മക്കളല്ല എന്നതിനു തെളിവാകും. അങ്ങനെയുള്ള ശിക്ഷ അവന്റെ പിതൃത്വത്തിനും നമ്മുടെ പുത്രത്വത്തിനും തെളിവു നൽകുകയാണ്. അതുകൊ് അവ നമ്മെ നിരുത്സാഹപ്പെടുത്തരുത്. മറിച്ച് അവമൂലം നാം ദൈവമക്കളാണെന്നതിന് ഉറപ്പുലഭിച്ച് അവയാൽ നാം കൂടുതൽ സഫലന്മാരാകുവാൻ പ്രേരിതരാകട്ടെ. - P'26, 190.

* * * * * *

**സമാന്തരവേദഭാഗങ്ങൾ : എബ്രാ.12:4-14; ആവ.8:5; 2 ശമു. 7:14; ഇയ്യോ. 5:17; സങ്കീ. 94:12; സദൃ 13:13-24;19:18;22:15;23:13,14,24;29:15,17; വെളി.3:19**

ചോദ്യങ്ങൾ :- ഈ ആഴ്ച എനിക്ക് എന്തെല്ലാം ശിക്ഷാനുഭവങ്ങൾ ഉായി? അവയെ ഞാൻ എങ്ങനെ സഹിച്ചു? അവ എന്നിൽ എന്തു ഫലമുളവാക്കി?

# ജനുവരി 21

***ഒരുവൻ എന്റെ പിന്നാലെ വരുവാൻ ഇച്ഛിച്ചാൽ തന്നെത്താൻ ത്യജിച്ചു, തന്റെ ക്രൂശെടുത്ത് എന്നെ അനുഗമിക്കട്ടെ - മത്താ. 16 : 24***

ക്രൂശു സഹിക്ക എന്നതും തന്നെത്താൻ ത്യജിക്ക എന്നതും അടുത്ത ബന്ധമുള്ളതാണെങ്കിലും അവ തമ്മിലുള്ള വ്യത്യാസം ശ്രദ്ധേയമാണ്, തന്നെത്താൻ ത്യജിക്കുക എന്നത് പ്രത്യേകിച്ചും കർത്താവിൻനിമിത്തമായി പ്രകടിപ്പിക്കുന്ന നിവർത്തനാത്മകമായ അനുസരണവും സഹിഷ്ണുതയുമാണ്. ക്രൂശു വഹിക്കുക എന്നതാവട്ടെ നമ്മുടെ സഹജമായ അഭിരുചികൾക്കു വിരുദ്ധമായി നാം നിർവ്വഹിക്കുന്ന പ്രവൃത്തിരൂപമായ കർത്തൃസേവനമാണ്. തന്നെത്താൻ ത്യജിക്കുന്നതിലുള്ള വിശ്വസ്തത എന്നാൽ ധൈര്യവും തീക്ഷ്ണതയുമാണ്.ക്രൂശുവഹിക്കലാകട്ടെ വിജയം അഥവാ കീഴടക്കലാണ്. തന്നെത്താൻ ത്യജിക്കൽ നമ്മുടെ ഹൃദയങ്ങളിൽ ഉള്ള വിജയമാണ്. അതിനെപ്പറ്റി മറ്റുള്ളവർ അജ്ഞരായിരിക്കും. കർത്താവിങ്കൽനിന്നുള്ള അനുഗ്രഹത്തിന്റെ നിറവ് നമുക്കുവാവണമെങ്കിൽ അത് അവർ അറിയുകയുമരുത്. ക്രൂശുവഹിക്കലാകട്ടെ കുറഞ്ഞപക്ഷം ഒരു പരിധിവരെയെങ്കിലും നാമുമായി അടുത്തു സമ്പർക്കം പുലർത്തുന്നവർക്ക് വിശേഷിച്ച് നമ്മോടൊപ്പം ഒരേ "ഇടുക്കുവഴിയിൽ" സഞ്ചരിക്കുന്നവർക്കു കാണപ്പെട്ടെന്നുവരാം. - Z'00, 118 (R 2615)

*　　*　　*　　*　　*　　*

ക്രിസ്തീയമായ അർത്ഥത്തിൽ സ്വയത്യാഗമെന്നത് നമ്മുടെ ന്യായമായ അവകാശങ്ങളിൽനിന്നു കേവലം ഒഴിഞ്ഞിരിക്കുക എന്നല്ല, കർത്താവിൻനിമിത്തം നമ്മുടെ അവകാശങ്ങളിൽ നിന്ന് ഒഴിഞ്ഞിരിക്കുക എന്നാണ്. ജീവിതത്തിന്റെ എല്ലാ തുറകളിലും വിശേഷിച്ച് പ്രതികൂല സാഹചര്യങ്ങളിൽ വിശ്വാസത്തിലും പ്രത്യാശയിലും സ്നേഹത്തിലും അനുസരണത്തിലും സ്വയത്തെ കർത്തൃസേവനത്തിൽ ദൈവേഷ്ടത്തിനു വിധേയമാക്കുക എന്നതാണ് ക്രൂശു വഹിക്കുക എന്നതിൽ അന്തർഭവിച്ചിരിക്കുന്നത്. ഇങ്ങനെയുള്ള ആത്മത്യാഗവും ക്രൂശുചുമക്കലും ശീലിക്കുന്നവർ മാത്രമാണ് അവന്റെ സത്യാനുയായികൾ. ആ നിലയിൽ അവർ ഓട്ടം തികയ്ക്കുമ്പോൾ ക്രിസ്തുവിന്റെ മഹത്ത്വമേറിയ രാജ്യത്തിൽ അതിന്റെ ഓഹരിക്കാരായി അംഗീകരിക്കപ്പെടും. - P'31, 192.

*　　*　　*　　*　　*　　*

**സമാന്തരവേദഭാഗങ്ങൾ : ഉല്പ.22:1-12; 2 ശമു. 24:24; മത്താ. 8:19-22; 10:37-39; 13:44-46; 19:12,21; ലൂക്കൊ. 5:11,27,28;14:33;18:27-30;21:2-4; അപ്പൊ.20:22-24; റോമ.6:1-11; 14:1-22; 15:1-5; 1 കൊരി. 8:13;9:12,15,18,19,23-27; 10:24; ഫിലി. 3:7-9; തീത്തൊ.2:2,13; 1 പത്രൊ. 2:11,16;4:1,2**

ചോദ്യങ്ങൾ :- ഈ വേദഭാഗത്തിനനുസരണമായി ഈ ആഴ്ചത്തെ അനുഭവങ്ങൾ എന്തെല്ലാമായിരുന്നു? അവയെ എങ്ങനെ നേരിട്ടു? ഫലമെന്തായിരുന്നു?

# ജനുവരി 22

***യഹോവയിൽ പ്രത്യാശയുള്ള ഏവരുമേ, ധൈര്യപ്പെട്ടിരിപ്പിൻ; നിങ്ങളുടെ ഹൃദയം ഉറച്ചിരിക്കട്ടെ -സങ്കീ. 31 : 24***

ബലിയുടെ "ഇടുക്കുവഴി"യിലുള്ള പരീക്ഷകളും ക്ലേശങ്ങളുംകൊ് ഒന്നും നേടാനില്ലെന്നും ആ വഴി വിട്ടുകളയുകയാണ് നല്ലതെന്നും മറ്റുമുള്ള വിചാരങ്ങൾ നമ്മിൽ ജനിപ്പിച്ച് ശത്രു നമ്മെ നിരുത്സാഹപ്പെടുത്താൻ ഇടയ്ക്കിടെ ശ്രമിക്കുന്നതുപോലെ തോന്നാം. അങ്ങനെയുള്ള അവസരങ്ങളിൽ നാം ഏതു മാർഗ്ഗമാണവലംബിക്കേത്? നാം നമ്മുടെ കർത്താവിന്റെ ദൃഷ്ടാന്തം അനുകരിക്കണം. നമ്മുടെ താത്പര്യങ്ങളെല്ലാം ദൈവമുമ്പാകെ ശരിയായിരിക്കുന്നുവോ എന്നറിയാനുള്ള ഉത്കണ്ഠയോടെ അവന്റെ മുഖം അന്വേഷിക്കണം. ലോകം നമ്മെ പകയ്ക്കുകയും നമുക്കെതിരായി എല്ലാവിധ തിന്മകളും കളവായി പറയുകയും ചെയ്യുമ്പോൾ നമുക്ക് അവ അവന്റെ അംഗീകാരമുന്നെതിന് ഏതെങ്കിലും നിലയിലുള്ള ഉറപ്പിനുവേിയുള്ള ഉത്കണ്ഠ ഉാകണം. നമ്മെ സംബന്ധിച്ച് എല്ലാം ശുഭമായിരിക്കുമെന്നും നിത്യജീവനായുള്ള ശ്രേഷ്ഠതരമായ പുനരുത്ഥാനത്തിൽ കർത്താവു നമുക്ക് ഓഹരിനൽകുമെന്നുമുള്ളതിന് പുതിയൊരുറപ്പിനുവേി നാം ഉത്കണ്ഠയുള്ളവരാകണം. - Z'01, 79 (R 2773)

* * * * * *

കർത്താവിന്റെ വചനത്തിലും പരിപാലനങ്ങളിലും ആശ്രയം വയ്ക്കുന്നവരാണ് അവനിൽ പ്രത്യാശയുള്ളവർ. ജീവിതസാഹചര്യങ്ങൾ എത്രമേൽ ഉത്കണ്ഠാജനകമായിരുന്നാലും അവയെല്ലാം ക്രിസ്തുവിന് അനുരൂപമായി തങ്ങളുടെ സ്വഭാവം ദൃഢപ്പെടുത്തുവാൻ സഹായകമാകുമെന്നറിഞ്ഞുകൊ് ദൈവം തങ്ങളുടെ പക്ഷത്തുള്ളതിനാൽ അവർ ധൈര്യപ്പെടുന്നു. കരുണാപൂർവ്വം തങ്ങളെ കടാക്ഷിക്കുന്ന കർത്താവിന്റെ ദൃഷ്ടിയിൽ എല്ലാവർക്കും പ്രസാദകരമാകുമാറ് തങ്ങളുടെ വാക്കിലും പ്രവൃത്തിയിലും ശ്രദ്ധിപ്പാൻ ഈ പരിഗണനകൾ വളരെ പ്രോത്സാഹിപ്പിക്കയും ശക്തിപ്പെടുത്തുകയും ചെയ്യട്ടെ. - P'35, 183.

* * * * * *

**സമാന്തരവേദഭാഗങ്ങൾ : ആവ.31:23;. യോശു. 1:5-9; 1 ദിന. 22:13; 2 ദിന. 15:7;19:11; 32:7,8; സങ്കീ. 25:27;31:24; യെഹെ.2:6;3:9; യോഹ.16:33; റോമ. 8:35-39; 1 കൊരി. 16:13; എഫേ. 1:19;3:16;6:10; കൊലൊ. 1:11; 2 തിമൊ. 1:7**

ചോദ്യങ്ങൾ :- ഈ ആഴ്ച എനിക്കു പ്രോത്സാഹനം ലഭിച്ചോ? ഞാൻ ശക്തീകരിക്കപ്പെട്ടോ? ഇതെങ്ങനെ സാധിച്ചു അഥവാ തടസ്സപ്പെട്ടു? അതിൽ നിന്നും എന്തു ഫലമുളവായി?

# ജനുവരി 23

***സഹോദരന്മാരേ, ഓരോരുത്തൻ വിളിക്കപ്പെട്ട സ്ഥിതിയിൽ തന്നെ ദൈവസന്നിധിയിൽ വസിക്കട്ടെ - 1 കൊരി. 7 : 24***

നമ്മിൽ നിക്ഷിപ്തമായ കർത്തവ്യങ്ങൾ ചിലപ്പോൾ തമ്മിൽ പൊരുത്തപ്പെടാത്തതു പോലെ തോന്നാം. എന്നാൽ അവ യഥാർത്ഥത്തിൽ അങ്ങനെയല്ല, ഒരു ക്രിസ്ത്യാനിയുടെ ഒന്നാമത്തെ കർത്തവ്യം അവന്റെ എല്ലാ വഴികളിലും സ്രഷ്ടാവും കർത്താവുമായവനെ ഹൃദയപൂർവ്വം കൈക്കൊള്ളുക എന്നതാണ്. അവൻ ഒരു ഭർത്താവും പിതാവുമായിരിക്കുന്നപക്ഷം രാമത്തെ കടപ്പാട് ഭാര്യയോടും മക്കളോടുമാണ്. ഭാര്യയും മാതാവുമാണെങ്കിൽ ഭർത്താവിനോടും മക്കളോടുമാണത്. ദൈവികമായ ക്രമീകരണംമൂലം ഭർത്താവിന്റെയും ഭാര്യയുടെയും സമയങ്ങളിൽ പ്രഥമ ബാധ്യതയായി വിവാഹ ഉടമ്പടി സ്ഥാനം പിടിക്കുന്നു. പുറത്തുള്ളവർക്കുവേി വല്ലതും ചെയ്യും മുമ്പ് ഈ ബാധ്യതപ്രകാരമുള്ള കടപ്പാടുകൾ യഥോചിതം നിർവ്വഹിച്ചിരിക്കേതാണ്.- Z'99, 155 (R 2488)

* * * * * *

അസ്വസ്ഥതയാണ് ഈ കാലഘട്ടത്തിന്റെ ആത്മാവ്. എല്ലാവരും തന്നെ ജീവിതത്തിൽ ഏതോ വ്യതിയാനം ആഗ്രഹിക്കുന്നു. ഒരു മാറ്റത്തിന്റെ ആവശ്യം കർത്താവു ചൂിക്കാണിക്കും വരെ താൻ ആയിരിക്കുന്ന സ്ഥാനത്തും തനിക്കുള്ളതിലും തൃപ്തനായിരിപ്പാൻ കഴിയുന്നതാണ് ഇന്നത്തെ അസംതൃപ്തിയുടെ മദ്ധ്യേ ക്രൈസ്തവസ്വഭാവത്തിന്റെ മുദ്ര. ദൈവത്തിലുള്ള വിശ്വാസം മൂലം സംതൃപ്തിയുടെ ആത്മാവ് ഉറപ്പായിത്തീരുന്നു. - P'30, 14.

* * * * * *

**സമാന്തരവേദഭാഗങ്ങൾ :1കൊരി.7:20; ലൂക്കോ.3:12-14; എഫേ.6:5-8; ഉല്പ.2:15; സദൃ.10:4,5;12:11,24;13:4,11;14:23;20:13;22:29;31:27; സഭാ.9:10;11:6; റോമ.12:11; എഫേ.4:28; 1 തെസ്സ. 4:11,12; 2 തെസ്സ. 3:10-12**

ചോദ്യങ്ങൾ :- ഈ ആഴ്ച എന്റെ വിളിയിൽ ഉറച്ചുനിൽക്കുന്നതിന് ഞാൻ എന്തുചെയ്തു? എന്തു സഹായം ലഭിച്ചു? എന്തു പ്രതിബന്ധം നേരിട്ടു? എന്തായിരുന്നു ഫലം?

# ജനുവരി 24

***ദയയും സത്യവും നിന്നെ വിട്ടുപോകരുത് ; അവയെ നിന്റെ കഴുത്തിൽ കെട്ടിക്കൊൾക; നിന്റെ ഹൃദയത്തിന്റെ പലകയിൽ എഴുതിക്കൊൾക - സദൃ. 3 : 3***

സ്നേഹം എന്ന പ്രമാണത്തിന്റെ അടിസ്ഥാന സ്വഭാവമാണ് നീതിയെന്നിരിക്കെത്തന്നെ അതിന്റെ അന്തിമലക്ഷ്യം അതല്ല. നീതിയുടെ സൂചിമുനയ്ക്കപ്പുറം ക്ഷമിക്കുന്നതിനും കരുണകാണിക്കുന്നതിനും സ്നേഹം നമുക്കു പ്രേരകമാകണം എന്നത് അതിന്റെ അനുശാസനങ്ങളിൽപ്പെടുന്നു. അങ്ങനെ കരുണ കാണിക്കുമ്പോൾ ദിവ്യസ്നേഹത്തെ നാം പകർത്തുക മാത്രമാണ്. അതുകൊ്, നമ്മെപ്പോലെതന്നെ വീഴ്ച ഭവിച്ചവരും അപൂർണ്ണരുമായ മറ്റുള്ളവരോടുള്ള പെരുമാറ്റത്തിൽ ഈ വസ്തുത നാം വിസ്മരിക്കാതിരിക്കുകയും അവരോടു നീതി പുലർത്തുകമാത്രമല്ല, അതിനുപരി നന്ദികെട്ടവരോടുപോലും ദയാലുക്കളും മഹാമനസ്ക്കരും ആർദ്രചിത്തരും ആയിരിക്കുകയും വേണം. സ്വർഗ്ഗസ്ഥനായ പിതാവിനു മക്കളായി തീരേതിനു തന്നെ. - Z'02, 171 (R 3020)

*   *   *   *   *   *

കർത്തൃവചനമാണ് സത്യം. ഇക്കാലത്തെ അസ്വാസ്ഥ്യങ്ങൾക്കിടയിലും ദൈവവചനം പ്രവൃത്തിപഥത്തിലാക്കുന്നതാണ് ദയ. ക്രിസ്തീയ സ്വഭാവത്തിന് ഇത്രത്തോളം ഭൂഷണമാകുന്ന ഒരു മുത്തുമാലയുമില്ല. ദയയോടും സത്യത്തോടുമുള്ള സ്നേഹം ഹൃദയത്തിൽ രൂഢമൂലമാകണം. ആ നിലയിൽ അതു നമുക്ക് അക്ഷയഭൂഷണമായിത്തീരും. അസുലഭമായ മുത്തിനേക്കാളും അനർഘമായ കിരീടത്തേക്കാളും അതു നമ്മുടെ സൗന്ദര്യത്തിന് മാറ്റുകൂട്ടും. അതു ചുറ്റും പ്രകാശം പരത്തും. - P'34, 189.

*   *   *   *   *   *

**സമാന്തരവേദഭാഗങ്ങൾ : സങ്കീ.37:26;85:10; സദൃ 11:17;14:21,22,31; 20:28;21:21; ഹോശേ.4:1;12:6; മീഖാ.6:8; മത്താ.5:7;23:23;ലൂക്കൊ.6:36; റോമ. 12:8; കൊലൊ. 3:12,13; യാക്കോ. 2:13; സദൃ. 23:23; സെഖ.8:16,19; 1കൊരി. 13:6; എഫേ. 4:25; 2 കൊരി. 6:7,8; റോമ. 2:8; ഗലാ. 3:1; 2 തെസ്സ. 2:10**

ചോദ്യങ്ങൾ :- ഈ ആഴ്ച ഞാൻ സത്യത്തെയും കരുണയെയും പിടിച്ചുകൊൾകയും അതിനോടു പറ്റി നിൽക്കുകയും അതു പാലിക്കുകയും ചെയ്തോ? എങ്ങനെ? എന്തിനുവേി? ഏതേതു പരിതസ്ഥിതികളിൽ? അതിൽ എന്താണ് സഹായകമായത്? എന്താണ് പ്രതിബന്ധമായിത്തീർന്നത്? എന്തായിരുന്നു ഫലം?

# ജനുവരി 25

***അതുകൊ് നാളെയ്ക്കായി വിചാരപ്പെടരുത്; നാളത്തെ ദിവസം തനിക്കായി വിചാരപ്പെടുമല്ലോ; അതതു ദിവസത്തിന് അന്നന്നത്തെ ദോഷം മതി. - മത്താ. 6 : 34***

നമ്മുടെ ഹൃദയങ്ങളിലെ മുഖ്യവിചാരം ദൈവസേവനവും, നീതിയുടെ മുന്നേറ്റവും, തന്നെ സ്നേഹിക്കുന്നവർക്ക് അവൻ വാഗ്ദത്തം ചെയ്തിരിക്കുന്ന രാജ്യത്തിലേക്കുള്ള പ്രവേശനവും ആണെങ്കിൽ ഭാവിയെ സംബന്ധിച്ചു നാം ചിന്താകുലപ്പെടേതില്ലെന്ന് കർത്താവു നമുക്ക് ഉറപ്പു നൽകുന്നു. അവന്റെ ശിഷ്യന്മാരെന്ന നിലയിൽ വേത്ര പരീക്ഷകളും ക്ലേശങ്ങളും നാൾക്കുനാൾ ഉായിക്കൊിരിക്കും. ഇടുക്കുവഴിയിലൂടെ നടക്കാനുള്ള നമ്മുടെ ഉദ്യമത്തിൽ കർത്താവിന്റെ ഹസ്താവലംബം നമുക്കു ദിനംപ്രതി ആവശ്യമായിവരും. അതതു ദിവസത്തിന് അന്നന്നത്തെ ദോഷം മതി. ഓരോ ദിവസവും അവന്റെ കൃപ നമുക്കു മതിയാകുമെന്ന വാഗ്ദാനത്തിനായി നമുക്ക് അവനോടു കൃതജ്ഞരായിരിക്കാം. - Z'98, 44 (R 2259)

*            *            *            *            *            *

ആകുലചിന്ത നെറ്റിയിൽ മാത്രമല്ല, മനസ്സിലും ഉഴവുചാലുകൾ സൃഷ്ടിക്കുന്നു. ഏത് ആവശ്യത്തിനും ദൈവത്തിന്റെ കരുതൽ പര്യാപ്തമെന്നു വിശ്വസിക്കുന്ന ഹൃദയം ഉത്കണ്ഠയിൽനിന്നും വിമുക്തമായിരിക്കുമെന്നു മാത്രമല്ല, സന്തോഷപൂർണ്ണവും സ്വസ്ഥവുമായിരിക്കും. ഭാവിയെ സംബന്ധിച്ചു ശുഭപ്രതീക്ഷ പുലർത്തുകയും ചെയ്യും. ഇപ്പോഴത്തെ ജീവന്റെയും വരുവാനുള്ളതിന്റെയും വാഗ്ദത്തങ്ങൾ ഉള്ളതിനാൽ ഇത് എല്ലാറ്റിനും പ്രയോജനകരമാണ്. - P'33, 191.

*            *            *            *            *            *

**സമാന്തരവേദഭാഗങ്ങൾ : മത്താ.6:25-33; ഇയ്യോ.38:41; സങ്കീ.104:10,11;147:9; ലൂക്കൊ.12:24-26,31; ഫിലി.4:19; 1 രാജാ.3:13; സങ്കീ. 34:9;37:25; റോമ.8:32; സങ്കീ.127:2; മത്താ.13:22; ലൂക്കൊ. 21:34; 1 കൊരി.7:32,33; ഫിലി. 4:6; 2 തിമൊ. 2:4; സങ്കീ. 37:5;55:22; യിരെ.17:7,8; എബ്രാ.13:5**

ചോദ്യങ്ങൾ :- ഈ വാക്യത്തിന് അനുയോജ്യമായി ഈ ആഴ്ചയിലെ അനുഭവങ്ങൾ എന്തായിരുന്നു? അവയെ എങ്ങനെ നേരിട്ടു? ഫലമെന്തായിരുന്നു?

# ജനുവരി 26

***ഉപവസിക്കുമ്പോൾ നിങ്ങൾ കപടഭക്തിക്കാരെപ്പോലെ വാടിയമുഖം കാണിക്കരുത്- മത്താ. 6 : 16***

ആത്മീയത മന്ദീഭവിക്കുമ്പോഴും, ലോകത്തിൽനിന്നും ജഡ ത്തിൽനിന്നും പിശാചിൽനിന്നുമുള്ള കഠിനപരീക്ഷകൾക്കു വിധേയരാകു മ്പോഴും കർത്താവിന്റെ ജനങ്ങൾ ഉപവസിക്കുന്നത് വിശേഷിച്ചും ഉചിതമാണ്. എന്തെന്നാൽ ശാരീരികമായ ഉന്മേഷവും വീര്യവും ക്ഷയിപ്പിക്കുക വഴി രക്തത്തിളപ്പും അടക്കമില്ലായ്മയും ഉള്ളവർക്ക് ആത്മസംയമനത്തിന് ഇത് എല്ലാ വിധത്തിലും ഉപകരിക്കും. ഇടയ്ക്കിടെ ഉപവസിക്കുന്നത് ഒരു വലിയ വിഭാഗം ക്രൈസ്തവർക്കും സഹായകമാകുമെന്ന് ഞങ്ങൾ വിശ്വസിക്കുന്നു. സമ്പൂർണ്ണ നിരാഹാരമല്ലെങ്കിൽതന്നെ ഒരു നിശ്ചിത സമയത്തേക്കു ലളിതഭക്ഷ ണത്തിൽ നിഷ്കർഷിക്കണം. എന്നാൽ മനുഷ്യർ കറിവാൻ വേിയോ ഭക്തിയുടെ അടയാളമായി നമ്മുടെ മനസ്സിൽ തന്നെ താലോലിക്കുന്നതിനുവേിയോ അനു ഷ്ഠിക്കുന്ന ഉപവാസം നിശ്ചയമായും ദോഷകരമാണ്. അത് ആത്മീയഗർവ്വിനും കപടഭക്തിക്കും വഴി തെളിക്കും. അതുകൊു ലഭിക്കാവുന്ന ആത്മീയ സംയമം എന്ന ഗുണത്തെ നിഷ്പ്രഭമാക്കാൻ പോരുന്ന വലിയ തിന്മയ്ക്ക് അത് കാരണ മാകും. - Z'98, 45 (R 2260)

* * * * * *

മനുഷ്യർ കാണേതിനു പ്രാർത്ഥിക്കുകയും ഭിക്ഷകൊടുക്കുകയും ചെയ്യുന്ന വരെപ്പോലെ തന്നെ ദുഷിച്ചവരാണ് അന്യരുടെ മുമ്പാകെ ഭക്തരെന്നു ചമയു വാൻ ആത്മപീഡനം ചെയ്യുന്നവർ. ക്രിസ്ത്യാനിയുടെ ഉപവാസം ആത്മത്യാഗ മാണ്. കർത്താവിന്റെ മഹത്ത്വത്തിനുവേി കാത്തിരുന്ന ഒരു അപൂർവ്വാവസരം എന്ന നിലയിൽ സസന്തോഷം നന്ദിപൂർവ്വം അനുഷ്ഠിക്കേതാണത്. ഈ ആത്മാവിൽ ഉളവാകുന്ന ആത്മത്യാഗത്തിന്റെ അധിക്യത്തിനനുസരിച്ച് പൊരു ളിലെ സ്വർണ്ണയാഗപീഠത്തിൽ നിന്നുയരുന്ന വിശ്വാസത്തിന്റെയും പ്രത്യാശയു ടെയും സ്നേഹത്തിന്റെയും അനുസരണത്തിന്റെയും സൗരഭ്യവാസന ആസ്വാ ദ്യതരമായിരിക്കും. - P'32, 198.

* * * * * *

**സമാന്തരവേദഭാഗങ്ങൾ : യെശ.58:5; ആവ.12:18; 1ശമു.2:1; 1 ദിന.16:27; എസ്രാ.6:22; നെഹ.8:10,12;12:43; സങ്കീ. 4:7;5:11;16:5-11;30:11;68:3; 89:15,16;97:11,12;126:5,6; ലൂക്കൊ.6:22,23; യോഹ.15:11;16:20,22,24,33; അപ്പൊ.16:25,34; 2 കൊരി. 6:10;7:4;8:2;12:10; എബ്രാ. 10:34; യാക്കോ.1:2; 1പത്രൊ.4:13**

ചോദ്യങ്ങൾ :- ഈ ആഴ്ച എനിക്ക് അനുഷ്ഠിക്കേിവന്ന ആത്മത്യാഗങ്ങളിൽ ഞാൻ സന്തുഷ്ടനായിരുന്നോ? വിഷണ്ണമനസ്കനായിരുന്നോ? എന്തുകൊ്? എന്തായിരുന്നു ഫലം?

# ജനുവരി 27

***സകല ജാഗ്രതയോടുംകൂടി നിന്റെ ഹൃദയത്തെ കാത്തുകൊൾക; ജീവന്റെ ഉത്ഭവം അതിൽനിന്നല്ലോ ആകുന്നത് - സദൃ. 4 : 23***

പാപം അതിന്റെ എല്ലാ രൂപങ്ങളിലും ദോഷകരമാണെന്ന് അംഗീകരിക്കയും, കർത്താവ് അതിനെ നിരോധിച്ചിരിക്കയാൽ അതിനെതിരെ അടരാടാൻ നാം തീരുമാനിക്കയും ചെയ്യുന്നതുകൊ് മാത്രം മതിയാകയില്ല; ഇതിനുപരി കർത്താവിന്റെ അംഗീകാരമില്ലാത്ത ഏതൊന്നിന്റെ നേർക്കും ജനിക്കുന്ന ആഗ്രഹമോ മോഹമോ നമ്മുടെ ഹൃദയങ്ങളിൽനിന്നു പിഴുതെറിയേതാണ്. ക്രിസ്തുവിന്റെ നാമം ധരിച്ചിരിക്കുന്ന അനേകരുടെയും ഹൃദയങ്ങളിലും ജീവിതത്തിലും വിശേഷാൽ വിചാരങ്ങളിലും എത്രവലിയ ശുദ്ധീകരണമായിരിക്കും ഇതുകൊാവുക? ഇതു മനസ്സിലാക്കുന്നതിൽ പരാജയപ്പെടുന്നവർ നിരന്തരം പ്രലോഭനത്തിന് ഇരയായിക്കൊിരിക്കും. എന്തെന്നാൽ തുറന്ന അഴിഞ്ഞാട്ടങ്ങളെ പുറമെ ഒഴിവാക്കുന്നെങ്കിലും നിഷിദ്ധമെന്നു വിധിക്കപ്പെട്ട വിഷയങ്ങളോട് അവർ ഗൂഢമായി അനുകൂലിക്കുന്നു. അവ വിലക്കപ്പെടാതിരുന്നെങ്കിൽ അവർ അതിനെ ആഗ്രഹിക്കുമായിരുന്നു. - Z'99, 140 (R 2479)

*　　*　　*　　*　　*　　*

ഹൃദയത്തിൽനിന്നു പുറപ്പെടുന്നതും ഹൃദയത്തിൽ കടന്നുകൂടുന്നതുമായ എല്ലാ കാര്യങ്ങളെ സംബന്ധിച്ചും സകല സൂക്ഷ്മതയോടുംകൂടി അതിനെ കാത്തുകൊള്ളേതാണ്.വളരെ ജാഗ്രതയോടും ശ്രദ്ധയോടുംകൂടി തിന്മയുടെ പ്രവേശം തടയുകയും നന്മകൊു ഹൃദയം നിറയ്ക്കാൻ ശ്രമിക്കുകയും വേണം. അങ്ങനെ ചെയ്താൽ നമ്മുടെ ജീവിതത്തിൽ തിന്മയല്ല, നന്മവിളയും. എന്തെന്നാൽ ഒരുവന്റെ ഹൃദയനിരൂപണങ്ങൾ എന്താണോ അതാണവൻ. അങ്ങനെ നമ്മുടെ സ്വഭാവം രൂപപ്പെടുകയും അങ്ങനെ നമ്മുടെ വിധി നിർണ്ണയിക്കപ്പെടുകയും ചെയ്യുന്നു. - P'26, 120.

*　　*　　*　　*　　*　　*

**സമാന്തരവേദഭാഗങ്ങൾ : ആവ.5:29;6:5,6; 1 ദിന. 28:9; 2 ദിന. 12:14; സങ്കീ. 22:26;31:10;57:7; സദൃ.14:30;16:1; യിരെ.17:9,10; മത്താ.5:8;9:4;15:18,19; റോമ.2:5;10:8; എബ്രാ.3:8;4:12**

ചോദ്യങ്ങൾ :- ഈ ആഴ്ച ഞാൻ എന്റെ ഹൃദയം ജാഗ്രതയോടെ കാത്തുകൊോ? അതിനു സഹായിച്ചതെന്ത്? പ്രതിബന്ധം സൃഷ്ടിച്ചതെന്ത്? എന്തു ഫലമുളവായി?

# ജനുവരി 28

***ജയിക്കുന്നവൻ വെള്ളയുടുപ്പു ധരിക്കും;അവന്റെ പേർ ജീവപുസ്ത കത്തിൽനിന്നു മായിച്ചുകളയാതെ എന്റെ പിതാവിന്റെ സന്നിധിയിലും അവന്റെ ദൂതന്മാരുടെ മുമ്പിലും അവന്റെ പേർ ഏറ്റുപറയും - വെളി. 3 : 5***

വിശ്വസ്തരായ ജേതാക്കൾ ജാഗരിക്കുകയും ലോകത്താൽ കളങ്കപ്പെ ടാതെ തങ്ങളുടെ ഉടുപ്പുകൾ കാത്തുകൊള്ളുകയും ചെയ്യുന്നു. “അവർ തങ്ങ ളുടെ അങ്കികൾ മലിനമാക്കിയിട്ടില്ല”. “ലോകത്താൽ കളങ്കപ്പെടാതെ അവർ തങ്ങ ളുടെ ഉടുപ്പുകൾ സൂക്ഷിച്ചുകൊള്ളുന്നു.” തങ്ങളെ മലിനപ്പെടുത്തുവാനും കർത്താവികൽനിന്ന് അകറ്റിക്കളയുവാനും പാപത്തിന് അനുമതി നൽകാൻ അവർക്കു മനസ്സുവരുന്നില്ല. മറിച്ച് ഏതു കറയും നീക്കിക്കളയുന്നതിന് അവർ ക്ഷണത്തിൽ കുഞ്ഞാടിന്റെ വിലയേറിയ രക്തത്തിനായി യാചിക്കുകയും അതു പ്രാപിക്കുകയും ചെയ്യുന്നു. അവർ ഹൃദയപൂർവ്വം പാപത്തോട് എതിർക്കുന്ന വരും ഉടുപ്പു മലിനമാകാതെ സൂക്ഷിക്കുന്നതിൽ അതീവ ശ്രദ്ധാലുക്കളുമായതു കൊ് ശത്രുവിന് അവരുടെമേൽ ഒരു സ്വാധീനവും ഇല്ല. “ദുഷ്ടൻ അവരെ തൊടുന്നില്ല”. ഇതെല്ലാം കാണിക്കുന്നത് തങ്ങളുടെ ഇഷ്ടം അവർ ക്രിസ്തു വിന്റെ ഇഷ്ടത്തിനു പൂർണ്ണമായി വിധേയപ്പെടുത്തിയിരിക്കുന്നു എന്നാണ്. അവർ “അവനോടുകൂടെ മരിച്ചിരിക്കുന്നു”. അതുകൊ് അവർക്കു മനസാ പാപം പരി ശീലിക്കാൻ കഴിയുകയില്ല. - Z'97, 161 (R 2159)

* * * * * *

ജയിക്കുന്നവൻ പരമമായ സമ്പത്തു കൈവരിക്കും. കറയറ്റ സ്വഭാവമാണ് ആ സമ്പത്ത്. ഉടമ്പടിയിൻനിയമത്തിൽ അതിന്റെ ബാധ്യതകൾ നിറവേറ്റുക വഴി ലഭിക്കുമെന്ന് അരുളിച്ചെയ്തിട്ടുള്ള ആ സ്വഭാവമഹത്ത്വം ഒരിക്കലും മായി ച്ചുകളയപ്പെടുകയില്ല. മറിച്ചു പിതാവിന്റെയും വിശുദ്ധ ദൂതന്മാരുടെയും മുമ്പാകെ പുത്രൻ അതിനെ പ്രശംസിച്ചു പറയും. രാജ്യത്തിൽ ബഹുമതിക്കും പ്രവൃത്തിക്കും പ്രതിഫലങ്ങൾക്കും വേ പണിക്കോപ്പാണത്. “നിന്റെ ഹൃദയം എന്നാളും ജീവിക്കും” എന്നു സങ്കീർത്തനക്കാരൻ പറയുന്നതുപോലെ ഇത് അഭംഗുരമായിരിക്കും. - P'31, 192.

* * * * * *

**സമാന്തരവേദഭാഗങ്ങൾ : 1 രാജാ.19:18; യെഹെ.9:4; എഫേ.5:25-27; വെളി.19:8; സങ്കീ.45:14; മത്താ. 7:21; വെളി. 12:11; നെഹെ.13:14; പുറ.32: 32,33; സങ്കീ.69:28; വെളി.21:27;13:8;17:8; ഫിലി.4:3; മത്താ.10:32; ലൂക്കൊ.12:8; മത്താ. 25:21**

ചോദ്യങ്ങൾ :- ഈ വേദഭാഗത്തിന് അനുസരണമായി ഈ ആഴ്ചയിലെ അനുഭവങ്ങളും പ്രതീക്ഷകളും എന്തായിരുന്നു? ഫലമെന്തായിരുന്നു?

## ജനുവരി 29

### *യഹോവാഭക്തി ജ്ഞാനത്തിന്റെ ആരംഭമാകുന്നു - സങ്കീ. 111 : 10*

നമ്മുടെ ജന്മത്തിനു കാരണഭൂതനും അഖിലാണ്ഡത്തിന്റെ ശില്പിയും പരിത്രാതാവും കർത്താവുമായ സ്രഷ്ടാവിനോടു സൃഷ്ടിക്കുായിരിക്കേ ഉചിതമായ മനോഭാവം ഇതുമാത്രമാണ്. അതുകൊ് അവൻ സംസാരിക്കുമ്പോൾ അവന്റെ ശബ്ദത്തിനു നാം ആദരപൂർവ്വം ചെവി കൊടുക്കയും അവന്റെ ദൗത്യം നിർവ്വഹിക്കുന്നതിന് സമസ്തശക്തിയും ഉണർത്തുകയും വേണം. നമ്മുടെ സുരക്ഷിതത്വം, നമ്മുടെ സൗഭാഗ്യം, സ്നേഹത്തിനും കൃതജ്ഞതയ്ക്കും പ്രേരിപ്പിക്കുന്നതും, ബുദ്ധിപൂർവ്വം പ്രബോധനത്തിൽ ശ്രദ്ധയൂന്നുന്നതും, അറിവിലും ജ്ഞാനത്തിലും വളർച്ചനേടുന്നതുമായ സ്വഭാവമഹത്ത്വം ഇവയെല്ലാം അടിസ്ഥാനപരമായി കർത്താവിനോടുള്ള നമ്മുടെ പരമമായ ആദരവിനെ ആശ്രയിച്ചുനിൽക്കുന്നതാണ്. അതുകൊ്, ദൈവത്തിന്റെ നാമത്തോടു നമുക്കുാകേ പിതൃഭക്തി അവൻ നമ്മിൽ ജനിപ്പിക്കുകയും വളർത്തുകയും ചെയ്യും. - Z'96, 155 (R 2002)

* * * * * *

ജ്ഞാനം എന്നതിൽ അറിവു മാത്രമല്ല, നല്ല ലക്ഷ്യങ്ങൾക്കായി അറിവു പ്രയോജനപ്പെടുത്തുന്നതും അന്തർഭവിച്ചിരിക്കുന്നു. മനുഷ്യനു ദൈവത്തോടും സമസൃഷ്ടങ്ങളോടുമുള്ള ഉചിതമായ ബന്ധത്തിനു അനുഗുണമായ കാര്യങ്ങളാണ് പരമോന്നതവും അത്യുത്തമവുമായവ. ദൈവത്തോടും മനുഷ്യനോടും യുക്തമായ ബന്ധം പുലർത്താൻ ദൈവഭയം മനുഷ്യനെ സഹായിക്കുന്നതിനാൽ അതാണ് ജ്ഞാനത്തിന്റെ ഉറവിടം എന്നത് എത്ര സ്പഷ്ടം. ആ ബന്ധം അനുശാസിക്കുന്ന കർത്തവ്യങ്ങളെ മനസ്സിലാക്കാനും അതു സഹായിക്കുന്നു - P'36, 183.

* * * * * *

**സമാന്തരവേദഭാഗങ്ങൾ** : ആവ.4:6;5:**29;6:2;10:12; ഇയ്യോ. :28:28; സങ്കീ.111:1-9;25:8-14; സദൃ.1:7-9,21-23;2:1-11; മത്താ.11:25-30; ലൂക്കൊ.1:49,50; യോഹ.14:15-17; അപ്പൊ. 10:35; സഭാ. 8:12; സെഫ.3:7; മലാ.3:16**

ചോദ്യങ്ങൾ :- ഈ ആഴ്ച ഞാൻ ദൈവത്തെ ബഹുമാനിച്ചോ? അതിൽ സഹായകമായതെന്ത്? പ്രതിബന്ധം സൃഷ്ടിച്ചതെന്ത്? ഈ വഴിക്കുായ അനുഭവം എനിക്കു ഗുണകരമായിരുന്നോ?

# ജനുവരി 30

***മടുത്തുപോകാതെ എപ്പോഴും പ്രാർത്ഥിക്കണമെന്നതിന് അവൻ അവരോട് ഒരു ഉപമ പറഞ്ഞു - ലൂക്കൊ. 18 : 1***

ദൈവത്തോട് അടുത്തു ചെല്ലുന്നതിൽ അവൻ പ്രാധാന്യമേറിയ മറ്റു വിഷയങ്ങളുടെ തിരക്കിലാണെന്നോ നിസ്സാരകാര്യങ്ങളുടെ പേരിൽ നാം അവനെ നിരന്തരം അലട്ടുകയാണെന്നോ വിചാരിച്ചു ശങ്കിക്കേതില്ല. ഈ ഒറ്റ സംഗതിക്കെതിരായി നമ്മെ ധൈര്യപ്പെടുത്തുന്നതിനാണ് മടുത്തുപോകാത്തതിന്റെ പേരിൽ പ്രാർത്ഥനയ്ക്കു മറുപടി ലഭിച്ച വിധവയുടെ ഉപമ കർത്താവു പറഞ്ഞത്. ഈ മുട്ടിപ്പായ യാചന നമ്മുടെ ആവശ്യങ്ങളുടെ തീവ്രത തെളിയിക്കും. കൂടാതെ ഉത്തരം താമസിക്കുമ്പോൾ വിശ്വാസത്തിന്റെയും തീക്ഷ്ണതയുടെയും അഭാവം കൊ് നാം ക്ഷീണിച്ചുപോകാത്ത പക്ഷം നമ്മുടെ പ്രാർത്ഥനയ്ക്ക് മറുപടി കിട്ടുമെന്ന വിശ്വാസത്തെയും ഇതു വ്യക്തമാക്കും. ദൈവത്തിന്റെ എല്ലാ പ്രവർത്തനത്തിലും സമയം ഒരു മുഖ്യഘടകമാകയാൽ മറുപടി താമസിക്കുക സ്വാഭാവികമാണ്. - Z'95, 214 (R 1864)

* * * * * *

പ്രാർത്ഥനയ്ക്കുള്ള അവകാശം ദൈവപൈതലിന് ഏതുസമയത്തും പ്രയോജനപ്പെടുത്താം എന്നുള്ളത് എത്ര അനുഗൃഹീതമാണ്. സർവ്വവല്ലഭത്വമുള്ള സ്നേഹം നമ്മെ കടാക്ഷിച്ചുകൊ് ആ സിംഹാസനത്തിൽ ഇരുന്നരുളുന്നു എന്ന ദൃഢബോധ്യം എത്ര മഹത്തരം! സർവ്വശക്തമായ സ്നേഹം അജയ്യമാകയാൽ ഏതു പരിഭ്രാന്തിയിലും ഇതു നമ്മെ ധൈര്യപ്പെടുത്തുന്നു. ദൈവത്തോട് ഇണയ്ക്കപ്പെട്ടിരിക്കുന്ന നാം ഒരിക്കലും പരാജിതരാകയില്ല. ക്രിസ്തുവിലും അവൻ മൂലവും സമ്പൂർണ്ണവിജയത്തിലെത്തും വരെ നമ്മുടെ ശക്തി അവസരത്തിനൊത്തുയരും. അടിക്കടി ദ്രുതവിജയങ്ങൾ നാം കൈവരിക്കുകയും ചെയ്യും - P'30, 14.

* * * * * *

**സമാന്തരവേദഭാഗങ്ങൾ:ലൂക്കൊ.2:37;11:5-13;21:36;മത്താ.15:27,28;21:22; യോഹ. 15:7;16:23; റോമ.12:12; യെശ. 62:6,7; സങ്കീ.118:5; 2 കൊരി. 12:8,9; 1 തെസ്സ.5:17; എബ്രാ.4:16; 1 യോഹ.5:14;3:22; യാക്കോ. 1:5,6; യിരെ.29:13**

ചോദ്യങ്ങൾ :- ഈ വേദഭാഗത്തിനു ചേർച്ചയായി ഈ ആഴ്ച നേരിട്ട അനുഭവങ്ങൾ ഏവ? അവയെ എങ്ങനെ അഭിമുഖീകരിച്ചു? എന്തു സഹായം ലഭിച്ചു? എന്തു പ്രതിബന്ധമായി? ഫലമെന്തായിരുന്നു?

# ജനുവരി 31

***സൗമ്യതയുള്ളവരെ അവൻ ന്യായത്തിൽ നടത്തുന്നു; സൗമ്യതയുള്ളവർക്ക് അവൻ തന്റെ വഴി പഠിപ്പിച്ചുകൊടുക്കുന്നു. - സങ്കീ. 25 : 9***

മേലിൽനിന്നുള്ള ജ്ഞാനം പ്രാപിക്കുന്നതിന് ഇപ്രകാരമുള്ള മനോഭാവം അനുപേക്ഷണീയമാണ്. സ്വന്തം പോരായ്മകളെയും അജ്ഞതയെയും പറ്റി അവർക്കു സവിനയമായ ബോധം വേണം. അല്ലാത്തപക്ഷം ഇക്കാലത്തു വിനയബുദ്ധികൾക്കു മാത്രം നൽകുവാൻ ദൈവം പ്രസാദിച്ചിരിക്കുന്ന ജ്ഞാനം സൗജന്യമായും ഹൃദയപൂർവ്വമായും പ്രാപിപ്പാൻ അവർക്കു കഴിയുന്നതല്ല. സുബോധത്തിന്റെ ആത്മാവിന് അടിസ്ഥാനമെന്ന നിലയിൽ ഈ മനോവിനയം പ്രധാനമാണ്. എന്തെന്നാൽ എല്ലാറ്റിലുമുപരിയായി വിനയസ്വഭാവമില്ലെങ്കിൽ നീതിപൂർവ്വമായും യുക്തിപൂർവ്വമായും നിഷ്പക്ഷമായും ചിന്തിക്കാൻ ആർക്കു കഴിയും? അതുകൊ് ക്രിസ്തുവിൻസ്വഭാവത്തിന്റെ അഥവാ മനസ്സിന്റെ ഒരു മൗലിക ഘടകമാണ് താഴ്മ എന്നു സമ്മതിക്കേിയിരിക്കുന്നു. - Z'00, 68 (R 2585)

* * * * * *

ശിഷ്യത്വം സ്വീകരിക്കുന്നതിന് വിനയം ആവശ്യമാണ്. ദൈവത്തെ ഗുരുവായി സ്വീകരിപ്പാൻ താഴ്മ അനുപേക്ഷണീയമാണ്. സ്വയം ഒഴിച്ചു കളയുന്ന സ്ഥാനത്തേ ദൈവത്താൽ നിറയപ്പെടൂ. എത്ര സമുന്നതമായ മനുഷ്യജ്ഞാനത്തെയും അതിശയിക്കുന്ന ജ്ഞാനം ഉൾക്കൊള്ളുവാൻ അങ്ങനെ ഒഴിഞ്ഞ പാത്രങ്ങൾ ഒരുക്കപ്പെട്ടിരിക്കും. എന്തെന്നാൽ ദൈവം തന്നെ അവരുടെ മഹാഗുരുവായിരിക്കും. അവന്റെ ജ്ഞാനം സർവ്വാശ്ലേഷിയാണ്. - P'34, 189.

* * * * * *

**സമാന്തരവേദഭാഗങ്ങൾ : സങ്കീ.22:26;37:11;76:8,9;147:6;149:4; സഭാ.10:4; യെശ.11:4;29:19; സെഫ.2:3; മത്താ. 5:5,38-42;11:29; 1 കൊരി. 6:7; 2 കൊരി. 10:1; ഗലാ.6:1; എഫേ. 4:1,2; കൊലൊ.3:12,13; 2 തിമൊ. 2:24,25; 1പത്രൊ. 3:4**

ചോദ്യങ്ങൾ :- ഈ വേദഭാഗത്തിന് അനുസരണമായി എന്തായിരുന്നു ഈ ആഴ്ചത്തെ അനുഭവങ്ങൾ? അവയെ എങ്ങനെ നേരിട്ടു? ഫലമെന്തായിരുന്നു?

# ഫെബ്രുവരി 1

***നിങ്ങൾ വലത്തോട്ടോ ഇടത്തോട്ടോ തിരിയുമ്പോൾ; വഴി ഇതാകുന്നു, ഇതിൽ നടന്നു കൊൾവിൻ എന്നൊരു വാക്കു പിറകിൽ നിന്നു കേൾക്കും. - യെശ. 30 : 21***

നാം യാത്രാമദ്ധ്യേ ഏതെങ്കിലും വഴിക്കവലയിൽ - ജീവിതത്തിലെ സന്ദിഗ്ദ്ധഘട്ടങ്ങളിൽ - എത്തുകയും വലത്തോട്ടോ ഇടത്തോട്ടോ തിരിയേതെന്ന് സന്ദേഹിക്കുകയും ചെയ്യുമ്പോൾ ശബ്ദത്തിനു ചെവികൊടുക്കുമ്പോൾ ഉടനടി  നിൽക്കുകയും ശബ്ദത്തിനു ചെവികൊടുക്കുകയും വേണം. മറ്റു വിധത്തിൽ പറഞ്ഞാൽ നാം ഉടനെതന്നെ കർത്താവിന്റെ വചനത്തിലേക്കു തിരിയുകയും മനസ്സിനെ കുഴക്കുന്ന വിഷയത്തോടുബന്ധപ്പെട്ട ചട്ടങ്ങളെയും പ്രമാണങ്ങളെയുംം ദൃഷ്ടാന്തങ്ങളെയും ധ്യാനപൂർവ്വം പരിശോധിച്ചു കർത്തൃഹിതം മനസ്സിലാക്കാൻ ശ്രമിക്കുകയും അവന്റെ ആത്മാവിനാൽ നയിക്കപ്പെടാൻ പ്രാർത്ഥിക്കുകയും ചെയ്യണം. മനസ്സിനെ സ്നേഹത്തിന്റെയും കീഴ്വഴക്കത്തിന്റെയും വിശ്വാസത്തിന്റെയും പാതയിലേക്ക് എത്തിക്കണം.  - Z'95, 6 (R 1753)

*   *   *   *   *   *

നമ്മുടെ പിന്നിലുള്ള വാക്ക് പഴയ - പുതിയനിയമ തിരുവെഴുത്തുകളിലെ ഉപദേശങ്ങളാണ്. ജീവിതത്തിലെ ഏതവസ്ഥയ്ക്കും അനുഭവത്തിനും പ്രയോഗയോഗ്യമാണ് ഇവ. അതുകൊ്, ജീവിതത്തിന്റെ വഴിത്താരയിൽ നമുക്കു മാർഗ്ഗദർശകമാകേത് വിസ്മയകരമായ ഈ ഉപദേശങ്ങളാണ്. ജ്ഞാനത്തിന്റെയും നീതിയുടെയും സ്നേഹത്തിന്റെയും ശക്തിയുടെയും മാർഗ്ഗങ്ങളിൽ കാലിടറാതെ നടക്കുവാൻ ഇവ നമുക്കു വഴികാട്ടിയാകുമെന്ന ഉറപ്പ് നമുക്കുായിരിക്കട്ടെ - P'34, 15.

*   *   *   *   *   *

**സമാന്തരവേദഭാഗങ്ങൾ : ലൂക്കൊ.11:28;8:21; മത്താ.7:21-29; യാക്കോ. 1:21-27; കൊലൊ 2:2;3:16; എബ്രാ. 1:1,2; യെശ.66:4; എഫേ.5:26; 1 തെസ്സ. 2:13; 2 തെസ്സ. 2:14,15; 2 തിമൊ. 3:15-17; എബ്രാ. 2:;1-3;4:2,12; 1പത്രൊ. 2:2; 2 പത്രൊ.3:1,2; 1 യോഹ. 2:14; യൂദാ 17; വെളി. 1:3; എബ്രാ. 6:4-6;10:26-29; 2 പത്രൊ. 2:20-22**

ചോദ്യങ്ങൾ :- ഈ ആഴ്ച ഞാൻ വചനം അനുസരിച്ചിരുന്നുവോ? ഏതു പരിതസ്ഥിതികളിൽ? ഫലം എന്തായിരുന്നു?

# ഫെബ്രുവരി 2

***ജഡത്തെ അനുസരിച്ചു ജീവിക്കുന്നു എങ്കിൽ നിങ്ങൾ മരിക്കും നിശ്ചയം - റോമ. 8 : 13***

ജഡപ്രകാരം ജീവിക്കുക എന്നതിന്റെ അർത്ഥമെന്ത്? വീഴ്ചഭവിച്ച മനുഷ്യപ്രകൃതിയുടെ അഭിരുചികൾക്കും അഭിലാഷങ്ങൾക്കും അനുസരണമായും അവയോടു പൊരുത്തപ്പെട്ടും അവയെ തൃപ്തിപ്പെടുത്തിയും ജീവിക്കുക എന്നുതന്നെ. ഇതു ചെയ്യുക ഏറ്റവും എളുപ്പമാണ്. നമ്മുടെ പഴയ പ്രകൃതിയുടെ ഒഴുക്കിനു നിർമ്മത്സരം നമ്മെത്തന്നെ വിട്ടു കൊടുക്കയേ വേു. ഇതു ചെയ്യുന്നതോടെ നാം താഴോട്ട് ഒഴുകി നീങ്ങാൻ തുടങ്ങും. ക്രമേണ പ്രവാഹത്തിന്റെ ഗതിവേഗം അടിക്കടി വർദ്ധിക്കുന്നതായും നമ്മുടെ ചെറുത്തുനില്പ് കൂടുതൽ കൂടുതൽ ദുഷ്കരമായി തീരുന്നതായും നാം മനസ്സിലാക്കും. - Z'95, 8 (R 1748)

*　　*　　*　　*　　*　　*

ജഡം എന്നത് സഹജവും ആർജ്ജിതവുമായ സ്വാർത്ഥബുദ്ധി എന്നവണ്ണം സഹജവും ആർജ്ജിതവുമായ പാപപ്രകൃതിയുമാണ്. ഇവയെ അനുസരിച്ചു ജീവിക്കുക എന്നു പറഞ്ഞാൽ സഹജവും ആർജ്ജിതവുമായ അപകർഷത്തിന്റെ തത്ത്വങ്ങൾ പ്രവൃത്തിരൂപത്തിലാക്കുക എന്നത്രേ. സഹജവും ആർജ്ജിതവുമായ സ്വാർത്ഥതയുടെ തത്ത്വങ്ങൾ പ്രവൃത്തിരൂപത്തിലാക്കുന്നതും അങ്ങനെ തന്നെ. അപ്രകാരമുള്ള ഒരു ജീവിതഗതി പുതിയ ഹൃദയത്തെയും മനസ്സിനെയും ഇച്ഛയെയും നശിപ്പിക്കും. മനുഷ്യത്വം യാഗമായി അർപ്പിക്കപ്പെട്ടിരിക്കയാൽ പിന്മാറ്റക്കാരും ജഡത്തെ അനുസരിച്ചു ജീവിക്കുന്നവരും മരിക്കേതും എന്നേക്കും മൃതാവസ്ഥയിൽ കഴിയേതുമാണ്. - P'33, 16.

*　　*　　*　　*　　*　　*

**സമാന്തരവേദഭാഗങ്ങൾ : ഇയ്യോ.4:8; സദൃ.14:12;മത്താ.26:41; റോമ.6;8:4-12; ഗലാ.6:7,8; എബ്രാ.6:4-8;10:26-31; യാക്കോ.1:15;4:4; 2 പത്രൊ.2:20-22; 1 യോഹ. 5:16; യൂദാ.11-13; 2 കൊരി. 6:16; എഫെ.4:22**

ചോദ്യങ്ങൾ :- ഈ വേദഭാഗത്തിന്റെ അടിസ്ഥാനത്തിൽ ഈ ആഴ്ചയിലെ അനുഭവങ്ങൾ എന്തായിരുന്നു? അവയെ എങ്ങനെ അഭിമുഖീകരിച്ചു. സഹായവും പ്രതിബന്ധവും ഫലങ്ങളും എന്തായിരുന്നു?

# ഫെബ്രുവരി 3

***മകനേ, എന്റെ വചനങ്ങൾക്കു ശ്രദ്ധ തരിക; എന്റെ മൊഴികൾക്കു നിന്റെ ചെവി ചായ്ക്ക. അവയെ കിട്ടുന്നവർക്ക് അവ ജീവനും അവരുടെ സർവ്വദേഹത്തിനും സൗഖ്യവും ആകുന്നു. - സദൃ. 4 : 20, 22***

മനസ്സിന് ശരീരത്തിന്മേലുളള സ്വാധീനശക്തിയെപ്പറ്റി അറിയാവുന്നവർ വിരളമാണ്. നിർമ്മലവും ശ്രേഷ്ഠവും വിശുദ്ധവുമായ വിചാരങ്ങൾ പൊതുവിൽ നമ്മുടെ മാനസികഘടനയിലും സന്മാർഗ്ഗബോധത്തിലും ഉൽക്കർഷവും ഉദാത്തതയും വളർത്താൻ മാത്രമല്ല, ശരീരത്തിന്റെ ആരോഗ്യകരമായ പ്രവർത്തനത്തിനും ഉപകരിക്കത്തക്ക വിധമാണ് ദൈവം നമ്മെ നിർമ്മിച്ചിരിക്കുന്നത്. മറിച്ച്, അശുദ്ധവും അധമവും അവിശുദ്ധവുമായ ചിന്ത, പ്രവൃത്തി എന്നപോലെ, മനസ്സിനെയും ധർമ്മബോധത്തെയും നേരിട്ടു ദുഷിപ്പിക്കുക മാത്രമല്ല, വീഴ്ചഭവിച്ച നമ്മുടെ വർഗ്ഗത്തിന്റെ ശരീരത്തിൽ രോഗാണുക്കളെ ജനിപ്പിക്കുകയും ചെയ്യുന്നു. - Z'96, 180 (R 2013)

* * * * * *

ദൈവമക്കൾ അവരുടെ മനസ്സും ഹൃദയവും അവന്റെ ഉപദേശങ്ങൾക്കു വിധേയമാക്കണമെന്ന് അവൻ അവരെ പ്രബോധിപ്പിക്കുന്നു. ദൈവവചനത്തിലൂടെ നാം നിത്യജീവന് യോഗ്യരാക്കപ്പെടുന്നു എന്നതുകൊ്, നാം തിരുവചനം അദ്ധ്യയനം ചെയ്യണമെന്ന് അവൻ അഭിലഷിക്കുന്നതിൽ അത്ഭുതപ്പെടേതില്ല. സുവിശേഷയുഗത്തിലെ തെരഞ്ഞെടുപ്പുഗണങ്ങൾക്കു മാത്രമല്ല, സഹസ്രാബ്ദയുഗത്തിൽ മാനുഷരക്ഷയിലേക്കു വിളിക്കപ്പെടുന്നവർക്കും വചനമാണ് ജീവദായകമായിത്തീരുന്നത്. ശാശ്വതജീവന്റെയും നിത്യതാരുണ്യത്തിന്റെയും ഉറവിടമാണത്. ഈ ജലം കത്തെി പാനം ചെയ്യുന്നവൻ ഇത്രനാളും ലോകത്തിനു മരുമരീചികയായിരുന്ന നിത്യയൗവനത്തിന്റെയും നിത്യജീവന്റെയും ഉറവ യഥാർത്ഥമായി കത്തെുന്നു. - P'27, 15.

* * * * * *

**സമാന്തരവേദഭാഗങ്ങൾ : പുറ.13:9; ആവ.29:29; യോശു.1:8; ഇയ്യോ.23:12; സങ്കീ. 12:6;17:4;19:7-11;119:9,11-20; സദൃ.6:20-23; മത്താ.7:24-27; ലൂക്കൊ.11:28; യോഹ.5:24;17:17**

ചോദ്യങ്ങൾ :- ഈ ആഴ്ച ഞാൻ വചനം ധ്യാനവിഷയമാക്കിയോ? എപ്പോൾ? എങ്ങനെ? ഫലമെന്തായിരുന്നു?

# ഫെബ്രുവരി 4

***എന്റെ ജനമായുള്ളോരേ, അവളുടെ പാപങ്ങളിൽ കൂട്ടാളികളാകാതെയും അവളുടെ ബാധകളിൽ ഓഹരിക്കാരാകാതെയുമിരിപ്പാൻ അവളെ വിട്ടു പോരുവിൻ - വെളി. 18 : 4***

"എന്റെ ജനം" എന്ന പേരിന് യോഗ്യരായവരെല്ലാം കർത്താവിന്റെ ശബ്ദം കേൾക്കുകയും അനുസരിക്കുകയും ബാബിലോൺ വിട്ടുപോരുകയും "അവളുടെ ബാധകളിൽ പങ്കാളികളാകാതിരിക്കുകയും" ചെയ്യും. എന്തെന്നാൽ ബാബിലോണിന്റെ യഥാർത്ഥസ്വഭാവം മനസ്സിലാക്കുന്നതോടെ അവളെ വിട്ട് ഓടിപ്പോകുന്നതിൽ അവർ പ്രകടിപ്പിക്കുന്ന അനുസരണം അവർ ഒരിക്കലും അവളുടെ പാപങ്ങളോടു മനസാ കൂറുപുലർത്തിയിരുന്നില്ല എന്നു തെളിയിക്കുന്നു. ഇന്നു പ്രകാശിച്ചിരിക്കുന്ന വെളിച്ചത്തിൽ ബാബിലോണിനെയും അവളുടെ ദൈവദൂഷണപരമായ വിശ്വാസാചാരങ്ങളെയും കതിനുശേഷവും അവളെ അംഗീകരിക്കുന്നതായും കൂടുതലായ വെളിച്ചം ലഭിച്ചവർ എന്ന നിലയിൽ "കള"കൾക്കൊപ്പമോ അതിലേറെയോ ശിക്ഷാർഹരായും എണ്ണപ്പെടും. - Z'00, 3 (R 2553)

*　　*　　*　　*　　*　　*

ക്രൈസ്തവമണ്ഡലത്തിലെ ഭിന്നവിഭാഗങ്ങളിലല്ലാതെ മറ്റെവിടെയാണ് ദൈവജനം കുടുങ്ങിയിരിക്കുന്നത്? കൂടുതലായ വെളിച്ചത്തിനെതിരെ പാപം ചെയ്യപ്പെട്ടിട്ടുള്ളതും ഈ വിഭാഗങ്ങളിലല്ലയോ? ഈ വിഭാഗങ്ങളിന്മേലല്ലാതെ എന്തിന്മേലാണ് ദൈവത്തിൽ നിന്നുള്ള ബാധകൾ നിശിതമായി പതിക്കേത്? അതുകൊ് അവരുടെ പാപങ്ങളാൽ മലിനീഭവിക്കാതെയും അവരുടെ ബാധകളിൽ നിന്നു സുരക്ഷിതരായും ഇരിക്കുമാറ് ബാബിലോണിൽ നിന്നു വിട്ടുപോരാൻ ദൈവം തന്റെ ജനത്തെ വിളിക്കുന്നത് എത്ര യുക്തമായിരിക്കുന്നു. രാമതൊരർത്ഥത്തിൽ ചെറിയ ബാബിലോണിന്റെ വിവിധ ശാഖകളിൽ നിന്ന് ദൈവജനം വിടവാങ്ങുന്നതിനെയും ഈ വേദഭാഗം പ്രതിപാദിക്കുന്നു. - P'32, 15.

*　　*　　*　　*　　*　　*

**സമാന്തരവേദഭാഗങ്ങൾ : യെശ.47:10;48:20;52:11; യിരെ.50:8;51:6,9,45; 2കൊരി.6:17;7:1; സെഖ.2:7; ഉല്പ.19:16,17,29; ലൂക്കൊ.17:32; മത്താ.24:15-20; യൂദാ.23; സംഖ്യ 16:21; വെളി.16:19;18:1-24**

ചോദ്യങ്ങൾ :- പ്രദേശപരവും സിദ്ധാന്തപരവും അനുഷ്ഠാനപരവും ആത്മീയവും സഹതാപരൂപവുമായ എല്ലാ ബാബിലോന്യബന്ധങ്ങളോടും നിങ്ങൾ വിടപറഞ്ഞിരിക്കുന്നുവോ? എന്തുകൊ്? ഫലങ്ങളെന്ത്?

# ഫെബ്രുവരി 5

***ദൈവത്തിന്റെ ഇഷ്ടമോ നിങ്ങളുടെ ശുദ്ധീകരണം തന്നെ.- 1 തെസ്സ. 4 : 3***

ദൈവേഷ്ടം എന്താണെന്ന് നിർണ്ണയിക്കുന്നതിന് നാം തിരുവെഴുത്തുകളെ സമീപിക്കുമ്പോൾ ദൈവം നമ്മോടാവശ്യപ്പെടുന്ന വലിയ വേല അന്യർക്കുവേിയുള്ള പ്രവർത്തനമല്ല. നമ്മിൽത്തന്നെ നടക്കേ വേലയാണ്. ആത്മസംയമനം തന്നെ. വിശ്വാസത്തിന്റെ ഭവനക്കാർക്കുവേിയുള്ള ശുശ്രൂഷ, സകലമനുഷ്യരുടെയും നന്മ ലക്ഷ്യമാക്കി നടപ്പാക്കുന്ന ദേശീയവും വിദേശീയവുമായ ദൗത്യങ്ങൾ മുതലായവയെല്ലാം നമ്മിൽത്തന്നെ നടക്കേ ഈ വലിയ വേലയ്ക്കു വിധേയമായിരിക്കുന്നു. എന്തെന്നാൽ അന്യരോട് എത്ര വചോവിലാസത്തോടെ സുവിശേഷം പ്രസംഗിച്ചാലും നമുക്കുള്ളതെല്ലാം അന്നദാനം ചെയ്താലും മഹത്തായ ഒരു ദൗത്യത്തിനുവേി നാം രക്തസാക്ഷികളായാലും, ക്രിസ്തുവിന്റെയും ദൈവത്തിന്റെയും ആത്മാവ് അഥവാ സ്നേഹം ജീവിതത്തെ ഭരിക്കുന്ന പരമപ്രമാണമായി നമ്മിൽ രൂഢമൂലമാകാത്ത പക്ഷം ദൈവദൃഷ്ടിയിൽ നാം ഒന്നുമല്ലെന്നാണ് പരിശുദ്ധാത്മനിശ്വസ്തനായി പൗലോസ് അപ്പൊസ്തൊലൻ പറയുന്നത് . - Z'99, 4 (R 2411)

* * * * * *

വിശുദ്ധീകരണമെന്നത് സ്വയത്തിൽ നിന്നും ലോകത്തിൽ നിന്നും വേർപെടുന്നതും സ്വയത്തെ കർത്തൃസേവയ്ക്കായി സമർപ്പിക്കുന്നതുമാകുന്നു. സ്വർഗ്ഗീയപിതാവിനൊപ്പമായ സ്വഭാവം എന്നതിൽ ഒട്ടും താഴ്ന്നപടിയല്ല തന്റെ മക്കളെ സംബന്ധിച്ച് അവന്റെ മാനദണ്ഡം. തെരഞ്ഞെടുപ്പുവിളിയുടെ കാലയളവിൽ ദൈവേഷ്ടത്തിന് സ്വയം വിധേയപ്പെടുത്തുന്നവർ അന്തിമമായി ദിവ്യപ്രകൃതിയുടെ പടിയിൽ ദൈവതുല്യരായിത്തീരും. ക്രിസ്തുവിന്റെ മദ്ധ്യസ്ഥവാഴ്ചയുടെ കാലയളവിലാകട്ടെ ഇങ്ങനെയുള്ള വിധേയത്വത്തിന്റെ പ്രതിഫലം സമ്പൂർണ്ണമാനുഷജീവനായിരിക്കും. - P'36, 14.

* * * * * *

**സമാന്തരവേദഭാഗങ്ങൾ : ലേവ്യ.20:7,8; മീഖാ.6:8; യോഹ. 17:17; അപ്പൊ.20:32; 1കൊരി.1:2,30;6:11; എഫെ.5:10,26,27; 1തെസ്സ.5:23; 2തെസ്സ.2:13; തീത്തൊ.3:5,6; എബ്രാ.2:10;10:10,14;13:12; 1പത്രൊ.1:22; യൂദാ.1**

ചോദ്യങ്ങൾ :- എന്റെ ശുദ്ധീകരണത്തിന് ഉതകുന്ന എന്തെല്ലാം അനുഭവങ്ങൾ ഈ ആഴ്ച ഉായി? എന്റെ പ്രതികരണം ഏതു വിധമായിരുന്നു? അവയിൽ നിന്നും എനിക്ക് എന്തു നേട്ടങ്ങൾ ഉായി?

# ഫെബ്രുവരി 6

***കിഴക്കുനിന്നല്ല, പടിഞ്ഞാറുനിന്നല്ല, തെക്കുനിന്നുമല്ല ഉയർച്ചവരുന്നത്. ദൈവം ന്യായാധിപതിയാകുന്നു; അവൻ ഒരുത്തനെ താഴ്ത്തുകയും മറ്റൊരുത്തനെ ഉയർത്തുകയും ചെയ്യുന്നു. - സങ്കീ. 75 : 6,7***

നാം കർത്താവിന് ആവശ്യവും പ്രയോജനവും ഉള്ളവർ എന്നുവരേതിന് ഒരിക്കലും സാക്ഷാൽക്കരിക്കാൻ ആവാത്തതരത്തിലുള്ള ഉയർന്ന ലക്ഷ്യങ്ങളും അഭ്യുദയകാംക്ഷയും നമുക്കുാകാം. എന്നാൽ നാം തേടുന്ന ഉയർച്ചയും ബഹുമതിയും നമുക്കു താങ്ങാവുന്നതിലേറെയാണെന്ന് കർത്താവു കണക്കാക്കുന്നുാകും. നമ്മുടെ നന്മയ്ക്ക് ഉതകുന്നതെന്തെന്ന് നമ്മിലും കൂടുതലായി അവനറിയാം. അതുകൊ് അവന്റെ വഴികളിൽ നാം സംതൃപ്തരായിരിക്കണമെന്ന് അവൻ ഇച്ഛിക്കുന്നു. നിരുത്തരവാദിത്വമെന്നല്ല ഇതിനർത്ഥം. ശ്രദ്ധയും സൂക്ഷ്മതയും അനുപേക്ഷണീയമാണ്. ഉദാസീനത പാടില്ല. ദൈവേഷ്ടം പാലിക്കുന്നതിൽ നിതാന്ത ജാഗ്രത പുലർത്തണം. എന്നാലും തടസ്സങ്ങളിൽ അക്ഷമരാകരുത്. അവഗണിക്കപ്പെടുകയും വിസ്മരിക്കപ്പെടുകയും ചെയ്യുന്നതിൽ അസംതൃപ്തരാകരുത്. പടക്കളത്തിൽ പോരാടുന്നവർ മാത്രമല്ല, ഊഴം കാത്ത് പാളയത്തിൽ കഴിയുന്നവരും സേവനത്തിലാണ് എന്നും കർത്താവു തനിക്കു യുക്തമെന്ന് കാണുന്ന സമയത്ത് നമ്മെ നിയോഗിക്കുമെന്നും ഓർക്കുക. - Z'95, 11 (R 1756)

*　*　*　*　*　*

ദൈവജനങ്ങളുടെ അനുഭവങ്ങളിൽ ഒന്നും യദൃച്ഛാസംഭവമല്ല. അവരുടെ ഉയർച്ചകളും താഴ്ചകളും സമ്പത്തുകളും ദൗർഭാഗ്യങ്ങളും ദൈവേച്ഛയ്ക്കു വിധേയമാണ്. ദൈവത്തെ സ്നേഹിക്കുന്നവർക്ക് എല്ലാം നന്മയ്ക്കായിക്കൂടി വ്യാപരിക്കുമാറ് പ്രമാദരഹിതമായ അവന്റെ വിലയിരുത്തലിന്റെ ഫലമായി മാറി മാറിവരുന്ന അവന്റെ കരുതൽ നടപടികൾ നമ്മുടെ ഏതാവശ്യത്തിനും അനുഗുണമായിത്തീരുന്നു. അതുകൊ് അവന്റെ കരങ്ങളിൽ വിശ്വാസമർപ്പിച്ച് നമുക്ക് സ്വസ്ഥരും സംതൃപ്തരുമായിരിക്കാം. - P'30, 14.

*　*　*　*　*　*

**സമാന്തരവേദഭാഗങ്ങൾ : യാക്കോ.4:10-12; 1പത്രൊ.5:6; ലൂക്കൊ.6:37; 1ശമു.2:7; ദാനി.2:21; സങ്കീ.113:7,8; ലൂക്കൊ.1:46-55; മത്താ.13:10-17; റോമ.9:6-33;11:1-33;14:4,13**

ചോദ്യങ്ങൾ :- ഈ ആഴ്ച നേരിട്ട താഴ്ചയുടെയും ഉയർച്ചയുടെയും അനുഭവങ്ങൾ എന്തൊക്കെയായിരുന്നു? അവയെ എങ്ങനെ അഭിമുഖീകരിച്ചു? മാർഗ്ഗദർശകമായിരുന്ന ലക്ഷ്യങ്ങൾ ഏവ? ഫലമെന്തായിരുന്നു?

# ഫെബ്രുവരി 7

***സ്നേഹം കൂട്ടുകാരനു ദോഷം പ്രവർത്തിക്കുന്നില്ല; ആകയാൽ സ്നേഹം ന്യായപ്രമാണത്തിന്റെ നിവൃത്തിതന്നെ - റോമ. 13 : 10***

പുതിയ ഉടമ്പടി അനുശാസിക്കുന്ന സ്നേഹത്തിന്റെ ബലി - അലിവിന്റെയും ദയയുടെയും സന്മനസ്സിന്റെയും - പ്രമാണത്തോടു ഹൃദയം കൊ്ടു പൊരുത്തപ്പെടാത്തവർ ഒരർത്ഥത്തിലും ദൈവത്തിന്റെ പുത്രന്മാരും ക്രിസ്തുവിന്റെ കൂട്ടവകാശികളുമാണെന്നതിന് തെളിവില്ല. സഹോദരവർഗ്ഗത്തോടു നമുക്കു ഹൃദയപൂർവ്വമായ സ്നേഹമില്ലെങ്കിൽ, സകലമനുഷ്യരോടും തിര്യക്കുകളോടുപോലും ശാന്തരും ഉപകാരികളും ആയിരിക്കാൻ കഴിയുന്നില്ലെങ്കിൽ, ഏതൽക്കാല പരിതസ്ഥിതികളിൽ ബലിയുടെ പാതയിൽ നടക്കുവാൻ പ്രേരകമായ ആത്മാവു പ്രാപിപ്പാൻ നമുക്കു കഴിഞ്ഞിട്ടില്ല എന്നാണർത്ഥം. ഏതവസരത്തിലും ദുരഭിമാനത്തിന്റെയും അഹന്തയുടെയും ശക്തി, ബലിയുടെ മാർഗ്ഗത്തിൽനിന്നു നമ്മെ വ്യതിചലിപ്പിക്കുകയും നമ്മുടെ നിയന്ത്രണം സ്വാർത്ഥത കൈയടക്കുകയും ചെയ്യാം. അത് എപ്പോൾ എന്ന പ്രശ്നമേ അവശേഷിക്കുന്നുള്ളു. - Z'98, 201 (R 2328)

*  *  *  *  *  *

ദൈവത്തിന്റെ ന്യായപ്രമാണം ഒറ്റപ്പെട്ടും അന്യോന്യം ബന്ധപ്പെടാതെയും ഒഴുകുന്ന ജലധാരകളുടെ ഒരു സംഹിതയല്ല, മറിച്ച്. സ്നേഹം എന്ന ഒരു വലിയ ഉറവയാണത്. ആ ഉറവിൽ നിന്ന് ഒഴുകുന്ന നീർത്തോടുകളാണ് അവന്റെ ചട്ടങ്ങൾ. ഈ വീക്ഷണത്തിൽ ദൈവത്തിന്റെ ന്യായപ്രമാണമെന്നത് സ്നേഹമാകയാൽ അതിലെ ഒരു നിയോഗത്തിന്റെ ലംഘനം മുഴുവൻ ന്യായപ്രമാണത്തിന്റെയും ലംഘനമാകുന്നതെങ്ങനെ എന്നു നാം കാണുന്നു. അതുപോലെ സ്നേഹമസൃണമായ ജീവിതം ന്യായപ്രമാണത്തിന്റെ നിവൃത്തിയാകുന്നതെങ്ങനെ എന്നും നമുക്കു മനസ്സിലാക്കാം. - P'35, 15.

*  *  *  *  *  *

**സമാന്തരവേദഭാഗങ്ങൾ : റോമ.13:8,9; മത്താ.7:12;22:38-40; പുറ.20:16;23:4,5; ആവ.22:1-4; സങ്കീ.15:1-3; സദൃ.3:28,29; യിരെ.22:13; യെശ.58:6-14; സെഖ.8:16,17; ലൂക്കൊ.10:25-37; റോമ.15:2; ഗലാ.6:10; എബ്രാ.13:3; യാക്കോ.2:8**

ചോദ്യങ്ങൾ :- ഈ ആഴ്ച എന്റെ ജീവിതത്തിൽ സ്നേഹം പ്രവൃത്തി പഥത്തിലാക്കേ ഘട്ടങ്ങൾ ഉായോ? എങ്ങനെ? എന്തുകൊ്? ഏതു പരിതസ്ഥിതികളിൽ? എന്തായിരുന്നു ഫലം?

# ഫെബ്രുവരി 8

***അല്പവിശ്വാസിയേ, നീ എന്തിനു സംശയിച്ചു? - മത്താ. 14 : 31***

അവിശ്വാസത്തെ കീഴടക്കുവാനും വിശ്വാസം വർദ്ധിപ്പിക്കുവാനും നാം എന്തുചെയ്യണം? അപ്പൊസ്തൊലന്മാരെപ്പോലെ "കർത്താവേ, ഞങ്ങൾക്കു വിശ്വാസം വർദ്ധിപ്പിച്ചുതരണമേ" എന്നു പ്രാർത്ഥിക്കുക എന്നാണ് മറുപടി. പിന്നീട് ഈ പ്രാർത്ഥനയ്ക്കു ചേരും വിധം പ്രവർത്തിച്ചുകൊ് ഓരോരുത്തരും ഹൃദയത്തിൽ വിശ്വാസത്തിന്റെ വിത്തുപാകണം. അതിന് ഒന്നാമതായി, തിരുവെഴുത്തിലെ ദിവ്യവാഗ്ദാനങ്ങൾ നിരന്തരം പരിചയിക്കുകയും അതുവഴി നമ്മുടെ സ്മൃതിപഥത്തിനു നവചൈതന്യം പകരുകയും ചെയ്യുക. രാമതായി, കർത്താവുമായി ഉടമ്പടിയിൽ പ്രവേശിച്ചിരിക്കെ ഈ വാഗ്ദാനങ്ങൾ തനിക്കുള്ളതാണെന്ന് ഓർക്കുകയും ഹൃദയത്തിലും അധരങ്ങളാലും പ്രാർത്ഥനയിൽ കർത്തൃസമക്ഷം നന്ദിപൂർവ്വം ഇവയെ അവകാശപ്പെട്ടുകൊള്ളുകയും ചെയ്യണം. സ്വന്തം നിരൂപണങ്ങളിലും സഹവിശ്വാസികളുടെ സദസ്സിലും ദൈവവിഷയകമായ സംഭാഷണങ്ങളിലും അവൻ അവയിലുളള അവകാശബോധം പ്രകടമാക്കണം. - Z'00, 170 (R 2642)

* * * * * *

സംശയാലുവായ ക്രിസ്ത്യാനി എന്നതാണ് ഉത്തരം കത്തൊൻ ബുദ്ധിമുട്ടുള്ള വിചിത്രപ്രതിഭാസങ്ങളിൽ ഒന്ന്. പൂർണ്ണമായ അളവിൽ ജ്ഞാനവും നീതിയും സ്നേഹവും ശക്തിയും ഉള്ള ഒരു ദൈവം അവനുായിരിക്കെ, സകലവും നന്മയ്ക്കായി കൂടി വ്യാപരിക്കുമെന്ന് ആണയോടുകൂടിയ ദൈവവാഗ്ദത്തം അവനുായിരിക്കെ, എല്ലാ പോരായ്മകളും നികത്തുകയും എല്ലാ വീഴ്ചകളും പോക്കുകയും, എല്ലാ നന്മകൾക്കും പൂർത്തിവരുത്തുകയും ആത്മാവിനാൽ രാജ്യത്തിന്റെ പദവിക്ക് അർഹനാക്കുകയും ചെയ്തുകൊ് ജ്ഞാനവും നീതിയും ശുദ്ധീകരണവും വീടെുപ്പുമായ ഒരു രക്ഷകൻ അവനുായിരിക്കെ അവൻ എന്തിനു സംശയിക്കുന്നു? - P'34, 15.

* * * * * *

**സമാന്തരവേദഭാഗങ്ങൾ : ഇയ്യോ.30:20; സങ്കീ.22:2;31:22;42:5,6;49:5; 73:13-17;77:3,7-9; സദൃ.24:10; യെശ.40:27,28;49:14,15; യിരെ.8:18;15:18;45:3; വിലാ.3:8,17,18;5:20; മത്താ.8:23-27;14:29-31;17:14-21;28:17; മർക്കൊ.4:38-40; ഉല്പ.12:12,13; പുറ.14:10-15**

ചോദ്യങ്ങൾ :- ഈ ആഴ്ച എന്നിൽ വ്യാപരിച്ചത് വിശ്വാസമോ സംശയമോ? ഏതു പരിതസ്ഥിതികളിൽ? എന്തായിരുന്നു ഫലം?

# ഫെബ്രുവരി 9

***എൻമനമേ, നീ വീും സ്വസ്ഥമായിരിക്ക; യഹോവ നിനക്ക് ഉപകാരം ചെയ്തിരിക്കുന്നു. - സങ്കീ. 116 : 7***

നാം ശീലിക്കുന്ന വിചാരശൈലിക്കു നമ്മുടെ അദ്ധ്യാത്മികമായ പുരോഗതിയോടും അധോഗതിയോടും വളരെ അടുത്ത ബന്ധമു്. അത് നമ്മുടെ ആത്മീയാവസ്ഥയുടെ ചൂുപലകയുമാണ്. സദ്‌വിചാരശൈലി പരിശീലിക്കുന്നതിന് നാം പ്രത്യേകം ശ്രദ്ധിക്കണം. മനസ്സ് സ്വസ്ഥമായിരിക്കുമ്പോൾ അതിനു സ്വാഭാവികമായും വീുകിട്ടുന്ന സാധാരണനിലയേതോ അതാണ് "വിചാരശൈലി" എന്നതിനർത്ഥം. ജീവിതസംബന്ധമായ സജീവകൃത്യങ്ങളിൽ വ്യാപൃതരായിരിക്കുമ്പോൾ നമ്മുടെ മാനസികശക്തികൾ മുഴുവൻ കൃത്യനിർവ്വഹണത്തിൽ സ്വാഭാവികമായും നാം കേന്ദ്രീകരിക്കും എന്തെന്നാൽ ശ്രദ്ധ കേന്ദ്രീകരിക്കാതെ കേവലം യാന്ത്രികമായി ചെയ്യുന്നപക്ഷം ഒരു പ്രവൃത്തിയും തൃപ്തികരമായി നിർവ്വഹിക്കാൻ കഴിയുകയില്ല. എന്നാൽ ഇങ്ങനെയുള്ള സന്ദർഭത്തിലും സ്വഭാവത്തിന്റെ ഭാഗമായിത്തീർന്ന ഈ ക്രിസ്തീയത്വം നമ്മെ അബോധപൂർവ്വം നയിച്ചുകൊള്ളും. എന്നാൽ അദ്ധ്വാനത്തിന്റെയും ചിന്താകുലതയുടെയും പിരിമുറുക്കത്തിനു തെല്ലിട അയവുവരുന്നതോടെ സ്വഭാവത്തിൽ വേരൂന്നിപ്പോയ വിചാരശൈലി വടക്കുനോക്കിയുടെ സൂചി ധ്രുവത്തിലേക്കെന്നപോലെ ക്ഷണം ദൈവത്തിലുളള അതിന്റെ വിശ്രാമത്തിലേക്കു മടങ്ങിവരും. - Z'95, 250 (R 1884)

* * * * * *

ജഡപ്രകാരം നോക്കിയാൽ ക്രിസ്തീയജീവിതം ഉത്കണ്ഠാകുലവും അസ്വാസ്ഥ്യബഹുലവുമാണ്. ഈ സാഹചര്യങ്ങളിൽ ഒരു ക്രിസ്ത്യാനിക്ക് നേരിടേിവരുന്ന വിപത്തുകൾ ഈ ഉത്കണ്ഠയും അസ്വാസ്ഥ്യവും അവന്റെ സ്വഭാവത്തിന്റെ ഭാഗമായിത്തീരാൻ ഇടയാക്കുന്നു. ഈ പ്രവണതയുടെമേൽ വിജയം വരിക്കുന്നതിന് തിരുവെഴുത്തിൽ വെളിപ്പെടുത്തിയിരിക്കുന്നപ്രകാരം തന്നെക്കുറിച്ചുള്ള ദൈവഹിതത്തിലും ഉദ്ദേശ്യത്തിലും വിശ്വാസമർപ്പിച്ചുകൊ് കൂടെക്കൂടെയുള്ള തിരിച്ചുവരവ് ആവശ്യമാണ്. വചനത്തിലൂടെ ദൈവത്തിൽ ഇപ്രകാരം ആശ്രയിക്കുക വഴി പ്രയാസത്തിന്റെയും പരിഭ്രമത്തിന്റെയും മദ്ധ്യത്തിലും അവൻ സമാധാനം കത്തെുന്നു. - P'33, 16.

* * * * * *

**സമാന്തരവേദഭാഗങ്ങൾ : ഇയ്യോ.34:29;. സങ്കീ.1:1,2;4:8;25:12;29:11; 85:8; 119:165; 125:1,5; സദൃ.3:13-26; യെശ.26:3,12; 28:12; 32:2,17,18; 53:5; ലൂക്കൊ.1:79; യോഹ.14:27;16:33; അപ്പൊ.10:36; റോമ.10:15; ഫിലി.4:7,9**

ചോദ്യങ്ങൾ :- നമ്മുടെ വിശ്രാമസങ്കേതം എന്ന നിലയിൽ ദൈവവചനവുമായി ഈ ആഴ്ചത്തെ അനുഭവങ്ങൾ എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു?

അതിൽ അനുകൂലിച്ചതെന്ത്? പ്രതികൂലിച്ചതെന്ത്? ഫലമെന്തായിരുന്നു?

# ഫെബ്രുവരി 10

***വാക്കിലും നടപ്പിലും സ്നേഹത്തിലും വിശ്വാസത്തിലും നിർമ്മലതയിലും വിശ്വാസികൾക്കു മാതൃകയായിരിക്ക - 1 തിമൊ. 4 : 12***

അനുകരണയോഗ്യമായ ഒരു മാതൃകയായിരിക്കാൻ ഓരോ ക്രൈസ്തവനും കഠിനമായ യത്നം ചെയ്യണം. പ്രതിദിനജീവിതത്തിൽ ക്രിസ്തുവിന്റെ പകർപ്പാകാൻ തന്നെ. പൂർണ്ണതയുടെയും വിശുദ്ധിയുടെയും ആത്യന്തിക തേജസ്സിന്റെയും മാതൃക ഈ ആയുസ്സിൽ നമുക്കു പ്രതീക്ഷിക്കാവുന്നല്ല. അപ്രകാരമൊരു മാതൃക നമ്മുടെ കർത്താവിൽ മാത്രമേ ദർശിക്കാൻ കഴിയൂ. എന്റെ അഥവാ ഞങ്ങളുടെ അനുകാരികൾ ആകുക എന്നു പൗലോസ് പറയുന്നത് ഒരു വിധത്തിലും ഈ അർത്ഥത്തിലല്ല. "ഞാൻ ക്രിസ്തുവിന്റെ അനുകാരി ആയിരിക്കുന്ന പ്രകാരം നിങ്ങൾ എന്റെ അനുകാരികൾ ആകുവിൻ". (1.കൊരി. 11:1) എന്നാണു പറഞ്ഞത്. പൂർണ്ണതയിലെത്താനുള്ള തീവ്രയജ്ഞത്തിന്റെ മഹത്തായ ദൃഷ്ടാന്തമായിരുന്നു അവൻ. എന്നാൽ ക്രിസ്തുവിൽ മാത്രം ദൃശ്യമായ ആത്യന്തികപരിപൂർണതയുടെ ദൃഷ്ടാന്തമായിരുന്നില്ല അവൻ. ക്രിസ്തുവിനെ അനുകരിക്കാനും അവന്റെ ഇഷ്ടം നിറവേറ്റാനുമുള്ള ശ്രമത്തിൽ അവൻ പ്രകടിപ്പിച്ച തീക്ഷ്ണതയും സ്ഥിരോത്സാഹവും ആണ് നാം അനുകരിക്കേത്. - Z'95, 251 (R 1884)

*　　*　　*　　*　　*　　*

സഭയിൽ പ്രാമാണികസ്ഥാനങ്ങിൽ ഉപദേഷ്ടാക്കളായി നിയമിതരാകുന്നവർ ക്രിസ്തുവിന് സദൃശരായിരിക്കുന്നത് രുവിധത്തിൽ ആവശ്യമാണ്. ഒന്നാമത് തങ്ങളുടെ വിളിയും തെരഞ്ഞെടുപ്പും ഉറപ്പാക്കുന്നത് അനുഭവപ്പെടുത്തുവാൻ. രാമത് ക്രിസ്തുവിന്റെ സാദൃശ്യം വളർത്തിയെടുക്കുന്നതിന് മറ്റുള്ളവരെ തങ്ങളുടെ ദൃഷ്ടാന്തം കൊ് സഹായിക്കുവാൻ. അവർ ആരെ സ്നേഹിക്കുകയും വിശ്വസിക്കുകയും ചെയ്യുന്നുവോ അവരുടെമേൽ അവർക്കുള്ള സ്വാധീനം വലുതാണ്. അവരിലുള്ള ക്രീസ്തീയ സാദൃശ്യത്തിന്റെ പിൻബലംകൂടിയാകുമ്പോൾ ആ സ്വാധീനശക്തി ഉപദേശിക്കപ്പെടുന്നവർക്കു വളരെ സഹായകമാകും. - P'27, 15.

*　　*　　*　　*　　*　　*

**സമാന്തരവേദഭാഗങ്ങൾ : തീത്തൊ.2:7; 1പത്രൊ.2:21;5:3; ലേവ്യ.18:2,3; 2ദിന.30:7; സദൃ.22:24,25; മത്താ.23:1-3; യോഹ.13:15; 1കൊരി.8:9-13; ഫിലി.2:5; 1തെസ്സ.1:6-8; എബ്രാ.13:7; യാക്കോ.5:10,11; 1പത്രൊ.3:5,6; 1യോഹ.2:6**

ചോദ്യങ്ങൾ :- ഈ ആഴ്ച സഹവിശ്വാസികൾക്ക് ഒരു ദൃഷ്ടാന്തമായിരിക്കാൻ എനിക്കു കഴിഞ്ഞോ? എങ്ങനെ? എന്തുകൊ്? എന്തായിരുന്നു ഫലം?

# ഫെബ്രുവരി 11

***എന്റെ നിമിത്തം നിങ്ങളെ പഴിക്കയും ഉപദ്രവിക്കയും നിങ്ങളെക്കൊ് എല്ലാ തിന്മകളും കളവായി  പറകയും ചെയ്യുമ്പോൾ നിങ്ങൾ ഭാഗ്യവാന്മാർ. സ്വർഗ്ഗത്തിൽ നിങ്ങളുടെ പ്രതിഫലം വലുതാകകൊു സന്തോഷിച്ചുല്ലസിപ്പിൻ; നിങ്ങൾക്കു മുമ്പുായിരുന്ന പ്രവാചകന്മാരെയും അവർ അങ്ങനെതന്നെ ഉപദ്രവിച്ചുവല്ലോ - മത്താ. 5 : 11, 12***

എതിർപ്പും പീഡകളും ദൈവസേവയുടെ അവിഭാജ്യഘടകമാണ്. അവയെ നാം ശാന്തതയോടും ന്യായബോധത്തോടും അഭിമുഖീകരിക്കണം. ഇവ ലക്ഷ്യം നേടുന്നതിൽ പരാജയപ്പെട്ടുകഴിയുമ്പോൾ മനഃപൂർവ്വം എതിർക്കുന്നവനെ മതിയായ മുന്നറിയിപ്പു നൽകിക്കൊ് അവന്റെ വഴിക്കു വിടുകയും, രക്ഷാസന്ദേശവുമായി നാം മറ്റുള്ളവരിലേക്കു തിരിയുകയും ചെയ്യണം. നമ്മുടെ കർത്താവിനു നേരിട്ട എതിർപ്പുകളിലും അവൻ അവയെ അഭിമുഖീകരിച്ച  വിധത്തിലും അവനെപ്പോലെ പരീക്ഷിതരായ നമുക്കു പഠിക്കുവാൻ വിലപ്പെട്ട പല പാഠങ്ങളും അടങ്ങിയിരിക്കുന്നു. - Z'94, 368 (R 1735)

*   *   *   *   *   *

സാത്താൻ ഇന്നത്തെ വ്യവസ്ഥിതിയുടെ പ്രയോജനങ്ങളെല്ലാം പാപത്തിന്റെയും അസത്യത്തിന്റെയും സ്വാർത്ഥത്തിന്റെയും ലോകമയത്വത്തിന്റെയും ഭാഗത്തേക്കു തിരിച്ചുവിട്ടുകൊിരിക്കുന്നതിനാൽ ദൈവത്തോടുകൂടെ നീതിയുടെയും സത്യത്തിന്റെയും സ്നേഹത്തിന്റെയും രാജ്യതൽപ്പരതയുടെയും പക്ഷത്തുനിൽക്കുന്നവർ പീഡകളും എതിർപ്പുകളും പ്രതീക്ഷിക്കുകയും നേരിടുകയും വേണം. എന്നാൽ അവർ ഭയപ്പെടാതിരിക്കട്ടെ. എന്തെന്നാൽ ഇക്കാര്യത്തിൽ അവർക്കു പഴയനിയമ വിശുദ്ധന്മാരോടു മാത്രമല്ല, ക്രിസ്തുവിനോടും അപ്പൊസ്തൊലന്മാരോടും പുതിയനിയമത്തിലെ മറ്റു വിശുദ്ധന്മാരും രക്തസാക്ഷികളുമായവരോടും ആത്മാവിലുള്ള കൂട്ടായ്മ ലഭിക്കുന്നു്. രാജ്യത്തിൽ യേശുവിനോടൊത്തുള്ള അവരുടെ പങ്കാളിത്തം അവരുടെ ആനന്ദകിരീടം ആയിരിക്കും. - P'32, 15.

*   *   *   *   *   *

**സമാന്തരവേദഭാഗങ്ങൾ : മത്താ.5:10,44;10:16-18,21-23,28;23:34,35; 24:8-10; മർക്കൊ.13:9-13; ലൂക്കൊ.6:22,23;21:12-19; യോഹ.15:18,19;16:1,2; അപ്പൊ.5:29,40-42; 1 കൊരി.4:9-13; 2കൊരി.4:8-12;6:4,5,8-10;11:23-27;12:10; ഫിലി.1:12-14; എബ്രാ.11:25-27,33-38; 1പത്രൊ.4:12-19; വെളി.2:3,10**

ചോദ്യങ്ങൾ :- ഈ ആഴ്ച എനിക്കു നേരിട്ട ഉപദ്രവമെന്ത്? അവയെ എങ്ങനെ നേരിട്ടു? ഫലമെന്തായിരുന്നു?

# ഫെബ്രുവരി 12

***നിങ്ങൾ ഒന്നിലും കുറവില്ലാതെ തികഞ്ഞവരും സമ്പൂർണ്ണരും ആകേതിനു സ്ഥിരത(സഹിഷ്ണുത)യ്ക്കു തികഞ്ഞ പ്രവൃത്തി ഉാകട്ടെ. - യാക്കോ. 1 : 4***

സഹിഷ്ണുത എന്ന ഗുണവിശേഷം കൂടാതെ പുരോഗതിയുടെ പ ാതയിൽ ഒരു ചുവടുപോലും വയ്ക്കാൻ കഴിയുന്നതല്ല. മറ്റൊരു ഗുണവും ഇതിലുപരി ക്രിസ്തീയ സ്വഭാവത്തെ അണിയിച്ചൊരുക്കുകയോ ലോകമനസ്സാക്ഷിയുടെ അംഗീകാരം നേടുകയോ, സർവ്വകൃപാലുവായ ദൈവത്തിനു മഹത്ത്വം വരുത്തുകയോ ചെയ്യുന്നില്ല. സത്യമാണ് സഹിഷ്ണുത നമുക്ക് ഉപദേശിച്ചുതരുന്നത്. മാനുഷികമായ അപൂർണ്ണതകളുടെയും ദൗർബല്യങ്ങളുടെയും വേലിയേറ്റത്തിനെതിരെ പിടിച്ചുനിൽക്കുകയും ദിവ്യസാദൃശ്യം വീടെുക്കാൻ കഠിനാദ്ധ്വാനം ചെയ്യുകയും ചെയ്യുന്ന ദീർഘക്ഷമയും സൗമ്യതയുമാണ് ഇത്. ഇതു ക്ഷിപ്രകോപിയല്ല. കരുണയിൽ സമ്പന്നമാണ്. സത്യത്തിന്റെയും നീതിയുടെയും വഴി അത് അതിവേഗം കത്തെുകയും അതിൽ ഉത്സാഹപൂർവ്വം നടക്കുകയും ചെയ്യുന്നു. സ്വന്തം അപൂർണ്ണതകളെ സംബന്ധിച്ച് അതു ബോധവത്താണ്. മറ്റുള്ളവരുടെ അപൂർണ്ണതകളിലും പോരായ്മകളിലും അത് സഹതപിക്കുകയും ചെയ്യുന്നു. - Z'93, 295 (R 3090)

*　*　*　*　*　*

പ്രതിബന്ധങ്ങളെ സസന്തോഷം അഭിമുഖീകരിച്ചുകൊ് സ്വീകരിച്ച പ്രവൃത്തിപഥത്തിൽ അവസാനംവരെ ഉറച്ചുനിൽക്കുന്ന മനോധർമ്മത്തിനാണ് സ്ഥിരത എന്നു പറയുന്നത്. ക്രിസ്തീയജീവിതസാധാരണമായ പ്രതിബന്ധങ്ങളുടെ അന്തരീക്ഷത്തിൽ സ്വഭാവപൂർണ്ണത നേടുന്നതിന് ഈ ഗുണവിശേഷം അനുപേക്ഷണീയമാണ്. ഒരു ക്രിസ്ത്യാനിക്കു വേ എല്ലാ ഗുണങ്ങളുമായി ഇടചേർന്ന് അവയ്ക്കെല്ലാം ഇതു പൂർത്തിവരുത്തുന്നു. അതുകൊ് ഇത് സാമാന്യ ഗുണങ്ങളിൽ ഒന്നാണ്. - P'36, 14.

*　*　*　*　*　*

**സമാന്തരവേദഭാഗങ്ങൾ : സങ്കീ.37:7-9; സഭാ.7:8; വിലാ.3:24-27; ലൂക്കൊ.8:15; 21:19; റോമ.2:7; 5:3; 8:25; 12:12; 15:4,5; 2കൊരി.12:12; ഗലാ.6:9; കൊലൊ.1:10,11; 1തെസ്സ.1:3; എബ്രാ.6:12,15;10:36;12:1**

ചോദ്യങ്ങൾ :- സഹിഷ്ണുതയോടു ബന്ധപ്പെട്ട ഏതേതനുഭവങ്ങളാണ് ഈ ആഴ്ച ഉായത്? എങ്ങനെ അവയെ നേരിട്ടു? എന്റെ സ്വഭാവത്തെ

അത് എങ്ങനെ ബാധിച്ചു? ഇക്കാര്യത്തിൽ സഹായകമായിത്തീർന്നതെന്ത്?

# ഫെബ്രുവരി 13

***സ്നേഹം ദോഷം വിചാരിക്കുന്നില്ല - 1 കൊരി. 13 : 5***

"ദുസ്സംശയങ്ങളെ" സംബന്ധിച്ചു കർത്താവിന്റെ നിയോഗം അവഗണിക്കുന്നവൻ മറ്റെല്ലാ കാര്യങ്ങളിലും വിവേകപൂർവ്വം പ്രവർത്തിച്ചാലും സ്വയം പിടിപെടുന്നതിനുള്ള കെണി ഒരുക്കുകയായിരിക്കും. സമസൃഷ്ടങ്ങളുടെ നേർക്കു സംശയവും അവിശ്വാസവും വച്ചു പുലർത്തുന്നവൻ ദൈവത്തെ അവിശ്വസിക്കുക എന്ന സ്ഥിതിയിലേക്കുള്ള ദൂരം പകുതി പിന്നിട്ടു കഴിഞ്ഞിരിക്കുകയാണ്. കയ്പിന്റെയും വെറുപ്പിന്റെയും ആത്മാവ് ക്രിസ്തുവിന്റെ ആത്മാവായ സ്നേഹത്തിന്റെ ആത്മാവിനോടു നിരന്തര പോരാട്ടത്തിലാണ്. രിലൊന്ന് ഒടുവിൽ വിജയിക്കും. ദുരാത്മാവിൽ നിന്നും നാം മോചിതരാകണം. അല്ലാത്തപക്ഷം അതു ക്രിസ്ത്യാനിയെ മലിനമാക്കും, അവനെ ദുഷ്ടന്മാരുടെ അവസ്ഥയിലെത്തിക്കും. മറിച്ച് ഒരു "ജേതാവിനെ"ഷോലെ പുതിയ പ്രകൃതി ദോഷാരോപണവാസനയെ കീഴടക്കുന്നപക്ഷം ഈ ആയുസ്സിലെ ക്ലേശങ്ങൾക്കും പ്രതിബന്ധങ്ങൾക്കും എതിരായ പോരാട്ടം പകുതി വിജയിച്ചു എന്നുപറയാം. - Z'05, 212 (R 3594)

*  *  *  *  *  *

ആത്യന്തികവിശകലനത്തിൽ സ്നേഹം എന്നത് സന്മനസ്സാണ്. സാഹചര്യങ്ങൾ ആവശ്യപ്പെടുന്നതനുസരിച്ച് ഭിന്നരൂപേണ പ്രകടമാകുന്ന സന്മനസ്സുതന്നെ. സ്നേഹവാനായ ഒരുവൻ തന്നോടു തെറ്റു ചെയ്യുന്നവന്റെ പ്രവൃത്തിയിൽ ഉള്ള ഉദ്ദേശ്യശുദ്ധിയെ മാനിക്കുന്നു. ഒരുവേള അതിനെപ്പറ്റിയുള്ള അറിവ് പരിമിതമായിരിക്കാം. സംശയത്തിന് ഇടം നൽകാൻ അവനു കഴിയുന്നതല്ല. മറ്റുള്ളവരുടെ വാക്കുകളും പ്രവൃത്തികളും അവർക്കു ദോഷകരമാകാവുന്ന നിലയിൽ വളച്ചൊടിക്കാനും അവർക്കു സാധിക്കയില്ല.. - P'30, 14.

*  *  *  *  *  *

**സമാന്തരവേദഭാഗങ്ങൾ : മത്താ.9:3,4,33-35; സദൃ.10:12;24:17; സങ്കീ.119:139; അപ്പൊ.11:23; 1യോഹ.3:14;4:7,8; 2യോഹ.4; 1തിമൊ.6:4; 1പത്രൊ.1:22;4:8;3:8; കൊലൊ.3:2-14**

ചോദ്യങ്ങൾ :- ഈ ആഴ്ച സ്നേഹത്തിന്റെ ആത്മാവിൽ സംശയവിചാരങ്ങളിൽ നിന്നു ഞാൻ വിമുക്തനായിരുന്നോ? എന്തു പ്രോത്സാഹനം ലഭിച്ചു? എന്തു പ്രതിബന്ധമുായി? എന്തായിരുന്നു ഫലം?

# ഫെബ്രുവരി 14

***നിന്റെ വാക്കുകളാൽ നീ നീതീകരിക്കപ്പെടുകയും നിന്റെ വാക്കുകളാൽ കുറ്റം വിധിക്കപ്പെടുകയും ചെയ്യും - മത്താ. 12 : 37***

നമ്മുടെ ഏതു വാക്കിനെയും ഹൃദയത്തിന്റെ ചൂടുപലകയായി കർത്താവു കണക്കാക്കുന്നു. നമ്മുടെ വാക്കുകൾ മത്സരബുദ്ധിയും അഭക്തിയും നിറഞ്ഞതും നിർദ്ദയവും കാര്യഗൗരവമില്ലാത്തതും നന്ദികെട്ടതും മലിനവുമാണെങ്കിൽ "ഹൃദയത്തിന്റെ നിറവിൽ നിന്നു വായ് സംസാരിക്കുന്നു" എന്ന പ്രമാണപ്രകാരം നമ്മുടെ ഹൃദയം ആ വാക്കുകൾക്കനുസരണമായി വിധിക്കപ്പെടുന്നു. അപൂർണ്ണരെന്ന നിലയ്ക്കു വാക്കിലും പ്രവൃത്തിയിലും എപ്പോഴും പൂർണ്ണത പുലർത്താൻ നമുക്കു കഴിഞ്ഞെന്നു വരികയില്ല. കഴിവിന്റെ പരമാവധി ശ്രമിച്ചാലും ചിലപ്പോൾ പ്രവൃത്തിയിലെന്നപോലെ വാക്കിലും നമുക്കു വീഴ്ച നേരിടാം. എന്നിരുന്നാലും അക്ഷീണയത്നത്തിലൂടെ നമ്മുടെ വാക്കുകളുടെയും വഴികളുടെയും മേൽ സമ്പൂർണ്ണനിയന്ത്രണം എന്നതായിരിക്കണം നമ്മുടെ ലക്ഷ്യം - Z'96,32(R 1937)

*　　*　　*　　*　　*　　*

കപടഭക്തിക്കാരുടെ കാര്യത്തിലൊഴികെ, വിചാരങ്ങളുടെ വിരൽച്ചൂടികളാണ് വാക്കുകൾ. ഉചിതമായ വിചാരങ്ങൾ പ്രകാശിപ്പിക്കുന്നതും യുക്തമായി പറയപ്പെടുന്നതുമായ വാക്കുകൾ ന്യായബോധമുള്ളവരുടെ അഭിനന്ദനം നേടുന്നു. അബദ്ധവിചാരങ്ങൾ ഉൾക്കൊള്ളുന്ന അനുചിതമായ വാക്കുകൾ പരമാർത്ഥികളുടെ അനാദരവിനു പാത്രമാകുന്നു. നമ്മുടെ ഹൃദയവും ബുദ്ധിയും ചൊവ്വുള്ളതെങ്കിൽ നമ്മുടെ വാക്കുകളും ചൊവ്വുള്ളതായിരിക്കും. മറിച്ച് നമ്മുടെ ഹൃദയവും ബുദ്ധിയും വഴിതെറ്റിയതെങ്കിൽ നമ്മുടെ വാക്കുകളും വഴിതെറ്റിയതായിരിക്കും. - P'35, 15.

*　　*　　*　　*　　*　　*

**സമാന്തരവേദഭാഗങ്ങൾ : മത്താ.12:22-37; സങ്കീ.10:7,8;12:3,4;34:13; 41:5-9; 50:23; 52:2-4; 64:2-5; 77:12; 102:8; 119:13,27,46,54,172; 145:5-7,11,12; 140:3,11; സദൃ.10:11,19-21,31,32; 12:5,6,13,17-19; 15:1,4,28; 18:8,21,23; 26:20-23,28; മത്താ.5:22,37; എഫെ.4:25; യാക്കോ.1:26;3:5-10**

ചോദ്യങ്ങൾ :- ഈ ആഴ്ച എന്റെ വാക്കുകൾ ഏതു സ്വഭാവത്തിലുള്ളതായിരുന്നു? എങ്ങനെ? എന്തുകൊ്? ആ വാക്കുകൾക്ക് ഇടയാക്കിയ സാഹചര്യമെന്ത്? ഫലമെന്ത്?

# ഫെബ്രുവരി 15

***ആരെങ്കിലും അവന്റെ വചനം പ്രമാണിക്കുന്നുവെങ്കിൽ അവനിൽ ദൈവസ്നേഹം വാസ്തവമായി തികഞ്ഞിരിക്കുന്നു - 1 യോഹ. 2 : 5***

അനുസരണമാണ് പരിശോധനയുടെ ഉരകല്ല്. കർത്താവിന്റെ വചനം പാലിക്കുന്നതിനാനുപാതികമായിട്ടാണ് ദൈവസ്നേഹം നമ്മിൽ പൂർണ്ണമാകുന്നത്. നാം ക്രിസ്തുവിന്റെ മനസ്സ് അഥവാ പരിശുദ്ധാത്മാവ് അഥവാ ദൈവാത്മാവ് പ്രാപിച്ചുവെങ്കിൽ അതിന്റെ ഫലം നമ്മുടെ കഴിവനുസരിച്ച് ദൈവഹിതം ഇച്ഛിക്കയും പ്രവർത്തിക്കയും ചെയ്ക എന്നതായിരിക്കും. വർഷങ്ങൾ പിന്നിടുന്തോറും ഈ കഴിവു വളർന്നുകൊിരിക്കണം. രൂപാന്തരം പ്രാപിച്ച് പുതിയ പുനരുത്ഥാനശരീരം പ്രദാനം ചെയ്യപ്പെടുംവരെ പൂർണ്ണരാക്കപ്പെടുമെന്ന പ്രതീക്ഷയ്ക്ക് വകയില്ലെങ്കിലും കർത്താവുമായി നിരന്തരം കൂട്ടായ്മയിലിരിക്കേതിന് മനസ്സുകൊ് അവനുമായി അടുത്ത സമ്പർക്കം പുലർത്തിക്കൊള്ളണം. (1 യോഹ. 1:7) - Z'97, 312 (R 2235)

*　　*　　*　　*　　*　　*

നമ്മുടെ മനോവൃത്തികൾ വചനത്തിന്റെ ആത്മാവിനനുസരണമായി പ്രതികരിക്കുംവരെ പുതുമനസ്സിനാൽ വചനം അവയുടെമേൽ ക്രിയചെയ്യുക എന്നാണ് വചനം പ്രമാണിക്കുക എന്നതിനർത്ഥം. ഏതു ജീവിത സാഹചര്യത്തിലും നാം അചഞ്ചലമായി ഇതു തുടർന്നു പോകുന്ന പക്ഷം ദിവ്യസ്നേഹം നമ്മുടെ ഹൃദയങ്ങളിൽ അനുപേക്ഷണീയമായും വളർന്നു പൂർണ്ണത പ്രാപിക്കും. ഒന്നാമത് പരമമായ പിതൃസ്നേഹം, അടുത്ത പടിയായി പുത്രസ്നേഹം, സ്വാർത്ഥത്തിലുപരിയായ സഹോദരസ്നേഹം ലോകത്തോടും ശത്രുക്കളോടും അതുല്യമായ സ്നേഹം ഇവ അടങ്ങുന്നതാണ് ദിവ്യസ്നേഹം. - P'34, 15.

*　　*　　*　　*　　*　　*

**സമാന്തരവേദഭാഗങ്ങൾ : യോഹ.14:15,16,21,23; ഉല്പ.18:19; പുറ.19:5; 20:6; 24:7; സംഖ്യാ.9:23; 14:24; 1രാജാ.3:14; സങ്കീ.18:44; 25:10; 111:10; 143:10; സദൃ.19:16; മത്താ.5:19;12:50;13:23; ലൂക്കൊ.6:46-48; യോഹ.15:10,14,16; അപ്പൊ.4:19;5:29; റോമ.6:17; 1യോഹ.3:22,24; 2യോഹ.6:9; വെളി.12:17**

ചോദ്യങ്ങൾ :- ഈ വാക്യത്തിനനുസരണമായി ഈ ആഴ്ചത്തെ അനുഭവങ്ങൾ എന്ത്? അവയെ എങ്ങനെ നേരിട്ടു? ഫലമെന്തായിരുന്നു?

## ഫെബ്രുവരി 16

***ശുശ്രൂഷയ്ക്ക് ആക്ഷേപം വരാതിരിക്കേതിന് ഞങ്ങൾ ഒന്നിലും ഇടർച്ചയ്ക്കു ഹേതുകൊടുക്കാതെ ... മാനാപമാനങ്ങളും ദുഷ്കീർത്തി സത്കീർത്തികളും അനുഭവിച്ചും ചതിയന്മാർ എന്നിട്ടും സത്യവാന്മാർ -2 കൊരി. 6 : 3, 8***

കർത്തവ്യനിർവ്വഹണത്തിൽ നമ്മുടെ കഴിവിന്റെ പരമാവധി യത്നിക്കുകയും ഗണ്യമായ അളവിൽ കർത്തൃകൃപയും അനുഗ്രഹവും നമ്മുടെമേലും നമ്മുടെ പ്രവർത്തനങ്ങളുടെമേലും ഉായിരിക്കുകയും ചെയ്യുന്ന അളവിൽ പെട്ടെന്നു പ്രയാസങ്ങൾ രംഗപ്രവേശം ചെയ്യുന്നു. നിർഭാഗ്യങ്ങൾ കടന്നുവരുന്നു, ഇരുളിന്റെ ശക്തികൾ വിജയം വരിക്കുന്നതായി തോന്നുന്നു. ഒരു സമയത്തേക്കു സഹജീവികളുടെ വിലയിരുത്തലിൽ നാം കുറ്റവാളികളെന്നും ദൈവത്താൽപോലും കൈവിടപ്പെട്ടവരെന്നും തോന്നിയേക്കാം. ഇങ്ങനെയുള്ള അനുഭവങ്ങൾ നിശ്ചയമായും നമുക്കാവശ്യമാണ്. എന്തെന്നാൽ "വെളിച്ചത്തിൽ തനിച്ചു യാത്ര ചെയ്യുന്നതിലും, ഇരുളിൽ ദൈവത്തോടൊരുമിച്ചു നടക്കാൻ ഞാൻ ഇഷ്ടപ്പെടുന്നു" എന്നും നാം പാടുമെങ്കിലും കർത്താവിന്റെ കൈകളിൽ പിടിച്ചുകൊള്ളുകയും കൂരിരുട്ടിന്റെ നാഴികയിലും ദൈവവിചാരണയിൽ വിശ്വാസമർപ്പിക്കയും ചെയ്യുമാറുള്ള ഉറപ്പും ധൈര്യവും വളർത്തിയെടുക്കാൻ ഉപകരിക്കുന്ന അഗ്നിപരിശോധനകൾ ഉാകുന്നില്ലെങ്കിൽ ഇതു പൊള്ളയായ ഒരു വമ്പു മാത്രമായിരിക്കും. - Z'01, 314 (R 2885)

* * * * * *

പരസ്പരവിരുദ്ധമായ അനുഭവങ്ങളോടുകൂടിയതാണ് ക്രിസ്തീയജീവിതം. ഈ വിരുദ്ധാനുഭവങ്ങളുടെ മദ്ധ്യത്തിൽ ക്രിസ്ത്യാനി ദൈവസ്നേഹത്തിലും സ്വാർത്ഥതയോട് എതിർത്തും ജീവിക്കണം. ഏതു തോതിലുമുള്ള സ്നേഹത്തിനും പ്രശസ്തിക്കും പ്രശംസയ്ക്കും ദൈവത്തോടുള്ള വിശ്വസ്തതയിൽനിന്നും അവനെ വ്യതിചലിപ്പിക്കുവാൻ കഴിയരുത്. അതുപോലെ എത്ര വലിയ അപമാനത്തിനും ദുഷ്കീർത്തിക്കും വ്യാജമായ ദോഷാരോപണങ്ങൾക്കും അവന്റെ ഹൃദയത്തെ കളങ്കപ്പെടുത്താനോ അവനെ ഒരു ദുർബലബുദ്ധിയായി മാറ്റാനോ കഴിയരുത്. ഏതു സാഹചര്യത്തിലും നീതിയോടു വിശ്വസ്തത എന്നതായിരിക്കണം അവന്റെ മുദ്രാവാക്യം. നീതിക്കായിരിക്കും അന്തിമവിജയം. - P'33, 16.

* * * * * *

**സമാന്തരവേദഭാഗങ്ങൾ : അപ്പൊ.20:17-35;24:16; റോമ.12:3-8; 1കൊരി.2:1-8;3:5-15;4:1-4,9-16;9:12-23; 2കൊരി.2:12-17;3:1-12;4;5:11-21;6:1-12; 1തിമൊ.5:17; 2തിമൊ.2:10; എബ്രാ.13:7**

ചോദ്യങ്ങൾ :- സത്യത്തിനു സാക്ഷ്യം വഹിക്കാൻ ഈ ആഴ്ച എനിക്കു ഉപദ്രവങ്ങൾ സഹിക്കേിവന്നോ? അത് എങ്ങനെ സംഭവിച്ചു? ഞാൻ അത് എങ്ങനെ സഹിച്ചു? എന്തായിരുന്നു ഫലം?

# ഫെബ്രുവരി 17

***എന്റെ നുകം ഏറ്റുകൊൾവിൻ ....... എന്തെന്നാൽ എന്റെ നുകം മൃദുവും എന്റെ ചുമടു ലഘുവും ആകുന്നു. - മത്താ. 11 : 29, 30***

ഈ നുകം ഏറ്റുകൊള്ളുന്നവർക്കു സകലവും നന്മയ്ക്കായികൂടി വ്യാപരിക്കുന്നു എന്ന് തിരുവെഴുത്തിൽനിന്നുള്ള ഉറപ്പ്. നുകത്തോടു ബന്ധിക്കുന്ന ഭാരം ഏറുന്നതനുസരിച്ച് അനുഗ്രഹങ്ങളും പ്രതിഫലങ്ങളും ഏറിയിരിക്കും. ഇക്കാലത്തെ അനുഭവങ്ങൾ എത്ര തീവ്രമാകുന്നുവോ അത്രയ്ക്കു ഭാവിയും തേജസ്സേറിയതായിരിക്കും. സ്വഭാവവും അതിനനുസരിച്ചു മഹത്തരമായിത്തീരും. രാജ്യത്തിന് യോഗ്യന്മാരാകുമാറ് അവർ ചെത്തിവെടിപ്പാക്കപ്പെട്ടവരും മരുക്കം പ്രാപിച്ചവരും എന്ന ഉറപ്പ് ഏറിയിരിക്കയും ചെയ്യും. ഈ നിലയിൽ നിന്നു നോക്കുമ്പോൾ നുകം നമുക്ക് ഇമ്പകരമായിത്തീരുന്നതിനാൽ ഏതു ഭാരവും ലഘുവും അനായാസവുമായിത്തീരുന്നു. കൂടാതെ നുകം വഹിക്കുന്നതിൽ കർത്താവുകൂടി നമ്മോടൊപ്പമുള്ളതിനാൽ ഇതു തികച്ചും ഭാരരഹിതമായിത്തീരുന്നു. - Z'00, 137 (R 2623)

*    *    *    *    *    *

കർത്തൃഹിതം നാം സാമാന്യമായി അംഗീകരിക്കുന്നതാണ് നുകം. ചുമടാകട്ടെ പീഡാനുഭവങ്ങൾ ഉൾപ്പെടെ നാം അനുഷ്ഠിപ്പാൻ അവൻ ഇച്ഛിക്കുന്ന തിരുഹിതങ്ങളുടെ വിശദാംശങ്ങളാണ്. സ്നേഹത്തിന്റെ ആത്മാവിൽ നാം നുകം ചുമക്കുന്നുവെങ്കിൽ അതിന്റെ ഭാരം വാസ്തവമായും ലഘുവായിരിക്കും. സ്നേഹത്തിന്റെ നുകത്തോടുചേർത്തു കർത്തൃഹിതത്തിന്റെ വിശദാംശങ്ങളാകുന്ന ചുമടുപേറുമ്പോൾ അതിന്റെ ഭാരം ലഘുതരമായിത്തീരും. സ്നേഹം ഏതു ചുമടിനേയും ലഘൂകരിക്കുന്നു. ഏതു പ്രവൃത്തിയും സുഗമമാക്കുന്നു ഏതു ദുഃഖത്തെയും ആനന്ദമാക്കുന്നു. ഏതു വേദനയെയും വിശുദ്ധമാക്കുന്നു. നിസ്സാരകൃത്യങ്ങൾക്കും സർവ്വസാധാരണകാര്യങ്ങൾക്കും കൂടി അനുഗ്രഹത്തിന്റെ പരിവേഷം ചാർത്തുന്നു. - P'27, 15.

*    *    *    *    *    *

**സമാന്തരവേദഭാഗങ്ങൾ : മത്താ.16:24; മർക്കൊ.8:34-38; ലൂക്കൊ.9:23,24; 1യോഹ.5:3; ലേവ്യ.26:13; യെശ.9:4;10:27; യിരെ.2:20;5:5; 30:8; വിലാ.3:27; സദൃ.23:26; റോമ.6:13,16,19;12:1; 2കൊരി.8:5**

ചോദ്യങ്ങൾ :- യേശുവിന്റെ നുകവും ഭാരവും ഈ ആഴ്ച എനിക്ക് എങ്ങനെ അനുഭവപ്പെട്ടു? എന്തുകൊ്? ഫലം എന്തായിരുന്നു?

# ഫെബ്രുവരി 18

***നിങ്ങളുടെ ദൈവമായ യഹോവയെ പൂർണ്ണ ഹൃദയത്തോടും പ ൂർണ്ണമനസ്സോടും കൂടെ നിങ്ങൾ സ്നേഹിക്കുന്നുവോ എന്നറിയേതിന് ന ിങ്ങളുടെ ദൈവമായ യഹോവ നിങ്ങളെ പരീക്ഷിക്കയാകുന്നു. - ആവ. 13 : 4***

പൂർണ്ണാത്മാവോടും പൂർണ്ണഹൃദയത്തോടും കർത്താവിനെ സ്നേ ഹിക്കുകയും "കർത്താവേ, എന്റെ ഇഷ്ടമല്ല, നിന്റെ ഇഷ്ടം തന്നെ നടക്കു മാറാകട്ടെ" എന്നു പറയുവാൻ പ്രാപ്തരാകുകയും ചെയ്യുമാറ് ദൈവ കൃപയാൽ ഹൃദയത്തിൽ കർത്താവിനെപ്പോലെ ആകുന്നവർക്കു മാത്രം ഉദ്ദേശിച്ചിട്ടുള്ളതാണ് രാജ്യം. ഈ പൂർണ്ണവിധേയത്വം ഒഴികെ മറ്റൊരു നിലയ്ക്കും നമ്മെ രാജ്യത്തിനു യോഗ്യരാക്കാൻ കഴിയുന്നതല്ല. കാരണം, മറ്റൊരവസ്ഥയും പൂർണ്ണവിധേയത്വത്തെയും പൂർണ്ണമായ ദൈവസ്നേഹ ത്തെയും കാണിക്കുന്നില്ല. "കണ്ണുകിട്ടില്ലാത്തതും ചെവി കേട്ടിട്ടില്ലാത്തതും ഒരു മനുഷ്യന്റെയും ഹൃദയത്തിൽ തോന്നീട്ടില്ലാത്തതു"മായ സ്വർഗ്ഗീയാനു ഗ്രഹങ്ങൾ എല്ലാം തന്നെ പരമാവധി തന്നെ സ്നേഹിക്കുന്നവർക്കായി അവൻ കരുതിവച്ചിരിക്കുന്നു എന്ന വസ്തുത നാം മറക്കരുത്. - Z'98, 40 (R 2257)

* * * * * *

ശോധനചെയ്യപ്പെട്ട് സ്വഭാവത്തിന്റെ എല്ലാവശത്തും വിശ്വസ്ത രെന്നു തെളിഞ്ഞിട്ടുള്ള ഒരു ജനത്തെയാണ് ദൈവം തിരയുന്നത്. ഇതിനുവേി അവൻ സ്വജനത്തിന്റെ ജീവിതത്തിലെ സംഭവഗതികൾക്കു രൂപം നൽകുന്നു. അവരുടെ മനോഗതിയും ചായ്വും തന്നിലേക്കോ സ്വയത്തിലേക്കോ ലോകത്തിലേക്കോ എന്നറിയേതിനാണിത്; ദൈവത്തി ലേക്കു ചായ്വുള്ളവൻ ഭാഗ്യവാൻ ! - P'32, 15.

* * * * * *

**സമാന്തരവേദഭാഗങ്ങൾ : ഉല്പ.22:1-14; ആവ.8:2,5; 2ദിന.32:31; ഇയ്യോ.1:8-22;2:3-10; സങ്കീ.66:10-13; ദാനി.12:10; സെഖ.13:9; മലാ.3:2,3; 2തെസ്സ.1:4,5; എബ്രാ.12:5-11; യാക്കോ.1:2,3,12; 1പത്രൊ.1:6,7;4:12-19; വെളി.2:10**

ചോദ്യങ്ങൾ :- ഈ ആഴ്ച എനിക്കു പരിശോധനകൾ നേരിട്ടോ? എന്താ യിരുന്നു അവ? അവയെ എങ്ങനെ അഭിമുഖീകരിച്ചു? എന്തു ഫലമുള വായി?

# ഫെബ്രുവരി 19

***ശുദ്ധിയുള്ളവർക്ക് എല്ലാം ശുദ്ധം തന്നെ; എന്തെന്നാൽ മലിനന്മാർക്കും അവിശ്വാസികൾക്കും ഒന്നും ശുദ്ധമല്ല; അവരുടെ ചിത്തവും മനസ്സാക്ഷിയും മലിനമായി തീർന്നിരിക്കുന്നു, അവർ ദൈവത്തെ അറിയുന്നു എന്നു പറയുന്നു വെങ്കിലും പ്രവൃത്തികളാൽ അവനെ നിഷേധിക്കുന്നു. അവർ അറയ്ക്കത്തക്ക വരും അനുസരണം കെട്ടവരും യാതൊരു നല്ല കാര്യത്തിനും കൊള്ളരുതാത്ത വരുമാകുന്നു - തീത്തോ. 1 : 15,16***

കർത്താവിന്റെ മുഴുവൻ ജനങ്ങളും നിർമ്മലമായ മനസ്സും ഹൃദയവും ഉള്ള വരായിരുന്നാൽ മാത്രം പോരാ, പ്രത്യുത കർത്തൃവചനത്തോട് പൂർണ്ണമായി പൊരുത്തപ്പെടുമാറ് മനസ്സാക്ഷി ആർദ്രമായിരിക്കുകയും വേണം എന്നത് എത്ര ഗൗരവാവഹമാണ്. ദൈവം നമുക്കു നൽകിയിരിക്കുന്ന സ്നേഹത്തിന്റെ പ്രമാ ണമെന്ന മാനദണ്ഡംകൊു നമ്മെത്തന്നെ വിട്ടുവീഴ്ച കൂടാതെയും കൂടെക്കൂ ടെയും വിലയിരുത്തുന്നതുകൊു മാത്രമേ ഈ അവസ്ഥ കാത്തുസൂക്ഷിക്കു വാൻ കഴിയൂ.

കഴിയണം ഗർവ്വും ദുരാശകളും
മുളയിലേ കറിഞ്ഞീടുവാനും
ചപലമാം ചിത്തമടക്കുവാനു -
മെരിയും തീനാളം കെടുത്തുവാനും

- Z'99, 214 (R 2516)

*　　*　　*　　*　　*　　*

ഒരുവനു കൈകാര്യം ചെയ്യുവാൻ ഇടവരുന്ന എല്ലാറ്റിനോടും അവന്റെ ഹൃദയഗുണം ബന്ധപ്പെട്ടിരിക്കുന്നു. അവൻ ഗുണവാനോ ദോഷിയോ ആയിരി ക്കുന്നതനുസരിച്ച് അത് അവന് നല്ലതെന്നോ ചീത്തയെന്നോ തോന്നും. ശുദ്ധി യുള്ളവർ തങ്ങൾ ബന്ധപ്പെടുന്ന എല്ലാറ്റിനും ശുദ്ധിപകരുന്നു. അശുദ്ധന്മാർ തങ്ങൾ സ്പർശിക്കുന്നതെല്ലാം മലിനമാക്കുന്നു. അവരുടെ സദാചാരബോധ ത്തിലുള്ള അന്തരമാണ് ഈ വ്യത്യസ്ത ലോകങ്ങൾക്കു കാരണം. ഒരിക്കൽ ദൈവത്തിന്റെ വകയായിരുന്ന ഒരുവൻ മലിനനായിത്തീർന്നാൽ ഒരിക്കലും ശുദ്ധീകരണം പ്രാപിച്ചിട്ടില്ലാത്ത ഒരുവനെക്കാൾ മലിനീകരണത്തിനു കാരണക്കാ രനാകുന്നു. അവന്റെ വ്യക്തിത്വം മലിനീഭവിക്കുന്നു. - P'36, 14.

*　　*　　*　　*　　*　　*

**സമാന്തരവേദഭാഗങ്ങൾ : മത്താ.15:11; ലൂക്കൊ.11:39-41; അപ്പൊ.10:15,28; റോമ.14:14,17,20,23; 1കൊരി.6:12;10:23-25;1തിമൊ.5:8; 2 തിമൊ.3:5; എബ്രാ.6:4-8;10:26-31; 2പത്രൊ.2:20-22; 1യോഹ.5:16; യൂദാ.11-13**

ചോദ്യങ്ങൾ :- ദുരഭിമാനം നിമിത്തമായ പാപങ്ങളിൽ നിന്ന് ഈ ആഴ്ച ഞാൻ ഒഴിഞ്ഞിരുന്നുവോ? അനുകൂലിക്കയോ പ്രതികൂലിക്കയോ ചെയ്ത ഘടകങ്ങൾ ഏവ? ഫലമെന്തായിരുന്നു?

# ഫെബ്രുവരി 20

***ഒരുവൻ തന്റെ നാവിനു കടിഞ്ഞാണിടാതെ തന്റെ ഹൃദയത്തെ വഞ്ചിച്ചുകൊു താൻ ഭക്തനെന്നു നിരൂപിച്ചാൽ അവന്റെ ഭക്തി വ്യർത്ഥ മത്രേ - യാക്കോ. 1 : 26***

നാവു ഹൃദയത്തിന്റെ സൂചികയായതുകൊും "ഹൃദയത്തിന്റെ നിറവിൽ നിന്നല്ലോ വായ് സംസാരിക്കുന്നത്" എന്നതുകൊും സ്വാർത്ഥതയോടും സ്പർദ്ധയോടും കൈയ്പായും അഹങ്കരിച്ചും അപവാദരൂപത്തിലും സംസാരിക്കുന്ന കടിഞ്ഞാണില്ലാത്ത നാവ്, ഇവയുടെ ഉറവിടമായ ഹൃദയം മലിനവും ശുദ്ധീകരണമില്ലാത്തതും പരിതാപകരമാം വിധം ക്രിസ്തുവിൻആത്മാവില്ലാത്തതുമെന്ന് തെളിയിക്കുന്നു. അങ്ങനെയുള്ള ഹൃദയം മതബോധത്തിൽ എത്രത്തോളം വളർന്നിട്ടുങ്കിലും ഇക്കാര്യത്തിൽ വെറും പൊള്ളയാണ്. അതു രക്ഷിക്കപ്പെട്ടിട്ടില്ല. രക്ഷിക്കപ്പെടാവുന്ന നിലയിലുമല്ല. എന്നാൽ നമ്മുടെ നല്ല വൈദ്യൻ ആത്മീയ വിഷബാധയ്ക്കു പ്രത്യൗഷധം വിധിച്ചിട്ടു്. വിധിപ്രകാരം ഉപയോഗിക്കുമെങ്കിൽ അവ കയ്പുള്ള ഹൃദയത്തെ മധുരിപ്പിക്കും. - Z'99, 215 (R 2517)

*　　*　　*　　*　　*　　*

നാവിനുകടിഞ്ഞാണിടുക എന്നതിന് അതിനെ നിയന്ത്രിക്കുകയും നിയോഗിക്കുകയും ചെയ്യുക എന്നാണർത്ഥം. ദുർഭാഷണങ്ങളിൽ നിന്നു നാവിനെ നിയന്ത്രിക്കുന്നതും സുഭാഷിതങ്ങൾക്ക് അതിനെ നിയോഗിക്കുന്നതും നാവിനു കടിഞ്ഞാണിടുന്നതിന്റെ ഭാഗമാണ്. ഒരു അധമ മനോവൃത്തിയുടെ ഉപകരണമാകാൻ നാവിനെ അനുവദിക്കുന്ന ഒരുവൻ യഥാർത്ഥ ഭക്തിയുടെ മാർഗ്ഗത്തിലല്ല. ദൈവത്തോടും മനുഷ്യനോടുമുള്ള സ്നേഹമാണല്ലോ ഭക്തിയുടെ മുഖ്യഘടകം, പരുഷമായ സംസാരം വഴി അന്യരെ ക്ഷതപ്പെടുത്തുക നിമിത്തം അത്തരം നാവ് സ്നേഹത്തിന്റെ പ്രമാണത്തെ ലംഘിക്കുന്നു. അതുകൊ്, ദുർവർത്തമാനങ്ങളിലേക്ക് വഴുതിപ്പോകാതെ സൂക്ഷിച്ചും വേവണ്ണം സംസാരിപ്പാൻ നിയോഗിച്ചും നമ്മുടെ നാവുകളെ നിയന്ത്രിക്കണം. - P'30, 14.

*　　*　　*　　*　　*　　*

**സമാന്തരവേദഭാഗങ്ങൾ : യാക്കോ.3:1-12; സങ്കീ.18:21;12:3;34:13; 39:1;140:3; സദൃ.16:27; മത്താ.15:18,19; അപ്പൊ.5:3; 2 തിമൊ.2:23-25; മത്താ.6:5-9;23:14-22,27; സഭാ.5:2; യാക്കോ.1:27**

ചോദ്യങ്ങൾ :- ഈ ആഴ്ച നാവിനെ ഞാൻ എങ്ങനെ ഉപയോഗിച്ചു? അതിൽ അനുകൂലിക്കയും പ്രതികൂലിക്കയും ചെയ്ത ഘടകങ്ങൾ ഏവ? എന്തു ഫലം ഉളവായി?

# ഫെബ്രുവരി 21

***നീ എന്റെ പാറയും എന്റെ കോട്ടയുമല്ലോ. നിന്റെ നാമം നിമിത്തം എന്നെ നടത്തി പാലിക്കേണമേ - സങ്കീ. 31: 3***

കർത്താവു നമുക്കു ചില പാഠങ്ങളും അനുഭവങ്ങളും പ്രശാന്തവും സ്വസ്ഥവുമായ പശ്ചാത്തലത്തിൽ നൽകിയശേഷം അവന്റെ പ്രവർത്തനക്രമത്തിനു മാറ്റം സംഭവിക്കാം. അവന്റെ ദിവ്യവിചാരണ നിലവിലിരുന്ന സ്ഥിതിവിശേഷങ്ങളെയാകെ തകിടം മറിച്ചുകൊു തികച്ചും വ്യത്യസ്തമായ മറ്റൊരു സാഹചര്യത്തിലേക്കും അവസ്ഥയിലേക്കും നമ്മെ നയിച്ചെന്നു വരാം. സത്യയിസ്രായേലിനു പിറുപിറുക്കാനോ പരാതിക്കോ അഭീഷ്ടപ്രകടനത്തിനുപോലുമോ അവകാശമില്ല. മാർഗ്ഗദർശനത്തിനായി കർത്താവിങ്കലേക്കു നോക്കുകയേ വേൂ. ദിവ്യവിചാരണയെ വിവേചിക്കാൻ കഴിയുമെങ്കിൽ പൂർവ്വാധികം വരതും നീരസജനകവുമായ മരുഭൂമിയുടെ  അവസ്ഥകളിലും ചോദ്യംചെയ്യാതെ വിശ്വാസത്തിന്റെ പാട്ടുകളോടെ അവന്റെ വഴികളിൽ പ്രയാണം തുടരണം. - Z'02, 250 (R 3061)

*           *           *           *           *           *

കൊടുങ്കാറ്റടിച്ചുയരുന്ന തിരമാലകൾക്കുപരി തലയുയർത്തി നിൽക്കുന്ന പാറ, അതിൽ അഭയം തേടുന്നവനെ സുരക്ഷിതനാക്കുന്നതുപോലെ നമ്മുടെ പാറ എന്ന നിലയിൽ ദൈവം നമ്മുടെ രക്ഷാസങ്കേതമാണ്. നമ്മുടെ കോട്ട എന്ന നിലയിൽ അവൻ നമുക്കു ശത്രുക്കളുടെ ആക്രമണത്തിൽ നിന്നുള്ള അഭയസ്ഥാനമായിരിക്കുന്നു എന്നു മാത്രമല്ല, അവരുടെ കൈയേറ്റങ്ങളെ ചെറുത്തുനിൽക്കാനും അവരിൽ ഗുരുതരമായ ക്ഷതമേൽപ്പിക്കാനും നമുക്കു കരുത്തു നൽകുകയും ചെയ്യുന്നു. നമ്മുടെ സംരക്ഷകനും നമ്മെ ശക്തീകരിക്കുന്നവനും എന്ന നിലയിൽ അവന്റെ സ്വഭാവം നാം പ്രാപിക്കേതിന് അവന്റെ സത്യത്താൽ അവൻ നമ്മെ നയിക്കുകയും അവന്റെ ദിവ്യവിചാരണകളാൽ നമുക്കു വഴികാട്ടുകയും ചെയ്യുന്നു. നമ്മുടെ നായകൻ എന്ന നിലയിൽ അവൻ നമുക്കു മാർഗ്ഗദർശനം നൽകുന്നു. നമ്മുടെ വഴികാട്ടി എന്ന നിലയിൽ രാജ്യത്തിലെത്തും വരെ നമുക്ക് അജ്ഞാതമായ പാതകളിൽ നമ്മുടെ ജീവിതഗതിയെ അവൻ നിയന്ത്രിക്കുന്നു. - P'34, 15.

*           *           *           *           *           *

**സമാന്തരവേദഭാഗങ്ങൾ : ഉല്പ.28:15;49:24,25; പുറ.6:6,7;12:13,17,23; 14:29,30;19:4;23:20; സംഖ്യാ.23:23; ആവ.32:4; ഇയ്യോ.1:10; സങ്കീ.34:15,17,19,20; 41:1-3;46:1-7;84:1;91;121;125:1-3;146:7,8; മത്താ.10:29-31**

ചോദ്യങ്ങൾ :- എന്റെ വഴികാട്ടിയും എന്നെ ശക്തനാക്കുന്നവനും എന്ന നിലയിൽ ഈ ആഴ്ച ഞാൻ എങ്ങനെ ദൈവത്തിനു വിധേയപ്പെട്ടിരുന്നു?

എന്തുകൊ്? ഏതേതു സാഹചര്യങ്ങളിൽ? അതിൽ എന്തു സഹായം ലഭിച്ചു? എന്തു പ്രതിബന്ധമുായി? ഫലമെന്തായിരുന്നു?

# ഫെബ്രുവരി 22

***നിങ്ങളുടെ നടപ്പ് ദ്രവ്യാഗ്രഹമില്ലാത്തതായിരിക്കട്ടെ; ഉള്ളതുകൊ്ു തൃപ്തിപ്പെടുവിൻ - എബ്രാ. 13 : 5***

തൻകാര്യപരമായ പ്രാർത്ഥന ചെലവേറിയതാണ്. ചിലർ സമ്പത്തു നേടുകയും സത്യവും അതിനുവേ്ി സേവനമനുഷ്ഠിക്കാനുള്ള അവസരവും അർഹതയും നഷ്ടപ്പെടുത്തുകയും ചെയ്യുന്നു. ചിലർ ആരോഗ്യം കൈവരിക്കയും അതോടൊപ്പം ഒട്ടും ലഘുവല്ലാത്ത മറ്റു പരീക്ഷകളെ ക്ഷണിച്ചുവരുത്തുകയും ചെയ്യുന്നു. മറ്റുചിലർക്കാകട്ടെ തങ്ങളുടെ ഇഷ്ട ജനങ്ങളെ മരണവക്ത്രത്തിൽ നിന്നുതന്നെ വീ്ുകിട്ടിയിട്ടു്. ഇതാകട്ടെ പിന്നീട് തങ്ങളുടെ പ്രാർത്ഥന ഫലിക്കാതെ പോയില്ലല്ലോ എന്നു പശ്ചാത്തപിക്കാൻ വേ്ി മാത്രമായിരിക്കും. കുറെക്കൂടി ശരിയായി പറഞ്ഞാൽ കർത്താവിന്റെ ജ്ഞാനവും വിചാരണയും വിശ്വാസപൂർവ്വം പരാതികൂടാതെ, അതൃപ്തികൂടാതെ സ്വീകരിച്ചില്ലല്ലോ എന്നു കുണ്ഠിതപ്പെടുവാൻ മാത്രമായിരിക്കും. ആത്മീയയിസ്രായേൽ തങ്ങൾക്കു പ്രാപ്യമായതെല്ലാം ദൈവദാനമെന്നെണ്ണി നന്ദിയോടെ ബുദ്ധിപൂർവ്വം കൈകാര്യം ചെയ്യണം. അവരുടെ യാചനകളോരോന്നും ക്ഷമാപൂർവ്വമായ സഹിഷ്ണുതയോടും ഹൃദയസംതൃപ്തിയോടും ആദ്ധ്യാത്മികനന്മകൾക്കു വേ്ിയായിരിക്കണം. - Z'02, 250 (R 3061)

*　*　*　*　*　*

ക്രൈസ്തവജീവിതത്തിൽ ദ്രവ്യാഗ്രഹം കടന്നുകൂടിയാൽ അതു സ്വാർത്ഥതയ്ക്കു മാത്രമല്ല, പരദ്രോഹത്തിനും പ്രേരകമാകും. അന്യരുടെ നന്മയ്ക്കായി എല്ലാം ത്യജിക്കുക എന്നത് പരമമായ ജീവിതവ്രതമായി സ്വീകരിച്ചവർ തങ്ങളിൽ വേരൂന്നാൻ അനുവദിക്കരുതാത്ത സ്വഭാവമാണ് ദ്രവ്യാഗ്രഹം. ഉള്ളതുകൊ്ു തൃപ്തിപ്പെടുക എന്ന മനോഗതി ദ്രവ്യാഗ്രഹത്തെ തടഞ്ഞുനിർത്താൻ ഉപകരിക്കും. - P'34, 15.

*　*　*　*　*　*

**സമാന്തര വേദഭാഗങ്ങൾ : പുറ.18:21;20:17; ഇയ്യോ.31:24,25,28; സങ്കീ.10:3;119:36; സദൃ.11:24;21:25,26;23:4,5;30:8; യെശ.5:8; മത്താ.6:19-21,24,25,31-33;16:26; 1തിമൊ.6:6-10; സങ്കീ.37:16; സദൃ.16:8;17:1; സഭാ.4:6; 1കൊരി.7:17,20-22,24; ഫിലി.4:11,12**

ചോദ്യങ്ങൾ :- ഈ ആഴ്ച ഞാൻ ദുരാഗ്രഹിയായിരുന്നോ അഥവാ ഉള്ളതുകൊ്് സംതൃപ്തനായിരുന്നോ? എന്തുകൊ്? ഏതു സാഹചര്യങ്ങളിൽ? ഫലമെന്തായിരുന്നു?

# ഫെബ്രുവരി 23

***ഞാൻ നിന്നെ ഉപദേശിച്ചു നടക്കേുന്ന വഴി നിനക്കു കാണിച്ചുതരും; ഞാൻ നിന്റെമേൽ ദൃഷ്ടിവച്ചു നിനക്ക് ആലോചന പറഞ്ഞുതരും - സങ്കീ. 32 : 8***

ആത്മീയ യിസ്രായേൽ ഗ്രഹിക്കേ മുഖ്യപാഠങ്ങളിൽ ഒന്ന് ജീവിതത്തിലെ ഏതു തുറയിലും മാർഗ്ഗദർശനത്തിനായി കർത്താവിങ്കലേക്കു നോക്കുക എന്ന താണ്. കർത്തൃഹിതം ആരായാതെ ലൗകികമായാലും ആത്മീയമായാലും ഒരു വിഷത്തിലും പ്രവേശിക്കരുത്. നാം കനാനിലേക്കുള്ള പ്രയാണത്തിലാണ്. വാഗ്ദ ത്തങ്ങളെ അവകാശപ്പെടുത്തും മുമ്പ് നാം തരണം ചെയ്യേ പല അനുഭവങ്ങളും ഉണ്ടെന്നു നാം അറിയുന്നു. പിറുപിറുപ്പുകൂടാതെ സന്തോഷപൂർവ്വം കർത്താ വിന്റെ വഴികളെ ക്ഷണത്തിൽ അനുസരിക്കുക എന്നതാണ് നാം ഉൾക്കൊള്ളേ പാഠം. മുൻപാഠങ്ങൾ അഭ്യസിച്ചു കഴിഞ്ഞവർക്കേ ഇതു സാധിക്കൂ. സർവ്വോപരി കർത്താവിന്റെ ശക്തിയിലും നന്മയിലും വിശ്വസ്തതയിലുമുള്ള ഉറ പ്പിന്റെയും വിശ്വാസത്തിന്റെയും പാഠം ഗ്രഹിച്ചവർക്കുതന്നെ - Z'02, 242, 251 (R 3061, 3062)

* * * * * *

നമ്മുടെ സ്വർഗ്ഗീയപിതാവ് തന്റെ കുഞ്ഞുങ്ങൾക്ക് അവരുടെ ജീവിതഗതി യിൽവേ പരിശീലനം നൽകുന്നു. അവരെ പഠിപ്പിക്കുന്നതിന് മൂന്ന് മാർഗ്ഗങ്ങളാ ണ് അവൻ അവലംബിക്കുന്നത്. ഇവയിൽ പ്രാഥമികമായ ഒന്നാണ് അവന്റെ വചനം. അത് അവരുടെ മനസ്സിനെ പ്രകാശിപ്പിക്കയും ഹൃദയത്തിനു വഴികാട്ടി യാകയും ചെയ്യുന്നു. രാമത്തേത് അവന്റെ ആത്മാവാണ്. ഇത് അറിവിലും കൃപ യിലും ശുശ്രൂഷയിലും അവരെ ശക്തരാക്കുന്നു. മൂന്നാമത്തേത് അവന്റെ ദിവ്യ വിചാരണകളാണ്. തങ്ങളുടെ മനസ്സിന്റെയും ഹൃദയത്തിന്റെയും ഗുണങ്ങൾ വ്യാപരിപ്പിച്ച് അവന്റെ വചനത്തിന്റെ ശക്തിയാലും അതിനനുയോജ്യമായും തങ്ങളുടെ സ്വഭാവം വളർത്തിയെടുക്കാൻ ആവശ്യമായ അവസരങ്ങൾ ഇവ നൽകുന്നു. ഇങ്ങനെ അവന്റെ ജ്ഞാനം തങ്ങളുടെ നടത്തകളിൽ അവർക്കു മാർഗ്ഗദർശിയാകുന്നു - P'33, 16.

* * * * * *

**സമാന്തരവേദഭാഗങ്ങൾ : പുറ.13:21;15:13;33:13-15; സങ്കീ.23:2,3; 25:5,8,9;27:11;31:3;48:14;73:24;78:52;107:7;139:9,10,24; സദൃ.8:20; യെശ.40:11; 42:16;48:17;54:13; ലൂക്കൊ.1:79; യോഹ.10:3,4;16:13**

ചോദ്യങ്ങൾ :- ഈ വാക്യത്തിന്റെ അടിസ്ഥാനത്തിൽ ഈ ആഴ്ചത്തെ അനുഭവങ്ങൾ എന്തായിരുന്നു? അവയെ എങ്ങനെ നേരിട്ടു? എന്തെല്ലാം സഹായങ്ങളും പ്രതിബന്ധങ്ങളും ഉായി? അവ എന്നെ എങ്ങനെ ബാധിച്ചു?

# ഫെബ്രുവരി 24

***ജഡത്താലുള്ള ബലഹീനത നിമിത്തം ന്യായപ്രമാണത്തിനു കഴിയാത്ത തിനെ സാധിപ്പാൻ ദൈവം തന്റെ പുത്രനെ പാപജഡത്തിന്റെ സാദൃശ്യ ത്തിലും പാപം നിമിത്തവും അയച്ചു. പാപത്തിനു ജഡത്തിൽ ശിക്ഷ വിധിച്ചു. ജഡത്തെയല്ല ആത്മാവിനെ അനുസരിച്ചു നടക്കുന്ന നമ്മിൽ ന്യായപ്രമാണ ത്തിന്റെ നീതി നിവൃത്തിയാകേതിനു തന്നെ - റോമ. 8 : 3,4***

ഈ ഉറപ്പുകളിൽ എത്ര ആശ്വാസം, എത്ര സാന്ത്വനം! സത്യമായും എത്ര വിസ്മയജനകമായ ജീവന്റെ മൊഴികൾ! അവ നമ്മിൽ പ്രത്യാശ വളർത്തുന്നു. ജഡത്തിന്റെ നിശ്ശേഷപരിപൂർണ്ണതയ്ക്കുപകരം ആന്തരപരിപൂർണ്ണതയാണ് ദൈവം നോക്കുന്നതെങ്കിൽ അവൻ നമുക്കായി നിശ്ചയിച്ചിരിക്കുന്ന പൂർണ്ണത യുടെ പടി പ്രാപിക്കാൻ കഴിയുമെന്ന പ്രതീക്ഷയ്ക്കു നമുക്കു വകയു്. നമ്മുടെ മർത്യശരീരങ്ങളെ സംബന്ധിച്ചിടത്തോളം ആത്മാവിന്റെ നിയോഗങ്ങൾക്കൊത്ത വണ്ണം നടപ്പാൻ കഴിയാതെ പോയാലും ആത്മപ്രകാരം നടപ്പാൻ നമുക്കു കഴി യും. മനസ്സുകൊ് ആത്മാവിനൊത്തവണ്ണം നടക്കാനും നമ്മുടെ ലക്ഷ്യങ്ങൾ തികച്ചും ശുദ്ധമായിരിക്കാനും കഴിയും. അന്തർഗതങ്ങളുടെ ഈ അവികലത യാണ് നമ്മുടെ സ്വർഗ്ഗീയപിതാവ് ഇച്ഛിക്കുന്നത് - Z'02, 248 (R 3060)

* * * * * *

വീഴ്ചയുടെ ഫലമായി നമ്മുടെ ശാരീരികവും മാനസികവും സാന്മാർഗ്ഗിക വും മതപരവുമായ കഴിവുകളെല്ലാം വികലമായി. പൂർണമനുഷ്യന്റെ പ്രാപ്തിയുടെ അളവുതോതായ ന്യായപ്രമാണം പാലിക്കാൻ അപൂർണനായ മനുഷ്യൻ അശക്തനാണ്. എങ്കിലും നമുക്കുവേിയുള്ള ക്രിസ്തുവിന്റെ യാഗാർപ്പണം വിശ്വാസത്താലുള്ള നീതിയിൻവസ്ത്രം നമുക്കു പ്രദാനം ചെയ്യു ന്നു. അജ്ഞതയും ബലഹീനതയുംകൊുള്ള പാപങ്ങളെല്ലാം അതു മറയ്ക്കുന്നു. അങ്ങനെ അവ നമ്മുടെ പേരിൽ കണക്കിടപ്പെടായ്ക നിമിത്തം, ജഡപ്രകാരമല്ല, ആത്മപ്രകാരം നടക്കുന്നപക്ഷം പുതിയമനസ്സിന്റെയും ഹൃദയത്തിന്റെയും ഇച്ഛ യുടെയും ഉടമകൾ എന്ന നിലയിൽ നമുക്കു ന്യായപ്രമാണത്തിന്റെ നീതി നിവർത്തിപ്പാൻ കഴിയും. - P'27, 15,16.

* * * * * *

**സമാന്തരവേദഭാഗങ്ങൾ : അപ്പൊ.13:39; റോമ.3:20;7:5-11;10:4; ഗലാ.2:16;3:21;4:4,5; എബ്രാ.7:18;10:1,2; 2കൊരി.5:21; ഗലാ.3:13;5:16,25; തീത്തൊ.2:11,12**

ചോദ്യങ്ങൾ :- ഈ ആഴ്ച ഞാൻ ക്രിസ്തുവിന്റെ പൂർത്തീകരിക്കപ്പെട്ട വേലയിൽ വിശ്വാസം അർപ്പിച്ചോ? എങ്ങനെ? എന്തുകൊ്? എന്തുഫലമുള വായി?

# ഫെബ്രുവരി 25

***മനുഷ്യൻ അപ്പംകൊുമാത്രമല്ല, ദൈവത്തിന്റെ വായിൽ കൂടി വരുന്ന സകലവചനം കൊും ജീവിക്കുന്നു.- മത്താ. 4 : 4***

ഭക്ഷണം, വസ്ത്രം തുടങ്ങി ഒരുവന്റെ ഉടമസ്ഥതയിലുള്ള വസ്തുക്കളുടെ ബാഹുല്യമല്ല അവന്റെ ജീവനാധാരം. സമ്പൂർണ്ണവും സമൃദ്ധവും സമുന്നതവുമായ അർത്ഥത്തിൽ ദൈവഹിതത്തോടുള്ള സമ്പൂർണ്ണവിധേയത്വമാണ് ജീവനാധാരം. ദൈവത്തിന്റെ വായ് അരുളിച്ചെയ്യുന്ന ഓരോ വാക്കിലും ഏത് ഉദ്ബോധനത്തിലും ഏതു പ്രോത്സാഹനത്തിലും ഏതു വാഗ്ദത്തത്തിലും ശ്രദ്ധപതിക്കുന്നത് ക്രിസ്തുവിനോടുകൂടെ അവന്റെ രാജ്യത്തിന്റെ അവകാശികളാകാൻ വിളിക്കപ്പെട്ടിരിക്കുന്നവരുടെ വളർച്ചയ്ക്ക് ആവശ്യമാണ്. അതുകൊ്, യേശുക്രിസ്തുവിന്റെ ശിഷ്യന്മാരും അദ്ധ്യേതാക്കളും എന്ന നിലയിൽ ഈ വാക്യത്തിലെ ആലോചനകൾ ഉത്തരോത്തരം ഓർമ്മയിൽ വയ്ക്കുകയും തദനുസരണം പ്രവർത്തിക്കുകയും ചെയ്യാം. - Z'02, 246, 248 (R 3058)

* * * * * *

നമുക്കുനേടുവാൻ കഴിയുന്ന ഭൗമിക വസ്തുക്കളുടെ സമൃദ്ധിയിൽ അധിഷ്ഠിതമായതല്ല മനുഷ്യജീവൻ. ജീവന്റെ ദാനവും നിലനിൽപ്പും യഥാർത്ഥത്തിൽ ആശ്രയിച്ചിരിക്കുന്നത് ദൈവവചനത്തിലെ ഉപദേശങ്ങളെയാണ്. ഭൗതികവസ്തുക്കൾ മുഖേന പാപമാർഗ്ഗത്തിൽ ജീവൻ പുലർത്തിക്കൊള്ളാമെന്ന് മോഹിക്കുന്നവർക്കു വല്ലാത്ത തെറ്റുപറ്റിയിരിക്കുന്നു. അനുസരണവും അനുകൂലമായ പ്രതികരണവുമുള്ള ഹൃദയങ്ങൾക്ക് ദൈവവചനം ആത്മാവും ജീവനമുമാണ്. അത് അവരെ സംബന്ധിച്ചിടത്തോളം ശക്തിമത്തും ജീവദായകവുമാണ്. - P'32, 15.

* * * * * *

**സമാന്തരവേദഭാഗങ്ങൾ : ആവ.8:3; സങ്കീ.17:4;19:7-11;43:3;107:19,20; 119:9,11, 14, 24, 25, 28, 41, 54, 69, 72, 77, 81, 92, 93, 103, 144, 159, 173,174; യെശ.30:21; യിരെ.15:16; യോഹ.3:3; ആമോസ് 8:11,12; മത്താ.7:24-27; ലൂക്കൊ.11:28; യോഹ.5:24,39;15:3;20:31; അപ്പൊ.20:32; 1തിമൊ.4:5,6**

ചോദ്യങ്ങൾ :- ഈ ആഴ്ച ഞാൻ എന്തിനെ ആശ്രയിച്ചു ജീവിച്ചു? എന്തുകൊ്? ഫലം എന്തായിരുന്നു?

# ഫെബ്രുവരി 26

***കർത്താവിൽ എപ്പോഴും സന്തോഷിപ്പിൻ; സന്തോഷിപ്പിൻ എന്നു ഞാൻ പിന്നെയും പറയുന്നു. - ഫിലി. 4 : 4***

സന്തോഷമുള്ള ക്രിസ്ത്യാനികളുടെ എണ്ണം വളരെക്കുറയും. കർത്താവിലാണ് സന്തോഷമെങ്കിൽ ആ സന്തോഷം പരിമിതമായിരിക്കയും ചെയ്യും. ഇത് ഒരു പൊട്ടിച്ചിരിയോ മറിച്ചോ ആകണമെന്നില്ല. ഭാവശാന്തതയുടെയും, സമാധാനത്തിന്റെയും ആത്മാനന്ദത്തിന്റെയും അനുഭൂതിയാണത്. ചിലർ തെറ്റിദ്ധരിച്ചിരിക്കുന്നതുപോലെ ശബ്ദകോലാഹലരൂപമാകണമെന്നില്ല. കർത്താവിനോടു വളരെ അടുത്തു ജീവിക്കുന്നവർക്കും അവനുമായി നിരന്തരം ഏകീഭാവം അനുഭവപ്പെടുന്നവർക്കും, അവന്റെ ചിറകിൻ കീഴിൽ തങ്ങൾ സുരക്ഷിതരെന്നും അവന്റെ വാഗ്ദത്തങ്ങൾ സുനിശ്ചിതമെന്നും ക്രിസ്ത്യാനികൾ എന്ന നിലയിൽ എല്ലാം തങ്ങളുടെ ആത്യന്തികമായ നന്മയ്ക്കു കൂടിവ്യാപരിക്കുന്നു എന്നു മനസ്സിലാക്കുന്നവർക്കും മാത്രമാണ്. എപ്പോഴും സന്തോഷിക്കാൻ കഴിയുന്നത്. -

Z'03, 7 (R 3127)

* * * * * *

ദൈവപൈതലിന്റെ സന്തോഷം എപ്പോഴും കർത്താവിലായിരിക്കണം. ആ സന്തോഷം അനിത്യമായ വസ്തുക്കളിലല്ല, നിത്യതയോടു ബന്ധപ്പെട്ടവയിലായിരിക്കണം. അതായത് സമർപ്പണത്തെ സംബന്ധിച്ച വിഷയങ്ങളിൽ, അതിന്റെ കടപ്പാടുകളിൽ, അതിന്റെ അവകാശങ്ങളിൽ, അതിന്റെ പാഠങ്ങളിൽ, അതിന്റെ വളർച്ചയിൽ, അതിന്റെ അനുശാസനങ്ങളിൽ, അതിന്റെ നേട്ടങ്ങളിൽ ആയിരിക്കണം. നമ്മുടെ അനുഗ്രഹങ്ങളെപ്പറ്റിയുള്ള നിരന്തരബോധം നമ്മെ സന്തോഷിപ്പിക്കും. പിന്നെയും പിന്നെയും സന്തോഷിപ്പിക്കും. നമ്മുടെ നീതീകരണം, ശുദ്ധീകരണം, ആത്മീയവെളിച്ചം, ആത്മീയ ഉത്തേജനം, ആത്മീയാഹാരം, വളർച്ച, വിജങ്ങൾ, സേവനം, ദൈവപുത്രത്വം, ക്രിസ്തുവിനോടു കൂട്ടവകാശം ഇവ പരിഗണിക്കുമ്പോൾ അത് ആനന്ദത്തിനുള്ള അവസരമല്ലാതെ വരുന്നതെങ്ങനെ? - P'36, 14.

* * * * * *

**സമാന്തരവേദഭാഗങ്ങൾ : ആവ.12:18; 1ശമു.2:1; ഇയ്യോ.22:26; സങ്കീ.5:11; 9:2;32:11;35:9;43:4;63:11;64:10;97:11;104:34; യെശ.29:19;യോവേ.2:23; ഹബ.3:18; ലൂക്കൊ.10:21; റോമ.5:2;12:12;15:13; 1കൊരി..12:26; ഫിലി.2:18;3:1; 1തെസ്സ.5:16; എബ്രാ.3:6; 1പത്രൊ.4:13**

ചോദ്യങ്ങൾ : ഈ ആഴ്ച ഞാൻ സന്തോഷവാനായിരുന്നോ? എന്തുകൊ്? എങ്ങനെ? അതിൽനിന്ന് എന്തു ഫലമുളവായി?

# ഫെബ്രുവരി 27

### *നിങ്ങളുടെ സൗമ്യത സകലമനുഷ്യരും അറിയട്ടെ - ഫിലി. 4 : 5*

ഇവിടെ സൗമ്യത എന്നു പരിഭാഷപ്പെടുത്തിയിരിക്കുന്ന ഗ്രീക്കു പദത്തിന് ഔചിത്യം (മാന്യത) എന്നും നമ്മുടെ അവകാശങ്ങളെ നിഷ്ക്കർഷയായി ഹേമിക്കാതിരിക്കുക എന്നും ആശയമുള്ളതായി തോന്നുന്നു. നമ്മുടെ കർത്താവിനോടൊത്ത് രാജ്യത്തിലായിരിക്കേവർക്കെല്ലാം അവശ്യംവേ ഗുണങ്ങളാണ് കരുണയും വിട്ടുവീഴ്ചയും. നീതി നമ്മിൽനിന്ന് ആവശ്യപ്പെടുന്ന ഏതിനെ സംബന്ധിച്ചും കഴിവോളം വിശ്വസ്തതയും മറ്റുള്ളവരിൽ നിന്നും ന്യായമായി നമുക്ക് അവകാശപ്പെടാവുന്ന ഏതു കാര്യത്തിലും കരുണയും എന്നതായിരിക്കണം നമ്മുടെ പ്രമാണം. അങ്ങനെ നാം സ്വർഗ്ഗസ്ഥനായ പിതാവിനു മക്കളായിത്തീരും. എന്തെന്നാൽ അവൻ നന്ദികെട്ടവരോടുപോലും ദയാലുവും കൃപാലുവും ആണ്. - Z'03, 7 (R 3128)

*　　*　　*　　*　　*　　*

യഥാർത്ഥ ക്രിസ്തീയത്വം മതഭ്രാന്തു ജനിപ്പിക്കുന്നില്ല. ജ്ഞാനം, നീതി, സ്നേഹം, ശക്തി ഇവ സ്വഭാവത്തിൽ ഇഴുകിച്ചേരുകവഴി അത് അന്യരുടെ അവകാശങ്ങളെ മാനിക്കുന്നു. അവരോടു തികഞ്ഞ നീതിയും സ്നേഹവും പുലർത്തിക്കൊുതന്നെ ഈ തത്ത്വങ്ങളോടു പൊരുത്തം പ്രാപിക്കാൻ മറ്റുള്ളവരെ പ്രേരിപ്പിക്കുന്നതിന് ഇതു ശക്തവുമാണ്. അതുകൊ് അതു വിചാരം, വാക്ക്, പ്രവൃത്തി ഇവയിലെല്ലാം തീവ്രവാദം ഉപേക്ഷിക്കുകയും എല്ലാറ്റിലും മദ്ധ്യമാർഗ്ഗം അവലംബിക്കുകയും ചെയ്യുന്നു. പെരുമാറ്റത്തിൽ മാർദ്ദവം പാലിക്കുന്നു. ഈ ആശയമാണ് നമ്മുടെ ചിന്താവിഷയത്തിന് ആധാരമായ വേദവാക്യത്തിലെ സൗമ്യത എന്ന പദം ഉൾക്കൊള്ളുന്നത്. ദൈവത്തോടുള്ള വിശ്വസ്തതയ്ക്കു ഭംഗം കൂടാതെ തന്നെ അതു മനുഷ്യനോടു നീതി പുലർത്തുന്നു. മറ്റുള്ളവരുടെ അവകാശങ്ങളെ ആദരിച്ചുകൊുതന്നെ ഭക്തിയെ മുറുകെപ്പിടിച്ചുകൊള്ളുന്നു. അതുകൊ് അത് എല്ലാറ്റിനോടും സൗമ്യത പാലിക്കുന്നു. - P'30, 30.

*　　*　　*　　*　　*　　*

**സമാന്തരവേദഭാഗങ്ങൾ : യെശ.40:11;42:3; 2കൊരി.10:1; മത്താ.11:29; 23:37; 2ശമു.22:36; സങ്കീ.18:35; ഗലാ.5:22; 2തിമൊ.2:24-26; തീത്തൊ.3:1; യാക്കോ.3:17; എബ്രാ.2:17,18;4:15**

ചോദ്യങ്ങൾ :- ഈ ആഴ്ച ഞാൻ സൗമ്യനായിരുന്നോ? എന്തുകൊ്? ഏതു സാഹചര്യങ്ങളിൽ? അതിൽ അനുകൂലിച്ചതെന്ത്? പ്രതികൂലിച്ചതെന്ത്? ഫലമെന്തായിരുന്നു?

# ഫെബ്രുവരി 28

***ഒന്നിനെക്കുറിച്ചും വിചാരപ്പെടരുത്; എല്ലാറ്റിലും പ്രാർത്ഥനയാലും അപേക്ഷയാലും നിങ്ങളുടെ ആവശ്യങ്ങൾ സ്തോത്രത്തോടുകൂടെ ദൈവത്തോട് അറിയിക്കയത്രേ വേത് - ഫിലി. 4 : 6***

നമുക്ക് ആവശ്യപ്പെട്ടവയെന്നു ദൈവം കാണുന്ന കാര്യങ്ങൾ നമ്മൾ യാചിക്കുകയോ, വാഗ്ദത്തങ്ങളുടെ അടിസ്ഥാനത്തിൽ അവകാശപ്പെടുകയോ ചെയ്യാതെ എന്തുകൊ് ലഭിക്കുന്നില്ല എന്നൊരു ചോദ്യമുദിക്കാം. അവന്റെ പ്രീതിക്കു നാം പാത്രമാകയും അതു നമുക്കു പ്രയോജനകരമാകയും ചെയ്യുന്നതിന്, മുന്നമേ ഒരുക്കപ്പെട്ട ഒരു ഹൃദയം നമുക്കുാകേതിനുതന്നെ. ഇത്രയുംനാളും ഇപ്പോഴും നമ്മുടെ മേലുള്ള ദിവ്യപരിപാലനത്തെ നാം വേത്ര വിലമതിച്ചിട്ടില്ല എന്ന് നമുക്ക് നിശ്ചയമു്. പ്രാർത്ഥനയുടെയും സ്തോത്രത്തിന്റെയും വേളയിൽപോലും കൃതജ്ഞതയ്ക്കു നാം കടപ്പെട്ടിരിക്കുന്ന കാരണങ്ങളിൽ പകുതിപോലും നാം തിരിച്ചറിയുന്നില്ല എന്ന് ഒടുവിൽ നാം മനസ്സിലാക്കും. നാം അറിയപ്പെട്ടതുപോലെ തന്നെ അറിയുമ്പോൾ അവയെപ്പറ്റി ഒന്നിനൊന്നു തെളിവായ ഉൾക്കാഴ്ച നമുക്കുാകും. - Z'03, 8 (R 3128)

* * * * * *

ഒരു കുട്ടിക്ക് മാതൃവാത്സല്യത്തിലുള്ള അവിശ്വാസം പോലെ ദൈവപൈതലിന് ഉത്കണ്ഠ തീരെ യോജിച്ചതല്ല. ദൈവത്തിലുള്ള ആശ്രയം ഭരണം നിർവ്വഹിക്കയും അവകൽനിന്നു കൈവന്ന നിരവധി നന്മകൾ സിംഹാസനാരൂഢമാകയും ചെയ്തിരുന്ന ഹൃദയത്തിൽ ഉത്കണ്ഠയ്ക്ക് എന്തു സ്ഥാനമാണുള്ളത്? തന്റെ ഏതാവശ്യത്തിനും ഉത്തരം നൽകുന്ന ഒരു പിതാവു തനിക്കുന്നെു ദൈവപൈതലിനറിയാം. അവനിൽ ശരണം തേടുന്ന മക്കൾക്ക് അവൻ സദാ സമീപസ്ഥനാണെന്നും അവർക്കറിയാം. അതുകൊു പിതൃസമക്ഷം തന്റെ ആവശ്യങ്ങൾ അറിയിക്കുന്നതിൽ അവന് ആകുലചിന്തയില്ല. - P'35, 15.

* * * * * *

**സമാന്തരവേദഭാഗങ്ങൾ : സങ്കീ.127:2; മത്താ.6:25-34;13:22; ലൂക്കൊ.21:34; 1കൊരി.7:32,33; 2തിമൊ.2:4; സങ്കീ.37:5;55:22; സദൃ.16:3; യിരെ.17:7,8; എബ്രാ.13:5; 1പത്രൊ.5:6,7; ഉല്പ.32:24-29; 1ശമു.12:23; സങ്കീ.86:3,6;130:1,2; കൊലൊ.4:2; മത്താ.15:22-28; ലൂക്കൊ.18:1-7;22:44; റോമ.8:26; എഫേ.6:18; എബ്രാ.5:7,8**

ചോദ്യങ്ങൾ :- ഈ വാക്യത്തിന് അനുസരണമായി ഈ ആഴ്ചയിലെ അനുഭവങ്ങൾ എന്തായിരുന്നു? അവയെ എങ്ങനെ നേരിട്ടു? ഫലമെന്തായിരുന്നു?

# ഫെബ്രുവരി 29

***ദൈവം സ്നേഹം തന്നെ; സ്നേഹത്തിൽ വസിക്കുന്നവൻ ദൈവത്തിൽ വസിക്കുന്നു - 1 യോഹ. 4 : 16***

നീതി, നിറഞ്ഞ അളവാണ്. സ്നേഹമാകട്ടെ നീതിയുടെ അളവുപാത്രം കുലുക്കി കീഴ്ഴോട്ടമർത്തി മേൽപ്പോട്ടു കൂമ്പാരം കൂട്ടി കവിഞ്ഞൊഴുകുമാറാക്കുന്നു. അതുകൊ് അത് അവകാശമെന്ന നിലയിൽ ആവശ്യപ്പെടാവുന്നതോ, ലഭിക്കാത്തതിന്റെ പേരിൽ പരാതിപ്പെടേതോ അല്ല. പിന്നെയോ ഒരു അനുകൂല്യമെന്ന നിലയിൽ നന്ദിപൂർവ്വം സ്വാഗതം ചെയ്യപ്പെടേതും ഉദാരമായി പ്രതികരിക്കപ്പെടേതുമാണ്. അതിനെ വാഞ്ഛിക്കുന്ന ആരും ആദരവിന്റെയും അഭിനന്ദനത്തിന്റെയും അർത്ഥത്തിലാവണം അങ്ങനെ ചെയ്യേത്. എന്നാൽ ഇപ്രകാരമുള്ള സ്നേഹത്തിനു കൊടുക്കേിവന്ന വില വളരെ വലുതാണ്. ഇപ്രകാരമുള്ള സ്നേഹം നേടുന്നതിനുള്ള ഒരേയൊരു വഴി സ്വഭാവമഹത്ത്വം തെളിയിക്കുകയാണ്. അത് യഥാർത്ഥത്തിൽ ഉൽകൃഷ്ടമതികളായവരിൽനിന്ന് ഇപ്രകാരമുള്ള സ്നേഹം ക്ഷണിച്ചുവരുത്തും. - Z'02, 266 (R 3070)

*     *     *     *     *     *

ജ്ഞാനം, നീതി, ശക്തി ഇവയ്ക്കനുയോജ്യമായി പ്രവർത്തിക്കുന്ന സ്നേഹമാണ് യഹോവയുടെ സ്വഭാവഗുണങ്ങളിൽ സർവ്വപ്രധാനം. ഹൃദയത്തിന്റെയും മനസ്സിന്റെയും മുഴുവൻ കഴിവുകളും ജ്ഞാനം, നീതി, ശക്തി ഇവയ്ക്കു വിരുദ്ധമാകാത്ത നിലയിൽ സ്നേഹം പ്രവൃത്തിപഥത്തിലാക്കുന്നതിൽ നിരന്തരം വ്യാപൃതരാകുക എന്നാണ് സ്നേഹത്തിൽ വസിക്കുക എന്നതിനർത്ഥം. അങ്ങനെയുള്ളവർ ദൈവത്തിൽ വസിക്കുന്നു. എന്തെന്നാൽ സ്വേച്ഛ വർജ്ജിച്ച് ദൈവേച്ഛക്കു വിധേയപ്പെടുമ്പോൾ മാത്രമാണ് ഇപ്രകാരമുള്ള ഒരു നടത്ത സാധ്യമാകുന്നത്. അങ്ങനെയുള്ള നടത്തയിൽ നാം ഉറച്ചുനിൽക്കുമ്പോൾ ഹൃദയം ദൈവസ്നേഹംകൊു നിറയുന്നു. അതുവഴി അങ്ങനെയുള്ളവരിൽ ദൈവം തന്റെ ആത്മാവു മുഖേന വസിക്കുന്നു. - P'33, 163.

*     *     *     *     *     *

**സമാന്തരവേദഭാഗങ്ങൾ : ആവ.4:37; സങ്കീ.63:3;146:8; യിരെ.31:3; യോഹ.3:16; റോമ.5:8; 1യോഹ.3:1; സങ്കീ.31:23;73:25,26;91:14; റോമ.8:28; യോഹ.14:15,21,23;16:27; 1കൊരി.16:22; 2കൊരി.5:14; യോഹ.3:34,35;15:12,13; റോമ.12:9,10; മത്താ.5:41-47;19:19**

ചോദ്യങ്ങൾ :- ഈ വാക്യത്തിനനുസരണമായി ഈ ആഴ്ചത്തെ അനുഭവങ്ങൾ എന്തായിരുന്നു? അതിൽ സഹായിച്ചതെന്ത്? പ്രതികൂലിച്ചതെന്ത്? പരിണതഫലമെന്തായിരുന്നു?

# മാർച്ച് 1

***സകലബുദ്ധിയെയും കവിയുന്ന ദൈവസമാധാനം നിങ്ങളുടെ ഹൃദയങ്ങളെയും നിനവുകളെയും ക്രിസ്തുയേശുവിൽ കാക്കും - ഫിലി. 4 : 7***

ഇവിടെ പരമർശിക്കുന്നത് നമുക്കു സ്വന്തനിലയിലുള്ള സമാധാനത്തെ സംബന്ധിച്ചല്ല. ഇത് ദൈവത്തിങ്കൽനിന്നുള്ള സമാധാനമാണ്. ദൈവത്തിന്റെ ശക്തിയെയും നന്മയെയും, സ്വന്തം കുഞ്ഞുങ്ങളെപ്പോലെ തന്റെ കൈകൊു നമ്മെ പിടിച്ചുകൊള്ളുവാനുള്ള അവന്റെ സന്നദ്ധതയെയും സംബന്ധിച്ച ബോധത്തിൽ നിന്നുളവാകുന്ന സമാധാനം തന്നെ.ഏതു ഭീഷണിക്കും ആകുലചിന്തയ്ക്കും ഭയത്തിനും വെല്ലുവിളിയായി ഒരു കാവൽ പടയാളിയെപ്പോലെ ഈ സമാധാനം സദാ ജാഗരിക്കുന്നു എന്നതാണ് ഇവിടെ ആശയം. കർത്താവുമായി മനസാ സമാധാനവും കൂട്ടായ്മയും സംസർഗ്ഗവും ഉാകുമാറ് അതു വിശ്വാസിയുടെ ഹൃദയത്തെ കാത്തുകൊള്ളുന്നു. ദിവ്യശക്തിയെയും ജ്ഞാനത്തെയും സ്നേഹത്തെയും സംബന്ധിച്ച് ഉപദേശിച്ചും ഉറപ്പുനൽകിയും അവന്റെ യുക്തിബോധത്തെയും അതു കാത്തുകൊള്ളുന്നു - Z'03, 8 (R 3128)

* * * * * *

ദൈവത്തോടും ദൈവികമായ ക്രമീകരണങ്ങളോടും യോജിച്ചതാണു തന്റെ നിലപാടെന്ന ബോധംകൊു മനസ്സിനും ഹൃദയത്തിനും അനുഭവപ്പെടുന്ന സ്വസ്ഥതയാണ് ദൈവസമാധാനം. പ്രാകൃതമനുഷ്യന്റെ ദൃഷ്ടിയിൽ പ്രതികൂലമെന്നു തോന്നാവുന്ന സാഹചര്യങ്ങളിലും ഇതു പാലിക്കപ്പെടുകയും മനസ്സിൽ ദൃഢമൂലമാകയും ചെയ്യുന്നതുകൊ് ഇത് എല്ലാ മാനുഷികബുദ്ധിയേയും കവിയുന്നു. തിന്മയിൽ നിന്നു നന്മയ്ക്കായും ഇത് നമ്മുടെ ഹൃദയത്തെയും മനസ്സിനെയും ക്രിസ്തുവിൽ കാത്തുസൂക്ഷിക്കുന്നു. - P'34, 31

* * * * * *

**സമാന്തരവേദഭാഗങ്ങൾ : യോഹ.14:1,27;16:33; റോമ. 5:1;8:6; കൊലൊ.1:20;3:15; ഇയ്യോ.34:29; സങ്കീ.4:8;25:12,13;29:11;85:8;119:165;125:1,5; സദൃ.3:17,24;യെശ.26:3;28:12;32:2,17,18;53:5;54:13;57:1,2,19; യിരെ.33:6; ലൂക്കൊ.1:79;2:14; അപ്പൊ.10:36**

ചോദ്യങ്ങൾ :- ഈ ആഴ്ച ഈ സമാധാനം എനിക്ക് അനുഭവപ്പെട്ടോ? എന്ത് ആനുകൂല്യം ലഭിച്ചു? എന്തു പ്രതിബന്ധമുായി? അത് ഞാൻ എങ്ങനെ പ്രയോജനപ്പെടുത്തി? എന്തായിരുന്നു ഫലം?

## മാർച്ച് 2

***സത്യമായതൊക്കെയും ഘനമായതൊക്കെയും*** **(ആദരണീയമായത്)** ***ചിന്തിച്ചുകൊൾവിൻ - ഫിലി. 4 : 8***

വ്യാജത്തോടോ അത്യുക്തിയോടോ പക്ഷം പുലർത്തുന്നവൻ ഏറെക്കുറെ സ്വയം മലിനീകരിക്കുന്നു. വിചാരങ്ങൾ വിശുദ്ധമാക്കുകയും അവാസ്തവോക്തികൾ ഒഴിവാക്കുകയും ചെയ്യുന്നവൻ അത്രത്തോളം മനസ്സിനെയും സ്വഭാവത്തെ ആകെത്തന്നെയും നിർമ്മലമാക്കുന്നു. വസ്തുതകളുടെ സത്യാവസ്ഥയെപ്പറ്റി നിശ്ചയമുായാൽ മാത്രം പോരാ, അവയെ ഒന്നുകൂടി പരിശോധിച്ച് അവ എത്രത്തോളം മാന്യവും ശ്രേഷ്ഠവും ആണെന്ന് കത്തെണം. എന്തെന്നാൽ കർത്താവു നമ്മുടെ സ്വഭാവങ്ങളിലെ നികൃഷ്ടവാസനകളെ കണക്കിടാതെ അവസാനത്തോളം അവയെ തന്റെ നീതിയിൻഅങ്കിയാൽ മറച്ചുകൊള്ളാമെന്ന് വാക്കുതന്നിട്ടു ങ്കിലും നമ്മുടെ വീഴ്ചഭവിച്ച അവസ്ഥയോടു നമുക്കു സഹതാപ ബുദ്ധി പാടില്ല. മറിച്ച് നമ്മുടെ ഹൃദയത്തിലും വിചാരങ്ങളിലും ദൈവ ത്തോടും സമസൃഷ്ടങ്ങളോടുമുള്ള എല്ലാ ബന്ധങ്ങളിലും യഥാർത്ഥ മഹ ത്ത്വവും മാന്യതയുടെ സമുന്നതമായ നിലവാരവും നാം ആഗ്രഹിക്കണം. - Z'03, 9 (R 3129)

*　　*　　*　　*　　*　　*

ദൈവനിർണ്ണയത്തിൽപെട്ട കാര്യങ്ങളാണ് സത്യമായവ. മാന്യവും പരിശു ദ്ധവും നിർദ്ദോഷവും പൂജ്യവുമായ അനുഷ്ഠാനത്തിനു പരിഗണിക്കേതായ കാര്യങ്ങളാണ് ആദരണീയമായവ. ഈവക കാര്യങ്ങൾ ചിന്തിച്ചുകൊള്ളാൻ അപ്പൊസ്തൊലൻ നമ്മെ ഉദ്ബോധിപ്പിക്കുന്നു. എന്തെന്നാൽ അങ്ങനെയുള്ള ചിന്ത ഹൃദയത്തിലും മനസ്സിലും യഥാർത്ഥ ജ്ഞാനത്തെ വളർത്തിയെടുക്കും. യഥാർത്ഥ ജ്ഞാനമെന്നത് ഒന്നാമത് നിർമ്മലവും പിന്നെ സമാധാനപൂർവ്വവും സൗമ്യവും കരുണാപൂർണ്ണവും സത്ഫലം നിറഞ്ഞതും പക്ഷപാതരഹിതവും ഭക്തിയുടെ കപടമൂടുപടമണിയാത്തതുമാണ്. - P'33, 45.

*　　*　　*　　*　　*　　*

**സമാന്തരവേദഭാഗങ്ങൾ : പുറ.34:6; സങ്കീ.33:4;91:4; സദൃ.3:3; യെശ.65:16; ദാനി.4:37; 10:21; സെഖ.8:16; യോഹ.8:31,32; 14:6;17:17; എഫേ.4:25; 2തിമൊ.2:15; ലേവ്യ.19:35,36; ആവ.25:13-16; സങ്കീ.24:4; യെശ33:15,16; അപ്പൊ.24:16; 2കൊരി.4:1,2;8:21; 1തെസ്സ.4:11,12; എബ്രാ.13:18; 1പത്രൊ.2:12**

ചോദ്യങ്ങൾ :- സത്യവും ആദരണീയവുമായ കാര്യങ്ങൾ ഈ ആഴ്ച എന്റെ ധ്യാനവിഷയമായിരുന്നോ? എങ്ങനെ? എന്തുകൊ് ? ഫലമെന്തായിരുന്നു?

# മാർച്ച് 3

***നീതിയായതൊക്കെയും ....... ചിന്തിച്ചുകൊൾവിൻ - ഫിലി. 4 : 8***

അനീതിയുടെ പാതകൾ അവലംബിക്കാൻ നമ്മുടെ മനസ്സിനെ നാം അനുവദിക്കരുത്. നമ്മുടെ ഓരോ വിചാരവും വാക്കും പ്രവൃത്തിയും നീതിയുടെ അളവുതോതിനു വിധേയമാക്കാൻ നാം അഭ്യസിക്കണം. അതേസമയം അന്യരുടെ നടത്തകളെ മറ്റൊരു വീക്ഷണകോണത്തിൽ കൂടി നാം കാണണം. ന്യായബോധം അനുവദിക്കുന്നിടത്തോളം കരുണയ്ക്കും ക്ഷമയ്ക്കും സഹാനുഭൂതിക്കും സഹായസന്നദ്ധതയ്ക്കും സ്ഥാനം നൽകണം. ഹൃദയസമ്മതത്തോടുകൂടെ യാതൊരർത്ഥത്തിലും നീതിയെ ലംഘിക്കാതിരിക്കത്തക്കവിധം നമ്മുടെ ഓരോ വിചാരത്തെയും നാം കരുപ്പിടിപ്പിക്കുന്ന ഓരോ പദ്ധതിയെയും സംബന്ധിച്ചു തികച്ചും സൂക്ഷ്മതയുള്ളവരാകാൻ നമുക്കു കഴിഞ്ഞെന്നുവരികയില്ല. - Z'03, 9 (R 3129)

*            *            *            *            *            *

നമുക്കു നൽകപ്പെടുന്ന നന്മകളെ സംബന്ധിച്ചുള്ള കൃതജ്ഞതാബോധത്തിൽ നിന്നും ജനിക്കുന്ന സന്മനസ്സാണ് നീതി. ഈ സന്മനോഭാവം സ്വഭാവത്തിൽ വളർത്തിയെടുക്കുന്നതിന് ജീവിതത്തിന്റെ എല്ലാതുറകളിലും ദൈവത്തോടും മനുഷ്യനോടും നമുക്കുള്ള കടപ്പാടുകളെപ്പറ്റി നാം ബോധവാന്മാരായിരിക്കണം. ന്യായമായ കാരണങ്ങളെപ്പറ്റിയുള്ള ഈ ശ്രദ്ധ, ദൈവസ്വഭാവത്തിന്റെയും ദൈവസിംഹാസനത്തിന്റെയും എന്നപോലെ ക്രൈസ്തവസ്വഭാവത്തിന്റെയും അടിസ്ഥാനമായ നീതിയെ അഭിവൃദ്ധിപ്പെടുത്തുന്നതാണ്. - P'32, 30.

*            *            *            *            *            *

**സമാന്തരവേദഭാഗങ്ങൾ: പുറ.23:1-3,6-8; ലേവ്യ.19:13-15; എസ്രാ.7:26; സങ്കീ.82:2-4;89:14; സദൃ.17:15; സഭാ.3:16,17; യെശ.1:17;59:14,15; സെഖ.8:16; മത്താ.5:23,24; യോഹ.7:24**

ചോദ്യങ്ങൾ :- നീതിയായ കാര്യങ്ങളെപ്പറ്റിയോ നീതികെട്ട കാര്യങ്ങളെപ്പറ്റിയോ ഈ ആഴ്ച ഞാൻ ചിന്തിച്ചത്? എങ്ങനെ? എന്തുകൊ്? ഫലമെന്തായിരുന്നു?

# മാർച്ച് 4

***നിർമ്മലമായതൊക്കെയും രമ്യമായതൊക്കെയും സത്കീർത്തിയായ തൊക്കെയും ...... ചിന്തിച്ചുകൊൾവിൻ - ഫിലി. 4 : 8***

മലിനമായത് നമുക്കു വേദനാജനകവും അസ്വാസ്ഥ്യകരവുമാകുമാറ് വിശുദ്ധമായതിനെ നാം സ്നേഹിക്കുകയും പരിശീലിക്കുകയും ചെയ്യണം. അപ്പോൾ നാം അതിനെ ഓർമ്മയിൽനിന്നു ദൂരീകരിക്കാൻ ആഗ്രഹിക്കും. നിർമ്മലമായതിനെ നാം നിരന്തരം ചിന്താവിഷയമാക്കുകയും, മലിനമായവയെപ്പറ്റിയുള്ള വിചാരങ്ങളിൽ നിന്നു വിരമിക്കുകയും ചെയ്യുന്നതു മൂലമേ ഇതു സാധ്യമാകൂ. യഥാർത്ഥ രമ്യതയെപ്പറ്റി നാം വിവേചിച്ചു വിലമതിക്കണം. ഏറ്റവും വിശുദ്ധമായവയെപ്പറ്റി നാം ചിന്തിക്കുമ്പോൾ നമ്മുടെ മനോദൃഷ്ടി കഴിവിന്റെ പരമാവധി സമുന്നതമായ സ്ഥാനത്തെ ലക്ഷ്യമാക്കണം. സാധ്യമാകുന്നിടത്തോളം ദൈവത്തിന്റെയും നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെയും സ്വഭാവസമ്പൂർണ്ണതയുടെ സൗന്ദര്യാതിരേകം കറിയണം. അതിനാനുപാതികമായി കർത്താവിന്റെ കാൽച്ചുവടുകളിൽ അവനോടു ചേർന്നു നടക്കുന്ന അവന്റെ അനുയായികളിൽ പ്രകടമാകുന്ന സ്വാഭാവമാധുര്യവും നാം തിരിച്ചറിയണം. - Z'30, 9 (R 3129)

*　　*　　*　　*　　*　　*

നിർമ്മലമെന്നാൽ ദൈവത്തെ മഹത്ത്വപ്പെടുത്തുന്നതിലുള്ള ഉദ്ദേശ്യശുദ്ധി എന്നാണർത്ഥം. രമ്യമായതെന്നാൽ സദ്സ്വഭാവത്തെയും ഉത്തമതത്ത്വങ്ങളെയും അഭിനന്ദിക്കുക എന്നാണർത്ഥം. സത്കീർത്തിയായതെന്നതിനർത്ഥം ഒത്തപടിക്കുചേർന്നവ എന്നാണ്. ഇങ്ങനെയുള്ള കാര്യങ്ങളിൽ മനസ്സിരുത്തുന്നത് നമ്മുടെ ലക്ഷ്യങ്ങളെ നിർമ്മലീകരിക്കാനും നിസ്സ്വാർത്ഥ സ്നേഹത്തെ പരിപോഷിപ്പിക്കാനും സ്വഭാവത്തെ ഉൽകൃഷ്ടമാക്കാനും ഉപകരിച്ചേ മതിയാകൂ. - P'26, 28.

*　　*　　*　　*　　*　　*

**സമാന്തരവേദഭാഗങ്ങൾ : സങ്കീ.12:6;19:8;24:3-5;119:40; സദൃ.15:26; 20:9; മത്താ.5:3-12; യോഹ.15:9-17; 1തിമൊ.1:5;3:9; 2 തിമൊ.2:22; റോമ.12:9-21; 1കൊരി.13; 1യോഹ.4:7-21; സദൃ.22:1; സഭാ.7:1; 2 കൊരി.6:8; കൊലൊ.3:12 -17; എബ്രാ.11:2,39**

ചോദ്യങ്ങൾ :- ഈ ആഴ്ച എന്റെ ചിന്താവിഷമായിരുന്നത് വിശുദ്ധവും രമ്യവും മാന്യവുമായ കാര്യങ്ങളോ അഥവാ മറിച്ചുള്ളവയോ? സാഹചര്യങ്ങളും ഫലങ്ങളും എന്തായിരുന്നു?

# മാർച്ച് 5

***സദ്ഗുണമോ പുകഴ്ചയോ അത് ഒക്കെയും ചിന്തിച്ചുകൊൾവിൻ - ഫിലി. 4 : 8***

സദ്ഗുണമോ വിലയോ കല്പിക്കാവുന്നതായി, വല്ല അളവിലും ശ്ലാഘനീയമായി ശ്രേഷ്ഠമായ വാക്കുകളോ ശ്രേഷ്ഠമായ പ്രവൃത്തികളോ ശ്രേഷ്ഠമായ മനോവൃത്തികളോ ആരുടേതായിരുന്നാലും അവ നമുക്കു ചിന്താവിഷയമാക്കാം. നമ്മുടെ പുതിയ ഹൃദയവും പുതിയ മനസ്സും ഇച്ഛാശക്തിയും അതിൽ നിന്നും പോഷണം ഉൾക്കൊ് ആ ആദർശങ്ങളോട് ഒന്നിനൊന്ന് ഏകീഭാവം കൈവരിക്കും. നാം മനസ്സിന്റെ പുതുക്കത്തിലൂടെ ഉത്തരോത്തരം രൂപാന്തരം പ്രാപിക്കും. വർത്തമാനജീവിതത്തിൽ തന്നെ ഇഞ്ചിഞ്ചായി, അടിക്കടിയായി, മന്ദംമന്ദമായ വ്യതിയാനത്തിലൂടെ നമ്മുടെ കർത്താവും ഗുരുവുമായവന്റെ ദിവ്യസ്വഭാവത്തോടു നാം അധികമധികം സാമീപ്യം പ്രാപിക്കും. നമ്മുടെ വിചാരഗതി ഈ മനോഭാവത്തിലായിരിക്കയും കർത്താവിനോടുള്ള ഐക്യം അഭംഗം കാത്തുകൊള്ളുകയും ചെയ്യുമെങ്കിൽ ഒടുവിൽ നാം നീതിമാന്മാരുടെ പുനരുത്ഥാനത്തിൽ പങ്കാളികളാകും. അത് കർത്താവിന്റെ സാദൃശ്യത്തിലും സ്വരൂപത്തിലും ഉള്ള പൂർണ്ണത കൈവരിക്കാൻ നമ്മെ പ്രാപ്തരാക്കും. - Z'03, 9 (R 3129)

*    *    *    *    *    *

സദ്ഗുണങ്ങൾ എന്നത് നീതിയോടു ബന്ധപ്പെട്ട സ്വഭാവവൈശിഷ്ട്യങ്ങളെയും പുകഴ്ച എന്നത് സ്നേഹത്തിന്റെ ഫലമായ സ്വഭാവവൈശിഷ്ട്യങ്ങളെയും പരാമർശിക്കുന്നു. ചിന്ത മനസ്സിന്റെ അവശ്യധർമ്മമാകയാൽ സദ്വിചാരങ്ങളും സ്വഭാവങ്ങളും അതായത് സദ്ഗുണങ്ങളും പുകഴ്ചകളും ധ്യാനവിഷയമാക്കുന്നത് എത്ര ഉത്തമം. താണതലത്തിലുള്ള ചിന്ത പദാർത്ഥപരമാണ്. അതിലും ഉയർന്ന തലത്തിലുള്ള ചിന്തയുടെ വിഷയമാകട്ടെ വ്യക്തികളാണ്. എന്നാൽ ഏറ്റവും ഉയർന്ന തലത്തിലുള്ള ചിന്തയാകട്ടെ വിചാരപരമാണ്, വിശേഷിച്ച് ദൈവത്തിലും ക്രിസ്തുവിലും വിശുദ്ധന്മാരിലും അവ വ്യാപരിക്കുന്ന വിധത്തിൽ അവരെപ്പോലെയാകുന്നതിന് ഏറ്റവും ഉപയുക്തമായ വഴിയും ഇതു തന്നെ. - P'36, 31.

*    *    *    *    *    *

**സമാന്തരവേദഭാഗങ്ങൾ : 2പത്രൊ.1:3,5; യോശു.1:8; സങ്കീ.1:2;4:4; 19:14; 39:3; 49:3; 63:5, 6; 77:10-12; 104:34; 119:11, 15, 16, 23, 48, 59, 97, 99; 139:17,18;143:5; 1തിമൊ.4:13**

ചോദ്യങ്ങൾ :- ഈ ആഴ്ച എന്റെ ചിന്താവിഷയം സദ്ഗുണങ്ങളും പുകഴ്ചകളും ആയിരുന്നുവോ? എങ്ങനെ? അതിൽ സഹായിച്ചതെന്ത്? പ്രതികൂലിച്ചതെന്ത്? ഏതെല്ലാം സാഹചര്യങ്ങളിൽ? ഫലമെന്തായിരുന്നു?

# മാർച്ച് 6

***ഉള്ള അവസ്ഥയിൽ അലംഭാവത്തോടിരിപ്പാൻ ഞാൻ പഠിച്ചിട്ടു്. താഴ്ചയിൽ ഇരിപ്പാനും സമൃദ്ധിയിൽ ഇരിപ്പാനും എനിക്കറിയാം - ഫിലി. 4 : 11,12***

നമ്മുടെ ജീവിതഗതികളിൽ ഏറ്റവും ഇറക്കവും അനുഭവപ്പെടുന്ന പക്ഷം ഭാവിയിൽ കർത്താവു നമുക്കായി ഉദ്ദേശിച്ചിരിക്കുന്ന സ്ഥാനത്തിന് നമ്മെ വേവിധം അഭ്യസിപ്പിക്കുന്നതിനും യോഗ്യരാക്കുന്നതിനും സുഭിക്ഷതയുടെയും ദുർഭിക്ഷതയുടെയും ഉയർച്ചതാഴ്ചകൾ ഒപ്പം നമുക്കാവശ്യമാണെന്ന് കർത്താവു കാണുന്നു എന്നു നാം തീരുമാനിക്കണം. ഭൗമിക നന്മകളുടെ സമൃദ്ധി നമ്മുടെ പ്രതിഷ്ഠാനേർച്ചകളിൽ നിന്നു നമ്മെ വ്യതിചലിപ്പിക്കാതെ തന്നെ നമുക്കും അപ്പൊസ്തൊലൻ ചെയ്ത പ്രകാരം സമൃദ്ധിയിൽ ഇരിക്കാൻ പഠിക്കാം. പോരായ്മകളിൽ ഇരിക്കാനും ശീലിക്കാം. അപ്പോൾതന്നെ കർത്താവിന്റെ ജ്ഞാനവും ദിവ്യവിചാരണയും നമ്മുടെ നന്മയ്ക്ക് ആവശ്യമാണെന്നു കാണുന്നതിലുപരിയായ പോരായ്മകൾ നേരിടാതെ ഉള്ള അവസ്ഥയിൽ അലംഭാവത്തോടിരിക്കാൻ പരിശീലിക്കാം. - Z'03, 10 (R 3129)

*  *  *  *  *  *

ഏതു പരിതസ്ഥിതിയിലും സംതൃപ്തനായിരിക്കുക എന്നത് മഹത്തായ ഒരു നേട്ടമാണ്. ഇത് ദൈവജനം നിരന്തരയത്നത്തിലൂടെ കൈവരിക്കേ ഒരു ലക്ഷ്യമാണ്. താഴ്മ അനുഭവിക്കുന്നതിനെ സംതൃപ്തിയോടെ സ്വാഗതം ചെയ്വാൻ കഴിയുന്നവർ വാസ്തവത്തിൽ വിരളമാണ്. വിജയങ്ങളെ സംതൃപ്തിയോടെ ഏറ്റുവാങ്ങാൻ കഴിയുന്നവർ അതിലും വിരളമത്രെ. ഉയർച്ചതാഴ്ചകളുടെ അനേകം അനുഭവങ്ങളിൽ കൂടിയാണ് എല്ലാറ്റിനെയും സമചിത്തതയോടും സംതൃപ്തിയോടും സ്വീകരിക്കാൻ നാം അഭ്യസിക്കുന്നത്. - P'30, 30.

*  *  *  *  *  *

**സമാന്തരവേദഭാഗങ്ങൾ : സങ്കീ.37:7; സദൃ16:8;17:1,22;30:8; സഭാ.4:6;5:12; ലൂക്കൊ.3:14; 1കൊരി.7:20,24; 2കൊരി.6:9,10; 1തിമൊ.6:6-12; എബ്രാ.13:5,6; സങ്കീ.16:6;37:7,16; സദൃ.14:14;15:13,15,30**

ചോദ്യങ്ങൾ :- ഈ വേദഭാഗത്തിന്റെ അടിസ്ഥാനത്തിൽ എന്തായിരുന്നു ഈ ആഴ്ചത്തെ അനുഭവം? എന്തായിരുന്നു ഫലം?

## മാർച്ച് 7

***നാം അന്യോന്യം സ്നേഹിക്കുന്നുവെങ്കിൽ ദൈവം നമ്മിൽ വസിക്കുന്നു. അവന്റെ സ്നേഹം നമ്മിൽ തികഞ്ഞുമിരിക്കുന്നു - 1 യോഹ.4:12***

ദൈവത്തിന്റെ വിലയിരുത്തലിൽ ഞാൻ വല്ലതുമാകുന്നെന്നോ ഏതുമില്ലെന്നോ തിട്ടപ്പെടുത്തുന്നതിനുള്ള അളവുതോത് എന്റെ ജ്ഞാനമോ കീർത്തിയോ വചോവിലാസമോ അല്ല. പ്രത്യുത, അവനുവേിയും അവന്റെ സഹോദരങ്ങൾക്കുവേിയും അവന്റെ വേലയ്ക്കുവേിയും, പൊതുവിൽ ലോകത്തിനുവേിയും ശത്രുക്കൾക്കുവേിപോലുമുള്ള സ്നേഹമത്രെ. അതുകൊ്, സ്വഭാവത്തെ അളക്കുന്നതിൽ സ്നേഹത്തിനു പ്രഥമസ്ഥാനം നൽകണം. കർത്താവിനോടുളള അടുപ്പത്തിന്റെയും അംഗീകാരത്തിന്റെയും പ്രധാന ഉരകല്ലായി അതിനെ പരിഗണിക്കണം. പരിശുദ്ധാത്മാവു പ്രാപിച്ചവരായ ഏവരും മനഃസംയമം പാലിക്കണം. അന്ധകാരത്തിൽ നിന്നും തന്റെ അത്ഭുത പ്രകാശത്തിലേക്കു വിളിച്ചവന്റെ സദ്ഗുണങ്ങളെ ഘോഷിപ്പാൻ നമ്മുടെ ദൈനംദിന ജീവിത വൃത്തികളിൽ സ്നേഹത്തിന്റെ ആത്മാവിനെ പ്രകടമാക്കുന്നതിനെക്കാൾ ഉത്തമമായ മറ്റൊരു മാർഗ്ഗവുമില്ല. - Z'03, 56,57 (R 3150)

* * * * * *

ദൈവം സ്നേഹമാണെന്നും, അവൻ തന്റെ ജനങ്ങളിൽ ആളത്വേനയല്ല, ആത്മാവിനാൽ അഥവാ സ്വഭാവഗുണങ്ങളാൽ വസിക്കുന്നു എന്നും തിരുവെഴുത്തുകൾ പ്രസ്താവിക്കുന്നു. അതുകൊ്, സ്നേഹമെന്ന ധർമ്മത്തിന്റെ വ്യാപാരം ആരിലുോ അവനിൽ ദൈവം അധിവസിക്കുന്നു. വിഭിന്നമായ ജീവിതാനുഭവങ്ങളുടെ മദ്ധ്യത്തിൽ ഈ സവിശേഷഗുണം ആര് നിരന്തരം പ്രകടമാക്കുന്നുവോ അവൻ ദൈവികസ്നേഹം തന്നിൽ പൂർണ്ണത പ്രാപിക്കുന്നതിനുള്ള സന്തോഷത്തിന് അവകാശിയാകും. - P'35, 31.

* * * * * *

**സമാന്തരവേദഭാഗങ്ങൾ : യോഹ.3:16;6:54-56;13:34;14:21-23;15:7-12; 17:21; 1 കൊരി.3:16;6:19; 2കൊരി.6:16; 1യോഹ.3:16-18,22-24;4:7,13,15-19; റോമ.8:8-17; ഗലാ.4:5,6**

ചോദ്യങ്ങൾ :- ഈ വാക്യത്തിന്റെ അടിസ്ഥാനത്തിൽ ഈ ആഴ്ചത്തെ അനുഭവങ്ങൾ എന്തായിരുന്നു? അവയെ എങ്ങനെ അഭിമുഖീകരിച്ചു?

അതിൽ പ്രതികൂലിച്ചതെന്ത്? അനുകൂലിച്ചതെന്ത്? ഫലമെന്തായിരുന്നു?

# മാർച്ച് 8

***ദൈവമോ തന്റെ ഇഷ്ടപ്രകാരം അവയവങ്ങളെ ശരീരത്തിൽ വെവ്വേറെയായി വെച്ചിരിക്കുന്നു.- 1 കൊരി. 12 : 18***

ക്രിസ്തുശരീരത്തിന്റെ അവയവങ്ങളിൽ ഒന്നിനും മറ്റൊരു അവയവത്തെക്കൊ് തനിക്കാവശ്യമില്ലെന്നു പറയാൻ പാടില്ല. അതുപോലെ ശരീരത്തിന്റെ പ്രവർത്തനങ്ങളിൽ തനിക്കു പങ്കുചേരത്തക്കതൊന്നുമില്ല എന്ന് ഒരവയവം പറഞ്ഞുകൂടാ. മഹത്തായ നമ്മുടെ ശരീരത്തിന്റെ നിയോഗാനുസരണം അവന്റെ ആത്മാവിനാൽ നിറഞ്ഞ് അവനെ സേവിക്കുന്നതിൽ അഭിനിവേശം ഉള്ള ഏതൊരവയവവും അങ്ങനെ ചെയ്യണം. പ്രതിഫലത്തിനുള്ള സമയമാകുമ്പോൾ പ്രയോജനവിഷയത്തിൽ പൗലോസിനോടും അപ്പല്ലോസിനോടും എത്ര അടുത്ത സ്ഥാനമാണ് താരതമ്യേന എളിയവരായ ചിലർക്ക് കണക്കിടപ്പെടുന്നതെന്നാർക്കറിയാം? അക്വില്ലായും പ്രസ്ക്കില്ലയും പോലുള്ളവർ ഈ കൂട്ടത്തിൽ പെടും. അവർ കർത്തൃവേലയിൽ കൂടുതൽ പ്രാപ്തരായ തങ്ങളുടെ സഹോദരങ്ങളെ പ്രോത്സാഹിപ്പിക്കുകയും ബലപ്പെടുത്തുകയും ശുശ്രൂഷിക്കുകയും ചെയ്തവരാണ്. Z'03, 59 (R 3152)

* * * * * *

ദൈവം താൻ ഇച്ഛിക്കുന്ന പ്രകാരമാണ് ശരീരത്തിൽ അവയവങ്ങളെ വിന്യസിച്ചിരിക്കുന്നത് എന്ന പാഠം നാം ഗ്രഹിക്കുന്നുവെങ്കിൽ നമ്മുടെ കൂട്ടവയവങ്ങളോടു നാം അസൂയാലുക്കളാകയില്ലെന്ന് മാത്രമല്ല, യഥാസ്ഥാനം അവയുടെ ധർമ്മങ്ങൾ നിർവ്വഹിക്കുന്നതിൽ അവയോടും നാം സസന്തോഷം സഹകരിക്കുകയും ചെയ്യും. മറ്റുള്ളവയെ പരമാവധി സഹായിക്കുകയും മറ്റുള്ളവയിൽനിന്നു പരമാവധി സഹായം ലഭിക്കുകയും ചെയ്യത്തക്കവിധം ഓരോ അവയവത്തിനും ശരീരത്തിൽ സ്ഥാനനിർണ്ണയം ചെയ്യാൻ ദൈവത്തിനു തിരുമനസ്സായിരിക്കുന്നു. -P'34, 31.

* * * * * *

**സമാന്തരവേദഭാഗങ്ങൾ : 1കൊരി.12:5-39;3:5;4:1-16; റോമ.12:3-8; 8:29; എഫേ.1:22,23;2:15;4:3-6,11-15;5:23,30; കൊലൊ.1:24;2:10; അപ്പൊ.2:36; എബ്രാ.3:3,6; വെളി.1:13;2:1**

ചോദ്യങ്ങൾ :- ഈ ആഴ്ച ഞാൻ ശരീരത്തിലെ കൂട്ടവയവങ്ങളോട് എങ്ങനെ പ്രവർത്തിച്ചു? അങ്ങനെ വർത്തിക്കാൻ കാരണമെന്ത്? ഫലമെന്തായിരുന്നു?

# മാർച്ച് 9

***ദൈവം നിങ്ങളുടെ പ്രവൃത്തിയും വിശുദ്ധന്മാരെ ശുശ്രൂഷിച്ചതിനാലും ശുശ്രൂഷിക്കുന്നതിനാലും തന്റെ നാമത്തോടു കാണിച്ച സ്നേഹവും മറന്നുകളവാൻ തക്കവണ്ണം അനീതിയുള്ളവനല്ല - എബ്രാ.6:10***

രാജകീയപതാക ഉയർത്തിപ്പിടിക്കുന്നതിന് സ്വയം ശ്രമിക്കാതെയും, ഇരുളിൽനിന്നു തന്റെ അത്ഭുതപ്രകാശത്തിലേക്കു വിളിച്ചവന്റെ സദ്ഗുണങ്ങളെ ഘോഷിക്കാതെയും പരസ്യശുശ്രൂഷയ്ക്കു കൂടുതൽ പ്രയോജനകരമായ സ്ഥാനങ്ങളിൽ കർത്താവ് തന്റെ കരുതലിൽ നിയോഗിച്ചിരിക്കുന്നവർക്കു സഹായസഹകരണങ്ങൾ ചെയ്യാതെയും ശുശ്രൂഷയ്ക്കും സഹകരണത്തിനുമുള്ള സുവർണ്ണാവസരങ്ങൾ സുലഭമായി കത്തൊൻ കഴിയുന്ന ഈ കൊയ്ത്തിൻ നാളുകൾ വിഫലമായിപ്പോകുവാൻ കർത്താവിന്റെ ഒരു പൈതലും അനുവദിച്ചുകൂടാ.- Z'03, 59 (R 3152)

* * * * * *

ക്രിസ്തുവിന്റെ സാദൃശ്യം പരസ്പരം വളർത്തി പൂർണ്ണതയിലെത്തിക്കുന്നതിന് സ്നേഹത്താൽ പ്രചോദിതരായി വിശുദ്ധന്മാർ നിർവ്വഹിക്കുന്ന വേലയും അദ്ധ്വാനവും ഒന്നാമതു ദൈവത്തിന്റെ നാമത്തിനുവേി, അവന്റെ മഹത്ത്വത്തിനുവേി ആയിരിക്കണം. സ്നേഹത്തിന്റെ ഇപ്രകാരമുള്ള പ്രവൃത്തിയും അദ്ധ്വാനവും - വിസ്മയജനകമായ ആശയം ! - ദൈവം അഭിനന്ദനപൂർവ്വം സ്വീകരിക്കുന്നു. അതു മറന്നുകളയാൻ നീതി അവനെ അനുവദിക്കുന്നില്ല. - P'33, 46.

* * * * * *

**സമാന്തരവേദഭാഗങ്ങൾ : സദൃ.14:31;22:9;28:27;31:20; മത്താ.10:40-42; 18:5,6; അപ്പൊ.11:29;24:17; റോമ.12:13;15:25,26; 2കൊരി.8;9; 1തെസ്സ.1:3,6,7; 2തിമൊ.1:18**

ചോദ്യങ്ങൾ :- ഈ വിഷയം സംബന്ധിച്ച് ഈ ആഴ്ച എന്റെ അനുഭവങ്ങൾ എന്തായിരുന്നു? അവ എങ്ങനെ നിറവേറി? അവയുടെ പരിണത ഫലങ്ങൾ എന്തായിരുന്നു?

## മാർച്ച് 10

***നിങ്ങൾ ആരും പാപത്തിന്റെ ചതിയാൽ കഠിനപ്പെടാതിരിക്കേതിന് "ഇന്ന്"" എന്നു പറയുന്നിടത്തോളം നാൾതോറും അന്യോന്യം പ്രബോധിപ്പിച്ചുകൊൾവിൻ - എബ്രാ. 3 : 13***

സത്യത്തിനു നമ്മുടെമേലുള്ള പ്രേരണാശക്തി നഷ്ടപ്പെടുമാറ് നമ്മുടെ ആദ്ധ്യാത്മികബോധത്തെ മരവിപ്പിച്ചുകൊ് ഏതെങ്കിലുമളവിൽ ഒരാത്മീയമാന്ദ്യം നമ്മിൽ കടന്നുകൂടുന്നതായി മനസ്സിലാക്കിയാൽ, ഒന്നാമതു നാം ചെയ്യേതു പ്രാർത്ഥനാനിരതരാകുകയും ദൈവവുമായുള്ള സംസർഗ്ഗം പുലർത്തുകയും ദൈവവചനത്തിന്റെ ശുദ്ധീകരണശക്തി അനുഭവപ്പെടുമാറ് അതിൽ ഉറ്റിരിക്കുകയുമാണ്. എന്തെന്നാൽ ആദ്യവിശ്വാസം അവസാനത്തോളം മുറുകെപ്പിടിച്ചുകൊാൽ നാം ക്രിസ്തുവിൽ പങ്കാളികളല്ലോ. (എബ്രാ.3:14)-Z'03,54(R 3149)

* * * * * *

നമ്മെ സമീപിക്കുന്നതിന് പാപം കത്തെുന്ന വഴികൾ അനവധിയാണ്. അവയിലെല്ലാം അത് അത്യധികം വഞ്ചനാത്മകമാണ്. അതിന്റെ കപടപ്രലോഭനങ്ങൾക്കു വഴങ്ങുന്ന ഹൃദയങ്ങൾ കഠിനപ്പെടാനുള്ള പ്രവണത കാണിക്കും. അതുകൊ്, സുവിശേഷയുഗത്തിലുടനീളം സഭാംഗങ്ങൾക്ക് അനിന്ദ്യരായി നിലനിൽക്കാൻ ഇടയാകുമാറ് ആവശ്യം പോലെ പ്രതിദിനം പരസ്പരം പ്രബോധിപ്പിക്കുന്നതിന് ചുമതലയു്. ആ നാൾ അതിവേഗം സമീപിച്ചുകൊിരിക്കെ ഈ ചുമതലയും അവകാശവും സംബന്ധിച്ച നമ്മുടെ ഉത്തരവാദിത്വം എത്ര വർദ്ധിച്ചിരിക്കുന്നു. - P'32, 30.

* * * * * *

**സമാന്തരവേദഭാഗങ്ങൾ : അപ്പൊ.13:15;20:2; റോമ.12:8; 2കൊരി.9:5; 1തിമൊ.6:2; തീത്തൊ.2:15; എബ്രാ.12:3,4;13:22; ആവ.29:18; സങ്കീ.9:15,16; സദൃ.5:22; യെശ.57:20,21; മർക്കൊ.7:21-23; ഗലാ.6:7,8; 1പത്രൊ.4:3**

ചോദ്യങ്ങൾ :- ഈ ആഴ്ച വിശ്വാസത്തിന്റെ നല്ല പോർ പൊരുതാൻ ഞാൻ സഹോദരങ്ങളെ പ്രോത്സാഹിപ്പിച്ചോ? എന്തിന്? എങ്ങനെ? ഫലമെന്തായിരുന്നു?

# മാർച്ച് 11

***ആകയാൽ നാമും സാക്ഷികളുടെ ഇത്ര വലിയൊരു സമൂഹം നമു ക്കുചുറ്റും നിൽക്കുന്നതുകൊ് സകല ഭാരവും മുറുകെപ്പറ്റുന്ന പാപവും വിട്ടു നമുക്കു മുമ്പിൽ വെച്ചിരിക്കുന്ന ഓട്ടം സ്ഥിരതയോടെ ഓടുക - എബ്രാ. 12 : 1***

ദൈവവിളിയുടെ വിരുതിനെപ്പറ്റി തികഞ്ഞബോധത്തോടെ, നിശ്ചിത പാതയിലൂടെ സർവ്വശക്തിയും സമാഹരിച്ച് ലാക്കിലേക്ക് കുതിക്കുന്നവർ “തങ്ങളുടെ മനസ്സിന്റെ അരമുറുക്കി”ക്കൊള്ളട്ടെ. ലക്ഷ്യങ്ങളെയും ശ്രമങ്ങ ളെയും ബലവത്താക്കുകയും ഭദ്രമാക്കുകയും ചെയ്യട്ടെ. തീരുമാന ങ്ങൾ പുതുക്കട്ടെ. സൂക്ഷ്മത ദ്വിഗുണീഭവിക്കട്ടെ. അനാവശ്യമായ ചിന്താ കുലങ്ങളാകുന്ന ചുമടുകൾ വലിച്ചെറിയുകയും തീക്ഷ്ണത വർദ്ധിപ്പിക്കു കയും ചെയ്തുകൊ് അപ്പൊസ്തൊലൻ ഉത്സാഹിപ്പിക്കുന്നതുപോലെ തങ്ങളുടെ മുമ്പിൽ വെച്ചിരിക്കുന്ന ഓട്ടം ക്ഷമയോടെ ഓടുക. കേവലം വായുവിനെ പ്രഹരിക്കുന്നവനെപ്പോലെയല്ല, ലക്ഷ്യബോധത്തോടെയും, തന്റെ വിളിയും തെരഞ്ഞെടുപ്പും ഉറപ്പാക്കുവാൻ ദൃഢനിശ്ചയം ചെയ്ത വനെപ്പോലെയും ഓടുക. - Z'03, 54 (R 3149)

*　*　*　*　*　*

പ്രതിബിംബം (നിഴൽ) അതിന്റെ ബിംബത്തെ (പൊരുളിനെ) വലയംചെ യ്തുനിൽക്കുന്നതുപോലെ നമ്മെ ചുറ്റിനിൽക്കുന്ന പുരാതനവീരന്മാരുടെ ശ്രേഷ്ഠമാതൃക ഭക്തന്മാരോടുള്ള ദൈവത്തിന്റെ വിശ്വസ്തതയ്ക്കു സാക്ഷ്യം വഹിക്കുന്നു. വിരുതിനായുള്ള ഓട്ടത്തെ മന്ദീഭവിപ്പിക്കുമാറ് മുറുകെപ്പറ്റുന്ന പ ാപങ്ങളും തെറ്റുകളും സ്വാർത്ഥത്തിന്റെയും ലോകമയത്വത്തിന്റെയും ഭാരങ്ങളും വലിച്ചെറിയുവാൻ അതു നമ്മെ പ്രബോധിപ്പിക്കുന്നു. ഇവ വിട്ടൊഴിഞ്ഞ നില യിൽ ക്രിസ്തുവിന്റെ സാദൃശ്യത്തിലെത്തുക എന്ന ലക്ഷ്യം നേടുന്നതിനും അതു നിലനിർത്തുന്നതിനും നമുക്കു കൂടുതൽ കാര്യക്ഷമമായി യത്നിക്കാം. - P'26, 28.

*　*　*　*　*　*

**സമാന്തരവേദഭാഗങ്ങൾ : എബ്രാ.11:2-40; യാക്കോ.5:10,11; സങ്കീ.19:12,13; 2കൊരി.7:1; കൊലൊ.3:8; 1പത്രൊ.2:1; ഫിലി.3:13,14; 1കൊരി.9:24,26; എബ്രാ.6:1; ലൂക്കൊ.21:19; എബ്രാ.10:36; യാക്കോ.1:4;5:7**

ചോദ്യങ്ങൾ :- വിരുതിനായുള്ള ഓട്ടത്തിൽ ഈ ആഴ്ച ഭാരങ്ങളോടും മുറുകെപ്പറ്റുന്ന പാപങ്ങളോടും ഞാൻ എങ്ങനെ വർത്തിച്ചു? എന്നെ ഉത്തേജിപ്പിച്ചതെന്ത്? എനിക്ക് എന്തു സഹായം ലഭിച്ചു? എന്തു പ്രതിബ ന്ധമുായി? എന്തായിരുന്നു ഫലം?

# മാർച്ച് 12

***ആജ്ഞയുടെ ഉദ്ദേശ്യമോ : ശുദ്ധഹൃദയം, നല്ലമനഃസാക്ഷി, നിർവ്യാജവിശ്വാസം എന്നിവയാൽ ഉളവാകുന്ന സ്നേഹം തന്നെ - 1 തിമൊ.1 : 5***

നമ്മെപ്രതിയുള്ള ദൈവത്തിന്റെ എല്ലാ പ്രവർത്തനങ്ങളുടെയും ആത്യന്തികലക്ഷ്യവും നാമുമായി ചെയ്തിരിക്കുന്ന എല്ലാ ദൈവവാഗ്ദാനങ്ങളുടെയും ആത്യന്തികമായ അർത്ഥവും സ്നേഹത്തിന്റെ പരിപോഷണം എന്നതാണ്. സ്നേഹമെന്നത് ദൈവാനുരൂപമാണ്. എന്തെന്നാൽ ദൈവം സ്നേഹമാകുന്നു. കർത്താവു വിവക്ഷിക്കുന്ന അളവിലും അർത്ഥത്തിലും ഈ സ്നേഹം നമ്മിൽ വേരൂന്നി വളർന്ന് പരിപുഷ്ടമാകുന്നതിന്, കർത്താവിനും അവന്റെ സ്നേഹത്തിന്റെ പ്രമാണത്തിനും അനുയോജ്യമായും പിശാചിനും അവന്റെ സ്വാർത്ഥതയുടെ പ്രമാണത്തിനും എതിരായും ശുദ്ധഹൃദയത്തിൽ നിന്ന് അത് ഉറവെടുക്കണം. - Z'00, 360 (R 2733)

*   *   *   *   *   *

ദൈവത്തിന്റെ സ്വഭാവത്തെ സംബന്ധിച്ചെന്നപോലെ പക്വമായ ക്രിസ്തീയ സ്വഭാവത്തിന്റെയും ലക്ഷണങ്ങൾ ജ്ഞാനം, നീതി, സ്നേഹം, ശക്തി ഇവയാകുന്നു. ഇവ അന്യോന്യം സഹായകമായി വർത്തിക്കെ തന്നെ, ഇവയിൽ സ്നേഹം ഉജ്ജ്വലത്തായ ശോഭാതിശയംകൊ് മറ്റുള്ളവയിൽ മികച്ചുനിൽക്കുന്നു. മറ്റു മൂന്നും ഇതിന്റെ വികസനത്തെ ലക്ഷീകരിക്കുന്നു. ജ്ഞാനം, നീതി, ശക്തി ഇവയ്ക്ക് അനുയോജ്യമായും ഇവയെ അവലംബിച്ചും ഇവയിൽനിന്നുയിർകൊും ദൈവികസ്നേഹത്തിന് സർവ്വാധിപത്യം കൈവരിക എന്നതാണ് സ്വഭാവസംസ്കാരത്തിന്റെ ആത്യന്തികലക്ഷ്യം. - P'36, 31.

*   *   *   *   *   *

**സമാന്തരവേദഭാഗങ്ങൾ : മത്താ. 7:12; റോമ.13:8-10; യോഹ.13:35; എഫെ.1:4; ഗലാ.5:14; കൊലൊ.3:14; 1കൊരി.13; യാക്കൊ.2:8; 1യോഹ.3:18,19; 1പത്രൊ.1:22;3:8;4:8; എബ്രാ.9:14; അപ്പൊ.15:8,9; 1കൊരി.6:11; തീത്തൊ.3:5; ഫിലി.2:13.**

ചോദ്യങ്ങൾ :- ഈ വാക്യം എന്നിൽ എങ്ങനെ പ്രവർത്തിച്ചു? ഏതുവിധത്തിൽ? എന്തു സഹായം ലഭിച്ചു? എന്തു പ്രതിബന്ധമുായി? സാഹചര്യങ്ങൾ എന്തായിരുന്നു? എന്തുഫലം ഉായി?

# മാർച്ച് 13

***നമ്മിൽ തികഞ്ഞവർ ഒക്കെയും ഇങ്ങനെ ചിന്തിച്ചുകൊൾവിൻ; വല്ല തിലും നിങ്ങൾ വേറെവിധമായി ചിന്തിച്ചാൽ ദൈവം അതും നിങ്ങൾക്കു വെളിപ്പെടുത്തിത്തരും. എന്നാൽ നാം പ്രാപിച്ചിരിക്കുന്ന പരിജ്ഞാനം അനുസരിച്ചു നടക്കുക. - ഫിലി. 3 : 15,16***

സമ്പൂർണ്ണസ്നേഹമെന്ന ലാക്കിലെത്തിയവർ സഹോദരന്മാർക്കുവേ പ്രാണനെ വെച്ചുകൊടുത്തുകൊ് കർത്താവിനെ സേവിക്കുന്നതിൽ ജാഗ രൂകരായിരിക്കണം. അങ്ങനെയുള്ളവർ ദൈവത്തിന്റെ നീതിയിൻ പ്രമാണ ങ്ങളുടെയും മാത്രമല്ല, കർത്താവിലും അവന്റെ ബലത്തിൻ വല്ലഭത്വ ത്തിലും തിരുവെഴുത്തിലുള്ള വിശ്വാസത്തിലും ശക്തരായവരുടെയും പ്രതിനിധികൾ ആയി നിലകൊള്ളണം. ഓട്ടക്കളത്തിലുള്ള മറ്റുള്ളവരും തങ്ങളെപ്പോലെ ലാക്കിലെത്തുവാൻ സഹായകമാകുമാറ് അവരെ പ്രോത്സാഹിപ്പിക്കുന്നതിൽ മനസ്സൊരുക്കത്തോടെ ഉറച്ചുനിൽക്കണം. - Z'01, 10 (R 2753)

*　　*　　*　　*　　*　　*

കഴിഞ്ഞകാലത്ത് സ്വഭാവം സംബന്ധിച്ചുായ നേട്ടങ്ങളാണ് അതിന്റെ ഇപ്പോഴത്തെ വളർച്ചയ്ക്കും ഭാവിയിലെ വാഗ്ദാനത്തിനും അടിസ്ഥാനം. ലഭിച്ചുകഴിഞ്ഞത് വിശ്വസ്തതയോടെ വിനിയോഗിക്കുമ്പോൾ വളർച്ച യുടെ അടുത്തപടിയിൽ നാം പ്രവേശിക്കും. ദൈവത്തിൽ പൂർണമായി മനസ്സുറപ്പിച്ചവരുടെ ഹൃദയഗതി ഇതായിരിക്കും. ശുശ്രൂഷയിലോ പരി ജ്ഞാനത്തിലോ എന്തെല്ലാം പോരായ്മകൾ ഉായിരുന്നാലും അവരിൽ ഇങ്ങനെയുള്ള ഒരു മനോഭാവം ഉള്ള പക്ഷം ശുശ്രൂഷയിലും പരിജ്ഞാന ത്തിലും കൃപയിലും വർദ്ധിച്ചുവരുവാൻ അവർ ഭാഗ്യരായി എണ്ണപ്പെടും. യഥാകാലം ഈ അനുഗ്രഹങ്ങൾ ദൈവം അവരിൽ വർഷിക്കും - P'30, 30.

*　　*　　*　　*　　*　　*

**സമാന്തരവേദഭാഗങ്ങൾ : ഇയ്യോ.1:1; സങ്കീ.37:37; മത്താ.5:48;19:21; 1കൊരി.2:6;14:20; 2കൊരി.13:11; എഫേ.4:11-13; കൊലൊ.4:12; എബ്രാ.5:14; 1പത്രൊ.5:10; ഗലാ.5:10; റോമ.12:16; 15:5; ഫിലി.2:2;4:2; ഗലാ.6:16**

ചോദ്യങ്ങൾ :- ഈ വാക്യത്തിലെ ആലോചനകൾ പാലിക്കുന്നതിൽ ഈ ആഴ്ച ഞാൻ ഉറ്റു ശ്രമിച്ചുവോ? ഫലമെന്തായിരുന്നു?

# മാർച്ച് 14

***ദീർഘക്ഷമയുള്ളവൻ യുദ്ധവീരനിലും ജിതമാനസൻ പട്ടണം പിടിക്കുന്നവനിലും ശ്രേഷ്ഠൻ - സദൃ. 16 : 32***

പക ഈർഷ്യ പിണക്കം അസൂയ ഇവയുടെ സ്വഭാവത്തിലുള്ള കോപം, ദൈവത്തിന്റെ പ്രിയപുത്രനോട് അനുരൂപരാകുവാൻ ആഗ്രഹിക്കുന്നവർ വർജ്ജിക്കേതാണ്. എന്നാൽ അധർമ്മത്തോട്, പാപത്തിന്റെ ഏതു രൂപത്തോടുമുള്ള നീതിപൂർവ്വമായ അമർഷം എന്ന അർത്ഥത്തിൽ കോപം ഉചിതം തന്നെ. നീതിയുക്തമായ ഈ കോപം സ്നേഹത്താൽ പ്രേരിതമായും തികച്ചും നിയന്ത്രിതമായും വേതെങ്കിലും ആവശ്യമായ സന്ദർഭത്തിൽ അതു പ്രദർശിപ്പിക്കാതിരിക്കുന്നത് തെറ്റാണ്. - Z'96, 279 (R 2068)

* * * * * *

സ്നേഹവും അനുകമ്പയും കൊ് അന്യരുടെ ദൗർബല്യങ്ങൾ കണക്കിലെടുത്ത് കടുംപിടുത്തം ഉപേക്ഷിപ്പാൻ ക്ഷമാശീലൻ പ്രേരിതനാകുന്നതുകൊാണ് അവൻ യുദ്ധവീരനിലും ശ്രേഷ്ഠനാകുന്നത്. സാത്താനെയും ലോകത്തെയും ജഡത്തെയും ഹൃദയത്തിന്റെ കോട്ടകളിൽനിന്ന് കുടിയൊഴിപ്പിക്കാൻ പട്ടണം പിടിക്കുന്നതിന് വേതിലുമധികം അക്ഷീണയത്നവും യുദ്ധതന്ത്രവും ധീരതയും ആവശ്യമായതുകൊാണ് ജിതമാനസൻ പട്ടണം പിടിക്കുന്നവനിലും ശ്രേഷ്ഠൻ എന്നു പറയുന്നത്. ഇപ്രകാരമുള്ള ആത്മസംയമം വാസ്തവമായ ഒരു കീഴടക്കൽ ആണ്. - P'35,31,32.

* * * * * *

**സമാന്തരവേദഭാഗങ്ങൾ : സദൃ.25:28; 1കൊരി.13:4,7; 2കൊരി.6:4-6; ഗലാ.5:22,23; എഫെ.4:1,2,26,31,32; കൊലൊ.1:11;3:12,13; 1തിമൊ.1:16; 2തിമൊ.3:10;4:2; 1ശമു.10:27;24:1-15; മത്താ.27:12-14; 1കൊരി.9:25,27; തീത്തൊ.2:2**

ചോദ്യങ്ങൾ :- ഈ ആഴ്ച എനിക്കു ദീർഘക്ഷമയും ആത്മസംയമവും പാലിക്കാൻ കഴിഞ്ഞോ? എങ്ങനെയുള്ള സാഹചര്യങ്ങളിൽ? അതിനു പ്രതിബന്ധം സൃഷ്ടിച്ചതെന്ത്? അനുകൂലഘടകമെന്തായിരുന്നു? ഫലമെന്തായിരുന്നു?

# മാർച്ച് 15

***നീതിമാൻ വിശ്വാസത്താൽ ജീവിക്കും - എബ്രാ. 10 : 38***

വിശ്വാസത്താൽ ജീവന്റെ ആദ്യസ്പന്ദനം പ്രാപിച്ചാൽ മാത്രം പോരാ; മരണത്തിൽ നിന്ന് ജീവനിലേക്കു കടന്നിരിക്കെ, നമുക്കു വളരാൻ കഴിയേതിന് അതേവഴിയിലൂടെ ആത്മീയപോഷണത്തിലും ശ്രദ്ധാലുക്കളാകണം. സത്യത്തിന്റെ വചനം വഴിയായുള്ള ദൈവാത്മാവിന്റെ മാർഗ്ഗദർശനത്തിലുടെ നാം വിശ്വാസത്താൽ നടക്കണം. വിശ്വാസത്താൽ ജീവിക്കുക എന്നത് ബുദ്ധികൊന്നെപോലെ ഹൃദയംകൊുകൂടെയുള്ളതും വ്യക്തിപരവുമായ ഒരു വിഷയമാണ്. വേദാനുസരണവും അതുകൊുതന്നെ സത്യവുമെന്നു നാം വിശ്വസിക്കുന്ന വേദസിദ്ധാന്തങ്ങൾ അംഗീകരിക്കുക എന്നതിൽ കവിഞ്ഞ ഒന്നാണിത്. സത്യമെന്നു സ്വീകരിക്കപ്പെട്ടിട്ടുള്ള സിദ്ധാന്തങ്ങളുടെ സ്വാംശീകരണമാണത്. അവയുടെ അടിസ്ഥാനതത്ത്വങ്ങൾ നമ്മുടെ തത്ത്വങ്ങളും അവ ഉൾക്കൊള്ളുന്ന വാഗ്ദത്തങ്ങൾ നമ്മുടെ ഉത്തേജനങ്ങളും ആകുമാറ് അവ നമ്മുടെ ജീവിതാനുഭൂതിയാകണം. - Z'95, 92, 93 (R 1798)

* * * * * *

കർമ്മമാർഗ്ഗേണ നിത്യജീവൻ നേടാനുള്ള മനുഷ്യന്റെ യത്നം വീഴ്ച ഭവിച്ച അവസ്ഥയിൽ വിപൽക്കരമാണ്. ക്രിസ്തുവിന്റെ യാഗം അതിൽ വിശ്വസിക്കുന്ന ഏവർക്കും ന്യായപ്രമാണം കൂടാതെയുള്ള നീതി സാധ്യമാക്കിയിരിക്കുന്നു. അതുകൊ് ക്രിസ്തുവിനെ തന്റെ രക്ഷകനായി സ്വീകരിക്കുന്ന ആർക്കും വിശ്വാസത്താൽ നിത്യജീവൻ കണക്കിടപ്പെടുന്നു. അങ്ങനെ നീതിമാൻ ജീവിക്കും. അതായതു വിശ്വാസം വഴി കണക്കിടപ്പെട്ട നിത്യജീവൻ പ്രാപിക്കും. കാഴ്ചപ്രകാരമല്ല, വിശ്വാസത്താൽ ജീവിക്കുന്നതുകൊ് സമർപ്പിതരും വിശ്വാസത്താൽ ജീവിക്കുന്നവരിൽ ഉൾപ്പെടുന്നു. ഒടുവിലായി എല്ലാ തലങ്ങളിലുമുള്ളവർ വിശ്വസ്തത മുഖേന വാസ്തവമായ നിത്യജീവന് ഉടമകളായിത്തീരുന്നു. ഇപ്രകാരം ത്രിവിധമായ അർത്ഥങ്ങളിൽ നീതിമാൻ വിശ്വാസത്താൽ ജീവിക്കും.- P'34, 31.

* * * * * *

**സമാന്തരവേദഭാഗങ്ങൾ : ഹബ.2:4; യോഹ.3:15,16,36;5:24;6:40; റോമ.1:17;3:19-5:1;10:4; ഗലാ.2:16-21;3:5-13,21-26; എഫേ.1:8-10; ഫിലി.3:9; എബ്രാ.11:3-39; യാക്കോ.2:17-26**

ചോദ്യങ്ങൾ :- ഈ ആഴ്ച ഞാൻ വിശ്വാസത്താൽ ജീവിച്ചോ? അതിന് അനുകൂലിച്ചതും പ്രതികൂലിച്ചതും എന്ത്? ഫലമെന്തായിരുന്നു?

# മാർച്ച് 16

***നാം മരണം വിട്ടു ജീവനിൽ കടന്നിരിക്കുന്നു എന്ന് സഹോദരന്മാരെ സ്നേഹിക്കുന്നതിനാൽ നമുക്കറിയാം ..... നാമും സഹോദരന്മാർക്കുവേി ജീവൻ വെച്ചുകൊടുക്കേതാകുന്നു. -1 യോഹ. 3:14,16***

"സഹോദരന്മാർ" എന്നിവിടെ വിശേഷിപ്പിക്കപ്പെടുന്നവരുടെ മാറ്റ് നിശ്ചയിക്കുന്ന ഒടുവിലത്തേതും നിർണ്ണായകവുമായ ഉരകല്ല് സ്നേഹം എന്നതാണ്. ഒരിക്കൽ ഉണർന്ന് സായുധരായി അടർക്കളത്തിൽ നിന്നവരിൽ അനേകരും വീണുപോകുന്നതും ഈ വിഷയത്തിൽതന്നെ, പലരും ഈ വിഷയത്തിൽ പരാജിതരാകയും, ആ ഏക കാരണത്താൽ രാജ്യത്തിലേക്കുള്ള സമൃദ്ധിയായ പ്രവേശനത്തിന് അയോഗ്യരായി എണ്ണപ്പെടുകയും ചെയ്യാം. ആരെങ്കിലും വിശേഷാൽ ദുർബലരും വീണുപോകാവുന്ന നിലയിലുമാണെന്നുകാൽ, നമ്മുടെ ജ്യേഷ്ഠസഹോദരനും നായകനുമായ ക്രിസ്തുവിനെപ്പോലെതന്നെ ക്രൂശിന്റെ യഥാർത്ഥപടയാളി അവനെ നിന്ദിക്കുകയോ ശകാരിക്കുകയോ ചെയ്യരുത്. മറിച്ച് ബലവാന്മാരുടെ സംസർഗ്ഗം കൂടുതൽ പ്രിയങ്കരമെങ്കിലും ബലഹീനരെ തുണയ്ക്കയും അവർക്കായി ജാഗരിക്കയുമാണ് വേത്. - Z'99, 88 (R 2450)

*　　*　　*　　*　　*　　*

നമ്മുടെ നീതീകരണത്തിന്റെയും ആത്മനിറവിന്റെയും തെളിവുകളിൽ ഒന്ന് ക്രിസ്തുയേശുവിന്റെ ശിഷ്യന്മാരായ സഹോദരന്മാരോടു നമുക്കുള്ള സ്നേഹമാണ്. ക്രിസ്തുവഴിയുള്ള ബന്ധംമൂലം സഹോദരന്മാർക്കുവേി നന്ദിയോടെ, ഹൃദയപൂർവ്വം പ്രാണനെ വെച്ചുകൊടുക്കുമാറു സ്വാർത്ഥപരിത്യാഗത്തിന്റെ അളവോളം ഈ ഗുണവിശേഷം കൈവരിച്ചിട്ടുള്ളവർക്കു തങ്ങൾ പരിശുദ്ധാത്മാവു പ്രാപിച്ചവരാണെന്ന് ഉറപ്പിക്കാം. ദൈവഭവനത്തിലെ അംഗങ്ങളായി അംഗീകരിക്കപ്പെട്ട നാം സഹോദരങ്ങൾക്കുവേി നമ്മുടെ പ്രാണനെ വെച്ചുകൊടുക്കുവാൻ കർത്താവിനോടു കടപ്പെട്ടവരാണ്. നാം ഉൾപ്പെട്ടിരിക്കുന്ന ഉടമ്പടി അനുസരിച്ച് ഇതു നമ്മുടെ കടമയാകുന്നു. - P'33, 46.

*　　*　　*　　*　　*　　*

**സമാന്തരവേദഭാഗങ്ങൾ : യോഹ.13:34,35;15:9-19; റോമ.12:9,10; 3:8-10; 1കൊരി.13; ഗലാ.5:13,22; കൊലൊ.2:2;3:12-14; 1തെസ്സ.3:12;4:9; 1പത്രൊ.1:22;2:17;3:8;4:8; 1യോഹ.2:10;3:11,17,18,23;4:7,11,12,20,21**

ചോദ്യങ്ങൾ :- ഈ ആഴ്ച ഞാൻ സഹോദരങ്ങളെ സ്നേഹിക്കയും ശുശ്രൂഷിക്കയും ചെയ്തോ? എങ്ങനെ? എന്തുകൊ്? എന്തായിരുന്നു ഫലം?

# മാർച്ച് 17

***ആ താലന്ത് അവന്റെ പക്കൽ നിന്നെടുത്ത് പത്തു താലന്തുള്ളവനു കൊടുപ്പിൻ. അങ്ങനെ ഉള്ളവന് ഏവനും ലഭിക്കും; അവനു സമൃദ്ധിയും ഉാകും; ഇല്ലാത്തവനോടോ ഉള്ളതുംകൂടെ എടുത്തുകളയും. - മത്താ. 25 : 28,29***

താലന്തു കുഴിച്ചിടലിനെ ദൃഷ്ടാന്തീകരിക്കുന്നതിന് ഈ ഏക താലന്തുകാരനെ ഉദാഹരിച്ചതെന്തുകൊ്? ഏറ്റവും കുറവു ലഭിച്ചവന്റെയും ഉത്തരവാദിത്വം സ്പഷ്ടമാക്കുന്നതിനാണ് ഇത്. അതായത് തന്റെ സമർപ്പിതജനങ്ങളിൽ ഏറ്റവും ചെറിയവർപോലും തങ്ങൾക്കു നൽകപ്പെട്ടിരിക്കുന്ന താലന്തുകളെപ്പറ്റി ബോധവാന്മാരാകുകയും അവ വിനിമയം ചെയ്യുകയും ചെയ്യണമെന്നും തനിക്കും തന്റെ സഹോദരങ്ങൾക്കും സത്യത്തിനും സേവനമനുഷ്ഠിക്കാനുള്ള കഴിവുകളെ എത്ര എളിയതോതിലായാൽപോലും അവഗണിക്കുന്നതിനെ അവൻ കുറ്റകരമായി എണ്ണുന്നു എന്നും കാണിക്കുന്നതിനാണ്. - Z'01, 59 (R 2764)

* * * * * *

ഒരുവന് അവന്റെ പ്രാപ്തിക്കനുസരിച്ച് ശുശ്രൂഷയ്ക്കു ദൈവം നൽകുന്ന അവസരങ്ങളാണ് താലന്തുകൾ. അവസരങ്ങൾ ഉപയോഗപ്പെടുത്തുന്നതിൽ ഉപേക്ഷ കാണിക്കുന്നവർക്ക് അവ പൂർണ്ണമായും നിഷേധിക്കപ്പെടും. അവയെ പ്രയോജനപ്പെടുത്തുന്നവർ തങ്ങൾക്കുള്ളവയെ പിടിച്ചുകൊള്ളുക മാത്രമല്ല, അല്ലാത്തവർക്കും - അലസതകൊു പലതും നഷ്ടപ്പെടുത്തിയവർക്കും കൂടെ - നേട്ടമുാക്കും. ശുശ്രൂഷയ്ക്കുള്ള സുവർണ്ണാവസരങ്ങൾ അപ്പപ്പോൾ എത്തിപ്പിടിക്കുകയും പ്രയോജനപ്പെടുത്തുകയും ചെയ്യാൻ ഇതു നമുക്കു ബുദ്ധ്യുപദേശമാകട്ടെ. - P'32, 30.

* * * * * *

**സമാന്തരവേദഭാഗങ്ങൾ : 1കൊരി.4:1,2; മത്താ.13:12; മർക്കൊ.4:25; ലൂക്കൊ.8:18;12:35-38,42;16:2;19:26; 1കൊരി.15:10; ലേവ്യ.10:1-7; അപ്പൊ.1:20; മത്താ.24:45-51; 1പത്രൊ.4:10**

ചോദ്യങ്ങൾ :- ഈ ആഴ്ച കാര്യവിചാരകൻ എന്ന നിലയിൽ ഞാൻ വിശ്വസ്തനായിരുന്നോ അവിശ്വസ്ഥനായിരുന്നോ? എങ്ങനെ? എന്തുകൊ്? എന്തായിരുന്നു ഫലം.

# മാർച്ച് 18

***ആകയാൽ നിങ്ങളുടെ മനസ്സ് ഉറപ്പിച്ച് നിർമ്മദരായി യേശുക്രിസ്തുവിന്റെ പ്രത്യക്ഷതയിങ്കൽ പൂർണ്ണപ്രത്യാശ വെച്ചുകൊൾവിൻ - 1പത്രൊ. 1 : 13***

സുദീർഘവും അചഞ്ചലവും ദൃഢനിശ്ചിതവുമായ ഒരു ഉദ്യമത്തിനായി "നിങ്ങളുടെ മനസ്സിന്റെ അരകെട്ടി, സുബുദ്ധികളായിരിപ്പിൻ" ആവേശഭരിതരാവുകയോ തത്ഫലമായി നിങ്ങളുടെ ആത്മവീര്യം മുഴുവൻ ചുരുങ്ങിയ സമയത്തിനുള്ളിൽ ചെലവഴിച്ചുതീർന്നിട്ട്, തണുത്തും ഉത്സാഹം ക്ഷയിച്ചും പോകാനിടവരികയോ അരുത്. "ജയിക്കുന്നവന്" വാഗ്ദത്തം ചെയ്യപ്പെട്ടിരിക്കുന്ന മഹാപ്രതിഫലത്തിന് യോഗ്യതയുള്ള ജയാളിയായിത്തീർന്നിരിക്കുന്നു എന്ന് തെളിയിക്കുന്നതിന് ആവശ്യമായ അച്ചടക്കത്തിനും വിശ്വാസത്തിന്റെ പരീക്ഷയ്ക്കും സഹിഷ്ണുതയ്ക്കും കരുതലോടുകൂടിയ സന്നദ്ധത നമുക്കുാകണം. നമ്മുടെ മുമ്പാകെയുള്ള ഓട്ടം ചാഞ്ചാട്ടത്തോടെയല്ല, പിന്നെയോ; "നന്മപ്രവൃത്തിയിൽ സ്ഥിരതയോടെ" വേണം ഓടുവാൻ. - Z'03, 54 (R 3149)

*  *  *  *  *  *

ഒരു വിശ്വാസി തന്റെ അറിവിനെ സദാ സേവനസന്നദ്ധമായ നിലയിൽ അടുക്കിക്രമപ്പെടുത്തി നിലകൊള്ളണം. വികാരചാപല്യമല്ല, സുബദ്ധമായ വിചാരങ്ങളായിരിക്കണം അവന്റെ മനോഗതികളെ ഭരിക്കേത്. ഇപ്രകാരമുള്ള ഒരു ചിത്തവൃത്തി ഉായിരിക്കുന്നപക്ഷം നമ്മുടെ കർത്താവിന്റെ പ്രത്യക്ഷതയുടെ നാളുകളിൽ പ്രാപിപ്പാനിരിക്കുന്ന മഹാപ്രതിഫലത്തെ സംബന്ധിച്ച് അടിയുറച്ച പ്രതീക്ഷ കർത്തൃനാമമഹത്ത്വത്തിനായി പ്രവർത്തിപ്പാനും സഹിപ്പാനും നിരന്തരം നമ്മെ പ്രേരിപ്പിച്ചുകൊിരിക്കും. - P'26, 28.

*  *  *  *  *  *

**സമാന്തരവേദഭാഗങ്ങൾ : ലൂക്കൊ.12:34,35; റോമ.13:13; എഫെ.6:14; 1തെസ്സ.5:6,8; 1കൊരി.1:7; ഫിലി.3:20; തീത്തൊ.2:13; എബ്രാ.6:18,19; 2പത്രൊ.3:2**

ചോദ്യങ്ങൾ :- ഈ ആഴ്ച ഞാൻ സുബുദ്ധിയോടെ, സേവനസന്നദ്ധതയോടെ, ശുഭപ്രതീക്ഷയോടെ നിലകൊുവോ? അഥവാ മറിച്ചായിരുന്നുവോ? അത് എന്നെ എങ്ങനെ ബാധിച്ചു?

# മാർച്ച് 19

***പു നിങ്ങളുടെ അജ്ഞാനകാലത്തുായിരുന്ന മോഹങ്ങളെ മാതൃക യാക്കാതെ നിങ്ങളെ വിളിച്ച വിശുദ്ധനൊത്തവണ്ണം അനുസരണയുള്ള മക്കളായി എല്ലാ നടപ്പിലും വിശുദ്ധരാകുവിൻ - 1 പത്രൊ.1 : 14,15***

നമ്മെ ആകൃതിപ്പെടുത്തുന്നത് ദൈവമാണെന്നും നാം അവന്റെ കര ങ്ങളിൽ അടങ്ങിയിരിക്കയേ വേൂ എന്നും ചിലർ വിചാരിക്കുന്നു. ഇത് ശരി യല്ല, പത്രൊസ് അപ്രകാരമല്ല പറയുന്നത്. ദിവ്യപ്രബോധനങ്ങൾക്കനുസൃ തമായി നാം സ്വയം രൂപവത്ക്കരണം പ്രാപിക്കണമെന്ന് അവൻ ഉപദേശി ക്കുന്നു. നമ്മിലും നമ്മുടെ ചുറ്റുപാടും ചെയ്യേ പലതുമുട്. അവയ്ക്കു നേരെ കണ്ണടച്ചുകൊു കർത്താവു നമുക്കുവേി അത്ഭുതം പ്രവർത്തിക്കട്ടെ എന്നു കാത്തിരിക്കുന്നവർ വല്ലാതെ വഞ്ചിക്കപ്പെട്ടിരിക്കയാണ്. അവർ ശത്രുപക്ഷത്തിനു വൻനേട്ടമാണ് കൈവരുത്തുന്നത്. ഭയത്തോടും വിറയ ലോടുംകൂടി സ്വന്തരക്ഷയ്ക്കായി ഉണർന്നു പ്രവർത്തിക്കാത്ത പക്ഷം ശത്രു നമ്മെ കൈകാലുകൾ ബന്ധിച്ച് ഏറ്റവും പുറത്തെ ഇരുട്ടിൽ തള്ളാൻ ഈ അവസരം വിനിയോഗിക്കും. - Z'03, 55 (R 3150)

* * * * * *

നമ്മുടെ നടപ്പ് പാപത്തിനും സ്വാർത്ഥത്തിനും ലോകമയത്വത്തിനും അറിവില്ലായ്മയ്ക്കും അസത്യത്തിനും അടിയറവച്ച് നാം ഒരിക്കൽ സാത്താന്റെ ദാസന്മാരായിരുന്നു. ഇപ്പോഴാകട്ടെ ദൈവമക്കൾ എന്ന നിലയ്ക്കു നാം അവന്റെ ഇഷ്ടത്തിന് വിധേയരാകണം. അവൻ വിശുദ്ധന ാകുന്നു. ജ്ഞാനം, നീതി, സ്നേഹം, ശക്തി ഇവ ഇണങ്ങിച്ചേർന്ന അവന്റെ ഊനമറ്റ ഹിതം നമ്മുടെ ഹൃദയത്തിൽ സ്ഥാനം പിടിക്കുമ്പോൾ അത് അവന്റെ സ്വഭാവസാദൃശ്യത്തിലേക്കു നമ്മെ രൂപാന്തരപ്പെടു ത്തും. പഴയ സ്വഭാവവും പുതിയസ്വഭാവവും തമ്മിലുള്ള വൈരുദ്ധ്യം രാവും പകലും തമ്മിലുള്ളതിലും അധികമായിരിക്കും. - P'36, 31.

* * * * * *

**സമാന്തരവേദഭാഗങ്ങൾ : ഗലാ.4:6;3:26; റോമ.12:2;8:14-16; 1പത്രൊ.4:2; 1യോഹ.2:15;3:3; ലൂക്കൊ.1:74,75; എഫെ.2:10; 1കൊരി.2:12; 6:9-11; 2കൊരി.7:1; 1തെസ്സ.4:7; എബ്രാ.12:14; 2പത്രൊ.3:11; കൊലൊ.1:22; ലേവ്യ.11:44;19:2**

ചോദ്യങ്ങൾ :- ഈ വാക്യത്തിന്റെ അടിസ്ഥാനത്തിൽ എന്തായിരുന്നു ഈ ആഴ്ചത്തെ അനുഭവങ്ങൾ? അവയെ എങ്ങനെ നേരിട്ടു? ഫലമെന്തായി രുന്നു?

# മാർച്ച് 20

***എന്റെ വചനത്തിൽ നിലനിൽക്കുന്നുവെങ്കിൽ നിങ്ങൾ വാസ്തവമായി എന്റെ ശിഷ്യന്മാരായി, സത്യം അറിയുകയും സത്യം നിങ്ങളെ സ്വതന്ത്രരാക്കുകയും ചെയ്യും. -യോഹ. 8 : 31,32***

ദിവ്യസത്യം ദൈവനിയുക്തമായ മുഖാന്തരങ്ങളിലല്ലാതെ കാണപ്പെടുകയില്ല! കർത്താവും അപ്പൊസ്തൊലന്മാരും പ്രവാചകന്മാരുമാണ് ആ മുഖാന്തരങ്ങൾ. അവരുടെ നിശ്വസ്തവചനങ്ങളിൽ പ്രതിപാദിതമായ ഉപദേശസത്യങ്ങളിൽ നിലകൊള്ളുക, അവയെ പഠിക്കുകയും ധ്യാനിക്കുകയും ചെയ്യുക, അവയെ കലവറകൂടാതെ വിശ്വസിക്കുക, നമ്മുടെ സ്വഭാവത്തെ അവയ്ക്കനുരൂപമാക്കുക എന്നിവയാണ് അവന്റെ വചനത്തിൽ നിലനിൽക്കുക എന്നതിനർത്ഥം. തീക്ഷ്ണതയുള്ള പരമാർത്ഥശിഷ്യന്മാരെന്ന നിലയിൽ നാം കർത്തൃവചനത്തിൽ നിലനിൽക്കുന്നുവെങ്കിൽ നാം വാസ്തവമായി "സത്യം അറിയുകയും", "നാം വിശ്വാസത്തിൽ ഉറപ്പുള്ളവരും", നമ്മിലുള്ള "പ്രത്യാശയെക്കുറിച്ച് ന്യായം പറയാൻ പ്രാപ്തിയുള്ളവരും", "വിശുദ്ധന്മാർക്ക് ഒരിക്കലായി ഭരമേൽപ്പിച്ചിരിക്കുന്ന വിശ്വാസത്തിനു വേി എരിവോടെ പോരാടുന്നവരും", "നല്ല പോർപൊരുതുന്നവരും", "നല്ല സ്വീകാരത്തിന് സാക്ഷികളും" അവസാനത്തോളം "ക്രിസ്തുവിന്റെ നല്ല ഭടന്മാരെന്ന നിലയിൽ കഷ്ടം സഹിക്കുന്നവരും" ആയിരിക്കും. - Z'03, 61 (R 3153)

*　　*　　*　　*　　*　　*

സത്യമെന്നത് ദൈവത്തിന്റെ വചനമാകുന്നു എന്നു കർത്താവു നമുക്ക് ഉറപ്പു നൽകുന്നു. അവന്റെ വചനത്തിൽ നിലനിൽക്കുന്നവർ, അതായത് അവന്റെ വചനത്തിന്റെ പഠനത്തിലും അനുഷ്ഠാനത്തിലും തുടർന്നുപോകുന്നവർ അനുകൂലമായി പ്രതികരിക്കുന്ന മനസ്സിൽ പതിയുന്ന അതിന്റെ സ്വയം സ്പഷ്ടമായ ശക്തികൊ് അതു സത്യമെന്ന് ഒടുവിലായി അറിയും. ഇത് അവരെ ക്രിസ്തുവിന്റെ യഥാർത്ഥശിഷ്യന്മാരാക്കും. ഹൃദയം വചനത്തിനു വിധേയമാകുമ്പോൾ അവർ പാപത്തിൽനിന്നും സ്വാർത്ഥത്തിൽനിന്നും ലോകമയത്വത്തിൽനിന്നും അസത്യത്തിൽനിന്നും വിമോചിതരാകും. കൂടാതെ നീതി, സത്യം, സ്നേഹം, സ്വർഗ്ഗീയമനസ്സ് ഇവ പരിശീലിക്കുന്നതിൽ അവർ സ്വതന്ത്രരായിരിക്കുകയും ചെയ്യും. - P'30, 30.

*　　*　　*　　*　　*　　*

**സമാന്തരവേദഭാഗങ്ങൾ : ഉല്പ.18:19; പുറ.19:5;24:7; സംഖ്യാ.9:23; 14:24; നെഹെ.1:5; സങ്കീ.1:2;99:7;111:10;143:10; യെശ.1:19; മത്താ.5:19;13:23; ലൂക്കൊ.6:46-48; യോഹ.8:36;14:15**

ചോദ്യങ്ങൾ :- ഈ ആഴ്ച ഈ വാക്യം എന്നെ സംബന്ധിച്ച് എങ്ങനെ പ്രവർത്തിച്ചു? എന്തുകൊ്? ഫലമെന്തായിരുന്നു?

# മാർച്ച് 21

***നിങ്ങളുടെ ശത്രുക്കളെ സ്നേഹിപ്പിൻ; നിങ്ങളെ ശപിക്കുന്നവരെ അനുഗ്രഹിപ്പിൻ; നിങ്ങളെ പകയ്ക്കുന്നവർക്കു ഗുണം ചെയ്വിൻ, നിങ്ങളെ ഉപദ്രവിക്കുന്നവർക്കുവേി പ്രാർത്ഥിപ്പിൻ - മത്താ. 5 : 44***

ശത്രുക്കളുടെ നേർക്കുള്ള നമ്മുടെ ഹൃദയഗതി പരിശോധിക്കുന്നതിന് ഒരു വഴി ഇവിടെ നാം കാണുന്നു. തങ്ങൾക്കു നേരിട്ട മാർഗ്ഗഭ്രംശം മനസ്സിലാക്കി അതിന്മേൽ വിജയം നേടുന്നതിന് കഴിയുമാറ് നിങ്ങൾ അവരോടു ദയാപൂർവ്വം പെരുമാറുകയും കഴിവിനൊത്തു സഹായകരമായി വർത്തിക്കുകയും ചെയ്യുമോ? അവർക്കുവേി അലിവോടെ പ്രാർത്ഥിക്കുകയും അവരുടെ ബല ഹീനതകളെയും അജ്ഞതകളെയും അപക്വതകളെയും ക്ഷമയോടെ സഹിക്കു കയും ഉത്തമദൃഷ്ടാന്തം വഴി ശ്രേഷ്ഠതരമായ ഒരു വഴി അവർക്കു കാണിച്ചുകൊ ടുക്കാൻ ശ്രമിക്കുകയും ചെയ്യുമോ? ഇങ്ങനെ ചെയ്യുന്ന പക്ഷം നിങ്ങൾ പക യ്ക്കുന്നത് പാപിയെ അല്ല, പാപത്തെയാണ്. നിങ്ങൾ പാപിയെ അല്ല, പ ാപത്തെയാണ് വെറുക്കേത്. പാപവും പാപിയും തമ്മിൽ അഭേദ്യമാംവിധം ഏകീ ഭവിച്ചിരിക്കുന്നു എന്ന് ദൈവത്തിന്റെ പ്രമാദാതീതമായ വിധി ഉാകുംവരെ ഒരു സഹോദരമനുഷ്യനോടുള്ള സ്നേഹബന്ധത്തെ വിട്ടുകളയരുത്. - Z'91, 141 (R 1330)

* * * * * *

ശത്രുക്കളെ സ്നേഹിക്കുന്നതിലാണ് സ്നേഹത്തിന്റെ സമ്പൂർത്തി. ശത്രു ക്കളെ സ്നേഹിക്കുക എന്നതിലുപരിയായി പരിപോഷിപ്പിക്കാൻ ശ്രമകരമായ മറ്റൊരു സ്നേഹധർമ്മവുമില്ല. ശത്രുക്കളെ സ്നേഹിക്കാനും അനുഗ്രഹിക്കാനും അവർക്കു നന്മചെയ്യാനും അവർക്കുവേി പ്രാർത്ഥിപ്പാനും കഴിയുന്നവർ സ്വഭാവം സംബന്ധിച്ച് സമ്പന്നരാണ്. ഈ സ്വഭാവം അവസാനത്തോളം മുറുകെപ്പിടിച്ചുകൊള്ളുന്നവന് നിത്യരാജ്യത്തിലേക്കുള്ള പ്രവേശനം സുനിശ്ചിത മാണ്. ദൈവത്തോടും ക്രിസ്തുവിനോടും സഹോദരങ്ങളോടും, മനുഷ്യരാശി യോടുമുള്ള ഉത്തമമായ സ്നേഹം ഇതിൽ അന്തർഭവിച്ചിരിക്കുന്നു. ഇവയുടെ ആകെത്തുകയാണ് ഊനമറ്റ സ്നേഹം - P'35, 32.

* * * * * *

**സമാന്തരവേദഭാഗങ്ങൾ : പുറ.23:4,5; സദൃ.20:22;24:29;25:21; ലൂക്കൊ.6:27,35; റോമ.12:14,17,19,20; മത്താ.5:10-12,45-47; ലൂക്കൊ.23:34; അപ്പൊ.7:60; 1കൊരി.4:12,14; 1പത്രൊ.2:23**

ചോദ്യങ്ങൾ :- ഈ ആഴ്ച ഈ വാക്യം എനിക്കു എങ്ങനെ ഉപകരിച്ചു? ഇതിന്റെ വെളിച്ചത്തിൽ ഞാൻ എങ്ങനെ പ്രതികരിച്ചു? സഹായകമായി വർത്തിച്ചതെന്ത്? പ്രതിബന്ധമായി വർത്തിച്ചതെന്ത്? എന്തു ഫലമുായി?

# മാർച്ച് 22

***നാം നമ്മെത്തന്നെ വിധിച്ചാൽ വിധിക്കപ്പെടുകയില്ല. വിധിക്കപ്പെടുന്നു എങ്കിലോ, നാം ലോകത്തോടുകൂടെ ശിക്ഷാവിധിയിൽ അകപ്പെടാതിരിക്കേതിന് കർത്താവു നമ്മെ ബാലശിക്ഷ കഴിക്കയാകുന്നു. - 1കൊരി. 11 : 31,32.***

ക്രിസ്ത്യാനികൾ എന്ന നിലയിൽ ലോകത്തോടും ജഡത്തോടും പിശാചിനോടുമുള്ള നിരന്തരപോരാട്ടത്തിൽ നേരിട്ട ജയാപജയങ്ങളെ എങ്ങനെ, എപ്പോൾ, എവിടെ സംഭവിച്ചു എന്നു തിട്ടപ്പെടുത്തുന്നത് കർത്താവിനെ പ്രസാദിപ്പിക്കുക എന്ന ഏക ലക്ഷ്യത്തോടെ പ്രവർത്തിക്കുന്നവർക്കു നിശ്ചയമായും പ്രയോജനകരമായിരിക്കും. ആത്മീയ യിസ്രയേൽ തങ്ങളുടെ മഹാപുരോഹിതനോടു ദിനംതോറും നാഴികതോറുമുള്ള അടുപ്പത്തിൽ ജീവിക്കേതാണ്. മനസ്സാക്ഷിയിലെ നിസ്സാരമായ കറപോലും കഴുകിക്കളയപ്പെടുന്നതിന് വീടെുപ്പുകാരന്റെ രക്തത്തിൽ നിരന്തരം അഭയപ്പെടണം. അങ്ങനെ നമ്മുടെ കർത്താവിനാൽ കണക്കിടപ്പെടുന്ന നീതിയിൻവസ്ത്രം മലിനപ്പെടാതെ, കറയുടെ കണികപോലും തുടച്ചുനീക്കപ്പെട്ട്, "കളങ്കമോ ചുളുക്കമോ അങ്ങനെയുള്ള എന്തെങ്കിലുമോ" ഇല്ലാതെ ഇരിപ്പാൻതന്നെ - Z'03, 3, 4 (R 3125)

* * * * * *

തന്നെത്തന്നെ വിധിക്കുക എന്നതിനർത്ഥം ദൈവസ്നേഹത്തിൽ നിലനിൽക്കാൻ സഹായകമാകുമാറ് സ്വന്തം നടത്തയെ ശോധന ചെയ്യുകയും ഗുണദോഷവിചാരം നടത്തുകയും ചിട്ടപ്പെടുത്തുകയും ചെയ്യുക എന്നാണ്. അങ്ങനെ ചെയ്യുന്നവർ വിശ്വസ്തരാകയാൽ അവരെ കൂടെക്കൂടെ ശിക്ഷയുടെ വടികൊ് തെളിച്ചുകൊിരിക്കേതില്ല, എന്നാൽ ഇപ്രകാരമുള്ള പ്രവർത്തനങ്ങളിൽ നമുക്കു മാർഗ്ഗഭ്രംശം നേരിടുന്നപക്ഷം നമ്മെ നേർവഴിയിലേക്കു തിരിക്കാൻ, നാം ദുർമാർഗ്ഗികളാകാതിരിക്കാൻ, നമ്മുടെ മാനസികപരിവർത്തനം ഭദ്രമാക്കാൻ കർത്താവിനു ദണ്ഡനത്തിന്റെ വടി പ്രയോഗിക്കേിവരും. - P'34, 31.

* * * * * *

**സമാന്തരവേദഭാഗങ്ങൾ : ഇയ്യോ.13:23; സങ്കീ.4:4;19:12;26:2;77:6; 119:59;139:23,24; യിരെ.17:9; വിലാ.3:40; ഹഗ്ഗാ.1:7; മത്താ.26:22; 1കൊരി.5:7,8;11:27-29; 2കൊരി.13:5; ഗലാ.6:3; സങ്കീ.32:5;94:12; എബ്രാ.12:5-13; 1പത്രൊ.2:20; വെളി.2:5,16;3:2,3,19**

ചോദ്യങ്ങൾ :- ഈ വാക്യത്തിന്റെ അടിസ്ഥാനത്തിൽ എന്തായിരുന്നു ഈ ആഴ്ചയിലെ അനുഭവം? അവയെ എങ്ങനെ നേരിട്ടു? ഫലമെന്തായിരുന്നു?

# മാർച്ച് 23

***നിങ്ങൾ നിന്ദകളാലും പീഡകളാലും കൂത്തുകാഴ്ചയായി ഭവിച്ചും ആ വക അനുഭവിക്കുന്നവർക്കു കൂട്ടാളികളായിത്തീർന്നും ഇങ്ങനെ കഷ്ട ങ്ങളാൽ വളരെ പോരാട്ടം കഴിച്ച പൂർവ്വകാലം ഓർത്തുകൊൾവിൻ. -*** *എബ്രാ. 10 : 32,33*

ഏറ്റവും ശക്തരായ സഹോദരങ്ങൾക്കും മറ്റുള്ളവരുടെ സഹാ യവും പ്രോത്സാഹനവും സഹകരണവും ആവശ്യമാണ്. നമുക്കു നമ്മിൽതന്നെ പൂർണ്ണസ്വയംപര്യാപ്തത അനുഭവപ്പെടാതെയും, കർത്താ വിൽ നാം ചാരുമ്പോൾപോലും മുന്തിരിത്തോട്ടത്തിലെ കൂട്ടുവേലക്കാ രുടെ സഹകരണവും പ്രോത്സാഹനവും സഹതാപവും സ്നേഹവും ആവശ്യമെന്നു തോന്നത്തക്കവിധവുമാണ് കർത്താവു കാര്യങ്ങൾ ക്രമപ്പെ ടുത്തിയിരിക്കുന്നത്. സുവിശേഷയുഗത്തിൽ, ഏതെങ്കിലും അളവിൽ പക ലത്തെ അദ്ധ്വാനവും അത്യുഷ്ണവും അനുഭവപ്പെട്ടിട്ടുള്ള ആർക്കാണ് ഈ വസ്തുതയോട് വിയോജിക്കാൻ കഴിയുക? പ്രവർത്തനത്തിന് തനിച്ചു വലിയ അളവിൽ പ്രാപ്തിയോ അവസരമോ ലഭിച്ചിട്ടില്ലാത്ത ദൈവമക്കൾക്കും സുവിശേഷവയലിൽ സഹപ്രവർത്തകരും സഹായി കളും ആയിരിക്കാൻ കഴിയും - Z'30, 40 (R 3143)

* * * * * *

കർത്താവിന്റെ ജനം സത്യത്തിനുവേി കഷ്ടമനുഭവിക്കേിവരുന്നത് ഇരുവിധത്തിലാകാം. അവർ അതിന്റെ പ്രാമാണ്യം ഉയർത്തിപ്പിടിക്കുന്ന തിൽ അതിന്റെ എതിരാളികളിൽനിന്ന് ഒട്ടുവളരെ അപഹാസങ്ങളും നിര വധി ക്ലേശങ്ങളും തങ്ങളുടെമേൽ ക്ഷണിച്ചുവരുത്തുന്നു. മറ്റുള്ളവർ ഇങ്ങനെ പീഡാനുഭവത്തിനു വിധേയരാക്കപ്പെടുന്ന പ്രാമാണികരായ സഹോദരങ്ങളുടെ ഭാഗത്തു നിലയുറപ്പിച്ചുകൊ് തങ്ങൾക്കുതന്നെ ബഹു വിധമായ ഉപദ്രവങ്ങൾക്കു വഴിയൊരുക്കുന്നു. കർത്താവിനുവേിമനസാ വരിക്കുന്ന കഷ്ടാനുഭവങ്ങൾ അവന്റെ ദൃഷ്ടിയിൽ വിലയേറിയതാണ്. - P'33, 46.

* * * * * *

**സമാന്തരവേദഭാഗങ്ങൾ : ഗലാ.3:4; 2യോഹ.8; 2കൊരി.4:8-18; ഫിലി.1:29,30; കൊലൊ.2:1; സങ്കീ.71:7; അപ്പൊ.16:22-31; 17:5-9; 1കൊരി.4:9; എബ്രാ.11:36; ഫിലി.1:7; 4:14; 1തെസ്സ.2:14**

ചോദ്യങ്ങൾ :- ഈ ആഴ്ച എനിക്ക് ഉപദ്രവങ്ങൾ നേരിട്ടോ? നീതിക്കുവേ ി പീഡിപ്പിക്കപ്പെട്ടവരോടൊത്ത് നിലകൊള്ളാൻ എനിക്കു കഴിഞ്ഞോ? എങ്ങനെ? എന്തുകൊ്? എന്തായിരുന്നു ഫലം?

# മാർച്ച് 24

***ഞാൻ നിന്നെ ഒരുനാളും കൈവിടുകയില്ല, ഉപേക്ഷിക്കയുമില്ല - എബ്രാ. 13 : 5***

അങ്ങനെയെങ്കിൽ മനുഷ്യൻ നമ്മോട് എന്തുചെയ്യുമെന്ന് ഭയപ്പെടുകയോ പിശാചോ മറ്റേതെങ്കിലും ദുഷ്ടശക്തിയോ കർത്താവിന്റെ പ്രവർത്തനങ്ങൾക്കെതിരെ പ്രബലപ്പെടുമെന്ന് അസ്വസ്ഥരാകയോ ചെയ്യുന്നതെന്തിന്? എന്നിരുന്നാലും നമ്മുടെ ഭക്തി തീക്ഷ്ണതകൊുമാത്രമല്ല,വിവേകം കൊും പ്രകടമാകണം. അതുകൊ് മുഴുവൻ ഉത്തരവാദിത്വവും നമ്മിൽ നിക്ഷിപ്തമായിരിക്കുന്നു എന്ന നിലയിൽവേണം നാം കർത്തൃവേലയിൽ വ്യാപൃതരാകാൻ. അതേസമയം മനസ്സുകൊു മുഴുവൻ ഭാരവും ചുമതലയും കർത്താവിനാണെന്ന് അംഗീകരിക്കയും വേണം. “എന്റെ പ്രവൃത്തി പൂർത്തിയാകും വരെ ഞാൻ അമരനാണ്” എന്ന് പ ാരോ പറഞ്ഞിട്ടു്. കർത്തൃസേവനത്തിൽ വ്യാപൃതരായിരിക്കുന്ന എല്ലാവരെ സംബന്ധിച്ചും പ്രത്യേകമായി ഇതു ശരിയാണെന്ന് നാം മനസ്സിലാക്കണം. “യഹോവയുടെ ദൃഷ്ടിയിൽ അവന്റെ ഭക്തന്മാരുടെ മരണം വിലയേറിയതാകുന്നു.” - Z'03, 41 (R 3144)

* * * * * *

ഐഹികമായ സമസ്തവും നഷ്ടപ്പെടുമ്പോൾ അതിനെല്ലാം പരിഹാരമാകുമാറ് ആ നഷ്ടങ്ങളെയെല്ലാം പതിന്മടങ്ങ് അതിശയിപ്പിക്കുന്ന അനുഗ്രഹങ്ങൾ കർത്താവിന്റെ വിശ്വസ്തരായ അനുയായികൾ കത്തെുന്നു. ലോകത്തിന് അറിഞ്ഞുകൂടാത്തതും അതിന് തരുവാനോ അപഹരിപ്പാനോ കഴിയാത്തതുമായ കർത്തൃസാന്നിദ്ധ്യബോധം ഇരുളിന്റെ നാഴികകളിൽ അവനു പ്രോത്സാഹജനകമാകുകയും അവന്റെ ദുഃഖങ്ങളെ ആനന്ദമാക്കി മാറ്റുകയും ചെയ്യുന്നു. എന്തെന്നാൽ ദൈവം അവനോടുകൂടെയുന്നെും അവനെ വിട്ടുപോകുകയോ ഉപേക്ഷിക്കുകയോ പരാജിതനാകാൻ അനുവദിക്കുകയോ ചെയ്കയില്ലെന്നും അവൻ അറിയുന്നു. - P'32, 30.

* * * * * *

**സമാന്തരവേദഭാഗങ്ങൾ : ഉല്പ.28:15; പുറ.33:14; സംഖ്യാ.6:24-26; ആവ.31:6,8; യോശു.1:5,7,9; 1ദിന.28:20; സങ്കീ.37:25; യെശ.41:10,13;49:13-16; മത്താ.28:20; യോഹ.14:1-3,16-18,26;16:7,13; 2കൊരി.13:14**

ചോദ്യങ്ങൾ :- ഈ ആഴ്ചയിലെ ഏതനുഭവമാണ് കർത്താവിൽനിന്ന് തത്സമയം ലഭിക്കുന്ന സഹായത്തിന് തെളിവായത്? ഞാൻ അവയെ എങ്ങനെ സ്വീകരിച്ചു? എന്തായിരുന്നു ഫലം?

# മാർച്ച് 25

***എന്നാൽ പ്രിയമുള്ളവരേ, നിങ്ങൾ മുമ്പുകൂട്ടി അറിഞ്ഞിരിക്കകൊ് അധർമ്മികളുടെ വഞ്ചനയിൽ കുടുങ്ങി സ്വന്തസ്ഥിരതവിട്ടു വീണുപോകാതിരിക്കാൻ സൂക്ഷിച്ചുകൊൾവിൻ. കൃപയിലും നമ്മുടെ കർത്താവും രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ പരിജ്ഞാനത്തിലും വളരുവിൻ - 2 പത്രൊ. 3 : 17,18***

ദൈവത്തിന്റെ വാഗ്ദത്തങ്ങളെ നാം കുറിക്കൊള്ളുകയും വിശ്വാസത്താൽ അവയെ നമ്മോടു ബന്ധിപ്പിക്കുകയും അവയുടെ നിവൃത്തി നമ്മുടെ ജീവിതത്തിൽ വിവേചിക്കുന്നതിന് മനസ്സുവയ്ക്കുകയും ചെയ്യുമ്പോൾ നാം പരിജ്ഞാനത്തിൽ വളരുന്നു. കാരണം ഏതു തുറയിൽപ്പെട്ട ജ്ഞാനവും പരമാർത്ഥഹൃദയത്തോടെ ഉൾക്കൊ് തദനുസരണമായ അനുസരണവും, നീതി അഥവാ സദ്ഗുണങ്ങളും വിളയിക്കാതിരുന്നാൽ അറിവിന്റെ അടുത്തപടിയിലേക്കു പ്രവേശിക്കാൻ നാം ഒരുക്കപ്പെടുകയില്ല. അങ്ങനെ നമ്മുടെ പുരോഗതി നിലയ്ക്കുകയോ, ഒരുവേള നാം പിന്നാക്കം തിരിയുകയോ ചെയ്യാം. പരിജ്ഞാനത്തിൽ നേരിടുന്ന നഷ്ടം കൃപയുടെ സാരമായ നഷ്ടത്തിലേക്കു നയിക്കുന്നതുപോലെ കൃപയുടെ നഷ്ടം സമാന്തരമായി പരിജ്ഞാനത്തിന്റെ നഷ്ടത്തിനു വഴിതെളിക്കുന്നു. നമ്മിലുള്ള നന്മ അഥവാ ദൈവകൃപ ലോകമയത്വത്തിന് അഥവാ പാപത്തിന് അടിപ്പെട്ടുപോകുമ്പോൾ കർത്താവിന്റെ വചനത്തിലെ വാഗ്ദത്തങ്ങൾ മങ്ങിയും വിസ്മൃതമായും നാം ഇരുളിലേക്കു നീങ്ങും. - Z'03, 70 (R 3156)

*   *   *   *   *   *

മുന്നറിയിപ്പ് എന്നാൽ മുൻകരുതൽ എന്നാണർത്ഥം. ഈ ദുഷ്ക്കാലത്ത് വരുവാനുള്ള തിന്മകളെ സംബന്ധിച്ച് അവൻ നമുക്കു മുന്നറിയിപ്പു നൽകുന്നു. നാം ശരിയായ ആത്മാവിൽ അവയെ അഭിമുഖീകരിക്കുന്ന പക്ഷം അവ നമുക്കു ദോഷകരമാകയില്ല. എന്നാൽ നാം അങ്ങനെ ചെയ്യാത്തപക്ഷം ദുഷ്ടന്റെ വഞ്ചനകളെന്ന നിലയിൽ അവ നമ്മെ നിശ്ചയമായും കെണിയിൽ അകപ്പെടുത്തും. നമുക്കു പ്രതിഫലം നഷ്ടപ്പെടുകയും ചെയ്യും. നമ്മുടെ കർത്താവിന്റെ കൃപയിലും പരിജ്ഞാനത്തിലും ദിനംപ്രതി വളരുക എന്നതു മാത്രമാണ് ഈ തിന്മകളുടെ മദ്ധ്യേ നമ്മുടെ ഭദ്രമായ അഭയസ്ഥാനം. - P'26, 28.

*   *   *   *   *   *

**സമാന്തരവേദഭാഗങ്ങൾ : സദൃ.4:14; മർക്കൊ.13:23; 2പത്രൊ.1:10-12; 2:18; 1കൊരി.15:58; ഗലാ.5:1; എഫെ.4:14,15; 1തിമൊ.4:1,2; 1പത്രൊ.2:2; 1യോഹ.2:18-21,26**

ചോദ്യങ്ങൾ :- സംഭവിക്കാനിരുന്ന ദുരവസ്ഥകളെക്കുറിച്ചുള്ള മുന്നറിവ് എങ്ങനെ ഉപകരിച്ചു? കൃപയിലും പരിജ്ഞാനത്തിലും ഞാൻ എത്രത്തോളം വളർന്നു? എങ്ങനെ? എന്തിന്? എന്തായിരുന്നു ഫലം?

# മാർച്ച് 26

***നാം രാത്രിക്കും ഇരുളിനുമുള്ളവരല്ല. ആകയാൽ ശേഷമുള്ളവരെ പോലെ ഉറങ്ങാതെ ഉണർന്നും സുബോധമായുമിരിക്ക - 1തെസ്സ. 5 : 5,6***

ക്രിസ്ത്യാനി കർത്താവിന്റെ ശിഷ്യൻ എന്ന നിലയിൽ, ക്രിസ്തുവിന്റെ പാഠശാലയിലെ വിദ്യാർത്ഥി എന്ന നിലയിൽ, സഹസ്രാബ്ദരാജ്യത്തിൽ ഒരു സ്ഥാനം നേടുവാനായി, അതിന്റെ അതിശയകരമായ അനുഗ്രഹങ്ങൾക്കും പ്രതിഫലങ്ങൾക്കും ഉള്ള പങ്കാളിത്തത്തിനായി ഒരുക്കപ്പെടുന്നു. കർത്താവിന്റെ ജനം ഉണർന്നിരിക്കണം, ഉറങ്ങുന്നവരുടെ കൂട്ടത്തിലായിരിക്കരുത് എന്ന തിരുവെഴുത്തിന്റെ നിരന്തരമായ ഉദ്ബോധനത്തിന്റെ ആവശ്യം ഇവിടെ നാം കാണുന്നു. അതുകൊ് അവർ അലസന്മാരുടെ കൂട്ടത്തിലാകരുത്. ഇഹലോകചിന്താകുലങ്ങളാൽ ഭാരപ്പെടുന്നവരാകരുത്. മറിച്ച്, ആത്മാവിൽ എരിവുള്ളവരായി കർത്താവിനെ സേവിക്കുന്നവരാകണം. കർത്തൃഹിതവുമായി ഏറ്റം അടുത്ത പൊരുത്തം, കഴിയുന്നതുപോലെ ദിവ്യമാതൃകയോടുള്ള സാരൂപ്യം, ഇതാണ് പ്രഥമകർത്തൃസേവനം. വിളിക്കപ്പെട്ട മറ്റുള്ളവരെ ഉപദേശവും ദൃഷ്ടാന്തവും വഴി, അതേ ഇടുക്കുവഴിയിലൂടെ നടക്കാൻ സഹായിക്കുക എന്നതാണ് രാമത്തേത്. - Z'03, 70 (R 3155)

*            *            *            *            *            *

വേദാനുസരണമായ സാദൃശ്യമനുസരിച്ച് രാത്രി പാപത്തിന്റെയും അന്ധകാരം അസത്യത്തിന്റെയും പ്രതീകങ്ങളാണ്. സാത്താന്റെ കർത്തൃത്വത്തിന് കീഴ്പ്പെട്ടു നിസ്സഹായരായ മനുഷ്യരാശി ഇവയ്ക്കടിമകളായിരിക്കുന്നു. ഇങ്ങനെയുള്ള ഇരുളിലും കർത്താവിന്റെ വെളിച്ചം പ്രകാശിക്കയും ലോകത്തിൽ നിന്നു വ്യത്യസ്തമായി ചിലർ ഉണർത്തപ്പെടുകയും ചെയ്തുപോരുന്നു. ആ പ്രകാശകിരണങ്ങൾ ദർശിച്ച് അതിനെ അനുയാത്രചെയ്തവർ നീതിയിലേക്കും സത്യത്തിലേക്കും ആനയിക്കപ്പെട്ടിരിക്കുന്നു. കർത്തൃജനമായ ഇവർ വെളിച്ചത്തെ സംബന്ധിച്ചു സദാ ജാഗരൂകരായിരിക്കയും അതിൽ നടക്കുകയും ചെയ്യുന്നു. - P'36, 31.

*            *            *            *            *            *

**സമാന്തരവേദഭാഗങ്ങൾ:റോമ.13:11-13; എഫെ.5:8,11,14; കൊലൊ.1:12, 13;3:8; എഫെ.6:13-18; 1തെസ്സ.5:1-4,7,8; ഫിലി.4:8; യെശ.9:2; മത്താ.25:5; 1യോഹ.2:8; 1പത്രൊ.5:8,9**

ചോദ്യങ്ങൾ :- ഈ ആഴ്ച ഈ വാക്യം എനിക്ക് എങ്ങനെ ഉപകരിച്ചു? എന്തുകൊ്? അങ്ങനെ സംഭവിച്ചതെങ്ങനെ? ഫലമെന്തായിരുന്നു?

# മാർച്ച് 27

***അവർ എല്ലാവരും ഒന്നായിരിക്കേതിനും ..... അവർ ഐക്യത്തിൽ തികഞ്ഞവരായിരിക്കേതിനും.... നീ എന്നെ സ്നേഹിക്കുന്നതുപോലെ അവരെയും സ്നേഹിക്കുന്നു എന്ന് ലോകം അറിയേതിനും ഞാൻ അവർക്കുവേി പ്രാർത്ഥിക്കുന്നു - യോഹ. 17 : 20-23***

ഇത് എങ്ങനെ സാധ്യമാകുമെന്ന് നാം ആശ്ചര്യപൂർവ്വം ചിന്തിച്ചുപോകും. നമ്മുടെ കർത്താവായ യേശു പിതാവുമായി സദാ സമ്പൂർണ്ണമായ പൊരുത്തം പാലിച്ചുപോന്നു. അതായത് പിതൃമഹത്വം ദീപ്തിമത്തായി പ്രതിഫലിപ്പിച്ച പുത്രനായിരുന്നു അവൻ. എന്നാൽ നമ്മുടെ നില ഇക്കാര്യത്തിൽ വ്യത്യസ്തമാണ്. നാം പാപികളായിരുന്നു. സ്നേഹിക്കപ്പെടാൻ അയോഗ്യരായിരുന്നു. എന്നാൽ നാം കഴുകി വെടിപ്പാക്കപ്പെട്ടിരിക്കുന്നു. ഇപ്പോഴും നമ്മുടെ മൺപാത്രങ്ങൾ എത്രമേൽ അപൂർണ്ണമായിരുന്നാലും ഹൃദയങ്ങളെ വായിക്കാൻ കഴിയുന്ന കർത്താവിന്റെ ദൃഷ്ടിയിൽ നമ്മുടെ ഹൃദയം കുറ്റമറ്റതായിരിക്കുന്നു. അപൂർണ്ണമായ ജഡത്തിന്റെ ബലഹീനതകളെയും അശക്തികളെയും വെല്ലാൻ യത്നിക്കുകയും, ശ്രമകരമെങ്കിലും നിശ്ചയദാർഢ്യത്തോടെ അവന്റെ ഇഷ്ടം പാലിക്കാൻ പരിശ്രമിക്കുകയും, വീഴ്ചയിൽനിന്നുള്ള വിമോചനത്തിന് ദൈവം കൈക്കൊിരിക്കുന്ന മാർഗ്ഗങ്ങളിൽ വിനയപൂർവ്വം വിശ്വാസമർപ്പിക്കുകയും ചെയ്യുകവഴി നമ്മിൽ ഊനമില്ലാത്ത ഒരു ഹൃദയം അഥവാ ഉദ്ദേശ്യശുദ്ധി അവൻ കാണുന്നു, തന്റെ സ്നേഹത്തിന് പാത്രമാകാനുള്ള നമ്മുടെ അർഹത അവൻ ദർശിക്കുന്നു. - Z'03, 79 (R 3160)

* * * * * *

അനുഗൃഹീതമായ ചിന്താശകലം! ക്രിസ്തുയേശുവിന്റെ ശിഷ്യന്മാർ എന്ന നിലയിൽ, ദൈവപുത്രനെക്കുറിച്ചുള്ള പരിജ്ഞാനത്തിലും വിശ്വാസത്തിലും നാം പൂർണ്ണതയിലെത്തേതിന് നമുക്കുവേി പ്രാർത്ഥിക്കുന്ന ക്രിസ്തുവിന്റെ മദ്ധ്യസ്ഥതയിൽ കർത്തൃജനം ആനന്ദിക്കുന്നു. ഇതിൽ ആശ്ചര്യപ്പെടേതില്ല. എന്തെന്നാൽ ലോകത്തെ വിശ്വാസത്തിലേക്കു തിരിക്കുന്ന വേലയ്ക്കുമുമ്പ് അവർ ഐക്യതയിൽ തികഞ്ഞുവരേയിരിക്കുന്നു. പിതാവ് യേശുവിനെ സ്നേഹിച്ച അളവിൽത്തന്നെ അവൻ തന്റെ വിശ്വസ്തജനത്തെയും സ്നേഹിക്കുന്നു എന്നു ലോകം അറിയേതിന് ഇതുമൂലം ഇടവരുന്നു - P'30, 30.

* * * * * *

**സമാന്തരവേദഭാഗങ്ങൾ : 2ശമു.1:26; സങ്കീ.133; യോഹ.17:11; റോമ.12:5; 1 കൊരി.1:10; ഗലാ.3:28; എഫെ.4:3-6; യോഹ.14:11,20; 1യോഹ.1:3;3:24; കൊലൊ.2:2;3:14; എബ്രാ.13:23; യോഹ.12:26;15:9;16:27; എഫെ.2:4; 1യോഹ.3:1,2**

ചോദ്യങ്ങൾ :- ഈ ആഴ്ചത്തെ ഏതനുഭവമാണ് ഈ വാക്യത്തിന്റെ സാധുത തെളിയിക്കുന്നത്? എങ്ങനെ? എന്തായിരുന്നു ഫലം?

# മാർച്ച് 28

***ക്രിസ്തുയേശുവിന്റെ നല്ല ഭടനായി നീയും എന്നോടു കൂടെ കഷ്ടം സഹിക്കുക - 2 തിമൊ. 2 : 3***

ഒരു യാർത്ഥ പടയാളി ലക്ഷ്യത്തെപ്പറ്റി ന്യായവാദത്തിന് മുതിരാറില്ല. അയാൾ സൈന്യസേവനത്തിന് പേർകൊടുക്കും മുമ്പുതന്നെ യുദ്ധത്തിന്റെ ന്യായത്തെയും ധാർമ്മികതയെയും സംബന്ധിച്ച് തീരുമാനത്തിലെത്തിയിരിക്കുമെന്നാണ് ന്യായമായും സങ്കല്പിക്കപ്പെടുന്നത്. അതിനുശേഷം അവൻ അതിന്റെ പക്ഷത്തു നിലകൊള്ളുകയും എതിർപ്പുകളെ എല്ലാം നേരിടുകയും ചെയ്യുന്നു. അതിന്റെ പ്രതിരോധത്തിന് എല്ലാം ചെലവഴിക്കാനും എല്ലാം ചെലവഴിക്കപ്പെടാനും അയാൾ സന്നദ്ധനാകുന്നു. സത്യസന്ധമായും പൂർണ്ണവിശ്വസ്തതയോടും ക്രിസ്തുവിനെ സേവിക്കുന്നത് എത്ര ശ്രേയസ്കരമാണ്. സത്യത്തിന്റെ പക്ഷത്തു നിലകൊള്ളുന്നതിൽ അവാച്യമായ ആനന്ദമുണ്ട്. രക്തക്കളങ്ങൾക്കും കരിനിഴലിൻ താഴ്വരകൾക്കുമപ്പുറം വിജയശ്രീലാളിതനായ രാജാധിരാജന്റെ സന്തോഷത്തിലേക്കും സന്നിധിയിലേക്കും സമൃദ്ധമായ പ്രവേശനം കൈവരുമെന്നതിൽ അവർണ്ണനീയമായ ആനന്ദാതിരേകമുണ്ട്. ഈ പ്രത്യാശയുള്ളതിനാൽ യാതൊരാളും യുദ്ധോദ്യമത്തിൽനിന്നു പിൻവലിയരുത്. ശത്രുവിന്റെ ആരവത്തിനു മുന്നിൽ അധീരനാകരുത്. വിശപ്പോ ദാഹമോ നഗ്നതയോ ക്ഷതമോ മരണമോ സുനിശ്ചിതമെന്നുവരുമ്പോൾപോലും പരിഭ്രാന്തനാകയും അരുത്. - Z'03, 84 (R 3162)

* * * * * *

ക്രിസ്തുയേശു നായകനായിരിക്കുന്ന സൈന്യത്തിലെ പടയാളികളാണ് കർത്താവിന്റെ ജനം. അനേകം യാതനകൾ അഭിമുഖീകരിക്കേതിനാൽ ഉറച്ച സഹിഷ്ണുത ആവശ്യപ്പെടുന്ന ഒന്നാണ് അവരുടെ യുദ്ധസേവനം. ഇല്ലായ്മകളിലും വല്ലായ്മകളിലുമെല്ലാം സ്വാർത്ഥപരിത്യാഗം മുറുകെപ്പിടിച്ചുകൊള്ളണം. അവരിലുള്ള നിരവധി വൈകല്യങ്ങൾ സഹനശക്തിയുടെ നെല്ലിപ്പടിവരെ എത്തിക്കുന്നു. അവരുടെ വീഴ്ചകൾ പ്രോത്സാഹനം നിഷേധിക്കപ്പെടുന്നതിനെതിരെ സഹിഷ്ണുത ആവശ്യപ്പെടുന്നു. കഷ്ടപ്പാടുകളുമായി മരുങ്ങിക്കഴിഞ്ഞതും കർത്താവിന്റെ പിന്തുണയുള്ളതുമായ ഒരു ആത്മാവിനാൽ മാത്രമേ പരീക്ഷകളുടെയും പീഡാനുഭവങ്ങളുടെയും കാഠിന്യത്തെ ചെറുത്തുനിൽക്കാൻ കഴിയൂ. - P'35, 32.

* * * * * *

**സമാന്തരവേദഭാഗങ്ങൾ : എബ്രാ.2:10; യെശ.59:16,17;54:17; എഫെ.6:10-17; റോമ.13:12; 2കൊരി.6:7;10:4,5; 1തെസ്സ.5:8; 1തിമൊ.6:12; 2തിമൊ.4:7; 1കൊരി.16:13; 1പത്രൊ.5:8,9; ഫിലി.1:27;4:11; യോശു.1:6,7; ദാനി.11:32**

ചോദ്യങ്ങൾ :- വിശ്വാസത്തിന്റെ പോർക്കളത്തിൽ ഈ ആഴ്ച എനിക്ക് എന്തു സഹിക്കേിവന്നു? എങ്ങനെ? എന്തുകൊ്? അനുകൂലിച്ചതെന്ത്? പ്രതികൂലിച്ചതെന്ത്? ഫലമെന്തായിരുന്നു?

# മാർച്ച് 29

***കൃപയാലല്ലോ നിങ്ങൾ വിശ്വാസം മൂലം രക്ഷിക്കപ്പെട്ടിരിക്കുന്നത്; അതിനും നിങ്ങൾ കാരണമല്ല; ദൈവത്തിന്റെ ദാനമത്രേയാകുന്നു. - എഫെ. 2 : 8***

വീഴ്ചഭവിച്ച വർഗ്ഗത്തിലെ അംഗങ്ങൾ എന്ന നിലയ്ക്ക് പരിശുദ്ധനായ ദൈവത്തിനു സ്വീകാര്യമായ ഒരു പ്രവൃത്തിയും നമുക്കു കഴിയുമായിരുന്നില്ല. അതുകൊ് ക്രിസ്ത്യാനികൾ എന്ന നിലയ്ക്കുള്ള നമ്മുടെ ഇപ്പോഴത്തെ അവസ്ഥ പഴയ മനുഷ്യൻ ചെയ്തതോ ചെയ്യാൻ കഴിയുമായിരുന്നതോ ആയ ഏതെങ്കിലും സത്കർമ്മത്തിന്റെ ഫലമല്ല. ഇതു നമ്മിൽത്തന്നെയുള്ളതല്ല. കേവലം ദൈവകൃപയാണ്. ഈ പാഠം നാം ശരിക്കും ഉൾക്കൊള്ളണം. അല്ലാത്തപക്ഷം നാം ഏതുനേരവും വീഴ്ച എന്ന അപകടത്തിന്റെ വക്കിലായിരിക്കും. പഴയസൃഷ്ടിയുടെ ഒരു പരിണാമം മാത്രമാണ് പുതിയ ഹൃദയവു മനസ്സും ഇച്ഛയും എന്നു ഭ്രമിക്കാതെ അതു തീർത്തും പുതിയതും വിഭിന്നവുമായ ഒന്നാണെന്ന് നാം മനസ്സിലാക്കണമെന്ന് അപ്പൊസ്തൊലൻ ആഗ്രഹിക്കുന്നു. നാം ദൈവത്തിന്റെ കൈപ്പണിയായി സത്പ്രവൃത്തികളാലല്ല സത്പ്രവൃത്തികൾക്കായി ക്രിസ്തുയേശുവിൽ സൃഷ്ടിക്കപ്പെട്ടിരിക്കുന്നു. - Z'03, 90 (R 3166)

*  *  *  *  *  *

നമ്മുടെ അർഹതകൊല്ലാതെ സ്വർഗ്ഗീയ പിതാവിന്റെ ദാനമായി ലഭിക്കുന്നതാണ് രക്ഷ. നമുക്കു നൽകപ്പെടുന്ന ദാനമോ അനുഗ്രഹമോ ഒന്നുപോലും നമ്മുടെ അർഹതയുടെ അടിസ്ഥാനത്തിലല്ല, വിശ്വാസം ഒരുപാധിയായി ദൈവം ആവശ്യപ്പെടുമ്പോൾത്തന്നെ യാചകനു ഭിക്ഷ ലഭിക്കുന്നത് ഒരവകാശമായിട്ടല്ലാത്തതുപോലെ, ദൈവത്തിന്റെ കൃപയ്ക്കു വിശ്വാസം നമുക്ക് അർഹത നേടിത്തരുന്നില്ല. അവന്റെ കൃപ നിമിത്തമാണ് നീതീകരണരക്ഷയും ദൈവവിളിയുടെ രക്ഷയും നമുക്കു ലഭിച്ചത്. നമ്മുടെ പരമോപകാരകർത്താവായ ദൈവത്തോടു നാം എത്രമാത്രം നന്ദിയും അഭിനന്ദനവും ഉള്ളവരായിരിക്കണം. - P'34, 31.

*  *  *  *  *  *

**സമാന്തരവേദഭാഗങ്ങൾ : റോമ.3:19-5:2;11:5,6; ആവ.9:5; ഗലാ.5:4; എഫെ.1:19;2:5; 2തിമൊ.1:9; മത്താ.16:17; റോമ.10:13,14,17; ഫിലി.1:29; യാക്കോ.1:17; റോമ.11:28,29**

ചോദ്യങ്ങൾ :- ഈ വാക്യത്തിന്റെ അടിസ്ഥാനത്തിൽ ഈ ആഴ്ചത്തെ അനുഭവങ്ങൾ എന്തായിരുന്നു? അവ എങ്ങനെ കൈകാര്യം ചെയ്തു? അനുകൂലിച്ചതെന്ത്? പ്രതികൂലിച്ചതെന്ത്? ഫലമെന്തായിരുന്നു?

# മാർച്ച് 30

***ഇങ്ങനെ ഇവ ഒക്കെയും അഴിവാനുള്ളതായിരിക്കയാൽ ... നിങ്ങൾ എത്ര വിശുദ്ധ ജീവനവും ഭക്തിയും ഉള്ളവർ ആയിരിക്കണം. - 2 പത്രൊ. 3 : 11***

ദോഷകരമായ വിടുവാക്കുകൾ, മലിനഭാഷണങ്ങൾ, മത്സരബുദ്ധിയോടു കൂടിയ സംസാരം ഇവയൊന്നും നിശ്ചയമായും ദൈവസാദൃശ്യത്തിൽപ്പെടുന്ന തല്ല. സത്യത്തിലും നിർമ്മലതയിലും ക്രിസ്തുവിന്റെ നാമം ധരിക്കുന്നവ രിൽനിന്ന് ഇവയെല്ലാം ബഹുദൂരം അകന്നുനിൽക്കട്ടെ. കർത്തൃസന്നിധിയിൽ ദിനംപ്രതി നമ്മുടെ കണക്കുകൾ തീർത്തിരിക്കണം. പശ്ചാത്തപിക്കാതെയും തന്മൂലം ക്ഷമിക്കപ്പെടാതെയും ഒരു നിസ്സാരവാക്കുപോലും നമ്മുടെ കണക്കിൽ ബാക്കികിടക്കുന്നില്ല എന്ന് ഉറപ്പു വരുത്തണം. നാം നാൾതോറും നമ്മുടെ കണ ക്കുകൾ ദൈവമുമ്പാകെ സമർപ്പിക്കയും തുടർന്നുള്ള ഓരോ ദിവസ ത്തേക്കും പൂർവ്വാധികമായ കരുത്താർജ്ജിക്കാൻ വേ കൃപയ്ക്കായി യാചി ക്കയും ചെയ്യുന്നപക്ഷം നാം ന്യായവിധിയിൽ കുറ്റവിമുക്തരാക്കപ്പെടുകയും ക്രിസ്തുവിലൂടെ ദൈവസന്നിധിയിൽ അംഗീകരിക്കപ്പെടുകയും ചെയ്യും. നാം അവനു പ്രസാദമുള്ളവരും അംഗീകാരയോഗ്യരുമാണെന്ന് അവന്റെ പരിശുദ്ധാ ത്മാവ് നമ്മുടെ ആത്മാവോടുകൂടെ സാക്ഷ്യം പറയും. - Z'96, 33 (R 1937)

*    *    *    *    *    *

നീതിയുള്ള ഒരു വ്യവസ്ഥിതിക്കു വഴിയൊരുക്കുവാൻ വേി നിലവിലുള്ള ദുഷ്ടവ്യവസ്ഥിതി അഴിഞ്ഞുപോകുന്നതിനെപ്പറ്റിയുള്ള ചിന്ത, വിശുദ്ധവും നീതിനിഷ്ഠവുമായ ജീവിതം, ഈ വ്യവസ്ഥിതിയുടെ അഴിഞ്ഞുപോകലിൽ നാം ഭാഗഭാക്കുകളാകാതിരിക്കാനും, വിശുദ്ധ ജീവിതം വരുവാനിരിക്കുന്ന പുതിയവ്യ വസ്ഥിതിയിൽ നമുക്ക് ഓഹരി ലഭിക്കുവാനും തന്നെ. അവിടെ മനുഷ്യരാശിക്ക് അനുഗ്രഹങ്ങളുടെ വിധാതാക്കളായിരിക്കാൻ നമ്മുടെ നീതിബോധവും സ്നേ ഹവും നമ്മെ യോഗ്യരാക്കും. - P'33, 46.

*    *    *    *    *    *

**സമാന്തരവേദഭാഗങ്ങൾ : സങ്കീ.46:2-9; യെശ.2:19,21; യിരെ.25:31-38; ദാനി.12:1; മത്താ.24:35; 2പത്രൊ.3:7,10,12; വെളി.6:14-17; 20:11;21:1; എബ്രാ.12:28; 1പത്രൊ.1:15; 2പത്രൊ.3:14; ഫിലി.2:15**

ചോദ്യങ്ങൾ :- ഈ വാക്യത്തിന്റെ അടിസ്ഥാനത്തിൽ ഈ ആഴ്ചത്തെ അനുഭവങ്ങൾ എന്തായിരുന്നു? അവയെ എങ്ങനെ അഭിമുഖീകരിച്ചു? ഫലമെന്തായിരുന്നു?

# മാർച്ച് 31

***വിശ്വാസത്തിന്റെ നല്ലപോർ പൊരുതുക; നിത്യജീവനെ പിടിച്ചു കൊൾക. അതിനായി നീ വിളിക്കപ്പെട്ട്, അനേകം സാക്ഷികളുടെ മുമ്പാകെ നല്ല സ്വീകാരം കഴിച്ചുവല്ലോ - 1 തിമോ. 6 : 12***

നമ്മുടെ പോരാട്ടം കൂടുതലും പരസ്യസ്വഭാവത്തോടുകൂടിയതോ രഹസ്യസ്വഭാവത്തിലുള്ളതോ ആകട്ടെ, രും പോരാട്ടം തന്നെ. കൂടാതെ പുരോഗതിയും വിജയവും കൈവരിക്കയും വേണം. അല്ലാത്തപക്ഷം കർത്താവു നമ്മെ "ജേതാക്കളായി" അംഗീകരിക്കയില്ല. മറ്റൊരാശയവും നാമെല്ലാം ഉൾക്കൊള്ളണം - കർത്താവിന്റെ വിലയിരുത്തലിൽ നാം ചെയ്ത ശ്രമങ്ങളുടെ നേട്ടങ്ങളല്ല, നമുക്കു പ്രേരകമായി വർത്തിച്ച ആത്മാവാണ് കണക്കിലെടുക്കുന്നത്. ഈ കാഴ്ചപ്പാടിൽ നമുക്കു ചെയ്‌വാൻ അവസരം കിട്ടുന്നതൊക്കെയും ശക്തിയോടെ ചെയ്യുകമാത്രമല്ല, കർത്താവിനും അവന്റെ ദൗത്യത്തിനുമായി ചെയ്യുന്ന ഏതൊരു ബലിയും ത്യാഗവും സ്നേഹപൂർണ്ണവും ഭക്തിപൂർവ്വവുമായിരിക്കയും വേണം. നമ്മുടെ പ്രവൃത്തികൾ അവനോടും അവന്റെ നിർണ്ണയത്തോടുമുള്ള സ്നേഹത്തിൽ നിന്നാണ്, പൊള്ളയായ പ്രശംസയ്ക്കുവേിയല്ല എന്ന അംഗീകാരം കർത്താവിങ്കൽ നിന്നും ലഭിക്കത്തക്കവിധമാകണം - Z'03, 91 (R 3166)

* * * * * *

നീതിക്കുവേിയുള്ള പോരാട്ടത്തിൽ ദൈവത്തിന്റെ പക്ഷത്തു നിലയുറപ്പിക്കാനാണ് കർത്താവിന്റെ ജനങ്ങൾക്കുള്ള ആഹ്വാനം. ദൈവവിളിയുടെ പ്രതിഫലത്തിൽ പ്രിയംവയ്ക്കുകവഴി വിശ്വാസത്തിന്റെ ഈ നല്ല പോരാട്ടത്തിൽ വിജയത്തിന് ആവശ്യമായ പ്രത്യാശയും ധൈര്യവും നമുക്കു കൈവരുന്നു. ഈ പോരാട്ടത്തിൽ പരസ്യമായി ദൈവഭാഗത്തു നിലയുറപ്പിച്ചശേഷം, ഭീരുത്വം കൊ ് പടനിലത്തുനിന്നും നാണംകെട്ടു പലായനം ചെയ്തോ ശത്രുവിനു മുമ്പിൽ പരാജയം സമ്മതിച്ചോ തിരുനാമത്തിന് അപമാനം വരുത്തിവയ്ക്കരുത് - P'32, 30.

* * * * * *

**സമാന്തരവേദഭാഗങ്ങൾ : 1തിമൊ.1:18;. എഫെ.6:12; 2തിമൊ.2:5;4:7; ഫിലി.3:12-14; 1തിമൊ.6:19; മത്താ.7:21-23; 10:32,33; യോഹ.9:22-38; റോമ.2:7;10:9,10; 1യോഹ.4:15**

ചോദ്യങ്ങൾ :- ഞാൻ വരിച്ച ജീവിതചര്യക്കനുസരണമായി നിത്യജീവൻ പ്രാപിക്കത്തക്കവിധമായിരുന്നോ ഈ ആഴ്ച എന്റെ പോരാട്ടം? എന്തുകൊ്? എങ്ങനെ? എന്തായിരുന്നു ഫലം?

# ഏപ്രിൽ 1

## *പരീക്ഷയിൽ അകപ്പെടാതിരിപ്പാൻ ഉണർന്നിരുന്നു പ്രാർത്ഥിപ്പിൻ - മർക്കൊ. 14 : 38*

പരീക്ഷകൾ ഏതു സ്വഭാവത്തിലുള്ളവയെന്ന് അവ നേരിടുംവരെ നമുക്കു വ്യക്തമാകുന്നില്ല. എന്തെന്നാൽ അതിന്റെ വിശദാംശങ്ങൾ നാം മുന്നമേ അറിയുന്നപക്ഷം അതിന്റെ ഗൗരവം നഷ്ടപ്പെടും. അതുകൊ് ഉണർന്നിരിക്കുക, നിരന്തരം പ്രാർത്ഥിക്കുക, ഒരുങ്ങിയിരിക്കുക എന്നതാണ് ഏറ്റവും സുരക്ഷിതം. കാരണം, നിങ്ങളുടെ പ്രതിയോഗിയായ പിശാച് ആരെ വിഴുങ്ങേു എന്നു തിരഞ്ഞുനടക്കുന്നു. അവൻ നിങ്ങളുടെ ദൗർബല്യങ്ങൾ മനസ്സിലാക്കുകയും അതിനെ ചൂഷണം ചെയ്യാൻ തക്കം പാർക്കുകയും ചെയ്യുന്നു. വിജയിക്കണമെങ്കിൽ കർത്താവിങ്കൽനിന്ന് "തക്കസമയത്ത് സഹായത്തിനുള്ള കൃപയും" നമ്മുടെ ഹൃദയത്തിൽ വ്യാപരിക്കുന്ന ആത്മാവിന്റെ കൃപകളും നമുക്ക് ആവശ്യമാണ്.

അണിനിരക്കുന്നു വൈരികളെണ്ണമ -
റ്റുണരുവിൻ പടച്ചട്ട ധരിക്കുവിൻ,
വിരുതു പാഴ്ക്കിനാവാക്കുവാൻ പാപമാ -
മിരുൾ നെടുംകോട്ട തീർക്കുന്നു പാതയിൽ

- Z'03, 119 (R 3178)

* * * * * *

നാം ജഡത്തിൽ ഇരിക്കുംകാലത്തോളം പ്രലോഭനങ്ങൾ എല്ലാ വശത്തുനിന്നും നമ്മെ ഞെരുക്കിക്കൊിരിക്കും. "ഉണർന്നും പ്രാർത്ഥിച്ചുംകൊിരിക്കുക" എന്ന ബുദ്ധ്യുപദേശം നാം ശ്രദ്ധിക്കുന്നപക്ഷം നമ്മെ വശീകരിക്കാൻ ഇവ ശക്തമാകയില്ല. നമ്മുടെ മനോഗതികളെയും വിചാരണകളെയും ലാക്കുകളെയും വാക്കുകളെയും പ്രവൃത്തികളെയും സാഹചര്യങ്ങളെയും, നമ്മിൽ വ്യാപരിക്കുന്ന സ്വാധീനങ്ങളെയും ദൈവവചനത്തിന്റെ വെളിച്ചത്തിൽ നാം സൂക്ഷ്മപരിശോധന നടത്തുന്നപക്ഷം, അവയുടെ തനിസ്വഭാവം വ്യക്തമാകും. സഹായത്തിനുവേി ക്രിസ്തുവിന്റെ നാമത്തിൽ നാം കഴിക്കുന്ന യാചനകളിൽ പ്രകടമാകുന്നവിധം മോചനത്തിനുവേി ദൈവശക്തിയിലുള്ള നമ്മുടെ ഹൃദയപൂർവ്വമായ ആശ്രയം, ഒഴിവിനുള്ള ഒരു വഴി നമുക്കു തുറന്നുതരും - P'26, 60.

* * * * * *

**സമാന്തരവേദഭാഗങ്ങൾ : പുറ.23:13; 34:12; ആവ. 4:9; സങ്കീ. 119:9; സദൃ. 4:23-26; മത്താ. 26:38-46; അപ്പൊ. 20:28-30; 1 കൊരി. 16:13; എഫെ. 6:18; മത്താ. 6:5-13;7:7,8; ലൂക്കൊ. 11:11-13;18:1; ഫിലി. 4:6; 1 തിമൊ. 2:8; എബ്രാ. 4:16**

ചോദ്യങ്ങൾ :- ഈ വേദവാക്യത്തിനനുസൃതമായി ഈ ആഴ്ചയിൽ എനിക്കുായ അനുഭവങ്ങൾ ഏതെല്ലാമായിരുന്നു? അതിൽ സഹായകമായും പ്രതിബന്ധമായും വർത്തിച്ചതെന്ത്? ഫലമെന്തായിരുന്നു?

# ഏപ്രിൽ 2

***ആകയാൽ നാം അവസരം കിട്ടുംപോലെ എല്ലാവർക്കും വിശേഷാൽ സഹവിശ്വാസികൾക്കും നന്മ ചെയ്യുക - ഗലാ. 6 : 10***

സമയം ചെലവഴിച്ചും അസൗകര്യങ്ങൾ അവഗണിച്ചും എല്ലാവർക്കും നന്മചെയ്യാൻ ക്രിസ്ത്യാനി സന്നദ്ധനായിരിക്കണം. എന്നാൽ സഹോദരങ്ങൾക്കുവേിയാകട്ടെ ജീവൻവച്ചുകൊടുക്കാൻപോലും അവൻ സന്നദ്ധനാകണം. അതായത് സത്യം അറിയിക്കുന്നതിന് സമയം വിനിയോഗിക്കുക, ദൈവത്തിന്റെ സർവ്വായുധവർഗ്ഗം ധരിച്ചുകൊ് ദുർദിവസത്തിൽ നില്പാൻ പ്രാപ്തരാകുമാറ് കർത്താവിന്റെ സഹോദരങ്ങളെ ഏതുവിധേനയും സഹായിക്കുക എന്നീ അർത്ഥങ്ങളിൽ ജീവൻ പണയപ്പെടുത്തുന്നതിനുള്ള അവസരങ്ങൾ കത്തെണം. - Z'03, 121 (R 3180)

* * * * * *

സത്പ്രവൃത്തികൾക്കുള്ള വാതിലുകൾ സർവ്വത്ര തുറന്നുകിടക്കുന്നു. ഖനനം ചെയ്യുന്നവർ വജ്രമോ വിലപ്പെട്ട മുത്തോ കത്തെുന്ന ആദ്യനിമിഷം തന്നെ അതിനെ കൈവശമാക്കുന്നതുപോലെ അവസരങ്ങൾ ആദ്യവീക്ഷണത്തിൽത്തന്നെ പിടികൂടി പ്രയോജനപ്പെടുത്തണം. ഏതൊരാൾക്കും, എല്ലാവർക്കും നന്മചെയ്യാനുള്ള അവസരങ്ങൾ അന്വേഷിക്കുന്ന പ്രവൃത്തിനിരതമായ ഒരു ക്രസ്തീയത്വമാണ് ദൈവമക്കൾ പുലർത്തേത്. സുബോധത്തിന്റെ ആത്മാവിനു ചേർന്നതായിരിക്കണം നമ്മുടെ സത്പ്രവൃത്തികൾ. "ഇതു ചെയ്യുകയും മറ്റത് ത്യജിക്കാതിരിക്കുകയും വേണം"(മത്താ.23:23) എന്ന കർത്താവിന്റെ തത്ത്വമനുസരിച്ച് നാം സഹവിശ്വാസികൾക്കു നന്മ ചെയ്യുന്നവരായിരിക്കണം. എന്നാൽ മറ്റുള്ളവരെ ഒഴിവാക്കിക്കൊായിരിക്കയുമരുത് - P'36, 48.

* * * * * *

**സമാന്തരവേദഭാഗങ്ങൾ : 1 കൊരി.15:58; 2 തെസ്സ. 3:13; 2 കൊരി.4:1; എബ്രാ. 10:36; സഭാ.3:12;9:10; മത്താ.5:43,44; യോഹ.9:4;12:35; സങ്കീ.37:3,27; മർക്കൊ.3:4; ലൂക്കൊ.6:35; 1 തെസ്സ 5:15; 1 തിമൊ. 6:17,18; തീത്തൊ.2:14;3:8**

ചോദ്യങ്ങൾ :- നന്മചെയ്യുന്നതിനുള്ള അവസരങ്ങൾ ഈ ആഴ്ച ഞാൻ പ്രയോജനപ്പെടുത്തിയോ? ആർക്ക്? ഏതു സാഹചര്യങ്ങളിൽ? ഫലമെന്തായിരുന്നു?

# ഏപ്രിൽ 3

***രാത്രി കഴിയാറായി പകൽ അടുത്തിരിക്കുന്നു; അതുകൊ്, നാം ഇരുട്ടിന്റെ പ്രവൃത്തികളെ വെച്ചുകളഞ്ഞ് വെളിച്ചത്തിന്റെ ആയുധവർഗ്ഗം ധരിച്ചുകൊൾവിൻ - റോമ. 13 : 12***

സമഗ്രമായ പരിശോധനയിൽ പിടിച്ചുനിൽക്കാൻ കഴിയാത്തതും, പുതിയ വ്യവസ്ഥിതി പൂർണ്ണരൂപത്തിൽ നടപ്പിലാകുന്ന പക്ഷം അംഗീകാരം നേടാൻ കഴിയാതെ പോകുന്നതുമായ ഏതും ഇരുളിന്റെ പ്രവൃത്തികൾ ആണ്. നാം പഴയതിനല്ല, പുതിയ വ്യവസ്ഥിതിക്കുള്ളവരാണ് എന്ന് ഓർത്തുകൊള്ളണം. അതുകൊ്, നമ്മുടെ പൗരത്വത്തിനും വെളിച്ചത്തിന്റെ പ്രഭുവിനോടുള്ള ഉത്തരവാദിത്വത്തിനും അനുയോജ്യമായും ഇരുളിന്റെ പ്രഭുവിനും അവന്റെ പ്രവൃത്തികൾക്കും വഴികൾക്കും എതിരായും വേണം നാം ജീവിക്കാൻ - Z'03, 122 (R 3181)

* * * * * *

ഭൂമിമേലുള്ള സാത്താന്റെ അന്ധകാരഭരണമാകുന്ന രാത്രിയുടെ അന്ത്യം ഏതാു സമീപിച്ചിരിക്കുന്നു. ക്രിസ്തുവിന്റെ ആഹ്ളാദജനകമായ വാഴ്ചയുടെ പകൽ ആസന്നമായിരിക്കുന്നു. ദൈവജനമെന്ന നിലയിൽ എതിരാളിയുടെ ആത്മാവിനാൽ വ്യാപരിക്കപ്പെടുന്ന ഏതു പ്രവൃത്തിയും സ്വഭാവവും വലിച്ചെറിഞ്ഞ് കർത്താവിന്റെ ആത്മാവിനൊത്തവിധം സത്യത്തിന്റെയും സദ്ഗുണങ്ങളുടെയും ആയുധവർഗ്ഗം ധരിച്ചുകൊള്ളണം. ഇതു ദൈവരാജ്യത്തിലുള്ള നമ്മുടെ പൗരത്വത്തിനു മതിയായ സാക്ഷ്യമാകും, നമ്മുടെ സ്വരാജ്യസ്നേഹത്തിനു മതിയായ തെളിവാകും, ദൈവത്തിനു പ്രസാദകരവുമാകും. - P'30, 31

* * * * * *

**സമാന്തരവേദഭാഗങ്ങൾ : ഉല്പ.6:5,11;8:21; സങ്കീ.51:5; സദൃ.20:9; സഭാ.7:20; യെശ.1:5,6;51:1;64:6; യിരെ.17:9; മത്താ.7:17;15:19; യോഹ.3:19; റോമ.1:21-32;3:9-19,23;6:6,19,20; ഗലാ.5:17,19-21; എഫെ.4:17-22;5:11; കൊലൊ.3:8; എഫേ.6:12-18; 1 തെസ്സ.5:8; യോഹ.3:21;15:2-8; 2കൊരി.9:8; ഗലാ.6:4,7-9**

ചോദ്യങ്ങൾ :- ഈ ആഴ്ച ഞാൻ തിന്മ ഉരിഞ്ഞുകളഞ്ഞു നന്മ ഉടുത്തിരുന്നുവോ? എങ്ങനെ? ഫലമെന്തായിരുന്നു?

# ഏപ്രിൽ 4

***പകൽസമയത്തെന്നപോലെ നാം മര്യാദയായി നടക്ക -റോമ. 13: 13***

പണപരമായ കാര്യങ്ങളിൽ മാത്രമല്ല, അയൽക്കാരോടും സഹോദര വർഗ്ഗത്തോടുമുള്ള പെരുമാറ്റങ്ങളിലും, സർവ്വോപരി ദൈവത്തെയും വിശ്വാസത്തെയും സംബന്ധിച്ച് ഏറ്റുപറയുമ്പോഴും നാം സത്യസന്ധരായിരിക്കാൻ ശ്രദ്ധിക്കണം. ഈ വഴിക്കാണ് നാം പരിശോധിക്കപ്പെടുന്നത്. ദൈവപ്രീതിയേക്കാൾ മനുഷ്യപ്രീതിയിൽ പ്രിയം വയ്ക്കുന്നവരും സത്യസന്ധതയില്ലാതെ ഏതെങ്കിലും വ്യാജത്തിന്റെ വക്താവാകയോ അത് അനുഷ്ഠിക്കയോ ചെയ്യുന്നവരും, വ്യാജത്തിനു തന്നെ വിട്ടുകൊടുക്കപ്പെടും. അവർ പ്രതീക്ഷയർപ്പിച്ചിരിക്കുന്ന അനശ്വരമായ അനുഗ്രഹങ്ങൾ ഹനിക്കപ്പെടും. അന്തിമമായി അവർ മറ്റെന്തിന് അർഹത നേടിയാലും രാജ്യത്തിന് അയോഗ്യരെന്നു തെളിവാകും. - Z'03, 122 (R 3181)

*                *                *                *                *                *

ദൈവജനം സത്യസന്ധത പാലിക്കണം. അവരുടെ നടത്തം നീതിയുടെ ജീവിക്കുന്ന ദൃഷ്ടാന്തവും പ്രദർശനവും ആയിരിക്കണം. അവർ ഹൃദയപരമാർത്ഥതയോട ഓരോരുത്തർക്കും കടപ്പെട്ടതു ചെയ്യണം. ഏതു സമയത്തും എപ്പോഴും അന്യരുടെ ദൃഷ്ടിയിൽപ്പെട്ടാൽ ലജ്ജിപ്പാൻ വകയില്ലാത്ത നിലയിലായിരിക്കണം അവരുടെ പെരുമാറ്റം. സഹസ്രാബ്ദദിനത്തിലെന്നപോലെ, ദൈവവും മനുഷ്യരെല്ലാവരും കുകൊിരുന്നാലെന്ന വിധം അവർ സത്യസന്ധരായിരിക്കണം. - P'35, 61.

*                *                *                *                *                *

**സമാന്തരവേദഭാഗങ്ങൾ : ഫിലി. 4:8; കൊലൊ.1:12,13; ഉത്തമ.2:7,17; 1 കൊരി.13:12; വെളി.22:5; 1 പത്രൊ. 2:12; 2 പത്രൊ.3:11,12; 2 കൊരി.6:7; എഫേ.6:13-18; 1 പത്രൊ.4:7,8; 1 തെസ്സ.5:4-8; യോഹ.9:4**

ചോദ്യങ്ങൾ :- ഈ ആഴ്ച രാജ്യത്തിൽ എന്ന പ്രകാരം പെരുമാറാൻ എനിക്കു കഴിഞ്ഞോ? ഏതേതു സാഹചര്യങ്ങളിൽ? എന്തു സഹായം ലഭിച്ചു? എന്ത് എതിർപ്പുായി? എന്തായിരുന്നു ഫലം?

# ഏപ്രിൽ 5

***എന്റെ കിടക്കയിൽ ഞാൻ നിന്നെ ഓർക്കുകയും രാത്രിയാമങ്ങളിൽ നിന്നെ ധ്യാനിക്കുകയും ചെയ്യുമ്പോൾ എന്റെ വായ് സന്തോഷമുള്ള അധരങ്ങളാൽ നിന്നെ സ്തുതിക്കും - സങ്കീ. 63 : 5, 6***

പ്രാർത്ഥന ഒരു അവകാശം മാത്രമല്ല, ആവശ്യം കൂടിയാണ്. നമ്മുടെ ക്രിസ്തീയവളർച്ചയ്ക്ക് അനുപേക്ഷണീയമെന്നു കൽപ്പിക്കപ്പെട്ട ഒന്നാണത്. കരുണകളുടെ പിതാവിനെ നന്ദിപൂർവ്വം ആരാധിക്കാനും അവനുമായി സമ്പർക്കംപുലർത്താനും ഉള്ള വാഞ്ഛ നഷ്ടപ്പെടുന്നവൻ പുത്രത്വത്തിന്റെ ആത്മാവുതന്നെ തനിക്കു നഷ്ടപ്പെട്ടിരിക്കുന്നു എന്നു ഗ്രഹിച്ച് ലോകം ജഡം പിശാച് എന്നീ പ്രതിബന്ധങ്ങളെ ദൂരീകരിക്കാൻ യത്നിക്കണം. തന്റെ സ്വഭാവത്തെയും നിർണ്ണയത്തെയും നമുക്കു വെളിപ്പെടുത്തുകവഴി കർത്താവിനു നമ്മിലുള്ള വിശ്വാസത്തിന്റെ കൂടുതലായ തെളിവുകൾ പ്രകടമാകുമ്പോൾ, ആരാധനയും പ്രാർത്ഥനാശീലവും മന്ദീഭവിക്കുന്നതിനുപകരം വർദ്ധിപ്പിക്കേതാണ്. നമ്മുടെ ഹൃദയങ്ങൾ നല്ല നിലമായിരിക്കുന്ന പക്ഷം അവ സമൃദ്ധമായ വിളവു നൽകും- Z'96, 161 (R 2004)

*　　*　　*　　*　　*　　*

ക്രിസ്തുവിന്റെ നാവുകളായിരിക്കുന്നവർ ആഹ്ളാദകരമായ വിശ്വാസസത്യങ്ങളുടെ വക്താക്കളാണ്. എന്തെന്നാൽ ദൈവത്തിന്റെ സത്യനിർണ്ണയങ്ങൾ എല്ലാവർക്കുമായുള്ള അനുഗ്രഹത്തിന്റെ വാഗ്ദാനങ്ങൾ നിറഞ്ഞതാണ്. അത് സ്വർഗ്ഗീയപിതാവിനു മഹത്ത്വം വരുത്തുന്നു; അവന്റെ ജ്ഞാനം നീതി സ്നേഹം ശക്തി ഇവ വെളിപ്പെടുത്തുകയും ചെയ്യുന്നു. സത്യത്തിന്റെ ശയ്യയിൽ വിശ്രാമം കണ്ടെത്തി ക്ലേശങ്ങളിൽ ദൈവത്തിന്റെ ദയകളെക്കുറിച്ച് ധ്യാനിച്ച് വിശ്വാസി അവന്റെ നിർണ്ണയങ്ങളെ ഘോഷിക്കുകയും അതുവഴി അവന്റെ സ്വഭാവത്തെ പ്രകീർത്തിക്കുകയും ചെയ്യുന്നു. ദൈവവചനം വിളംബരം ചെയ്യുന്നതിൽ നമ്മുടെ മുഖ്യലക്ഷ്യം നമ്മുടെ ദൈവവും പിതാവുമായ യഹോവയുടെ നാമം എത്ര പ്രശംസാർഹവും അഭിനന്ദനീയവും ആരാധ്യവുമെന്ന് മറ്റുള്ളവർക്കു കാണിച്ചുകൊടുക്കുക എന്നതാണ്- P'34, 46.

*　　*　　*　　*　　*　　*

**സമാന്തരവേദഭാഗങ്ങൾ : ലേവ്യ.7:12; സങ്കീ.34:1;50:14,23;69:30,31; 107:22;116:17;119:97; യെശ.63:7; ഹോശേ.14:2; എഫെ. 5:19,20; കൊലൊ.3:17; ഫിലി.4:6; 1 തെസ്സ.5:18; 2തെസ്സ.1:3; 1പത്രൊ.2:5;4:11**

ചോദ്യങ്ങൾ :- ഈ ആഴ്ച എന്റെ ധ്യാനത്തിനും ഭാഷണത്തിനും വിഷയമായിരുന്നത് കർത്താവിന്റെ വചനവും സ്വഭാവവുമായിരുന്നോ? ഏതു സാഹചര്യത്തിൽ? എന്തായിരുന്നു ഫലം?

# ഏപ്രിൽ 6

***ക്രിസ്ത്യാനിയായിട്ടു കഷ്ടം സഹിക്കേ വന്നാലോ ലജ്ജിക്കരുത്; ഈ നാമം ധരിച്ചിട്ടു ദൈവത്തെ മഹത്ത്വപ്പെടുത്തുകയത്രേ വേണ്ടത് - 1 പത്രൊ. 4 : 16***

സത്യത്തിന്റെ സേവനത്തിലുള്ള തീക്ഷ്ണതയുടെ ഫലമായി നമുക്കു നേരിടുന്ന അനാരോഗ്യവും അസ്വാസ്ഥ്യവും നമ്മുടെ വിശ്വസ്തതയുടെയും സ്നേഹത്തിന്റെയും തെളിവുകളായി സ്വർഗ്ഗസ്ഥപിതാവ് അനുവദിക്കുന്നു. എന്തെന്നാൽ അപ്രകാരമുള്ള ക്ലേശങ്ങൾക്കു നാം അതീതരെങ്കിൽ അഥവാ അത്ഭുതങ്ങൾവഴി അവയിൽനിന്നു നാം ക്ഷണം വിമോചിതരാകുന്നപക്ഷം കർത്തൃസേവ ചെലവില്ലാത്തതെന്നുവരും. സത്യത്തിനു വേണ്ടിയുള്ള നമ്മുടെ ത്യാഗസന്നദ്ധത പരീക്ഷിക്കപ്പെടാതെ പോകും. സത്യത്തിന്റെ പേരിലുള്ള ഏതു വേദനയും ഏതു യാതനയും, ശാരീരികമോ മാനസികമോ ആയ ഏതു ക്ഷതവും, സാമൂഹികമോ അക്ഷരീകമോ ആയ ശിരശ്ഛേദവും നമ്മുടെ വിശ്വസ്തതയ്ക്കു സാക്ഷ്യം വഹിക്കുന്ന ആത്മാവിന്റെ സാക്ഷ്യമായിത്തീരുന്നു. നമ്മുടെ കർത്താവും, അപ്പൊസ്തൊലനായ പത്രോസും പറയുംപ്രകാരം ഇങ്ങനെയുള്ള പീഡകളിലെല്ലാം നാം അത്യന്തം സന്തോഷിക്കണം. - Z'96, 166 (R 2004)

*           *           *           *           *           *

ക്രിസ്ത്യാനിയായിട്ടു കഷ്ടം സഹിക്കുക എന്നാൽ, യേശു ഏതു തത്ത്വങ്ങൾക്കുവേണ്ടി, ഏതാത്മാവിൽ, ഏതു പ്രകാരങ്ങളിൽ, ഏതു ലക്ഷ്യങ്ങൾക്കുവേണ്ടി, ഏതു ഫലസിദ്ധിയിൽ പര്യവസാനിക്കുമാറു കഷ്ടം അനുഭവിച്ചുവോ അതേ നിലയിൽ എന്നാണർത്ഥം. ഈ ഉന്നതമായ പദവിക്കു തെരഞ്ഞെടുക്കപ്പെടുന്നവർ ലജ്ജിക്കുന്നതിനു പകരം കൃതജ്ഞതയ്ക്കും സന്തോഷത്തിനും ഒരു മനുഷ്യനു ലഭിക്കാവുന്നതിലേക്കും വലിയ സുവർണ്ണാവസരവും കാരണവുമായി ഇതിനെ കണക്കാക്കണം. ഇത് അവനു പിതാവിനോടും പുത്രനോടും വിശുദ്ധന്മാരോടും കൂട്ടായ്മയും, അവരുടെ സ്വഭാവത്തോട് അഭിനന്ദനവും, ഈ ജീവിതത്തിൽ മഹാസന്തോഷവും സമാധാനവും, രാജ്യത്തിനായുള്ള ഒരുക്കവും, അന്തിമമായി നമ്മുടെ വിളിയുടെ വിരുതും നേടിക്കൊടുക്കുന്നു - P'33, 63.

*           *           *           *           *           *

**സമാന്തരവേദഭാഗങ്ങൾ:മത്താ.5:10-12; റോമ.8:35,36; 1കൊരി.15:31,32; 2കൊരി.1:5,9;12:10; ഗലാ.2:20; 6:17; ഫിലി.1:29;3:10; എബ്രാ.10:32-34; യാക്കോ.1:2,12; 1പത്രൊ.1:6,7;2:19-24;4:12-14;5:1,10**

ചോദ്യങ്ങൾ :- ഈ വാക്യത്തിന്റെ അടിസ്ഥാനത്തിൽ എന്തായിരുന്നു ഈ ആഴ്ചത്തെ അനുഭവം? അവയെ എങ്ങനെ അഭിമുഖീകരിച്ചു? എന്തായിരുന്നു ഫലം?

# ഏപ്രിൽ 7

***എന്റെ ദൈവമോ നിങ്ങളുടെ ബുദ്ധിമുട്ടൊക്കെയും മഹത്ത്വത്തോടെ തന്റെ ധനത്തിനൊത്തവണ്ണം ക്രിസ്തുയേശുവിൽ പൂർണ്ണമായി തീർത്തുതരും - ഫിലി. 4 : 19***

മഹാസന്തോഷത്തിന്റെ സദ്വർത്തമാനം പ്രസ്താവിക്കുന്നതിൽ കടുത്ത തീക്ഷ്ണത നിങ്ങൾക്കനുഭവപ്പെടുന്നില്ലെങ്കിൽ അതിനുവേി ശ്രദ്ധാപൂർവ്വം, വിശ്വസ്തതയോടും മടുത്തുപോകാതെയും പ്രാർത്ഥിക്കുക, യത്നിക്കുക. അചിരേണ അതു സഫലമാകും. സുവിശേഷത്തിന്റെ പേരിൽ നിങ്ങൾക്കു തീക്ഷ്ണതയും പ്രതിപത്തിയും ഉ്. എന്നാൽ അത് അവതരിപ്പിക്കാനുള്ള വൈദഗ്ദ്ധ്യമില്ലെങ്കിൽ ഉള്ള കഴിവ് പരമാവധി പ്രയോജനപ്പെടുത്തിക്കൊ് അതിനായി പ്രാർത്ഥിക്കുക. തീക്ഷ്ണതയും കഴിവുമുങ്കെിലും അവസരം ലഭിക്കുന്നില്ലെങ്കിൽ ലഭിക്കുന്ന അവസരങ്ങളെയെല്ലാം വിശ്വസ്തതയോടെ പ്രയോജനപ്പെടുത്തുന്നു എന്ന് ഉണർത്തിച്ചുകൊ് കഴിവതും വേഗം ഈ സ്ഥിതിവിശേഷം കർത്തൃസമക്ഷം സമർപ്പിക്കുക. എത്ര എളിയതും നിസ്സാരവുമായാലും എത്തിപ്പെടാവുന്നതൊന്നും കൈയൊഴിയാതെ കൂടുതൽ അവസരങ്ങൾക്കായി ജാഗരിക്കുക. - Z'96, 163 (R 2004)

* * * * * *

ജ്ഞാനം, നീതി, സ്നേഹം, ശക്തി ഇവ ദൈവജനത്തിന് അത്യന്താപേക്ഷിതമാണ്. തന്റെ വിശ്വസ്തജനങ്ങൾക്ക് ഇവയുടെ പരിപോഷണം ദൈവം ഉറപ്പുനൽകിയിട്ടു്. തന്റെ ജ്ഞാനം, നീതി, സ്നേഹം, ശക്തി ഇവയുടെ അപ്രമേയമായ നിക്ഷേപത്തിൽനിന്ന് അവരുടെ എല്ലാ ആവശ്യങ്ങൾക്കും മതിയായതോതിൽ നൽകുവാൻതക്ക സമ്പദ്സമൃദ്ധി യഹോവയ്ക്കു്. നമുക്ക് ജ്ഞാനവും നീതിയും ശുദ്ധീകരണവും വിമോചനവുമായി നൽകപ്പെട്ടിരിക്കുന്ന തന്റെ പുത്രനിലും അവൻവഴിയും യാചിക്കുന്ന ഏവർക്കും ഇവ ധാരാളമായി പകർന്നുകൊടുക്കുന്നതാണ്. - P'27, 55.('32,31)

* * * * * *

**സമാന്തരവേദഭാഗങ്ങൾ : സങ്കീ. 23;34:7-10;50:10;65:9-13; സദൃ.8:20,21; യെശ.25:4; മലാ.3:10; മത്താ.6:26-33; റോമ.8:28; 2കൊരി.9:8,9; എബ്രാ.13:5,6; 1 പത്രൊ.5:7; എഫേ. 1:7; 3:16**

ചോദ്യങ്ങൾ :- ഈ ആഴ്ച എന്റെ ആവശ്യങ്ങൾ കർത്താവ് എങ്ങനെ നിർവ്വഹിച്ചു? ഏതു സാഹചര്യങ്ങളിൽ? അത് എന്നിൽ എന്തു ഫലമുളവാക്കി?

# ഏപ്രിൽ 8

## *പിൻമാറുന്നുവെങ്കിൽ എന്റെ ഉള്ളത്തിന് അവനിൽ പ്രസാദമില്ല - എബ്രാ. 10 : 38*

പിന്മാറ്റമെന്നത് പ്രാരംഭത്തിൽ ബലിയുടെ ഇടുക്കുപാതയിൽ നിന്നു വളരെ നിസ്സാരമായ ഒരു വ്യതിചലനം മാത്രമാകാം - പിമ്പിലുള്ളവയെപ്പറ്റി നെടുവീർപ്പോടുകൂടെയുള്ള വെറുമൊരു തിരിഞ്ഞുനോട്ടം; നമ്മുടെ മുമ്പിലുള്ള ഓട്ടത്തിൽ ചെറിയൊരു മന്ദഗതി; പിന്നീട് വീഴ്ച ഭവിച്ച പ്രകൃതിയുടെ മോഹങ്ങൾക്കനുകൂലമായി സത്യത്തെ വഴക്കിയെടുക്കുന്ന മാനസികനില. നമ്മുടെ ദൗർബല്യങ്ങൾ കറിഞ്ഞു നമ്മെ സംബന്ധിച്ചിടത്തോളം ഏറ്റവും അനുയോജ്യമായ വിധത്തിൽ അവ പ്രയോജനപ്പെടുത്തുന്നതിൽ വിദഗ്ദ്ധനായ പരീക്ഷകന്റെ കൗശലങ്ങൾക്കുള്ള വഴി ഇങ്ങനെ ഒരുക്കപ്പെടുന്നു. അബദ്ധങ്ങൾ നമ്മുടെ ന്യായബോധത്തെ തന്ത്രപൂർവ്വം വഴിതെറ്റിക്കുന്നു. നീതിയുടെ മുഖംമൂടി ധരിച്ച് പ്രലോഭിപ്പിക്കുന്ന വശീകരണങ്ങൾ ജഡമനസ്സിനു വിഷയമാക്കപ്പെടുന്നു. മിക്കവാറും മനസ്സറിയാതെതന്നെ നമ്മുടെ അന്തരാത്മാവ് കർത്താവിനോടുള്ള "ആദ്യസ്നേഹവും" അവനെ ശുശ്രൂഷിക്കുന്നതിലുായിരുന്ന ആദ്യ തീക്ഷ്ണതയും വിസ്മരിക്കുകയും ദൈവത്തിന്റെ പരിശുദ്ധാത്മാവിനാലുള്ള മാർഗ്ഗദർശനം നഷ്ടപ്പെട്ട് സത്യത്തിൽനിന്ന് അകലുകയും ചെയ്യുന്നു - Z'95, 93 (R 1798)

* * * * * *

സമർപ്പണം പിൻവലിച്ചിട്ട്, പാപത്തിന്റെയും അസത്യത്തിന്റെയും സ്വാർത്ഥത്തിന്റെയും ലോകമയത്വത്തിന്റെയും ജീവിതത്തിലേക്കു തിരിയുന്നതാണ് പിന്മാറ്റം. "കർത്താവു തന്റെ സകല ഭക്തന്മാരിലും പ്രമോദിക്കുന്നു" എന്നെഴുതിയിരിക്കുന്നതുപോലെ ഒരുവൻ അധാർമ്മിക ജീവിതത്തിനു വിരാമമിട്ട് ദൈവത്തിനു സമർപ്പിക്കുമ്പോൾ യഹോവ അത്യധികം സന്തോഷിക്കുന്നു. അവ്വണ്ണം ജീവന്റെ വഴി അറിഞ്ഞശേഷം അതു വിട്ടുകളയുന്നവരെ അത് ഒരിക്കലും അറിഞ്ഞിട്ടില്ലാത്തവരേക്കാൾ അധികമായി അവൻ വെറുക്കുന്നു. അവർ നാശത്തിനുവേി ജീവനുള്ള ദൈവത്തിന്റെ കൈകളിൽ ഇരിക്കുന്നു - P'26,60

* * * * * *

**സമാന്തരവേദഭാഗങ്ങൾ : ഉല്പ.19:26; സങ്കീ.95:10;125:5; ഹോശേ.11:7; ലൂക്കൊ.9:62;17:32; മത്താ.5:13;6:23; യോഹ.17:12; 2തിമൊ.2:12; എബ്രാ.6:4-9;10:26-31; 2പത്രൊ.2;3:17; 1യോഹ.5:16**

ചോദ്യങ്ങൾ :- ഈ വാക്യത്തിനനുസരിച്ച് എനിക്ക് നേരിട്ട പ്രലോഭനങ്ങൾ ഏവ? അവയിൽ ഞാൻ എങ്ങനെ വിജയിച്ചു? ഈ അനുഭവങ്ങൾ സംബന്ധിച്ച് എന്റെ തീരുമാനങ്ങൾ ഏവ?

# ഏപ്രിൽ 9

***ഓട്ടക്കളത്തിൽ ഓടുന്നവർ എല്ലാവരും ഓടുന്നു എങ്കിലും ഒരുവനേ വിരുതു പ്രാപിക്കുന്നുള്ളു എന്ന് അറിയുന്നില്ലയോ? നിങ്ങളും പ്രാപിഷ്ഷാൻ തക്കവണ്ണം ഓടുവിൻ - 1 കൊരി. 9 : 24***

വിജയം വരിക്കുന്നതിന് ദൈവത്തിന്റെ പടക്കോപ്പു ധരിച്ചാൽ മാത്രം പോരാ, പോരാട്ടത്തിൽ വീരനായകന്മാരായിരുന്ന്, കൺമോഹം, ജഡമോഹം, ജീവനത്തിന്റെ പ്രതാപം ഇവയ്ക്കും നീതിയുടെയും നിർമ്മലതയുടെയും സകല വൈരികൾക്കുമെതിരെ മല്ലയുദ്ധം തന്നെ നടത്തണം. സ്നേഹം - കർത്താവിനോടും സത്യത്തോടും നീതിയോടുമുള്ള സ്നേഹം- നമ്മുടെ പ്രേരകശക്തി ആയിരിക്കണം. അല്ലാത്തപക്ഷം നാം ഒരിക്കലും ജേതാക്കളായിരിക്കയില്ല. സ്നേഹം ഒന്നുമാത്രമാണ് നമ്മെ മരണപര്യന്തം വിശ്വസ്തരാക്കുന്നതും വിശുദ്ധന്മാർക്കു വെളിച്ചത്തിലുള്ള അവകാശത്തിനു യോഗ്യരാക്കുന്നതും. ഉജ്ജ്വലത്തായ സ്നേഹം ഹൃദയത്തെ ഭരിക്കുന്നപക്ഷം, ഹൃദയം പൂർണ്ണമായി കർത്താവിനു വിധേയമായിരിക്കുന്നു എന്നും യുദ്ധം പത്തിൽ ഒമ്പതുഭാഗവും ജയിച്ചുകഴിഞ്ഞു എന്നുമാണ് ഇതിനർത്ഥം. എന്നിരുന്നാലും അപ്പൊസ്തൊലൻ പറയുംപ്രകാരം (യൂദാ 21) ജാഗരണത്തിലും പ്രാർത്ഥനയിലും തീക്ഷ്ണതയിലും ദൈവസ്നേഹത്തിൽ നമ്മെത്തന്നെ സൂക്ഷിച്ചുകൊള്ളണം. സ്നേഹം വർദ്ധിക്കുന്നതനുസരിച്ച് കൃപയും വർദ്ധിക്കും. - Z'95, 93 (R 1798)

* * * * * *

ക്രിസ്തീയ ജീവിതത്തെ ഒരു മത്സരഓട്ടത്തോടു താരതമ്യപ്പെടുത്തിയിരിക്കുന്നു. മത്സരത്തിൽ വിജയിക്കുന്നതിന് ശ്രദ്ധാപൂർവ്വമായ തയ്യാറെടുപ്പും ക്ലേശപൂർണ്ണമായ പരിശീലനവും അക്ഷീണപരിശ്രമവും ഏകാഗ്രമായ ജാഗ്രതയും കഴിവിന്റെ പരമാവധി നിയമാവലികളുടെ പാലനവും ആവശ്യമാണ്. ഇവയെ അവഗണിക്കുന്നവർ പരാജയപ്പെടും. അവസാനനിമിഷം വരെ ഇവയിൽ ഉറച്ചുനില്ക്കുന്നവർ വിജയം വരിക്കും. വിജയിപ്പാൻ തക്കവണ്ണമാകട്ടെ നമ്മുടെ ഓട്ടം.- P'36, 48

* * * * * *

**സമാന്തരവേദഭാഗങ്ങൾ : സങ്കീ.19:5; സഭാ.9:11; യിരെ.12:5; ഫിലി.3:14; എബ്രാ.12:1; 1കൊരി.9:25-27; ഗലാ.2:2;5:7; ഫിലി.2:16; 2തിമൊ.2:5;4:7,8; എഫെ.6:12; 1തിമൊ.6:12; 1പത്രൊ.1:4;5:4; യാക്കോ.1:12; വെളി.3:11**

ചോദ്യങ്ങൾ :- ഈ ആഴ്ച ഞാൻ എങ്ങനെ ഓടി? അതിൽ എന്നെ ഉത്തേജിപ്പിച്ചതെന്ത്? എന്തായിരുന്നു പ്രതിബന്ധവും പ്രോത്സാഹനവും? ഫലമെന്തായിരുന്നു?

# ഏപ്രിൽ 10

***അതുകൊ് അവൻ തക്കസമയത്തു നിങ്ങളെ ഉയർത്തുവാൻ ദൈവത്തിന്റെ ബലമുള്ള കൈക്കീഴു താണിരിപ്പിൻ - 1 പത്രൊ. 5 : 6***

താഴ്മയുടെ പാതയിൽ നടക്കുന്നതും, മനുഷ്യസാധാരണമായ മോഹങ്ങൾക്കു കടിഞ്ഞാണിടുന്നതും, പൂർണ്ണമായി ദഹിച്ചുതീരുംവരെ യാഗവസ്തു ബലിപീഠത്തിൽത്തന്നെ വെച്ചുകൊള്ളുന്നതും തീർച്ചയായും ശ്രമകരമാണ്. എന്നാൽ നമ്മുടെ അനുഗൃഹീതനായ മുന്നോടിയുടെ കാൽച്ചുവടുകളെ പിന്തുടരുന്ന വിശ്വസ്തരായ ജേതാക്കൾക്കു വാഗ്ദത്തം ചെയ്യപ്പെട്ടിരിക്കുന്ന വിരുതു ലഭിക്കാതെപോയി എന്നു വരാതിരിക്കുന്നതിന് ക്രിസ്ത്യാനികൾ എന്ന നിലയിൽ നാം ഭയത്തോടും വിറയലോടും കൂടി നമ്മുടെ രക്ഷയ്ക്കായി പ്രവർത്തിക്ക എന്നത് ഇപ്രകാരമാണ്. നമ്മുടെ രക്ഷാപുരുഷൻ സൗമ്യതയും മനോവിനയവുമുള്ളവനായിരുന്നു. അപ്രകാരം നാം വിശ്വസ്തരും വിനയമതികളുമാകുമ്പോഴാണ് കർത്താവ് നമ്മെ മറ്റുള്ളവർക്ക് അവന്റെ നാമം വഹിക്കാനുള്ള പാത്രങ്ങളാക്കിത്തീർക്കുന്നത്. ഇങ്ങനെ സ്വാർത്ഥപരിത്യാഗം വഴി നാം ഒഴിഞ്ഞപാത്രങ്ങളാകുമ്പോൾ തന്റെ ആത്മാവിനാലും സത്യത്താലും നമ്മെ നിറയ്ക്കാൻ കർത്താവിനു കഴിയും. അപ്പോൾ സൈന്യങ്ങളുടെ കർത്താവിലും അവന്റെ അജയ്യശക്തിയിലും ബലശാലികളായി ക്രൂശിന്റെ പടയാളികളെന്ന നിലയിൽ ധീരസേവനം കാഴ്ചവയ്ക്കുന്നതിന് നമുക്കു മുന്നേറാൻ കഴിയും - Z'93, 7 (R 1486)

* * * * * *

ക്രിസ്തുവാണ് ദൈവത്തിന്റെ ബലിഷ്ഠമായ ഭുജം. നാം അവനു കീഴാണ്. അവനു വിധേയമായിരിക്കുക എന്നുവച്ചാൽ ശാരീരികം, മാനസികം, സന്മാർഗ്ഗപരം, മതപരം എന്നിങ്ങനെ ഏതു തുറയിലും പെട്ട ആത്മസ്തുതി ഒഴിച്ചുകളഞ്ഞിട്ട്, ആത്മാവിനും വചനത്തിനും ദൈവനടത്തിപ്പിനും സമ്മതമാംവണ്ണമുള്ള ആത്മാഭിമാനം മാത്രം പുലർത്തുക എന്നാണ്. മാറിമാറി വരുന്ന ജീവിതസാഹചര്യങ്ങളിൽ ഇങ്ങനെ ക്രിസ്തുവിൻകീഴ് സ്വയം താഴ്ത്തുന്നവൻ യഥാസമയം ക്രിസ്തുവിൻകീഴിൽ ദൈവത്താൽ ഉയർത്തപ്പെടും. - P'30, 31.

* * * * * *

**സമാന്തരവേദഭാഗങ്ങൾ : യാക്കോ.1:9,10;4:6; യെശ.57:15;66:2; ഇയ്യോ.22:29; സദൃ.15:33;29:23; ദാനി.4:37; ലൂക്കൊ.1:52;10:21;14:10,11;18:14; 1പത്രൊ.5:3,5; മത്താ.5:3;11:29;18:2-4;20:26,27;23:12; റോമ.12:3,10,16; 1കൊരി.13:4; 2കൊരി.12:5-12; എഫെ.4:2; 5:21; ഫിലി.2:3-11**

ചോദ്യങ്ങൾ :- ഈ വാക്യത്തിന്റെ അടിസ്ഥാനത്തിൽ എന്തായിരുന്നു ഈ ആഴ്ചത്തെ അനുഭവങ്ങൾ? അവയെ എങ്ങനെ നേരിട്ടു? അനുകൂലിച്ചതെന്ത്? പ്രതികൂലിച്ചതെന്ത്? ഫലമെന്തായിരുന്നു?

# ഏപ്രിൽ 11

***പകൽസമയത്തെന്നപോലെ നാം മര്യാദയായി നടക്ക; വെറിക്കൂത്തു കളിലും മദ്യപാനത്തിലുമല്ല ........ - റോമ. 13 : 13***

ചിലർക്കു പണം ഒരു ലഹരിയാണ്. ചിലർക്കു ധനം; ചിലർക്കു വ്യാപാരം, ഇനിയും ചിലർക്ക് വേഷഭൂഷകൾ; ചിലർക്കു സംഗീതം, ചിലർക്കു കല. എന്നാൽ പുതിയൊരു നാളിന്റെയും ആ നാളിൽ സാധി ക്കാനിരിക്കുന്ന ദൈവത്തിന്റെ വലിയ വേലയുടെയും ഏകദേശ ദർശനം ലഭിച്ചിരിക്കുന്ന കർത്താവിന്റെ ജനമെന്ന നിലയിൽ നമ്മുടെ ഹൃദയങ്ങൾ ആ ദൈവവേലയിൽ മുഴുകിയിരിക്കണം. ലൗകികന്മാർക്കു മുൻപറഞ്ഞവ തികച്ചും ഉചിതവും യുക്തവുമായിരിക്കും. കാരണം, ഇക്കാര്യത്തിൽ അവർ നമ്മെപ്പോലെ ഉദ്ബുദ്ധരോ ഭാവിയുടെ കാഴ്ചപ്പാടുള്ളവരോ അല്ല. അതുകൊ് അവരുടെ വീക്ഷണവും കർമ്മമാർഗ്ഗവും വ്യത്യസ്തമാ യിരിക്കും - Z'03, 123 (R 3179)

* * * * * *

ക്രൈസ്തവൻ തന്റെ വഴികളെക്കുറിച്ചു ശ്രദ്ധാലുവാകുന്നില്ലെ ങ്കിൽ പാപത്തിന്റെയും അസത്യത്തിന്റെയും സ്വാർത്ഥതയുടെയും പ്രാപ ഞ്ചികമോഹങ്ങളുടെയും ലഹരിക്കടിമയായിത്തീരും. ഇങ്ങനെയുള്ള ഉന്മ ത്താവസ്ഥ എല്ലാ ക്രമസമാധാനങ്ങളും വിസ്മരിക്കപ്പെടുന്ന ആത്മീയമായ അഴിഞ്ഞാട്ടങ്ങളിലേക്കു നയിക്കുന്നു. ഇത് അവനുമായി ബന്ധപ്പെടാനിട വരുന്നവരുടെ ആത്മീയ ജീവിതത്തിനും ആത്മീയാവയവങ്ങൾക്കും നേരെ ബലാല്ക്കാരത്തിനു വഴിതുറക്കുന്നു. അവന്റെ വഴി നാശത്തിലേ ക്കാകുന്നു. ഈ അഴിഞ്ഞാട്ടത്തിനു രാംമരണംകൊു വിരാമമിടാൻ സ്വർഗ്ഗീയനിയമത്തിന്റെ ബലിഷ്ഠഹസ്തം നിർബ്ബന്ധിതമായിത്തീരും - P'35, 61.

* * * * * *

**സമാന്തരവേദഭാഗങ്ങൾ : സദൃ.23:20; ലൂക്കൊ.21:34; 1പത്രൊ.4:3; റോമ.8:29; 1കൊരി.6:9; 1പത്രൊ.2:11,21,22; ഗലാ.5:16-26;6:18; എഫെ.5:5,11,14,16; കൊലൊ.3:8-10,12**

ചോദ്യങ്ങൾ :- ഈ വാക്യത്തിന്റെ അടിസ്ഥാനത്തിൽ എന്തായിരുന്നു ഈ ആഴ്ച എന്റെ അനുഭവങ്ങൾ? അവയെ എങ്ങനെ നേരിട്ടു? ഫലമെന്തായി രുന്നു?

# ഏപ്രിൽ 12

***നാം അനുഗ്രഹിക്കുന്ന അനുഗ്രഹപാത്രം ക്രിസ്തുവിന്റെ രക്തത്തിന്റെ കൂട്ടായ്മയല്ലയോ ? നാം നുറുക്കുന്ന അപ്പം ക്രിസ്തുവിന്റെ ശരീരത്തിന്റെ കൂട്ടായ്മയല്ലയോ ? അപ്പം ഒന്നാകകൊ്, പലരായ നാം ഒരു ശരീരം ആകുന്നു. - 1 കൊരി. 10 : 16,17***

അനേകം ധാന്യമണികൾകൊുള്ളതെങ്കിലും അപ്പം ഒന്നായിരിക്കുന്ന പ്രകാരം അനേകം മുന്തിരിപ്പഴങ്ങളുടെ രസമെങ്കിലും പാനപാത്രം ഒന്നുതന്നെ. മറ്റുള്ളവർക്കുവേി അപ്പമായിത്തീരണമെങ്കിൽ ഓരോ ധാന്യമണിയും അതിന്റെ വ്യക്തിത്വവും സ്വതന്ത്രമായ അസ്തിത്വവും വെടിയേയിരിക്കുന്നു. മുന്തിരിപ്പഴങ്ങൾ എന്ന അവസ്ഥ നിലനിർത്തിക്കൊ് മറ്റുള്ളവർക്കു ജീവദായകമായ പാനീയമായിത്തീരാൻ അവയ്ക്കു കഴികയില്ല. കർത്താവിന്റെ ജനങ്ങൾ ഒരേ അപ്പത്തിലും പാനപാത്രത്തിലും പങ്കാളികളാകുന്നു എന്ന അപ്പൊസ്തൊലന്റെ പ്രസ്താവനയുടെ ഭംഗി ഇങ്ങനെ നാം കത്തെുന്നു. തന്റെ പാനപാത്രം കുടിക്കുന്നതിനും ഒരേ അപ്പത്തിന്റെ അംശികൾ എന്ന നിലയിൽ തന്നോടുകൂടെ നുറുക്കപ്പെടുന്നതിനും തന്റെ മരണത്തിലേക്കുള്ള സ്നാനത്തിൽ തന്നോടുകൂടെ അടക്കപ്പെടുന്നതിനും അങ്ങനെ തന്നോടൊപ്പം പുനരുത്ഥാനതേജസ്സും മാനവും അമർത്യതയും നേടുന്നതിനുമുള്ള കർത്താവിന്റെ വിളി സ്വീകരിക്കുകയല്ലാതെ പുതിയ പ്രകൃതിക്ക് അർഹരാകാൻ വേറെ വഴികളില്ല. - Z'01, 76 (R 2771)

* * * * * *

സ്മാരക അത്താഴത്തിൽ ഒന്നാമതായി സാദൃശ്യപ്പെടുത്തുന്നത് നീതീകരണം എന്ന ആശയം ആണെങ്കിൽ രാമത്തേത് സമർപ്പണം ആണ്. ഈ നിലയിൽനിന്നു നോക്കുമ്പോൾ നാം ക്ഷമാപൂർവ്വം സഹിക്കേതിന് പിതാവു പകർന്നുതരുന്നതും, യാഗവസ്തുവായി നാം ജീവാർപ്പണം ചെയ്തതിന്റെ സ്വാഭാവികഫലവുമായ കഷ്ടാനുഭവങ്ങളുടെ സാദൃശ്യമാണ് പാനപാത്രം. യാഗമരണത്തിന് ഏല്പിക്കപ്പെട്ട സഭയുടെ മനുഷ്യത്വമാണ് അപ്പം പ്രതിനിധാനം ചെയ്യുന്നത്. ഇങ്ങനെ സ്മാരകത്തിൽ യേശുവിന്റെ എന്നപോലെ സഭയുടെയും മരണത്തിന്റെ ചിത്രം ലഭിക്കുന്നു. - P'34, 46.

* * * * * *

**സമാന്തരവേദഭാഗങ്ങൾ : പുറ.12:3-14,18,21-28; മത്താ.26:26-28; മർക്കൊ.14:22-25;10:35-39; ലൂക്കൊ.12:50; യോഹ.18:11; 1കൊരി.11:23-34; ലൂക്കൊ.22:19,20; റോമ.6:1-11;8:10,17;12:1; 1കൊരി.15:29-34; 2കൊരി.1:5;4:8; ഗലാ.2:20; ഫിലി.3:10; കൊലൊ.1:24; 2തിമൊ.2:10-12; 1പത്രൊ.2:19-24; 3:17,18; 4:13-19; കൊലൊ.1:27; 1കൊരി.12:12,13; എബ്രാ.3:1;7:26,27; 1പത്രൊ.2:5,9; എബ്രാ.10:4-10;13:10-14;9:13-23**

ചോദ്യങ്ങൾ :- ഈ ആഴ്ച ഞാൻ പീഡാനുഭവങ്ങൾ വഴി കർത്താവിനോടും സഹോദരങ്ങളോടും കൂട്ടായ്മ പുലർത്തിയോ? ഏതുവിധം? ഏതേതു സാഹചര്യങ്ങളിൽ? അനുകൂലിച്ചതെന്ത്? പ്രതികൂലിച്ചതെന്ത്? എന്തായിരുന്നു പരിണതഫലം?

# ഏപ്രിൽ 13

***നിങ്ങൾ മനുഷ്യപുത്രന്റെ മാംസം തിന്നാതെയും അവന്റെ രക്തം കുടിക്കാതെയും ഇരുന്നാൽ നിങ്ങൾക്ക് ഉള്ളിൽ ജീവനില്ല.-യോഹ. 6:53***

പ്രിയ ഗുരോ, ഞങ്ങൾക്കുവേി- ഞങ്ങളുടെ നീതീകരണത്തിനുവേി യാഗാർഷണം ചെയ്യപ്പെട്ട അങ്ങയുടെ പാപരഹിതമായ പ്രകൃതിയുടെ പുണ്യം സഹർഷം ഭുജിച്ചു ഞങ്ങൾ പോഷണം പ്രാപിക്കുന്നു. നിന്നോടുകൂടെ കഷ്ടം സഹിക്കുന്നത് ഒരു അനുഗൃഹീത പദവിയാണെന്നു മനസ്സിലാക്കിക്കൊ് പീഡാനുഭവത്തിന്റെ പാനപാത്രത്തിലും ഞങ്ങൾ സസന്തോഷം പങ്കുചേരുന്നു. തക്കസമയത്തു നിന്നോടുകൂടെ വാഴേതിന് നിന്നോടുകൂടെ മരിക്കുന്നതിനും സനാതന ഭാവിയിൽ നിന്നോടൊപ്പം ജീവിക്കേതിനും നിന്റെ കാന്ത എന്ന നിലയിൽ നിനക്കു സദൃശരായി നിന്റെ സ്നേഹത്തിലും തേജസ്സിലും പങ്കാളികളാകേതിനും തന്നെ. ചിഹ്നങ്ങളുടെ അനുഷ്ഠാനത്തിൽ മാത്രമല്ല, അതിന്റെ പൊരുൾ സംബന്ധിച്ചും ഞങ്ങൾ വിശ്വസ്തരായിരുന്നെങ്കിൽ എന്നാശിച്ചുപോകുന്നു. "നിങ്ങൾ എന്റെ പാനപാത്രം കുടിക്കയും എന്റെ സ്നാനം ഏൽക്കയും ചെയ്യും നിശ്ചയം" എന്ന അവിടത്തെ വാക്കുകൾ പ്രാണനാഥാ, ഞങ്ങൾ ശ്രവിക്കുന്നു. ഈ യാഗാർഷണത്തിന് പ്രഭോ, സ്വന്തനിലയിൽ ഞങ്ങൾ അശക്തരാണ്. എന്നാൽ നിന്റെ കൃപ ഞങ്ങൾക്കു മതിയായതാണ്. എന്തെന്നാൽ എക്കാലവും ഞങ്ങൾ പൂർണ്ണമായും നിനക്കുള്ളവരാണ് - Z'99, 51 (R 2436)

* * * * * *

മനുഷ്യപുത്രന്റെ മാംസം ഭക്ഷിക്കുക എന്നതിന്റെ ഭാഗികമായ അർത്ഥം; അവന്റെ സമ്പൂർണ്ണമനുഷ്യത്വം വിശ്വാസത്താൽ അനുഭവയോഗ്യമാക്കുക എന്നും, അവന്റെ രക്തം കുടിക്കുക എന്നതിന്, അവന്റെ സമ്പൂർണ്ണജീവൻ വിശ്വാസത്താൽ അനുഭവിക്കുക എന്നുമാണ്. ഇങ്ങനെ ആദാമ്യപാപം നിമിത്തം നമുക്കു നേരിട്ട കടബാധ്യത കൊടുത്തുതീർക്കുന്നതിനുള്ള നേർവില ക്രിസ്തുവിൽനിന്നും നാം പ്രാപിക്കുന്നു. ഇപ്രകാരം നാം അനുഭവപ്പെടുത്തുന്ന ക്രിസ്തുവിന്റെ പൂർണ്ണമനുഷ്യത്വവും ജീവനും വഴി നമുക്കു മാനുഷപൂർണ്ണതയും പൂർണ്ണജീവനും കണക്കിടപ്പെടുന്നു. ഈ അനുഭവപ്പെടുത്തലിന്റെ അഭാവത്തിൽ നാം ആദാമിൽ മൃതരും ജീവന് അനർഹരും ആയിരിക്കും. മറിച്ചായാൽ നമുക്കു ജീവനു്. അവന്റെ മാംസം തിന്നുകയും രക്തം കുടിക്കുകയും ചെയ്യുക എന്നതിന് വിശേഷിച്ച് രാമത്തേതിന് യാഗമരണത്തിൽ അവനോടുകൂടി പങ്കാളികളാകുക എന്നുകൂടി ഭാഗികമായി അർത്ഥമു് - P'33, 63

* * * * * *

**സമാന്തരവേദഭാഗങ്ങൾ : മത്താ. 26:26-28; 1കൊരി.11:23-29; യോഹ.6:47-58; 1കൊരി.10:16; റോമ.6:3-10;8:10; 1കൊരി.15:29-34; കൊലൊ.1:24; 2തിമൊ.2:10-12; എബ്രാ.13:13-16**

ചോദ്യങ്ങൾ :- ഞാൻ ഈ ആഴ്ച അവന്റെ മാംസം തിന്നുകയും അവന്റെ രക്തം കുടിക്കുകയും ചെയ്തോ? എങ്ങനെ? എന്തുകൊ്? പരിണതഫലമെന്തായിരുന്നു?

# ഏപ്രിൽ 14

***അവൻ തന്റെ പ്രാണനെ മരണത്തിന് ഒഴുക്കിക്കളഞ്ഞു, അതിക്രമക്കാരോടുകൂടെ എണ്ണപ്പെട്ടു- യെശ. 53 : 12***

ഗുരുവിന്റെ കാൽചുവടുകൾ പിന്തുടരുന്നവർക്കെല്ലാം ചില ഗേത്സെമനാനുഭവങ്ങൾ ആവശ്യമായിരിക്കുന്നതുപോലെ എല്ലാവരും അവന്റെ എല്ലാ അനുഭവങ്ങളും കുറഞ്ഞപക്ഷം തെല്ലൊന്നു രുചിച്ചിരിക്കയെങ്കിലും വേണം. ആകയാൽ ക്രിസ്തുവിന്റെ കൂട്ടുശിഷ്യന്മാരും കുഞ്ഞുങ്ങളുമായ സഹോദരവർഗ്ഗത്തെ ശുശ്രൂഷിക്കുന്നതിനുള്ള അവസരം അന്വേഷിച്ചു കത്തെുന്ന കാര്യം നാം വിസ്മരിക്കരുത്. കർത്താവിന്റെ അനുയായികൾക്കു നേരിടാവുന്ന നിന്ദകൾക്ക് ആക്കം കൂട്ടുകയല്ല, മറിച്ച് സഹതപിക്കുകയും പ്രയാണമദ്ധ്യേ ക്രൂശുചുമക്കുന്നതിൽ അന്യോന്യം സഹായിക്കുകയുമാണു വേത്. നമ്മുടെ കർത്താവും ശിരസ്സുമായവനെ കാൽവരിയിലേക്കുള്ള മാർഗ്ഗമദ്ധ്യേ ക്രൂശുവഹിക്കുന്നതിൽ സഹായിക്കുന്നതിനുള്ള അവസരം നാം എത്രമാത്രം സ്വാഗതം ചെയ്യുമായിരുന്നെന്ന് ഏറ്റം നന്നായി ഇപ്രകാരം തെളിയിക്കാം. - Z'99, 125 (R 2473)

* * * * * *

നമ്മുടെ കർത്താവിന്റെ മരണം വെറും അഭിനയമായിരുന്നില്ല. യഥാർത്ഥ മരണം തന്നെയായിരുന്നു. അവന്റെ അസ്തിത്വം അതേപടി മരണത്തിന് ഏല്പിക്കപ്പെട്ടു. ശാരീരികമായി ക്ഷയം, കൈയേറ്റം, ഹൃദയവ്യഥ ഈ അനുഭവങ്ങളിലൂടെ മൂന്നരവർഷം ദീർഘിച്ചതും സാവധാനഗതിയുമായ ഒരു ജീവിതചര്യ മുഖേനയാണ് ഇതു സാധിതമായത്. മൂന്നു ദിവസത്തോളം ഉണ്മ വെടിഞ്ഞ് ഇല്ലായ്മയിലേക്കു പോകുവാൻ പോലും മനസ്സാകുമാറ് അവൻ നമ്മെ അത്രമേൽ സ്നേഹിച്ചു. ആശ്വാസകരമായ നിലയിലായിരുന്നില്ല അവൻ തന്റെ അവസാന നാഴികകൾ പിന്നിട്ടത്. പാപവും അതിക്രമവും ഇല്ലാതിരുന്നിട്ടും ഒരു പാപിയും അതിക്രമക്കാരനുമെന്നപോലെ അവൻ പാപികളോടും അതിക്രമക്കാരോടുംകൂടെ മരണത്തിന് ഏല്പിക്കപ്പെട്ടു. - P'27, 55 (P'32,31)

* * * * * *

**സമാന്തരവേദഭാഗങ്ങൾ : ഉല്പ.3:15; സങ്കീ.22:1-21;69:21; യെശ.53; ദാനി.9:26; സെഖ.12:10;13:7; മത്താ.27:1-50; മർക്കൊ.15:1-37; ലൂക്കൊ.23:1-46; യോഹ.18:28-19:30**

ചോദ്യങ്ങൾ :- കർത്താവിന്റെ മരണം ഈ ആഴ്ച എന്നിൽ എന്തു പ്രതികരണം ഉളവാക്കി? സാഹചര്യങ്ങളും ഫലങ്ങളും എന്തായിരുന്നു?

# ഏപ്രിൽ 15

***പിതാവേ, ഞാൻ എന്റെ ആത്മാവിനെ തൃക്കരങ്ങളിൽ ഏല്പിക്കുന്നു - ലൂക്കൊ. 23 : 46***

തികഞ്ഞ വിശ്വാസത്തോടെ നമ്മുടെ പ്രിയപ്പെട്ട വീടെുപ്പുകാരൻ പിതാവിങ്കലേക്കു ദൃഷ്ടി ഉയർത്തുകയും ഉറച്ച ബോധ്യത്തോടെ തന്റെ മുഴുജീവിതവും ഭാവിയെ സംബന്ധിച്ച മുഴുവൻ പ്രതീക്ഷയും പിതാവിന്റെ സ്നേഹത്തിലും ശക്തിയിലും, അവന്റെ നിർണ്ണയത്തിനും വചനത്തിനും ഒത്തവിധം, കൈകാര്യം ചെയ്യപ്പെടേതിന് ഭരമേൽപിച്ചുകൊടുക്കയും ചെയ്തു. ഗുരുവിന്റെ കാൽച്ചുവടുകളിൽ നടക്കുന്നവരെന്ന നിലിയിൽ നാമും വിശ്വാസപൂർവം മുന്നോട്ടു ദൃഷ്ടികളയയ്ക്കണം. മരണത്തിന്റെ നാഴികയിൽ നമ്മുടെ എല്ലാ താത്പര്യങ്ങളും സ്നേഹവാനായ ദൈവത്തിന്റെ പരിപാലനത്തിനായി ഏല്പിച്ചുകൊടുക്കണം. തന്റെ പുത്രനെ നമ്മുടെ വീടെുപ്പുകാരനായി ദാനം ചെയ്തതിൽ മാത്രമല്ല, നമ്മുടെ പ്രയാണത്തിലുടനീളം ദൈവം നമ്മുടെ നേർക്കുള്ള തന്റെ സ്നേഹം പ്രദർശിപ്പിച്ചിരിക്കുന്നു. നമുക്കു മുമ്പായി സഞ്ചരിച്ച് ബലവും ആശ്വാസവും ധൈര്യവും നൽകുന്ന അവന്റെ മഹത്തും അമൂല്യവുമായ വാഗ്ദത്തങ്ങളിലും ദിവ്യപരിപാലനത്തിലും ഈ സ്നേഹം നമുക്കു വെളിപ്പെട്ടിട്ടുള്ളതാണ്.
- Z'99, 128 (R 2473)

*　　*　　*　　*　　*　　*

മരണത്തിന് ഏതാനും നിമിഷങ്ങൾ മാത്രം ബാക്കി നിൽക്കെ താൻ ദൈവത്താൽ പരിത്യക്തനായിരിക്കുന്നു എന്നു നമ്മുടെ കർത്താവിനു തോന്നിയെങ്കിലും മരണത്തിന്റെ വിനാഴികയിൽ അവൻ ദൈവപ്രസാദത്തെ സംബന്ധിച്ച ബോധം വീടെുക്കയും തന്മൂലം അവനെ 'പിതാവേ' എന്നു സംബോധനചെയ്കയും ചെയ്തു. സംശയത്തിന്റെ കണികപോലുമില്ലാതെ പിതാവു തന്നെ ജീവനിലേക്കു യഥാസ്ഥാനപ്പെടുത്തുമെന്ന പൂർണ്ണനിശ്ചയത്തോടെ ഭവിഷ്യായുസ്സിനെ സംബന്ധിച്ച പ്രതീക്ഷ പിതാവിന്റെ ശക്തിയിൽ ഭരമേൽപ്പിക്കുമാറ് അവൻ തന്നിൽ പ്രസാദിച്ചിരിക്കുന്നു എന്ന ഉറപ്പ് അത്ര ദൃഢതരമായിരുന്നു. അന്യരുടെ പ്രയോജനത്തിനായി തന്റെ മാനുഷിക ജീവാവകാശങ്ങളും മനുഷ്യനായി ജീവിക്കാനുള്ള അവകാശവും പിതൃഹസ്തങ്ങളിൽ നിക്ഷേപിച്ചിരുന്നു എന്നുകൂടെ പദാനുപദപരിഭാഷ വ്യക്തമാക്കുന്നു- P'26, 60.

*　　*　　*　　*　　*　　*

**സമാന്തരവേദഭാഗങ്ങൾ : 1ദിന.5:20; 2ദിന.33:12,13; ഇയ്യോ.1:20,21;2:9; സങ്കീ.22:1-21;31:5;89:26; യെശ.53; മത്താ.26:39; യോഹ.8:51; അപ്പൊ.7:59,60;21:14; 1പത്രൊ.2:21-24; ഫിലി.2:8; എബ്രാ.2:9,14;12:3,4; 1പത്രൊ.4:12-14,19; 2തിമൊ.4:6**

ചോദ്യങ്ങൾ :- ക്രിസ്തുവിന്റെ യാഗപുണ്യം എനിക്ക് എങ്ങനെ ഉപകരിച്ചു? ദൈവത്തിലുള്ള അവന്റെ ആശ്രയം എന്നെ എങ്ങനെ

സ്വാധീനിച്ചു? തൻനിമിത്തം ഈ ആഴ്ച എനിക്കും ഞാൻ വഴി മറ്റുള്ളവർക്കും എന്തെല്ലാം അനുഗ്രഹങ്ങൾ ലഭിച്ചു?

# ഏപ്രിൽ 16

***ഞാൻ ഉണ്ടാക്കുവാനുള്ള ദിവസത്തിൽ അവർ എനിക്കൊരു നിക്ഷേപം ആയിരിക്കും എന്നു സൈന്യങ്ങളുടെ യഹോവ അരുളിച്ചെയ്യുന്നു; ഒരു മനുഷ്യൻ തനിക്കു ശുശ്രൂഷചെയ്യുന്ന മകനെ ആദരിക്കുന്നതുപോലെ ഞാൻ അവരെ ആദരിക്കും - മലാ. 3 : 17***

കർത്താവു തന്റെ തെരഞ്ഞെടുക്കപ്പെടുന്നവരെ കണ്ടെത്തുന്നതിന് ന മ്മെ നിയോഗിച്ചിരുന്നെങ്കിൽ അവൻ അയോഗ്യരെന്നു തള്ളാനിടയുള്ള ചിലരെ നാം കൂട്ടിച്ചേർക്കുമായിരുന്നു. എന്തെന്നാൽ നാം പരഹൃദയജ്ഞ രല്ല. ഈ ചിന്ത എല്ലാവരോടും വിനയവും ശാന്തതയും സൗമ്യതയും പ ുലർത്തുവാനും കർത്താവിലുള്ള വിശ്വാസം ദൃഢപ്പെടാനും അവന്റെ ഭൃത്യ ന്മാരെന്ന നിലയിൽ നമ്മുടെ യത്നങ്ങളിൽ അവന്റെ മാർഗ്ഗദർശനത്തിനു വിധേയപ്പെടാനും പ്രേരകമാകും. ദാവീദിനെ അഭിഷേകം ചെയ്യുന്നതിൽ ശമുവേൽ യഹോവയുടെ ഹിതം ആരായുന്നതുപോലെതന്നെ - Z'03, 223 (R 3225)

*　　*　　*　　*　　*　　*

തങ്ങളുടെ ജീവിതത്തിൽ കർത്താവിനെ മുഖ്യവിഷയമായി കരുതു ന്നവർക്ക് അവൻ മഹത്തായ വാഗ്ദത്തങ്ങൾ നൽകുന്നു. അവൻ അവരെ സ്വന്തമായി, സ്വപുത്രന്മാരായിത്തന്നെ തീർക്കുന്നു. ഇത് ആ മഹാദിവസ ത്തിൽ വിശിഷ്യാ വെളിപ്പെടും. വാത്സല്യപൂർവ്വമായിരിക്കും അവൻ അവ രോടു വർത്തിക്കുന്നത്. തന്റെ ഹിതം അനുഷ്ഠിക്കുന്നതിൽ പ്രിയം വയ്ക്കുന്നവരോട്, തന്റെ മക്കളോട് യഹോവ പ്രകടിപ്പിക്കുന്നതിൽ കവിഞ്ഞ ദയാദാക്ഷിണ്യത്തോടെ ജഡപ്രകാരമുള്ള ഒരു പിതാവും സ്വസന്താനങ്ങളോട് ഇന്നോളം പെരുമാറിയിട്ടില്ല. - P'36, 48.

*　　*　　*　　*　　*　　*

**സമാന്തരവേദഭാഗങ്ങൾ : സങ്കീ.66:16;56:8; യെശ.65:13,14; എബ്രാ.3:14; സങ്കീ.135:4; യോഹ.17:6,9,10,24; യെശ.62:3; സങ്കീ.103:8-13; ഉത്തമ.2:16; യോഹ.10:27-30; 1കൊരി.3:23;6:20; ഗലാ.5:24; 2തെസ്സ.1:7-10; പ ുറ.19:5; ആവ.7:6; തീത്തൊ.2:14; 1പത്രൊ.2:9; റോമ.8:32; 2കൊരി.6:18; 1യോ ഹ.3:1-3**

ചോദ്യങ്ങൾ :- ഈ വേദവാക്യം ഈ ആഴ്ച എനിക്ക് എങ്ങനെ ഉപക രിച്ചു? എന്തുകൊ? ഏതു പരിതസ്ഥിതികളിൽ? ഫലങ്ങൾ ഏവ?

# ഏപ്രിൽ 17

***അവനാൽ പ്രാപിച്ച അഭിഷേകം നിങ്ങളിൽ വസിക്കുന്നു - 1 യോഹ. 2 : 27***

അഭിഷേകത്തെ തുടർന്ന് യഹോവയുടെ അനുഗ്രഹവും ശക്തിയും ഏതോ വിധത്തിൽ ദാവീദിനെ തേടിയെത്തി. എങ്ങനെയെന്നത് നമുക്കും ദുർഗ്രഹമായിരിക്കാം. താൻ അഭിഷിക്തനായ ഔദ്യോഗികസ്ഥാനത്തിന് ചേർന്ന കർത്തവ്യങ്ങളുടെ നിർവ്വഹണത്തിന് അവൻ ശക്തനാകയും അറിവിൽ വളരുകയും ചെയ്തു. കർത്താവിങ്കൽനിന്നുള്ള അംഗീകാരം മുതൽ സഭയ്ക്കു ലഭിക്കുന്ന അഭിഷേകം ഇതിന്റെ പൊരുളായി വിചാരിക്കരുതോ? നമ്മുടെ അഭിഷേകം വെറും ശാരീരികമല്ല. നൽകപ്പെടുന്ന അനുഗ്രഹം കേവലം ഭൗതികവുമല്ല. നാം കൃപയിലും അറിവിലും സ്നേഹത്തിലും വളരുന്നത് പുതിയ സൃഷ്ടികൾ എന്ന നിലയിലാണ്. ആ നിലയിൽ നാം പടിപടിയായി വളർന്ന് പുനരുത്ഥാനത്തിൽ പൂർണ്ണത വരിക്കും. ശിരസ്സ് എന്ന നിലയിൽ കർത്താവും ഗുരുവുമായവനോടുകൂടി നാം സിംഹാസനാവകാശികളാകും. - Z'03, 223 (R 3225)

*          *          *          *          *          *

അഭിഷിക്തൻ എന്നതിൽ ഒരു ഗണം അടങ്ങിയിരിക്കുന്നു എന്ന വസ്തുത പൂർവ്വികന്മാർ അറിഞ്ഞിരുന്നില്ല. എന്നാൽ സുവിശേഷസഭയ്ക്ക് ഈ മർമ്മം വെളിപ്പെട്ടിരിക്കുന്നു. അഭിഷിക്തഗണത്തിലുള്ള അവരുടെ സ്ഥാനം വിശ്വസ്തന്മാരെ സംബന്ധിച്ചിടത്തോളം ഭദ്രവുമാണ്. സമർപ്പണവേളയിൽ അവരിൽ ഉൽപാദിതമായ വിശുദ്ധമായ ഹൃദയവും മനസ്സും അവരുടെ അവകാശത്തിന്റെ അച്ചാരവും വിശ്വസ്തന്മാരോടുള്ള ദൈവത്തിന്റെ വിശ്വസ്തതയുടെ മാറ്റമില്ലാത്ത ഉറപ്പുമാണ്. - P'30, 31.

*          *          *          *          *          *

**സമാന്തരവേദഭാഗങ്ങൾ:സങ്കീ.18:50;20:6;23:5;45:7; എബ്രാ.1:9; സങ്കീ.89:20 -23; യെശ.11:2,3;61:1-3; ദാനി.9:24; മത്താ.3:16,17; അപ്പൊ.4:27;10:38; 2കൊരി.1:21; 1 യോഹ.2:20,27; 1 കൊരി.12:12,13;15:23**

ചോദ്യങ്ങൾ :- ഈ ആഴ്ച ഈ വേദവാക്യം എന്നെ സംബന്ധിച്ച് എങ്ങനെ പ്രവർത്തിച്ചു? ഫലം എന്തായിരുന്നു?

# ഏപ്രിൽ 18

***പ്രിയമുള്ളവരേ, നിങ്ങൾക്കു പരീക്ഷയ്ക്കായി സംഭവിച്ചിരിക്കുന്ന അഗ്നിശോധനയിങ്കൽ ഒരു അപൂർവ്വകാര്യം വന്നുകൂടി എന്നുവച്ച് അതിശയിച്ചുപോകരുത്. ക്രിസ്തുവിന്റെ കഷ്ടങ്ങൾക്കു പങ്കുള്ളവരാകുന്നേടത്തോറും സന്തോഷിച്ചു കൊൾവിൻ. അങ്ങനെ നിങ്ങൾ അവന്റെ തേജസ്സിന്റെ പ്രത്യക്ഷതയിൽ ഉല്ലസിച്ചാനന്ദിപ്പാൻ ഇടവരും.-1 പത്രൊ. 4:12,13***

ശത്രുതപുലർത്തുന്ന ഈ ലോകത്തിൽ ഗുരുവിനു നേരിട്ട നിന്ദകളേ നാമും പ്രതീക്ഷിക്കേതുള്ളു. എന്തെന്നാൽ ദാസൻ യജമാനനേക്കാൾ വലിയവനല്ല. ലോകവും ജഡവും പിശാചും നമ്മുടെ വഴി പ്രതിബന്ധിക്കുന്നു. അകത്തു പോരാട്ടം, പുറത്തു ഭയം, നീതിമാനെതിരെ ലക്ഷ്യമാക്കുന്ന അസ്ത്രങ്ങളും തീയമ്പുകളും നിരവധിയാണ്. വിഷമതകളിലും അഗ്നിപരീക്ഷണങ്ങളിലും എന്തായിരിക്കും നമുക്കു സ്വീകരിക്കാവുന്ന സുരക്ഷിതമായ മനോഗതി ? ഒന്നാമതായി കർത്താവിന്റെ ഹിതം അഥവാ നടത്തിപ്പ് ഗ്രഹിക്കേതിന് അവന്റെ മുമ്പാകെ മൗനമായി കാത്തു ജാഗരിക്കുക. വളരെ ഗൗരവം അന്തർഭവിച്ച വിഷയങ്ങൾ സംബന്ധിച്ചു നമ്മുടെ കണക്കുകൂട്ടലുകൾ ആരംഭിക്കുംമുമ്പ് ഇത് ആവശ്യമാണ്. “ഞാൻ സംസാരിക്കാതെ ഊമനായിരുന്നു; നന്മയെപ്പോലും ഗണ്യമാക്കാതെ മൗനമായിരുന്നു” (സ്വന്തം ദൃഷ്ടിയിൽ നല്ലതെന്നു തോന്നിയവപോലും പ്രവർത്തിക്കയും സംസാരിക്കയും ചെയ്യുന്നതിൽനിന്നു വിരമിച്ചിരുന്നു) എന്നു സങ്കീർത്തനക്കാരൻ ഇക്കാര്യത്തിൽ ഒരു സൂചന നൽകുന്നു - Z'96, 31 (R 1937)

* * * * * *

പരീക്ഷകൾ നേരിടുമ്പോൾ ദൈവത്തിന്റെ കുഞ്ഞുങ്ങൾ ആശ്ചര്യപ്പെട്ടുപോകരുത്. അവരുടെ സമർപ്പണത്തിൽ ക്രിസ്തുവിനോടുകൂടിയുള്ള കഷ്ടാനുഭവം അന്തർഭവിച്ചിരിക്കുന്നു. ഇത് അവരെ നിരുത്സാഹപ്പെടുത്തുന്നതിനുപകരം സന്തോഷിപ്പിക്കയാണു വേത്. കാരണം, ക്രിസ്തുവിനോടുകൂടി കഷ്ടാനുഭവങ്ങളിൽ പങ്കാളികളാകാനുള്ള ഭാഗ്യ പദവി ഇത് അവർക്കു നൽകുന്നു. പിൻവരുന്ന മഹിമയെ മധുരതരമാക്കുവാൻ ഇത് ഉപകരിക്കുന്നു. കഷ്ടാനുഭവത്തിന്റെ തീവ്രതയ്ക്കനുസരണമായിരിക്കും വെളിപ്പെടാനുള്ള തേജസ്സിന്റെ ആധിക്യം. ഈ ആലോചന നമ്മെ ഉത്തേജിപ്പിക്കുന്നു. - P'35, 61,62.

* * * * * *

**സമാന്തരവേദഭാഗങ്ങൾ : റോമ.6:1-11;8:10,17; 2കൊരി.1:5;4:10; 1കൊരി.15:29-34; മർക്കൊ.10:35-39; കൊലൊ.2:11,12; ഗലാ.2:20; 2തിമൊ.2:10-12; ഫിലി.3:10; 1പത്രൊ.2:19-24; 3:14,17,18;4:16,19; എബ്രാ.7:26,27;13:10-16;10:4-10,19; 9:13-23; 1പത്രൊ.2:5,9**

ചോദ്യങ്ങൾ :- ഈ ആഴ്ച ഞാൻ ക്രിസ്തുവിനോടുകൂടി കഷ്ടം സഹിച്ചോ? എങ്ങനെ? എന്തുകൊ്? ഫലമെന്തായിരുന്നു?

# ഏപ്രിൽ 19

***ഹൃദയം നിറഞ്ഞു കവിയുന്നതിൽ നിന്നല്ലോ വായ് സംസാരിക്കുന്നത്. നല്ല മനുഷ്യൻ തന്റെ നല്ല നിക്ഷേപത്തിൽ നിന്നു നല്ലതു പുറപ്പെടുവിക്കുന്നു; ദുഷ്ടമനുഷ്യൻ ദുർനിക്ഷേപത്തിൽ നിന്നു തീയതു പുറപ്പെടുവിക്കുന്നു. - മത്താ. 12 : 34, 35***

ഈ നിലയ്ക്കു നാം ഒന്നാമതായി വിചാരപ്പെടേത് ഹൃദയത്തെപ്പറ്റിയാണ്. അതിന്റെ അഭിരുചികളും ചായ്വുകളും പൂർണ്ണമായും ദൈവാത്മനിയന്ത്രിതമാകണം. സത്യത്തിന്റെയും നീതിയുടെയും തത്വങ്ങളായിരിക്കണം അവിടെ കുടിയിരുത്തപ്പെടുക. ജീവിതത്തിന്റെ കടിഞ്ഞാൺ പിടിക്കുന്ന പ്രമാണങ്ങൾ നീതി, കരുണ, നന്മ, സഹോദര പ്രീതി, സ്നേഹം, വിശ്വാസം, സൗമ്യത, മിതത്വം, ദൈവത്തോടും ക്രിസ്തുവിനോടുമുള്ള പരമമായ ഭക്തി, വിശുദ്ധിയുടെ എല്ലാ സുന്ദരഭാവങ്ങളോടും കലശലായ പ്രതിപത്തി ഇവയെല്ലാമായിരിക്കണം. ഈ പ്രമാണങ്ങൾ ഹൃദയത്തിൽ ദൃഢമൂലമാകയാൽ ആ നല്ല നിക്ഷേപത്തിൽ നിന്നു വായ് സത്യത്തിന്റെയും സുബുദ്ധിയുടെയും ജ്ഞാനത്തിന്റെയും കൃപയുടെയും വാക്കുകൾ സംസാരിച്ചുകൊിരിക്കും.- Z'96, 30 (R 1937)

* * * * * *

നമ്മുടെ വാക്കുകളുടെയും പ്രവൃത്തികളുടെയും ഉറവിടം ഹൃദയമാകുന്നു. അതിനാൽ ഒരുവന്റെ വാക്കുകളും പ്രവൃത്തികളും എങ്ങനെയോ അങ്ങനെയായിരിക്കും ഹൃദയം. ഒരു നല്ല ഹൃദയത്തിൽനിന്നു സദ്വചനങ്ങളും സത്പ്രവൃത്തികളും എന്നപോലെ ദുഷ്ടഹൃദയത്തിൽനിന്നു ദുർഭാഷണങ്ങളും ദുഷ്പ്രവൃത്തികളും നിറഞ്ഞുകവിയുന്നു. അതുകൊ്, ഹൃദയം നിർമ്മലമായി സൂക്ഷിക്കുന്നത് എത്ര ആവശ്യമായിരിക്കുന്നു. "സകല ജാഗ്രതയോടുംകൂടെ നിന്റെ ഹൃദയത്തെ കാത്തുകൊൾക; ജീവന്റെ ഉത്ഭവം അതിൽനിന്നല്ലോ ആകുന്നത്"" (സദൃ.4:23) എന്ന ബുദ്ധ്യുപദേശം കർത്താവിന്റെ അനുയായികൾക്കെല്ലാം നിശ്ചയമായും സമുചിതമാണ് - P'34, 47.

* * * * * *

**സമാന്തരവേദഭാഗങ്ങൾ : ലൂക്കൊ.6:45; സങ്കീ.37:30; സദൃ.10:20; 12:6,17-19;15:4,23; ആവ.5:29;6:5,6; 1ശമു.16:7; 1ദിന.28:9; 2 ദിന.12:14; സങ്കീ.51:10; യിരെ.17:9,10; മത്താ.5:8;12:33,36,37;15:18-20;23:26; എബ്രാ.3:8**

ചോദ്യങ്ങൾ :- ഈ വേദവാക്യത്തോടനുബന്ധിച്ച് ഈ ആഴ്ചയിലെ അനുഭവങ്ങൾ എന്തെല്ലാമായിരുന്നു? ഈ വേദവാക്യം യഥാർത്ഥമാണെന്ന് ഈ ആഴ്ചയിലെ അനുഭവങ്ങളിൽ നിന്ന് എങ്ങനെ തെളിവായി? പരിണത ഫലങ്ങൾ ഏവ?

# ഏപ്രിൽ 20

***അത്യല്പത്തിൽ വിശ്വസ്തൻ അധികത്തിലും വിശ്വസ്തൻ - ലൂക്കൊ. 16 : 10***

ദൈവജനങ്ങൾ വീട്ടിലെയോ വ്യാപാരരംഗത്തെയോ പ്രതിദിനജീവിതചര്യകളിൽ സംതൃപ്തിപ്പെട്ട് "കൂടുതൽ അഭികാമ്യമായ മറ്റേതെങ്കിലും തുറയിൽ ദൈവത്തിനു നേരിട്ട് അർപ്പിക്കപ്പെട്ടാലെന്നപോലെ അവൻ എന്റെ പ്രയത്നത്തെ സ്വീകരിക്കുന്നു" എന്നു കണക്കാക്കണമെന്നല്ല പ ിന്നെയോ ഏതു തൊഴിലുടമയ്ക്കും ഐഹികമായ കർത്തവ്യങ്ങളോടും ബാധ്യതകളോടും നീതിപുലർത്തിക്കൊുതന്നെ ഔചിത്യപൂർവ്വം എത്ര മാത്രം നിമിഷങ്ങളോ മണിക്കൂറുകളോ ദിവസങ്ങളോ തന്റെയോ മറ്റുള്ളവരുടെയോ ആത്മീയതാത്പര്യങ്ങൾക്കായി വഴിതിരിച്ചുവിടാൻ കഴിയും എന്നു ശ്രദ്ധാപൂർവ്വം പരിശോധിക്കണമെന്നാണ് ഇതിനർത്ഥം. അതിവേഗം പറന്നകന്നു പാഴാകുന്ന നിമിഷങ്ങളെ കഴിവതും പിതാവിന്റെ വയലിൽ വേലചെയ്തു ഫലവത്താക്കാൻ സാധിക്കുന്നത് സമർപ്പിതനായ സ്വയത്യാഗിയായ ശിഷ്യനാണ് - Z'03, 407 (R 3265)

* * * * * *

ഒരുവന്റെ പ്രവൃത്തികളിലെല്ലാം അവന്റെ സ്വഭാവത്തിന്റെ മുദ്ര പതിഞ്ഞുകാണാം. വൻ കാര്യങ്ങളോടുള്ള സമീപനം പോലെതന്നെ അല്പകാര്യങ്ങളും കൊച്ചുകൊച്ചു ചുമതലകളും കൈകാര്യം ചെയ്യുന്ന വിധവും അവന്റെ സ്വഭാവത്തെ പ്രതിഫലിപ്പിക്കും. ഇതാണു സ്വഭാവം അളക്കുന്നതിനുള്ള ദിവ്യമാനദണ്ഡം. ഈ തോത് ഉപയോഗിച്ച് അവൻ വിശുദ്ധന്മാരെ അളക്കുന്നു. ഈ ആയുസ്സിലെ അല്പകാര്യങ്ങളിൽ അവർ കർത്താവിനോടു പുലർത്തുന്ന വിശ്വസ്തത, ഭാവിയിലെ വൻകാര്യങ്ങളിൽ അവർ വിശ്വസ്തരായിരിക്കുമെന്നതിന്റെ ഉറപ്പായി അവൻ കണക്കാക്കുന്നു. - P'33, 63.

* * * * * *

**സമാന്തരവേദഭാഗങ്ങൾ : സെഖ.4:10; മത്താ.25:21; ലൂക്കൊ.16:11,12;19:17; എബ്രാ.3:2; സദൃ.28:20; മത്താ.10:22;24:45-47; 1കൊരി.4:2; വെളി.2:7,10,17,26,27; 3:5,11,12,21**

ചോദ്യങ്ങൾ :- ഈ ആഴ്ചയിൽ ഞാൻ വിശ്വസ്തനായിരുന്നോ? ഏതെല്ലാം കാര്യങ്ങളിൽ? അതിനു ഞാൻ എന്തു വില കൊടുക്കേി വന്നു? ഫലങ്ങൾ എന്തായിരുന്നു?

# ഏപ്രിൽ 21

***നമുക്കുള്ള മഹാപുരോഹിതൻ നമ്മുടെ ബലഹീനതകളിൽ സഹതാപം കാണിപ്പാൻ കഴിയാത്തവനല്ല; പാപം ഒഴികെ സകലത്തിലും നമുക്കു തുല്യനായി പരീക്ഷിക്കപ്പെട്ടവനത്രേ നമുക്കുള്ളത്. അതുകൊ്, കരുണ ലഭിപ്പാനും, സഹായത്തിനുള്ള കൃപ പ്രാപിപ്പാനുമായി നാം ധൈര്യത്തോടെ കൃപാസനത്തിന് അടുത്തുചെല്ലുക.-എബ്രാ.4:15,16***

പരീക്ഷയുടെ നാഴികയിൽ വിശ്വാസത്തിന്റെ പൂർണ്ണനിശ്ചയത്തോടെ ഗുരുവിന്റെ സ്നേഹം, ജ്ഞാനം, നമ്മെ സഹായിക്കാനുള്ള അവന്റെ കഴിവ്, സകലവും തന്നെ സ്നേഹിക്കുന്നവർക്കു നന്മയ്ക്കായി കൂട്ടിയിണക്കി പ്രവർത്തിപ്പിക്കാനുള്ള അവന്റെ സന്നദ്ധത ഇവയെല്ലാം ചിന്തിച്ച് ഹൃദയം അവകലേക്ക് ഉയരണം. ആവശ്യം നേരിടുമ്പോഴുളള ഈ സഹായാഭ്യർത്ഥന, അവന്റെ ആലോചനയും തുണയും നീതിക്കുവേിയുള്ള ബലവും, സത്യവും വിശുദ്ധിയും സ്നേഹവും നമ്മിലേക്ക് എത്തിക്കും. അങ്ങനെ നാം മണിക്കൂറുതോറും ദിനംതോറും അന്തിമമായും വിജയശ്രീലാളിതരാകും. - Z'98, 23 (R 2248)

* * * * * *

ജഡത്തിൽനിന്നും ലോകത്തിൽനിന്നും സാത്താനിൽനിന്നും കർത്താവിന്റെ ജനത്തിന് അനുഭവപ്പെടുന്ന പരീക്ഷകളിൽ തത്ത്വത്തിൽ നമ്മുടെ കർത്താവിനു സഹിക്കേിവന്നിട്ടില്ലാത്ത ഒന്നുപോലുമില്ല. അവന്റെ പരീക്ഷകൾ കേവലം പ്രാപഞ്ചികമോഹത്തിന്റെയും സ്വാഭാവിക സ്വാർത്ഥത്തിന്റെയും വഴിക്കായിരുന്നു, അവ പാപസംബന്ധമായിരുന്നില്ല. എങ്കിൽപോലും അങ്ങനെയുള്ള പ്രലോഭനങ്ങൾ അവനു നമ്മോടു സഹതാപം കാണിക്കുവാൻ കഴിയുമാറ് അവ തീക്ഷ്ണങ്ങളായിരുന്നു. യഥാസമയം വേ ആശ്വാസത്തിനായി അവനിലൂടെയും അവനിലും ദൈവത്തോട് അടുത്തുചെല്ലുന്നതിന് ഇതു നമുക്കു ധൈര്യം പകരേതാണ്. - P'27, 55. ('32, 31)

* * * * * *

**സമാന്തരവേദഭാഗങ്ങൾ : എബ്രാ.2:17,18;3:1;5:1-5;7:11-28;8:12;9:23; ലൂക്കൊ.23:33; യോഹ.14:6,13-16;16:23-26;17:20-22; റോമ.8:34; 1കൊരി.10:13; എഫെ.3:12; എബ്രാ.10:19-21**

ചോദ്യങ്ങൾ :- ഈ ആഴ്ച ഏതെല്ലാം അനുഭവങ്ങൾ ആണ് ഈ വേദവാക്യത്തോടനുബന്ധിച്ച് നേരിട്ടത്? അവയാൽ ഞാൻ എങ്ങനെ അനുഭവസമ്പന്നനായിത്തീർന്നു?

# ഏപ്രിൽ 22

***മനുഷ്യർ പറയുന്ന ഏതു നിസ്സാരവാക്കിനും (നിഷ്പ്രയോജനമോ ഹാനികരമോ ആയത്) ന്യായവിധിദിവസത്തിൽ കണക്കു ബോധിപ്പിക്കേണ്ടിവരും എന്നു ഞാൻ നിങ്ങളോടു പറയുന്നു. - മത്താ. 12 : 36***

നമ്മുടെ വഴികൾ അനുദിനം പരിശോധനാവിഷയമാക്കണം. അത് ഓരോ ക്രൈസ്തവന്റെയും ചുമതലയാണ്. അങ്ങനെ പരിശോധിക്കുമ്പോൾ നമ്മുടെ വാക്കുകൾ ഏതെങ്കിലും നിലയിൽ കർത്താവിന് അപമാനകരമെന്ന് കാണുന്നപക്ഷം കാര്യസ്ഥന്റെ നാമത്തിൽ പ്രാർത്ഥനാപൂർവ്വം ദൈവത്തെ സമീപിക്കുകയും, നമ്മുടെ വീഴ്ച നമുക്കു ബോധ്യപ്പെട്ടിരിക്കുന്നു എന്ന് നമ്മുടെ സ്വർഗ്ഗസ്ഥപിതാവിനോട് ഏറ്റുപറഞ്ഞ്, നിർമ്മലമായ നടപ്പും സംഭാഷണവും വഴി അവന്റെ നാമത്തെയും ദൃുതിനെയും മഹത്ത്വപ്പെടുത്തുന്നതിൽ നേരിട്ട പരാജയത്തിൽ ഖേദിക്കുകയും ഈ പാപം നമ്മുടെ പേരിൽ കണക്കിടാതെ ക്രിസ്തു മുഖേന നമ്മുടെ ശുദ്ധീകരണത്തിനുള്ള അവന്റെ കരുണപ്രകാരം അതു മായിച്ചു കളയണമെന്ന് യാചിക്കുകയും വേണം. അവന്റെ വിലയേറിയ രക്തത്തിലാണ് നമ്മുടെ മുഴുവൻ പ്രത്യാശയും ഉറപ്പും എന്നു വിനയപൂർവ്വം അംഗീകരിച്ചുകൊാകണം ഇത്. ഇപ്രകാരം ഏതു നിസ്സാരവാക്കിനെ സംബന്ധിച്ചുമുള്ള കണക്ക് ഏല്പിച്ചുകൊടുക്കണം. വിശ്വാസത്തിലൂടെ ഫലവത്താകുന്ന ക്രിസ്തുവിൻ പുണ്യത്തിന്റെ പിന്തുണയോടുകൂടിയ നമ്മുടെ അനുതാപവചനങ്ങളാൽ നാം കുറ്റവിമുക്തരാക്കപ്പെടും - Z'96, 32 (R 1937)

* * * * * *

നാം പറയുന്ന വാക്കുകൾ നമ്മുടെ മനോവൃത്തിയുടെ ബഹിർപ്രകാശനമാണ്. അതുകൊുതന്നെ അത് സ്വഭാവം രൂപപ്പെടുത്തുന്ന ഉപാധിയായിത്തീരുന്നു. അലക്ഷ്യമായ വാക്കുകൾ നിഷ്പ്രയോജനവും ദ്രോഹകരവുമായ ചിന്തകളുടെ പ്രകാശനമാണ്. അവ അനിവാര്യമായും സ്വഭാവത്തിനു തുരങ്കം വയ്ക്കുന്നു. ഒരുവൻ ജീവന്റെ പരിശോധനയെ അഭിമുഖീകരിക്കുമ്പോൾ ഇങ്ങനെയുള്ള സ്വഭാവഹത്യയ്ക്കു കണക്കുബോധിപ്പിക്കയും തെറ്റുതിരുത്തുകയും ചെയ്യേിവരും. അതുകൊ്, "യഹോവേ, എന്റെ വായ്ക്ക് ഒരു കാവൽനിർത്തി എന്റെ അധരകവാടം സൂക്ഷിക്കണമേ" (സങ്കീ.141:3) എന്ന പ്രാർത്ഥനയുടെ ആവശ്യത്തിലേക്ക് ഇതു വിരൽ ചൂുന്നു. - P'20, 91 (P'26,60).

* * * * * *

**സമാന്തരവേദഭാഗങ്ങൾ : സങ്കീ.26:1-4;50:3-6;139:23,24; യിരെ.11:20;20:12; 2തെസ്സ.1:4,5; മത്താ.25:14-30; 1കൊരി.11:31; യെഹെ.18:20-28; മത്താ.11:22; 12:37-42;25:31-46; യോഹ.5:22-30; അപ്പൊ.17:31; റോമ.2:5-16; 1പത്രൊ.4:5,7**

ചോദ്യങ്ങൾ :- ഈ വാക്യത്തോടുള്ള ബന്ധത്തിൽ എന്തായിരുന്നു ഈ ആഴ്ചയിലെ അനുഭവങ്ങൾ? അവയിൽ നിന്നു ഞാൻ എന്തു പാഠങ്ങൾ ഗ്രഹിച്ചു?

# ഏപ്രിൽ 23

***നല്ല മണ്ണിൽ വീണതോ വചനം കേട്ടു ഗുണമുള്ള നല്ല ഹൃദയത്തിൽ സംഗ്രഹിച്ച് ക്ഷമയോടെ ഫലം കൊടുക്കുന്നതു തന്നെ - ലൂക്കൊ.8 : 15***

യാഗാർപ്പണം നടത്തുന്ന ഏതൊരുവനും നിർബ്ബന്ധമായും സൗമ്യതയും വിനയവും, ശിഷ്യത്വം സ്വീകരിക്കാൻതക്ക എളിമയും ഉള്ളവനായിരിക്കണം. അല്ലാത്തപക്ഷം അയാൾക്കു താമസംവിനാ മാർഗ്ഗഭ്രംശം നേരിടും. ക്ഷമാവിഷയകമായ കർത്ത്യകൃപയുടെ പരിപോഷണത്തിലും അയാൾ മനസ്സൂന്നണം. എന്തെന്നാൽ ദിവ്യദൗത്യത്തിനോ ദൈവജനങ്ങളിൽ ചിലർക്കോ ഹാനികരമാകാതെ അനീതികൾ ഒഴിവാക്കാൻ യുക്തമായ മാർഗ്ഗങ്ങളില്ലാത്ത സാഹചര്യത്തിൽ സ്വയം ത്യജിക്കുന്നതിനും അനീതി സഹിക്കുന്നതിനും ക്ഷമ തീർച്ചയായും അനുപേക്ഷണീയമാണ്. സഹോദരപ്രീതിയിൽ വളർന്നുവരിക എന്നതും ഇതിൽ അന്തർഭവിച്ചിരിക്കുന്നു. ചുരുക്കത്തിൽ നമ്മുടെ ഹൃദയങ്ങളിലും ജീവിതങ്ങളിലും ദൈവത്തിന്റെ പൂർണ്ണഹിതം അഥവാ സ്നേഹത്തിന്റെ വികാസം കൈവരിക്കുക എന്നതു തന്നെ. നമ്മുടെ ബലിയുടെ പൂർത്തീകരണത്തിനു മുമ്പു തന്നെ വലിയൊരളവിലും വിജയകരമായ തോതിലും സ്നേഹമെന്ന ലക്ഷ്യം നാം സാധിച്ചിരിക്കണം - Z'03, 408 (R 3265)

* * * * * *

വിശ്വസ്തതയുള്ള ഒരു ഉത്തമഹൃദയമാണ് ഏതു സാഹചര്യത്തിലും ശ്രേഷ്ഠം. എന്തെന്നാൽ സമൃദ്ധമായ വിളവ് ലഭിക്കുമാറ് അപ്രകാരമുള്ള ഹൃദയങ്ങൾക്കു ദൈവം സത്യം വെളിപ്പെടുത്തുന്നു, അങ്ങനെയുള്ള ഹൃദയങ്ങളിൽ സത്യം നിലനിൽക്കുന്നു, അങ്ങനെയുള്ള ഹൃദയങ്ങൾവഴി സത്യം പ്രവർത്തിക്കുന്നു, അന്തിമമായി ദിവ്യസാദൃശ്യം എന്ന ഫലം വിളഞ്ഞു പാകപ്പെടുന്നു. രാജ്യത്തിന്റെ പ്രവർത്തനങ്ങളിൽ ക്രിസ്തുവിനോടൊപ്പം പങ്കാളികളാകേ ഏവർക്കും അനുപേക്ഷണീയമായ ഒന്നാണ് ഈ സ്വഭാവപരിപക്വത. - P'36, 48.

* * * * * *

**സമാന്തരവേദഭാഗങ്ങൾ : ഇയ്യോ.23:11,12; സങ്കീ.119:11,129; ലൂക്കൊ.11:28; അപ്പൊ.17:11; മത്താ.13:23; യോഹ.8:31;14:21;15:5,8; യാക്കൊ.1:22,25; എബ്രാ.3:14; റോമ.2:7; എബ്രാ.10:36;12:1;4:2; 1 പത്രൊ.2:1,2; സങ്കീ.1:1-3; കൊലൊ.1:6,10**

ചോദ്യങ്ങൾ :- ഈ വാക്യത്തിന് അനുയോജ്യമായി ഈ ആഴ്ചത്തെ അനുഭവങ്ങൾ എന്തായിരുന്നു? അവയെ എങ്ങനെ നേരിട്ടു? എന്തായിരുന്നു ഫലം?

# ഏപ്രിൽ 24

***നമ്മിൽ ഓരോരുത്തൻ കൂട്ടുകാരനെ നന്മയ്ക്കായിട്ട് ആത്മീയ വർദ്ധനയ്ക്കുവേി പ്രസാദിപ്പിക്കേണം. - റോമ. 15 : 2***

ഓരോ കർത്തൃശിഷ്യനും ഗുരുവിൽനിന്നു ഗ്രഹിക്കേപാഠം, തനിക്കു നൽകപ്പെട്ടിരിക്കുന്ന ഏതൽക്കാല വിളിയുടെയും സ്ഥാനത്തിന്റെയും ജോലിയുടെയും പ്രത്യേകദൗത്യം യാഗമായിത്തീരുക എന്നുള്ളതാണ് എന്നത്രേ. സ്വന്തം വഴികളും കണക്കുകൂട്ടലുകളും കർമ്മപദ്ധതികളും മുൻഗണനകളും നിരസിച്ചിട്ട് സമാധാനത്തിനുവേി തൽസ്ഥാനത്ത് മറ്റുള്ളവരുടെ പദ്ധതികളും മുൻഗണനകളും അംഗീകരിക്കാനുള്ള അവസരം സേവനത്തിന്റെ ഒരു രൂപമാണെന്ന വസ്തുതയാണ് പലപ്പോഴും നാം വിവേചിക്കാതെ പോകുന്നത്. ഇഷ്ടാനിഷ്ടങ്ങൾ കേവലം വ്യക്തിഗതവും രും കർത്തൃദൃഷ്ടിയിൽ തുല്യമെന്ന് വിശ്വസിക്കാവുന്നതുമായ സാഹചര്യങ്ങൾക്കേ ഇതു ബാധകമാകൂ. ഏതെങ്കിലും നന്മയ്ക്ക് ഉപകരിക്കുമെന്നു കാണുന്നപക്ഷം സമാധാനത്തിന്റെ പേരിൽ നമ്മുടെ മുൻഗണനകൾ മറ്റുള്ളവരുടെ അഭിമതങ്ങൾക്കുവേി ബലികഴിക്കാവുന്നതാണ്. - Z'14, 308,309 (R 5555)

* * * * * *

ഈ വേദഭാഗത്ത് കൂട്ടുകാരൻ (അയൽക്കാരൻ) എന്ന പ്രയോഗംകൊു വിശുദ്ധ പൗലോസ് ഉദ്ദേശിക്കുന്നത് ക്രിസ്തുശരീരത്തിലെ ഒരു കൂട്ടവയവത്തെയാണെന്ന് സന്ദർഭത്തിൽനിന്നു വ്യക്തമാകുന്നു. കാരണം അപ്രകാരമുള്ളവർക്കുമാത്രമാണ് ആത്മികവർദ്ധന വരുത്തുവാൻ കഴിയുന്നത്. സഹവിശ്വാസികളുടെ ജഡത്തെയല്ല, അവരിലുള്ള പുതിയ മനസ്സിന്റെ ഇച്ഛകളെ പ്രസാദിപ്പിക്കുന്നതിനുവേി ആത്മത്യാഗം അനുഷ്ഠിക്കുക എന്നത് ക്രിസ്തു ശരീരത്തിലെ അവയവങ്ങളുടെ കടമ മാത്രമല്ല, അവകാശം കൂടിയാണ്. വിശ്വാസം, പ്രത്യാശ, സ്നേഹം എന്നിവയിൽ കെട്ടുപണിചെയ്യപ്പെട്ട്, അവന്റെ നന്മയ്ക്ക് ഉതകുന്നതിനുവേിയാകണം ഇങ്ങനെ പ്രസാദിപ്പിക്കുന്നത്. - P'30, 31.

* * * * * *

**സമാന്തരവേദഭാഗങ്ങൾ:മത്താ.8:19-22;10:37-39;13:44-46;16:24,25; 19:12,21; ലൂക്കൊ.14:26-33;21:2-4; യോഹ.12:25; അപ്പൊ.20:22-24;21:13; റോമ.14:1-15:5; 1കൊരി.6:12;8:10-13;9:12-27;10:23,24;ഫിലി.2:4;3:7-11; 1പത്രൊ.2:11-16;4:1,2;യൂദാ.20,21**

ചോദ്യങ്ങൾ :- സഹോദരന്മാർക്കുവേി ഞാൻ ഈ ആഴ്ച ആത്മത്യാഗം അനുഷ്ഠിച്ചുവോ? എങ്ങനെ? എന്തുകൊ്? അതിൽ സഹായകവും പ്രതിബന്ധവും ആയി വർത്തിച്ചതെന്ത്? പരിണതഫലങ്ങൾ ഏവ?

# ഏപ്രിൽ 25

***എന്നാൽ വിശ്വാസം കൂടാതെ ദൈവത്തെ പ്രസാദിപ്പിപ്പാൻ കഴിയുന്നതല്ല; ദൈവത്തിന്റെ അടുക്കൽ വരുന്നവൻ ദൈവം ഉ് എന്നും തന്നെ അന്വേഷിക്കുന്നവർക്കു പ്രതിഫലം കൊടുക്കുന്നു എന്നും വിശ്വസിക്കേതല്ലോ - എബ്രാ. 11 : 6***

തന്റെ ശിഷ്യന്മാരോടെല്ലാം അവരുടെ ക്രിസ്തീയ പ്രയാണത്തിലും അനുഭവങ്ങളിലും ആദ്യവസാനം "നിന്റെ വിശ്വാസം പോലെ നിനക്ക് ഭവിക്കട്ടെ" എന്ന പ്രകാരമായിരിക്കും കർത്താവിന്റെ പെരുമാറ്റം എന്നു തോന്നുന്നു. അവൻ നമ്മെ ശ്രദ്ധിക്കുന്നില്ല എന്നു തോന്നുമ്പോഴും ആത്മീയവും ഐഹികവുമായ എല്ലാ രംഗത്തും സമൃദ്ധി അനുഭവപ്പെടുമ്പോഴും ഉായിരിക്കുന്ന വിശ്വാസം. അതിനോടൊപ്പം തന്നെ കുത്തൊഴുക്കുകളും ദുഷ്ടശക്തികളും മുഴുവൻ നമുക്കെതിരാണെന്നു തോന്നുമ്പോഴും ഉായിരിക്കേ ബലവത്തായ വിശ്വാസം. ഏതവസ്ഥയിലും കർത്താവിന്റെ നന്മയിലും വിശ്വസ്തതയിലും ഉറച്ച ബോധ്യത്തോടെ അവങ്കലേക്കു നോക്കുന്നതിനും നാം അവന്റെ ജനമായിരിക്കയാൽ അവന്റെ വാഗ്ദത്തപ്രകാരം അന്തിമമായി സകലവും നമുക്കു നന്മയ്ക്കായികൂടി വ്യാപരിക്കുമെന്നു മനസ്സിലാക്കാനും കഴിയുന്ന വിശ്വാസമാണ് ലോകത്തെ ജയിക്കുന്നത്. - Z'00, 139 (R 2625)

* * * * * *

സ്നേഹമൊഴികെ വിശ്വാസത്തെക്കാൾ പ്രസാദകരമായി ദൈവദൃഷ്ടിയിൽ വേറൊന്നുമില്ല. അതുകൊ്, തന്റെ സ്വഭാവത്തിൽ വിശ്വാസമർപ്പിക്കുന്നവരിൽ പിതാവു പ്രസാദിക്കുന്നു. അങ്ങനെയെങ്കിൽ അവന്റെ സ്വഭാവത്തെ അവിശ്വസിക്കയും തദ്വാരാ അവന്റെ ജ്ഞാനം, നീതി, സ്നേഹം, ശക്തി ഇവയെ ചോദ്യം ചെയ്യുകയും ചെയ്യുന്നവർ അവന്റെ അപ്രീതിക്കു പാത്രമാകയും അവന് അംഗീകാരയോഗ്യരല്ലാതെ വരികയും ചെയ്യുന്നു. എന്തെന്നാൽ "വിശ്വാസം കൂടാതെ ദൈവത്തെ പ്രസാദിപ്പിപ്പാൻ സാധ്യമല്ല" ആകയാൽ നമുക്കു ദൈവത്തിൽ വിശ്വാസമർപ്പിക്കാം.- P'35, 62.

* * * * * *

**സമാന്തരവേദഭാഗങ്ങൾ : എബ്രാ.11; അപ്പൊ.14:15; റോമ.4:11,12,16,18,19; 1തെസ്സ.1:9; 1തിമൊ.4:10; 1യോഹ.5:4; യോഹ.3:15-18,36; ഉല്പ.15:1; മത്താ.5:12; 6:1,2,5,16;10:41,42;6:33; യിരെ.29:13; 2പത്രൊ.1:5,10;3:14**

ചോദ്യങ്ങൾ :- ഈ വേദഭാഗത്തിന്റെ അടിസ്ഥാനത്തിൽ എന്തായിരുന്നു ഈ ആഴ്ചയിലെ അനുഭവങ്ങൾ? അവയെ എങ്ങനെ നേരിട്ടു? എന്തു ഫലം ഉളവായി?

# ഏപ്രിൽ 26

***ദൈവം തന്റെ പ്രവൃത്തികളിൽ നിന്നെന്നപോലെ അവന്റെ സ്വസ്ഥതയിൽ പ്രവേശിച്ചവൻ താനും തന്റെ പ്രവൃത്തികളിൽ നിന്നു നിവൃത്തനായിത്തീർന്നു - എബ്രാ. 4 : 10***

ഏഴുദിവസങ്ങളിൽ ഒന്ന് ആവശ്യപ്പെടുന്നതിനുപകരം സ്നേഹത്തിന്റെ പ്രമാണം നമ്മുടെ മുഴുവൻ സമയത്തെയും നിയന്ത്രിക്കുകയും ക്രമപ്പെടുത്തുകയും ചെയ്യുന്നു. ആഴ്ചവട്ടത്തിലെ ഏഴുദിവസവും നാം നമ്മുടെ ദൈവമായ കർത്താവിനെ പൂർണ്ണഹൃദയത്തോടും പൂർണ്ണമനസ്സോടും പൂർണ്ണആത്മാവോടും പൂർണ്ണശക്തിയോടും കൂടി സ്നേഹിക്കണം. ഏഴുദിവസവും നമ്മുടെ അയൽക്കാരനെ നമ്മെപ്പോലെ തന്നെ സ്നേഹിക്കണം. ആഴ്ചവട്ടത്തിലെ ഏഴുദിവസവും സ്വന്തം പ്രവൃത്തികളിൽനിന്നു വിരമിച്ച് സ്വസ്ഥത അനുഭവിക്കണം. ക്രിസ്തുവിന്റെ പൂർത്തീകരിക്കപ്പെട്ട വേലയിലെ വിശ്വാസത്താലുള്ള സ്വസ്ഥത, ബുദ്ധിക്കതീതവും നമ്മുടെ ഹൃദയത്തിൽ നിരന്തരം വാഴുന്നതായി, ദൈവസമാധാനത്തിലുള്ള സ്വസ്ഥത തന്നെ - Z'02, 205 (R 3037)

* * * * * *

ദൈവമുമ്പാകെയുള്ള നമ്മുടെ നീതീകരണമായി ക്രിസ്തുവിന്റെ പൂർത്തീകരിക്കപ്പെട്ട വേലയെ നാം അംഗീകരിക്കുകയും എല്ലാ സഹസ്രാബ്ദാനുഗ്രഹങ്ങളും നമുക്കു കണക്കിടപ്പെട്ടു കിട്ടിയതിലുള്ള സന്തോഷത്തിന്റെ ഉറപ്പിൽ നിലനിൽക്കുകയും ചെയ്യുക എന്ന അർത്ഥം സ്വസ്ഥതയിൽ പ്രവേശിക്കുക എന്നതിൽ അന്തർഭവിച്ചിരിക്കുന്നു. ഈ വിശ്വാസമുള്ളവർ സ്വന്തം നീതി സ്ഥാപിക്കുവാൻ തത്രപ്പെടുന്നതിനുപകരം ക്രിസ്തുവിൻനീതി അവകാശമാക്കുന്നതിനാലുള്ള സമാധാനത്തിന് ഉടമകളാകുന്നു. ഇങ്ങനെ വിശ്വാസത്താലുള്ള നീതീകരണം അവനു നീതീകരണത്തിന്റെ സ്വസ്ഥത നൽകുന്നു. കൂടാതെ സമർപ്പണത്തിൽ സ്വയത്തിനും ലോകത്തിനും വേിയുള്ള ജീവിതത്തിൽനിന്നു വിരമിച്ചു ദൃഢനിശ്ചയത്തോടെ ദൈവനിർണ്ണയത്തിന്റെ ഭാവിവിജയത്തിലേക്കു ദൃഷ്ടികളയച്ച് ദൈവത്തിന് അനുഭവപ്പെടുന്ന വിശ്രാമം അതേ സ്വഭാവത്തിൽ അവനും ലഭിക്കുന്നു - P'34,47.

* * * * * *

**സമാന്തരവേദഭാഗങ്ങൾ : എബ്രാ.3:7-4:11; ഇയ്യോ.22:21,26;34:29; സങ്കീ.4:8;17:15;25:12;29:11;37:4,11,37;119:165;125:1,5; സദൃ.3:17,24; യെശ.26:3,12;28:12; 53:5;54:10,13;57:2,19; യോഹ.14:27;16:33; അപ്പൊ.10:36; റോമ.5:1;8:6;14:17;15:13; ഗലാ.5:22; എഫേ.2:14-17; ഫിലി.4:7,9; കൊലൊ.3:15; 2തെസ്സ.3:16**

ചോദ്യങ്ങൾ :- ഈ വാക്യത്തിനനുസരണമായി എന്തായിരുന്നു ഈ ആഴ്ചത്തെ അനുഭവങ്ങൾ? അവയെ എങ്ങനെ നേരിട്ടു? അതിൽ അനുകൂലിച്ചതും പ്രതികൂലിച്ചതും എന്ത്? ഫലമെന്തായിരുന്നു?

# ഏപ്രിൽ 27

***ക്രിസ്തുയേശുവിലുള്ള ഭാവംതന്നെ നിങ്ങളിലും ഉായിരിക്കട്ടെ- ഫിലി. 2 : 5***

ക്രിസ്തുവിന്റെ മനസ്സുായിരിക്കുക എന്നത് ചട്ടപ്രകാരമുള്ള പോരാട്ടത്തിന്റെ വ്യവസ്ഥകളിൽ ഒന്നാണ്. യുഗങ്ങളെ സംബന്ധിച്ച ദൈവത്തിന്റെ മഹാനിർണ്ണയത്തിൻപ്രകാരമുള്ള അവന്റെ ഇഷ്ടത്തിനു വിനയത്തോടും വിശ്വസ്തതയോടുംകൂടി വിധേയപ്പെടുകയും ആ ഇഷ്ട ത്തിന്റെ നിവൃത്തിക്കായി മുഴുവൻ ശക്തിയും അർപ്പിക്കയും ചെയ്യുന്ന മന സ്സ് ആവശ്യമാണ്. ദൈവത്തിന്റെ നിർണ്ണയത്തിലിരിക്കുന്ന ലക്ഷ്യം സ്വാഗ താർഹമെന്ന് കാണുന്നതിന്റെ ഫലമാകണം ഈ മനസ്സ്. ക്രിസ്തുവിലുാ യിരുന്ന അതേ മനസ്സിനാൽ നാം നിറയപ്പെടുമെങ്കിൽ, ഐഹികവിഷയ ങ്ങളിൽ കുടുങ്ങിപ്പോകാതെ, അവനെപ്പോലെ നാം സ്വതന്ത്രരും, കർത്തൃസേവനത്തിനായി നമ്മുടെ സമയം കഴിവതും സ്വതന്ത്രമായിരി ക്കാനും മുഴുവൻ ശക്തിയും കഴിവും പ്രയത്നവും അതിനായി വഴിതിരി ച്ചുവിടാനും നാം ആഗ്രഹിക്കണം. - Z'02, 265 (R 3069)

* * * * * *

മനുഷ്യജന്മനാൽപൂർവ്വമായ പ്രകൃതി ഉപേക്ഷിച്ച് ദൈവമഹത്ത്വ ത്തിനായി അപമാനകരമായ ക്രൂശുമരണത്തോളമുള്ള ആത്മപരിത്യാഗ ത്തിന് സന്നദ്ധമായ ഒന്നായിരുന്നു ക്രിസ്തുയേശുവിന്റെ മനസ്സ്. ദൈവത്തെ പരമമായി സ്നേഹിക്കുന്ന ഏതൊരാൾക്കും നിശ്ചയമായും അനുയോജ്യമായ മനസ്സാണിത്. തന്നെത്തന്നെ പരമമായി സ്നേഹിക്കു ന്നതു തന്നെത്താൻ ഉയർത്തുന്നതിലേക്കും ദൈവത്തെ പരമമായി സ്നേ ഹിക്കുന്നത് അവനു മഹത്ത്വം വരേതിന് തന്നെത്താൻ താഴ്ത്തുന്നതി ലേക്കും നയിക്കുന്നു. ഒരുവൻ ദൈവത്തിന്റെ ബലിഷ്ഠ ഹസ്തത്തിൽ എത്രമാത്രം വാസ്തവമായി വിനയപൂർവ്വം വർത്തിക്കുന്നുവോ അത്രയ്ക്കു കർത്താവ് അവനെ തക്ക സമയത്തു വാസ്തവമായി ഉയർത്തും - P'33, 64.

* * * * * *

**സമാന്തരവേദഭാഗങ്ങൾ : യെശ.53; മത്താ.11:29; 20:26,27;23:12; യോഹ.13:14,15; റോമ.15:3; 2കൊരി.8:9; ഫിലി.2:7,8; 1പത്രൊ.2:21; ഫിലി.3:7-9; എബ്രാ.13:13; സദൃ.3:24;15:33;25:6,7; യെശ.57:15;66:2; യിരെ.45:5; ലൂക്കൊ. 22:24-27; യാക്കോ.4:6,10; 1പത്രൊ.5:3,5,6**

ചോദ്യങ്ങൾ :- ഈ ആഴ്ച ഞാൻ കർത്താവിനുവേി വിനയപൂർവ്വം വർത്തിച്ചുവോ? എങ്ങനെ? ഏതു പരിതസ്ഥിതികളിൽ? ഫലമെന്തായിരുന്നു?

# ഏപ്രിൽ 28

***അതുതന്നെയല്ല, കഷ്ടത സഹിഷ്ണുതയെയും, സഹിഷ്ണുത സിദ്ധതയെയും സിദ്ധത പ്രത്യാശയെയും ഉളവാക്കുന്നു എന്നറിഞ്ഞു നാം കഷ്ടങ്ങളിലും പ്രശംസിക്കുന്നു. പ്രത്യാശയ്ക്കോ ഭംഗം വരുന്നില്ല; ദൈവത്തിന്റെ സ്നേഹം നമുക്കു നൽകപ്പെട്ട പരിശുദ്ധാത്മാവിനാൽ നമ്മുടെ ഹൃദയങ്ങളിൽ പകർന്നിരിക്കുന്നുവല്ലോ - റോമ. 5 : 3-5***

നമുക്കു സഹിഷ്ണുത ആവശ്യമാണ്. പരിശോധനകൾവഴി മാത്രമേ അതു നേടുവാൻ കഴിയൂ. നമുക്കു വിശ്വാസം ഉായിരിക്കണം. ആവശ്യങ്ങൾ നമ്മെ അലട്ടുമ്പോൾ മാത്രമേ അതു വളർന്നു ബലവത്താകൂ. നമ്മുടെ ഭാവിപ്രവർത്തനങ്ങൾക്ക് അനുഭവജ്ഞാനം ആവശ്യമാണ്. ദൈവരാജ്യത്തിൽ നാം ശുശ്രൂഷിക്കുകയും പ്രതിനിധാനം ചെയ്യുകയും ചെയ്യേ നമ്മുടെ സമസൃഷ്ടങ്ങളുടെ ബലഹീനതകളിലും ക്ലേശങ്ങളിലും പരീക്ഷകളിലും സഹതാപം ജനിപ്പിക്കാൻ ഉപകരിക്കുന്ന അനുഭവങ്ങൾവഴി മാത്രമേ ഇതു സാധ്യമാകൂ. അതുകൊ് വർത്തമാനകാലാനുഭവങ്ങളിൽ നിന്ന് നാം ഉൾക്കൊള്ളേ പാഠം തിന്മകൊല്ല, നന്മകൊു തിന്മയെ എതിർക്കുക എന്നതാണ്- Z'03, 348 (R 3228)

*    *    *    *    *    *

കഷ്ടങ്ങൾ അവയിൽതന്നെ പ്രശംസാർഹമല്ല എന്നാൽ അവ സഹിഷ്ണുത ഉളവാക്കുമ്പോൾ നമുക്ക് അവയിൽ പുകഴാം. സത്പ്രവൃത്തികളിൽ അങ്ങനെ ഉറ്റിരിക്കുമെങ്കിൽ അതിനു ദൈവത്തിന്റെ അംഗീകാരമെന്ന പ്രതിഫലം ലഭിക്കും. അതിനെപ്പറ്റിയുള്ള ബോധം നിമിത്തം അന്തിമ വിജയത്തിലുള്ള പ്രത്യാശയാൽ ഹൃദയം നിറയും. ഈ പ്രത്യാശ വ്യർത്ഥവുമല്ല. ക്രിസ്തുയേശുവിൽ ദൈവം നമുക്കു നൽകുന്ന പരിശുദ്ധാത്മാവിന്റെ വിശിഷ്ടഫലമായ ദിവ്യസ്നേഹത്താൽ ഹൃദയം നിറഞ്ഞവർക്ക് ഈ വിജയം നൽകുന്നതിൽ അവൻ സന്തോഷിക്കുന്നു. - P'27, 55 ('32,31)

*    *    *    *    *    *

**സമാന്തരവേദഭാഗങ്ങൾ:മത്താ.5:11; 1പത്രൊ.3:12-14; 2കൊരി.4:16-18;7:4; എബ്രാ 12:5-13; യാക്കോ.1:2,3,12; ഫിലി.1:20; 2തിമൊ.1:12; 2കൊരി.1:22; ഗലാ.4:6; എഫെ.1:13,14**

ചോദ്യങ്ങൾ :- ഈ വേദഭാഗത്തിന് അനുയോജ്യമായി എന്തായിരുന്നു ഈ ആഴ്ച എന്റെ അനുഭവങ്ങൾ? അവയെ ഞാൻ എങ്ങനെ നേരിട്ടു? എനിക്ക് അവയിൽനിന്ന് എന്തു നേട്ടമുായി?

# ഏപ്രിൽ 29

***അവൻ എന്നെ വിളിച്ചപേക്ഷിക്കും; ഞാൻ അവന് ഉത്തരമരുളും; കഷ്ടകാലത്തു ഞാൻ അവനോടുകൂടെ ഇരിക്കും; ഞാൻ അവനെ വിടുവിച്ചു മഹത്ത്വപ്പെടുത്തും - സങ്കീ. 91 : 15***

നമ്മുടെ ദുഃഖങ്ങളും ഭാരങ്ങളും കർത്തൃസമക്ഷം അവതരിപ്പിക്കാനുള്ള അനുഗ്രഹിക്കപ്പെട്ട അവകാശം നമുക്കു്. എന്തെന്നാൽ "ജീവിതത്തിലെ കഷ്ടങ്ങളിൽ നിന്നു കയ്പുരസം നാം അറിയാതെ അവൻ അപഹരിച്ചുകളയുന്നു". ഭൗതിക വിഷയങ്ങളെല്ലാം അന്തരാത്മാവിന്റെ ദാഹം ശമിപ്പിക്കുവാനോ, വ്രണിതമായ മനസ്സിനെ ആശ്വസിപ്പിക്കുവാനോ തീർത്തും അപര്യാപ്തമാണെന്നു നമുക്കു കാണിച്ചുതരികവഴിയാണ് ഇതു സാധിക്കുന്നത്. നമ്മുടെ അനുഭവങ്ങൾ എത്രമേൽ അസ്വാസ്ഥ്യജനകമായാലും അവയ്ക്കു വേഗം തന്നെ വിരാമമാകും എന്ന വിചാരത്തിന് ഇവിടെ സ്ഥാനം ലഭിക്കുന്നു. ഇങ്ങനെ പ്രവർത്തിപ്പാൻ നാം അവയെ അനുവദിക്കുന്ന പക്ഷം അവ നമ്മിൽ നീതിയുടെ സമാധാനഫലങ്ങൾ വിളയിക്കും. പൂർണ്ണമായ ആത്മനിയന്ത്രണത്തിനും ആലോചനാപൂർവ്വമായ പരിഗണനയ്ക്കും ക്ഷമാപൂർവ്വമായ ക്ലേശസഹിഷ്ണുതയ്ക്കും സ്നേഹനിഷ്ഠമായ ഭക്തിക്കും വിശ്വസ്തതയ്ക്കും ദൈവത്തിലുള്ള വിശ്വാസത്തിനും ഉതകുംവിധം അവ നമ്മിൽ ബലവത്തും മഹത്തരവുമായ സ്വഭാവത്തിനു നിദാനമാകും. - Z'96, 31 (R 1937)

*　　*　　*　　*　　*　　*

ക്രിസ്തുവിലൂടെ ദൈവത്തോടു പ്രാർത്ഥിക്കുക എന്നതും അങ്ങനെ ഏതു സമയത്തും പ്രാർത്ഥനയിൽ ദൈവത്തെ സമീപിക്കുക എന്നതും ക്രിസ്ത്യാനികളുടെ അവകാശമാണ്. കരുണാപൂർവ്വമായ ഒരു ഉത്തരം നൽകപ്പെടുമെന്ന ഉറപ്പ് അവർക്കു നൽകപ്പെട്ടിരിക്കുന്നു. അനുകമ്പയോടും, സ്നേഹത്തോടും സഹായത്തോടും കൂടെ എല്ലാ ക്ലേശങ്ങളിലും ദൈവം അവരോടൊത്തുായിരിക്കും. ക്ലേശങ്ങളുടെ ഗുണഫലങ്ങൾ സാധിച്ചുകഴിയുമ്പോൾ അവയിൽനിന്ന് അവർ നിശ്ചയമായും വിമോചിതരാകും. കഷ്ടങ്ങളിൽ അവൻ അവർക്കു തുണയായിരിക്കും. പ്രാപ്യമായ പരമോന്നത ബഹുമതികൾ ഇവർക്കായി ദൈവം തന്റെ മഹത്ത്വമേറിയ രാജ്യത്തിൽ കരുതിവച്ചിരിക്കുന്നു. - P'20, 71.('26,60).

*　　*　　*　　*　　*　　*

**സമാന്തരവേദഭാഗങ്ങൾ : ഇയ്യോ.14:14,15; സങ്കീ.27:8;50:15;145:18; മത്താ.6:6;7:7,8; യോഹ.16:23-26; ദാനി.12:1-3; സങ്കീ.21:2,4;107:6,7; 2തിമൊ.4:8,18; വെളി.2:7,10,17,26,27;3:4,5,12,21**

ചോദ്യങ്ങൾ :- ഈ വേദഭാഗത്തിന് അനുയോജ്യമായി എന്തായിരുന്നു ഈ ആഴ്ചത്തെ അനുഭവങ്ങൾ? ഈ വാക്യത്തിൽ നൽകപ്പെടുന്ന ഉറപ്പുകൾ എനിക്ക് എങ്ങനെ സഹായകമായി?

# ഏപ്രിൽ 30

***നിങ്ങളോ അന്ധകാരത്തിൽനിന്നു തന്റെ അത്ഭുതപ്രകാശത്തിലേക്കു നിങ്ങളെ വിളിച്ചവന്റെ സദ്ഗുണങ്ങളെ ഘോഷിപ്പാൻ തക്കവണ്ണം തിരഞ്ഞെടുക്കപ്പെട്ട ഒരു ജാതിയും രാജകീയ പുരോഹിതവർഗ്ഗവും വിശുദ്ധവംശവും സ്വന്ത ജനവും ആകുന്നു - 1 പത്രൊ. 2 : 9***

ഈ വെളിച്ചത്തിലേക്കു നമ്മെ വിളിച്ചവന്റെ ലക്ഷ്യംതന്നെ നാം അതിനു പ്രകാശിക്കാൻ കളമൊരുക്കുക എന്നതാണ്. പ്രകാശിക്കാൻ അതിനെ അനുവദിക്കാത്തപക്ഷം നാം അതിന് അയോഗ്യരെന്നുവരും. ഈ അമൂല്യനിധി നമ്മിൽനിന്ന് എടുത്തുകളയുകയും നാം ഇരുളിൽ തള്ളപ്പെടുകയും ചെയ്യും. നാം വാസ്തവത്തിൽ പ്രകാശം ലഭിച്ചവരും പൂർണ്ണമായി കർത്താവിനു പ്രതിഷ്ഠിക്കപ്പെട്ടവരുമെങ്കിൽ എന്നെ അന്ധകാരത്തിൽ നിന്നു വിളിച്ചവന്റെ സ്തുതികളെ വിളിച്ചറിയിക്കാൻ ഞാൻ എന്തു ചെയ്യുന്നു എന്നും ഈ സദ്വർത്തമാനവുമായി അടുത്തും അകലെയും ഉള്ള എന്റെ അയൽക്കാരുടെ അടുത്തേക്കു ഞാൻ കടന്നുചെല്ലുന്നുവോ എന്നും നമുക്കു സ്വയം ചോദിക്കാം.

എല്ലാം യേശുവിന്, എല്ലാം യേശുവിന്,
വീടുക്കപ്പെട്ട എൻ എല്ലാ കഴിവുകളും
വാങ്മന കായമാകെ
എൻനാളുകൽ നാഴികകളും

എന്ന് എനിക്കു സത്യമായി പറയുവാൻ കഴിയുമോ? - Z'03, 165 (R 3199)

* * * * * *

ദൈവത്തിന്റെ ജനം മറ്റു മനുഷ്യരിൽനിന്നു വേർതിരിക്കപ്പെട്ടിരിക്കുന്നത് അവന്റെ രാജ്യത്തിൽ ഓഹരിക്കാരാകുന്നതിനും മറ്റുള്ളവരിൽനിന്നു വ്യത്യസ്തരായി കർത്താവിനു സമർപ്പിതരായ ഒരു ജനതയും കർത്താവിനു മാത്രം അവകാശപ്പെട്ട ഒരു സമ്പത്തും ആയിരിക്കുന്നതിനും ആകുന്നു. വാക്കുകളിലും പ്രവൃത്തികളിലും ദൈവത്തിന്റെ ജ്ഞാനം, നീതി,. സ്നേഹം, ശക്തി ഇവയെ പ്രഘോഷിച്ചുകൊു തിരുനാമത്തിനു മഹത്ത്വം വരുത്തുക എന്ന സമുന്നത ലക്ഷ്യത്തിനും പദവിക്കും വേിയാണ് അവർ വിളിക്കപ്പെട്ടിരിക്കുന്നത്. നമ്മുടെ വിളി ഇതായിരിക്കെ നമ്മുടെ ഉപദേശങ്ങളും ദൃഷ്ടാന്തങ്ങളുംവഴി മറ്റുള്ളവരുടെ മുമ്പാകെ അവന്റെ സ്വഭാവലക്ഷ്യങ്ങളെ നമുക്ക് ഉയർത്തിപ്പിടിക്കാം - P'36, 48.

* * * * * *

**സമാന്തരവേദഭാഗങ്ങൾ : പുറ.19:5,6; ആവ.7:6;10:15; ദാനി.7:18,22,27; യെശ.61:6;66:21; സെഖ.6:12,13; 1പത്രൊ.1:2;2:5; എഫെ.1:4,5; മത്താ.5:16; യോഹ.15:8; തീത്തൊ.2:14; അപ്പൊ.20:28; റോമ.8:23-25; വെളി.1:6;5:10;20:6; യോഹ.17:9;**

ചോദ്യങ്ങൾ :- ഈ ആഴ്ചയിലെ കുറിവാക്യം എനിക്ക് എങ്ങനെ ബാധകമായി? ഏതേതു സാഹചര്യങ്ങളിൽ? എന്തു ഫലമുളവായി?

# മെയ് 1

***"മനുഷ്യപുത്രൻ ശുശ്രൂഷചെയ്യിപ്പാനല്ല ശുശ്രൂഷിപ്പാനും അനേകർക്കു വേി തന്റെ ജീവനെ മറുവിലയായി കൊടുപ്പാനും വന്നതുപോലെ തന്നെ" എന്നുപറഞ്ഞു - മത്താ. 20 : 28***

കർത്താവിനാണ് നാം സമർപ്പിതരായിരിക്കുന്നതെങ്കിൽ ക്രൈസ്തവരെന്ന നിലയിൽ നമുക്കുവേിതന്നെയോ ഭർത്താവിനോ ഭാര്യക്കോ മക്കൾക്കോ മാതാപിതാക്കൾക്കോ അയൽക്കാർക്കോ സുഹൃത്തുക്കൾക്കോ ക്രിസ്തുവിലുള്ള സഹോദരവർഗ്ഗത്തിനോ വേി നമ്മുടെ ന്യായമായ അവകാശങ്ങളോ താത്പര്യങ്ങളോ ബലിചെയ്യുമ്പോൾ അതു തനിക്കു ചെയ്തതായി കർത്താവു കണക്കിടുന്നു. അതേസമയം ഈ ത്യാഗങ്ങൾ നാം മറ്റേതെങ്കിലും നിലയിലാണ് അനുഷ്ഠിക്കുന്നതെങ്കിൽ - നീതീകരണമോ, സമർപ്പണമോ ഇല്ലാത്ത ഒരുവനാലോ, കർത്താവിനുള്ള ബലി എന്ന നിലയിലല്ലാതെ കേവലം വ്യക്തിഗതമായ പരിഗണനയുടെ പേരിലോ ആകുന്ന പക്ഷം - അവന്റെ അനുയായികൾ എന്ന നിലയിൽ ഇവ യാഗമായി എണ്ണപ്പെടുകയില്ല - Z'03, 407 (R 3265)

*　　*　　*　　*　　*　　*

ആദാമ്യവംശജരിൽ അഗ്രഗണ്യനായ മനുഷ്യപുത്രൻ ശുശ്രൂഷചെയ്യിപ്പാനല്ല, ശുശ്രൂഷിപ്പാൻവന്നു എന്നത് അത്യന്തം ഉചിതമായിരിക്കുന്നു. ഇക്കാര്യത്തിൽ മനുഷ്യപുത്രനായ ക്രിസ്തു ആദാമെന്ന മനുഷ്യനെ അപേക്ഷിച്ച് എത്ര സമുന്നതനാണ്. ആദാം സ്വാർത്ഥത്തിനു ദാസനായി വർഗ്ഗത്തിന്റെ പ്രതീക്ഷകൾ അപകടപ്പെടുത്തിയപ്പോൾ യേശു മറ്റുള്ളവരെ ശുശ്രൂഷിക്കുകവഴി മുഴുവൻ വർഗ്ഗത്തിനും രക്ഷയുടെ കവാടം തുറന്നു. നിസ്സ്വാർത്ഥത സ്വാർത്ഥതയെ അതിശയിക്കുന്നതുപോലെ അവൻ ഒന്നാം ആദാമിനേക്കാൾ ഉന്നതനാണ്. അവൻ നമുക്കു ദൃഷ്ടാന്തമാണ്. അവനെ അനുകരിക്കുകവഴി നാം രാജ്യത്തിനു യോഗ്യന്മാരായിത്തീരുന്നു.
- P'30, 77.

*　　*　　*　　*　　*　　*

**സമാന്തരവേദഭാഗങ്ങൾ : 2കൊരി.8:9; മത്താ.1:21;4:23;5:17;9:13;15:24; 18:11-14;20:25-27; മർക്കൊ.1:38; ലൂക്കൊ.1:78;4:18;22:27; യോഹ.4:34;10:10;13:4-17; 18:37; അപ്പൊ.10:38; ഗലാ.5:13; എബ്രാ.2:9,14,15,18**

ചോദ്യങ്ങൾ :- ഈ ആഴ്ച ഈ വാക്യം എന്നെ സംബന്ധിച്ച് എങ്ങനെ പ്രവർത്തിച്ചു? അതിനെ ഞാൻ എങ്ങനെ ഉപയോഗപ്പെടുത്തി? എന്തു കൊ്? അത് എന്തു പ്രതികരണമുളവാക്കി?

# മെയ് 2

***ക്രിസ്തുയേശുവിൽ ഭക്തിയോടെ ജീവിക്കുന്നവർക്കെല്ലാം ഉപദ്രവം ഉാകും - 2 തിമൊ. 3 : 12***

എതിർപ്പു പ്രതീക്ഷിക്കേിയിരിക്കുന്നു. നമ്മുടെ ഓട്ടം മരണത്തിൽ പര്യവസാനിക്കുംവരെ അതു നിശ്ചയമായും തുടരുകയും ചെയ്യും. ഈ എതിർപ്പുകളെ നാം ക്ഷമാപൂർവ്വം സ്വാഗതം ചെയ്യുന്നത് വർത്തമാനജീവിതത്തിലെ അഭിരുചികളെയും ഭോഗേച്ഛകളെയും ബലികൊടുക്കുകവഴിയാണ്. സത്യത്തിനുവേി നല്ല ഭടനെന്ന നിലയിൽ ക്ലേശങ്ങളെ സഹിക്കുകവഴിയാണ്. കർത്തൃഹിതവും അവന്റെ രാജ്യത്തിന്റെ താത്പര്യങ്ങളുടെ പുരോഗതിയും സാധിക്കുന്നതിനുള്ള യത്നത്തിൽ നമുക്കു നേരിടേിവരുന്ന ഈ ക്ലേശങ്ങൾ ബഹുമുഖമാവാം. ഒരു യഥാർത്ഥ കർത്തൃശുശ്രൂഷകനായിരിക്കുക എന്നതിൽ മൂന്നു കാര്യങ്ങൾ അടങ്ങിയിരിക്കുന്നു. ഒന്നാമത് ദൈവനിർണ്ണയത്തിന്റെ സമ്പൂർണ്ണവും നിരന്തരവുമായ പഠനം. രാമത് അതിന്റെ ആത്മാവിനെ ഉൾക്കൊള്ളുക. മൂന്നാമത് അതിന്റെ നിർവ്വഹണത്തിനായി തികഞ്ഞ എരിവോടെ എന്തുവില നൽകേി വന്നാലും യഥാശക്തി പ്രവർത്തിക്കുക - Z'03, 164, 165 (R 3199)

* * * * * *

ക്രിസ്തുയേശുവിലായവർ സമർപ്പിതരാണ്. നേട്ടങ്ങളെല്ലാം അനീതിയുടെ പക്ഷത്തും കോട്ടങ്ങളെല്ലാം നീതിയുടെ പക്ഷത്തും അണിനിരക്കുന്ന ഈ ലോകത്തിൽ നീതിക്കുവേി ബലിചെയ്യപ്പെടാൻ സമർപ്പണം അവരെ പ്രേരിപ്പിക്കുന്നു. സമർപ്പിതരുടെ ജീവിതപാത, അതു തങ്ങളുടെ സ്വാർത്ഥതയ്ക്കു ഭീഷണിയായി കരുതുന്നവരുടെ എതിർപ്പിനു പാത്രമാകാതെ, മറിച്ചാകുക അസാധ്യമാണ്. അതുകൊ്, വിശ്വസ്തരെല്ലാം പീഡിപ്പിക്കപ്പെടും. - P'35, 62.

* * * * * *

**സമാന്തരവേദഭാഗങ്ങൾ : ഉല്പ.49:23; ഇയ്യോ.12:4,5; സങ്കീ.11:2;37:32; 38:20;44:15-18,22; സദൃ.29:10,27; യെശ.29:20,21;51:12,13;59:15; യിരെ.20:8; മത്താ.5:10-12,44;10:16-18,21-23,28;24:8-10;ലൂക്കൊ.6:22,23; യോഹ.15:18,19;16:1,2; അപ്പൊ.28:22; റോമ.8:17,35-37; 1കൊരി.4:9-13**

ചോദ്യങ്ങൾ :- ഭക്തിപൂർവ്വമായ ജീവിതം ഈ ആഴ്ച എനിക്കു പീഡനങ്ങൾക്കു കാരണമായോ? എന്തു പ്രതിബന്ധം നേരിട്ടു? എന്തു സഹായം ലഭിച്ചു? ഞാൻ എങ്ങനെ അതിനെ നേരിട്ടു? അതിന്റെ ഫലമെന്തായിരുന്നു?

# മെയ് 3

***കട്ടിയായുള്ള ആഹാരം നന്മതിന്മകളെ തിരിച്ചറിയാൻ തഴക്കത്താൽ അഭ്യസിച്ച ഇന്ദ്രിയങ്ങളുള്ളവരായി പ്രായം തികഞ്ഞവർക്കേ പറ്റുകയുള്ളു - എബ്രാ. 5 : 14***

ദൈവത്തിൽ യഥാർത്ഥവും നിഷ്കപടവുമായ വിശ്വാസമുള്ളവർ അവന്റെ വചനം അതേപടി അംഗീകരിക്കുന്നു. ഇവരെ സംബന്ധിച്ചിടത്തോളം ഉപദേശത്തിന്റെ പ്രാഥമികപാഠങ്ങൾ നേരത്തെതന്നെ വേരുറച്ചിരിക്കും. പൊന്നും വെള്ളിയും, വിലയേറിയ കല്ലുകളുംകൊുള്ള മേൽപണിയും ഒട്ടേറെ പിന്നിട്ടുകഴിഞ്ഞിരിക്കും. പണി മുറയ്ക്കു തുടരുകയുമായിരിക്കും. അവർ ദൈവത്തോടു വിശ്വസ്തരും സത്യസന്ധരുമെങ്കിൽ, സത്യത്തെയും വ്യാജത്തെയും തമ്മിൽ വിവേചിക്കാൻ ശക്തരായിരിക്കും. നാം എന്തു വിശ്വസിക്കുന്നു എന്നും എന്തുകൊ് അതു വിശ്വസിക്കുന്നു എന്നും അറിയുകയും വിട്ടുവീഴ്ചയില്ലാതെ സധൈര്യം അതു പ്രസ്താവിക്കയും വേണം. എന്തെന്നാൽ "കാഹളം തെളിവില്ലാത്ത നാദം പുറപ്പെടുവിച്ചാൽ ആർ പടയ്ക്കൊരുങ്ങും" - Z'03, 167 (R 3199)

*           *           *           *           *           *

കട്ടിയായുള്ള ആഹാരം ദഹിപ്പിക്കാൻ സ്വാഭാവിക ശിശുക്കൾക്ക് മതിയായ ഇന്ദ്രിയങ്ങൾ ഇല്ലാത്തതുപോല, ആത്മീയ വിഷങ്ങളിൽ ശിശുക്കളായവർക്കു സത്യത്തിന്റെ ഉപരിപാഠങ്ങൾ ഗ്രഹിക്കുവാൻ മതിയായ നിലയിൽ ശക്തമായ ഇന്ദ്രിയങ്ങളില്ല. അഗാധസത്യങ്ങൾ വേവിധം ഉൾക്കൊള്ളണമെങ്കിൽ ഒരുവൻ ക്രിസ്തുവിൽ നന്നായി വളർച്ച പ്രാപിച്ചിരിക്കണം. ആദ്ധ്യാത്മിക വിഷയങ്ങളിൽ മാനസികവും സാന്മാർഗ്ഗികവും ഭക്തിപരവുമായ കഴിവുകളെ നിരന്തരാഭ്യാസം കൊു പരിപോഷിപ്പിച്ചാലേ ഇപ്രകാരമുള്ള വളർച്ച സാധ്യമാകൂ. ശാരീരികപേശികൾ എന്നപോലെ ആത്മീയപേശികളും അഭ്യാസം കൊാണ് ബലവത്താകേത് - P'34, 62.

*           *           *           *           *           *

**സമാന്തരവേദഭാഗങ്ങൾ : യിരെ.15:16; യെഹെ.3:3; ആമോ.8:11-13; റോമ.16:19; 1കൊരി.2:6-16;13:11;14:20; 1പത്രൊ.2:2; സങ്കീ.119:99;131:2; എഫേ.3:5; 4:13-15; കൊലൊ.3:16; 2തിമൊ.3:15-17; എബ്രാ.6:1; 2പത്രൊ.3:16-18; യാക്കോ. 1:18-25**

ചോദ്യങ്ങൾ :- ഈ ആഴ്ചത്തെ അനുഭവങ്ങൾ ഈ വാക്യത്തെ എങ്ങനെ സ്ഥിരീകരിച്ചു? അവയിൽ നിന്ന് എനിക്ക് എന്തു നന്മ കൈവന്നു?

# മെയ് 4

***മനുഷ്യൻ നോക്കുന്നതുപോലെയല്ല; മനുഷ്യൻ കണ്ണിനു കാണുന്നതു നോക്കുന്നു; യഹോവയോ ഹൃദയത്തെ നോക്കുന്നു -1 ശമു. 16:7***

നമ്മുടെ ഹൃദയപ്രകാരമാണ് ദൈവം നമ്മെ കാണുന്നത് എന്ന വസ്തുത മനസ്സിലാക്കാതെ, നമ്മെയും നമ്മെ സംബന്ധിച്ചുമുള്ള ദൈവത്തിന്റെ മതിപ്പിനെയും നാം ജഡപ്രകാരം കാണാൻ തുടങ്ങിയാൽ അതിനാനുപാതികമായി ഇരുളും ചിന്താക്കുഴപ്പവും അധൈര്യവും നേരിടുമെന്നത് നിശ്ചയമാണ്, മറിച്ച് നമ്മുടെ ആത്മാവ് അഥവാ മനസ്സ് അതിന്റെ നീതിയുടെ പേരിൽ, അതായത് അതു ദൈവവുമായി പൊരുത്തപ്പെട്ടിരിക്കുന്നതിനാൽ ജീവത്തായി എണ്ണപ്പെടുന്നു എന്ന കാര്യം നാം വിസ്മരിക്കരുത്. നമ്മുടെ നടത്തയെ നിയന്ത്രിക്കുന്ന മനസ്സിന്റെ അഥവാ ലക്ഷ്യത്തിന്റെ പ്രാധാന്യം നാം ഒരിക്കലും കുറച്ചുകാണരുത്. ഇക്കാര്യത്തിലുള്ള ഏത് അശ്രദ്ധയും തദനുസരണമായി ആത്മീയചൈതന്യം മന്ദീഭവിപ്പിക്കും. നേർവഴിക്ക് ഇച്ഛിക്കുക എന്നതു നമുക്ക് എപ്പോഴും സാധ്യമാണ്. ക്രിസ്തുവിലുള്ള വിശ്വസ്തമായ ഒരു മനസ്സിൽ കുറഞ്ഞ ഒന്നും ദൈവത്തിന് സ്വീകാര്യമല്ല - Z'03, 171 (R 3200)

* * * * * *

ഒരുവൻ വിധി കൽപ്പിക്കുന്നതിന് കൈക്കൊള്ളുന്ന മാനദണ്ഡം അവന്റെ സ്വഭാവത്തെ ഒട്ടേറെ വെളിപ്പെടുത്തുന്നു. ഒരു ശരാശരി മനുഷ്യന്റെ സ്വഭാവത്തിന്റെ ഉപരിപ്ലവത്വവും പ്രമാദസാധ്യതയും അവൻ പുറംകാഴ്ചയെ പ്രമാണമാക്കി വിധി കൽപ്പിക്കുന്നതിൽനിന്നു പ്രകടമാക്കുന്നു. യഹോവയുടെ സ്വഭാവം വിധികൽപ്പിക്കുന്നതിന് അവൻ സീകരിക്കുന്ന പ്രമാണത്തിൽനിന്നും വ്യക്തമാകും. അവൻ ഉപരിതലസൂചനകളെ ആധാരമാക്കുന്നതിനുപകരം വസ്തുതകളുടെ യഥാർത്ഥ്യങ്ങളിലേക്ക് ആഴ്ന്നിറങ്ങി, എങ്ങനെ തോന്നുന്നു എന്നതിനെയല്ല, എന്താകുന്നു എന്നതിനെ അവലംബിച്ചു തീർപ്പുകളിലെത്തുന്നു. എല്ലാം കാണുന്ന അവന്റെ കൺമുമ്പിൽ സകലവും നഗ്നവും മലർന്നതുമാണ്. കഴിവോളം കാഴ്ചപ്രകാരമല്ല, വസ്തുതകളുടെ യാഥാർത്ഥ്യപ്രകാരം നമുക്കു വിധിക്കാം - P'33, 78, 79.

* * * * * *

**സമാന്തരവേദഭാഗങ്ങൾ : ആവ.10:17; 2ദിന.19:7; ഇയ്യോ.34:19;37:24; മത്താ.22:16; യോഹ.7:24; അപ്പൊ.10:34,35; റോമ.2:16; 2കൊരി.10:7; ഗലാ.2:6; എഫേ.6:8,9; കൊലൊ.3:25; യാക്കോ.2:1-6**

ചോദ്യങ്ങൾ :- ഈ ആഴ്ച ഞാൻ കൈക്കൊിട്ടുള്ള നിഗമനങ്ങൾ കാഴ്ച പ്രകാരമോ യാഥാർത്ഥ്യത്തിൽ അടിസ്ഥാനപ്പെട്ടതോ, ഇതിൽ ഏതായിരുന്നു? എന്തുകൊ്? എങ്ങനെ? എന്തായിരുന്നു ഫലം?

# മെയ് 5

***ആത്മാവിനാൽ ശരീരത്തിന്റെ പ്രവൃത്തികളെ മരിപ്പിക്കുന്നു എങ്കിലോ നിങ്ങൾ ജീവിക്കും - റോമ. 8 : 13***

കർത്താവിനോടുള്ള ബന്ധവും പുനരുത്ഥാനമഹിമയുടെ പ്രത്യാശയും നിലനിർത്താനുള്ള വ്യവസ്ഥകളിൽ ശരീരത്തിന്റെ പ്രവൃത്തികളെ മരിപ്പിക്കുക എന്നത് സംശയാതീതമായി ഉൾപ്പെടുത്തിയിരിക്കുന്നു. അതായത് ജഡീയ വാസനകളെ നിഗ്രഹിക്കണം. കർത്തൃസേവനത്തിന് ഉപയുക്തമാക്കുക വഴി അവയെ ക്രൂശിക്കുകയും അങ്ങനെ നിർവീര്യമാക്കുകയും ചെയ്യണം. ജഡം ആത്മാവിനും ആത്മാവു ജഡത്തിനും പ്രതികൂലമായിരിക്കുന്നു എന്ന് അപ്പൊസ്തൊലൻ അന്യത്ര പറയുന്നത് ജഡത്തിന്റെ ബലഹീനതകൾക്കെതിരായി നടക്കുന്ന ഇപ്രകാരമുള്ള "പോരാട്ടത്തെ"പ്പറ്റിയാണ്. ഇവ രും വിരുദ്ധശക്തികളായിരിക്കയും ജീവപര്യന്തം എതിരാളികളായിരിക്കയും ചെയ്യും. ആത്മാവ് ഒരുക്കമുള്ളതായിരിക്കയും ജഡത്തിന്റെ ബലഹീനതകൾക്കെതിരെ ശക്തിയുടെ പരമാവധി പോരാടുകയും ചെയ്തിട്ടുങ്കിൽ വീടെുപ്പുകാരന്റെ പുണ്യംവഴി വിജയം പൂർണ്ണമെന്ന് എണ്ണപ്പെടും- Z'03, 172 (R 3200)

* * * * * *

ആത്മാവ് എന്നതു പുതിയ ഹൃദയത്തെയും മനസ്സിനെയും ഇച്ഛയെയും സൂചിപ്പിക്കുന്നു. ശരീരം എന്നത് മനുഷ്യത്വത്തെ കുറിക്കുന്നു. ശരീരത്തിന്റെ പ്രവൃത്തികൾ എന്നത് സ്വാർത്ഥപരവും അനാത്മീയവും പ്രമാദജടിലവും പാപമയവുമായ പ്രവർത്തനങ്ങളും അവയുടെ പ്രകാശനങ്ങളുമാണ്. ശരീരത്തിന്റെ പ്രവൃത്തികളെ പ്രധാനമായും ഇരുവിധത്തിൽ മരിപ്പിക്കാം. 1. അവയ്ക്ക് എതിരായ സദ്ഗുണങ്ങളും പ്രവൃത്തികളും കൊ് അവയെ പുറന്തള്ളുക. 2.വീപരീതസ്വഭാവമല്ലാത്ത സദ്ഗുണങ്ങളും പ്രവൃത്തികളുംകൊ് അവയെ തടഞ്ഞുനിർത്തുക. അങ്ങനെ ചെയ്യുന്നവൻ ജീവൻ പ്രാപിക്കും. - P'32, 48.

* * * * * *

**സമാന്തരവേദഭാഗങ്ങൾ : ഗലാ.4:6;5:16,17,22-25;6:8; എഫെ.3:16; കൊലൊ.3:10; 1പത്രൊ.2:21;3:4; റോമ.6:6-23;8:11; 1കൊരി.3:16;6:19; എഫെ.4:22-32; കൊലൊ.3:5-9; ആവ.30:6; യെഹെ.18:21;33:15,16; സെഖ.4:6; മത്താ.16:25; 19:12,16,21; ലൂക്കൊ.18:29,30; യോഹ.12:25**

ചോദ്യങ്ങൾ :- ഈ വാക്യത്തിന്റെ അടിസ്ഥാനത്തിൽ ഈ ആഴ്ചത്തെ അനുഭവങ്ങൾ എന്തായിരുന്നു? അവയെ എങ്ങനെ കൈകാര്യം ചെയ്തു? എന്തായിരുന്നു ഫലം?

# മെയ് 6

***ദൈവാത്മാവു നടത്തുന്ന ഏവരും ദൈവത്തിന്റെ മക്കളാകുന്നു - റോമ. 8 : 14***

നാം യഥാർത്ഥത്തിൽ എവിടെ നിൽക്കുന്നു എന്നു നിർണ്ണയിക്കുന്നതിന് മാർഗ്ഗദർശകമായിരിക്കുന്നത് ഇതാണ്. നമ്മുടെ ഓട്ടത്തിന്റെ പ്രാരംഭത്തിൽ മാത്രമല്ല, അവസാനത്തോളം അങ്ങനെ തന്നെ - അതായത് നാം ദൈവാത്മാവിനാൽ നയിക്കപ്പെടുന്നുവോ എന്നതുതന്നെ. ആ വഴിയാണ് നാം പിൻതുടരുന്നതെങ്കിൽ, അതാണു നാം തിരയുന്നതെങ്കിൽ നാം ദൈവമക്കളാണ്. ക്രിസ്തുവിലൂടെ അവങ്കലേക്കു വരികയും കർത്താവായ യേശുവിന്റെ പുണ്യത്തിൽ വിശ്വസിക്കുകയും, ഈ മനോഗതിയിൽ നിലനിൽക്കുകയും ചെയ്യുന്ന ഏവരേയും തനിക്കുള്ളവരായി അവൻ സ്വീകരിക്കുന്നു. - Z'03, 173 (R 3200)

*　　*　　*　　*　　*　　*

ഇവിടെ ദൈവാത്മാവ് എന്നത് ദൈവത്തിന്റെ പൈതങ്ങളിൽ ഉളവാകുന്ന ദൈവികമനസ്സാണ്. ആ മനസ്സ് ജ്ഞാനം, നീതി, സനേഹം, ശക്തി ഈ ഗുണങ്ങളെ പരിപൂർണ്ണരഞ്ജിപ്പിൽ തമ്മിലിണക്കുന്നു. ആരുടെ ലക്ഷ്യങ്ങളും ചിന്തകളും വാക്കുകളും പ്രവൃത്തികളും ഈ മനസ്സിനാൽ ഉത്തേജിതവും പരിപോഷിതവുമാകുന്നുവോ അവർ ദൈവത്തിന്റെ വകയായി ദൈവത്താൽ മുദ്രയിടപ്പെടുന്നു. ഇതിൽ അവർക്കു ദൈവപുത്രത്വത്തിന്റെ ഏറ്റം ബലവത്തായ സാക്ഷ്യമുണ്ട്. ദൈവത്തിന്റെ സ്വഭാവം കുടുംബചിഹ്നവും മുദ്രയും ആയിരിക്കുന്ന ഈ ഭവനം എത്ര മഹത്തരം.- P'26, 61.

*　　*　　*　　*　　*　　*

**സമാന്തരവേദഭാഗങ്ങൾ : പുറ.33:13,14; സംഖ്യാ. 9:15-23; 2ദിന.5:13,14; സങ്കീ.5:8; 23:2,3; 25:5,9; 32:8; 143:10; സദൃ.8:20,21; യെശ.48:17; യോഹ.16:13; 1കൊരി.3:16;6:19; ഗലാ.4:6**

ചോദ്യങ്ങൾ :- ഈ വാക്യത്തിൽ ഉൾക്കൊരിരിക്കുന്ന ആത്മാവിന്റെ സാക്ഷ്യം ഞാൻ പ്രാപിച്ചിരിക്കുന്നുവോ? ഈ ആഴ്ച അത് എങ്ങനെ പ്രകടമായി? എന്തായിരുന്നു ഫലങ്ങൾ?

# മെയ് 7

***ഞാൻ സുവിശേഷം അറിയിക്കുന്നില്ലെങ്കിൽ എനിക്ക് അയ്യോ കഷ്ടം! - 1. കൊരി. 9 : 16***

നാം അറിഞ്ഞിരിക്കുന്ന അത്യുത്തമമായ സദ്വർത്തമാനം മറ്റുള്ള വരെ അറിയിക്കുന്നതിൽ ഉദാസീനരാകരുത്. നാനാമുഖമായ ജീവിത ദുഃഖങ്ങൾ കൊ് ഞരങ്ങിക്കൊിരിക്കുന്ന സൃഷ്ടിയോടുള്ള സഹതാപം വരുവാനിരിക്കുന്ന രാജ്യത്തെയും തന്മൂലം ഭൂമിയിലെ സകല കുടുംബങ്ങൾക്കും കൈവരാൻ പോകുന്ന  അനുഗ്രഹങ്ങളെയും സംബന്ധിച്ച വാഗ്ദാനങ്ങളിലേക്കു വിരൽചൂാൻ പ്രേരകമാകണം. നാൾതോറും അനുയോജ്യമായ ഓരോ അവസരത്തിലും ഇതു പ്രസ്താവിക്കുന്നതിൽ വീഴ്ച വരുത്തുന്നത് അറിവിന്റെ അഭാവത്തെയോ വെളിപ്പാടിലുള്ള അവിശ്വാസത്തെയോ സ്വാർത്ഥതയെയോ ആണ്  തെളിയിക്കുന്നത്. ഇതു  കർത്താവിനു തീർത്തും അസ്വീകാര്യമാണ്. ഈ നില തുടർന്നാൽ നാം രാജ്യത്തിലുള്ള പങ്കാളിത്തത്തിൽനിന്നും അന്തിമമായി പുറന്തള്ളപ്പെടും - Z'03, 174 (R 3204)

*   *   *   *   *   *

യേശുവിലും യേശുവിനാലും ഉള്ള രക്ഷയുടെ സദ്വർത്തമാനമാണ് സുവിശേഷം. സുവിശേഷം അറിയിക്കുക എന്ന ദൗത്യം ഭരമേൽപ്പിക്കപ്പെടുക എന്നതാണ് ഒരു മനുഷ്യനു കൈവരാവുന്ന പരമോന്നത പദവി. ഈ ദൗത്യത്തിന്റെ അന്തസ്സത്ത ഉൾക്കൊവർക്ക് അതു ഘോഷിപ്പാൻ കഴിയാതെ വരുമ്പോൾ അവരുടെ മനസ്സ് അസ്വസ്ഥമായിത്തീരും. സുവിശേഷഘോഷണമെന്ന ചുമതല സ്വഭാവത്തിൽ രൂഢമൂലമായിത്തീർന്നുപോയതിനാൽ അതിനുള്ള അവസരം നിഷേധിക്കപ്പെടുമ്പോൾ അവരുടെ ഹൃദയം ആകുലപ്പെടുന്നു - P'36, 64.

*   *   *   *   *   *

**സമാന്തരവേദഭാഗങ്ങൾ : സങ്കീ.40:9,10; സഭാ.11:6; മർക്കൊ.8:38; 2തിമൊ.1:8; യിരെ.1:17;20:7,9;23:29; ആമോസ് 3:8;7:15; യോഹ.18:37; അപ്പൊ.4:20; 9:6,15;26:16-20; 1കൊരി.1:18;15:58;2:4;15:2; കൊലൊ.1:5,6;4:17; റോമ.1:14-16; 1തെസ്സ.1:5; 2 തിമൊ.4:2; എബ്രാ.4:12**

ചോദ്യങ്ങൾ :- ഈ ആഴ്ച ഞാൻ സദ്വർത്തമാനം ഘോഷിച്ചോ? എങ്ങനെ? എന്തു തടസ്സമുായി? എന്ത് അനുകൂലസാഹചര്യമുായി? എന്തായിരുന്നു ഫലം?

# മെയ് 8

***ഇതാകുന്നു അവൻ നമുക്കു തന്ന വാഗ്ദത്തം: നിത്യജീവൻ തന്നെ - 1 യോഹ. 2 : 25***

ദൈവം കരുണാപൂർവ്വം നമുക്കു നൽകിയിട്ടുള്ള വാഗ്ദാനങ്ങളുടെ സാക്ഷാൽക്കാരത്തിന് നാം ചിലതു ചെയ്യേതു്. ഈ വസ്തുത നാമെല്ലാം മനസ്സിലാക്കണം. വർത്തമാന ജീവിതത്തിലെ ആവശ്യങ്ങളോടുള്ള ബന്ധത്തിൽ നമ്മുടെ അപ്പവും വെള്ളവും സുനിശ്ചിതമെന്ന അവന്റെ വാഗ്ദത്തം നമുക്കു്. അതുകൊ് ഇവയുടെ സമ്പാദനത്തിനുള്ള ന്യായമായ അവസരങ്ങൾക്കു നേരെ കണ്ണടച്ചുകളയാം എന്ന് ഇതിനർത്ഥമില്ല. യഥാകാലം അവന്റെ രാജ്യത്തിലുള്ള ഓഹരിയും അവൻ വാഗ്ദത്തം ചെയ്തിട്ടു്. എന്നാൽ നമ്മുടെ വിളിയും തിരഞ്ഞെടുപ്പും ഉറപ്പാക്കാനുള്ള ചുമതല നമുക്കു്. ഏതുകാര്യം സംബന്ധിച്ചും സ്വധർമ്മം നിർവഹിക്കാൻ ദൈവം തികച്ചും ശക്തനും തികച്ചും മനസ്സുള്ളവനും ആണ്. എന്നാൽ നമ്മുടെ പ്രവർത്തനങ്ങൾവഴി ന്യായമായ എല്ലാ മാർഗ്ഗങ്ങളിലും അവനോടു സഹകരിക്കുക വഴി നമ്മുടെ വിശ്വാസം പ്രകടമാക്കുവാൻ അവൻ നൽകുന്ന ആഹ്വാനം നമ്മുടെ പ്രയോജനത്തിനാണ് - Z'03, 175 (R 3204)

* * * * * *

നിത്യജീവൻ മനുഷ്യനു ജന്മസഹജമായ സ്വഭാവികസിദ്ധിയല്ല. പ്രത്യുത ദൈവദാനമാണ്. ദൈവത്തിന്റെ സ്വഭാവത്തോടു പൊരുത്തപ്പെടുന്ന സ്വഭാവമുള്ളവർക്കാണ് അതു നൽകപ്പെടുന്നത്. വിശ്വസ്തജനത്തിന് ഈ വാഗ്ദത്തം നിരുപാധികവും, യഹോവ ആണകൊ് ഉറപ്പിച്ചിട്ടുള്ളതുമാണ്. നാം വിശ്വസ്തരെങ്കിൽ ദൈവം തന്റെ വാഗ്ദാനം പാലിക്കുമെന്നതിൽ അചഞ്ചലമായ ഉറപ്പോടെ നമ്മുടെ വിശ്വാസം ഭദ്രമായിരിക്കും. ഇപ്രകാരമുള്ള ഒരു വാഗ്ദത്തം വിശ്വസ്തതയ്ക്ക് എത്രമേൽ ഉത്തേജകമായിരിക്കുന്നു! - P'30, 77.

* * * * * *

**സമാന്തരവേദഭാഗങ്ങൾ : സങ്കീ.21:4;133:3; ദാനി.12:3; മത്താ.19:29; ലൂക്കൊ.20:36; യോഹ.3:14-17;4:14;5:24,25,29,39;6:27,40,47,50-58,68;10:10,28;12:50; 17:2,3; അപ്പൊ.13:46,48; റോമ.2:7;5:21;6:22,23; 1കൊരി.15:53,54; 2കൊരി.5:1**

ചോദ്യങ്ങൾ :- ഈ വാക്യം ഈ ആഴ്ച എന്നെ എങ്ങനെ സ്വാധീനിച്ചു? എന്തുകൊ്? എന്തായിരുന്നു ഫലം?

# മെയ് 9

***ആകയാൽ നിങ്ങൾ കർത്താവായ ക്രിസ്തുയേശുവിനെ കൈക്കൊ തുപോലെ അവന്റെ കൂട്ടായ്മയിൽ നടപ്പിൻ; അവനിൽ വേരൂന്നിയും ആത്മികവർദ്ധന പ്രാപിച്ചും നിങ്ങൾക്ക് ഉപദേശിച്ചുതന്നതിനൊത്തവണ്ണം വിശ്വാസത്തിൽ ഉറച്ചും സ്തോത്രത്തിൽ കവിഞ്ഞും ഇരിപ്പിൻ - കൊലൊ. 2 : 6, 7***

വിശ്വാസസത്യങ്ങളെ സംബന്ധിച്ച് അയവില്ലാത്ത നിലപാട് ആവശ്യമോ ഗുണകരമോ അല്ലെന്ന ഒരു മനോഗതിയാണ് പൊതുവിൽ ദുരുപദേഷ്ടാക്കൾക്കിടയിലുള്ളത്. വിശ്വാസത്തിൽ വിട്ടുവീഴ്ചയ്ക്കു വിസമ്മതിക്കുന്നത് മതഭ്രാന്തായി അവർ കണക്കാക്കുന്നു. ന്യായശാസ്ത്രത്തിന്റേയോ വേദാധാരത്തിന്റേയോ അടിസ്ഥാനത്തിൽ തെളിയിക്കപ്പെടാത്ത വിശ്വാസങ്ങൾ ന്യായബോധം കൂടാതെ സ്വീകരിക്കുകയും മുറുകെപ്പിടിക്കുകയും ചെയ്യുന്നപക്ഷം അതു മതഭ്രാന്തുതന്നെ. എന്നാൽ ദൈവത്തെ പ്രമാണമാക്കി ലളിത വിശ്വാസത്തിൽ അവന്റെ വചനത്തെ അംഗീകരിക്കുന്നത് അന്ധമായ മതഭ്രാന്തല്ല, അപ്രകാരം ചെയ്യുന്നവർ മാത്രമാണ് സത്യത്തിൽ അടിസ്ഥാനപ്പെടുന്നത്. ശക്തനും ദൃഢചിത്തനുമായ ഒരു ക്രിസ്ത്യാനിയും മർക്കടമുഷ്ടിയായ ഒരു മതഭ്രാന്തനും തമ്മിലുള്ള അന്തരം ഒരുവൻ സത്യത്തിലും അപരൻ അസത്യത്തിലും ഉറച്ചുനില്ക്കുന്നു എന്നതാണ് - Z'03, 199 (R 3215)

*　*　*　*　*　*

സ്വേച്ഛകളെ വെടിഞ്ഞും ക്രിസ്തുയേശുവിന്റെ ഇഷ്ടം നമ്മുടെ ഇഷ്ടമാക്കി അംഗീകരിച്ചുമാണ് നാം അവനെ കർത്താവായി കൈക്കൊള്ളുന്നത്. ഇങ്ങനെ ആരംഭമിട്ടതിൽ നാം ഉറ്റു നിൽക്കണം. അവനിൽനിന്നുമാത്രം നമുക്കു വേ പോഷകമൂല്യങ്ങൾ നാം വലിച്ചെടുക്കുമ്പോൾ നാം അവനിൽ വേരൂന്നുന്നു. അവന്റേതുപോലുള്ള ഒരു സ്വഭാവം നാം വളർത്തിയെടുക്കുമ്പോൾ നാം അവനമ്പിൽ കെട്ടുപണി ചെയ്യപ്പെടുന്നു. നാം അവനിൽ ഉറച്ചുനിൽക്കുമ്പോൾ തിരുവെഴുത്തുകളിൻ പ്രകാരമുള്ള വിശ്വാസത്തിൽ നാം സ്ഥിരീകരിക്കപ്പെടുന്നു. നാം കൃതജ്ഞതാപൂർവ്വം അതിൽ പെരുകിവരുമ്പോൾ നാം സ്തോത്രത്തോടെ അതിൽ വർദ്ധിച്ചുകൊിരിക്കും - P'35, 62.

*　*　*　*　*　*

**സമാന്തരവേദഭാഗങ്ങൾ : യോഹ.1:12; ഫിലി.1:27; 1തെസ്സ.4:1; യൂദ.3,20; എഫെ.2:20-22;3:17;4:1; കൊലൊ.1:23;3:17;യെശ.61:3; 1കൊരി.3:9,11; 1പത്രൊ.2:5; 2പത്രൊ.2:12; അപ്പൊ.20:32; 2കൊരി.1:21**

ചോദ്യങ്ങൾ :- ഈ വേദവാക്യത്തിന്റെ അടിസ്ഥാനത്തിൽ ഈ ആഴ്ചയിലെ അനുഭവങ്ങൾ എന്തെല്ലാമായിരുന്നു? അവയെ എങ്ങനെ അഭിമു

ഖീകരിച്ചു? അതിൽ സഹായകമായും പ്രതിബന്ധമായും വർത്തിച്ചതെന്ത്? പരിണതഫലമെന്തായിരുന്നു?

# മെയ് 10

***എന്റെ തലയെ നീ എണ്ണകൊ് അഭിഷേകം ചെയ്യുന്നു; എന്റെ പാനപാത്രവും നിറഞ്ഞു കവിയുന്നു - സങ്കീ. 23 : 5***

നിറഞ്ഞുകവിയുന്ന പാനപാത്രത്തിനു രർത്ഥമു്. അതു സന്തോഷത്തിന്റെ പാനപാത്രം എന്നപോലെ ദുഃഖത്തിന്റെയും പാനപാത്രമാണ്. രർത്ഥത്തിലും അതു നിറഞ്ഞു കവിയുന്നു. കർത്താവിന്റെ സന്തോഷത്തിന്റെ പാനപാത്രത്തിൽ പങ്കുകാരാകണമെന്നുള്ളവർ അവന്റെ കഷ്ടാനുഭവത്തിന്റെ പാനപാത്രത്തിലും പങ്കുകാരാകണം. അവനോടുകൂടെ വാഴണമെങ്കിൽ അവനോടുകൂടെ കഷ്ടം സഹിക്കണം. എന്നാൽ നമ്മിൽ വെളിപ്പെടുവാനുള്ള തേജസ്സിനോടു താരതമ്യപ്പെടുത്തുമ്പോൾ വർത്തമാനകാലത്തെ പീഡാനുഭവങ്ങൾ ഏതുമില്ല. അതുകൊ് കഷ്ടങ്ങളിൽ ആനന്ദം കത്തൊൻ  നമുക്കു കഴിയുന്നു. കഷ്ടങ്ങൾ പെരുകുന്നതിനനുസരിച്ചു സന്തോഷവും പെരുകുന്നു. അപ്പോൾ "സന്തോഷിപ്പിൻ, അതേ സന്തോഷിപ്പിൻ എന്നു ഞാൻ പറയുന്നു" എന്ന് അപ്പൊസ്തൊലനോടു ചേർന്നു നമുക്കും പറയാം  -  Z'03, 413 (R 3268)

*          *          *          *          *          *

സഭയുടെ ശിരസ്സായ നമ്മുടെ കർത്താവായ യേശു പരിശുദ്ധാത്മാവിനാൽ അളവുകൂടാതെ അഭിഷേകം ചെയ്യപ്പെട്ടു. ഈ അഭിഷേകം ശരീരത്തിലേക്ക് ഒഴുകിയിരിക്കുന്നു. ഈ ഗണത്തിനുവേി ദൈവം ക്രമപ്പെടുത്തിയിരിക്കുന്നത് കവിഞ്ഞൊഴുകുന്ന ഒരു പാനപാത്രമാണ് — സുഖദുഃഖങ്ങൾ രിലും കർത്താവിൽനിന്നുള്ള അനുഗ്രഹത്തിന്റെ നിറവാർന്ന പാനപാത്രം, ദുഃഖത്തിന്റെ ആഴങ്ങളെ അതിശയിക്കുന്നതായിരിക്കും. സന്താഷത്തിന്റെ ഔന്നത്യം. ഇതു നമ്മുടെ പ്രതീക്ഷയ്ക്കു യോജിച്ചതുതന്നെ -  P'34, 62.

*          *          *          *          *          *

**സമാന്തരവേദഭാഗങ്ങൾ : സങ്കീ.45:7,8;92:10; യെശ.61:1-3; മത്താ.3:16; അപ്പൊ.10:38; യോഹ.14:16,17,26;15:26;16:7;15:11;16:20-24,33;17:13; അപ്പൊ.13:52; റോമ.14:17;15:13; 2കൊരി.12:10; എബ്രാ.10:34; യാക്കോ.1:2; 1പത്രൊ4:13; 2കൊരി.1:8,9;4:7-12,16-18;6:4-10;11:23-30; എബ്രാ.12:6-9; 1പത്രൊ.5:9**

ചോദ്യങ്ങൾ :- ഈ വാക്യത്തിന്റെ അടിസ്ഥാനത്തിൽ ഈ ആഴ്ചയിലെ അനുഭവങ്ങൾ എന്തായിരുന്നു? അവയെ എങ്ങനെ നേരിട്ടു? പ്രതിബന്ധ

മായി, സഹായകമായി വർത്തിച്ചതെന്ത്? പരിണതഫലമെന്തായിരുന്നു?

# മെയ് 11

***നിന്റെ നിമിത്തം ഞങ്ങളെ ദിവസംപ്രതി കൊല്ലുന്നു; അറുപ്പാനുള്ള ആടുകളെപ്പോലെ ഞങ്ങളെ എണ്ണുന്നു - സങ്കീ. 44 : 22***

ബലി ഒന്നുമാത്രം എന്ന കാര്യം നാം വിസ്മരിക്കരുത്. അതു നാൾതോറും കർത്താവിന് അർപ്പിക്കണം. അവനെയും അവന്റെ ജനത്തെയും സേവിക്കേതിന് ലഭിക്കുന്ന ഏതവസരവും ബലിയുടെ ദൃഢീകരണത്തിനു പ്രയോജനപ്പെടുത്തണം. വളരെ നിസ്സാരമെന്ന്, ചിലപ്പോൾ തീർത്തും അഗണ്യമെന്നു തോന്നാവുന്ന കൊച്ചുകൊച്ചു ബലികൾകൂടെ ഉൾപ്പെട്ടതാണ് ഇത്. അവന്റെ ഭവനത്തിലേക്കുള്ള ദത്തെടുക്കലിന്റെ പ്രാരംഭത്തിൽ നാം നേർന്ന യാഗം പൂർണ്ണമാകുന്നതിന് ഇവയെല്ലാം ആവശ്യമാണ്. നമ്മുടെ ഇച്ഛകൾ  അവനു വിധേയപ്പെടുത്തിയപ്പോൾ എല്ലാം അവനു വിധേയപ്പെടുത്തി. അതുകൊ്  ഏതു നിസ്സാരവിഷയം സംബന്ധിച്ചായാലും കർത്താവിനു പ്രസാദകരമെന്നു വിചാരിക്കാവുന്ന ഏതു ത്യാഗത്തിന്റെ നിഷേധവും അവനു സമർപ്പിച്ചവയിൽനിന്ന് അത്രയും നാം പിടിച്ചുവയ്ക്കയാണ് - Z'03, 408 (R 3296)

*          *          *          *          *          *

കർത്താവിന്റെ ആളത്വം സ്വഭാവം വചനം ദൗത്യം എന്നിവയുടെ പേരിൽ അവന്റെ വിശ്വസ്താനുയായികൾ സുവിശേഷയുഗമുടനീളം പീഡിപ്പിക്കപ്പെട്ടുപോന്നു. ഒരു ആടിനൊപ്പം അവരുടെ ജീവനും വിലകുറച്ചുകാണുകയും നിർവികാരമായി കുരുതി അർപ്പിക്കുകയും ചെയ്യുന്നു. എങ്കിലും ദൈവത്തിന്റെ കുഞ്ഞാടായി അറുക്കപ്പെട്ട ക്രിസ്തുവിന്റെ യാഗരക്തത്തിൽ യഹോവ പ്രസാദിച്ചപ്രകാരം അവന്റെ വിശ്വസ്താനുയായികളുടെ ജീവാർപ്പണത്തിൽ കർത്താവും പ്രസാദിക്കുന്നു. എന്തെന്നാൽ "കർത്താവിന്റെ ദൃഷ്ടിയിൽ അവന്റെ ഭക്തന്മാരുടെ മരണം വിലയേറിയതാകുന്നു" (സങ്കീ.116:15) - P'33, 79.

*          *          *          *          *          *

**സമാന്തരവേദഭാഗങ്ങൾ : റോമ.8:35,36; മത്താ.5:10-12,44;10:16-18,21,22, 26,28;20:22,23;23:34,35; ലൂക്കൊ.21:12-19; യോഹ.15:18,19;16:1,2; 1കൊരി.4:9-13; 15:30 -32; 2കൊരി.4:8-12; യോഹ.12:23-26; 2തെസ്സ.1:4; 2തിമോ.2:9-12; എബ്രാ.10:32 -34;13:12,13; 1പത്രൊ.3:14-17**

ചോദ്യങ്ങൾ :- ഈ ആഴ്ച ഞാൻ പീഡ സഹിച്ചുവോ? എങ്ങനെ? എന്തുകൊ്? പരിണതഫലങ്ങൾ എന്തായിരുന്നു?

## മെയ് 12

***പ്രിയമുള്ളവരേ, ഈ വാഗ്ദത്തങ്ങൾ നമുക്കുള്ളതുകൊ് നാം ജഡ ത്തിലെയും ആത്മാവിലെയും സകല കല്മഷവും നീക്കി നമ്മെതന്നെ വെടിപ്പാക്കി ദൈവഭയത്തിൽ വിശുദ്ധിയെ തികച്ചുകൊൾക - 2 കൊരി. 7 : 1***

ഈർഷ്യ, വഞ്ചന, കപടഭക്തി, ദുർഭാഷണം മുതലായവയുടെ സ്വഭാവത്തി ലുള്ള മാലിന്യങ്ങൾക്കു തങ്ങൾ അടിമകളാണെന്ന് അറിയുന്നവർ രാജ്യത്തിന്റെ അവകാശികൾ എന്നു പ്രതീക്ഷിക്കുന്നവരിൽ എത്രപേർ ഉ്? നാം എതിർത്തു നിൽക്കേ ജഡത്തിലെ ഈ ബലഹീനതകൾ എല്ലാമല്ലെങ്കിലും ഏതാനുമെങ്കിലും എല്ലാവരിലുമു്. ക്രിസ്തീയ ജീവിതത്തിനായുള്ള വിളി സ്വീകരിച്ച ആദ്യഘട്ട ത്തിൽ ഇതു വിശേഷിച്ചും അപ്രകാരമായിരുന്നു. ഇവയെല്ലാം ദൂരീകരിക്കാൻ ന ാം ശ്രദ്ധാപൂർവ്വം പരിശ്രമിക്കണം. ജീവിതത്തിലെ ഓരോ പ്രവൃത്തിയും ഓരോ വാക്കും ഓരോ വിചാരവും മാത്രമല്ല, വാക്കുകൾക്കും, ചിന്തകൾക്കും പ്രവൃത്തി കൾക്കും പ്രേരകമായ ആന്തരോദ്ദേശ്യങ്ങളെയും നാം സസൂക്ഷ്മം നിരീക്ഷണവി ധേയമാക്കണം. അങ്ങനെ നാം ലൗകിക മാലിന്യങ്ങളിൽനിന്ന് ഉത്തരോത്തരം വെടിപ്പാക്കപ്പെടുകയും കർത്താവിനു മേൽക്കുമേൽ അംഗീകാരയോഗ്യരാകയും വേണം - Z'03, 408 (R 3265)

*　　*　　*　　*　　*　　*

പുകയില, മയക്കുമരുന്ന്, മദ്യം, ദുർനടപ്പ്, അമിതഭോജനം, ശുചിത്വ മില്ലായ്മ തുടങ്ങിയ ശാരീരികമാലിന്യങ്ങളാണ് ജഡത്തിലെ കല്മഷങ്ങൾ. കോപം, വിദ്വേഷം, അസൂയ, ദൂഷണം, കപടഭക്തി, അത്യാഗ്രഹം, അവി ശ്വാസം, നിരാശ, ദുരഭിമാനം തുടങ്ങി മനസ്സിൽ സ്ഥാനം പിടിക്കുന്ന ദോഷങ്ങളാണ് ആത്മാവിലെ കല്മഷം. ആണകൊുറപ്പാക്കിയ ഉടമ്പടി യിൻ വാഗ്ദത്തങ്ങൾ ആണ് ആത്മാവിലെയും ജഡത്തിലെയും കല്മ ഷങ്ങളിൽ നിന്നു നമ്മെ നിർമ്മലീകരിക്കുന്നതിനുള്ള ദൈവനിയുക്തമായ ഉപാധികൾ. നമ്മുടെ സമർപ്പണത്തിന്റെ പൂർത്തീകരണത്തിന് ആവശ്യ മായ ദൈവഭക്തിയാണ് ശുദ്ധീകരണം പ്രാപിക്കുന്നതിന് ഏറ്റവും അനു യോജ്യമായ മാർഗ്ഗം - P'32, 48.

*　　*　　*　　*　　*　　*

**സമാന്തരവേദഭാഗങ്ങൾ : 2കൊരി.6:17,18; ഉല്പ.22:16-18; സങ്കീ.51:10; യോഹ.15:3; 1 യോഹ.1:7-9; ഗലാ.5:19-21; എഫെ.4:17-32;5:26; കൊലൊ.3:5-9; റോമ.8:1-14;12:2,9-21; ഗലാ.5:22-25;6:7-10; കൊലൊ.3:10-17; 1തെസ്സ.5:11-22**

ചോദ്യങ്ങൾ :- ഈ കുറിവാക്യത്തിലെ പ്രബോധനം ഉൾക്കൊള്ളാൻ ഈ ആഴ്ച എനിക്കു സാധിച്ചുവോ? എപ്രകാരം? പരിണതഫലങ്ങൾ എന്തായിരുന്നു?

# മെയ് 13

***ഇതാ, അനുസരിക്കുന്നത് യാഗത്തെക്കാളും ശ്രദ്ധിക്കുന്നത് മുട്ടാടുകളുടെ മേദസ്സിനെക്കാളും നല്ലത് - 1 ശമു. 15 : 22***

നാം തന്റെ വചനത്തെ സംബന്ധിച്ച് അത്യന്തം ശ്രദ്ധാലുക്കളാകണമെന്ന് നമ്മുടെ സ്വർഗ്ഗീയപിതാവ് ആഗ്രഹിക്കുന്നു. അതിനെ ഒട്ടൊന്ന് മെച്ചപ്പെടുത്താമെന്ന വിചാരം അശേഷം ഉാകരുത്. അതിനെ അനുസരിക്കാനുള്ള ബാധ്യതയ്ക്കു കാലം കൊാേ സഹാചര്യംകൊാേ മാറ്റം വരുന്നില്ല. നാം അവന്റെ വചനത്തിനു കാതോർത്ത് അതിനോടു പറ്റിനിൽക്കണം. ഫലമെന്താകുമെന്ന് ഭയപ്പെടരുത്. നമ്മുടെ പരിപാലകൻ ഉറങ്ങുന്നില്ല. മയങ്ങുന്നില്ല എന്നു ദൃഢമായി വിശ്വസിക്കുക. തെറ്റുപറ്റാത്ത വിധം അവൻ സർവ്വജ്ഞാനിയാണ്. അനുസരണത്തിന്റെ ഫലമായി നമുക്കു നേരിട്ടേക്കാവുന്ന ഏത് അടിയന്തിരസ്ഥിതിയേയും അഭിമുഖീകരിക്കാൻ അവൻ ശക്തനുമാണ്. - Z'03, 218, 219 (R 3224)

*　　*　　*　　*　　*　　*

ദൈവസേവയിൽ നമ്മുടെ മനുഷ്യത്വത്തെ മരണത്തിന് ഏല്പിച്ചുകൊടുക്കുകവഴി നാം ചെയ്യുന്ന അവകാശത്യാഗമാണ് യാഗം. ദൈവത്തെ സേവിക്കുക എന്ന ഉദ്യമത്തിൽ നാം നടത്തുന്ന ആത്മത്യാഗം നമ്മുടെ മനുഷ്യത്വത്തെ ഹോമിക്കുമെങ്കിലും കർത്തൃഹിതാനുസരണമല്ലെങ്കിൽ ദൈവത്തിന് അംഗീകാരമായിരിക്കയില്ല. അനുസരണക്കേടും യാഗവും എന്നതിനേക്കാൾ അഭികാമ്യം യാഗനിരാസവും അനുസരണവും എന്നതാണ്. അനുസരണവും യാഗവും ഏകോപിക്കുന്നതാകട്ടെ അത്യുത്തമവും - P'26, 61.

*　　*　　*　　*　　*　　*

**സമാന്തരവേദഭാഗങ്ങൾ : സംഖ്യാ.14:24; 1ശമു.12:22; 1ദിന.28:9,10,20; സങ്കീ.40:6;51:16,17;69:30,31; സദൃ.21:3; സഭാ.5:1; യെഹ.9:5-10; ഹോശെ.6:6; മീഖ.6:6-8; മത്താ.9:13; മർക്കൊ.12:32,33; യോഹ.12:26;13:17;14:15,21; 1യോഹ.2:3-6**

ചോദ്യങ്ങൾ :- ഈ ആഴ്ചയിലെ എന്റെ യാഗം ദൈവഹിതത്തിന് അനുസൃതമായിട്ടുള്ളതോ വിപരീതമായിട്ടുള്ളതോ ഏതായിരുന്നു? യാഗത്തിൽ

നിന്നും ഞാൻ ഒഴിവായോ? ഏതു സാഹചര്യങ്ങളിൽ? എന്തുകൊ്? എങ്ങനെ?

# മെയ് 14

***സ്നേഹത്തിൽ സത്യം സംസാരിച്ചുകൊു ക്രിസ്തു എന്ന തല യോളം സകലത്തിലും വളരുവാൻ ഇടയാകും - എഫെ. 4 : 15***

കൃപയിൽ വളരുക എന്നതിന് എന്താണർത്ഥം? അവനോടുള്ള വ്യക്തിഗതമായ അടുത്തറിയലും ആത്മാവിലുള്ള കൂട്ടായ്മയും വഴി മേൽക്കുമേൽ അവന്റെ പ്രസാദപാത്രമാവുക എന്നുതന്നെ. അങ്ങനെ കൃപയിൽ വളരുമ്പോൾ അറിവിൽ വളരാതിരിക്കുക അസാധ്യമാണ്. എന്തന്നാൽ ഇപ്രകാരമുള്ള സമ്പർക്കത്തിന്റെ ലക്ഷ്യംതന്നെ കർത്താവിനെ സംബന്ധിച്ചുള്ള വർദ്ധിച്ച പരിജ്ഞാനത്തിലും പരിചയത്തിലും കെട്ടുപണിചെയ്യപ്പെടുക എന്നതാണ്. അതായത് ദൈവനിർണ്ണയത്തോട് ഉറ്റബന്ധം പുലർത്തുകയും ആ നിർണ്ണയം പ്രാവർത്തികമാക്കുന്നതിൽ “അവന്റെ സഹപ്രവർത്തകർ” എന്ന പദവിക്ക് അവകാശികളാകുകയും ചെയ്യുക. അതുകൊ് നാം കർത്താവിനെ സ്നേഹിക്കയും അനുസരിക്കയും അവന്റെ കൃപയിൽ വളരാൻ ആഗ്രഹിക്കയും ചെയ്യുന്ന പക്ഷം അവന്റെ ലിഖിതവചനം നമ്മുടെ അനുദിനധ്യാനത്തിനും പഠനത്തിനും വിഷയമാകണം. അങ്ങനെ നാം അവന്റെ പരിജ്ഞാനത്തിൽ വളരുന്നു
- Z'03, 200 (R 3215)

* * * * * *

ദൈവവചനത്തിന്റെ ഘോഷണമാണ് ക്രൈസ്തവദൗത്യം. ഇതു നാം നിർവ്വഹിക്കുന്നത് വിശേഷിച്ചും നിഷ്കാമസ്നേഹത്തിൽനിന്ന് ഉത്തേജനം ഉൾക്കൊ് അതിനെ പ്രത്യക്ഷപ്പെടുത്തുമാറുമായിരിക്കണം. ഈ നിലയിൽ സത്യം അവതരിപ്പിക്കുന്നവർക്ക് എല്ലാ സത്പ്രവൃത്തിയിലും അഭിവൃദ്ധിപ്രാപിച്ചു വളരുന്നതിനും, രാജ്യത്തിന്റെ അവകാശി എന്ന നിലയിൽ തന്റെ സ്ഥാനത്തു വളർന്നു പൂർണ്ണതയിലെത്തുന്നതിനും ആവശ്യമായ അനുഭവങ്ങൾ നമ്മുടെ നായകനായ ക്രിസ്തുവഴി നൽകപ്പെടും
- P'36, 64.

* * * * * *

**സമാന്തരവേദഭാഗങ്ങൾ : സെഖ.8:16; 2കൊരി.4:2; എഫെ.4:25; സങ്കീ.32:2; യോഹ.1:47; റോമ.12:9; 1പത്രൊ.1:22;2:2; 1യോഹ.3:18; എഫെ.2:21; 2പത്രൊ.3:18; എഫെ.1:21,22;5:23; കൊലൊ.1:18,19;2:19**

ചോദ്യങ്ങൾ :- ഈ വാക്യത്തിന്റെ അടിസ്ഥാനത്തിൽ ഈ ആഴ്ചയിലെ അനുഭവങ്ങൾ എന്തെല്ലാമായിരുന്നു? അവയെ എങ്ങനെ അഭിമുഖീകരിച്ചു? അത് എന്തു ഫലമുളവാക്കി?

# മെയ് 15

***അത്തിവൃക്ഷം തളിർക്കയില്ല; മുന്തിരിവള്ളിയിൽ അനുഭവം ഉായിരി ക്കയില്ല; ഒലിവുമരത്തിന്റെ പ്രയത്നം നിഷ്ഫലമാകും; നിലങ്ങൾ ആഹാരം വിളയിക്കയില്ല; ആട്ടിൻകൂട്ടം തൊഴുത്തിൽ നശിച്ചുപോകും; ഗോശാലകളിൽ കന്നുകാലികൾ ഉായിരിക്കയില്ല. എങ്കിലും ഞാൻ യഹോ വയിൽ ആനന്ദിക്കും; എന്റെ രക്ഷയുടെ ദൈവത്തിൽ ഘോഷിച്ചുല്ല സിക്കും -ഹബ. 3 : 17, 18***

ദുഷ്പ്രവൃത്തികളുടെ സ്വാഭാവിക ഫലത്തെ സംബന്ധിച്ചു തിക്താനുഭവ ങ്ങൾ വഴി ലോകം ചില പാഠങ്ങൾ ഗ്രഹിക്കേതിന് ദൈവം തിന്മയെ ലോകത്തിൽ അനുവദിച്ചിരിക്കുന്നു എന്നു നാം കാണുന്നു. ലോകത്തെ സംബന്ധിച്ചെന്ന വണ്ണം വിശുദ്ധന്മാരെ സംബന്ധിച്ചും തിന്മയ്ക്ക് ഒരു ദൗത്യം നിർവ്വഹിക്കാനു്. അവരെ ശോധനചെയ്ത് കറകളഞ്ഞ് മിനുക്കിയെടുക്കുകതന്നെ. വിശ്വസ്ത ന്മാർക്കായി ദൈവം കരുതിവെച്ചിരിക്കുന്ന ആശ്ചര്യകാര്യങ്ങൾ അവകാശമാക്കേ തിന് അവരെ ഒരുക്കുകയും ജേതാക്കൾ എന്ന നിലയിൽ അവർ അതിനു യോഗ്യരെന്നു തെളിയിക്കയും ചെയ്യുന്നതിനുതന്നെ - Z'03, 94 (R 3167)

* * * * * *

ദൈവത്തിന്റെ മുൻകരുതലിൽ ജഡിക യിസ്രയേലിനെയും ആത്മീയ യിസ്രയേലിനെയും യഥാക്രമം അക്ഷരിക ബാബിലോനിലേക്കും സാദൃശ്യാർത്ഥ ബാബിലോനിലേക്കും പ്രവാസികളായി പോകാൻ അനുവദിക്കുന്നതിന് തിരുവി ഷ്ടമായി. മാനവരാശിയെ പൊതുവിൽ സ്വാധീനിക്കുമാറ് ബാഹ്യദൃഷ്ട്യാ ഫലം കായ്ക്കുവാനുള്ള അവസരങ്ങൾ അവിടെ വളരെ വിരളമായിരുന്നു. എന്നാലും ദൈവത്തിന്റെയും ക്രിസ്തുവിന്റെയും അത്ഭുതകരമായ രക്ഷാപ്രവർത്തനങ്ങൾ നിമിത്തം വിശ്വസ്ത ജനത്തിനു സാദൃശ്യാർത്ഥ ബാബിലോണിൽ ദൈവത്തിൽ ആനന്ദിക്കുന്നതിന് കൃപ നൽകപ്പെട്ടു. ഈ യുഗത്തിന്റെ ഏറ്റവും ഒടുവിൽ ദൈവജനത്തിന് പ്രതികൂലവും ഫലം വിളയിക്കാത്തതുമായ ചില അനുഭവങ്ങൾ ഉാകും. എന്നാൽ ഇവയുടെ മദ്ധ്യേ ഈ വാക്യത്തിലെ പ്രാവചനികവാഗ്ദാനപ്ര കാരമുള്ള കർത്താവിന്റെ പ്രത്യേക കൃപയിൽ അവർ ആനന്ദം കത്തെുന്നു - P'30, 77, 78.

* * * * * *

**സമാന്തരവേദഭാഗങ്ങൾ : യോഹ.15:21;16:20,33; അപ്പൊ.14:22;20:23,24; റോമ.8:18; 2 കൊരി.4:17,18; സങ്കീ.103:9;126:5,6; യെശ.54:7,8;61:2,3; ഫിലി.4:4; 1തെസ്സ.5:16; 1പത്രൊ.1:6;4:13,14;5:10**

ചോദ്യങ്ങൾ :- ഈ ആഴ്ചയിൽ ഞാൻ കഷ്ടങ്ങളിൽ ആനന്ദിച്ചുവോ ? സഹായകമായതെന്ത്? പ്രതിബന്ധമായതെന്ത്? അത് എന്തു ഫലം ഉള വാക്കി?

## മെയ് 16

***യഹോവയുടെ വായ് കല്പിക്കുന്ന പുതിയ പേർ നിനക്കു വിളിക്കപ്പെടും. യഹോവയുടെ കയ്യിൽ നീ ഭംഗിയുള്ള കിരീടവും നിന്റെ ദൈവത്തിന്റെ കൈയ്യിൽ രാജമുടിയുമായിരിക്കും - യെശ. 62 : 2, 3***

ലോകത്തിൽനിന്നെന്നവണ്ണം നാമധേയക്രൈസ്തവ മഹാസമൂഹത്തിൽനിന്നും വേർപെട്ടുനിൽക്കുന്ന ഒരു പ്രത്യേക ജനമാണ് നാം എന്ന വസ്തുത നാം ഒരിക്കലും വിസ്മരിക്കരുത്. ശ്രേഷ്ഠതരമായ പ്രതീക്ഷകളും ലക്ഷ്യങ്ങളും അഭിലാഷങ്ങളും നമുക്കു്. മുൻകാലത്തെ ഇരുളിൽനിന്ന് അത്ഭുതകരമായ വെളിച്ചത്തിലേക്ക് വിളിക്കപ്പെട്ടവർ എന്ന നിലയ്ക്ക് ദൈവവിഷയകമായ അഗാധസത്യങ്ങളെ സംബന്ധിച്ചുള്ള ഉൾക്കാഴ്ച ലഭിച്ചവരാണ് നാം. ഇപ്രകാരം ലോകത്തിൽനിന്നും ലോകത്തിന്റെ ആത്മാവിനു വശംവദരായ ക്രൈസ്തവരിൽനിന്നും വേർപെട്ടിരിക്കയാൽ അവർ നമ്മോടു വിയോജിക്കയും നമ്മെ അവഗണിക്കയോ എതിർക്കയോ ചെയ്യുകയും ചെയ്യുന്നെങ്കിൽ അതിശയിക്കേതില്ല
- Z'03, 164 (R 3199)

*   *   *   *   *   *

സംജ്ഞ, പ്രകൃതി, സ്വഭാവം, ബഹുമാനം, ഔദ്യോഗികപദവി എന്ന അർത്ഥങ്ങളിലാണ് തിരുവെഴുത്തിൽ നാമം എന്ന പദം പ്രയോഗിച്ചിരിക്കുന്നത്. ക്രിസ്തുഗണത്തിന് ഒരു പുതിയനാമം, വിശേഷിച്ച് പുതിയ പ്രകൃതിയും ഔദ്യോഗികസ്ഥാനവും എന്ന അർത്ഥത്തിൽ കൈവരും. ആ നിലയിൽ ഉജ്ജ്വലത്തായ നിരവധി മുത്തുകൾ പതിച്ച ഒരു മഹത്ത്വകിരീടമായി സമസ്ത മാനവഭവനത്തിന്റെയും അനുഗ്രഹാർത്ഥം ദൈവികമായ സത്യത്തിന്റെയും സ്വഭാവത്തിന്റെയും പ്രവർത്തനങ്ങളുടെയും ശോഭാതിശയത്തെ പ്രതിബിംബിപ്പിച്ചുകൊ് അതു കർത്തൃകരങ്ങളിൽ പരിലസിക്കുന്നതാണ് - P'35, 62.

*   *   *   *   *   *

**സമാന്തരവേദഭാഗങ്ങൾ : സങ്കീ.122:6;102:13-16; യെശ.60:1-3; വെളി.2:17; 21:2,9,10,17,23,24; യെഹെ.48:35; യിരെ.11:16;33:16; എബ്രാ.12:22; ഗലാ.4:26; സദൃ.12:4; സങ്കീ.132:18; ഉത്തമ.3:11; വെളി.19:12; 1തെസ്സ.2:19**

ചോദ്യങ്ങൾ :- നമ്മുടെ പ്രത്യാശ ഈ ആഴ്ച എനിക്ക് എങ്ങനെ ഉപകരിച്ചു? ഏതു സാഹചര്യങ്ങളിൽ? അതിൽ സഹായകമായോ പ്രതിബന്ധമായോ വർത്തിച്ചതെന്ത്? പരിണതഫലങ്ങൾ എന്തെല്ലാമായിരുന്നു?

# മെയ് 17

***അവർ നിങ്ങളെ പള്ളിഭ്രഷ്ടർ ആക്കും. അത്രയുമല്ല നിങ്ങളെ കൊല്ലുന്നവൻ എല്ലാം ദൈവത്തിനു വഴിപാടു കഴിക്കുന്നു എന്നു വിചാരിക്കുന്ന നാഴിക വരുന്നു - യോഹ. 16 : 2***

ഇക്കാലത്തെ പീഡനങ്ങൾ പത്തൊരു കാലത്തെ അപേക്ഷിച്ചും പരിഷ്കൃത രൂപമാണ്. ഇന്നു വിശ്വസ്തന്മാർ അക്ഷരാർത്ഥത്തിൽ കല്ലെറിയപ്പെടുന്നില്ല, അമ്പെയ്യപ്പെടുന്നില്ല, ശിരശ്ഛേദം ചെയ്യപ്പെടുന്നില്ല. എന്നാൽ ദുഷ്ടന്മാർ നീതിമാന്മാരുടെ നേരെ "കയ്പുള്ള വാക്കുകളാകുന്ന" കൂരമ്പുകൾ പ്രയോഗിക്കുന്നു എന്നത് ഇന്നും ഒരു യാഥാർത്ഥ്യമാണ്. ഇന്നും വിശ്വസ്തതയുടെ പേരിൽ പലരും ശകാരിക്കപ്പെടുകയും പഴിക്കപ്പെടുകയും കൂട്ടായ്മയിൽനിന്നു വിച്ഛേദിക്കപ്പെടുകയും ചെയ്യുന്നു. - "യേശുവിന്റെ സാക്ഷ്യം നിമിത്തമുള്ള ശിരശ്ഛേദം" തന്നെ. അപ്രകാരമുള്ള എല്ലാവരും ആദ്യരക്തസാക്ഷിയായ സ്തെഫാനോസിനെ അതിശയിക്കാൻ ശ്രമിക്കട്ടെ. അവനെപ്പോലെ പ്രസന്നവദനരായി അവരും തങ്ങളുടെ സാക്ഷ്യം പ്രസ്താവിക്കട്ടെ. ഉയരത്തിൽ മഹിമയുടെ വലത്തുഭാഗത്തു തങ്ങളുടെ കാര്യസ്ഥനും വിമോചകനുമെന്ന നിലയിൽ അവരുടെ വിശ്വാസത്തിന്റെ ദൃഷ്ടികൾ യേശുവിനെ ദർശിക്കട്ടെ. അവരുടെ വാക്കുകൾ സ്തെഫാനോസിന്റെ വാക്കുകൾ പോലെ സൗമ്യമായിരിക്കട്ടെ. "കൃപയും സത്യവും നിറഞ്ഞവനായി", "പരിശുദ്ധാത്മാവു നിറഞ്ഞവനായി" എന്നിങ്ങനെ അവനെപ്പറ്റി പറഞ്ഞിരിക്കുന്നത് അവരെപ്പറ്റിയും വാസ്തവമാകട്ടെ - Z'97, 57 (R 2108)

* * * * * *

ദൈവത്തോടു വിശ്വസ്തത പുലർത്തിയിട്ടുള്ളവരെല്ലാം നാമധേയ ഭക്തന്മാരുടെ അപ്രീതിക്കു പാത്രമാവുകയും തത്ഫലമായി അവരുടെ കൂട്ടായ്മയിൽനിന്നു ബഹിഷ്കൃതരാകുകയും ചെയ്തിട്ടു്. ദൈവനിർണ്ണയത്തിന്റെ പരിജ്ഞാനം പ്രാപിക്കാത്തവർ ദൈവജനത്തിന്റെ പ്രവർത്തനങ്ങളും ഉപദേശങ്ങളും സ്വഭാവവും പ്രത്യാശകളും സംബന്ധിച്ച മിഥ്യാബോധം നിമിത്തം അവരെ ദൈവത്തിന്റെയും അവന്റെ നിർണ്ണയത്തിന്റെയും അവന്റെ സഭയുടെയും ശത്രുക്കളായി എണ്ണിപ്പോന്നു. ഇതിന്റെ ഫലമായി യഥാർത്ഥത്തിൽ ദൈവപൈതങ്ങളായ അവരെ കൊല്ലുകവഴി തങ്ങൾ ദൈവത്തെ സേവിക്കയാണെന്ന് അവർ മിക്കപ്പോഴും വിചാരിച്ചുപോന്നു - P'34, 62, 63.

* * * * * *

**സമാന്തരവേദഭാഗങ്ങൾ : യോഹ.9:22,34;12:42;16:3; അപ്പൊ.8:1;9:1; യോഹ.15:18-21; റോമ.10:2; 1കൊരി.2:8; 1തിമൊ.1:13; സങ്കീ.11:2;38:20;44:22;56:5; 94:5; സദൃ.29:10; മത്താ.5:10-12,44;10:16-18,21-23,28;23:34;24:8-10; മർക്കൊ.13:9-13; ലൂക്കൊ.6:22,23;21:12-19; അപ്പൊ.5:29,40-42; റോമ.8:17,35-37; 1കൊരി.4:9-13**

ചോദ്യങ്ങൾ :- ഞാൻ ഈ ആഴ്ചയിൽ പീഡിപ്പിക്കപ്പെട്ടുവോ? എങ്ങനെ? എന്തുകൊ്? പരിണതഫലങ്ങൾ എന്തായിരുന്നു?

# മെയ് 18

***വിശ്വസിച്ചവരായ നാമല്ലോ സ്വസ്ഥതയിൽ പ്രവേശിക്കുന്നത് - എബ്രാ. 4 : 3***

കർത്താവിൽ നമുക്കു അനുഭവപ്പെടുന്ന വിശ്രാമം അവനിലുള്ള നമ്മുടെ വിശ്വാസം പോലെതന്നെ സമ്പൂർണ്ണമാണ്. വിശ്വാസം പൂർണമെങ്കിൽ സ്വസ്ഥതയും പൂർണ്ണമായിരിക്കും. അപൂർണ്ണമായി വിശ്വസിക്കുന്നവന് സ്വസ്ഥ തയും അപൂർണ്ണമായിരിക്കും. ആത്മീയയിസ്രയേല്യൻ പ്രാപിക്കേ ലക്ഷ്യ സ്ഥാനം പരിപൂർണ്ണസ്വസ്ഥതയുടെ ഒരു ആദർശലോകമാണ് - വർത്തമാന ജീവിതാനുഭവങ്ങളുടെ മദ്ധ്യത്തിൽ തന്നെ ഒരു സമ്പൂർണ്ണ ശാബത്തനുഭവവും അതിനുമുപരിയായി ഒരു ആത്യന്തിക സ്വസ്ഥയത്ക്കുവേിയുള്ള കാത്തിരിപ്പും അദ്ധ്വാനവും തന്നെ. പരിപൂർണ്ണതയുടെ അവസ്ഥയിൽ ദൈവജനത്തിനു കൈവരാൻ പോകുന്ന യഥാർത്ഥ സ്വസ്ഥതയാണത് - ദൈവജനത്തിന് അവ ശേഷിച്ചിരിക്കുന്ന സ്വസ്ഥത തന്നെ. ജഡികയിസ്രയേലിനു സംഭവിച്ച അവിശ്വാസ ത്തിന്റെ സമദൃഷ്ടാന്തത്തിനൊത്തവണ്ണം വീഴാതെ (എബ്രാ. 4:9-11) ആ സ്വസ്ഥത യിൽ (ശാബത്തിൽ) പ്രവേശിക്കേതിന് നമുക്കു പോരാട്ടം കഴിക്കാം - Z'99, 253 (R 2534)

* * * * * *

അദ്ധ്വാനത്തിൽനിന്നു വിരമിച്ച് വിശ്രമിക്കുന്നതിനും ദൈവത്തെ ആരാധിക്കുന്നതിനും വേർതിരിക്കപ്പെട്ട യഹൂദന്മാരുടെ പ്രതിവാരശാ ബത്ത് - ശാപത്തിൽ നിന്നുള്ള വിശ്രമത്തിന്റെയും ദൈവസേവയുടെയും യുഗമായ സഹസ്രാബ്ദത്തിന്റെ ഉചിതമായ പ്രതിരൂപമാണ്. നമ്മുടെ വിശ്വാസനീതീകരണം, സഹസ്രാബ്ദശാബത്തിനെ നമുക്കു പൂർണ്ണമായി കണക്കിട്ടുതരികയും ക്രിസ്തുവിന്റെ പൂർത്തീകരിക്കപ്പെട്ട വേലയിലുള്ള വിശ്വാസത്താൽ വിശ്രാമം അനുഭവിക്കാൻ സഹായകമാകയും ചെയ്യുന്നു. ദൈവജനത്തിനായി ദൈവം തന്റെ മഹത്ത്വമേറിയ രാജ്യത്തിൽ കരുതി യിരിക്കുന്ന സ്വസ്ഥതയിൽ പ്രവേശിക്കാൻ കഴിയേതിന് നാം സമർപ്പണ ദ്വാരാ പ്രാണത്യാഗത്തോളം ഉറ്റു ശ്രമിക്കണം - P'33, 79.

* * * * * *

**സമാന്തരവേദഭാഗങ്ങൾ : യെശ.26:3; എബ്രാ.4:3-11;3:14,18; മത്താ.11:28-30; യോഹ.14:27;16:33;20:19; അപ്പൊ.10:36; റോമ.2:10;5:1;14:17;15:13,33; എഫേ.2:14-17; ഫിലി.4:7,9; കൊലൊ.1:20;3:15; 2തെസ്സ.3:16**

ചോദ്യങ്ങൾ :- ഈ ആഴ്ചയിൽ ഞാൻ വിശ്വാസത്താലുള്ള സ്വസ്ഥത അനുഭവിച്ചുവോ? എങ്ങനെ? അതിൽ സഹായകമായി വർത്തിച്ചതെന്ത്? പ്രതികൂലമായി വർത്തിച്ചതെന്ത്? ഫലങ്ങൾ എന്തായിരുന്നു?

## മെയ് 19

***ശക്തരായ നാം അശക്തരുടെ ബലഹീനതകളെ ചുമക്കയും നമ്മിൽതന്നെ പ്രസാദിക്കാതിരിക്കയും വേണം - റോമ. 15 : 1***

യാതൊരു പരിഗണനയുടെ പേരിലും തത്ത്വങ്ങൾ തള്ളിക്കളയരുത്. എന്നാൽ മറ്റുള്ളവർക്കുവേിയും ദൈവപ്രസാദത്തിനായും സ്വാതന്ത്ര്യങ്ങളും വ്യക്തിപരമായ അവകാശങ്ങളും അവഗണിക്കാവുന്നതാണ്. അതേസമയം എന്തു വില കൊടുത്തും തത്ത്വങ്ങൾക്കുവേി നിലകൊള്ളുന്നതിന് അപ്പൊസ്തൊലനായ പൗലോസ് സന്നദ്ധനായിരുന്നു (ഗലാ.2:5,11). എന്നാൽ ക്രിസ്തുവിനും സഭയ്ക്കും വേി ഭൗമികമായ അവകാശങ്ങളോ സ്വാതന്ത്ര്യങ്ങളോ പദവികളോ ബലിചെയ്യുന്നതിൽ നമ്മുടെ കർത്താവു കഴിഞ്ഞാൽ പൗലോസിനാണ് അതുല്യസ്ഥാനം. മുഴുവൻ സഭയ്ക്കും അവൻ ഇക്കാര്യത്തിൽ ഒരു ഉത്തമദൃഷ്ടാന്തമാണ് - Z'97, 75 (R 2118)

* * * * * *

അശക്തന്മാർ തങ്ങളുടെ ഭാരച്ചുമടുകൾ ഒട്ടൊക്കെ മറ്റുള്ളവരുടെമേൽ ഇടുകയും ശക്തന്മാർ, തങ്ങളുടെ മാനുഷിക സ്വഭാവത്തിനു രുചിക്കയില്ലെങ്കിലും, ബലഹീനരെ അവരുടെ ദുർവഹമായ ഭാരങ്ങളിൽ നിന്നു ഭാഗികമായിട്ടെങ്കിലും മോചിപ്പിക്കുകയും ചെയ്യുന്നത് ഉചിതമാണ്. ക്രിസ്തു സ്വയം പ്രസാദിപ്പിക്കാതെ മറ്റുള്ളവരുടെ ബലഹീനതകളെ ചുമന്നപ്രകാരം നാം നമ്മുടെ സഹോദരവർഗ്ഗത്തിന്റെ ബലഹീനതകൾ ചുമക്കുക എന്നതാണ് നമ്മെ സംബന്ധിച്ച ക്രിസ്തുവിൻ പ്രമാണം. - P'32, 48.

* * * * * *

**സമാന്തരവേദഭാഗങ്ങൾ : റോമ.14;15:2-7; 1കൊരി.8:7-13;9:4-27; ഗലാ.2:20;6:1; മത്താ.16:24-26; 1തെസ്സ.5:10,11; 1പത്രൊ.4:2; 2കൊരി.5:15**

ചോദ്യങ്ങൾ :- ഞാൻ ഈ ആഴ്ചയിൽ ബലഹീനരെ സഹായിച്ചുവോ? എപ്രകാരം? എന്തുകൊ്? ഫലങ്ങൾ എന്തായിരുന്നു?

# മെയ് 20

***സത്പ്രവൃത്തികളിൽ ശുഷ്കാന്തിയുള്ളൊരു പ്രത്യേക ജനം - തീത്തൊ. 2 : 14***

"ഒരു പ്രത്യേക ജനം" - വസ്ത്രധാരണത്തിലോ ആചാരമര്യാദകളിലോ സംസാരത്തിലോ കഥയില്ലാത്ത മൂഢസമ്പ്രദായങ്ങളിലോ വിലക്ഷണമായ പെരുമാറ്റങ്ങളിലോ ഉള്ള പ്രത്യേകതയല്ല. ലോകത്തിൽനിന്നും ലോകത്തിന്റെ ആത്മാവിൽനിന്നും വേർപെട്ടിരിക്കുന്നതിലാണ് ഈ പ്രത്യേകത, ക്രിസ്തുവിൻ ആത്മാവാണ് അവരെ നയിക്കുന്നത്. കർത്താവിനായുള്ള സമ്പൂർണ്ണപ്രതിഷ്ഠയുടെയും ലോകത്തിൽനിന്നും അതിന്റെ സ്വാർത്ഥലക്ഷ്യങ്ങളിൽനിന്നുമുള്ള വേർപാടിന്റെയും ആത്മാവാണത്. തങ്ങളുടെ ഒരേയൊരു പ്രമാണമെന്ന നിലയിൽ ദൈവവചനത്തെ മുറുകെപ്പിടിക്കുന്നത് അവരുടെ പ്രത്യേകതയാണ്. ദിവ്യവെളിപ്പാടുമായി വിയോജിക്കുന്ന പക്ഷം ഈ ലോകത്തിന്റെ ജ്ഞാനം തള്ളിപ്പറയുന്നത് മറ്റൊരു പ്രത്യേകതയാണ്. ലോകത്തിൽ ഇരിക്കുന്നുവെങ്കിലും അവർ ലോകക്കാർ അല്ല എന്നത് ഒരു പ്രത്യേകതയാണ്. ഖണ്ഡിതമായ ഒരു വിശ്വാസവും തദനുസരണമായി തീക്ഷ്ണമായ പ്രവർത്തനവും അവരുടെ പ്രത്യേകതയാണ്. സ്വാർത്ഥപരിത്യാഗവും യജമാനന്റെ ഇഷ്ടം തങ്ങളുടെ ഇഷ്ടമായിരിക്കുന്നതും അവരുടെ പ്രത്യേകതയാണ്. സത്യത്തെപ്പറ്റിയുള്ള അറിവും തങ്ങളിലുള്ള പ്രത്യാശയെപ്പറ്റി ന്യായം പറയാനുള്ള പ്രാപ്തിയും അവരുടെ പ്രത്യേകതയാണ്. അതേസമയം മറ്റുള്ളവരാകട്ടെ, സംശയിക്കയും വിസ്മയിക്കയും അഭ്യൂഹങ്ങൾ പുലർത്തുകയുമാണ് - Z'97, 95 (R 2127)

* * * * * *

സ്വാർത്ഥം, പ്രാപഞ്ചികത്വം, പാപവാസന, അസത്യങ്ങൾ ഇവയിൽ നിന്നെല്ലാമുള്ള വേർപാടും കർത്തൃസേവയ്ക്കായുള്ള സമർപ്പണവുമാണ് ദൈവജനത്തിന്റെ സവിശേഷത. അവർ കർത്താവിന്റെ വകയും അവനുവേി നിലകൊള്ളുന്നവരും, സത്യവും നീതിയും ഉയർത്തിപ്പിടിക്കേതിന് അവന്റെ വേലയിൽ ഉറ്റിരിക്കുന്നവരും എന്ന അർത്ഥത്തിലാണ് അവർ അവന്റെ പ്രത്യേകജനമായിരിക്കുന്നത്. ഈ നിലയിൽ അവർ സകല മനുഷ്യർക്കും വിശേഷാൽ വിശ്വാസത്തിന്റെ ഭവനക്കാർക്കും അവസരം കിട്ടുമ്പോഴെല്ലാം നന്മ ചെയ്യുന്നതിൽ ഉത്സാഹഭരിതരായിരിക്കും - P'26, 61.

* * * * * *

**സമാന്തരവേദഭാഗങ്ങൾ : ആവ.7:6;14:2;26:18; സങ്കീ.69:9; 1പത്രൊ.2:9; എഫെ.2:10; തീത്തൊ.3:8; ഗലാ.6:7-10; 1കൊരി.15:58; 2തെസ്സ.3:13; 1തെസ്സ.5:15; 1തിമൊ.6:18; എബ്രാ.13:16**

ചോദ്യങ്ങൾ :- ഈ ആഴ്ച ഞാൻ സത്പ്രവൃത്തികളിൽ കർത്താവിന്റെ പ്രത്യേകജനത്തിൽ ഉൾപ്പെട്ട ഒരുവൻ എന്ന നിലയിൽ പ്രവർത്തിച്ചുവോ? ഏതു പരിതസ്ഥിതികളിൽ? എങ്ങനെ? എന്തുകൊ്? പരിണതഫലങ്ങൾ ഏതെല്ലാമായിരുന്നു?

# മെയ് 21

***എല്ലാ തിരുവെഴുത്തും ദൈവശ്വാസീയമാകയാൽ ദൈവത്തിന്റെ മനുഷ്യൻ സകല സത്പ്രവൃത്തിക്കും വക പ്രാപിച്ചു തികഞ്ഞവൻ ആകേതിന് ഉപദേശത്തിനും ശാസനത്തിനും ഗുണീകരണത്തിനും നീതിയിലെ അഭ്യാസത്തിനും പ്രയോജനമുള്ളതാകുന്നു-2 തിമൊ.3:16,17***

ആത്മാവിന്റെ കൃപാവരങ്ങളേതും, ദൈവനിർണ്ണയം സംബന്ധിച്ച അറിവിൽ ഇപ്പോൾത്തന്നെ നമുക്കു നേടാൻ കഴിഞ്ഞിട്ടുള്ള വളർച്ച എന്നിങ്ങനെ ദൈവത്തോടും അവന്റെ വിശുദ്ധിയോടും നമ്മെ അടുപ്പിക്കാൻ സഹായിച്ചിട്ടുള്ള സമസ്തവും നമുക്കു കൈവന്നിട്ടുള്ളത് പഴയനിയമ തിരുവെഴുത്തുകളും കർത്താവിന്റെയും അവന്റെ വിശ്വസ്തരായ അപ്പൊസ്തൊലന്മാരുടെയും വചനങ്ങളും വഴിയാണെന്ന വസ്തുത നാം ഒരിക്കലും വിസ്മരിക്കരുത്. വാഗ്ദത്തം ചെയ്യപ്പെട്ടിരിക്കുന്ന രക്ഷയ്ക്കു നമ്മെ ഒരുക്കുവാൻ മതിയായ സത്യമായ ജ്ഞാനം തേടി മറ്റൊരു മുഖാന്തരത്തെയും നാം സമീപിക്കേതില്ല - Z'97, 170(R 2165)

*          *          *          *          *          *

സത്യമെന്ന നിലയിൽ വിശ്വസിക്കേതും അസത്യമെന്ന നിലയിൽ ഉപേക്ഷിക്കേതും ഏവ, സ്വഭാവത്തിൽ നിന്നു തുടച്ചുനീക്കേ മാലിന്യങ്ങളേവ, സ്വഭാവരൂപവത്ക്കരണത്തിന് അഭ്യസിക്കേതെന്തെല്ലാം എന്നീ കാര്യങ്ങിൽ ഒരു ദൈവമനുഷ്യനുവേ സ്വർഗ്ഗീയമായ ആലോചനകൾ തിരുവെഴുത്തിൽ അടങ്ങിയിരിക്കുന്നു. കാരണം അവ ദൈവാത്മനിശ്വസ്തമാണ്. ഇതനുസരിച്ച് ഹൃദയവും മനസ്സും തിരുവെഴുത്തുകളുടെ സ്വാധീനത്തിനു വിധേയമാക്കുക വഴി അവൻ പാപത്തിൽനിന്നും അസത്യത്തിൽ നിന്നും സ്വാർത്ഥത്തിൽനിന്നും ലോകമയത്വത്തിൽനിന്നും ശുദ്ധീകരിക്കപ്പെടുന്നു. കൂടാതെ സദ്ഭാഷണത്തിലും സദ്ഗുണങ്ങളിലും അവൻ പൂർണ്ണവളർച്ച നേടുകയും എല്ലാ സത്പ്രവൃത്തിക്കും യോഗ്യനായിത്തീരുകയും ചെയ്യുന്നു - P'36, 64.

*          *          *          *          *          *

**സമാന്തരവേദഭാഗങ്ങൾ : ആവ.6:6,7; 2ശമു.23:2; ലൂക്കൊ.1:70; മത്താ.22:43;26:54,56; യോഹ.5:39;10:35; മർക്കൊ.12:24; 2പത്രൊ.1:19-21; അപ്പൊ.20:20,27; റോമ.3:2;15:4; സങ്കീ.19:7-11;119:9,11,97-104; 1തിമൊ.6:11; 2തിമൊ.2:21,25; എബ്രാ.3:7;4:12;10:24; 2കൊരി.9:8; എഫെ.2:10; തീത്തൊ.2:14**

ചോദ്യങ്ങൾ :- ഈ വേദവാക്യം ഈ ആഴ്ചയിൽ ഞാൻ എങ്ങനെ കൈകാര്യം ചെയ്തു? എന്തുകൊ്? അതിനു തടസ്സം സൃഷ്ടിച്ചതെന്ത്? സഹായകമായതെന്ത്? പരിണതഫലമെന്തായിരുന്നു?

# മെയ് 22

***ഭീരുത്വത്തിന്റെ ആത്മാവിനെയല്ല, ശക്തിയുടെയും സ്നേഹത്തിന്റെയും സുബോധത്തിന്റെയും ആത്മാവിനെയത്രേ ദൈവം നമുക്കു തന്നത് - 2 തിമൊ. 1 : 7***

കർത്താവു തന്റെ ജനത്തിനു നൽകിയിരിക്കുന്ന ആത്മാവ് ഭീരുത്വത്തിന്റെ ആത്മാവല്ല, മറിച്ച് സ്നേഹപ്രചോദിതമായ ശക്തിയുടെയും വീര്യത്തിന്റെയും തീക്ഷ്ണതയുടെയും ആത്മാവാണ് - ഭയഭക്തിപൂർവ്വമായ ദൈവസ്നേഹം, ദൈവത്തെ പ്രസാദിപ്പിക്കാനും സേവിക്കാനുമുള്ള വാഞ്ഛ, സത്യത്തോടുള്ള സ്നേഹബഹുമാനങ്ങൾ, ദൈവജനത്തോടുള്ള സ്നേഹാദരം, വിശുദ്ധിയെ സംബന്ധിച്ച വിഷയങ്ങളിൽ അവരെ കെട്ടുപണി ചെയ്യാനുള്ള ആഗ്രഹം, അവസരം കിട്ടുംപോലെ എല്ലാവർക്കും നന്മചെയ്യുക എന്നിങ്ങനെയുള്ള 'സുബോധത്തിന്റെ' ആത്മാവാണത്. ഏതു വിഷയം സംബന്ധിച്ചും ദൈവവചനം മുഖേന ബലവത്തും സുസജ്ജവുമായ മനസ്സാണ് ദൈവാത്മാവിന്റെ ലക്ഷണം. ആ മനസ്സ് മനുഷ്യഭയം അശേഷം ഇല്ലാതിരിക്കെത്തന്നെ, സമർപ്പിതമായ ഹൃദയത്തിൽ ജ്വലിച്ചു നിൽക്കുന്ന സ്നേഹത്തിന്റെ ശക്തി പ്രാവർത്തികമാക്കുന്നതിൽ സമയത്തെയും കാലത്തെയും പ്രവർത്തന സമ്പ്രദായത്തെയും സംബന്ധിച്ചു തികഞ്ഞ ഔചിത്യബോധത്തോടു കൂടിയതുമാണ് - Z'97, 170 (R 2165)

* * * * * *

ഭീരുത്വത്തിന്റെ ആത്മാവ് എന്നത് അധീരമായ മനോവൃത്തിയാണല്ലോ. അതുപോലെ ശക്തിയുടെയും സ്നേഹത്തിന്റെയും സുബോധത്തിന്റെയും ആത്മാവ് എന്നത്, ശക്തിയുടെയും സ്നേഹത്തിന്റെയും ജ്ഞാനത്തിന്റെയും വ്യാപാരമുള്ള മനോവൃത്തിയാണ്. അതായത് ബലവത്തും സ്നേഹബദ്ധവും വിവേകപൂർവ്വവുമായ മനസ്സ് എന്നർത്ഥം. ദൈവം തന്റെ ആത്മാവിനാലും വചനത്താലും കരുതൽ നടപടികളാലും ഭീരുത്വത്തിന്റെ മനോഗതി നമ്മിൽ നിന്നും ദൂരീകരിക്കുന്നു. കൂടാതെ അവനൊപ്പമായ ഒരു മനസ്സ് നമുക്ക് പ്രദാനം ചെയ്യുന്നു. ജ്ഞാനം, നീതി, സ്നേഹം, ശക്തി ഇവ അവിരോധേന നമ്മിൽ ഇണങ്ങി നിൽക്കുന്നതാണ് ആ മനസ്സ്. ഈ വിശിഷ്ടദാനത്തിനായി ദൈവത്തിനു സ്തോത്രം! - P'30, 78.

* * * * * *

**സമാന്തരവേദഭാഗങ്ങൾ : യോശു.1:5-9; റോമ.8:15; യെശ.51:12,13; അപ്പൊ.1:8;6:8; എഫെ.1:19,20; 1കൊരി.1:24-28; 2കൊരി.12:9; സങ്കീ.18:1;31:23; യോഹ.14:15,21,24;13:34,35;15:12-15,17; 1കൊരി.13; മത്താ.7:24,25;25:1-9;15:14;16:19; എഫെ.5:15-17; കൊലൊ.3:10,16; യാക്കൊ.3:13**

ചോദ്യങ്ങൾ :- ഈ വേദവാക്യത്തോടനുബന്ധിച്ച് ഈ ആഴ്ചയിലെ അനുഭവങ്ങൾ ഏതെല്ലാമായിരുന്നു? അവയെ എങ്ങനെ അഭിമുഖീകരിച്ചു? അവ എന്തിലേക്കു നയിച്ചു?

# മെയ് 23

***നിങ്ങളും തമ്മിൽ തമ്മിൽ കാൽ കഴുകേതാകുന്നു - യോഹ.13:14***

ക്രിസ്തുവിന്റെ സഹോദരന്മാർ പരസ്പരക്ഷേമത്തിൽ തത്പര രായിരിക്കണം എന്നാണ് ഇതിന്റെ അർത്ഥം. വിശുദ്ധരും നിർമ്മലരുമായി രിക്കാൻ പരസ്പരം സഹായിക്കണം. "ലോകം, ജഡം, പിശാച്" ഇവ മുഖേന നേരിടുന്ന ഏതൽക്കാലദുഷ്ടലോകത്തിന്റെ പരീക്ഷകളെയും വശീകരണങ്ങളെയും വിജയിക്കാൻ അന്യോന്യം ധൈര്യം പകരണം. സൗമ്യത, ക്ഷമ, ശാന്തത, സഹോദരപ്രീതി, സ്നേഹം മുതലായി ദൈവാ ത്മാവിന്റെ വിവിധമായ കൃപാവരങ്ങൾ കൈവരിക്കുന്നതിനനുസരിച്ചു മാത്രമേ ഈ സ്വഭാവവിശേഷങ്ങളും ജീവിത വിശുദ്ധിയും ഭൂഷണമായി എണ്ണുന്നതിനും, ലോകത്തിന്റെയും ജഡത്തിന്റെയും മാലിന്യങ്ങൾ വിട്ടോ ടുന്നതിനും മറ്റുള്ളവരെ സഹായിക്കാൻ നമുക്കു കഴിയൂ - Z'97, 243 (R 2200)

* * * * * *

പരസ്പരം കാൽകഴുകണമെന്ന ഈ പ്രബോധനത്തിൽ നിശ്ചയ മായും അക്ഷരിക പാദങ്ങളല്ല വിവക്ഷിതം. എന്തെന്നാൽ വർത്തമാന സാഹചര്യങ്ങളിൽ, കർത്താവു തന്റെ ശിഷ്യന്മാരുടെ കാൽകഴുകിയതിൽ പ്രദർശിതമായ ആത്മാവിനു വിരുദ്ധമായിരിക്കും അത് . ക്രിസ്തു വിന്റെ പാദശുശ്രൂഷകൊു ശിഷ്യന്മാർക്കു ക്ലേശനിവൃത്തി അനുഭവപ്പെടു കയും അങ്ങനെ അത് ഒരു സേവനമായി തീരുകയും ചെയ്ത പ്രകാരം നാം പരസ്പരം കാൽകഴുകണമെന്ന ഗുരുവചനത്തിന്റെ അർത്ഥം ഏറ്റവും എളിയ വിധങ്ങളിൽ പോലും സ്നേഹത്തിൽ അന്യോന്യം സേവനം അനുഷ്ഠിക്കണമെന്നാണ് - P'35, 62.

* * * * * *

**സമാന്തരവേദഭാഗങ്ങൾ : മത്താ.4:19;10:16-24;20:25-28;23:8-11; യോഹ.4:36 -38; ലൂക്കൊ.10:1,2; അപ്പൊ.6:3,4;13:1-3;20:24; റോമ.10:14,15; 1കൊരി.9:16-20; 2കൊ രി.5:18-20; എഫെ.4:11,12; എബ്രാ.5:4; യെശ.32:20;52:11; യിരെ.20:9; മലാ.2:6,7; യോഹ.13:13-17; 1കൊരി.3:7-10**

ചോദ്യങ്ങൾ :- ഈ ആഴ്ചയിൽ ഞാൻ സഹോദരന്മാരെ ശുശ്രൂഷി ച്ചുവോ? എങ്ങനെ? എന്തുകൊ്? ഏതു പരിതസ്ഥിതികളിൽ? പരിണതഫ ലങ്ങൾ ഏവ?

# മെയ് 24

***സ്നേഹം ദേഷ്യപ്പെടുന്നില്ല - 1 കൊരി. 13 : 5***

പ്രകൃത്യാ വന്നുചേർന്നിട്ടുള്ള പതിതാവസ്ഥ, പാരമ്പര്യം, നാഡീവൈകല്യം എന്നിവ മൂലം പലരും ഉത്കണ്ഠയുടെയും മൗനത്തിന്റെയും വാസനകൾക്കടിമകളായിരിക്കാം. ചിലർ ക്ഷണത്തിൽ വികാരാധീനരാകുന്ന ശീലക്കാരായിരിക്കാം. എന്നാൽ കർത്താവിന്റെ ആത്മാവിൻ നിറവുള്ള ഹൃദയം തിന്മയിലേക്കുള്ള ഈ ജഡീയവാസനയെ ചെറുക്കുകയും അതിനെതിരെ നന്നായി പോരാടുകയും വേണം. "എന്റെ രീതി ഇതാകുന്നു" എന്നു പറഞ്ഞൊഴിയുന്നതു ശരിയല്ല. വീഴ്ച ഭവിച്ച പ്രകൃതിയുടെ ഏതു മാർഗ്ഗവും പിഴച്ചതുതന്നെ. ജഡത്തിന്റെയും പിശാചിന്റെയും മറ്റേതുവഴികളും എന്ന പ്രകാരം ഇതിലും, പഴയ പ്രകൃതിയെ കീഴടക്കുക എന്നത് പുതിയ പ്രകൃതിയുടെ ധർമ്മമാണ്. നമ്മുടെ സുഹൃത്തുക്കൾക്കും ഭവനക്കാർക്കും മുമ്പാകെ സ്നേഹമെന്ന ദിവ്യസിദ്ധിയുടെ ശക്തി തെളിയിക്കുവാൻ ഇതിനേക്കാൾ ഉപയുക്തമായി മറ്റൊന്നുമില്ല - Z'97, 247 (R 2202)

*   *   *   *   *   *

നന്ദിയോടുകൂടിയ സന്മസ്സു മാത്രമല്ല സ്നേഹം എന്നതുകൊ് ഉദ്ദിഷ്ടം. പിന്നെയോ നന്മയുടെ തത്ത്വങ്ങളിൽ രസിക്കയും അവയോടു പൊരുത്തപ്പെടുന്നവരെ അഭിനന്ദിക്കയും, അവയിൽനിന്നു വ്യതിചലിക്കുന്നവരോടു സഹതപിക്കുകയും, അവയുടെ പ്രചാരണാർത്ഥം ജീവാർപ്പണത്തിനു തന്നെ സന്നദ്ധമാകുകയും ചെയ്യുന്ന നിസ്സ്വാർത്ഥ സ്നേഹമാണ് ഇവിടെ വിശിഷ്യാ പരാമർശിക്കുന്നത്. ഇപ്രകാരമുള്ള സ്നേഹം പ്രകോപിതമാകാൻ കഴികയില്ല. ഇപ്രകാരമുള്ള സ്നേഹത്തിന്റെ വിപരീതാവസ്ഥയാണ് ദുർമനസ്സ്. നേരേ മറിച്ച് ഈ വിധത്തിലുള്ള സ്നേഹം ശാന്തവും ദീർഘമായി ക്ഷമിക്കുന്നതും തെറ്റുകൾ പൊറുക്കുന്നതുമാണ്. - P'34, 63.

*   *   *   *   *   *

**സമാന്തരവേദഭാഗങ്ങൾ : 1കൊരി.13:4; 2കൊരി.6:4-6; ഗലാ.5:22; എഫെ.4:1,2; കൊലൊ.1:11-13; 1തിമൊ.1:16; 2തിമൊ.3:10;4:2; സദൃ.19:11; സഭാ.7:21; മത്താ.5:7,39-48; ലൂക്കൊ.6:35-37; റോമ.12:14,17,19,21; 1കൊരി.4:12,13; എഫെ.4:32; 1പത്രൊ.3:9**

ചോദ്യങ്ങൾ :- ഈ ആഴ്ച ദീർഘമായി ക്ഷമിക്കുന്ന മനോഭാവം പുലർത്തുവാൻ എനിക്കു സാധിച്ചോ? എങ്ങനെ? എന്തുകൊ്? ഫലമെന്തായിരുന്നു?

# മെയ് 25

***തിന്മയോടു തോൽക്കാതെ നന്മയാൽ തിന്മയെ ജയിക്കുക - റോമ. 12 : 21***

ദുഷിച്ച സംസാരവും പെരുമാറ്റവും നാം എപ്പോഴും വർജ്ജിക്കണം. ദുഷിച്ച സംസാരവും പെരുമാറ്റരീതികളും നാം തുടരുന്നപക്ഷം താത്ക്കാലികമായെങ്കിലും നാം ശത്രുപക്ഷം ചേരുകയാണ്. അഥവാ നമ്മുടെ സേനാനായകന്റെ പടക്കോപ്പുകളെയും യുദ്ധതന്ത്രത്തെയും അതിശയിക്കുന്നവയാണ് എതിരാളിയുടേതെന്ന് സമ്മതിക്കയാകും. കോപത്തെ കോപംകൊും, അപവാദത്തെ അപവാദം കൊും, ദുർഭാഷണത്തെ ദുർഭാഷണം കൊും, അപഖ്യാതിയെ അപഖ്യാതികൊും, പീഡനത്തെ പീഡനം കൊും, താഡനത്തെ താഡനം കൊും നേരിടുന്നത് തിന്മയെ തിന്മകൊ് ജയിക്കാനുള്ള പാഴ്വേലയാണ്. നമ്മിലുള്ള പുതിയ സൃഷ്ടിയുടെ വളർച്ചയ്ക്കുതകേതിന് നാം ഒഴിവാക്കേത് വീഴ്ച ഭവിച്ച നമ്മുടെ പ്രകൃതിയുടെ ഈ സഹജവാസനകളെയാണ്. ഇവയിൽ ഏതു പ്രകാരേണയെങ്കിലും നാം ശത്രുവിനാൽ വഴിതെറ്റിക്കപ്പെടുന്നുവെങ്കിൽ തിന്മ നമ്മുടെമേൽ വിജയം വരിക്കുകയാണ്.
- Z'97, 267 (R 2212)

*  *  *  *  *  *

കർത്താവിന്റെ ജനത്തിൻമേൽ കടന്നാക്രമണം നടത്തുന്നതിന് സകലവിധ ദോഷങ്ങൾക്കും അനുമതി നൽകപ്പെട്ടിരിക്കുകയാണ്. പുതിയ ഹൃദയം, മനസ്സ്, ഇച്ഛ ഇവയെ കീഴമർത്തുന്നതിന് പിശാചും ലോകവും ജഡവും സദാ ശ്രമിച്ചുകൊിരിക്കുന്നു. നിരന്തരമായ പോരാട്ടത്തിലൂടെ മാത്രമേ നമുക്കു ശത്രുക്കളുടെ മേൽ വിജയം വരിക്കാൻ കഴിയൂ. ദൈവത്തിന്റെ ആണയോടുകൂടിയ ഉടമ്പടിയാണ് ഈ പോരാട്ടത്തിൽ നമുക്കു മനോവീര്യം പകരുന്നത്. അവന്റെ ആത്മാവും വചനവും പരിപാലനവുമാണ് ചെറുത്തുനിൽപ്പിനും പ്രത്യാക്രമണത്തിനുമുള്ള നമ്മുടെ ആയുധങ്ങൾ. അതുകൊ്, തിന്മയോടു പരാജയപ്പെടാതെ, തിന്മയുടെ മേൽ വിജയം നേടുവാൻ കഴിയുമാറ് നമുക്കു വിശ്വാസത്തിന്റെ നല്ല പോർ പൊരുതാം. - P'33, 79.

*  *  *  *  *  *

**സമാന്തരവേദഭാഗങ്ങൾ : പുറ.23:4,5; ആവ.32:35; സദൃ.19:11;24:17,29; 25:21,22; മത്താ.5:7,30-45; ലൂക്കൊ.6:35-37; റോമ.12:14,17,19,20; എബ്രാ.10:30; അപ്പൊ.7:60; 1കൊരി.4:12; 1പത്രൊ.3:9**

ചോദ്യങ്ങൾ :- ഈ ആഴ്ചയിൽ ഞാൻ തിന്മയുടെ മേൽ വിജയം കൈവരിച്ചുവോ? എങ്ങനെ? അതിൽ അനുകൂലമായും പ്രതികൂലമായും വർത്തിച്ചതെന്ത്? പരിണതഫലങ്ങൾ എന്തായിരുന്നു?

# മെയ് 26

***അറിവു ചീർപ്പിക്കുന്നു; സ്നേഹമോ ആത്മികവർദ്ധന വരുത്തുന്നു - 1 കൊരി. 8 : 1***

ദൈവികനിർണ്ണയം മറ്റുള്ളവരെ പഠിപ്പിക്കാൻ ശ്രമിക്കുന്നവർ വിചിത്രമായ പ്രലോഭനങ്ങളെ അഭിമുഖീകരിക്കേി വരുന്നു. കർത്താവിനെയും കർത്തൃജനത്തെയും സേവിക്കുക എന്ന ബഹുമതി വലിയ അളവിൽ പരിശുദ്ധാത്മാവിന്റെ കൃപാവരങ്ങളും പരിജ്ഞാനവും അനുപേക്ഷണീയമാക്കുന്നു. കർത്താവിന്റെ നാവായിരുന്നുകൊ് അന്യരെ ഉപദേശിക്കുന്ന ഏതൊരുവനും സൗമ്യത ഉൾപ്പെടെ വിവിധങ്ങളായ പരിശുദ്ധാത്മവരങ്ങൾ പ്രാപിക്കണം. ഇവയുടെ ഏകോപനരൂപമായ സ്നേഹവും പരിജ്ഞാനവും ഒത്തുചേർന്ന് തന്നെത്തന്നെയും താൻ ശുശ്രൂഷിക്കുന്നവരെയും കെട്ടുപണി ചെയ്യണം - Z'97, 277 (R 2218)

* * * * * *

അറിവിന്റെ സ്വാഭാവികമായ പ്രവണത അതിന്റെ ഉടമയെ ഗർവ്വിഷ്ഠനാക്കുക എന്നതാണ്. ഈ അറിവ് സ്വന്തമായ കുപിടുത്തമല്ലെന്നും, കേവലം ദൈവദാനമാണെന്നുമുള്ള വസ്തുതയെ സവിനയം അംഗീകരിക്കുകയാണ് ഇപ്രകാരമുള്ള അഹന്തയ്ക്കു പ്രതിവിധി. തിന്മയെ ചെറുത്തും ദൂരീകരിച്ചും എതിർത്തുംകൊ് ദൈവകൃപകളും സ്വർഗ്ഗീയമായ മനസ്സും പ്രാപിച്ച്, ഭൗമികസിദ്ധികളെല്ലാം സമർപ്പണത്തിനു ചേരുംവിധം വിനിയോഗിച്ച് ക്രിസ്തുവിന്റെ സാദൃശ്യം നമ്മിൽ വളർത്തിയെടുക്കാൻ വേ എല്ലാ ഘടകങ്ങളെയും ദൃഢീകരിച്ചു പൂർണ്ണതയിലെത്തിച്ചു നമ്മെ കെട്ടുപണി ചെയ്യുക എന്നതാണ് സ്നേഹത്തിന്റെ സ്വാഭാവികമായ ധർമ്മം - P'32, 48.

* * * * * *

**സമാന്തരവേദഭാഗങ്ങൾ : റോമ.11:25;12:16; സദൃ.3:7;26:12; യെശ.5:21; 1കൊരി.13; യോഹ.15:9-17; റോമ.12:9,10; 1തിമൊ.1:5; 1പത്രൊ.1:22; 1യോഹ.4:7-21**

ചോദ്യങ്ങൾ :- ഈ വേദവാക്യത്തോടനുബന്ധിച്ച് ഈ ആഴ്ചയിലെ അനുഭവങ്ങൾ എന്തെല്ലാമായിരുന്നു? അവയെ എങ്ങനെ അഭിമുഖീകരിച്ചു? അവയുടെ അനന്തരഫലങ്ങൾ എന്തായിരുന്നു?

# മെയ് 27

***താഴ്മയോടെ ഓരോരുത്തൻ മറ്റുള്ളവനെ തന്നെക്കാൾ ശ്രേഷ്ഠൻ എന്ന് എണ്ണിക്കൊൾവിൻ - ഫിലി. 2 : 3***

വിനയം എന്ന സദ്ഗുണം എല്ലാവരും അഭ്യസിക്കണമെന്നും ചെയ്യുന്നതൊന്നും "ശാഠ്യത്താലോ ദുരഭിമാനത്താലോ" ആകാതിരിപ്പാൻ ശ്രമിക്കണമെന്നും കർത്താവിന്റെ ആത്മാവിനും സഭയുടെ അനുഗ്രഹത്തിനും ബദ്ധവൈരികളെന്ന നിലയിൽ ആത്മപ്രശംസയും അധികാരവടംവലിയും വർജ്ജിക്കണമെന്നും പൗലോസ് അപ്പൊസ്തൊലൻ പ്രബോധിപ്പിക്കുന്നു. മറിച്ച് സഹവിശ്വാസികളുടെ സദ്ഗുണങ്ങൾ ക് അഭിനന്ദിക്കാനുള്ള മനോവിനയം എല്ലാവർക്കും ഉായിരിക്കണം. കുറഞ്ഞപക്ഷം ഇവയിൽ ചിലതിലെങ്കിലും അവർ തങ്ങളെ പിന്നിലാക്കുന്നു എന്ന് അംഗീകരിപ്പാൻ കഴിയണം. ഏതെങ്കിലും ഒരു സഭയിലോ ഒരു വ്യക്തിയിലോ എല്ലാ കഴിവുകളും സിദ്ധികളും പ്രതീക്ഷിക്കുന്നത് അസ്ഥാനത്താണ്. മനോവിനയമുള്ള ആർക്കും ചില സദ്ഗുണങ്ങളും കൃപാവരങ്ങളും തങ്ങളിലും മികച്ച നിലയിൽ മറ്റുള്ളവരിൽ ദർശിക്കാൻ കഴിയും. അവരെ വിലമതിക്കാനും ആ ഗുണവിശേഷങ്ങളെ അഭിനന്ദിക്കുന്നതിൽ ആനന്ദം കത്താനും നമുക്കു കഴിയണം - Z'97, 296 (R 2227)

* * * * * *

മനോവിനയം ആണ് താഴ്മ, തന്നെപ്പറ്റിയുള്ള ശരിയായ വിലയിരുത്തലാണത്. ആ വിലയിരുത്തൽ ശരിയായിരിക്കുക എന്നുവച്ചാൽ വിനയബോധമെന്നാണർത്ഥം. എന്തെന്നാൽ ശാരീരികമോ മാനസികമോ സാന്മാർഗ്ഗികമോ മതപരമോ ആയ ഏതിലും നാം നമ്മുടെ സിദ്ധികൾ വിലയിരുത്തുമ്പോൾ നമുക്കു വളരെയൊന്നും അവകാശപ്പെടാനില്ലെന്ന് സമ്മതിക്കണം. ഇപ്രകാരമുള്ള ഒരു വിലയിരുത്തൽ മറ്റുള്ളവരെ നമ്മെക്കാൾ ഉയർന്നവരെന്നെണ്ണാൻ സഹായകമാകുന്നു. എന്തെന്നാൽ ഇത് അന്യരുടെ നേട്ടങ്ങളെ നമ്മുടെ നേട്ടങ്ങളിലും ഉപരിയായി കാണുന്നു - P'26, 61.

* * * * * *

**സമാന്തരവേദഭാഗങ്ങൾ : റോമ.12:3,10,16; 1പത്രൊ.5:5; ഫിലി.2:5-11; സങ്കീ.138:6; സദൃ.15:33;16:19;25:6,7; യെശ.57:15; യിരെ.45:5; മീഖ.6:8; മത്താ.11:29; 20:26,27;23:12; ലൂക്കൊ.14:10; യോഹ.13:14-16**

ചോദ്യങ്ങൾ :- ഈ വാക്യത്തോടനുബന്ധിച്ച് ഈ ആഴ്ചയിലെ അനുഭവങ്ങൾ എന്തായിരുന്നു? അവയെ എങ്ങനെ അഭിമുഖീകരിച്ചു? അവയുടെ പ്രതികരണങ്ങൾ എന്തൊക്കെ ആയിരുന്നു?

# മെയ് 28

***ആകയാൽ ഞങ്ങൾ എല്ലായ്പോഴും ധൈര്യപ്പെട്ട്; ശരീരത്തിൽ വസിക്കുമ്പോൾ ഒക്കെയും <u>(ഇപ്പോഴത്തെ വ്യവസ്ഥകളെകൊു നാം പൂർണ്ണമായി തൃപ്തിപ്പെട്ടിരിക്കുമ്പോൾ)</u> കർത്താവിനോടകന്നു പരദേശികൾ ആയിരിക്കുന്നു എന്ന് അറിയുന്നു - 2 കൊരി. 5 : 6***

നാം "ദൈവത്തോടുകൂടെ നടക്കുന്നു"വെങ്കിൽ, അവനോടടുത്തു ജീവിക്കുന്നുവെങ്കിൽ ഈ ആയുസ്സിലെ നേട്ടങ്ങളിലും സ്ഥിതിഗതികളിലും സംതൃപ്തരാകയില്ല. മറിച്ച് ഇവിടെ നാം അന്യരും പരദേശികളും എന്നെണ്ണിക്കൊ് "ദൈവം തന്നെ സ്നേഹിക്കുന്നവർക്കായി കരുതിവച്ചിട്ടുള്ള" ശ്രേഷ്ഠതരമായ ഒരു സ്വസ്ഥതയേയും ഭവനത്തേയും തേടുന്നവരായിരിക്കും. എന്നാൽ ഇത് അപ്പൊസ്തൊലൻ വിശദമാക്കുന്ന പ്രകാരം(വാക്യം 7) "കാഴ്ചയാലല്ല, വിശ്വാസത്താൽ നടക്കുന്ന"വരെക്കുറിച്ചു മാത്രമല്ല സത്യമായിരിക്കുന്നത്. എന്നാൽ ഞങ്ങൾ ധൈര്യപൂർവ്വം (ദൈവത്തിലുള്ള വിശ്വാസം മൂലം വിശ്വാസത്താൽ നടക്കുന്നതിൽ സന്തോഷിച്ച്) ഭവനത്തിൽ നിന്നകന്നും (ഈ ലോകത്തിൽ അന്യരും പരദേശികളുമെന്ന നിലയിൽ ഭവനരഹിതരായി) "ആത്മാവിലുള്ള കൂട്ടായ്മ വഴി" കർത്താവിന്റെ സഹവാസം മുഖേന ഭവനമുള്ള അവസ്ഥയിലും കഴിയുവാൻ ഇഷ്ടപ്പെടുന്നു - Z'97, 305 (R 2230)

*     *     *     *     *     *

സർവ്വജ്ഞാനിയും നീതിമാനും സ്നേഹവാനും സർവ്വശക്തനുമായ യഹോവയുടെ വചനവും ആണയും അവലംബമാക്കി വിശ്വാസത്തിന്റെ പൂർണ്ണനിശ്ചയം അഥവാ ഉറപ്പുള്ളവരായിരിക്കുക എന്നതു ദൈവജനത്തിന്റെ അവകാശമാണ്. വെളിപ്പെടുത്തപ്പെട്ടിട്ടുള്ളിടത്തോളം ദൈവത്തിന്റെ നിർണ്ണയവും അതിനോടനുബന്ധിച്ചുള്ള നമ്മുടെ അനുഭവങ്ങളും അവന്റെ വചനത്തെയും ആണയെയും പൂർണ്ണമായും ഉറപ്പിക്കുന്നതാണ്. എല്ലാം നമ്മുടെ നന്മയ്ക്കായിക്കൂടി വ്യാപരിക്കുന്നു എന്നു നാം അറിയുന്നിടത്തോളം നമ്മുടെ ഭവനത്തിലേക്കുള്ള തീർത്ഥയാത്രയിൽ അഭിമുഖീകരിക്കേിവരുന്ന ഏതു പരിതസ്ഥിതിയിലും ഈ ഉറപ്പു നമുക്കുായിരിക്കണം. കർത്താവിങ്കൽനിന്നു മനസ്സുകൊ് അകന്നു പാർക്കുന്ന അവസ്ഥയിൽ നിന്ന് ഇതു നമ്മെ മോചിപ്പിക്കുന്നു - P'36, 64.

*     *     *     *     *     *

**സമാന്തരവേദഭാഗങ്ങൾ : മത്താ.6:25-34;10:39;16:26;18:1-4;24:38,39; ലൂക്കൊ.8:14;12:19;14:17-24;21:34; യോഹ.12:43;15:19;12:2; 1കൊരി.7:29-31;15:32; ഫിലി.3:18,19; കൊലൊ.3:2; യാക്കൊ.4:4; 1പത്രൊ.1:14,24;2:11**

ചോദ്യങ്ങൾ :- ഈ വേദവാക്യത്തോടനുബന്ധിച്ച് ഈ ആഴ്ചയിലെ അനുഭവങ്ങൾ എന്തായിരുന്നു? അവയെ എങ്ങനെ നേരിട്ടു? ഫലമെന്തായിരുന്നു?

# മെയ് 29

***സമാധാനം ഞാൻ നിങ്ങൾക്കു തന്നേച്ചുപോകുന്നു; എന്റെ സമാധാനം ഞാൻ നിങ്ങൾക്കു തരുന്നു ...... നിങ്ങളുടെ ഹൃദയം കലങ്ങരുത്; ഭ്രമിക്കയുമരുത് - യോഹ. 14 : 27***

ലോകം, ജഡം, പിശാച് ഇവയുടെ മേൽ നാം എത്രമേൽ വിജയം വരിക്കുന്നു, സ്വർഗ്ഗസ്ഥനായ പിതാവിന്റെ ഇഷ്ടം ചെയ്വാൻ നാം എത്രയധികം ശ്രമിക്കുന്നു. നമ്മുടെ പ്രിയരക്ഷകന്റെ കൂട്ടായ്മയും സമ്പർക്കവും നാം എത്ര അധികം അന്വേഷിക്കുന്നു, അവന്റെ ദൃഷ്ടിയിൽ പ്രസാദകരമായ പ്രവൃത്തികൾക്കായി നാം എത്രമേൽ വാഞ്ഛിക്കുന്നു, അത്രയ്ക്കധികമായി മനുഷ്യർക്കാർക്കും നമ്മിൽനിന്ന് അപഹരിച്ചു കളവാനാകാത്തതും, പരീക്ഷകൾക്കും ക്ലേശങ്ങൾക്കും പീഡനങ്ങൾക്കും, മധുരതരവും അമൂല്യവുമാക്കുവാൻ മാത്രം കഴിയുന്നതുമായ സന്തോഷവും സമാധാനവും നമുക്കുാകും. “അതുകൊ്, നിങ്ങൾക്ക് ഇപ്പോൾ ദുഃഖമു്. എന്നാൽ ഞാൻ നിങ്ങളെ വീും കാണും; നിങ്ങളുടെ ഹൃദയം സന്തോഷിക്കും; നിങ്ങളുടെ സന്തോഷം ആരും നിങ്ങളിൽ നിന്ന് എടുത്തുകളകയില്ല” (യോഹ. 16:22) - Z'97, 306 (R 2230)

* * * * * *

ഹൃദയത്തിനും മനസ്സിനും അനുഭവപ്പെടുന്ന സ്വസ്ഥതയാണ് സമാധാനം. ദൈവത്തോടു നമ്മെ നിരപ്പിക്കുക വഴി, ക്രിസ്തുവിന്റെ പുണ്യം മുഖേന നമ്മുടെ പാപങ്ങൾ ക്ഷമിക്കപ്പെട്ടിരിക്കുന്നു എന്ന ബോധത്തിൽ നിന്നാണ് ഒന്നാമതായി സമാധാനം ഉളവാകുന്നത്. രാമത്, ദൈവസമാധാനം നമുക്കു പകർന്നുതന്നുകൊ് വിശുദ്ധീകരണത്തിൽ നാം അവന്റെ സന്മനസ്സിനോടു പൊരുത്തം പ്രാപിച്ചിരിക്കുന്നു എന്ന ബോധത്തിൽനിന്നു ജനിക്കുന്നു. ഇവയിൽ ഒന്നും ഒരർത്ഥത്തിലും നമ്മുടെ ഹൃദയത്തിൽനിന്നും പിഴുതെറിയപ്പെടാൻ അനുവദിക്കരുത്. മറിച്ച് ദൈവത്തോടും ദൈവത്തിലുമുള്ള സമാധാനം നാം മുറുകെപ്പിടിച്ചുകൊള്ളണം - P'30, 78.

* * * * * *

**സമാന്തരവേദഭാഗങ്ങൾ : ഇയ്യോ.34:29,30; സങ്കീ.4:8;25:12,13;85:8;119:165; 125:1; സദൃ.3:17,24; യെശ.26:3;28:12;32:2,17,18;53:5; മത്താ.11:28-30; യോഹ.16:33; റോമ.5:1;8:6;14:17;15:13,33; എഫെ.2:14,17; ഫിലി4:6,7,9; കൊലൊ.3:15; 2തെസ്സ.3:16**

ചോദ്യങ്ങൾ :- ഈ ആഴ്ച ഞാൻ കർത്താവിൽ പൂർണ്ണമായി ആശ്രയിച്ചുവോ? ഏതു പരിതസ്ഥിതികളിൽ? അതിൽ സഹായകമായും പ്രതിബന്ധമായും വർത്തിച്ചതെന്ത്? ഫലമെന്തായിരുന്നു?

# മെയ് 30

***ആശയിൽ സന്തോഷിപ്പിൻ; കഷ്ടതയിൽ സഹിഷ്ണുത കാണിപ്പിൻ - റോമ. 12 : 12***

ഇവിടെയാണ് ക്രിസ്തീയജീവിതത്തിലെ വൻ പോരാട്ടത്തിന്റെ അതിപ്രധാനമായ ഒരു ഭാഗം. തന്റെ പഴയ പ്രകൃതിയുടെ സ്വാഭാവിക മായ അഭിരുചികളോട്, അവൻ പടവെട്ടണം. രക്ഷാനായകന്റെ ബല ത്തിൽ അടിയൂന്നി വിശ്വാസപൂർവ്വം വിജയ പ്രതീക്ഷ പുലർത്തുകയും വേണം. സമ്പൽസമൃദ്ധിമൂലമുള്ള വ്യാമോഹങ്ങളാൽ വഞ്ചിതനാകയോ ക്ലേശഭാരത്താൽ പരിക്ഷീണനാകയോ ചെയ്യരുത്. ജീവിതത്തിലെ പരീക്ഷ കൾ മൂലം സ്വഭാവം കഠിനവും പരുഷവുമാകരുത്. മുഖപ്രസാദം നഷ്ട പ്പെടാനും നിഷ്കരുണനാകാനും ഇടവരരുത്. ഐഹികമായ സമ്പത്തു കളുടെ പേരിൽ ഡംഭമോ സ്വയം നീതീകരണമോ പ്രശംസയോ പാടില്ല. കാര്യവിചാരകൻ എന്ന നിലയിൽ നമ്മുടെ വിശ്വസ്തത പരീക്ഷിക്കുവാൻ അനുവദിക്കപ്പെടുന്നതാണ് ഐഹികസമ്പത്തുകൾ - Z'95, 20 (R 1759)

*   *   *   *   *   *

ദൈവത്തിന്റെയും ക്രിസ്തുവിന്റെയും സാദൃശ്യം പ്രാപിക്കുക, രാജ്യ ത്തിന്റെ സൗഭാഗ്യങ്ങളിലും അതിന്റെ പ്രവർത്തനത്തിലും ഓഹരിക്കാരാ യിത്തീരുക എന്നീ പ്രത്യാശ സന്തോഷത്തിന്റെ ബലവത്തായ അടിസ്ഥാന മാണ്. നമ്മുടെ പ്രത്യാശയുടെ സാക്ഷാൽക്കാരത്തിലേക്കു നയിക്കുന്ന പടി കളാണ് കഷ്ടതകൾ. ഇതിനു സഹനശക്തി നമുക്ക് ആവശ്യമായിത്തീരു ന്നു. അതിന്റെ അഭാവത്തിൽ നാം പരാജിതരാകും. കഷ്ടതകളുടെ മുഖത്ത്, നമ്മുടെ മുമ്പിൽ വച്ചിരിക്കുന്ന അതിമഹത്തായ പ്രത്യാശയെ ലക്ഷ്യമാക്കി ഓടുന്നതിന് സഹിഷ്ണുത നമ്മെ ശക്തരാക്കും. സഹിഷ്ണു തയുടെ പ്രവൃത്തി നമ്മിൽ പൂർണ്ണമാകട്ടെ. മഹത്തായ പ്രത്യാശ നമ്മുടേ തായിത്തീരട്ടെ - P'35, 62.

*   *   *   *   *   *

**സമാന്തരവേദഭാഗങ്ങൾ : ഫിലി.4:4; 1തെസ്സ.1:2,3,6,7;5:16; ലൂക്കൊ.10:20; റോമ.15:3,4,13;5:2-5; എബ്രാ.3:6;10:36; 1പത്രൊ.4:13; ലൂക്കൊ.21:19; സങ്കീ.37:7;40:1; ഹബ.3:17,18; കൊലൊ.1:11; യാക്കൊ.1:2-4;5:7; 1പത്രൊ.2:19,20; എബ്രാ.12:1-3; 2തെസ്സ.1:4**

ചോദ്യങ്ങൾ :- ഈ വേദവാക്യത്തിന്റെ അടിസ്ഥാനത്തിൽ ഈ ആഴ്ച യിലെ അനുഭവങ്ങൾ എന്തായിരുന്നു? അവയെ എങ്ങനെ അഭിമുഖീക രിച്ചു? അവ ഏതിൽ കലാശിച്ചു?

# മെയ് 31

***മാംസം തിന്നാതെയും വീഞ്ഞു കുടിക്കാതെയും നിന്റെ സഹോദരന് ഇടർച്ചവരുത്തുന്ന യാതൊന്നും ചെയ്യാതെയും ഇരിക്കുന്നത് നല്ലത് - റോമ. 14 : 21***

കർത്താവിന്റെ സഹോദരന്മാരിൽ ആർക്കെങ്കിലും ഇടർച്ച വരുത്തുന്നത് അവന്റെ പ്രബോധനത്തിനും സ്നേഹത്തിന്റെ പ്രമാണത്തിനും എതിരായ ഗുരുതരമായ കുറ്റകൃത്യമാണ് (മത്താ. 18:6) കൂടാതെ വിശ്വാസത്തിന്റെ ഭവനക്കാരും കർത്താവിന്റെ സഹോദരങ്ങളുമാകുന്നതിനു വിഘാതം സൃഷ്ടിക്കുമാറ് പുറത്തുള്ളവർക്ക് ഇടർച്ച വരുത്തുന്നതും കുറ്റകരമാണ്. അതുകൊ്, അറിവ് മനസ്സാക്ഷിയുടെ മേലുള്ള എല്ലാ വിലക്കുകളും സ്വാതന്ത്ര്യത്തിന്മേലുള്ള എല്ലാ കടിഞ്ഞാണുകളും നീക്കം ചെയ്യുമ്പോഴും സ്നേഹത്തിനു പ്രഥമസ്ഥാനം നൽകുകയും സ്വാതന്ത്ര്യത്തിന്റെ വിനിയോഗം അതിനു വിരുദ്ധമാകാത്തവിധമാണെന്ന് ഉറപ്പുവരുത്തുകയും വേണം. കർത്താവിനെ പൂർണ്ണഹൃദയത്തോടും അയൽക്കാരനെ തന്നെപ്പോലെയും സ്നേഹിക്കണം എന്ന് അനുശാസിക്കുക വഴി സ്നേഹത്തിന്റെ ആജ്ഞാശക്തി നാം കാണുന്നു. അതുകൊ് ഏതു വിഷയത്തിലും അറിവിന്റെയോ സ്വാതന്ത്ര്യത്തിന്റെയോ അല്ല, സ്നേഹത്തിന്റേതാകണം അന്തിമ തീരുമാനം - Z'03, 43 (R 3144)

*     *     *     *     *     *

ശക്തന്മാർ അശക്തന്മാരുടെ ദൗർബല്യങ്ങൾ ചുമക്കാൻ കടപ്പെട്ടവരാണ്. ഐഹിക കാര്യങ്ങളിലുള്ള തങ്ങളുടെ ഇഷ്ടാനിഷ്ടങ്ങളെ ബലഹീനന്മാരുടെ ആത്മീയതാത്പര്യങ്ങളുടെ പേരിൽ ബലികഴിക്കാൻ അവർക്കു കഴിയണം. ആർക്കുവേി ക്രിസ്തു മരിച്ചുവോ അവന് ഇടർച്ചയ്ക്കു കാരണമാകുന്നു എന്ന ചിന്ത ആ ബലഹീന സഹോദരന്റെ ചെലവിൽ സ്വാർത്ഥപൂർത്തിക്കു ശ്രമിക്കുന്നതിൽനിന്നു സന്തോഷപൂർവ്വം വിരമിക്കാൻ ഉപദേശിക്കുന്ന കടിഞ്ഞാണായിത്തീരുന്നു. അങ്ങനെയുള്ള ഒരുവൻ ബലഹീന സഹോദരനെ വ്രണപ്പെടുത്തിക്കൊു സ്വകാര്യതാത്പര്യങ്ങൾക്കുവേി നിലകൊള്ളാതെ പ്രാണൻ ത്യജിച്ചും അവനെ രക്ഷിക്കുന്നതിനു സന്നദ്ധനായിരിക്കും - P'34,63

*     *     *     *     *     *

**സമാന്തരവേദഭാഗങ്ങൾ : റോമ.14; 1കൊരി.8; റോമ.15:1-3; 1തിമൊ.4:3,4; കൊലൊ.2:16; 1കൊരി.9:10,22;10:23,24,31-33;13:5; 1പത്രൊ.4:2; 2കൊരി.5:15; ഫിലി.2:4,5; മത്താ.13:44-46;16:24,25; അപ്പൊ.20:22-24**

ചോദ്യങ്ങൾ :- ഈ വേദവാക്യത്തോടനുബന്ധിച്ച് ഈ ആഴ്ചയിലെ അനുഭവങ്ങൾ എന്തെല്ലാമായിരുന്നു? അവയെ എങ്ങനെ അഭിമുഖീകരിച്ചു? അതിൽ അനുകൂലമായും പ്രതികൂലമായും വർത്തിച്ചതെന്ത്? അവ ഏതിൽ പരിണമിച്ചു?

# ജൂൺ 1

***എന്റെ കല്പനകൾ ലഭിച്ചു പ്രമാണിക്കുന്നവൻ എന്നെ സ്നേഹിക്കുന്നവൻ ആകുന്നു; എന്നെ സ്നേഹിക്കുന്നവനെ എന്റെ പിതാവു സ്നേഹിക്കുന്നു; ഞാനും അവനെ സ്നേഹിച്ച് അവന് എന്നെത്തന്നെ വെളിപ്പെടുത്തും - യോഹ. 14 : 21***

ക്രിസ്തുവുമായുള്ള ഈ ഉറ്റസമ്പർക്കവും കൂട്ടായ്മയും വഴി നമുക്ക് ഏവർക്കും അവന്റെ ആത്മാവ് അധികമധികമായി പകർന്നുകിട്ടുമാറാകട്ടെ. അങ്ങനെ നാം "'ക്രിസ്തുവിനോടുകൂടെ ആയിരുന്നവർ" എന്നു ലോകം ഗ്രഹിക്കട്ടെ. നമ്മുടെ പ്രാർത്ഥന ഇതായിരിക്കയും ചെയ്യട്ടെ:-

കർത്താവാം യേശുവേ, നീ എനിക്കു
സജീവമായ, പ്രകാശപൂർണ്ണമായ
ഒരു യാഥാർത്ഥ്യമായിത്തീരട്ടെ!
ദൃശ്യമായ ഏതൊരു ഭൗതിക വസ്തുവിലും
വിശ്വാസത്തിന്റെ സൂക്ഷ്മദൃഷ്ടിക്കു
നീ ഒരു വാസ്തവമായി ഭവിക്കട്ടെ.
മധുരതരമായ ഏതൊരു ഭൗമിക ബന്ധത്തെയും
പിന്നിലാക്കുമാറു നീ എനിക്കു
പ്രിയനും സമീപസ്ഥനുമാകട്ടെ - Z'95, 75 (R 1789)

*　　*　　*　　*　　*　　*

കർത്താവിന്റെ കല്പനകൾ പ്രാപിച്ചു പ്രമാണിക്കുന്നു എന്നതാണ് നാം അവനെ സ്നേഹിക്കുന്നു എന്നതിനു തെളിവ്. കർത്താവിനോടുള്ള നമ്മുടെ ഈ സ്നേഹത്തെ അഭിനന്ദിച്ചുകൊു പിതാവും പുത്രനും സ്നേഹം നമുക്കു പകരമായി നൽകുന്നു. ഇതുമൂലം വിശ്വാസത്തെയും സ്നേഹത്തെയും തെളിവാക്കാനുപകരിക്കുന്ന അവസരങ്ങൾ കൂടുതലായി നമുക്കു നൽകപ്പെടുന്നു. പിതാവിന്റെയും പുത്രന്റെയും സ്വഭാവവിശേഷങ്ങൾ അറിഞ്ഞ് അഭിനന്ദിക്കാൻ കഴിയുകവഴി അവരുമായുള്ള ഹൃദയബന്ധത്തിൽ പര്യവസാനിക്കുന്ന നിലയിലേക്ക് ഇതു നമ്മെ എത്തിക്കുന്നു. - P'33, 79.

*　　*　　*　　*　　*　　*

**സമാന്തരവേദഭാഗങ്ങൾ : ആവ.30:19,20; യോഹ.14:15-17,22-24; 1യോഹ.2:5;4:13;5:3; സദൃ.8:17;23:26; യോഹ.15:10,14;16:27; എബ്രാ.12:6; യോഹ.8:31-32**

ചോദ്യങ്ങൾ :- ഈ വാക്യത്തിന് അനുസൃതമായി ഈ ആഴ്ചയിലെ അനുഭവങ്ങൾ എന്തായിരുന്നു? അവയെ എങ്ങനെ നേരിട്ടു? ഫലമെന്തായിരുന്നു?

# ജൂൺ 2

***ക്രൂശിക്കപ്പെട്ടവനായ യേശുക്രിസ്തുവിനെ അല്ലാതെ മറ്റൊന്നും അറിയാത്തവനായി നിങ്ങളുടെ ഇടയിൽ ഇരിക്കണം എന്നു ഞാൻ നിർണ്ണയിച്ചു - 1 കൊരി. 2 : 2***

"ഈ സുവിശേഷ"ത്തിൽ നിന്ന് ഇതരമായ വിഷയങ്ങൾക്കുവേ സമയവും ശ്രദ്ധയും ചെലവഴിക്കുന്നതിൽ മുഴുകിയിരിക്കുന്ന പ്രതിഷ്ഠിക്കപ്പെട്ടവരെ കാണുമ്പോൾ അവരെ ഇങ്ങനെ ഗുണദോഷിക്കുന്നത് ഉചിതമെന്നു തോന്നുന്നു; സുവിശേഷദൗത്യത്തിനായി നിങ്ങളുടെ സമയവും കഴിവുകളും വിനിയോഗിക്കുന്നതിൽ എരിവുള്ളവരാകുക; ഇതരവിഷയങ്ങൾ എത്രമേൽ രസാവഹമായിരുന്നാലും ഇപ്പോൾ മറ്റുള്ളവർക്കു വിട്ടുകൊടുക്കുക; സകല അറിവുകളും നമുക്കു സ്വാധീനമാകുന്ന ഭാവിയിലേക്കു മാത്രം അവ നമ്മുടെ പ്രവർത്തനപരിധിയിൽ ഉൾപ്പെടുത്തുക. ഒഴിവാക്കാവുന്ന കാരണങ്ങളുടെ പേരിൽ സത്യവും ഏകവുമായ ഈ സുവിശേഷത്തിന്റെ ശുശ്രൂഷയിൽ ഉപേക്ഷവരുത്തുന്നവർ താമസിയാതെതന്നെ വഴിവിട്ടുപോകുകയും രാജ്യത്തിലേക്കുള്ള പ്രയാണത്തിൽ വല്ലാത്ത പ്രതിസന്ധിയിലാകുകയും ചെയ്യുന്നതായിട്ടാണ് നാം കുവരുന്നത്. - Z'95, 116 (R 1811)

*　　*　　*　　*　　*　　*

ക്രൂശിക്കപ്പെട്ട ക്രിസ്തു നമ്മുടെ മറുവിലയും ദൃഷ്ടാന്തവുമാണ്. അതിൽ നമ്മുടെ നീതീകരണവും വിശുദ്ധീകരണവും അന്തർഭവിച്ചിരിക്കുന്നു. ക്രിസ്തു തന്റെ അനുയായികൾക്ക് എന്തായിരുന്നു എന്നതിന്റെ രത്നച്ചുരുക്കമാണത്. ദൈവജനം എന്ന നിലയിൽ നമുക്കുായിരിക്കേ പരസ്പരതാത്പര്യം ഈ വിചാരത്തിൽ അധിഷ്ഠിതമാകണം. അന്യോന്യബന്ധത്തിന്റെ മേഖലകളിലെല്ലാം വ്യാപരിച്ചുനിൽക്കുന്ന ഒന്നാകണം ഈ ചിന്ത. മറ്റെല്ലാം ഒഴിവാക്കിക്കൊു ക്രിസ്തുവിന്റെ കൂട്ടുശിഷ്യന്മാർ എന്ന നിലയിൽ ഈ ചിന്തയിൽ നമ്മുടെ ശ്രദ്ധ കേന്ദ്രീകരിക്കുമ്പോൾ അതു നമുക്കു പ്രയോജനകരമായിത്തീരുന്നു. - P'32, 62.

*　　*　　*　　*　　*　　*

**സമാന്തരവേദഭാഗങ്ങൾ : ഗലാ.6:14; ഫിലി.3:8,13,14; അപ്പൊ.5:30,31,42; 13:23,26-33;16:31;17:2-3;18:5-6;19:4;20:20,21;26:22-23; റോമ.5:8-11; 1കൊരി.1:17,24,30; 2:3-8;4:1-2;3:5-10; 2കൊരി.3:3,6;4:5;6:1**

ചോദ്യങ്ങൾ :- ഞാൻ ഈ ആഴ്ചയിൽ യേശുവിനെ മാത്രം ശുശ്രൂഷിക്കുവാനാണോ ശ്രമിച്ചത്? എങ്ങനെ? എന്തുകൊ്? ഫലമെന്തായിരുന്നു?

## ജൂൺ 3

***ആകാശങ്ങൾ ദൈവത്തിന്റെ മഹത്ത്വം പ്രകീർത്തിക്കുന്നു. ആകാശ വിതാനം അവന്റെ കരവിരുത് പ്രസിദ്ധമാക്കുന്നു. അതു പകൽതോറും സംസാരിച്ചുകൊണ്ടിരിക്കുന്നു. രാവുതോറും ജ്ഞാനം അനാവരണം ചെയ്യുന്നു. ഭാഷണമില്ല, വാക്കുകളില്ല, ശബ്ദം കേൾക്കുന്നുമില്ല. എങ്കിലും അതിന്റെ നാദം ആഗോളവ്യാപിയായിരിക്കുന്നു. അതിന്റെ വാക്കുകൾ ഭൂമിയുടെ വിദൂരസീമവരെ എത്തുന്നു - സങ്കീ. 19 : 1-4***

അണ്ഡകടാഹങ്ങളുടെ വശ്യമായ വിലാസഗാംഭീര്യങ്ങൾ രാവും പകലും സ്തുതിക്കും ആരാധനയ്ക്കും പ്രേരകമാകേതാണ്. അതു ഹൃദയത്തിൽ ആദരപൂർവ്വമായ ഭയഭക്തികൾക്കു പ്രചോദനമാകേ താണ്. നിശ്ശബ്ദപ്രവർത്തനം, ദിവ്യനിയമങ്ങളോടുള്ള സമ്പൂർണ്ണ വിധേയ ത്വം, നഭോഗോളങ്ങളുടെ അനുഗ്രഹദായകമായ പ്രകാശവർഷണം ഇവ അവയിൽനിന്നുള്ള ഗുണപാഠങ്ങൾ നമ്മെ ഉപദേശിക്കേതാണ്. ഒച്ചപ്പാ ടോ പ്രകടനസ്വഭാവമോ ഇല്ലാത്ത അക്ഷീണയത്നം, സകലവും നന്നായി ചെയ്യുന്നവനും തെറ്റുപറ്റാൻ കഴിയാത്തവിധം സർവ്വജ്ഞനും നിഷ്കരു ണനാകാൻ കഴിയാത്തവിധം സദ്ഗുണസ്വരൂപനുമായവന്റെ ഇഷ്ടത്തോടു പൂർണമായ അനുസരണം, നമ്മെ പ്രകാശിപ്പിച്ച കർത്താവിന്റെ തേജസ്സ് നമ്മിൽനിന്ന് നമ്മെ കാണുന്ന ഓരോരുത്തനെയും ശോഭിപ്പിക്കു വാൻ ഇടനൽകുക ഇവയാണ് പ്രസ്തുത ഗുണപാഠങ്ങൾ - Z'95, 121 (R 1811)

* * * * * *

പ്രകൃതിയിലെ നിരവധി വസ്തുക്കളും ക്രമീകരണങ്ങളും ശ്രദ്ധാലു ക്കൾക്കു ദൈവത്തിന്റെ സ്വഭാവലക്ഷണങ്ങളെ വെളിപ്പെടുത്തുക മാത്രമല്ല, ഇവ അവന്റെ സ്വഭാവലക്ഷണങ്ങളുടെയും നിർണ്ണയങ്ങളുടെയും പ്രതീക ങ്ങളായും ഉപകരിക്കുന്നു. ഇപ്രകാരം പുതിയ ആകാശം വരുംയുഗ ത്തിൽ അവന്റെ സ്വഭാവം വെളിപ്പെടുത്തും. ദുർജ്ജനങ്ങളുടെ നാനാഗ ണങ്ങൾ ദുരിതപൂർണ്ണമാക്കിയ വിവിധ കാലഘട്ടങ്ങളുടെ പ്രതീകങ്ങളാണ് തിന്മകളുടെ വിഹാരരംഗങ്ങളായ രാത്രികൾ, വിശേഷിച്ചും എപ്പിഫനി കാലയളവിൽ. പകലുകൾ യുഗപരമായ അനുഗ്രഹങ്ങളെക്കുറിക്കുന്നു. മുൻവരുന്നവ പിൻവരുന്നവയുടെ നിഴലുകളായിരിക്കയും ചെയ്യും. കൊയ്ത്തുകളും സമാന്തരയുഗങ്ങളും ഇതിനുദാഹരണമാണ്. - P'26, 76.

* * * * * *

**സമാന്തരവേദഭാഗങ്ങൾ : ഉല്പ.1:1-2:7; യെശ.40:26; ഇയ്യോ.9:8,9;12:7-9; 28:23-26;37:16,18;38:4,7-10; സങ്കീ.8:3-9;104:2-6,24;136:5-9;യിരെ.51:15,16;റോമ.1:19-20; എബ്രാ.11:3,10**

ചോദ്യങ്ങൾ :- ഇപ്പോഴത്തെ അക്ഷരികവും പ്രതിരൂപാത്മകവുമായ ലോകം, ഭാവിയിലെ അക്ഷരികവും പ്രതിരൂപാത്മകവും ആയ ലോകം ഇവയെ സംബ ന്ധിച്ച് ഈ ആഴ്ചയിലെ എന്റെ ചിന്ത എന്തായിരുന്നു? ദൈവത്തോടുള്ള എന്റെ ഭക്തിയിൽ അവ എന്തു സ്വാധീനം ഉളവാക്കി?

# ജൂൺ 4

***അഴിഞ്ഞുപോകുന്നതും തീയിൽ ശോധന കഴിക്കുന്നതുമായ പൊന്നിനേക്കാൾ നിങ്ങളുടെ വിശ്വാസത്തിന്റെ പരിശോധന വിലയേറിയത് എന്ന് യേശുക്രിസ്തുവിന്റെ പ്രത്യക്ഷതയിൽ പുകഴ്ചയ്ക്കും തേജസ്സിനും മാനത്തിനുമായി കാൺമാൻ ഇടവരും - 1 പത്രൊ. 1 : 7***

നിങ്ങളുടെ വിശ്വാസമാണ് ഇപ്പോൾ പരീക്ഷിക്കപ്പെടുന്നത്. ആനുകൂല്യത്തിന്റെ സൂര്യൻ നിങ്ങളുടെമേൽ തെളിവായി പ്രകാശിച്ചിരുന്ന പ്രശാന്തദിനങ്ങളിൽ നിങ്ങൾ നിർബാധം സത്യത്തെ സംബന്ധിച്ച അറിവിന്റെ അടിത്തറകെട്ടുകയും ക്രിസ്തീയ സ്വഭാവത്തിന്റെ മേൽപ്പണി നടത്തുകയും ചെയ്തു. ഇപ്പോഴാകട്ടെ മാറ്റു തെളിയിക്കേതിന് ചൂളയിൽ വെയ്ക്കപ്പെട്ടിരിക്കയാണ്. അതുകൊ്, മുഴുധൈര്യവും സമാഹരിക്കുക. സഹിഷ്ണുത ഭദ്രമാക്കുക. സഹനശക്തി കരുത്താർജ്ജിക്കട്ടെ. പ്രത്യാശയെ മുറുകെപ്പിടിച്ചുകൊള്ളുക. വാഗ്ദത്തങ്ങൾ അനുസ്മരിക്കുക, അവ ഇപ്പോഴും നിങ്ങൾക്കുള്ളവതന്നെ. “മഹാപ്രതിഫലമുള്ള നിങ്ങളുടെ ധൈര്യം തള്ളിക്കളയരുത്”. “അടക്കത്തിലും ധൈര്യത്തിലുമാണ് നിങ്ങളുടെ ബലം”. “കർത്താവിൽ സ്വസ്ഥമായിരുന്ന് അവനായി ക്ഷമയോടെ കാത്തിരിക്കുക” വിശ്വാസം വിജയശ്രീലാളിതമാകും. - Z'95, 135 (R 1822)

* * * * * *

സ്വർണ്ണം ഊതിക്കഴിക്കുന്നവൻ ആ ലോഹസങ്കരം തീയിൽ ഉരുക്കുന്നത് അതിനെ നശിപ്പിക്കാനല്ല. പ്രത്യുത കീടം നീക്കി അതിനെ ശുദ്ധീകരിക്കുന്നതിനാണ്. ഇതുപോലെ ദൈവം നമുക്ക് അഗ്നിപരീക്ഷണങ്ങൾ അനുവദിക്കുന്നത് നമ്മുടെ വിശ്വാസത്തെ ഹനിക്കുവാനല്ല. മറിച്ച് പാപത്തിന്റെയും അസത്യത്തിന്റെയും സ്വാർത്ഥത്തിന്റെയും പ്രാപഞ്ചികത്വത്തിന്റെയും കീടം നീക്കി എല്ലാവിധത്തിലും അതിനെ വിലയേറിയതാക്കുവാനാണ്. നമ്മുടെ കർത്താവിന്റെ പ്രത്യക്ഷതയുടെ അഥവാ എപ്പിഫനിയുടെ നാളിൽ പ്രശംസയ്ക്കും മാനത്തിനും തേജസ്സിനും യോഗ്യമായി വെളിപ്പെടുവാൻ തന്നെ. P'36, 78.

* * * * * *

**സമാന്തരവേദഭാഗങ്ങൾ : 1ദിന.29:17; സങ്കീ.26:2;81:7; മത്താ.13:19-22; 2തെസ്സ.1:3-5; എബ്രാ.6:13,18; യാക്കോ.1:3,12; എബ്രാ.11:7,17-19,25-29,30.32-39; ഇയ്യോ.1:2; എസ്രാ.8:22; മത്താ.8:23-27;15:21-28;9:28;14:25-33**

ചോദ്യങ്ങൾ :- ഈ വാക്യത്തോടനുബന്ധിച്ച് ഈ ആഴ്ചയിൽ എനിക്കു നേരിട്ട അനുഭവങ്ങൾ ഏവ? അവ എങ്ങനെ സംജാതമായി? അവയിൽ അനുകൂലമായും പ്രതികൂലമായും വർത്തിച്ചതെന്ത്? അവ എന്തു പ്രതികരണമുളവാക്കി?

# ജൂൺ 5

## *യഹോവേ, ഞാൻ നിന്നെ ശരണം പ്രാപിക്കുന്നു - സങ്കീ. 31 : 1*

വിശ്വാസത്തിന്റെ നങ്കൂരത്തിന്മേലുള്ള പിടി അല്പനേരത്തേയ്ക്കെങ്കിലും കൈവിട്ടുകളയുന്നതുപോലെ ഒരു ദൈവപൈതലിനു ശത്രുവിന്റെ സമക്ഷം ദോഷകരമായി ഭവിക്കാവുന്ന മറ്റൊന്നുമില്ല. ഒരു നിമിഷത്തേക്ക് അവൻ അങ്ങനെ ചെയ്യട്ടെ. നിശ്ചയമായും ഇരുൾ അവനെ വലയം ചെയ്തുതുടങ്ങും. പിതാവിന്റെ മുഖപ്രകാശം അവനു കാണാൻ കഴിയാതാകും. എന്തെന്നാൽ "വിശ്വാസം കൂടാതെ ദൈവത്തെ പ്രസാദിപ്പിപ്പാൻ കഴിയില്ല". നങ്കൂരത്തിനുവേി വീും അവൻ തപ്പിത്തടയുന്നതിനിടയിൽ അന്ധകാരത്തിന്റെ ശക്തികൾ സംശയവും ഭീരുത്വവും ആയുധമാക്കി അവനെ കടന്നാക്രമിക്കും. അവന്റെ മാനുഷികമായ അപൂർണ്ണതകളുടെ അടിസ്ഥാനത്തിലായിരിക്കും ഈ സംശയവും ഭയവും ജനിക്കുക. ക്രിസ്തുവിന്റെ നീതിയിൻവസ്ത്രത്താൽ ഈ അപൂർണ്ണതകൾ മറയ്ക്കപ്പെട്ടിരിക്കുന്നു എന്ന് അവൻ സദാ ഓർത്തുകൊള്ളണം. ദൈവസമാധാനം നമ്മുടെ ഹൃദയങ്ങളിൽ വാഴണമെങ്കിൽ നമ്മുടെ നങ്കൂരം ഒരിക്കലും കൈവിട്ടുപോകാൻ ഇടയാകരുത്. "സാത്താന്റെ അത്യന്തം മാരകമായ പോരാട്ടത്തിനും നമ്മുടെ ധൈര്യം ഭഞ്ജിക്കാൻ കഴിയരുത്". "അവൻ എന്നെ കൊന്നാലും ഞാൻ അവനിൽത്തന്നെ ശരണപ്പെടും" എന്നതായിരിക്കണം നമ്മുടെ ഹൃദയത്തിന്റെ ഭാഷ - Z'95, 157 (R 1832)

* * * * * *

ഒരു ക്രിസ്ത്യാനി വിശ്വാസമുറപ്പിക്കുന്നത് തന്നിൽതന്നെയോ ജഡത്തിന്റെ ശക്തിയിലോ അല്ല, അവന്റെ ഹൃദയം സ്വസ്ഥത കത്തെുന്നത് യഹോവയിലാണ്. യഹോവയുടെ മടിത്തട്ടിനെ അതിശയിക്കുന്ന അഭയസ്ഥാനം മറ്റെങ്ങുമില്ല. അവൻ സ്വയംഭൂവും സനാതനനും അമർത്യനും സ്വാശ്രയിയും അപരിമേയനും അല്ലോ! അപ്രകാരമുള്ള ഒരുവന്റെ വാഗ്ദാനവും ആണയും പൂർണ്ണമായും വിശ്വാസയോഗ്യമാണ്. നമ്മുടെ നങ്കൂരം അവനിൽ, അവന്റെ ആളത്വത്തിലും സ്വഭാവത്തിലും നിർണ്ണയത്തിലും പ്രവൃത്തികളിലും തന്നെ നിർഭയമായിരിക്കട്ടെ. - P'30, 78.

* * * * * *

**സമാന്തരവേദഭാഗങ്ങൾ : 1ദിന.5:20; 2ദിന.14:11;20:12; ഇയ്യോ.13:15-16; സങ്കീ.18:30;22:4-5;27:1;31:6,14,15;34:1-12;118:5-9; സദൃ3:5; യെശ.26:3; ദാനി.3:17; മീഖാ.7:7; ഹബ.3:19; റോമ.4; 2തിമൊ.1 :12; എബ്രാ.11**

ചോദ്യങ്ങൾ :- ഈ ആഴ്ച ഞാൻ ദൈവത്തിൽ ശരണം പ്രാപിച്ചുവോ? അതിൽ സഹായകമായും പ്രതികൂലമായും വർത്തിച്ചതെന്ത്? പരിണതഫലങ്ങൾ എന്ത്?

# ജൂൺ 6

***നിങ്ങളുടെ ഹൃദയം അതിഭക്ഷണത്താലും മദ്യപാനത്താലും ഉപജീവനചിന്തകളാലും ഭാരപ്പെട്ടിട്ട് ആ ദിവസം നിങ്ങൾക്കു പെട്ടെന്ന് കെണിപോലെ വരാതിരിപ്പാൻ സൂക്ഷിച്ചുകൊൾവിൻ - ലൂക്കൊ.21:34***

നമുക്കു നിർവ്വഹിക്കാനുള്ള വേലയുടെ ഗൗരവം മനസ്സിലാക്കുമ്പോൾ എത്രമാത്രം സമചിത്തതയും ശ്രദ്ധയും സ്ഥിരോത്സാഹവും ആവശ്യമെന്നു വ്യക്തമാകും. നമ്മുടെ ജഡത്തിൽ കോട്ടകെട്ടി കുടികൊള്ളുന്ന ഒരു മഹാശത്രുവിനെതിരെയുള്ള ആയുഷ്കാല പോരാട്ടമാണിത്. ബാഹ്യശക്തികൾ ബലവത്താണ്, സംശയമില്ല. എന്നാൽ നമ്മിൽതന്നെയുള്ള ആഭ്യന്തരയുദ്ധമാണ് ഏറെ അപകടകരം. ലോകത്തിന്റെ ആത്മാവിനാൽ നാം ഏതെങ്കിലും അളവിൽ മത്തരായിത്തീരാനിടയായാൽ, സ്വയപ്രീണനം, സുഖലോലുപത, ഉല്ലാസം ഇവയ്ക്ക് അടിമപ്പെട്ടാൽ, ചെറിയതോതിലെങ്കിലും അസൂയ, സ്പർദ്ധ, ദുരഭിമാനം, മിഥ്യാപ്രശംസ, പൊങ്ങച്ചം, ശാഠ്യം, അഹംഭാവം, ക്രോധം, പിണക്കം മുതലായി പഴയ പ്രകൃതിയോടു ചങ്ങാത്തം പുലർത്തിയാൽ നാം നേരിടുന്ന ആപത്ത് എത്ര ഗുരുതരം! - Z'95, 201 (R 1859)

* * * * * *

ലോകത്തിന്റെയും ജഡത്തിന്റെയും, പ്രതിയോഗിയായ പിശാചിന്റെയും സ്വാധീനമാണ് അതിഭക്ഷണവും മദ്യാസക്തിയും ജീവിതചിന്താഭാരവുംകൊണ്ട് നമ്മെ നിറയ്ക്കുന്നത്. ഇതു തടയുന്നതിന് ജാഗരിക്കുന്ന മനോഭാവം ആവശ്യമാകുന്നു. അതുകൊണ്ട് നമുക്ക് ഉണർന്നിരിക്കാം, ജാഗരൂകരാകാം. അതിരുകടന്ന ആത്മവിശ്വാസം അപകടകരമാകും. നമ്മെത്തന്നെ സംബന്ധിച്ച ശരിയായ വിലയിരുത്തൽ ആവശ്യമാണ്. നമ്മുടെ ചിന്തകൾ, ഉദ്ദേശ്യങ്ങൾ, വാക്കുകൾ, പ്രവൃത്തികൾ, സാഹചര്യങ്ങൾ, നമ്മുടെമേലുള്ള സ്വാധീനങ്ങൾ ഇവയെല്ലാം കണക്കിലെടുക്കണം. സൂക്ഷ്മതയും വിശ്വസ്തതയുമുള്ളവർക്കുമാത്രം അവകാശപ്പെട്ടതാണ് പ്രതിഫലം. അതിഭരിതർ ഇതു നേടുന്നതിൽ പരാജയപ്പെടും. - P'35, 101.

* * * * * *

**സമാന്തരവേദഭാഗങ്ങൾ:റോമ.13:11,13; 1തെസ്സ.5:6-8; 1പത്രൊ.4:7;5:8,9; മത്താ.13:12-15,22;25:13;26:41; ലൂക്കൊ.8:14; 1കൊരി.16:13; വെളി.3:2,3;16:15; ലൂക്കൊ.12:40**

ചോദ്യങ്ങൾ :- ഈ വേദവാക്യത്തോടനുബന്ധിച്ച് ഈ ആഴ്ചയിലെ അനുഭവങ്ങൾ ഏതെല്ലാമായിരുന്നു? അവയെ എങ്ങനെ അഭിമുഖീകരിച്ചു? അതിൽ സഹായകവും പ്രതിബന്ധവും ആയി വർത്തിച്ചതെന്ത്? അവ ഏതിൽ പരിണമിച്ചു?

# ജൂൺ 7

***എന്നാൽ അല്പകാലത്തേക്കു കഷ്ടം സഹിക്കുന്ന നിങ്ങളെ ക്രിസ്തുവിൽ തന്റെ നിത്യതേജസ്സിനായി വിളിച്ചിരിക്കുന്ന സർവ്വകൃപാലുവായ ദൈവം തന്നേ യഥാസ്ഥാനപ്പെടുത്തി ഉറപ്പിച്ചു ശക്തീകരിക്കും - 1 പത്രൊ. 5 : 10***

പൂർണ്ണമായ ആത്മനിയന്ത്രണം, തിന്മയെ ചെറുത്തു നിൽക്കാനുള്ള കഴിവ്, അടിയുറച്ചവിശ്വാസം, ക്ഷമ, ധർമ്മിഷ്ഠത, ക്രിസ്തുവിലുള്ള ഭംഗമില്ലാത്ത സ്വസ്ഥത, അവന്റെ വാഗ്ദത്തവചനങ്ങളിൽ അടിസ്ഥാനപ്പെട്ട പ്രത്യാശ എന്നീ അഭികാമ്യമായ നേട്ടങ്ങൾ ക്രിസ്തുവിന്റെ നല്ല ഭടന്മാരെന്ന നിലയിൽ ക്ലേശങ്ങൾ സഹിക്കുന്നവർക്കു മാത്രമുള്ളതാണ്. ഗുരുവിന്റെ സേവനത്തിൽ നാളുകൾ പിന്നിടുന്തോറും ഇതായിരുന്നു അപ്പൊസ്തൊലന്റെ അനുഭവം; നമ്മുടെ അവസ്ഥയും ഇതായിരിക്കട്ടെ. വിടവാങ്ങുന്ന ഓരോ ആും നാം പൂർണ്ണതയുടെ കൊടുമുടിയോട് ഉത്തരോത്തരം സമീപിക്കുന്നതിനു സാക്ഷ്യം വഹിക്കട്ടെ- Z'95, 202 (R 1859)

* * * * * *

സുവിശേഷയുഗവിളിക്കു നാം അവകാശികളായിരിക്കുന്നു എന്നത് ദൈവകൃപയുടെ അത്യാശ്ചര്യകരമായ പ്രദർശനങ്ങളിൽ ഒന്നാണ്. അതിന്റെ സാക്ഷാൽകാരത്തിന് തിക്താനുഭവങ്ങളുടെ തീക്ഷ്ണമായ ഉരകല്ലിൽ വിശ്വസ്തതയുടെ മാറ്റുതെളിയിക്കണമെന്നതിൽ അത്ഭുതപ്പെടേതില്ല. പുതിയ മനസ്സിന്റെയും ഹൃദയത്തിന്റെയും ഇച്ഛയുടെയും വളർച്ചയിൽ ഈ തിക്താനുഭവങ്ങൾ നമ്മിൽ മൂന്നു വിധത്തിൽ പ്രവർത്തിക്കുന്നു. തിന്മയോടു ശരിയായ സമീപനം സ്വീകരിക്കുന്നതിലും നന്മകളിൽ അഭിരുചി വളർത്തുന്നതിലും കൃപകളിലും പരിജ്ഞാനത്തിലും അവ നമ്മെ ബലപ്പെടുത്തുന്നു. ക്രൈസ്തവസ്വാഭാവത്തിന്റെ നാനാമുഖങ്ങളെയും അവ സന്തുലിതമാക്കുന്നു. ഒടുവിലായി ഇവയെല്ലാം പൂർണ്ണതയിലെത്തിച്ചു പക്വതപ്പെടുത്തുന്നു. ദൈവത്തിന്റെ ആത്മാവിന്റെയും വചനത്തിന്റെയും വിചാരണയുടെയും ശക്തിമുഖേനയാണ് കർത്താവ് ഇതെല്ലാം സാധിക്കുന്നത്. P'34, 95.

* * * * * *

**സമാന്തരവേദഭാഗങ്ങൾ : 1കൊരി.1:9; 1തിമൊ.6:12; സങ്കീ.30:5; യെശ.54:8; മത്താ.5:12; റോമ.8:18,37; 1പത്രൊ.1:6; എഫെ.3:16;6:10-17; കൊലൊ.1:11; 2തിമൊ.2:1; 2തെസ്സ.2:17;3:3; 1തെസ്സ.3:12,13; യാക്കോ.5:8; 2പത്രൊ.1:12; റോമ.8:29; ലൂക്കൊ.6:40; എഫെ.4:12; എബ്രാ.13:20,21**

ചോദ്യങ്ങൾ :- ഈ ആഴ്ച ഈ വേദവാക്യം എന്നെ സംബന്ധിച്ച് എങ്ങനെ പ്രവർത്തിച്ചു? ഫലമെന്തായിരുന്നു?

# ജൂൺ 8

***പാപിയെ നേർവഴിക്ക് ആക്കുന്നവൻ അവന്റെ പ്രാണനെ മരണത്തിൽനിന്നു രക്ഷിക്കയും പാപങ്ങളുടെ ബഹുത്വം മറയ്ക്കയും ചെയ്യുന്നു - യാക്കോ. 5 : 20***

അതിക്രമക്കാരുടെ വഴികളിൽ, വിലക്കപ്പെട്ട പാതകളിൽ ഒരുവൻ നടക്കുന്നതുകാൽ അവനെ അവിടെനിന്നു മോചിപ്പിക്കുന്നതിനു നാം അവനോടൊപ്പം അവിടേക്കു ചെല്ലുകയല്ല വേത്. മറിച്ച് ശരിയായ വഴിയിൽ തന്നെ നടന്നുകൊ് അവനെ അങ്ങോട്ടു മാടിവിളിക്കണം. അടിസ്ഥാനപരമായി തന്നെ അബദ്ധമെന്നു നാം മനസ്സിലാക്കുന്ന മാനുഷികമായ വല്ല ഉപദേശങ്ങളാലും ആരെങ്കിലും ചിന്താക്കുഴപ്പത്തിൽപെട്ടിരിക്കുന്നതായി കാൽ അവരെ അതിൽനിന്നു കരകയറ്റാൻ നാം ആ ഉപദേശങ്ങളെല്ലാം സവിസ്തരം പരിശോധിക്കാൻ മിനക്കെടേതില്ല. അടിസ്ഥാനസത്യങ്ങൾക്കു പ്രത്യക്ഷത്തിൽതന്നെ വിരുദ്ധമെന്നറിയാവുന്ന ഉപദേശങ്ങൾ പഠിക്കുന്നത് സമർപ്പണം ചെയ്യപ്പെട്ട സമയത്തിന്റെ ദുർവിനിയോഗമാണെന്നുമാത്രമല്ല, അസത്യമെന്ന് നമുക്കു നിശ്ചയമുള്ള ഒന്നിന്റെ പേരിലുള്ള കളി അനുചിതവും അപകടകരവുമാണ് എന്ന് അവരെ ഓർമ്മിപ്പിച്ചാൽ മതി. മനസ്സാക്ഷിയുടെയും ആദർശങ്ങളുടെയും ഏതു ലംഘനവും പോലെ അത് ആപൽക്കരം തന്നെ - Z'05, 203 (R 1860)

* * * * * *

പാപി എന്ന് ഇവിടെ പരാമർശിച്ചിരിക്കുന്നത് വിശ്വാസം ത്യജിച്ച ഒരുവനെയാണെന്ന് സാമാന്യമായി പറയാം. 19-ാം വാക്യം അതു വ്യക്തമാക്കുന്നു. തങ്ങളുടെ സമർപ്പണനേർച്ചയ്ക്കെതിരെ പാപം ചെയ്ത മഹാപുരുഷാരത്തെ പ്രത്യേകിച്ചും ഇതു പരാമർശിക്കുന്നു. പ്രതിപദം മനഃപൂർവ്വപാപത്തിലേക്കു നീങ്ങുകയും അവസാനമായി രാം മരണത്തിൽ പതിക്കുകയും ചെയ്യുന്ന അപകടനിലയിലേക്കാണ് (എബ്രാ. 6:4-6) അവരുടെ ജീവിതഗതി അവരെ നയിച്ചത്. അങ്ങനെയുള്ളവരെ ആ വിപത്തിൽ നിന്നു രക്ഷിക്കാൻ ശ്രമിക്കുന്നത് കർത്തൃജനത്തിന്റെ പദവിയാണ് അങ്ങനെ ചെയ്യുന്നവൻ ക്രിസ്തുവിന്റെ നീതിയിൻവസ്ത്രത്താൽ, വഴി വിട്ടലയുന്നവരുടെ അനേകമായ ലംഘനങ്ങളെ മറച്ചുകൊള്ളുന്നു.- P'33, 79.

* * * * * *

**സമാന്തരവേദഭാഗങ്ങൾ : സങ്കീ.19:7;51:13; മത്താ.18:3; ലൂക്കൊ.22:32; അപ്പൊ.3:19; യാക്കോ.5:14-19; മത്താ.18:15-17; 1കൊരി.5; 1തിമൊ.1:19-20; എബ്രാ.3:12-14;10:25; ഗലാ.6:1; 1യോഹ.5:16; വെളി.7:14**

ചോദ്യങ്ങൾ :- വഴിതെറ്റിപ്പോയ സഹോദരനെയോ സഹോദരിയെയോ മോചിപ്പിക്കുന്നതിന് ഈ ആഴ്ച ഞാൻ ശ്രമിച്ചോ? എങ്ങനെ? ഫലമെന്തായിരുന്നു?

# ജൂൺ 9

***ലോകത്തിൽ നിങ്ങൾക്കു കഷ്ടമു്; എങ്കിലും ധൈര്യപ്പെടുവിൻ; ഞാൻ ലോകത്തെ ജയിച്ചിരിക്കുന്നു - യോഹ. 16 : 33***

കർത്താവിനു തന്റെ വിശ്വസ്തതയ്ക്കു പ്രതിഫലമായി ലഭിച്ചത് ലൗകികമായ അംഗീകാരമായിരുന്നില്ല, മറിച്ച് മരണപര്യന്തം ദുർഭിക്ഷവും ഉപദ്രവങ്ങളുമായിരുന്നു. അവൻ “വ്യസനപാത്രവും ദുഃഖം ശീലിച്ചവനുമായിരുന്നു”. ദൈവത്തെ നിന്ദിച്ചവരുടെ നിന്ദ അവന്റെ മേൽ വീണു. അവൻ സമ്പന്നൻ ആയിരുന്നിട്ടും നമുക്കുവേി ദരിദ്രനായിത്തീർന്നു. “കുറുനരികൾക്കു കുഴികളും ആകാശത്തിലെ പറവകൾക്കു കൂടുകളുമു്, മനുഷ്യപുത്രനോ തലചായ്പ്പാൻ ഇടമില്ല” എന്നു പറയത്തക്കവിധം അവൻ അത്രമേൽ ദരിദ്രനായിത്തീർന്നു. ദാസൻ യജമാനനിലും വലിയവനല്ല. അവർ അവനെ ഉപദ്രവിച്ചുവെങ്കിൽ നമ്മെയും ഉപദ്രവിക്കും. അവനെ നിന്ദിച്ചവരുടെ നിന്ദ നമ്മുടെമേലും പതിക്കും. കർത്താവിന്റെ അനുയായികൾക്ക് ഇപ്പോൾ പ്രതീക്ഷിക്കാവുന്ന പ്രതിഫലം കർത്താവിന്റെ സ്നേഹത്തിന്റെയും അംഗീകാരത്തിന്റെയും ഹൃദയപൂർവ്വമായ പ്രകാശനം ഒന്നുമാത്രമാണ്. - Z'95, 207 (R 4071)

* * * * * *

നിലവിലിരിക്കുന്ന ദുഷ്ടവ്യവസ്ഥിതിയുടെ ഫലമായ പ്രാതികൂല്യങ്ങൾ, ശത്രുവിന്റെ നിരന്തരമായ എതിർപ്പ്, ലോകത്തിൽനിന്നുള്ള ഉപദ്രവം, തളർച്ച രോഗം ദുഃഖം ഇവകൊു പ്രത്യേകിച്ചുമുള്ള ജഡത്തിന്റെ പോരാട്ടം എന്നിവ കർത്താവിന്റെ ജനത്തിനു നേരിടുന്ന കഷ്ടാനുഭവങ്ങളിൽ ഉൾപ്പെടുന്നു. ഈ ക്ലേശങ്ങൾക്കു പരിഹാരമെന്ന നിലയിൽ അവയെ നിർവീര്യമാക്കാൻ പോരുംവിധം കർത്താവു നമുക്ക് ആത്മീയാനുഗ്രഹങ്ങൾ നൽകുന്നു. നിലവിലിരിക്കുന്ന അസമത്വങ്ങളിൽ നിരാശരാകാതെ നമ്മുടെ കർത്താവു ലോകത്തെ ജയിച്ചിരിക്കയാൽ നമുക്കും വിജയിക്കാമെന്ന പ്രതീക്ഷയിൽ ആനന്ദിക്കാൻ ഇതു നമ്മെ ശക്തരാക്കുന്നു - P'32, 62.

* * * * * *

**സമാന്തരവേദഭാഗങ്ങൾ : യോഹ.15:19-25;16:2,3; അപ്പൊ.14:22; റോമ.5:3-5; 2തിമൊ.3:12; എബ്രാ.10:32-34;12:5-13; വെളി.3:19; യോഹ.14:1,27; റോമ.8:35-37; ഗലാ.6:14; 1യോഹ.4:4;5:4**

ചോദ്യങ്ങൾ :- ഈ വേദവാക്യത്തോടനുബന്ധിച്ച് ഈ ആഴ്ചയിലുായ അനുഭവങ്ങൾ എന്തെല്ലാമായിരുന്നു? അവയെ എങ്ങനെ സഹിച്ചു? അവ എന്നിൽ എന്തു പ്രതികരണമുളവാക്കി?

# ജൂൺ 10

***കർത്താവേ, ഞങ്ങളെ പ്രാർത്ഥിപ്പാൻ പഠിപ്പിക്കേണമേ-ലൂക്കൊ. 11:1***

ചുരുക്കത്തിൽ, നമ്മുടെ പ്രാർത്ഥനകൾ ദൈവഹിതത്തിനു സ്വീകാര്യമാകണമെങ്കിൽ അത് അടിയുറച്ച വിശ്വാസത്തിൽനിന്നാകണം. സ്നേഹാദരപൂർവ്വമാകണം. ദൈവനിർണ്ണയത്തോടു പൂർണ്ണമായി പൊരുത്തപ്പെട്ടും ദൈവഹിതത്തിനു പൂർണ്ണമായി വിധേയപ്പെട്ടും ഇരിക്കണം. ദൈവത്തിൽ ശിശുസഹജമായ ആശ്രയവും പാപങ്ങളെയും വീഴ്ചകളെയും സംബന്ധിച്ചുള്ള കുറ്റബോധവും ക്ഷമയ്ക്കായുളള വാഞ്ഛയും വേണം. ദൈവികമായ മാർഗ്ഗദർശനത്തിനും സംരക്ഷണത്തിനും വേിയുള്ള വിനയപൂർവ്വമായ യാചനയും ആവശ്യമാണ്. ഇവയെല്ലാം എപ്പോഴും വാക്കുകളിൽ പ്രകടിപ്പിക്കണമെന്നില്ല. കുറഞ്ഞപക്ഷം ഇപ്രകാരമായിരിക്കണം നമ്മുടെ മനോഗതി.

“പ്രാർത്ഥനയെന്നത് ശബ്ദരൂപത്തിലോ മൗനഭാഷയിലോ ആവിഷ്കൃതമാകുന്ന ആത്മാവിന്റെ നിഷ്കപടമായ അഭിലാഷമാണ്”.

-Z'95, 213 (R 1864)

*  *  *  *  *  *

വേവണ്ണം പ്രാർത്ഥിപ്പാൻ നമുക്കു കർത്താവിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യമാണ്. അവന്റെ ബുദ്ധ്യുപദേശമില്ലെങ്കിൽ നാം എന്തിനുവേി, എന്തിന്, എങ്ങനെ യാചിക്കണമെന്നതിനെപ്പറ്റി അജ്ഞരായിരിക്കും. പ്രാർത്ഥിക്കേതെങ്ങനെയെന്നു പഠിപ്പിക്കണമെന്ന വിനയപൂർവ്വമായ അഭ്യർത്ഥനയുമായി ഗുരുവിനെ സമീപിക്കുന്നത് ഈ നിലയ്ക്ക് എത്രമേൽ ആവശ്യമായിരിക്കുന്നു. പ്രാർത്ഥനയെപ്പറ്റി പഠിപ്പിക്കാൻ അവൻ ഉത്തമഗുരുനാഥൻ ആയിരിക്കുന്നതുപോലെ, അതു പഠിക്കാൻ നാം ഉത്തമശിഷ്യന്മാരുമായിരിക്കുന്നെങ്കിൽ എത്ര നന്ന്. പ്രാർത്ഥനയുടെ സ്വഭാവം, ഉള്ളടക്കം, പ്രേരണ, ഉദ്ദേശ്യം, വ്യവസ്ഥകൾ, പരിശീലിക്കൽ, അടക്കം പാലിക്കൽ, പ്രകാശനം, ഫലം ഇവ അവൻ നമുക്കു വെളിപ്പെടുത്തിത്തരും. -P'26, 76.

*  *  *  *  *  *

**സമാന്തരവേദഭാഗങ്ങൾ : സങ്കീ.5:1-3;42:8;109:4;116:2; ദാനി.6:10; മത്താ.6:5-15; ലൂക്കൊ.2:37;18:1-13; അപ്പൊ.6:4;10:2,9; റോമ.1:9;12:12; എഫെ.1:15,16; കൊലൊ.1:9; 1തെസ്സ.3:10;5:17; 1തിമൊ.5:5; 2തിമൊ.1:3**

ചോദ്യങ്ങൾ :- പ്രാർത്ഥിക്കുവാൻ ഈ ആഴ്ചയിൽ ഞാൻ നന്നായി അഭ്യസിച്ചുവോ? അതിനു സഹായിച്ചതെന്ത്? തടസ്സമായിരുന്നതെന്ത്? പരിണതഫലങ്ങൾ എന്തായിരുന്നു?

# ജൂൺ 11

***സഹോദരന്മാരേ, ഞാൻ പിടിച്ചിരിക്കുന്നു എന്നു നിരൂപിക്കുന്നില്ല - ഫിലി. 3 : 13***

ആത്മീയമായി തൃപ്തികരമായ ഒരു നിലവാരം കൈവരിച്ചതായി ഒരുവൻ വിചാരിച്ചു തുടങ്ങുന്ന നിമിഷം ആത്മീയമായ അധോഗതിയുടെ ആരംഭമായിരിക്കും. സമ്പൂർണ്ണ മാതൃകയായ ക്രിസ്തുവിന്റെ പകർപ്പാകാൻ സസൂക്ഷ്മം ശ്രമിക്കുന്ന പരമാർത്ഥിയായ ഒരു ക്രൈസ്തവന് ഇപ്പോഴത്തെ നേട്ടങ്ങളിലൊന്നും സംതൃപ്തി കത്തൊൻ കഴിയുകയില്ല. ക്രിസ്തുവിൽനിന്നു ദൃഷ്ടി തിരിച്ചുകളയുമ്പോൾ മാത്രമാണ് ഒരുവന് തന്നിൽതന്നെ തൃപ്തിയടയാൻ കഴിയുന്നത്. മാതൃക തെളിവായി കുകൊിരിക്കെ നമ്മിലുള്ള പോരായ്മകൾ പ്രകടമായിത്തീരും. ഹൃദയഗർവ്വം മൂലം അവ നമ്മുടെ ദൃഷ്ടിക്ക് എത്രയധികം മറഞ്ഞിരിക്കുന്നുവോ അത്രയധികം അവ അന്യന്മാരുടെ ദൃഷ്ടിക്ക് തെളിവായിരിക്കും. ക്രിസ്തുവിൻ സാദൃശ്യത്തോട് അനുരൂപപ്പെടുന്നതിൽ നേടുന്ന വളർച്ചയിൽ മാത്രമേ ക്രിസ്തുവിന്റെ അനുയായി ആയ ഒരുവനു സംതൃപ്തനാകാൻ കഴിയൂ - Z'95, 250 (R 1884)

* * * * * *

പരമാവധി കഠിനമായ പരീക്ഷകളിലും ക്രിസ്താനുരൂപമായ സ്വഭാവം സ്വായത്തമാക്കുകയും നിലനിർത്തുകയും ചെയ്യേതിന് പൗലോസ് കർത്താവിനാൽ പിടിക്കപ്പെട്ടു. ഈ വാക്കുകൾ രേഖപ്പെടുത്തുമ്പോഴും ഇപ്രകാരമൊരു സ്വഭാവം അവനിൽ പൂർണ്ണമായി ഉരുത്തിരിഞ്ഞു കഴിഞ്ഞിരുന്നില്ല. പൗലോസ് കൈവരിച്ച സ്വഭാവമഹത്വത്തിന്റെ നേരിയ അംശം മാത്രം അവകാശപ്പെടാൻ കഴിയുന്ന അനേകരും ആത്മസംതൃപ്തിയടയുന്നവരായിരിക്കും. അപ്പൊസ്തൊലൻ അപ്രകാരമായിരുന്നില്ല. തന്നെപ്പറ്റിയുള്ള യാഥാർത്ഥ്യബോധത്തോടുകൂടിയ വിലയിരുത്തൽ തന്റെ പോരായ്മകളെ അംഗീകരിക്കുന്നതിനും തന്റെ ആദർശങ്ങളെ എത്തിപ്പിടിച്ച് കാത്തുകൊള്ളുന്നതിന് ഉറ്റു ശ്രമിക്കുന്നതിനും അവനെ ശക്തനാക്കി - P'36, 78.

* * * * * *

**സമാന്തരവേദഭാഗങ്ങൾ : ഇയ്യോ.25:5; സങ്കീ.131:1; സദൃ.15:33; യെശ.57:15; യിരെ.45:5; മീഖാ.6:8; മത്താ.5:3;23:12; ലൂക്കൊ.10:21;17:10; റോമ.12:3,10,16; 1കൊരി.13:4;9:24-27;15:58; ഫിലി.1:21; റോമ.7:1; 2കൊരി.7:1; എബ്രാ.5:14**

ചോദ്യങ്ങൾ :- ഈ വേദവാക്യത്തിനനുസരണമായി ഈ ആഴ്ചയിൽ എനിക്കു നേരിട്ട അനുഭവങ്ങൾ എന്തായിരുന്നു? അവയെ ഞാൻ എങ്ങനെ അഭിമുഖീകരിച്ചു? അതിൽനിന്ന് എനിക്ക് എന്തു നേട്ടമുായി?

# ജൂൺ 12

***ഒന്നു ഞാൻ ചെയ്യുന്നു - ഫിലി. 3 : 13***

അപ്പൊസ്തൊലന്റെ ലക്ഷ്യത്തിലുള്ള ഏകത്വം നാം ഇവിടെ കാണുന്നു - "ഈ ഒന്നു ഞാൻ ചെയ്യുന്നു". പലതുചെയ്യാൻ അവൻ ശ്രമിച്ചില്ല. ശ്രമിച്ചിരുന്നെങ്കിൽ അവൻ നിശ്ചയമായും പരാജയപ്പെടുമായിരുന്നു. താൻ വിളിക്കപ്പെട്ട ആ ഒറ്റലക്ഷ്യത്തിനായി അവൻ ജീവാർപ്പണം ചെയ്തു. ആ ലക്ഷ്യപ്രാപ്തിക്കായി ജീവിതത്തിൽനിന്ന് മറ്റു ലാക്കുകളെല്ലാം അവൻ ഒഴിവാക്കി. ഇത് താൻ തെരഞ്ഞെടുത്ത മാർഗ്ഗം ഈ ആയുഷ്കാലമാകെ നഷ്ടങ്ങളും പട്ടിണിയും അദ്ധ്വാനവും ക്ലേശവും പീഡനവും നിരന്തരനിന്ദയും ക്ഷണിച്ചുവരുത്തുന്നതായിരിക്കുമെന്ന് അറിഞ്ഞുകൊായിരുന്നു താനും. ഈ ആയുസ്സിലെ ചില നല്ല കാര്യങ്ങളിലേക്കു വഴിതിരിഞ്ഞുപോകുന്നതിനും, അതിന്റെ വശ്യമായ നീർപ്പോളകൾക്കു പിന്നാലെ അലഞ്ഞുതിരിയുന്നതിനും അവൻ പ്രലോഭിതനാകാതിരുന്നതും ലക്ഷ്യത്തിന്റെ ഈ ഏകമുഖത്വം കൊാണ്.-

Z'95, 250 (R 1884)

* * * * * *

ലക്ഷ്യം ഒന്നുമാത്രമായിരിക്കുക എന്നതിന് ഉത്തമദൃഷ്ടാന്തമാണ് അപ്പൊസ്തൊലനായ പൗലോസ്. അവൻ തന്റെ ജീവിതത്തിൽ ഉന്നംവച്ച ലക്ഷ്യത്തിൽനിന്നു വ്യതിചലിച്ച് പല നേട്ടങ്ങളിലേക്കും മനസ്സ് വശീകരിക്കപ്പെടാൻ പ്രേരകമാകുമാറ് അവന്റെ കഴിവുകൾ നാനാമുഖമായിരുന്നു. ആ ഏകലക്ഷ്യത്തിനായുള്ള ഓട്ടത്തിൽനിന്നു വ്യതിചലിക്കാതിരിക്കാനുള്ള അവന്റെ ദൃഢനിശ്ചയം നമ്മുടെ അഭിനന്ദനത്തിനും അനുകരണത്തിനും തികച്ചും അർഹമാണ്. എല്ലാ തൊഴിലിലും അല്പാല്പ ജ്ഞാനം, ഒന്നിലും മതിയായ ജ്ഞാനമില്ല എന്ന അവസ്ഥ നന്നല്ല. "ഉരുളുന്ന കല്ലിൽ പായൽ പിടിക്കുന്നില്ല" എന്നറിഞ്ഞ് നമ്മുടെ വിളിയും തെരഞ്ഞെടുപ്പും ഉറപ്പാക്കുക എന്ന ലക്ഷ്യം നേടുവാൻ വേി നമ്മുടെ സകല കഴിവുകളും അതിലേക്കു തിരിച്ചുവിടാം - P'30, 78.

* * * * * *

**സമാന്തരവേദഭാഗങ്ങൾ : 1കൊരി.2:2; മത്താ.10:42; ലൂക്കൊ.9:51.61,62; മർക്കൊ.10:45; യോഹ.4:31-38; അപ്പൊ.1:14;2:1,46;4:24,32;5:12;21:10-15; റോമ.15:5,6; 2കൊരി.13:11; ഫിലി.1:27;3:18**

ചോദ്യങ്ങൾ :- എനിക്ക് ഏകലക്ഷ്യമാണോ ഉള്ളത്? എന്റെ ലക്ഷ്യം എന്താണ്? അതു ഞാൻ എങ്ങനെ വ്യക്തമാക്കുന്നു?

# ജൂൺ 13

***ഞാൻ ഉണരുമ്പോൾ നിന്റെ സാദൃശ്യം കു തൃപ്തനാകും - സങ്കീ. 17 : 15***

താത്കാലിക ജീവിതവ്യഥകളെ നിസ്സാരങ്ങളെന്നെണ്ണി-
അവയിൽനിന്നു മനസ്സിനെ പിൻവലിച്ച്,
നമ്മുടെ ചിന്തകൾ ഉദാത്തതയുടെ ചിറകുകളിൽ പറന്നുയരട്ടെ,
മദ്ധ്യവർത്തിയായ മറശീല വലിച്ചുമാറ്റി
നിത്യഭാസുരമായ ഭാവിയിൽ ദൃഷ്ടിപതിക്കാം.

ദൈവത്തെയും ക്രിസ്തുവിനെയും, മുൻകാലത്തെയും ഇക്കാലത്തെയും വിശുദ്ധന്മാരെയും രാജ്യത്തിലുള്ള അവകാശത്തെയും ക്രിസ്തുവിനോടൊരുമിച്ചുള്ള ഭാവി പ്രവർത്തനത്തിന്റെ അനുഗ്രഹത്തെയും, ദൈവനിർണ്ണയത്തിന്റെ വലുപ്പത്തെയും ധന്യതയെയും, ഈ ആയുസ്സിലെ നമ്മുടെ വേല തികച്ചശേഷം ക്രിസ്തുവുമായുള്ള നമ്മുടെ സമാഗമത്തിന്റെ മഹത്ത്വത്തെയും ഭാഗ്യാവസ്ഥയെയും സംബന്ധിച്ച ചിന്തകൾ നമ്മുടെ മനസ്സിൽ നിറഞ്ഞുനിൽക്കുകയും ഹൃദയങ്ങളെ ഉത്തേജിപ്പിക്കയും ചെയ്യണം. ഇതിനുപരി പ്രാർത്ഥനയും വചനാദ്ധ്യയനവും, ആരാധനയ്ക്കും സ്തോത്രത്തിനും വേിയുള്ള കൂടിവരവും വഴി ദൈവവുമായുള്ള വ്യക്തിഗതമായ സംസർഗ്ഗവും കൂട്ടായ്മയും മൂലമുള്ള ആശ്വാസവും അനുഗ്രഹങ്ങളും പ്രാപിക്കയും വേണം. Z'95, 251(R 1884)

* * * * * *

ഇവിടെ ദൈവത്തിന്റെ സാദൃശ്യം എന്നതിന് അവന്റെ സ്വഭാവം, പ്രകൃതി, ആധിപത്യം എന്നെല്ലാമാണർത്ഥം. ഇതാണ് നാം ഉന്നം വയ്ക്കേതിന് അവൻ നമ്മുടെ മുമ്പിൽ ഉയർത്തിപ്പിടിക്കുന്ന ലക്ഷ്യം, ആ ലക്ഷ്യം പ്രാപിക്കാൻ നമ്മെ ഒരുക്കുന്ന അനുഭവവൈരുദ്ധ്യങ്ങൾ, വർത്തമാന പരിതസ്ഥിതികളെപ്പറ്റി നമുക്കു പരാതിയില്ലെങ്കിൽ തന്നെ അവയിൽ സംതൃപ്തരായിരിക്കുക അസാധ്യമാക്കുന്നു. വിശ്വസ്തരായ ദൈവജനത്തിന്റെ അഭിലാഷങ്ങൾ പുനരുത്ഥാനത്തിൽ പൂർണ്ണമായും സാക്ഷാത്ക്കരിക്കപ്പെടും. തങ്ങളുടെ അവസ്ഥയിൽ പരിപൂർണ്ണസംതൃപ്തി എന്നത് എന്നേക്കും അവരുടെ വാഴ്ത്തപ്പെട്ട അനുഭവമായിരിക്കും. ഈ പ്രതീക്ഷ വിശ്വസ്തത തെളിയിക്കാൻ പ്രേരകമാകട്ടെ - P'35 101.

* * * * * *

**സമാന്തരവേദഭാഗങ്ങൾ : 1യോഹ.3:2; സങ്കീ.4:6; ഉല്പ.17:1; ലൂക്കൊ.1:6; 2കൊരി.3:18;5:1-8; ഇയ്യോ.19:26,27; യെശ.61:10; മത്താ.5:8; 1കൊരി.13:12; വെളി.22:4; 1കൊരി.15:23,41-48; 1തെസ്സ.4:13-17**

ചോദ്യങ്ങൾ :- ഈ ആഴ്ചയിൽ എനിക്കുായ പുനരുത്ഥാന പ്രതീക്ഷ എന്തായിരുന്നു? അത് എന്നെ എങ്ങനെ സ്വാധീനിച്ചു? പരിണതഫലങ്ങൾ എന്തായിരുന്നു?

# ജൂൺ 14

***ദൈവം നിഗളികളോട് എതിർത്തു നിൽക്കുന്നു; താഴ്മയുള്ള വർക്കോ കൃപ നൽകുന്നു - 1 പത്രൊ. 5 : 5***

പ്രിയമുള്ളവരേ, മറ്റെന്തിലുമുപരി നമുക്കു വിനയം കാത്തുസൂക്ഷി ക്കാം. നമ്മുടെ ദൃഷ്ടിയിൽത്തന്നെ നാം ചെറിയവർ ആയിരിക്കുമ്പോൾ മാത്രമാണ് നമുക്കുതന്നെ ദോഷകരമാകാതെ ദൈവത്തിനു നമ്മെ ഉപ യോഗപ്പെടുത്താൻ കഴിയുന്നത്. എന്നാലും വിശ്വസ്തതയുടെ മാറ്റു പരി ശോധിക്കുന്നതിനുള്ള എല്ലാ ഉരകല്ലുകളും ഒഴിഞ്ഞുപോകാൻ അവൻ അനുവദിക്കുന്നില്ല. അതുകൊ് ഇന്നു കർത്താവ് നമുക്കു തെല്ലൊരു ഉയർച്ചയോ, വിജയകരമായ ശുശ്രൂഷനിമിത്തം തെല്ലൊരു പ്രോത്സാഹന മോ നൽകുന്ന പക്ഷം അതു വിനയപൂർവ്വം സ്വീകരിക്കുക. തന്റെ വേല യ്ക്കു നമ്മെ ഉപകരണമായി തെരഞ്ഞെടുക്കാൻ ദൈവത്തിനു പ്രസാദം തോന്നിയെന്നതൊഴിച്ചാൽ നമ്മുടെ യോഗ്യതയോ പ്രാപ്തിയോ ഇതിനു കാരണമല്ല. നമ്മുടെ അച്ചടക്കത്തിനും സ്വഭാവപക്വതയ്ക്കും ഉപയുക്ത മെന്ന നിലയിൽ നാളെ അനുഭവപ്പെടാവുന്ന താഴ്ത്തപ്പെടലുകളെ സ്വാഗതം ചെയ്യാനും നാം സന്നദ്ധരായിരിക്കണം. ഇന്നലത്തെ ഉയർച്ചയ്ക്കു ശേഷം ഇന്നുാകുന്ന താഴ്ച നമ്മെ അസ്വസ്ഥരാക്കുന്നുവെ ങ്കിൽ കരുതലോടെ ഇരിക്കുക. ആത്മീയമായി നാം വേിടത്തോളം സർവ്വതോമുഖമായ വളർച്ച പ്രാപിച്ചിട്ടില്ല. - Z'96, 19 (R 1919)

* * * * * *

ഗർവ്വമാനസൻ തന്നെക്കുറിച്ചുതന്നെ വലിയ മതിപ്പു പുലർത്തുന്നു. അവൻ സ്വാശ്രയിയും സ്വപ്രശസ്തി മോഹിക്കുന്നവനും ആകുന്നു. താഴ്മയുള്ളവർക്കാകട്ടെ തങ്ങളെപ്പറ്റി എളിയ അഭിപ്രായമായിരിക്കും ഉാ യിരിക്കുക. തങ്ങളിലല്ല, ദൈവത്തിലായിരിക്കും അവർ വിശ്വാസമർപ്പിക്കു ക. ദൈവേഷ്ടങ്ങൾക്കു തങ്ങളെ തന്നെ വിധേയരാക്കുകയും ചെയ്യും. ഗർവ്വികൾ, തങ്ങളുടെ കഴിവുകൾക്കും അർഹതയ്ക്കും അതീതമായ പദ വികൾ മോഹിച്ചു മിക്കപ്പോഴും മറ്റുള്ളവരെ ഒഴിവാക്കാൻ ശ്രമിക്കയും ദൈവനിയുക്തമായ ക്രമീകരണങ്ങളിൽ നിരന്തരം ഇടപെടുകയും ചെയ്യുന്നു. അങ്ങനെയുള്ളവരോട് എതിർക്കുക എന്നത് ദൈവത്തിന് അനിവാര്യമായിത്തീരുന്നു. വിനയബുദ്ധികൾക്കാകട്ടെ നിരന്തരം അഭ്യു ദയം നൽകുന്നു. അവരുടെ കഴിവുകളും യോഗ്യതയും അവരെ കൃപാപാത്രങ്ങളാക്കുന്നു. അവർ അതു സ്വാർത്ഥപ്രേരിതമായോ അവിഹി തമായോ ഉന്നം വെക്കുന്നതല്ല. - P'34, 95.

* * * * * *

**സമാന്തരവേദഭാഗങ്ങൾ:യാക്കോ.4:6-10;യെശ.57:15;66:2;മത്താ.20:26-28; മർക്കൊ.10:43-45; ഇയ്യോ.22:29; സദൃ.15:33;29:23; ദാനി.4:37; ലൂക്കൊ.14:11;18:14; 1പത്രൊ.5:6; സദൃ.18:12;22:4;3:34;16:5**

ചോദ്യങ്ങൾ :- ഈ വേദവാക്യത്തിന് അനുസൃതമായി ഈ ആഴ്ചയിലെ അനുഭവങ്ങൾ ഏതെല്ലാമായിരുന്നു? അവയെ എങ്ങനെ അഭിമുഖീക രിച്ചു? അവ ഏതിൽ പരിണമിച്ചു?

# ജൂൺ 15

***ദാവീദിന്റെ നിശ്ചലകൃപകൾ എന്നൊരു ശാശ്വതനിയമം ഞാൻ നിങ്ങളോടു ചെയ്യും - യെശ. 55 : 3***

നീതിക്കുവേി വിശക്കയും ദാഹിക്കയും ചെയ്യുന്നവർ, മാൻ നീർത്തോടുകൾക്കുവേി എന്നപോലെ ദൈവത്തിനായി വാഞ്ഛിക്കുന്നവർ, അവനെ കത്തെിയശേഷം അവനായി സമർപ്പിക്കയും പരിശുദ്ധാത്മാവിനാൽ അഭിഷിക്തരാകയും ചെയ്യുന്നവർ, ദൈവപുത്രന്മാരെന്ന് പരിശുദ്ധാത്മാവിനോടുകൂടെ സ്വന്തം ആത്മാക്കളുടെ സാക്ഷ്യം പ്രാപിച്ചവർ, അഭിഷിക്തപുത്രഭവനം എന്ന നിലയിൽ ഭക്തി, വിശ്വസ്തത, തീക്ഷ്ണത, വീര്യം, ധൈര്യം, വകതിരിവ് എന്നിങ്ങനെ ഉത്തമപുത്രസാധാരണമായ ഗുണോത്കർഷം തങ്ങളിൽതന്നെ കത്തൊൻ കഴിയുന്നവർ, ഇങ്ങനെയുള്ളവരോടാണ് കർത്താവ് ഒരു ശാശ്വതനിയമം ചെയ്തിരിക്കുന്നത്. "ദാവീദിന്റെ സുനിശ്ചിതകൃപകൾ" ഇവർക്ക് അവകാശപ്പെട്ടതാണ്. - Z'96, 29 (R 1936)

* * * * * *

ഉടമ്പടികൾ ഇരുവിധമാണ്. (1) ഒരു കക്ഷിക്ക് മറ്റു കക്ഷികളോട് നിരുപാധിക ബാധ്യതയുള്ള ഒരു വാഗ്ദാനം (2) ഇരുകക്ഷികൾക്കും പരസ്പരം സോപാധിക ബാധ്യതയുള്ള ഒരു കരാർ. ദാവീദിന്റെ നിശ്ചലകൃപകൾ എന്ന് ഇവിടെ പരാമർശിക്കുന്ന ഉടമ്പടി ആദ്യവിഭാഗത്തിൽപെടുന്നു. പ്രിയങ്കരൻ എന്നർത്ഥമുള്ള ദാവീദ് ക്രിസ്തുഗണമാണ്. ഈ ഗണത്തിന് അവകാശപ്പെട്ട വാഗ്ദാനങ്ങളാണ് ദാവീദിന്റെ സുനിശ്ചിതകൃപകൾ. ദൈവത്തിന്റെ ആണയാൽ ഉറപ്പിക്കപ്പെട്ടിട്ടുള്ളതുകൊാണ് സുനിശ്ചിതം എന്നു വിശേഷിപ്പിക്കപ്പെടുന്നത്. ശാശ്വതം എന്ന വിശേഷണമാകട്ടെ അവയുടെ പ്രയോജനങ്ങൾ നിത്യമായിരിക്കുന്നതുകൊാണ്. അവ അത്ഭുതകരമാംവിധം നമ്മുടെ പൈതൃകാവകാശമാണ്. കർത്താവിങ്കൽനിന്നു നമുക്കു ലഭിക്കുന്ന ഓഹരി എത്ര മഹനീയം! - P'33, 79.

* * * * * *

**സമാന്തരവേദഭാഗങ്ങൾ : ഉല്പ.22:16-18; 2ശമു.23:5; സങ്കീ.89:34-37; അപ്പൊ.13:34; റോമ.9:7-13; ഗലാ.3:8,9,14-19,26-29;4:21-31; എബ്രാ.6:13-20;11:17-19; 2കൊരി.1:20**

ചോദ്യങ്ങൾ :- വാഗ്ദത്തങ്ങൾ എന്നെ സംബന്ധിച്ചിടത്തോളം ഈ ആഴ്ചയിൽ എങ്ങനെ പ്രവർത്തിച്ചു? അവയെ ഞാൻ എങ്ങനെ കൈകാര്യം ചെയ്തു? അനന്തരഫലങ്ങൾ എന്തായിരുന്നു?

# ജൂൺ 16

***ഏതു ശിക്ഷയും തത്കാലം സന്തോഷകരമല്ല, ദുഃഖകരമാണെന്നു തോന്നും; പിന്നത്തേതിലോ അതിനാൽ അഭ്യാസം വന്നവർക്കു നീതി എന്ന സമാധാനഫലം ലഭിക്കും - എബ്രാ. 12 : 11***

എന്നെ ശക്തനാക്കുന്ന ക്രിസ്തു മുഖാന്തരം എനിക്ക് എല്ലാം ചെയ്യാൻ കഴിയും ഏതും സഹിക്കാൻ കഴിയും എന്ന് ശാന്തമായി പറയാൻ സാധിക്കുമാറ് സ്നേഹോദിതമായ ഒരു വിധേയത്വത്തിലേക്കു മനസ്സിനെ മരുക്കിയെടുക്കാൻ കഴിയുന്നത് ഇപ്രകാരമുള്ള ശിക്ഷണത്തിലൂടെയാണ്. പഴയ പ്രകൃതിയുടെ കീടം ക്രമേണ എരിഞ്ഞുതീരുകയും ശുദ്ധസ്വർണ്ണം ഉത്തരോത്തരം തെളിഞ്ഞുവരികയും ചെയ്യുന്നതനുസരിച്ച് ഈ അമൂല്യദേഹികൾ കർത്താവിന് അധികമധികം പ്രിയങ്കരരായിത്തീരും. തന്റെ കൃപ അവർക്കു താങ്ങും തന്റെ സാന്നിദ്ധ്യം അവർക്കു തണലും ആയിരിക്കുമാറ് ഏതു പ്രതിസന്ധിയിലും അവൻ അവർക്കു സമീപസ്ഥനായിരിക്കും. അത്രമേൽ അവർ അവനു വാത്സല്യഭാജനങ്ങളാണ്. ദുഃഖത്തിൻെറ കനത്ത കരിനിഴലുകളാണ്, സ്മരണ വിശ്രമം കത്തെുന്ന അതിവിശുദ്ധ സങ്കേതം. അവിടെയാണ് ഉദയനക്ഷത്രം പരമാവധി ഉജ്ജ്വലത്താകുന്നത്. - Z'96, 44 (R 1943)

*                *                *                *                *                *

ദൈവം കൈക്കൊള്ളുന്ന ശിക്ഷണനടപടിയാണ് ശാസന. അതിനു വിധേയരാകുന്നവർ തദവസരം സന്തുഷ്ടരല്ല, ദുഖിതരത്രേ. എന്നു വരികിലും ഈ ശിക്ഷണനടപടികളോടു വേവിധം പ്രതികരിക്കാൻ കഴിയുന്നവർക്കു ക്രിസ്തുവിനു സദൃശമായ സ്വഭാവമേന്മ ശാന്തമായി വളർത്തിയെടുക്കുക വഴി സഫലന്മാരാകാൻ കഴിയും. - P'32, 62.

*                *                *                *                *                *

**സമാന്തരവേദഭാഗങ്ങൾ : 1കൊരി.10:13; എബ്രാ.10:32-34; ഇയ്യോ.5:17; സദൃ.3:11,12; സങ്കീ.94:12;119:75; യാക്കോ.1:12; വെളി.3:19; അപ്പൊ.14:22; 1പത്രൊ.5:9; യാക്കോ.3:18**

ചോദ്യങ്ങൾ :- എന്തു ശിക്ഷണനടപടിയാണ് ഈ ആഴ്ചയിൽ എനിക്ക് അനുഭവപ്പെട്ടത്? അവയെ ഞാൻ എങ്ങനെ അഭിമുഖീകരിച്ചു? അവയുടെ ഫലമെന്തായിരുന്നു?

# ജൂൺ 17

***എന്നാൽ അവൻ വരുന്ന ദിവസത്തെ ആർക്കു സഹിക്കാം? അവൻ പ്രത്യക്ഷനാകുമ്പോൾ ആർ നിൽക്കും? അവൻ ഊതിക്കഴിക്കുന്നവന്റെ തീ പോലെ ......... ഇരുന്നുകൊ് ലേവി പുത്രന്മാരെ ശുദ്ധീകരിച്ചു പൊന്നു പോലെയും വെള്ളിപോലെയും നിർമ്മലീകരിക്കും - മലാ. 3 : 2, 3***

ആ മഹാശുദ്ധികാരകൻ നിങ്ങളുടെ സ്വഭാവമാകുന്ന വിലപ്പെട്ട ലോഹത്തിൽ അവന്റെ പ്രതിച്ഛായ എത്രത്തോളം തെളിവായി പതിയുന്നു എന്ന സൂക്ഷ്മനിരീക്ഷണത്തിലാണ്. ഓരോ പരീക്ഷാഘട്ടത്തിലും നമ്മുടെ പ്രവൃത്തികൾക്കു പ്രേരകമായ ഘടകമെന്തെന്ന് അവൻ സൂക്ഷ്മ പരിശോധന നടത്തുന്നു. ഒന്നുകിൽ അത് താത്ക്കാലികനേട്ടങ്ങളുടെ സ്വാധീനമോ, ലോകസാധാരണമായ നയമോ വ്യക്തിഗതമായ സൗഹൃദമോ, ഭർത്താവ്, ഭാര്യ, മക്കൾ എന്നുതുടങ്ങി ഭൗമികമായ സ്നേഹബന്ധങ്ങളോ എന്തുവിലകൊടുത്തുമുള്ള സമാധാനമോ ആയിരിക്കാം. അല്ലാത്തപക്ഷം സത്യത്തിന്റെയും നീതിയുടെയും കലവറയില്ലാത്ത തത്ത്വങ്ങളായിരിക്കാം നമ്മുടെ പ്രവൃത്തികളെ നിയന്ത്രിക്കുന്നത്. എന്തു വില കൊടുക്കേിവന്നാലും തീക്ഷ്ണതയോടും വീര്യത്തോടും ഈ തത്ത്വങ്ങളെ മുറുകെ പിടിക്കുമോ എന്നാണ് അവൻ നോക്കുന്നത്- Z'96, 45 (R 1943)

*           *           *           *           *           *

നമ്മുടെ കർത്താവിന്റെ ഒന്നാം വരവും രാം വരവും ദൈവജനത്തിന് അഗ്നിപരിശോധനയുടെ കാലഘട്ടങ്ങളായിട്ടാണ് അനുഭവപ്പെട്ടിട്ടുള്ളത്. സാന്നിദ്ധ്യത്തിന്റെ ഈ കാലഘട്ടങ്ങൾ ഓരോ ജഡിയയിസ്രയേല്യന്റെയും ആത്മീയ യിസ്രയേല്യന്റെയും ഹൃദയനിലയെ പരിശോധിക്കുന്ന ഉരകല്ലുകളായിരുന്നു. തീവ്രമായ ജീവിതാനുഭവങ്ങളാണ് അവർക്കു നേരിട്ടിട്ടുള്ളത്. ഈ പരീക്ഷകളെല്ലാം നമ്മുടെ കർത്താവിന്റെ മേൽവിചാരണയിൽ ആയിരുന്നു. ഒരുവൻ പുതിയ സൃഷ്ടിയോ അല്ലയോ എന്നു തെളിയുകയായിരുന്നു പറൂസിയ കാലഘട്ടത്തിലെ മുഖ്യവസ്തുത. എപ്പിഫനി കാലഘട്ടത്തിലാകട്ടെ ഒരുവൻ ചെറിയ ആട്ടിൻകൂട്ടത്തിലോ മഹാപുരുഷാരത്തിലോ ഉൾപ്പെടുന്നത് എന്നു തെളിയുകയാണ് പ്രധാനം. ഇരു കാലയളവിലും സ്വഭാവവും ഉപദേശവും പരിശോധിക്കപ്പെടുന്നു. P'26, 76.

*           *           *           *           *           *

**സമാന്തരവേദഭാഗങ്ങൾ : ഉല്പ.22:1; ആവ.8:2,5; ഇയ്യോ.1:8-2:10; ദാനി.12:10; യാക്കോ.1:2,3,12; 1പത്രൊ.1:6,7; എബ്രാ.12:1-14; യോവേ.2:11; വെളി.6:17**

ചോദ്യങ്ങൾ :- ഈ വേദവാക്യത്തോടനുബന്ധിച്ച് ഈ ആഴ്ചയിലെ അനുഭവങ്ങൾ എന്തെല്ലാമായിരുന്നു? അവയെ എങ്ങനെ നേരിട്ടു? അവ എന്തു ഫലമുളവാക്കി?

# ജൂൺ 18

***നിന്റെ സന്നിധിയിൽ സന്തോഷപരിപൂർണ്ണതയും; നിന്റെ വലത്തുഭാഗത്ത് എന്നും പ്രമോദങ്ങളും ഉ് - സങ്കീ. 16 : 11***

നാം എവിടെ ആയിരുന്നാലും കർത്തൃസാന്നിധ്യമുള്ളപക്ഷം സന്തോഷപൂർണ്ണതയു്. പ്രാർത്ഥന, തിരുവചനപഠനം, അവന്റെ നന്മകളെക്കുറിച്ചുള്ള ധ്യാനം, ദിവ്യപരിപാലനം, നമ്മുടെ വ്യക്തിഗതമായ അനുഭവങ്ങളിൽ വെളിപ്പെടുന്ന അവന്റെ കാരുണ്യം, ക്രിസ്തുവിൽ എല്ലാം ഉവ്വ് എന്നും ആമേൻ എന്നും ആയിരിക്കുന്ന അവന്റെ അമൂല്യവാഗ്ദാനങ്ങൾ എന്നിവ വഴി അവനോട് അടുത്തുചെന്നിട്ട് അവനുമായി ഉറ്റ സമ്പർക്കം പുലർത്താം. അങ്ങനെ "ദൈവത്തോട് അടുത്തുചെല്ലുവിൻ; എന്നാൽ അവൻ നിങ്ങളോട് അടുത്തുവരും" (യാക്കോ. 4:8), അവൻ തന്നെത്തന്നെ നിങ്ങൾക്കു വെളിപ്പെടുത്തുകയും നിങ്ങളോടുകൂടെ വസിക്കയും ചെയ്യും. തന്റെ കുഞ്ഞുങ്ങളെല്ലാം തന്നിൽ സൗഭാഗ്യശാലികളും നിരന്തരം സന്തോഷിക്കുന്നവരുമായിരിക്കണമെന്നാണ് വാസ്തവത്തിൽ ദൈവഹിതം. ഈ അനുഗ്രഹം ആർക്കെങ്കിലും പൂർണ്ണമായ അളവിൽ അനുഭവപ്പെടുന്നില്ലെങ്കിൽ അവന്റെ ജീവിതം അവകാശപ്പെട്ട പടിയോളം ഉയർന്നിട്ടില്ല എന്നാണർത്ഥം. - Z'96, 54 (R 1948)

* * * * * *

ദൈവസന്നിധി എന്നത് നാം യാഗവസ്തുക്കളായി അർപ്പിക്കപ്പെടുന്ന വർത്തമാനാവസ്ഥയിലും മഹത്ത്വീകരണം പ്രാപിക്കുന്ന ഭവിഷ്യായുസ്സിലും നമുക്കു ലഭിക്കുന്ന ദൈവപ്രീതിയുടെ അന്തരീക്ഷമാണ്. ഈ ര് അവസ്ഥയിലും സന്തോഷപരിപൂർണ്ണത അഥവാ അനുഭവക്ഷമതയുടെ പരമാവധി സന്തോഷം നമുക്ക് അവകാശമായിരിക്കും. അവന്റെ പരമമായ പ്രീതിക്കു പാത്രമാകുന്ന ക്രിസ്തുഗണം നിത്യമായ പ്രമോദങ്ങൾകൊു ധന്യരാകും. - P'36, 78.

* * * * * *

**സമാന്തരവേദഭാഗങ്ങൾ : അപ്പൊ.2:28; സദൃ.4:18; 1യോഹ.3:2; മത്താ.5:8; സങ്കീ.17:15;36:8; എബ്രാ.12:2; ലൂക്കൊ.14:14; യോഹ.6:39,40, 44,54;14:2,3,19; അപ്പൊ.2:26-28;26:6,7; 1കൊരി.15:40-57; 2കൊരി.5:1-5; ഫിലി.3:10,11,21; വെളി.20:4,6**

ചോദ്യങ്ങൾ :- ഈ ആഴ്ച ഈ വേദവാക്യം എന്നെ സംബന്ധിച്ച് എങ്ങനെ പ്രവർത്തിച്ചു? എന്റെ അനുദിന ജീവിതത്തിൽ അതിനെ ഞാൻ എങ്ങനെ ഉപയോഗപ്പെടുത്തി? പരിണതഫലങ്ങൾ ഏവ?

# ജൂൺ 19

***നീതിമാനു പ്രകാശവും (<u>സത്യം</u>) പരമാർത്ഥ ഹൃദയമുള്ളവർക്കു സന്തോഷവും (<u>സത്യം മൂലമുള്ള സന്തോഷം</u>) ഉദിക്കും - സങ്കീ. 97 : 11***

ദൈവത്തിന്റെ യഥാർത്ഥപൈതങ്ങൾ സത്യത്തെ സ്നേഹിക്കുന്നു. കാരണം അവർക്ക് അതിനോട് ഒരു പ്രതിപത്തി ഉ്. സത്യത്തെ കത്തെുമ്പോൾ അവർ അതിന്റെ വില മനസ്സിലാക്കുന്നു. അവർ അതിനെ വിലമതിക്കയും ധ്യാനവിഷയമാക്കുകയും ചെയ്യുന്നു. അത് അവർക്ക് ദൈവത്തെപ്പോലെയാണ്. അത് അവന്റെ മഹത്തായ നന്മയുടെ വെളിപ്പാടാണ്. സ്നേഹം, ശക്തി, ജ്ഞാനം, നീതി ഇവയിൽ അധിഷ്ഠിതമായ അവന്റെ സ്വഭാവത്തിന്റെ പ്രതിച്ഛായയാണ്. അതുകൊ് അവർ സത്യത്തെയും അതിന്റെ ദാതാവായ ദൈവത്തെയും സ്നേഹിക്കുന്നു. അവർ അതിനെ ഹൃദയത്തിൽ നിധിപോലെ സൂക്ഷിക്കുന്നു. ആവർത്തിച്ചാവർത്തിച്ച് അയവിറക്കുന്നു. അവർ അതിലേക്കു കടന്നു നോക്കുകയും അതിന്റെ ചന്തവും പൊരുത്തവും അഭിനന്ദനാർഹമായി കാണുകയും ചെയ്യുന്നമുറയ്ക്കു തങ്ങളുടെ സ്വഭാവങ്ങൾക്കും അതേ വടിവിൽ ചാരുത വരുത്തുവാൻ അവർ അധികമധികം അദ്ധ്വാനിക്കുന്നു. മറ്റുള്ളവരും ഈ സത്യത്താൽ അനുഗൃഹീതരാകേതിന് വാക്കിനാലും പ്രവൃത്തിയാലും അതിനെ അവരുടെ മുമ്പാകെ ഉയർത്തിപ്പിടിക്കുകയും ചെയ്യുന്നു - Z'96, 55 (R 1949)

* * * * * *

സ്വാഭാവിക വെളിച്ചം സ്വാഭാവിക നേത്രങ്ങൾക്കു മാർഗ്ഗദർശകമായിരിക്കുന്നതുപോലെ സത്യം ജ്ഞാനദൃഷ്ടികൾക്കു വഴി വ്യക്തമാക്കിക്കൊടുക്കുന്നു. ഹൃദയം നീതിയുടെ തത്ത്വങ്ങളുമായി പൊരുത്തപ്പെടുന്നവർക്കു മാത്രം ജ്ഞാനദൃഷ്ടി തുറന്നുകൊടുക്കുന്ന വിധമാണ് ദൈവത്തിന്റെ വഴികൾ. അല്ലാത്തവർക്കു സത്യം ദോഷകരമായിരിക്കും. സത്യം നീതിശാലികൾക്ക് ഒരനുഗ്രഹമാണ്. സത്യത്തിലൂടെ അവരും ഒരനുഗ്രഹമായിരിക്കും. അതുകൊ് അതിന്റെ അനുഗ്രഹങ്ങൾ അവരുടെ ഹൃദയങ്ങളെ സന്തോഷപൂർണ്ണമാക്കുന്നു. - P'30, 78.

* * * * * *

**സമാന്തരവേദഭാഗങ്ങൾ : ദാനി.2:28; ആമോ.3:7; റോമ.16:25,26; യോഹ.15:15; സങ്കീ.29:9,11; സദൃ.3:32; മത്താ.11:25;24:45-47; ലൂക്കൊ.8:10; 12:42-44; വെളി.19:9,10;22:8,9,16**

ചോദ്യങ്ങൾ :- സത്യത്തെ സ്വീകരിക്കുന്നതിന് ഞാൻ എന്തു വ്യവസ്ഥകൾ പാലിച്ചു? അതിൽ സഹായകവും പ്രതിബന്ധവും ആയി വർത്തിച്ചതെന്ത്?

# ജൂൺ 20

***ലോകത്തെയും ലോകത്തിലുള്ളതിനെയും സ്നേഹിക്കരുത്. ഒരുവൻ ലോകത്തെ സ്നേഹിക്കുന്നുവെങ്കിൽ അവനിൽ പിതാവിന്റെ സ്നേഹം ഇല്ല - 1 യോഹ. 2 : 15***

ലോകത്തോടുള്ള കൂട്ടായ്മ അതിന്റെ ആശയങ്ങളോട് യോജിക്കുന്നതും അതിന്റെ വഴികളോട് ഒത്തുപോകുന്നതുമാണ്. ഈ അർത്ഥത്തിൽ നാം അതിനെ സ്നേഹിക്കാതിരുന്നാൽമാത്രം പോരാ, അതിനോട് അകന്നു നിൽക്കുകയും അതിനെ എതിർക്കുകയും വേണം. ഇങ്ങനെ നമുക്കു നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന പാത കുറഞ്ഞപക്ഷം ചില കാര്യങ്ങളെ സംബന്ധിച്ചെങ്കിലും ദുർഗ്ഗമവും ഏകാന്തവുമാണ്. എന്നാൽ ഇതൊന്നു മാത്രമാണ് ശാന്തിയുടെയും സൗഭാഗ്യത്തിന്റെയും പാത, ഈ ലോകം അതിന്റെ രാഗമോഹങ്ങളോടുകൂടി ദ്രുതഗതിയിൽ ഒഴിഞ്ഞുപോകുന്നു. അതു പൊള്ളയും അതൃപ്തിജനകവുമാണ്. അത് അന്തിമമായി നാശത്തിലേക്കും ദൗർഭാഗ്യത്തിലേക്കും നയിക്കുന്നു. എന്നാൽ കർത്താവിന്റെ വഴികളിൽ സന്തോഷിക്കുന്നവർക്ക് അവനുമായി അനുഗൃഹീതമായ സംസർഗ്ഗവും കൂട്ടായ്മയും ഉ്. ലോകത്തിന് ഗ്രഹിക്കാൻ കഴിയാത്ത ഒന്നാണ് അവരുടെ പ്രമോദങ്ങളുടെ ഉറവിടം. അവർ ലോകത്തിൽ നിന്നു പ്രതീക്ഷിക്കാൻ കഴിയാത്ത ഉന്നതമായ ഒരു മേഖലയിൽ ജീവിക്കുന്നു. ശുദ്ധതരമായ വായു ശ്വസിക്കുന്നു. ഏറെ പാവനവും മധുരതരവുമായ ഈ സൗഹൃദം അനുഭവിക്കുന്നു. - Z'96, 67 (R 1955)

* * * * * *

ഇപ്പോൾ നിലവിലുള്ള വ്യവസ്ഥിതിയാണ് ഇവിടെ പറയുന്ന ലോകം. അതിന്റെ വിവിധ ഭാഗങ്ങളും വിചാരഗതികളുമാണ് ലോകത്തിലുള്ളവ. അവയെ സ്നേഹിക്കുക എന്നതിൽ തിന്മയോടുള്ള സഹാനുഭൂതി അടങ്ങിയിരിക്കുന്നു. വർത്തമാനകാലവ്യവസ്ഥിതിയോടും അതിന്റെ ഭാഗങ്ങളോടും ആശയഗതികളോടും സഹാനുഭൂതി പുലർത്തുവാനും ഒപ്പം കർത്താവിന്റെ ആത്മാവിനാൽ നിറയപ്പെട്ടും നിയന്ത്രിക്കപ്പെട്ടും ഇരിക്കുവാനും ഒരു ദൈവപൈതലിനു കഴിയുന്നതല്ല. കർത്താവിന്റെ ആത്മാവെന്നത് മുഖ്യമായും ദൈവസ്നേഹമാണ്. നമ്മുടെ നടത്തയുടെ നിയാമകശക്തിയായ ദിവ്യസ്നേഹം, അടുത്ത യുഗത്തിൽ പ്രാബല്യത്തിൽ വരുവാനിരിക്കുന്ന വ്യവസ്ഥിതിക്കുവേയുള്ള ദാഹം നമ്മിൽ ജനിപ്പിക്കുന്നു. ഈ ലോകത്തെയും ലോകത്തിലുള്ളവയെയും സ്നേഹിക്കുന്നതിൽനിന്ന് അതു നമ്മെ നിശ്ചയമായും തടയുന്നു. P'35, 102.

* * * * * *

**സമാന്തരവേദഭാഗങ്ങൾ : മത്താ. 6:24; ലൂക്കൊ.14:26; റോമ.12:2;8:5; ഗലാ.1:4;6:14; യാക്കോ.4:4,14; 1യോഹ.2:16,17;3:1,11-18;4:7-21; സങ്കീ.119:37; 39:6; 1കൊരി.7:31; 1പത്രൊ.1:24; 1കൊരി.13**

ചോദ്യങ്ങൾ :- ഈ ആഴ്ചയിൽ ദൈവസ്നേഹം എങ്ങനെയാണ് എന്റെ ഹൃദയത്തിൽനിന്നും ലോകസ്നേഹത്തെ പുറത്താക്കിയത്? അതിൽ സഹായകമോ പ്രതിബന്ധമോ ആയി വർത്തിച്ചതെന്ത്? ഫലമെന്തായിരുന്നു?

# ജൂൺ 21

***ഞാൻ സൗമ്യതയും താഴ്മയും ഉള്ളവൻ ആകയാൽ എന്റെ നുകം ഏറ്റുകൊ് എന്നോടു പഠിപ്പിൻ - മത്താ. 11 : 29***

വാസ്തവത്തിൽ സൗമ്യതയും പ്രശാന്തവുമായ മനസ്സാണു സ്വസ്ഥ തയുടെ രഹസ്യം. ക്ഷമാശീലം വളർത്തിയെടുക്കുക, ദൈവേഷ്ടത്തിന് സ്നേഹബുദ്ധ്യാ വിധേയപ്പെടുക, ദൈവത്തിന്റെ സ്നേഹത്തിലും പ രിപാലനത്തിലും നമുക്കു മാർഗ്ഗദർശനം നൽകുന്ന അവന്റെ ദിവ്യജ്ഞാന ത്തിലും അടിയുറച്ചു വിശ്വസിക്കുക, ദുഷ്കീർത്തി സത്ക്കീർത്തികളിലും അനുകൂലമോ പ്രതികൂലമോ ആയ സാഹചര്യങ്ങളിലും ഈ പാത ദൃഢന ിശ്ചയത്തോടെ പിന്തുടരുക ഇവയാണ് സൗമ്യതയുടെ ലക്ഷണം. ദൈവ ത്തിന്റെ വാത്സല്യഭാജനങ്ങളായ കുഞ്ഞുങ്ങൾ ക്രിസ്തുവിന്റെ സൗമ്യവും ശാന്തവുമായ സ്വഭാവത്തിന്റെ പകർപ്പുകളാകാൻ ഉത്തരോത്തരം യത്നി ക്കട്ടെ. കർത്താവു ചെയ്തതുപോലെ ദിവ്യവിചാരണകളെയും അവന്റെ നിയോഗങ്ങളെയും മാർഗ്ഗദർശനങ്ങളെയും അവർ അംഗീകരിക്ക ട്ടെ. അവന്റെ നുകം ഏറ്റുകൊ് അവനിൽനിന്നു പഠിക്കുന്നവർക്ക് അവനിൽ നിന്നു ലഭിക്കുന്നതും മറ്റാർക്കും നൽകാൻ കഴിയാത്തതുമായ ശക്തിയുടെ ആയുധം അവർ ധരിക്കട്ടെ - Z'96, 79 (R 1961)

* * * * * *

താൻ സൗമ്യതയുള്ളവനെന്നു കർത്താവു പറയുമ്പോൾ പഠിപ്പിക്ക പ്പെടാനും മരുക്കപ്പെടാനും തക്കനിലയിൽ താൻ ഹൃദയത്തിലും മന സ്സിലും കീഴ്വഴക്കമുള്ളവൻ എന്നാണർത്ഥം. താഴ്മയുള്ളവൻ എന്നതു തന്നെപ്പറ്റിയുള്ള ശരിയായ വിലയിരുത്തലിനെ കാണിക്കുന്നു. ഈ രു ഗുണങ്ങളും അനുകരണാർത്ഥം അവൻ നമ്മുടെ മുമ്പിൽ ഉയർത്തിപ്പിടി ക്കുന്നു. ഈ ഗുണങ്ങൾ അവന്റെ സ്വഭാവത്തിനുതന്നെ ഭൂഷണമായെ ങ്കിൽ പ്രകൃത്യാ ദുർബലരും മാർഗ്ഗഭ്രംശം ഭവിച്ചവരുമായ നമുക്ക് അവ എത്രമേൽ അനുയോജ്യമാണ്. അവനിൽനിന്നും ഈ വിശേഷഗുണ ങ്ങളെ നമുക്കു പഠിക്കാം. - P'34, 95.

* * * * * *

**സമാന്തരവേദഭാഗങ്ങൾ : മത്താ. 7:29;22:16;23:8; യോഹ.3:2;13:15; സെഖ.9:9; യെശ.50:5,6;53:7; മത്താ.26:49-53; 2കൊരി.10:1; മത്താ.9:10; ലൂക്കൊ.22:27; അപ്പൊ.8:32,33; ഫിലി.2:5-8**

ചോദ്യങ്ങൾ :- ഞാൻ ഈ ആഴ്ചയിൽ സൗമ്യതയിലും താഴ്മയിലും ക്രിസ്തുവിനെ പഠിച്ചുവോ? എങ്ങനെ? എന്തുകൊ്? ഏതു സാഹചര്യങ്ങളിൽ? ഫലമെന്തായിരുന്നു?

# ജൂൺ 22

***ഗൃഹവിചാരകന്മാരിൽ അന്വേഷിക്കുന്നതോ അവർ വിശ്വസ്തരായിരിക്കേണം എന്നത്രേ.... ഓരോരുത്തന് അവനവന്റെ പ്രാപ്തി പോലെ. - 1 കൊരി. 4 : 2; മത്താ. 25 : 15***

"റാത്തൽ" എല്ലാവർക്കും ഒന്നുതന്നെ എന്നത് ദൈവജനങ്ങൾക്കെല്ലാം തുല്യമായിരിക്കുന്ന ദിവ്യകാരുണ്യത്തെ കാണിക്കാൻ വളരെ യോജിച്ചിരിക്കുന്നു. ആ "റാത്തൽ" നീതീകരണമാണ്. ഇതരസിദ്ധികൾക്കു നമ്മുടെ സ്വാഭാവികമായ അവസരങ്ങൾക്കനുസരിച്ച് അളവിൽ വ്യത്യാസമുണ്ട്. അവ സാമാന്യമായി പിതാവായ ദൈവത്തിൽ നിന്നാണു താനും. ഇതിന് ഉദാഹരണമാണ് വചനവും ആത്മാവും. നമ്മുടെ നീതീകരണമാകട്ടെ ദൈവത്തിന്റെ ആലോചനപ്രകാരമുള്ളതെങ്കിലും യേശുവിൽ നിന്നുള്ള ദാനമാണ്. കാരണം അവൻ തന്റെ വിലയേറിയ രക്തം അതിനുവേി കൊടുത്തു. ആ ഒരു "റാത്തൽ" എല്ലാവരെയും പൊതുവായ ഒരു അടിസ്ഥാനത്തിൽ നിറുത്തുന്നു. എല്ലാവരും അംഗീകരിക്കപ്പെട്ട ഭൃത്യന്മാരും പീഡാനുഭവങ്ങൾവഴി തീക്ഷ്ണത തെളിയിക്കാൻ അനുവദിക്കപ്പെട്ടവരും എന്നുവരുന്നു. എന്നാൽ "താലന്തുകൾ" ഓരോരുത്തന്റെയും കഴിവിനനുസരിച്ചു വിതരണം ചെയ്യപ്പെടുന്നു എന്നതുകൊ്, നമ്മുടെ കഴിവിന്റെ അടിസ്ഥാനത്തിൽ ദൈവസേവയ്ക്കു നൽകപ്പെടുന്ന അവസരങ്ങളെയാണ് കാണിക്കുന്നത്. വിദ്യാഭ്യാസം, ധനശേഷി, സ്വാധീനം, ആരോഗ്യം, സമയം, നയവൈഭവം, ബുദ്ധിശക്തി മുതലായവയും ദൈവിക ശുശ്രൂഷയിൽ അവ ഉപയോഗപ്പെടുത്തുവാനുള്ള അവസരങ്ങളും താലന്തുകളിൽ പെടുന്നു. - Z'07, 63 (R 1972)

* * * * * *

മറ്റൊരുവന്റെ വസ്തുവകകളുടെ കൈകാര്യകർത്തൃത്വം ഭരമേൽപ്പിക്കപ്പെട്ട ഒരുവനാണ് ഗൃഹവിചാരകൻ. ഇങ്ങനെ അവനെ ചുമതല ഏല്പിക്കുന്നവന് അവനിൽനിന്നു വിശ്വസ്തത പ്രതീക്ഷിക്കാൻ അവകാശമു്,. നാം യഹോവയ്ക്കു സമർപ്പിച്ചിടത്തോളം അവന്റെ വകകളുടെ മേൽ അവൻ നമ്മെ കാര്യസ്ഥന്മാരാക്കുന്നു. ഈ ഗൃഹവിചാരകത്വത്തിൽ നാം വിശ്വസ്തരായിരിക്കണമെന്ന് അവൻ പ്രതീക്ഷിക്കുന്നു. നമ്മുടെ കാര്യവിചാരകത്വത്തിന്റെ നിർവ്വഹണത്തിന് വേ അവസരങ്ങൾ ദൈവഭാഗത്തു നിന്നു നമുക്കു നൽകപ്പെടുന്നു. ഇക്കാര്യത്തിലുള്ള അവന്റെ ദിവ്യകരുണ നമ്മിൽനിന്നു പരമാവധി വിശ്വസ്തസേവനത്തിന് അർഹമാണ്.- P'33, 79.

* * * * * *

**സമാന്തരവേദഭാഗങ്ങൾ : 1കൊരി.2:3,4; 2കൊരി.3:4,5;6:1-10; മത്താ.25:14-30; ലൂക്കൊ.12:37,38,42-48;16:10-12;19:13-27; റോമ.12:6-8; 1കൊരി.12:7,11,29; എഫെ.4:11; തീത്തൊ.1:7; 1പത്രൊ.4:10**

ചോദ്യങ്ങൾ :- കഴിവിനനുസൃതമായി ഈ ആഴ്ചയിൽ ഞാൻ ഒരു വിശ്വസ്ത ഗൃഹവിചാരകൻ ആയിരുന്നുവോ? അതിനു സഹായകമായി വർത്തിച്ചതെന്ത്? തടസ്സം സൃഷ്ടിച്ചതെന്ത്? പരിണതഫലങ്ങൾ എന്തായിരുന്നു?

# ജൂൺ 23

***നല്ല നിലത്തു വിതയ്ക്കപ്പെട്ടതോ ഒരുത്തൻ വചനം കേട്ടു ഗ്രഹിക്കുന്നത് ആകുന്നു; അതു വിളഞ്ഞു നൂറും അറുപതും മുപ്പതും മേനി നൽകുന്നു - മത്താ. 13 : 23***

വിളവിൽ മുപ്പതും അറുപതും നൂറും മേനി എന്നും പത്തു റാത്തൽ അഞ്ചു റാത്തൽ എന്നുമുള്ള വ്യത്യാസങ്ങൾ, കൃപാവരങ്ങളെ ഉപയോഗപ്പെടുത്തുന്നതിലുള്ള അവിശ്വസ്തതയേക്കാൾ കീഴടക്കേ പ്രതിബന്ധങ്ങളിലുള്ള ഏറ്റക്കുറവിനെയാണു കുറിക്കുന്നത്. ശ്രദ്ധാപൂർവ്വമായ ദീർഘകാല പരിശ്രമത്തിനു ചിലർക്കു ലഭിക്കുന്ന ഫലം തുച്ഛമായിരിക്കും. കൂടുതൽ നിശ്ചയദാർഢ്യവും സ്ഥിരോത്സാഹവും ഉള്ളവർക്ക് അത്രയും പ്രയത്നംകൊ് അതിലേറെ നേട്ടമുാകാം. പിന്നീടു കരകയറാൻ കഴിഞ്ഞാലും ചിലരെ സംബന്ധിച്ച് ഇടയ്ക്കിടയ്ക്കു നേരിടുന്ന പിന്മാറ്റവും സ്ഖലിതവും സമയനഷ്ടത്തിനും അവസരനഷ്ടത്തിനും വഴി വയ്ക്കുന്നു. അവർക്കു പാപക്ഷമയും ദൈവകൃപയിലേക്ക് ഔദാര്യപൂർവ്വമായ യഥാസ്ഥാപനവും ലഭിക്കയും തദനന്തരം അന്ത്യംവരെ ക്ഷമയോടും സൂക്ഷ്മതയോടും കൂടെ ഓടുകയും ചെയ്താലും നഷ്ടപ്പെട്ട സമയവും അവസരങ്ങളും വീടെടുക്കുവാൻ കഴിയുന്നതല്ല. - Z'96, 99 (R 1972)

* * * * * *

പലയിനം മണ്ണ് വ്യത്യസ്തസ്വഭാവമുള്ള ശ്രോതാക്കളെ കാണിക്കുന്നു. നല്ലനിലം വിശ്വസ്തന്മാരുടെ പ്രതീകമാണ്. വചനം ഗ്രഹിച്ച് അതു ചിന്താവിഷയമാക്കി ഹൃദയത്തിന്റെയും മനസ്സിന്റെയും നിർമ്മലീകരണത്തിന്, അതിനെ സസൂക്ഷ്മം പ്രയോജനപ്പെടുത്തുന്നവരാണ് വിശ്വസ്തന്മാർ. അതിലുള്ള തീക്ഷ്ണതയ്ക്കാനുപാതികമായി അവർ ഫലം കായ്ക്കുന്നു. ഈ വിഷയത്തിലുള്ള തീക്ഷ്ണതയെ ആശ്രയിച്ചിരിക്കും അവരുടെ ഒടുവിലത്തെ സ്ഥിതി. - P'32, 62.

* * * * * *

**സമാന്തരവേദഭാഗങ്ങൾ : ഉല്പ.26:12; സങ്കീ.111:11; യെശ.55:10,11; മത്താ.13:3-8,18-23;25:20-23; ലൂക്കൊ.6:43-45;19:6-9; യോഹ.12:24;15:5,8,16; 1പത്രൊ.1:23; റോമ.6:22; ഗലാ.5:22,23; ഫിലി.1:11;4:17; കൊലൊ.1:6; എബ്രാ.12:11; യാക്കോ.3:18**

ചോദ്യങ്ങൾ :- ഈ ആഴ്ചയിൽ ഞാൻ വചനം എങ്ങനെ കൈകാര്യം ചെയ്തു? അതിൽനിന്നും ഞാൻ എന്തു നേട്ടങ്ങൾ കൈവരിച്ചു?

# ജൂൺ 24

***നാം മക്കളെങ്കിലോ അവകാശികളും ആകുന്നു; ദൈവത്തിന്റെ അവകാശികളും ക്രിസ്തുവിനു കൂട്ടവകാശികളും തന്നെ; നാം അവനോടുകൂടെ തേജസ്ക്കരിക്കപ്പെടേതിന് അവനോടുകൂടെ കഷ്ടമനുഭവിക്കണം - റോമ. 8 : 17***

നമ്മുടെ ഗുരുവിനോടുള്ള പെരുമാറ്റത്തിൽ ഉദാഹരിക്കപ്പെട്ട ദൈവേഷ്ടത്തിന്റെ വെളിച്ചത്തിൽ പിതാവിനു നമ്മെ സംബന്ധിച്ചുള്ള നിർണ്ണയം പരിശോധിക്കുമ്പോൾ, എല്ലാ വേദനകളിൽനിന്നും പരീക്ഷകളിൽനിന്നും ക്ലേശങ്ങളിൽ നിന്നും നമ്മെ കാത്തുകൊള്ളുകയും, പൂക്കൾ വിരിച്ച വഴിയിലൂടെ മഹത്ത്വത്തിലേക്കുള്ള ജൈത്രയാത്ര സാധ്യമാക്കുകയുമല്ല അവന്റെ ഇഷ്ടമെന്നു നമുക്കു തത്ക്ഷണം ഉറപ്പിക്കാം. മുഴുലോകത്തിന്റെയും പാപശാന്തിക്കായി മാത്രമല്ല, ശിഷ്യഗണത്തിനാകെ മാതൃകയായിട്ടുകൂടി ദൈവം നിറുത്തിയിരിക്കുന്ന ക്രിസ്തുവിന്റെ കാൽച്ചുവടുകളെ നാം അനുയാത്ര ചെയ്യുന്നപക്ഷം നമ്മുടെ ജീവിതഗതി നേരെമറിച്ചായിരിക്കണം. ദൈവത്തിന്റെ ഹിതത്തെയും നിർണ്ണയത്തെയും പറ്റിയുള്ള ഈ അറിവ് മഹത്ത്വത്തിലേക്കു ദിവ്യജ്ഞാനം നിശ്ചയിച്ചിരിക്കുന്ന വേദനയുടെയും ക്ലേശത്തിന്റെയും പാതയിൽനിന്നുള്ള മോചനത്തിന് ആശിക്കുകയോ പ്രാർത്ഥിക്കുകയോ ചെയ്യരുതെന്ന പാഠം നമുക്കു നൽകുന്നു. - Z'96, 151 (R 1997)

* * * * * *

ദൈവാത്മാവുള്ള നാം ദൈവമക്കളാണ്. ആ നിലയിൽ അതിമഹത്തായ ഒരു പൈതൃകാവകാശം നമുക്കു പ്രതീക്ഷിക്കാം. മുഖ്യാവകാശിയായ ക്രിസ്തുവിനു വിധേയമായും ക്രിസ്തുവിനോടുകൂടെയുമുള്ള നമ്മുടെ പൈതൃകാവകാശം അനന്തതയിലുടനീളം അവിച്ഛിന്നമായിരിക്കും. അങ്ങനെയിരിക്കെ ഈ അവകാശത്തിന് ആരാണ് യോഗ്യരായി എണ്ണപ്പെടുക? പിതാവിനോടും പുത്രനോടും സത്യത്തോടുമുള്ള ഭക്തിയാൽ പ്രേരിതരായി ദൈവത്തിന്റെ ആത്മാവിൽ സഹോദരവർഗ്ഗത്തിനും മാനവരാശിക്കും വേി ക്രിസ്തുവിനോടുകൂടെ കഷ്ടം അനുഭവിക്കാൻ സന്നദ്ധരാകുന്നവർ മാത്രമേ ഈ അവകാശത്തിനു യോഗ്യരായി എണ്ണപ്പെടുകയുള്ളു.. - P'26, 76.

* * * * * *

**സമാന്തരവേദഭാഗങ്ങൾ: എബ്രാ.2:10; 2തിമൊ.2:10-13; കൊലൊ.3:4; 1പത്രൊ.5:10; 2തെസ്സ.2:14; റോമ.8:18;9:23; 2കൊരി.4:16-18; യെശ.60:14-22; 1കൊരി.15:41-57; ഫിലി.3:21**

ചോദ്യങ്ങൾ :- ക്രിസ്തുവിനോടൊത്തു കഷ്ടം സഹിക്കുന്നതിനിടയിലും ഈ ആഴ്ച ഞാൻ രാജ്യത്തിന്റെ പ്രത്യാശയിൽ ആയിരുന്നുവോ? അത് എന്റെ മനസ്സിനെ എങ്ങനെ സ്വാധീനിച്ചു?

# ജൂൺ 25

***പ്രാർത്ഥനയിൽ ഉറ്റിരിപ്പിൻ; സ്തോത്രത്തോടെ അതിൽ ജാഗരിപ്പിൻ - കൊലൊ. 4 : 2***

വിശ്വാസത്തെയും ക്ഷമയെയും പരീക്ഷിക്കുന്ന ഏതനുഭവവും വാഗ്ദത്തം ചെയ്യപ്പെട്ടിരിക്കുന്ന സഹായത്തിനായി പ്രാർത്ഥിക്കാനുള്ള അവസരമാണ്. ഓരോ തോൽവിയും ദൈവാനുഗ്രഹത്തിനെന്നപോലെ ക്ഷമയ്ക്കുവേിയും പ്രാർത്ഥനയിൽ ജാഗരിക്കാനുള്ള അവസരമാണ്. സ്വന്തം ദൗർബല്യത്തിന്റെ പാഠം ആഴത്തിൽ ബോധപ്പെട്ടിട്ട് സമാനമായ മറ്റൊരു പരീക്ഷാസന്ദർഭത്തിൽ വാഗ്ദത്തം ചെയ്യപ്പെട്ടിരിക്കുന്ന "സഹായകൃപയ്ക്കായി" തത്ക്ഷണം യാചിക്കയും അതു പിടിച്ചുകൊൾകയും വേണം. നാം അഹങ്കരിച്ചും ചീർത്തും പോകാതെ ബലവാനായ വൈരിയിൽനിന്നുള്ള അടുത്ത ആക്രമണത്തെ നേരിടാൻ വേ വിനയത്തിനും ജാഗരണത്തിനുമായി പ്രാർത്ഥിപ്പാനുള്ള അവസരമാണ് സ്വയത്തിന്മേലുള്ള ഓരോ വിജയവും സത്യത്തിനുവേി പ്രവർത്തിപ്പാൻ ലഭിക്കുന്ന ഏതവസരവും സ്തോത്രാർപ്പണത്തിനുള്ളതാണ്. എന്തെന്നാൽ രാജാധിരാജാവിനെ സേവിക്കുക എന്ന പദവിയിൽ നാം ഭാഗഭാക്കുകളാകുന്നു. ഒരുവേള അവന്റെ കാര്യത്തിനുവേി തെല്ലെങ്കിലും യാതന അനുഭവിപ്പാനുള്ള ഭാഗ്യവും ലഭിച്ചിരിക്കാം. ശുശ്രൂഷയ്ക്കുള്ള അവസരങ്ങൾ തുടർന്നും ലഭിക്കുകയും അവ വിവേകപൂർവ്വം പ്രയോജനപ്പെടുത്തുകയും ചെയ്യുന്നതിനുള്ള കൃപയ്ക്കായി യാചിക്കുന്നതിനും ഇതു കാരണമാകുന്നു - Z'96, 163(R 2004)

* * * * * *

വചനരൂപമായോ അല്ലാതെയോ നല്ല കാര്യങ്ങൾക്കായി ദൈവത്തിങ്കലേക്കുയരുന്ന നിഷ്ക്കളങ്കമായ ഹൃദയവാഞ്ഛയാണ് പ്രാർത്ഥന. യാചനകൾക്കു മറുപടി ആഗ്രഹിക്കുന്നുവെങ്കിൽ അവ ദൈവത്തിനു സ്വീകാര്യമാകേതിന്, എന്താണ് നാം യാചിക്കുന്നത് യാചനയ്ക്കു പ്രേരകമായ ആവശ്യബോധം എന്ത് അതു ബോധിപ്പിക്കുന്ന വിധമെന്ത് എന്നിവയെപ്പറ്റി നിതാന്തജാഗ്രതയോടെ പ്രാർത്ഥനയിൽ നാം ഉറ്റിരിക്കണം. മുമ്പു ലഭിച്ചിട്ടുള്ള കൃപകൾക്കു കൃതജ്ഞത പ്രകാശിപ്പിക്കുന്നതിന് പ്രാർത്ഥനയിൽ വലിയ സ്ഥാനം നൽകണം. - P'36, 79.

* * * * * *

**സമാന്തരവേദഭാഗങ്ങൾ : ഉല്പ.32:24-28; 1ദിന.16:11,35; സങ്കീ.145:18; ലൂക്കൊ.11:1-13;18:1-7; എഫെ.5:4,19,20;6:18,19; ഫിലി.4:6; 1തെസ്സ.5:17,18; 1തിമൊ.2:1,8; എബ്രാ.4:16; യാക്കൊ.5:16; യൂദാ.20; വെളി.5:8;8:3,4; മത്താ.26:41; അപ്പൊ.20:28-31; 1പത്രൊ.1:13,17;4:7; കൊലൊ.3:15-17**

ചോദ്യങ്ങൾ :- ഈ ആഴ്ച ജാഗരണത്തോടും സ്തോത്രത്തോടും കൂടെയുള്ള പ്രാർത്ഥനയുടെ ഒരാഴ്ച ആയിരുന്നുവോ? എങ്ങനെ അപ്രകാരമായി? അതിന്റെ ഫലമെന്തായിരുന്നു?

# ജൂൺ 26

***അതുകൊു വിശുദ്ധ സഹോദരന്മാരേ, സ്വർഗ്ഗീയ വിളിക്ക് ഓഹരിക്കാരായുള്ളോരേ, നാം സ്വീകരിച്ചുപറയുന്ന അപ്പൊസ്തൊലനും മഹാപുരോഹിതനുമായ യേശുവിനെ ശ്രദ്ധിച്ചു നോക്കുവിൻ - എബ്രാ. 3 : 1***

"ക്രിസ്തുശരീര"ത്തിലെ അവയവങ്ങൾ ലോകത്തിന്റെ അവശതകളിൽ നിർവികാരികളായിരിക്കരുതെന്നു ദൈവം ആഗ്രഹിക്കുന്നു. എന്തന്നാൽ അവർ രാജ്യത്തിൽ അധികാരത്തിലേക്ക് ഉയർത്തപ്പെടുകയും രാജകീയപുരോഹിതഗണം എന്ന നിലയിൽ ലോകത്തിനു ന്യായപാലനം ചെയ്യുകയും ചെയ്യുമ്പോൾ അവർക്ക് ആർദ്രതയും സഹതാപവും മഹാമനസ്കതയും ഉായിരിക്കേതാണ്. വീഴ്ചഭവിച്ച വർഗ്ഗത്തിന്റെ വൈകല്യങ്ങളൊന്നും തീാതെ നിർമ്മലനും, നിർദ്ദോഷനും, പാപികളോടു വേർപെട്ടവനുമായിരുന്നിട്ടും നമ്മുടെ കർത്താവും ഗുരുവുമായവൻ നമ്മുടെ ബലഹീനതകളിൽ സഹതപിക്കുന്ന വിശ്വസ്ത മഹാപുരോഹിതനായിരിക്കേതിന് മനുഷ്യരിൽനിന്നു രോഗങ്ങളും ബലഹീനതകളും ഏറ്റെടുക്കേിയിരുന്നു. മഹാപുരോഹിതന് അവന്റെ ഔദ്യോഗിക പദവിക്കും കൃത്യനിർവ്വഹണത്തിനും ഒരുക്കപ്പെടേതിന് ആവശ്യമായിരുന്ന പാഠങ്ങൾ അവനോടുകൂടെ കഷ്ടം അനുഭവിക്കുന്നതിനും വാഴുന്നതിനും വിളിക്കപ്പെട്ട ഉപപുരോഹിതന്മാർക്ക് ആവശ്യമില്ല എന്നു വിചാരിക്കുന്നത് തികച്ചും യുക്തിവിരുദ്ധമാണ്- Z'96, 208 (R 2028)

* * * * * *

കർത്താവിനു സമർപ്പിക്കപ്പെട്ടതുകൊാണ് സഹോദരന്മാർ വിശുദ്ധരാകുന്നത്. അവർ സ്വർഗ്ഗീയ വിളിക്ക് ഓഹരിക്കാരാണ്. എന്തെന്നാൽ പിതാവിനാൽ വിളിക്കപ്പെട്ടിട്ട് അവർ ആ വിളി അംഗീകരിക്കയും പരിശുദ്ധാത്മാവിനെ പ്രാപിക്കയും ചെയ്തു. പിതാവിനാൽ അയയ്ക്കപ്പെട്ടവനും, തങ്ങളുടെ പൗരോഹിത്യ കൂറിന്റെ മഹാചാര്യനും എന്ന നിലയിൽ ക്രിസ്തുവിനെ ധ്യാനവിഷയമാക്കുന്നതാണ് അവരുടെ പ്രയോജനകരമായ പ്രവർത്തനങ്ങളിൽ ഒന്ന്. ഇത് അവന്റെ കാൽച്ചുവടുകളെ പിന്തുടരാൻ അവരെ പ്രാപ്തരാക്കുന്നു - P'30, 78.

* * * * * *

**സമാന്തരവേദഭാഗങ്ങൾ : യെശ.53; യോഹ.19:5; ഫിലി.2:5-11;3:14; 2തിമൊ.1:9; 2പത്രൊ.1:10; എബ്രാ.2:9,17,18;4:14;5:5;6:20;8:1;9:11;10:21;12:2,3; 1പത്രൊ.2:21**

ചോദ്യങ്ങൾ :- യേശുവിനെ ശ്രദ്ധിക്കുന്നതിനാൽ എനിക്ക് എന്തു നേട്ടമുായി? എനിക്ക് അതിൽ എങ്ങനെ പുരോഗതി കൈവരിക്കാൻ കഴിയും?

# ജൂൺ 27

***ഞങ്ങളെ നിങ്ങളോടുകൂടെ ക്രിസ്തുവിൽ ഉറപ്പിക്കുന്നതും നമ്മെ അഭിഷേകം ചെയ്തതും ദൈവമല്ലോ. അവൻ നമ്മെ മുദ്രയിട്ടും ആത്മാവെന്ന അച്ചാരം നമ്മുടെ ഹൃദയങ്ങളിൽ തന്നുമിരിക്കുന്നു - 2 കൊരി. 1 : 21, 22***

ക്രിസ്തുവിന്റെ ആത്മാവ് ഉായിരിക്കുക എന്നതാണ് യഥാർത്ഥ ശിഷ്യത്വത്തിന്റെ മുദ്ര അഥവാ ലക്ഷണം. ഈ പരിശുദ്ധാത്മാവിന്റെ പ്രവർത്തനം പ്രകടമാകുന്നതു മൂന്നു വിധത്തിലാണ് : (1) ദൈവത്തോടുള്ള പരമമായ സ്നേഹവും എന്തുവില കൊടുക്കേിവന്നാലും അവന്റെ നാമത്തോടുള്ള വിശ്വസ്തത മുറുകെപ്പിടിക്കുന്നതിലുള്ള സന്തോഷവും; (2) സഹോദരങ്ങളോടുള്ള നിസ്സ്വാർത്ഥവും, ശ്രേഷ്ഠവും നിഷ്ക്കളങ്കവുമായ സ്നേഹം; അവരുടെ ക്ഷേമത്തിലുള്ള വാഞ്ഛനിമിത്തം അവർക്കു നന്മ ചെയ്യുന്നതിലുള്ള നിരന്തരശ്രദ്ധ; (3) അവസരം കിട്ടുന്നതിനനുസരിച്ച് സത്പ്രവൃത്തികൾക്കു പ്രേരകമാകുമാറ് ലോകത്തോടുള്ള സ്നേഹവും സഹതാപവും അതോടൊപ്പം എപ്പോഴും എല്ലാവരോടും സമാധാനമായിരിപ്പാനുള്ള ആഗ്രഹവും ശ്രമവും. - Z'96, 212 (R 2032)

* * * * * *

ദൈവത്തിന്റെ ജനം ക്രിസ്തുവിന്റെ ശിഷ്യന്മാർ എന്ന നിലയിൽ ദൈവത്താൽ തന്നെ നീക്കുപോക്കുകൾക്കുതകുംവിധം അന്യോന്യം കൂട്ടിയിണക്കപ്പെട്ടിരിക്കുന്നു. ക്രിസ്തുവിന്റെ ശരീരാവയവങ്ങൾ എന്ന നിലയിൽ അവർ നിരന്തരം വളർന്ന് യഥാസ്ഥാനം ദൃഢപ്പെടുവാൻ അവന്റെ അഭിഷേകം വഴി അവരെ സഹായിക്കുന്നു. അതുപോലെ അവനോടും അവൻ ഏർപ്പെടുത്തിയിട്ടുള്ള ക്രമീകരണങ്ങളോടും അവർക്കു സഹാനുഭൂതിയിൽ നിന്നുള്ള ഏകീഭാവവും സഹകരണവും ജനിക്കുകവഴി അവൻ അവരിൽ ആത്മാവിന്റെ മുദ്ര പ്രാവർത്തികമാക്കുന്നു - P'35, 102.

* * * * * *

**സമാന്തരവേദഭാഗങ്ങൾ : റോമ.16:25; കൊലൊ.2:7; 1പത്രൊ.5:10; അപ്പൊ.10:38; മത്താ.3:16,17; 1യോഹ.2:20,27; 1കൊരി.12:12,13; ഗലാ.2:20; 3:16,29; എഫെ.4:13; 2കൊരി.5:5; എഫെ.1:13,14;4:30; റോമ.8:9,14-16;5:5; 2തിമൊ.2:19**

ചോദ്യങ്ങൾ :- ഉറപ്പിക്കുകയും അഭിഷേകം ചെയ്യുകയും മുദ്രയിടുകയും ചെയ്യുന്ന ദൈവത്തിന്റെ പ്രവൃത്തി എനിക്ക് ഈ ആഴ്ച എങ്ങനെ അനുഭവപ്പെട്ടു? ഏതു പരിതസ്ഥിതികളിൽ? അത് എന്തു നേട്ടമുളവാക്കി?

# ജൂൺ 28

***നിനക്കുതന്നെ നീ ജ്ഞാനിയായി തോന്നരുത്; യഹോവയെ ഭയ പ്പെട്ടു ദോഷം വിട്ടുമാറുക - സദൃ. 3 : 7***

ദൈവപൈതലിന് ആത്മവഞ്ചനയേക്കാൾ ആപൽക്കരമായി മറ്റൊന്നുമില്ല. അത് യഥാർത്ഥപുരോഗതിക്കും ഹൃദയനവീകരണത്തിനും മാർഗ്ഗതടസ്സം സൃഷ്ടിക്കുന്നു. നാം മറ്റുള്ളവർക്ക്, വിശേഷിച്ച് ദൈവസേവയിൽ പ്രയോജനപ്പെടുന്നതിന് പ്രതിബന്ധമായിത്തീരുന്നു. എന്തെന്നാൽ “ദൈവം നിഗളികളോട് എതിർത്തു നിൽക്കുന്നു, താഴ്മയുള്ളവർക്കോ കൃപ നൽകുന്നു” എന്നാണ് തിരുവെഴുത്തു പറയുന്നത്. ജ്ഞാനം ഉപദേശിക്കുന്നത് ആത്മവിശ്വാസമല്ല, തന്നിൽതന്നെ വിശ്വാസം അർപ്പിക്കരുതെന്നാണ്. സ്വയത്തിന്റെ ദൗർബല്യങ്ങളും അപൂർണ്ണതകളും മനസ്സിലാക്കുന്നതിനനുസരണമായി ദൈവത്തെ സംബന്ധിച്ചു മതിപ്പും അവനിലുള്ള ആശ്രയവും ഏറുമെന്നതുകൊണ്ടാണത്. ഇതു മറ്റെന്തിലുമുപരിയായി നമ്മുടെ പതിതാവസ്ഥയുടെ ദോഷങ്ങളിൽനിന്ന് അകന്നുനിൽക്കുന്നതിനു നമ്മെ ശക്തരാക്കും. - Z'96, 263 (R 2060)

* * * * * *

ഒരുവന് തന്നെത്താൻ ജ്ഞാനി എന്നു തോന്നിയാൽ സ്വന്തം ജ്ഞാനത്തെ സംബന്ധിച്ച് സ്വയം സംതൃപ്തിയും സ്വയംപര്യാപ്തതാബോധവുമായിരിക്കും ഫലം. ഈ വിധക്കാരെ പഠിപ്പിക്കുവാൻ കഴിയാതെ വരും. തങ്ങളുടെ വഴികളെ തിരുത്താത്തപക്ഷം അവർ നിശ്ചയമായും സത്യത്തിൽനിന്നു വീണുപോകും. ഈ തെറ്റിൽനിന്നു കരകയറാനാഗ്രഹിക്കുന്ന പക്ഷം ഹൃദയത്തിൽ ദൈവത്തിനു പ്രഥമസ്ഥാനം നൽകാൻ അവർ സന്നദ്ധരാകണം. അങ്ങനെ ചെയ്താൽ നന്മ ശീലിച്ചുകൊ് അനീതികളിൽനിന്നു വിട്ടുനിൽക്കാൻ അവർ ശക്തരാകും. - P'34, 95.

* * * * * *

**സമാന്തരവേദഭാഗങ്ങൾ : ആവ.9:7;15:5; സങ്കീ.131:1,2; സദൃ.10:8;22:4; 30:32; ലൂക്കൊ.10:21; റോമ.12:16; 1കൊരി.3:18; ആവ.10:12; യോശു.24:14; 1ശമു.12:24; ഇയ്യോ.28:28;37:24; സങ്കീ.25:12-14;103:11,13,17**

ചോദ്യങ്ങൾ :- ഈ വേദവാക്യത്തോടനുബന്ധിച്ച് ഈ ആഴ്ചയിലെ അനുഭവങ്ങൾ എന്തെല്ലാമായിരുന്നു? അവയെ എങ്ങനെ നേരിട്ടു? ഫലമെന്തായിരുന്നു?

## ജൂൺ 29

***ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ; അവർ ദൈവത്തെ കാണും. - മത്താ. 5 : 8***

"ഹൃദയശുദ്ധി" എന്നതുകൊു നടത്തയുടെയോ വാക്കിന്റെയോ വിചാരത്തിന്റെയോ പൂർണ്ണതല്ല, പ്രത്യുത ഇവയെ സംബന്ധിച്ച ലക്ഷ്യപൂർണതയാണ് വിവക്ഷിതം. വിചാരത്തിലും വാക്കിലും പ്രവൃത്തിയിലുമുള്ള ലക്ഷ്യപൂർണ്ണതയ്ക്കു വേിയാകണം നമ്മുടെ വാഞ്ഛയും ശ്രമവും. "നിങ്ങളുടെ സ്വർഗ്ഗസ്ഥപിതാവ് പൂർണ്ണനായിരിക്കുന്നതു പോലെ നിങ്ങളും പൂർണ്ണരാകുവിൻ" (മത്താ.5:48) എന്ന സ്വർഗ്ഗീയ മാനദണ്ഡമായിരിക്കണം നമുക്കു മുമ്പാകെയുള്ളതും നമ്മുടെ ഹൃദയവും മനസ്സും സമ്മതിക്കുന്നതുമായ അളവുതോത്. ആത്യന്തിക പരിപൂർണ്ണതയിൽ താണ ഒന്നല്ല ദൈവം വച്ചിരിക്കുന്നത്. ഈ ഹൃദയശുദ്ധി ഇടുക്കുവഴിയിലെ അതിപ്രധാനമായ ഒരു പടി എന്ന നിലയിൽ നാം അവന്റെ കാൽച്ചുവടുകളിൽ നടക്കുന്നപക്ഷം ദൈവം ക്രിസ്തുവിലൂടെ കൃപയും കരുണയും സമാധാനവും നമുക്കായി കരുതിവച്ചിട്ടു് - Z'00,71 (R 2585)

*　　*　　*　　*　　*　　*

ഉദ്ദേശ്യശുദ്ധിയാണ് ഹൃദയനിർമ്മലത. ദൈവമഹത്ത്വം എന്ന ഒന്നു മാത്രം ലക്ഷ്യമായിരിക്കുക എന്നാണിതിനർത്ഥം. അതു നമ്മുടെ നടത്തയെ ദൈവത്തോടുള്ള വിശ്വസ്തത എന്ന ഒന്നിൽ ഒതുക്കി നിർത്തും. അങ്ങനെയുള്ള ഹൃദയത്തിന്റെ ഉടമകൾ ആഹ്ളാദഭരിതരാകും. അവർ ഇപ്പോൾ തങ്ങളുടെ ജ്ഞാനദൃഷ്ടികളാൽ ദൈവത്തെ ദർശിക്കുന്നു. പിന്നീട് തെരഞ്ഞെടുപ്പു വിഭാഗങ്ങളെല്ലാം അവനെ അവൻ ഇരിക്കുംപോലെതന്നെ കാണും. - P'33, 79,80.

*　　*　　*　　*　　*　　*

**സമാന്തരവേദഭാഗങ്ങൾ : സങ്കീ.15:2;19:8;24:3-5;51:7; സദൃ.21:8; മലാ.3:2,3; യോഹ.15:12; 1തിമൊ.1:5; ഫിലി.4:8; 2തിമൊ.2:21,22; തീത്തൊ.1:15; 1പത്രൊ.1:22; 1യോഹ.3:3; 1കൊരി.13:12; 1യോഹ.3:2**

ചോദ്യങ്ങൾ :- ഈ വേദവാക്യത്തോടനുബന്ധിച്ച് ഈ ആഴ്ചയിലെ അനുഭവങ്ങൾ എന്തെല്ലാമായിരുന്നു? അവയെ എങ്ങനെ നേരിട്ടു? ഫലമെന്തായിരുന്നു?

# ജൂൺ 30

***കൊയ്ത്തുകാലത്തു ഞാൻ കൊയ്യുന്നവരോട് ........... ഗോതമ്പ് എന്റെ കളപ്പുരയിൽ കൂട്ടിവെപ്പാൻ കല്പിക്കും - മത്താ. 13 : 30***

കാലം ഏറെയില്ല; കൊയ്ത്തിൻവേല വലുത്; കൊയ്ത്താളുകൾ ചുരുക്കം; നമ്മുടെ സമയം പ്രതിഷ്ഠിക്കപ്പെട്ടത്. ആർക്കും പ്രവർത്തിച്ചു കൂടാത്ത രാത്രി വരുന്നു എന്നറിഞ്ഞ് പകൽ എന്നു വിളിക്കപ്പെടുന്ന സമയം മുഴുവൻ പ്രയത്നിക്കുക. നമ്മുടെ സമർപ്പണം മരണപര്യന്തമാണ്. യഥാർത്ഥ “ഗോതമ്പു”മണികളെ കത്തി അറപ്പുരയിൽ ശേഖരിക്കാൻ കൊയ്ത്തിന്റെ വലിയ യജമാനൻ നമ്മെ നിയോഗിച്ചിരിക്കയാണ്. ആ നിലയ്ക്ക് കഥയില്ലായ്മകൾക്കും ഐഹികതയ്ക്കും സാമൂഹിക സുഖ സൗകര്യങ്ങൾക്കും ചെലവിടാൻ സമയമെവിടെ? ഈ വിഷയങ്ങളിൽനിന്നു ശ്രദ്ധ പിൻവലിച്ചുകൊ് നമ്മെ ഭരമേൽപ്പിച്ചിരിക്കുന്ന വേലയിൽ വ്യാപൃത രായി ലാക്കിലേക്കു ബദ്ധപ്പെടണം. അങ്ങനെയെങ്കിൽ “നന്ന്, നല്ലവനും വിശ്വസ്തനുമായ ദാസൻ” എന്ന യജമാനന്റെ പക്കൽനിന്നുള്ള അംഗീ കാരം ലഭിക്കും. - Z'00, 234 (R 2674)

*　　*　　*　　*　　*　　*

കൊയ്ത്തു കാലത്ത് മുമ്പുചെയ്ത അദ്ധ്വാനത്തിന്റെ ഫലമെല്ലാം ശേഖരിക്കുന്നു. സുവിശേഷയുഗത്തിന്റെ കൊയ്ത്തിൽ ജീവിക്കാൻ ഭാഗ്യം ലഭിച്ചവർ സുവിശേഷയുഗത്തിന്റെ തുടക്കം മുതൽ ദൈവത്തിന്റെ ഭൃത്യ ജനങ്ങൾ ചെയ്തുപോന്ന അദ്ധ്വാനത്തിലേക്കു പ്രവേശിച്ചു. ഉറപ്പോടും ഉല്ലാസത്തോടും കൂടെ നാം കൊയ്തതും മറ്റുള്ളവർ വിതച്ചതും നമുക്ക് അറപ്പുരകളിൽ ശേഖരിക്കാം. അങ്ങനെ കൊയ്ത്തിൻ ഭവനത്തിൽ വിത ക്കാരും കൊയ്ത്തുകാരും ഒരുമിച്ചു സന്തോഷിപ്പാൻ ഇടയാകട്ടെ.P'32, 63.

*　　*　　*　　*　　*　　*

**സമാന്തരവേദഭാഗങ്ങൾ : സങ്കീ.50:5; യെശ.52:7; മലാ.3:17; മത്താ.3:11,12; ലൂക്കൊ.3:17;യോഹ.4:34-38;വെളി.7:1-4;14:14-16; മത്താ.13:36-43; 1കൊരി.15:42-58**

ചോദ്യങ്ങൾ :- ഈ ആഴ്ച ഞാൻ ദൈവത്തിന്റെ വചനം പ്രചരിപ്പി ച്ചുവോ? എപ്രകാരം? ഫലമെന്തായിരുന്നു?

# ജൂലൈ 1

***കർത്താവിനു പ്രസാദമായത് എന്തെന്നു പരിശോധിച്ചുകൊു വെളിച്ചത്തിലുള്ളവരായി നടന്നുകൊൾവിൻ - എഫെ. 5 : 9***

സത്യത്താൽ നാം ദൈവത്തിനായി വിശുദ്ധീകരിക്കപ്പെടുന്നപക്ഷം, വിചാരത്തിലും വാക്കിലും പ്രവൃത്തിയിലും നമ്മുടെ ഇഷ്ടത്തിനു മരിക്കുകയും തൽസ്ഥാനത്ത് ദൈവേഷ്ടം പൂർണ്ണമായി അംഗീകരിക്കുകയും ചെയ്യുന്നപക്ഷം ദൈവഹിതം എന്ന ലക്ഷ്യത്തിൽ നാം എത്തിക്കഴിഞ്ഞു. “ജേതാക്കൾ” എന്ന വിരുതു നാം നേടുകയും ചെയ്യും. പ്രസംഗിക്കാനോ ദരിദ്രരെ സഹായിക്കാനോ സത്യത്തിനുവേി രക്തസാക്ഷിത്വം വരിക്കാനോ അവസരം ലഭിച്ചിട്ടില്ലെങ്കിൽ ഇക്കാര്യത്തിൽ അത് ഒരു പോരായ്മയല്ല. “ദൈവേഷ്ടമോ നിങ്ങളുടെ ശുദ്ധീകരണം തന്നെ” എന്നതു പ്രത്യേകം ശ്രദ്ധിക്കുക. മറ്റു സത്യങ്ങളാകട്ടെ, അസത്യങ്ങളാകട്ടെ, ഒന്നും തന്നെ ഈ സത്യത്തെ മറച്ചുകളയാതിരിക്കട്ടെ. ഇതു നമ്മുടെ ജീവിതഗതിയുടെ നിയാമകശക്തിയാകട്ടെ. ദൈവത്തിന്റെ ഇഷ്ടമാണു നമ്മുടെ ഇഷ്ടമെന്നു വരുമ്പോൾ വ്യക്തമായ ഒരു ജീവിത ദർശനം നമുക്കു ലഭിക്കും. ഇതു വളരെ പ്രധാനമാണ്. - Z'96, 4 (R 2411)

* * * * * *

സത്യം കത്തെിയ ദൈവത്തിന്റെ സമർപ്പിത ജനങ്ങളാണ് വെളിച്ചത്തിന്റെ മക്കൾ. അവർ തങ്ങളുടെ നടത്തയെ ദൈവവചനത്തിലെ സിദ്ധാന്തങ്ങൾ (ഉപദേശങ്ങൾ), ചട്ടങ്ങൾ, വാഗ്ദത്തങ്ങൾ, പ്രബോധനങ്ങൾ, പ്രവചനങ്ങൾ, ചരിത്രങ്ങൾ, പ്രതിരൂപങ്ങൾ എന്നിവയോട് അനുരൂപപ്പെടുത്തുന്നു. അവർ വചനം നിരന്തരം പഠിക്കുകയും അതിന്റെ തത്ത്വങ്ങൾ തങ്ങളുടെ ജീവിതസാഹചര്യങ്ങളിൽ പ്രാവർത്തികമാക്കാൻ ശ്രമിക്കുകയും ചെയ്യുന്നു. അങ്ങനെ കർത്താവിനു പ്രസാദകരമായതെന്തെന്നു തീർച്ചപ്പെടുത്തി അത് അനുഷ്ഠിക്കാൻ അവർക്കു കഴിയുന്നു. - P'26, 95.

* * * * * *

**സമാന്തരവേദഭാഗങ്ങൾ : മത്താ. 5:14-16; യോഹ.12:46; 2കൊരി.4:6; 1തെസ്സ.5:5; 1യോഹ.1:7;2:6,9,10; റോമ.12:2;13:13; എഫെ.5:2,17; 1തെസ്സ.4:3; 5:24; ഫിലി.1:10; 1തിമൊ.2:3**

ചോദ്യങ്ങൾ :- വെളിച്ചത്തിന്റെ പൈതൽ എന്ന നിലയിൽ ഈ ആഴ്ച ഞാൻ എന്റെ മനസ്സ്, ഉദ്ദേശ്യങ്ങൾ, വിചാരങ്ങൾ, വാക്കുകൾ, പ്രവൃത്തികൾ എന്നിവയെ പരിശോധിക്കുന്നതിനു ശ്രമിച്ചുവോ? എപ്രകാരം? എന്തുകൊ്? ഏതു പരിതസ്ഥിതികളിൽ? ഫലമെന്തായിരുന്നു?

# ജൂലൈ 2

***ശകാരം കേട്ടിട്ട് ആശീർവദിക്കുന്നു; ഉപദ്രവം ഏറ്റിട്ടു സഹിക്കുന്നു - 1 കൊരി. 4 : 12***

നിങ്ങൾ ക്രിസ്തുവിന്റെ കളരിയിൽ ഒരു വിശ്വസ്ത ശിഷ്യനായിരിക്കുന്നപക്ഷം, സ്വാതന്ത്ര്യത്തിന്റെ തികഞ്ഞ ന്യായപ്രമാണം അഥവാ ക്രിസ്തുവിൻപ്രമാണം ഹൃദയത്തിന്റെ വിചാരങ്ങളെയും ലാക്കുകളെയുമാണ് വിലമതിക്കുന്നതെന്നും, ഏതു പാപത്തെയും പകയ്ക്കേതാണെന്നിരിക്കെത്തന്നെ യാതൊരു പാപിയെയും പകച്ചുകൂടെന്നും മറിച്ച് ഹൃദയത്തിൽ ദൈവസ്നേഹം പൂർണ്ണമാകണമെന്നും വളരെ വേഗം മനസ്സിലാക്കും. നമ്മെ ദ്രോഹിക്കയും അപകീർത്തിപ്പെടുത്തുകയും ചെയ്യുന്നവരുടെ നേരെ തോന്നാനിടയുള്ള തിക്തവികാരങ്ങളോടുപോലും നാം പടവെട്ടി ജയിക്കണം. അങ്ങനെ നമ്മുടെ ജീവിതത്തിന്റെ ഓരോ ഇഴയും "നിങ്ങളുടെ ശത്രുക്കളെ സ്നേഹിപ്പിൻ; നിങ്ങളെ ദുഷിക്കയും ഉപദ്രവിക്കയും ചെയ്യുന്നവർക്കുവേി പ്രാർത്ഥിപ്പിൻ; ശപിക്കാതെ അനുഗ്രഹിപ്പിൻ" എന്നുള്ള നമ്മുടെ മഹാഗുരുവിന്റെ പ്രബോധനത്തോടു പൂർണ്ണമായി പൊരുത്തപ്പെടണം - Z'99, 5 (R 2411)

* * * * * *

ദൈവത്തോടും അവന്റെ ദൗത്യത്തോടുമുള്ള വിശ്വസ്തത നിമിത്തം ദൈവത്തിന്റെ ജനങ്ങൾ ദുഷ്ടന്മാരുടെ അതിനിശിതമായ ശകാരവർഷത്തിനു ലാക്കായിരിക്കുന്നു. ഇവയെ നേരിടേത് പ്രതിദൂഷണം കൊല്ല, മറിച്ച് കരുണാപുരസ്സരമായ അനുഗ്രഹങ്ങൾ വഴിയത്രെ. പരിഷ്കൃതമോ കിരാതമോ ആകട്ടെ ഏതു രൂപത്തിലുള്ള പീഡനത്തെയും അവർ സഹിക്കണം. എന്നാൽ തിന്മയ്ക്കുപകരം തിന്മ ചെയ്യാതെ, അവിഹിതമായ എല്ലാ പെരുമാറ്റങ്ങളെയും അവർ ക്ഷമാപൂർവ്വം സഹിക്കണം - P'36, 94.

* * * * * *

**സമാന്തരവേദഭാഗങ്ങൾ : അപ്പൊ.23:2; 16:23;14:19; 2കൊരി.11:23-27; 1തിമൊ.4:10; മത്താ.5:44; 1പത്രൊ.2:23;3:9; ലൂക്കൊ.23:34; അപ്പൊ.7:60; റോമ.12:20; അപ്പൊ.22:22;24:5**

ചോദ്യങ്ങൾ :- ഈ വേദവാക്യത്തോടനുബന്ധിച്ച് ഈ ആഴ്ചയിൽ നേരിട്ട അനുഭവങ്ങൾ ഏതെല്ലാം? അവയെ എങ്ങനെ അഭിമുഖീകരിച്ചു? അവ മൂലമുായ നേട്ടങ്ങൾ ഏവ?

# ജൂലൈ 3

***ഞാൻ യഹോവയെ എല്ലായ്പ്പോഴും എന്റെ മുമ്പിൽ വെച്ചിരിക്കുന്നു; അവൻ എന്റെ വലത്തുഭാഗത്തുള്ളതുകൊു ഞാൻ കുലുങ്ങിപ്പോകയില്ല - സങ്കീ. 16 : 8***

സ്വന്തഹിതം ദൈവഹിതത്തിൽ പൂർണ്ണമായി കുഴിച്ചിട്ടവന് നിരാശ എന്നൊന്നില്ല. മറിച്ച് എല്ലാ ജീവിതാനുഭവങ്ങളിലും ദിവ്യനിയോഗം അഥവാ മേൽനോട്ടം അവൻ വിശ്വാസത്താൽ കാണുന്നു. "ദൈവത്തെ സ്നേഹിക്കുന്നവർക്ക്, നിർണ്ണയപ്രകാരം വിളിക്കപ്പെട്ടവർക്കുതന്നെ സകലവും നന്മയ്ക്കായികൂടി വ്യാപരിക്കുന്നു" എന്ന ഉറപ്പുനൽകിക്കൊ് ജീവിതത്തിന്റെ ഏതു തുറയിലും അവൻ കർത്തൃവചനം ശ്രവിക്കുന്നു. മഹാശത്രുവായ പിശാചിന്റെയും ലോകത്തിന്റെയും നമ്മുടെതന്നെ ജഡത്തിന്റെയും എതിർപ്പുകളെ, സർവ്വജ്ഞാനിയും സ്നേഹധനനുമായ കർത്താവ് അനുവദിച്ചിരിക്കുന്ന ശിക്ഷണോപായങ്ങൾ എന്ന നിലയ്ക്കു ക്ഷമാപൂർവ്വം ആവലാതിയും പിറുപിറുപ്പും ഇല്ലാതെ "സസന്തോഷം" നാം സ്വാഗതം ചെയ്യുമ്പോൾ ഹൃദയത്തിന്റെ പ്രൗഢാവസ്ഥയ്ക്ക് അതു മറ്റൊരു തെളിവായിത്തീരുന്നു - Z'99, 6 (R 2411)

* * * * * *

ജീവിതത്തിലെ എല്ലാ തുറകളിലും ദൈവജനം ദൈവത്തിനു പ്രഥമസ്ഥാനം നൽകുന്നു. സ്വന്തതാത്പര്യങ്ങൾ കർത്തൃഹിതത്തിന് വിരുദ്ധമെന്നുവരുമ്പോൾ അവർ സ്വന്തം അഭീഷ്ടങ്ങൾ, ദൈവേഷ്ടത്തിനുവേി ബലികഴിക്കുന്നു. അതുകൊ്, ദൈവം അവരുടെ സമസ്തയത്നങ്ങളുടെയും ലാക്കായിത്തീരുന്നു. അവൻ അവർക്കു സർവ്വോപരി ഇഷ്ടഭാജനമായിത്തീരുന്നു. മറ്റാരിലും ഉപരിയായി അവനും അവരെ സ്നേഹിക്കുന്നു. അവൻ അവരുടെ പക്ഷത്തായിരിക്കും. ദൈവസമക്ഷമുള്ള നിൽപ്പിൽനിന്നോ അചഞ്ചലതയിൽനിന്നോ വീണുപോകാൻ ഒരു പ്രകാരേണയും അവൻ അവരെ അനുവദിക്കുകയില്ല. - P'30, 78.

* * * * * *

**സമാന്തരവേദഭാഗങ്ങൾ : പുറ.15:2; ആവ.10:12;13:3; സങ്കീ.37:4;45:10; 66:8,9;73:25,26;91:14; യെശ.12:2;33:22; ദാനി.3:17; മർക്കൊ.12:29-33; റോമ.8:35 -39; യൂദാ.24**

ചോദ്യങ്ങൾ :- ഈ ആഴ്ചയിലെ ജീവിതാനുഭവങ്ങളിൽ ഞാൻ എങ്ങനെയാണ് ദൈവത്തിനു പ്രഥമസ്ഥാനം നൽകിയത്? വീഴാതെവണ്ണം അത് എപ്രകാരം എന്നെ നിലനിർത്തി?

# ജൂലൈ 4

***ഞങ്ങൾ കേൾപ്പിച്ചത് ആർ വിശ്വസിച്ചിരിക്കുന്നു? യഹോവയുടെ ഭുജം ആർക്കു വെളിപ്പെട്ടിരിക്കുന്നു? - യെശ. 53 : 1***

സഭയ്ക്ക് ഇക്കാലത്ത് നൽകപ്പെട്ടിരിക്കുന്ന വിളി : പ്രകാശം പരത്തുന്നതിനും അതുവഴി പീഡനം ക്ഷണിച്ചുവരുത്തുന്നതിനും, നീതിനിമിത്തമുള്ള പീഡകളിൽ സഹിഷ്ണുത പാലിക്കുന്നതിനും പീഡിപ്പിക്കുന്നവരോടും അല്ലാത്തവരോടും, ക്ഷമയും സഹോദരപ്രീതിയും അനുകമ്പയും സ്നേഹവും പുലർത്തുന്നതിനും അതിൽ അഭ്യാസം ലഭിക്കുന്നതിനും ആകുന്നു. തന്നിമിത്തം പ്രതിഫലവും നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ മുഖത്തു പ്രകാശിക്കുന്ന ദൈവതേജസ്സും ദർശിക്കുന്നവർ പിതാവു നിശ്ചയിച്ചിരിക്കുന്ന വ്യവസ്ഥകളോടും വിളിയോടും ശുശ്രൂഷയിലും വിശ്വസ്തരായിരിക്കട്ടെ. അങ്ങനെയുളളവർ നാം കൈക്കൊിരിക്കുന്ന ഈ ശുശ്രൂഷയിൽ മനസ്സൂന്നുകയും മടുത്തുപോകാതിരിക്കുകയും ചെയ്യട്ടെ. ആളുകൾ കേൾക്കയോ കേൾക്കാതിരിക്കയോ ചെയ്യട്ടെ, അവർ നമ്മെപ്പറ്റി ദോഷം നിരൂപിക്കയോ പറകയോ ചെയ്യട്ടെ, നാം അധൈര്യപ്പെടേതില്ല. നമ്മുടെ പരിശോധനയുടെ അന്ത്യത്തിൽ കർത്താവു തന്റെ മുത്തുകളെ ശേഖരിക്കുന്ന ദിവസത്തിൽ നമ്മുടെ കണക്ക് കർത്താവിനു നേരിട്ടു സമർപ്പിക്കുവാനുള്ളതാണെന്ന വസ്തുത നമുക്കു വിസ്മരിക്കാതിരിക്കാം. - Z'99, 10, 11 (R 2413)

* * * * * *

ദൈവത്തിന്റെ ജനം, വീഴ്ചഭവിച്ച ദരിദ്രമനുഷ്യവർഗ്ഗത്തിന് അത്യന്തം ഹൃദയാഹ്ളാദകരമായ ഒരു സന്ദേശം കൊവരുന്നു. അവരുടെ ആവശ്യങ്ങൾക്ക് തികച്ചും പര്യാപ്തമായ ഒന്നാണ് ആ ദൂത്. എന്നാലും സത്യസന്ധമായ നല്ല ഹൃദയങ്ങളിലേക്ക് ഈ ദൂതിനെ സ്വാഗതം ചെയ്യുന്നവരുടെ സംഖ്യ എത്രയോ പരിമിതമാണ്. ആ ദൂതിന്റെ സാരം, ദൈവത്തിന്റെ ശക്തിയും ജ്ഞാനവുമായ ക്രൂശിക്കപ്പെട്ട ക്രിസ്തു എന്നതാണ്. എന്നാൽ അവർ ഈ ദൂത് അംഗീകരിക്കുന്നതിൽ പരാജയപ്പെടുകയാൽ യഹോവയുടെ ശക്തിയുള്ള ഭുജമായി ക്രിസ്തുവിനെ വീക്ഷിക്കാൻ ലോകത്തിനു കഴിയുന്നില്ല. അവരുടെ അവിശ്വാസം നിമിത്തം നാം നിരുത്സാഹപ്പെടേതില്ല. കാരണം ലോകത്തിന്റെ ദൃഷ്ടിയിൽ ക്രിസ്തുവിന്റെ ശിഷ്യത്വത്തിനു ലഭിക്കുന്ന സ്വീകരണം ഇങ്ങനെ ആയിരിക്കും. - P'35, 102.

* * * * * *

**സമാന്തരവേദഭാഗങ്ങൾ : യോഹ.1:7,12;12:38; റോമ.10:16,17; യോഹ.7:5; 1കൊരി.1:18,19,24;2:8; 2കൊരി.4:3,4; മത്താ.11:25;13:13-15;16:17; റോമ.1:16-18**

ചോദ്യങ്ങൾ :- ഈ ആഴ്ചയിൽ ഞാൻ കർത്താവിനു സാക്ഷ്യം വഹിച്ചുവോ? ഏതു സാഹചര്യങ്ങളിൽ? എന്റെ സാക്ഷ്യം എങ്ങനെ സ്വീകാര്യമായി? അത് എന്നിലും മറ്റുള്ളവരിലും എന്തു പ്രതികരണം ഉളവാക്കി?

# ജൂലൈ 5

***ഞങ്ങളുടെ പോരിന്റെ ആയുധങ്ങളോ ജഡികങ്ങൾ അല്ല, കോട്ട കളെ ഇടിപ്പാൻ ദൈവസന്നിധിയിൽ ശക്തിയുള്ളവ തന്നേ. അവയാൽ ഞങ്ങൾ സങ്കല്പങ്ങളും ദൈവത്തിന്റെ പരിജ്ഞാനത്തിനു വിരോധമായി പൊങ്ങുന്ന എല്ലാ ഉയർച്ചയും ഇടിച്ചുകളഞ്ഞ് ഏതു വിചാരത്തെയും ക്രിസ്തുവിനോടുള്ള അനുസരണത്തിനായി പിടിച്ചടക്കി - 2കൊരി. 10 : 4, 5***

ദൈവത്തിന്റെ അംഗീകാരത്തിനുള്ള ആദ്യ വ്യവസ്ഥ അവന്റെ വചനത്തെ അനുസരിക്കുന്നതിലുള്ള വിശ്വസ്തതയാണ്. അവനോടുള്ള സ്നേഹത്തിന്റെയും അവനിലുള്ള വിശ്വാസത്തിന്റെയും തെളിവാണ ത്. നമുക്കുായിരിക്കേ രാമത്തെ യോഗ്യത സഹോദരസ്നേഹമാണ് എന്ന വസ്തുത നാം മറക്കരുത്. അവന്റെ വഴികളിൽ നടക്കാനാഗ്രഹിക്കുന്ന യഥാർത്ഥത്തിൽ സമർപ്പിതരായിരിക്കുന്ന ദൈവപൈതങ്ങൾക്കായി എ ന്തായിത്തീരുന്നതിനും എന്തു ചെയ്യുന്നതിനും എത്ര ക്ലേശിക്കുന്നതിനും മരിക്കുന്നതിനുപോലുമുള്ള സന്നദ്ധത തന്നെ. - Z'99, 11 (R 2413)

*　　*　　*　　*　　*　　*

പോരിനുള്ള നമ്മുടെ ആയുധങ്ങൾ ജഡപ്രകാരമുള്ള ആയുധ ങ്ങൾക്ക് എതിരായിട്ടുള്ളതാണ് അവ ആത്മാവും ദൈവവചനവുമാ ണ്. നമ്മിലുള്ള തിന്മകളുടെ കോട്ടകളെ ഇടിക്കുന്നതിനും, സങ്കല്പങ്ങ ളെയും ഗർവ്വഹേതുക്കളായ ഏതിനെയും വേരുപിഴുതെറിയുന്ന തിനും, നമ്മുടെ മനോവൃത്തികളെയും വിചാരങ്ങളെയും ഉദ്ദേശ്യങ്ങളെ യും വാക്കുകളെയും പ്രവൃത്തികളെയും നമ്മുടെ ശിരസ്സായ ക്രിസ്തു വിനു വിധേയപ്പെടുത്തുവാൻ നമ്മെ ശക്തരാക്കുന്നതിനും ഈ ആയുധ ങ്ങൾ മതിയായവയാണ്. ഈ വസ്തുതകൾ നമ്മുടെ ആയുധങ്ങൾ ബല വത്താണെന്നു തെളിയിക്കുന്നു. - P'34, 95.

*　　*　　*　　*　　*　　*

**സമാന്തരവേദഭാഗങ്ങൾ : എഫെ.6:12-18; 1തെസ്സ.5:8; 1തിമൊ.1:18; 6:12; 2തിമൊ.2:3;4:7; 1കൊരി.2:4; 2കൊരി.6:7;13:3,4; യാക്കോ.1:10; 1കൊരി.1:19**

ചോദ്യങ്ങൾ :- ക്രിസ്തീയപോരാട്ടത്തിൽ ഈ ആഴ്ച ഞാൻ എന്തു ചെയ്തു? എങ്ങനെ പോരാടി? എന്തിനായി പോരാട്ടം നടത്തി? ഫലമെ ന്തായിരുന്നു?

# ജൂലൈ 6

***യഹോവാഭക്തനായ പുരുഷൻ ആർ? അവൻ തിരഞ്ഞെടുക്കേുന്ന വഴി താൻ അവനു കാണിച്ചുകൊടുക്കും - സങ്കീ. 25 : 12***

നമുക്കു നേരിടാവുന്ന പരീക്ഷകളുടെയും പ്രയാസങ്ങളുടെയും മേൽനോട്ടം വഹിക്കുക നമ്മുടെ അധികാരത്തിൽപ്പെട്ടതല്ല. നമ്മുടെ ഭാഗത്തു നിന്നുാകേത് കർത്താവിനായുള്ള നിശ്ശേഷസമർപ്പണമാണ്. നമുക്കു നേരിടേ പരീക്ഷകളുടെയും പ്രലോഭനങ്ങളുടെയും തീവ്രതയും, അവന്റെ മാർഗ്ഗനിർദ്ദേശം സ്വീകരിക്കുന്നതിനു കൊടുക്കേിവരുന്ന വിലയും എത്ര മാത്രമെന്ന് തീരുമാനിക്കാനുള്ള അവകാശം കർത്താവിനു വിട്ടുകൊടുക്കുക. ചിലർക്ക് മറ്റുള്ളവരെ അപേക്ഷിച്ചു വിശേഷ പരീക്ഷ കൾ ആവശ്യമെന്നു കർത്താവു കരുതി എന്നുവരാം. ചിലരെ സംബ ന്ധിച്ച് പരീക്ഷകളും അതിൽ അന്തർഭവിച്ചിരിക്കുന്ന ത്യാഗങ്ങളും വലുതാ യിരിക്കെ കർത്താവിനോടും അവന്റെ ദൗത്യത്തോടുമുള്ള പ്രതിപത്തിയും സേവനത്തിലുള്ള കൂടുതലായ എരിവും മൂലം അപ്പൊസ്തൊലൻ സ്വാന ുഭവത്തെപ്പറ്റി പറയും പ്രകാരം മറ്റുള്ളവർക്ക് അവ “അത്യന്തം അനവധി യായി തേജസ്സിന്റെ നിത്യഘനം കിട്ടുവാൻ ഹേതുവായ നൊടിനേരത്തേ ക്കുള്ള ലഘുവായ കഷ്ടം” ആയിരിക്കും.- Z'96, 13 (R 2416)

*　　*　　*　　*　　*　　*

യഹോവയോടുള്ള ബഹുമാനമാണ് യഹോവാഭക്തി. ദൈവത്തെ ബഹു മാനിക്കുന്നവൻ കർത്തവ്യമെന്ന നിലയിലും നിഷ്കാമസ്നേഹത്താൽ പ്രചോദി തനായും അവനെ അനുസരിക്കുന്നു. അങ്ങനെയുള്ള ഒരുവന് അവൻ ജീവന്റെ പാത ഉപദേശിച്ചുകൊടുക്കുന്നു. തിന്മയുടെ പാതകൾ വിട്ടൊഴി യാനും നീതിയുടെ പാതകളിൽ പ്രിയംവെച്ച് അതു തിരഞ്ഞെടുക്കാനും അവന്റെ ഹൃദയത്തെയും മനസ്സിനെയും അവൻ വഴിതിരിച്ചുവിടുന്നു. ദൈവ ത്തോടുള്ള നമ്മുടെ ഭക്ത്യാദരങ്ങൾ നിഷ്ക്കളങ്കമാണെങ്കിൽ അവൻ നമ്മുടെ പ ാതകൾ പ്രകാശമാനമാക്കുമെന്ന് നമുക്കു ദൃഢമായി വിശ്വസിക്കാം. നമ്മുടെ വിശ്വാസം സാക്ഷാൽക്കരിക്കപ്പെടും - P'33, 80.

*　　*　　*　　*　　*　　*

**സമാന്തരവേദഭാഗങ്ങൾ: ആവ.4:10;10:12,20,21; യോശു.24:14; 1ശമു.2:30;12:24; 2ദിന.19:7; സങ്കീ.2:11;4:4;25:13,14;33:8,18; 34:7,9,11;89:7; 103:13; 145:19; സദൃ.1:7;യെശ.8:13; മത്താ.10:28; അപ്പൊ.13:16,26;2കൊരി.7:1; എബ്രാ.12:28; വെളി.11:18**

ചോദ്യങ്ങൾ :- ഈ വേദവാക്യത്തിനനുസൃതമായി ഈ ആഴ്ചയിലെ അന ുഭവങ്ങൾ എന്തെല്ലാമായിരുന്നു? അവ എങ്ങനെ പ്രയോജനപ്പെടുത്തി? അവ എന്തു ഫലമുളവാക്കി?

# ജൂലൈ 7

***കാലും ദൈവത്തിന്റെ കുഞ്ഞാട് - യോഹ. 1 : 36***

കർത്താവിന്റെ ദാസന്മാരെല്ലാം തങ്ങളിലേക്കല്ല, കർത്താവിങ്കലേക്കു മറ്റുള്ളവരുടെ ശ്രദ്ധ ആകർഷിക്കണം. ആളുകൾക്കു തങ്ങളെയല്ല, കർത്താവിനെ ചൂിക്കാണിച്ചുകൊടുക്കുന്നതിന് സർവ്വശ്രമവും ചെയ്യണം. ആരിലായാലും വിനയം എന്നത് വിലപ്പെട്ട ഒരു മുത്താണ്, ആത്മാവിന്റെ കൃപാവരങ്ങളിൽ ഒന്നാണ്. കർത്താവിന്റെ സമർപ്പിതജനം തികച്ചും പരിപോഷിഷിച്ച് തിളക്കം വരുത്തേ ഒരു സവിശേഷ ഗുണമാണത്. യേശുവിനെ അനുഗമിക്കുക എന്നുവച്ചാൽ ഏറ്റവും ശരിയായ അർത്ഥത്തിൽ നാം അവന്റെ പാതകളിൽ നടക്കുന്നതും, ഇന്ന് അവൻ ചെയ്യുമായിരുന്നത് യഥാശക്തി ചെയ്യുവാൻ ശ്രമിക്കുന്നതുമാകുന്നു. ഇതിലേക്ക് അവൻ നേരിട്ടുചെയ്തതും സംസാരിച്ചതുമായ എല്ലാറ്റിൽ നിന്നും അപ്പൊസ്തൊലന്മാർ വഴി അവൻ നമുക്കു നൽകിയിട്ടുള്ള പ്രബോധനങ്ങളിൽനിന്നും ഉള്ള പാഠങ്ങൾ നാം ഉൾക്കൊള്ളണം. അവന്റെ കഷ്ടാനുഭവങ്ങളിലുള്ള കൂട്ടായ്മയുടെയും അവന്റെ രാജ്യത്തിലുള്ള മഹത്ത്വം, പ്രതിഫലം ഇവയുടെയും പാതകളെ സംബന്ധിച്ചാണല്ലോ മേൽപ്പറഞ്ഞ പാഠങ്ങൾ - Z'99, 14, 15 (R 2417)

* * * * * *

ക്രിസ്തുവാണ് ദൈവത്തിന്റെ കുഞ്ഞാട്, എന്തെന്നാൽ ഊനമില്ലാത്തവൻ എന്ന നിലയിൽ അവൻ നീസാൻ മാസം 10-ാം തീയതി വേർതിരിക്കപ്പെടുകയും 14-ാം തീയതി ദൈവജനത്തിനുവേി പെസഹയായി മരണത്തിന് ഏല്പിക്കപ്പെടുകയും ചെയ്തു. കുഞ്ഞാടിനെപ്പോലെ അവൻ മരണത്തിനു കീഴ്പ്പെട്ടു. ദൈവഭവനത്തിന്റെ കുറുമ്പടിമേലും കട്ടിളക്കാലുകളിന്മേലും തളിക്കപ്പെടുന്ന അവന്റെ രക്തം രാം മരണത്തിന്റെ ഹസ്തങ്ങളിൽനിന്നു നമ്മെ സുരക്ഷിതരാക്കുന്നു. സ്വർഗ്ഗീയകനാനിലേക്കുള്ള പ്രയാണത്തിനായി അരകെട്ടിയും ചെരിപ്പിട്ടും കയ്യിൽ വടിപിടിച്ചും കൊ്, നിഷ്ക്കളങ്കതയുടെയും സത്യത്തിന്റെയും പുളിപ്പില്ലാത്ത അപ്പത്തോടും പീഡാനുഭവത്തിന്റെ കയ്പുചീരയോടുംകൂടി തീയിൽ ചുട്ടെടുത്ത അവന്റെ മാംസം ഭക്ഷിക്കുന്നതിൽ പങ്കുകാരാകാൻ നമുക്ക് അവകാശം ലഭിച്ചിരിക്കുന്നു - P'32, 95.

* * * * * *

**സമാന്തരവേദഭാഗങ്ങൾ: യെശ.42:25;65:1,2; എബ്രാ.12:2; ഉല്പ.22:7,8; പുറ.12:3; യെശ.53:7; യോഹ.1:29; അപ്പൊ.8:32; 1പത്രൊ.1:19; വെളി.5:6-14; 14:1,4;19:7-9;21:14,22,23;22:1,2**

ചോദ്യങ്ങൾ :- ഈ ആഴ്ച ഞാൻ ദൈവത്തിന്റെ കുഞ്ഞാടിനെ ചൂിക്കാണിച്ചുകൊടുത്തുവോ? എങ്ങനെ? പരിണതഫലം എന്തായിരുന്നു?

# ജൂലൈ 8

***സത്യത്തിന്റെ തൂണും അടിസ്ഥാനവുമായി ജീവനുള്ള ദൈവ ത്തിന്റെ സഭയാകുന്ന ദേവാലയം - 1 തിമൊ. 3 : 15***

"വിളിച്ചുവേർതിരിക്കപ്പെട്ടവരുടെ കൂട്ടം" അഥവാ സഭ എന്ന പേര് അനുയോജ്യമായിരിക്കുന്നത് കർത്താവിന്റെ സഭയ്ക്കു മാത്രമാണ്. അതു തീർത്തും അഗണ്യവും അനാകർഷകവും ഐഹികമായ സമ്പൽസമൃദ്ധി സംബന്ധിച്ചു താരതമ്യേന ദരിദ്രവും ആയിരിക്കുന്നതു കൊ് ലോകത്തിന്റെ കാഴ്ചപ്പാടിൽ അത് അവഗണിക്കപ്പെടുന്നു. അതു മനുഷ്യനിർമ്മിതമോ മനുഷ്യനിയന്ത്രിതമോ അല്ല. അതിന്റെ അംഗങ്ങൾ സ്വർഗ്ഗത്തിലല്ലാതെ ഭൂമിയിൽ പേരെഴുതപ്പെട്ടവരല്ല (എബ്രാ.12:23). അതിന്റെ ശിരസ്സും അദ്ധ്യക്ഷനും കർത്താവത്രേ. അതിന്റെ പ്രമാണം അവന്റെ വചനമാണ്. അതിനു കർത്താവ് ഒരുവൻ, വിശ്വാസം ഒന്ന്, സ്നാനവും ഒന്ന്. അപ്പൊസ്തൊലന്മാരും പ്രവാചകന്മാരുമായ വിശുദ്ധ ന്മാരുടെ സാക്ഷ്യങ്ങളാണ് അതു പണിയപ്പെട്ടിരിക്കുന്ന അടിസ്ഥാനശില. അതിന്റെ പ്രധാന മൂലക്കല്ലാകട്ടെ യേശുക്രിസ്തു തന്നെ.- Z'99, 37(R 2427)

*　　*　　*　　*　　*　　*

ഗ്രീക്കുഭാഷയിൽ "സഭ" എന്നത് ദൈവജനങ്ങളുടെ തിരഞ്ഞെടു പ്പിൻ സ്വഭാവത്തെ കാണിക്കുന്നു. അവർ വാസ്തവത്തിൽ പുറത്തുപോ രുവാൻ വിളിച്ചുവേർതിരിക്കപ്പെട്ടവരാണ്. എന്തെന്നാൽ ഇരുളിന്റെ രാജ്യ ത്തിൽനിന്നും സാത്താന്റെ ആധിപത്യത്തിൽനിന്നും ദൈവപുത്രന്റെ രാജ്യത്തിനായി കർത്താവിനാൽ വേർതിരിക്കപ്പെട്ടവരും ക്രിസ്തുവിന്റെ ആധിപത്യത്തിലേക്ക് ആനയിക്കപ്പെട്ടവരുമാണ് അവർ. അവളെ താങ്ങുന്ന തൂണും അവൾ പണിയപ്പെട്ടിരിക്കുന്ന അടിസ്ഥാനവും അവളുടെ നായ കനായ ക്രിസ്തുവാണ്. ഈ പാറമേൽ പണിയപ്പെട്ടിരിക്കുന്ന അവ സ്ഥയ്ക്ക് അവൾ അനന്തതയോളം നിലനിൽക്കും - P'26, 95.

*　　*　　*　　*　　*　　*

**സമാന്തരവേദഭാഗങ്ങൾ: യെശ.62:12; മത്താ.15:13;16:18; എബ്രാ.12:23; എഫെ.1:10,22,23;2:20-22;5:23-32; യോഹ.15:1-8;റോമ.12:4,5;1കൊരി.3:9;12:12 -28; 2കൊരി.6:16; എബ്രാ.3:6; വെളി.21:2,9,10**

ചോദ്യങ്ങൾ :- സഭയെ സംബന്ധിച്ച് ഈ ആഴ്ചയിലെ അനുഭവങ്ങൾ എന്തെല്ലാമായിരുന്നു? അവ എന്നെ എങ്ങനെ സ്വാധീനിച്ചു? ഫലമെന്താ യിരുന്നു?

## ജൂലൈ 9

***തനിക്കുള്ളവയെ ഒക്കെയും അവൻ പുറത്തുകൊുപോയശേഷം അവൻ അവയ്ക്കു മുമ്പായി നടക്കുന്നു; ആടുകൾ അവന്റെ ശബ്ദമ റിഞ്ഞ് അവനെ അനുഗമിക്കുന്നു. യോഹ. 10 : 4***

നല്ല ഇടയന്റെ ശബ്ദമെന്നത് വിവിധ സ്വരങ്ങളുടെ അനന്യസാധാര ണമായ ഒരു മധുരലയമാണ്. അവന്റെ ശബ്ദം നീതിയുടെയും സ്നേഹ ത്തിന്റെയും തന്ത്രികൾ ഇടചേർന്നു ധ്വനിക്കുന്നതും, ജ്ഞാനത്തിന്റെയും ശക്തിയുടെയും നാദഭേദങ്ങൾ ഉൾച്ചേർന്നതുമാണ്. വലിയ ഇടയനായ വൻ തന്റെ പ്രിയപുത്രൻവഴി പ്രഘോഷിച്ചിരിക്കുന്ന ദൂതുപോലെ മാനു ഷികമോ സാത്താന്യമോ ആയ യാതൊരു സിദ്ധാന്തങ്ങളും നിർണ്ണയങ്ങ ളും പദ്ധതികളും സ്വരയോഗം കൊു ശ്രുതിമധുരമാകുന്നില്ല. കൂടാതെ ന ല്ല ഇടയന്റെ ശബ്ദം കേൾക്കുന്ന സാക്ഷാൽ ആടുകൾക്കു മറ്റൊന്നുകൊ ും സാധിക്കാത്ത സംതൃപ്തിയും അഭിലാഷസാഫല്യവും കൈവരുന്നു. ഇതരശബ്ദങ്ങളാലോ, സിദ്ധാന്തങ്ങളും പദ്ധതികളും മുഖേനയോ ആകർഷിക്കപ്പെടുക എന്ന അപകടത്തിന് അതീതരാണ് അവർ. എല്ലാറ്റിന ും അവരുടെ ഉത്തരം ഇപ്രകാരമായിരിക്കും: "യേശു എന്റെ സംതൃപ്തി; യേശു എനിക്കുള്ളവൻ" - Z'00, 230 (R 2672)

*   *   *   *   *   *

കർത്താവു തന്റെ ആടുകളെ അവന്റെ മരണത്താലും അവനിലേ ക്കുള്ള അവരുടെ സമർപ്പണത്താലും മോശീയ ന്യായപ്രമാണമാകുന്ന തൊഴുത്തിൽനിന്നും പുറത്തുകൊുവന്നു. ഒരു യഥാർത്ഥ ഇടയനൊത്ത വണ്ണം അവൻ അവരെ തെളിക്കയല്ല, നയിക്കയത്രെ ചെയ്തത്. വചന ത്തിന്റെ തെളിനീരൊഴുക്കിലേക്കും പച്ചമേച്ചിൽപുറങ്ങളിലേക്കും, നീതി യുടെ അനുഗൃഹീതപാതകളിലേക്കും അവർ അവനെ അനുഗമിച്ചു. അവന്റെ ശബ്ദം അഥവാ സത്യം, അതിന്റെ മധുരവും ആശ്വാസകരവു മായ ധ്വനിവിശേഷത്താൽ അവർ തിരിച്ചറിയുന്നു. അത് അവരുടെ ജീവനാണ് - P'36, 94.

*   *   *   *   *   *

**സമാന്തരവേദഭാഗങ്ങൾ : യെഹെ.34:2,12,14,23;യോഹ.14:6;എഫെ.2:18,19; റോമ.5:1,2; എബ്രാ.10:19-22; യോഹ.10:1-18;15:13; സങ്കീ.23:1-4; എബ്രാ.13:20; 1പത്രൊ.5:4; സെഖ.11:17; നഹൂം.1:7; 1കൊരി.8:3; 2തിമൊ.1:12; യെശ.53:6**

ചോദ്യങ്ങൾ :- ഒരു ഇടയൻ എന്ന നിലയിൽ യേശുവും ഒരാട് എന്ന നിലയിൽ ഞാനും ഈ ആഴ്ചയിൽ എങ്ങനെ പരസ്പരം വർത്തിച്ചു? ഏതു പരിതസ്ഥിതികളിൽ? ഫലമെന്തായിരുന്നു?

# ജൂലൈ 10

***എല്ലാവരും അവനെ പുകഴ്ത്തി, അവന്റെ വായിൽ നിന്നു പുറപ്പെട്ട ലാവണ്യമൊഴികൾ നിമിത്തം ആശ്ചര്യപ്പെട്ടു - ലൂക്കൊ. 4 : 22***

കർത്താവിന്റെ കാൽച്ചുവടുകളെ പിൻതുടരുന്ന എല്ലാവരെ സംബന്ധിച്ചും ഇത് ആവോളം വാസ്തവമായിരിക്കണം. അവരുടെ വാക്കുകൾ കൃപയോടുകൂടിയതും മിതത്വം പാലിക്കുന്നതുമായിരിക്കണം. സത്യത്തോടും, സത്യത്തെ സ്നേഹിക്കുകയും തേടുകയും ചെയ്യുന്നവരോടും ഉള്ള സഹാനുഭൂതിയുടെ നിറവിൽനിന്നു വഴിഞ്ഞൊഴുകുന്നതുമായിരിക്കണം. അവരുടെ വാക്കുകൾ എപ്പോഴും യുക്തിയുടെയും നീതിയുടെയും അതിരുകൾ ലംഘിക്കാത്തതും, കർത്താവിന്റെ വചനത്തോടു തീർത്തും പൊരുത്തപ്പെടുന്നതുമായിരിക്കണം. അവരുടെ പെരുമാറ്റവും നടത്തയും ജീവിക്കുന്ന ലേഖനങ്ങൾ എന്നപോലെ ഇവയുമായി യോജിച്ചിരിക്കയും വേണം. അങ്ങനെ അവരുടെ ശത്രുക്കൾപോലും വിസ്മയിക്കയും അവർ യേശുവിനോടുകൂടെ ആയിരുന്നവരെന്നും അവനിൽനിന്നു പഠിച്ചവരെന്നും ഗ്രഹിക്കയും വേണം - Z'99, 53 (R 2447)

* * * * * *

അവന്റെ വായിൽനിന്നു പുറപ്പെട്ട ലാവണ്യവാക്കുകൾ മനം കവരുന്നതും, ആഴമേറിയതും, അഴകുറ്റതും, സഹായകവുമായിരിക്കുന്നു. ആ വചനങ്ങൾ അവന്റെ വചോവിലാസത്തിനും, തന്റെ ആശയങ്ങൾ ശ്രോതാക്കളെക്കൊു സമ്മതിപ്പിക്കാൻ തക്ക പ്രഭാഷണചാതുര്യത്തിനും, ഹൃദ്യമായ പ്രസംഗശൈലിക്കും തെളിവാണ്. ഈ തുറകളിലുള്ള അവന്റെ അതുല്യ വൈഭവം അവന്റെ ശ്രോതാക്കളുടെ അത്ഭുതാദരങ്ങൾക്കു വിഷയമാകയും പരസ്യപ്രസംഗത്തിലുള്ള അവന്റെ അനന്യസാമാന്യമായ കഴിവ് അവർക്ക് അംഗീകരിക്കേിവരികയും ചെയ്തു. "ഈ മനുഷ്യനെപ്പോലെ ആരും ഒരിക്കലും സംസാരിച്ചിട്ടില്ല" - P'30, 78.

* * * * * *

**സമാന്തരവേദഭാഗങ്ങൾ : സങ്കീ.45:2; സദൃ.15:23; സഭാ.10:12; യെശ.50:4; മത്താ.7:28,29;13:54; മർക്കൊ.1:22;6:2; ലൂക്കൊ.4:32,36;21:38; സദൃ.25:11; റോമ.15:14; യോഹ.7:45,46;13:31-17:26**

ചോദ്യങ്ങൾ :- തിരുവെഴുത്തിലെ ഏതു ഭാഗമാണ് എനിക്ക് ഈ ആഴ്ച വിശേഷിച്ചും ഉത്തേജകമായത്? ഏതേതു സാഹചര്യങ്ങളിൽ?

## ജൂലൈ 11

***ദൈവത്തിൽനിന്നു ജനിച്ച ഒരുവനും പാപം ചെയ്യുന്നില്ല; അവൻ തന്നെത്താൻ സൂക്ഷിക്കുന്നു; ആ ദുഷ്ടൻ അവനെ തൊടുന്നതുമില്ല- 1യോഹ. 5: 18***

ഹൃദയം (മനസ്സ്, ഇച്ഛ) വിശുദ്ധമായിരിക്കുന്നിടത്തോളം, ദൈവ ത്തോടും നീതിയോടും പൊരുത്തപ്പെട്ടിരിക്കുന്നിടത്തോളം, അതായത്, വിശുദ്ധിയുടെ ആത്മാവ് നമ്മിൽ അധിവസിക്കുന്നിടത്തോളം നമ്മുടെ പ ുതിയ മനസ്സിന് പാപത്തെ സ്വാഗതം ചെയ്യാൻ കഴിയുകയില്ല; മറിച്ച് അതിനെ എതിർക്കും, എതിർത്തേ മതിയാകൂ. നമ്മുടെ പോരാട്ടങ്ങളിൽ ഒട്ടധികവും വീഴ്ചഭവിച്ച നമ്മുടെ ബലഹീനജഡത്തിന്റെ അവയവങ്ങ ളോടും അതിന്റെ അഭിരുചികളോടും ആഗ്രഹങ്ങളോടുമാണെങ്കിലും ന ാം ജഡത്തിൽനിന്നു വ്യത്യസ്തരും വേർപെട്ടവരും ആകുന്നു. ജഡ ത്തിന്റെ ദൗർബല്യങ്ങളും അപൂർണ്ണതകളും ക്രിസ്തുയേശുവിലുള്ള പ ുതിയ മനസ്സിൽ ആരോപിക്കപ്പെടുന്നില്ല. മറിച്ച് നമ്മുടെ കർത്താവിന്റെവീ ടെുപ്പിൻവേലയുടെ പുണ്യത്താൽ അവ ദൂരികരിക്കപ്പെട്ടതായി കണക്കിട പ്പെടുന്നു - Z'99, 58 (R 2438)

*     *     *     *     *     *

പുതിയ സൃഷ്ടി ദൈവത്തിൽനിന്ന് ഉല്പാദിതമാണ്. നമ്മുടെ തല ച്ചോറിന്റെ ഓരോ അവയവത്തിലും പ്രവർത്തിക്കുന്ന ഒരു ആത്മീയഗുണ മാണിത്. ദൈവേഷ്ടത്തിനു സ്ഥാനം നൽകുന്നതിൽ സഹകരിക്കാൻ അത് ഈ അവയവങ്ങളെ ശക്തമാക്കുന്നു. ദൈവേഷ്ടം ആഗ്രഹിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നതിനുള്ള മനസ്സ് എന്ന നിലയിൽ പുതിയ സൃഷ്ടി ഒരിക്കലും പാപം ചെയ്യുന്നില്ല. സകല വിചാരങ്ങളെയും ലക്ഷ്യങ്ങ ളെയും വാക്കുകളെയും പ്രവൃത്തികളെയും ദൈവേഷ്ടത്തിനു വിധേയമാ ക്കുമാറ് ഈ പുതിയ സൃഷ്ടി അവയുടെമേൽ കാവലേർപ്പെടുത്തുന്നു. ദൈവത്തിൽനിന്നു ജനിച്ചവനെ കളങ്കപ്പെടുത്തുന്നതിൽനിന്ന് ഇത് എതി രാളിയെ തടയുന്നു - P'35, 102.

*     *     *     *     *     *

**സമാന്തരവേദഭാഗങ്ങൾ: യോഹ.1:13;3:3-5; യാക്കോ.1:18; 1പത്രൊ.1:5,23; റോമ.7:17; യൂദാ.20,21,24,25; ലൂക്കൊ.22:31,32; റോമ.16:20; 2കൊരി.4:4;11:3; യോഹ.8:44; 1യോഹ.2:13,14**

ചോദ്യങ്ങൾ :- ഈ വേദവാക്യത്തോടനുബന്ധിച്ച് ഈ ആഴ്ചയിലെ അനു ഭവങ്ങൾ എന്തായിരുന്നു? അവയെ എങ്ങനെ അഭിമുഖീകരിച്ചു? അവ യുടെ അനന്തരഫലം എന്തായിരുന്നു?

# ജൂലൈ 12

***പുത്രൻ നിങ്ങളെ സ്വതന്ത്രരാക്കിയാൽ നിങ്ങൾ സാക്ഷാൽ സ്വതന്ത്ര രാകും - യോഹ. 8 : 36***

മഹാഗുരുവായ യേശുവിന്റെ ശിഷ്യരായിരിപ്പാൻവേി അവന്റെ വചനങ്ങൾ ശ്രദ്ധാപൂർവ്വം പഠിക്കുകയും അവയിൽ നിലനിൽക്കുകയും ചെയ്യുന്നവർ അന്ധബോധങ്ങളിൽനിന്നും അജ്ഞതയിൽനിന്നും മാത്രമല്ല, പാപത്തിന്റെ ദാസ്യത്തിൽനിന്നുകൂടി വിമോചിതരാകുന്നു. പകരം തങ്ങളുടെ സഹജമായ ദൗർബല്യങ്ങളെയും കളങ്കങ്ങളെയും കുറിച്ചും ദൈവത്തിന്റെ മനസ്സിനെ അഥവാ സത്യത്തെ സംബന്ധിച്ചുമുള്ള യാഥാർത്ഥ്യബോധം അവർക്കു കൈവരുന്നു. അതുകൊ്, സ്വാതന്ത്ര്യം അവർക്കു വിപൽക്കരമല്ല, അനുഗ്രഹകരമായിത്തീരുന്നു. അതു ദുരഭിമാനത്തിനും അഹന്തയ്ക്കും പകരം വിനയം ജനിപ്പിക്കുന്നു. കോപത്തിനു പകരം ക്ഷമയും സ്വാർത്ഥത്തിനും സ്പർദ്ധയ്ക്കും പകരം ഔദാര്യശീലവും പരോപകാരതത്പരതയും വളർത്തുന്നു. അസംതൃപ്തിക്കും വിഷണ്ണമനസ്സിനും പകരം ആനന്ദവും ശാന്തിയും പ്രദാനം ചെയ്യുന്നു. സത്യമായും പുത്രനു മാത്രമേ വാസ്തവമായ സ്വാതന്ത്ര്യം നമുക്കു നൽകാൻ കഴിയൂ - Z'99, 57 (R 2438)

*  *  *  *  *  *

ദൈവത്തിന്റെ പുത്രൻ ഏറ്റവും വലിയ വിമോചകനാണ്. ഏറ്റവും ദയനീയാവസ്ഥയിലുള്ള അടിമകളെ ഏറ്റവും നിഷ്കരുണരായ ഊഴിയവിചാരകന്മാരുടെ കീഴിലുള്ള ഏറ്റവും നിഷ്ഠുരമായ മർദ്ദനത്തിന്റെ അടിമത്തത്തിൽ നിന്നും അവൻ സ്വതന്ത്രരാക്കുന്നു. പാപം, അസത്യം, സ്വാർത്ഥം, ലോകമയത്വം, മരണം, പാതാളം ഇവ ഊഴിയവിചാരകന്മാരായിരിക്കുന്ന സാത്താന്റെ അടിമത്തത്തിൽനിന്നാണ് അവർ വിമോചിതരാകുന്നത്. അതിമഹത്തായ സ്വാതന്ത്ര്യമാണ് അവൻ പ്രദാനം ചെയ്യുന്നത്. ദൈവേഷ്ടത്തെ സ്വാഗതം ചെയ്യാനുള്ള സ്വാതന്ത്ര്യമാണത്. നിഷ്ക്കളങ്കമായ ഉദ്ദേശ്യങ്ങൾ, വിശ്വാസം പ്രത്യാശ സ്നേഹം, നിത്യജീവനായുള്ള അനുസരണം ഇവയിൽനിന്ന് ഉയിർകൊള്ളുന്നതാണ് ഈ സ്വാതന്ത്ര്യം. അതാകട്ടെ അവന്റെ സ്നേഹം മുഖേനയുള്ള ദാനവുമാണ്. ഇതു സാധ്യമാക്കിയിരിക്കുന്നതാകട്ടെ ലോകചരിത്രത്തിന്റെ ഏടുകളിൽ രേഖപ്പെടുത്തിയിട്ടുള്ളതിൽവച്ച് അതുല്യസ്ഥാനമർഹിക്കുന്ന ക്രിസ്തുവിന്റെ ജീവാർപ്പണം വഴിയാണ് - P'34, 95.

*  *  *  *  *  *

**സമാന്തരവേദഭാഗങ്ങൾ : യെശ.49:24-26;61:1-3;63:4; ലൂക്കൊ.4:18; യോഹ.8:31-35; റോമ.7:22,23;8:2; 2കൊരി.3:17; ഗലാ.3:28;5:1; കൊലൊ.3:11; 1യോഹ.1:7-9; വെളി.1:5;5:9**

ചോദ്യങ്ങൾ :- ക്രിസ്തീയ സ്വാതന്ത്ര്യം സംബന്ധിച്ച് ഈ ആഴ്ചയിലെ അനുഭവങ്ങൾ എന്തായിരുന്നു? അവയെ എങ്ങനെ നേരിട്ടു? പരിണതഫലമെന്തായിരുന്നു?

# ജൂലൈ 13

***സാത്താൻ താനും വെളിച്ചദൂതന്റെ വേഷം ധരിക്കുന്നുവല്ലോ. ആകയാൽ അവന്റെ ശുശ്രൂഷക്കാർ നീതിയുടെ ശുശ്രൂഷക്കാരുടെ വേഷം ധരിച്ചാൽ അതിശയമല്ല.- 2 കൊരി. 11 : 14, 15***

സത്പ്രവൃത്തിചെയ്യുന്നതിൽ സാത്താൻ തത്പരനാകുന്നതെങ്ങനെ? ഈ ചോദ്യത്തിന് ഇതാണ് ഉത്തരം; എതിരാളിയായ സാത്താൻ വെളിച്ചത്തിന്റെയും കാരുണ്യത്തിന്റെയും മൂടുപടമണിയുന്നത് ലോകത്തിന്റെ വെളിച്ചമായ ക്രിസ്തുവിങ്കലേക്കു നയിക്കുന്നതിനല്ല, ക്രിസ്തുവിന്റെ ക്രൂശിങ്കലേക്കു നയിക്കുന്നതിനല്ല, തിരുവെഴുത്തുകളിലേക്കു നയിക്കുന്നതിനല്ല, പിന്നെയോ ഇവയിൽനിന്ന് അകറ്റി രക്ഷയുടെ വേറൊരു പ്രതീക്ഷയിലേക്ക്, വേറൊരു ഉപദേഷ്ടാവിങ്കലേക്കു നയിക്കുന്നതിന്, കഴിയുമെങ്കിൽ വൃതന്മാരെയും വഞ്ചിക്കുന്നതിനാണ്. സ്ഥിതിഗതികൾ ഈ ഘട്ടത്തിലെത്തുകയും സാത്താൻ സാത്താനെത്തന്നെ പുറത്താക്കുകയും രോഗശാന്തി വരുത്തുകയും ചെയ്യുമ്പോൾ അവന്റെ സിംഹാസനം പതനത്തിനായി ആടി ഉലയുകയും വഞ്ചിക്കാനുള്ള ശത്രുവിന്റെ യത്നം അതിന്റെ അന്ത്യകോടിയിൽ എത്തുകയും ചെയ്തതിന്റെ പ്രകടമായ തെളിവാണെന്നുള്ള കർത്തൃവചനം ഓർമ്മിക്കുക- Z'99, 62 (R 2667)

* * * * * *

നമ്മുടെ അന്തർഗതങ്ങളെ ആരായാൻ കഴിയുന്ന ഒരു ശത്രുവിനെയാണ് സാത്താനിൽ നമുക്കു കാണാൻ കഴിയുന്നത്. അവൻ തന്ത്രശാലിയാകയാൽ അവനുമായുള്ള ഏറ്റുമുട്ടലിൽ നാം തനിച്ചും നിസ്സഹായരുമായിപ്പോയാൽ നാം രാക്ഷസന്റെ മുഷ്ടിയിലമർന്ന അല്പകായന്മാരുടെ അവസ്ഥയിലായിരിക്കും. നന്മ തിന്മയായും, തിന്മ നന്മയായും തോന്നിക്കുവാൻ കഴിയുമാറ് കൗശലക്കാരനാണ് സാത്താൻ. കഴിയുമെങ്കിൽ വൃതന്മാരെയും തെറ്റിക്കുവാൻ സ്വാർത്ഥപ്രേരിതനായി, തന്റെ ദാസന്മാർ നീതിയുടെ ദാസന്മാരുടെ വേഷം ധരിക്കുവാൻ അവൻ ഇടയാക്കുന്നു. അതുകൊ്, നാം അവന്റെയും അവന്റെ ദാസന്മാരുടെയും വഞ്ചനാത്മകമായ കുതന്ത്രങ്ങൾക്കെതിരെ നിരന്തരം ജാഗരൂകരായിരിക്കണം- P'33, 80.

* * * * * *

**സമാന്തരവേദഭാഗങ്ങൾ : ഉല്പ.3:1-5,13-15; യോഹ.8:44; 2കൊരി.11:3,4,13; 2തെസ്സ.2:9; വെളി.12:9;20:1-3,7-9; അപ്പൊ.20:29-31; റോമ.16:17; ഗലാ.1:8; ഫിലി.3:18,19; 2തിമൊ.3:1-9; 2പത്രൊ.2; 1യോഹ.4:1-6; 2യോഹ.7-10; യൂദാ.4-20; വെളി2:2,13-15,20-24**

ചോദ്യങ്ങൾ :- എന്നെ വഞ്ചിക്കുന്നതിനായി ഈ ആഴ്ചയിൽ സാത്താനും അവന്റെ ദാസന്മാരും പരിശ്രമിച്ചുവോ? ഏതു വിധം? ഞാൻ അതിൽ പരാജയപ്പെടുകയാണോ വിജയിക്കുകയാണോ ചെയ്തത്? എപ്രകാരം? ഫലമെന്തായിരുന്നു?

# ജൂലൈ 14

***എല്ലാ കയ്പും കോപവും ക്രോധവും കൂറ്റാരവും ദൂഷണവും സകലദുർഗുണവുമായി നിങ്ങളെവിട്ട് ഒഴിഞ്ഞുപോകട്ടെ - എഫെ. 4 : 31***

ദിവ്യപ്രമാണത്തോടുള്ള അമിതമായ മതിപ്പുമൂലം വിശ്വാസത്തിൽ മുന്നേറിയ ഒരുവന് കർത്താവിന്റെ ദൃഷ്ടിയിൽ വിദ്വേഷം കൊലയും അപവാദം ജീവാപഹരണവും, അയൽക്കാരന്റെ സൽപ്പേരിനെ ഹനിക്കുന്നത് കൊള്ളയും കവർച്ചയുമാണെന്നു കാണാൻ കഴിയുന്നു. ദൈവ ജനമെന്നറിയപ്പെടുന്നവരിൽ കാണപ്പെടുന്ന പക്ഷം ഇവ ഇരട്ടി ദോഷകരമാകുന്നു - സഹോദരനെ കൊള്ളയടിക്കയും കൊലപ്പെടുത്തുകയും ചെയ്യുകയാണ്. “ആരെപ്പറ്റിയും ദൂഷണം പറയരുത്” എന്ന പ്രമാണത്തിൽനിന്ന് ഒഴിവുാകുന്നത് തിന്മ മറച്ചുവെയ്ക്കാതിരിക്കുന്നത് അത്യന്താപേക്ഷിതമെന്നു നമുക്ക് ഉത്തമബോധ്യംവരുന്ന ഘട്ടത്തിലാണ്. അപ്പോഴും അന്യന്റെ ദോഷങ്ങളെപ്പറ്റി പറയുന്നത് വൈമനസ്യത്തോടും ആവശ്യത്തിന്റെ സമ്മർദ്ദം നിമിത്തവും ആയിരിക്കണം. അതായത് യഥാസമയം അറിവു നൽകാത്തപക്ഷം മറ്റുള്ളവർക്കു ദോഷം നേരിടാൻ ഇടയുളള സന്ദർഭത്തിൽ അവരോടുള്ള സ്നേഹത്തിന്റെ പേരിലാകണം.
- Z'99, 71 (R 2442)

*    *    *    *    *    *

കയ്പ്, ക്രോധം, കോപം, ദൂഷണം, അസൂയ എന്നിവ ജഡത്തിന്റെ പ്രവൃത്തികളാണ്. അതുകൊ് അവ വർജ്ജിക്കുന്നത് വിശുദ്ധന്മാർക്ക് ഉചിതമാണ്. വചനത്തിന്റെ ശുദ്ധീകരണശക്തിയോടൊപ്പം വിശ്വാസം, പ്രത്യാശ, സ്നേഹം, ദൃഢനിശ്ചയം ഇവയും നാം വളർത്തിയെടുക്കണം. ഈ സദ്ഗുണങ്ങൾകൊ് നമ്മുടെ അഭിരുചികൾ അവയിൽ നിന്നും അടർത്തിമാറ്റുകയും നമ്മുടെ ശ്രദ്ധ അവയിൽനിന്നും വഴിതിരിച്ചുവിടുകയും ചെയ്യാം. അവയ്ക്കു കടിഞ്ഞാണിടുകയും അവയെ പുറന്തള്ളുകയും അവയ്ക്കെതിരെ വാതിലടയ്ക്കുകയും ചെയ്യാം - P'32, 95.

*    *    *    *    *    *

**സമാന്തരവേദഭാഗങ്ങൾ : റോമ.12:14,18-21; കൊലൊ.3:8,13,19; തീത്തൊ.3:2; യാക്കോ.3:5-18;4:11; 1പത്രൊ.2:1,23;3:9; 1കൊരി.13; എഫെ.4:26,32;5:1,2; 2കൊരി.3:12-18**

ചോദ്യങ്ങൾ :- ഈ വാക്യത്തോടനുബന്ധിച്ച് ഈ ആഴ്ചയിൽ ഉായ അനുഭവങ്ങൾ ഏതെല്ലാമായിരുന്നു? അവയെ എങ്ങനെ നേരിട്ടു? ഫലമെന്തായിരുന്നു?

# ജൂലൈ 15

***എനിക്കുള്ളതെല്ലാം അന്നദാനം ചെയ്താലും എന്റെ ശരീരം ചുടുവാൻ ഏല്പിച്ചാലും, സ്നേഹം ഇല്ലായെങ്കിൽ എനിക്ക് ഒരു പ്രയോജനവും ഇല്ല - 1 കൊരി. 13 : 3***

മനുഷ്യർക്ക്  അത്യന്താപേക്ഷിതമായ ഒന്നു പണം മാത്രമാണെന്ന അബദ്ധവിചാരം, അന്യരെ സേവിക്കുക എന്ന വിഷയത്തിൽ നാം വച്ചു പുലർത്തരുത്. ചിലർക്കു പണമല്ല, സ്നേഹവും സഹതാപവുമാണാവശ്യം. നമ്മുടെ കർത്താവ് ഈ വിഭാഗത്തിൽപ്പെടും. വീഴ്ചഭവിച്ച മനുഷ്യവർഗ്ഗത്തിലെ ഏറ്റവും ഉത്കൃഷ്ടമതികളായിരുന്ന അപ്പൊസ്തൊലന്മാരുടെ തന്നെ ഏറെക്കുറെ കലുഷമായിരുന്ന മനസ്സിനോടു ചങ്ങാത്തം പുലർത്തുവാൻ നമ്മുടെ കർത്താവിന്റെ  സ്നേഹോദാരമായ മനസ്സിനു കഴിഞ്ഞിരുന്നില്ല.  മറിയയിൽ സ്നേഹത്തിന്റെയും ഭക്തിയുടെയും ആഴം അവൻ കത്തെിയതായി തോന്നുന്നു. അത് അവനു സുഗന്ധധൂപത്തിന്റെയും  നവോന്മേഷത്തിന്റെയും പരിമളവും, ശക്തിയുടെ രസായനവുമായിരുന്നു. മറ്റാരേക്കാളും ഗുരുവിന്റെ സ്വഭാവത്തിന്റെ നീളവും വീതിയും സംബന്ധിച്ച ഉൾക്കാഴ്ച മറിയയ്ക്കു ലഭിച്ചിരുന്നു. അതുകൊ്, ഗുരുവിൽ നിന്നു പഠിക്കുന്നതിന് അവന്റെ പാദപീഠത്തിൽ ഇരിക്കുന്നതിൽ മാത്രമല്ല, അവളുടെ സ്നേഹത്തെയും ഭക്തിയെയും വെളിപ്പെടുത്തുന്നതിന് എന്തു വലിയ വില നൽകുന്നതിലും അവൾ ആനന്ദം കത്തി - Z'99, 77 (R 2447)

*    *    *    *    *    *

സ്നേഹത്തിന്റെ അഭാവത്തിലും  ദാനത്തിനു സാധ്യതയുന്നെ ആശയം അപ്പൊസ്തൊലന്റെ വാക്കുകളിൽ അന്തർഭവിച്ചിട്ടു്. ചിലർ പ്രശസ്തി മോഹിച്ചും ചിലർ പ്രകടനമൂല്യം കല്പിച്ചും ചിലർ ആദായത്തിനുവേിയും ഇനിയും ചിലർ അസൂയയും മത്സരവും നിമിത്തവും ദാനത്തിനു പ്രേരിതരാകുന്നു എന്ന വസ്തുത അപ്പൊസ്തൊലന്റെ വാക്കുകളുടെ യാഥാർത്ഥ്യം തെളിയിക്കുന്നു. ഇങ്ങനെയുള്ള ദാനം ഗുണത്തിനു പകരം നമ്മുടെ സ്വഭാവത്തെ അധഃപതിപ്പിക്കും. കൊടുക്കുന്നവനും വാങ്ങുന്നവനും ഒപ്പം അനുഗ്രഹപ്രദമാകുന്നതിന് ദാനം ദിവ്യസ്നേഹത്താൽ പ്രചോദിതമാകണം. - P'26, 95.

*    *    *    *    *    *

**സമാന്തരവേദഭാഗങ്ങൾ : യോഹ.13:34; 1കൊരി.13:1,2,4-13;16:14; 2കൊരി.9:7; മത്താ.6:1-4;7:22,23; സദൃ.17:9; ഗലാ.5:6,22,23; 1തെസ്സ.4:9; 2തെസ്സ 1:3; 1തിമൊ.1:5; 1പത്രൊ.4:8; 1യോഹ.3:14-18**

ചോദ്യങ്ങൾ :- എന്തു ലക്ഷ്യത്തോടെയാണ് ഞാൻ ഈ ആഴ്ചയിൽ നന്മ പ്രവർത്തിച്ചത്? അതിൽ സഹായകമായും പ്രതിബന്ധമായും വർത്തിച്ചതെന്ത്? പരിതസ്ഥിതികളും പരിണതഫലങ്ങളും എന്തായിരുന്നു?

# ജൂലൈ 16

***ആത്മാവു നിറഞ്ഞവരാകുവിൻ - എഫെ. 5 : 18***

സ്വേച്ഛയുടെ ആത്മാവിനെ പുറംതള്ളി, വിശ്വാസത്തിന്റെയും അനുസരണയുടെയും ആത്മാവിനെ ഉൾക്കൊള്ളുന്നതിന്റെ അളവിനൊത്തിരിക്കും നാം പ്രാപിക്കുന്ന നിറവിന്റെ അളവ്. അനുദിനജീവിതത്തിൽ അനുസരണം പ്രകടമാക്കാതിരിക്കുക അസാധ്യമെങ്കിലും ദൈവം തന്റെ പ്രതിഷ്ഠിത ജനത്തെ സംബന്ധിച്ചു കണക്കിടുന്നത് അവരുടെ ലക്ഷ്യത്തിലും ഇച്ഛയിലും ഹൃദയത്തിലും വ്യാപരിക്കുന്ന അനുസരണത്തെയാണ്. അതുകൊ്, കർത്താവിനോടു മനസ്സാ തികച്ചും വിശ്വസ്തരായിരിക്കുന്ന ചിലർ അവന്റെ പ്രീതിപാത്രങ്ങളായിരിക്കെ അവരുമായി ബന്ധപ്പെടുന്നവരിൽ പലർക്കും അവർ ഏറെ പ്രിയംകരരായിരിക്കണമെന്നില്ല. അതേസമയം സന്മാർഗ്ഗത്തിന്റെ മൂടുപടം വഴി "മനുഷ്യർക്കിടയിൽ ഏറെ മതിപ്പുള്ള" പലരും ഹൃദയത്തിലെ കാഠിന്യമോ കാപട്യമോ കാരണം ദൈവദൃഷ്ടിയിൽ വെറും "മ്ലേച്ഛ"രായിരിക്കും. എന്നിരുന്നാലും അവരിൽ പുതിയ പ്രതീക്ഷയും പുതിയൊരാത്മാവും ഉള്ളവർ വിചാരങ്ങളിൽ മാത്രമല്ല വാക്കുകളിലും എന്നുവേ എല്ലാ ജീവിതവിഷയങ്ങളിലും അകമെയും പുറമെയും ശുദ്ധീകരണം പ്രാപിക്കാൻ ശ്രമിക്കും-Z'99, 92 (R 2455)

*　*　*　*　*　*

അടിസ്ഥാന സ്വഭാവമുള്ള സദ്ഗുണങ്ങൾ അന്യോന്യം ഇണങ്ങി പ്രവർത്തിച്ചുകൊ് ക്രിസ്തുശിഷ്യരിൽ അവ കർത്തൃത്വം നടത്തുന്നതാണ് ആത്മാവിന്റെ നിറവ്. ആത്മാവ്, വചനം, ദൈവപരിപാലനം ഇവ ഉപയോഗപ്പെടുത്തുന്നതിൽ വിശ്വസ്തത പാലിക്കുക വഴിയാണ് നാം ആത്മനിറവ് പ്രാപിക്കുന്നത്. ആത്മനിറവിൽ നിലനിൽക്കുന്നതിന്റെ ഫലം ക്രിസ്താനുരൂപമായ സ്വഭാവരൂപവത്ക്കരണം മാത്രമല്ല, അവനോടൊത്തു രാജ്യത്തിനായുള്ള അർഹതയും ആയിരിക്കും. അങ്ങനെയുള്ള ആത്മനിറവ് ഇപ്പോഴത്തെ ജീവന്റെയും വരുവാനുള്ളതിന്റെയും വാഗ്ദത്തമുള്ളതാണ്. - P'36, 94.

*　*　*　*　*　*

**സമാന്തരവേദഭാഗങ്ങൾ : മർക്കൊ.13:11; ലൂക്കൊ.11:13; യോഹ.3:34; 7:38,39;14:16,17,26;15:26;അപ്പൊ.4:8,31;5:32;6:5;9:31;11:24;13:52;റോമ.5:3-5;8:1-16; 1കൊരി.2:4,10-14;3:16; 2കൊരി.3:3,6,17,18; ഗലാ.5:16-18,22-25**

ചോദ്യങ്ങൾ :- ഈ ആഴ്ച ഞാൻ ആത്മാവുകൊു നിറഞ്ഞുവോ? അതെങ്ങനെ സംഭവിച്ചു? അതിന് സഹായമോ പ്രതിബന്ധമോ ആയിരുന്നതെന്ത്? ഫലമെന്തായിരുന്നു?

## ജൂലൈ 17

***സ്ഥിരമാനസൻ നിന്നിൽ ആശ്രയം വെച്ചിരിക്കയാൽ നീ അവനെ പൂർണ്ണസമാധാനത്തിൽ കാക്കുന്നു - യെശ. 26 : 3***

ഇത് ഐഹികമായ സമാധാനമല്ല, ഉദാസീനതമൂലമുള്ള സമാധാനമല്ല, അലസതയിൽനിന്നു ജനിക്കുന്ന സമാധാനമല്ല, സ്വാർത്ഥലോലുപതയിൽനിന്നുള്ള സമാധാനമല്ല, എല്ലാം വിധിമതമെന്ന സിദ്ധാന്തത്തിൽനിന്നുള്ള സമാധാനമല്ല, മറിച്ച് ഇതു ക്രിസ്തുവിന്റെ സമാധാനമാണ് - “എന്റെ സമാധാനം”. പിന്തിരിഞ്ഞുനോക്കുമ്പോൾ നമ്മുടെ മഹാഗുരുവിന്റെ ജീവിതത്തിൽ ദൈവവുമായുള്ള സമാധാനത്തിന് ഒരു സാഹചര്യത്തിലും ഭംഗം നേരിട്ടിരുന്നില്ല എന്നു കാണാം. ദിവ്യജ്ഞാനത്തിലും, സ്നേഹത്തിലും, നീതിയിലും, ശക്തിയിലും സംശയാതീതമായി വിശ്വാസം അർപ്പിക്കുന്ന ഒന്നാണ് ഈ സമാധാനം. തന്റെ വിശ്വസ്തദാസന്മാരെ യാതൊന്നും ഒരു പ്രകാരത്തിലും ക്ഷതപ്പെടുത്തുകയില്ലെന്നും, ദൈവത്തെ സ്നേഹിക്കുന്നവർക്ക് സകലവും നന്മയ്ക്കായി കൂടി വ്യാപരിക്കുമെന്നുമുള്ള കർത്താവിന്റെ കരുണാപൂർവ്വമായ വാഗ്ദാനത്തിൽനിന്നു ഉവാകുന്ന സമാധാനമാണിത്. ദൈവിക വിചാരണ അനുവദിക്കുന്ന ഏതവസ്ഥാവിശേഷത്തെയും സ്വാഗതം ചെയ്യാൻ ഈ സമാധാനത്തിനു കഴിയും. അതിന്റെ ദുഃഖാശ്രുക്കളിലൂടെ മധുരപ്രതീക്ഷയോടെ യജമാനൻ വാഗ്ദത്തം ചെയ്തിരിക്കുന്ന അന്തിമമായ അനുഗ്രഹത്തിലേക്ക് അതു ദൃഷ്ടിപതിപ്പിക്കുന്നു. വർത്തമാനജീവിതത്തിലെ സമാധാനവും സന്തോഷവും ആ അനുഗ്രഹങ്ങളുടെ ഒരു പൂർവ്വാനുഭൂതി മാത്രമാണ്. - Z'99, 95 (R 2455)

* * * * * *

കർത്താവിൽ മനസ്സ് ഉറപ്പിക്കുക എന്നതിൽ നീതീകരണവും സമർപ്പണവും മാത്രമല്ല, അവയുടെ വ്യവസ്ഥകളോടുള്ള വിധേയത്വവും അന്തർഭവിച്ചിരിക്കുന്നു. പൂർണ്ണസമാധാനത്തിന്റെ ദൈവവാഗ്ദാനം അങ്ങനെയുള്ളവർക്കുമാത്രമാണ് നൽകപ്പെടുന്നത്. മാനുഷികമായ നിലയിൽ ഹൃദയത്തിനും മനസ്സിനും അനുഭവപ്പെടുന്ന സ്വസ്ഥതയല്ല ഈ സമാധാനം. സമർപ്പിതർ എന്ന നിലയിൽ അവർക്ക് അനുഭവപ്പെടുന്ന ദൈവികസമാധാനമാണിത്. സമർപ്പണത്തിന്റെ ആത്മാവിന് ആനുപാതികമായി നീളത്തിലും വീതിയിലും ഉയരത്തിലും ആഴത്തിലും വർദ്ധിച്ചുവരുന്ന ഒന്നായിരിക്കും ഈ സമാധാനം. - P'30, 79.

* * * * * *

**സമാന്തരവേദഭാഗങ്ങൾ : സങ്കീ.29:11;119:165; യെശ.54:10,13; യോഹ.14:27; റോമ.8:6;15:13,33; എഫെ.2:14-17; ഫിലി.4:7,9; കൊലൊ.1:20; 3:15; എബ്രാ.4**

ചോദ്യങ്ങൾ :- ഈ ആഴ്ചയിൽ എനിക്കു പൂർണ്ണസമാധാനം കൈവന്നോ? അതെങ്ങനെ? എന്തുകൊ്? അതിനുസഹായകമായി അഥവാ പ്രതിബന്ധമായി വർത്തിച്ചതെന്ത്? ഫലമെന്തായിരുന്നു?

## ജൂലൈ 18

***അന്ത്യകാലത്തു ദുർഘടസമയങ്ങൾവരും എന്നറിക. മനുഷ്യർ .... ദ്രോഹികളും ധാർഷ്ട്യക്കാരും ദൈവപ്രിയത്തെക്കാൾ ഭോഗപ്രിയരുമായി രിക്കും. - 2 തിമൊ. 3 : 1, 4***

യഥാർത്ഥക്രിസ്ത്യാനി "തലക്കനം" ഭാവിക്കുന്നവനല്ല. മറിച്ച്, കർത്താവിനുള്ള സമർപ്പണത്തിൽ അവൻ സാദൃശ്യാർത്ഥത്തിൽ തല ഛേദിക്കപ്പെട്ടവനാണ്. അവനു ശിരസ്സു നഷ്ടപ്പെട്ടിരിക്കുന്നു. സ്വേച്ഛയും സ്വയം ഭരണവും നിരാകരിച്ച് യേശുക്രിസ്തുവിന്റെ ഒരു ശിഷ്യനെന്ന നിലയിൽ ശിരസ്സായ യേശുവിന്റെ സമ്പൂർണ്ണ നിയന്ത്രണത്തിനു തന്നെത്തന്നെ വിധേയനാക്കുന്നു. അതുകൊ് യഥാർത്ഥ ക്രൈസ്തവൻ ജീവിതത്തിലെ ഏതു കാര്യത്തിലും അതിന്റെ ഭാരങ്ങളിലും പരീക്ഷകളിലും എന്നപോലെ അതിന്റെ സന്തോഷത്തിലും എന്തു ചെയ്യണം, എന്തു സംസാരിക്കണം എന്ന് അറിയുന്നതിനും പോരാ, ഹൃദയത്തിന്റെ നിനവുകൾപോലും ക്രിസ്തുവിലുള്ള ദൈവേഷ്ടത്തിന് അനുരൂപമായിരിക്കേതിനും മാർഗ്ഗനിർദ്ദേശത്തിനായി ശിരസ്സിങ്കലേക്കു മുഖം തിരിക്കുന്നു - Z'99, 102 (R 2459)

* * * * * *

നാം അന്ത്യനാളുകളിലാണ്. അപ്പൊസ്തൊലന്റെ വിവരണത്തിനനുസരണമായി ഈ അന്ത്യനാളുകൾ ലോകത്തിനുമാത്രമല്ല, ക്രിസ്ത്യാനികൾക്കും ദുർഘടസമയങ്ങൾ ആണ്. ഗ്രീക്കു മൂലമനുസരിച്ച് മനുഷ്യർ എന്ന് ഇവിടെ പറയുന്നത് സാമാന്യാർത്ഥത്തിലല്ല, വിശേഷാർത്ഥത്തിലാണ് (പുറ.7:11). അവർ പൊരുളിലെ യന്നേസ്, യംബ്രേസ് ഗണങ്ങളാണ് (8-ാം വാക്യം). കർത്താവിനെയും ആദ്യസഹോദരവർഗ്ഗത്തെയും വഞ്ചിച്ചവരാണ് അവർ. പത്തെ യൂദായെപ്പോലെ ആദായം മോഹിച്ച് അവർ അവരെ വിറ്റുകളയുന്നു. തങ്ങളുടെ ശാഠ്യബുദ്ധികൊ് അവർ ധാർഷ്ട്യക്കാരായിരിക്കുന്നു. ദൈവസ്നേഹത്തിൽനിന്നുടലെടുക്കുന്ന ആത്മത്യാഗപരമായ ജീവിതത്തിന്റെ വശ്യത അവരെ സംബന്ധിച്ചു നഷ്ടപ്പെട്ടിരിക്കുന്നു. സ്വാർത്ഥനിഷ്ഠമായ പ്രാപഞ്ചികമോഹങ്ങളോടുള്ള പ്രതിപത്തിമൂലം അതു നിർജ്ജീവാവസ്ഥയിലായിരിക്കുന്നു. - P'35, 102.

* * * * * *

**സമാന്തരവേദഭാഗങ്ങൾ : 1തിമൊ.4:1,2; 2പത്രൊ.2:1-3,10-22;3:3; 1യോഹ.2:18,19; 2യോഹ.7:10,11; 3യോഹ.9-11; യൂദാ.3,4,8-19; എബ്രാ.6:4-6; 10:26-29; 1യോഹ.5:16**

ചോദ്യങ്ങൾ :- ഈ വേദവാക്യം സംബന്ധിച്ച് ഈ ആഴ്ചയിലെ നിരൂപണങ്ങൾ എന്തായിരുന്നു? അവ എന്നിൽ എന്തു പ്രതികരണമുളവാക്കി?

# ജൂലൈ 19

***എന്റെ പിതാവ് എനിക്കു നൽകിയിരിക്കുന്ന പാനപാത്രം ഞാൻ കുടിക്കേതല്ലയോ? - യോഹ. 18 : 11***

നമ്മുടെ വീടെുപ്പുകാരന്റെ ജീവിതത്തിൽ ലഘുവായ കാര്യങ്ങളിൽപോലും താഴ്മ എന്ന ഗുണവിശേഷം എത്രമാത്രം തെളിഞ്ഞുനിൽക്കുന്നു. ശത്രുക്കൾക്കു കീഴടങ്ങുന്ന അവസരത്തിൽപോലും താൻ സ്വമേധയാ വഴങ്ങുന്നതാണെന്ന് അവകാശപ്പെടുകയോ ഒരു രക്തസാക്ഷി എന്ന് അഭിമാനം കൊള്ളുകയോ ചെയ്യുന്നില്ല! പിതാവിനോടുള്ള തന്റെ വ്യക്തിഗതമായ വിശ്വസ്തതയുടെ തെളിവായി അവൻ ഈ ത്യാഗം ആവശ്യപ്പെടുന്നു എന്ന ലളിതസത്യം അവൻ പ്രഖ്യാപിച്ചതേയുള്ളു. കഷ്ടങ്ങൾ സഹിച്ച് അനുസരണം പഠിച്ച ഒരു പുത്രനും ദൈവത്തിന്റെ ഒരു ഭൃത്യനുമാണു താനെന്ന് അവൻ ഏറ്റുപറഞ്ഞു. പിതാവ് അനുശാസിക്കുന്ന പാനാത്രം കുടിക്കാനുള്ള സന്നദ്ധതയാണ് കർത്താവിന്റെ അനുയായികൾ സർവ്വോപരി ഉൾക്കൊള്ളേ പാഠം. അഭിഷിക്തനായവന്റെ ശിഷ്യന്മാർ എന്ന നിലയിൽ നാം ദൈവജനമായിരിക്കയാൽ പിതാവു നമ്മുടെ ജീവിതപന്ഥാവിൽ നമ്മെ നയിക്കയും നമുക്കു വഴികാട്ടിയായിരിക്കയും ചെയ്യുന്നു എന്ന വസ്തുത അംഗീകരിക്കുക എന്നുതന്നെ.
- Z'99, 118; '01, 91 (R 2467, 2778)

* * * * * *

സൗഭാഗ്യകരമോ ദൗർഭാഗ്യകരമോ ആയ അനുഭവങ്ങളുടെ പ്രതീകമാണ് പാനപാത്രം. വിശുദ്ധന്മാരുടെ ജീവിതത്തിൽ ദൈവേഷ്ടപ്രകാരമല്ലാതെ ഒന്നും സംഭവിക്കുന്നില്ല. അതുകൊ്, സ്വാനുഭവങ്ങളെല്ലാം പിതാവു തങ്ങൾക്കു കുടിപ്പാൻ നൽകുന്ന പാനപാത്രമായി അവർ കാണുന്നു. എപ്പോഴും സംതൃപ്തമായ മനസ്സോടെ, കഴിയുംവിധം നന്ദിനിറഞ്ഞ ഹൃദയത്തോടെ, ദൈവത്തിന്റെയും മറ്റുള്ളവരുടെയും മഹത്ത്വത്തിനും സ്വന്തം പ്രയോജനത്തിനുമായി ഗുരുവിനെപ്പോലെ തങ്ങളും പാനപാത്രം കുടിക്കുന്നു എന്നത് അവർക്കു സ്വയം ബോധ്യപ്പെട്ടിരിക്കേതാണ്
- P'34, 95.

* * * * * *

**സമാന്തരവേദഭാഗങ്ങൾ : ഇയ്യോ.13:15; സങ്കീ.119:75; യിരെ.10:19; മത്താ.20:22;26:39,42; ലൂക്കൊ.22:20; റോമ.5:3-5; 1കൊരി.10:16,21; 2കൊരി.7:4; ഫിലി.3:8; സങ്കീ.23:5;116:13; യെശ.51:22,23**

ചോദ്യങ്ങൾ :- ഈ വേദവാക്യത്തോടനുബന്ധിച്ച് ഈ ആഴ്ചയിലെ അനുഭവങ്ങൾ എന്തൊക്കെ ആയിരുന്നു? അവയെ എങ്ങനെ സഹിച്ചു? അവ എന്തു ഫലമുളവാക്കി?

# ജൂലൈ 20

***ഞാൻ സാക്ഷാൽ മുന്തിരിവള്ളിയും എന്റെ പിതാവു തോട്ടക്കാരനും ആകുന്നു. എന്നിൽ കായ്ക്കാത്ത കൊമ്പൊക്കെയും അവൻ നീക്കിക്കള യുന്നു. കായ്ക്കുന്നതൊക്കെയും അധികം ഫലം കായ്ക്കേതിനു ചെത്തി വെടിപ്പാക്കുന്നു - യോഹ. 15 : 1, 2***

മുന്തിരിവള്ളിയിലെ അത്യുത്തമവും ഫലവത്തുമായ ശാഖകൾക്കു പോലും ചെത്തിവെടിപ്പാക്കൽ ആവശ്യമായിരിക്കുന്നതുപോലെ കർത്താവിന്റെ ജനങ്ങളിൽ ഏറ്റം സത്യസന്ധരും ദൃഢചിത്തരുമായവർക്കുപോലും അവന്റെ ശിക്ഷണവും ദിവ്യപരിപാലനവും ആവശ്യമാണ്. അല്ലാത്തപക്ഷം തടി വണ്ണിക്കാനും ഫലം നാമമാത്രമാകാനും ഇടവരും. കർത്താവിന്റെ ഇഷ്ടത്തിനു തന്റെ ഇഷ്ടം വിധേയപ്പെടുത്തിയ ഒരു യഥാർത്ഥ ദൈവ പൈതൽ ഈ ചെത്തിവെടിപ്പാക്കൽമൂലം ഇടറിപ്പോകയോ നിരുത്സാഹ പ്പെടുകയോ ചെയ്യുന്നില്ല. അവൻ സ്വന്തം ബുദ്ധിശൂന്യതയെപ്പറ്റി തെല്ലെ ങ്കിലും ബോധവാനും തോട്ടക്കാരന്റെ അറിവിനെപ്പറ്റി ഉറപ്പുള്ളവനുമായി രിക്കും. അതുകൊ്, ചില വഴിക്കുള്ള തന്റെ നീക്കങ്ങൾക്കു ദിവ്യവിചാരണ കടിഞ്ഞാണിടുമ്പോൾ തന്റെ പദ്ധതികൾക്കു നേരിടുന്ന ഈ തടസ്സങ്ങളെ അവൻ സസന്തോഷം സ്വാഗതം ചെയ്യുന്നു. കർത്താവിന്റെ ഹിതവും അവന്റെ വഴികളുമാണ് അത്യുത്തമമെന്നും അവ ശ്രേയോലാഭത്തിലേക്കു നയിക്കുമെന്നും അവൻ ഉറപ്പാക്കുന്നു. - Z'99, 109 (R 2464)

*　　*　　*　　*　　*　　*

തന്റെ ശിഷ്യന്മാരെ പഠിപ്പിക്കുന്നതിന് പ്രാകൃതവസ്തുക്കൾ നമ്മുടെ കർത്താവിനു നിരവധി ദൃഷ്ടാന്തങ്ങൾ പ്രദാനം ചെയ്തിട്ടു്. ഈ വേദ ഭാഗം ക്രിസ്തുവാകുന്ന മുന്തിരിവള്ളിയെ നമ്മുടെ ശ്രദ്ധയ്ക്കു വിഷയമാ ക്കുന്നു. അവന്റെ അംഗങ്ങൾ അവനിൽ നിന്നും, ശാഖകൾ എന്നപോലെ വളരുന്നു. പിതാവിന്റെ പരിപാലനം വഴി ഓരോ ശാഖയും ക്രിസ്താനു രൂപ്യം എന്ന ഫലം കായ്ക്കുന്നു. തോട്ടക്കാരന്റെ തുടർച്ചയായ ചെത്തി വെടിപ്പാക്കലും മുറിച്ചുമാറ്റലും അവയ്ക്ക് ആവശ്യമാണ്. സമൃദ്ധമായ ആത്മീയഫലം എന്ന ലക്ഷ്യത്തിലെത്തുന്നതിനാണിത്. - P'33, 80.

*　　*　　*　　*　　*　　*

**സമാന്തരവേദഭാഗങ്ങൾ : യോഹ.15:3-8; എബ്രാ.12:2-17;13:20; എഫെ.5:23; ലൂക്കൊ.1:69; യോഹ.14:6; എബ്രാ.6:7,8; യോഹ.13:10;17:17; എഫെ.5:26; 1പത്രൊ.1:22; എബ്രാ.12:4-14; 2പത്രൊ.1:2-10; 1യോഹ.1:9**

ചോദ്യങ്ങൾ :- ചെത്തിവെടിപ്പാക്കൽ സംബന്ധിച്ച് ഈ ആഴ്ചയിലെ അന ുഭവങ്ങൾ എന്തെല്ലാമായിരുന്നു? അവയെ എങ്ങനെ നേരിട്ടു? അവ എ ന്തു ഫലമുളവാക്കി?

## ജൂലൈ 21

***സത്യത്തിനു സാക്ഷി ിൽക്കേതിനു ഞാൻ ജനിച്ചു, അതിനായി ലോകത്തിൽ വന്നുമിരിക്കുന്നു. - യോഹ. 18 : 37***

സത്യത്തോടുള്ള നമ്മുടെ കർത്താവിന്റെ വിശ്വസ്തതയാണ് ശത്രു വിനാൽ അന്ധരാക്കപ്പെട്ടവരിൽനിന്നുള്ള എതിർപ്പിനു കാരണമായത്. സത്യത്തിനു സാക്ഷിയാവാൻ അവനു നൽകേിവന്ന വില തന്റെ ജീവനാണ്. സത്യത്തിനുവേി അടരാടുകവഴി നേരിട്ട ജീവത്യാഗമാണ് നമ്മുടെ വീടെുപ്പർത്ഥമായിത്തീർന്നത്. ഇപ്രകാരം കർത്താവിന്റെ മുഴുവൻ അനുയായികളും സത്യത്തിന് - ദൈവത്തിന്റെ സ്വഭാവത്തെയും നിർണ്ണയത്തെയും സംബന്ധിച്ച സത്യത്തിനു സാക്ഷികളാകണം. ക്രിസ്തുയേശുവിൽകൂടെ ദൈവത്തിനു സ്വീകാര്യവും വിശുദ്ധവുമായ ജീവനുള്ള യാഗങ്ങളായി സമർപ്പിക്കുന്നതുവഴി കർത്താവിന്റെ വിശ്വസ്താനുയായികൾക്കെല്ലാം തങ്ങളുടെ ജീവൻ ഹോമിക്കേിവരുന്നത് ഇപ്രകാരം സത്യത്തിനു സാക്ഷ്യം വഹിക്കുന്നതിനാലാണ്. ജീവന്റെ പ്രഭുവിനോടുകൂടെ രാജ്യത്തിൽ പങ്കാളിയാകാൻ ആഗ്രഹിക്കുന്ന ഏവനും സത്യത്തിനു സാക്ഷിയാവട്ടെ. രാജ്യത്തിന്റെ, അതിന്റെ അടിസ്ഥാനത്തിന്റെയും അന്തിമമായി അതിന്മേൽ പടുത്തുയർത്തപ്പെടുവാൻ പോകുന്ന മഹത്തരമായ അനുഗ്രഹങ്ങളുടെയും വക്താവാകട്ടെ - Z'99, 123 (R 2470)

* * * * * *

ഈ ലോകത്തിൽ നമ്മുടെ കർത്താവിന് ഒരു പ്രത്യേക ദൗത്യം ഉായിരുന്നു. സത്യത്തിനു സാക്ഷിയാകുക എന്നതായിരുന്നു അത്. അതിന്റെ എല്ലാ മേഖലകളിലുമല്ല, ആദ്ധ്യാത്മിക വിഷയങ്ങളിൽ മാത്രം. പിതാവ് അവനെ ഭരമേൽപിച്ച ഈ ദൗത്യം അവൻ വിശ്വസ്തതയോടെ നിർവ്വഹിച്ചു. ആ ദൗത്യത്തിന്റെ പുരോഗതിക്കു സമയത്തും അസമയത്തും ലഭിച്ച ഓരോ അവസരവും അവൻ വിനിയോഗിച്ചു. എതിർപ്പിലുള്ള ഭയമോ ആനുകൂല്യങ്ങൾക്കുവേിയുള്ള മോഹമോ വിശ്വസ്തതയുടെ പാതയിൽനിന്നു പിന്മാറുന്നതിന് അവനെ പ്രലോഭിപ്പിച്ചില്ല - P'32, 95.

* * * * * *

**സമാന്തരവേദഭാഗങ്ങൾ : യെശ.55:4; 1തിമൊ.6:13; വെളി.1:5;3:14; റോമ.15:8-12; മത്താ.7:21-23;10:32,33; യോഹ.1:15-18;9:22-38;12:42,43; റോമ.10:8-10**

ചോദ്യങ്ങൾ :- ഞാൻ ഈ ആഴ്ചയിൽ സത്യത്തിനു സാക്ഷ്യം വഹിച്ചുവോ? എങ്ങനെ? എന്തുകൊ്? ഫലമെന്തായിരുന്നു?

## ജൂലൈ 22

***ഹൃദയം നുറുങ്ങിയവർക്ക് യഹോവ സമീപസ്ഥൻ; മനസ്സു തകർന്ന വരെ അവൻ രക്ഷിക്കുന്നു. നീതിമാന്റെ അനർത്ഥങ്ങൾ അസംഖ്യമാ കുന്നു; അവ എല്ലാറ്റിൽ നിന്നും യഹോവ അവനെ വിടുവിക്കുന്നു - സങ്കീ. 34 : 18, 19***

***നീതിമാൻ ഏഴുപ്രാവശ്യം വീണാലും എഴുന്നേൽക്കും - സദൃ.24:16***

തിരുത്താനാവാത്തവിധം നാം തെറ്റായ വഴിയിൽ സഞ്ചരിച്ചു എന്നു വല്ലപ്പോഴും കത്തെുന്ന പക്ഷം, കർത്താവു മുന്നരുളിച്ചെയ്തി രിക്കുന്നതുപോലെ അതു നിരാശകളെ ക്ഷണിച്ചുവരുത്തുമെന്നു നമുക്കു പ്രതീക്ഷിക്കാം. എന്നാൽ അതോടൊപ്പം മനസ്താപം, കർത്തൃസമക്ഷ ത്തുള്ള താഴ്മ, ഭാവിയിലേക്കു പൂർവ്വാധികമായ തീക്ഷ്ണത, ജാഗരണം, വിശ്വസ്തത എന്നിവമൂലം ചില അനുഗ്രഹങ്ങൾ അവൻ അനുവദിക്കു ന്നു. ഇപ്രകാരം ജീവിതത്തിലെ ചില മൗഢ്യങ്ങൾ സദ്ഗുണങ്ങളുടെയും സത്യത്തിന്റെയും സമുന്നത മേഖലകളിലേക്കുള്ള ചവിട്ടുപടികളായിത്തീ രാം - Z'03, 217 (R 3222)

* * * * * *

പരാജയങ്ങൾ ഒരിക്കലും നമ്മെ നിരുത്സാഹപ്പെടുത്താൻ അനുവദിക്കരു ത്. അവ നമ്മുടെ ബലഹീനതകൾക്കു തെളിവായിരിക്കയും, ആ ബലഹീനത കളെ സംബന്ധിച്ചു നാം ജാഗരൂകരായിരിക്കുന്നത് ആവശ്യമായിരിക്കയും ചെയ്കെത്തന്നെ അവ നമുക്ക് അത്യധികം പ്രയോജനകരമായ ബുദ്ധ്യുപദേശ ത്തിനും തിരുത്തലിനും ഉപകരിക്കുന്നു. ആ പരാജയങ്ങളെ അവഗണിച്ചുകൊ് അവന്റെ സഹാനുഭൂതിയും ക്ഷമയും തക്കസമയത്ത് വേ സഹായവും സംബ ന്ധിച്ച ഉറപ്പ് നൽകിക്കൊ് അവൻ നമ്മുടെ ഹൃദയങ്ങൾക്ക് ആശ്വാസം പകരു ന്നു. എത്രയും വേഗം തോൽവികളിൽനിന്നു നാം കരകയറുകയും കർത്തൃനാ മത്തിൽ സധൈര്യം മുന്നോട്ടു ചുവടുവയ്ക്കുകയും വേണം - P'26, 95.

* * * * * *

**സമാന്തരവേദഭാഗങ്ങൾ : ആവ.4:29-31; ഇയ്യോ.22:29; സങ്കീ.51:17; 95:7,8;147:3; സദൃ.1:23;28:13,14; യെശ.57:15;61:1-3; ഹോശെ.14:1,2; യോനാ.2:4-9; മീഖ.7:19; ലൂക്കൊ.18:10-14; യോഹ.6:37;15:7,17-24; യാക്കോ.4:8; 1യോഹ.1:9**

ചോദ്യങ്ങൾ :- ഈ ആഴ്ചയിൽ ഞാൻ ഇടറിപ്പോകയും പരാജയപ്പെടുകയും ചെയ്തോ? ആവക അനുഭവങ്ങളുടെ മദ്ധ്യത്തിൽ എന്റെ ഹൃദയനില എന്തായി രുന്നു? കർത്താവിന്റെ തിരുത്തലും സഹാനുഭൂതിയും സഹായവും എങ്ങനെ അനുഭവപ്പെട്ടു?

# ജൂലൈ 23

***തനിക്കുള്ളവർക്കും പ്രത്യേകം സ്വന്തകുടുംബക്കാർക്കും വേി കരുതാത്തവൻ വിശ്വാസം തള്ളിക്കളഞ്ഞ് അവിശ്വാസിയേക്കാൾ അധമനായിരിക്കുന്നു - 1 തിമൊ. 5 : 8***

"വിശ്വാസം" എന്നതിൽ മറ്റുള്ളവർക്ക്, വിശേഷാൽ വിശ്വാസത്തിന്റെ ഭവനക്കാർക്കുവേി സ്നേഹബുദ്ധ്യാ വിചാരപ്പെടുന്നത്, അവരിലുള്ള സഹതാപം, താത്പര്യം, ശ്രദ്ധ ഇവ ഉൾപ്പെടുന്നു. ഇതു നമ്മുടെ കർത്താവിന്റെ പ്രകൃതിയെപ്പറ്റിയുള്ള ഉൾക്കാഴ്ച നമുക്കു നൽകുന്നു. അവൻ സ്വയം ആപൽഘട്ടത്തിൽ പെട്ടപ്പോഴും മറ്റുള്ളവരുടെ സുരക്ഷിതത്വമായിരുന്നു. അവന്റെ ചിന്താവിഷയം! മാതാവിനെപ്പറ്റി വിചാരപ്പെടുകയും അവളുടെ ക്ഷേമത്തിനുവേ ഏർപ്പാടുകൾ ചെയ്യുകയും ചെയ്യുന്നതിന് പ്രാണവേദനയ്ക്കിടയിലും അവൻ സമയം കത്തെി. യോഹന്നാനെ നിയോഗിച്ചതിലുള്ള ഔചിത്യം നോക്കുക: ഒന്നാമത്, അവന്റെ സ്നേഹോദാരമായ ആർദ്രസ്വഭാവം; രാമത്, കർത്താവിനോടും സത്യത്തോടുമുളള അവന്റെ തീക്ഷ്ണത; മൂന്നാമത്, സ്വന്തം ജീവൻ അപകടപ്പെടുത്തിയും ഗുരുവിന്റെ അന്തിമനാഴികകളിൽ ശ്രമസാധ്യമായ അവന്റെ സാമീപ്യം കൈവരിച്ചതിലുള്ള ധൈര്യം ഇവയാണ് കർത്താവിനു സ്വീകാര്യമായ സ്വഭാവവിശേഷങ്ങൾ എന്നതു ശ്രദ്ധിക്കുക. അവ നാം ജീവിതത്തിൽ പ്രാവർത്തികമാക്കണം. തന്മൂലം അതേ യജമാനനിൽനിന്നു സേവനത്തിനുള്ള വിശേഷാവസരങ്ങൾ നമുക്കു കൈവരട്ടെ. - Z'99, 127 (R 2473)

*   *   *   *   *   *

ഈ ജീവിതത്തിൽ അവരവരുടെ നിലയനുസരിച്ച് വ്യത്യസ്ത സ്വഭാവത്തോടുകൂടിയ ചില ചുമതലകൾ എല്ലാവരിലും നിക്ഷിപ്തമായിട്ടു്. ഗാർഹിക ജീവിതത്തിൽ തങ്ങളുടെ സ്ഥാനമനുസരിച്ച് കുടുംബാംഗങ്ങൾക്കെല്ലാം പ്രത്യേകം പ്രത്യേകം ചുമതലകൾ ഉായിരിക്കും. കുടുംബ നായകൻ, തന്നെ ആശ്രയിച്ചു കഴിയുന്നവർക്കുവേി കരുതാൻ കടപ്പെട്ടിരിക്കുന്നു. ഈ ചുമതല അംഗീകരിക്കാനും നിറവേറ്റാനും വിസമ്മതിക്കുന്നത് വിശ്വാസത്തിന്റെ നിഷേധമാണ്. അങ്ങനെയുള്ളവൻ അവിശ്വാസിയേക്കാൾ അധമനാണ്. - P'36, 95.

*   *   *   *   *   *

**സമാന്തരവേദഭാഗങ്ങൾ : ഉല്പ.18:19;30:30; സദൃ.13:22; യെശ.58:7; റോമ.12:17; 2കൊരി.8:21;12:14; ഗലാ.6:10; എഫെ.6:4; മത്താ.18:17; തീത്തൊ.2:4,5**

ചോദ്യങ്ങൾ :- ഈ ആഴ്ച ഞാൻ എന്റെ സ്വന്തഭവനക്കാർക്കുവേി കരുതിയോ? എന്തുകൊ്? എങ്ങനെ? ഫലമെന്തായിരുന്നു?

## ജൂലൈ 24

***നീതിമാന്റെ ശ്രദ്ധയോടുകൂടിയ പ്രാർത്ഥന വളരെ ഫലിക്കുന്നു- യാക്കോ. 5 : 16***

പ്രാർത്ഥനവഴി കർത്താവുമായി സമ്പർക്കം പുലർത്തുന്നത്, നമ്മുടെ കാര്യങ്ങളിൽ അവൻ വഹിക്കുന്ന മേൽവിചാരണയിൽ നമുക്കു വിശ്വാസം വർദ്ധിക്കുന്നതിന് സഹായകമാകും. അവന്റെ വചനത്തിലെ അതിമഹത്തും അമൂല്യവുമായ വാഗ്ദത്തങ്ങളിൽ കൂടുതലായ വിശ്വാസം, കഴിഞ്ഞകാലത്തും ഇപ്പോഴും അവൻ നമ്മെ നയിച്ച വിധത്തെപ്പറ്റി കൂടുതലായ അറിവ്, കർത്താവിന്റെ മുഴുവൻ സഹോദരന്മാരോടും ഉത്തരോത്തരമായ സ്നേഹം, അവരുടെ ക്ഷേമത്തിനും ആത്മീയാഭിവൃദ്ധിക്കുമായുള്ള അഭിവാഞ്ഛ ഇവയ്ക്കു പ്രേരകമാകും. ഇപ്രകാരം ദൈവത്തോടും സഹോദരങ്ങളോടും സകല മനുഷ്യരോടുമുളള ബന്ധത്തിൽ ആത്മീയ വിഷയങ്ങളിലും ആത്മാവിന്റെ ഫലങ്ങളിലുമുളള പുരോഗതിക്കും പ്രാർത്ഥനയ്ക്കും തമ്മിൽ അഭേദ്യമായ ഏകീഭാവമാണുള്ളത് - Z'00, 268 (R 2692)

* * * * * *

നീതീകരിക്കപ്പെടുകയും സമർപ്പിക്കപ്പെടുകയും ചെയ്ത ഒരുവനാണ് നീതിമാൻ. ക്രിസ്തുവിന്റെ നാമത്തിലും പുണ്യത്തിലും ആശ്രയിച്ച്, തങ്ങൾ സമർപ്പിക്കുന്ന പ്രാർത്ഥന സഫലമാകുമെന്ന്, പൂർണ്ണമായി വിശ്വസിച്ചുകൊ്, അങ്ങനെയുള്ളവർക്കു ക്രിസ്തുവിലൂടെ ഒരേ ആത്മാവിൽ പിതാവിനെ സമീപിക്കാം. അപ്രകാരം ദൈവത്തിൽനിന്ന് ഉത്തരം ലഭിക്കുമാറ് ഫലപ്രദമാണ് അവരുടെ പ്രാർത്ഥന. ക്രിസ്തുവഴി ദൈവത്തിനു മഹത്ത്വം വരുത്തുന്ന കാര്യങ്ങൾക്കുവേിയുളള അഭിവാഞ്ഛയിൽ നിന്നും ഉയിർകൊള്ളുന്നതാകയാൽ ആ പ്രാർത്ഥന ശ്രദ്ധയോടുകൂടിയതുമാണ് - P'30, 79.

* * * * * *

**സമാന്തരവേദഭാഗങ്ങൾ : ആവ.9:18-20; യോശു.10:12; 1ശമു.12:18; 2രാജാ.20:2-5; സങ്കീ.10:17;34:15;145:18; സദൃ.15:29;28:9; യോഹ.9:31; 1യോഹ.3:22**

ചോദ്യങ്ങൾ :- എന്തിനായിട്ടാണ് ഞാൻ ഈ ആഴ്ച ശ്രദ്ധയോടെ പ്രാർത്ഥിച്ചത്? അതിനു നേരിട്ട പ്രതിബന്ധങ്ങളെ ഞാൻ എങ്ങനെ അതിജീവിച്ചു?

# ജൂലൈ 25

***ന്യായപ്രമാണകർത്താവും ന്യായാധിപതിയും ഒരുവനേയുള്ളൂ; രക്ഷിപ്പാനും നശിപ്പിപ്പാനും ശക്തനായ ഒരുവൻ തന്നെ; കൂട്ടുകാരനെ വിധിപ്പാൻ നീ ആർ? - യാക്കോ. 4 : 12***

ഈ ആശയത്തിന് അനുയോജ്യമായിട്ടാണ്, ലോകത്തിനോ സഹോദങ്ങൾക്കോ തന്നെ വിധിക്കുവാൻ കഴിയുന്നതല്ല എന്നും, ഹൃദയത്തെ വായിക്കാൻ കഴിയുന്നവനും നാം ചെറുത്തുനിൽക്കേിവരുന്ന അവസ്ഥാവിശേഷങ്ങളെയും പരീക്ഷകളെയും ദൗർബല്യങ്ങളെയും അറിയുന്നവനുമായ കർത്താവിനു മാത്രമേ ഉചിതമായ വിധി എഴുതുവാൻ കഴിയൂ എന്നും അപ്പൊസ്തൊലനായ പൗലോസ് ഒരിടത്തു പറയുന്നത്. "ഞാൻ എന്നെത്തന്നെ വിധിക്കുന്നില്ല" എന്നുപോലും അവൻ പ്രസ്താവിക്കുന്നു (1 കൊരി. 4:3). കർത്താവിന്റെ പൈതങ്ങൾ എന്ന നിലയിൽ മനസ്സാക്ഷി പാലിച്ചു ജീവിക്കുന്നു എന്ന് അവകാശപ്പെടുന്ന മറ്റുള്ളവരെയോ തത്തുല്യമായ സാഹചര്യങ്ങളിൽ നമ്മെത്തന്നെയോ വിധിക്കാതിരിക്കുന്നത് സ്വാഗതാർഹമാണ്. സ്വർഗ്ഗീയമായ കൃപാവരങ്ങൾ സ്വായത്തമാക്കുന്നതിനും നമ്മുടെ യജമാനനെ സേവിക്കുന്നതിനും കഴിവിന്റെ പരമാവധി പ്രവർത്തിച്ചുകൊും ഫലമെല്ലാം കർത്താവിനു വിട്ടുകൊടുത്തുകൊും നാൾതോറും നമുക്കു ലാക്കിലേക്കു ബദ്ധപ്പെടാം.- Z'99,139(R 2479)

*　　*　　*　　*　　*　　*

ധർമ്മാധർമ്മവിവേകവും സ്വതന്ത്രചിത്തവുമുള്ള എല്ലാ സൃഷ്ടികളെയും ഭരിക്കുന്ന നിയമങ്ങളുടെ ഉറവിടം ദൈവത്തിന്റെ ഹൃദയവും മനസ്സുമാണ്, ആ നിയമങ്ങൾ അവരുടെ ഹൃദയങ്ങളിലും മനസ്സുകളിലും എഴുതപ്പെട്ടിരിക്കുന്നു എന്നീ അർത്ഥങ്ങളിൽ ദൈവമാണ് നിയമദാതാവ്. ഇതനുസരിച്ച് നിയമം അനുസരിക്കുന്നവർക്കു ജീവനും നിയമം ലംഘിക്കുന്നവർക്കു മരണവും വിധിച്ചുകൊു നിയമാനുശാസനം നിർവ്വഹിക്കാനുള്ള അവകാശവും അവനാണ്. ഈ അധികാരം തന്റെ നിയോഗം കൂടാതെ തന്റെ ന്യായാസനത്തിൽ ഉപവിഷ്ടരാകുന്നതിൽനിന്നു മറ്റുള്ളവരെ തടയുന്നു - P'35, 102.

*　　*　　*　　*　　*　　*

**സമാന്തരവേദഭാഗങ്ങൾ : എഫെ.4:31; ലൂക്കൊ.6:37; റോമ.2:1;9:20; 14:4,13; 1കൊരി.4:5; പുറ.20:16; മത്താ.10:28; യെശ.8:12,13; ലൂക്കൊ.12:4,5; 1പത്രൊ.3:14; എബ്രാ.7:25**

ചോദ്യങ്ങൾ :- ദൈവത്തിന്റെ ന്യായാധിപത്യം ഉൾക്കൊുകൊ് അതിനനുസൃതമായിട്ടാണോ ഈ ആഴ്ച ഞാൻ പ്രവർത്തിച്ചത്? അതിന് അനുകൂലമായും പ്രതികൂലമായും അനുഭവപ്പെട്ടതെന്ത്? ഫലമെന്തായിരുന്നു?

# ജൂലൈ 26

***ജയിക്കുന്നവനു ഞാൻ വെള്ളക്കല്ലും, ലഭിക്കുന്നവനല്ലാതെ ആരും അറിയാത്തതും, ആ കല്ലിന്മേൽ എഴുതിയിരിക്കുന്നതുമായ പുതിയ പേരും കൊടുക്കും - വെളി. 2 : 17***

ജേതാക്കൾ കർത്താവിനുവേ മറ്റെല്ലാം ത്യജിക്കാൻ സന്നദ്ധതയുള്ള വരോ എന്നു പരീക്ഷിക്കപ്പെടണം. കർത്താവിന്റെ പ്രീതിയും ആനുകൂല്യവും പിടിച്ചുകൊള്ളുന്നതിന് ആവശ്യമെങ്കിൽ മറ്റ് ഏതിന്റെയും സ്നേഹവും കൂട്ടായ്മയും അംഗീകാരവും ബലികൊടുക്കാൻ കഴിയുന്നവരായിരിക്കണം അവർ. കർത്താവിന്റെ സമർപ്പിതജനത്തിന് ഇങ്ങനെയുള്ള പരീക്ഷ നാൾതോറും അടുത്തടുത്തു വന്നുകൊിരിക്കുന്നു എന്നു ഞങ്ങൾ വിശ്വസിക്കുന്നു. നമ്മുടെ പരീക്ഷയിലെ ഒരു ഘടകം ഇതാണെന്ന് ഓർക്കുക. തദനുസരണം നമ്മുടെ അഭിരുചികൾ ആത്മീയ വിഷയങ്ങളിൽ പതിക്കുകയും, കർത്താവിനോടുള്ള പ്രതിപത്തിക്കും ശുശ്രൂഷയ്ക്കും എതിരായിരിക്കുമെന്നതിനാൽ ലോകജനങ്ങളിലും വസ്തുക്കളിലും നിന്ന് അങ്ങനെയുള്ള അഭിരുചികൾ പിൻവലിക്കുകയും ചെയ്യണമെന്നത് വിസ്മരിക്കാതിരിക്കുക. - Z'99, 140 (R 2479)

* * * * * *

പാപം, അസത്യം, സ്വാർത്ഥം, പ്രാപഞ്ചികമോഹം ഇവയെ പോരാടി കീഴടക്കുന്നവനാണ് ജേതാവ്. സാത്താനും ലോകവും ജഡവും ഒത്തുചേർന്ന് ഇവയെ അവനെതിരായി അണിനിരത്തുന്നു. ജയിക്കുന്നവർക്കു നിശ്ചയമായും ദൈവത്തിന്റെ ആലയത്തിലെ ജീവനുള്ള കല്ലുകൾ എന്ന സ്ഥാനം നൽകപ്പെടും. ഇവർ ദിവ്യപ്രകൃതി പ്രാപിക്കയും ചെയ്യും. ലഭിക്കുന്നവനല്ലാതെ പൂർണ്ണമായി മനസ്സിലാക്കാനോ ആസ്വദിക്കാനോ കഴിയാത്തത്ര മഹത്ത്വപൂർണ്ണമാണ് ദിവ്യപ്രകൃതി - P'34, 95.

* * * * * *

**സമാന്തരവേദഭാഗങ്ങൾ : സങ്കീ.73:24; ഹോശേ.12:6; മത്താ.24:13; യോഹ.8:31;10:28; അപ്പൊ.11:23; റോമ.2:6,7;8:30-39; 1കൊരി.16:13; ഗലാ.6:9; കൊലൊ.1:10,22,23; എബ്രാ.2:1;3:6,14;10:23,35,36;12:1-15; യാക്കോ.1:4,12; 1പത്രൊ.1:4-8; 2പത്രൊ.1:10,11; വെളി.2:7,10,11,25-28;3:5,11**

ചോദ്യങ്ങൾ :- ഞാൻ ഈ ആഴ്ചയിൽ വിജയം കൈവരിച്ചോ? എങ്ങനെ? ഏതു കാര്യത്തിൽ? ഫലമെന്തായിരുന്നു?

# ജൂലൈ 27

***"നാം ഈ ദാനിയേലിന്റെ നേരെ അവന്റെ ദൈവത്തിന്റെ ന്യായപ്രമാണം സംബന്ധിച്ചുള്ളതല്ലാതെ മറ്റൊരു കാരണവും കണ്ടെത്തുകയില്ല" എന്നു പറഞ്ഞു - ദാനി. 6 : 5***

എല്ലാവരും ദാനിയേലിനെപ്പോലെ നേതൃത്വസിദ്ധിയുള്ളവരല്ല. അവനെപ്പോലെ എല്ലാവർക്കും ദർശനങ്ങളോ വെളിപ്പാടുകളോ വ്യാഖ്യാനവരമോ നൽകപ്പെടുന്നുമില്ല. എന്നാൽ നീതിയുടെ തത്ത്വങ്ങളെ ആദരിക്കുന്ന ഹൃദയം അതേനിലയിൽ എല്ലാവർക്കും ഉാകാം. നമ്മുടെ ദൃഷ്ടാന്തമായിരിക്കുന്ന, നമ്മുടെ ദാനിയേലിന്റെ - നമ്മുടെ നായകനും കർത്താവുമായ യേശുവിന്റെ കാൽച്ചുവടുകളെ നാം ഇടുക്കുപാതയിലൂടെ പ്രതിപദം പിന്തുടരുമ്പോൾ ഈ ആദർശനിഷ്ഠ ദിവ്യവിചാരണയ്ക്കു വിധേയമായി പരീക്ഷിക്കപ്പെടും. അതുകൊ്, ക്രിസ്തുവിൻ നാമം വിളിക്കപ്പെട്ടിരിക്കുന്ന ഏവരും അനീതി വിട്ടോടട്ടെ. അങ്ങനെയുള്ളവരെല്ലാം വിശ്വസ്തരായിരിക്കട്ടെ. "ഒരു ദാനിയേൽ ആകാൻ ധൈര്യപ്പെടട്ടെ"

- Z'99, 167 (R 2492)

* * * * * *

ദാനിയേലിന്റെ സ്വഭാവം നമുക്ക് അനുകരണീയമാണ്. ഐഹികന്മാർക്ക് നമ്മിൽ ന്യായമായി ഒരു കുറ്റവും ചുമത്തുവാൻ കഴിയാതെ വണ്ണം ശാരീരികവും മാനസികവും സാന്മാർഗ്ഗികവും മതപരവുമായ വിഷയങ്ങളിൽ നാം ദാനിയേലിനെപ്പോലെ ശ്രദ്ധാലുക്കളാകാൻ ശ്രമിക്കണം. സത്യത്തോടു പൊരുത്തപ്പെട്ടിരുന്നാൽ മതപരമായ നമ്മുടെ കർമ്മരംഗത്ത് നിശ്ചയമായും നമുക്ക് ഇടർച്ചയ്ക്കു വകയുാകും. സത്യത്തിന്റെ എതിരാളികൾ സന്തോഷപൂർവ്വം ഇതരരംഗങ്ങളിൽ നമ്മിൽ കൃത്യവിലോപം ആരോപിക്കും. ദാനിയേലിനെപ്പോലെ നാം അവർക്ക് ഇതിന് അവസരം നൽകരുത്. - P'33, 80.

* * * * * *

**സമാന്തരവേദഭാഗങ്ങൾ : ഉല്പ.49:23; ഇയ്യോ.12:4; സങ്കീ.11:2;38:20; 44:15-18,22; യെശ.29:20,21; മത്താ.5:10-12,44;10:16-18,21-23,28; ലൂക്കൊ.6:22, 23;21:12-19;യോഹ.15:18,19;16:1,2;17:14;അപ്പൊ.4:16-20;5:40-42;റോമ.8:17,35-37; 2കൊരി.11:23-27; എബ്രാ.12:3,4**

ചോദ്യങ്ങൾ :- നീതിക്കുവേി ഈ ആഴ്ച ഞാൻ ഉപദ്രവിക്കപ്പെട്ടോ? അത് ഞാൻ എങ്ങനെ സഹിച്ചു? ഫലമെന്തായിരുന്നു?

# ജൂലൈ 28

***നീതിനിമിത്തം കഷ്ടം സഹിക്കേ വന്നാൽ നിങ്ങൾ ഭാഗ്യവാന്മാർ- 1 പത്രൊ. 3 : 14***

പ്രത്യക്ഷമായോ പരോക്ഷമായോ നാം സത്യത്തോടുള്ള വിശ്വസ്തത നിമിത്തം ദ്വേഷിക്കപ്പെടുമ്പോൾ മാത്രമാണ് നമുക്കു സംതൃപ്തിപ്പെടാനോ നീതിക്കുവേ പീഡിപ്പിക്കപ്പെടുന്നു എന്നു വിചാരിക്കാനോ അവകാശമുള്ള ത്. അപ്പൊസ്തൊലൻ ചൂിക്കാണിക്കുന്നതുപോലെ ചിലർ കഷ്ടമനുഭവി ക്കുന്നത് ദുഷ്പ്രവൃത്തി നിമിത്തമോ പരകാര്യങ്ങളിൽ ഇടപെട്ടിട്ടോ സൗമ്യ തയുടെ അഭാവം മൂലമോ അപമര്യാദകൊോ ദൈവവചനം ഉപദേശിച്ചു തരുന്ന മിതത്വം പാലിക്കുന്നതിലുള്ള വിവേകം വിട്ടുകളയുന്നതുകൊോ ആകാം.

കർത്തൃഹിതം ഗ്രഹിക്കുക എന്നതു മാത്രമല്ല നമ്മുടെ കർത്തവ്യം, സാഹചര്യങ്ങളെയും നമ്മെ അഭിമുഖീകരിക്കുന്ന സ്ഥിതിവിശേഷങ്ങ ളെയും കണക്കിലെടുക്കുക, ഒന്നാമത് ദൈവത്തിന് അംഗീകാര്യവും രാ മത് അന്യർക്ക് കഴിവതും നിരുപദ്രവവുമായ ലളിതജീവിതം നയിക്കുക, കർത്താവിന്റെ മേൽവിചാരണയിലും ദിവ്യപരിപാലനത്തിലും വിശ്വാസ മർപ്പിക്കുക ഇവയും നമ്മുടെ കർത്തവ്യമാണ്.

- Z'99, 166, 167 (R 2492)

* * * * * *

ജാഗരണം, പ്രാർത്ഥന, ദൈവവചനത്തിന്റെ പഠനം, പ്രചാരണം, തദനുസരണമായ സ്വഭാവരൂപവത്കരണം എന്നിവയിലൂടെ സ്വയ ത്തിനും ലോകത്തിനും മരിച്ച് ദൈവത്തിനു ജീവിക്കുന്നതിലുള്ള തീക്ഷ്ണ തമൂലം ബുദ്ധിമുട്ടുകൾ ക്ഷണിച്ചുവരുത്തുക എന്നതാണ് നീതിനിമിത്തം കഷ്ടം സഹിക്കുക എന്നതിനർത്ഥം. അങ്ങനെ ചെയ്യുന്നവർ നിശ്ച യമായും ഭാഗ്യവാന്മാരാണ്. പിതാവിന്റെയും പുത്രന്റെയും വിശുദ്ധന്മാരു ടെയും കൂട്ടായ്മ അവർക്കുള്ളതാണ്. ദൈവത്തിന്റെ ആത്മാവും വചനവും ദൈവപരിപാലനവും, ക്രിസ്തുവിനോടൊരുമിച്ച് ദൈവരാജ്യ ത്തിൽ പങ്കാളികളാകുന്നതിലുള്ള ഭാഗ്യകരമായ പ്രത്യാശയും അവരുടേ തായിരിക്കും - P'32, 95, 96.

* * * * * *

**സമാന്തരവേദഭാഗങ്ങൾ : മത്താ.5:10-12; യാക്കോ.1:2,12;5:10; 1പത്രൊ.2:19-21;4:12-19; അപ്പൊ.9:16; റോമ.8:17,18,23; 1കൊരി.4:12,13; 2കൊരി.1:5-7;4:16-18; ഫിലി.1:29;3:10; കൊലൊ.1:24; 2തെസ്സ.1:4,5; 2തിമൊ.2:12**

ചോദ്യങ്ങൾ :- നീതിക്കുവേി ഞാൻ കഷ്ടം സഹിച്ചുവോ? എങ്ങനെ? സഹായകവും പ്രതിബന്ധവും ആയതെന്ത്? ഫലമെന്തായിരുന്നു?

# ജൂലൈ 29

***ഞങ്ങൾ സേവിക്കുന്ന ദൈവം ഞങ്ങളെ വിടുവിക്കുവാൻ പ്രാപ്തന ാകുന്നു - ദാനി. 3 : 17***

കർത്താവിന്റെ കരുതലിൽ പ്രകാരഭേദങ്ങളു്. ദൈവജനം വിപത്തുകളിൽ നിന്ന് വിസ്മയകരമായി വിടുവിക്കപ്പെടേതെപ്പോഴെന്നും, അവരുടെ നേർക്ക് ദൈവപ്രസാദത്തിന്റെ പ്രകടമായ യാതൊരു ലക്ഷ്യവും കൂടാതെ ശത്രുക്കളുടെ ഹിതത്തിന് അവർ പൂർണ്ണമായി വിട്ടുകൊടുക്കപ്പെട്ടതുപോലെ കൈവിടേതെപ്പോഴെന്നും തീരുമാനിക്കേത് അവരല്ല. ചിലപ്പോൾ ബന്ധനത്തിൽ അകപ്പെട്ട് സത്യം പ്രസ്താവിക്കാനുള്ള സ്വാതന്ത്ര്യത്തിന് വിഘാതം നേരിട്ട എബ്രായയുവാക്കളെപ്പോലെ, അഗ്നി കയറുകളെ ഭസ്മീകരിച്ച്, ദൈവജനങ്ങളെ സ്വതന്ത്രരാക്കുകയും, മറ്റൊരുവിധത്തിലും സാധ്യമാകാതിരുന്നപ്രകാരം ദൈവമഹത്ത്വത്തിനു സാക്ഷ്യം വഹിക്കാനുള്ള അവസരം നൽകുകയും ചെയ്യുന്നതായി കിട്ടു്. അതുകൊ്, നമ്മെ സംബന്ധിച്ച ദൈവനിശ്ചയം ഇന്നതായിരിക്കണമെന്നു മുൻകൂട്ടി തീരുമാനിക്കാൻ നമുക്കവകാശമില്ല. കർത്താവിൽ സംശയാതീതമായി വിശ്വസിച്ചുകൊ് ഭവിഷ്യത്തുകൾ കണക്കിലെടുക്കാതെ ശരിയെന്നും കർത്തവ്യമെന്നും ബോധ്യപ്പെടുന്നതനുസരിച്ചു പ്രവർത്തിക്കുക. - Z'99, 171 (R 2494)

* * * * * *

കത്തിജ്വലിക്കുന്ന തീച്ചൂളയുടെ ഭീഷണിയും വിപത്തും അവഗണിച്ചുകൊ് അചഞ്ചലമായ വിശ്വാസത്തിന്റെയും അനുസരണത്തിന്റെയും പടക്കോപ്പണിയുവാൻ കഴിയുമാറ് ആ എബ്രായയുവാക്കൾക്ക് ദൈവത്തിന്റെ വിമോചക ശക്തിയിൽ ഉള്ള വിശ്വാസം അതിർകടന്നതായിരുന്നു. ആ നിലയ്ക്ക് അഗ്നിയുടെ മാരകശക്തിയെ ശമിപ്പിക്കുമാറ് മനുഷ്യപുത്രന്റെ സാന്നിദ്ധ്യംകൊ് അവർ ആദരിക്കപ്പെട്ടതിൽ അത്ഭുതപ്പെടാനെന്തുള്ളു? അപ്രകാരം തന്നെ ദൈവപൈതങ്ങളായ നാം പട്ടാളവാഴ്ചയ്ക്കും റോമമതത്തിനും മതസഖ്യങ്ങൾക്കും മുമ്പിൽ മുട്ടുമടക്കാത്തതിന്റെ പേരിൽ പൊരുളിലെ തീച്ചൂളയുടെ ഭീഷണിക്ക് ഇരയാവുകയും അതിൽ തള്ളപ്പെടുകയും ചെയ്യുമ്പോൾ മനുഷ്യപുത്രന്റെ സാന്നിദ്ധ്യംകൊു മാനിക്കപ്പെടുമാറ് നാം വിശ്വാസത്തിന്റെ കരുത്തു പ്രദർശിപ്പിക്കണം. ആ തീച്ചൂളയെ, ക്ഷതം കൂടാതെ ഈ ലോകത്തിന്റെ പാശങ്ങളിൽ നിന്നും നമ്മെ മോചിപ്പിക്കുന്നതിനുള്ള മുഖാന്തരമായി മാറ്റുവാൻ അവനു കഴിയണം - P'26, 96.

* * * * * *

**സമാന്തരവേദഭാഗങ്ങൾ : ഉല്പ.49:22-26; എസ്രാ.8:22,31; സങ്കീ.23; 34:7,9,10;മത്താ.5:10-12;അപ്പൊ.5:29,40-42;റോമ.8:17,35-37;എബ്രാ.11:33-38; വെളി.20:4**

ചോദ്യങ്ങൾ :- ഈ ആഴ്ചയിലെ ഏത് സംഭവങ്ങളിൽ ആണ് എനിക്കു വിടുതൽ ലഭിച്ചത്? എപ്രകാരം? സഹായകമായതെന്ത്? പ്രതികൂലമായിരുന്നതെന്ത്? പരിണതഫലമെന്തായിരുന്നു?

## ജൂലൈ 30

***മുന്തിരിവള്ളി നശിപ്പിക്കുന്ന കുറുക്കന്മാരെ, ചെറുകുറുക്കന്മാരെ തന്നെ പിടിച്ചുതരുവിൻ - ഉത്ത്മ. 2 : 15***

തങ്ങളുടെ സമർപ്പണനേർച്ചകളുടെ നിസ്സാര ലംഘനങ്ങൾക്ക് പലരും വലിയ ഗൗരവം കൽപ്പിക്കാറില്ല. ഈ അതിസൂക്ഷ്മതയുടെയും ലോകസാധാരണമായ ജീവിതത്തിൽനിന്നു വ്യത്യസ്തമായ ജീവിതത്തിന്റെയും പ്രയോജനമെന്തെന്ന് അവർ ചോദിക്കുന്നു. തീർച്ചയായും ഇതു വളരെ പ്രയോജനകരമാണ്; എന്തെന്നാൽ നിസ്സാരവിഷയങ്ങളിലുള്ള വിജയം വൻ വിജയങ്ങൾക്കായുള്ള തയ്യാറെടുപ്പുകളാണ്; മറിച്ച്, നിസ്സാര സംഗതികളിൽ നാം ജഡേച്ഛയ്ക്ക് അടിമപ്പെടുന്നത് പോർക്കളത്തിൽ മൊത്തത്തിലുള്ള പതനത്തിനു വഴിതെളിക്കും. ക്രിസ്തുവിന്റെ കാൽച്ചുവടുകളിൽ നടക്കുന്ന നമുക്ക് നാം പരീക്ഷിക്കപ്പെടേതാണെന്നറിയാം. (ആ പരീക്ഷ ഇനിയും ആരംഭിച്ചിട്ടില്ലെങ്കിൽ), ജീവിതത്തിലെ ലഘുകാര്യങ്ങളിൽ സ്വാർത്ഥത്യാഗം പരിശീലിക്കയും ഭക്ഷണം, വസ്ത്രം, പെരുമാറ്റം മുതലായവയിൽ ജഡത്തിന്റെ സ്വാഭാവിക മോഹങ്ങളെ മരിപ്പിക്കയും ചെയ്താലല്ലാതെ ആത്മീയമായി നാം ശക്തരാകയും "ജേതാക്കളാകയും" ചെയ്യുകയില്ല - Z'99, 172 (R 2494)

*   *   *   *   *   *

വലുതും ചെറുതുമായ നമ്മുടെ വീഴ്ചകൾ ആത്മീയ സഫലതയ്ക്ക് ഹാനിവരുത്തുന്നു. ഈ വിചാരം അവയ്ക്കെതിരെയുള്ള നിരന്തര പോരാട്ടത്തിന് നമുക്ക് പ്രേരകമാകണം. ആകാശത്തെ കുത്തുകവഴിയല്ല, ബുദ്ധിപൂർവ്വമായ പ്രവർത്തനംവഴിയായിരിക്കണം ഇത്. അവയോടുള്ള അഭിരുചി ഉപേക്ഷിക്കുകയും, അവയെ വെറുക്കുകയും, എതിർക്കുകയും, ഒഴിവാക്കുകയും ചെയ്യുക വഴി നമുക്ക് അവയെ കീഴടക്കാം. അവയെ എതിർക്കുന്നത് അങ്ങോട്ടാക്രമണം നടത്തിയും ഇങ്ങോട്ടുള്ള ആക്രമണത്തെ പ്രതിരോധിച്ചുമാണ്. വിപരീതഗുണങ്ങൾകൊ് ദുർഗുണങ്ങളെ പുറന്തള്ളുക വഴിയാണ് നാം അവയുടെമേൽ ആക്രമണം നടത്തുന്നത്; അതുപോലെ ഇതരഗുണങ്ങൾകൊ് ദുർഗുണങ്ങളെ തടഞ്ഞുനിറുത്തിയും. പ്രതിരോധിക്കുന്നതാകട്ടെ അവയിൽനിന്ന് ശ്രദ്ധതിരിച്ചും, വഴങ്ങാത്ത മനസ്സും ഹൃദയവും വളർത്തിയെടുക്കുന്നതിലൂടെയുമാണ്. ഇതെല്ലാം കർത്താവിന്റെ ആത്മാവിലായിരിക്കണം - P'36, 95.

*   *   *   *   *   *

**സമാന്തരവേദഭാഗങ്ങൾ : 2ദിന.12:14; സദൃ.4:23; സഭാ.5:6; യെശ.1:18; 44:20; യിരെ.17:9; യെഹെ.20:16; മത്താ.12:31,33-35;15:2-20; റോമ.5:12-21; 1കൊരി.5:6; എഫെ.2:1-5; എബ്രാ.3:13;12:15; യാക്കോ.1:14,15;2:10,11;4:1-3,17; 2പത്രൊ.1:4; 1യോഹ.3:4-15;5:17**

ചോദ്യങ്ങൾ :- എന്റെ തെറ്റുകളെ ദൂരീകരിക്കുന്നതിന് ഞാൻ ഈ ആഴ്ചയിൽ എന്തുചെയ്തു? എങ്ങനെ? എന്തുകൊ്? അതിനു സഹായകമായതെന്ത്? പ്രതിബന്ധമായതെന്ത്? ഫലമെന്തായിരുന്നു?

## ജൂലൈ 31

***അവനവന്റെ പ്രവൃത്തി വെളിപ്പെട്ടുവരും; ആ ദിവസം അതിനെ തെളിവാക്കും; അതു തീയോടെ വെളിപ്പെട്ടുവരും - 1 കൊരി. 3 : 13***

അപ്പൊസ്തൊലൻ തീക്ഷ്ണതയുള്ള ക്രൈസ്തവന്റെ വിശ്വാസത്തെയും പ്രവർത്തനങ്ങളെയും, സ്വർണ്ണവും വെള്ളിയും വിലയേറിയ കല്ലുകളും കൊു നിർമ്മിച്ച ഒരു വീടിനോട് ഉപമിച്ചുകൊ്, അഗ്നിപരിശോധനയുടെ ഈ കാലത്തെപ്പറ്റി പ്രതിപാദിക്കുന്നു. യുഗത്തിന്റെ അറുതിയിലെ ഈ ദിവസത്തെ അഗ്നി ഓരോരുത്തന്റെയും പ്രവൃത്തി ഏതുവിധമെന്നു ശോധന ചെയ്യുമെന്നും, പരമാർത്ഥമായ വിശ്വാസവും സ്വഭാവഘടനയുമൊഴികെയുള്ളതെല്ലാം വെന്തുവെണ്ണീറാകുമെന്നും അവൻ പ്രസ്താവിക്കുന്നു. എന്നാൽ ഇപ്രകാരമുള്ള സ്വഭാവസമ്പത്ത് മാത്രനേരം കൊാോ ഏതാനും മണിക്കൂറുകളോ ദിവസങ്ങളോകൊാോ കൂണുപോലെ വളർച്ചയെത്തുന്നതല്ലെന്നും, മറിച്ച് ക്രമപ്രവൃദ്ധവും നേർമ്മയാർന്നതും ഒലിവുവൃക്ഷംപോലെ ബലവത്തും ആയിരിക്കുമെന്ന് ഓർക്കുക - Z'99, 171 (R 2494)

* * * * * *

സമർപ്പിതരെ മാത്രമാണ് ഈ വേദഭാഗം പരാമർശിക്കുന്നത്. ഇവിടെ പറയുന്ന ദിവസം സാമാന്യമായി സുവിശേഷയുഗത്തെയും പ്രത്യേകമായി അതിന്റെ അന്ത്യമായ ഈ കാലഘട്ടത്തെയും കുറിക്കുന്നു. ഈ കാലത്ത് തന്റെ സകല ജനത്തിനും അഗ്നിശോധനകൾ അനുവദിക്കാൻ കർത്താവിനു തിരുവിഷ്ടമായിരിക്കുന്നു. നഷ്ടങ്ങൾ, ആശാഭംഗങ്ങൾ, കാലവിളംബം, തടസ്സങ്ങൾ, അവനവന്റെയും അന്യന്റെയും വീഴ്ചകൾ, ശിക്ഷണങ്ങൾ, ക്ലേശങ്ങൾ, ആവശ്യങ്ങൾ, എതിർപ്പുകൾ, വൈരുദ്ധ്യങ്ങൾ, തളർച്ച, അനാരോഗ്യം, വേദന, ദുഃഖം, പീഡനം, അബദ്ധം, പ്രലോഭനം, ഇവയെല്ലാം ഈ ശോധനകളിൽപ്പെടും. ഒരുവൻ പൂർണ്ണമായോ ഭാഗികമായോ കർത്താവിനുള്ളവനോ, അശ്ശേഷം അല്ലാത്തവനോ എന്ന് ഇത് പ്രമാദരഹിതമായി തെളിയിക്കും. ഈ ശോധനകളെ അതിജീവിക്കുന്ന ദിവ്യസത്യത്തിന്റെ "സ്വർണ്ണവും വെള്ളിയും" ക്രിസ്തുവിനു സദൃശമായ സ്വഭാവത്തിന്റെ "വിലയേറിയ കല്ലുകളും" കൊുള്ളതാണ് നമ്മുടെ പ്രവൃത്തി എങ്കിൽ നമുക്കു സന്തോഷിക്കാം - P'30, 79.

* * * * * *

**സമാന്തരവേദഭാഗങ്ങൾ : സഭാ.12:14; മലാ.3:2,3; മത്താ.7:22-27; 12:36,37; മർക്കൊ.4:22; ലൂക്കൊ.2:35;12:2,3; 1കൊരി.3:12,14,15;4:5; 1പത്രൊ.1:7;4:12**

ചോദ്യങ്ങൾ :- ഈ ആഴ്ച എനിക്കു നേരിട്ട പ്രത്യേക പരിശോധന എന്തായിരുന്നു? സ്വർണ്ണം, വെള്ളി, വിലയേറിയ കല്ല് ഇവയെ ആണോ മരം, പുല്ല് , വയ്ക്കോൽ ഇവയെ ആണോ അത് വെളിപ്പെടുത്തിയത്? അതുവഴി ഞാൻ എങ്ങനെ പരിശീലിക്കപ്പെട്ടു?

# ആഗസ്റ്റ് 1

***മരണവും ജീവനും നാവിന്റെ അധികാരത്തിൽ ഇരിക്കുന്നു - സദൃ. 18 : 21***

നാവിന്റെ സ്വാധീനം മറ്റെല്ലാ അവയവങ്ങളുടെയും ഏകോപിച്ചുള്ള സ്വാധീനത്തെയും അതിശയിക്കുന്നതാണ്. അതുകൊ് കർത്തൃസേവനത്തിൽ ദൈവജനത്തിന് തങ്ങളുടെ മർത്യശരീരങ്ങളെ സംബന്ധിച്ചിടത്തോളം നാവിനെ നിയന്ത്രിക്കുക എന്നതാണ് സർവ്വപ്രധാനം. സ്നേഹത്തിന്റെയും കാരുണ്യത്തിന്റെയും സഹായസന്നദ്ധതയുടെയും ഏതാനും വാക്കുകൾ എത്ര മനുഷ്യജീവിതങ്ങളിലാണ് സമൂലമായ വ്യതിയാനം വരുത്തിയിട്ടുള്ളത് ! പോരാ, രാഷ്ട്രങ്ങളുടെതന്നെ ഭാഗധേയം നിർണ്ണയിക്കാൻ അവയ്ക്കു കഴിഞ്ഞിട്ടു്. ദുർവചനങ്ങൾ, ക്രൂരമായ വാക്കുകൾ, ദൂഷണോക്തികൾ ഇവ എത്രവട്ടം കടുത്ത അനീതിയിലേക്കു നയിച്ചിരിക്കുന്നു. സത്പേരുകളെ കുരുതി ചെയ്തിരിക്കുന്നു. അഥവാ പ്രാരംഭത്തിൽ ചിന്തിച്ചിരിക്കാനിടയില്ലാത്ത ശണ്ഠയും ശത്രുതയും മാത്സര്യാദിവികാരങ്ങളും ഉണർത്തിക്കൊ് അപ്പൊസ്തൊലൻ പറയും പ്രകാരം "അത് ജീവചക്രത്തിനു തീകൊളുത്തുന്നു" അങ്ങനെയുള്ള നാവുകൾ രാം മരണമെന്ന "ഗീഹന്നായുടെ അഗ്നി ജ്വലിപ്പിക്കുന്നു" എന്ന് അപ്പൊസ്തൊലൻ പറയുന്നതിൽ അത്ഭുതമില്ല - Z'99, 75 (R 2442)

* * * * * *

ഭാഷാരൂപേണ പ്രകാശിതമാകുന്ന തെറ്റോ ശരിയോ ആയ അറിവാണ് തിരുവെഴുത്തുകളിൽ നാവു സാദൃശ്യപ്പെടുത്തുന്നത്. അതുകൊ് "നിങ്ങളുടെ ആത്മാക്കളെ രക്ഷിപ്പാൻ ശക്തിയുള്ളതും ഉൾനട്ടതുമായ വചനം സൗമ്യതയോടെ കൈക്കൊൾവിൻ" എന്ന യാക്കോബിന്റെ ഉദ്ബോധനത്തോട് ഈ വാക്യത്തിലെ, ജീവൻ നാവിന്റെ അധികാരത്തിൽ ഇരിക്കുന്നു എന്ന ആശയം യോജിക്കുന്നു. അവരുടെ വാക്ക് അർബുദവ്യാധിപോലെ തിന്നുകൊിരിക്കും എന്ന് വിശുദ്ധ പൗലോസ് വ്യാജോപദേഷ്ടാക്കളെ സംബന്ധിച്ച് പറഞ്ഞിരിക്കുന്നത് മരണം നാവിന്റെ അധികാരത്തിൽ ഇരിക്കുന്നു എന്ന ആശയത്തിനനുസരണമാണ്. നമുക്കും നമ്മുടെ ശ്രോതാക്കൾക്കും ജീവനോ മരണത്തിനോ കാരണമായിത്തീരുമെന്നതുകൊ് തീർച്ചയായും നമ്മുടെ വിചാരങ്ങളെയും വാക്കുകളെയും സംബന്ധിച്ചു നാം വളരെ ശ്രദ്ധാലുക്കളായിരിക്കണം. ലോകത്തിന്റെ ഇന്നത്തെ കഷ്ടനഷ്ടങ്ങളും ഭാവിയിലെ അനുഗ്രഹങ്ങളും സത്യസന്ധമായ സദ്ഭാഷണങ്ങളോടോ സത്യവിരുദ്ധമായ ദുർഭാഷണങ്ങളോടോ ഏറ്റം അടുത്തു ബന്ധപ്പെട്ടിരിക്കുന്നു - P'35, 116.

* * * * * *

**സമാന്തരവേദഭാഗങ്ങൾ : സങ്കീ.12:3;34:11-13;140:3; മത്താ.12:36,37; 15:18,19; യാക്കോ.3:2-13;1:26; സദൃ.10:20,21,31;11:30;16:27;18:4-8; 2തിമൊ.2:23 -25; റോമ.10:14,15; 2കൊരി.2:16; എഫെ.4:29; കൊലൊ.4:6**

ചോദ്യങ്ങൾ :- ഏതു വിധത്തിലുള്ള ശക്തിയാണ് എന്റെ നാവ് ഈ ആഴ്ചയിൽ പ്രയോഗിച്ചത്? സാഹചര്യങ്ങളും പരിണതഫലങ്ങളും എന്തായിരുന്നു?

# ആഗസ്റ്റ് 2

***വരുവിൻ, നാം വണങ്ങി നമസ്കരിക്ക; നമ്മെ നിർമ്മിച്ച യഹോവ യുടെ മുമ്പിൽ മുട്ടുകുത്തുക - സങ്കീ. 95 : 6***

അപ്പൊസ്തൊലൻ ചിത്രീകരിക്കുന്നതുപോലെ "പൊന്നും വെള്ളിയും വിലയേറിയ കല്ലുകളും" കൊുള്ള സ്വഭാവഭദ്രമായ ഒരു വിശ്വാസ സൗധം പടുത്തുയർത്തുകയും, സമുചിതമായ ഒരു ജീവിതചര്യ കൈവരിക്കുകയും ചെയ്യുക എന്നത് പ്രാർത്ഥനയുടെ അഭാവത്തിൽ അസാധ്യമായിരിക്കും. പോരാ, പ്രാർത്ഥനയിൽ സമയനിഷ്ഠയും ക്രമവും പാലിക്കാത്തപക്ഷം, പ്രാർത്ഥനയ്ക്കു മുട്ടുവഴങ്ങാത്തപക്ഷം എന്നു തന്നെ പറയാം, തികച്ചും പരമാർത്ഥികളും ഉത്തമരും ആയിരുന്ന അനേകം ദൈവമക്കളുടെയും അനുഭവങ്ങളും സാക്ഷ്യങ്ങളും ഇതിനെ സ്ഥിരീകരിക്കുന്നു - Z'99, 184 (R 2501)

* * * * * *

ദൈവത്തിന്റെ സൃഷ്ടികൾ എന്ന നിലയിൽ അവന്റെ ഔദാര്യത്തിൽ ആശ്രയിച്ചും അവന്റെ നന്മകളാൽ അനുഗൃഹീതരായും ഇരിക്കുന്ന നമുക്ക് ന്യായമായും ചെയ്യാവുന്നത് അവന്റെ ആരാധകരായിരിക്കുക എന്നതു മാത്രമാണ്. സംബോധന, സ്തുതി, കൃതജ്ഞതാപ്രകാശനം, ഏറ്റുപറച്ചിൽ, യാചന, സംസർഗ്ഗം, ഉറപ്പ് എന്നീ ഘടകങ്ങളുടെ ആകത്തുകയായ പ്രാർത്ഥന മാത്രമല്ല ആരാധന, പൂർണ്ണഹൃദയത്തോടെ സ്വയത്തിനും ലോകത്തിനും മരിച്ച് ദൈവത്തിന് ജീവിക്കുന്നതുമാകുന്നു. പൂർണ്ണമായി സമർപ്പിക്കയും അതു പാലിക്കയും ചെയ്യുന്നതാണ് അരാധനയുടെ ഉൾക്കാമ്പ്. ഈ സമ്പൂർണ്ണ സമർപ്പണം, നമ്മുടെ ന്യായോചിതമായ യാഗാർപ്പണം എന്ന നിലയിൽ നന്ദിപൂർവ്വവും ഹൃദയംഗമവുമായ വിശ്വാസത്തിലും പ്രത്യാശയിലും സ്നേഹത്തിലും അനുസരണത്തിലും ആയിരിക്കണം. ഈ വിഷയത്തിൽ സഹകരിക്കുവാൻ പരസ്പരം ആഹ്വാനം ചെയ്യുകയും വേണം. - P'34, 109, 110

* * * * * *

**സമാന്തരവേദഭാഗങ്ങൾ : പുറ.20:3;34:8; സങ്കീ.22:22;26:6-8;29:2; 66:4,13,14;100;116:12-14,17;119:108; യെശ.38:20;56:6,7; യിരെ.31:12; മത്താ.4:10; യോഹ.4:23,24; ഫിലി.3:3; എബ്രാ.12:28; വെളി.14:7**

ചോദ്യങ്ങൾ :- ഞാൻ ഈ ആഴ്ചയിൽ ദൈവത്തെ ആരാധിച്ചുവോ? എങ്ങനെ? എന്തുകൊ? ഫലമെന്തായിരുന്നു?

# ആഗസ്റ്റ് 3

## *ദേശത്തെ ജനങ്ങളിൽ നിന്നും വേർപെട്ടിരിപ്പിൻ - എസ്രാ. 10 : 11*

"കടലിൽ കപ്പൽ എന്നപോലെയാണ് ക്രിസ്ത്യാനി ഈ ലോകത്തിൽ. കടൽ കപ്പലിലാകാത്ത കാലത്തോളം കപ്പൽ സുരക്ഷിതമായിരിക്കും" എന്ന് ആരോ പറഞ്ഞിട്ടുള്ളത് എത്ര ശരിയാണ്. ഇന്നു ക്രൈസ്തവ മാർഗ്ഗത്തെ സംബന്ധിച്ച പ്രശ്നങ്ങളിൽ മുഖ്യമായ ഒന്ന് "ദേശനിവാസികൾക്കും" അഥവാ അന്യർക്കും അതിൽ പ്രവേശനം അനുവദിച്ചിരിക്കയും അവരെ ക്രൈസ്തവരെന്ന് അംഗീകരിക്കയും ചെയ്തിരിക്കുന്നു എന്നതാണ്. ഇതു ക്രൈസ്തവന്റെ നിലവാരം താഴ്ത്തിക്കൊ് അവനു മാത്രമല്ല, ആ "അന്യർക്കും" ദ്രോഹകരമായിത്തീരുന്നു. (ശരാശരി എന്നതാണല്ലോ നിലവാരത്തിന്റെ മാനദണ്ഡം). എന്തെന്നാൽ അവരിൽ പലർക്കും തങ്ങൾ പുറമേ മാന്യരും ഒരുവേള പരസ്യാരാധനയിൽ മിക്കപ്പോഴും പങ്കുകൊള്ളുന്നവരുമെന്ന നിലയിൽ പരിപൂർണ്ണസുരക്ഷിതരും ഒരു മാറ്റവും ആവശ്യമില്ലാത്തവരുമെന്ന മിഥ്യാബോധത്തിന് ഇതു പ്രേരകമാകുന്നു. - Z'99, 203 (R 2510)

* * * * * *

ദൈവസേവയ്ക്കായി മറ്റെല്ലാവരിൽനിന്നും വേർതിരിക്കപ്പെട്ട ഒരു വിശുദ്ധ വംശമാണ് ദൈവജനം. അവരുടെ വിശ്വാസം, പ്രത്യാശ, ആത്മാവ്, ലക്ഷ്യം ഇവയെല്ലാം ലോകമനുഷ്യരുടേതിൽനിന്നും വിഭിന്നമാണ്. ഈ ഇരുവിഭാഗങ്ങളെയും തമ്മിലിണക്കിക്കൊുപോകാനുള്ള ശ്രമം വേദനാജനകവും വിപത്ക്കരവുമാകുമാറ് ഇവർ തമ്മിലുള്ള അന്തരം അത്ര വലുതാണ്. ഇങ്ങനെയുള്ള സമ്പർക്കം ദൈവജനങ്ങൾക്കു വിശേഷിച്ചും ദോഷകരമാകും. ഇരുവിഭാഗങ്ങളുടെയും ഭദ്രതയ്ക്ക് തമ്മിൽ അകന്നു കഴിയുന്നത് ആവശ്യമാണ്. "എന്റെ ജനമേ, അവളിൽനിന്നു പുറപ്പെട്ടു പോരുവിൻ" എന്ന് ആഹ്വാനം ചെയ്യപ്പെടുന്നത് അതുകൊാണ്. ഈ വേർപാട് പ്രാവർത്തികമാകുമ്പോൾ വിശ്വസ്തരായവർ കർത്താവിനോടും പരസ്പരവും ഉറ്റബന്ധത്തിൽ പ്രവേശിക്കുന്നു.- P'33,110, 111.

* * * * * *

**സമാന്തരവേദഭാഗങ്ങൾ : ഉല്പ.18:18,20;സംഖ്യാ.16:21,26; എസ്രാ.6:21; സദൃ.9:6; യെശ.48:20;52:11; യിരെ.51:9; അപ്പൊ.2:40; 2കൊരി.6:17-7:1; വെളി.18:4; 1കൊരി.6:11; എഫെ.5:25-27; 1തെസ്സ.4:3,4; 2തിമൊ.2:21; 2പത്രൊ.1:4**

ചോദ്യങ്ങൾ :- ദുർജ്ജനങ്ങളിൽ നിന്നും ഞാൻ ഈ ആഴ്ച എന്നെത്തന്നെ ശുദ്ധീകരിച്ചോ? എപ്രകാരം? എന്തുകൊ്? ഫലമെന്തായിരുന്നു?

# ആഗസ്റ്റ് 4

***കർത്താവിന്റെ ദാസൻ ശണ്ഠ ഇടാതെ എല്ലാവരോടും ശാന്തനും ഉപദേശിപ്പാൻ സമർത്ഥനും ദോഷം സഹിക്കുന്നവനും വിരോധികളെ സൗമ്യതയോടെ പഠിപ്പിക്കുന്നവനും ആയിരിക്കണം - 2 തിമൊ. 2:24, 25***

ദിവ്യനിർണ്ണയത്തെപ്പറ്റി മറ്റുള്ളവരോട്, വിശേഷാൽ വിദ്യാസമ്പന്ന രോടു പ്രതിപാദിക്കയിൽ കർത്താവിനു പ്രിയരായ പലരും അതിരുകടന്ന ആത്മവിശ്വാസം മൂലം സത്യം സംബന്ധിച്ച് അവരെപ്പറ്റിയുള്ള മതിപ്പിനു കോട്ടം വരുത്തിയിട്ടു്. വിനയമെന്നത് എവിടെയും വിലപ്പെട്ട ഒരു മുത്താ ണ്. അതു സത്യത്തിന് ഒരു താങ്ങും അനുബന്ധവുമെന്ന നിലയിൽ വിശേഷിച്ചും സ്വാഗതാർഹമാണ്. സത്യം സാധ്യമായ പരമാവധി ഹേമ ത്തോടെ എയ്തുവിടുക; എന്നാൽ സത്യം എപ്പോഴും സൗമ്യതയോടും വിനയപൂർവ്വവുമായിരിക്കണം. സത്യം സംബന്ധിച്ച വിചാരശകലങ്ങൾ ചോദ്യരൂപേണ അവതരിപ്പിക്കുന്നതായിരിക്കും മിക്കപ്പോഴും ഫലപ്രദം. - Z'00, 14 (R 2558)

*        *        *        *        *        *

സത്യത്തിന്റെ ശുശ്രൂഷകന് തന്റെ സ്ഥാനത്തിന്റെ ലക്ഷ്യം സാക്ഷാ ത്കരിക്കുന്നതിന് ആവശ്യമായ ഗുണവിശേഷങ്ങളാണ് ഈ വേദഭാഗത്ത് അക്കമിട്ടുകൊടുത്തിരിക്കുന്നത്. കർത്താവിനും അവന്റെ നിർണ്ണയ ത്തിനും കർത്തൃജനത്തിനും വേിയുളള കാര്യക്ഷമതയാണ് പ്രതിപാദ്യം. ഈ ഗുണങ്ങളുടെ അഭാവം സത്യത്തിന്റെ ശുശ്രൂഷയ്ക്ക് ഒരുവനെ അയോഗ്യനാക്കുന്നു. അവന്റെ ജന്മസിദ്ധമായ കഴിവുകൾ എത്ര മഹത്താ യിരുന്നാലും അവൻ സഹോദരവർഗ്ഗത്തിനും മറ്റുള്ളവർക്കും സഹായി യായിത്തീരുന്നതിനുപകരം ദ്രോഹകാരിയായിത്തീരും. ഒരു മതോപദേ ഷ്ടാവിൽ പൗരോഹിത്യമേധാവിത്വത്തിന്റെ ലക്ഷണങ്ങൾ കാണുന്നത് സുബുദ്ധികൾക്ക് അരോചകമായിരിക്കും. എന്നാൽ ഗുരുവും കർത്താവു മായവന്റെ ആത്മാവ് അവരിൽ കാണപ്പെടുന്നപക്ഷം തത്ക്ഷണം അവർ അതിനെ സ്വാഗതം ചെയ്യും. പ്രകൃതത്തിൽ അപ്പൊസ്തൊലന്റെ വാക്കു കളിൽ വ്യക്തമാകുന്ന കർത്താവിന്റെ പെരുമാറ്റരീതിയും പ്രബോധനരീ തിയും നാം അനുകരിക്കണം. - P'32, 112.

*        *        *        *        *        *

**സമാന്തരവേദഭാഗങ്ങൾ : ഉല്പ.13:8; സദൃ15:2;16:13; യൂദ.3; തീത്തൊ.3:2; 1തിമൊ.3:2,3;6:11; റോമ.12:18;14:19; 1കൊരി.4:21;10:31,32; ഫിലി.2:3,14; കൊലൊ.3:12; യാക്കോ.1:19; 2തെസ്സ.3:15; 2തിമൊ.2:25**

ചോദ്യങ്ങൾ :- ഈ ആഴ്ചയിൽ ഞാൻ മറ്റുള്ളവർക്കുവേി വചനശു ശ്രൂഷ നിർവ്വഹിച്ചുവോ? ഏതു സാഹചര്യങ്ങളിൽ? എപ്രകാരം? എന്തു കൊ്? ഫലമെന്തായിരുന്നു?

# ആഗസ്റ്റ് 5

***ദൈവത്തെ സ്നേഹിക്കുന്നവർക്ക്, നിർണ്ണയപ്രകാരം വിളിക്കപ്പെട്ട വർക്കു തന്നെ, സകലവും നന്മയ്ക്കായി കൂടിവ്യാപരിക്കുന്നു എന്നു നാം അറിയുന്നു - റോമ. 8 : 28***

ഈ വസ്തുത കണക്കിലെടുത്ത് കർത്താവിന്റെ ജനങ്ങൾ ദിവ്യവിചാരണ അനുവദിക്കുന്ന ഏതു സ്ഥിതിഗതികളിലും സംതൃപ്തരായിരിക്കണം. അലസരായിരിക്കരുത്, സാധ്യമായതെല്ലാം ചെയ്തശേഷം സംതൃപ്തരായിരിക്കുക. അസ്വസ്ഥരും, ഈർഷ്യാകലുഷിതരും, അസംതൃപ്തരും ദൈവത്തെയും അവന്റെ വഴികളെയും സംബന്ധിച്ച് പരാതിപ്പെടുന്നവരുമായിരിക്കരുത്. ഏതോ പ്രത്യേകലക്ഷ്യത്തിനായി അവൻ നമ്മെ വ്യക്തിപരമായി ഒരുക്കുകയും മെരുക്കുകയുമായിരിക്കും. ഉദ്ദിഷ്ടലക്ഷ്യത്തിന് ഇപ്രകാരമുള്ള അനുഭവങ്ങൾ മാത്രമാകാം മതിയായ പരിശീലനത്തിന് ഉപകരിക്കുക. സ്വന്തം പോരായ്മകളെപ്പറ്റി സ്വയം വിധിയെഴുതാൻ നാം അശക്തരായിരിക്കുന്നു എന്നും അതുകൊ്, നമുക്ക് ഏറ്റവും ഗുണകരമായ അനുഭവമേതെന്നു നിർണ്ണയിക്കാനും നാം സ്വയം അശക്തരാണ് എന്ന വസ്തുതയും ചിന്തിക്കേതാണ്. - Z'00, 22 (R 2562)

*       *       *       *       *       *

കർത്താവിനാൽ വിളിക്കപ്പെട്ടവരിൽ ഒരുവൻ എന്ന നിലയിൽ പൂർണഹൃദയത്തോടെ അവനെ സ്നേഹിക്കുന്ന ദൈവപൈതലിന് തന്നെ സംബന്ധിക്കുന്ന സകല കാര്യങ്ങളും ദിവ്യവിചാരണയിലും മേൽനോട്ടത്തിലും സംഭവിക്കുന്നു എന്നും അവന്റെ എല്ലാ അനുഭവങ്ങളും ദിവ്യനിയോഗത്തിനു വിധേയമായി ഒരു ക്രിസ്ത്യാനി എന്ന നിലയിലുള്ള അവന്റെ വളർച്ചയ്ക്കായികൂടി വ്യാപരിക്കുന്നു എന്നുമുള്ള ഉറപ്പ് എത്ര ആശ്വാസജനകമായിരിക്കുന്നു. എല്ലാ പ്രകാരത്തിലുമുള്ള ആകസ്മിക വിപത്തുകൾക്ക് അധീനമായിരിക്കുന്ന ഈ ദരിദ്രലോകത്തിൽ നിന്നും വ്യത്യസ്തമായി തന്റെ അനുഭവങ്ങളിൽ യാദൃച്ഛികമായി ഒന്നുമില്ലെന്ന് ഉറച്ചുകൊ് തനിക്കു നേരിടുന്നതെല്ലാം ദൈവസ്നേഹത്തിന്റെയും ദിവ്യപരിപാലനത്തിന്റെയും പ്രകടഭാവമാണെന്ന് ക്രിസ്ത്യാനി മനസ്സിലാക്കുന്നു. തന്റെ ജീവിതാഭിലാഷമായ ക്രിസ്തുസാദൃശ്യത്തിലെത്താൻ ഇത് അവനെ സഹായിക്കുന്നു. - P'26, 108.

*       *       *       *       *       *

**സമാന്തരവേദഭാഗങ്ങൾ : ഉല്പ.50:20; ആവ.8:2; യിരെ.24:5-7; 2കൊരി.4:15-18; എബ്രാ.12:9-11; വെളി.3:19; റോമ.1:6;9:11,23,24; 1പത്രൊ.5:7,10; സങ്കി.76:10; യെശ.51:2; സദൃ.16:7**

ചോദ്യങ്ങൾ :- ഞാൻ ദൈവത്തെ പരമമായി സ്നേഹിക്കുന്നുവോ? ഞാൻ വിളിക്കപ്പെട്ടവരിൽ ഉൾപ്പെടുന്നു എന്നുള്ളതിന് എന്തു തെളിവാണു

ള്ളത്? ഈ ആഴ്ച 'സകലവും' എനിക്കു നന്മയ്ക്കായി കൂടി വ്യാപരിച്ചത് ഏതിൽ?

# ആഗസ്റ്റ് 6

***പിശാചിനോട് എതിർത്തു നിൽപിൻ; എന്നാൽ അവൻ നിങ്ങളെ വിട്ട് ഓടിപ്പോകും - യാക്കോ. 4 : 7***

പ്രലോഭനത്തെ നാം സധൈര്യം നിരാകരിക്കുന്ന പക്ഷം, അപ്പോൾ മാത്രമല്ല ഭാവിയിലും പ്രലോഭനങ്ങളെ നേരിടാനുള്ള നമ്മുടെ കരുത്ത് വർദ്ധിക്കും. അത് ഒരു പരിധിവരെ നമ്മുടെ വൈരിയെ സംഭ്രാന്തനാക്കും. നമ്മുടെ നിശ്ചയദാർഢ്യം ഗ്രഹിക്കുന്ന ശത്രു ഉത്തമബോധ്യവും സ്വഭാവസ്ഥിരതയും ഉള്ളവരുമായി വിലപേശുന്നത് നിഷ്പ്രയോജനമെന്നു മനസ്സിലാക്കുന്നു. എന്നാൽ ഇത് ഒരു ഗുണദോഷവിചാരത്തിനു വിഷയമാക്കുന്നപക്ഷം ശത്രുവിന്റെ ഭാഗത്തുനിന്നു കൂടുതൽ വാദമുഖങ്ങളും ന്യായീകരണങ്ങളും ഉന്നയിക്കപ്പെടുകയാകും ഫലം. നമ്മുടെ ഭാഗത്താകട്ടെ, വാദത്തിൽ നമ്മുടെ നില ദുർബ്ബലമായി എന്ന തോന്നലിന്റെ അപകടത്തിന് ഇടയുറ്റുതാനും. എന്തെന്നാൽ അപ്പൊസ്തൊലൻ പറയുന്നതുപോലെ പിശാചു തന്ത്രശാലിയായ ഒരു ശത്രുവാണ്. “നാം അവന്റെ തട്ടിപ്പുകളെ അറിയാത്തവരല്ലല്ലോ”. കർത്താവിന്റെ വചനത്തിനും ആത്മാവിനും നേർക്കുള്ള ഊഷ്മളവും ദൃഢതരവുമായ അനുസരണമാണ് “സഹോദര”ഗണത്തിൽപ്പെട്ട ആർക്കും സ്വീകാര്യമായ സുരക്ഷിതമാർഗ്ഗം. - Z'00, 30 (R 2565)

*　*　*　*　*　*

സാത്താന്റെ എതിർപ്പിന് പ്രതിരോധസ്വഭാവം മാത്രമല്ല, ആക്രമണസ്വഭാവവുമുണ്ട്. അവന്റെ ആക്രമണം കൗശലപൂർവ്വവും ക്ഷണത്തിലും നിശ്ചിതവും ചുവടുറച്ചതും ആകുന്നു. ഇതു ശക്തമായ ചെറുത്തുനിൽപ് അനുപേക്ഷണീയമാക്കുന്നു. ജാഗരണം, പ്രാർത്ഥന, നമ്മുടെ യുദ്ധക്കോപ്പുകളിലുള്ള വിശ്വാസം, വിജയപ്രതീക്ഷ, എതിരാളിയെ കീഴടക്കുന്നതിനുള്ള വാഞ്ഛ, വിജയപ്രാപ്തിക്കുള്ള ദൃഢനിശ്ചയം, ശത്രുവിനെതിരായ കഠിനാദ്ധ്വാനം, തിന്മകളോടുള്ള അഭിരുചികളിൽ നിന്നുള്ള മനസ്സിന്റെ പിന്മാറ്റം, തിന്മയിൽനിന്നു ശ്രദ്ധതിരിക്കലും തിന്മ ഒഴിവാക്കലും, നന്മയെ പ്രതിഷ്ഠിക്കൽ, തിന്മയെ മറ്റ് സദ്ഗുണങ്ങൾകൊു കടിഞ്ഞാണിടൽ, പിശാചിന്റെ ആക്രമണങ്ങൾക്കെതിരെ ഉരുക്കുകോട്ടയ്ക്കൊപ്പം ദുർഗ്ഗമമായ മനസ്സും ഹൃദയവും ഇവയായിരിക്കണം നമ്മുടെ ആയുധങ്ങൾ. ഇങ്ങനെയുള്ള പ്രതിരോധശക്തി നാം അഭംഗം നിലനിർത്തിയാൽ അവൻ പരാജിതനായി അടർക്കളത്തിൽനിന്നു നാശത്തിനായി ഓടി ഒളിക്കും. - P'36, 95.

*　*　*　*　*　*

**സമാന്തരവേദഭാഗങ്ങൾ : 1പത്രൊ.5:8,9; എഫെ.4:27;6:10-13; മത്താ.4:1-11; 1ദിന.21:1; ഇയ്യോ.1:6-12; 2:3-7; സെഖ.3:1,2; മത്താ.13:19,38,39; ലൂക്കൊ.22:31; യോഹ.8:38,41,44;12:31;13:2,27; റോമ.16:20; 2കൊരി.2:11;4:4; 11:3,14,15; 1യോഹ.3:8,10,12;5:18**

ചോദ്യങ്ങൾ :- ഈ ആഴ്ച ഞാൻ പിശാചിനോട് എതിർത്തു നിന്നുവോ? എപ്രകാരം? അതിൽ സഹായകമായും പ്രതിബന്ധമായും വർത്തിച്ചതെന്ത്? ഫലമെന്തായിരുന്നു?

# ആഗസ്റ്റ് 7

***ഒരുത്തൻ മല്ലുകെട്ടിയാലും ചട്ടപ്രകാരം പൊരുതായ്കിൽ കിരീടം പ്രാപിക്കയില്ല - 2 തിമൊ. 2 : 5***

യേശു ദൈവത്തിന്റെ സമയങ്ങളെയും കാലങ്ങളെയും പ്രവർത്തനശൈലിയേയും മാനിച്ചിരുന്നു. ശത്രുക്കൾക്ക് ഏല്പിച്ചുകൊടുക്കപ്പെടാനുള്ള സമയമായി എന്ന് പ്രവചനങ്ങളിൽനിന്ന് തെളിവാകുംമുമ്പ് തന്റെ ജീവൻ അപകടപ്പെടുത്തുക എന്ന സാഹസത്തിന് അവൻ മുതിർന്നില്ല. മനുഷ്യർ കേൾക്കേതിന് തെരുക്കോണുകളിൽ നിന്ന് അവൻ ദീർഘമായി പ്രാർത്ഥിക്കയോ പ്രഭാഷണരൂപേണ കണ്ഠക്ഷോഭം കൂട്ടുകയോ ചെയ്തില്ല. പ്രവാചകൻ ചൂിക്കാണിക്കുന്നതുപോലെ അവൻ ശബ്ദം ഉയർത്തുകയോ തെരുക്കളിൽ ഉച്ചത്തിൽ നിലവിളി കൂട്ടുകയോ ചെയ്തില്ല (യെശ. 42:2). അവൻ ദൈവത്തിന്റെ പ്രവർത്തനശൈലി അവലംബിച്ചു. ആ പ്രവർത്തനശൈലി യുക്തിയുക്തവും ബുദ്ധിപൂർവ്വവുമാണ്. അതു മനുഷ്യരുടെ ഇടയിൽനിന്ന് വാഗ്ദത്തരാജ്യത്തിന്റെ അവകാശികളെ തെരഞ്ഞെടുക്കുന്നതിൽ തികച്ചും ഫലപ്രദവുമാണ്. വിരുതുപ്രാപിക്കാൻ തക്കവണ്ണം ഓടുന്നവർ ഗുരുവിന്റെ ഈ കാൽച്ചുവടുകളിൽ നടക്കയും അവന്റെ ആത്മാവിനാൽ ഉത്തരോത്തരം നിറയുകയും ചെയ്യട്ടെ. - Z'02, 265 (R 3069)

* * * * * *

മഹത്തായ കൃത്യങ്ങളുടെ നിർവഹണത്തിന് പാരിതോഷികം പ്രഖ്യാപിക്കുമ്പോൾ മത്സരങ്ങളിൽ പങ്കുകൊള്ളുന്നവർ പാലിക്കേ നടപടിക്രമങ്ങളെക്കുറിച്ച് ചട്ടങ്ങളും വ്യവസ്ഥകളും ഉായിരിക്കുന്നതാണ്. ഇവ പാലിച്ചാൽ മാത്രമാണ് ജേതാവ് സമ്മാനാർഹനാകുന്നത്. ഗ്രീക്കുകാർക്കിടയിൽ കുട്ടികളെ സംബന്ധിച്ച് ഇത് ശരിയായിരുന്നു. നിത്യജീവനുവേിയുള്ള ഓട്ടത്തിൽ നമ്മെ സംബന്ധിച്ചും അങ്ങനെതന്നെ. ദൈവനിർണ്ണയവിഷയകമായി ജീവാർപ്പണം ചെയ്തുകൊ് ക്രിസ്താനുരൂപമായ സ്വഭാവം വളർത്തിയെടുക്കുന്നവർക്കുമാത്രമേ ദൈവരാജ്യത്തിൽ നിത്യജീവന്റെ വിരുതുനേടാൻ കഴിയൂ. തങ്ങൾ ദൈവത്തിന്റെ സവിശേഷകൃപാപാത്രങ്ങളെന്നു കരുതുന്ന ചിലർക്കുവേി ഈ വ്യവസ്ഥകളിൽ ഭേദഗതിയോ ലഘൂകരണമോ വരുത്തുകയില്ല. ഇവിടെ മുഖപക്ഷമില്ല. അർഹതയുള്ളവർ ദൈവരാജ്യത്തിൽ ജീവകിരീടം ചൂടും. - P'30, 109.

* * * * * *

**സമാന്തരവേദഭാഗങ്ങൾ : 1കൊരി.9:24-26; എഫെ.6:11-17; 1തിമൊ.6:12; ഫിലി.3:14; എബ്രാ.12:1,2; 2തിമൊ.2:3;4:7,8**

ചോദ്യങ്ങൾ :- ഈ ആഴ്ചയിലെ എന്റെ പോരാട്ടം ചട്ടപ്രകാരമോ ചട്ടവിരുദ്ധമോ ഏതായിരുന്നു? അതിന് എന്നെ പ്രോത്സാഹിപ്പിച്ചതെന്തായിരുന്നു? അതിൽ എനിക്കു പ്രതിബന്ധമായതെന്ത്? പ്രതിബന്ധങ്ങളെ ഞാൻ എങ്ങനെ തരണം ചെയ്തു? അത് എന്നിലും മറ്റുള്ളവരിലും എന്തു പ്രതികരണം ഉളവാക്കി?

# ആഗസ്റ്റ് 8

***ഏതു വീട്ടിൽ എങ്കിലും ചെന്നാൽ : ഈ വീടിനു സമാധാനം എന്ന് ആദ്യം പറവിൻ. അവിടെ ഒരു സമാധാനപുത്രൻ ഉണ്ടെങ്കിൽ നിങ്ങളുടെ സമാധാനം അവന്മേൽ വസിക്കും; ഇല്ലെങ്കിലോ നിങ്ങളിലേക്കു മടങ്ങിപ്പോരും - ലൂക്കൊ. 10 : 5, 6***

ഇപ്പോഴത്തെ കൊയ്ത്തിൻവേലയിൽ പങ്കാളികളായ ഏതൊരുവനും ഈ വാക്യങ്ങളിൽ കർത്താവു നൽകുന്ന പ്രബോധനം ശരിക്കും ശ്രദ്ധിക്കണം. കർത്താവിന്റെ പ്രതിപുരുഷന്മാർ പോകുന്നിടത്തെല്ലാം ഒപ്പം മത്സരമോ ചിന്താക്കുഴപ്പമോ അശാന്തിയോ കലഹമോ അല്ല, സമാധാനം തന്നെ കടന്നുചെല്ലണം. എതിർപ്പിനെ ക്ഷണിച്ചുവരുത്തുന്ന വാളാണ് സത്യമെന്നത് ഒരു യാഥാർത്ഥ്യമായിരിക്കെത്തന്നെ അതു സത്യത്തിന്റെ പേരിലുള്ള എതിർപ്പും ഭിന്നതയുമെന്നല്ലാതെ കർത്തൃദാസന്മാരുടെ ഭാഗത്തുനിന്നു പരുഷമോ നിഷ്കരുണമോ ആയ വാക്കിനോ പ്രവൃത്തിക്കോ വഴിവെക്കുന്നില്ല. നാം ജീവിക്കുന്ന തിരക്കേറിയ ഈ കാലഘട്ടത്തിൽ മനുഷ്യരാശിയുടെ ബദ്ധപ്പാടിന് ആക്കം കൂട്ടുന്ന പലതുമുണ്ട്. സത്യം സ്വീകരിച്ചിട്ടുള്ളവർ "യേശുക്രിസ്തുവിൽ കൂടി സമാധാനം അരുളിച്ചെയ്യുന്ന" അതിന്റെ ആത്മാവിനെക്കൂടെ ഉൾക്കൊള്ളണം - Z'04, 108 (R 3346)

* * * * * *

തന്റെ ദാസന്മാർ സത്കരിക്കപ്പെടണമെന്ന് കർത്താവ് ഇച്ഛിക്കുന്ന വീടുകളിൽ അവർക്കായി അവൻ ഒരു സ്വാഗതം നിശ്ചയമായും ഒരുക്കിയിരിക്കും. അവർ സ്വാഗതം ചെയ്യപ്പെടാത്ത വീടുകളിൽ അവൻ അവർക്കായി വട്ടംകൂട്ടിയിട്ടില്ല.അവിടം വിട്ടു പോകയാണ് വേണ്ടത്. ചെല്ലുന്നേടത്തെല്ലാം കർത്താവിന്റെ ആത്മാവ് അവരിൽ പ്രകടമാകണം. തങ്ങൾക്കു ലഭിച്ചിരിക്കുന്ന ഭൗമികാനുഗ്രഹങ്ങളേക്കാൾ പലമടങ്ങു മികച്ച ആത്മീയാനുഗ്രഹങ്ങൾ പകർന്നുകൊടുക്കാൻ അവർ സന്നദ്ധരാകണം. ഈ അനുഗ്രഹങ്ങൾ സ്വാഗതം ചെയ്യപ്പെടുകയോ അഭിനന്ദിക്കപ്പെടുകയോ ചെയ്യുന്നില്ലെങ്കിൽ അവ പിൻവലിക്കപ്പെടട്ടെ. അവരുടെ വരവിനെ കാത്തിരിക്കുന്ന അർഹതയുള്ള ഒരു വീട് എവിടെയോ ഉണ്ടെന്ന വിചാരം അവരെ സംതൃപ്തരാക്കട്ടെ. - P'35, 117.

* * * * * *

**സമാന്തരവേദഭാഗങ്ങൾ:1ശമു.25:6,17; യെശ.9:6;57:19; മത്താ.10:11-13; സങ്കീ.35:13; 1കൊരി.9:4-7; 1തിമൊ.5:18; ലൂക്കൊ.19:5-9; അപ്പൊ.10:36; 2കൊരി.5:18-20; എഫെ.2:2,3;5:6; 2തെസ്സ.3:16; 2കൊരി.2:15,16**

ചോദ്യങ്ങൾ :- ഈ വേദവാക്യത്തോടനുബന്ധിച്ച് ഈ ആഴ്ചയിലെ അനുഭവങ്ങൾ എന്തെല്ലാമായിരുന്നു? അവയെ എങ്ങനെ നേരിട്ടു? അവ എന്തു ഫലമുളവാക്കി?

# ആഗസ്റ്റ് 9

***നിന്നിലുള്ള വെളിച്ചം ഇരുട്ടായാൽ ആ ഇരുട്ട് എത്ര വലിയത്- മത്താ. 6 : 23***

"ഗോതമ്പ്" പാറ്റാനുള്ള അവസരമാണ് കൊയ്ത്ത്. പതിരും മണിയും വേർതിരിക്കുന്നതിനുള്ള സമയം. ഓരോ ദൈവപൈതലിനും തങ്ങളുടെ സ്വഭാവം തെളിയിക്കാനുള്ള അവസരം തന്നെ. "എല്ലാം നിവർത്തിച്ചശേഷം നിലകൊള്ളുക!" യഹൂദയുഗത്തിലെ അഥവാ പ്രതി രൂപത്തിലെ കൊയ്ത്തിലെന്നവണ്ണമായിരിക്കും ഇവിടെയും പരിശോധന യുടെ ഉരകല്ലുകൾ. ക്രൂശ് ആയിരുന്നു അവയിൽ ഒന്ന്. മറ്റൊന്ന് ക്രിസ്തുവിന്റെ സാന്നിദ്ധ്യം ആയിരുന്നു. ഇനിയുമൊന്ന് വിനയം, വേറൊന്നു സ്നേഹം. "തങ്ങളുടെ സന്ദർശനകാലം അറിയാതിരുന്ന" തിനാണ് യിസ്രയേൽ ശകാരപാത്രമായത്. യഥാകാലസത്യത്തിന്റെ പ്രകാശം ഒരിക്കൽ ദർശിക്കയും പിന്നീട് "ഏറ്റവും പുറത്തുള്ള ഇരുട്ടി ലേക്കു" പോകയും ചെയ്യുന്നവരെ സംബന്ധിച്ച് ഇത് ഇരട്ടിപ്പടി വിപത്ക രമാണ്. ഇതിൽ അവിശ്വസ്തത അന്തർഭവിച്ചിരിക്കുന്നു- Z'04, 297 (R 3436)

*      *      *      *      *      *

പരിശുദ്ധാത്മാവാണ് നമ്മിലുള്ള വെളിച്ചം. അത് ഇരുട്ടായിത്തീരാ വുന്നതാണ്. മനസ്സ് സത്യത്തെയും ഹൃദയം സത്യത്തിന്റെ ആത്മാവിനെ യും നിരസിക്കുമ്പോഴാണ് ഇത് സംഭവിക്കുന്നത്. ജ്ഞാനം നീതി സ്നേ ഹം ശക്തി ഇവ തള്ളിക്കളഞ്ഞ് ഹൃദയം പാപം അബദ്ധം സ്വാർത്ഥം പ്രാപ ഞ്ചികമോഹം ഇവയെ പ്രിയപ്പെടുവാൻ തുടങ്ങുമ്പോൾ മാത്രമേ അപ്രകാ രമൊരവസ്ഥ നേരിടൂ. അങ്ങനെയുള്ള ഒരുവനെ മാനസാന്തരത്തിലേക്കു പുതുക്കുവാൻ കഴിയുന്നതല്ല. അവനിലുള്ള ഇരുട്ടു വലുതും ഒടുങ്ങാത്ത തുമാണ്. ഈ അവസ്ഥാവിശേഷത്തിനെതിരേ നാം എത്ര ജാഗ്രതയോ ടും പ്രാർത്ഥനയോടും യത്നത്തോടും കൂടെ നമ്മെത്തന്നെ സൂക്ഷിക്കേ താണ്. നമ്മുടെ ക്രിസ്തീയജീവിതം ഈ നിലയിൽ അവസാനിക്കുന്ന തിലും അത് ആരംഭിക്കാതിരുന്നതാണ് നല്ലത്.- P'34, 110.

*      *      *      *      *      *

**സമാന്തരവേദഭാഗങ്ങൾ : ലൂക്കൊ.11:34-36; സങ്കീ.119:105; സദൃ.6:23; യെശ.8:20;58:8; മത്താ.4:16;5:16; ലൂക്കൊ.16:8; യോഹ.1:4-9;3:19-21;12:35,36; അപ്പൊ.26:18; എഫെ.5:14; 1തെസ്സ.5:5; 1പത്രൊ.2:9; മത്താ.8:12; യോഹ.11:9,10; 1യോഹ.2:8-11**

ചോദ്യങ്ങൾ :- ഇരുട്ടും വെളിച്ചവും സംബന്ധിച്ച് ഈ ആഴ്ചയിലെ അനു ഭവങ്ങൾ ഏതെല്ലാമായിരുന്നു? അവയെ എങ്ങനെ അഭിമുഖീകരിച്ചു? അവ എന്തു ഫലമുളവാക്കി?

# ആഗസ്റ്റ് 10

***ക്രിസ്തുവിൽ വല്ല പ്രബോധനവും ഉണ്ടെങ്കിൽ, സ്നേഹത്തിന്റെ വല്ല ആശ്വാസവും ഉണ്ടെങ്കിൽ, ആത്മാവിന്റെ വല്ല കൂട്ടായ്മയും ഉണ്ടെങ്കിൽ, വല്ല ആർദ്രതയും മനസ്സലിവും ഉണ്ടെങ്കിൽ, നിങ്ങൾ ഏകമനസ്സുള്ളവരായി, ഏക സ്നേഹം പൂണ്ട് ഐകമത്യപ്പെട്ട് ഏകഭാവമുള്ളവരായി ഇങ്ങനെ എന്റെ സന്തോഷം പൂർണ്ണമാക്കുവിൻ - ഫിലി. 2 : 1, 2***

ഐക്യത്തെയും സമാധാനത്തെയും, സഹോദരനിർവിശേഷമായ ദയ യെയും ഉയർത്തിപ്പിടിക്കുന്ന എത്ര മഹത്തായ ഉത്ബോധനം! സഭാംഗ ങ്ങൾക്കു പരസ്പരം ഉണ്ടായിരിക്കേണ്ട ക്ഷമ, സഹിഷ്ണുത, സൗമ്യത, സാന്ത്വനം, സഹായം ഇവയിലേക്ക് അതു നമ്മുടെ ശ്രദ്ധ ക്ഷണിക്കുന്നു. അങ്ങനെ നേരായ വഴിക്ക് പരമാവധി മുന്നേറാൻ സഹായകമായ നിലയിൽ കർത്താ വിന്റെ ആത്മാവ് ഏവരിലും പരിപുഷ്ടമാകും. ബർന്നബാസ് എന്ന പേരിന് പ്രിയസഹോദരങ്ങളേ, നമുക്ക് ഉത്തരോത്തരം അർഹത നേടാം. "സഹോദര ങ്ങളെ ആശ്വസിപ്പിക്കുന്നവൻ" എന്നാണല്ലോ ആ പേരിനർത്ഥം. പരിശുദ്ധാത്മസ മൃദ്ധി നമ്മിൽ ഒന്നിനൊന്നു വർദ്ധിക്കട്ടെ. എന്തെന്നാൽ അതാണു ദൈവേ ഷ്ടം. പരിശുദ്ധാത്മനിറവ് നമ്മിൽ അധിവസിക്കുമ്പോൾ നാം സീയോനിൽ സാ ന്ത്വനത്തിന്റെ പുത്രീപുത്രന്മാരായിരിക്കും. നമ്മുടെ പിതാവിന്റെ പ്രതിപുരു ഷന്മാരായിരിക്കും. പരിശുദ്ധാത്മാവിന്റെയും സത്യത്തിന്റെയും ചാലുകളായി രിക്കും

- Z'04, 296 (R 3434)

*  *  *  *  *  *

തങ്ങൾ ശുശ്രൂഷിക്കുന്നവരുടെ ആത്മീയ സമൃദ്ധിയേക്കാൾ കർത്തൃദാസ ന്മാർക്ക് ഇമ്പകരമായി മറ്റൊന്നില്ല. എന്തെന്നാൽ ഇവർ അവരുടെ ആത്മീയ സ ന്താനങ്ങളാണ്. ഇവരുടെ ക്ഷേമത്തിനുവേണ്ടിയാണ് അവരുടെ അദ്ധ്വാനം. ഇവ രുടെ അന്തിമവിജയത്തിനുവേണ്ടി അവർ പ്രാണത്യാഗത്തിനു സന്നദ്ധരാണ്. തങ്ങളെ ശുശ്രൂഷിക്കുന്നവരുടെ ഹൃദയങ്ങളെ സന്തോഷിപ്പിക്കുന്നതിനുവേണ്ടി ഉറ്റു ശ്രമിക്കുന്നതിന് ഈ വസ്തുത ദൈവജനങ്ങൾക്കു പ്രേരകമാകേണ്ടതാണ്. ആത്മാ വിന്റെ വിശിഷ്ട ഫലങ്ങൾ വിശേഷിച്ചു സ്നേഹത്തിന്റെ വിഭിന്നരൂപങ്ങളായി തങ്ങളുടെ ആത്മീയ സന്താനങ്ങളിൽ വിളയുന്നതായി കാണുന്നതിൽ കർത്തൃദാ സന്മാർ ആനന്ദിക്കട്ടെ. അങ്ങനെ ആത്മീയ മാതാവും സന്താനങ്ങളും കർത്താ വിൽ ഒരുമിച്ചു സന്തോഷിക്കും. - P'33, 111.

*  *  *  *  *  *

**സമാന്തരവേദഭാഗങ്ങൾ : 2കൊരി.13:14; യോഹ.7:39; 1യോഹ.3:24; ഫിലി.1:8; കൊലൊ.3:12; യോഹ.3:29; റോമ.12:16; 1കൊരി.1:10; ഫിലി.3:16; 2കൊരി.13:11; ഫിലി.1:26,27**

ചോദ്യങ്ങൾ :- ഈ വേദവാക്യത്തോടനുബന്ധിച്ച് ഈ ആഴ്ചയിലെ അനുഭവങ്ങൾ എന്തെല്ലാമായിരുന്നു? അവ എന്തു പ്രതികരണമുളവാക്കി?

## ആഗസ്റ്റ് 11

***മരണപര്യന്തം വിശ്വസ്തനായിരിക്ക; എന്നാൽ ഞാൻ ജീവകിരീടം നിനക്കു തരും. - വെളി. 2 : 10***

അല്പസമയത്തിനുള്ളിൽ പരിശോധനകൾക്കു തിരശ്ശീലവീഴും. എന്നാൽ ആ അല്പസമയം കഴിയുവോളം നാം പരീക്ഷയുടെ നാളുകളിലാണ്. നാം തേടുന്ന മഹത്തായ പ്രതിഫലത്തിനു നമുക്കുള്ള യോഗ്യതായോഗ്യതകൾ നിർണ്ണയിക്കുന്നത് ഈ പരീക്ഷകളാണ്. അവയെ നാം വിലമതിക്കുന്ന പക്ഷം കർത്തൃഹിതാനുസരണം നാം അവയെ സ്വാഗതം ചെയ്യുക. കർത്താവിന് അർപ്പിക്കാവുന്നവയും അവനു സ്വീകാര്യവുമായി ജീവിതത്തിൽ മറ്റെന്തൊക്കെയു് എന്നതും കണക്കിലെടുക്കുക. എന്നാൽ ഇവ സ്വീകാര്യമാകുന്നത് നമ്മുടെ പ്രവൃത്തികളുടെയോ ത്യാഗങ്ങളുടെയോ മഹത്ത്വം കൊല്ല, ക്രിസ്തുവിന്റെ പുണ്യം നിമിത്തമാണ്. പിന്നിടുന്ന ഓരോ ദിവസവും മണിക്കൂറും സമർപ്പണസ്വഭാവത്തിലാണോ ചെലവഴിക്കപ്പെടുന്നത്, സ്വാർത്ഥപരമായ നിലയിൽ നിമിഷങ്ങളും നാഴികകളും എത്രമാത്രം വിനിയോഗിക്കപ്പെടുന്നു്, ദിവ്യവചനം അനുശാസിക്കുന്ന ന്യായമായ കർത്തവ്യബാധ്യതയ്ക്കപ്പുറം പരകാര്യങ്ങൾക്കായി എത്രമാത്രം സമയം ദുർവ്യയം ചെയ്യപ്പെടുന്നു. കർത്താവിനുള്ള നേർച്ചകളെ നാം ഏതളവോളം പാലിക്കുന്നു എന്നതെല്ലാം വിലയിരുത്തുക.
- Z'05, 380 (R 3685)

* * * * * *

ഒരു വ്യക്തിയോടോ ദൗത്യത്തോടോ തത്ത്വത്തോടോ പൂർണ്ണഹൃദയത്തോടെയുള്ള ഭക്തിയാണ് വിശ്വസ്തത. ഒരു ക്രിസ്ത്യാനിക്ക് ദൈവത്തോടുള്ള വിശ്വസ്തതയിൽ ഇതെല്ലാം അടങ്ങിയിരിക്കുന്നു. ദൈവത്തിനു പ്രസാദകരമായ ആത്മാവിലും വിധങ്ങളിലും നമുക്കുള്ളതെല്ലാം ചെലവഴിക്കുന്നതിന് ഇതു പ്രേരകമാകുന്നു. ഈ അർപ്പണജീവിതം അല്പകാലത്തേക്കുള്ളതല്ലതാനും. ഇതു ജീവപര്യന്തമാകണം, അതായത് ഇതു മരണകാരിയാകയും മരണംവരെ തുടരുകയും വേണം. അങ്ങനെയുള്ളവർക്കു ദാനമായി നൽകപ്പെടുവാനുള്ള ഒരു പ്രതിഫലമെന്നനിലയിൽ എന്നേക്കുമായുള്ള ഒരു ജീവന്റെ കിരീടം കരുതപ്പെട്ടിരിക്കുന്നു. നിത്യജീവൻ നേടുന്നതിനോടനുബന്ധിച്ച് നേരിടേിവന്ന ക്ലേശങ്ങൾ അപ്പോൾ നിശ്ചയമായും നിസ്സാരമായി തോന്നും. അവർക്ക് ശാശ്വതാവകാശമായിത്തീരുന്ന ഈ അവസ്ഥ അതീവ ധന്യമത്രേ. - P'32, 112.

* * * * * *

**സമാന്തരവേദഭാഗങ്ങൾ : സദൃ.28:20; മത്താ.10:22;24:13;25:14-23; ലൂക്കൊ.16:10-12; 1കൊരി.4:2; എബ്രാ.3:14; റോമ.8:17,18; ഗലാ.6:7-9; യാക്കോ.1:12; 1പത്രൊ.1:4-8; 2പത്രൊ.1:4; 1യോഹ.3:2,3; വെളി.3:21**

ചോദ്യങ്ങൾ :- ഞാൻ ഈ ആഴ്ചയിൽ വിശ്വസ്തനായിരുന്നോ? അവിശ്വസ്തനായിരുന്നോ? നിത്യജീവനുവേയുള്ള പ്രത്യാശയെ അത് എങ്ങനെ സ്വാധീനിച്ചു?

## ആഗസ്റ്റ് 12

***മറഞ്ഞിരിക്കുന്ന തെറ്റുകളെ പോക്കി എന്നെ മോചിപ്പിക്കേണമേ. സ്വമേധാപാപങ്ങളെ അകറ്റി അടിയനെ കാക്കേണമേ; അവ എന്റെ മേൽ വാഴരുതേ; എന്നാൽ ഞാൻ നിഷ്കളങ്കനും മഹാപാതകരഹിതനും ആയിരിക്കും. എന്റെ പാറയും എന്റെ വീടെുപ്പുകാരനുമായ യഹോവേ, എന്റെ വായിലെ വാക്കുകളും എന്റെ ഹൃദയത്തിലെ ധ്യാനവും നിനക്കു പ്രസാദമായിരിക്കുമാറാകട്ടെ - സങ്കീ. 19 : 12-14***

രഹസ്യപാപങ്ങളിൽനിന്നു നിർമ്മലീകരിക്കപ്പെടുന്നതിനും അതുവഴി മനഃപൂർവ്വ പാപങ്ങളിൽനിന്നു തടയപ്പെടുന്നതിനുമായി ബുദ്ധിമാനായ ഏതൊരു ക്രൈസ്തവനും നിരന്തരം പ്രാർത്ഥിക്കുന്നുാവും. ഇങ്ങനെ ഹൃദയപൂർവ്വം പ്രാർത്ഥിച്ചുകൊും തക്കസമയത്തു വേ സഹായത്തിനായി കൃപയുടെ ഉറവിടത്തെ സമീപിച്ചുകൊും പാപത്തിനെതിരെ മുളയിൽതന്നെ ജാഗരിക്കയും ഹൃദയത്തെ നിഷ്കളങ്കാവസ്ഥയിൽ സൂക്ഷിക്കയും വേണം. ബാഹ്യവും മനഃപൂർവ്വവുമായ പാപങ്ങൾക്കെതിരെമാത്രം ജാഗരിക്കയും, മനസ്സിന്റെ നിഗൂഢതലങ്ങളിൽ സ്ഥാനം പിടിക്കുന്ന പാപങ്ങൾക്കുനേരെ അവയുടെ അങ്കുരാവസ്ഥയിൽ കണ്ണടയ്ക്കയും ചെയ്തുകൊ് കർത്തൃസാമീപ്യം പുലർത്തി ഒരു വിശുദ്ധജീവിതം നയിക്കാനാഗ്രഹിക്കുന്നവൻ ശരിയായ ഒരു കാര്യം തീർത്തും മൂഢവും യുക്തിശൂന്യവുമായ വഴിയിലൂടെ സാധിക്കാൻ ശ്രമിക്കയാണ്. - Z'98, 22 (R 2248)

*　　*　　*　　*　　*　　*

രഹസ്യപാപങ്ങളിൽ നിന്ന് ആരും തന്നെ വിമുക്തരല്ല. സംസർഗ്ഗവും, സാഹചര്യങ്ങളും പരിശീലനവും വലിയൊരളവിൽ അവ പെരുകാൻ കാരണമായിട്ടുകിലും, മുഖ്യമായും പാരമ്പര്യം വഴി നമ്മിൽ കടന്നുകൂടുന്നതാണ്. അവ നമ്മെ മലിനപ്പെടുത്തുന്നു. അതുകൊ് അവയിൽനിന്നുള്ള ശുദ്ധീകരണത്തിനായി പ്രാർത്ഥിക്കുന്നത് ഉചിതം തന്നെ. പിതാവ് അവയെ നമുക്ക് വെളിപ്പെടുത്തുന്നു. അവയിൽ നിന്നു കഴുകപ്പെടാൻ നമ്മുടെ സഹകരണം അവൻ ആവശ്യപ്പെടുന്നു. മനഃപൂർവ്വപാപങ്ങൾ വിശേഷിച്ചും അപകടകരമാണ്. കർത്താവു നമ്മെ അവയിൽ നിന്ന് അകറ്റി നിർത്താനും, നാം അവയുടെ നിയന്ത്രണത്തിൽപ്പെട്ടുപോകാതെ അവയെ തടഞ്ഞുനിർത്താനും നാം പ്രാർത്ഥിക്കണം. നമ്മുടെ ഹൃദയനിനവുകളും വായിൻവചനങ്ങളും, നമ്മുടെ ബലവും വീടെുപ്പുകാരനുമായ ദൈവത്തിനു സ്വീകാര്യമാകുമെങ്കിൽ അവയുടെ മേൽ വിജയം വരിക്കാൻ നാം ശക്തരാകും. - P'26, 109.

*　　　*　　　*　　　*　　　*　　　*

**സമാന്തരവേദഭാഗങ്ങൾ : ഇയ്യോ.13:23; സങ്കീ.24:3-5;26:1,2;51:10; 139:23,24; യെഹെ.36:25,26; 1യോഹ.1:7,9;3:3; എബ്രാ.6:4-9;10:26-31; 1യോഹ.5:16; 2പത്രൊ.2:1-20; യൂദാ.4-25**

ചോദ്യങ്ങൾ :- ദൈവം ഈ ആഴ്ചയിൽ എന്നെ എപ്രകാരം ശുദ്ധീകരിച്ചു? സാഹചര്യങ്ങളും മുഖാന്തരങ്ങളും ഫലങ്ങളും ഏവ?

# ആഗസ്റ്റ് 13

***ഞങ്ങൾ ക്രിസ്തുവിന്റെ സ്ഥാനപതികളാകുന്നു - 2 കൊരി. 5 : 20***

ക്രൈസ്തവരെന്ന നിലയിൽ ഈ ആലോചനയ്ക്കു നമ്മുടെ മനസ്സിൽ സദാ പ്രാമുഖ്യം നൽകാൻ കഴിയുന്ന പക്ഷം അതു നമ്മുടെ സ്വഭാവത്തിന് ആഭിജാത്യം നൽകുന്നു. അതിന്റെ രൂപാന്തരീകരണശക്തി എത്ര മഹത്തരം! നീചവും അധമവും, ഇപ്പോൾ മൃതപ്രായമെന്നെണ്ണി നാം വലിച്ചെറിഞ്ഞതുമായ പഴയ മനുഷ്യന്റെ പ്രവണതകളോടുള്ള ഏറ്റുമുട്ടലിൽ ഇതു പുതുമനുഷ്യന് എത്ര സഹായകം! "നമ്മുടെ പൗരത്വമോ സ്വർഗ്ഗത്തിലാകുന്നു" എന്ന് അപ്പൊസ്തൊലൻ പറയുന്നു. ലോകത്തിൽ ജീവിക്കെത്തന്നെ നാം ലോകത്തിൽനിന്നുള്ളവരല്ല, മറിച്ച് നമ്മുടെ സഖ്യവും പൗരത്വവും ദൈവരാജ്യവുമായി നാം വെച്ചുമാറിയിരിക്കുന്നു. ആ നിലയ്ക്ക് ഈ ലോകത്തിൽ അന്യരുടെയും പരദേശികളുടെയും ഇടയിൽ ജീവിക്കെത്തന്നെ രാജ്യത്തിന്റെ പ്രതിനിധികളും പ്രതിപുരുഷന്മാരുമായി നിയമിതരെന്ന അവസ്ഥയ്ക്ക് ആ പദവിയുടെ മഹത്ത്വത്തെയും ഔന്നത്യത്തെയും കനത്ത ഉത്തരവാദിത്വങ്ങളെയും പറ്റി നാം ബോധവാന്മാരായിരിക്കണം. "വാക്കിനാലോ പ്രവൃത്തിയാലോ എന്തുചെയ്താലും സകലവും കർത്താവായ യേശുവിന്റെ നാമത്തിൽ ചെയ്യുവിൻ" എന്ന അപ്പൊസ്തൊലവചനം എപ്പോഴും ഓർത്തുകൊള്ളണം.- Z'04, 72 (R 3329)

*　　　*　　　*　　　*　　　*　　　*

ഭൂമിയുടെ ഭരണാധികാരം ഇപ്പോൾ സാത്താൻ അപഹരിച്ചു കൈയടക്കിയിരിക്കയാണെങ്കിലും അതിന്റെ ന്യായയുക്തനായ രാജാവ് യഹോവയാണ്. ദൈവം തന്റെ ജനത്തെ, ക്രിസ്തുവിന്റെ നാവുകളായി പ്രവർത്തിക്കുന്ന തന്റെ സ്ഥാനപതികളായി തെരഞ്ഞെടുത്തിരിക്കുന്നു. ആ നിലയിൽ ഇപ്പോഴും ഭാവിയിലും സാത്താന്റെ മുമ്പിൽ ദൈവജനത്തിന്റെ വിമോചനം എന്ന ആവശ്യം നാം ഉന്നയിക്കുന്നു. ആ വിമോചനത്തിനായി നാം ഒരുങ്ങുകയും ചെയ്യുന്നു. കൂടാതെ സാത്താന്റെ കരങ്ങളിൽ നിന്നും ക്രിസ്തുവിന്റെ കരങ്ങളിലേക്കുള്ള അധികാരകൈമാറ്റം നാം മറ്റുള്ളവർക്കു വിളംബരം ചെയ്യുകയും ചെയ്യുന്നു. അപ്രകാരമുള്ള കർത്തവ്യം അതു ഭരമേൽപ്പിക്കപ്പെട്ടിരിക്കുന്നവർക്ക് ഒരു ഉന്നത ബഹുമതിയാണ്. നമ്മുടെ പദവിക്കു ചേർന്നവിധം നമ്മുടെ പെരുമാറ്റത്തിൽ നയജ്ഞതയും ആഭിജാത്യവും ആകർഷകത്വവും നാം പുലർത്തണം. നേർബുദ്ധികൾക്കെല്ലാം നമ്മുടെ ദൗത്യത്തിൽ മതിപ്പ് ജനിക്കണം. ഭൗമിക സ്ഥാനപതികൾ തങ്ങളുടെ രാജ്യത്തിന് അഭിമാനകരമായി പ്രവർത്തിക്കേയിരിക്കുന്നുവെങ്കിൽ നാം എത്രയധികം അങ്ങനെ ചെയ്യേതാണ്. - P'36, 95.

*                *                *                *                *                *

**സമാന്തരവേദഭാഗങ്ങൾ : ഇയ്യോ.33:23; മലാ.2:6,7; 2കൊരി.3:6,9;6:1; എഫെ.6:19; 1ശമു.2:35;12:8; എസ്രാ.7:10; യെശ.52:1-12; യിരെ.20:9; യെഹെ.34; മത്താ.10:16-24;20:25-28;23:8-11; യോഹ.10:1-15; അപ്പൊ.20:22-24; റോമ.2:21-23; 1കൊരി.2:2**

ചോദ്യങ്ങൾ :- ഞാൻ ഈ ആഴ്ചയിൽ ക്രിസ്തുവിന്റെ സ്ഥാനപതി എന്ന നിലയിൽ പ്രവർത്തിച്ചുവോ? ഏതുവിധം? എന്തുകൊ? ഏതു പരിതസ്ഥിതികളിൽ? അതിനു സഹായകമായി പ്രവർത്തിച്ചതെന്ത്? പ്രതിബന്ധമായി വർത്തിച്ചതെന്ത്? ഫലമെന്തായിരുന്നു?

# ആഗസ്റ്റ് 14

***ഗുരുവിനെപ്പോലെയാകുന്നത് ശിഷ്യനു മതി; യജമാനനെപ്പോലെയാകുന്നത് ദാസനും മതി. അവർ വീട്ടുടയവനെ ബേൽസെബൂൽ എന്നു വിളിച്ചു എങ്കിൽ വീട്ടുകാരെ എത്ര അധികം ? മത്താ. 10 : 25***

എത്ര ലാവണ്യമധുരമായി പ്രതിപാദിക്കപ്പെട്ടാലും സത്യം ഏതു ദിശയിലേക്കും കടന്നുചെന്ന് ക്ഷതമേൽപ്പിക്കാവുന്ന വാളാണ്. നമ്മുടെ കർത്താവ് മുന്നരുളിച്ചെയ്തിട്ടുള്ളതുപോലെ അതു മാതാപിതാക്കളെ മക്കൾക്കും മക്കളെ മാതാപിതാക്കൾക്കും എതിരാളികളാക്കുന്നു. എന്തെന്നാൽ ഇരുട്ട് വെളിച്ചത്തെ വെറുക്കുകയും സാധിക്കുംപ്രകാരമെല്ലാം അതിനോടു പൊരുതുകയും ചെയ്യുന്നു. ഏതദ്വിഷയകമായ നമ്മുടെ കർത്താവിന്റെ ഉപദേശങ്ങളുടെ അടിസ്ഥാനത്തിലും, പ്രതിപാദനരീതി എത്ര ബുദ്ധിപൂർവ്വമായിരുന്നാലും അന്തിമമായി അതു തെറ്റിദ്ധരിക്കപ്പെടുമെന്നതിനാലും സത്യത്തിന്റെ വിശ്വസ്ത ശുശ്രൂഷകന്മാർ ഇതൊഴിവാക്കാൻ ആവോളം ശ്രദ്ധാലുക്കളായിരിക്കണം. നാം ഒരു വിധത്തിലുമുള്ള അരാജകത്വത്തെ പ്രോത്സാഹിപ്പിക്കുകയോ അതിൽ പങ്കാളികളാകയോ ചെയ്യുന്നില്ലെന്നതിൽ സംശയത്തിന് സ്ഥാനമുാകരുത്. മറിച്ച് നാം നീതിക്കും നിയമങ്ങളുടെയെല്ലാം ആചാര്യസ്ഥാനം വഹിക്കുന്ന ദിവ്യനിയമത്തിനും വേി നിലകൊള്ളുന്നു എന്നു വ്യക്തമാക്കണം-Z'03, 13 (R 3130)

*                *                *                *                *                *

ശിഷ്യൻ ഗുരുവിനെപ്പോലെയും ഭൃത്യൻ യജമാനനെപ്പോലെയും ആയിത്തീരുക എന്നത് ഏതു നിലയിലും മതിയാകുന്നതാണ്. ഇതു ഗുരുവിൽ നിന്നു ശിഷ്യനും യജമാനനിൽനിന്നു ഭൃത്യനും മതിയായ മാനവും, മതിയായ അംഗീകാരവും, മതിയായ ശുപാർശയും, മതിയായ പദവിയും, മതിയായ പ്രതിഫലവും, മതിയായ ഉയർച്ചയും ആണ്. ജഡത്തിലുള്ള നമ്മുടെ പരദേശപ്രയാണത്തിൽ കർത്താവിനു നേരിട്ട പെരുമാറ്റത്തേക്കാൾ അഭികാമ്യമായി മറ്റെന്താണ് നമുക്ക് ആഗ്രഹിക്കുവാനുള്ളത്? ഇതു മൂലം പരിഹാസം, അപവാദം, പള്ളിഭ്രംശം, നാടുകടത്തൽ, മാരകമായ ബലാൽക്കാരം ഇവ നേരിടുന്നുവെങ്കിൽ, നമ്മുടെ കർത്താവിനു നേരിട്ടതിനൊപ്പമായ പെരുമാറ്റംകൊു നാമും ബഹുമാനിതരാകുന്നതിൽ നമുക്കു സ്വയം അഭിമാനിക്കാം. ഇത് നമ്മെ ഉത്തമമായ അവകാശത്തിലേ

ക്കെന്നപോലെ ഉത്തമമായ കൂട്ടായ്മയിലേക്കും നയിക്കുന്നു എന്ന റിഞ്ഞു നമുക്കു സന്തോഷിച്ചുല്ലസിക്കാം. - P'30, 109.

* * * * * *

**സമാന്തരവേദഭാഗങ്ങൾ : മത്താ.12:24; മർക്കൊ.3:22; ലൂക്കൊ.6:40; 11:15; യോഹ.8:48,52;17:14;13:16;15:20; 2തിമൊ.3:12;2:11,12; അപ്പൊ.14:22; 1പത്രൊ.2:19-24**

ചോദ്യങ്ങൾ :- കർത്താവിനോടുള്ള വിശ്വസ്തത നിമിത്തം ഈ ആഴ്ചയിൽ ഞാൻ പരിഹാസം സഹിച്ചുവോ? അത് ഒരു മാന്യതയും പദവിയും എന്ന നിലയ്ക്കാണോ ഹീനവും വ്യഥാപ്രയത്നവും എന്ന നിലയ്ക്കാണോ ഞാൻ സഹിച്ചത്? അതിൽ സഹായകമായതെന്ത്? പ്രതിബന്ധമായതെന്ത്?

# ആഗസ്റ്റ് 15

***സഹോദരന്മാരേ, ഞങ്ങൾ നിങ്ങളെ പ്രബോധിപ്പിക്കുന്നത്: ...... എല്ലാവരോടും ദീർഘക്ഷമ കാണിപ്പിൻ - 1 തെസ്സ. 5 : 14***

കർത്താവിന്റെ ജനങ്ങളിൽ സമചിത്തത നേടിയിട്ടുള്ളവർ, ദുർബലരോടും ധൈര്യഹീനരോടും മാത്രമല്ല, അതിധൈര്യവും ആത്മവിശ്വാസവുമുള്ളവരുൾപ്പെടെ എല്ലാവരോടും സഹതാപവും ക്ഷമയും സഹിഷ്ണുതയും പാലിക്കണമെന്ന ആശയം ഈ വാക്യം ഉൾക്കൊള്ളുന്നതായി വിചാരിക്കാം. പരിജ്ഞാനത്തിലുള്ള വളർച്ച ക്ഷമ എന്ന സദ്ഗുണത്തിന്റെ വളർച്ചയ്ക്ക് ഉപകരിക്കുന്നു. എന്തെന്നാൽ സ്വർഗ്ഗസ്ഥ പിതാവിനു നമ്മോടുള്ള ക്ഷമയുടെ മഹത്ത്വം അധികമധികം ഗ്രഹിക്കുന്തോറും അതേ തത്ത്വം മറ്റുള്ളവരുടെ വിഷയത്തിലും കൈക്കൊള്ളുവാൻ നാം പ്രേരിതരാകുന്നു. നമ്മുടെ സ്വർഗ്ഗീയപിതാവ് ആരിലെങ്കിലും പ്രസാദിക്കയും അവരെ വിളിക്കയും ചെയ്തു എന്ന ചിന്ത ആ വിളിയുടെ വിഷയത്തിൽ നാം അവനോടു പൂർണ്ണമായും സഹകരിക്കുന്നതിന് ഉത്തേജകമാകണം. ഇടുക്കുവഴിയിൽ നമ്മോടൊപ്പം ഗുരുവിന്റെ കാൽച്ചുവടുകളിൽ നടക്കാൻ ആഗ്രഹിക്കുന്നവർക്കു നാം ആവോളം തുണയും തണലുമായിരിക്കണം. - Z'03, 24 (R 3135)

* * * * * *

ഈ പ്രബോധനം നിശ്ചയമായും ഉചിതവും, ഈ സ്വഭാവവിശേഷം അനുപേക്ഷണീയവുമാണ്. നമ്മുടെ തന്നെയും സഹോദരന്മാരുടെയും ലോകത്തിന്റെയും നമ്മുടെ ശത്രുക്കളുടെയും ശാരീരികവും മാനസികവും സാന്മാർഗ്ഗികവും മതപരവുമായ പോരായ്മകളും വീഴ്ചകളും ദൗർബല്യങ്ങളും ദീർഘക്ഷമയുടെ ആവശ്യം വിളിച്ചറിയിക്കുന്നു. ദ്വിതീയസ്ഥാനീയഗുണങ്ങളിൽ ഇത്രത്തോളം നിരന്തരോപയോഗമുള്ളതൊന്നുമില്ല. ഇത്രത്തോളം അപൂർവ്വമായി മാത്രം അനുഭവപ്പെടുത്തിക്കാണുന്നതും പ്രാവർത്തികമാക്കാൻ ഇത്രത്തോളം പ്രയാസകരവുമായ മറ്റൊരു ഗുണ

വും അവയിലില്ല. അതുകൊ് ഈ പ്രബോധനം ഏറ്റവും ആവശ്യമുള്ളതു തന്നെ. “സഹോദരന്മാരേ, ഞങ്ങൾ നിങ്ങളെ പ്രബോധിപ്പിക്കുന്നത്: എല്ലാവരോടും ദീർഘക്ഷമ കാണിപ്പിൻ” - P'35, 117.

* * * * * *

**സമാന്തരവേദഭാഗങ്ങൾ : 1കൊരി.13:4; 2കൊരി.6:4-6; ഗലാ.5:22; എഫെ.4:1,2; കൊലൊ.1:11;3:12,13; 1തിമൊ.1:16; 2തിമൊ.3:10;4:2; എബ്രാ.6:12,15; യാക്കോ.5:7,8,10**

ചോദ്യങ്ങൾ :- ഈ ആഴ്ചയിൽ ഞാൻ എല്ലാവരോടും ദീർഘക്ഷമയുള്ളവൻ ആയിരുന്നോ? എന്തുകൊ്? എപ്രകാരം? ഫലമെന്തായിരുന്നു?

# ആഗസ്റ്റ് 16

### *എല്ലാറ്റിനും സ്തോത്രം ചെയ്‌വിൻ - 1 തെസ്സ. 5 : 18*

കർത്താവുമായി കൂട്ടായ്മയിൽ ഇരിക്കുന്നതും, അവന്റെ ഇഷ്ടം അനുസരിക്കുന്നതിന് പൂർണ്ണമായി സമർപ്പിതവും ആയ മാനസികാവസ്ഥ പ്രാപിച്ചശേഷം കർത്തൃജനം ഓരോ ദിനാരംഭത്തിലും അവന്റെ അനുഗ്രഹങ്ങൾ യാചിക്കുകയും ദിനാന്ത്യത്തിൽ നന്ദി അർപ്പിക്കുകയും മാത്രമല്ല ജീവിതത്തിന്റെ എല്ലാ വിഷയങ്ങളിലും തങ്ങൾക്കുള്ളതെല്ലാം കർത്താവിനു സമർപ്പിതമാണെന്ന് ഓർക്കുകയും അവയെല്ലാറ്റിലും വിശ്വാസത്താൽ അവങ്കലേക്കു ദൃഷ്ടിപതിക്കുകയും ചെയ്യുന്നു. തങ്ങളിൽ നിക്ഷിപ്തമാകുന്ന പ്രവർത്തനങ്ങളുടെ ഗുരുലഘുത്വമനുസരിച്ച് എല്ലാ ജീവിതഗതികളിലും ദിവ്യവിചാരണയുടെ സംബന്ധം അവർ വിശ്വാസത്താൽ ദർശിക്കയും തദനുസരണം നന്ദിയുള്ളവരായിരിക്കയും ചെയ്യുന്നു. ഇതാണു നമ്മെ സംബന്ധിച്ച ദൈവേഷ്ടം. അവന്റെ ഹിതത്തിനും അവനിൽനിന്നുള്ള അനുഗ്രഹങ്ങൾക്കും നാം കടപ്പെട്ടിരിക്കുന്നു എന്ന അചഞ്ചലമായ ബോധം ജീവിതത്തിലുടനീളം നാം പുലർത്തണമെന്ന് അവൻ ഇച്ഛിക്കുന്നു. ഇടുക്കുവഴിയിൽ നമ്മുടെ പുരോഗതിക്കു ഏറ്റം അനുയോജ്യമായ സ്ഥിതിവിശേഷം ഇതാണെന്നും നമ്മുടെ വിളിയും തെരഞ്ഞെടുപ്പും ഉറപ്പാക്കുന്നതിൽ ഇത് ഏറെ സഹായകമാണെന്നും അവൻ അറിയുന്നു - Z'03, 25 (R 3135)

* * * * * *

നന്മകളുടെ പേരിലുള്ള കൃതജ്ഞതയുടെ ഔചിത്യം മഹാമനസ്കരായ ലൗകികരും അംഗീകരിക്കുന്നു്. നമുക്കു നേരിടുന്ന തിക്താനുഭവങ്ങൾ ഭൗമികമായ ക്ലേശങ്ങൾക്കു കാരണമാകുമെങ്കിലും വലിയ ആത്മീയാനുഗ്രഹങ്ങൾക്കു വഴി തുറക്കുമെന്ന വസ്തുത നമ്മുടെ ഹ്രസ്വദൃഷ്ടിമൂലം നാം അവഗണിക്കുന്നതുകൊ് പലപ്പോഴും അവയ്ക്കുവേി നന്ദിയുളളവരായിരിക്കാൻ നമുക്കു കഴിയാതെ പോകുന്നു. ആനുകൂല്യങ്ങൾ എന്നപോലെ ഈ പ്രാതികൂല്യങ്ങളും കർത്താവിനു നന്ദി പ്രകാശിപ്പിക്കുവാൻ ആവശ്യമുള്ള അനുഗ്രഹങ്ങളായി നാം കാണേതാണ്. ദൈവത്തെ സ്നേഹിക്കുന്നവർക്ക് സകലവും നന്മയ്ക്കായി കൂടി വ്യാപരിക്കുന്നു. അതുകൊ് എല്ലാറ്റിനും നന്ദിയുള്ളവരായിരിക്കാം - കടുത്തതോ ലളിതമോ, സന്തോഷകരമോ ദുഃഖകരമോ, അനുകൂലമോ പ്രതികൂലമോ ആയ എല്ലാറ്റിനും തന്നെ. അവയെല്ലാം വാത്സല്യനിധിയായ പിതാവിൽനിന്നു നമുക്കു ലഭിക്കുന്ന സ്നേഹലിഖിതങ്ങളും സ്നേഹചിഹ്നങ്ങളുമാണ്. എല്ലാം നമ്മുടെ ഏറ്റവും വലുതും വാസ്തവവുമായ നന്മയ്ക്കുപകരിക്കാൻ ഉദ്ദേശിച്ചുള്ളതുമാണ്. - P'34, 110.

* * * * * *

**സമാന്തരവേദഭാഗങ്ങൾ : എഫെ.5:20; കൊലൊ.1:12;2:7;3:15-17;4:2; സങ്കീ.50:14,15;105:1,5;106:1;107:1,2,15,22; യോവേ.2:26; ഫിലി.4:6; 1തിമൊ.2:1; 4:3,4; എബ്രാ.13:15**

ചോദ്യങ്ങൾ :- ഈ ആഴ്ചയിൽ ഞാൻ സകലത്തിനും നന്ദിയുള്ളവൻ ആയിരുന്നുവോ? എങ്ങനെ? എന്തുകൊ്? ഫലമെന്തായിരുന്നു?

# ആഗസ്റ്റ് 17

***ആത്മാവിനെ കെടുത്തരുത് - 1 തെസ്സ. 5 : 19***

കർത്താവിന്റെ ആത്മാവിനെ അവന്റെ ജനങ്ങൾക്കിടയിൽ അവന്റെയും അവന്റെ ദൗത്യത്തോടു ബന്ധപ്പെട്ട മുഴുവൻ പേരുടെയും നേർക്കുള്ള “സ്നേഹത്തിന്റെ ദിവ്യജ്വാല”യോടു താരതമ്യപ്പെടുത്താം. ഈ ജ്വാല വ്യക്തിഗതമായി ഓരോരുത്തരിലും, പരിശുദ്ധാത്മാവിനെ പ്രാപിക്കുമ്പോൾ, വചനം മുഖേന ജ്വലിപ്പിക്കപ്പെടുന്നു. സഭയ്ക്കാകട്ടെ ഈ ജ്വാലയുടെ വ്യാപാരം ആത്മാവിന്റെ മാർഗ്ഗദർശനം വഴി അനുഭവപ്പെടുന്നു. പരിജ്ഞാനത്തിലും സ്നേഹത്തിലും കർത്താവുമായുള്ള സംസർഗ്ഗത്തിലും വളരുന്നതിനനുസരിച്ച് “സ്നേഹത്തിന്റെ ഈ ദിവ്യജ്വാല” സഭയെ ലോകത്തിന്റെ വെളിച്ചവും മലമേൽ പണിയപ്പെട്ട, മറഞ്ഞിരിക്കാൻ കഴിയാത്ത പട്ടണവുമാക്കുന്നു. - Z'03, 25 (R 3135)

* * * * * *

ആത്മാവ് യഹോവയല്ല എന്ന് ഈ വാക്യത്തിൽനിന്നു വ്യക്തമാകുന്നു. എന്തെന്നാൽ ആത്മാവ് യഹോവയെങ്കിൽ ഈ വാക്യം അനാവശ്യവും അർത്ഥശൂന്യവുമാകുമായിരുന്നു. സർവ്വശക്തനും സ്വയം സ്ഥിതി ചെയ്യുന്നവനുമായ ഒരുവനെ നിർമ്മൂലമാക്കരുത് എന്ന പ്രബോധനം എത്ര അനാവശ്യവും മൂഢവുമാണ്. നമ്മിലുള്ള കർത്താവിന്റെ മനോഭാവമാണ് ആത്മാവ് എന്ന സത്യം മനസ്സിലാകുമ്പോൾ ഈ പ്രബോധനം ആവശ്യവും അർത്ഥവത്തുമായിത്തീരുന്നു. ഒരു മെഴുകുതിരിയുടെ നാളം അണയ്ക്കാൻ കഴിയുന്നതുപോലെ, പാപം അസത്യം സ്വാർത്ഥം പ്രാപഞ്ചികത്വം ഇവ നമ്മുടെമേൽ ആധിപത്യം സ്ഥാപിക്കുകവഴി ആത്മാവാകുന്ന ദിവ്യപ്രകാശത്തെ കെടുത്തിക്കളയാൻ കഴിയും. അണച്ചുകളഞ്ഞ മെഴുകുതിരി വീണ്ടും കൊളുത്താം. എന്നാൽ ഒരിക്കൽ കെടുത്തിക്കളഞ്ഞാൽ ആത്മാവിനെ വീണ്ടും കത്തിക്കാൻ കഴികയില്ല. അതിനാൽ അമൂല്യമായ ഈ വെളിച്ചം അണഞ്ഞുപോകാതിരിപ്പാൻ നമുക്കു സദാ ജാഗരിക്കാം. അല്ലെങ്കിൽ നാം നിത്യാന്ധകാരത്തിൽ ആയിപ്പോകും. ആ അന്ധകാരം എത്ര വലുത് ! - P'33, 111.

* * * * * *

**സമാന്തരവേദഭാഗങ്ങൾ : റോമ.8:1-16; 1കൊരി.2:10-16; യെശ.11:2,3; യോഹ.7:39;1:12,13; ഗലാ.5:22,23; എഫെ.1:17,18; 1യോഹ.4:1,6; 2തിമൊ.1:7; എഫെ.4:30; യെശ.7:13;63:10**

ചോദ്യങ്ങൾ :- ഈ ആഴ്ച ഞാൻ ആത്മാവിനെ കെടുത്തുകയാണോ അഥവാ ജ്വലിപ്പിക്കുകയാണോ ചെയ്തത്? എങ്ങനെ? അതിൽ സഹായകമായും പ്രതിബന്ധമായും നിന്നതെന്ത്?

# ആഗസ്റ്റ് 18

***സകലവും ശോധന ചെയ്തു നല്ലതു മുറുകെ പിടിപ്പിൻ-1തെസ്സ.5:21***

കർത്താവിന്റെ ജനങ്ങൾ പ്രവചനങ്ങളെ അഥവാ പരസ്യപ്രഭാഷണങ്ങളെ എത്രമേൽ ആദരിച്ചാലും ഉചിതമായ പരിശോധനയും നിരൂപണവും കൂടാതെ കേൾക്കുന്നതെന്തും അപ്പാടെ അംഗീകരിക്കാതിരിപ്പാൻ പഠിക്കണം. കേൾക്കുന്ന തെന്തും അവർ നിരൂപണവിധേയമാക്കണം. അവയ്ക്കു ന്യായത്തിന്റെയും തിരു വെഴുത്തുകളുടെയും പിൻബലമെത്രത്തോളമുന്നെ് വിവേചിക്കണം. വെറും അഭ്യൂഹവും ന്യായാഭാസവുമേതെന്നു തിരിച്ചറിയണം. തിരുവെഴുത്തുകളുടെ ഉരകല്ലിൽ തനിത്തങ്കമെന്നു തെളിയുന്നതും, പരിശുദ്ധാത്മാവിനു ചേർച്ചയാ യതും എന്തുതന്നെ ആയാലും അവയെ മുറുകെ പിടിക്കാനുള്ള സന്നദ്ധത യോടെ കേൾക്കുന്നതിന്റെ മൂല്യനിർണ്ണയത്തിനു ശ്രമിക്കണം. ഈ പരിശോധനക ളിൽ പിടിച്ചുനിൽക്കാനാകാത്തവയെ അതേ നിശ്ചയദാർഢ്യത്തോടെ തിരസ്കരി ക്കയും വേണം - Z'03, 26 (R 3135)

* * * * * *

അന്ധവും ചോദ്യം ചെയ്യപ്പെടുവാൻ പാടില്ലാത്തതുമായ വിശ്വാ സവും അനുസരണവും ജനങ്ങളിൽ നിന്നുാകേ ദൈവത്തിന്റെ നാവുക ളാണ് തങ്ങൾ എന്ന് അവകാശപ്പെടുമാറു പുരോഹിതവർഗ്ഗത്തിന്റെ ദൈവദത്താധികാരം (Divine right of the Clergy) എന്ന സിദ്ധാന്തം പ്രബല പ്പെടുവാൻ സാത്താൻ ഇടയാക്കി. മിക്കവാറും മുഴുലോകത്തെയും വഞ്ചി ക്കാൻ ഈ സിദ്ധാന്തം വഴി അവനു കഴിഞ്ഞിട്ടു്. തന്റെ മക്കൾ ഇപ്രകാര മുള്ള ഒരു ദുഷ്ടസിദ്ധാന്തത്തിന് അടിമകളായിരിപ്പാൻ ദൈവം ആഗ്രഹി ക്കുന്നില്ല. അതുകൊ് എല്ലാ ഉപദേശങ്ങളും പരിശോധനാവിഷയമാക്കാൻ അവൻ ആവശ്യപ്പെടുന്നു. അവ പരസ്പരവും വേദവിഭാഗങ്ങളോടും വേദസിദ്ധാന്തങ്ങളോടും ദൈവസ്വഭാവത്തോടും മറുവിലയോടും വസ്തുക്കളോടും ദൈവോദ്ദേശ്യങ്ങളോടും പൊരുത്തപ്പെടുന്ന നിലയിലാ യിരിക്കണം. ഇങ്ങനെ കൂലങ്കഷവും യുക്തിപൂർവ്വവുമായ പരിശോധന യിൽ മാറ്റു തെളിയിക്കുന്നവ മാത്രമേ നാം സ്വീകരിക്കാവൂ. - P'32, 112.

* * * * * *

**സമാന്തരവേദഭാഗങ്ങൾ : പുറ.23:7; സദൃ.28:5; യിരെ.29:8; മത്താ.24:4; യോഹ.5:39; 1കൊരി.2:15;14:29; ഫിലി.4:8; എബ്രാ.10:23,24; 2പത്രൊ.1:15-21; 1യോഹ.4:1-3; വെളി.2:2**

ചോദ്യങ്ങൾ :- വിശ്വാസസത്യമെന്ന നിലയിൽ ഉന്നയിക്കപ്പെട്ട വിഷയങ്ങളെ ഞാൻ സൂക്ഷ്മപഠനത്തിന് വിധേയമാക്കിയോ? എങ്ങനെ? എന്തുകൊ്? ഫലമെന്തായിരുന്നു?

# ആഗസ്റ്റ് 19

***സകലവിധ ദോഷവും വിട്ടകലുവിൻ - 1 തെസ്സ. 5 : 22***

നല്ലതോ ചീത്തയോ, വിധമേതായാലും സകല തിന്മയോടും എതിർത്തു നില്ക്കാനാണ് അപ്പൊസ്തൊലൻ ഉദ്ബോധിപ്പിക്കുന്നത്. തിന്മയെന്നു തോന്നിക്കാവുന്ന എല്ലാറ്റിൽനിന്നും വിട്ടുനിൽക്കുക എന്നതാണ് ഇത് ഉൾക്കൊളളുന്ന മറ്റൊരാശയം. അപ്പൊസ്തൊലന്റെ വാക്കുകൾക്കു മൂലത്തിൽ ജനിക്കാവുന്ന അർത്ഥത്തിൽ നിന്നു വ്യത്യസ്തമെങ്കിലും മഹത്തായ ഒരു തത്ത്വം ഇതിൽ അടങ്ങിയിരിക്കുന്നു. ഏതു വിധ ദോഷങ്ങളിൽ നിന്നും നാം നിശ്ചയമായും ഒഴിഞ്ഞിരിക്കണമെന്നു മാത്രമല്ല നല്ലതെന്നു നമുക്കു ബോധ്യമുള്ളതെങ്കിലും നമ്മുടെ സുഹൃത്തുക്കളോ അയൽക്കാരോ അവിഹിതമെന്നു തെറ്റായി ധരിച്ചിരിക്കാവുന്ന പ്രവൃത്തികൾപോലും നാം വർജ്ജിക്കണം. തിന്മയെ അതിന്റെ എല്ലാ പ്രകാരഭേദങ്ങളിലും മാത്രമല്ല തിന്മയെന്നു തോന്നലിനിടയാകുന്ന ഏതിനെയും നിരാകരിക്കണമെന്ന് സുബോധത്തിന്റെ ആത്മാവ് നമ്മെ ഉപദേശിക്കുന്നു. തന്മൂലം കർത്താവിനും സത്യത്തിനും വേിയുള്ള നമ്മുടെ സ്വാധീനം വർദ്ധിക്കാനിടയാകും - Z'03, 26 (R 3135)

* * * * * *

നീതിയെ സ്നേഹിക്കുകയും ദുഷ്ടതയെ ദ്വേഷിക്കുകയും ചെയ്യുന്നവർ എന്ന നിലയ്ക്ക് നിശ്ചയമായും ഏതു രൂപത്തിലുളള ദുഷ്ടതയിൽ നിന്നും, അത് എത്ര ലഘുവായിരുന്നാൽ പോലും നാം ഒഴിഞ്ഞു നിൽക്കണം. തിന്മയെന്നു തോന്നിക്കാവുന്നവയിൽനിന്നുപോലും അവ യഥാർത്ഥത്തിൽ നിർദ്ദോഷമായിരുന്നാൽ തന്നെയും നാം വിട്ടുനിൽക്കണം. ആദ്യത്തേത് ശരിയല്ലാത്തതിനാലും രാമത്തേത് തെറ്റല്ലെങ്കിലും ഒഴിവാക്കാത്തപക്ഷം അതിൽ നിന്നും നമുക്കും മറ്റുള്ളവർക്കും തെറ്റായ ഫലങ്ങൾ ഉളവാകുമെന്നതിനാലും രും വർജ്യമാണ്. കർത്താവിന്റെ കുഞ്ഞുങ്ങളിൽ ചിലർക്ക് ഇതു നന്മയ്ക്കുപകരിക്കാവുന്ന സ്വാധീനശക്തിക്കു തുരങ്കം വച്ചിട്ടു്. കൂടാതെ തെറ്റിപ്പോകുന്നവരും ബലഹീനരുമായവർക്ക് ഇത് ഇടർച്ചയ്ക്കു കാരണമായിട്ടുമു്. രും പാലിക്കുന്നുവെങ്കിൽ നാം ഭാഗ്യവാന്മാർ. - P'26, 109.

* * * * * *

**സമാന്തരവേദഭാഗങ്ങൾ:പുറ.23:7; 1കൊരി.6:18;8:1-13; എഫെ.4:25-32; 2കൊരി.8:20,21; 1തെസ്സ.4:3,12; ഫിലി.4:9; റോമ.14:1-23; 2തിമൊ.2:21-23**

ചോദ്യങ്ങൾ :- ഈ വേദവാക്യത്തോടനുബന്ധിച്ച് ഈ ആഴ്ച നേരിട്ട അനുഭവങ്ങൾ ഏതെല്ലാമായിരുന്നു? അവയെ എങ്ങനെ അഭിമുഖീകരിച്ചു? പരിണതഫലങ്ങൾ എന്തെല്ലാമായിരുന്നു?

# ആഗസ്റ്റ് 20

***നിങ്ങൾ അറിയാതെ പൂജിക്കുന്നവനെ തന്നേ ഞാൻ നിങ്ങളോട് അറിയിക്കുന്നു - അപ്പൊ. 17 : 23***

അപ്പൊസ്തൊലന്റെ സമീപനശൈലി അനുകരണാർഹമാണ്. വിവേകശാലികൾ പുതുമയിൽ വിശ്വസിക്കുന്നില്ല. മൂല്യവത്തായതേതും പൗരാണികമായിരിക്കും എന്നു വിശ്വസിക്കാനുള്ള ഒരു പ്രവണത അവർക്കു്. അപ്പൊസ്തൊലനെപ്പോലെ നാമും യഥാർത്ഥ സുവിശേഷം ഒരു നവീനവേദാന്തമല്ല, പഴയുള്ളതാണ് എന്നു കാണിക്കാൻ യത്നിക്കണം. പുതിയൊരു സുവിശേഷമല്ല, അബ്രാഹാമിനു മുന്നറിയിച്ചതും യേശുക്രിസ്തു തന്നെയും അപ്പൊസ്തൊലന്മാരും വിളംബരം ചെയ്തതുമായ പഴയ സുവിശേഷം തന്നെ എന്നു തെളിയിക്കാൻ ശ്രദ്ധിക്കണം. ഇക്കാലത്ത് "അന്ധകാരയുഗങ്ങളിൽ" ജന്മമെടുത്ത അബദ്ധോപദേശങ്ങൾ പ്രചാരത്തിലിരിക്കുന്നു എന്നു വ്യക്തമാക്കുന്നതോടൊപ്പം തത്തുല്യമായ മറ്റൊരു ദുരുപദേശത്തിന്റെ വക്താക്കളല്ല നാമെന്നും പ്രത്യുത അന്ധകാരയുഗത്തിലെ തെറ്റുകളോടു വിടവാങ്ങി, കർത്താവും അവനാൽ അധികാരപ്പെടുത്തപ്പെട്ട അവന്റെ പ്രതിപുരുഷന്മാരായ അപ്പൊസ്തൊലന്മാരും വിളംബരം ചെയ്ത പ്രകാരമുള്ള സുവിശേഷത്തിന്റെ ആദിമതത്ത്വങ്ങളിലേക്കും സിദ്ധാന്തങ്ങളിലേക്കും വിധികളിലേക്കും നാം മടങ്ങിപ്പോയിരിക്കുന്നു എന്നു തെളിയിക്കണം - Z'03, 29 (R 3138)

* * * * * *

ദൈവദാസന്മാരെ സംബന്ധിച്ച് നയം പോലെ ഏറെ ഫലപ്രദമായി മറ്റൊന്നുമില്ല. ഒരാൾക്കു വളരെ കഴിവുകൾ ഉായിരിക്കാം. എന്നാൽ നയജ്ഞനല്ലെങ്കിൽ നല്ല കാര്യങ്ങൾക്കുവേി സ്വാധീനം പ്രയോഗിപ്പാൻ അയാൾ ശക്തനാകയില്ല. നയരാഹിത്യത്തോടുകൂടി ബഹുമുഖമായ കഴിവുകളേക്കാൾ നയത്തോടുകൂടി കുറഞ്ഞ കഴിവുകളാണ് പലമടങ്ങു ഫലപ്രദം. വലിയതോതിൽ നയവും കഴിവുകളും കൂട്ടിയിണക്കുന്നതിൽ നല്ലൊരു ദൃഷ്ടാന്തമാണ് വിശുദ്ധ പൗലോസ്. അതുകൊ് ഏറ്റവും നന്നായി പ്രയോജനപ്പെടുവാൻ അവനു കഴിഞ്ഞു. അവൻ നയചാതുര്യത്തോടും പണ്ഡിതോചിതമായും അന്യേരോടു പെരുമാറി. കഴിവുകളുായിരുന്നെങ്കിലും നയജ്ഞനല്ലായിരുന്നെങ്കിൽ തന്റെ കൊലയാളികളാകുന്നതിന് അവരെ പ്രേരിപ്പിക്കാനല്ലാതെ അവരെ സ്വാധീനിക്കാൻ അവനു കഴിയുമായിരുന്നില്ല. അങ്ങനെ അന്നു നിലവിലിരുന്ന സാഹചര്യങ്ങളിൽ അവന്റെ മരണം അനുശാസിക്കുന്ന നിയമം അവരെക്കൊു നടപ്പാക്കിക്കുവാൻ അവന് ഇടയാകുമായിരുന്നു. അവനെപ്പോലെ നാമും ആവും വിധം നമ്മുടെ കഴിവുകളും അതിലുപരി നമ്മുടെ നയജ്ഞതയും സർവ്വോപരി രും ഇണക്കിച്ചേർത്ത് ഉപയോഗപ്പെടുത്തി ഉത്തമമായ ഫലങ്ങൾക്ക് ഉടമകളാകുക. - P'36, 95.

* * * * * *

**സമാന്തരവേദഭാഗങ്ങൾ : സദൃ.15:1;25:15; 1കൊരി.9:19-22; 2കൊരി.12:6; ന്യായ.8:1-3; 1ശമു.10:27;11:7,12-15;25:18-37; 2ശമു.3:28-37;20:16-22; 1രാജാ.3:24-28; അപ്പൊ.16:3; ഫിലി.1:10-22; അപ്പൊ.23:6-10;21:20-25**

ചോദ്യങ്ങൾ :- സത്യം അവതരിപ്പിക്കുന്നതിൽ ഈ ആഴ്ച ഞാൻ നയമുള്ളവൻ ആയിരുന്നോ? എന്തുകൊ്? സഹചര്യങ്ങൾ ഏവയായിരുന്നു? അനുകൂലമായതെന്ത്? പ്രതികൂലമായതെന്ത്? ഫലങ്ങൾ ഏവയായിരുന്നു?

# ആഗസ്റ്റ് 21

## *മുമ്പെ ദൈവത്തിന്റെ രാജ്യവും അവന്റെ നീതിയും അന്വേഷിപ്പിൻ - മത്താ. 6 : 33*

ആത്മീയവിഷയങ്ങൾക്കാണ് എപ്പോഴും മുൻഗണന നൽകേതെന്ന ഈ ചിന്തയ്ക്കു സദാ സ്ഥാനം നൽകുന്നത് കർത്താവിന്റെ ജനമായ ആത്മീയയിസ്രയേലിനെ സംബന്ധിച്ച് സർവ്വപ്രധാനമാണ്. ശാശ്വതമായ സൗഭാഗ്യത്തെയും ആത്മീയമായ വളർച്ചയെയും നേട്ടങ്ങളെയും - പിൻഗാമികളുടെ ഉത്തമതാത്പര്യങ്ങളെയും - മുൻനിറുത്തിയാവണം ഭൗമികകാര്യങ്ങൾ ക്രമപ്പെടുത്തുന്നതും നിയന്ത്രിക്കുന്നതും. തങ്ങളെത്തന്നെയും കുടുംബങ്ങളെയും പ്രതികൂലവും ഭക്തിവിരുദ്ധവുമായ സാഹചര്യങ്ങളിലേക്കു നയിക്കാവുന്ന ഏതൊരു നിർദ്ദേശത്തിനും വഴങ്ങാതിരിക്കുക മാത്രമല്ല അപ്രകാരമുള്ള ഒരു പ്രേരണയ്ക്കും ഒരു പ്രകാരത്തിലും വഴങ്ങുകയില്ലെന്നു ദൃഢപ്രതിജ്ഞയെടുക്കുകയും വേണം. മറിച്ച് ഈ ആയുസ്സിലെ സുഖസൗകര്യങ്ങൾ സാരമായൊരളവിൽ ഉപേക്ഷിച്ചുകൊായാലും കർത്താവിന്റെ ജനങ്ങളുമായിട്ടായിരിക്കണം നമ്മുടെ സമ്പർക്കം - Z'02, 350 (R 3110)

*    *    *    *    *    *

നമ്മുടെ കഴിവിന്റെ പരമാവധി പ്രയത്നിക്കുവാൻ അർഹമായ ഒരു അഭിലാഷമാണ് ഈ വാക്യം വഴി കർത്താവു നമ്മുടെ മുമ്പാകെ ഉന്നയിക്കുന്നത്. ക്രിസ്തുയേശു, യേശുവിനോടുകൂടെ ദൈവരാജ്യത്തിൽ നിത്യജീവൻ ഇവയേക്കാൾ വിലപ്പെട്ടതായി എന്തുള്ളൂ? എന്നാൽ ഈ പദവിയുടെ ഔന്നത്യം നമ്മെ ഭയപ്പെടുത്തേതില്ല. എന്തെന്നാൽ ദൈവം തന്നെയാണ് അതിനായി നമ്മെ ക്ഷണിച്ചിരിക്കുന്നത്. നമുക്കു വേ എല്ലാ സഹായങ്ങളും നൽകുന്നതിന് ആണയിട്ട് അവൻ പ്രതിജ്ഞാബദ്ധനായുമിരിക്കുന്നു. ലക്ഷ്യപ്രാപ്തി ഉറപ്പുവരുത്തുന്നതിന് യേശു നമുക്കുവേി മഹാപുരോഹിതനായിരിക്കയും ചെയ്യുന്നു. പരിശുദ്ധാത്മാവിൽ നമുക്കുള്ള പങ്കാളിത്തം അതിനുവേ എല്ലാ ശേഷികളും പ്രദാനം ചെയ്യുന്നുമുട്. നമ്മുടെ വിജയത്തിനാവശ്യമുള്ള ബാഹ്യവും ആഭ്യന്തരവുമായ എല്ലാ സഹായങ്ങളും ഈ മൂന്നു കാര്യങ്ങൾ മുഖേന നമുക്കു ലഭിക്കുന്നു. ഇവയിൽ കവിഞ്ഞതെല്ലാം ദോഷകരമാകും. ഇവയിൽ കുറഞ്ഞതാകട്ടെ പരാജയകാരണവും ആകും. - P'30, 109.

*    *    *    *    *    *

**സമാന്തരവേദഭാഗങ്ങൾ : 1രാജാ.3:13; മർക്കൊ.10:30; റോമ.8:32; 14:17,18; 2തിമൊ.4:8; റോമ.12:9-21; 1കൊരി.13; ഗലാ.5:22-25; എഫെ.4:1-7,12-16;5:1,2; കൊലൊ.3:10-25**

ചോദ്യങ്ങൾ :- സ്വാർത്ഥം, ലോകം, പാപം, അബദ്ധോപദേശം ഇവയിലോ സ്നേഹം, നീതി, ജ്ഞാനം, രാജ്യതത്പരത ഇവയിലോ ഏതിലായിരുന്നു ഈ ആഴ്ച ഏറെ പ്രിയം വച്ചത്? എന്റെ താത്പര്യാതിരേകം എങ്ങനെ പ്രകടമായി? അതെന്തു നേട്ടമുാക്കി?

# ആഗസ്റ്റ് 22

***ഞാൻ എന്റെ പിതാവിനുള്ളതിൽ ഇരിക്കേതാകുന്നു എന്നു നിങ്ങൾ അറിയുന്നില്ലയോ?- ലൂക്കൊ. 2 : 49***

നമ്മുടെ കർത്താവും ഗുരുവുമായവൻ ഈ വാക്യത്തിൽ പ്രകടിപ്പിക്കുന്ന പ്രകാരമുളള ആത്മാവ് നമുക്കെല്ലാം ഉായിരിക്കേതല്ലേ? കർത്താവിന്റെ യഥാർത്ഥ ദാസന്മാർക്ക് സ്വന്തമായ ഒരു സംരംഭവുമില്ല. എന്തെന്നാൽ സമർപ്പണത്തിൽ അവർ തങ്ങൾക്കുള്ളതെല്ലാം കർത്താവിന് അടിയറവച്ചു. അവർ കർത്താവിന്റെ കാര്യവിചാരകരെന്ന നിലയിലാണ് തങ്ങളുടെ കർമ്മമണ്ഡലത്തെ കാണുന്നത്. അതു ലാഭകരമായ നിലയിലെത്തിച്ച് തങ്ങളുടെ മരണത്തിൽ മക്കൾക്കോ സുഹൃത്തുക്കൾക്കോ മിക്കവാറും അവർക്കു വിനയാകുമാറ് കൈമാറാനുള്ളതല്ല. മരണം നേരിടുംവരെ കഴിവിന്റെ പരമാവധി ബുദ്ധിപൂർവ്വമായി അതു കൈകാര്യം ചെയ്യാൻ കാര്യവിചാരകൻ ചുമതലപ്പെട്ടിരിക്കുന്നു. കാരണം, മരണത്തോടുകൂടി അവന്റെ കാര്യവിചാരകത്വം അവസാനിക്കയും അവൻ തന്റെ കണക്കു സമർപ്പിക്കയും ചെയ്യണം. - Z'03, 53 (R 3148)

*  *  *  *  *  *

ഊനമില്ലാത്ത ബാലനായ യേശുവിനെ സംബന്ധിച്ച് കർത്തൃവിഷയകമായ കാര്യങ്ങളിൽ വ്യാപൃതനാകുക സ്വാഭാവികമായിരുന്നു. അതുകൊു തന്റെ നടത്തയുടെ ഔചിത്യം ജോസഫും മറിയയും മനസ്സിലാക്കാത്തത് വിചിത്രമായി അവനു തോന്നി. പ്രായമുള്ളവർക്കും ചെറുപ്പക്കാർക്കും ഒരുപോലെ പ്രയോജനകരമായ ഒരു ഗുണപാഠം ഇതിലു്. ദൈവിക വിഷയങ്ങളിൽ തത്പരരാകുന്നതിന്റെ ഔചിത്യം തന്നെ. സ്വമേധയാ ഈ നിലപാടു സ്വീകരിക്കുന്നവർ ഭാഗ്യവാന്മാരാണ്. അവർക്ക് ഏറ്റവും ഉറ്റവരും പ്രിയപ്പെട്ടവരും ആയവർപോലും അവരുടെ നടത്തയെ മനസ്സിലാക്കുന്നതിൽ പരാജയപ്പെടുകയും തങ്ങളോടു നീതിവിരുദ്ധമായി അഥവാ കുറഞ്ഞപക്ഷം നിർവിചാരികളായിട്ടാണ് പെരുമാറുന്നതെന്നു കണക്കാക്കുകയും ചെയ്യുന്നെങ്കിൽ ആശ്ചര്യപ്പെടരുത്. ഒരിക്കൽ അവർക്കു ശരിയായ ധാരണ ഉാകുമെന്നു വിചാരിച്ച് അവർ സമാധാനിക്കയും അതുവരെ മറ്റുള്ളവർ അധിക്ഷേപിക്കുമ്പോൾ കർത്താവിൽനിന്നുള്ള പുകഴ്ചയെക്കൊു തൃപ്തരാകയും ചെയ്യട്ടെ - P'35, 117.

*  *  *  *  *  *

**സമാന്തരവേദഭാഗങ്ങൾ : സങ്കീ.40:7-9; എബ്രാ.10:7,9; യോഹ.2:16,17; 4:31-34;7:14,15,46;9:4; മത്താ.7:28,29;10:37; യെശ.50:4; ലൂക്കൊ.4:22,32; യോശു.1:8; യെശ.8:20; യിരെ.8:9; ലൂക്കൊ.24:27; അപ്പൊ.17:11; സങ്കീ.1:1-3; 1പത്രൊ.1:10,11**

ചോദ്യങ്ങൾ :- ഈ ആഴ്ച ഞാൻ ദൈവത്തിന്റെ വചനം പഠിക്കയും അതു പ്രചരിപ്പിക്കയും ചെയ്തോ? എന്തുകൊ്? എങ്ങനെ? ഫലമെന്തായിരുന്നു?

# ആഗസ്റ്റ് 23

***വിശ്വാസം, പ്രത്യാശ, സ്നേഹം ഇവ മൂന്നും നിലനിൽക്കുന്നു; ഇവയിൽ വലുതോ സ്നേഹം തന്നെ - 1 കൊരി. 13 : 13***

സർവ്വാതിശായിയായ ശ്രേഷ്ഠതയെന്നപോലെ സ്നേഹത്തിനാണ് കാലത്തെ അതിജീവിക്കുന്ന നിലനിൽപ്പ്: എന്തെന്നാൽ എല്ലാം പൂർണ്ണമായ അളവിൽ കറിയുന്നതോടെ പ്രായോഗികമായി വിശ്വാസത്തിന് അറുതി വരികയല്ലേ? നമ്മുടെ പ്രതീക്ഷകളെല്ലാം സാക്ഷാത്ക്കരിക്കപ്പെടുകയും സ്വർഗ്ഗീയപിതാവിന്റെ വാഗ്ദാനങ്ങളുടെ നിറവിനെല്ലാം നാം ഉടമകളാകയും ചെയ്യുന്നതോടെ പ്രത്യാശയും പ്രായോഗികമായി അവസാനിക്കുന്നു. സ്നേഹമാകട്ടെ, അനാദി എന്നതുപോലെ അവിരാമവുമാണ്. ദൈവം സ്നേഹമാകുന്നു. അവന് ആരംഭമില്ലാത്തതുപോലെ സ്നേഹവും ആരംഭരഹിതമാണ്. എന്തെന്നാൽ ഇത് അവന്റെ സ്വഭാവമാണ്, ചിത്തവൃത്തിയാണ്. അവൻ നിത്യനായിരിക്കുന്ന പ്രകാരം സ്നേഹവും അനന്തമായിരിക്കുന്നു. - Z'03, 58 (R 3150)

* * * * * *

ഏറ്റവും വലിയ സദ്ഗുണങ്ങളിൽപ്പെട്ടവയാണ് വിശ്വാസം, പ്രത്യാശ, സ്നേഹം എന്നിവ. ജീവിതത്തിലെ പോരാട്ടങ്ങളിൽ ദൈവവാഗ്ദത്തങ്ങളിൽ ബലം കത്തൊൻ വിശ്വാസം സഹായിക്കുന്നു. ഈ പോരാട്ടങ്ങളിൽ കർത്താവിനനുവേി പ്രവർത്തിപ്പാനും ധീരത കാട്ടുവാനും പ്രത്യാശ നമ്മെ ശക്തരാക്കുന്നു. ഈ പോർക്കളത്തിലെ ഞെരുക്കങ്ങളിൽ ആഹ്ലാദം കത്തെുവാനും അതുവഴി അവയെ സുഗമമാക്കി അഭിമാനകരമായ വിജയം കൈവരിക്കാനും സ്നേഹം നമുക്കു ശക്തി പകരുന്നു. വിശ്വാസവും പ്രത്യാശയും സ്നേഹത്തിന്റെ തോഴിമാരാകുന്നു. സ്നേഹമാകട്ടെ, ദൈവത്തിനും ക്രിസ്തുവിനും അനുരൂപമായ സ്വഭാവമെന്ന മനോഹരഭവനത്തിലെ സൗഭാഗ്യവതിയും സൗന്ദര്യവതിയുമായ നായികയാണ്. എല്ലാ സദ്ഗുണങ്ങളിലും ഏറ്റവും ദൈവതുല്യവും ക്രിസ്താനുരൂപവുമായ സ്വഭാവവിശേഷം സ്നേഹമായതുകൊാണ് അത് ഇവ മൂന്നിലും വലുതായിരിക്കുന്നത്. - P'34, 110.

* * * * * *

**സമാന്തരവേദഭാഗങ്ങൾ : 2ശമു.22:31; സങ്കീ.9:9,10;32:10;34:8,22; സദൃ.3:5; യിരെ.17:7,8; മത്താ.21:21,22; മർക്കൊ.9:23; യോഹ.11:25-27; റോമ.3:19-5:2;9:31-33;10:4-10; ഗലാ.3; എഫെ.6:16; എബ്രാ.4:1-10,11; യാക്കോ.2; സങ്കീ.16:9,10;31:24;33:18;43:5;71:5,14;119:74,81,116,166; അപ്പൊ.23:6; 24:14,15;26:6,7; റോമ.5:2-5;8:24;12:12;15:4,13; 1കൊരി.15:19; എഫെ.1:18; കൊലൊ.1:5,23,27; 1തെസ്സ.1:3;5:8; തീത്തൊ.2:13; എബ്രാ.6:11,18,19; 1പത്രൊ.1:3,13,21; 1യോഹ.3:3; യോഹ.3:16;17:23,26; റോമ.5:8; യോഹ.10:11,15; 13:1,34;21:17; 1കൊരി.13**

ചോദ്യങ്ങൾ :- ഈ ആഴ്ച ഞാൻ വിശ്വാസത്തിലും പ്രത്യാശയിലും സ്നേഹത്തിലും നിലനിന്നുവോ? എപ്രകാരം? എന്തുകൊ്? ഏതു പരിതസ്ഥിതികളിൽ? ഫലമെന്തായിരുന്നു?

# ആഗസ്റ്റ് 24

***പരിശുദ്ധപിതാവേ, അവർ നമ്മെപ്പോലെ ഒന്നാകേതിന് നീ എനിക്കു തന്നിരിക്കുന്ന നിന്റെ നാമത്തിൽ അവരെ കാത്തുകൊള്ളേണമേ - യോഹ. 17 : 11***

സഭയുടെ നേർക്കുള്ള നമ്മുടെ കർത്താവിന്റെ മനോഭാവം ഭംഗിയായി പ്രകാശിപ്പിക്കുന്ന ഈ ക്രൈസ്തവ സൂക്തം നാം പരിശോധിക്കുമ്പോൾ സ്വർഗ്ഗീയകുടുംബത്തിലെ മഹത്തരമായ ഐക്യത്തിന്റെ ഒരു ഏകദേശദർശനം നമുക്കു ലഭിക്കുന്നു. ലക്ഷ്യത്തെയും പരസ്പരവിശ്വാസത്തെയും സഹാനുഭൂതിയെയും സ്നേഹാദരങ്ങളെയും ഇതരേതരമായ ഉടമസ്ഥതയെയും സംബന്ധിച്ച ഐക്യമാണിത്. താനും പിതാവുമായി ഈ ഐക്യം അപ്പോൾ തന്നെ നിലവിലുള്ളതായി കർത്താവു വ്യക്തമാക്കുന്നു. എന്നാൽ ശിഷ്യന്മാരെ സംബന്ധിച്ചിടത്തോളം അത് അപ്പോഴും ഇപ്പോഴും പ്രവൃത്തിപഥത്തിലായിട്ടില്ല. പ്രതീക്ഷയിലിരിക്കുന്നതേയുള്ളൂ. അതിന്റെ സമ്പൂർണ്ണസാക്ഷാൽക്കാരമാണ് നാം ഓടിയെത്തുവാൻ ലക്ഷ്യമാക്കേ മഹത്തായ പ്രാപ്യസ്ഥാനം - Z'03, 77 (R 3160)

* * * * * *

സ്വജനത്തിനുവേിയുള്ള കർത്താവിന്റെ പ്രാർത്ഥന ലാളിത്യം കൊു സുന്ദരവും വ്യാപ്തിയിൽ സർവ്വസ്പർശിയുമാണ്. പിതാവിന്റെ പരിശുദ്ധിയെ സബഹുമാനം അംഗീകരിച്ചുകൊ് അവന്റെ നിർണ്ണയവും, പ്രവർത്തനവും മഹത്തായ സ്വഭാവലക്ഷണങ്ങളും തന്റെ ശിഷ്യന്മാരുടെ മാർഗ്ഗദർശനത്തിനും നിയന്ത്രണത്തിനും ഗുണീകരണത്തിനും പ്രോത്സാഹനത്തിനും ഉപയുക്തമാകണമെന്ന് അവൻ അപേക്ഷിക്കുന്നു. ദൈവത്തിന്റെ ഏകപരിശുദ്ധാത്മാവിന്റെ പൂർണ്ണതയിലേക്ക് വളർച്ച പ്രാപിക്കുന്നതിനും പിതാവിനും പുത്രനും തമ്മിലുള്ള അതേ ഐക്യത്തിൽ എത്തുന്നതിനും വേിയാണിത്. ആളത്വത്തിലുള്ള ഏകത്വമല്ല അത്. അങ്ങനെയെങ്കിൽ ദൈവജനങ്ങളാകെ ഒറ്റ വ്യക്തി എന്ന അർത്ഥം അതിൽ അന്തർഭവിക്കുമല്ലോ. മാനസികവും ഹൃദയപരവും ഇച്ഛാസംബന്ധവുമായ ഐക്യമാണല്ലോ ഇവിടെ വിവക്ഷിതം. നാം ശ്രദ്ധാപൂർവ്വം ലക്ഷ്യമാക്കേ മഹത്തായ ഒരു കുടുംബൈക്യമാണിത്. - P'33, 111.

* * * * * *

**സമാന്തരവേദഭാഗങ്ങൾ : 1പത്രൊ.1:5; യൂദാ.1,24; യോഹ.6:39;17:2, 9,10,12-18,21-23;10:16; റോമ.12:5; 1കൊരി.1:10; ഗലാ.3:28; യോഹ.10:30,38; 14:9,11,20; 1യോഹ.1:3;3:24**

ചോദ്യങ്ങൾ :- ദൈവഭവനത്തിന്റെ ഐക്യത്തിൽ ഈ ആഴ്ച ഞാൻ കൂടുതൽ വളർച്ച പ്രാപിച്ചോ? എപ്രകാരം? അതിൽ സഹായകമായതെന്ത്? തടസ്സമായതെന്ത്? ഫലമെന്തായിരുന്നു?

## ആഗസ്റ്റ് 25

***അവൻ പ്രത്യക്ഷനാകുമ്പോൾ നാം അവനെ താൻ ഇരിക്കുംപോലെ തന്നേ കാണുന്നതാകകൊ് അവനോടു സദൃശന്മാർ ആകും എന്നു നാം അറിയുന്നു - 1 യോഹ. 3 : 2***

താമസംവിനാ പുനരുത്ഥാനം വഴിയുള്ള പ്രകൃതിമാറ്റം നമുക്ക് അനുഭവപ്പെടുമെന്നും, നമ്മുടെ വീടെുപ്പുകാരനോടു നാം തുല്യരാകുമെന്നും അവനെ തത്സ്വരൂപത്തിൽ നാം ദർശിക്കുമെന്നും പ്രത്യക്ഷതയുടെ നാളിലെ അവന്റെ മഹിമാതിശയത്തിന് അഥവാ രാജ്യത്തിൽ ദൈവപുത്രന്മാർക്കു കൈവരുന്ന തേജസ്കരണത്തിൽ നാം പങ്കാളികളാകുമെന്നും ഉള്ള പ്രത്യാശ നമുക്കു പ്രചോദനം നൽകട്ടെ. ഇതു നമുക്കു മനോവീര്യം പകരട്ടെ; നമ്മുടെ അധരങ്ങളെ തുറക്കട്ടെ; ഏതു കർത്തവ്യത്തിനും നമ്മെ സമർത്ഥരാക്കട്ടെ. ഏതവസരവും പ്രയോജനപ്പെടുത്താൻ നമ്മെ ശക്തരാക്കട്ടെ, അങ്ങനെ ഗുരുവിനെയും വിശ്വാസഭവനത്തെയും സേവിക്കാൻ ഇതു നമുക്കു പ്രേരകമാകട്ടെ. നൂറ്റാുകളായി ഈ പ്രത്യാശ ദൈവജനത്തിന് ഒരു നങ്കൂരമായിരുന്നെങ്കിൽ ദൈവരാജ്യത്തിലുള്ള അവന്റെ മഹത്ത്വപ്രത്യക്ഷതയെ കാത്തുകൊ് അവന്റെ സാന്നിധ്യകാലത്തു ജീവിക്കുന്ന നമ്മെ സംബന്ധിച്ച് ഇത് എത്രമാത്രം അങ്ങനെ തന്നെ ആയിരിക്കും - Z'03, 151 (R 3191)

* * * * * *

ക്രിസ്തു തന്നെത്തന്നെ ലോകത്തിന് വെളിപ്പെടുത്തുന്നതിനാണ് അവന്റെ പ്രത്യക്ഷത എന്നു പറയുന്നത്. മഹാപീഡനകാലത്തെ കഷ്ടാനുഭവങ്ങൾ വഴി ഇതു സംഭവിക്കും. അതുകൊ്, മഹോപദ്രവനാളുകൾ സമാപിക്കും മുമ്പുതന്നെ സഭ അവളുടെ നാഥനോടുകൂടി ചേരുമെന്നുള്ള ഉറപ്പ് നമുക്കു്. അവന്റെ പ്രത്യക്ഷത ജഡത്തിലല്ലാത്തതുപോലെ അവനോടൊരുമിച്ചുള്ള അവരുടെ പ്രത്യക്ഷതയും ജഡത്തിലായിരിക്കയില്ല. രാജ്യത്തിന്റെ പ്രതീക്ഷകളെ മുന്നിൽ കുകൊ് ഇപ്പോഴത്തെ പ്രതികൂല സാഹചര്യങ്ങളിലും നമുക്ക് സംതൃപ്തരായി കഴിയാം- P'32, 112.

* * * * * *

**സമാന്തരവേദഭാഗങ്ങൾ : സങ്കീ.16:11;17:15; മത്താ.5:8;8:11; 1കൊരി.13:12; റോമ.8:29; 1കൊരി.15:49; ഫിലി.3:21; കൊലൊ.3:4; 2പത്രൊ.1:4**

ചോദ്യങ്ങൾ :- ഈ പ്രത്യാശ ഈ ആഴ്ച എന്നെ എങ്ങനെ സ്വാധീനിച്ചു? പരിണതഫലങ്ങൾ ഏതെല്ലാമായിരുന്നു?

# ആഗസ്റ്റ് 26

***സ്നേഹം............ ദയ കാണിക്കുന്നു - 1 കൊരി. 13 : 4***

സൗന്ദര്യപരിചരണത്തിൽ പരിചിതരിൽ കാണപ്പെടുന്ന പാകപ്പിഴകൾ ചൂികാണിക്കുന്നതിലും കവിഞ്ഞ കടപ്പാട് തെരുവിൽ കുമുട്ടുന്ന ഏതൊരു കുറ്റവാളിയെയും അപലപിക്കുന്നതിൽ ദൈവജനങ്ങൾക്കില്ല. ക്രിസ്തീയ സ്വഭാവത്തിന്റെ ഒരു അവശ്യഭാഗമാണ് മര്യാദ. ലോകത്തെ സംബന്ധിച്ച് ഇതു വെറും പൊയ്മുഖമാണ്. ക്രൈസ്തവരിൽ ഇതു പ്രഹസനമല്ല, സ്നേഹത്തിന്റെ ആത്മാവിന് അനുഗുണമായി രൂപപ്പെടുത്തിയ യഥാർത്ഥ മനോഭാവമാണിത്. സ്നേഹം ശാന്തതയിലേക്കും സഹിഷ്ണുതയിലേക്കും കനിവിലേക്കും നയിക്കുന്നു. സ്നേഹം അനുസരണക്കേടിലും നിഷ്ക്കരുണമായ വാക്കുകൾ പറയാൻ വിസമ്മതിക്കും. കർത്തവ്യത്തിന്റെ പരിധിയിൽനിന്നുകൊ് ആകാവുന്നിടത്തോളം അത് ഒഴിവാക്കുകയും ചെയ്യും - Z'03, 153 (R 3194)

* * * * * *

ഇവിടെ സ്നേഹം എന്നു പരിഭാഷപ്പെടുത്തിയിരിക്കുന്ന മൂലപദത്തിന്റെ അർത്ഥം ഫലേച്ഛ കൂടാതെയുള്ള സന്മനസ്സ് എന്നാണ്. ഇത് കർത്തവ്യമായ സന്മനസ്സിൽ നിന്നു വ്യത്യസ്തമാണ്. കടപ്പാടിന്റെ പേരിലല്ലാതെ, നന്മയുടെ പ്രമാണങ്ങളിലുള്ള പ്രമോദം കൊു മാത്രം അഭിനന്ദനത്തിലും അനുകമ്പയിലും ത്യാഗാനുഷ്ഠാനത്തിലും ആനന്ദം കത്തെുന്ന സന്മനസ്സാണത്. തത്ത്വത്തിലും സ്വഭാവത്തിലുമുള്ള നന്മയെ അഭിനന്ദിക്കുന്ന പ്രവണതമൂലം അതു തത്ത്വത്തിലും സ്വഭാവത്തിലുമുള്ള നന്മയെ പ്രോത്സാഹിപ്പിക്കുന്നതിൽ സന്തോഷിക്കുന്നു. നന്മ നിമിത്തം ഉപദ്രവിക്കപ്പെടുകയോ നന്മയിൽനിന്നു വ്യതിചലിച്ചു നിൽക്കുകയോ ചെയ്യുന്നവരോടു സഹതപിച്ചുകൊ് ആ അവസ്ഥയിൽ നിന്നും കരകയറാൻ അവരെ സഹായിക്കുന്നതിൽ ആഹ്ലാദം കത്തെുന്നു. അതുകൊ് മറ്റുള്ളവരുടെ അനുഗ്രഹത്തിനുള്ള വഴികൾ ആലോചിക്കുകയും കാരുണ്യപ്രവർത്തനങ്ങളിൽ വ്യാപരിക്കുകയും ചെയ്യുന്നതിൽ അതു സദാ ജാഗരൂകമായിരിക്കും. മറ്റുള്ളവർക്കു നന്മ ചെയ്യുന്നതിൽ ജീവത്യാഗത്തിനുപോലും മടിക്കാതെ ഈ മാർഗ്ഗത്തിൽ അത് ഉറച്ചുനിൽക്കുന്നു - P'26, 84.

* * * * * *

**സമാന്തരവേദഭാഗങ്ങൾ : സദൃ.10:12;17:19;19:22; 1പത്രൊ.4:8; മത്താ.5:44,45, 48;25:34,36,40,45; ലൂക്കൊ.6:35; റോമ.12:10; ഗലാ.5:6,22,23; എഫെ.4:32; കൊലൊ.3:12-14; 1തെസ്സ.4:9; 2തെസ്സ.1:3; 1തിമൊ.1:5; 1പത്രൊ.3:8; 2പത്രൊ.1:7; 1യോഹ.3:16,17**

ചോദ്യങ്ങൾ :- ഞാൻ ഈ ആഴ്ച ദയാലു ആയിരുന്നുവോ? സാഹചര്യങ്ങൾ, വിധങ്ങൾ, ലക്ഷ്യങ്ങൾ, ഫലങ്ങൾ ഏവയെല്ലാമായിരുന്നു?

# ആഗസ്റ്റ് 27

***ഇനിമേൽ ഞങ്ങൾ ആരെയും ജഡപ്രകാരം അറിയുന്നില്ല - 2 കൊരി. 5 : 16***

നമ്മിൽത്തന്നെയോ മറ്റു ക്രൈസ്തവ ശിഷ്യന്മാരിലോ കാണപ്പെടുന്ന ജഡപ്രകാരമുള്ള ന്യൂനതകളെ ഗണ്യമാക്കേതില്ല എന്നല്ല അപ്പൊസ്തൊലൻ വിവക്ഷിക്കുന്നത്. ജഡപ്രകാരമുള്ള എല്ലാ ദൗർബല്യങ്ങളോടും നാം അടരാടണം. പുതിയ മനസ്സിന്റെയും ഇച്ഛയുടെയും ഹൃദയത്തിന്റെയും ഭദ്രതയ്ക്കുവേി അവയ്ക്കെതിരെ കൂടെക്കൂടെ കടുത്ത നടപടി വേിവരികയും ചെയ്യും. എന്നാലും നാം ഇതിനെയും ബലഹീനമായ നമ്മുടെ മർത്യശരീരത്തെയും തമ്മിൽ വകതിരിച്ചറിയണം. നമ്മുടെ സഹോദരനോ സഹോദരിയോ ആകട്ടെ, അവരുടെയും സഭയുടെയും പ്രയോജനം കണക്കിലെടുത്തു ശാസിക്കുകയോ തിരുത്തുകയോ, ചെയ്യേിവരുമ്പോഴും അവരോടു സ്നേഹവും സഹതാപവും ഉായിരിക്കണം. ഈ ഇരുവിഭാഗത്തെയും നാം വേർതിരിച്ചു കാണേതെങ്ങനെയെന്ന് അപ്പൊസ്തൊലൻ നിർവചിക്കുന്നത് : വീും ജനിക്കാത്തവർ ജഡത്തിനുള്ളതും വീും ജനനം പ്രാപിച്ചവർ ആത്മാവിനുള്ളതും ചിന്തിക്കുന്നുവെന്നാണ്. - Z'03, 170 (R 3200)

*　*　*　*　*　*

മാനുഷികമായ പശ്ചാത്തലത്തിൽനിന്നുകൊു മറ്റുള്ളവരെ വീക്ഷിക്കയും അഭിനന്ദിക്കയും ചെയ്യുന്നതാണ് അവരെ ജഡപ്രകാരം അറിയുക എന്നതുകൊ ് വിവക്ഷിക്കുന്നത്. സൗന്ദര്യം, ലിംഗം, സമ്പത്ത്, സ്ഥാനം, ശക്തി, കീർത്തി, സൗഹൃദബന്ധം മുതലായ ഏതെങ്കിലും മാനുഷികമായ ഒന്നിന്റെ പേരിൽ മറ്റുള്ളവരെ ആദരിക്കയും അവരോടു വർത്തിക്കയും ചെയ്യുമ്പോൾ അവരെ ജഡപ്രകാരം അറിയുകയാണ് ചെയ്യുന്നത്. ഇവയും ഇപ്രകാരമുള്ള മറ്റു ഗുണവിശേഷങ്ങളും പരിഗണിച്ച് അവയുടെ അഭാവത്തിൽ ഉാകാനിടയില്ലാത്ത ഒരു പ്രീതി ചിലരുടെ നേർക്കു നമുക്കുാകുമെങ്കിൽ അവരെ ജഡപ്രകാരമാണ് നാം അറിയുന്നത്. നാം മറ്റുള്ളവരെ വിലമതിക്കേത് കർത്താവിനോടും അവന്റെ സത്യത്തോടും അവർക്കുള്ള ബന്ധത്തിന്റെ അടിസ്ഥാനത്തിലായിരിക്കണം. അവർ പ്രാപിച്ചിട്ടുള്ള ക്രിസ്തുവിൻ സാദൃശ്യത്തിന്റെ ഏറ്റക്കുറവനുസരിച്ചായിരിക്കണം അവരെക്കുറിച്ചുള്ള നമ്മുടെ മതിപ്പിന്റെ ഏറ്റക്കുറവുകളും. അങ്ങനെയെങ്കിൽ നാം അവരെ ആത്മപ്രകാരം അറിയുകയാണ് - P'36, 95.

*　*　*　*　*　*

**സമാന്തരവേദഭാഗങ്ങൾ:ആവ.33:9; 1ശമു.2:29; 1തിമൊ.5:21; 2കൊരി.11:22; 1കൊരി.9:3-5;ഗലാ.2:11-14;മത്താ.10:37;12:48-50; യോഹ.2:4;6:63;15:14; ഗലാ.2:5,6;5:6**

ചോദ്യങ്ങൾ :- ഈ വേദവാക്യത്തോടനുബന്ധിച്ച് ഈ ആഴ്ചയിലെ അനുഭവങ്ങൾ എന്തായിരുന്നു? അവയെ എങ്ങനെ അഭിമുഖീകരിച്ചു? അതിനു സഹായകമോ പ്രതിബന്ധമോ ആയി വർത്തിച്ചതെന്ത്? ഫലമെന്തായിരുന്നു?

# ആഗസ്റ്റ് 28

***വചനം പ്രസംഗിക്ക; സമയത്തിലും അസമയത്തിലും ഒരുങ്ങി നിൽക്ക - 2 തിമൊ. 4 : 2***

മറ്റുള്ളവരുടെ അസൗകര്യം പരിഗണിക്കാതെയും അനവസരത്തിലും അവരോടു സുവിശേഷം അറിയിക്കുകവഴി നാം ഔചിത്യബോധത്തെയും സമീപനത്തിൽ പാലിക്കേ അന്തസ്സിനെയും ലംഘിക്കണമെന്നല്ല ഇതിനർത്ഥം. മറിച്ച് നമ്മെ സംബന്ധിച്ച് എത്രമാത്രം അസൗകര്യജനകമെങ്കിലും ലഭിക്കുന്ന ഏതവസരവും പ്രയോജനപ്പെടുത്തുമാറ് സത്യത്തെ നാം അത്രമാത്രം സ്നേഹിക്കുകയും സത്യത്തിനുവേിയുള്ള സേവനത്തിനു ദാഹിക്കുകയും ചെയ്യണമെന്നാണർത്ഥം. ഇതു നമ്മുടെ ജീവിതത്തിലെ മുഖ്യദൗത്യമാണ്. ജീവൻപോലും അതിനു വിധേയമാണ്. അതുകൊ് ശുശ്രൂഷയ്ക്കുള്ള ഒരവസരവും ഒഴിവാക്കരുത് - Z'03, 189 (R 3210)

*                    *                    *                    *                    *                    *

വേദപുസ്തകത്തിൽ ദൈവം വെളിപ്പെടുത്തിയിരിക്കുന്ന ആശയങ്ങളാണ് ദൈവവചനം. ഉപദേശങ്ങൾ, ചട്ടങ്ങൾ, വാഗ്ദത്തങ്ങൾ, പ്രബോധനങ്ങൾ, പ്രവചനങ്ങൾ, ചരിത്രങ്ങൾ, പ്രതിരൂപങ്ങൾ എന്നിവ ഈ ആശയങ്ങളിൽ അടങ്ങിയിരിക്കുന്നു. ഇവ മറ്റുള്ളവർക്ക് അറിയിച്ചുകൊടുക്കുന്നതാണ് പ്രസംഗം. പ്രസിദ്ധീകരണങ്ങളും ലഘുലേഖകളും പ്രചരിപ്പിക്കുകവഴി നമുക്കു മാതൃഭാഷയിലും ഇതരഭാഷകളിലും ഇതു ചെയ്യാം. ഈ രു പ്രകാരത്തിലും പ്രസംഗം നിർവ്വഹിക്കുന്നതിനു മറ്റുള്ളവരെ  സഹായിക്കുകവഴിയും ഇതു ചെയ്യാം. സമയത്തും അസമയത്തും ഇങ്ങനെ ചെയ്യണം. നമ്മെ സംബന്ധിച്ചു സമയമോ അസമയമോ ആകട്ടെ, മറ്റുള്ളവർക്കു സമയമെങ്കിൽ നമ്മുടെ അസൗകര്യം വകവയ്ക്കേതില്ല. എങ്കിൽ മാത്രമേ കർത്താവിന്റെ വേലയ്ക്കുവേി നാം മരണപര്യന്തജീവാർപ്പണം ചെയ്യുന്നുള്ളൂ. നാം നമ്മുടെ തന്നെ സമയസൗകര്യം കണക്കിലെടുക്കുന്നപക്ഷം ബലി ചെയ്യപ്പെടാൻ കഴിയാതെ വരും. - P'30,110.

*                    *                    *                    *                    *                    *

**സമാന്തരവേദഭാഗങ്ങൾ : സങ്കീ.40:8;96:2,3; സഭാ.11:6; യെശ.6:8; 61:1-3; യിരെ.20:9; മത്താ.5:14-16; ലൂക്കൊ.24:47-49; യോഹ.18:37; അപ്പൊ.1:8;8:4-6,31,32,35;10:42; റോമ.10:14-18;12:6-8; എഫെ.4:15; 1തെസ്സ.1:8; 1തിമൊ.2:6,7;4:13**

ചോദ്യങ്ങൾ :- ഈ ആഴ്ച ഞാൻ വചനഘോഷണം നിർവ്വഹിച്ചുവോ? അതു ഞാൻ നിർവ്വഹിച്ചത് സമയത്തോ അസമയത്തോ? പരാജയപ്പെട്ടുവെങ്കിൽ പരാജയകാരണം എന്തായിരുന്നു? വിജയത്തിനുവേി എന്തു സംരംഭം നടത്തി? അത് എന്നിലും മറ്റുള്ളവരിലും എന്തു ഫലമുളവാക്കി? ഈ വാക്യത്തോടനുബന്ധിച്ച് ഈ ആഴ്ചയിലുായ അനുഭവങ്ങളിൽ നിന്നും എനിക്ക് എന്തു പാഠമാണ് പഠിക്കുവാൻ കഴിഞ്ഞത്?

# ആഗസ്റ്റ് 29

***നിങ്ങൾ യാചിക്കുന്നുവെങ്കിലും വല്ലാതെ യാചിക്കകൊ് ഒന്നും കിട്ടുന്നില്ല - യാക്കോ. 4 : 3***

നമ്മുടെ അദ്ധ്വാനവും പ്രത്യാശയും നേർവഴിക്കായിരിക്കേതുപോലെ വേും വണ്ണം പ്രാർത്ഥിക്കാനും നമുക്കു പഠിക്കാം. അങ്ങനെ ചെയ്യേതിന് നാം കേൾപ്പാൻ വേഗവും പറയാൻ സാവധാനതയുമുള്ളവരായിരിക്കണം. കർത്താവിന്റെ വചനത്തിനും ഇപ്പോൾ തന്നെ അവൻ നമുക്ക് ഉപദേശിച്ചുതന്നിട്ടുള്ള പാഠങ്ങൾക്കും നമ്മെ പ്രബോധിപ്പിക്കുകയും വഴികാട്ടുകയും അനുഗ്രഹിക്കുകയും ചെയ്യുന്ന വിധങ്ങൾക്കും ചെവികൊടുക്കുന്നതിൽ ഒട്ടും മാന്ദ്യം പാടില്ല. നമ്മുടെ ഇഷ്ടാനിഷ്ടങ്ങൾ അവനെ അറിയിക്കുന്നതിൽ തിടുക്കം കൂട്ടരുത്. സ്വാഭീഷ്ടം അവഗണിക്കുവാൻ പ്രേരിപ്പിക്കുന്ന നിലയിലുള്ള ക്രിസ്തീയ സ്വഭാവപക്വതയിലെത്താൻ നമുക്കു ശ്രമിക്കാം. നമ്മുടെ ഹിതമല്ല, സ്വർഗ്ഗസ്ഥനായ പിതാവിന്റെ ഹിതവും വഴിയും തേടുന്നതിന് അതു നമുക്കു പ്രേരകമാകും.

- Z'03, 204 (R 3216)

* * * * * *

തിരുവെഴുത്തുകളിലെ വ്യവസ്ഥകൾക്കനുസരണമായി അർപ്പിക്കപ്പെടുന്ന പ്രാർത്ഥനകൾക്ക് വളരെ വൈകിയാണെങ്കിൽപോലും മറുപടി ലഭിക്കാതെ വരികയില്ല. നാം ക്രിസ്തുവിലും അവന്റെ വചനം നമ്മിലും വസിക്കുക എന്നതാണ് വ്യവസ്ഥ. പല പ്രാർത്ഥനകളും ഈ വ്യവസ്ഥകളെ മാനിക്കാതെയാണ് അർപ്പിക്കുന്നത്. അങ്ങനെയുള്ള പ്രാർത്ഥനയാണ് വല്ലാത്ത യാചന, അതുകൊ് അവയ്ക്ക് ഉത്തരം ലഭിക്കുന്നില്ല. അപ്രകാരമുള്ള പ്രാർത്ഥനകൾക്ക് മറുപടി നൽകുക എന്നത് ദിവ്യഹിതത്തിനു നിരക്കുന്നതല്ല. അവയ്ക്കു മറുപടി ലഭിക്കുന്നത് അർത്ഥിയുടെ യഥാർത്ഥ താത്പര്യത്തിനു തന്നെ അനുഗുണവുമല്ല. നാം കർത്താവിനോട് എന്തെങ്കിലും യാചിക്കുംമുമ്പേ അതു നമ്മുടെ സമർപ്പണത്തിനും നമ്മുടെ ആഗ്രഹങ്ങളുടെയും ജീവിതചര്യകളുടെയും മേൽ വചനത്തിനുായിരിക്കേ നിയന്ത്രണത്തിനും ചേർന്നതാണോ എന്നും നാം പര്യാലോചിക്കണം - P'35, 117

* * * * * *

**സമാന്തരവേദഭാഗങ്ങൾ:സങ്കീ.27:8;66:18;84:11; സദൃ1:28-30;8:17; യെശ.59:2; എബ്രാ.4:16;11:6; യോഹ.14:13,14;15:7;16:23,24; യാക്കൊ.1:5,6;5:16,18; ഉല്പ.32:26; 1യോഹ.5:14,15; ലൂക്കൊ.18:1; യിരെ.11:11;14:12;15:1;29:13; യെഹെ.8:18; മീഖാ.3:4; റോമ.8:26,27; മത്താ.7:7-11**

ചോദ്യങ്ങൾ :- ഈ ആഴ്ചയിലെ എന്റെ പ്രാർത്ഥന വേുംവണ്ണമുള്ളതായിരുന്നോ? അഥവാ വല്ലാത്ത യാചന ആയിരുന്നോ? എന്തുകൊ്? ഫലമെന്തായിരുന്നു?

# ആഗസ്റ്റ് 30

***മനുഷ്യർ നിങ്ങളുടെ നല്ല പ്രവൃത്തികളെ ക് സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിനെ മഹത്ത്വപ്പെടുത്തേതിന് നിങ്ങളുടെ വെളിച്ചം അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ - മത്താ. 5 : 16***

യഹോവയുടെ അഭിഷിക്തനു സമശീർഷരായി മറ്റാരുമില്ലെന്നതും അവൻ "സർവ്വാംഗസുന്ദരനും പതിനായിരങ്ങളിൽ അതിശ്രേഷ്ഠനുമാണെന്നതും" മാത്രമല്ല, അവൻ മുഴുലോകത്തിന്റെയും രാജാവായി അവരോധിക്കപ്പെടുംമുമ്പ് ഈ ആയുസ്സിൽ ക്രിസ്തുശരീരത്തിന്റെ അവയവങ്ങളോട് ഉറ്റസമ്പർക്കം പുലർത്തുവാൻ ഇടവരുന്നവർ, മാനുഷിക കാര്യങ്ങളിൽ അധികാരികളായിരിക്കുക എന്ന മഹനീയ പദവിക്കു തെരഞ്ഞെടുക്കപ്പെട്ട അവരുടെ സ്വഭാവമഹത്ത്വം കറിയണം എന്നതും ഒരു യാഥാർത്ഥ്യമാണ്. അവർ ക്രിസ്തുവിനോടുകൂടെ ആയിരുന്നവർ എന്ന് അവരറിയണം. അവരുടെ ഹൃദയവിശാലത അവർക്കു തെളിവാകണം. അവരുടെ ഉയർന്ന സാന്മാർഗ്ഗിക നിലവാരം ബോധ്യപ്പെടണം. അവരിലുള്ള സുബോധത്തിന്റെ ആത്മാവിനു സാക്ഷികളാകയും വേണം - Z'03, 206 (R 3218)

* * * * * *

സത്യവും അതിന്റെ ഫലമായ ആത്മാവും പ്രവർത്തനങ്ങളുമാണ് നമ്മുടെ വെളിച്ചം. ചട്ടങ്ങളും വിധികളും ഉപദേശിച്ചുകൊും പ്രമാണിച്ചുകൊും ഇവ മറ്റുള്ളവരുടെ ശ്രദ്ധയ്ക്കു വിഷയമാക്കുക വഴിയാണ് ഈ വെളിച്ചം അവരുടെ മുമ്പിൽ പ്രകാശിക്കുന്നത്. ഇതിന്റെ പിന്നിലുള്ള ലക്ഷ്യം മറ്റുള്ളവരുടെ ദൃഷ്ടിയിൽ നമ്മുടെ മഹത്ത്വം വെളിപ്പെടുത്തുക എന്നതല്ല, മറിച്ച് നമ്മുടെ എല്ലാ നന്മകൾക്കും കാരണഭൂതനായ കർത്താവിന്റെ മഹത്ത്വം ലോകത്തിനു വെളിപ്പെടുത്തുക എന്നതാണ്. സ്വയം മറഞ്ഞു നിൽക്കാൻ നാം വളരെ ശ്രദ്ധിക്കണം. നമ്മുടെ ഉപദേശങ്ങളും ആത്മാവും പ്രവർത്തനങ്ങളും വഴി കർത്താവിന്റെ തേജസ്സ് മറ്റുള്ളവരുടെ മുമ്പിലും അവരുടെമേലും പ്രകാശിക്കാൻ നാം അതിലേറെ ശ്രദ്ധാപൂർവ്വം യത്നിക്കണം. ഇങ്ങനെ നമ്മുടെ വിളിയുടെ ഉദ്ദേശ്യം നാം സഫലമാക്കണം - P'34, 110.

* * * * * *

**സമാന്തരവേദഭാഗങ്ങൾ : സദൃ.4:18,19; യെശ.58:8-10;60:1-3; റോമ.13:11-14; എഫെ.5:8; 1തെസ്സ.2:12;5:5-8; 1യോഹ.1:5-7; 1പത്രൊ.2:12; യോഹ.15:8; 1കൊരി.14:25**

ചോദ്യങ്ങൾ :- ഈ വേദവാക്യത്തോടനുബന്ധിച്ച് ഈ ആഴ്ചയിലെ അനുഭവങ്ങൾ എന്തായിരുന്നു? അവയെ എങ്ങനെ അഭിമുഖീകരിച്ചു? അവ എന്തു ഫലമുളവാക്കി?

## ആഗസ്റ്റ് 31

***"ഞങ്ങൾ സേവിക്കുന്ന ദൈവം എരിയുന്ന തീച്ചൂളയിൽനിന്നും രാജാവിന്റെ കയ്യിൽനിന്നും വേണമെങ്കിൽ ഞങ്ങളെ വിടുവിപ്പാൻ ശക്തനാണ്. അല്ലെങ്കിലും ഞങ്ങൾ രാജാവിന്റെ ദേവന്മാരെ സേവിക്കയില്ല, രാജാവു നിർത്തിയ സ്വർണ്ണബിംബത്തെ നമസ്കരിക്കയുമില്ല എന്ന് അറിഞ്ഞാലും" എന്ന് ഉത്തരം പറഞ്ഞു - ദാനി. 3 : 17, 18***

"ഞങ്ങൾ സേവിക്കുന്ന ഞങ്ങളുടെ ദൈവം" എന്ന് നെബൂഖദ്നേസർക്ക് എബ്രായ യുവാക്കൾ നൽകുന്ന ഉത്തരം ശ്രദ്ധേയമാണ്. അവർ ദൈവത്തെ ഏറ്റുപറയുകയും ആരാധിക്കുകയും മാത്രമല്ല ചെയ്തത്, അവസരം കിട്ടുമ്പോലെ അവനെ സേവിക്കുകയും ചെയ്തു. ആ മൂന്ന് എബ്രായരെപ്പോലെ നമ്മുടെ ദൈവമായ യഹോവയെ മാത്രമേ സേവിച്ചാരാധിക്കൂ എന്നും, ഏതെങ്കിലും രൂപത്തിലുള്ള കക്ഷിത്വത്തെയോ, വശീകരിക്കപ്പെട്ടും പ്രതിഫലംമോഹിച്ചും മാമോനെയോ കീർത്തി, സുഹൃത്തുക്കൾ, സ്വയം എന്നിവയെയോ സേവിച്ചാരാധിക്കുകയില്ലെന്നും നമുക്കു ദൃഢനിശ്ചയം ചെയ്യാം. "ആത്മാവിലും സത്യത്തിലും" തന്നെ ആരാധിക്കുന്നവരെയാണ് ദൈവം അന്വേഷിക്കുന്നത് എന്നത്രേ നമ്മുടെ കർത്താവും ശിരസ്സുമായവൻ അരുളിച്ചെയ്തിരിക്കുന്നത് - Z'99, 172 (R 2494)

* * * * * *

തെറ്റിലേക്കു പ്രേരിപ്പിക്കുന്നതിനോ ശരി ചെയ്യുന്നതിൽ നിന്നു തടയുന്നതിനോ ദൈവദാസന്മാർക്കെതിരെ ഭീഷണി പ്രയോഗിക്കുമ്പോൾ അവർ സത്പ്രവൃത്തികളിൽ ഉറച്ചുനിൽക്കുക എന്നതു തങ്ങളുടെ കടമയാണെന്ന് ഓർക്കുകയും വിപത്തിൽനിന്നുള്ള വിടുതലോ വിടുതലില്ലായ്മയോ കർത്തൃഹിതത്തിന് വിടുകയും ചെയ്യേതാണ്. അവനിഷ്ടമെങ്കിൽ തങ്ങളെ വിടുവിക്കാൻ അവൻ ശക്തനാണെന്നുള്ള വിശ്വാസത്തിന്റെ പൂർണ്ണനിശ്ചയം അവർക്കുായിരിക്കട്ടെ. ആത്യന്തികമായി മരണത്തിന് സമർപ്പിക്കപ്പെട്ടിരിക്കുന്ന മനുഷ്യത്വത്തെ അവൻ വിടുവിച്ചില്ലെങ്കിലും വിശ്വസ്തരായിരിക്കുന്ന പക്ഷം പ്രതിരൂപത്തിൽ ആ മൂന്ന് എബ്രായ യുവാക്കളെന്നവണ്ണം അവരുടെ പുതിയ ഹൃദയത്തിനും മനസ്സിനും ഇച്ഛയ്ക്കും ഹാനിതട്ടാതെ അഗ്നിച്ചൂളമൂലം, ലോകത്തോട് അവരെ ബന്ധിക്കുന്ന പാശങ്ങളിൽ നിന്നും അവർ വിമോചിതരാകും - P'33, 111.

* * * * * *

**സമാന്തരവേദഭാഗങ്ങൾ : ഉല്പ.32:11;50:20; സംഖ്യാ. 20:16; ആവ.23:4,5; 2രാജാ.19:16,19; 1ദിന.5:20; 2ദിന.14:11; എസ്ഥേർ 7:10; സങ്കീ.31:1-4,9,14-17;50:15;105:14,15;146:8,9; സദൃ.16:7,9; റോമ.8:28; ഫിലി.1:12**

ചോദ്യങ്ങൾ :- ഈ ആഴ്ച ഞാൻ എന്റെ കഷ്ടതയിൽ യഹോവയിൽ ആശ്രയിച്ചോ? എങ്ങനെ? എന്തുകൊ്? ഫലമെന്തായിരുന്നു?

# സെപ്റ്റംബർ 1

***കർത്താവ് അവനോട് : നീ പോക; അവൻ എന്റെ നാമം ജാതികൾക്കും രാജാക്കന്മാർക്കും യിസ്രായേൽമക്കൾക്കും മുമ്പാകെ വഹിപ്പാൻ ഞാൻ തിരഞ്ഞെടുത്തിരിക്കുന്നൊരു പാത്രം ആകുന്നു - അപ്പൊ. 9 : 15***

വിശിഷ്ടപാത്രമായി പിതാവ് തിരഞ്ഞെടുത്തവൻ എന്ന നിലയിലാണ് നാം യേശുവിനോട് ഏകീഭവിക്കുന്നത്. പിതാവിന്റെ സ്വഭാവം അവനിൽ പ്രകടമാകുന്നതുകൊാണ് സകലവും വിട്ടു നാം അവന്റെ അനുയായികളാകുന്നത്. ദിവ്യനിർണ്ണയവും സേവനവും സംബന്ധിച്ചു നാം ആർക്കെങ്കിലും നമ്മുടെ പിന്തുണയും സഹായവും നൽകുന്നുവെങ്കിൽ അതു വ്യക്തിഗതമായ ആകർഷകത്വത്തിന്റെയോ പക്ഷപാതത്തിന്റെയോ പേരിലല്ല, ഇതിന്റെ അടിസ്ഥാനത്തിൽ മാത്രമായിരിക്കണം. അതിന്റെ പിന്നിലുള്ള കർത്തൃനിയോഗത്തെ സംബന്ധിച്ച് അവൻ നമ്മിൽ ജനിപ്പിക്കുന്ന ഹൃദയബോധ്യം നിമിത്തമാകണം ഇത് - Z'03, 206 (R 3218)

* * * * * *

ഇവിടെ ഉപയോഗിച്ചിരിക്കുന്ന ചിത്രം വളരെ അർത്ഥവത്താണ്. മറ്റൊരാൾക്ക് ഏതെങ്കിലും ഇഷ്ടവസ്തു എത്തിച്ചുകൊടുക്കാൻ ഒരുവനു പാത്രം ഉപകരിക്കുന്നതുപോലെ ദൈവാനുഗ്രഹങ്ങൾ മറ്റുള്ളവർക്കു പകർന്നു നൽകാൻ കർത്തൃദാസന്മാർ മുഖാന്തരമായിത്തീരുന്നു. അതിവിശിഷ്ട വസ്തുക്കൾക്ക് ഏറ്റം വിലപ്പെട്ട പാത്രം തിരഞ്ഞെടുക്കുന്നതുപോലെ സർവ്വശക്തനായ ദൈവം ഇന്നേവരെ നൽകിയിട്ടുള്ളതിൽവച്ച് ഏറ്റവും ധന്യവും മഹത്തുമായ ദിവ്യസത്യങ്ങളുടെ പ്രഘോഷണത്തിന് ഏതു നിലയിലും ഒരു ഉത്തമ പാത്രമായിരുന്ന പൗലോസ് ഉപയോഗിക്കപ്പെട്ടു. അവൻ യഹൂദന്മാർക്കും ജാതികൾക്കും മാത്രമല്ല രാജാക്കന്മാർക്കുപോലും സുവിശേഷത്തിനു ശുശ്രൂഷകനായിരുന്നുകൊ് എക്കാലത്തേക്കും നിലനിൽക്കുന്ന ഒരനുഗ്രഹം ശേഷിപ്പിച്ചിരിക്കുന്നു. അതിന്റെ സൗരഭ്യം നാം ജീവിക്കുന്ന ഈ നാളുകളിലേക്കും കടന്നെത്തുന്നു. ഏറ്റവും ഫലവത്തായ ഒരു ശുശ്രൂഷയാണ് അവൻ നിർവ്വഹിച്ചത്. നമുക്കും അവനെപ്പോലെ വിശിഷ്ടപാത്രങ്ങൾ ആകാൻ ശ്രമിക്കാം - P'32, 136.

* * * * * *

**സമാന്തരവേദഭാഗങ്ങൾ: അപ്പൊ.13:2;22:21;25:22,23;26:1,17; റോമ.1:1,5; 12:6-8; 1കൊരി.15:10; ഗലാ.1:15;2:7,8; എഫെ. 3:7,8; 1തിമൊ.2:7; 2തിമൊ.1:11**

ചോദ്യങ്ങൾ :- ഈ ആഴ്ച ഞാൻ സത്യത്തിനു സാക്ഷ്യം വഹിച്ചോ? എങ്ങനെ? എന്തുകൊ്? ഫലമെന്തായിരുന്നു?

# സെപ്റ്റംബർ 2

***എന്നാൽ സത്യം അനുസരിക്കയാൽ നിങ്ങളുടെ ആത്മാക്കളെ നിർവ്യാജ മായ സഹോദരപ്രീതിക്കായി നിർമ്മലീകരിച്ചുകൊു ഹൃദയപൂർവം അന്യോന്യം ഉറ്റു സ്നേഹിപ്പിൻ - 1 പത്രൊ. 1 : 22***

പരിജ്ഞാനം എന്നത് സഭയെ സംബന്ധിച്ച് വളരെ വിലമതിക്കപ്പെടേതും പുരോഗതിയുടെയും വളർച്ചയുടെയും തെളിവായി പരിഗണിക്കപ്പെടേതുമാണ്. എന്തെന്നാൽ കർത്താവിലും അവന്റെ ശക്തിയുടെ ബലത്തിലും കൃപയിലും ഒരുവനു വളരണമെങ്കിൽ ഒപ്പം പരിജ്ഞാനത്തിലും വളരേിയിരിക്കുന്നു. കർത്താവിനോടും അവന്റെ സത്യത്തോടുമുള്ള സ്നേഹം അവന്റെ വചനം പഠിക്കുന്നതിലുള്ള തീക്ഷ്ണതയിലൂടെ തെളിയിക്കുന്നവരെയാണ് നാം കൂടുതലായി വിലമതിക്കുന്നത്. ഇത് ഉചിതവുമാണ്. ദൈവനിർണ്ണയങ്ങളുടെ ആഴങ്ങളിലേക്ക് ഉത്തരോത്തരം നയിക്കപ്പെടുകവഴി അവരുടെ നേർക്കുള്ള ദൈവപ്രീതി തെളിയുകയും ചെയ്യുന്നു. എന്നിരിക്കിലും ഭൗമികഭവനത്തിൽ ശിശുക്കളെയും പ്രായപൂർത്തിയാകാത്തവരെയും നാം സ്നേഹിക്കുകയും കരുതുകയും ചെയ്യുന്നതുപോലെ വിശ്വാസത്തിന്റെ ഭവനത്തിലും നാം ചെറിയവർക്കും ഹ്രസ്വകായന്മാർക്കും വേി കരുതുകയും അവരെ സ്നേഹിക്കുകയും തുണയ്ക്കുകയും ചെയ്യണം. അവർ കർത്താവിലും അവന്റെ ബലത്തിന്റെ വല്ലഭത്വത്തിലും ശക്തരായിത്തീരുവാൻ തന്നെ - Z'03, 207 (R 3219)

* * * * * *

ആത്മാവു മുഖേന സത്യത്തെ അംഗീകരിക്കുമ്പോഴെല്ലാം അതിനെ അനുസരിക്കയും, അനുസരിക്കുമ്പോഴെല്ലാം പാപം അസത്യം സ്വാർത്ഥം പ്രാപഞ്ചികത്വം ഇവയിൽനിന്നെല്ലാം അതു മനസ്സിനെ നിർമ്മലീകരിക്കയും ചെയ്യുന്നു. എന്നാൽ ഇതിലധികമായും അതിന് ഒരു പ്രവൃത്തിയു്. അത് എല്ലാ സദ്വിചാരങ്ങളും ഗുണങ്ങളും വാക്കുകളും പ്രവൃത്തികളും നമ്മിൽ കരുപ്പിടിപ്പിക്കുന്നു. സ്വാർത്ഥത്തിനും ലോകത്തിനും മരിച്ച് ദൈവത്തിന് ജീവിക്കുന്നതിനും, പരിജ്ഞാനത്തിലും ജാഗരണത്തിലും പ്രാർത്ഥനയിലും ശുശ്രൂഷയിലും സ്വഭാവരൂപവത്കരണത്തിലും ദോഷസഹിഷ്ണുതയിലും വളരുന്നതിനും അതു പ്രേരകമാകുന്നു. വിശേഷിച്ചും അതു നമ്മുടെ ഹൃദയത്തെ ദൈവസ്നേഹം കൊും മനുഷ്യസ്നേഹം കൊും നിറയ്ക്കുകയും ക്രിസ്തുവിലുള്ള സഹോദരവർഗ്ഗത്തോടു കർത്തവ്യസ്നേഹവും നിഷ്കാമസ്നേഹവും പുലർത്താൻ നമ്മെ ശക്തരാക്കുകയും ചെയ്യുന്നു - P'26, 125.

* * * * * *

**സമാന്തരവേദഭാഗങ്ങൾ : അപ്പൊ.15:9; 2കൊരി.7:1; യോഹ.17:17; 15:3,12,17; എഫെ.5:2; 1തെസ്സ.4:9; 1യോഹ.2:9,10;3:11,23;4:21; റോമ.12:9,10; 1തിമൊ.1:5; എബ്രാ.13:1; 1പത്രൊ.2:17;3:8;4:8**

ചോദ്യങ്ങൾ :- സഹോദരവർഗ്ഗത്തോടു കർത്തവ്യസ്നേഹവും നിസ്സ്വാർത്ഥസ്നേഹവും പുലർത്തുവാൻ മതിയായ വചനത്തിന്റെ ശുദ്ധീകരണ ശക്തിയെ തെളിയിക്കുന്ന ഏതെല്ലാം അനുഭവങ്ങൾ ആണ് ഈ ആഴ്ചയിൽ ഉായത്? അതിൽ നേരിട്ട വിജയങ്ങളും പരാജയങ്ങളും ഏവ ആയിരുന്നു? അതുനിമിത്തം ഏതെല്ലാം പാഠങ്ങൾ പഠിക്കുവാൻ സാധിച്ചു?

# സെപ്റ്റംബർ 3

***യാഗത്തിലല്ല, ദയയിലും ഹോമയാഗങ്ങളെക്കാൾ ദൈവപരിജ്ഞാനത്തിലും ഞാൻ പ്രസാദിക്കുന്നു - ഹോശേ. 6 : 6***

തന്റെ ഹിതം അഥവാ ഹൃദയം കർത്താവിനു നൽകുന്നവർ എല്ലാം നൽകുന്നു. തന്റെ ഇഷ്ടം കർത്താവിനു വിധേയപ്പെടുത്താത്തവന്, അനുസരണസന്നദ്ധമായ ഹൃദയത്തോടുകൂടി കർത്താവിങ്കലേക്കു വരാത്തവന് അവനു സ്വീകാര്യമായ ഒരു യാഗവും അർപ്പിക്കാൻ കഴിയുകയില്ല. ക്രിസ്തുയേശുവിൽ സമർപ്പിതരായ മുഴുവൻ പേരുടെയും ഹൃദയത്തിൽ വേരൂന്നേ ഒന്നാണ് "കാലും, അനുസരിക്കുന്നത് യാഗത്തെക്കാൾ ഉത്തമം" എന്ന പാഠം. അനുസരണത്തിന്റെ ആത്മാവും ഒഴിവാക്കാവുന്നതല്ല. അനുസരണത്തിന്റെ ആത്മാവുള്ളവർ ദൈവേഷ്ടം എന്തെന്നു കത്തൊൻ അധികമധികം ശ്രമിക്കുകയും ചെയ്യും. "ഞാൻ അവന്റെ വചനം കത്തെി ഭക്ഷിച്ചു" എന്നെഴുതിയിരിക്കുന്നത് ഇപ്രകാരമുള്ളവരെപ്പറ്റിയാണ്. "ദൈവമേ, നിന്റെ ഇഷ്ടം ചെയ്യാൻ ഞാൻ പ്രിയപ്പെടുന്നു; നിന്റെ ന്യായപ്രമാണം എന്റെ ഉള്ളിലിരിക്കുന്നു" എന്ന കർത്തൃവചനവും അങ്ങനെ തന്നെ - Z'03, 220 (R 3224)

* * * * * *

ഹതഭാഗ്യന്മാർക്ക് ആശ്വാസം പകരുന്ന സഹാനുഭൂതിയാണ് ദയ. ഈ വേദഭാഗത്തു പ്രതിപാദിക്കുന്ന യാഗവും ഹോമബലിയും സത്യത്തിനും അതിന്റെ ആത്മാവിനും വിരുദ്ധമായ മതതീക്ഷ്ണതയാണ്. ദൈവികമായ സത്യമാണ് ദൈവപരിജ്ഞാനം എന്നതുകൊ് ഗ്രഹിക്കേത്. നമ്മുടെ സേവനം കർത്താവാഗ്രഹിക്കുന്നില്ല എന്നല്ല ഇതിനർത്ഥം. സത്യത്തിനും അതിന്റെ ആത്മാവിനും വിരുദ്ധമായി അനുഷ്ഠാനങ്ങളിൽ എരിവുള്ളവരായിരിക്കുന്നതിലും, അനുഷ്ഠാനങ്ങൾക്കു മുടക്കം നേരിട്ടാലും സത്യവും അതിന്റെ ആത്മാവായ സഹാനുഭൂതിയും പിടിച്ചുകൊള്ളുന്നതാണ് കൂടുതൽ അഭികാമ്യമെന്നാണ് ഇവിടെ ആശയം. ഉന്മേഷവാനെങ്കിലും ബുദ്ധിശൂന്യനും സ്വഭാവപരിശുദ്ധിയില്ലാത്തവനുമായ ഒരു വേലക്കാരനെക്കാൾ ദയാലുവും ബുദ്ധിമാനുമായ ഒരു വിശുദ്ധനിലാണ് കർത്താവു കൂടുതൽ പ്രസാദിക്കുന്നത്. ദയയും സേവനവും പരിജ്ഞാനവും ഒത്തിണങ്ങുന്നതായിരിക്കണം നാം ലക്ഷ്യമാക്കുന്ന ആദർശം - P'36, 109, 110.

* * * * * *

**സമാന്തരവേദഭാഗങ്ങൾ : 1ശമു.15:22; സങ്കീ.50:7-15; സഭാ.5:1; യെശ.1:10-20,58; മത്താ.12:7; മീഖാ.6:6-8; യിരെ.7:21-28; ദാനി.4:27; ആമോസ് 5:21-26; മത്താ.5:7;9:13; സദൃ.21:3; മർക്കൊ.12:33; ഹോശേ.4:1; 1ദിന.29:9; യിരെ.22:16; 1യോഹ.2:3;3:6**

ചോദ്യങ്ങൾ :- ഈ വേദവാക്യത്തോടനുബന്ധിച്ച് ഈ ആഴ്ചയിലെ അനുഭവങ്ങൾ ഏതെല്ലാമായിരുന്നു? അവയെ എങ്ങനെ അഭിമുഖീകരിച്ചു? പരിണതഫലമെന്തായിരുന്നു?

# സെപ്റ്റംബർ 4

***സ്നേഹത്തിനു ഭയമില്ല; ഭയത്തിനു ദണ്ഡനമുള്ളതിനാൽ തികഞ്ഞ സ്നേഹം ഭയത്തെ പുറത്താക്കിക്കളയുന്നു- 1യോഹ 4: 18***

മുന്നനുഭവങ്ങളിൽകൂടി കർത്താവിനെക്കുറിച്ചു ഗ്രഹിക്കാനും അഗോചരാവസ്ഥയിലും അവനെ വിശ്വസിക്കാനും അഭ്യസിച്ചിട്ടുള്ളവരിലൊഴികെ ഭയത്തിന്റെ പ്രവർത്തനം ശക്തവും ആഘാതജനകവും ഭീകരവുമാണ്. "ഇപ്രകാരം എഴുതപ്പെട്ടിരിക്കുന്നു" എന്ന അരുവിയിൽനിന്നുള്ള കല്ലുകൊവേണം ഭയവും നിരാശയുമാകുന്ന രാക്ഷസനെ നേരിടാൻ. ശത്രുവിനെ നിഗ്രഹിച്ച് അവന്റെ ആധിപത്യത്തിൽനിന്നു മോചിതരാകുവാൻ കഴിയുമാറു വിശ്വാസത്തിന്റെ കവിണയിൽനിന്ന് വാഗ്ദത്തവചനമാകുന്ന കല്ല് ശക്തിപൂർവ്വം പ്രക്ഷേപിക്കപ്പെടണം. ഇങ്ങനെ ദൈവവചനം ഒന്നുമാത്രം ആയുധമാക്കി, അവന്റെ വടിയിലും ദണ്ഡിലും വിശ്വാസമർപ്പിച്ചുകൊു നാം സധൈര്യം ദാവീദ് ഫെലിസ്ത്യനെയെന്നപോലെ, നമുക്കു മുമ്പിൽ തലയുയർത്തി നിൽക്കുന്ന വിഘടനപ്രസ്ഥാനത്തിനു തക്കമറുപടി നൽകണം. "നീ എന്റെ നേരെ വാളും കുന്തവും വേലുമായി വരുന്നു, ഞാനോ നീ നിന്ദിച്ചിട്ടുള്ള യിസ്രയേലിന്റെ ദൈവമായ സൈന്യങ്ങളുടെ യഹോവയുടെ നാമത്തിൽ നിന്റെ നേരെ വരുന്നു" എന്നാണല്ലോ ദാവീദു നൽകിയ മറുപടി - Z'03, 329 (R 3230)

* * * * * *

സ്നേഹം ദൈവത്തിൽ സന്തോഷിക്കയും ദൈവവുമായി വികാരൈക്യത്തിൽ ഇരിക്കയും ചെയ്യുന്നു. ദൈവവുമായുള്ള ഏകീഭാവത്തെപ്പറ്റി അതു ബോധവത്താണ്. ദൈവപുത്രത്വത്തിന്റെ ആത്മാവിൻവ്യാപാരം അതിന് അനുഭവപ്പെടുന്നു. ദൈവത്തിന്റെ ആത്മാവും വചനവും കരുതലും വഴി അവനുമായി ഉളവാകുന്ന ഉറ്റസമ്പർക്കത്തിൽ അടിസ്ഥാനപ്പെട്ടതാണ് ഇപ്രകാരമുള്ള സ്നേഹം. ദൈവവുമായുള്ള സംസർഗ്ഗത്തിൽ ആശ്രയിക്കുന്നതിനും പ്രത്യാശിക്കുന്നതിനും സ്നേഹിക്കുന്നതിനും അനുസരിക്കുന്നതിനും അവൻ യോഗ്യനെന്ന് അതു കത്തെുന്നു. ആളത്വത്തിലും സ്വഭാവത്തിലും നിർണ്ണയത്തിലും പ്രവൃത്തിയിലും പരമാവധി സമ്പൂർണ്ണനെന്ന നിലയിൽ ദൈവത്തോടു ഭക്ത്യാദരങ്ങൾ പുലർത്തുമ്പോൾതന്നെ അത് അവനെ ഭയപ്പെടുന്നില്ല. ദൈവത്തെ സംബന്ധിച്ച ഭയം അവനിലേക്കുള്ള മനസ്സിന്റെ ചായ്വിനു വിഘാതം സൃഷ്ടിക്കുകയും ദൈവസ്നേഹത്തെ ഹൃദയത്തിൽനിന്നു പുറന്തള്ളുകയും ചെയ്യും, മറിച്ചു ദൈവത്തെ സംബന്ധിച്ച സ്നേഹം ദൈവത്തെപ്പറ്റിയുള്ള ഭീതിയിൽ നിന്നും മനസ്സിനെ വിമുക്തമാക്കും - P'30, 151

* * * * * *

**സമാന്തരവേദഭാഗങ്ങൾ : ആവ.20:8; ന്യായാ.7:3; സദൃ.28:1;29:25; യെശ.51:12,13; മത്താ.8:26;26:69-74; റോമ.8:15; 1കൊരി.13:4-7; 2തിമൊ.1:7; 1യോഹ.4:16,17**

ചോദ്യങ്ങൾ :- ഈ ആഴ്ച ഞാൻ ഭീരുത്വത്തിന്റെ ആത്മാവിനു വിധേയപ്പെടുകയാണോ അതിനെ കീഴടക്കുകയാണോ ചെയ്തത്? എങ്ങനെ? എന്തുകൊ്? അതിൽ സ്നേഹത്തിന്റെ പങ്കെന്തായിരുന്നു?

# സെപ്റ്റംബർ 5

***അസൂയ പാതാളം പോലെ കടുപ്പമുള്ളത്. അതിന്റെ കനലുകൾ തീക്കനലുകളും അതിന്റെ ജ്വാല അതിതീക്ഷ്ണവും തന്നെ - ഉത്തമ.8:6***

ഏതൊരു ക്രൈസ്തവനും അഭിമുഖീകരിക്കേിവരുന്ന മഹാവൈരികളിൽ ഒന്നാണ് അസൂയ. അതു ദൈവത്തിന്റെയും മനുഷ്യരുടെയും ഏതു നല്ല കാര്യത്തിന്റെയും എതിരാളി എന്ന നിലയിൽ ദൃഷ്ടിയിൽപ്പെടുന്ന നിമിഷം നിഗ്രഹിക്കപ്പെടണം. ക്ഷണനേരത്തേക്കാണെങ്കിലും അതു നമ്മുടെ ഹൃദയത്തെ ഏതളവിൽ മലിനപ്പെടുത്തിയോ അതിനു തക്കവിധം വിശുദ്ധിയുടെയും സ്നേഹത്തിന്റെയും ആത്മാവിനാലുള്ള നിർമ്മലീകരണത്തിനായി നാം യാചിക്കണം. അസൂയ അതിൽതന്നെ ഒരു ക്രൂരസത്വമാണെന്നു മാത്രമല്ല, അതിന്റെ വിഷപ്പല്ലുകൾ നിശ്ചയമായും മറ്റുള്ളവർക്കു വേദനയും ക്ലേശങ്ങളും ജനിപ്പിക്കുകയും ചെയ്യും. ഇതു പൊതുവിൽ കഷ്ടനഷ്ടങ്ങൾ വിതയ്ക്കും. അസൂയയ്ക്കു താവളമാകുന്നവരെ അന്തിമമായി അതു നശിപ്പിക്കുകയും ചെയ്യും. അസൂയ നമ്മുടെ ചിന്തയെ പാപപങ്കിലമാക്കുന്നു, ചിന്തയെ ദുഷ്ടതരമാക്കുന്നു. പാപകരവും ദുഷ്ടവുമായ പ്രവൃത്തിയിലേക്ക് അതിവേഗം നയിക്കുന്നതിനുള്ള സാധ്യതതയുമു്. മനസ്സ് ഒരിക്കൽ അസൂയകൊു വിഷലിപ്തമാകുന്ന പക്ഷം അതിൽ നിന്ന് പൂർണ്ണമായും വിമോചിതമാകുക എക്കാലവും ഏറെ ക്ലേശകരമായിരിക്കും. എന്തന്നാൽ അതിന്റെ ചുറ്റുപാടിൽപ്പെട്ടതിന് അത് അതിവേഗം അതിന്റെ നിറവും പ്രകൃതിയും പകർന്നുകൊടുക്കുന്നു - Z'03, 330 (R 3231)

*     *     *     *     *     *

പാതാളം (ഷിയോൾ) എന്നതു മരണാവസ്ഥയാണ്. അതിനിരയാകുന്നവർ നിർവികാരമായി നിർമ്മൂലമാക്കപ്പെടുന്നു, അവരുടെ സ്നേഹഭാജനങ്ങളെ നിഷ്ക്കരുണം വേദനിപ്പിക്കുന്നു എന്നീ അർത്ഥങ്ങളിൽ പാതാളം ക്രൂരമാണ്. മനുഷ്യരാശിയുടെമേൽ വിജയം വരിച്ചുകൊിരിക്കുന്ന വർഗ്ഗവൈരിയാണ് മരണം. അതിന്റെ ഉന്മൂലനത്തിൽ കുറഞ്ഞ ഒന്നും അതിന്റെ പിടിയിൽ നിന്ന് അതിന്റെ ഇരകളെ മോചിപ്പിക്കയില്ല. അസൂയ പാതാളതുല്യമാണ്. അതിനു വിഷയമാകുന്നവരുടെ സൗഭാഗ്യം അതു ഹനിച്ചുകളയുകയും മിക്കപ്പോഴും നശിപ്പിക്കുകയും ചെയ്യുന്നു. നമ്മുടെ ഹൃദയത്തിൽ ഈ സ്വഭാവവൈകല്യമുങ്കെിൽ നാം മറ്റുള്ളവരെ ദ്രോഹിക്കയും നമുക്കു തന്നെ ദോഷം വരുത്തുകയുമാണെന്ന് നിശ്ചയമായും അറിഞ്ഞുകൊള്ളണം. ഈ തിന്മയ്ക്കെതിരെ, അതിനെ നിർമ്മൂലമാക്കും വരെ നാം വിട്ടുവീഴ്ചയില്ലാതെ പോരാടണം. അല്ലെങ്കിൽ അപരിഹാര്യമാംവിധം അതു നമ്മെ അപകടത്തിലാക്കും - P'35, 117.

*     *     *     *     *     *

**സമാന്തരവേദഭാഗങ്ങൾ : സദൃ.6:34;27:4; സഭാ.4:4; പുറ.20:5;34:14; 2കൊരി.11:2; ദാനി.6:3-5; യാക്കോ.3:14,16; ഉല്പ.4:5,6,8;37:4-11,18-28; 1ശമു.18:8-30; 2ശമു.3:24-27; ലൂക്കൊ.15:25-32**

ചോദ്യങ്ങൾ :- ഈ വേദവാക്യത്തോടനുബന്ധിച്ച് ഈ ആഴ്ചയിലുായ അനുഭവങ്ങൾ എന്തായിരുന്നു? അവയെ എങ്ങനെ അഭിമുഖീകരിച്ചു? അതിൽ സഹായകമോ പ്രതിബന്ധമോ ആയി വർത്തിച്ചതെന്ത്? അവയുടെ പരിണതഫലങ്ങൾ എന്തായിരുന്നു?

# സെപ്റ്റംബർ 6

***ഒരനർത്ഥവും നിനക്കു ഭവിക്കയില്ല - സങ്കീ. 91 : 10***

യാതൊന്നും ഒരു വിധേനയും നമുക്ക് അനർത്ഥകാരിയാകയില്ല. ജഡസംബന്ധമായ നമ്മുടെ താത്പര്യങ്ങൾക്കോ സുഖസൗകര്യങ്ങൾക്കോ കാര്യഗതികൾക്കോ ഹാനികരമാകാവുന്ന സംഭവങ്ങൾ ഉായേക്കാം. എന്നാൽ നാം ജഡത്തിലല്ല ആത്മാവിലാണ്, യഥാകാലം തന്റെ രാജ്യം ന ൽകുമെന്ന കർത്താവിന്റെ വാഗ്ദത്തം നമ്മിലുള്ള പുതിയ ഹൃദയത്തിനും മനസ്സിനും ഇച്ഛയ്ക്കുമാണ് എന്നീ വസ്തുതകൾ നാം ഓർമ്മിച്ചാൽ യാതൊരു ബാഹ്യശക്തികൾക്കും നമ്മുടെ യഥാർത്ഥ താത്പര്യങ്ങൾക്കു വിഘാതം സൃഷ്ടിക്കാൻ കഴികയില്ല എന്നു മനസ്സിലാകും. കർത്താവു തന്റെ വിശ്വസ്താനുയായികൾക്കു വാഗ്ദത്തം ചെയ്തിരിക്കുന്ന രാജ്യ ത്തിന്റെ മഹനീയമായ അനുഗ്രഹങ്ങൾ പ്രാപിക്കുന്നതിൽനിന്ന് അവരെ പ്രതിബന്ധിക്കാൻ ഇവയ്ക്കു സാധ്യമല്ല. കർത്താവിലുള്ള വിശ്വാസത്തിന്റെ അഭാവത്തിനും അവനോടുള്ള അവിശ്വസ്തതയ്ക്കും മാത്രമേ അവന്റെ സ്നേഹത്തിൽ നിന്നും വാഗ്ദാനങ്ങളിൽനിന്നും അവരെ അകറ്റാൻ കഴി യൂ - Z'03, 331 (R 3231)

* * * * * *

സമർപ്പണത്തെ സംബന്ധിച്ച തിരുവെഴുത്തുകളും, പൊതുവായ ഉപദേശ വും യേശു, പൗലോസ്, തിമൊഥെയോസ്, എപ്പഫ്രൊദിത്തോസ് തുടങ്ങിയ ഏതൊരു വിശ്വസ്തനായ ദൈവപൈതലിന്റെയും അനുഭവങ്ങളും തെളിയിക്കു ന്നത് ഭൗമികമായ അനർത്ഥങ്ങളല്ല ഇവിടെ വിവക്ഷിതം എന്നാണ്. അതുകൊ് പ്രകടമായും ആത്മീയ അർത്ഥമാണ് ഇവിടെ പരാമർശിക്കുന്നത്. അവയിൽ നിന്ന് ദൈവം തനിക്കുള്ളവരെ പരിപാലിക്കുന്നു. സകലവും വിശ്വസ്തന്മാരുടെ ആത്മീയ ജീവിതനന്മയ്ക്കായി കൂടിവ്യാപരിക്കുന്നു. ദൈവവാഗ്ദാനങ്ങളും നമ്മുടെ അനുഭവങ്ങളും ഇതു മതിയാംവിധം തെളിയിക്കുന്നു. ഈ വസ്തുത ഏതു വിശുദ്ധനെയാണ് പിന്നെയും പിന്നെയും ആഹ്ലാദഭരിതനാക്കാത്തത്? വിശ്വസ്തന്മാരുടെ സുരക്ഷിതത്വം എന്നത് വേദാനുസരണവും ആശ്വാസജനക വും അനുഭവവേദ്യവുമായ ഒരു ഉപദേശമാണ്. അനുകൂലമോ പ്രതികൂലമോ ആകട്ടെ ഏതനുഭവങ്ങളിലും ഇതു നമ്മെ ധീരരും സന്തുഷ്ടരും ആക്കിത്തീർക്കും - P'34, 128.

* * * * * *

**സമാന്തരവേദഭാഗങ്ങൾ : ഇയ്യോ.17:9; സങ്കീ.37:24;138:8; മത്താ.24:13; മർക്കൊ.4:3-8; ലൂക്കൊ.10:42;22:31,32; യോഹ.6:39;10:28,29; 15:4,7,9; റോമ.8:33-39; 1കൊരി.1:8,9; എഫെ.6:13; കൊലൊ.1:22,23; 2തിമൊ.4:18; എബ്രാ.12:11-13**

ചോദ്യങ്ങൾ :- ഈ വേദവാക്യത്തിനനുസൃതമായി ഈ ആഴ്ചയിലെ അനുഭവ ങ്ങൾ ഏവയെല്ലാമായിരുന്നു? അവയെ എങ്ങനെ അഭിമുഖീകരിച്ചു? പരിണതഫ ലങ്ങൾ ഏവയെല്ലാം?

# സെപ്റ്റംബർ 7

***ഒരുവൻ ക്രിസ്തുവിലായാൽ അവൻ പുതിയ സൃഷ്ടി ആകുന്നു; പഴയതു കഴിഞ്ഞുപോയി; ഇതാ, അതു പുതുതായിത്തീർന്നിരിക്കുന്നു - 2 കൊരി. 5 : 17***

ക്രിസ്തുയേശുവിൽ പുതിയ സൃഷ്ടികളായിരിക്കുന്ന ഇവർ ജഡപ്രകാരമല്ല, ആത്മപ്രകാരമാണ് പരസ്പരം അറിയുന്നത്. ജഡപ്രകാരം എന്തൊക്കെ ബലഹീനതകൾ ഉായിരുന്നാലും ആത്മപ്രകാരം അഥവാ അവരുടെ പുതു മനസ്സുകളിൽ മഹത്തായ വിചാരഗതികളും ഉന്നത ലക്ഷ്യങ്ങളും നന്മയും സത്യവും ശ്രേഷ്ഠവും നിർമ്മലവുമായതൊക്കെയും ആയിരിക്കും സ്ഥാനം പിടിക്കുക. ലക്ഷ്യം, മനസ്സ്, ദൈവവുമായുള്ള പൊരുത്തം ഇവയുടെ അടിസ്ഥാനത്തിലായിരിക്കും അവർ പരസ്പരം സ്നേഹിക്കുന്നത്. ലോകത്തിന്റെയും ജഡത്തിന്റെയും പിശാചിന്റെയും ദുഷ്പ്രേരണകൾക്കെതിരെയുള്ള വിശ്വാസത്തിന്റെ നല്ല പോരാട്ടത്തിൽ അവർ അന്യോന്യം പ്രകടിപ്പിക്കുന്ന പ്രാഗൽഭ്യത്തിന്റെ പേരിൽ അവരുടെ പരസ്പരസൗഹൃദം അടിക്കടി ശക്തിയാർജ്ജിക്കുന്നു. ക്രിസ്തുയേശുവിലുള്ള ഈ പുതുസൃഷ്ടികൾക്കു തമ്മിൽ ഉളവാകുന്ന സ്നേഹവും സൗഹൃദവും വേവണ്ണം വർണ്ണിക്കുവാൻ നാവും തൂലികയും അശക്തമാണ്. അവരെ സംബന്ധിച്ചിടത്തോളം പഴയതെല്ലാം കഴിഞ്ഞുപോയിരിക്കുന്നു, സകലവും പുതുതായിത്തീർന്നിരിക്കുന്നു - Z'03, 333 (R 3232)

* * * * * *

ക്രിസ്തുശരീരത്തിന്റെ അവയവമെന്ന നിലയിൽ സ്വയത്തിനു മരിക്കയും ദൈവത്തിനു ജീവിക്കയും ചെയ്യുക എന്ന അർത്ഥം ക്രിസ്തുവിൽ ആകുക എന്നതിൽ അന്തർഭവിച്ചിരിക്കുന്നു. അങ്ങനെയുള്ള ഒരുവൻ പുതിയ സൃഷ്ടിയാണ്. മനസ്സിന്റെയും ഹൃദയത്തിന്റെയും നാനാമുഖമായ കഴിവുകൾ സമുചിതമായ ആത്മീയ വിഷയങ്ങളിലേക്കു തിരിച്ചു വിടാൻ പ്രേരകമാകുമാറ് അവന്റെ തലച്ചോറിന്റെ ഏതു ഘടകത്തിനും ആത്മീയമായ കഴിവുകൾ നൽകപ്പെടുന്നു എന്നതാണ് ഇതിനു കാരണം. അതുകൊ് അയാൾ പ്രാകൃതമനുഷ്യൻ വിലമതിക്കുന്ന വിഷയങ്ങളിൽ നിന്നും മനസ്സിനെ നിവർത്തിപ്പിച്ച് ആത്മീയ മനുഷ്യൻ വിലമതിക്കുന്ന വിഷയങ്ങളിൽ മനസ്സ് പ്രവർത്തിപ്പിക്കുന്നു. ഇതനുസരിച്ച് അവൻ തന്റെ മുൻകാലമോഹങ്ങളും അഭിലാഷങ്ങളും ലക്ഷ്യങ്ങളും വിട്ടുകളയുന്നു. ഇപ്പോൾ അവൻ പുതിയ മോഹങ്ങളുടെയും അഭീഷ്ടങ്ങളുടെയും ഉടമയായിത്തീരുന്നു. ശാരീരികവും മാനസികവും സാന്മാർഗ്ഗികവും മതപരവും ആയ അവന്റെ മുഴുവൻ കഴിവുകളും പുതിയ ലക്ഷ്യങ്ങളുടെ സാക്ഷാൽക്കാരത്തിനായി വഴിതിരിച്ചുവിടുന്നു. അവ തന്റെ മുൻകാല ലക്ഷ്യങ്ങളേക്കാൾ അനേകമടങ്ങു മഹത്തരമെന്ന് അവൻ മനസ്സിലാക്കുകയും ചെയ്യുന്നു - P'33, 147.

* * * * * *

**സമാന്തരവേദഭാഗങ്ങൾ : 2കൊരി.5:16; ഗലാ.5:6,16-24;6:1,2,7,8,14-16; കൊലൊ.3:1-17; റോമ.8:4-16; എബ്രാ.13:1,5,9-16; റോമ.12:2,9-21; 1യോഹ.2:15-17, 20,27;5:4,5**

ചോദ്യങ്ങൾ :- ഈ വേദവാക്യം സംബന്ധിച്ച് ഈ ആഴ്ചയിലെ അനുഭവങ്ങൾ എന്തായിരുന്നു? അവയെ എങ്ങനെ അഭിമുഖീകരിച്ചു? അവ എന്തു ഫലമുളവാക്കി?

# സെപ്റ്റംബർ 8

***ലോകസ്നേഹം ദൈവത്തോടു ശത്രുത്വം ആകുന്നു എന്നു നിങ്ങൾ അറിയുന്നില്ലയോ? അതുകൊ് ലോകത്തിന്റെ സ്നേഹിതനാകാൻ ഇച്ഛി ക്കുന്നവനെല്ലാം ദൈവത്തിന്റെ ശത്രുവായിത്തീരുന്നു. - യാക്കോ. 4 : 4***

ഒരു തിരഞ്ഞെടുപ്പ് അനിവാര്യമാകുമാറ് ദൈവം തന്റെ ജനത്തെ സംബന്ധിച്ച കാര്യങ്ങൾ മനഃപൂർവ്വം ഒരു പ്രത്യേക നിലയിൽ വഴിതിരിച്ചു വിടുന്നു. ഒന്നുകിൽ ദൈവത്തിന്റെ മൈത്രിയും കൂട്ടായ്മയും നഷ്ടപ്പെ ടുത്തണം, അല്ലെങ്കിൽ ലോകത്തിന്റെ മൈത്രിയും കൂട്ടായ്മയും തള്ളിക്ക ളയണം. എന്തെന്നാൽ കർത്താവിനു പ്രിയങ്കരമായ കാര്യങ്ങൾ ലോക ത്തിന് അരോചകമായിരിക്കും. ലോകത്തിന് ഹിതകരമായ ദുഷ്പ്രവൃത്തി കളും ദുർവിചാരങ്ങളും ദുർഭാഷണങ്ങളും കർത്താവിന്റെ ദൃഷ്ടിയിൽ മ്ലേച്ഛ മാണ്. ഇപ്രകാരമുള്ള കാര്യങ്ങൾ ഇഷ്ടപ്പെടുകയും പരിശീലിക്കയും ചെയ്യുന്നവർക്ക് അവന്റെ കൂട്ടായ്മ നഷ്ടപ്പെടുന്നു - അവർ അവന്റെ ആത്മാവിൽ നിന്നുള്ളവരല്ല. "ക്രിസ്തുവിന്റെ ആത്മാവില്ലാത്ത ഒരുവനും അവനുള്ളവനല്ല" - Z'99, 70 (R 2442)

*　*　*　*　*　*

ഏതൽക്കാലവ്യവസ്ഥിതിയുമായി പൊരുത്തത്തിലിരിക്കുന്നവർ മറ്റു ള്ളവരോടു പുലർത്തുന്ന സന്മനസ്സും അംഗീകാരവും വിശ്വാസവുമാണ് ഈ ലോകം കാഴ്ചവയ്ക്കുന്ന സൗഹൃദം. ഏതൽക്കാലകാര്യക്രമങ്ങൾ ദിവ്യസ്വഭാവത്തിനും അവന്റെ രാജ്യത്തിനും നിരക്കാത്തതാകയാൽ ലോകം ദൈവജനങ്ങളുമായുള്ള വേഴ്ചയിൽനിന്നു പിന്തിരിയുകയും നിലവിലുള്ള വ്യവസ്ഥിതിയുടെ പക്ഷത്തു നിലനിൽക്കുന്നവരുമായി ബന്ധം സ്ഥാപിക്കുകയും ചെയ്യുന്നു. ലൗകികന്മാർ ഹൃദയം കൊ് ദൈവ ത്തോടു ശത്രുതയിലാണ്. ലോകവും ദൈവവും തമ്മിൽ സൗഹൃദത്തില ല്ലായ്കയാൽ ലോകത്തിന്റെ മിത്രമായിരിക്കുക എന്നത് നിശ്ചയമായും ദൈവത്തിന്റെ ശത്രുവായിരിക്കുക എന്ന സ്ഥിതിയിലേക്കു നയിച്ചേ തീരു. ലോകത്തിന്റെ സുഹൃത്തായിരിക്കുവാൻ നാം നൽകേിവരുന്ന കനത്ത വിലയാണിത് - P'32, 136.

*　*　*　*　*　*

**സമാന്തരവേദഭാഗങ്ങൾ : 1ശമു.8:19,20; സങ്കീ.49:16-18;73:2-22; സഭാ.2:1-12;11:9,10; മത്താ.16:26; ലൂക്കൊ.1.8:14; യോഹ.15:19; റോമ.12:2; 1കൊരി.7:29-31; 2തിമൊ.3:2-8; 1യോഹ.2:15-17**

ചോദ്യങ്ങൾ :- ഈ ആഴ്ച ഞാൻ ലൗകികനായിരുന്നോ ആത്മീയനായിരുന്നോ? എന്തുകൊ് ഞാൻ അങ്ങനെ ആയി? ഞാൻ എങ്ങനെ അപ്രകാരമായി? പരിണതഫലമെന്തായിരുന്നു?

# സെപ്റ്റംബർ 9

***വക്രതയും കോട്ടവുമുള്ള തലമുറയുടെ നടുവിൽ നിങ്ങൾ അനിന്ദ്യരും പരമാർത്ഥികളും ദൈവത്തിന്റെ നിഷ്ക്കളങ്കമക്കളും ആകേതിന് എല്ലാം പിറുപിറുപ്പും വാദവും കൂടാതെ ചെയ്‌വിൻ. അവരുടെ ഇടയിൽ നിങ്ങൾ ജീവന്റെ വചനം പ്രമാണിച്ചുകൊ് ലോകത്തിൽ ജ്യോതിസ്സുകളെ പ്പോലെ പ്രകാശിക്കുന്നു - ഫിലി. 2 : 14, 15***

സത്യത്തിന്റെ പ്രചാരണത്തിനായുള്ള അക്ഷീണയത്നം ഏതൊരു ദൈവ പൈതലിന്റെയും കർത്തവ്യമാണ്. തന്നിലുള്ള വെളിച്ചം പ്രകാശിപ്പിക്കുകയും കരിന്തിരി തട്ടി ഉജ്ജ്വലിപ്പിക്കുകയും വേണം. “കരിന്തിരി നീക്കപ്പെടുകയും കത്തിക്കൊിരിക്കയും ചെയ്യുക!” എന്താണിതിനർത്ഥം? സത്യത്തെ സംബന്ധിച്ച സൂക്ഷ്മജ്ഞാനത്തിനായി ജീവന്റെ മൊഴികൾ നാം സശ്രദ്ധം പരിശോധിക്കുകയും അബദ്ധത്തിന്റെ നിസ്സാരകണികപോലും കാണുന്ന മാത്രയിൽതന്നെ കരുതലോടും വിശ്വസ്തതയോടും കൂടി മുറിച്ചുമാറ്റുകയും വേണമെന്നു സാരം. തെറ്റ് ഉപദേശപരമായാലും ദൈനംദിന നടത്ത സംബന്ധിച്ചായാലും ഇത് ആവശ്യമാണ്. ദിവ്യസത്യത്തിന്റെ നിർമ്മലമായ വെളിച്ചം തെളിവുറ്റ നിഷ്ക്കളങ്കസ്വഭാവത്തിന്റെ മാധ്യമം വഴി ആവതും നിർബ്ബാധം പ്രകാശിക്കുവാൻ തന്നെ - Z'03, 358 (R 3243)

* * * * * *

കഴിവിന്റെ പരമാവധി നമ്മുടെ നടത്ത കുറ്റാരോപണ യോഗ്യമോ ദ്രോഹകരമോ ആകാതിരിക്കാൻ ശ്രദ്ധിക്കണം. നിരന്തരം സത്പ്രവൃത്തികളിൽ വ്യാപൃതരാകുവാൻ കഴിയുമാറ് ഇക്കാര്യത്തിൽ നാം നമ്മുടെ കർത്താവിനെപ്പോലെ ആകണം. എന്നിട്ടും നമ്മിൽ വീഴ്ച കത്തെുന്നുവെങ്കിൽ അതു നമ്മുടെ ഭാഗത്തു കുറ്റകൃത്യങ്ങൾ ഉാകുന്നതുകൊല്ല, ദോഷദൃക്കുകളുടെ ഹൃദയത്തിന്റെ അഥവാ മനസ്സിന്റെ തെറ്റായ അവസ്ഥ മൂലമാണ്. നമ്മുടെ കർത്താവിനു തുല്യം ദോഷങ്ങളുടെ മദ്ധ്യത്തിലും ശപിക്കാതെ അനുഗ്രഹിച്ചുകൊ് ലോകത്തിൽ വെളിച്ചങ്ങളെപ്പോലെ നാം പ്രകാശിക്കണം. നമ്മിലുള്ള വെളിച്ചത്തിനു പകരം ഇരുട്ടിന്റെ മക്കളിൽ നിന്നു നമുക്കു വിദ്വേഷമാണ് ലഭിക്കുന്നതെങ്കിൽ നമ്മുടെ കർത്താവിനു നേരിട്ട അനുഭവങ്ങളും വ്യത്യസ്തമായിരുന്നില്ലെന്നു നാം ഓർക്കണം. ചിലർ നമ്മെ നിരസിക്കുമ്പോൾ അവനെപ്പോലെ നാം മറ്റുള്ളവരിലേക്കു തിരിയേതാണ്. നമുക്കു ലഭിച്ചിരിക്കുന്ന ഭൗമികമോ സ്വർഗ്ഗീയമോ ആയ നന്മ കൊ് അവരെ അനുഗ്രഹിക്കാനായിരിക്കും നമ്മെ സംബന്ധിച്ച ദൈവേഷ്ടം - P'26, 125.

* * * * * *

**സമാന്തരവേദഭാഗങ്ങൾ : എഫെ.5:1,2; മത്താ.5:45-48; ലൂക്കൊ.6:27-36; 1പത്രൊ.2:12; ആവ.32:5; മത്താ.5:14,16; എഫെ.5:8; സങ്കീ.27:1;36:9; യോഹ.1:9;8:12;12:46; 2കൊരി.4:6; 1തെസ്സ.5:5; 1യോഹ.2:10**

ചോദ്യങ്ങൾ :- ഈ വേദവാക്യത്തിനനുസൃതമായി ഈ ആഴ്ചയിലെ അനുഭവങ്ങൾ ഏവയായിരുന്നു? അവയുടെ ഫലങ്ങളും ഗുണപാഠങ്ങളും എന്തൊക്കെയായിരുന്നു?

# സെപ്റ്റംബർ 10

***കേൾക്കുന്നവർക്കു കൃപ ലഭിക്കേതിന് ആവശ്യംപോലെ നല്ലവാക്കല്ലാതെ ആകാത്തതൊന്നും നിങ്ങളുടെ വായിൽനിന്നു പുറപ്പെടരുത്. - എഫെ. 4 : 29***

അധഃകൃതമായ നമ്മുടെ അഭിരുചികൾ മനഃസാക്ഷിയുടെ മറപിടിച്ചുകൊ് സത്യം തുറന്നുപറയുന്നത് എപ്പോഴും സ്വാഗതാർഹമെന്ന് അവകാശപ്പെടുകയും തന്മൂലം അപവാദമെന്ന് ഇവിടെ വ്യവഹരിക്കുന്നത് വാസ്തവ കഥനങ്ങളെക്കുറിച്ചല്ലെന്നും, ജഡത്തിന്റെയും പിശാചിന്റെയും പ്രവൃത്തികൾ എന്ന നിലയിൽ പരദൂഷണത്തെയും അപവാദങ്ങളെയും അവൻ കുറ്റം വിധിക്കുമ്പോൾ അസത്യമായ ദോഷാരോപണങ്ങളെയാണ് ഉദ്ദേശിക്കുന്നതെന്നും വാദിക്കുന്നു. ഇതു വലിയൊരു തെറ്റാണ്. യഥാർത്ഥമായാലും അയഥാർത്ഥമായാലും അപവാദം അപവാദം തന്നെയാണ്. ദൈവത്തിന്റെ നിയമം മാത്രമല്ല, പരിഷ്കൃതമനുഷ്യന്റെ നിയമവും അതിനെ അപ്രകാരമാണ് വീക്ഷിക്കുന്നത്. സത്യമായാലും അസത്യമായാലും മറ്റൊരുവനെ ദ്രോഹിക്കാൻ ഉദ്ദേശിച്ചു പറയുന്നതെന്തും അപവാദമാണ്. അങ്ങനെയുള്ള പരദ്രോഹം തെറ്റാണെന്ന വിധിയിൽ മാനുഷിക നിയമം ദൈവത്തിന്റെ നിയമത്തോടു യോജിക്കുന്നു - Z'99, 70 (R 2442)

* * * * * *

മലിനമായ ആശയവിനിയമശൈലി ഏതു ഭാഷയിലും കാണപ്പെടുന്നു. മറ്റുള്ളവർക്കു ശാരീരികമായും മാനസികമായും സാന്മാർഗ്ഗികമായും മതപരമായും അപകർഷം വരുത്തുക എന്നതാണ് അതിന്റെ സ്വഭാവം. ഇങ്ങനെയുള്ള ദുഷിച്ച സംസാരത്തിന്റെ വമ്പിച്ച പ്രചാരം കണക്കിലെടുത്ത് അതിന്റെ വിപരീത സ്വഭാവത്തിലുള്ള ഭാഷണംകൊ് അതിന്റെ ശക്തി നിർവ്വീര്യമാക്കാൻ നാം ജാഗ്രത പുലർത്തണം. ഭൂമിയുടെ ഉപ്പ് എന്ന നിലയിൽ ശരീരമനസ്സുകൾക്കു രുചിപ്രദവും പോഷകവും ജീർണ്ണതാനിവാരകവുമായ ചിന്തകൾ മാത്രമേ നാം പ്രകാശിപ്പിക്കാവൂ. ലോകത്തിൽവച്ച് ഏറ്റവും ശക്തി ഉൾക്കൊള്ളുന്ന വസ്തു വാക്കുകൾ ആണ്. ഏറ്റവും ശക്തമായ വാക്കുകൾ ആകട്ടെ ദൈവത്തിന്റെ ആലോചനകൾ ഉൾക്കൊള്ളുന്ന വചനങ്ങളും. കഴിവുള്ളിടത്തോളം ദൈവത്തിന്റെ വിചാരങ്ങൾ പ്രകാശിപ്പിക്കുവാൻ മാത്രമാകട്ടെ നമ്മുടെ ഭാഷണം, അങ്ങനെ നേർബുദ്ധിയുള്ള ഏവർക്കും നാം ഒരനുഗ്രഹമായിരിക്കും - P'36, 110.

* * * * * *

**സമാന്തരവേദഭാഗങ്ങൾ : സങ്കീ.5:9;52:2;73:7-9; 1കൊരി.15:33; എഫേ.5:3,4; കൊലൊ.3:8;4:6; 1തെസ്സ.5:11; കൊലൊ.3:16; ആവ.6:6,7; മലാ.3:16,17; സദൃ.15:7; മത്താ.12:36,37; തീത്തൊ.3:2; യാക്കൊ.3:2-8;4:11; 1പത്രൊ.2:1**

ചോദ്യങ്ങൾ :- ഈ ആഴ്ചയിലെ സംഭാഷണത്തിന്റെ സ്വഭാവം എന്തായിരുന്നു? അങ്ങനെ ആകാൻ കാരണമെന്ത്? പരിണതഫലമെന്തായിരുന്നു?

# സെപ്റ്റംബർ 11

***തന്റെ ക്രൂശെടുത്ത് എന്റെ പിന്നാലെ വരാത്തവന് എന്റെ ശിഷ്യനായിരിപ്പാൻ കഴികയില്ല- ലൂക്കൊ. 14 : 27***

ഏതു പരിതസ്ഥിതിയിലും പിതാവിന്റെ ഇഷ്ടം നിർവ്വഹിക്കുക എന്നതായിരുന്നു കർത്താവു വഹിച്ച ക്രൂശ്. എന്നാൽ ഈ ജീവിതചര്യ നിമിത്തം ദൈവത്തിന്റെ ജനം എന്ന് സ്വയം അഭിമാനിക്കുകയും എന്നാൽ അവരുടെ ഹൃദയങ്ങൾ വായിച്ചറിയുന്ന കർത്താവിനാൽ പിശാചെന്ന പിതാവിന്റെ മക്കൾ എന്നു പ്രഖ്യാപിക്കപ്പെടുകയും ചെയ്തവരുടെ അസൂയയ്ക്കും വിദ്വേഷത്തിനും സ്പർദ്ധയ്ക്കും എതിർപ്പിനും പീഡനത്തിനും അവൻ പാത്രമായി. നമ്മുടെ ഗുരുവിന്റെ അതേ പാത നാമും പിന്തുടരുക വഴി നമുക്കു വഹിക്കേിവരുന്ന ക്രൂശും അതേ സ്വഭാവത്തിലായിരിക്കുമെന്നു ന്യായമായി പ്രതീക്ഷിക്കാം. സ്വർഗ്ഗസ്ഥനായ പിതാവിന്റെ ഇഷ്ടം നിവർത്തിക്കുന്നതിലുള്ള എതിർപ്പ്, അവൻ നമ്മെ ഭരമേൽപ്പിച്ചിരിക്കുന്ന ദൗത്യം ഉയർത്തിപ്പിടിക്കയും നമ്മുടെ ഗുരുവും നായകനുമായവന്റെ നിയോഗാനുസരണം സത്യത്തിന്റെ പ്രകാശം പരത്തുകയും ചെയ്യുന്നതിൽ നേരിടേിവരുന്ന എതിർപ്പു തന്നെ - Z'03, 345 (R 3235)

*　　*　　*　　*　　*　　*

നമ്മുടെ നടത്ത ദൈവവചനത്തിലെ തത്ത്വങ്ങൾക്ക് അനുരൂപമാക്കുവാനുള്ള ശ്രമത്തിൽ അഭിമുഖീകരിക്കേിവരുന്ന തിക്താനുഭവങ്ങളാണ് കുരിശ്. "എന്റെ പിന്നാലെ വരിക" എന്ന വാക്കുകളിൽ അന്തർഭവിച്ചിരിക്കുന്നത് ഈ നടത്തയല്ലാതെ മറ്റൊന്നുമല്ല. സാധാരണ സാഹചര്യങ്ങളിൽപോലും ബഹുഭൂരിപക്ഷവും ഇങ്ങനെയുള്ള നടത്ത അവലംബിക്കുകയില്ല. അപ്രകാരമുള്ള സാഹചര്യങ്ങളിൽ ഒരു നിസ്സാര ന്യൂനപക്ഷം അങ്ങനെ ചെയ്തേക്കാം. ഏതു സാഹചര്യത്തിലും അങ്ങനെ ചെയ്യുന്നത് യേശുവിന്റെ അനുയായികളായ ചുരുക്കംപേർ മാത്രമായിരിക്കും. ചിലപ്പോൾ ഇത് അവരെ ശക്തിക്ഷയത്തിന്റെ പാരമ്യത്തിൽ എത്തിച്ചെന്നു വരാം. കർത്താവിന്റെ പ്രത്യേകമായ സഹായം കൂടാതെ ഈ ക്രൂശു ചുമപ്പാൻ അവർ ശക്തരാകയില്ല. നിർബ്ബാധമായും സന്തോഷത്തോടെയും കർത്താവു വാഗ്ദത്തം ചെയ്യുന്ന ഈ സഹായം വീഴ്ചയിൽനിന്ന് അവരെ കാത്തുകൊള്ളുകയും ശിഷ്യത്വത്തിൽ അവരെ നിലനിർത്തുകയും ചെയ്യുന്നു - P'30, 151.

*　　*　　*　　*　　*　　*

**സമാന്തരവേദഭാഗങ്ങൾ : മത്താ.7:13,14;8:19,20;10:37-39;13:45-47;16:24; ലൂക്കൊ.14:26,28;18:28-33; അപ്പൊ.20:22-24; റോമ.14:1-15:3; 1കൊരി.9:25-27; ഗലാ.5:16,17,24; 1പത്രൊ.2:11-16**

ചോദ്യങ്ങൾ :- ഈ ആഴ്ച ഞാൻ എന്റെ കുരിശ് എങ്ങനെ കൈകാര്യം ചെയ്തു? അതിന്റെ ഫലമെന്തായിരുന്നു?

# സെപ്റ്റംബർ 12

***നിങ്ങൾ ക്ഷമ കൊു നിങ്ങളുടെ പ്രാണനെ നേടും - ലൂക്കൊ.21:19***

“എന്നാൽ നിങ്ങൾ ഒന്നിലും കുറവില്ലാതെ തികഞ്ഞവരും സമ്പൂർണ്ണരും ആകേതിന് സ്ഥിരതയ്ക്കു തികഞ്ഞ പ്രവൃത്തി ഉാകട്ടെ” എന്ന് അപ്പൊസ്തൊലൻ വിശദമാക്കുന്നു. സ്ഥിരത എന്നതിന് സഹിഷ്ണുത എന്നാണർത്ഥം. അതുകൊ്, വളരെ പ്രകടമായും സഹിഷ്ണുതയിൽ ഇതരസ്വഭാവഗുണങ്ങളും ഒരു പരിധിവരെ അന്തർഭവിച്ചിരിക്കുന്നു. ദൈവജനങ്ങൾക്കിടയിൽ വിശ്വാസം സഹിഷ്ണുതയ്ക്കു മുൻവരുന്നു. പൊതുവിൽ സഹിഷ്ണുതയുടെ ഏറ്റക്കുറവുകൊു വിശ്വാസത്തിന്റെ അളവു നിർണ്ണയിക്കാം. അസഹിഷ്ണുവും അസ്വസ്ഥനുമായിരിക്കുന്നത് കർത്താവിലുള്ള വിശ്വാസത്തിന്റെ അഭാവത്തെയാണു കാണിക്കുന്നത്. അല്ലാത്തപക്ഷം കരുണാപൂർവ്വമായ കർത്തൃവാഗ്ദാനങ്ങളിൽ അക്ഷോഭ്യനായിരിക്കാനും അവയുടെ നിവൃത്തിക്കായി കാത്തിരിക്കാനും കഴിയും. ന്യായോചിതമായ സൂക്ഷ്മതയും കാര്യക്ഷമതയും പുലർത്തിയശേഷം ഫലവും സമയവും കാലങ്ങളും കർത്താവിനു വിട്ടുകൊടുത്തുകൊു സ്വസ്ഥചിത്തനായിരിക്കണം - Z'03, 361 (R 3245)

* * * * * *

ക്ഷമ എന്നല്ല സഹിഷ്ണുത എന്നാണ് ശരിയായി പരിഭാഷപ്പെടുത്തേത്! പിടിച്ചുനിൽക്കുക എന്നർത്ഥം വരുന്നതാണ് മൂലപദം. ദീർഘക്ഷമ എന്നല്ല ആ പദത്തിന്റെ വിവക്ഷിതം. ക്ലേശങ്ങളെ സസന്തോഷം സ്വാഗതം ചെയ്തുകൊ് സത്പ്രവൃത്തികളിൽ ഉറച്ചുനിന്ന് ആത്മനിയന്ത്രണത്തിന്റെ പിൻബലത്തോടെ അതിൽ മുന്നേറുന്ന സ്വഭാവദാർഢ്യമാണ് ഇവിടെ പറയുന്ന സഹിഷ്ണുത. സഹിഷ്ണുതയുടെ ഈ നിർവചനം അർത്ഥം സ്ഫുടമാക്കുന്നു. സത്പ്രവൃത്തികളുടെ മാർഗ്ഗത്തിലുള്ള പ്രതിബന്ധങ്ങളെ സസന്തോഷം ആഭിമുഖീകരിച്ചുകൊ് മുന്നേറാൻ യേശുവിന്റെ വാക്കുകൾ നമുക്കു പ്രോത്സാഹനം നൽകുന്നു. എന്തെന്നാൽ ഇപ്രകാരമുള്ള ഒരു ജീവിതഗതികൊു മാത്രമേ നമ്മുടെ ആത്മീയ ജീവിതം നിലനിർത്താനാകൂ - P'35, 117.

* * * * * *

**സമാന്തരവേദഭാഗങ്ങൾ : സങ്കീ.37:7-9; സഭാ.7:8; വിലാ.3:26,27; ലൂക്കൊ.8:15; റോമ.2:7;5:3,4;12:12;15:4,5; ഗലാ.6:9; കൊലൊ.1:10,11; 1തെസ്സ.1:3; എബ്രാ.6:12,15;10:36;12:1; യാക്കോ.1:3,4;5:7,8**

ചോദ്യങ്ങൾ :- ഈ ആഴ്ച ഞാൻ സഹിഷ്ണുതയുള്ളവനായിരുന്നുവോ? എങ്ങനെ? എന്തുകൊ്? ഏതു പരിതസ്ഥിതികളിൽ? പരിണതഫലമെന്തായിരുന്നു?

# സെപ്റ്റംബർ 13

***ഇതാ, സഹോദരന്മാർ ഒത്തൊരുമിച്ചു വസിക്കുന്നത് എത്ര ശുഭവും എത്ര മനോഹരവും ആകുന്നു! - സങ്കീ. 133 : 1***

നമ്മുടെ കർത്താവിനെപ്പോലെ നമുക്കും സമാധാനം ഉാക്കുന്നവരായിരിക്കയും എല്ലാ സഹോദരന്മാരുമൊരുമിച്ച് ആത്മാവിന്റെ ഐക്യത്തിൽ വസിക്കയും ചെയ്യാം. നമ്മുടെ പ്രവർത്തനങ്ങൾ, ആക്രമണവാസന തുടങ്ങിയവ മഹാശത്രുവായ പിശാചിനും വീഴ്ചഭവിച്ച ജഡത്തിലും നമ്മുടെ അവയവങ്ങളിലും ഉൾപ്പെടെയുള്ള പാപത്തിന്റെ ഏതു വ്യാപാരത്തിനും എതിരെ തിരിച്ചുവിടാം. ഇപ്രകാരം നമ്മിൽ സ്വാഭാവികമായിരിക്കുന്ന ഏത് ആക്രമണപ്രവണതയെയും കർത്താവിനു തികച്ചും പ്രസാദകരമായ മാർഗ്ഗത്തിലൂടെ മതിയാംവണ്ണം തൃപ്തിപ്പെടുത്താൻ നമുക്കു കഴിയും. അഭിനന്ദനീയമായും പ്രയോജനപ്രദമായും നമ്മിലുള്ള ഏതു സ്വഭാവഗുണത്തിനും ഒരു പ്രവർത്തനമേഖല കത്തൊൻ അങ്ങനെ നമുക്കു സാധിക്കും. അവസരം കിട്ടുംപോലെ ഏവർക്കും വിശേഷാൽ വിശ്വാസത്തിന്റെ ഭവനത്തിനും നന്മചെയ്യുന്നതിലും പരസ്പരം കെട്ടുപണി ചെയ്യുന്നതിലും നമ്മിലുള്ള ഈ വാസനകളെ ആയുധമാക്കാം - Z'03, 363 (R 3245)

*　*　*　*　*　*

ഇവിടെ പറയുന്ന സഹോദരന്മാർ ജഡപ്രകാരമുള്ളവരല്ല, ആത്മപ്രകാരമുള്ളവരത്രേ. അഹരോന്റെ പൊരുളായി അവരെ ചിത്രീകരിക്കുന്ന അടുത്ത വാക്യം അതിനു തെളിവാണ്. പിതാവും പുത്രനും ഒന്നായിരിക്കുന്നതുപോലെ അവരും ഒന്നാകണമെന്ന് കർത്താവിന്റെ പ്രാർത്ഥനയിൽ പറയുന്ന അതേ ഒരുമയാണ് ഇവിടെ വിവക്ഷിതം. ഈ ഐക്യം ആളത്വത്തിലുള്ളതല്ല; പിന്നെയോ, ഏകപിതാവിനായി, ഏകകർത്താവിൻ കീഴിൽ, ഏകസ്നാനത്തിൽ വിശ്വാസത്തിലും പ്രത്യാശയിലും സ്നേഹത്തിലും ലക്ഷ്യത്തിലുമുള്ള ഏകീഭാവം ആണ്. ഈ ഐക്യം വിശിഷ്ടവും ആനന്ദകരവുമാണ്. യാതൊരു ഭൗമികബന്ധവും ഇതിനോടു കിടപിടിക്കുന്നതല്ല. ഇപ്പോൾ അനുക്രമം വികസ്വരമായും നിത്യത മുഴുവൻ സാക്ഷാത്കൃതമായും ഈ അനുഭവവിശേഷം നമ്മുടേതായിരിക്കട്ടെ

- P'34, 128.

*　*　*　*　*　*

**സമാന്തരവേദഭാഗങ്ങൾ : സങ്കീ.55:14;119:63; ആമോസ് 3:3; മലാ.3:16; മത്താ.18:20;20:25-28;23:8; ലൂക്കൊ.22:32;24:13-15; യോഹ.13:34;17:11,21-23; അപ്പൊ.1:14;2:1,42,44-47; റോമ.15:1-7; 1കൊരി.1:10;10:16,17;12:12,13; ഗലാ.2:9; 6:2,10; എഫെ.2:14-22;5:2,19,30; ഫിലി.1:3,5,27;2:1,2; കൊലൊ.2:2; 1തെസ്സ.4:18; എബ്രാ.10:24,25;13:1; യാക്കോ.5:16; 1പത്രൊ.2:17;3:8,9; 1യോഹ.3:14;4:7,11-13**

ചോദ്യങ്ങൾ :- ഈ വേദവാക്യത്തിന്റെ പൊരുൾ ഈ ആഴ്ചയിൽ എനിക്ക് അനുഭവപ്പെട്ടോ? എങ്ങനെ? എന്തുകൊ? പരിണതഫലങ്ങൾ ഏവയായിരുന്നു?

# സെപ്റ്റംബർ 14

***ജാതികൾ നിങ്ങളെ ദുഷ്പ്രവൃത്തിക്കാർ എന്നു ദുഷിക്കുന്നോറും നിങ്ങളുടെ നല്ല പ്രവൃത്തികളെ കറിഞ്ഞിട്ടു സന്ദർശനദിവസത്തിൽ ദൈവത്തെ മഹത്ത്വപ്പെടുത്തേതിന് അവരുടെ ഇടയിൽ നിങ്ങളുടെ നടപ്പു നന്നായിരിക്കേണം എന്നു ഞാൻ പ്രബോധിപ്പിക്കുന്നു. ഒരുത്തൻ ദൈവത്തെക്കുറിച്ചുള്ള മനോബോധം നിമിത്തം അന്യായമായി കഷ്ടവും ദുഃഖവും സഹിച്ചാൽ അതു പ്രസാദം ആകുന്നു - 1പത്രൊ.2:12, 19***

നമ്മെപ്പറ്റി ദോഷാരോപണങ്ങളും അപവാദങ്ങളും ഉാകാം. എന്നാൽ നമ്മെ അറിയുന്നവരും നാമുമായി സമ്പർക്കം പുലർത്താനിടയാകുന്നവരും അനുഭവങ്ങളിൽ നിന്നു നമ്മുടെ ആദർശനിഷ്ഠ മനസ്സിലാക്കണം. നമ്മുടെ ഹൃദയത്തിലെ വിചാരങ്ങൾ എന്നപോലെ വായിലെ വാക്കുകളും ജീവിതത്തിലെ നടത്തകളും കർത്താവിനു പ്രസാദകരവും തിരുനാമത്തിനും സത്യത്തിനും അഭിമാനജനകവും ആകേതിനും അങ്ങനെ തേജസ്സിനും രാജ്യത്തിനും എന്നന്നേക്കും അധികാരിയായ ദൈവം ക്രിസ്തുവിലൂടെ മഹത്ത്വപ്പെടേതിനുമുള്ള നമ്മുടെ പ്രയത്നം അവർക്കു ബോധപ്പെടാനിടയാകണം. - Z'03, 365 (R 3246)

* * * * * *

കർത്താവിന്റെ ജനങ്ങൾ മിക്കപ്പോഴും അകാരണമായി അപവാദപാത്രമാകുന്നു. നിന്ദായോഗ്യമല്ലാത്ത ജീവിതം നയിക്കാൻ അവർ നിരന്തരം ശ്രദ്ധിക്കണം. എന്നാലും നിന്ദിക്കപ്പെടുന്നതിന്റെ പേരിൽ സത്പ്രവൃത്തികളിൽ മടുത്തുപോകരുത്. തങ്ങളുടെ സത്പ്രവൃത്തികളാൽ മറ്റുള്ളവരെ അനുഗ്രഹിക്കുന്നതിൽ ഇന്ന് അവർ വിജയിച്ചില്ലെങ്കിലും ക്രിസ്തുവിൻ നാളിൽ രക്ഷയുടെ അവസരം അവരെ സന്ദർശിക്കുമ്പോൾ ഈ സത്പ്രവൃത്തികളുടെ സ്മരണ ദൈവമഹത്ത്വത്തിന് ഉതകുമാറ് അവർക്ക് അനുഗ്രഹകരമാകും. ഇങ്ങനെ ഉറച്ചുകൊ് അവർ തങ്ങളുടെ സദാചാരത്തിൽ നിലനിൽക്കട്ടെ. ബഹുകാലമായി മുളയ്ക്കാതെ കിടന്ന വിത്ത് അന്നു സമൃദ്ധമായ വിളവു നൽകും. അതുകൊ് നമ്മുടെ സത്പ്രവൃത്തികൾ നിമിത്തം ദോഷം അനുഭവിപ്പാനുള്ള പദവി ലഭിച്ചിരിക്കുന്നതിൽ ദൈവത്തെ സ്തുതിക്കാം - P'33, 147.

* * * * * *

**സമാന്തരവേദഭാഗങ്ങൾ : 2കൊരി.8:21; റോമ.12:17; ഫിലി.4:8; നെഹെ.5:9; 1പത്രൊ.2:15;3:13-18; മത്താ.5:16; യോഹ.13:34,35; 1പത്രൊ.2:20-24; റോമ.8:17-19; 2തിമൊ.2:10-12; എബ്രാ.13:10-14**

ചോദ്യങ്ങൾ :- ഈ ആഴ്ച ഞാൻ അപവാദപാത്രമായിത്തീരാൻ ഇടയായോ? ഞാൻ അത് ഏതുവിധം സഹിച്ചു? പ്രതികരണങ്ങൾ എന്തായിരുന്നു?

# സെപ്റ്റംബർ 15

***അവരുടെ നടുവിൽ നിന്നു പുറപ്പെട്ടു വേർപെട്ടിരിപ്പിൻ എന്നു കർത്താവ് അരുളിച്ചെയ്യുന്നു; അശുദ്ധമായതൊന്നും തൊടരുത്; എന്നാൽ ഞാൻ നിങ്ങളെ കൈക്കൊള്ളും;- 2 കൊരി. 6 : 17***

ആത്മീയകാര്യങ്ങളിൽ ബോധപൂർവ്വം ലോകത്തിൽ നിന്നു വേർപെട്ടു ജീവിക്കയും, ഹൃദയപരിച്ഛേദനയുള്ളവരെയും ദൈവഭവനത്തിലേക്കു ദത്തെടുക്കപ്പെട്ടവരെയും മാത്രം സഹോദരന്മാരായി കാണുകയും ചെയ്യുന്നവർ സദാചാരവാദികളുടെയും സ്വതന്ത്ര ചിന്തകരുടെയും, അമിത കൃത്രിപ്പുകാരുടെയും സമൂഹത്തിന്റെയും എതിർപ്പിനു പാത്രമാകാറുണ്ട്. എന്തെന്നാൽ ഉപദേശസംബന്ധമായും അല്ലാതെയും അവരിൽ കുടികൊള്ളുന്ന ഇരുട്ടിനെ കുറ്റം വിധിക്കയാൽ അവർ വെളിച്ചത്തെ വെറുക്കുന്നവരാണ്. എന്നിരുന്നാലും നാം സ്വീകരിക്കേ ഉചിതവും സുരക്ഷിതവുമായ മാർഗ്ഗം ഇതു മാത്രമാണ്. സാക്ഷാൽ യിസ്രായേല്യരായവരെ മാത്രം സഹോദരന്മാരായി അംഗീകരിക്കുക എന്നതാണ് ഏറെ അഭികാമ്യം. അങ്ങനെ യഥാർത്ഥ ഗോതമ്പ് കളകളിൽനിന്നു വേർതിരിക്കപ്പെടട്ടെ - Z'99, 203 (R 2510)

* * * * * *

സാത്താന്റെ നിയന്ത്രണത്തിലും ആത്മാവിലുമുള്ള എല്ലാ സ്ഥാപനങ്ങളോടും ആചാര്യമര്യാദകളോടും തന്റെ ജനങ്ങൾക്കു യാതൊരു ബാധ്യതയും സഹകരണവും സഹാനുഭൂതിയും ഉായിരിക്കരുതെന്നു ദൈവം ആഗ്രഹിക്കുന്നു. അറിഞ്ഞാകട്ടെ അറിയാതെയാകട്ടെ സാത്താന്റെ സേവകരായിരിക്കുന്ന മുഴുവൻ ആളുകളോടുമുള്ള സഹകരണത്തിൽനിന്നും ആത്മാവിൽ നിന്നും വേർപെട്ടിരിക്കുക എന്നതാണ് ഇതിനർത്ഥം. കഴിവുള്ളിടത്തോളം അവരുമായുള്ള കൂട്ടുകെട്ടിൽനിന്നും വേർപെട്ടിരിക്കണം. അപ്രകാരം ഏതു മലിനവസ്തു മൂലമുള്ള അശുദ്ധിയും നാം ആവോളം ഒഴിവാക്കുന്നു. ഇതുമൂലം നാം ചിലപ്പോൾ ഏകാന്തപഥികരായിരിപ്പാൻ ഇടവരുന്നെങ്കിൽ എന്ത്? നമുക്കു മുമ്പേ നമ്മുടെ കർത്താവിന്റെയും അനുഭവം ഇതായിരുന്നു എന്നും ദൈവം നമ്മെ സ്വകരിച്ചു നമ്മുടെ സഹയാത്രികനായിരിക്കുന്നു എന്നുമുള്ള ചിന്തയിൽ നമുക്കു സമാശ്വസിക്കാം. ഇപ്രകാരമുള്ള അംഗീകാരവും സൗഹൃദവും സകല നഷ്ടങ്ങളും നികത്തുന്നു - P'32, 136.

* * * * * *

**സമാന്തരവേദഭാഗങ്ങൾ : സംഖ്യാ.16:21,26; എസ്രാ.10:11; സങ്കീ.50:5; സദൃ.9:6; യെശ.8:11;52:11; യിരെ.51:6,9; അപ്പൊ.2:40; 2കൊരി.6:14-16; എഫെ.5:11; വെളി.18:4**

ചോദ്യങ്ങൾ :- എന്നിലെ ശുദ്ധീകരണവേല ഈ ആഴ്ചയിലും തുടർന്നു നടന്നുവോ? എങ്ങനെ? പരിണതഫലങ്ങൾ എന്തായിരുന്നു?

# സെപ്റ്റംബർ 16

***യഹോവ തന്റെ ജനത്തിനു ശക്തി നൽകും; യഹോവ തന്റെ ജനത്തെ സമാധാനം നൽകി അനുഗ്രഹിക്കും - സങ്കീ. 29 : 11***

നിങ്ങൾക്കു കീഴടക്കാൻ കഴിയുന്ന പരീക്ഷകളും പ്രലോഭനങ്ങളും നേരിടുകയും അവ നിങ്ങളുടെ സ്വഭാവത്തിൽ ക്ഷമയ്ക്കും അനുഭവസമ്പത്തിനും സഹോദരപ്രീതിക്കും സഹതാപത്തിനും സ്നേഹത്തിനും ഉപകരിക്കുകയും ചെയ്യുമ്പോൾ സന്തോഷിക്കുക. ദൈവത്തിന്റെ കരുണയുടെയും സഹായത്തിന്റെയും പേരിൽ നന്ദിപൂർവ്വം സ്തോത്രാർപ്പണം നടത്തുക. നിങ്ങൾക്കു നേരിടുന്ന പരീക്ഷകൾ നിങ്ങൾ ഞെരിഞ്ഞുടയുമാറ് നിങ്ങൾക്കു താങ്ങാൻ കഴിയുന്നതിനുപരിയെങ്കിൽ ആ വലിയ ഭാരവാഹിയെ സമീപിക്കയും നിങ്ങളുടെ നന്മയ്ക്ക് ആവശ്യമായതൊഴികെ, ദോഷകരമാകാവുന്ന ദാരുണത്തിൽ നിന്നുള്ള മോചനത്തിനു യാചിക്കയും ചെയ്യുക. - Z'96, 163 (R 2004)

* * * * * *

കർത്താവു തന്റെ ജനത്തിനു നൽകുന്ന ശക്തി ആത്മീയമാണ്. ഏതു പരിതസ്ഥിതിയിലും അവന്റെ ഇഷ്ടം ചെയ്യുന്നതിന് അവരെ പ്രാപ്തരാക്കുന്ന സ്വഭാവദാർഢ്യം തന്നെ. ഈ ശക്തി മഹത്തരമാണ്! ദൈവനിയുക്തമായ ചുറ്റുപാടുകൾക്ക് ഉതകുന്ന ദൈവവചനമാണ് ഈ ശക്തിയുടെ പകർച്ചയ്ക്ക് ആധാരം. സമാധാനം പ്രദാനം ചെയ്കയും പ്രവൃദ്ധമാക്കുകയും ചെയ്യുന്ന ഈ ഉറപ്പിനാൽ അനുഗൃഹീതരാകുന്ന മുറയ്ക്കു ദൈവജനം ഉത്തരോത്തരം ശക്തരായിത്തീരുന്നു. പോഷകനദികൾ ഒഴുകിച്ചേർന്ന് ആഴവും വീതിയും അടിയ്ക്കടി പെരുകിക്കൊിരിക്കുന്ന നദിപോലെ ദൈവത്തിന്റെ വർദ്ധിച്ചുവരുന്ന കൃപകളാൽ അവരുടെ സമാധാനം അധികമധികം ആഴവും വീതിയും നിറവും ആർജ്ജിക്കുന്നു. യഹോവ ദൈവമായിരിക്കുന്ന ജനം ഭാഗ്യമുള്ളത് - P'26, 125.

* * * * * *

**സമാന്തരവേദഭാഗങ്ങൾ : ഇയ്യോ.34:9; സങ്കീ.18:2,35; യെശ.26:3,12; 27:5;28:12; എഫെ.1:19;3:7,16; കൊലൊ.1:29;2:12; ഫിലി.4:7,9; മത്താ.1:28-30; യോഹ.14:1,27; റോമ.5:1; കൊലൊ.3:15**

ചോദ്യങ്ങൾ :- ഈ ആഴ്ച എനിക്കു ദൈവം ശക്തിയും സമാധാനവും നൽകി അനുഗ്രഹിച്ചുവോ? എങ്ങനെ? ഏതു കാര്യത്തിൽ? പരിണതഫലങ്ങൾ എന്തായിരുന്നു?

# സെപ്റ്റംബർ 17

## *മഹത്ത്വത്തിന്റെ പ്രത്യാശയായ ക്രിസ്തു നിങ്ങളിൽ-കൊലൊ. 1:27*

യഥാർത്ഥ ദൈവപൈതലായ ഏതൊരുവനും വ്യക്തിപരമായി നിശ്ചയമായ ഒരു ക്രിസ്തീയ സ്വഭാവമുായിരിക്കണം. അത് മറ്റാരുടെയും ആത്മീയ ജീവിതത്തെ ആശ്രയിച്ചുനിൽക്കുന്നതാകരുത്. മറ്റു ക്രൈസ്തവർ പ്രഖ്യാപിക്കയും ദൃഷ്ടാന്തപ്പെടുത്തുകയും ചെയ്യുന്ന സത്യവചനത്തിൽനിന്നു സ്വഭാവസ്ഥിരതയും സ്വന്തമായൊരു ആത്മീയ വ്യക്തിത്വവും പ്രദാനം ചെയ്യുന്ന ജീവിതപ്രമാണങ്ങൾ അയാൾക്കു കത്തൊം. ആദ്യകാലത്തു ക്രിസ്തീയ ജീവിതത്തിന് പ്രചോദനവും സ്വഭാവപൂർണ്ണത പ്രാപിക്കുന്നതിന് മാർഗ്ഗദർശനവും നൽകിയ പ്രിയപ്പെട്ട ഏതെങ്കിലും സഹോദരനോ സഹോദരിയോ വീണുപോയാലും (ഈ വീഴ്ച അസാധ്യമായ ഒന്നല്ല എന്ന് അപ്പൊസ്തൊലൻ സൂചിപ്പിക്കുന്നു. എബ്രാ. 6:4-6; ഗലാ.1:8) സത്യത്തിന്റെ ആത്മാവിനെ ഉൾക്കൊുകൊു പിന്നെയും ജീവനിൽ നിലനിൽക്കുവാൻ കഴിയുമാറ് ഓരോരുത്തരുടെയും ആത്മീയ വ്യക്തിത്വം സുദൃഢവും അസന്ദിഗ്ധവും ആയിരിക്കണം - Z'03, 375 (R 3250)

* * * * * *

ദൈവജനത്തിന്റെ ഹൃദയഗതമായ പുതിയ സൃഷ്ടിയാണ് "ക്രിസ്തു നിങ്ങളിൽ" എന്നത്. ആത്മീയ ലക്ഷ്യങ്ങൾക്കുതകുന്ന പുതിയ സിദ്ധികൾ ഇതു ഹൃദയത്തിനും മനസ്സിനും കൈവരുത്തുന്നു. ഈ ആയുസ്സിലും വിശ്വസ്തരായി നിലനില്ക്കുന്ന പക്ഷം ഭാവിയിലും അവർക്കു നൽകപ്പെടുന്ന സ്ഥാനത്തിന് അവരെ യോഗ്യരാക്കുന്നത് വിശുദ്ധമായ അഭിഷേകമാണ്. ക്രിസ്തു എന്നത് ഒറ്റ വ്യക്തിയല്ല, ഒരു സംഘമാണ്. ആ സംഘത്തിന്റെ ശിരസ്സ് ക്രിസ്തുവും ശരീരാംഗങ്ങൾ സഭയുമാണ് എന്ന വസ്തുത ഒരു ദിവ്യമർമ്മമാണ്, മർമ്മങ്ങളുടെ മർമ്മമാണ്. "നിങ്ങളിലുള്ള ക്രിസ്തു" ഉന്നതവും വിശുദ്ധവും സ്വർഗ്ഗീയവും മഹത്തരവുമത്രെ. ഈ സമ്പത്തിനു നാം ഉടമയായിരിക്കുന്നു എന്നതാണ് നമ്മിലുള്ള മഹത്ത്വത്തിന്റെ പ്രത്യാശയ്ക്കു അടിസ്ഥാനം. എന്തെന്നാൽ ഇതു നമ്മുടെ അവകാശത്തിന്റെ അച്ചാരമാണ്. വിശുദ്ധന്മാർക്കു വാഗ്ദത്തം ചെയ്യപ്പെട്ടിരിക്കുന്ന അവകാശത്തിന്റെ ഭാഗമായി നമ്മിലുളള ദിവ്യമായ മനസ്സും ഹൃദയവുമാണ് ഇത്. - P'36, 110.

* * * * * *

**സമാന്തരവേദഭാഗങ്ങൾ : മത്താ.3:16; അപ്പൊ.10:38;2:1-4;10:45-47; 2കൊരി.1:21; 1യോഹ.2:20,27; 1കൊരി.12:12,13;15:23; ഗലാ.3:16,29; എഫെ.4:13,15,16,23,24; കൊലൊ.1:23; 1പത്രൊ.4:13; എബ്രാ.3:14; റോമ.8:10; യോഹ.14:19;17:23,24; ഗലാ.2:20; ഫിലി.1:21; 2കൊരി.4:16; എഫെ.3:16; യോഹ.15:2-7; റോമ.12:4,5; 1കൊരി.1:30; റോമ.6:3;13:14; ഗലാ.3:26,27; 2കൊരി.5:17; കൊലൊ.3:10; റോമ.8:4,5**

ചോദ്യങ്ങൾ :- ഈ വേദവാക്യം ഈ ആഴ്ച എനിക്ക് എങ്ങനെ ഉപകരിച്ചു? ഏതു പരിതസ്ഥിതികളിൽ? എന്തു നേട്ടങ്ങൾ ഉായി?

# സെപ്റ്റംബർ 18

***എന്റെ സാന്നിദ്ധ്യം നിന്നോടുകൂടെ പോരും; ഞാൻ നിനക്കു സ്വസ്ഥത നൽകും - പുറ. 33 : 14***

കർത്താവിന്റെ സാന്നിദ്ധ്യം എപ്പോഴും അവന്റെ ജനത്തോടൊപ്പമുു്. അവൻ നമ്മെപ്പറ്റി സദാ വിചാരപ്പെടുന്നു, നമ്മുടെ ആവശ്യങ്ങളിൽ ശ്രദ്ധിക്കുന്നു. വിപത്തുകളിൽ നമുക്കു തുണനിൽക്കുന്നു; ഭൗമികവും ആത്മീയവുമായ കാര്യങ്ങളിൽ നമുക്കു വേി കരുതുന്നു. അവന്റെ നേർക്ക് നമുക്കുള്ള സ്നേഹാദരങ്ങളുടെ ഓരോ തുടിപ്പും അവൻ കുറിക്കൊള്ളുന്നു. നമ്മുടെ സ്വഭാവസംസ്കാരത്തിനും ആത്മസംയമനത്തിനും ഉതകുമാറ് ചുറ്റുപാടുകളുടെ പ്രേരണകളെ അവൻ രൂപാന്തരപ്പെടുത്തുന്നു. സഹായത്തിനോ സഹതാപത്തിനോ അവനുമായുള്ള കൂട്ടായ്മയ്ക്കോ വേിയുള്ള മന്ദസ്വരമായ അഭ്യർത്ഥനയ്ക്കു പോലും അവൻ മറുപടി നൽകുന്നു. നാം വിളിച്ചപേക്ഷിക്കുന്നപക്ഷം മദ്ധ്യാഹ്നത്തിലെ തിരക്കേറിയ മണിക്കൂറുകളും രാത്രിയിലെ നിശ്ശബ്ദയാമങ്ങളും അവന് അസമയമല്ല. അവന്റെ അഭംഗമായ വിശ്വസ്തതയെപ്പറ്റി നമുക്കുാകുന്ന ഈ അറിവ് എത്ര അനുഗ്രഹകരം! ദത്തുപുത്രത്വത്തിന്റെ ഈ തെളിവ് നിഷേധിക്കപ്പെടുന്ന ഒരു ദൈവപൈതലുമില്ല - Z'03, 376 (R 3250)

* * * * * *

മുഖം എന്ന പദമാണ് സാന്നിദ്ധ്യം എന്ന് ഇവിടെ പരിഭാഷപ്പെടുത്തിയിരിക്കുന്നത്. കർത്താവിന്റെ മുഖം അവന്റെ പ്രസാദത്തെ കുറിക്കുന്നു. മനുഷ്യരാശിയോടുള്ള അവന്റെ അപ്രീതി അവൻ അവർക്കു നേരെ പുറം തിരിയുമാറാക്കുന്നതുപോലെ അവന്റെ പ്രസാദം അവരുടെമേൽ മടങ്ങിവരുമ്പോൾ അവന്റെ മുഖം കാരുണ്യത്തിന്റെയും രോഗശാന്തിയുടെയും അനുഗ്രഹാശിസ്സുകളുടെയും കിരണങ്ങൾ പൊഴിച്ചുകൊ് അവരുടെമേൽ പ്രകാശിക്കും. ഇക്കാലത്തു ദൈവം തന്റെ ജനത്തിനു അവരുടെ വിശേഷാവകാശമായി തന്റെ കൃപ നൽകുന്നു. മറ്റെന്തിന്റെയൊക്കെ കുറവുായാലും ഈ ഒരു നേട്ടം നമ്മെ അതീവ ധന്യരാക്കുന്നു. നമ്മുടെ ആത്മീയ ശത്രുക്കളുടെമേൽ നാം വിജയം വരിക്കുമെന്ന് അവന്റെ പ്രസാദം നമുക്ക് ഉറപ്പു നൽകുന്നു. വിജയാനന്തരം പാപം, അസത്യം, സ്വാർത്ഥം, പ്രാപഞ്ചികത്വം ഇവയിൽനിന്നു ജ്ഞാനം, നീതി, സ്നേഹം, ശക്തി, രാജ്യതത്പരത ഇവയിലേക്കുള്ള സ്വാതന്ത്ര്യം വഴി നിത്യസമാധാനത്തിന്റെ കനാന്യ സ്വസ്ഥത കൊു നാം അനുഗൃഹീതരാകും. ദൈവത്തിന്റെ കാഴ്ചപ്പാടിൽ ഇതാണ് യഥാർത്ഥ സ്വസ്ഥത - P'30, 151, 152.

* * * * * *

**സമാന്തരവേദഭാഗങ്ങൾ : സങ്കീ.5:12;11:7;41:11,12;102:13; സദൃ.16:7; യെഹെ.39:29; ലൂക്കൊ.2:52; യോഹ.14:16-23; അപ്പൊ.10:35; എഫെ.1:6; എബ്രാ.4:14-16; 1പത്രൊ.2:9**

ചോദ്യങ്ങൾ :- ദൈവത്തിന്റെ കൃപയും അവനിലുള്ള സ്വസ്ഥതയും ഈ ആഴ്ചയിൽ എനിക്കു അനുഭവപ്പെട്ടോ? അവയെ ലഭിപ്പാൻ ഞാൻ എന്തു ചെയ്തു? അവയെ ഞാൻ എങ്ങനെ പ്രയോജനപ്പെടുത്തി?

# സെപ്റ്റംബർ 19

***സത്യത്താൽ അവരെ വിശുദ്ധീകരിക്കേണമേ; നിന്റെ വചനം സത്യമാകുന്നു. - യോഹ. 17 : 17***

കർത്താവ് ആത്മീയ ജീവിതത്തിന്റെ പുരോഗതിയെയും വികാസത്തെയും സത്യം സ്വീകരിക്കുകയും പാലിക്കുകയും ചെയ്യുന്നതിനോടു സദാ ബന്ധപ്പെടുത്തുന്നു. വിശ്വാസത്തിന്റെ ഉയർന്നപടിയിൽ എത്തിയിട്ടുള്ളവരോട് ക്രിസ്തുവും പരിശുദ്ധാത്മാവും വചനത്തിന്റെ ബന്ധം കൂടാതെ തന്നെ സംസാരിക്കുന്നു എന്നും വചനത്തിന്റെ രംഗപ്രവേശം പിന്നാലെയാണെന്നുമുള്ള ഉപദേശത്തെ സംബന്ധിച്ച് ഓരോ ദൈവപൈതലും കരുതലോടെയിരിക്കണം. ഇത് ആത്മീയമായ നിഗളത്തിനും പ്രശംസയ്ക്കും ഇടയാക്കും. തിരുവെഴുത്തുകൾ നൽകുന്ന മുന്നറിയിപ്പും ബുദ്ധ്യുപദേശങ്ങളും ഇതു വിഫലമാക്കും. എന്തെന്നാൽ ഇങ്ങനെ വഞ്ചിക്കപ്പെടുന്നവർ തങ്ങളിൽ ഒരു മികച്ച ഉപദേഷ്ടാവു കുടികൊള്ളുന്നു എന്ന മിഥ്യാബോധത്തിൽ കുടുങ്ങുന്നു. സാത്താൻ ഈ മിഥ്യാബോധത്തിൽ നിന്നു മുതലെടുക്കുകയും അവരെ അവന്റെ ഇച്ഛാനുവർത്തികളായി അടിമപ്പെടുത്തുകയും ചെയ്യുന്നു - Z'03, 377 (R 3250)

*　　*　　*　　*　　*　　*

ശുദ്ധീകരണം ഒരുവനെ പാപം, അസത്യം, സ്വാർത്ഥം, ലോകമയത്വം ഇവയിൽ നിന്നു വേർപെടുത്തി കർത്തൃവേലയ്ക്കായി പ്രതിഷ്ഠിക്കുന്നു. ശുദ്ധീകരണം അതിന്റെ പ്രവൃത്തി തുടരുന്ന മുറയ്ക്കു നമ്മുടെ ഇച്ഛകളെ നിർജ്ജീവമാക്കുകയും നമ്മുടെ ശരീരങ്ങളെ കർത്താവിനായി ബലിചെയ്യുകയും നമ്മുടെ സ്വഭാവത്തെ അവന്റെ സ്വഭാവത്തിന് അനുരൂപമാക്കുകയും ചെയ്യുന്നു. കർത്താവിനു നമ്മെത്തന്നെ യാഗമായി സമർപ്പിക്കാൻ നമ്മെ ശക്തരാക്കുന്നതും, പ്രതിഷ്ഠാജീവിതത്തിനു പ്രേരകവുമായ വിശ്വാസവും സ്നേഹവും ഹൃദയത്തിൽ ഉളവാക്കുകവഴിയാണ് വചനം നമ്മെ ശുദ്ധീകരിക്കുന്നത്. പുതിയ ഹൃദയവും മനസ്സും ഇച്ഛയും നമ്മിൽ അങ്കുരിപ്പിച്ച്, മാനുഷികേച്ഛകൾക്കു മരിച്ച് ദൈവേഷ്ടത്തിനു ജീവിക്കുക വഴി മരണത്തിനു ബലിവസ്തുവായി ഏല്പിച്ചു കൊടുക്കുവാൻ നമ്മെ ശക്തരാക്കിയും അത് അതിന്റെ പ്രവൃത്തി തുടരുന്നു. നമ്മെ വെടിപ്പാക്കിയും ബലപ്പെടുത്തിയും സമതുലിതാവസ്ഥയിലെത്തിച്ചും വളർച്ചയ്ക്കു വേ വീര്യം പകർന്നുകൊ് അതിന്റെ പ്രവർത്തനം പുരോഗമിക്കുന്നു. നമ്മെ പൂർണ്ണതയിലെത്തിച്ചുകൊ് ആ വേല പൂർത്തിയാക്കുന്നു. ഇതെല്ലാം ക്രിസ്തുവിൻ ശുശ്രൂഷവഴിയാകുന്നു താനും - P'35, 117,118.

*　　*　　*　　*　　*　　*

**സമാന്തരവേദഭാഗങ്ങൾ : യിരെ.1:5; അപ്പൊ.26:17,18; റോമ.15:16; 1കൊരി.1:2,30;6:11; ഗലാ.2:20;6:14; എഫെ.1:3,4;3:19;4:7,12-16;5:25-27; കൊലൊ.2:11; 1തെസ്സ.4:3,4;5:23; 2തെസ്സ.2:13,14; 2തിമൊ.2:21; എബ്രാ.2:11**

ചോദ്യങ്ങൾ :- ഈ വേദവാക്യം ഈ ആഴ്ചയിൽ എനിക്കു എങ്ങനെ ഉപകരിച്ചു? ഏതേതു പരിതസ്ഥിതികളിൽ? പരിണതഫലങ്ങൾ എന്തായിരുന്നു?

# സെപ്റ്റംബർ 20

***ഉന്നതനും ഉയർന്നിരിക്കുന്നവനും ശാശ്വതവാസിയും പരിശുദ്ധൻ എന്നു നാമമുള്ളവനുമായവൻ ഇപ്രകാരം അരുളിച്ചെയ്യുന്നു : ഞാൻ ഉന്നതനും പരിശുദ്ധനുമായി വസിക്കുന്നു; താഴ്മയുള്ളവരുടെ മനസ്സിനും മന സ്താപമുള്ളവരുടെ ഹൃദയത്തിനും ചൈതന്യം വരുത്തുവാൻ മനസ്താപവും മനോവിനയവുമുള്ളവരോടു കൂടെയും വസിക്കുന്നു -യെശ. 57 : 15***

തകർന്നും നുറുങ്ങിയുമിരിക്കുന്ന ഹൃദയത്തെ ദൈവം നിരസിക്കുന്നില്ല എന്ന വസ്തുത നാം ഒരിക്കലും വിസ്മരിക്കരുത്. അതുകൊ് ദൈവജനം ഏതു വിധമായ വിഷമാവസ്ഥയിൽ പതിച്ചാലും കർത്താവിൽ നിന്നുള്ള ക്ഷമയ്ക്കും അവന്റെ കൂട്ടായ്മയ്ക്കും ദാഹിക്കുന്നപക്ഷം, മനസ്സു തകർന്നും നുറുങ്ങിയുമിരി ക്കുന്നു എന്നു കാണുന്നപക്ഷം അവർ നിരാശപ്പെടാതിരിക്കട്ടെ. ക്രിസ്തു വിന്റെ പുണ്യം വഴി ദൈവം ഒരു പരിഹാരമാർഗ്ഗം ഒരുക്കിയിരിക്കുന്നു. ക്രിസ്തു വിലൂടെ, അവന്റെ രക്തത്തിലുള്ള വിശ്വാസത്തിലൂടെ അവകലേക്കു വരുന്ന ഏവരെയും സൗജന്യമായി സ്വീകരിച്ച് നീതീകരിക്കാൻ അതുവഴി അവനു കഴി യുന്നു. പാപത്തിന്റെ പേരിൽ മനസ്സു തകർന്നും നുറുങ്ങിയുമിരിക്കുന്നവർക്ക് തങ്ങൾ "മരണത്തിനായുള്ള പാപം" ചെയ്തിട്ടില്ല എന്നു സമാധാനിക്കാം. എന്തെ ന്നാൽ അവരുടെ ഹൃദയാവസ്ഥ ഇതിനു തെളിവാണ്. കാരണം "മരണ ത്തിനുള്ള പാപം ചെയ്തവരെ മാനസാന്തരത്തിലേക്കു പുതുക്കുവാൻ അസാധ്യ മെന്ന്" അപ്പൊസ്തൊലൻ പറയുന്നു -Z'03, 383 (R 3253)

* * * * * *

യഹോവ തന്റെ ആളത്വം, സ്വഭാവം, നിർണ്ണയം, പ്രവൃത്തികൾ എന്നിവ യിൽ സമുന്നതനാണ്. അവന്റെ ഔന്നത്യം അപരിമേയമത്രെ. മനുഷ്യരിൽ കുറ ച്ചുപേരെങ്കിലുമോ ദൂതന്മാരിൽ ആരെങ്കിലുമോ താണനിലയിലുള്ള ജീവികളുടെ പടിയിലേക്കും, വിശേഷിച്ചും അവരുടെ ഹൃദയപരമോ മാനസികമോ ആയ ഉന്ന മനത്തിനുവേി താണിറങ്ങിയിട്ടില്ല. എന്നിരുന്നാലും തന്റെ സ്ഥാനവും ആത്മാ വും നിർണ്ണയവും പ്രവൃത്തികളും സിദ്ധികളും വിനയശാലികൾക്കും ഹൃദയം നുറുങ്ങിയവർക്കും വേി വിനിയോഗിക്കുന്നതിൽ അവൻ ആനന്ദം കത്തെുന്നു. അവരുടെ അനുഗ്രഹത്തിനായി തന്റെ മാനുഷിക പുത്രന്മാരെ മരണത്തിന് ഏല്പിച്ചുകൊടുക്കാൻപോലും അവൻ മടിക്കുന്നില്ല. ഇത്രമേൽ ആദരണീയനായി മറ്റാരു? നമ്മിൽ നിന്നുള്ള വിശ്വാസത്തിനും സ്നേഹത്തിനും അനുസരണ ത്തിനും നന്ദിക്കും സ്തോത്രത്തിനും ശുശ്രൂഷയ്ക്കും വിശ്വസ്തതയ്ക്കും യോഗ്യനാണ് അവൻ - P'34, 128.

* * * * * *

**സമാന്തരവേദഭാഗങ്ങൾ : ആവ.10:17; സങ്കീ.8:9;57:5;97:2,6,9;145:5,11,12; യെശ.2:10; 6:1,3;35:2; യെഹെ.1:26-28; ഉല്പ.19:16; പുറ.15:13;22:27;34:6,7; സംഖ്യാ.14:18-20; ന്യായാ.2:18; 2ശമു.12:13; എസ്രാ.9:9,13; നെഹെ.9:17,27-31; ഇയ്യോ.33:14-30;സങ്കീ.30:5;32:1,2,5;85:10; 103:3,8-14,17; മത്താ.18:11-14,23-27; ലൂക്കൊ.1:50,77,78; എഫെ.2:4-7; എബ്രാ.4:16; 1പ ത്രൊ.3:8,15; 1യോഹ.1:9**

ചോദ്യങ്ങൾ :- ഈ ആഴ്ച ദൈവം തന്റെ കരുണ എന്നോട് എങ്ങനെ പ്രദർശി പ്പിച്ചു? അതു ഞാൻ എപ്രകാരം സ്വീകരിക്കുകയും പ്രയോജനപ്പെടുത്തുകയും ചെയ്തു? ഫലങ്ങൾ എന്തായിരുന്നു?

# സെപ്റ്റംബർ 21

***മരണനിഴലിൻതാഴ്വരയിൽകൂടി നടന്നാലും ഞാൻ ഒരനർത്ഥവും ഭയപ്പെടുകയില്ല. - സങ്കീ. 23 : 4***

കർത്താവിന്റെ യഥാർത്ഥ അജഗണത്തിലെ ആടുകൾ ഒരു ദോഷവും ഭയപ്പെടുന്നില്ല. എന്തെന്നാൽ കർത്താവ് അവരിൽ പ്രസാദിക്കുന്നു. അവൻ അവരുടെ പക്ഷത്തു്. അവർക്കായി കണക്കിട്ടിരിക്കുന്ന വീടെുപ്പർത്ഥം ഈ കൃപയ്ക്കു തെളിവാണ്. വാഗ്ദത്തത്തിന്റെ വചനങ്ങൾവഴിയും അവൻ അവരോടുകൂടെ ഉായിരിക്കും. മരണത്തോടുകൂടി ജീവിതത്തിന് എന്നേക്കുമായി തിരശ്ശീല വീഴുകയല്ലെന്നും അതു പുനരുത്ഥാനം വരെ ക്രിസ്തുവിലുള്ള പ്രശാന്തനിദ്ര മാത്രമാണെന്നുമുള്ള വാഗ്ദത്തം തന്നെ. ഹൃദയങ്ങളിൽ ഉല്ലസിച്ചു കർത്താവിനുപാടിയും കീർത്തനം ചെയ്തും നമ്മെ സ്നേഹിച്ചു തന്റെ രക്തത്താൽ നമ്മെ വിലയ്ക്കു കൊ കർത്താവിന്റെ മഹത്തും വിശുദ്ധവുമായ നാമത്തെ സർവ്വാത്മനാ പുകഴ്ത്തുകയും ഉയർത്തുകയും ചെയ്തുകൊ് മരണനിഴലിൻ താഴ്വരയിലൂടെ സഞ്ചരിക്കാൻ ഇവർ ശക്തരാകുന്നതിൽ വിസ്മയിക്കാനെന്തുള്ളൂ! - Z'03, 413 (R 3268)

*　　*　　*　　*　　*　　*

മരണനിഴലിൻ താഴ്വര എന്നത് ശാപത്തിന്റെ അവസ്ഥയാകുന്നു. പാപം, അസത്യം, അധോഗതി, ദുഃഖം, ഉപദ്രവം, വേദന, രോഗം, നഷ്ടങ്ങൾ ആശാഭംഗങ്ങൾ, ക്ഷയോന്മുഖത്വം എന്നിവയുടെ രൂപത്തിൽ മരണനിഴൽ അതിനുമുമ്പേ സഞ്ചരിച്ചുകൊ് ഈ താഴ്വരയെ ഇരുട്ടിലാഴ്ത്തുന്നു. പിറവിമുതൽ പ്പിണമാകും വരെ നാം ഈ ഇരു താഴ്വരയിലൂടെ കടന്നുപോകുന്നു. ബഹുഭൂരിപക്ഷവും ഭീതിയോടെ ഈ താഴ്വര തരണം ചെയ്യുന്നു. ഈ താഴ്വരയുടെ ആഘാതങ്ങളെ ധീരമായും ശാന്തമായും നേരിടാൻ തങ്ങളെ ശക്തരാക്കുന്ന അനുഗ്രഹങ്ങൾ ദൈവത്തിന്റെ കുഞ്ഞുങ്ങൾക്ക് ഇവിടെയു്. എന്തെല്ലാം ദോഷങ്ങൾ നേരിട്ടാലും അത് അവരുടെ ജഡത്തിനേ ബാധകമാകൂ. അവരുടെ പുതിയ ഹൃദയവും മനസ്സും ഇച്ഛയും സുരക്ഷിതമായിരിക്കും. എന്തെന്നാൽ അവരുടെ സഹായകനായ ദൈവം എല്ലാം അവരുടെ നന്മയ്ക്കായി കൂടി വ്യാപരിക്കുമാറാക്കുകയും പുനരുത്ഥാനത്തിൽ എല്ലാ തിന്മകളിൽ നിന്നുമുള്ള ശാശ്വത വിമോചനത്തിന്റെ പ്രത്യാശ അവർക്കു നൽകുകയും ചെയ്യുന്നു. അതുകൊ് ഈ താഴ്വരയിൽ ആയിരിക്കുമ്പോൾ അവർ ഒരു ദോഷവും ഭയപ്പെടുന്നില്ല - P'33, 147

*　　*　　*　　*　　*　　*

**സമാന്തരവേദഭാഗങ്ങൾ : ഇയ്യോ.3:13;14:2,5,7-12,13,14,19-21;17:13-16; 21:23-26,32,33;38:17; സങ്കീ.3:6; റോമ.5:12,14,17; ഹോശെ.13:14; 1കൊരി.15:21-23,26,41-58; 1തെസ്സ.4:13-17; വെളി.1:18; റോമ.14:8; ഫിലി.1:21; എബ്രാ.13:14; സങ്കീ.27:1;56:4,11; 118:6;44:19; റോമ.8:15**

ചോദ്യങ്ങൾ :- ഈ വേദവാക്യത്തോടനുബന്ധിച്ച് ഈ ആഴ്ചയിലെ അനുഭവങ്ങൾ എന്തെല്ലാമായിരുന്നു? അവയെ എങ്ങനെ അഭിമുഖീകരിച്ചു? അവ എന്തു ഫലങ്ങൾ ഉളവാക്കി?

# സെപ്റ്റംബർ 22

***നന്മയും കരുണയും എന്റെ ആയുഷ്ക്കാലമൊക്കെയും എന്നെ പിന്തുടരും; ഞാൻ യഹോവയുടെ ആലയത്തിൽ ദീർഘകാലം വസിക്കും - സങ്കീ. 23 : 6***

രാജ്യത്തിൽ നാം പ്രതീക്ഷിക്കുന്ന നന്മയും കരുണയും ഇവിടെത്തന്നെ ആരംഭിച്ചിരിക്കുന്നു. ആ നിലയിൽ നാം അതിനെ രുചിച്ചറിയണം. ഏതല്ക്കാലത്ത് കർത്താവിലുള്ള സന്തോഷത്തെപ്പറ്റി അജ്ഞരായിരിക്കുന്നവർ രാജ്യത്തിൽ കർത്താവിലുള്ള പ്രമോദത്തിന് ഒരുക്കപ്പെട്ടവരായിരിക്കയില്ല. സഹസ്രാബ്ദയുഗത്തിൽ രാജ്യം മുഖേന കൈവരാവുന്ന ഏതു വിധമായ അനുഗ്രഹത്തിനും ആനന്ദത്തിനും ഇതു ബാധകമാണ്. അവന്റെ വിശ്വസ്ത ജനത്തിന് ആനന്ദവും ഉല്ലാസവും നൽകപ്പെടുന്നു എന്നത് ഒരു യാഥാർത്ഥ്യമാണ്. കർത്താവിങ്കൽനിന്നുള്ള അംഗീകാരത്തിന്റെയും അവനായുള്ള സമർപ്പണത്തിന്റെയും ആദ്യനാളുകളിലെ ഒരു ക്ഷണികവികാരമല്ലത്. ഈ നന്മയും കരുണയും ഏതോ വിദൂരഭൂതകാലത്തിലെ വിഷയമായിട്ടല്ല, വർത്തമാനകാല യാഥാർത്ഥ്യമായിത്തന്നെ വീക്ഷിക്കപ്പെടുകയും വിലമതിക്കപ്പെടുകയും വേണം. നാൾതോറും ദൈവത്തിന്റെ നന്മയും കരുണയും നമ്മെ പിന്തുടരുകയും ഉന്മേഷിപ്പിക്കയും ശക്തിപ്പെടുത്തുകയും അനുഗ്രഹിക്കുകയും ചെയ്യുന്നു- Z'03, 413 (R 3268)

*  *  *  *  *  *

ദൈവത്തിൽ നിന്നുള്ള നന്മയും കരുണയും നമ്മിലുള്ള പുതിയ മനസ്സിനെയും മാനുഷികതയെയും അനുഗ്രഹിക്കുന്നു. ഇവിടെ നന്മ എന്നത് മാനുഷിക താല്പര്യങ്ങളെ തീർത്തും ഒഴിച്ചു നിർത്തിക്കൊല്ലെങ്കിലും മുഖ്യമായും ആത്മീയ താത്പര്യങ്ങളെ സംബന്ധിച്ചാണ്. അതുപോലെ തന്നെ കരുണ എന്നത് ആത്മീയ താത്പര്യങ്ങളെ തീർത്തും ഒഴിവാക്കിക്കൊല്ലെങ്കിലും മുഖ്യമായും മാനുഷിക താത്പര്യങ്ങളെ സംബന്ധിച്ചാണ്. ഇവ ലഭിക്കുക എന്നത് നമ്മുടെ മഹത്തായ അവകാശമാണ്. അതാകട്ടെ ദൈവരാജ്യത്തിലേക്കുള്ള നമ്മുടെ പ്രയാണത്തിൽ ഏതാനും ദൂരമല്ല, ഉടനീളം തന്നെ. നമ്മുടെ യാത്രയിൽ ആദ്യവസാനം നമുക്ക് ആവശ്യമായ കരുണയും സത്യവും നൽകുന്നതിലുള്ള കർത്താവിന്റെ വിശ്വസ്തതയിൽ നാം ഒരു നിമിഷം പോലും സംശയാലുക്കളാകരുത്. അവൻ ഒരിക്കലും പരാജിതനാകയോ നമ്മെ കൈവിടുകയോ ഇല്ല. അവസാനത്തോളമുള്ള നമ്മുടെ വിശ്വസ്തത തെളിയിക്കപ്പെട്ടു കഴിയുമ്പോൾ ദൈവഭവനത്തിലെ അംഗത്വം നമ്മുടെ നിത്യാവകാശമായിത്തീരും - P'32, 136.

*  *  *  *  *  *

**സമാന്തരവേദഭാഗങ്ങൾ:പുറ.15:13;20:6;33:19;34:6; 2ദിന.5:13; നെഹെ.9:17, 27-31; സങ്കീ.23:1-5;33:5;73:1;103:1-17; യാക്കോ.1:17; യോഹ.14:2,3; എഫെ.2:19-22; 1പത്രൊ.2:5**

ചോദ്യങ്ങൾ :- ഈ വേദവാക്യത്തോടനുബന്ധിച്ച് ഈ ആഴ്ചയിലുായ അനുഭവങ്ങൾ ഏതെല്ലാമായിരുന്നു? അവയെ എങ്ങനെ നേരിട്ടു? അവ എന്നിൽ എന്തു പ്രതികരണമുളവാക്കി?

# സെപ്റ്റംബർ 23

***വിശുദ്ധന്മാർക്ക് ഒരിക്കലായിട്ടു ഭരമേൽപ്പിച്ചിരിക്കുന്ന വിശ്വാസത്തിനുവേ പോരാടുവിൻ - യൂദാ. 3***

നാം നടത്തുന്ന വിശ്വാസത്തിന്റെ നല്ലപോർ ദൈവവചനത്തിനും ദൈവസ്വഭാവത്തിനും വേിയുള്ള പ്രതിരോധയത്നങ്ങളുടെ രൂപത്തിലാണ്. എന്തുവില കൊടുക്കേിവന്നാലും ശത്രുക്കൾ എത്ര അസംഖ്യമായിരുന്നാലും സത്യത്തിനുവേി നിലകൊള്ളാനുള്ള സന്നദ്ധത എന്നാണിതിനർത്ഥം. കർത്താവും അപ്പൊസ്തൊലന്മാരും വിളംബരം ചെയ്തതും സകലമനുഷ്യർക്കും ഇനിയും കൈവരേിയിരിക്കുന്നതുമായ മഹാസന്തോഷത്തിന്റെ സദ്വർത്തമാനത്തെ വളച്ചൊടിക്കുന്ന വിശ്വാസങ്ങളെയും സിദ്ധാന്തങ്ങളെയും നേരിടാനുള്ള സന്നദ്ധത തന്നെ. പിന്നെയും അപ്പൊസ്തൊലൻ പറയുന്നു : "സുവിശേഷത്തിനുവേിയുള്ള പ്രതിവാദത്തിനായി എന്നെ നിറുത്തിയിരിക്കുന്നു." സത്യത്തിനുവേി അടരാടുന്നതിൽ കുറഞ്ഞൊന്നും നമുക്കു ചെയ്യാനില്ല. സത്യം ദൈവത്തെ പ്രതിനിധാനം ചെയ്യുന്നു ; ക്രിസ്തുവിനെ പ്രതിനിധാനം ചെയ്യുന്നു. അതുകൊ് അതു നമ്മുടെ പതാകയാണ്. യഥാർത്ഥ പടയാളികളെന്ന നിലയിൽ ജീവൻ കൊടുത്തും നാം നമ്മുടെ പതാകയുടെ മാനം കാക്കണം - Z'03, 423 (R 3272)

* * * * * *

വിശുദ്ധന്മാർക്ക് ഒരിക്കലായി ഭരമേൽപ്പിക്കപ്പെട്ട വിശ്വാസം എന്നതിൽ ദൈവദത്തമായ തിരുവെഴുത്തുകൾ വഴി ദൈവം തന്റെ സുവിശേഷയുഗസത്യജനങ്ങൾക്കു നൽകിയിരിക്കുന്ന ഉപദേശങ്ങൾ, ചട്ടങ്ങൾ, വാഗ്ദത്തങ്ങൾ, പ്രബോധനങ്ങൾ, പ്രവചനങ്ങൾ, ചരിത്രങ്ങൾ, പ്രതിരൂപങ്ങൾ ഇവ അടങ്ങിയിരിക്കുന്നു. വീണുപോയ ദൂതന്മാർക്കും മനുഷ്യർക്കും സമരമുഖത്ത് കേന്ദ്രീകരിക്കാൻ സാധ്യമായ മുഴുവൻ ശക്തിയോടും സ്പർദ്ധയോടും കൂടി ഈ വിശ്വാസങ്ങൾ ആക്രമണവിധേയമായിക്കൊിരിക്കുന്നു. ദൈവത്തിന്റെ അരുളപ്പാടുകളുടെ കാവൽക്കാർ എന്ന നിലയിൽ, ഭീരുക്കളെപ്പോലെ ഈ ആക്രമണം നിർബാധം തുടരാൻ അനുവദിക്കുന്നപക്ഷം നമ്മിൽ അർപ്പിക്കപ്പെട്ട കാര്യവിചാരകത്വത്തോടു നാം അവിശ്വസ്തരെന്നുവരും. ദൈവത്തിന്റെ സർവ്വായുധവർഗ്ഗം ധരിച്ചു സത്യത്തിനെതിരായുള്ള അസത്യത്തിന്റെ ഈ ആക്രമണത്തെ നാം ചെറുത്തു നിൽക്കണം. നമ്മുടെ മുഴുവൻ ജ്ഞാനവും ശക്തിയും നീതിയും സ്നേഹവും സമാഹരിച്ചുകൊു പ്രത്യാക്രമണം വഴി അസത്യങ്ങളുടെ എതിർപ്പിനെ നിർവീര്യമാക്കുകയും ആ ചങ്ങലക്കെട്ടുകളുടെ തടവിൽ നിന്നു നമ്മുടെ സഹോദരവർഗ്ഗത്തെയും സുഹൃത്തുക്കളെയും മോചിപ്പിക്കുകയും വേണം - P'26, 125, 126.

* * * * * *

**സമാന്തരവേദഭാഗങ്ങൾ : അപ്പൊ.17:2;18:4,19;20:27;24:25; 1കൊരി.9:23-27; ഗലാ.2:2-5,12-14;5:7; 2പത്രൊ.2:1; ഫിലി.2:16; 2തിമൊ.2:5;4:7**

ചോദ്യങ്ങൾ :- ഞാൻ ഈ ആഴ്ച സത്യത്തിനുവേി അടരാടിയോ? എപ്രകാരം? എന്തുകൊ്? ഫലങ്ങൾ ഏവ?

# സെപ്റ്റംബർ 24

***ഞാൻ തന്നെ കൊള്ളരുതാത്തവനായി പോകാതിരിപ്പാൻ എന്റെ ശരീരത്തെ ദണ്ഡിപ്പിച്ച് അടിമയാക്കുകയത്രെ ചെയ്യുന്നത് - 1 കൊരി. 9:27***

മരിച്ചതായി എണ്ണപ്പെട്ടിരിക്കുന്ന ശരീരത്തിന് അഥവാ ജഡത്തിന് ആ മൃതാവസ്ഥയിൽ നിന്ന് ഉയിർകൊള്ളുന്നതിനുള്ള ഒരു പ്രവണതയു്. അതുകൊ്, പുതിയപ്രകൃതിക്ക് ജഡത്തിന്റെമേലുള്ള ആധിപത്യം പുലർത്തുകയും വിശ്വാസത്തിന്റെ നല്ലപോർ പൊരുതുകയും ഒരു ജേതാവിനൊത്തവിധം വിരുതു പ്രാപിക്കുകയും ചെയ്യേതിന് സദാ ജാഗരൂകമാകേിയിരിക്കുന്നു. ജഡത്തിനെതിരായുള്ള പുതുമനസ്സിന്റെ ഈ പോരാട്ടം വീഴ്ചഭവിച്ച പ്രകൃതിയുടെ ബലഹീനതകൾക്കും പാപങ്ങൾക്കും എതിരായിട്ടാണെന്ന അർത്ഥത്തിൽ "നല്ലപോർ " എന്ന വിശേഷണം ഉചിതമാണ്. "കാഴ്ചയാൽ അല്ല, വിശ്വാസത്താലത്രേ ഞങ്ങൾ നടക്കുന്നത്" എന്ന് അപ്പൊസ്തൊലൻ പറയുന്നതുപോലെ ക്രിസ്ത്യാനിയുടെ ജീവിതം ഒരു വിശ്വാസജീവിതമാണ്. അതുകൊ് ഈ പോരാട്ടങ്ങൾ വിശ്വാസത്തിന്റെ പോരാട്ടമാണ്, സഹായശൈലം എന്ന നിലയിൽ കർത്താവിലും അവന്റെ വാഗ്ദത്തങ്ങളിലുമുള്ള വിശ്വാസത്തിന്റെ അടിസ്ഥാനത്തിലല്ലാതെ സ്വന്തം ജഡത്തിനും അതിന്റെ അഭിരുചികൾക്കും ആഗ്രഹങ്ങൾക്കും എതിരായി ഇപ്രകാരമൊരു പോരാട്ടം ആർക്കും സാധ്യമല്ലെന്ന അർത്ഥത്തിൽ ഇതു വിശ്വാസത്തിന്റെ പോരാട്ടവുമാണ്- Z'03, 425 (R 3272)

* * * * * *

ശരീരത്തെ ദണ്ഡിപ്പിക്കുന്നതും അതിനെ അടിമയാക്കുന്നതും വ്യത്യസ്ത കാര്യങ്ങളാണ്. നമ്മുടെ നിയന്ത്രണം കൈയടക്കാനുള്ള ശരീരത്തിന്റെ ശ്രമങ്ങളെ അമർച്ചചെയ്യുകയും അതു ലക്ഷ്യം വയ്ക്കുന്നതിൽനിന്നു നമ്മുടെ ലൗകിക താത്പര്യങ്ങളെ വിച്ഛേദിക്കുകയും അതിന്റെ ആക്രമണങ്ങൾക്കു നാം അപ്രതിരോധ്യരെന്നു തെളിയിക്കുകയും ചെയ്യുമ്പോൾ നാം ശരീരത്തെ ദണ്ഡിപ്പിക്കുന്നു. പുതിയ ഹൃദയവും മനസ്സും ഇച്ഛയും ശരീരത്തെ പിടിയിലൊതുക്കി ദൈവേഷ്ടത്തിന് അടിമയാക്കി സത്യത്തിന്റെയും നീതിയുടെയും വിശുദ്ധിയുടെയും സേവനത്തിന് ഉപകരണമാക്കുമ്പോൾ നാം അതിനെ അടിമയാക്കുന്നു. നമ്മുടെ വിളിയുടെ വിരുതു നേടുന്നതിന് ഇവ രും ചെയ്യണം. നിത്യജീവൻ നേടുന്നതിന് മറ്റു പലതും ചെയ്യേിയിരിക്കെത്തന്നെ വിജയത്തിന് ഇത് അപരിത്യാജ്യമാണ്. ഇതിൽ പരാജയപ്പെടുന്നവൻ ജേതാവാകയില്ല. വിരുതു സംബന്ധിച്ച് അവൻ ഭ്രഷ്ടന്മാരുടെ കൂട്ടത്തിലാകും - P'36, 110.

* * * * * *

**സമാന്തരവേദഭാഗങ്ങൾ : 1കൊരി.9:25,26; 2കൊരി.6:4,5; റോമ.8:13; അപ്പൊ.1:25; 2പത്രൊ.2:15; എഫെ.4:22; കൊലൊ.3:5; യിരെ.6:30; ലൂക്കൊ.9:25; 2കൊരി.13:5,6**

ചോദ്യങ്ങൾ :- ഈ ആഴ്ചയിൽ എനിക്കുായ അനുഭവങ്ങൾ ഈ വേദവാക്യവുമായി എങ്ങനെ പൊരുത്തപ്പെട്ടു? അതിൽ സഹായകമായും പ്രതിബന്ധമായും വർത്തിച്ചതെന്ത്? പരിണതഫലങ്ങൾ എന്തായിരുന്നു?

# സെപ്റ്റംബർ 25

***അവൻ നമുക്കു ദൈവത്തിങ്കൽ നിന്നു ജ്ഞാനവും നീതിയും ശുദ്ധീകരണവും വീടെുപ്പുമായിത്തീർന്നു - 1 കൊരി. 1 : 30***

നമ്മുടെ പതിതാവസ്ഥയും ഉദ്ധാരണവും സംബന്ധിച്ചു നാം ബോധവാന്മാരാകുമാറ്, നമ്മെ വീടെുത്തവൻ അഥവാ സ്വന്തജീവൻ ബലിയർപ്പിച്ചു നമ്മെ വിലയ്ക്കുകൊവൻ, നമ്മുടെ പ്രവാചകൻ അഥവാ ഗുരുവെന്ന നിലയിൽ സുവിശേഷം മുഖേന നമുക്കു ജ്ഞാനം നൽകുന്നു. നമ്മുടെ പുരോഹിതൻ എന്ന നിലയിൽ അവൻ ഒന്നാമതു നമ്മെ നീതീകരിക്കുന്നു. അനന്തരം നമ്മെ വിശുദ്ധീകരിക്കുന്നു. അഥവാ സമർപ്പണത്തിലേക്കു നയിക്കുന്നു. അവസാനമായി രാജാവെന്ന നിലയിൽ പാപത്തിന്റെയും മരണത്തിന്റെയും ആധിപത്യത്തിൽനിന്ന് അവന്റെ രാജ്യത്തിലുള്ള മഹത്ത്വപൂർണമായ അവകാശത്തിനായി തന്റെ വിശ്വസ്തജനത്തിന് അവൻ പൂർണ്ണ വിമോചനം നൽകുന്നു. എന്തെന്നാൽ "യേശുമൂലം അവൻ നമ്മെയും (മരണത്തിൽ നിന്നും) എഴുന്നേൽപ്പിക്കും".

"ഹല്ലേലുയ്യ! എത്ര വലിയ രക്ഷകൻ!"

അവൻ മുഖാന്തരം ദൈവത്തോടു സമീപിക്കുന്നവരെ പൂർണ്ണമായി രക്ഷിഷാൻ അവൻ സത്യമായും ശക്തനും സന്നദ്ധനുമാണ് - Z'03, 440 (R 3279)

*  *  *  *  *  *

നമ്മുടെ ആവശ്യങ്ങൾ എല്ലാം നിർവ്വഹിക്കുന്നതിന് ദൈവം യേശുവിനെ നിയോഗിച്ചിരിക്കുന്നു. ദൈവത്തിന്റെ ആലോചന മുഴുവൻ നമ്മെ പഠിപ്പിക്കുകവഴി അവൻ നമുക്കു ജ്ഞാനമായിരിക്കുന്നു. തന്റെ പുണ്യം നമുക്കു കണക്കിട്ടുതരികയും നീതി പരിശീലിക്കാൻ നമ്മെ ശക്തരാക്കുകയും ചെയ്യുകവഴി അവൻ നമ്മുടെ നീതിയായിരിക്കുന്നു. നമ്മുടെ മനുഷ്യത്വം മരണത്തിനു സമർപ്പിക്കുകയും പൂർണ്ണമായി ബലിയായിത്തീരാൻ നമ്മെ പ്രാപ്തരാക്കുകയും ചെയ്യുകവഴി അവൻ നമ്മുടെ ശുദ്ധീകരണമായിരിക്കുന്നു. ആ നിലയ്ക്ക് എല്ലാ സദ്വിചാരങ്ങളിലും സദ്ഗുണങ്ങളിലും സദ്വചനങ്ങളിലും സത്പ്രവൃത്തികളിലും വളരാൻ നമ്മെ സഹായിക്കുകയും ചെയ്യുന്നു. എതിർശക്തികളെ കീഴടക്കാൻ പോരുന്ന വിശ്വാസവും പ്രത്യാശയും സ്നേഹവും അനുസരണവും ഉള്ളവരായിരിക്കാൻ നമ്മെ സഹായിക്കുക വഴി, എല്ലാ ആത്മീയശത്രുക്കളുടെമേലും വിജയം വരിക്കാൻ നമ്മെ ശക്തരാക്കുന്നതിനാൽ അവൻ നമുക്കു വിമോചനമായിത്തീരുന്നു - P'30, 152.

*  *  *  *  *  *

**സമാന്തരവേദഭാഗങ്ങൾ : യിരെ.9:23,24; മത്താ.23:8,10; 1കൊരി.1:18-29; കൊലൊ.3:2; റോമ.3:21-26;4:20-25;5:1;10:3-14; യോഹ.17:17-19; അപ്പൊ.26:17,18; 1കൊരി.1:2; എഫെ.5:25-27; എബ്രാ.2:11; റോമ.11:26; ലൂക്കൊ.4:18; മത്താ.6:13; റോമ.7:24,25; 2തിമൊ.4:18; എബ്രാ.2:15**

ചോദ്യങ്ങൾ :- ഈ ആഴ്ചയിൽ ഞാൻ യേശുവിനെ എന്റെ ഗുരുവായും എന്നെ നീതീകരിക്കുകയും ശുദ്ധീകരിക്കുകയും വിമോചിപ്പിക്കുകയും ചെയ്യുന്നവനായും അംഗീകരിച്ചുവോ? അതിൽ പ്രതികൂലമായി വർത്തിച്ചതെന്ത്? അനുകൂലമായി വർത്തിച്ചതെന്ത്? അതു നിമിത്തം എന്തു നേട്ടമുായി?

# സെപ്റ്റംബർ 26

***ക്രിസ്തുയേശുതന്നെ പ്രധാന മൂലക്കല്ലായിരിക്കെ അവനിൽ കെട്ടിടം മുഴുവൻ യുക്തമായിച്ചേർന്ന് കർത്താവിൽ വിശുദ്ധമന്ദിരമായി വളരുന്നു. അവനിൽ നിങ്ങളെയും ദൈവത്തിന്റെ നിവാസമാകേതിന് ആത്മാവിനാൽ ഒന്നിച്ചു പണിതുവരുന്നു. - എഫെ. 2 : 20-22***

നാളുകൾ പിന്നിടുന്തോറും ഈ ആലയത്തോടു നമുക്കുള്ള ത്രിവിധമായ ബന്ധത്തെക്കുറിച്ച് ചിന്തിക്കുക : (1) നാം ഇപ്പോഴും ജീവനുള്ള കല്ലുകൾ എന്ന നിലയിൽ തയ്യാറാക്കപ്പെടലിന്റെ വിവിധ ഘട്ടങ്ങൾ പിന്നിട്ടുകൊിരിക്കയാണ്. (2) പേടകം ചുമക്കുന്ന രാജകീയപുരോഹിതകുലത്തിലെ അംഗങ്ങൾ എന്ന നിലയിൽ നാം കൂടാരത്തിന്റെ അവസ്ഥയിൽനിന്ന് ആലയത്തിന്റെ അവസ്ഥയിലേക്കുള്ള പാതയിലാണ്; നമ്മിൽ ചിലർ അതിൽ ഇപ്പോൾതന്നെ പ്രവേശിച്ചിരിക്കുന്നു. ശേഷിച്ചിരിക്കുന്നവരാകട്ടെ പ്രയാണത്തിലാണ്. (3) കർത്താവിന്റെ ജനം എന്ന നിലയിൽ ദിവ്യകരുണയുടെയും നീതിയുടെയും സ്നേഹത്തിന്റെയും സത്യത്തിന്റെയും പുതിയപാട്ട് പഠിക്കുകയും ആത്മാവിലും തിരിച്ചറിവിലും പാടുകയും ചെയ്യുന്നതിനുള്ള സമയം സമാഗതമായിരിക്കുന്നു. നമ്മുടെ ഭാഗം നിവർത്തിച്ചുകൊ് ഇവയിൽ ഓരോന്നിലും നമുക്കു വിശ്വസ്തത പാലിക്കാം. നമ്മുടെ ദൗത്യം അചിരേണ സമാപിക്കയും കർത്താവിന്റെ തേജസ്സുകൊ് ആലയം നിറയുകയും ചെയ്യും - Z'03, 443 (R 3282)

*　　*　　*　　*　　*　　*

ക്രിസ്തുവാണ് ജീവനുള്ള ദൈവത്തിന്റെ ആലയം. അപ്പൊസ്തൊലന്മാരും സുവിശേഷയുഗത്തിലെ പ്രവാചകന്മാരും അതിന്റെ അടിസ്ഥാനക്കല്ലുകളും യേശു പ്രധാനമൂലക്കല്ലും ശേഷമുള്ള വിശ്വാസികൾ മറ്റു കല്ലുകളുമാണ്. ദൈവത്തിന്റയും ക്രിസ്തുവിന്റെയും മേൽനോട്ടത്തിൽ സുവിശേഷയുഗത്തിൽ ഈ കല്ലുകൾ തയ്യാറാക്കപ്പെട്ടു. ഓരോ കല്ലും ഒറ്റയ്ക്കും പരസ്പര ബന്ധത്തിലും വെട്ടുക, വേർപെടുത്തുക, മുറിക്കുക, ചെത്തുക, ഉരുമ്മുക, മിനുക്കുക, മുതലായ ക്രിയകൾക്കു വിധേയപ്പെട്ടു കൊടുക്കണം. ഐക്യവും പൊരുത്തവും വൈവിധ്യവും അവയെ നിർമ്മാണയോഗ്യമാക്കുന്ന പ്രക്രിയയുടെ ഭാഗങ്ങളാണ്. കല്ലുകളെല്ലാം ഒരുക്കപ്പെട്ടു കഴിയുമ്പോൾ അവ ആലയത്തിൽ അന്യോന്യം ഇണക്കത്തിലും യോജിപ്പായും ഭംഗിയായും ചേർത്തു പണിയപ്പെടും. അപ്പോൾ അതു യഹോവയുടെ തേജസ്സു കൊു നിറയുകയും അവന്റെ വിശ്രാമസ്ഥലമായിത്തീരുകയും ചെയ്യും. മാനവരാശിയുമായുള്ള അവന്റെ സമാഗമസ്ഥാനവും ലോകത്തിന്റെ അനുഗ്രഹസങ്കേതവുമായിരിക്കും അത് - P'35,118

*　　*　　*　　*　　*　　*

**സമാന്തരവേദഭാഗങ്ങൾ: മത്താ. 16:16-18; 1പത്രൊ.2:4,5; യെശ.28:16; മത്താ.21:42; സങ്കീ.118:22,23; എഫെ.4:14-16; 1കൊരി.6:19; 2കൊരി.6:16; യോഹ.14:16-18,23; റോമ.8:9**

ചോദ്യങ്ങൾ :- ഈ വേദവാക്യത്തോടുള്ള ബന്ധത്തിൽ ഈ ആഴ്ചയിലെ അനുഭവങ്ങൾ ഏവയായിരുന്നു? അവയെ എങ്ങനെ നേരിട്ടു? അതിൽ സഹായകമോ പ്രതിബന്ധമോ ആയതെന്ത്? അവ ഏതു സാഹചര്യത്തിൽ സംഭവിച്ചു? അവ ഏതിൽ പരിണമിച്ചു?

# സെപ്റ്റംബർ 27

***നിന്റെ ദൈവമായ കർത്താവിനെ പരീക്ഷിക്കരുത് - മത്താ. 4 : 7***

കർത്താവിന്റെ നാമത്തിൽ ചില അത്ഭുത പ്രവൃത്തികൾ ചെയ്യുകയും അതുവഴി തങ്ങൾക്കു തന്നെയും അന്യർക്കും തങ്ങൾ ദൈവത്തിന്റെ പ്രീതിപാത്ര ങ്ങളെന്നു തെളിയിക്കുകയും ചെയ്യാനുള്ള പ്രലോഭനം ദൈവജനത്തെ നിര ന്തരം വേട്ടയാടുന്നു. അവയാൽ നമ്മുടെ നേർക്കുള്ള കൃപയും നമുക്ക് അവന്റെ അടുത്തുള്ള വലിപ്പവും തെളിയിക്കുകയോ ലോകത്തിനു ബോധ്യം വരുത്തു കയോ അല്ല ദൈവം നമ്മെ ഭരമേൽപ്പിച്ചിരിക്കുന്ന വേല എന്ന പാഠമാണ് നാം ഉൾക്കൊള്ളേത്. ശാന്തമായും വിനീതമായും അപ്പോൾതന്നെ യുക്തിക്കും ഔചി ത്യത്തിനും ചേരും പ്രകാരം ഫലപ്രദമായും നമ്മുടെ വെളിച്ചം പ്രകാശിപ്പിക്കയും അന്ധകാരത്തിൽ നിന്ന് അത്ഭുതപ്രകാശത്തിലേക്കും അത്ഭുത കർത്താക്കൾ ആകാനുള്ള ആഗ്രഹത്തിൽ നിന്നു സത്യത്തിന്റെ ശുശ്രൂഷകരും ഭൃത്യന്മാരും ആയിരിക്കുക എന്ന ബോധത്തിലേക്കു വരികയും നമ്മെ വിളിച്ചവന്റെ സ്തുതി കളെ ഘോഷിക്കയുമത്രേ വേത് - Z'04, 9 (R 3296)

* * * * * *

ദൈവത്തെ സംബന്ധിച്ചു ഫലിതരൂപേണേയുള്ള പരിഹാസം, അവന്റെ നന്മയുടെ പേരിൽ അനർഹമായ പ്രതീക്ഷ, അവന്റെ കാര്യക്രമ ങ്ങളിലുള്ള ഇടപെടൽ ഇതൊക്കെയാണ് ദൈവത്തെ പരീക്ഷിക്കുക എന്ന തിനർത്ഥം. അങ്ങനെ ചെയ്യുന്നത് സ്വന്തം ജീവനെക്കൊു കളിക്കുകയാ ണ്. ഫറവോന്റെ ദൃഷ്ടാന്തത്തിലെന്നപോലെ, തന്നെ പരീക്ഷിക്കുന്നവനെ പ്പറ്റി അവൻ ദീർഘക്ഷമയുള്ളവൻ എങ്കിലും സ്വയം അധിക്ഷേപിക്കപ്പെ ടാൻ ദൈവം അനുവദിക്കുകയില്ല. ഒടുവിൽ തന്റെ അപ്രീതിയുടെ ഈട് പരീക്ഷകന് അവൻ അനുഭവപ്പെടുത്തും. അവനെ പരീക്ഷിക്കുന്ന തിൽനിന്നു നമ്മെ തടഞ്ഞുനിർത്താൻ തക്കതാവണം അവനോടുള്ള നമ്മുടെ ഭക്ത്യാദരങ്ങൾ. മറ്റെല്ലാറ്റിലും എന്നപോലെ ഈ വിഷയത്തിലും ആദരപൂർവ്വമായ ശ്രദ്ധയ്ക്കും അനുസരണത്തിനും നമ്മുടെ പ്രിയപ്പെട്ട വീടെടുപ്പുകാരൻ നമുക്കൊരു മാതൃകയാണ്. നമ്മുടെ ദൈവമായ യഹോ വയെ പരീക്ഷിക്കുന്നതിൽനിന്നും ഇതു നമ്മെ കാത്തുകൊള്ളും. ഈ പ്രത്യേകവിഷയത്തിൽ യഹോവയോടുള്ള വണക്കം ജ്ഞാനത്തിന്റെ ആരംഭമണ്- P'34, 128.

* * * * * *

**സമാന്തരവേദഭാഗങ്ങൾ : ആവ.6:16; പുറ.5:2; സംഖ്യാ.15:30; 1രാജാ.20:28;22:24; ഇയ്യോ.15:25; സങ്കീ.19:13;131:1;. യെശ.10:15;14:13,14; 45:9;65:5; മത്താ.4:5,6; ലൂക്കൊ.18:11,12; റോമ.9:20,21; 1കൊരി.10:9-12; 2തെസ്സ.2:3,4; 2പത്രൊ.2:10,11**

ചോദ്യങ്ങൾ :- ഈ വേദവാക്യത്തോടനുബന്ധിച്ച് ഈ ആഴ്ചയിലെ അനു ഭവങ്ങൾ എന്തായിരുന്നു?

# സെപ്റ്റംബർ 28

***നിങ്ങളുടെ പ്രതിയോഗിയായ പിശാച് അലറുന്ന സിംഹം പോലെ ആരെ വിഴുങ്ങേു എന്നു തിരഞ്ഞു ചുറ്റി നടക്കുന്നു. വിശ്വാസത്തിൽ സ്ഥിരതയുള്ളവരായി അവനോട് എതിർത്തു നിൽപ്പിൻ - 1പത്രൊ.5:8,9***

സാത്താന്റെ എതിർപ്പിനെപ്പറ്റിയുള്ള ചിന്തയും, നമുക്കു പോരാട്ടമുള്ളത് ജഡരക്തങ്ങളോടല്ല, വാഴ്ചകളോടും അധികാരങ്ങളോടും ഉന്നതങ്ങളിലെ ദുരാത്മശക്തികളോടും ആണെന്നുള്ള വസ്തുതയും, മറ്റ് അദൃശ്യശക്തികളിൽനിന്നു നിശ്ചയദാർഢ്യം മുഖേന നമുക്കു പ്രാപിക്കാൻ കഴിയുന്ന പിൻബലത്തെപ്പറ്റി അറിയാതിരിക്കുന്നപക്ഷം അതീവ ഭയാനകമാകുമായിരുന്നു. പ്രലോഭനങ്ങളെ നാം തുറന്നെതിർക്കയും കർത്താവിനും അവന്റെ സന്ദേശത്തിനുംവേി ഉറച്ചു നിലകൊള്ളുകയും ചെയ്യാൻ തുടങ്ങുന്ന നിമിഷം മുതൽ നാം കർത്താവിലും അവന്റെ ബലത്തിൻ വല്ലഭത്വത്തിലും കരുത്തു നേടും. നമ്മുടെ പക്ഷത്തുളളവൻ എതിർ പക്ഷത്തുള്ള എല്ലാവരിലും വലിയവനാണ്. തെറ്റാണെന്നറിഞ്ഞശേഷം എതിർക്കാൻ മടിച്ചുനിൽക്കുന്നപക്ഷം പ്രലോഭനം കൂടുതൽ ശക്തിയാർജ്ജിക്കും

- Z'04, 11; ' 00, 32 (R 3300, 2565)

* * * * * *

സാത്താൻ പൊതുവിൽ ലോകത്തിന്റെയും കർത്താവിനോടുള്ള വിശ്വസ്തതയുടെ പേരിൽ പ്രത്യേകിച്ച് വിശുദ്ധന്മാരുടെയും ശത്രുവാകുന്നു. അവരുടെ ജീവഹാനിയാണ് അവന്റെ ലക്ഷ്യം. പുതിയ ഹൃദയത്തെയും മനസ്സിനെയും ഇച്ഛയെയും നശിപ്പിക്കുവാൻ കഴിയുന്നതിൽ കവിഞ്ഞ പ്രമോദം അവനു വേറൊന്നുമില്ല. നമ്മെ തന്റെ ഇരയാക്കുവാൻ തേടി നടക്കുന്ന വല്ലാത്തൊരു സിംഹം തന്നെയാണ് അവൻ. സഹനം കൊുമാത്രം അവനെ ജയിക്കാൻ സാധ്യമല്ല. ശക്തവും താത്ക്കാലികവുമായ ഒരു ചെറുത്തുനിൽപ്പുപോലും അവനെ അവസാനമായി പിന്തിരിപ്പാൻ ഉപകരിക്കയില്ല. ജഡികമല്ല, ആത്മീയ ആയുധങ്ങളായ കർത്താവിന്റെ ആത്മാവും വചനവും ഉപയോഗിച്ച് ചെറുത്തുനിൽപ്പിൽ നാം ഉറച്ചുനിൽക്കണം. ആത്മാവ്, വചനമാകുന്ന മൂർച്ചയേറിയ വാൾകൊു പരുക്കേൽപ്പിച്ച് അവനെ പലായനം ചെയ്യിക്കുന്നു - P'33, 147.

* * * * * *

**സമാന്തരവേദഭാഗങ്ങൾ : 1പത്രൊ.1:13; ലൂക്കൊ.21:34; റോമ.13:13; 1കൊരി.16:13; 1തെസ്സ.5:6,8; 1പത്രൊ.4:7; ഇയ്യോ.1:7,9-12;2:2-7; ലൂക്കൊ.22:31; യോഹ.8:44; 1ദിന.21:1; സെഖ.3:1,2; മത്താ.4:1-11;13:19,38,39; യോഹ.13:2,27; 2കൊരി.2:11;11:3,14,15; എഫെ.6:11-17; യാക്കോ.4:7**

ചോദ്യങ്ങൾ :- സാത്താന്റെ തന്ത്രങ്ങൾക്കെതിരെ ഞാൻ ഈ ആഴ്ച എന്നെത്തന്നെ കാത്തുസൂക്ഷിച്ചുവോ? എങ്ങനെ? പരിണതഫലങ്ങൾ എന്തായിരുന്നു?

# സെപ്റ്റംബർ 29

### *ഗർവ്വമുള്ള ഏവനും യഹോവയ്ക്കു വെറുപ്പ് - സദൃ. 16 : 5*

നിഗളത്തിനടിമപ്പെട്ടു നമ്മിൽ വേരൂന്നുന്ന ലോകസ്നേഹത്തെ കീഴടക്കുക എന്നത് വിശ്വാസിയെ അഭിമുഖീകരിക്കുന്ന കടുത്ത ജീവിതാനുഭവങ്ങളിൽ ഒന്നാണ്. ഐഹികമായ വ്യഥാഭിമാനം ദൈവത്തിലുള്ള വിശ്വാസത്തെയും അനുസരണത്തെയും വെല്ലുവിളിക്കുന്നു. നല്ല ധീരതയും കർത്താവിൽ പൂർണ്ണവിശ്വാസവും ഉള്ളവർക്കു മാത്രമേ ഈ മഹാമല്ലനെ ജയിക്കാൻ കഴിയൂ. പൂർണ്ണവിജയം എന്നതു വളരെ പ്രധാനമാണ്. പിന്നീടൊരിക്കലും നമ്മെ നശിപ്പിക്കുന്നതിന് തല ഉയർത്താൻ സാധിക്കാത്തവിധം അഹന്ത വശംകെട്ടു പത്തി താഴ്ത്തണം. നിഗ്രഹിക്കപ്പെടണം. ഇതു വ്യക്തിഗതമായ ഒരു യുദ്ധമാണ്. കർത്തൃവചനമാകുന്ന നീരുറവയിൽനിന്നുള്ള കല്ലാണ് ഈ മല്ലനെതിരെ ഉചിതമായ ഒരേയൊരായുധം. കർത്താവിന്റെ ദൃഷ്ടിയിൽ എന്താണു പ്രസാദകരവും സ്വീകാര്യവുമെന്നും, തന്നെത്താൻ താഴ്ത്തുന്നവൻ ഉയർത്തപ്പെടുകയും തന്നെത്താൻ ഉയർത്തുന്നവൻ താഴ്ത്തപ്പെടുകയും ചെയ്യുമെന്നും ദൈവവചനം നമുക്കു കാണിച്ചുതരുന്നു.

**"അഹന്ത അവസാനിക്കുന്നിടത്ത്**
**യഥാർത്ഥ മഹത്വം ആരംഭിക്കുന്നു"**

എന്നു കവിവാക്യവും പറയുന്നു - Z'03, 329 (R 3230)

* * * * * *

ഒരുവൻ തന്നെപ്പറ്റിയുള്ള മതിപ്പ് പെരുപ്പിച്ചു കാണുന്നതാണ് ഗർവ്വം. അതിരുവിട്ട ആത്മസംതൃപ്തിയിലും ആത്മപ്രശംസയിലുമെന്നപോലെ ആത്മാഭിമാനത്തിലും ആത്മവിശ്വാസത്തിലും അതു പ്രകടമാകുന്നു. മനസ്സിൽ ഗർവ്വമുള്ളവൻ മറ്റുള്ളവരിൽ കാണപ്പെട്ടാൽ ഈ ദുർഗുണങ്ങളെ വെറുക്കുന്നുവെങ്കിലും തന്നിൽതന്നെയാകുമ്പോൾ അവയെ സ്നേഹിക്കുന്നു. ഇപ്രകാരമുള്ള മനോവൃത്തി പരനിന്ദയ്ക്കു പ്രേരകമാകുന്നു. ഒരു ക്രിസ്ത്യാനിയെ സംബന്ധിച്ച് ഇത് അത്യന്തം അപകടകരമായ സ്വഭാവദോഷങ്ങളിൽ ഒന്നാണ്. ഇത് അവനെ ഒരു നല്ല വാക്കിനും പ്രവൃത്തിക്കും കൊള്ളാത്തവനാക്കുന്നു. ഇത് അവനെ ദൈവത്തിൽനിന്നും ക്രിസ്തുവിൽനിന്നും സഹവിശ്വാസികളിൽനിന്നും അന്യനാക്കുന്നു. അങ്ങനെയുള്ളവരെ തന്റെ ലക്ഷ്യങ്ങൾക്ക് ഉപകരണമാക്കുവാൻ ദൈവത്തിനു കഴിയുകയില്ല. അവരുടെ ഹൃദയദുഷ്ടത മനസ്സിലാക്കി അവൻ അവരെ എതിർക്കുകയും പുറന്തള്ളുകയും ചെയ്യുന്നു. അവർ തിരുത്തപ്പെടാൻ കഴിയാത്തവർ എന്നു തെളിയുന്ന മുറയ്ക്ക് അവൻ അവരെ പൂർണ്ണമായി തള്ളിക്കളകയും വെറുക്കുകയും ചെയ്യുന്നു - P'32, 136.

* * * * * *

**സമാന്തരവേദഭാഗങ്ങൾ : 1ശമു.2:3; സങ്കീ.10:2-7,11; സദൃ.3:32;6:16-19; 11:20; 12:22;15:8,9,26;21:27;24:9;28:9;29:27; യിരെ.9:23,24;13:15; മർക്കൊ.7:21,22; 2തിമൊ.3:2; യാക്കോ.4:6; 1യോഹ.2:16**

ചോദ്യങ്ങൾ :- ഈ ആഴ്ച ഞാൻ ഗർവ്വമാനസനോ വിനീത ഹൃദയനോ ഏതായിരുന്നു? എങ്ങനെ ഞാൻ അപ്രകാരം ആയി? പരിണതഫലങ്ങൾ ഏവ?

# സെപ്റ്റംബർ 30

***ക്രിസ്തുവിന്റെ സ്നേഹം ഞങ്ങളെ നിർബന്ധിക്കുന്നു -2 കൊരി. 5 : 14***

സ്നേഹത്തിന് ഒരു വിവരണം നൽകുക അസാധ്യമായി തോന്നുന്നു. നമുക്കു പരമാവധി ചെയ്യാവുന്നത് അതിന്റെ പ്രവർത്തനങ്ങൾ വിശദമാക്കുക മാത്രമാണ്. അങ്ങനെയുള്ള പ്രവർത്തനങ്ങളുടെയെല്ലാം പിന്നിൽ വർത്തിക്കുന്ന സ്നേഹത്തിന്റെ ഉടമകൾക്ക് ആസ്വാദ്യത അനുഭവിക്കാൻ കഴിയും; എന്നാൽ അതിനെ വിശദീകരിക്കാൻ കഴികയില്ല. അതു ദൈവത്തിൽ നിന്നുള്ളതാണ്. മനുഷ്യധർമ്മങ്ങളുടെയെല്ലാം മേൽനോട്ടം വഹിച്ചുകൊും അവയുടെ പൂർണ്ണനിയന്ത്രണത്തിനു ശ്രമിച്ചുകൊും ഹൃദയത്തിൽ, നാവിൽ, കരങ്ങളിൽ, വിചാരങ്ങളിൽ എല്ലാം പതിഞ്ഞു നിൽക്കുന്ന ദൈവസാദൃശ്യം തന്നെ അത്. ക്രിസ്തുവിന്റെ ശിഷ്യന്മാർ എന്ന നിലയ്ക്കു നാം അവന്റെ പാഠശാലയിലാണ്. നാൾതോറും അവൻ നമുക്ക് ഉപദേശിച്ചുതരുന്നതും നാം സമഗ്രമായി ഉൾക്കൊള്ളേതുമായ വലിയ പാഠം സ്നേഹം തന്നെ. നമ്മുടെ വിളിയുടെ വിരുതിനായുള്ള ലാക്കിലെത്തുവാൻ ഇതു പഠിച്ചേ തീരൂ. നമ്മുടെ പ്രതിദിന ജീവിതത്തിൽ ഏതു വാക്കിലും വിചാരത്തിലും പ്രവൃത്തിയിലും അതിന്റെ സ്വാധീനമു്. കവി പറഞ്ഞിരിക്കുന്നതുപോലെ:

**"ഏതു മനോജ്ഞ വർണ്ണവും**
**വെളിച്ചമായിരിക്കുന്നതുപോലെ**
**ഏതു സദ്ഗുണവും സ്നേഹമാണ്"**

- Z'03, 55, 58 (R 3150)

* * * * * *

ക്രിസ്തുവിന്റെ സ്നേഹം എന്നതുകൊു മൂന്നു കാര്യങ്ങൾ മനസ്സിലാക്കാം. നമ്മുടെ കർത്താവിനു തന്റെ ഹൃദയത്തിൽ നമ്മുടെ നേർക്കുള്ള സ്നേഹം, അവന്റെ നേർക്ക് നമുക്കു നമ്മുടെ ഹൃദയത്തിലുള്ള സ്നേഹം, അവന്റെ ഹൃദയത്തിലുള്ളതിനു തുല്യമായി നമുക്കു നമ്മുടെ ഹൃദയത്തിലുള്ള സ്നേഹം ഇവയാണ് ആ മൂന്നു കാര്യങ്ങൾ. ഒടുവിൽ പറഞ്ഞ രു കാര്യങ്ങളും ഈ വാക്യത്തിൽ യോജിക്കുന്നു. ക്രിസ്തുവിനോടു നമുക്കുള്ള സ്നേഹം, പ്രവർത്തിപ്പാനും കഷ്ടപ്പെടുവാനും നമുക്കു പ്രേരകമാകുന്നു. അവനോടുള്ള സ്നേഹം ഹേതുവായി നാം അവന്റെ ഉപദേശങ്ങൾ പാലിക്കുന്നു. ദൈവത്തോടും യേശുവിനോടും സഹോദരവർഗ്ഗത്തോടും മാനവരാശിയോടും ശത്രുക്കളോടുമുള്ള ക്രിസ്താനുരൂപമായ സ്നേഹം സമ്പൂർണ്ണമായ അർത്ഥത്തിൽ നമ്മുടെ കർമ്മരംഗത്തെ സ്വാധീനിക്കുന്നു. ഇങ്ങനെയുള്ള ഒരു സ്നേഹത്തിന് പരമാധികാരമുള്ള ഹൃദയം അതീവ ചേതോഹരമാണ്. ദൈവത്തിനു മഹത്ത്വം വരുമാറ് ധന്യധന്യവും വിശിഷ്ടവുമായ അനുഗ്രഹങ്ങൾ അതു പ്രാപിക്കയും പ്രദാനം ചെയ്യുകയും ചെയ്യുന്നു - P'26, 126.

* * * * * *

**സമാന്തരവേദഭാഗങ്ങൾ:യോഹ.14:15,23,28;15:9; റോമ.5:5;8:28; 1കൊരി.8:3; ഗലാ.5:6,22; എഫെ.3:17-19; ഫിലി.1:9; കൊലൊ.3:14; 2തെസ്സ.3:5; എബ്രാ.6:10; 1 യോഹ.2:5,15;3:16-18;4:12,16-21;5:1-3; 2യോഹ.6**

ചോദ്യങ്ങൾ :- ഈ ആഴ്ച എന്തു ചെയ്യുവാനാണ് ക്രിസ്തുവിന്റെ സ്നേഹം എന്നെ നിർബന്ധിച്ചത്? എങ്ങനെ? പരിണതഫലങ്ങൾ എന്തായിരുന്നു?

# ഒക്ടോബർ 1

***നാവുകൊ്ു പാപം ചെയ്യാതിരിപ്പാൻ ഞാൻ എന്റെ വഴികളെ സൂക്ഷിക്കും; ദുഷ്ടൻ എന്റെ മുമ്പിൽ ഇരിക്കുമ്പോൾ ഞാൻ വായ് കടിഞ്ഞാണിട്ടു കാക്കും - സങ്കീ. 39 : 1***

നന്മയ്ക്കാകട്ടെ തിന്മയ്ക്കാകട്ടെ ശരീരത്തിലെ മറ്റേതവയവത്തെയും അതിശയിക്കുന്ന സ്വാധീനശക്തി നാവിനുന്നെ അഭിപ്രായത്തോട് അനുഭവസമ്പന്നരായ ആരും യോജിക്കും. നാവിനെ അപേക്ഷിച്ച് മറ്റേതൊരവയവത്തെയും നിയന്ത്രിക്കുക ഭൂരിപക്ഷം പേരെ സംബന്ധിച്ച് എളുപ്പമാണെന്നും അനുഭവം പഠിപ്പിക്കുന്നു. വീഴ്ച ഭവിച്ച പ്രകൃതിയുടെ ഏത് അഭിലാഷവും അഭിരുചിയും വികാരവും തിന്മയ്ക്ക് ആയുധമാക്കാൻ തേടുന്നത് നാവിനെയാണ്. എന്തെന്നാൽ അത് അത്രയ്ക്കു വിദഗ്ദ്ധനായ ഒരു ഭൃത്യനാണ്. അതുകൊ് ഈ അവയവത്തെ സ്വാധീനമാക്കി ക്രിസ്തുവിലുള്ള പുതിയമനസ്സിന് വിധേയമാക്കാൻ ദൈവപൈതലിന്റെ ഭാഗത്ത് അധികമായ ജാഗ്രതയും ജ്ഞാനവും ശ്രദ്ധയും ആവശ്യമാണ്. അതു തനിക്കു തന്നെയോ അന്യർക്കോ ഒരു പ്രതിബന്ധമാകാതെ ഇടുക്കുവഴിയിൽ ഒരു തുണയാകാൻ ഇതുമൂലം ഇടവരും - Z'97, 156 (R 2156)

*　　*　　*　　*　　*　　*

രഹസ്യങ്ങൾ സൂക്ഷിക്കുവാൻ കഴിയാത്തവർ ദൈവത്തോടും തങ്ങളോടു തന്നെയും മറ്റുള്ളവരോടും നീതിപുലർത്താത്തവിധമുള്ള കാര്യങ്ങൾ വിളിച്ചുപറഞ്ഞുകൊ്ു പാപം ചെയ്വാൻ ഇടവരുത്തുന്നു. രഹസ്യങ്ങൾ സൂക്ഷിക്കാനുള്ള കഴിവു വളരെ കൂടിയ അളവിലുള്ളവർപോലും ഈ ദോഷത്തിൽനിന്നു പൂർണ്ണമായും വിമുക്തരല്ല. ഇരുവിഭാഗക്കാരും വിശേഷിച്ച് ആദ്യവിഭാഗത്തിൽപ്പെട്ടവർ ഉചിതമായവ മാത്രം സംസാരിക്കുകയും അനുചിതമായവ ഒഴിവാക്കുകയും ചെയ്യുന്നതിന് തങ്ങളുടെ മനോഗതി, വിചാരങ്ങൾ, ലക്ഷ്യങ്ങൾ, വാക്കുകൾ, പ്രവൃത്തികൾ, പരിതസ്ഥിതികൾ, തങ്ങളുടെമേലുള്ള സമ്മർദ്ദങ്ങൾ ഇവ കണക്കിലെടുക്കണം. ദൈവജനങ്ങൾ ഏതവസരത്തിലും തങ്ങളുടെ നാവുകളെ നിയന്ത്രിക്കാൻ ശ്രദ്ധിക്കണം. ദുർജ്ജനങ്ങളുടെ സാന്നിധ്യത്തിൽ ഇതു പ്രത്യേകിച്ചു പാലിക്കണം. എക്കാലത്തെയും ചരിത്രം തെളിയിക്കുന്നതുപോലെ അവരുടെ വാക്കുകൾ അവർ സ്വാർത്ഥലക്ഷ്യത്തോടെയും ദുഷ്ടതന്ത്രത്തോടെയും വളച്ചൊടിക്കും - P'36, 110

*　　*　　*　　*　　*　　*

**സമാന്തരവേദഭാഗങ്ങൾ:സങ്കീ.10:7;12:3,4;15:1-3;37:30;141:3;34:13; ഇയ്യോ.38:2; 16:5;27:4; സദൃ.10:11,13,19-21,31,32; 11:12-14;12:14-23;13:2,3:14:3;15:1,2,4,7,14,23,26,28; 16:21-24;17:7,27,28;18:6,7,13;29:11,20; സഭാ.5:3,7; ആമോസ്.5:13; സെഖ.8:16; മത്താ.12:37; ലൂക്കൊ.6:45; എഫെ.4:22,25,29; കൊലൊ.4:6; യാക്കോ.1:19,26;3:2,13; വെളി.14:5**

ചോദ്യങ്ങൾ :- ഈ വേദവാക്യത്തോടനുബന്ധിച്ച് ഈ ആഴ്ചയിലെ അനുഭവങ്ങൾ ഏതെല്ലാമായിരുന്നു? പരിതസ്ഥിതികൾ ഏതു വിധമുള്ളതായിരുന്നു? പരിണതഫലങ്ങൾ ഏവ?

# ഒക്ടോബർ 2

***പിമ്പിലുള്ളത് മറന്നും മുമ്പിലുള്ളതിന് ആഞ്ഞുംകൊ് -***

***ഫിലി. 3 : 13***

പിറകിലുള്ളത് നാം മറക്കുന്നു. എന്തെന്നാൽ അങ്ങനെ ചെയ്യുന്നതു ന്യായമാണ്. കാരണം ദൈവം അവയെ വിസ്മരിക്കയും നമ്മുടെ സകല അപൂർണ്ണതകളും തന്റെ പിന്നിൽ എറിഞ്ഞുകളഞ്ഞിരിക്കുന്നതായി പ്രസ്താവിക്കയും ചെയ്യുന്നു. നമ്മെ സ്നേഹിച്ചവനും നമുക്കുവേി മരിച്ച വനും, നാം സ്നേഹിക്കുകയും വിശ്വസിക്കുകയും ചെയ്യുന്നവനും, ജന്മ സിദ്ധമായ വൈകല്യങ്ങളുടെ ഏറ്റക്കുറവനുസരിച്ച് ജഡത്തിലുള്ള അപൂർണ്ണതകളോടുകൂടിയെങ്കിലും നാം അനുസരിഷാൻ ആഗ്രഹിക്കു ന്നവും ആയവന്റെ പുണ്യത്താൽ നമ്മുടെ അപൂർണ്ണതകളെല്ലാം അവന്റെ ദൃഷ്ടിയിൽ നിന്ന് അശേഷം മറയ്ക്കപ്പെട്ടിരിക്കുന്നു. പരാജയങ്ങളോ പതന ങ്ങളോ നിസ്സാരമായിക്കാണുകയോ, പെട്ടെന്നു മറന്നുകളയുകയോ ചെയ്യ ണമെന്നല്ല ഇതിനർത്ഥം. അവയെ നാം യഥാശക്തി പരിഹരിക്കയും ഈ വീഴ്ചകൾക്കു നാൾതോറും ദൈവത്തോടു ക്ഷമ യാചിക്കയും വേണം - Z' 04, 23(R 3304)

*　*　*　*　*　*

നീതീകരണത്തിൽ നാം ഉപേക്ഷിച്ചുകളഞ്ഞ പാപം, അസത്യം എന്നി വയും അതിലുപരി സമർഷണത്തിൽ നാം വിട്ടുകളഞ്ഞ സ്വാർത്ഥപരവും ലോകസംബന്ധവുമായ വിഷയങ്ങൾ എന്നിവയുമാണ് പിമ്പിലുള്ളത്. അവയെ മറക്കുക എന്നുവച്ചാൽ അവയിലുള്ള അഭിരുചി ഉപേക്ഷിക്കു ക, നമ്മെ നിയന്ത്രിക്കാനുള്ള അവയുടെ ശ്രമങ്ങളെ അമർച്ചചെയ്യുക, അവയുടെ പ്രലോഭനങ്ങൾക്കു ഭേദിക്കാനാകാത്ത ഉൾക്കരുത്തു നേടുക എന്നൊക്കെയാണർത്ഥം. പുതിയ ഹൃദയത്തിന്റെയും മനസ്സിന്റെയും കാഴ്ചഷാടിൽ അവ വിലകുറഞ്ഞതും, അതൃപ്തികരവും അപകടകരവു മാണെന്നതു മാത്രമല്ല, സ്വർഗ്ഗീയമായവ വിലയേറിയതും സംതൃപ്തിജന കവും നിരപായകരവുമാണെന്നതുകൂടിയാണ് അവയെ മറക്കാൻ നമ്മെ ശക്തരാക്കുന്നത്. ആദ്യം പറഞ്ഞവ നമ്മെ പ്രലോഭിഷിക്കാതിരിക്കുമാറ് ഒടുവിൽ പറഞ്ഞവ നമ്മുടെ അഭിലാഷങ്ങളിൽ നിറഞ്ഞു നിൽക്കട്ടെ - P'30, 165, 166

*　*　*　*　*　*

**സമാന്തരവേദഭാഗങ്ങൾ : സദൃ.4:25;17:25,26; മത്താ.10:37-39; യോഹ.12:25; സങ്കീ.45:10; ഉല്പ.19:26;24:58-61; ലൂക്കൊ.9:62;17:32,33;ഗലാ.4:9; ഫിലി.3:7,8; എബ്രാ.10:39;12:1; 1പത്രൊ.1:14;4:1-4; 2പത്രൊ.1:9**

ചോദ്യങ്ങൾ :- പാപം, അസത്യം, സ്വാർത്ഥത, ലോകമയത്വം എന്നിവയെ സംബന്ധിച്ച കാര്യങ്ങൾ ഞാൻ ഈ ആഴ്ച വിട്ടുകളഞ്ഞുവോ? അതിനു

സഹായകവും പ്രതിബന്ധവും ആയി വർത്തിച്ചതെന്ത്? പരിണതഫലങ്ങൾ എന്തായിരുന്നു?

# ഒക്ടോബർ 3

***നിന്റെ ന്യായപ്രമാണത്തെ പ്രിയപ്പെടുന്നവർക്കു മഹാസമാധാനമുണ്ട്; അവർക്കു വീഴ്ചയ്ക്കു സംഗതി ഏതുമില്ല - സങ്കീ. 119 : 165***

നമ്മുടെ അടിക്കടിയുള്ള യാചനകൾ കൃപയ്ക്കും ജ്ഞാനത്തിനും ആത്മാവിൻ ഫലങ്ങൾക്കും, കർത്താവിനും സഹോദരവർഗ്ഗത്തിനും സേവനമനുഷ്ഠിക്കാനുള്ള അവസരങ്ങൾക്കും, ഒന്നിനൊന്ന് ദൈവത്തിന്റെ പ്രിയപുത്രന്റെ പ്രതിമയായിത്തീരുന്നതിനും വേിയാകണം. ഈ അവസ്ഥകളിൽ വാഗ്ദത്തം ചെയ്യപ്പെട്ടിരിക്കുന്ന "സകലബുദ്ധിയെയും കവിയുന്ന ദൈവസമാധാനം" ഇപ്രകാരമുള്ള "ഹൃദയങ്ങളെയും" "നിനവു"കളെയും "കാക്കു"മെന്ന വസ്തുത ആർക്കാണു സംശയിക്കാൻ കഴിയുക? അനേകഹൃദയങ്ങളെയും പീഡിപ്പിക്കുന്ന ഒരു മഹാദോഷത്തിന്റെ ദൂരീകരണത്തിന് ഈ സമാധാനം അതിൽതന്നെ പര്യാപ്തമാണ്. ഇപ്രകാരമുള്ള സമാധാനം നിറഞ്ഞിരിക്കുന്ന മനസ്സിൽ സ്വാർത്ഥത്തിനും അതിമോഹത്തിനും ഇടമുായിരിക്കയില്ല. ലോകസാധാരണമായ അസ്വാസ്ഥ്യവും ആകുലങ്ങളും നമ്മെ വലയം ചെയ്തു നിൽക്കുമ്പോൾ തന്നെ അവയെ അകറ്റി നിറുത്തുവാൻ കഴിയുമാറ് ദൈവസമാധാനത്തിന് നമ്മുടെ ഉള്ളിൽ അധിവസിക്കാനും ആധിപത്യം പുലർത്താനും കഴിയും - Z'04, 24 (R 3304)

* * * * * *

തന്റെ സമർപ്പിതജനങ്ങൾക്കുവേിയുള്ള ദൈവത്തിന്റെ ന്യായപ്രമാണം കർത്തവ്യസ്നേഹവും നിഷ്ക്കാമസ്നേഹവും അടങ്ങിയതാണ്. അങ്ങനെ ഇതു തിരുവെഴുത്തിലെ വിധികളെ പരാമർശിക്കുന്നു. എന്നാൽ പലവേദഭാഗങ്ങളും വളരെ വ്യാപകമായ ഒരർത്ഥത്തിലാണ് ഈ പദം ഉപയോഗിക്കുന്നത്. അതായത് തിരുവചനത്തിലെ ഉപദേശങ്ങൾ, വാഗ്ദത്തങ്ങൾ, പ്രബോധനങ്ങൾ, പ്രവചനങ്ങൾ, ചരിത്രങ്ങൾ, പ്രതിരൂപങ്ങൾ എന്നിവയെക്കൂടി ഇതുകൊ് അർത്ഥമാക്കുന്നു. മുഴു വേദത്തിന്റെയും ഉള്ളടക്കം എന്നു സാരം. ഏറ്റവും വ്യാപകമായ അർത്ഥത്തിൽ യഹോവയുടെ ന്യായപ്രമാണത്തിൽ പ്രമോദിക്ക എന്നത് അത് ധ്യാനിക്കുന്നതിലും പ്രചരിപ്പിക്കുന്നതിലും, അഭ്യസിക്കുന്നതിലും ആനന്ദം കത്തുന്നതാണ്. തങ്ങളുടെയും മുഴുവൻ മാനവരാശിയുടെയും ആത്യന്തിക നന്മയ്ക്കും കർത്തൃമഹത്ത്വത്തിനുമായി സകലവും വ്യാപരിക്കുന്നു എന്നറിഞ്ഞുകൊ് ദൈവത്തിന്റെ ന്യായപ്രമാണത്തിൽ പ്രിയം വയ്ക്കുന്നവർ മനഃശാന്തിയും ഹൃദയസ്വസ്ഥതയും അനുഭവിക്കുന്നു. പരീക്ഷകളിൽ അവർ ദൈവത്തിന്റെ വചനത്തിന്റെയും കരുതലിന്റെയും സഹായത്താൽ അതിനെ പിടിച്ചുകൊള്ളുന്നു - P'35,131

* * * * * *

**സമാന്തരവേദഭാഗങ്ങൾ : സങ്കീ.4:8;25:12,13;29:11; സദൃ.3:17,24; യെശ.26:3,12; 28:12;32:2;54:10,13;57:1,2,19; ലൂക്കൊ.2:14; യോഹ.14:27; റോമ.5:1;8:6; എഫെ.2:14-17; ഫിലി.4:7; കൊലൊ.3:15**

ചോദ്യങ്ങൾ :- ഈ വേദവാക്യത്തിനനുസൃതമായി ഈ ആഴ്ചയിലെ അനുഭവങ്ങൾ ഏവയായിരുന്നു? പരിതസ്ഥിതികൾ എന്തായിരുന്നു? അതിൽ സഹായകമായും പ്രതിബന്ധമായും വർത്തിച്ചതെന്ത്? അവ എന്തിൽ പരിണമിച്ചു?

# ഒക്ടോബർ 4

***എന്റെ പിന്നാലെ വരുവിൻ; ഞാൻ നിങ്ങളെ മനുഷ്യരെ പിടിക്കുന്ന വരാക്കും - മത്താ. 4 : 19***

നാം സ്വീകരിക്കുമെങ്കിൽ ജീവിതത്തിലെ എല്ലാ വിഷയങ്ങളും ഭാവിയിലേക്കു പ്രയോജനകരമായ പാഠങ്ങൾ ഉൾക്കൊള്ളുന്നവയാണ്. മത്സ്യബന്ധനത്തിൽ പ്രത്യേകിച്ച് സഹായകരമായ ഏതോ പാഠം അപ്പൊസ്തൊലന്മാർക്കു തങ്ങളുടെ ശിഷ്യായുസ്സിൽ വഹിക്കാനുായിരുന്ന മഹാവേലയോടുള്ള ഏതോ സാദൃശ്യം അടങ്ങിയതാവാം. കർത്താവിന്റെ വിളിയിൽ ഇത് സൂചിതമാകുന്നു. മത്സ്യബന്ധനത്തിന് ഉന്മേഷവും നയവും ഉചിതമായ ഇരയും വേണം. മീൻപിടിക്കുന്നവൻ മത്സ്യത്തിന്റെ കാഴ്ചയ്ക്കു മറഞ്ഞിരിക്കയും വേണം. നമുക്കു ചുമതല നൽകുവാൻ കർത്താവിന് ഇഷ്ടമാകുന്ന ആത്മീയമീൻപിടുത്തത്തിലും ഈ നാലു യോഗ്യതകൾ ആവശ്യമാണ്. ആരെങ്കിലും പിടിക്കുവാൻ ശ്രമിക്കുന്നു എന്നു കാൽ മത്സ്യങ്ങൾ സംഭ്രാന്തമാകുന്നതുപോലെ മനുഷ്യരാശിക്കും ബന്ധനം അനിഷ്ടകാരിയാണ്. സ്വാതന്ത്ര്യം അപഹരിക്കപ്പെടുമെന്ന ശങ്കയ്ക്ക് തെല്ലെങ്കിലും വഴിയുങ്കിൽ വിശേഷിച്ചും ഇങ്ങനെതന്നെ. ലോകത്തിന്റെ ദൃഷ്ടിയിൽ സമർപ്പണം ഇപ്രകാരമാണ് കാണപ്പെടുന്നത് - Z'04, 26, 27 (R 3307)

*　　*　　*　　*　　*　　*

മത്സ്യം പിടിക്കുന്നവർ എന്ന നിലയിൽ നാം ജാഗരൂകരും ഉത്സാഹികളും അച്ചടക്കമുള്ളവരും സ്ഥിരപരിശ്രമികളും സ്വയം ഗോപനം ചെയ്യുന്നവരും. നയജ്ഞരും സാദൃശ്യാർത്ഥമത്സ്യങ്ങളെയും മത്സ്യബന്ധനത്തെയും ഇഷ്ടപ്പെടുന്നവരുമായിരിക്കണം. ഉചിതമായ ഭാഷ, സത്യം, മനുഷ്യസ്വഭാവജ്ഞാനം, വൈദഗ്ദ്ധ്യം, വിപരീതപരിതസ്ഥിതികളിൽ അചഞ്ചലത്വം മുതലായ സാമഗ്രികൾകൊു നാം സജ്ജരാകണം. സഭകൾക്കകത്തും പുറത്തും എല്ലാ സയത്തും മനുഷ്യരെ പിടിക്കാൻ നാം അവസരം കാത്തിരിക്കണം. നീതീകരണം, സമർപ്പണം ഇവയാണ് ന ാം ഉപയോഗിക്കേ ചൂൽക്കൊളുത്ത്. സാദൃശ്യാർത്ഥമത്സ്യങ്ങളുടെ അഭിരുചിക്കനുയോജ്യമായ സത്യങ്ങളാണ് ഇര. ചൂൽക്കൊളുത്തും ചരടും എറിയുന്നതിലും, മത്സ്യത്തെ വലിച്ചെടുക്കുകയും കോർത്തിടുകയും ചെയ്യുമ്പോഴെന്നപോലെ മത്സ്യം ഇരയിൽ കൊത്തുമ്പോഴും അതിനുമുമ്പും എങ്ങനെ പെരുമാറണമെന്നതിലും നാം വളരെ ശ്രദ്ധാലുക്കളായിരിക്കണം. കർത്താവിനുവേി മത്സ്യബന്ധനം നടത്താൻ നമുക്കു കഴിയണമെങ്കിൽ ഇതാവശ്യമാണ് - P'34, 143

*　　*　　*　　*　　*　　*

**സമാന്തരവേദഭാഗങ്ങൾ : പുറ.28:1; 1ശമു.3:4-10; 1ദിന.23:13; യെശ.6:8-10; മത്താ.4:18,20-22;9:9; ലൂക്കൊ.10:1,2; യോഹ.1:43; റോമ.10:14,15; 2കൊരി.5:18-20; എബ്രാ.5:4; മത്താ.10:7,11-13,16,25,27,28;28:19,20; ലൂക്കൊ.24:48**

ചോദ്യങ്ങൾ :- ഈ വാക്യത്തിനനുസൃതമായി ഈ ആഴ്ചയിലെ അനുഭവങ്ങൾ ഏതെല്ലാമായിരുന്നു? അവയെ എങ്ങനെ കൈകാര്യം ചെയ്തു? അവ എന്തിൽ കലാശിച്ചു?

# ഒക്ടോബർ 5

***നിങ്ങളുടെ ഉള്ളിൽ ക്ഷീണിച്ചു മടുക്കാതിരിപ്പാൻ പാപികളാൽ തനിക്കു നേരിട്ട ഇങ്ങനെയുള്ള വിരോധം സഹിച്ചവനെ ധ്യാനിച്ചു കൊൾവിൻ - എബ്രാ. 12 : 3***

കഷ്ടമെന്നു പറയട്ടെ. കർത്താവിനെയും അവൻ വിശ്വസ്തതയോടെ സഹിച്ച എതിർപ്പുകളെയും വിലയിരുത്തുകയും അവയെ ചിന്തിക്കയും പഠിക്കയും ചെയ്യാത്തതു നിമിത്തം എത്രയോ പരമാർത്ഥികളായ ദൈവപൈതങ്ങൾ ക്ഷീണിക്കയും മനസ്സു മടുത്തുപോകയും മുഖ്യവിരുതു കൈവിട്ടുപോകുന്ന അപകടത്തിലാകയും ചെയ്യുന്നു! അവൻ പൂർണ്ണനായിരുന്നെന്നും അവനിൽനിന്ന് ഇരുളിൽ പ്രകാശിച്ച വെളിച്ചം അതിനൊത്തവണ്ണം കുറ്റമറ്റതായിരുന്നിട്ടും നിരസിക്കപ്പെട്ടു എന്നും ഉള്ള വസ്തുത തങ്ങളിൽനിന്നുള്ള വെളിച്ചവും അവഗണിക്കപ്പെടും എന്ന പ്രതീക്ഷയ്ക്ക് അവർക്കു വക നൽകുന്നു. ഒരു വശത്തു കർത്താവ് അങ്ങനെ നീതിക്കുവേി എല്ലാ അർത്ഥത്തിലും നീതിവിരുദ്ധമായി പീഢിപ്പിക്കപ്പെട്ടു എന്നും മറുവശത്ത് സദുദ്ദേശ്യ പ്രേരിതമെങ്കിലും സ്വന്തം നടത്ത എത്രമാത്രം അപൂർണ്ണമായിരിക്കുന്നു എന്നും ചിന്തിക്കുന്നുവെങ്കിൽ നല്ല പടയാളികൾ എന്നപോലെ ക്ലേശങ്ങൾ സഹിക്കാനും നന്മചെയ്യുന്നതിൽ തളർന്നുപോകാതിരിക്കാനും അവർക്കു ശക്തി ലഭിക്കും - Z'04, 38 (R 3312)

* * * * * *

നമ്മുടെ കർത്താവിനെ അവന്റെ ശുശ്രൂഷയുടെയും പീഡാനുഭവങ്ങളുടെയും നാളുകളിൽ ശത്രുക്കൾ വാക്കുകൾകൊും പ്രവൃത്തികൾകൊും എതിർത്തിരുന്നു. ദീർഘക്ഷമയോടും ദൃഢനിശ്ചയത്തോടുംകൂടി അവൻ ഈ എതിർപ്പുകളെ സഹിച്ചു. പിതാവിന്റെ ഇഷ്ടം പ്രവർത്തിക്കുന്നതിനും അതിനുവേി പീഡ അനുഭവിക്കുന്നതിനും അങ്ങനെ ലക്ഷ്യം നേടുന്നതിനുമുള്ള നിശ്ചയദാർഢ്യത്തിൽനിന്ന് തന്നെ പിന്തിരിപ്പിക്കാൻ ഒന്നിനെയും അവൻ അനുവദിച്ചില്ല. ദൈവത്തിന്റെ വിശ്വസ്തജനങ്ങൾക്കെല്ലാം അവശ്യം ഉളവാകേ ഈ അനുഭവങ്ങളെയെല്ലാം വിജയപൂർവ്വം അഭിമുഖീകരിക്കാൻ നമ്മെ പ്രാപ്തരാക്കുന്ന ഏറ്റവും നല്ല മാർഗ്ഗങ്ങളിൽ ഒന്ന് പാപികളിൽനിന്നു തനിക്കു നേരിട്ട നിരവധിയായ എതിർപ്പുകളോടു നമ്മുടെ പ്രിയപ്പെട്ട വീടെുപ്പുകാരൻ എങ്ങനെ പ്രതികരിച്ചു എന്നതിനെപ്പറ്റിയുള്ള നിരന്തര ധ്യാനമാണ്. ഇത് വിശ്വാസത്തിന്റെ നല്ല പോരാട്ടത്തിൽ ക്ഷീണിച്ചു മടുക്കാതിരിക്കാൻ മാത്രമല്ല, അന്തിമവും ഉജ്ജ്വലവുമായ വിജയത്തിൽ പര്യവസാനിക്കുമാറ് അതിൽ ബലപ്പെടുവാനും ഉത്തേജിതരാകുവാനും ഉപകരിക്കും - P'33, 147

* * * * * *

**സമാന്തരവേദഭാഗങ്ങൾ : മത്താ.10:24,25; യോഹ.15:20-24; മത്താ.27:24-31,38-44; ലൂക്കൊ.4:28,29; ഫിലി.2:6-8; 1പത്രൊ.2:21-23;4:1; സങ്കീ.31:22; യെശ.35:3,4**

ചോദ്യങ്ങൾ :- ഈ വേദവാക്യത്തിനനുസൃതമായി ഈ ആഴ്ചയിലെ അനുഭവങ്ങൾ എന്തെല്ലാമായിരുന്നു? അവയെ എങ്ങനെ അഭിമുഖീകരിച്ചു? അവ എന്തു ഫലങ്ങൾ ഉളവാക്കി?

# ഒക്ടോബർ 6

***നിങ്ങൾ ഏത് ആത്മാവിന് അധീനർ എന്നു നിങ്ങൾ അറിയുന്നില്ല; മനുഷ്യപുത്രൻ മനുഷ്യരുടെ പ്രാണങ്ങളെ നശിപ്പിപ്പാനല്ല, രക്ഷിപ്പാനത്രേ വന്നത് - ലൂക്കൊ. 9 : 55, 56***

കർത്താവിന്റെ ശിഷ്യന്മാരെല്ലാം ഇപ്രകാരമായിരിക്കണം. മറ്റുള്ളവരിൽനിന്നു നാം കാരുണ്യവും സഹതാപവും ആഗ്രഹിക്കുകയും അതേ സമയം അന്യരെ അതിരുകടന്നു വിമർശിക്കുകയും കുറ്റം വിധിക്കുകയും ചെയ്യുന്ന പ്രവണത ഒഴിവാക്കാനാകണം അവരുടെ നിരന്തര പരിശ്രമം. മറ്റുള്ളവരോടു നാം കാണിക്കുന്ന തോതിലേ നാം കർത്താവിൽ നിന്നും കരുണ പ്രതീക്ഷിക്കാവൂ എന്നതാണ് അവൻ ഇവിടെ സ്ഥാപിക്കുന്ന പ്രമാണം. ആരെയും കുറ്റപ്പെടുത്താനും വിധിക്കാനും സന്നദ്ധമായ വിധം ആരിലും ദോഷം ദർശിക്കാനുള്ള പ്രവണത ഹൃദയത്തിന്റെ ഒരു താളപ്പിഴയെ ആണ് സൂചിപ്പിക്കുന്നത്. ഇതിനെതിരെ കർത്തൃജനം ജാഗ്രത പുലർത്തണം. ആത്മീയ യിസ്രയേലിൽ കാണാൻ അവൻ ആഗ്രഹിക്കുന്ന സ്വഭാവഗുണങ്ങൾ കരുണ, നന്മ, സ്നേഹം ഇവയാണ്. ഇവയുടെ അഭാവത്തിൽ നമുക്ക് അവന്റെ മക്കളായിത്തുടരാൻ ഏറെനാൾ കഴിയുന്നതല്ല - Z'04, 43 (R 3315)

* * * * * *

കർത്താവിനും അവന്റെ സന്ദേശത്തിനും അവഗണന നേരിടുമ്പോൾ യോഹന്നാനെയും യാക്കോബിനെയും പോലെ കുറ്റവാളികൾക്കെതിരെ ദൈവസന്നിധിയിൽനിന്നുള്ള സംഹാരത്തിനായി വാഞ്ചിക്കുന്നതുപോലെയുള്ള വികാരം കർത്താവിന്റെ ജനങ്ങളിൽ പലർക്കും അനുഭവപ്പെട്ടിട്ടു്. അപ്രകാരമുള്ള നടത്തയ്ക്കും, സുവിശേഷത്തിനു ശുശ്രൂഷകരായിരിക്കുന്നതും തമ്മിലുള്ള വ്യത്യാസം അവർ ഗ്രഹിച്ചിട്ടില്ല. ക്രിസ്ത്യാനികൾ എന്ന നിലയിൽ ലോകത്തിനുവേി ജീവാർപ്പണം ചെയ്തു ലോകത്തെ മരണാവസ്ഥയിൽനിന്നും മരണഗതിയിൽനിന്നും മോചിപ്പിക്കുവാൻ ശ്രമിക്കുകയാണ് തങ്ങളുടെ ധർമ്മമെന്ന് സത്യത്തിന്റെ ശുശ്രൂഷകന്മാർ ഓർത്തുകൊള്ളണം. അതുകൊ് യാതൊരർത്ഥത്തിലും ശത്രുക്കളുടെ മേലുള്ള പ്രതികാരമോഹം വഴി അവർ തങ്ങളുടെ സമർപ്പണ ലക്ഷ്യത്തെ വിഫലമാക്കരുത് - P'32, 150

* * * * * *

**സമാന്തരവേദഭാഗങ്ങൾ : ആവ.32:35; മത്താ.1:21;5:44;18:11;20:8; മർക്കൊ.10:45; റോമ.12:17,19; 1തെസ്സ.5:15; 1പത്രൊ.2:23;3:9; ലൂക്കൊ.19:10; യോഹ.3:15-17;10:10;12:47; റോമ.3:21-27;4:24,25;5:6-11;12:19-21; 2കൊരി. 5:18-21; എബ്രാ.10:30**

ചോദ്യങ്ങൾ :- യേശുവിന്റെ രക്ഷാപ്രവർത്തനങ്ങൾ എനിക്ക് ഈ ആഴ്ചയിൽ അനുഭവപ്പെട്ടോ? എങ്ങനെ? അത് എന്നെ എങ്ങനെ സ്വാധീനിച്ചു?

# ഒക്ടോബർ 7

***എന്റെ ഈ വചനങ്ങളെ കേട്ട് അങ്ങനെ ചെയ്യാത്തവൻ ഒക്കെയും മണലിന്മേൽ വീടുപണിത ബുദ്ധിയില്ലാത്ത മനുഷ്യനോടു തുല്യനാകുന്നു. - മത്താ. 7 : 26***

കർത്താവിന്റെ വാഗ്ദത്തങ്ങളിന്മേൽ പണിയപ്പെടുന്ന പ്രത്യാശകൾ തദനുസരണമായ പ്രവൃത്തികൾ ഇല്ലാത്തപക്ഷം മണലിന്മേലുള്ള പണിയാകും. ആ പ്രത്യാശകളുടെ നിഷ്പ്രയോജനം എന്നതിലും കവിഞ്ഞ ദുഃസ്ഥിതി പ്രകടമാകുന്നതിന് കടുത്ത പരീക്ഷണഘട്ടം വരേ താമസമേ ഉള്ളൂ. അപ്പോൾ രാജ്യത്തിൽ ഓഹരിക്കാരാകുമെന്ന ഉറച്ച വിശ്വാസം പുലർത്തിയിരുന്നവർ വഞ്ചിക്കപ്പെടുകയായിരുന്നു എന്നു തെളിവാകും. മറിച്ച്, നാവുകൊന്നെപോലെ ഹൃദയംകൊും കർത്താവിനെ ഏറ്റുപറഞ്ഞ് ആദരിച്ചും പ്രവൃത്തികൊു വിശ്വാസത്തിനു സ്ഥിരീകരണം നൽകിയും കർത്താവുമായുള്ള ഉറ്റ ബന്ധത്തിനു ഫലങ്ങൾക്കൊു സാക്ഷി നിന്നും അനുസരണത്തോടുകൂടി പണിയുന്നവർ ഒരിക്കലും കുലുങ്ങാതെയും പതറാതെയും ജീവിതത്തിലെ കാറ്റിനെയും കോളിനെയും തരണം ചെയ്യും. എന്തെന്നാൽ അവർ നിലകൊള്ളുന്നത് ബലവത്തായ അടിസ്ഥാനത്തിന്മേലാണ് - Z'04, 36 (R 3317)

* * * * * *

ക്രിസ്തുവിന്റെ വചനങ്ങൾ എന്നതും ബൈബിളിലെ ഉപദേശങ്ങൾ എന്നതും സമാനാർത്ഥമായ പ്രയോഗങ്ങളാണ്. എന്തെന്നാൽ അവന്റെ മനുഷ്യജന്മത്തിനു മുമ്പും പിമ്പും ദൈവം തന്റെ പുത്രൻവഴിയാണ് അരുളിച്ചെയ്തിട്ടുള്ളത്. അവന്റെ വചനങ്ങൾ കേൾക്കുക എന്നതിന് അവ മനസ്സിലാക്കുക എന്നാണർത്ഥം. സൗമ്യതയുള്ളവർ മാത്രമാണ് അത് അംഗീകരിക്കുന്നത്. അവ ഗ്രഹിച്ചിട്ടും അവയുടെ സ്വാധീനത്തിന് വിധേയരാകാത്തവർ മൂഢബുദ്ധികൾ തന്നെ. ക്രിസ്താനുരൂപവും തദ്വാരാ ദൈവത്തിനു പ്രസാദകരവുമായ ഒരു സ്വഭാവം പരിപോഷിപ്പിച്ചെടുക്കുന്നതു സംബന്ധിച്ചിടത്തോളം കർത്തൃനാമത്തിൽ അത്ഭുതങ്ങൾ പ്രവർത്തിപ്പാനുള്ള അവരുടെ ശ്രമങ്ങളെല്ലാം പരാജയപ്പെടും, ലോകത്തിന്മേൽ എന്ന പ്രകാരം അവരുടെമേലും വരുവാനിരിക്കുന്ന മഹോപദ്രവകാലത്തെ പേമാരിയും കാറ്റുകളും കൊടുകാറ്റുകളും വെള്ളപ്പൊക്കവും മണലിന്മേൽ പണിതവീടുപോലെ അവർ കെട്ടി ഉയർത്തിയ സ്വഭാവസൗധത്തെ ഒഴുക്കിക്കളയും - P'26, 156

* * * * * *

**സമാന്തരവേദഭാഗങ്ങൾ : സദൃ.10:8; മത്താ.5:6;7:24,25,27;13:7,22,14,15, 8,23; യെഹെ.33:30-32; റോമ.2:13;10:14-21; യാക്കോ.1:19,22-25; ലൂക്കൊ.6:49;11:28;13:24-27**

ചോദ്യങ്ങൾ :- ദൈവവചനം കേൾക്കുന്നതിൽ ഞാൻ ഏതു തരക്കാരനാണ്? ഈ ആഴ്ച ഞാൻ എങ്ങനെ വചനം ഗ്രഹിച്ചു?

# ഒക്ടോബർ 8

***വഞ്ചനപ്പെടാതിരിപ്പിൻ;..... ജഡത്തിൽ വിതയ്ക്കുന്നവൻ ജഡത്തിൽനിന്നു നാശം കൊയ്യും; ആത്മാവിൽ വിതയ്ക്കുന്നവൻ ആത്മാവിൽനിന്നു നിത്യജീവനെ കൊയ്യും - ഗലാ. 6 : 7, 8***

ജഡീയവും സ്വാർത്ഥപരവും അനീതിപൂർവ്വവും ന്യായവിരുദ്ധവുമായ ജഡാഭിലാഷങ്ങൾക്കു നമ്മുടെ ഹൃദയത്തിലും ജീവിതത്തിലും സ്ഥാനം അനുവദിക്കുമ്പോഴെല്ലാം നാം ജഡത്തിൽ വിതയ്ക്കുകയാണ്. ഓരോ വിതയും അടുത്ത വിത സുഗമമാക്കുകയും അത് അന്തിമഫലമായ രാം മരണത്തെ സുനിശ്ചിതമാക്കുകയും ചെയ്യുന്നു. മറിച്ച് സ്വാർത്ഥപരമായ ജഡാഭിലാഷങ്ങൾക്കെതിരെയുള്ള ഓരോ ചെറുത്തുനിൽപ്പും നിർമ്മലവും, ശ്രേഷ്ഠവും, സദ്ഗുണവും, സത്യവും ആയവയ്ക്ക് അനുകൂലമായുള്ള പുതുമനസ്സിന്റെ ഓരോ വ്യാപാരവും ആത്മാവിലുള്ള ഒരു വിതയാണ്. അവ പിന്നെയും ആത്മാവിൻ ഫലങ്ങളും കൃപകളും വിളയിക്കും. ഉറച്ചുനില്ക്കുന്ന പക്ഷം അതു കർത്താവിന്റെ ഉദാരമായ വാഗ്ദത്തങ്ങൾക്കും ക്രമീകരണത്തിനും അനുസരണമാംവിധം ഒടുവിലായി നിത്യജീവനിലേക്കും രാജ്യത്തിലേക്കും നമ്മെ ആനയിക്കും - Z'04, 57 (R 3321)

* * * * * *

പ്രകൃതിയിൽ ഒരിനത്തിന്റെ വിത്തുവിതയ്ക്കയും മറ്റൊരിനത്തിന്റെ വിളവു പ്രതീക്ഷിക്കയും ചെയ്യുന്നവനെപ്പോലെ പ്രതീകാത്മകമായി ഒരിനം വിത്തുവിതയ്ക്കുകയും മറ്റൊരിനം വിളവു പ്രതീക്ഷിക്കുകയും ചെയ്യുന്നവൻ ആത്മവഞ്ചനയിൽ ആണ്. സമാനവസ്തുക്കൾ സമാനവസ്തുക്കളെ ഉളവാക്കുന്നു. അതിനാൽ പരിശുദ്ധാത്മാവു ലഭിച്ച ഒരുവൻ ജഡത്തിൽ വിതയ്ക്കുകയും ആത്മാവിൽ നിന്നുള്ള കൊയ്ത്തു പ്രതീക്ഷിക്കുകയും ചെയ്യുന്നുവെങ്കിൽ തന്നെത്താൻ വഞ്ചിക്കുകയാണ്. ജഡത്തിലുള്ള വിതയിൽനിന്ന് ജഡത്തിലുള്ള മരണത്തിൽ പര്യവസാനിക്കുന്ന ഒരു വിളവെടുപ്പാകും. വിതയ്ക്കുന്നതുതന്നെ കൊയ്യുമെന്ന നിയമത്തിന്റെ മാറ്റമില്ലായ്മ നമുക്ക് ആശ്വാസജനകമാണ്. ആത്മീയ വിതയ്ക്ക് ആത്മീയ വിളവെടുപ്പു സുനിശ്ചിതമായിരിക്കുമല്ലോ. അതുകൊ് നാം ആത്മാവിൽ വിതയ്ക്കുന്നപക്ഷം, അതായത് ആത്മീയവിഷയങ്ങൾ നാം വിശ്വസ്തതയോടെ പഠിക്കയും പ്രചരിപ്പിക്കയും അഭ്യസിക്കയും ചെയ്യുന്നപക്ഷം നിരാശയ്ക്ക് ഇടവരികയില്ല. നിത്യജീവൻ ആയിരിക്കും നാം കൊയ്യുക - P'36, 110

* * * * * *

**സമാന്തരവേദഭാഗങ്ങൾ : ഇയ്യോ.4:8; സദൃ.11:18;22:8; ഹോശേ.8:7; 10:12; റോമ.8:1,6,7,12-14;6:6;7:22,23;13:14; ഗലാ.5:16,17; 2കൊരി.9:6; എബ്രാ.6:10; യോഹ.4:14;7:38,39; യൂദാ.18-21; 1പത്രൊ.2:11; എഫെ.4:22-24**

ചോദ്യങ്ങൾ :- ഈ ആഴ്ചയിലെ വിത ഏതു വിധമുള്ളതായിരുന്നു? അവ ഏതുവിധ ഫലമുളവാക്കി? അവയെ എങ്ങനെ മെച്ചപ്പെടുത്തുവാൻ കഴിയും?

# ഒക്ടോബർ 9

***അല്പവിശ്വാസികളേ, നിങ്ങൾ ഭീരുക്കളാകുവാൻ എന്ത്*? - *മത്താ. 8 : 26***

ഓരോ അനുഭവവും നമുക്കു സഹായകമാകണം. ആദ്യം നാം ഭയന്നു നിലവിളിച്ചപ്പോൾ "അല്പവിശ്വാസികളേ" എന്ന ശാസനയോടുകൂടിയാണെങ്കിലും പിന്നാലെ നമുക്കു സഹായം നൽകപ്പെട്ടിരിക്കും. എന്നാൽ പാഠങ്ങൾ ഒന്നൊന്നായി പിന്നിടുന്തോറും ഗുരു നമ്മെക്കുറിച്ച് പ്രതീക്ഷിക്കുന്നതും നാം തന്നെ നമ്മെപ്പറ്റി പ്രതീക്ഷിക്കേതും പൂർവ്വാധികമായ വിശ്വാസവും ഉറപ്പും സമാധാനവും കർത്താവിലുള്ള സന്തോഷവും അവന്റെ സാന്നിദ്ധ്യത്തിലും കരുതലിലും ഉള്ള ധൈര്യവും ശത്രുവിലും എല്ലാ തിന്മകളിലും നിന്നു നമ്മെ മോചിപ്പിച്ച് ഒടുവിലായി നാം തേടുന്ന തുറമുഖത്തേക്ക്, അവന്റെ രാജ്യത്തിലേക്ക് നമ്മെ സുരക്ഷിതരായി ആനയിക്കാനുള്ള അവന്റെ ശക്തിയിൽ വർദ്ധിച്ചുവരുന്ന വിശ്വാസവുമാണ് - Z'04, 60 (R 3324)

* * * * * *

ഇന്നത്തെ ദുരവസ്ഥകളാകുന്ന കടലിലൂടെയുള്ള യാത്രയിൽ ക്രിസ്തീയ വിശ്വാസിയാകുന്ന യാത്രക്കാരനെ അഭിമുഖീകരിക്കുന്ന കൊടുങ്കാറ്റുകൾ അവന്റെ വിശ്വാസമാകുന്ന പടകിനെ കീഴ്മേൽ മറിയലിന്റെ വക്കിലെത്തിക്കാം. മറ്റവസരങ്ങളിൽ അവ പടകിൽ അനർത്ഥങ്ങളുടെ വെള്ളംകയറി നിറയാനിടയാക്കാം. ജലോപരി പിടിച്ചുനിൽക്കാൻ അതിനു കഴിയാതെ വരാം. അങ്ങോട്ടുമിങ്ങോട്ടും ആടിയുലയാൻ ഇടയാകുമാറു കാറ്റിന്റെ ശക്തി ഉഗ്രമാകാം. ഇങ്ങനെയുള്ള പ്രക്ഷുബ്ധാന്തരീക്ഷത്തിൽ കാറ്റിന്റെയും അലമാലകളുടെയും മേൽ അധികാരമുള്ളവൻ രക്ഷകനായി സമീപത്തുന്നെ കാര്യം വിസ്മരിക്കാതിരിക്കാം. നമ്മുടെ വിശ്വാസപടകു മുങ്ങിപ്പോകുമെന്ന ഭീതിയിൽനിന്ന് ഇതു നമ്മുടെ ഹൃയങ്ങളെ വിമുക്തമാക്കുന്നു. ഗലീലക്കടലിലെന്നപോലെ നമ്മുടെ ജീവിത ക്ലേശങ്ങളാകുന്ന കൊടുങ്കാറ്റ് "ശാന്തമാകൂ, അടങ്ങൂ" എന്ന അവന്റെ ശക്തമായ ആജ്ഞയ്ക്കു കീഴടങ്ങി സമ്പൂർണ്ണശാന്തത കൈവരിക്കും. ഇതു മനസ്സിലാക്കി ഭയവും അവിശ്വാസവും ഒഴിവാക്കാം. എന്തെന്നാൽ അവൻ നമ്മോടുകൂടി ഉ് - P'30, 166

* * * * * *

**സമാന്തരവേദഭാഗങ്ങൾ : സങ്കീ.31:22;42:5,6;77:7-9; യെശ.49:14,15; മത്താ.6:30;14:29-31;17:17; മർക്കൊ.4:38-40;5:36; ലൂക്കൊ.8:23-25;17:5; യോഹ.14:1; ഗലാ.6:12; ഫിലി.4:6,7; 2തിമൊ.4:16; 1യോഹ.5:4**

ചോദ്യങ്ങൾ :- ഞാൻ അല്പവിശ്വാസിയായിത്തീർന്നിട്ടുോ? എപ്പോൾ? ഞാൻ അതിനെ എങ്ങനെ അതിജീവിച്ചു?

# ഒക്ടോബർ 10

***നിങ്ങൾ പഴയ മനുഷ്യനെ അവന്റെ പ്രവൃത്തികളോടുകൂടെ ഉരിഞ്ഞുകളഞ്ഞ്, നിങ്ങളെ സൃഷ്ടിച്ചവന്റെ പ്രതിമ പ്രകാരം പരിജ്ഞാനത്തിനായി പുതുക്കം പ്രാപിക്കുന്ന പുതിയ മനുഷ്യനെ ധരിച്ചിരിക്കുന്നുവല്ലോ - കൊലൊ. 3 : 9, 10***

നമ്മുടെ മനസ്സിലോ ഇച്ഛയിലോ മാത്രമാണ് പഴയ കാര്യങ്ങൾ ഒഴിഞ്ഞുപോകയും സകലവും പുതുതാകയും ചെയ്തിരിക്കുന്നത്. ഈ മർത്യമായത് അമർത്യത്തെ ധരിക്കുകയും ഈ ദ്രവത്വമുള്ളത് തേജസ്സിലും ശക്തിയിലും ആത്മജീവികളായി അദ്രവത്വത്തിൽ ഉയിർപ്പിക്കപ്പെടുകയും ചെയ്യുമ്പോഴാണ് ഈ മാറ്റം യാഥാർത്ഥ്യമായിത്തീരുന്നത്. അതിനിടയിൽ നീതിമാന്മാരുടെ പുനരുത്ഥാനത്തിനു യോഗ്യരായി എണ്ണപ്പെടുന്നതിന്, നാം എന്തായിത്തീരാൻ കർത്താവ് ആഗ്രഹിക്കുന്നുവോ അതിനുള്ള മനസ്സൊരുക്കം നാം വ്യക്തമാക്കേിയിരിക്കുന്നു. കർത്താവിനും നമുക്കു തന്നെയും ഇക്കാര്യം തെളിവാകുന്നതിനു ഹൃദയത്തിനും നിനവുകൾക്കും കടിഞ്ഞാണിടുന്നതാണ് ഉചിതവും സഹായകരവും - Z'04, 25 (R 3304)

*  *  *  *  *  *

തന്നെ സംബന്ധിച്ചും ലോകത്തെ സംബന്ധിച്ചുമുള്ള മാനുഷികേച്ഛകളെ വിട്ടുകളയുക എന്ന അർത്ഥത്തിൽ ദൈവജനങ്ങൾ പഴയ മനുഷ്യനെ ഉരിഞ്ഞുകളഞ്ഞിരിക്കുന്നു. മാനുഷിക കാര്യങ്ങളിൽ മാത്രമല്ല, ആത്മീയകാര്യങ്ങളിലും ദൈവേഷ്ടം തങ്ങളുടെ ഇഷ്ടമായിക്കാണുക എന്ന അർത്ഥത്തിൽ പുതിയ മനുഷ്യനെ അവർ ധരിച്ചിരിക്കുന്നു. ദൈവത്തിന്റെ സ്വഭാവം അഥവാ പ്രതിമ അവരിൽ പൂർണ്ണമാകും വരെ ആ സാദൃശ്യത്തിന്റെ വിദൂരതേജസ്സിൽനിന്നു സമീപതേജസ്സിലേക്കുള്ള വ്യതിയാനം വഴി അവരിലുള്ള ദൈവപ്രതിമ അനുദിനം പുതുക്കപ്പെടുന്നു. ഈ മാറ്റത്തിനുള്ള മാർഗ്ഗമാകട്ടെ ജീവിതാനുഭവങ്ങൾക്കു മദ്ധ്യേ ദൈവവചനം നിർവ്യാജമായ ശുദ്ധഹൃദയത്തിൽ അർത്ഥബോധത്തോടെ കൈക്കൊു വിശ്വസ്തതയോടെ പരിശീലിക്കുന്നതാണ് - P'35, 131

*  *  *  *  *  *

**സമാന്തരവേദഭാഗങ്ങൾ : എഫെ.2:10;4:22,24,25; റോമ.6:4,6,13,14;12:2; യെഹെ.36:26; 2കൊരി.3:18;4:6;5:17; സങ്കീ.51:10; 1പത്രൊ.1:15,16; ഗലാ.6:15; തീത്തൊ.2:11,12; ഉല്പ.1:27**

ചോദ്യങ്ങൾ :- പഴയമനുഷ്യനെയും പുതിയമനുഷ്യനെയും സംബന്ധിച്ച് ഈ ആഴ്ചയിലെ അനുഭവങ്ങൾ എന്തായിരുന്നു? അവയെ എങ്ങനെ അഭിമുഖീകരിച്ചു? അവ എന്തു ഫലമുളവാക്കി?

# ഒക്ടോബർ 11

***യഹോവയുടെ പാത്രങ്ങളെ ചുമക്കുന്നവരേ, നിങ്ങളെത്തന്നെ നിർമ്മലീകരിപ്പിൻ - യെശ. 52 : 11***

ദൈവത്തിന്റെ ദാസന്മാരും തിന്മയുടെ ദാസന്മാരും തമ്മിൽ വ്യക്തമായ വേർപാടു സൃഷ്ടിക്കുക എന്നതാണ് ദൈവത്തിന്റെ പ്രവർത്തനരീതി എന്നു തോന്നുന്നു. ദൈവത്തിന്റെ സാക്ഷികളോ സത്യത്തിന്റെ സ്ഥാനപതികളോ ആയിരിക്കുക എന്ന പദവി കർത്താവിന്റെ ജനത്തിനായി സംവരണം ചെയ്തിട്ടുള്ള ഒരു ആനുകൂല്യമാണ്. ദുഷ്ടനെയോ വീഴ്ചഭവിച്ച ദുരാത്മാക്കളെയോ ദുർവൃത്തരായ സ്ത്രീപുരുഷന്മാരെയോ സദ്വർത്തമാനത്തിന്റെ വക്താക്കളായിരിപ്പാൻ അവൻ നിയോഗിക്കുന്നില്ല. കർത്തൃജനം ഇക്കാര്യം ശ്രദ്ധാപൂർവ്വം കണക്കിലെടുക്കണം. കർത്താവുമായി ഹൃദയൈക്യത്തിലാണെന്നതിനു തെളിവില്ലാത്തവർ ശുശ്രൂഷ ചെയ്യുന്നതിനോടു വിയോജിക്കണം. "ദുഷ്ടനോടു ദൈവം പറയുന്നു: എന്റെ നിയമം നിന്റെ വായിൽ എടുപ്പാൻ നിനക്കെന്തു കാര്യം? നീ ഉപദേശത്തെ വെറുത്ത് എന്റെ വചനങ്ങളെ നിന്റെ പുറകിൽ എറിഞ്ഞുകളയുന്നു വല്ലോ"
(സങ്കീ.50:16,17)- Z'04, 28 (R 3309)

*   *   *   *   *   *

നിഴലിലെ പുരോഹിതന്മാർ സമാഗമനകൂടാരത്തിലും ദേവാലയത്തിലും തങ്ങളുടെ ശുശ്രൂഷകളിൽ ഉപയോഗിച്ച പാത്രങ്ങൾ, വചനശുശ്രൂഷയിൽ ഉപദേശത്തിനും ഖണ്ഡനത്തിനും ശുദ്ധീകരണത്തിനും സ്വഭാവരൂപവത്കരണത്തിനും ഉപകരിക്കുന്ന വേദസിദ്ധാന്തങ്ങൾ, വിധികൾ, വാഗ്ദത്തങ്ങൾ, പ്രബോധനങ്ങൾ, പ്രവചനങ്ങൾ, ചരിത്രങ്ങൾ, പ്രതിരൂപങ്ങൾ ഇവയെ കുറിക്കുന്നു. ഈ പാത്രങ്ങൾ ചുമക്കുക എന്നതിന് അവയെക്കൊ് ശുശ്രൂഷിക്കുക എന്നാണർത്ഥം. ജഡത്തിലെയും ആത്മാവിലെയും സകല കല്മഷങ്ങളിൽനിന്നും കഴുകി വെടിപ്പാക്കുക എന്നത് ദൈവജനത്തിന് ഏറ്റവും അനുയോജ്യമാണ്. അതുകൊ്, ബൈബിളിൽ അടങ്ങിയിരിക്കുന്ന സത്യമാകുന്ന വെള്ളം കൊ് അവർ പ്രതിദിനം തങ്ങളെത്തന്നെ കഴുകണം. ഇത് ശുശ്രൂഷയ്ക്കു യോഗ്യമാംവണ്ണം അവരെ ശുദ്ധീകരിക്കും - P'34, 143

*   *   *   *   *   *

**സമാന്തരവേദഭാഗങ്ങൾ : സംഖ്യാ.4:1-20;18:1-7; എസ്രാ.1:7-11; യെഹെ.3:4; മത്താ.10:5-16,38,39; 2കൊരി.7:1; 1തിമൊ.1:18-20;3;4;5:21,22; 2തിമൊ.2:21-26;3:1-14;4:1-5**

ചോദ്യങ്ങൾ :- ഈ ആഴ്ച ശുദ്ധീകരണവേല നിറവേറിയോ? എങ്ങനെ? അതിൽ പ്രതിബന്ധമായി വർത്തിച്ചതെന്ത്? സഹായകമായി വർത്തിച്ചതെന്ത്? അത് എന്തു പ്രതികരണം ഉളവാക്കി?

# ഒക്ടോബർ 12

***വയലിലെ താമര എങ്ങനെ വളരുന്നു എന്നു നിരൂപിപ്പിൻ - മത്താ. 6 : 28***

പ്രകൃതിയിലെ ഇപ്രകാരമുള്ള ലളിതവസ്തുക്കൾപോലും പഠനവിഷയമാക്കുകയും പരിഗണിക്കപ്പെടുകയും ചെയ്യണമെന്നതിലേക്കു കർത്താവു നമ്മുടെ ശ്രദ്ധ തിരിക്കുന്നു. സ്രഷ്ടാവ് മനുഷ്യമനസ്സിനു ഗ്രഹിക്കാവുന്നതിൽവെച്ച് ഏറ്റവും ഉന്നതവും മഹത്തുമായ ഗുണങ്ങളുടെ മൂർത്തീഭാവമാണ് എന്ന ബോധത്തിന്റെയും അവനിലുള്ള വിശ്വാസത്തിന്റെയും അടിസ്ഥാനത്തിൽ ജീവിതത്തെ നിരീക്ഷിക്കുന്നവർക്ക് ഏതു ജീവിതാനുഭവങ്ങളോടും ബന്ധപ്പെട്ടു കിടക്കുന്ന പാഠങ്ങൾ പ്രയോജനകരമാകും. നീതിയിലും ജ്ഞാനത്തിലും ശക്തിയിലും സ്നേഹത്തിലും ഉള്ള പൂർണ്ണതയാണ് ദൈവസ്വഭാവത്തിന്റെ അവശ്യലക്ഷണങ്ങൾ. ഈ നിരീക്ഷണരീതിയുടെ ഫലം പുരോഗതിയും, കൃപയിലും അറിവിലും സ്നേഹത്തിലുമുള്ള വളർച്ചയുമായിരിക്കും. നിസ്സാരവസ്തുക്കളെ അവഗണിക്കുന്നവർ വലിയ വസ്തുക്കളെ വിലമതിക്കുന്നതിലും പരാജയപ്പെടും. അത് ചിന്തയിൽ ദൈവത്തിനു മതിയായ സ്ഥാനം നൽകുന്നതിനും അവന്റെ നിർണ്ണയത്തോടു വേത്ര ആദരം പുലർത്തുന്നതിനും അവന്റെ സ്വഭാവത്തെ യഥോചിതം അഭിനന്ദിക്കുന്നതിനും വിഘാതമായിത്തീരുന്നു - Z'04, 37, 38 (R 3312)

* * * * * *

ഇവിടെ കർത്താവ് ഉപദേശിക്കുന്ന പാഠം നാം നിഷ്ക്രിയരും അലസരും ആയിരിക്കണമെന്നല്ല, മറിച്ച് കൃപയിലും അറിവിലും വളർച്ച നേടുന്നതിൽ നാം ദൈവത്തോടു സഹകരിക്കുമ്പോൾതന്നെ ആകുലചിന്തയിൽനിന്ന് ഒഴിഞ്ഞിരിക്കണമെന്നാണ്. എന്തെന്നാൽ വയലിലെ താമര അതിന്റെ ജോലി നിർവ്വഹിക്കുന്നു ്. എന്നാൽ അത് ഉത്കണ്ഠ പുലർത്തുന്നില്ല. അതു ദ്രാവകരൂപത്തിൽ പോഷകവസ്തുക്കൾ വലിച്ചെടുക്കുന്നു. ഉത്കണ്ഠ കൂടാതെ ഇങ്ങനെ ചെയ്തുകൊ് അവ അഴകാർന്നു വളരുമ്പോൾ നാം വിശ്വസ്തതയോടെ സത്യം കത്തെി അതിന്റെ ആത്മാവിനെ പാനം ചെയ്യുകയും അപ്പോൾ തന്നെ ചിന്താകുലമില്ലാത്തവരായിരിക്കയും വേണമെന്ന പാഠം നമുക്ക് ഉപദേശിച്ചു തരികയാണ്. വയലിലെ താമരകളെ വെല്ലുന്ന അഴകോടെ ആത്മീയമായി അഴകാർന്നു വളരുവാൻ ഈ പാഠം നമ്മെ പ്രാപ്തരാക്കുന്നു - P'33, 147

* * * * * *

**സമാന്തരവേദഭാഗങ്ങൾ : സദൃ.16:3; യിരെ.27:7,8; മത്താ.6:25-27, 29-34; സങ്കീ.55:22; ലൂക്കൊ.12:22,23; ഫിലി.4:6; 1പത്രൊ.5:7; ഇയ്യോ.38:41; സങ്കീ.104:10,11**

ചോദ്യങ്ങൾ :- ഈ ആഴ്ച ഞാൻ ആകുലചിത്തനായിരുന്നോ? അഥവാ ദൈവത്തിൽ വിശ്വാസമുള്ളവൻ ആയിരുന്നോ?അതിന് സഹായകമായും

പ്രതിബന്ധമായും വർത്തിച്ചതെന്ത്? പരിണതഫലങ്ങൾ എന്തായിരുന്നു?

# ഒക്ടോബർ 13

***ഞാനും എന്റെ വിശ്വാസം പ്രവൃത്തികളാൽ കാണിച്ചുതരാം - യാക്കോ. 2 : 18***

വർത്തമാനയുഗത്തിൽ കർത്താവിന്റെ ജനം പ്രവൃത്തികളാലല്ല, വിശ്വാസത്താലാണ് വിധിക്കപ്പെടേത്. എന്നിരുന്നാലും പ്രവൃത്തികൾ ആവശ്യമാണ്. നാം പ്രവൃത്തികൾ മുഖേന വിശ്വാസം പ്രകടമാക്കുന്നു. നമ്മുടെ അപൂർണ്ണമായ പ്രവൃത്തികളിലും ദൈവത്തിന്റെ ദൃഷ്ടിക്കു നമ്മുടെ ഉദ്ദേശ്യശുദ്ധി ദർശിക്കാൻ കഴിയും എന്നതുകൊ് നമുക്ക് അവനെ സ്തുതിക്കാം. നമ്മുടെ പ്രവൃത്തികൾ നമ്മുടെ വിശ്വാസത്തിന്റെ നിഷ്കപടതയ്ക്കു തെളിവായി ദൈവത്തിന്റെ ദൃഷ്ടിയിൽ കാണപ്പെടുന്ന പക്ഷം ആ വിശ്വാസം അവനു സ്വീകാര്യമാകും. നാം പൂർണ്ണരായി എണ്ണപ്പെടും. രാജ്യത്തിലും, കേവലം വാക്കുകളിലല്ല പ്രവൃത്തികളിൽ, തന്നെ സ്നേഹിക്കുന്നവർക്കായി അവൻ കരുതിവച്ചിട്ടുള്ള വിലയേറിയതും അതിമഹത്തുമായ എല്ലാ വാഗ്ദത്തങ്ങളിലും അവർ ഓഹരിക്കാരാകും; ജീവനുള്ള പ്രവൃത്തികൾവഴി തങ്ങളുടെ സ്നേഹം പ്രത്യക്ഷമാക്കുന്നതിന് പോരാടുന്നവർ മാത്രം - Z'04, 45 (R 3317)

*   *   *   *   *   *

ഗ്രഹണസാധ്യമായ സിദ്ധാന്തങ്ങളെ സംശയിക്കാതിരിക്കുന്നതു മാത്രമല്ല വിശ്വാസം. വിശ്വാസത്തിന് അപ്രകാരമൊരടിസ്ഥാനം ആവശ്യമാണെന്നുള്ളതു ശരിതന്നെ. ബോധ്യപ്പെട്ട വിഷയം, വിശ്വാസത്തിന്മേൽ തികഞ്ഞ സമ്മർദ്ദം പ്രയോഗിക്കുകയും വിശ്വാസം അതിനെ സ്വന്തമാക്കുകയും പ്രവൃത്തിപഥത്തിലാക്കുകയും വേണം. അങ്ങനെയുള്ള വിശ്വാസം ഒരുവന്റെ ചിന്തകൾക്കും ലക്ഷ്യങ്ങൾക്കും വാക്കുകൾക്കും പ്രവൃത്തികൾക്കും വീര്യം പകരുന്ന ഒരു സജീവശക്തിയായിരിക്കും. അതുകൊ്, യഥാർത്ഥമായ വിശ്വാസം പ്രവൃത്തികൾ വഴി തെളിവാകും. പ്രവൃത്തികളുടെ അഭാവത്തിൽ വിശ്വാസം യഥാർത്ഥത്തിൽ ഉോ എന്നതു തികച്ചും സന്ദേഹാസ്പദമായിരിക്കും. അതുകൊ് ജ്ഞാനം, നീതി, ശുദ്ധീകരണം, വിമോചനം ഇവയിലേക്കു നയിക്കുന്ന വിശ്വാസം നമുക്കുന്നെ് തദനുസരണമായ പ്രവൃത്തികൾകൊു നമുക്കു പ്രകടമാക്കാം. എന്തെന്നാൽ സ്നേഹത്താൽ പ്രചോദിതമായി പ്രവർത്തിക്കുന്ന വിശ്വാസമേ ക്രിസ്തു യേശുവിൽ ഫലപ്രദമാകൂ - P'32, 150

*   *   *   *   *   *

**സമാന്തരവേദഭാഗങ്ങൾ : മത്താ.5:16;7:16-18,20; യോഹ.13:38;15:5,8; ഗലാ.5:6; യാക്കോ.1:27;2:17,19-26;3:13; ഉല്പ.22:9,12;15:6; റോമ.4:3; ഗലാ.3:6;6:9,10; ഫിലി.2:12,13; തീത്തൊ.3:14; എബ്രാ.11; 1യോഹ.2:6; വെളി.2:19**

ചോദ്യങ്ങൾ :- എന്റെ വിശ്വാസത്തിന്റെ നിഷ്കപടത ഞാൻ പ്രവൃത്തികളാൽ ഈ ആഴ്ചയിൽ തെളിയിച്ചുവോ? എപ്രകാരം? അവ എന്തു പ്രതികരണമുളവാക്കി?

# ഒക്ടോബർ 14

***നീതിയും ന്യായവും പ്രവർത്തിക്കുന്നത് യഹോവയ്ക്കു ഹനനയാഗ ത്തെക്കാൾ ഇഷ്ടം -സദൃ. 21 : 3***

സ്നേഹത്തിൽ നാം വളർച്ച പ്രാപിക്കണം. സ്നേഹമാണ് സർവ്വപ്രധാനം. എന്നാൽ സ്നേഹത്തെ പരിപുഷ്ടിപ്പെടുത്തുന്നതിൽ സാരമായ പുരോഗതി സാധിക്കുംമുമ്പ് നാം ന്യായവും ശരിയും ഗ്രഹിച്ച് നീതിബോധം ഉൾക്കൊള്ളണം. "ഉദാരനാകുംമുമ്പ് നീതിമാനാകുക" എന്ന പഴഞ്ചൊല്ലിൽ ഈ വസ്തുത ശരിയാംവണ്ണം പ്രകാശിതമാകുന്നു. അതുകൊ ്, നീതി എന്ന വിഷയം നിരന്തരം പഠിച്ച് തിരുവെഴുത്തിലെ അനുശാസനങ്ങൾ അനുദിനജീവിതത്തിൽ പ്രായോഗികമാക്കുക ദൈവജനത്തിന്റെ ധർമ്മമാണ്. സ്നേഹത്തിന്റെ നിർമ്മാണം ആരംഭിക്കുംമുമ്പ് സ്വഭാവത്തിന ് ഇപ്രകാരമുള്ള ഒരു അടിത്തറ ഉള്ളവർ വേഗ്ര പുരോഗതി നേടുന്നതായി കാണും. അനീതിയിലോ, നീതിയെ സംബന്ധിച്ച അബദ്ധധാരണകളിലോ അടിസ്ഥാനപ്പെട്ട ഏതു സ്നേഹവും മിഥ്യയാണ്. ശിഷ്യത്വത്തിന്റെ ഉരകല്ലായി കർത്താവ് ആവശ്യപ്പെടുന്ന സ്നേഹമായിരിക്കയില്ല അത് - Z'04, 56, 57 (R 3321)

*   *   *   *   *   *

നീതി എന്നത് നേരായ ജീവിതത്തെയും ന്യായം എന്നത് സത്യമായ ഉപദേശങ്ങളെയും കുറിക്കുന്നു. യാഗം എന്നതിനു സാധാരണ അർത്ഥം സ്നേഹത്താൽ പ്രേരിതമായ സത്പ്രവൃത്തികൾ എന്നാണ്. ഇവിടെയാകട്ടെ നീതിക്കും സത്യത്തിനും വിരുദ്ധമായ സത്പ്രവൃത്തികൾ എന്നാണ് വിവക്ഷിതം. ദൈവം യാഗം ആഗ്രഹിക്കുന്നില്ല എന്ന അർത്ഥത്തിലല്ല ഈ വാക്യം. നീതിക്കും സത്യത്തിനും നിരക്കുന്ന വിധം അനുഷ്ഠിക്കുന്ന സ്നേഹപ്രചോദിതമായ സത്പ്രവൃത്തികൾ, സ്നേഹപ്രചോദിതമായ സത്പ്രവൃത്തികൾ കൂടാതെയുള്ള യാഗങ്ങളോളം യഹോവയ്ക്കു പ്രസാദകരമല്ല എന്നുമല്ല അർത്ഥം. മറിച്ച്, നീതിക്കും സത്യത്തിനും വിരുദ്ധമായി ജീവിച്ചുകൊുള്ള യാഗാർപ്പണത്തെക്കാൾ, യാഗാർപ്പണം കൂടാതെയാണെങ്കിലും, നീതിയും സത്യവും പാലിക്കുന്ന പ്രവൃത്തികളാണ് കർത്താവിനു കൂടുതൽ സ്വീകാര്യമെന്നാണ് ഇവിടെ ആശയം - P'26, 156

*   *   *   *   *   *

**സമാന്തരവേദഭാഗങ്ങൾ : 1ശമു.15:22; സങ്കീ.1:3,15;24:3-5;106:3;112:4-8; സദൃ.2:5-20; യെശ.32:16-18; ഹോശെ.6:6; മീഖാ.6:6-8; മത്താ.5:20; യോഹ.14:21-24;15:4,5,8; റോമ.6:19-22;14:17-19; 1കൊരി.13:1-7**

ചോദ്യങ്ങൾ :- സത്യത്തിനും നീതിക്കും വിരുദ്ധമായ യാഗത്തെക്കാൾ സത്യവും നീതിയും ഈ ആഴ്ച ഞാൻ പ്രാവർത്തികമാക്കിയോ? പരിതസ്ഥിതികളും ഫലങ്ങളും എന്തായിരുന്നു?

# ഒക്ടോബർ 15

***ദൈവത്തിൽ വിശ്വാസമുള്ളവരായിരിപ്പിൻ - മർക്കോ. 11 : 22***

കർത്താവിന്റെ അനുയായികളായിത്തീർന്നശേഷം നമ്മുടെ ദൈനം ദിനാനുഭവങ്ങൾക്ക് ഒരു അദൃശ്യശക്തിയുടെ കാവലും മാർഗ്ഗനിർദ്ദേശവും അനുഭവപ്പെടുന്നു. ക്രിസ്തുവിൻ പാഠശാലയിലെ വിദ്യാർത്ഥികൾ എന്ന നിലയ്ക്കു നാമെല്ലാം അവനാൽ ഉപദേശിക്കപ്പെടുകയും ആത്മാവിൻ കൃപാവരങ്ങളിൽ വിശേഷാൽ വിശ്വാസത്തിൽ ഉത്തരോത്തരം വളർച്ച പ്രാപിക്കയും ചെയ്യേതിനാണിത്. വിശ്വാസം എത്ര പ്രധാനമാണെന്ന വസ്തുത ഒരുവേള ഇപ്പോൾ പൂർണ്ണമായി മനസ്സിലാക്കാൻ നാം അശക്തരാണ്. ഇപ്പോൾ അവന്റെ അനുയായികളായി വിളിക്കപ്പെടുന്നവരിൽ കത്തെുവാൻ കർത്താവു പ്രത്യേകമായി ആഗ്രഹിക്കുന്ന ഒന്നാണിത്. അതുകൊ്, നമ്മുടെ വിശ്വാസത്തിനനുസരണമായി കഷ്ടങ്ങളിലും സന്തോഷിപ്പാൻ നമുക്കു കഴിയും. കഷ്ടങ്ങൾ അതിൽത്തന്നെ നിർവൃതികരമെന്നല്ല, അവയോടു ബന്ധപ്പെട്ട് വിശ്വാസത്തിൽനിന്ന് ഉളവാകുന്ന ചിന്തകൾ ആനന്ദജനകമാകാം. അത്യന്തവും അനശ്വരവുമായ തേജസ്സിന്റെ മഹാധനം നമുക്കു നൽകുവാൻ പോരുന്നവയാണ് ഈ ലഘുവായ കഷ്ടങ്ങൾ എന്ന ചിന്തയിൽ നാം സന്തോഷം കത്തെുന്നു - Z'04, 59 (R 3324)

* * * * * *

ഏതെങ്കിലും വ്യക്തിയോടോ വസ്തുവിനോടോ മനസ്സിനു തോന്നുന്ന മതിപ്പും ആശ്രയബോധവും ആണ് വിശ്വാസം. ക്രൈസ്തവവിശ്വാസം എന്നത് ദൈവത്തിലും ക്രിസ്തുവിലുമുള്ള മനസ്സിന്റെ മതിപ്പും ആശ്രയവുമാണ്. ദൈവത്തെയും ക്രിസ്തുവിനെയും സംബന്ധിച്ചുള്ള മനസ്സിന്റെ ഈ മതിപ്പും അവരിലുള്ള ഹൃദയത്തിന്റെ ആശ്രയവും തിരുവെഴുത്തുകളിൽ വരച്ചു കാണിച്ചിരിക്കുന്ന ചില വഴികളിലൂടെ പ്രവർത്തിക്കുന്നു. അതായത് അവരുടെ ആളത്വം, സ്വഭാവം, വാക്ക്, പ്രവൃത്തി ഇവയിൽ അവർ മതിക്കത്തക്കവരും ആശ്രയയോഗ്യരും ആകകൊ് വിശ്വാസ്യരും എന്നു വെളിപ്പെടുത്തുന്നു. നിരവധി സന്ദർഭങ്ങളിൽ ഇതു സത്യമെന്നു നമ്മുടെ അനുഭവങ്ങൾ തെളിയിച്ചിട്ടു്. അതുകൊ്, യേശുവിനു തന്നിൽ തന്നെ അനർഹതയോ നമുക്ക് അസൗകര്യമോ കൂടാതെ പിതാവിലും തന്നിലും വിശ്വസിക്കുവാൻ നമ്മോടു കൽപ്പിക്കാവുന്നതാണ് - P'36, 110, 111

* * * * * *

**സമാന്തരവേദഭാഗങ്ങൾ : യോശു.1:9; 2ദിന.15:7;20:20;32:7,8; നെഹെ.4:14; ഇയ്യോ.35:14; സങ്കീ.4:5;27:14;31:19,24;37:3,5,7,39,40;55:22;115:9,11; സദൃ.3:5,6; മത്താ.17:20,21**

ചോദ്യങ്ങൾ :- ഈ ആഴ്ച ഞാൻ വിശ്വാസത്തിൽ നിലനിന്നോ? എങ്ങനെ? ഫലമെന്തായിരുന്നു?

# ഒക്ടോബർ 16

***അവൻ കൊടുങ്കാറ്റിനെ ശാന്തമാക്കുന്നു - സങ്കീ. 107 : 29***

മാനുഷികമായ മോഹങ്ങളും മോഹഭംഗങ്ങളുംകൊ് പ്രക്ഷുബ്ധമായിരിക്കുന്ന ഇക്കാലത്തു ജീവിക്കുന്ന നാം ദൈവനിർണ്ണയത്തെ പ്രതിനിധാനം ചെയ്യുന്നവരാണ്. പടകിൽ നമ്മോടുകൂടെയുളള കർത്താവിന്റെ സാന്നിദ്ധ്യവും, തന്റെ സമയത്തും വിധത്തിലും ലോകത്തിനു സമാധാനം വിളംബരം ചെയ്യാൻ കഴിയുന്ന അവന്റെ മഹാവല്ലഭത്വവും കറിവാൻ വിശ്വാസത്തിനു കഴിയാതെ വരുമ്പോഴെല്ലാം നമ്മുടെ ഹൃദയം പകച്ചുപോകുന്ന അവസരങ്ങളുാകും. എങ്ങനെ ആയാലും ഇരുളിന്റെ നാഴിക നമ്മെ അഭിമുഖീകരിക്കുന്നപക്ഷം, പലരും ഭയന്നു വിറച്ചു നിലവിളിക്കുമാറ് കൊടുങ്കാറ്റ് ആഞ്ഞുവീശുന്ന സന്ദർഭമുാകുന്ന പക്ഷം നാം പരിഭ്രമിക്കരുത്. ഏതൽക്കാലത്തെ വിലപ്പെട്ട അനുഭവങ്ങളിൽനിന്നു നാം പാഠങ്ങൾ ഉൾക്കൊള്ളുക. പരീക്ഷണഘട്ടങ്ങളിൽ നമ്മുടെ വിശ്വാസം ദുർബലമാകാതിരിക്കാൻ ഇത് സഹായിക്കും. ഘോരാന്ധകാരത്തിലും, നമ്മെ സ്നേഹിക്കയും തന്റെ വിലയേറിയ രക്തം കൊു നമ്മെ വിലയ്ക്കു കൊള്ളുകയും ചെയ്ത വീടെുപ്പുകാരനിൽ ആനന്ദിക്കയും മോശയുടെയും കുഞ്ഞാടിന്റെയും പാട്ട് പാടുകയും ചെയ്യാൻ അങ്ങനെ നമുക്കു കഴിയും - Z'04, 60 (R 3324)

* * * * * *

മനുഷ്യന്റെ അനുഭവത്തിൽ ലക്ഷ്യാർത്ഥത്തിലുള്ള അനേകം കൊടുങ്കാറ്റുകൾ ഉായിട്ടു്. മനുഷ്യവർഗ്ഗത്തിന് തിന്മയോടു ബന്ധപ്പെട്ടിട്ടുായിട്ടുള്ള തിക്താനുഭവങ്ങൾ; പുരാതനവീരന്മാർ, യുവവീരന്മാർ, യിസ്രയേൽ, ചെറിയ ആട്ടിൻകൂട്ടം, മഹാപുരുഷാരം എന്നീ വിഭാഗങ്ങൾക്കു നേരിട്ടിട്ടുള്ള പീഡനങ്ങൾ മുതലായവ ഇവയിൽപ്പെടും. ഇവയ്ക്കെല്ലാം ഒടുവിൽ കർത്താവു ശാന്തത വരുത്തിയിട്ടു്. ഇനിയും വരുത്തുകയും ചെയ്യും. ഈ വാക്യത്തിൽ പരാമർശിക്കുന്ന കൊടുങ്കാറ്റ്, വിശേഷിച്ച് മഹോപദ്രവകാലത്തെ അതുല്യമായ ഞെരുക്കങ്ങളെ കാണിക്കുന്നു. ഈ കൊടുങ്കാറ്റിൽ മാനുഷിക സംഘടനകളാകുന്ന കപ്പൽ നിശ്ശേഷം ഉടഞ്ഞുതകരും. കപ്പൽജോലിക്കാരിലും യാത്രക്കാരിലും അനേകം പേരെ അരാജകത്വത്തിന്റെ തിരമാലകൾ വിഴുങ്ങിക്കളയും. ഒടുവിൽ സഹസ്രാബ്ദ തുറമുഖത്ത് എല്ലാവരും ആശ്വസിച്ചാനന്ദിക്കും - P'30, 166

* * * * * *

**സമാന്തരവേദഭാഗങ്ങൾ : ലേവ്യ.26:6; 1രാജാ.19:11,12; ഇയ്യോ.5:19; സങ്കീ.34:13;107:21-28; ദാനി.12:1,2; ഹോശേ.2:18; നഹൂം.1:12; സെഫ.3:8,9; ലൂക്കൊ.2:14; യെശ.26:3; യോഹ.14:27;16:33; 1കൊരി.10:13; എബ്രാ.12:11; 1പത്രൊ.5:10**

ചോദ്യങ്ങൾ :- ദൈവം എനിക്ക് ഏതു വിധത്തിൽ ആണ് സമാധാനം നൽകിയത്? അതു നിമിത്തം ഞാൻ എന്തു ചെയ്തു? തന്മൂലമുളവായ ഫലങ്ങൾ ഏവ?

# ഒക്ടോബർ 17

***തന്റെ തൂവലുകൾകൊ് അവൻ നിന്നെ മറയ്ക്കും; അവന്റെ ചിറകിൻകീഴിൽ നീ ശരണം പ്രാപിക്കും - സങ്കീ. 91 : 4***

യഹോവ സ്നേഹോഷ്മളമായ തന്റെ ഹൃദയത്തോടു വിശ്വസ്തരും ഭക്തരുമായ തന്റെ കുഞ്ഞുങ്ങളെ ഏറ്റവും അടുത്തു ചേർത്തുകൊള്ളുന്നു. "ഞാൻ നിന്റെ കൂടാരത്തിൽ" - നിന്റെ സംരക്ഷണയിൽ - "എന്നാളും വസിക്കു" മെന്ന് അവരുടെ ഹൃദയം പ്രതിവചിക്കുന്നു. "ഞാൻ നിന്റെ ചിറകിൻമറവിൽ ശരണം പ്രപിക്കും; എന്തെന്നാൽ നീ എനിക്ക് ഒരു അഭയസ്ഥാനവും ശത്രുവിൽനിന്ന് ഉറപ്പുള്ള ഒരു ഗോപുരവും ആകുന്നു". "ദൈവമേ, നീ എന്റെ നേർച്ചകളെ"- പ്രതിഷ്ഠയെ- കൈക്കൊ്, നിന്റെ നാമത്തെ ഭയപ്പെടുന്നവരുടെ അവകാശം എനിക്കു തന്നുമിരിക്കുന്നു" (സങ്കീ. 61:4,3,5). "ഞാൻ നിന്റെ ബലത്തെക്കുറിച്ചു പാടും; അതേ പുലർകാലത്തു നിന്റെ ദയയെക്കുറിച്ചു ഞാൻ ഉച്ചത്തിൽ പാടും. എന്തെന്നാൽ എന്റെ കഷ്ടതയുടെ നാളിൽ നീ എന്റെ സങ്കേതവും അഭയസ്ഥാനവുമായിരുന്നു" (സങ്കീ. 59: 16) - Z'04, 75 (R 3331)

* * * * * *

ഇവിടെ സംബോധന ചെയ്യുന്നത് ലവൊദിക്യാവിശുദ്ധന്മാരെയാണ്. അവരുടെ സുരക്ഷിതത്വം കാണിക്കുന്നതിന് ഒരു ഇരട്ടച്ചിത്രം ഇവിടെ നൽകിയിരിക്കുന്നു. ഒരു പിടക്കോഴി അതിന്റെ കുഞ്ഞുങ്ങളെ തൂവൽക്കൊ് ആപത്തിൽനിന്നു മറച്ചുകൊള്ളുന്നതിന്റെയും ഒരു കഴുകൻ ചിറകുകൾകൊ് അതിന്റെ കുഞ്ഞുങ്ങളെ സംരക്ഷിക്കുന്നതിന്റെയും ചിത്രങ്ങൾതന്നെ. ചില അനുഭവങ്ങളിൽ നിന്നും മറ്റു ചില അനുഭവങ്ങളുടെ മദ്ധ്യത്തിലും നമ്മെ പരിപാലിക്കുന്ന കർത്താവിന്റെ കരുതലുകളെയാണ് പിടക്കോഴിയുടെ തൂവലുകൾ കാണിക്കുന്നത്. കഴുകന്റെ ഇരുചിറകുകൾ പഴയനിയമത്തെയും പുതിയനിയമത്തെയും കുറിക്കുന്നു. പഴയനിയമത്തിന്റെയും പുതിയനിയമത്തിന്റെയും മുഖ്യവിഷയം യഥാക്രമം യഥാസ്ഥാപനം അഥവാ മോശയുടെ പാട്ടും പരമവിളി അഥവാ കുഞ്ഞാടിന്റെ പാട്ടുമാണ്. ഈ സത്യങ്ങളാണ് നമ്മുടെ രക്ഷാകവചം. ഇപ്രകാരം കർത്താവിന്റെ വചനവും കരുതൽ നടപടികളും മൂലം വിശുദ്ധന്മാരുടെ സുരക്ഷിതത്വം ഉറപ്പാക്കപ്പെടുന്നു - P'35, 131

* * * * * *

**സമാന്തരവേദഭാഗങ്ങൾ : ഉല്പ.15:1; സങ്കീ.112:7; 121:6; 124:2,3,7;141:9; 146:5,6; സദൃ.23:19; ആവ.32:10-12; യെശ.43:2; മത്താ.23:37; 2തിമൊ.4:18; സദൃ.3:21,23,24**

ചോദ്യങ്ങൾ :- ഈ ആഴ്ചയിൽ ഞാൻ ദൈവത്തിന്റെ കരുതൽ നടപടികളുടെയും വചനത്തിന്റെയും സംരക്ഷണയിൽ ആയിരുന്നുവോ? എപ്രകാരം? ഫലങ്ങളെന്തായിരുന്നു?

# ഒക്ടോബർ 18

***വേലയിൽ മടിയൻ മുടിയന്റെ സഹോദരനാകുന്നു - സദൃ. 18 : 9***

കർത്താവിന്റെ സമർപ്പിതജനങ്ങളിൽ ദുർവ്യയശീലം കാണപ്പെടുന്ന പക്ഷം, ചില വിഷയങ്ങളിൽ ദൈവഹിതം ഗ്രഹിക്കുന്നതിൽ വമ്പിച്ച പുരോഗതി കൈവരിച്ചവരെങ്കിലും ഈ പ്രത്യേകരംഗത്ത് അവരുടെ ഭാഗത്തുള്ള ഒരു പോരായ്മയായേ ഇതിനെ വീക്ഷിക്കാൻ കഴിയൂ. ദാനത്തെ വിലമതിക്കയും ദാതാവിനെ ആദരിക്കയും ചെയ്യുന്ന പക്ഷം നാം ഭൗമികമാകട്ടെ ആത്മീയമാകട്ടെ സ്വർഗ്ഗസ്ഥപിതാവിൽ നിന്നും ലഭിക്കുന്ന എല്ലാ സമ്പത്തിന്റെയും സൂക്ഷ്മതയുള്ള കാര്യവിചാരകരായിരിക്കണം. നമ്മുടെ കർത്താവിന്റെ ഉപമകളിൽനിന്നു തെളിയുന്നത്, അവൻ നമ്മുടെ സ്നേഹത്തെയും തീക്ഷ്ണതയെയും അളക്കുന്നത് ഗണ്യമായൊരു പരിധിവരെ നമുക്കു നൽകപ്പെട്ടിരിക്കുന്ന ഭൗമികവും ആത്മീയവുമായ കഴിവുകളും അവസരങ്ങളും അനുഗ്രഹങ്ങളും എങ്ങനെ വിനിയോഗിക്കുന്നു എന്നതിനെ അടിസ്ഥാനപ്പെടുത്തിയാണ് - Z'04, 77 (R 3332)

*　　*　　*　　*　　*　　*

അലസന്റെ ആത്മാവ് പാഴായ്മയുടേതാണ്. അമൂല്യവും വീടെടുക്കാൻ കഴിയാത്തതുമാണ് സമയം. അത് അവൻ പാഴാക്കുന്നു. മെച്ചപ്പെടുത്താവുന്നതാണ് താലന്തുകൾ. അത് അവൻ പാഴാക്കുന്നു. അവസരങ്ങൾ അവൻ പാഴാക്കുന്നു. അത് അന്യന്മാരെ തേടിപ്പോകുന്നു. അവന്റെ ശക്തി അവൻ പാഴാക്കുന്നു. പ്രയോഗമില്ലാത്തതിനാൽ അത് തുരുമ്പിക്കുന്നു. കീർത്തി അവൻ പാഴാക്കുന്നു, അത് ഒരിക്കലും മടങ്ങി വരുന്നില്ല. സുഹൃത്തുക്കളെ അവൻ പാഴാക്കുന്നു, അവർ അവനെ വിട്ടുപോകുന്നു. സമ്പത്തുകൾ അവൻ പാഴാക്കുന്നു, അവ അവനിൽ നിന്ന് അപഹൃതമാകുന്നു. സ്വഭാവം അവൻ പാഴാക്കുന്നു, അത് അവനെ അധമനാക്കുന്നു. ജീവിതം അവൻ പാഴാക്കുന്നു, അത് അവനിൽനിന്നും എടുത്തുകളയുന്നു. നിത്യത അവൻ പാഴാക്കുന്നു, അത് അവന് നഷ്ടപ്പെടുന്നു. അതുകൊ്, കർത്താവിന്റെ വിശുദ്ധന്മാർ എന്ന നിലയ്ക്ക് അലസതയെ നമുക്കു ദൂരീകരിക്കാം - P'34, 143

*　　*　　*　　*　　*　　*

**സമാന്തരവേദഭാഗങ്ങൾ : സദൃ.6:6-11; 10:4,5,26; 12:11,24,27; 13:4; 15:19; 19:15,24; 20:4,13; 21:5,25; 22:29; 23:21; 24:30-34; 26:13-16; 27:23-27; 30:25-28; 31:13-27; സഭാ.10:18; യെശ.56:10; മത്താ.25:26,27; റോമ.12:11; എഫെ.4:28; 1തെസ്സ.4:11,12; 2തെസ്സ.3:10-12; എബ്രാ.6:12; 1തിമൊ.5:8**

ചോദ്യങ്ങൾ :- ഈ വാക്യം എനിക്ക് ഈ ആഴ്ച എങ്ങനെ ഉപകരിച്ചു? അതിലെ ആശയത്തോടു ഞാൻ എങ്ങനെ പ്രതികരിച്ചു? പരിണതഫലങ്ങൾ എന്തെല്ലാമായിരുന്നു?

# ഒക്ടോബർ 19

***സൗജന്യമായി നിങ്ങൾക്കു ലഭിച്ചു; സൗജന്യമായി കൊടുപ്പിൻ - മത്താ. 10 : 8***

നമുക്ക് ഇത്രയേറെ നവചൈതന്യവും ശക്തിയും നൽകിയ അനുഗ്രഹകരമായ ആഹാരം, അതിനായി വിശക്കുകയും ദാഹിക്കുകയും ചെയ്യുന്നവർക്ക് എത്തിച്ചുകൊടുക്കുന്നതിനു നമുക്കു ജാഗ്രതപുലർത്താം. ഇത് അവർക്കു ലഭിക്കാത്തപക്ഷം അന്യഭക്ഷ്യവിഭവങ്ങൾ തേടി വഴിമദ്ധ്യേ അവർ തളർന്നുപോകും. വിശ്വാസത്തിന്റെ ഭവനക്കാർക്കെല്ലാം ആവശ്യമായ അതേ ആഹാരം തന്നെ നമ്മുടെ പക്കലുു്. അതിന്റെ അഭാവത്തിൽ അവർക്കു തങ്ങളുടെ നിലകാത്തുകൊള്ളുന്നതിനോ മുന്നോട്ടായുന്നതിനോ സാധ്യമല്ല. നിശ്ചയമായും അവരുടെ ഉത്സാഹം കെട്ടുപോകും. ജീവന്റെ അപ്പം മറ്റുള്ളവർക്ക് എത്തിച്ചുകൊടുക്കുന്നതിനു നമുക്ക് ഏതളവിലെങ്കിലുമുള്ള സാമ്പത്തികശേഷിയോ സത്യം സംബന്ധിച്ചുള്ള അറിവോ, സ്വാർത്ഥതയോടെ നമുക്കായിത്തന്നെ കരുതിവെയ്ക്കാനോ നാം മാത്രമായി അനുഭവിച്ചു സംതൃപ്തികൊള്ളാനോ ഉള്ളതല്ല. ഇതു കർത്താവിനു സമർപ്പിക്കാനുള്ളതാണ്. ആ സമർപ്പണത്തിൽനിന്നു മറ്റുള്ളവർക്ക് അനുഗ്രഹങ്ങൾക്കുള്ള വഴി തുറക്കും. നമുക്കുതന്നെ നമ്മുടെ ശിരസ്സിനും ഹൃദയത്തിനും പൂർവ്വാധികമായ അനുഗ്രഹമാരിക്ക് ഇതു കാരണമാകും- Z'04,78(R 3332)

* * * * * *

നമുക്കു ലഭിച്ചിരിക്കുന്ന ദൈവദാനങ്ങളിലേക്കു നാമൊന്നു കണ്ണോടിച്ചാൽ സൃഷ്ടി, പരിപാലനം, വീടെുപ്പ്, ഉപദേശം, നീതീകരണം, ശുദ്ധീകരണം, വിമോചനം എന്നീ അനുഗ്രഹങ്ങൾ വർഷിച്ച് അവൻ എത്ര നിർലോപമായും കരുണാപുരസ്സരവും നമ്മെ കടാക്ഷിച്ചിരിക്കുന്നു എന്നു കാണാം. ജീവനും ഭക്തിക്കും വേതെല്ലാം ഈ അനുഗ്രഹങ്ങളിൽ ഉൾക്കൊിരിക്കുന്നു. ഇവ നമുക്കു വിലകൂടാതെ ലഭിച്ചതാണ്. അതുകൊ് അതേ ആത്മാവിൽ ഉത്തമവും പൂർണ്ണവുമായ എല്ലാ ദാനങ്ങളുടെയും കർത്താവായ സ്വർഗ്ഗസ്ഥപിതാവിന് നമ്മുടെ അറിവ്, അഭിരുചികൾ, സമയം, ശക്തി, ധനം, ആരോഗ്യം, ജീവൻ, ശുശ്രൂഷ, സുഖം, സ്വാധീനം, കീർത്തി, സുരക്ഷിതത്വം, എന്തിനേറെ മാനുഷികമായി നമുക്കുള്ളതിൽനിന്ന് എല്ലാം നൽകാം. നമുക്കു വേതെല്ലാം ദാനം ചെയ്തിരിക്കുന്നവന് നൽകാൻ അർഹമാംവണ്ണം മതിയായ വലിപ്പമോ മേന്മയോ ഇവയ്ക്കില്ലതാനും - P'33, 148

* * * * * *

**സമാന്തരവേദഭാഗങ്ങൾ : അപ്പൊ.8:18-20; സങ്കീ.34:10;68:18,35;84:11; സഭാ.2:26; യെശ.42:5; യെഹെ.11:19; ദാനി.2:21-23; മത്താ.11:28;25:14-30; യോഹ.6:27;16:23,24;17:22; റോമ.5:16-19;8:32;12:6-8; 1കൊരി.13:1-3; 1പത്രൊ.4:10**

ചോദ്യങ്ങൾ :- ദൈവത്തിന്റെ ദാനങ്ങൾക്കു ഞാൻ എന്തു പകരം നൽകി? എപ്രകാരം? എന്തുകൊ്? അതിനു സഹായകമായും പ്രതിബന്ധമായും വർത്തിച്ചതെന്ത്? പരിണതഫലങ്ങൾ എന്തെല്ലാം?

# ഒക്ടോബർ 20

***നിങ്ങൾ പാമ്പിനെപ്പോലെ ബുദ്ധിയുള്ളവരും പ്രാവിനെപ്പോലെ നിരുപദ്രവികളുമായിരിപ്പിൻ - മത്താ. 10 : 16***

സത്യത്തിന്റെ ശുശ്രൂഷകരെന്ന നിലയിലുള്ള നമ്മുടെ പ്രവർത്തനങ്ങളോടെല്ലാം അനുബന്ധിച്ച് ജ്ഞാനത്തിനു നൽകേ പ്രാധാന്യം കർത്തൃജനങ്ങൾ മനസ്സിലാക്കിയിരുന്നെങ്കിൽ! പാമ്പിനെപ്പോലെ ബുദ്ധിയുള്ളവരും പ്രാവിനെപ്പോലെ നിരുപദ്രവികളുമായിരിപ്പാൻ പഠിപ്പിക്കുക മാത്രമല്ല നമ്മുടെ കർത്താവ് ചെയ്തത്, പിന്നെയോ സ്വന്തം പ്രവർത്തനങ്ങളിൽ അവൻ അത് ഉദാഹരിക്കുകയും ചെയ്തു. "എനിക്ക് നിങ്ങളോടു വളരെ കാര്യങ്ങൾ പറവാനു്. എങ്കിലും ഇപ്പോൾ അവ നിങ്ങൾക്കു വഹിപ്പാൻ കഴിവില്ല" എന്ന് അവൻ അപ്പൊസ്തൊലന്മാരോട് മറ്റൊരവസരത്തിൽ പറഞ്ഞത് ഓർക്കുക. ചില സത്യങ്ങൾ പ്രസ്താവിക്കുന്നതിന് ഉചിതവും അനുചിതവുമായ അവസരങ്ങൾ ഉന്നെും അവ അവതരിപ്പിക്കുന്നതിന് ബുദ്ധിപൂർവ്വവും ബുദ്ധിശൂന്യവുമായ മാർഗ്ഗങ്ങൾ ഉന്നെും കൂടി നാം മനസ്സിലാക്കണം. നാം അസത്യം പറയാതിരുന്നാൽ മാത്രം പോരാ; സത്യം പറയുന്നതുകൊു മാത്രം മതിയാകയുമില്ല.സത്യം പ്രസ്താവിക്കുന്നതു സ്നേഹപൂർവ്വമാകണം. പക്വത നേടിയ സ്നേഹം കൂടുതലായ ഫലസിദ്ധിക്കായി ജ്ഞാനത്തെ കൂട്ടുപിടിക്കയും ചെയ്യും - Z'04, 91 (R 3339)

* * * * * *

പാമ്പിന്റെ ബുദ്ധിയും പ്രാവിന്റെ ഉപദ്രവരാഹിത്യവും ഉായിരിക്കുക എന്നത് നയവും നിഷ്കളങ്കതയും കൂട്ടിയിണക്കുന്നതിനെ കുറിക്കുന്നു. സാമാന്യേന തെറ്റിദ്ധരിക്കയും പലപ്പോഴും വളച്ചൊടിക്കയും മിക്കപ്പോഴും പീഡിപ്പിക്കയും ചെയ്യുന്ന ഒരു ജനസമൂഹത്തിലേക്കു നന്മയുടെ സന്ദേശവുമായിവരുന്ന രാജ്യത്തിന്റെ സുവിശേഷകനിൽ ഈ ഗുണയോഗം ആവശ്യമാണ്. ഇവ ശരിയായ തോതിൽ ഇണങ്ങിച്ചേർന്നിരിക്കണം. നമ്മുടെ നയം കേവലം പ്രഹസനമാകരുത്. നിഷ്കളങ്കത നയരഹിതമാകയുമരുത്. സൗഭാഗ്യകരമായ ഈ സന്തുലിതാവസ്ഥയിലെത്താൻ മേൽത്തരം അടിസ്ഥാന സ്വഭാവഗുണങ്ങൾ ഒട്ടേറെ ഉപകരിക്കുന്നു. സഭയുടെ കൂട്ടിച്ചേർപ്പിനും പരിപോഷണത്തിനും ലോകത്തിനു സാക്ഷ്യം നൽകുന്നതിനും കഴിവതും കുറഞ്ഞ എതിർപ്പോടെ സാത്താന്യരാജ്യത്തെ സ്ഥാനഭ്രഷ്ടമാക്കുന്നതിൽ സഹകരിക്കുന്നതിനും ഇതു പ്രയോജനപ്പെടുന്നു - P'32, 150

* * * * * *

**സമാന്തരവേദഭാഗങ്ങൾ : ലൂക്കൊ.10:3; റോമ.16:19; എഫെ.5:15; 1കൊരി.14:20; ഫിലി.2:15; 1കൊരി.9:19-23; 2കൊരി.12:6; ന്യായാ.8:1-3; 1രാജാ.3:24-28; അപ്പൊ.23:6-10**

ചോദ്യങ്ങൾ :- ഈ ആഴ്ച ഞാൻ നയവും നിഷ്കളങ്കതയും കൂട്ടിയിണക്കുന്നതിന് ശ്രമിച്ചുവോ? എപ്രകാരം? എന്തുകൊ്? പരിണതഫലങ്ങൾ ഏവ?

# ഒക്ടോബർ 21

***സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, നിന്റെ നാമം വിശുദ്ധീകരിക്കപ്പെടേണമേ - ലൂക്കൊ. 11 : 2***

ഇത് ആരാധനയെയും, ദൈവികമായ നന്മയെയും മാഹാത്മ്യത്തെയും പറ്റിയുള്ള അഭിനന്ദനത്തെയും തജ്ജന്യമായ ആദരത്തെയും പ്രകടമാക്കുന്നു. കർത്താവിനോടുള്ള യാചനയിൽ നമ്മുടെ പ്രഥമ ചിന്ത നമ്മെത്തന്നെ സംബന്ധിച്ചുള്ളതോ സ്വാർത്ഥനിഷ്ഠമോ ആകരുത്. നമുക്കു വിലപ്പെട്ടവരായിരിക്കുന്നവരുടെ താത്പര്യങ്ങളെ വിചാരിച്ചുമാകരുത്. പ്രത്യുത നമ്മുടെ എല്ലാ ചിന്തകളിലും ലാക്കുകളിലും കണക്കുകൂട്ടലുകളിലും ദൈവത്തിനായിരിക്കണം പ്രഥമസ്ഥാനം. സ്വർഗ്ഗീയപിതാവിന്റെ നാമമഹത്ത്വത്തിന് അനുയോജ്യമല്ലാത്ത ഒന്നിനുവേിയും നാം യാചിച്ചുകൂടാ. പ്രാർത്ഥനയ്ക്ക് അവന്റെ പൂർണ്ണമായ അംഗീകാരവും നിയോഗവും ഇല്ലാത്ത യാതൊന്നിനായും, നമുക്കുവേിത്തന്നെയോ നമ്മുടെ സ്നേഹഭാജനങ്ങൾക്കായോ നാം ആഗ്രഹിക്കരുത്. ദൈവത്തോടുള്ള ആദരവ് എന്ന ഈ ഗുണത്തോളം നിരാകരണഭീഷണി നേരിടുന്ന മറ്റൊരു മനോവൃത്തിയും ഇന്നു നാമധേയക്രൈസ്തവരിൽ ഇല്ലെന്നുവരാം - Z'04, 118 (R 3351)

* * * * * *

ഗുണവാനായ ഒരു ഭൗമികപിതാവ് തന്റെ കുഞ്ഞുങ്ങൾക്കുവേി ചെയ്യുന്നതിലും മികച്ച നിലയിൽ ദൈവം തന്റെ കുഞ്ഞുങ്ങൾക്കുവേി സകലവും അതിൽപരവും ചെയ്യുന്നു. അതിൻപ്രകാരം അവൻ അവർക്കു ജന്മദാതാവായിരിക്കുന്നു. അവരെ സ്നേഹിക്കുന്നു, സംസർഗ്ഗം പുലർത്തുന്നു, കരുതുന്നു, അഭ്യസിപ്പിക്കുന്നു, ഒരുക്കുന്നു, ഒരവകാശം നൽകുകയും ചെയ്യുന്നു. നമ്മുടെ സ്വർഗ്ഗീയപിതാവ് എന്ന നിലയിൽ ഇവയെല്ലാം പരമമായ അളവിൽ അവൻ ചെയ്യുന്നു. അതുകൊ് ഏറ്റവും സമുചിതമായ നിലയിൽ നാം അവന്റെ നാമത്തെ വാഴ്ത്തണം. നമ്മുടെ ഹൃദയവും മനസ്സും ആത്മാവും ശക്തിയുംകൊ് അവനെ നാം പരമമായി ബഹുമാനിക്കയും ആരാധിക്കയും ചെയ്യുകവഴിയാണ് ഇതു സാധിക്കുന്നത്. നമ്മുടെ നടത്ത, ക്രിസ്തുവിൻ സാദൃശ്യം നമ്മിൽ വിളങ്ങിവരികയും രാജ്യത്തിനു നാം യോഗ്യരാകയും ചെയ്യാനുതകുന്നതാകണം എന്നതാണ് അന്തിമവിശകലനത്തിൽ ഇതിന്റെ അർത്ഥം. ഇതിലും താണ ഒരു ബഹുമാനമായിരിക്കരുത് അവനു കാഴ്ചവയ്ക്കുവാൻ നാം ആഗ്രഹിക്കുന്നത് - P'26, 156

* * * * * *

**സമാന്തരവേദഭാഗങ്ങൾ : യെശ.63:17; മത്താ.5:44,45;6:4;8:13; റോമ.8:15; 1കൊരി.8:6; 2കൊരി.1:3;6:18; ഗലാ.4:4-7; എഫെ.1:3,17;3:14;5:20; കൊലൊ.1:3,12; യാക്കോ.1:17; 1യോഹ.3:1; വെളി.3:5;14:1**

ചോദ്യങ്ങൾ :- ഞാൻ ഈ ആഴ്ച ദൈവത്തിന്റെ നാമം മഹത്ത്വപ്പെടുത്തിയോ? എങ്ങനെ? ഏതു പരിതസ്ഥിതികളിൽ? പരിണതഫലങ്ങൾ ഏവ?

# ഒക്ടോബർ 22

***ഞാൻ കുടിപ്പാനിരിക്കുന്ന പാനപാത്രം കുടിപ്പാൻ നിങ്ങൾക്കു കഴി യുമോ? - മത്താ. 20 : 22***

ഇടുക്കുവഴിയിൽ നമ്മുടെ കർത്താവു പ്രകടിപ്പിച്ച ധീരത തികച്ചും അഭിന ന്ദനാർഹമാണ്. എത്രവലിയ സ്വഭാവ ദാർഢ്യം! പിന്തിരിയുന്നതിനെപ്പറ്റി അവൻ ചിന്തിച്ചതേയില്ല. പിതാവിന്റെ ഇഷ്ടം നിവർത്തിക്കുക എന്നതായിരുന്നു അവന്റെ ലക്ഷ്യം. പരാർത്ഥമായ ആത്മാർപ്പണം തന്നെ. അപ്പൊസ്തൊലന്മാ രുടെ മുമ്പിൽ ഇതാ ഒരു അത്യുത്കൃഷ്ടമാതൃക - താഴ്മയിൽ ഔന്നത്യവും ദാസവൃത്തിയിൽ വിജയവും. അവന്റെ പാനപാത്രത്തിൽ പങ്കാളികളാകാതെ രാജ്യത്തിന്റെ മഹത്ത്വത്തിൽ ഓഹരിക്കാരാകാൻ കഴികയില്ലെന്ന തെളിവായ ഉൾക്കാഴ്ച നമുക്കുാകണം. ഈ അനുഭവസമ്പത്തിനുവേി മറ്റെല്ലാം ചപ്പും ചവ റുമെന്നെണ്ണുക. അതു നമുക്കു നേരിടുമ്പോൾ അധൈര്യപ്പെടാതിരിക്കുക. അസാധാരണമായ ഏതോ സംഭവം പോലെ അഗ്നിപരിശോധനകളിൽ സംഭ്രാ ന്തരാകാതിരിക്കുക. ഇപ്പോൾ കർത്താവിനോടുകൂടെ കഷ്ടാനുഭവങ്ങൾ പങ്കിടു കയും പിന്നാലെ അവനോടൊപ്പം രാജ്യത്തിൽ അവകാശം പ്രാപിക്കയും ചെയ്യാനായി വിളിക്കപ്പെട്ടവരാണു നാം - Z'04, 138, 139 (R 3362)

* * * * * *

സുഖദുഃഖാനുഭവങ്ങളുടെ പ്രതീകമാണ് പാനപാത്രം. സാമാന്യമായി പറ ഞ്ഞാൽ നമ്മുടെ കർത്താവിന്റെ പാനപാത്രം യോർദ്ദാൻ മുതൽ കാൽവരിവരെ യുള്ള അവന്റെ അനുഭവങ്ങളുടെ ആകെത്തുകയാണെങ്കിലും ആത്യന്തികാർത്ഥ ത്തിൽ ആ പാനപാത്രം മതഭ്രഷ്ടനും നിയമത്തിന്റെ സംരക്ഷണം നിഷേധിക്കപ്പെട്ട വനും, രാജ്യദ്രോഹം ദൈവദൂഷണം എന്നീ കുറ്റങ്ങൾ ചുമത്തി വധശിക്ഷയ്ക്കു വിധിക്കപ്പെട്ടവനും എന്ന നിലയിൽ അവന്റെ മേൽ കുമിഞ്ഞുകൂടിയ നാണക്കേ ടിനെയും അപമാനഭാരത്തെയും കാണിക്കുന്നു. നാം അവനുള്ളവരെങ്കിൽ സമാനമായ അനുഭവങ്ങൾക്കു നാമും അർഹരായിത്തീരും. സ്വന്തനിലയിൽ നാമും ഇതിനു പ്രാപ്തരല്ല. എന്നാൽ ദൈവത്തിന്റെ വചനം, ആത്മാവ്, കരുത ലുകൾ ഇവ നാം വിശ്വസ്തതാപൂർവ്വം പ്രയോജനപ്പെടുത്തുമെങ്കിൽ കർത്താവി നോടുകൂടെ അവന്റെ പാനപാത്രത്തിൽനിന്നു കുടിക്കാനുള്ള മനസ്സും ശേഷിയും ലഭിക്കുമാറ് ദൈവം നമുക്ക് ആവശ്യമായ വിശ്വാസവും പ്രത്യാശയും സ്നേഹവും അനുസരണവും നൽകും - P'36, 111

* * * * * *

**സമാന്തരവേദഭാഗങ്ങൾ : യോഹ.4:6;11:33,34;12:27; അപ്പൊ.3:18;17:3; 2കൊരി.1:5; ഫിലി.2:7,8; എബ്രാ.4:15;5:7;12:2,3; റോമ.6:1-11;8:10,17; 1കൊരി.15:29-34; 2കൊരി.4:8-10; ഫിലി.3:10; കൊലൊ.1:24; 2തിമൊ.2:10-12; എബ്രാ.13:10-13; 1പത്രൊ.2:21-23;4:12-14**

ചോദ്യങ്ങൾ :- ഈ ആഴ്ചയിൽ ഞാൻ കർത്താവിന്റെ പാനപാത്രം കുടിച്ചോ? എങ്ങനെ? എന്തുകൊ്? അതിൽ സഹായകമായും പ്രതിബന്ധ മായും വർത്തിച്ചതെന്ത്? പരിണതഫലങ്ങൾ ഏവ?

# ഒക്ടോബർ 23

***നിങ്ങളിൽ ഒന്നാമനാകുവാൻ ഇച്ഛിക്കുന്നവനെല്ലാം നിങ്ങളുടെ ദാസനാകേണം - മത്താ. 20 : 27***

ജാതികൾക്കിടയിൽ ഭരണാധികാരികൾ പ്രഭുപദവിയിലാണ്. അവർ സേവകരല്ല, സേവിക്കപ്പെടുന്നവരാണ്. എന്നാൽ ക്രിസ്തുവിന്റെ അനുയായികളെ സംബന്ധിച്ച് പ്രമാണം മറിച്ചാണ്. അവിടെ ഏറെ ശുശ്രൂഷിക്കുന്നവർ ഏറെ മാനിക്കപ്പെടുന്നു. ദൈവികമായ ക്രമത്തിലെ ചന്തം കാണുക! ഇവിടെ അനുശാസിച്ചിരിക്കുന്ന അടിസ്ഥാനതത്ത്വങ്ങളോടു നേർബുദ്ധിയുള്ള ആർക്കും നിശ്ശേഷം യോജിക്കാൻ കഴിയും. അവ തികച്ചും യുക്തിയുക്തവും ലോകത്തിന്റെ ആത്മാവിനു വിരുദ്ധവുമാണ്. ഈ അർത്ഥത്തിൽ കർത്താവിന്റെ അനുയായികൾ സത്പ്രവൃത്തികളിലുള്ള ശുഷ്കാന്തി സംബന്ധിച്ച് ഒരു പ്രത്യേക ജനമാണ്. പരസ്പരം ശുശ്രൂഷിക്കുന്നതിലും അവസരം കിട്ടുംപോലെ എല്ലാവർക്കും നന്മ ചെയ്യുന്നതിലും തന്നെ - Z'04, 140 (R 3362)

* * * * * *

ലോകദൃഷ്ടിയിൽ മഹത്ത്വത്തിന്റെ മാനദണ്ഡം അസാധാരണമായ കഴിവ്, സമ്പത്ത്, ശക്തി, അധികാരം, അറിവ്, കീർത്തി, നേട്ടങ്ങൾ ഇവയാണ്. എന്നാൽ കർത്തൃദൃഷ്ടിയിൽ മഹത്ത്വത്തിന്റെ മാനദണ്ഡം നിഷ്കാമസ്നേഹപ്രചോദിതമായ സേവനമാണ്. ജ്ഞാനം, നീതി, ശക്തി ഇവയ്ക്കു ചേർച്ചയായ വിധം അവന്റെ നിർണ്ണയത്തിന്റെ പേരിൽ വിശേഷിച്ചും സഭയുടെ കൂട്ടിച്ചേർപ്പിനും പരിപോഷണത്തിനുംവേ ജീവാർപ്പണം ചെയ്തുകൊ് നിഷ്കാമസ്നേഹത്താൽ പ്രേരിതരായി അനുഷ്ഠിക്കുന്ന സേവനത്തിന്റെ തോതനുസരിച്ച് നാം അവന്റെ ദൃഷ്ടിയിൽ വലിയവരായിരിക്കും. ഇപ്രകാരമുള്ള ഔന്നത്യം നമുക്ക് ആഗ്രഹിക്കാം. എന്നാലും ഇതു മറ്റുള്ളവരെ അധഃകരിക്കാനല്ല; മാനത്തിൽ മുൻഗണന നൽകപ്പെടേവരാണ് അവർ. നമുക്കു സ്വാധീനമായ എല്ലാ നല്ലവഴികളിലും നാം മറ്റുള്ളവർക്കു പ്രയോജനകാരികളായിരിക്കണം. യേശു അങ്ങനെയുള്ളവൻ ആയിരുന്നതിനാൽ അവൻ എല്ലാവരിലും വലിയവനായിരിക്കുന്നു - P'30, 166

* * * * * *

**സമാന്തരവേദഭാഗങ്ങൾ : സദൃ.15:33; മത്താ.18:1-6;20:20-26,28; മർക്കൊ. 10:42-45; മത്താ.23:11; അപ്പൊ.20:35; റോമ.12:10,16;15:1-3; 1പത്രൊ.5:3,5; യെശ.14:12-15; ഗലാ.6:2,10; ഫിലി.2:5-9; ലൂക്കൊ.22:27; യോഹ.13:14**

ചോദ്യങ്ങൾ :- സേവനമനുഷ്ഠിക്കുവാൻ ഈ ആഴ്ച ഞാൻ മുതിർന്നോ? പ്രയോജനകരമായതെന്തെങ്കിലും ചെയ്യുവാൻ ഞാൻ പരിശ്രമിച്ചോ? അതിൽ സഹായകമായി വർത്തിച്ചതെന്ത്? പ്രതികൂലമായി വർത്തിച്ചതെന്ത്? പരിണതഫലമെന്ത്?

# ഒക്ടോബർ 24

***അവനെ കൊടുപോകുമ്പോൾ, നാട്ടിൻപുറത്തുനിന്നുവരുന്ന ശിമോൻ എന്ന ഒരു കുറേനക്കാരനെ അവർ പിടിച്ചു ക്രൂശു ചുമപ്പിച്ച് യേശുവിന്റെ പിന്നാലെ നടക്കുമാറാക്കി - ലൂക്കൊ. 23 : 26***

ഗുരുപേറുന്ന ഭാരം ക് സഹായവാഗ്ദാനവുമായി ഓടിയെത്താതെ പത്രൊസും യോഹന്നാനും യാക്കോബും എവിടെയായിരുന്നു എന്നു നാം പലപ്പോഴും വിസ്മയിച്ചിട്ടുാകും. ക്രൂശുചുമക്കുന്നതിൽ ഗുരുവിനെ സഹായിക്കാനുള്ള സന്ദർഭം ലഭിച്ച ശിമോനോടു നമുക്ക് അസൂയ തോന്നുന്നുവെങ്കിൽ നമുക്കതിനുള്ള അവസരം സുലഭമെന്ന് ഓർക്കുക. എന്തെന്നാൽ കർത്താവിന്റെ സഹോദരങ്ങളിൽ അനേകരും ദിനംപ്രതി സാദൃശ്യാർത്ഥത്തിൽ ക്രൂശുചുമക്കുകയാണ്, തന്റെ വിശ്വസ്താനുയായികൾക്കു ചെയ്യുന്ന ഏതു ശുശ്രൂഷയും തനിക്കുതന്നെ ചെയ്തതായി എണ്ണപ്പെടുമെന്ന് അവൻ അരുളിച്ചെയ്തിട്ടുമുട്. നമ്മുടെ കർത്താവിന് ഏറ്റവും ദുർവഹമായിരുന്നതു മരക്കുരിശിന്റെ ഭാരമായിരുന്നില്ല. അങ്ങനെതന്നെ ലോകത്തിന്റെ ദൃഷ്ടിക്കു മറഞ്ഞിരിക്കുന്ന ഭാരം അവന്റെ അനുയായികൾക്കുമുട്. എന്നാൽ സഹോദരങ്ങൾ അവയെപ്പറ്റി ബോധവാന്മാരാകണം. "നിങ്ങൾ പരസ്പരം ഭാരങ്ങൾ ചുമക്കുകയും അങ്ങനെ ക്രിസ്തുവിന്റെ ന്യായപ്രമാണം നിവർത്തിക്കുകയും ചെയ്‌വിൻ". - Z'04, 155 (R 3369)

* * * * * *

പരിക്ഷീണനായിരുന്ന നിലയിൽ ക്രൂശിന്റെ ഭാരം യേശുവിന്റെ സഹനശക്തിക്കപ്പുറമായിരുന്നു. ശിമോൻ സഹായിക്കുന്നതിൽ വിമുഖനായിരുന്നെങ്കിലും ദൈവം വേ തുണ യഥാസമയം ഒരുക്കി. ഇരുദണ്ഡുകളും സന്ധിക്കുന്ന ഭാഗം യേശു വഹിച്ചു എന്ന ആശയം ഈ വേദഭാഗത്ത് അന്തർഭവിച്ചിട്ടു്. അങ്ങനെ അവൻ ക്രൂശിന്റെ ഭാരമേറിയഭാഗം ചുമലിലേന്തി. നമ്മുടേതിലും ഈടേറിയ കുരിശാണ് നിശ്ചയമായും യേശു ചുമന്നത്. നമ്മുടെ ഭാഗം നാം ചുമക്കുമ്പോൾ അതിന്റെ ഭാരം കൂടിയ ഭാഗം യേശുവിന്റെ ചുമലിലാണ് എന്നു നാം മനസ്സിലാക്കുന്നു. അവൻ നമ്മുടെ പ്രകൃതി അറിയുന്നു. നമ്മുടെ ബലഹീനത അവനറിയാം. അതുകൊ്, നമ്മുടെ ചുമടിന്റെ ഭാരമേറിയ ഭാഗം ചുമലിലേറ്റിക്കൊ് അവൻ നമുക്കു മുന്നമേ നടക്കുന്നു. അങ്ങനെ എല്ലാ പ്രതിബന്ധങ്ങളെയും തരണം ചെയ്ത് അവസാനത്തോളം പിടിച്ചുനിൽക്കാൻ അവന്റെ കൃപകളാൽ അവൻ നമ്മെ ശക്തരാക്കുന്നു - P'35, 131, 132

* * * * * *

**സമാന്തരവേദഭാഗങ്ങൾ : ഉല്പ.49:24,25;50:20; 1ശമു.2:6-9; എസ്രാ.6:22; നെഹെ.6:16; എസ്ഥേർ 7:10; സങ്കീ.17:13;76:10; സദൃ.16:7;21:1**

ചോദ്യങ്ങൾ :- ഈ ആഴ്ച എനിക്ക് നന്മയിലേക്കു നയിക്കുന്ന കൃപകൾ ലഭ്യമായോ? അവ ഏതായിരുന്നു? പരിണതഫലങ്ങൾ ഏവയായിരുന്നു?

# ഒക്ടോബർ 25

***ധൈര്യപ്പെട്ടു പ്രവർത്തിച്ചുകൊൾവിൻ; യഹോവ നല്ലവരോടു കൂടെ ഇരിക്കും - 2 ദിന. 19 : 11***

കർത്തവ്യനിർവ്വഹണത്തിൽ ഭീരുത്വം പാടില്ല. അനിഷ്ടകൃത്യങ്ങൾ ദയയോടെയും നീതിപൂർവ്വമായും സ്നേഹപുരസ്സരമായും അനുഷ്ഠിക്കയിൽ നാം മനുഷ്യരെ ഭയപ്പെടേതില്ല. പിന്നെയോ കർത്താവിനെ ഭയപ്പെടുകയും അവനു പ്രസാദകരമായിരിക്കാൻ ശ്രദ്ധിക്കുകയും ചെയ്യുക. ലോകം അതിന്റെ വഴിക്ക് അടരാടട്ടെ. ദൈവത്തിന്റെ മേൽവിചാരണയിൽ അന്തിമഫലം ശ്രേയസ്കരമായിരിക്കും. ഈ ലോകത്തിൽ നിന്നല്ലാത്തതും ആത്മാവിൻ വാളല്ലാതെ ജഡീയമായ പടക്കോപ്പുകളില്ലാത്തതുമായ പുതിയൊരു രാജ്യത്തിലും ജാതിയിലും ഉൾപ്പെട്ടവരായ നമുക്കു വിശ്വാസത്തിന്റെ നല്ലപോർ പൊരുതാം. നമ്മുടെ പ്രതീക്ഷാവിഷയമായ മഹത്ത്വമുള്ള കാര്യങ്ങൾ മുറുകെപ്പിടിക്കാം. സ്വയം നിൽക്കുക മാത്രമല്ല, നമ്മുടെ ശിരസ്സും രക്ഷാനായകനുമായവനിൽ പൂർണ്ണരായി നിലകൊള്ളാൻ ഒരേ ആത്മാവിൽ ഒരേ ആത്മീയ സേനാവിഭാഗത്തിൽ അംഗങ്ങളായിരിക്കുന്നവരെ സഹായിക്കുകയും ചെയ്യാം - Z'04, 207, 205 (R 3393)

* * * * * *

ധൈര്യപ്പെട്ടു പ്രവർത്തിക്കുക എന്നതിൽ നമ്മുടെ പ്രയാസങ്ങളുടെയോ ചുമതലകളുടെയോ ശത്രുക്കളുടെയോ ശക്തി കുറച്ചു കാണണമെന്നോ, നമ്മുടെ കഴിവുകളെയും നേട്ടങ്ങളെയും പെരുപ്പിച്ചു കാണണമെന്നോ ഉള്ള ധ്വനിയില്ല. നമ്മുടെ ക്രിസ്തീയ പോരാട്ടത്തോടു ബന്ധപ്പെട്ട എല്ലാ കാര്യങ്ങളും വിവേകപൂർവ്വം വിലയിരുത്തുക എന്നാണ് ഇതിലെ സൂചന. അതുകൊ്, നമ്മുടെ എതിരാളികളേക്കാൾ നമ്മുടെ പക്ഷത്തുള്ളവർ അസംഖ്യമാണെന്നു നാം ഗ്രഹിക്കണം. നിറഞ്ഞ വിജയപ്രതീക്ഷ വളർത്തി അപകടങ്ങളെ സധൈര്യം നേരിടാൻ ഇതു നമ്മുടെ ഹൃദയങ്ങളെ ശക്തിപ്പെടുത്തണം. ധൈര്യത്തോടു ഹൃദയനന്മകൂടി കൂട്ടിച്ചേർത്താൽ ദൈവത്തെ സ്നേഹിക്കുന്നവർക്ക് സകലവും നന്മയ്ക്കായി കൂടി വ്യാപരിപ്പിക്കുന്നവൻ നമ്മുടെ മനുഷ്യസഹജമായ പോരായ്മകളുടെയും വീഴ്ചകളുടെയും ബലഹീനതകളുടെയും പുതിയ ഹൃദയത്തിന്റെ ശൈശവാവസ്ഥയുടെയും പേരിൽ കരുണചെയ്യുകയും ആവശ്യം നേരിടുമ്പോഴെല്ലാം കൃപ നൽകി സഹായിക്കുകയും ചെയ്യും - P'34, 143

* * * * * *

**സമാന്തരവേദഭാഗങ്ങൾ : യോശു.1:1-9; 2ദിന.15:7,8; സദൃ.28:1; യെഹെ.2:6;3:9; 1കൊരി.16:13; ഫിലി.1:27,28; 2തിമൊ.1:7; ഉല്പ.22:1-14; ന്യായാ.6:25-31; എസ്രാ.8:22,23;5:11; ദാനി.3:16-18;6:10; അപ്പൊ.4:19;5:29; വെളി.2:10**

ചോദ്യങ്ങൾ :- ഈ വേദവാക്യം ഈ ആഴ്ച എനിക്ക് എങ്ങനെ ഉപകരിച്ചു? പരിണതഫലങ്ങൾ എന്തായിരുന്നു?

# ഒക്ടോബർ 26

***അവൻ നിങ്ങൾക്കുവേി കരുതുന്നതാകയാൽ നിങ്ങളുടെ സകല ചി ന്താകുലവും അവന്റെമേൽ ഇട്ടുകൊൾവിൻ - 1 പത്രൊ. 5 : 7***

ആശ്വാസത്തിനും പ്രോത്സാഹനത്തിനും വളരെ ഉപകരിക്കുന്ന ഒന്നാണ് തിരുവെഴുത്തിൽനിന്നുള്ള ഈ ആലോചന. എന്നാലും ദൈവഭവനത്തിലെ അംഗങ്ങളായും ക്രിസ്തുവിന്റെ കളരിയിലെ വിദ്യാർത്ഥികളായും നാം വർഷ ങ്ങൾ പിന്നിടുംതോറും നമ്മുടെ ബുദ്ധിക്കനുസരിച്ചുള്ള ഉദ്യമങ്ങളുടെ വിജയ ത്തിനായിട്ടായിരിക്കരുത് നമ്മുടെ പ്രാർത്ഥന എന്നു നാം വ്യക്തമായും അധിക മധികമായും ഗ്രഹിക്കണം. സ്വർഗ്ഗത്തിലോ ഭൂമിയിലോ നമ്മുടെ ഇഷ്ടം നടക്കണ മെന്ന് നാം ആഗ്രഹിക്കരുത്. മറിച്ചു ചെറുതും വലുതുമായ നമ്മുടെ ഭാരങ്ങളെ അവനോട് അറിയിക്കുകയും അവന്റെ അനുകമ്പയും സ്നേഹവും രുചിച്ചറി യുകയും വേണം. നാം അവനിൽ അചഞ്ചലമായി വസിക്കുന്നപക്ഷം നമ്മുടെ എല്ലാ അനുഭവങ്ങളും നമുക്കു പ്രയോജനകരമാക്കിത്തീർക്കാൻ അവൻ മനസ്സും കഴിവുമുള്ളവനാണെന്ന് തിരുവെഴുത്തു നൽകുന്ന ആശ്വാസജനകമായ ഉറപ്പ് ഒരു ഔഷധലേപം പോലെ നമ്മുടെ ഹൃദയങ്ങളിൽ പ്രവർത്തിക്കണം - Z'04, 237 (R 3407)

*         *         *         *         *         *

നമ്മുടെ ചിന്താകുലങ്ങൾ നമ്മുടെ പരീക്ഷയ്ക്കു നിമിത്തമാകുന്ന കാര്യങ്ങ ളാണ്. നഷ്ടങ്ങൾ, നൈരാശ്യങ്ങൾ, കാലതാമസങ്ങൾ, കടിഞ്ഞാണുകൾ, തടസ്സ ങ്ങൾ, ചുമതലകൾ, വീഴ്ചകൾ, നമ്മിലുള്ള പോരായ്മകൾ, ദൗർബല്യങ്ങൾ മുത ലായവയും മറ്റുള്ളവരുടെ ഭാഗത്തുനിന്നുാകുന്ന വാഗ്ദാനലംഘനങ്ങൾ, അഭി പ്രായഭേദങ്ങൾ, ക്ലേശങ്ങൾ, ഭിന്നതകൾ, അരിക്കൽ, ആവശ്യങ്ങൾ, എതിർപ്പുകൾ, അനാരോഗ്യം, തളർച്ച,. വേദന, ദുഃഖം, ഗൂഢാലോചനകൾ, പീഡനങ്ങൾ, ഉപദ്രവ ങ്ങൾ തുടങ്ങിയവയും ഇതിൽപ്പെടും. അവയുടെ സ്വാഭാവികമായ പ്രവണത ചി ന്താഭാരം ജനിക്കുമാറു നമ്മുടെ ഹൃദയത്തിന്റെയും മനസ്സിന്റെയും ശ്രദ്ധ പിടി ച്ചെടുക്കുക എന്നതാണ്. എല്ലാം നമ്മെ ആശ്രയിച്ചിരിക്കുന്നു എന്നുള്ളവിധം പ്രവർത്തിച്ചുകൊ് നമ്മെ സംബന്ധിച്ച വിഷയങ്ങളിൽ പ്രശംസാർഹമായ സൂക്ഷ ്മത പാലിക്കെത്തന്നെ എല്ലാം ദൈവത്തിൽ ആധാരപ്പെട്ടിരിക്കുന്നു എന്നു നമുക്കു ഹൃദയപൂർവ്വം വിശ്വസിക്കാം. സൂക്ഷ്മത പാലിക്കുക നമ്മുടെ ഭാഗത്തെ ചുമതലയാണ്, നമുക്കുവേി കരുതുക എന്നത് ദൈവഭാഗത്തെയും. തന്റെ നിയോഗങ്ങൾ പ്രാവർത്തികമാക്കുന്നതിൽ അവൻ വിശ്വസ്തനാണ്. നമ്മുടെ സഹായകനും പരിപാലകനുമെന്ന നിലയിൽ നമ്മുടെ നന്മയെ ഉന്നംവച്ച് അവൻ സകലവും ക്രമപ്പെടുത്തുന്നു. അതുകൊ്, നമ്മുടെ താത്പര്യസംരക്ഷണം പ രൂർണ്ണമായും അവന് ഏല്പിച്ചുകൊടുക്കാം - P'33, 148

*         *         *         *         *         *

**സമാന്തരവേദഭാഗങ്ങൾ : സങ്കീ.37:5;127:2; മത്താ.6:25-34;11:28-30; 13:22; ലൂക്കൊ.21:34; റോമ.8:28; ഫിലി.4:6,7,19; സദൃ.16:3; യിരെ.17:7,8; എബ്രാ.13:5**

ചോദ്യങ്ങൾ :- ഈ ആഴ്ച സൂക്ഷ്മതയോടെ ഞാൻ എന്തു ചെയ്തു? എങ്ങനെ? എന്തുകൊ്? ഫലങ്ങൾ എന്തെല്ലാമായിരുന്നു?

# ഒക്ടോബർ 27

***എന്റെ സമയങ്ങൾ നിന്റെ കയ്യിലാകുന്നു - സങ്കീ. 31 : 15***

കുഞ്ഞാടിന്റെ അനുയായികളായതോടെ കർത്താവിന്റെ സമർപ്പിത ദാസന്മാരെല്ലാം അവരുടെ ജീവൻ യാഗവസ്തുവായി പ്രതിഷ്ഠിച്ചിരിക്കുന്നു. തങ്ങളുടെ സമർപ്പണത്തെപ്പറ്റി നിരന്തരം ബോധവാന്മാരായിരിക്കുമെങ്കിൽ കർത്താവിന് ഇഷ്ടമായ ഏതു നിമിഷത്തിലും അവന്റെ വിചാരണ അനുവദിക്കുന്ന ഏതുവിധത്തിലും ഏതു നിമിത്തമായും അതിന്റെ സമാപനത്തിന് അവർ സന്നദ്ധരായിരിക്കും. പിതാവിന്റെ അറിവും അനുമതിയുമില്ലാതെ തങ്ങളുടെ തലയിലെ ഒരു രോമമെങ്കിലും വീണുപോകയില്ലെന്നു കർത്താവിന്റെ സമർപ്പിതജനം ഓർത്തുകൊള്ളേതാണ്. തങ്ങളുടെ പ്രിയപ്പെട്ട വീടെടുപ്പുകാരൻ പുലർത്തിയിരുന്ന "പിതാവ് എനിക്കു തരുന്ന പാനപാത്രം ഞാൻ കുടിക്കേതല്ലയോ?" എന്ന മനോഭാവം അവർക്കും ഉായിരിക്കണം.

**"എവ്വിധമെങ്കിലുമാകട്ടെ പാതകൾ,**

**ദൈവമെൻ നായകൻ സംതൃപ്തൻ ഞാൻ"** എന്ന കവിവാക്യം അവരുടെ ഹൃദയത്തിന്റെ ഭാഷയായിരിക്കട്ടെ - Z'04, 237 (R 3407)

* * * * * *

മുഴുവൻ സഭയെ സംബന്ധിച്ചും അതിന്റെ അംഗങ്ങളെ സംബന്ധിച്ച് വ്യക്തിഗതമായും ഈ പ്രസ്താവന ശരിയാണ്. ദൈവത്തിനു തന്റെ നിർണ്ണയങ്ങളെ സംബന്ധിച്ച എല്ലാ സംഗതികൾക്കും ഒരു നിശ്ചിത സമയമുട്. ഇതനുസരിച്ച് സഭയുടെ അനുഭവങ്ങളിൽ വിസ്മയജനകമായ നാഴികക്കല്ലുകളായ കാലസന്ധികൾ ഉ്. ഈ വസ്തുത വിശേഷിച്ചും സവിസ്തരം തെളിയിക്കുന്ന ഒന്നാണ് യുഗസമാന്തരം. ഒരു ദിവസത്തിന്റെ വരെ സൂക്ഷ്മത പാലിക്കുന്ന സമയനിഷ്ഠ അതിൽ കത്തൊം. ഇപ്രകാരം സഭയെ സംബന്ധിച്ച സമയനിശ്ചയങ്ങളിൽ ഒരു വീഴ്ചയും നേരിടാൻ ദൈവം അനുവദിക്കുകയില്ല. ഓരോ സഭാംഗത്തെയും സംബന്ധിച്ച് വ്യക്തിപരമായും ഈ വിഷയത്തിൽ അവൻ ശ്രദ്ധാലുവാണ്. ദൈവത്തിനു പരമാവധി മഹത്ത്വവും അവർക്കു പ്രയോജനവും വരുവാൻ അനുയോജ്യമായ സമയത്തായിരിക്കും അവൻ ഓരോ അനുഭവവും നേട്ടവും പ്രവൃത്തിയും ശുശ്രൂഷയ്ക്കുള്ള അവസരങ്ങളും ക്രമപ്പെടുത്തുന്നത്. - P'32, 150

* * * * * *

**സമാന്തരവേദഭാഗങ്ങൾ : ഗലാ.4:4; റോമ.5:6; ദാനി.9:24-27;12:11-13; ലൂക്കൊ.23:46; യോഹ.13:1;17:1; അപ്പൊ.1:6; 1തിമൊ.2:6;6:15; 1പത്രൊ.2:23; വെളി.6:11;11:2,3;14:15**

ചോദ്യങ്ങൾ :- ഈ വേദവാക്യം സംബന്ധിച്ച് ഈ ആഴ്ചയിലെ അനുഭവങ്ങൾ എന്തായിരുന്നു? അവയെ എപ്രകാരം അഭിമുഖീകരിച്ചു? അവ എന്തു ഫലമുളവാക്കി?

# ഒക്ടോബർ 28

***ദൈവമായ കർത്താവിന്റെ ആത്മാവ് എന്റെ മേൽ ഉ്; വിലപിക്കുന്ന വരെ ആശ്വസിപ്പിപ്പാനും ..... സീയോനിലെ ദുഃഖിതന്മാർക്കു വെണ്ണീ റിനു പകരം സൗന്ദര്യവും വിലാപത്തിനു പകരം ആനന്ദതൈലവും നൽകുവാനും യഹോവ എന്നെ അഭിഷേകം ചെയ്തിരിക്കുന്നു - യെശ. 61 : 1-3***

സ്വന്തം പോരായ്മകളും ബലഹീനതകളും മനസ്സിലാക്കുകയും അഭയ ത്തിനും മോചനത്തിനും ദാഹിക്കുകയും ചെയ്യുന്ന സൗമ്യതയുള്ളവരെയും ദുഃഖിതരെയും തിരഞ്ഞു കത്തെുക എന്നതാണ് നമ്മുടെ ദൗത്യം. ലോകത്തിന്റെ പാപം ചുമക്കുന്ന കുഞ്ഞാടിങ്കലേക്ക് അവരെ ആനയിക്കുന്നതും, മരണത്തിന്റെ വെണ്ണീറിനുപകരം പുനരുത്ഥാനത്തിന്റെ രമണീയതയിലേക്കും, ഈ ആയു സ്സിലെ ചിന്താഭാരത്തിന്റെയും നിരാശയുടെയും, ദുഃഖത്തിന്റെയും ക്ലേശങ്ങളു ടെയും സ്ഥാനത്ത് കർത്താവു വാഗ്ദത്തം ചെയ്തിരിക്കുന്ന മഹിമകളിലേക്കും വിരൽ ചൂുന്നതും ഈ ദൗത്യത്തിന്റെ ഭാഗമാണ്. അങ്ങനെയുള്ളവരോട് "ഉഷ സ്സിങ്കലോ ആനന്ദഘോഷം വരുന്നു" എന്നു പറയുകയും എഴുന്നേറ്റ് സ്തുതി എന്ന മേലാട ചാർത്തി, അധരങ്ങളിൽ നമ്മുടെ ദൈവത്തിന്റെ ദയാവാത്സല്യങ്ങ ളാകുന്ന പുതിയ ഗീതങ്ങളുമായി ജീവന്റെ പുതുക്കത്തിൽ നടക്കുന്നതിന് അവ രെ സഹായിക്കുകയും ചെയ്യുക എന്ന നിയോഗവും നമുക്ക് - Z'04, 295 (R 3434)

* * * * * *

ദൈവത്തിന്റെ പരിശുദ്ധമായ മനസ്സും ഹൃദയവും അവന്റെ വിശുദ്ധീകരി ക്കപ്പെട്ട ജനങ്ങളുടെമേൽ ഉായിരിക്കും. ഇതാണ് ശുശ്രൂഷയ്ക്കുള്ള അവരുടെ യോഗ്യത. ആത്മീയവിഷയങ്ങൾ ഗ്രഹിക്കാനും ഓർമ്മിക്കാനും യുക്തിപൂർവ്വം ചി ന്തിക്കാനും ആവിഷ്ക്കരിക്കാനും ദൈവാത്മാവ് അവരുടെ മനസ്സിനു കഴിവുന ൽകുന്നു. അതേ ആത്മാവ് അവരുടെ ശുശ്രൂഷയോടു ബന്ധപ്പെട്ട യാഗാർപ്പണം സ്വീകാര്യമാംവിധം അനുഷ്ഠിക്കാൻ ആവശ്യമായ വിശ്വാസം, പ്രത്യാശ, സ്നേഹം, അനുസരണം ഇവയ്ക്കുവേ കഴിവു ഹൃദയത്തിനും നൽകുന്നു. സീയോനിൽ വിലപിക്കുന്ന പ്രിയപ്പെട്ടവരെ ആശ്വസിപ്പിക്കാനും അവരെ ദുഃഖത്തിന്റെ വെണ്ണീറിൽ നിന്നു വിശുദ്ധിയുടെ സൗന്ദര്യത്തിലേക്കും കർത്താവിലുള്ള സന്തോഷത്തിലേക്കും ആനയിക്കാനും ഈ ആത്മാവ് അവരെ യഥാർത്ഥത്തിൽ ശക്തരാക്കുന്നു. - P'26, 156

* * * * * *

**സമാന്തരവേദഭാഗങ്ങൾ : മത്താ.3:16,17; അപ്പൊ.10:38;4:1-4; 2കൊ രി.1:21,22; 1യോഹ.2:20,27; സങ്കീ.119:50,52,54,92,143;147:3; യെശ.40:1,2;51:3,12; യോഹ.16:33; 2കൊരി.1:2-7; യെഹെ.9:3,4; 1തെസ്സ.4:18**

ചോദ്യങ്ങൾ :- ഈ ആഴ്ച ഞാൻ മറ്റുള്ളവരെ ആശ്വസിപ്പിക്കുകയും ആനന്ദിപ്പിക്കുകയും ചെയ്തുവോ? എപ്രകാരം? എന്തുകൊ്? ഏതു പരി തസ്ഥിതികളിൽ?

# ഒക്ടോബർ 29

***ഞങ്ങൾ സകലവിധത്തിലും കഷ്ടം സഹിക്കുന്നവർ എങ്കിലും ഇടു ങ്ങിയിരിക്കുന്നില്ല; ബുദ്ധിമുട്ടുന്നവർ എങ്കിലും നിരാശപ്പെടുന്നില്ല; ഉപ ദ്രവം അനുഭവിക്കുന്നവർ എങ്കിലും ഉപേക്ഷിക്കപ്പെടുന്നില്ല; വീണുകിടക്കു ന്നവർ എങ്കിലും നശിച്ചു പോകുന്നില്ല; യേശുവിന്റെ ജീവൻ ഞങ്ങളുടെ ശരീരത്തിൽ വെളിപ്പെടേതിന് യേശുവിന്റെ മരണം ശരീര ത്തിൽ എപ്പോഴും വഹിക്കുന്നു - 2 കൊരി. 4 : 8-10***

കർത്താവിനുവേി, സത്യത്തിനുവേി ഈ ആയുസ്സിൽ ഏറ്റവും വലിയ നിന്ദ, ഏറ്റവും വലിയ അപമാനം, ഏറ്റവും കടുത്ത പരീക്ഷകൾ ഏറ്റവും ക്രൂരമായ പീഡനങ്ങൾ സന്തോഷപൂർവ്വം സഹിക്കുന്നവർക്ക്, അങ്ങനെ തങ്ങളുടെ മാതൃകയും ഗുരുവുമായവന്റെ അനുഭവങ്ങളോടു സമാനമായ അനുഭവങ്ങൾക്കു പാത്രമാകുന്നവർക്ക്, അപ്രകാരമുള്ള ത്യാഗങ്ങൾവഴി പ്രകടമാക്കിയ വിശ്വസ്തതയുടെ അളവിനൊത്തവണ്ണം ഭാവിയിൽ വലിയൊരു പ്രതിഫലം ഉണ്ടെന്നുള്ളത് നിശ്ചയമാണ്. "നക്ഷ ത്രവും നക്ഷത്രവും തമ്മിൽ തേജസ്സുകൊ് ഭേദമുല്ലോ" എന്ന് അപ്പൊ സ്തൊലൻ പറയുന്നതുപോലെതന്നെ - Z'01, 55 (R 2760)

* * * * * *

ബാഹ്യവിഷയകമായി ജീവിതത്തിൽ സമ്പൂർണ്ണശാന്തത അനുഭവ പ്പെടാൻ ദൈവം അനുവദിക്കുന്നില്ല. ഇപ്പോഴും ഭാവിയിലും വിശുദ്ധന്മാ രുടെ ശുശ്രൂഷയ്ക്ക് അതു നമ്മളെ അയോഗ്യരാക്കും. മറിച്ച് എല്ലാ പ്രതി കൂലാനുഭവങ്ങളും നമുക്ക് നേരിടാൻ കർത്താവു സദയം അനുവദിക്കു ന്നു. അവയിൽ ചില അനുഭവങ്ങളിൽ നമ്മുടെ ശക്തി മിക്കവാറും ചോർന്നുപോകുന്നു. ചുമടു മുതുകിനും മുതുകു ചുമടിനും ഏല്പിച്ചു കൊ് ആവശ്യം നേരിടുമ്പോഴെല്ലാം അവൻ നമുക്കു മതിയായ കൃപ നൽകുന്നു. കർത്താവിനോടൊരുമിച്ചു തങ്ങളുടെ മാനുഷിക ജീവിതം സ്നേഹത്തിന്റെ ബലിവേദിയിൽ അർപ്പിക്കുന്നവരെ നമ്മുടെ കർത്താ വിന്റെ ദൃഷ്ടാന്തത്തിൽ എന്ന പ്രകാരം അവന്റെ ശിഷ്യന്മാർ എന്ന നില യിൽ അവൻ സമ്പൂർണ്ണതയിൽ എത്തിക്കുന്നു. - P'36, 111

* * * * * *

**സമാന്തരവേദഭാഗങ്ങൾ : അപ്പൊ.9:16; റോമ.8:17,18,23; 1കൊരി. 14:12,13; 2കൊരി.1:5-7;4:11-18;6:4,5;11:23-28; ഫിലി.1:29;2:27-29; 2തെസ്സ.1:4,5; യാക്കോ.5:10; 1പത്രൊ.5:10**

ചോദ്യങ്ങൾ :- ഞാൻ ഈ ആഴ്ച ഏതെല്ലാം കഷ്ടതകൾ സഹിച്ചു? എങ്ങനെ? എന്തുകൊ്? ഫലങ്ങൾ ഏവ?

# ഒക്ടോബർ 30

***രു യജമാനന്മാരെ സേവിപ്പാൻ ഒരുവനും കഴിയുന്നതല്ല - മത്താ. 6 : 24***

നിങ്ങൾക്കു ദൈവത്തെയും മാമോനെയും സേവിപ്പാൻ കഴികയില്ല. അനുഭവവും നിരീക്ഷണവും ഈ തത്ത്വത്തെ ഉറപ്പിക്കുന്നു. ഇതു നിമിത്തം ആളുകൾ ആത്മീയവിഷയങ്ങളിൽ സാമാന്യേന ഉഷ്ണവാന്മാരോ ശീതവാന്മാരോ ആയിരിക്കുന്നു. ഒന്നാമതായി (മുഖ്യമായി) നമ്മുടെ അന്വേഷണവിഷയം ദൈവത്തിന്റെ രാജ്യം ആയിരിക്കണം. അതായിരിക്കണം നമ്മുടെ മുഖ്യശ്രദ്ധാവിഷയം. ജീവസന്ധാരണത്തിന് അവശ്യം വേതൊഴികെ നമ്മുടെ മുഴുവൻ ശ്രദ്ധയും വിചാരവും ശക്തിയും സ്വാധീനവും സമ്പത്തും അതിനുവേിയാകണം. സ്വർഗ്ഗീയമായ വിഷയങ്ങളുടെ പേരിൽ ഇക്കാര്യങ്ങളിൽപോലും കൈക്കൊള്ളുന്ന ത്യാഗസന്നദ്ധതയുടെ അളവാണ് നമ്മുടെ സ്നേഹവും തീക്ഷ്ണതയും പ്രകടമാക്കുന്നത്. - Z'01, 61 (R 2764)

* * * * * *

താത്പര്യങ്ങളും ലക്ഷ്യങ്ങളും ഒന്നായിരിക്കുന്ന രു യജമാനന്മാരെക്കുറിച്ചല്ല നമ്മുടെ കർത്താവ് ഇവിടെ പറയുന്നത്. പിന്നെയോ താത്പര്യങ്ങളും ലക്ഷ്യങ്ങളും വിരുദ്ധമായിരിക്കുന്നവരെപ്പറ്റിയാണ്. അല്ലാത്തപക്ഷം യജമാനന്മാർ എന്ന നിലയിൽ ദൈവത്തെയും ക്രിസ്തുവിനെയും സേവിക്കാൻ നമുക്കു കഴികയില്ല. താത്പര്യങ്ങളും ലക്ഷ്യങ്ങളും ഒന്നായിരിക്കുന്നതുകൊ് അവരിരുവരെയും നമുക്കു സേവിക്കാം. എന്നാൽ ദൈവത്തിന്റെയും സാത്താന്റെയും താത്പര്യങ്ങളും ലക്ഷ്യങ്ങളും തമ്മിൽ ഒരേറ്റുമുട്ടലിലായതിനാൽ അവരിരുവരെയും ഒരേ സമയം സേവിക്കാവുന്നതല്ല. ഇതേ കാരണംകൊുതന്നെ നമുക്ക് ഒരേ സമയം ക്രിസ്തുവിനെയും എതിർക്രിസ്തുവിനെയും, ജഡത്തെയും ആത്മാവിനെയും, ഈ ലോകത്തെയും വരുവാനുള്ളതിനെയും, അസത്യത്തെയും സത്യത്തെയും സേവിക്കാൻ കഴിയുന്നതല്ല. ക്രിസ്ത്യാനികൾ എന്ന നിലയിൽ എത്ര വേഗം നാം ഈ തത്ത്വം മനസ്സിലാക്കി പ്രവർത്തിക്കുന്നുവോ അത്രയ്ക്കു അതു നമുക്കു നന്നായിരിക്കും. - P'30, 183

* * * * * *

**സമാന്തരവേദഭാഗങ്ങൾ:ഉല്പ.39:9; ഹോശേ.10:2; ദാനി.1:8-16;3:12-25; ലൂക്കൊ.16:13; 1രാജാ.18:21; യോശു.24:14-25; മത്താ.4:8-10;12:25; മർക്കൊ.10:21-23; യോഹ.10:12,13; 1കൊരി.10:21; എബ്രാ.11:24-26; യാക്കോ.1:8**

ചോദ്യങ്ങൾ :- ഈ ആഴ്ച ഞാൻ ആരാധനയിൽ ഏകാഗ്രതയുള്ളവൻ ആയിരുന്നോ? ഞാൻ ആരെ സേവിച്ചു? ഏകദൈവാരാധനയിൽ സഹായകവും പ്രതിബന്ധവും ആയി വർത്തിച്ചതെന്ത്? എനിക്ക് എന്തു നേട്ടം ഉായി?

# ഒക്ടോബർ 31

***നിന്റെ ദയ ജീവനേക്കാൾ നല്ലതാകുന്നു; അതുകൊ് എന്റെ അധരങ്ങൾ നിന്നെ സ്തുതിക്കും - സങ്കീ. 63 : 3***

കർത്താവിന്റെ കൃപ ആസ്വദിച്ചവർ, അവന്റെ പ്രസാദം പ്രാണനേക്കാൾ നന്നെന്ന് അനുഭവിച്ചറിഞ്ഞവർ, ഭൗമികമായ ഏതു നന്മയും പ്രതീക്ഷയും ഉൽക്കർഷേച്ഛയും സസന്തോഷം അവന്റെ ബലിവേദിയിൽ അർപ്പിച്ചവർ മറ്റുള്ളവരോടു സദ്വർത്തമാനം ഘോഷിക്കുന്നതിൽ ആനന്ദിക്കുന്നു. അന്ധകാരത്തിൽ നിന്നു തന്റെ അത്ഭുതപ്രകാശത്തിലേക്ക് അവരെ വിളിച്ചവന്റെ സ്തുതികളെ വിളംബരം ചെയ്യുന്നതിൽ അവർ ആനന്ദം കത്തെുന്നു. മൗനം പാലിക്കാൻ കഴിയാതെവണ്ണം ഈ ദൂത് മഹത്തരമാണ്. അത് അറിയിക്കുന്നതു കൂലിക്കുവേിയല്ല. അതു ഘോഷിക്കുകവഴി അനുഭവപ്പെടുന്ന ദൈവപ്രസാദത്തിനും തത്ഫലമായ ആനന്ദത്തിനും വേി ഏതു ത്യാഗത്തിനും അവർ സന്നദ്ധരാണ്. ക്ലേശങ്ങളും ധനവ്യയവും ഭൗമികമായ സുഹൃദ്ബന്ധങ്ങളുടെ തകർച്ചയും തകർച്ചയല്ലെങ്കിൽതന്നെ കുടുംബബന്ധങ്ങളിൽ സംഭവിക്കുന്ന ഉലച്ചിലും ലോകത്തിന്റെയും നാമധേയക്രൈസ്തവസമൂഹത്തിന്റെയും നെറ്റിചുളിക്കലും ഉൾപ്പെടെ അതിനുവേി എന്തു വില നൽകാനും അവർക്കു വിസമ്മതമില്ല.
- Z'01, 246 (R 2850)

* * * * * *

സൃഷ്ടി, പാലനം, ഉദ്ധാരണം, ഉദ്ബോധനം, നീതീകരണം, ശുദ്ധീകരണം, വിമോചനം എന്നിങ്ങനെ നമ്മോടുള്ള അവന്റെ ബഹുമുഖമായ കൃപകൾ വഴിയാണ് അവന്റെ ദയ പ്രകാശിക്കുന്നത്. എന്നാൽ ഇവിടെ വിവക്ഷിക്കുന്ന വിശേഷവിധിയായ ദയയാകട്ടെ ക്രിസ്തുവിനോടൊത്തു സ്വർഗ്ഗീയ പ്രകൃതിയിലേക്കുള്ള വിളിയും അതിന്റെ സാക്ഷാത്കാരവുമാണ്. ആകാശം ഭൂമിക്കു മീതെ ഉയർന്നിരിക്കുന്നതുപോലെ ഇതു നമ്മുടെ മാനുഷിക ജീവനെയും അതിന്റെ അവകാശങ്ങളെയുംകാൾ ശ്രേഷ്ഠതരമാണ്. യഹോവയുടെ മഹത്ത്വം - അവന്റെ മഹാജ്ഞാനം, ശക്തി, നീതി, സ്നേഹം ഇവ വിളിച്ചറിയിക്കുന്ന സത്യോപദേശങ്ങളുടെ അധരപുടങ്ങൾ ഈ വിളി നമുക്കു നൽകുന്നു. അവന്റെ മഹിമ വിളംബരം ചെയ്യുന്ന അവന്റെ അത്ഭുതനിർണ്ണയം നമുക്കു പ്രകീർത്തിക്കാം. - P'35, 132

* * * * * *

**സമാന്തരവേദഭാഗങ്ങൾ : പുറ.15:1,2; ഇയ്യോ.36:24; സങ്കീ.7:17;9:11; 22:22-25;28:6,7;30:4;33:1-3;35:18;43:3,4; യെശ.38:17; ലൂക്കൊ.1:46,47; യോഹ.14:23**

ചോദ്യങ്ങൾ :- ഈ വേദവാക്യത്തോടനുബന്ധിച്ച് ഈ ആഴ്ചയിലെ അനുഭവങ്ങൾ എന്തായിരുന്നു? അവയെ എങ്ങനെ അഭിമുഖീകരിച്ചു? അതിൽ സഹായകമായും പ്രതിബന്ധമായും വർത്തിച്ചതെന്ത്? ഫലങ്ങൾ എന്തായിരുന്നു?

# നവംബർ 1

***യഹോവേ, എന്റെ വായ്ക്ക് ഒരു കാവൽ നിർത്തി എന്റെ അധര ദ്വാരം കാക്കണമേ - സങ്കീ. 141 : 3***

നമ്മുടെ മനസ്സിനും വിചാരങ്ങൾക്കും ശക്തമായ കാവലിടുന്നപക്ഷം പ്രവൃത്തികൾക്കും വാക്കുകൾക്കും കാവൽനിൽക്കുന്നവരുടെ എണ്ണം കുറവായിരിക്കും. ഇവിടെയാണ് നാം വിശേഷിച്ചും ജാഗ്രത പുലർത്തേണ്ടത്. "ഹൃദയത്തിന്റെ നിറവിൽ നിന്നാണ് വായ് സംസാരിക്കുന്നത്". മറ്റുള്ളവരെ അപേക്ഷിച്ച് നടത്തയിലും സംസാരത്തിലും മുഖംമൂടിയില്ലാത്ത പുതിയ സൃഷ്ടികളാണ് ഈ പൊതുതത്ത്വത്തിനു പ്രത്യേകിച്ചും ദൃഷ്ടാന്തമായിരിക്കുന്നത്. ഹൃദയം നിഷ്കപടമായതുകൊ് ഒരുവേള മുൻകാലത്തെ അപേക്ഷിച്ച് കരുതലോടുകൂടി സംസാരിച്ചില്ലെന്നുവരാം. എന്നിരുന്നാലും "ഒരുവൻ വാക്കിൽ തെറ്റാതിരുന്നാൽ അവനാണ് പൂർണ്ണൻ" (യാക്കോ. 3:2) എന്ന അപ്പൊസ്തൊലവചനം അവൻ ഓർത്തുകൊള്ളട്ടെ. - Z'04, 23 (R 3304)

* * * * * *

വാക്കുകളിൽ തെറ്റുപറ്റാനും ഭൂരിപക്ഷം തെറ്റിദ്ധരിക്കാനും ന്യൂനപക്ഷമെങ്കിലും തെറ്റായി ചിത്രീകരിക്കാനും സാധ്യതയുള്ളതുകൊ് ക്രിസ്ത്യാനി തന്റെ സംസാരത്തിൽ വളരെ സൂക്ഷ്മത പാലിക്കണം. ഇങ്ങനെ ചെയ്യുന്നതിൽ നേരിടുന്ന പരാജയം വളരെ ദോഷം വരുത്തിയിട്ടു്. അതേസമയം ഇങ്ങനെ ചെയ്യുന്നതിലുള്ള വിജയം ദോഷങ്ങൾ തടഞ്ഞിട്ടുന്നെു മാത്രമല്ല വളരെ നന്മകൾക്കു കാരണമായിട്ടുമു്. നമ്മുടെ അധരങ്ങളെ സൂക്ഷിക്കുന്നതിനുള്ള ഏറ്റവും സുനിശ്ചിതമായ മാർഗ്ഗം സത്യംകൊു മനസ്സു നിറയ്ക്കയും അതിന്റെ ആത്മാവിനാൽ ഹൃദയം വിശുദ്ധീകരിക്കപ്പെടുകയുമാണ് . ഇത് നമുക്കു സ്വയം ചെയ്വാൻ കഴിയാത്തതിനാൽ നമ്മുടെ വായ്ക്ക് ഒരു കാവൽ നിർത്തി നമ്മുടെ അധരകവാടം കാക്കണമേ എന്നു പ്രാർഥിക്കുന്നത് എത്ര ഉചിതമാണ്. അപ്പോൾ വാക്കുകളാൽ നാം ഇടർച്ച സൃഷ്ടിക്കുകയില്ല. - P'35, 159

* * * * * *

**സമാന്തരവേദഭാഗങ്ങൾ : പുറ.22:28; സങ്കീ.10:7,8;12:3,4;34:13;41:5-9; 52:2-4; 59:12;64:2-5;106:33;119:23;120; സദൃ4:24;6:16-19;8:13;10:11,19,31,32;11:11; 12:5,6,13,17-19;13:3;14:25;15:1,4,28;18:21; മത്താ.12:34-37; റോമ.3:13,14; എഫെ.4:25,29,31; കൊലൊ.4:6; തീത്തൊ.1:10,11;3:2; യാക്കോ.1:19,26;3:5-10; 4:11; 1പത്രൊ.3:9,10**

ചോദ്യങ്ങൾ :- ഈ വേദവാക്യത്തോടനുബന്ധിച്ച് ഈ ആഴ്ചയിലെ അനുഭവങ്ങൾ എന്തായിരുന്നു? അതിൽ സഹായകമായും പ്രതിബന്ധമായും വർത്തിച്ചതെന്ത്? അവ ഏതിൽ പര്യവസാനിച്ചു?

# നവംബർ 2

***യഹോവയല്ലോ; തന്റെ ഇഷ്ടംപോലെ ചെയ്യട്ടെ - 1 ശമു. 3 : 18***

എന്തായിരിക്കും നമ്മുടെ ഏറ്റവും വലിയ ക്ഷേമത്തിനുതകുക എന്നു നാം അറിയുന്നില്ല. ചിലപ്പോൾ കാമ്യമെന്നുകരുതി നാം മോഹിക്കുകയും കരസ്ഥമാക്കാൻ ആഗ്രഹിക്കുകയും ചെയ്യുന്ന വസ്തുക്കൾ വാസ്തവത്തിൽ നമുക്കു ദോഷകരമാകാം. "കർത്താവു തനിക്കുള്ളവരെ അറിയുന്നു" എന്നും അവൻ എല്ലാറ്റിനെയും അവരുടെ നന്മയ്ക്കുപകരിക്കുമാറു പ്രവർത്തിപ്പിക്കുന്നു എന്നും ഗ്രഹിച്ചുകൊ് ക്ലേശങ്ങളുടെയും പരീക്ഷകളുടെയും സംഭ്രാന്തിയുടെയും കരിനിഴലിനെ വിശ്വാസത്തിന്റെ ദീപശിഖയുമായി മുറിച്ചു കടക്കുന്നവർ ഭാഗ്യവാന്മാർ. നമുക്ക് ആരുമായിട്ടാണോ കാര്യമുള്ളത്, അവന്റെ ജ്ഞാനം, സ്നേഹം, ശക്തി ഇവയെ ചോദ്യം ചെയ്യാതെ നാം കർത്താവിനായി ക്ഷമയോടെ കാത്തിരിക്കയും ദിവ്യവിചാരണ നമുക്കായി നിശ്ചയിക്കുന്ന ഏതനുഭവത്തെയും ക്ഷമാപൂർവ്വം സ്വാഗതം ചെയ്യുകയും വേണം - Z'01, 147, 317 (R 2806, 2887)

* * * * * *

ഒരു ക്രിസ്ത്യാനി തന്നെ സംബന്ധിക്കുന്ന ഏതു വിഷയത്തിനു പിന്നിലും പ്രവർത്തിക്കുന്ന കർത്താവിന്റെ കരുതലിനെ തിരിച്ചറിയണം. അഭിമുഖീകരിക്കേിവരുന്ന സംഭവങ്ങൾ അനുകൂലമാകാം പ്രതികൂലമാകാം. ലഭിക്കുന്നത് പ്രതിഫലമാകാം ശിക്ഷയാകാം. എല്ലാറ്റിലും കർത്തൃഹിതം സസന്തോഷം സ്വാഗതം ചെയ്യപ്പെടണം. പ്രതികൂലാനുഭവങ്ങളിൽ, വിശേഷിച്ചും അവ ശാസനാരൂപമാകുമ്പോൾ ഇത് ദുഷ്കരമായിരിക്കും. പക്ഷേ അപ്പോഴായിരിക്കും കീഴ്വഴക്കം കൂടുതൽ ആവശ്യമായിരിക്കുക. എന്തെന്നാൽ കീഴ്വഴക്കമില്ലായ്മ പൂർണ്ണമനഃപൂർവ്വതയിലേക്കും അത് സമ്പൂർണ്ണ നാശത്തിലേക്കും വഴിതെളിക്കും. ചെറിയ ആട്ടിൻകൂട്ടത്തിന്റെ നിഴലായ ശമുവേലിനെപ്പോലെ ആയിരിക്കുന്നതാണ് മഹാപുരുഷാരത്തെ നിഴലിപ്പിക്കുന്ന ഏലിയെപ്പോലെയായിരിക്കുന്നതിലും നന്ന്. ശമുവേലിന് ഒരു നോട്ടം മതിയായിരുന്നു മാർഗ്ഗദർശകമാകാൻ. ഏലിക്കാകട്ടെ മനഃപൂർവ്വമായ മാത്സര്യബുദ്ധി നിമിത്തം ശിക്ഷ തന്നെ വേിവന്നു.-P'33, 162

* * * * * *

**സമാന്തരവേദഭാഗങ്ങൾ : മത്താ.26:39,42; യോഹ.5:30;6:38; ഫിലി.2:8; അപ്പൊ.21:10-14; 1പത്രൊ.2:23;4:19; സങ്കീ.31:5;39:9; ലൂക്കൊ.23:46; ഇയ്യോ.1:21; യെശ.39:8**

ചോദ്യങ്ങൾ :- ഈ വേദവാക്യത്തോടനുബന്ധിച്ച് ഈ ആഴ്ചയിലെ അനുഭവങ്ങൾ എന്തെല്ലാമായിരുന്നു? അതിൽ സഹായകമായും പ്രതിബന്ധമായും വർത്തിച്ചതെന്ത്? അതിൽ നിന്നും എന്തു നേട്ടമുായി?

# നവംബർ 3

***പരീക്ഷയിൽ അകപ്പെടാതിരിപ്പാൻ ഉണർന്നിരുന്നു പ്രാർത്ഥിപ്പിൻ; ആത്മാവ് ഒരുക്കമുള്ളത്, ജഡമോ ബലഹീനമത്രേ.- മത്താ. 26 : 41***

ചിലർ ജാഗരിക്കുന്നില്ല, പ്രാർത്ഥിക്കുന്നു. മറ്റുചിലർ പ്രാർത്ഥിക്കുന്നില്ല, ജാഗരിക്കുന്നു. രും തെറ്റാണ്. സുരക്ഷിതവും ഉചിതവുമായ ഒരേയൊരുവഴി കർത്താവിന്റെ മാർഗ്ഗനിർദ്ദേശംപോലെ രും ഏകോപിപ്പിക്കയാണ്. തിരുവെഴുത്തിൽനിന്നുള്ള മുഴുവൻ പ്രോത്സാഹനത്തിനായും അവയുടെ നിവൃത്തിയുടെ തെളിവുകൾക്കായും അവന്റെ സാന്നിദ്ധ്യത്തെയും ആസന്നമായ മഹായുഗപരിവർത്തനത്തെയും വിളിച്ചോതുന്ന അടയാളങ്ങൾക്കായും നാം ജാഗരിക്കണം. വിശ്വാസത്തിലും പ്രത്യാശയിലും വിശ്വസ്തതയിലും സ്നേഹത്തിലും ബലപ്പെടാൻ സഹായകമായ എല്ലാറ്റിനും വേി നാം ജാഗരിക്കണം. ഉണർന്നിരിക്കുന്നതോടൊപ്പം പ്രാർത്ഥനയിൽ ഉറ്റിരിക്കയും വേണം. കർത്താവിന്റെ ജനങ്ങൾ എന്ന നിലയ്ക്കു നാം കൂട്ടായി പ്രാർത്ഥിക്കണം. ഭവനങ്ങളിൽ കുടുംബമായി പ്രാർത്ഥിക്കണം. രഹസ്യത്തിൽ ഒറ്റയ്ക്കും പ്രാർത്ഥിക്കണം - Z'01, 80 (R 2773)

* * * * * *

ജാഗരണം, നമ്മുടെ മനോവൃത്തികൾ വിചാരങ്ങൾ ലക്ഷ്യങ്ങൾ വാക്കുകൾ പ്രവൃത്തികൾ ചുറ്റുപാടുകൾ നമ്മുടെമേൽ വ്യാപരിക്കുന്ന സ്വാധീനങ്ങൾ ഇവയുടെ മേലെല്ലാം ദൃഷ്ടി പതിക്കുന്നു. നല്ല കാര്യങ്ങൾക്കുവേി ശബ്ദരൂപേണയോ നിശ്ശബ്ദമായോ ദൈവത്തിങ്കലേക്ക് ഉയരുന്ന ഹൃദയത്തിന്റെ നിഷ്കപടമായ ആഗ്രഹമാണ് പ്രാർത്ഥന. ഒന്നാമത്തേത് നമ്മെ കർമ്മോൽസുകരാക്കാൻ ആവശ്യമായ എല്ലാ അറിവും ഉന്മേഷവും കൊു നമ്മെ സായുധരാക്കുന്നു. രാമത്തേതാകട്ടെ കർത്താവു വാഗ്ദാനം ചെയ്യുന്ന അനുഗ്രഹങ്ങളുടെ സാക്ഷാത്കാരത്തിന് വചനത്തിൽനിന്നുള്ള മുഴുവൻ പ്രകാശവും വീര്യവും അവന്റെ കരുതൽ നടപടികളുടെ ഫലമായ സാഹചര്യങ്ങളും ഇതര സഹായങ്ങളും കൊു നമ്മെ സുസജ്ജരാക്കുന്നു. ഇപ്രകാരമുള്ള ജാഗരണവും പ്രാർത്ഥനയും പ്രലോഭനങ്ങളുടെ മദ്ധ്യത്തിലും അവയിൽ നിന്നു നമുക്കു മോചനം നൽകുകയും ദൈവമഹത്ത്വത്തിനായി ബലഹീനമായ ജഡത്തെ കീഴടക്കാൻ ഒരുക്കമുള്ള ആത്മാവിനെ ശക്തീകരിക്കുകയും ചെയ്യുന്നു-P'32, 166

* * * * * *

**സമാന്തരവേദഭാഗങ്ങൾ : മത്താ.26:38-40,42-46; മർക്കൊ.13:33; 1കൊരി.16:13; എഫെ.6:18; 1പത്രൊ.5:8,9; എബ്രാ.3:12,13; യെശ.26:8,9; റോമ.7:18-25;8:3; 1കൊരി.9:27; ഗലാ.5:16,17,24; ഫിലി.2:12,13;3:12-14**

ചോദ്യങ്ങൾ :- ഈ ആഴ്ച ഞാൻ ജാഗരിച്ചു പ്രാർത്ഥിച്ചുവോ? എങ്ങനെ? എന്തുകൊ് ? പരിണതഫലങ്ങൾ ഏവ?

# നവംബർ 4

***അവൻ തന്നെത്താൻ ഒഴിച്ചു ദാസരൂപം എടുത്തു - ഫിലി. 2 : 7***

ഒരേ സമയം രു യജമാനന്മാരെ സേവിക്കുന്നതിനും ഇരുവരെയും തൃപ്തിപ്പെടുത്തുന്നതിനും വ്യത്യസ്തതാത്പര്യം വച്ചുപുലർത്തുന്ന അവരോടു നീതി പുലർത്തുന്നതിനും ആർക്കും കഴിയുന്നതല്ല. അപ്രകാരം തന്നെ ദൈവത്തെ പ്രസാദിപ്പിപ്പാനും ദൈവത്തെയും നീതിയെയും സേവിപ്പാനും അതേസമയം തന്നെ വർത്തമാനവ്യവസ്ഥാകാലത്തിന്റെ കർത്താവും "ഈ ലോകത്തിന്റെ പ്രഭു"വുമായിരിക്കുന്ന എതിരാളിയെയും അവനോടു സഖ്യത്തിലിരിക്കുന്നവരെയും പ്രീതിപ്പെടുത്തുവാനും കഴിയുന്നതല്ല. സ്വർഗ്ഗത്തിൽ നിക്ഷേപം ശേഖരിക്കയും ദൈവവിഷയകമായി സമ്പന്നരാകാൻ ശ്രമിക്കയും ചെയ്യുന്ന കർത്താവിന്റെ സമർപ്പിതജനം, സമർപ്പണം ചെയ്യാതെ, പ്രവർത്തനമേഖല എന്തായിരുന്നാലും യഥാർത്ഥത്തിൽ മാമോനെയും സ്വാർത്ഥത്തെയും ഈ ആയുസ്സിനെയും സേവിച്ചുകൊ്, രാജ്യത്തിനു യോഗ്യരാകേതിന് ഈ താത്പര്യങ്ങൾ ബലിചെയ്യാത്തവരുടെ, ഇടയിൽ സ്ഥാനമാനങ്ങൾ ആഗ്രഹിക്കരുത് - Z'00, 318(R 2715)

*　　*　　*　　*　　*　　*

ശരിയായി ഭാഷാന്തരപ്പെടുത്തുമ്പോൾ യേശു സർവ്വശക്തനായ ദൈവം (യഹോവ) ആയിരുന്നില്ലെന്നും, മനുഷ്യനായി തീരുന്നതിനുവേി അവൻ തന്റെ പൂർവ്വപ്രകൃതിയും സ്ഥാനവും ഉപേക്ഷിച്ചു എന്നും തെളിയിക്കുന്നതിന് ബൈബിളിലെ ഏറ്റവും ബലവത്തായ വാക്യങ്ങളാണ് ഈ വാക്യവും ഇതിന്റെ മുൻപിൻ വാക്യങ്ങളും. അതുകൊ് അവൻ ഐഹിക ജീവിതകാലത്തു ദൈവവും മനുഷ്യനും കൂടിച്ചേർന്ന ഒരു സംയുക്തമൂർത്തിയായിരുന്നില്ലെന്നും മറിച്ച് ആത്മോത്പാദനത്തിനു മുമ്പു പാപരഹിതനായ ഒരു പൂർണ്ണമനുഷ്യൻ മാത്രമായിരുന്നു എന്നും ഈ വേദഭാഗം വ്യക്തമാക്കുന്നു. "ദാസരൂപം എടുക്കുകവഴി അവൻ തന്നെത്താൻ ഒഴിച്ചു" എന്ന ശരിയായ പരിഭാഷയിൽനിന്നും അവൻ മനുഷ്യജനനാൽപൂർവ്വമായ തന്റെ പ്രകൃതിയും പദവിയും അവയുടെ എല്ലാ മഹിമകളോടും കൂടെ പരിത്യജിച്ചു എന്നും അർത്ഥം ജനിക്കുന്നു. "മനുഷ്യസാദൃശ്യത്തിലായിട്ട്" എന്ന പ്രയോഗം മനുഷ്യപ്രകൃതി സ്വീകരിച്ചതിനെ കുറിക്കുന്നു. ഇങ്ങനെ അവൻ പ്രകൃതിയിലും തത്ത്വത്തിലും പിതാവായ ആദാമിനു പൂർണ്ണമായും തുല്യനായിത്തീർന്നു. ആദാമിനും അവന്റെ വർഗ്ഗത്തിനും മറുവിലയായിത്തീരാൻ ഇതുമൂലം അവനു സാധിച്ചു - P'26, 156, 157

*　　*　　*　　*　　*　　*

**സമാന്തരവേദഭാഗങ്ങൾ : യോഹ.1:14; 2കൊരി.8:9; എബ്രാ.2:9-18; റോമ.5:18,19; യെശ.42:1;52:13-15;53:11; മത്താ.20:27,28; ലൂക്കൊ.22:27; യോഹ.13:14**

ചോദ്യങ്ങൾ :- ക്രിസ്തുവിന്റെ സ്വാർത്ഥപരിത്യാഗം ഈ ആഴ്ച എന്നിൽ എന്തു പ്രതികരണമുളവാക്കി? എങ്ങനെ? എന്തുകൊ്?

# നവംബർ 5

***ദേവാലയത്തിന്മേൽ ഒരു മഹാപുരോഹിതൻ നമുക്കുള്ളതുകൊ് ന ാം വിശ്വാസത്തിന്റെ പൂർണ്ണനിശ്ചയം പൂു പരമാർത്ഥഹൃദയത്തോടെ അടുത്തു ചെല്ലുക - എബ്രാ. 10 : 21, 22***

നമ്മിൽ നല്ല പ്രവൃത്തി ആരംഭിച്ചവൻ ഒരിക്കലും തന്റെ നിർണ്ണയ ത്തിൽനിന്നു വ്യതിചലിക്കുന്നവനല്ല എന്നോർക്കുക. നമ്മുടെ ഹൃദയങ്ങൾ അവനുമായി പൊരുത്തപ്പെട്ടിരിക്കുന്നുവെങ്കിൽ, മഹാപാപപരിഹാരബലി യിലുള്ള നമ്മുടെ വിശ്വാസം വ്യക്തവും സുദൃഢവുമെങ്കിൽ, ഏതു കാര്യ ത്തിലും നമ്മുടെ ഇഷ്ടമല്ല അവന്റെ ഇഷ്ടം സ്വാഗതം ചെയ്യപ്പെടുമാറ് നമ്മുടെ സമർപ്പണം പൂർണ്ണവും സമഗ്രവുമായിരിക്കുന്നുവെങ്കിൽ നമുക്കു വിശ്വാസത്തിന്റെ പൂർണ്ണനിശ്ചയം പ്രാപിപ്പാൻ കഴിയും. ദൈവം മാറാത്ത വൻ എന്നും നാം അവന്റെ വാഗ്ദത്തങ്ങളോടും ക്രമീകരണങ്ങളോടും യോജിച്ചു നിൽക്കുന്നു എന്നും മനസ്സിലാക്കുമ്പോൾ അവന്റെ കരുണാപു രസ്സരമായ വിചാരണകളെല്ലാം നമുക്കുവേി പ്രവർത്തിച്ചുകൊിരിക്കും എന്നു നാം അറിയുന്നു. ഇതാണ് വിശ്വാസത്തിന്റെ പൂർണ്ണനിശ്ചയം - കർത്താവിലുള്ള അചഞ്ചലമായ ഉറപ്പ് - Z'00, 170 (R 2642)

* * * * * *

ദൈവത്തിന്റെ കുഞ്ഞുങ്ങൾ എന്ന നിലയ്ക്ക് ക്രിസ്തു നമ്മുടെ മഹാപു രോഹിതനായിരിക്കുന്നു. നമ്മുടെ അജ്ഞതയും മനഃപൂർവ്വമല്ലാത്ത ബലഹീനത കളും വീഴ്ചകളും എല്ലാം മറയ്ക്കപ്പെട്ടിരിക്കുന്നു എന്ന് ഇത് നമുക്ക് ഉറപ്പുവരു ത്തുന്നു. കർത്തൃകൃപയാൽ ജീവിപ്പാൻ ഇതു നമ്മെ പ്രാപ്തരാക്കുന്നു. തന്മൂലം സ്വർണ്ണനിലവിളക്കിന്റെ സമീപത്തേക്ക്, അതിന്റെ ശോഭാതിശയം വീക്ഷിച്ചുകൊ ും, ശക്തിയുടെ അപ്പത്തിനായി കാഴ്ചയപ്പത്തിന്റെ മേശയിലേക്കും, സൗരഭ്യവാ സനയുള്ള യാഗവസ്തുവായി ധൂപപീഠത്തിലേക്കും, രാം തിരശ്ശീലയിലേക്കും ഉള്ള സമീപനം ഉപപുരോഹിതന്മാർക്കു സാധ്യമാകുന്നു. മരണംവഴി രാം തിരശ്ശീലപിന്നിട്ടു വിശ്വസ്തവും പരിശുദ്ധവുമായ ഹൃദയത്തോടും കർത്താ വിലും നമുക്കുവേിയുള്ള അവന്റെ കരുതലിലും പൂർണ്ണവിശ്വാസം അർപ്പിച്ചു കൊും നാം ദൈവത്തിന്റെ പ്രത്യക്ഷസമക്ഷത്തിലേക്കു പ്രവേശിക്കും. ഇപ്ര കാരം നമുക്ക് അടുത്തുചെല്ലാം - P'36, 165

* * * * * *

**സമാന്തരവേദഭാഗങ്ങൾ : എബ്രാ.3:1,6;4:14,16;7:27; 1തിമൊ.3:15; സങ്കീ.51:6; 1യോഹ.3:21; യോഹ.1:47; അപ്പൊ.8:36,37; എബ്രാ.11:1-39; സങ്കീ.118:8,9;125:1; സദൃ.3:5; യെശ.26:3;30:15; മർക്കൊ.9:23,24; ലൂക്കൊ.17:5; റോമ.4:18-21;15:13; കൊലൊ.1:23; എബ്രാ.13:5,6; യാക്കോ.1:6; 1പത്രൊ.1:5,7,9,21; യോഹ.5:4**

ചോദ്യങ്ങൾ :- ഈ വാക്യം ഈ ആഴ്ച എനിക്ക് എങ്ങനെ പ്രയോജന പ്പെട്ടു? ഞാൻ അതിനെ ഏതു വിധം കൈകാര്യം ചെയ്തു? ഫലമെന്താ യിരുന്നു?

# നവംബർ 6

***സഹോദരന്മാരേ, നിങ്ങളുടെ ശരീരങ്ങളെ ജീവനും വിശുദ്ധിയും ദൈവത്തിനു പ്രസാദവുമുള്ള യാഗമായി സമർപ്പിപ്പിൻ - റോമ. 12 : 1***

നമുക്കുള്ളതെല്ലാം കർത്തൃസേവയ്ക്കായി അർപ്പിക്കുക എന്നത് ന്യായയുക്തമായിരിക്കെത്തന്നെ അനായാസവുമാണ്. നമ്മോട് ഇത്രയേറെ അലിവും കരുണയും പ്രകടിപ്പിച്ചിട്ടുള്ളവന് നാം കടപ്പെട്ടിരിക്കുന്നതിലും എത്രയോ നിസ്സാരം. സമർപ്പണത്തോടു ബന്ധപ്പെട്ടു പ്രതിഫലത്തിന്റെ വാഗ്ദാനം ഉായിരുന്നില്ലെങ്കിൽ പോലും ഇതായിരിക്കണം നമ്മുടെ വീക്ഷണം. എന്നാൽ ദൈവം വലിയ പ്രതിഫലവും അനുഗ്രഹങ്ങളും വാഗ്ദത്തം ചെയ്തിരിക്കെ സമർപ്പണത്തിനുള്ള ആഹ്വാനം നിരസിക്കുന്നത്, ദിവ്യകാരുണ്യത്തെ സംബന്ധിച്ച നമ്മുടെ അജ്ഞത മാത്രമല്ല പ്രത്യുത നൈമിഷികമായ സ്വാർത്ഥഭോഗങ്ങൾക്കു മാത്രമുതകുന്ന ക്ഷണികമായ ഈ ആയുസ്സിനെയും കർത്താവിനോടൊരുമിച്ചുള്ള ആനന്ദത്തിന്റെ സനാതനയുഗത്തെയും താരതമ്യപ്പെടുത്താനുള്ള മനസ്സിന്റെ അശക്തിയെയും ആണ് വിളിച്ചറിയിക്കുന്നത് - Z'00, 170 (R 2642)

* * * * * *

ഒരു വലിയ പ്രതിഫലത്തിന്റെ പ്രതീക്ഷയിൽ സമർപ്പണം ചെയ്യുന്നതിന് നമ്മെ പ്രേരിപ്പിക്കുന്നതിനുള്ള ഉദ്ബോധനമല്ല ഇത്. മറിച്ച് ദൈവത്തിലുള്ള പരിപൂർണ്ണ വിശ്വാസത്തിന്റെയും ലഭിച്ചുകഴിഞ്ഞ നന്മകളുടെ പേരിലുള്ള നന്ദിപൂർവ്വമായ സ്നേഹത്തിന്റെയും നന്മയുടെ മൂർത്തിയും നന്മയുടെ കർത്താവുമായ ദൈവത്തോടുള്ള അഭിനന്ദനത്തിന്റെയും ഫലമായിരിക്കണം സമർപ്പണം. നീതീകരണത്തിലൂടെ അനുഭവസിദ്ധമാകുന്ന സത്യം നമ്മിൽ ഉളവാക്കുന്ന ഈ ഗുണങ്ങൾ നമുക്കു സ്വന്തമായതെല്ലാം കർത്താവിനു സമർപ്പിക്കാൻ നമ്മെ സഹായിക്കുന്നു. അവ കർത്തൃസമക്ഷം കാഴ്ചവയ്ക്കുന്നതിൽ മാത്രമല്ല, യാഗരൂപമായ മരണം വഴി പൂർത്തീകരിക്കുന്നതിനും നമ്മെ ശക്തരാക്കുന്നു. കർത്താവു പ്രതിദിനം നമ്മിൽ പ്രവർത്തിപ്പിക്കുന്ന ജ്ഞാനം, നീതി, സ്നേഹം, ശക്തി ഇവ നാം അഭ്യസിക്കുന്നുവെങ്കിൽ ദൈവത്തിന്റെ മഹത്ത്വത്തിനും മറ്റുള്ളവരുടെ പ്രയോജനത്തിനും നമ്മുടെ ശാശ്വത ക്ഷേമത്തിനും ഉതകുമാറ് നമ്മുടെ സമർപ്പണം പ്രാവർത്തികമാക്കാൻ നാം ശക്തരാകും - P'30, 183

* * * * * *

**സമാന്തരവേദഭാഗങ്ങൾ : 2കൊരി.10:1; സങ്കീ.50:5,14;45:10,11; സദൃ23:26; മത്താ.13:44-46;16:24; റോമ.6:13,16; 1കൊരി.6:13,20; 2കൊരി. 8:5; എബ്രാ.10:7; 1പത്രൊ.2:5,9**

ചോദ്യങ്ങൾ :- ഈ ആഴ്ച ഞാൻ എന്റെ സമർപ്പണം നിറവേറ്റിയോ? എന്റെ സമർപ്പണം പരിശോധിക്കപ്പെട്ടത് ഏതു സാഹചര്യങ്ങളിൽ ആയിരുന്നു? സമർപ്പണത്തിനായുള്ള എന്റെ വിളിയെ ഞാൻ എങ്ങനെ അഭിമുഖീകരിച്ചു? എനിക്കു സഹായകവും പ്രതിബന്ധവും ആയിരുന്നതെന്ത്? ഫലമെന്തായിരുന്നു?

# നവംബർ 7

***യേശുവിന്റെ സാക്ഷ്യവും ദൈവവചനവും നിമിത്തം തല ഛേദിക്കപ്പെട്ടവരുടെ ആത്മാക്കളെയും ഞാൻ കു - വെളി. 20 : 4***

ഈ ശിരശ്ഛേദം അക്ഷരാർത്ഥമല്ല, സാദൃശ്യാർത്ഥമാണ്; എന്നിരുന്നാലും തികച്ചും അർത്ഥവത്താണ്. സ്വേച്ഛയ്ക്കു മരിക്കുന്നതു കൂടാതെ ശരീരമാം സഭയുടെ ശിരസ്സായി ദൈവം നിയമിച്ചിരിക്കുന്ന ക്രിസ്തു ഒഴികെയുള്ള എല്ലാ ശിരസ്സുകളോടും ആധിപത്യങ്ങളോടും നിയമകർത്താക്കളോടും ബന്ധം വിടർത്തുന്നതിനെ ഇതു സൂചിപ്പിക്കുന്നു. സ്ഥാപനങ്ങളുടെ തലവന്മാരെയും മേലധികാരികളെയും യജമാനസ്ഥാനത്തുനിന്നു ഛേദിച്ചെറിഞ്ഞാൽ പോരാ, സ്വന്തമായ ശിരസ്സും ഇച്ഛയും കൂടെ ഇല്ലാതാകണം. പകരം കർത്താവിന്റെ ഇഷ്ടം അംഗീകരിക്കണം; അവനെ ശിരസ്സായി സ്വീകരിക്കണം. റോമ.6:3-ൽ ഈ ചിന്താഗതിയാണ് അപ്പൊസ്തൊലൻ ആവിഷ്കരിക്കുന്നത്. ശിരസ്സായ ക്രിസ്തുവിന്റെ ശരീരത്തിന്റെ അവയവങ്ങൾ എന്ന നിലയിൽ ചെറിയ ആട്ടിൻകൂട്ടം ക്രിസ്തു ശരീരത്തിലേക്കു സ്നാനപ്പെട്ടിരിക്കുന്നതായി അവിടെ അവൻ പ്രതിപാദിക്കുന്നു. അവന്റെ മരണത്തിലേക്കുള്ള സ്നാനം തന്നെ. അതായത് മനസ്സിന്റെ പൂർണ്ണസമർപ്പണം, മരണപര്യന്തമുള്ള ജീവാർപ്പണം തന്നെ - Z'00, 285 (R 2699)

*  *  *  *  *  *

ഇവിടെ പറയുന്ന ശിരശ്ഛേദനം അക്ഷരികമല്ല. അങ്ങനെയെങ്കിൽ യേശു, പത്രൊസ്, സ്തെഫാനോസ്, യോഹന്നാൻ, തോമസ് എന്നിവർ ചെറിയ ആട്ടിൻകൂട്ടത്തിൽ ഉൾപ്പെടുകയില്ല. എന്നാൽ ഇവർ ജേതാക്കളാണെന്നു തിരുവെഴുത്തുകളിൽനിന്നു തെളിയുന്നു്. ശിരശ്ഛേദനം അക്ഷാർത്ഥത്തിലെങ്കിൽ ചെറിയ ആട്ടിൻകൂട്ടത്തിൽപ്പെട്ട മറ്റനേകരും അങ്ങനെയല്ലെന്നുവരും. അതുകൊ് ഇതു സാദൃശ്യാർത്ഥത്തിലാകണം. അതായത് നമ്മുടെ സഹജമായ മനസ്സും ഹൃദയവും ഇച്ഛയും ഉപേക്ഷിച്ച് തത്സ്ഥാനത്ത് നമ്മുടെ ശിരസ്സായി ക്രിസ്തുവിന്റെ മനസ്സും ഹൃദയവും ഇച്ഛയും സ്വീകരിക്കുക എന്നതു തന്നെ. സത്യത്തോടുള്ള സഖ്യം മൂലം നാം ശിരശ്ഛേദനത്തിന് വിധേയപ്പെടുകയും ആ അവസ്ഥ പുലർത്തുകയും ചെയ്യുന്നു. നമ്മുടെയും ലോകത്തിന്റെയും രക്ഷയോടുള്ള ബന്ധത്തിൽ ദൈവത്തെയും ക്രിസ്തുവിനെയും വെളിപ്പെടുത്തുക എന്നതാണ് സത്യത്തിന്റെ ധർമ്മം - P'35, 171

*  *  *  *  *  *

**സമാന്തരവേദഭാഗങ്ങൾ : മത്താ.13:44-46; റോമ.6:3-11,13,16,19;12:1-5; 2കൊരി.8:12; മത്താ.7:21-23; മർക്കൊ.10:35-39; യോഹ.12:42,43; അപ്പൊ.18:5; റോമ.10:9-11; 1 യോഹ.1:6; വെളി.6:11**

ചോദ്യങ്ങൾ :- ഈ വാക്യം ഈ ആഴ്ച എനിക്ക് എങ്ങനെ ഉപകരിച്ചു? സാഹചര്യങ്ങളും അനന്തരഫലങ്ങളും എന്തായിരുന്നു?

# നവംബർ 8

***നിന്റെ ദൈവമായ യഹോവയുടെ നാമം വ്യഥാ എടുക്കരുത് - പുറ. 20 : 7***

ഈ കല്പന ആത്മീയ യിസ്രയേലിനു നൽകപ്പെട്ടതല്ലെങ്കിലും ഇതിന്റെ ആത്മാവ് നമുക്കും ബാധകമാണെന്നതു വ്യക്തമാണ്. നാം ക്രിസ്തുവിൻ നാമം നമ്മുടെ നാമമായി സ്വീകരിച്ചിരിക്കുന്നു. ശിരസ്സിന്റെ പരിശുദ്ധ നാമം സമർപ്പിതർക്കെല്ലാം വിളിക്കപ്പെട്ടിരിക്കുന്നു. ഈ നിലയ്ക്കു നാം എത്ര സൂക്ഷ്മതയുള്ളവരാകണം. നാം സ്വയം ഇങ്ങനെ പറയുന്നത് ഉചിതമാണ്. "കർത്താവിന്റെ നാമം വ്യർത്ഥമായി ധരിച്ചു എന്നു വരാതിരിക്കാൻ ഞാൻ കരുതലോടെയിരിക്കണം. ലോകത്തിൽ അവന്റെ പ്രതിപുരുഷനും സ്ഥാനപതിയുമെന്ന നിലയിൽ ഞാൻ വഹിക്കുന്ന സ്ഥാനത്തിന്റെ മാന്യതയിലും അന്തസ്സിലും ഉത്തരവാദിത്വത്തിലും ഞാൻ അഭിമാനം കൊള്ളണം. ആ നാമത്തിന് അപമാനജനകമാകാതെ എന്റെ ഓരോ ചുവടുവയ്പും ആവോളം ശ്രദ്ധാപൂർവ്വം ആയിരിക്കണം. മറിച്ച് ഓരോ വിചാരവും വാക്കും പ്രവൃത്തിയും തിരുനാമമഹത്ത്വത്തിന് ഉതകേതിന് ഞാൻ ഉത്സാഹിക്കും" - Z'04, 73 (R 3329)

* * * * * *

ദൈവത്തിന്റെ നാമം എന്നതിൽ അവന്റെ പേര്, പ്രകൃതി, സ്വഭാവം, കീർത്തി, ബഹുമാനം, സ്ഥാനം, വചനം എന്നിവയെല്ലാം അന്തർഭവിച്ചിരിക്കുന്നു. ദൈവത്തിന്റെ പ്രതിനിധികൾ എന്ന നിലയിൽ സമർപ്പിതർ ഇപ്പോൾ പരീക്ഷണാർത്ഥമായും, ഒന്നാം പുനരുത്ഥാനാനന്തരം സ്ഥിരമായും ശാശ്വതമായും ഈ വിധമെല്ലാം അവന്റെ നാമം ധരിക്കുന്നു. ദൈവത്തിന്റെ പ്രതിനിധികൾ എന്ന നിലയിൽ സമർപ്പണം വഴി നമുക്കു കൈവരുന്ന വിശേഷാവകാശങ്ങൾ ഉപയോഗപ്പെടുത്തുന്നതിലുള്ള അനാസ്ഥയോ അവയുടെ ദുരുപയോഗമോ ആണ് അവന്റെ നാമം വ്യഥാ എടുക്കുക എന്നത്. അതേ സമയം തന്റെ സമർപ്പണനേർച്ചകളിൽ വിശ്വസ്തത പാലിക്കുന്നവൻ ദൈവനാമം ഉചിതമായും അതിന്റെ ലക്ഷ്യത്തിന് അനുയോജ്യമായും എടുക്കുന്നു. ഇതായിരിക്കണം നമ്മുടെ പ്രതിദിനലക്ഷ്യം - P'34, 159

* * * * * *

**സമാന്തരവേദഭാഗങ്ങൾ : ലേവ്യ.19:12;22:32;24:10-16; ആവ.4:10;5:29; 10:12,20,21; യോശു.24:14; 1ശമു.2:30; ഇയ്യോ.21:14;40:2; സദൃ.30:8,9; റോമ.12:1; മത്താ.10:22;25:14-29**

ചോദ്യങ്ങൾ :- ഈ ആഴ്ച ഞാൻ ദൈവത്തിന്റെ നാമം ഏതുവിധം കൈകാര്യം ചെയ്തു? എന്തുകൊ്? പരിണതഫലങ്ങൾ എന്തായിരുന്നു?

# നവംബർ 9

***ജഡാഭിലാഷം ആത്മാവിനും ആത്മാഭിലാഷം ജഡത്തിനും വിരോധ മായിരിക്കുന്നു. നിങ്ങൾ ഇച്ഛിക്കുന്നതു ചെയ്യാതവണ്ണം അവ തമ്മിൽ പ്രതികൂലമല്ലോ - ഗലാ. 5 : 17***

ഇത് വിശ്രമരഹിതമായ ഒരു വൻപോരാട്ടമാണ്. എന്തെന്നാൽ പ ുതിയ മനസ്സ് മുൻതൂക്കമാർജ്ജിച്ചു ശരീരത്തെ അടിമപ്പെടുത്തി തനിക്കു മുമ്പിൽ തോൽവി സമ്മതിക്കാൻ അതിന്റെ മേൽ സമ്മർദ്ദം പ്രയോഗിക്കു ന്നുവെങ്കിലും ഈ മർത്യശരീരം യഥാർത്ഥത്തിൽ മരിച്ചിട്ടില്ല. അതു ലോകവും ശത്രുവായ സാത്താനുമായി നിരന്തരം സമ്പർക്കത്തിൽ വരി കയും അതു മുഖേന സദാ ഉത്തേജിതമാകയും ഭൗമികമായ ആകുല ങ്ങൾ മോഹങ്ങൾ രീതിഭേദങ്ങൾ, കഠിനയത്നങ്ങൾ, ഏറ്റുമുട്ടലുകൾ, പ ുതിയ മനസ്സിനോടുള്ള എതിർപ്പ് ഇവ മൂലം പരുഷമാകയും ചെയ്യുന്നു. ഒരു ദൈവപൈതലും ഇപ്രകാരമുള്ള അനുഭവങ്ങളിൽനിന്നു വിമുക്ത രല്ല. അകത്തും പുറത്തും പോരാട്ടം. ഇതു വിജയംവരെയുള്ള ഒരു യുദ്ധമാണ്. അല്ലാത്തപക്ഷം പോരാട്ടത്തിന്റെ ലക്ഷ്യമായ മഹാപ്രതിഫലം ലഭിക്കയില്ല. എന്തെന്നാൽ കർത്താവിന്റെ കൃപയും ശക്തിയും മൂലം പ ുതിയ മനസ്സ് അഥവാ ഇച്ഛാശക്തി മർത്യശരീരത്തിന്മേൽ ആവർത്തിച്ചാ വർത്തിച്ചു വിജയം വരിക്കുമെങ്കിലും മരണംവരെ സംഘട്ടനത്തിനു വിരാ മമില്ല - Z'03, 424 (R 3272)

* * * * * *

ഇവിടെ ജഡം എന്നതുകൊ് ഉദ്ദേശിക്കുന്നത് സ്വാഭാവികമോ ആർജ്ജി തമോ ആയ മാനുഷിക മനോവൃത്തിയാണ്. പ്രൗഢദശയിലോ ബാല്യാവസ്ഥ യിലോ ഇരിക്കുന്ന പുതിയ ഹൃദയവും മനസ്സും ഇച്ഛയും ആണ് ആത്മാവ്. ജഡം അപകർഷം നേരിട്ടതല്ലെങ്കിൽപോലും ആത്മാവിനോടു ശത്രുതയിലായിരി ക്കും. കാരണം അതു ഭൂമിയിൽനിന്നുള്ളതും ഭൗമികവുമാണ്. ഐഹികവിഷയ ങ്ങളോടാണ് അതിന്റെ ചായ്‌വ്. ആത്മാവാകട്ടെ സ്വർഗ്ഗത്തിൽനിന്നുള്ളതും സ്വർഗ്ഗീയവുമാണ്. സ്വർഗ്ഗീയവിഷയങ്ങളോടാണ് അതിന്റെ ചായ്‌വ്. ഐഹിക വിഷയങ്ങളെ ബലികഴിച്ചാലേ അവ നേടാൻ കഴിയൂ. തത്ഫലമായി ജഡവും ആത്മാവും തമ്മിൽ ഒരു നിരന്തരപോരാട്ടത്തിലാണ്. നമ്മുടെ ആഗ്രഹം പോലെ പ്രവൃത്തിയിൽ പൂർണ്ണത കൈവരിക്കാൻ നമുക്കു കഴിയുന്നില്ല. ജഡത്തിന്റെയോ ആത്മാവിന്റെയോ മരണംവരെ ഈ പോരാട്ടം തുടരും - P'33, 162

* * * * * *

**സമാന്തരവേദഭാഗങ്ങൾ : മത്താ.26:41; മർക്കൊ.7:21-23; റോമ.6:12-22;7:14-25;8:1-13;13:11-14; 1പത്രൊ.2:11; 1കൊരി.2:3; എഫെ.5:3-5; കൊലൊ.3:5; യാക്കോ.3:14-16; ഗലാ.5:16**

ചോദ്യങ്ങൾ :- ഈ വേദവാക്യത്തോടനുബന്ധിച്ച് ഈ ആഴ്ചയിലെ അനുഭവങ്ങൾ ഏവയായിരുന്നു? അവയെ എങ്ങനെ നേരിട്ടു? സഹായകമായതെന്ത്? പ്രതികൂലമായതെന്ത്? പരിണതഫലങ്ങൾ ഏവ?

# നവംബർ 10

***സ്നേഹം ... അനീതിയിൽ സന്തോഷിക്കാതെ സത്യത്തിൽ സന്തോഷിക്കുന്നു - 1 കൊരി. 13 : 4,6***

നീതിയെയും അനീതിയെയും സംബന്ധിച്ച പ്രമാണങ്ങൾ എന്റെ മനസ്സിൽ ദൃഢമായി വേരൂന്നിയിട്ടുണ്ടോ? നേട്ടങ്ങൾക്ക് ഉപകരിച്ചാൽപോലും അനീതിയെ പ്രോത്സാഹിപ്പിക്കാതെ അതിനെ അപലപിക്കാനും നീതിയുടെ പക്ഷത്ത് ഉറച്ചുനിൽക്കാനുമുള്ള നിശ്ചയദാർഢ്യം എനിക്കുണ്ടോ? എന്റെ ചില മുൻവിധികളെ ഖണ്ഡിക്കുന്നതോ, എന്റെ ചില ഭൗമിക താത്പര്യങ്ങൾക്കു ഹാനികരമോ ആയിരുന്നാൽപോലും സത്യത്തിലും അതിന്റെ പുരോഗതിയിലും ആഹ്ളാദിക്കാതിരിക്കാൻ കഴിയാത്തവണ്ണം ഞാൻ നീതിയുടെയും സത്യത്തിന്റെയും ഭാഗത്താണോ? കർത്താവിന്റെ ജനങ്ങളുടെ ആത്മാവെന്ന് അപ്പൊസ്തൊലൻ ഇവിടെ വിശേഷിപ്പിക്കുന്ന ദൈവസ്നേഹം സ്വാർത്ഥത്തിന് തീർത്തും അതീതമായ ഒന്നാണ്. അതു നിയതമായ പ്രമാണങ്ങളിൽ ആധാരപ്പെട്ടതാണ്. ആ പ്രമാണങ്ങൾ നാൾതോറും വ്യക്തമായി വിവേചിക്കപ്പെടേതും എന്തുവിലകൊടുത്തും എപ്പോഴും മുറുകെപ്പിടിച്ചുകൊള്ളേതുമാണ് - Z'03, 57 (R 3150)

*     *     *     *     *     *

സിദ്ധാന്തപരമായും പ്രയോഗപരമായും ഉള്ള അസത്യമാണ് അനീതി. നന്മയുടെ തത്ത്വങ്ങളിലുള്ള പ്രമോദത്തിൽ അടിസ്ഥാനപ്പെട്ടതാണ് സ്നേഹം എന്നതുകൊ് അതിന് അനീതിയിൽ സന്തോഷിക്കാൻ കഴിയുന്നതല്ല. സഹോദരവർഗ്ഗത്തോടു സഹതപിക്കയും അനീതിയുടെ പേരിൽ ലോകത്തോട് അനുകമ്പ കാണിക്കയും ചെയ്യുമ്പോൾ തന്നെ അത് അനീതിയെ സംബന്ധിച്ചു വേദനിക്കുകയും അസ്വസ്ഥമാകുകയും ചെയ്യുന്നു. സിദ്ധാന്തരൂപത്തിലും പ്രയോഗരൂപത്തിലുമുള്ള സത്യത്തിൽ ആനന്ദിക്കുന്നതോടൊപ്പം അത് അനീതിയെ വെറുക്കുകയും ചെയ്യുന്നു. വിശ്വാസത്തിലും നടത്തയിലുമുള്ള എല്ലാ നന്മയുടെ തത്ത്വങ്ങളുടെയും മൂർത്തീഭാവമായ ദൈവത്തിന്റെ നിർണ്ണയത്തിലും ആത്മാവിലും അതിനു സന്തോഷം കത്തൊതിരിക്കാൻസാധ്യമല്ല. തത്ത്വങ്ങൾ, ലക്ഷ്യങ്ങൾ, ഏറ്റുമുട്ടലുകൾ, പ്രവർത്തനങ്ങൾ, വിജയങ്ങൾ, സത്യത്തിന്റെ ആത്മാവ് ഇവയിൽ അത് ആനന്ദിക്കുന്നു. കാരണം നല്ല കാര്യങ്ങളിലും നന്മയുടെ തത്ത്വങ്ങളിലും അതു പ്രമോദം കത്തെുന്നു എന്നതുതന്നെ - P'32, 167

*     *     *     *     *     *

**സമാന്തരവേദഭാഗങ്ങൾ : സങ്കീ.10:3; റോമ.1:32; 2യോഹ.4; നെഹ.8:10-12; സങ്കീ.9:2; 13:5; 19:8; 40:16; 46:4; 89:15; 97:11,12;119:1,16,55,111,165; യെശ.12; യിരെ.15:16; എബ്രാ.10:34; 1പത്രൊ.1:8; അപ്പൊ.11:18,22,23**

ചോദ്യങ്ങൾ :- ഈ ആഴ്ച ഞാൻ അനീതിയിലോ സത്യത്തിലോ സന്തോഷിച്ചത്? എന്തുകൊ്? എങ്ങനെ? പരിണതഫലങ്ങൾ ഏവ?

# നവംബർ 11

***സകല സൂക്ഷ്മതയോടുംകൂടി നിങ്ങളുടെ വിശ്വാസത്തോടു വീര്യം (ധീരത) കൂട്ടിക്കൊൾവിൻ - 2 പത്രൊ. 1 : 5***

ശരിയുടെ പാത മുറുകെപ്പിടിക്കാൻ ദൃഢനിശ്ചയം ചെയ്കയും അങ്ങനെ പ്രലോഭനങ്ങളോട് എതിർത്തു നിൽക്കയും ചെയ്യുമ്പോഴും തീരുമാനം പ്രവൃത്തിപഥത്തിലാക്കാൻ മടിച്ചുനിൽക്കുന്നു എന്നതാണ് ദൈവജനത്തെ സംബന്ധിച്ചുള്ള ഒരു വലിയ പ്രയാസം. "ഇത്തവണ ഏതായാലും നിനക്കു കീഴ്പ്പെടാൻ ഞാൻ വിചാരിക്കുന്നില്ല" എന്നു പലരും പരീക്ഷകനോടു പറയുന്നു. ഇങ്ങനെ പരീക്ഷകനു തിരിച്ചുവരാനുള്ള ഒരു അവസരത്തിന്റെ പ്രതീക്ഷ അവർ മനസ്സിൽ തുറന്നിടുന്നു. ഇതിൽ നമ്മുടെ കർത്താവിന്റെ ദൃഷ്ടാന്തമാണ് ഏറ്റവും ഉചിതം. പരീക്ഷകനെ നാം തീർത്തും പറഞ്ഞയയ്ക്കണം. ആ വഴിക്കുള്ള പരീക്ഷണം ഇനിയും പന്തിയല്ലെന്നു പരീക്ഷകനുപോലും തോന്നത്തക്കവിധം ഉറച്ചതാകണം നമ്മുടെ നിലപാട്. "സാത്താനേ, എന്നെ വിട്ടുപോകൂ; ഞാൻ എന്റെ ദൈവത്തെ മാത്രമേ ആരാധിച്ചു സേവിക്കൂ" - Z'04, 10 (R 3296)

* * * * * *

ക്രിസ്തീയ സ്വഭാവത്തിന്റെ അടിസ്ഥാനമെന്ന നിലയിൽ ദൈവത്തെയും ക്രിസ്തുവിനെയും സംബന്ധിച്ചുള്ള മനസ്സിന്റെ മതിപ്പും ഹൃദയത്തിന്റെ ആശ്രയവും വളർത്തിയെടുത്തശേഷം, ആ അടിസ്ഥാനത്തിന്മേൽ വീര്യം (ധീരത) തുടങ്ങിയ മറ്റു മേൽത്തരം മൗലിക ഗുണവിശേഷങ്ങൾ പണിചെയ്യേതാണ്. വിജയത്തെ സംബന്ധിച്ച പ്രത്യാശയാണ് വീര്യം (ധീരത) എന്ന ഗുണവിശേഷത്തിന് അവലംബം. അങ്ങനെയുള്ള പ്രത്യാശയ്ക്കു വേ വിഷയങ്ങളും, ആണകൊുറപ്പാക്കിയ ഉടമ്പടി, ക്രിസ്തുവിന്റെ പൗരോഹിത്യശുശ്രൂഷ, ആത്മാവിന്റെ കൂട്ടായ്മ എന്നീ ഉറച്ച അടിസ്ഥാനവും ദൈവം നൽകിയിട്ടു്. ഈ വിധത്തിലുള്ള പ്രത്യാശ ഏതു പ്രതിബന്ധത്തെയും അഭിമുഖീകരിക്കാനും ഏതു ശത്രുവിനോടും പോരാടുന്നതിനുമുള്ള കരുത്തു നമുക്കു നൽകും. അപ്രകാരമുള്ള കരുത്താർജ്ജിക്കുന്നതിന് നിരന്തരശ്രദ്ധ ആവശ്യമാണ്. അല്ലാത്തപക്ഷം വിശ്വസ്തതയുടെ പിൻബലമില്ലാത്ത നമ്മുടെ യത്നങ്ങൾ വിജയത്തിനു പര്യാപ്തമല്ലെന്നു തെളിയും - P'26, 157

* * * * * *

**സമാന്തരവേദഭാഗങ്ങൾ : എബ്രാ.11:1,2,39; സങ്കീ.27:13; റോമ.8:24,25; 2കൊരി.4:18;5:7; യോശു.1:1-9; 2ദിന.19:11; സദൃ.28:1; 1കൊരി.16:13; ഫിലി.1:27,28; 2തിമൊ.1:7**

ചോദ്യങ്ങൾ :- ഈ ആഴ്ച ഞാൻ വിശ്വാസത്തോടു വീര്യം കൂട്ടിയോ? എങ്ങനെ? ഏതു പരിതസ്ഥിതികളിൽ? ഫലമെന്തായിരുന്നു?

# നവംബർ 12

***അവിശ്വാസി ആകാതെ വിശ്വാസി ആയിരിപ്പിൻ - യോഹ. 20 : 27***

കർത്താവിൽ, അവന്റെ നന്മയിൽ, അവന്റെ ശക്തിയിൽ, അവന്റെ ജ്ഞാനത്തിൽ, അവന്റെ സ്നേഹത്തിൽ അചഞ്ചലമായ വിശ്വാസം അർപ്പിക്കാത്ത പക്ഷം അവനോടു സമീപസ്ഥരാകാൻ നമുക്കു കഴികയില്ല. വിശ്വാസം എന്നതു നട്ടുവളർത്തേതാണ്. ഗലീലക്കടൽ കൊടുകാറ്റിൽ ഇളകിമറിഞ്ഞപ്പോൾ ഭയന്നു നിലവിളിച്ച അപ്പൊസ്തൊലന്മാർ ക്രമേണ വിശ്വാസത്തിൽ അടിക്കടി ബലപ്പെട്ടു. ഒടുവിൽ അവന്റെ അസാന്നിധ്യത്തിലും അവന്റെ കാൽച്ചുവടുകൾ തെളിഞ്ഞുകാണാത്ത സ്ഥാനത്തും അവനെ വിശ്വസിക്കാൻ അവർ ശക്തരായി. കർത്താവിൽ വിശ്വാസം അർപ്പിക്കയും നമ്മുടെ ഗതകാല ജീവിതാനുഭവങ്ങളെയും അവന്റെ വചനത്തിൽനിന്നുള്ള ഈ പാഠങ്ങളെയും പറ്റി ചിന്തിക്കയും ചെയ്യുന്നതു നമ്മുടെ പ്രതിദിന പാഠങ്ങളുടെ ഒരു ഭാഗമാകണം. അങ്ങനെ അവനിലുള്ള നമ്മുടെ വിശ്വാസം ദൃഢമൂലവും അടിസ്ഥാനമുള്ളതുമാകും - Z'04, 89 (R 3337)

* * * * * *

ദൈവത്തെയും ക്രിസ്തുവിനെയും സംബന്ധിച്ച്, അവരുടെ ആളത്വം, സ്വഭാവം, വാക്കുകൾ, പ്രവൃത്തികൾ ഇവയുടെ പേരിൽ മനസ്സിനു മതിപ്പും ഹൃദയത്തിന് ആശ്രയവും ഇല്ലാതെ വരുന്നതാണ് അവിശ്വാസം. വിശ്വാസി ആയിരിക്കുക എന്നാൽ ഇവയിൽ മനസ്സിനു മതിപ്പും ഹൃദയത്തിന് ആശ്രയവും ഉായിരിക്കുക എന്നാണ്. അവരുടെ വിശ്വാസയോഗ്യതയെ സംശയിക്കുകവഴി ദൈവപൈതൽ അവരെ അപമാനിച്ചുകൂടാ. അവിശ്വാസത്തിന്റെ പ്രവൃത്തി ദൈവത്തോടും ക്രിസ്തുവിനോടും അവർ ആശ്രയയോഗ്യരല്ലെന്നു വിളിച്ചോതുന്നു. മറിച്ച് അവരുടെ ആളത്വം, സ്വഭാവം, വാക്കുകൾ, പ്രവൃത്തികൾ ഇവ സംബന്ധിച്ച് അവർ ആശ്രയയോഗ്യരെന്ന നിലയിൽ നാം അവരിൽ നിരുപാധികം ശരണമർപ്പിക്കുന്നു എന്നു പ്രവൃത്തികൾവഴി തെളിയിക്കുന്നതിൽ നാം ശ്രദ്ധാലുക്കളായിരിക്കണം. അങ്ങനെ നാം അവരുടെ പ്രസാദപാത്രങ്ങളാകണം - P'36, 165, 166

* * * * * *

**സമാന്തരവേദഭാഗങ്ങൾ : പുറ.4:1; സംഖ്യ.20:12; സങ്കീ. 78:19,21,22,32; 95:8-11; 106:7,24; യെശ.7:9;53:1-3; മത്താ.17:17,19,20; മർക്കൊ.6:2-6;9:24; 16:14,16; ലൂക്കൊ.8:12,18;24:11,21,25,26; യോഹ.16:8-11; റോമ.3:3;10:6,7,14**

ചോദ്യങ്ങൾ :- ഈ വേദവാക്യത്തോടനുബന്ധിച്ച് ഈ ആഴ്ചയിലെ അനുഭവങ്ങൾ ഏവയായിരുന്നു? അവയെ എങ്ങനെ അഭിമുഖീകരിച്ചു? അവ എന്തു ഫലങ്ങൾ ഉളവാക്കി?

# നവംബർ 13

***നിങ്ങൾക്ക് ആവശ്യമുള്ളത് ഇന്നതെന്നു നിങ്ങളുടെ പിതാവ് അറിയുന്നു - മത്താ. 6 : 8***

അതുകൊ്, നമ്മുടെ യാചനകളും അപേക്ഷകളും കർത്താവിനോടുള്ള നിലവിളികളും ഹൃദയത്തിന്റെ ശുദ്ധീകരണത്തിനുവേി, ആത്മനിറവിനുവേി, ആത്മീയാഹാരത്തിനുവേി, നവചൈതന്യത്തിനും ശക്തിക്കുംവേിയായിരിക്കണം. പ്രകൃതിസാധാരണമായ നമ്മുടെ ആവശ്യങ്ങളെ സംബന്ധിച്ചെന്നപോലെ നാം സ്വീകരിക്കേ വഴികൾ ഏവയെന്നും ക്രിസ്ത്യാനികൾ എന്ന നിലയ്ക്കു നമ്മുടെ ആത്യന്തിക നന്മയ്ക്ക് ഉതകുന്നതെന്തെന്നും അവൻ അറിയുന്നു. ഇതു നാം അവനു വിട്ടുകൊടുക്കുക. അവൻ നമുക്ക് അനുവദിച്ചുതരാത്ത കാര്യങ്ങൾക്കുവേി നാം ശഠിച്ചുകൊിരിക്കുന്നത് അവനു പ്രസാദകരമല്ല. അത് അവനിലുള്ള വിശ്വാസത്തിന്റെ തെളിവല്ല. മറിച്ച് സംശയത്തിന്റെയും നമുക്ക് ആവശ്യമുള്ളവ അവൻ നൽകുമെന്ന തന്റെ വാഗ്ദാനം ലംഘിക്കയോ വിസ്മരിക്കയോ ചെയ്യുമെന്ന ഭയത്തിന്റെയും തെളിവാണ് - Z'04, 90(R 3337)

* * * * * *

നമുക്കു ഭൗമികവും സ്വർഗ്ഗീയവുമായ ആവശ്യങ്ങൾ ്. എന്നാൽ അവയെ സംബന്ധിച്ച വിശദാംശങ്ങൾ നമുക്കറിഞ്ഞുകൂടാ. ഏതു ക്രമത്തിലും സമയത്തും സ്ഥലത്തും വിധത്തിലും ഈ ആവശ്യങ്ങൾ നൽകപ്പെടുന്നതായിരിക്കും ഉത്തമം എന്ന് നാം അറിയുന്നില്ല. അതുകൊ് അവ നൽകുന്നതിനെപ്പറ്റി കർത്താവിനു ക്ലിപ്തമായ നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിൽ നിന്നു നാം ഒഴിഞ്ഞിരിക്കണം. അവയുടെ വിശദാംശങ്ങളും അവ എപ്പോൾ, എങ്ങനെ, എവിടെ നൽകണമെന്നും ദൈവം അറിയുന്നു എന്നറിയുന്നത് നമുക്കു മതിയാകും. അവ നൽകുവാനുള്ള ദൈവത്തിന്റെ മനസ്സൊരുക്കത്തെ നാം സംശയിക്കേതുമില്ല. എന്തെന്നാൽ നമ്മുടെ പിതാവെന്ന നിലയിൽ ഭൗമികപിതാക്കൾക്കു മക്കളോടുള്ളതിൽ കവിഞ്ഞ അനുകമ്പ അവനു നമ്മോടു്. അതുകൊ് നമുക്കുവേിയുള്ള അവന്റെ കരുതലിൽ തൃപ്തരായും കൃതജ്ഞരായും നമുക്ക് അവനെ കാത്തിരിക്കാം. - P'30, 183

* * * * * *

**സമാന്തരവേദഭാഗങ്ങൾ : സങ്കീ.38:9;69:17-19;139:2; മത്താ.6:32-34; ലൂക്കൊ.11:13; യോഹ.16:23,24; ഫിലി.4:6,19; 1 യോഹ.5:14,15**

ചോദ്യങ്ങൾ :- എന്റെമേലുള്ള ദൈവപരിപാലനയുടെ തെളിവായി ഈ ആഴ്ചയിൽ ഉായ സംഭവങ്ങൾ ഏതെല്ലാം അയിരുന്നു?. ഞാൻ ദൈവത്തിൽ വിശ്വാസമുള്ളവൻ ആയിരുന്നോ? അഥവാ വ്യാകുലചിത്തൻ ആയിരുന്നോ? അതിൽ സഹായകമായും പ്രതിബന്ധമായും വർത്തിച്ചതെന്ത്? ആ അനുഭവങ്ങളിൽനിന്നും ഞാൻ എന്തു പാഠം പഠിച്ചു?

# നവംബർ 14

***നിങ്ങളെത്തന്നെ സൂക്ഷിച്ചുകൊൾവിൻ .......... എന്തെന്നാൽ ആട്ടിൻകൂട്ടത്തെ ആദരിക്കാത്ത കൊടിയ ചെന്നായ്ക്കൾ നിങ്ങളുടെ ഇടയിൽ കടക്കും. ശിഷ്യന്മാരെ തങ്ങളുടെ പിന്നാലെ വലിച്ചുകളവാനായി വിപരീതോപ ദേശം പ്രസ്താവിക്കുന്ന പുരുഷന്മാർ നിങ്ങളുടെ ഇടയിൽ നിന്ന് എഴു ന്നേൽക്കും - അപ്പൊ. 20 : 28-30***

സഭയുടെ അംഗങ്ങൾ ഈ ദുഃസ്വാധീനങ്ങൾക്കു വിധേയരാക്കപ്പെടുക എന്നത് അവരുടെ പരീക്ഷയ്ക്കും അച്ചടക്കത്തിനും അന്തിമ പരിശോധനയ്ക്കും ആവശ്യമാണ്. എന്തെന്നാൽ അവയുടെമേൽ വിജയം വരിക്കുന്നവർക്കാണ് മഹാപ്രതിഫലത്തിന്റെ വാഗ്ദാനം. ദൈവത്തോടുള്ള വിശ്വസ്തത, അവന്റെ വചനത്തിലുള്ള വിശ്വാസം, സത്യത്തിനുവേിയുള്ള എരിവ്, നിന്ദയിലും പീഡ യിലും മരണത്തെപ്പോലും അവഗണിച്ചുകൊുള്ള ക്ഷമാപൂർവ്വമായ സഹിഷ്ണു ത, സഭയെ യഥാകാലം വിടുവിച്ചു മഹത്ത്വപ്പെടുത്തുവാനുള്ള ദൈവത്തിന്റെ ശക്തിയിലും നിർണ്ണയത്തിലുമുള്ള അചഞ്ചലമായ വിശ്വാസം ഇവ സംബന്ധിച്ചു ക്രിസ്തുവിനു നേരിട്ട അതേ പരീക്ഷകളെ അഭിമുഖീകരിച്ച് അവനോടുകൂടെ രാജ്യത്തിൽ പങ്കാളികളാകാൻ നമുക്കുള്ള അർഹത നാം തെളിയിക്കണം. അപ്ര കാരം വിശ്വസ്തത തെളിയിക്കുന്നവർക്കുള്ളതാണ് 91-ാം സങ്കീർത്തനം ഉൾക്കൊള്ളുന്ന സാന്ത്വനം - Z'04, 74 (R 3331)

* * * * * *

ചെന്നായ്ക്കൾ ദൈവത്തിന്റെ ദാസന്മാരല്ല, സാത്താന്റെ ദാസന്മാരാണ്. ദുഷ്ടവും വിനാശകരവുമായ ലക്ഷ്യത്തോടെ ദൈവജനങ്ങളുടെ മദ്ധ്യേ കടന്നുകൂ ടുന്നവരാണവർ. ജീവരക്തമാണ് അവർ തേടുന്നത്. അവന്റെ ആടുകളെ അവർ പിന്തുടരുകയും ഭയപ്പെടുത്തുകയും അവയെ കടിച്ചുകീറുകയും വിഴുങ്ങിക്കള യുകയും ചെയ്യുന്നു. പ്രായമോ ചെറുപ്പമോ അവർക്കു പ്രശ്നമല്ല. സഹോദര ന്മാരുടെ ഇടയിൽനിന്ന് എഴുന്നേറ്റ് ഉപദേഷ്ടാക്കളുടെ സ്ഥാനം കരസ്ഥമാക്കി ക്കൊ് ആ സ്ഥാനം ദുരുപയോഗപ്പെടുത്തി തിരുവെഴുത്തിലെ ഉപദേശങ്ങൾ വ ളച്ചൊടിക്കുന്ന ഇക്കൂട്ടർ ഇരുവിഭാഗമു്. മഹാപുരുഷാരവും രാം മരണത്തിന് യോഗ്യരും; ഇരുവിഭാഗവും സത്യം കോട്ടിക്കളയുന്നവരാണ്. രാമത്തെ വിഭാഗ ത്തിൽപെട്ടവരുടെ പ്രവർത്തനം ഇക്കാര്യത്തിൽ കൂടുതൽ ദോഷകരമാണെന്നു മാത്രം. തങ്ങൾക്ക് അനുയായികൾ ഉാക്കാനാണ് ഇങ്ങനെ ചെയ്യുന്നത്. ദൈവ ത്തിന്റെ തിരഞ്ഞെടുക്കപ്പെട്ട വ്രതന്മാർ ഈ വിഭാഗങ്ങളെക്കുറിച്ചു ശ്രദ്ധാലുക്കളാ യിരിക്കും. സത്യം പഠിക്കയും അഭ്യസിക്കയും പ്രചരിപ്പിക്കയും ചെയ്യുകയാണ് ഇതിനുള്ള വഴി - P'35, 171

* * * * * *

**സമാന്തരവേദഭാഗങ്ങൾ : യിരെ.23:1; യെഹെ.34:1-10; യോഹ.10:12; മത്താ.7:15; എബ്രാ.6:4-6;10:26-29; 2പത്രൊ.2:1-22; യൂദാ.3-19;2തിമൊ.1:15; 3:1-9; 1തിമൊ.1:19,20**

ചോദ്യങ്ങൾ :- ഈ വേദവാക്യത്തിനനുസൃതമായി ഈ ആഴ്ചയിലെ അനുഭവ ങ്ങൾ എന്തെല്ലാമായിരുന്നു? അവ ഏതേതു പരിതസ്ഥിതികളിൽ നേരിട്ടു? അവയെ എങ്ങനെ അഭിമുഖീകരിച്ചു? അവ എന്തു ഫലമുളവാക്കി?

# നവംബർ 15

***അവനിൽ വസിക്കുന്നു എന്നു പറയുന്നവൻ അവൻ നടന്നതു പോലെ നടക്കേതാകുന്നു - 1 യോഹ. 2 : 6***

നന്മയായ ഏതിനോടുമുള്ള പൊതുവായ സമീപനത്തിലും ബന്ധത്തിലും നമ്മുടെ കർത്താവു നടന്ന പ്രകാരമാകണം നമ്മുടെ നടപ്പ്. തിന്മയെ ഒഴിഞ്ഞുപോകുന്നതിലും ഇതു തന്നെയാകണം നമ്മുടെ പ്രമാണം. ആവോളം ക്രിസ്തുവിന്റെ കാൽച്ചുവടുകളിൽ ആയിരിക്കണം നമ്മുടെ നടപ്പ്. ഇതിന്റെ അർത്ഥം നമ്മുടെ അപൂർണ്ണ ജഡത്തിൽ നടപ്പു സംബന്ധിച്ചു കർത്താവിന്റെ സർവ്വസമ്പൂർണ്ണതയുടെ പടിയിൽ എത്താൻ നമുക്കു കഴിയുമെന്നോ കഴിയണമെന്നോ അല്ല. കർത്താവു ജഡം സംബന്ധിച്ചുപോലും പൂർണ്ണനായിരുന്നല്ലോ. ഇവിടെ അർത്ഥത്തിന് അതിവ്യാപ്തി കല്പിക്കേതില്ല. അവൻ നടന്നതുപോലെ, അതേ വഴിയിൽ, അതേ ദിശയിൽ, അവൻ അംഗീകരിക്കയും സ്ഥാപിക്കയും ചെയ്ത അതേ ലാക്കിലേക്കും അളവിലേക്കും നടക്കണമെന്നേ വിവക്ഷയുള്ളൂ - Z'03, 345 (R 3235)

*   *   *   *   *   *

ക്രിസ്തുവിൽ വസിക്കുക എന്നതിന്റെ അർത്ഥം സമർപ്പണവും ആത്മീയനറിവു പ്രാപിക്കലും മാത്രമല്ല, സമർപ്പിത മനോഭാവത്തിൽ നിലനിൽക്കുക എന്നു കൂടിയാണ്. അതായത് സ്വയത്തിനും ലോകത്തിനും മരിച്ച് ദൈവത്തിനായി ജീവിക്കുക  എന്നുതന്നെ. യേശു തന്റെ സമർപ്പണനേർച്ചകൾ പാലിച്ചു. അവൻ സ്വയത്തിനും ലോകത്തിനും മരിക്കയും ദൈവത്തിനായി ജീവിക്കയും ചെയ്തു. അതുകൊ് അവൻ വചനം അദ്ധ്യയനം ചെയ്തു. വചനത്തിലെ വിധികൾക്കനുസരണമായി അവൻ പ്രാർത്ഥിക്കുകയും ജാഗരിക്കുകയും ചെയ്തു. വചനം പ്രചരിപ്പിക്കുകയും അഭ്യസിക്കുകയും ചെയ്തു. വചനത്തോടുള്ള വിശ്വസ്തതയുടെ പേരിൽ പീഡിപ്പിക്കപ്പെട്ടു. ക്രിസ്തുവിൽ വസിക്കുന്നവൻ ഇപ്രകാരം നടക്കണമെന്നു മാത്രമല്ല, ആത്മാവുകൊു അതു നിശ്ചയമായും പൂർണ്ണമായിരിക്കയും ജഡംകൊു വീഴ്ചഭവിച്ച ഈ മൺപാത്രത്തിന് ആകാവുന്നതിന്റെ പരമാവധി പൂർണ്ണമായിരിക്കയും വേണം. ക്രിസ്തുവിനു തുല്യമായ നടപ്പു നിശ്ചയമായും അനുഗൃഹീതമായ ഒന്നുതന്നെ. അങ്ങനെ ചെയ്യുന്നവന് എല്ലാ സിദ്ധികളും കൈവരുന്നു - P'34, 159

*   *   *   *   *   *

**സമാന്തരവേദഭാഗങ്ങൾ : യോഹ.15:1-9;13:15,34; ഫിലി.2:5-8; 1പത്രൊ.2:21-24; മത്താ.11:29;20:28; മർക്കൊ.10:43-45; ലൂക്കൊ.22:26,27; റോമ.8:29;15:2,3,5,7; എഫെ.5:2; 1കൊരി.3:13; എബ്രാ.12:2-4; 1യോഹ.3:16; 4:17; 2യോഹ.9; വെളി.3:21;14:4**

ചോദ്യങ്ങൾ :- ഈ ആഴ്ച ഞാൻ യേശുവിനെ അനുകരിച്ചോ? ഏതു പരിതസ്ഥിതികളിൽ? അതിൽ സഹായകമോ പ്രതിബന്ധമോ ആയി വർത്തിച്ചതെന്ത്? ഫലങ്ങൾ ഏവയായിരുന്നു?

# നവംബർ 16

## *അവൾ തന്നാൽ ആവതു ചെയ്തു - മർക്കൊ. 14 : 8*

നമ്മുടെ പ്രിയപ്പെട്ട വീടെുപ്പുകാരനെ നേരിട്ടു ശുശ്രൂഷിക്കാനുള്ള ഭാഗ്യം നമുക്കില്ല. എന്നാൽ സ്നേഹത്തിന്റെയും അനുകമ്പയുടെയും സന്തോഷത്തിന്റെയും സമാധാനത്തിന്റെയും സുഗന്ധതൈലം കൊു കർത്താവിന്റെ "സഹോദരന്മാരെ" അഭിഷേകം ചെയ്യാനുള്ള സുവർണ്ണാവസരം നമുക്കു്. നമ്മുടെ സ്വാർത്ഥപരിത്യാഗത്തിന്റെ അളവാണ് തൈലത്തിന്റെ മൂല്യം നിർണ്ണയിക്കുന്നത്. നമ്മുടെ ജ്യേഷ്ഠസഹോദരന്റെ ദൃഷ്ടിയിൽ അത് ഏറെ വിലപ്പെട്ടതാണ്. അവന്റെ സഹോദരന്മാർക്കു ചെയ്യുന്നതോ ചെയ്യാതിരിക്കുന്നതോ എല്ലാം അവനു ചെയ്യുന്നതോ ചെയ്യാതിരിക്കുന്നതോ ആയിട്ടാണല്ലോ അവൻ എണ്ണുന്നത്. എല്ലാവരുടെയും വിശേഷാൽ നമ്മുടെ കർത്താവിന്റെയും അവന്റെ ശിഷ്യഗണത്തിന്റെയും നേർക്കു നമുക്കുള്ള കാരുണ്യത്തിന്റെയും അഭ്യുദയകാംക്ഷയുടെയും വിലപ്പെട്ട സുഗന്ധതൈലംകൊ് നമ്മുടെ ഹൃദയങ്ങളാകുന്ന വെൺകൽഭരണികൾ നിറഞ്ഞിരിക്കട്ടെ. സ്നേഹാദരങ്ങളാകുന്ന തൈലത്തിന്റെ സൗരഭ്യം ഇന്നു നമുക്കു പകരാൻ കഴിയുന്നത് അവന്റെ ശിഷ്യവൃന്ദത്തിന്മേലാണ്. എന്തെന്നാൽ നാം അവനുള്ളവരാണ് - Z'99, 78; '00, 378 (R 2447, 2743)

* * * * * *

മറിയയുടെ മനുഷ്യസാധാരണമായ ബലഹീനതകളെപ്പറ്റി അജ്ഞനായിരുന്നതുകൊല്ല അവൾ ചെയ്ത സത്പ്രവൃത്തിയെ അവൻ അഭിനന്ദിച്ചത്. അപ്രകാരമുള്ള അറിവുായിരിക്കെത്തന്നെ അവളുടെ പ്രാപ്തിയെയും ലാക്കിനെയും കണക്കിലെടുക്കത്തക്ക സ്വഭാവമഹിമ അവനുായിരുന്നു. തനിക്കുള്ളതിൽ അത്യുത്തമമായത് അവനുവേി കരുതുന്നതിനും അത് കഴിവിന്റെ പരമാവധി വിനിയോഗിക്കുന്നതിനും ഉള്ള അവളുടെ സന്നദ്ധതയാണ് ഈ അഭിനന്ദനത്തിനു പ്രേരകമായത്. അതുകൊ് അവൾക്കൊരു സ്മാരകമെന്ന നിലയിൽ അവൻ അവളെ സന്തോഷപൂർവ്വം പുകഴ്ത്തി. മറ്റുള്ളവരുടെ സ്നേഹപൂർവ്വമായ സത്പ്രവൃത്തികളെ ആദരിക്കയും നന്മചെയ്യാൻ നാം പ്രേരിതരാകയും ചെയ്യുന്നതിന് ഈ പ്രശംസ നമുക്ക് ഒരു പാഠവും പ്രോത്സാഹനവും ആകണമെന്ന് നിശ്ചയമായും അവൻ കരുതിയിരിക്കണം. തികഞ്ഞ ഉദ്ദേശ്യശുദ്ധിയോടെയും കഴിവിന്റെ പരമാവധിയായും അവന്റെ സമർപ്പിതരുടെമേൽ നാം നമ്മുടെ സുഗന്ധതൈലപാത്രങ്ങൾ തുറക്കുമെങ്കിൽ അവൻ നമ്മുടെ പ്രവൃത്തിയെ അഭിനന്ദിക്കുകയും നമ്മളാൽ ആവതു ചെയ്തു എന്നതിന്റെ സ്മാരകമായി അതിനെ പരാമർശിക്കുകയും ചെയ്യും. ഇതിലധികമൊന്നും ദൈവം നമ്മിൽനിന്നു ആവശ്യപ്പെടുന്നില്ല. നമ്മുടെ പ്രവൃത്തി ഇതിൽ കുറഞ്ഞതായിരിക്കയുമരുത് - P'33, 162

* * * * * *

**സമാന്തരവേദഭാഗങ്ങൾ : യെഹെ.9:11; മത്താ.25:14-17; ലൂക്കൊ.21:1-4; റോമ.12:3-8; എഫെ.4:7;6:8; 1തിമൊ.6:20; 1കൊരി.3:8,12-15; 16:2; 2കൊരി.8:11-24; വെളി.2:23**

ചോദ്യങ്ങൾ :- കർത്താവിനുവേി ഈ ആഴ്ച ഞാൻ എന്തു ചെയ്തു? എങ്ങനെ? എന്തുകൊ്? ഫലങ്ങൾ ഏവ?

# നവംബർ 17

***നിന്റെ എല്ലാ വഴികളിലും നിന്നെ കാക്കേതിന് നിന്നെക്കുറിച്ച് അവൻ തന്റെ ദൂതന്മാരോട് കല്പിക്കും - സങ്കീ. 91 : 11***

ദൈവസന്നിധിയിൽ "കണക്കു ബോധിപ്പിക്കേവരെന്ന നിലയിൽ നിങ്ങളുടെ ആത്മാക്കൾക്കായി ജാഗരിക്കുന്ന" വിശ്വസ്തരായ ചില ഇടയ ന്മാരെയും ഉപദേഷ്ടാക്കളെയും ദൈവം എഴുന്നേൽപ്പിക്കുമെന്നാണ് ഇതിന്റെ അർത്ഥം. ദൈവവചനത്തെ വളച്ചൊടിച്ചുകൊ് കൗശലപൂർവ്വ മായ ന്യായവാദങ്ങൾവഴി നിങ്ങളുടെ ആത്മാക്കളെ വശീകരിക്കാൻ ശ്രമി ക്കുന്ന ദുരുപദേഷ്ടാക്കൾ എഴുന്നേൽക്കുമെന്നതും സത്യമാണ്. എന്നാൽ ദൈവത്തിന്റെ പൈതങ്ങൾ ഋജുബുദ്ധികളായി വിശ്വാസപരമായ ഏതു വിഷയത്തിനും "കർത്താവ് ഇപ്രകാരം അരുളിച്ചെയ്യുന്നു" എന്ന അടി സ്ഥാനം നിർബന്ധമാക്കുകയും തിരുവെഴുത്തുകൾകൊു സകലവും ശോധനചെയ്യുന്ന പക്ഷം അസത്യത്തിൽനിന്നു സത്യത്തെ വേർതിരിച്ച റിയാൻ അവർ ശക്തരാകും. അപ്രകാരം ചെയ്തിട്ട് ഉറപ്പുള്ളവരും കുലുങ്ങാത്തവരുമായിരിപ്പാൻ പൗലോസ് അപ്പൊസ്തൊലൻ ഉദ്ബോധി പ്പിക്കുന്നു (എബ്രാ. 13:17). നമ്മുടെ ഇടയനും കർത്താവുമായവൻ യഥാർത്ഥ ആടുകൾക്കുവേി കരുതിക്കൊള്ളും - Z'04, 75 (R 3331)

* * * * * *

ദൈവത്തിന്റെ ദൂതന്മാർ അഥവാ സന്ദേശവാഹകന്മാർ സചേതനങ്ങളും അചേതനങ്ങളുമായി ബഹുരൂപമാണ്. ഇവയിൽ സചേതന വിഭാഗത്തിൽ മാനു ഷികദൂതന്മാരും ആത്മീയദൂതന്മാരും ഉൾപ്പെടുന്നു. ചേതനാചേതനഭേദം കൂടാതെ എല്ലാ ദൂതന്മാരും തന്റെ വിശുദ്ധന്മാരുടെ സംരക്ഷണയ്ക്കായി നിയോഗിക്കപ്പെടുന്നു എന്നുപറയാം. അവന്റെ സചേതന വിഭാഗത്തിൽപ്പെടുന്ന ദൂതന്മാരെ സംബന്ധിച്ച് ഇതു വിശേഷിച്ചും ശരിയാണ്. ആത്മാവിനോടും വചനത്തോടും ബന്ധപ്പെട്ടതൊഴികെയുള്ള വഴികളിൽ ദൈവജനത്തിന്റെ സുര ക്ഷിതത്വം സംബന്ധിച്ച മേൽനോട്ടം ദൈവത്തിന്റെ ആത്മീയദൂതന്മാർക്കായി രിക്കെ സത്യത്തിന്റെയും ആത്മാവിന്റെയും വഴികളിൽ ആത്മാവിനാലും വചന ത്താലും അവർക്കു മാർഗ്ഗദർശനം നൽകുക എന്ന വിശേഷ ശുശ്രൂഷ അവന്റെ മാനുഷിക ദൂതന്മാരെയാണ് ഭരമേൽപ്പിച്ചിരിക്കുന്നത്. പ്രാപ്തിക്കൊത്ത് പര സ്പരം ശുശ്രൂഷിക്കാനുള്ള കടപ്പാട് എല്ലാവർക്കും ഉായിരിക്കെത്തന്നെ ഇതു സഭയിലെ ഉപദേഷ്ടാക്കളുടെ പ്രത്യേക ചുമതലകൂടിയാണ് - P'32, 167

* * * * * *

**സമാന്തരവേദഭാഗങ്ങൾ : ഉല്പ.19:16;32:1,2; 1രാജാ.19:5; 2രാജാ.6:17; സങ്കീ.34:7;68:17;66:9;103:20,21; ദാനി.3:28;6:22; മത്താ.4:11;18:10; ലൂക്കൊ.1:19; 2:9-14;22:43; അപ്പൊ.12:7;27:23; എബ്രാ.1:14**

ചോദ്യങ്ങൾ :- ദൈവത്തിന്റെ പരിപാലനത്തെ സ്പഷ്ടമാക്കുന്ന ഏതെല്ലാം അനുഭവങ്ങൾ ആണ് ഈ ആഴ്ചയിൽ നേരിട്ടത്? അവ എന്നെ എങ്ങനെ സ്വാധീനിച്ചു?

# നവംബർ 18

***യഹോവയുടെ ദൂതൻ അവന്റെ ഭക്തന്മാരുടെ ചുറ്റും പാളയമിറങ്ങി അവരെ വിടുവിക്കുന്നു - സങ്കീ. 34 : 7***

ഒരു ക്രിസ്ത്യാനിയെ സംബന്ധിച്ചിടത്തോളം ലൗകികശക്തികൾ അവന് എതിരായി വരികയും ശത്രുക്കളെ ചെറുത്തുനിൽക്കാൻ സ്വന്തനിലയിൽ അവൻ അശക്തനാകയും ചെയ്യാം. മാംസരക്തങ്ങളാകുന്ന ശത്രുക്കൾക്കുപുറമെ ഉന്നതങ്ങളിലെ ദുഷ്ടശക്തിയോട് അന്ധകാരപ്രഭുവായ പിശാചിനോടും അവന്റെ സേവകവൃന്ദത്തോടും അവനു പടവെട്ടേതായും വരാം. എന്നാലും നമ്മുടെ എതിർപക്ഷത്തുള്ളവരേക്കാൾ നമ്മുടെ പക്ഷത്തുള്ളവൻ വലിയവനാകുന്നു എന്നും സ്വർഗ്ഗീയസേനയാകെ ദിവ്യനിയോഗത്തിനു വിധേയരാണെന്നും ദിവ്യജ്ഞാനത്തിനനുസരണമായി ദിവ്യദൗത്യത്തിന്റെ നിർവഹണത്തിനായി നിയോഗിക്കപ്പെടുമെന്നും ഉള്ള എതിർവശം അറിയുന്നതോടെ ദൈവപൈതലിന്റെ ഉറപ്പ് ദൃഢീഭവിക്കുന്നു! - Z'97, 120 (R 2139)

*　*　*　*　*　*

യേശുക്രിസ്തു യഹോവയുടെ പ്രത്യേക ദൂതനാണ്. ഇവിടെ പറയുന്ന ദൂതൻ അവൻ തന്നെ. യഹോവയെ ഭയപ്പെടുന്നത് അവന്റെ വിശുദ്ധന്മാരാണ്. ആ ഭയം ആദരസൂചകമാണ്. സാത്താൻ അവരെയാണ് പ്രത്യേകിച്ചു ലക്ഷ്യമാക്കുന്നത്. ജഡവും ലോകവും വഴി അവരെ പാപത്തിലേക്കും അസത്യത്തിലേക്കും സ്വാർത്ഥത്തിലേക്കും പ്രാപഞ്ചികത്വത്തിലേക്കും വ്യാമോഹിപ്പിക്കുവാൻ അവൻ ശ്രമിക്കുന്നു. യേശുക്രിസ്തു തന്റെ ശക്തിയും വചനവും കരുതൽ നടപടികളും കൊ‌ു ശത്രുവിനെ ചെറുക്കുമാറ് അവർക്കുചുറ്റും സ്വയം ഒരു പാളയം അഥവാ സായുധപ്രതിരോധമാകുന്നില്ലെങ്കിൽ, അവന്റെ തന്ത്രങ്ങൾക്കുമുമ്പിൽ അവർ നിസ്സഹായരാകും. അങ്ങനെ അവൻ അവരെ വിടുവിക്കുന്നു. ഈ വിടുതലിന് അവന്റെ സംരക്ഷണം അവർക്കുാകണം. സാത്താന്റെ കടന്നാക്രമണങ്ങൾക്കെതിരെ അവർ അവനോടു സഹകരിക്കയും വേണം. ഇങ്ങനെ ദൈവത്തിനുവേിയുള്ള വിശുദ്ധയുദ്ധത്തിൽ അവർ യേശുവിനോടുകൂടി അടിക്കടി വിജയങ്ങൾ പങ്കുവയ്ക്കുന്നു - P'26, 157

*　*　*　*　*　*

**സമാന്തരവേദഭാഗങ്ങൾ : ഉല്പ.19:16;32:1,2; 1രാജാ.19:5; 2രാജാ.6:17; സങ്കീ.34:7; 68:17; 66:9; 91:11,12; 103:20,21; ദാനി.3:28; 6:22; മത്താ.4:11; 18:10,11; ലൂക്കൊ.1:19; 2:9-14;22:43; അപ്പൊ.12:7;27:23; എബ്രാ.1:14**

ചോദ്യങ്ങൾ :- ഏതെല്ലാം വിടുതലുകൾ ആണ് ഈ ആഴ്ച എനിക്ക് അനുഭവപ്പെട്ടത്? അതിനു ഞാൻ ഏതെല്ലാം വ്യവസ്ഥകൾ പാലിച്ചു? അതുനിമിത്തം എനിക്ക് എന്തു നേട്ടമുായി?

# നവംബർ 19

***നമുക്കു ജാഗരിച്ചും സുബോധമായുമിരിക്കാം - 1 തെസ്സ. 5 : 6***

ദൈവത്തിനു പ്രസാദകരമായ ശുശ്രൂഷ എന്താണെന്നതു സംബന്ധിച്ച് കർത്താവ് നൽകിയിരിക്കുന്ന നിർദ്ദേശങ്ങൾ ശ്രദ്ധാപൂർവ്വം പ്രവൃത്തിപഥത്തിലാക്കുന്നതാണ് നമ്മുടെ ജാഗരണം. നമ്മുടെ മഹാപുരോഹിതന്റെ കാൽച്ചുവടുകളിൽ നടപ്പാൻ ആവോളം പരിശ്രമിച്ചുകൊ് നമുക്കു നമ്മെക്കുറിച്ചുതന്നെ ജാഗരിക്കാം. ഘനശാലികളായിരിക്കുക എന്ന അർത്ഥത്തിൽ നമുക്കു സുബോധത്തോടെ വസിക്കാം. സ്വർഗ്ഗസ്ഥപിതാവിന്റെ സ്വഭാവവും നിർണ്ണയവും സംബന്ധിച്ചുള്ള മിഥ്യാബോധം പുലർത്തുന്നവരിൽ സർവ്വസാധാരണമായിരിക്കുന്ന ചിന്താകുലങ്ങളിൽനിന്നു സ്വതന്ത്രരായി കർത്താവിൽ നാം സന്തുഷ്ടരും സൗഭാഗ്യവാന്മാരുമായിരിക്കെത്തന്നെ കർത്തൃശുശ്രൂഷയോടനുബന്ധിച്ച് ലഭിക്കുന്ന അവസരങ്ങളെ വിലമതിക്കുന്നതിലൂടെ സുബോധത്തിന്റെ ആത്മാവിനെ പ്രകടിപ്പിക്കണം. അതായത് പിന്നീടു ദുഃഖിക്കാൻ വകയാകുമാറ് നാം നിർവിചാരികളും ഉദാസീനരുമായി അവസരങ്ങളും അവകാശങ്ങളും കൈവിട്ടു പോകാൻ ഇടയാകരുത് - Z'02, 239 (R 3054)

* * * * * *

ജാഗരിക്കുക എന്നത് ദ്വാരപാലകത്വത്തെ കാണിക്കുന്നു. നാം സായുധരാകണം, ഉണർന്നിരിക്കണം. നമ്മുടെ വിചാരങ്ങൾ, ഉദ്ദേശ്യങ്ങൾ, വാക്കുകൾ, പ്രവൃത്തികൾ, ചുറ്റുപാടുകൾ, നമ്മുടെ മേലും നമ്മിൽനിന്നുമുള്ള സ്വാധീനങ്ങൾ ഇവ നാം വിലയിരുത്തണം. നമ്മുടെ മനസ്സാകുന്ന പാളയത്തിലേക്കുള്ള ഏതൊന്നിന്റെയും ഗമനാഗമനങ്ങളെ നാം നിരീക്ഷിക്കണം. മിത്രങ്ങളെന്ന അവയുടെ അവകാശവാദത്തെ അന്ധമായി വിശ്വസിക്കരുത്. അങ്ങനെയുള്ള അവകാശവാദത്തിന്റെ തെളിവ് ആവശ്യപ്പെടണം. തെളിവിന്റെ അടിസ്ഥാനത്തിൽ മാത്രം പോക്കുവരവുകൾ അനുവദിക്കുക, ജോലിയിൽനിന്നു വിടുതൽ നൽകും വരെ കാവൽ നിൽക്കുക എന്നീ അർത്ഥങ്ങൾ ഈ സാദൃശ്യത്തിൽ അന്തർഭവിച്ചിട്ടു്. സുബോധമായിരിക്കുക എന്നതുകൊു സമചിത്തതയെയും വിവേകപൂർവ്വമായ തീരുമാനങ്ങളെയും കുറിക്കുന്നു. പോരാട്ടത്തിലെ പങ്കാളികളുടെ കഴിവുകളെ ഏറിയോ കുറഞ്ഞോ കാണാതിരിക്കുക, നമ്മുടെയും എതിരാളികളുടെയും ദൗർബല്യങ്ങൾ, ആവശ്യങ്ങൾ, ലക്ഷ്യങ്ങൾ, നേട്ടങ്ങൾ, നമ്മുടെ നായകന്റെ ശക്തികൾ, ലക്ഷ്യങ്ങൾ, സഹായങ്ങൾ ഇവ തിരിച്ചറിയുക, നമ്മുടെ പോരിന്റെ ബുദ്ധിമുട്ടുകൾ, കാലദൈർഘ്യം, ലക്ഷ്യം ഇവ തിരിച്ചറിയുക, അവിശ്വസ്തന്മാർക്കു തോൽവിയും വിശ്വസ്തന്മാർക്ക് വിജയവും സുനിശ്ചിതമെന്നറിയുക. ഇവയെല്ലാം ഇതിൽ അന്തർഭവിച്ചിരിക്കുന്നു - P'36, 166

* * * * * *

**സമാന്തരവേദഭാഗങ്ങൾ : പുറ.23:13;34:12; ആവ.4:9,23; യോശു.22:5; 1രാജാ.8:25; സങ്കീ.39:1;141:3; സദൃ.4:23; മലാ.2:15; മത്താ.16:6;24:4;26:40,41; ലൂക്കൊ.11:35; അപ്പൊ.20:28-31; 1കൊരി.10:12;16:13; എഫെ.5:15;6:18; 1തിമൊ.4:16; എബ്രാ.2:1;3:12; 1പത്രൊ.1:13;4:7;5:8**

ചോദ്യങ്ങൾ :- ഈ കുറിവാക്യം ഈ ആഴ്ച ഞാൻ പ്രവൃത്തിപഥത്തിലാക്കിയോ? എങ്ങനെ? എന്തുകൊ്? അതിന്റെ ഫലമെന്തായിരുന്നു?

# നവംബർ 20

***ഇവ ചെയ്താൽ നിങ്ങൾ ഒരുനാളും ഇടറുകയില്ല - 2 പത്രൊ. 1:11***

നമ്മുടെ ലംഘനങ്ങളെ മറച്ചുകൊള്ളുന്നതിനും അനുദിനമുള്ള നമ്മുടെ പോരായ്മകളെ നികത്തുന്നതിനും ക്രിസ്തുവിൻനീതിയെ ആശ്രയിക്കാതെ ഇവയെല്ലാം നാം പൂർണ്ണമായി അനുഷ്ഠിക്കുക എന്നതല്ല ഇടറാതിരിക്കുന്നതിനുള്ള വ്യവസ്ഥ. പിന്നെയോ നമുക്കു കണക്കിടപ്പെട്ട ക്രിസ്തുവിൻനീതിയിലുള്ള വിശ്വാസത്തോടു കൂട്ടിച്ചേർത്ത്, നമ്മുടെ കഴിവിനൊത്ത് ഈ സുകൃതങ്ങളെല്ലാം നാം ശീലിച്ചുകൊാൽ നമുക്കു വീഴ്ച ഭവിക്കയില്ല എന്നാണർത്ഥം. സ്വന്തം നീതിയിൽ ആശ്രയിക്കാൻ ധൈര്യപ്പെടാതെ, വിശ്വാസത്താൽ നമുക്ക് അവകാശമായിത്തീർന്ന ക്രിസ്തുവിന്റെ നീതിയിൻനിലയങ്കി ധരിച്ചുകൊ് ആവുന്നതെല്ലാം ചെയ്തശേഷവും നാം പ്രയോജനമില്ലാത്ത ദാസന്മാർ തന്നെ. അതേസമയം "സൂക്ഷ്മതയോടെ" ഭയത്തോടും വിറയലോടും കൂടി നമ്മുടെ രക്ഷയ്ക്കായി പ്രവർത്തിക്കയും വേണം. ദൈവത്തെ കാണുവാൻ ഏതു മനുഷ്യനും അനുപേക്ഷണീയമായ വിശുദ്ധി പാലിക്കാനും പാപത്തെ ഉപേക്ഷിക്കാനും ആഗ്രഹിക്കുന്നവർക്കു മാത്രമേ ക്രിസ്തുവിൻനീതി കണക്കിടപ്പെടുകയുള്ളു എന്നറിഞ്ഞു കൊള്ളണം - Z'97, 148 (R 2154)

* * * * * *

ഇവ ചെയ്യുക എന്നതിൽ മൂന്നു വ്യത്യസ്ത പ്രവർത്തനങ്ങൾ അടങ്ങിയിരിക്കുന്നു. ഒന്നാമത്, മുകളിൽ പറയുന്ന ഗുണവിശേഷങ്ങൾ ഒന്നിനോടൊന്നു കൂട്ടിക്കൊള്ളുക അഥവാ വളർത്തിയെടുക്കുക എന്നത്. രാമത്, ഇവ നിങ്ങളിൽ ഉായിരിക്കുക എന്നത്. അതായത്, ഈ ഗുണവിശേഷങ്ങൾ പരിപുഷ്ടമായ ശേഷം അവ അനുഷ്ഠിക്കുക. മൂന്നാമത്, ഇവ സിദ്ധിക്കുക എന്നത്. അതായത്, ഈ ഗുണങ്ങൾ അന്യോന്യം യുക്തമായി ഇണങ്ങിച്ചേർന്ന് മറ്റെല്ലാ ഗുണങ്ങളെയും അഭിരുചികളെയും വിചാരങ്ങളെയും വാക്കുകളെയും പ്രവൃത്തികളെയും നിയന്ത്രിക്കുക എന്നുതന്നെ. ഈ മൂന്നു പ്രവർത്തനങ്ങൾ വിശ്വസ്തതയോടെ നിർവ്വഹിക്കുമ്പോൾ ക്രിസ്തുതുല്യമായ സ്വഭാവപൂർണ്ണത കൈവരുന്നു. ഈ വിധമായ സ്വഭാവ സംസ്കാരവികാസ ക്രിയയിലൂടെ ദൈവത്തിന്റെ പ്രത്യേക കൃപയിൽനിന്നു വീഴ്ചഭവിക്കാതിരിക്കാനും ക്രിസ്തുയേശുവിലൂടെ അന്തിമമായ പൂർണ്ണവിജയം വരിക്കാനും നമുക്കിടവരുന്നു. സ്വഭാവപരിപോഷണം സംബന്ധിച്ചുള്ള എല്ലാ നിർദ്ദേശങ്ങളിലും വച്ച് പരമപ്രധാനമായ ഈ നിർദ്ദേശം നമുക്ക് അങ്ങേയറ്റം വിശ്വസ്തതയോടെ പാലിക്കാം - P'30, 183

* * * * * *

**സമാന്തരവേദഭാഗങ്ങൾ : പുറ.19:5; 2പത്രൊ.3:18; യൂദാ.24; മലാ.3:2; മത്താ.10:22; മർക്കൊ.13:13; 1കൊരി.15:2,58; ഗലാ.6:9; 2തിമൊ.2:11; വെളി.2:10;16:15; യാക്കോ.1:22-25; സങ്കീ.24:3,4**

ചോദ്യങ്ങൾ :- "ഇവയെ" ചെയ്യാൻ ഈ ആഴ്ച ഞാൻ സന്നദ്ധനായോ? എന്തുകൊ്? എങ്ങനെ? ഫലങ്ങൾ എന്തായിരുന്നു?

# നവംബർ 21

***എന്റെ സഹോദരന്മാരേ, നിങ്ങൾ വിവിധ പരീക്ഷകളിൽ അകപ്പെടുമ്പോൾ അത് അശേഷം സന്തോഷം എന്ന് എണ്ണുവിൻ -യാക്കോ.1 : 2***

പരീക്ഷകളെല്ലാം അവസാനിച്ചിട്ടു ജേതാക്കളുടെ നിരയിൽ നാം അംഗീകരിക്കപ്പെട്ടിരുന്നെങ്കിൽ എന്നു നിശ്ചയമായും നാമെല്ലാം കൂടെക്കൂടെ ആഗ്രഹിച്ചുപോകുന്നു. എന്നാൽ സഹിഷ്ണുതയ്ക്കും വിശ്വാസത്തിനും ആശ്രയബോധത്തിനും നമ്മുടെ ഹൃദയത്തിൽ ഒരു ശുദ്ധീകരണവേല നിർവഹിക്കാനു്, മനസ്സിന് കർത്താവിനോടു വിധേയത്വവും അനുസരണവും ഉാകണം. ആ നല്ല പ്രവൃത്തി തുടരട്ടെ. പരീക്ഷകൾ പ്രയോജനകരമായ ഏതെങ്കിലും പാഠങ്ങൾക്ക് ഉപകരിക്കുമെങ്കിൽ നമുക്കു സന്തോഷിക്കാം. സ്വഭാവം ദൃഢപ്പെടാൻ, സത്യത്തിനും നീതിക്കുംവേി അചഞ്ചലരായി നിലകൊള്ളാൻ, സ്വന്തം ദൗർബ്ബല്യങ്ങളെപ്പറ്റി കൂടുതൽ ബോധവാന്മാരാകാൻ, അവയ്ക്കെതിരെ കൂടുതൽ കരുതലോടിരിപ്പാൻ പരീക്ഷകൾ ഉപകരിക്കട്ടെ. ഭാഗികമായ വിജയത്തിനു മാത്രം ഉതകിയിട്ടുള്ള പോരാട്ടങ്ങൾപോലും പ്രയോജനപ്രദമാണ്. സമ്പൂർണ്ണ പരാജയം സംഭവിച്ചിട്ടുള്ള സന്ദർഭങ്ങളിൽപോലും ഫലം സ്വഭാവദൃഢീകരണവും ആ വഴി പൂർവ്വാധികമായ തീക്ഷ്ണതയ്ക്കുളള ദൃഢനിശ്ചയവും കർത്തൃസന്നിധിയിൽ പ്രാർത്ഥനാപൂർവ്വമായ ഹൃദയവിനയവും ആയിരിക്കാം - Z'02, 133(R 3000)

*   *   *   *   *   *

നഷ്ടങ്ങൾ, നൈരാശ്യങ്ങൾ, കാലതാമസം, തടസ്സങ്ങൾ, തൊഴിൽ നിഷേധം, വീഴ്ചകൾ, പോരായ്മകൾ, ദൗർബ്ബല്യങ്ങൾ, അബദ്ധങ്ങൾ, തോൽവികൾ, ശാസനകൾ, പ്രയാസങ്ങൾ, ആവശ്യങ്ങൾ, കുഴപ്പങ്ങൾ, തെറ്റിദ്ധാരണകൾ, അഭിപ്രായസംഘട്ടനങ്ങൾ, ഭിന്നതകൾ, എതിർപ്പുകൾ, രോഗങ്ങൾ, വേദനകൾ, ദുഃഖങ്ങൾ, ആപത്തുകൾ, ഉപദ്രവങ്ങൾ, എന്നിങ്ങനെ ക്രിസ്ത്യാനികൾക്കു നേരിടേിവരുന്ന പരിശോധനകളാണ് ഇവിടെ പറയുന്ന പരീക്ഷകൾ. ഇങ്ങനെയുള്ള പരിശോധനകളുടെ സ്വാഭാവികഫലം നമുക്ക് അലട്ടൽ തോന്നുക എന്നതാണ്. എന്നാൽ ദൈവപ്രീതിയുടെ തെളിവും നമ്മുടെ വളർച്ചയ്ക്കുള്ള അവസരവും എന്ന നിലിയിൽ നാം അവയിൽ സന്തോഷിക്കണം. ആദ്യകാലത്ത് ഇപ്രകാരമുള്ള പരിശോധനകളിൽ സന്തോഷിക്കുക അസാധ്യമാണ്. അവയെ സന്തോഷം എന്നെണ്ണുകയാണ് ഏറ്റവും നന്നായി നമുക്കു ചെയ്യാവുന്നത്. സന്തോഷം യഥാർത്ഥമായിത്തീരുന്നു എന്നല്ല, എണ്ണപ്പെടുന്നു എന്നുമാത്രം. ക്രമേണ ഇങ്ങനെയുള്ള എണ്ണൽ ഒരു ശീലമായിത്തീരും. ആ ശീലം കർത്താവിൽ ആഹ്ളാദിച്ചു പുകഴാൻ പ്രേരകമായ സന്തോഷത്തിനു നിദാനമാകും. ഹല്ലേലുയ്യ! - P'35, 171

*   *   *   *   *   *

**സമാന്തരവേദഭാഗങ്ങൾ : പുറ.34:12; ആവ.13:3; സങ്കീ.119:165; സദൃ.2:10-12;14:27;19:27; യെശ.33:15,16; മത്താ.4:1-11;13:22; റോമ.5:3-5;8:35-39;12:21; 1കൊരി.10:13,14; 2കൊരി.7:4; എഫെ.6:11-17; എബ്രാ.2:18;4:15**

ചോദ്യങ്ങൾ :- ഈ ആഴ്ചയിൽ നേരിട്ട പരീക്ഷകൾ ഏതെല്ലാമായിരുന്നു? അവയെ എങ്ങനെ നേരിട്ടു? അതിൽ സഹായകമായും പ്രതിബന്ധമായും വർത്തിച്ചതെന്ത്? അവ എന്തു ഫലമുളവാക്കി?

# നവംബർ 22

***നിന്റെ ആലയത്തെക്കുറിച്ചുള്ള എരിവ് എന്നെ തിന്നുകളഞ്ഞു - സങ്കീ. 69 : 9***

തണുപ്പന്മാരിലും വരുംവരായ്കകൾ ആലോചിച്ചു കാലം കളയുന്നവരിലും മറ്റു പല സദ്ഗുണങ്ങളും കന്നെുവരാം. കർത്താവു കൃപാലുവെന്ന് ഒരിക്കൽ ആസ്വദിച്ചിട്ടുള്ളവർക്ക് ശീതവാനോ ശീതോഷ്ണവാൻ പോലുമോ ആയിരിക്കാൻ പാടില്ല. അവരിൽ കൊളുത്തപ്പെട്ട ദൈവസ്നേഹം ഒരു തീക്ഷ്ണജ്വാലയായി കത്തിപ്പടരണം. യേശുവിനെ സംബന്ധിച്ച് ഇത് ഇപ്രകാരമായിരുന്നു. പിതാവിന്റെ പ്രസാദത്തിന് ഒരു കാരണം ഇതായിരുന്നു. കർത്താവിന്റെ ദൃഷ്ടിയിൽ പ്രസാദം കത്തൊനാഗ്രഹിക്കുന്നവരെല്ലാം നീതിക്കും സത്യത്തിനുംവേി അപ്രകാരമുള്ള തീക്ഷ്ണതകൊു നിറയട്ടെ. കർത്താവിന്റെ ബലിപീഠത്തിൽ യാഗവസ്തുക്കളായി അവരെ ദഹിപ്പിക്കുവാൻ അതു ശക്തമാകട്ടെ. അങ്ങനെ നമ്മുടെ കർത്താവായ യേശു മുഖേന അവർ അവന് അത്യന്തം അംഗീകാരയോഗ്യരും പ്രിയരുമായിത്തീരും - Z'98, 112 (R 2288)

* * * * * *

എരിവ് എന്നത് ഒരു ദൗത്യം സംബന്ധിച്ചുള്ള തീക്ഷ്ണമായ ഭക്തിയും സജീവമായ പ്രവർത്തനവുമാണ്. ഈ ഗുണം വേവിധം പരിപോഷിപ്പിക്കപ്പെട്ടാൽ ഒരു ദൈവപൈതലിനെ സംബന്ധിച്ചിടത്തോളം അത് അനവധി സദ്ഗുണങ്ങളുടെ ഒരു സങ്കലനമായിരിക്കും. അവയിൽ മുഖ്യമായവ വിശ്വാസം, പ്രത്യാശ, സ്നേഹം, കർമ്മോത്സാഹം, ഊർജ്ജസ്വലത, അനുസരണം എന്നിവ ദൈവപൈതങ്ങൾ അവന്റെ നിർണ്ണയത്തിന്റെ വികസ്വരഗതിക്ക് ഉപയുക്തമാക്കുന്നു. ഇതു തത്ത്വങ്ങളോടും വ്യക്തികളോടും അവയ്ക്ക് ദൈവനിർണ്ണയത്തോടുള്ള മനോഭാവത്തിലും ബന്ധത്തിലുമുാകുന്ന മാറ്റത്തിനനുസരിച്ചു മാറ്റത്തോടെ വർത്തിക്കുകയും ചെയ്യുന്നു. അതിൻപ്രകാരം ഇതു ചില തത്ത്വങ്ങളോടും വ്യക്തികളോടും അനുകൂലമായും മറ്റു ചില തത്ത്വങ്ങളോടും വ്യക്തികളോടും പ്രതികൂലമായുമുള്ള നിലപാടു സ്വീകരിക്കുന്നു. ദൈവത്തിന്റെ ആലയത്തെക്കുറിച്ചുള്ള എരിവ് അതായത് ദൈവത്തിന്റെ മന്ദിരത്തെപ്പറ്റിയുള്ളതും പ്രത്യേകവുമായ എരിവ് സഭയുടെ പേരിൽ വചനാനുസരണമായുള്ള തീക്ഷ്ണമായ ഭക്തിയെയും പ്രവർത്തനത്തെയും കുറിക്കുന്നു. യേശുവിനെ സംബന്ധിച്ചെന്ന പോലെ നമ്മെ സംബന്ധിച്ചും ഇതു മനുഷ്യരെന്ന നിലയിൽ നമ്മെയും നമുക്കുള്ളവരെയും നാം ആരാകുമെന്നും നമുക്ക് എന്തുാകുമെന്നും പ്രതീക്ഷിക്കുന്നതിനെയും ബലി കൊടുക്കുന്ന ആത്മാർപ്പണമാണ് - P'34, 160

* * * * * *

**സമാന്തരവേദഭാഗങ്ങൾ : യോശു.24:15,16; 1ദിന.29:17; 2ദിന.15:15; എസ്രാ.7:23; സങ്കീ.119:139; സഭാ.9:10; യെശ.62:6,7; മത്താ.5:13-16; യോഹ.9:4; റോമ.12:11; 1കൊരി.13:3;15:58; 2കൊരി.4:8-10,13,16-18; ഗലാ.4:18;6:9; തീത്തൊ.2:14; 2പത്രൊ.3:14; യൂദാ.3; വെളി.3:19**

ചോദ്യങ്ങൾ :- ഈ ആഴ്ച ഞാൻ കർത്താവിനുവേി എരിവുള്ളവനായിരുന്നോ? ഏതു കാര്യത്തിൽ? എങ്ങനെ? എന്തുകൊ്? അതിൽ സഹായകമായും പ്രതിബന്ധമായും വർത്തിച്ചതെന്ത്? ഫലങ്ങൾ ഏതെല്ലാമായിരുന്നു?

# നവംബർ 23

***ദൈവേഷ്ടം ചെയ്തു വാഗ്ദത്തം പ്രാപിപ്പാൻ സഹിഷ്ണുത നിങ്ങൾക്ക് ആവശ്യം - എബ്രാ. 10 : 36***

ദൈവേഷ്ടം ചെയ്യുന്നുവോ എന്നതുമാത്രമല്ല പരിശോധന എന്ന് ഇവിടെ നാം കാണുന്നു. പിന്നെയോ ആ സ്ഥാനത്ത്, നമ്മുടെ ഹൃദയങ്ങളിലും ഇച്ഛാ ശക്തിയിലും സ്വഭാവസംബന്ധമായി ആ ലാക്കിലോളം എത്തിയശേഷം (ജഡസംബന്ധമായി ഭാഗികമായി മാത്രമായാലും) ക്ഷമാപൂർവ്വമായ സഹിഷ്ണുത കൊു ദൈവത്തിന്റെ നീതിയെ നമ്മുടെ ഹൃദയത്തിന്റെ പ്രമാണമായി കൈക്കൊള്ളണം, ഏതു സാഹചര്യങ്ങളിലും അവസ്ഥകളിലും ജീവിതമാനദണ്ഡമായി കാണണം. അപ്പോൾ മാത്രമാണ് രാജ്യത്തിനു നമ്മെ യോഗ്യരാക്കുന്ന ഹൃദയാവസ്ഥയിൽ നാം എത്തുന്നത്. യാക്കോബ് അപ്പൊസ്തൊലൻ പറയുന്നു : " നിങ്ങളുടെ വിശ്വാസത്തിന്റെ പരിശോധന സഹിഷ്ണുത ഉളവാക്കുന്നു". അതായത് വിശ്വാസം പരിശോധനയിൽ പിടിച്ചുനിൽക്കുന്ന പക്ഷം സഹിഷ്ണുത എന്ന ഈ സ്വഭാവഗുണത്തിനു കാരണമാകും. മറിച്ച് ക്ഷമാപൂർവ്വമായ സഹിഷ്ണുത എന്ന ലക്ഷ്യത്തിൽ നാം എത്തുന്നില്ലെങ്കിൽ നമ്മുടെ വിശ്വാസം പരിശോധനയെ തൃപ്തികരമായി ചെറുത്തുനിന്നിട്ടില്ലെന്നും നാം രാജ്യത്തിനു യോഗ്യരായിട്ടില്ലെന്നുമാണ് അർത്ഥം - Z'01, 117 (R 2790)

* * * * * *

സഹിഷ്ണുത എന്നതിനു ദീർഘക്ഷമ എന്നു മാത്രമല്ല തിരുവെഴുത്തിൽ അർത്ഥം. സത്പ്രവൃത്തികളുടെ പാതയിലുള്ള പ്രതിബന്ധങ്ങളെ തരണം ചെയ്യാൻ സഹായകമായ അക്ഷീണയത്നം, സ്ഥിരത, ദൃഢചിത്തത എന്നുകൂടി അർത്ഥമു്. ദൈവേഷ്ടം ചെയ്യുക എന്നതുകൊ് ലക്ഷ്യപ്രാപ്തിവരെ സ്നേഹമെന്ന ഗുണവിശേഷത്തെ വികസിപ്പിക്കുക എന്നതാണ് അപ്പൊസ്തൊലന്റെ ആശയം എന്നു തോന്നുന്നു. കാരണം നമ്മെ സംബന്ധിച്ച ദൈവേഷ്ടത്തിന്റെ രത്നച്ചുരുക്കം അഥവാ കല്പനയുടെ ഉദ്ദേശ്യം ശുദ്ധഹൃദയത്തിൽനിന്ന്, നല്ല മനസ്സാക്ഷിയിൽനിന്ന്, അചഞ്ചലമായ വിശ്വാസത്തിൽനിന്ന് ഉളവാകുന്ന സ്നേഹം തന്നെ. ആ നിലവാരമോളമുയർന്ന സ്നേഹത്തിൽ എത്തിയശേഷം വേഏകകാര്യം അതിന്റെ നിയോഗങ്ങൾ പാലിക്കുന്നതിൽ വരാവുന്ന പ്രതിബന്ധങ്ങളെ സന്തോഷപൂർവ്വം സഹിച്ചുകൊ് അതിൽ ആഞ്ഞുമുന്നേറുക എന്നതാണ്. ഇത് ഒടുവിലായി നമ്മെ പൂർണ്ണജേതാക്കളാക്കും. ഇപ്രകാരം അബ്രഹാമിന്റെ സന്തതിക്കുള്ള ആണയോടുകൂടിയ ഉടമ്പടിയിലെ വാഗ്ദാനങ്ങൾ ഉൾക്കൊള്ളുന്ന അനുഗ്രഹങ്ങൾ നമുക്ക് ഉറപ്പാകും. - P'33, 162

* * * * * *

**സമാന്തരവേദഭാഗങ്ങൾ : ലൂക്കൊ.8:15;21:19; ഗലാ.6:9; എബ്രാ.12:1; യാക്കോ.1:3,4;5:7,8; റോമ.2:7;5:3,4;8:25,35-39;15:4,5; എഫെ.6:8; കൊലൊ.3:24; എബ്രാ.6:12,15; 1പത്രൊ.2:19-23; വെളി.1:9;13:10**

ചോദ്യങ്ങൾ :- ദൈവേഷ്ടം ചെയ്യുന്നതിൽ ഞാൻ ഈ ആഴ്ച സഹിഷ്ണുതയുള്ളവൻ ആയിരുന്നോ? എങ്ങനെ? എന്തുകൊ്? ഫലമെന്തായിരുന്നു?

# നവംബർ 24

***അതുകൊ് എനിക്കു ദൈവത്തോടും മനുഷ്യരോടും കുറ്റമില്ലാത്ത മനസ്സാക്ഷി എല്ലായ്പ്പോഴും ഉായിരിപ്പാൻ ഞാൻ ശ്രമിക്കുന്നു - അപ്പൊ. 24 : 16***

നമ്മുടെ വീഴ്ച ഭവിച്ച പ്രകൃതിയുടെ മറ്റെല്ലാ വ്യാപാരങ്ങളുമെന്ന പോലെ നമ്മുടെ മനസ്സാക്ഷിയും നിയന്ത്രിക്കപ്പെടേതു്. നമ്മുടെ മനസ്സാക്ഷിയും നിയന്ത്രിക്കപ്പെടേതാണെങ്കിൽ അതിന് ഒരു മാനദണ്ഡം ഉായിരിക്കണം. ഡയലിൽ മണിക്കൂറുകൾ ശരിക്കു രേഖപ്പെടുത്തിയിട്ടുള്ള ഒരു വാച്ചുപോലെയാണ് മനസ്സാക്ഷി. എന്നാൽ സമയ നിർണ്ണയത്തിലുള്ള സൂക്ഷ്മത അതിന്റെ മെയിൻസ്പ്രിങ്ങ് ക്രമപ്പെടുത്തുന്നതിനെ ആശ്രയിച്ചാണിരിക്കുന്നത്. ഇപ്രകാരം ശരിയും തെറ്റും ചൂികാണിക്കാൻ നമ്മുടെ മനസ്സാക്ഷി സന്നദ്ധമാണ്. ദൈവവചനം അനുശാസിക്കുന്ന പ്രകാരം സ്നേഹത്തിന്റെ പ്രമാണത്തിനനുസരണമായി പ്രവർത്തിക്കുന്ന പുതിയ ഹൃദയമാകുന്ന മെയിൻ സ്പ്രിങ്ങിനാൽ നിയന്ത്രിക്കപ്പെടുമ്പോൾ മാത്രമേ തെറ്റിനെയും ശരിയെയും സംബന്ധിച്ച മനസ്സാക്ഷിയുടെ ശബ്ദം സ്വീകാര്യമാകൂ - Z'00, 360 (R 2733)

* * * * * *

നീതി ദൈവസിംഹാസനത്തിന്റെ അടിസ്ഥാനം ആയിരിക്കുന്ന പ്രകാരം ദൈവദാസന്മാരെന്ന നിലയിൽ, അതായിരിക്കണം നമ്മുടെയും പ്രവൃത്തികളുടെ അടിസ്ഥാനം. പൂർണ്ണഹൃദയത്തോടും പൂർണ്ണമനസ്സോടും പൂർണ്ണാത്മാവോടും പൂർണ്ണശക്തിയോടും കൂടെ ദൈവത്തെയും, തന്നെപ്പോലെ തന്നെ അയക്കാരനെയും സ്നേഹിക്കുക എന്നത് നീതിയിൽ അടങ്ങിയിരിക്കുന്നു. ദൈവസേവനമാകട്ടെ, മനുഷ്യസേവനമാകട്ടെ, നീതിയുടെ പ്രമാണങ്ങൾക്കു നിരക്കാത്തതാണെങ്കിൽ അതു ദൈവത്തിന് അസ്വീകാര്യവും മറ്റുള്ളവർക്കും നമുക്കുതന്നെയും ദോഷകരവുമായിരിക്കും. കാരണം, അനുസരിക്കുന്നത്, അതായത് നീതി പ്രവർത്തിക്കുന്നത് യാഗത്തേക്കാൾ ഉത്തമമാണ്; യാഗം നീതിയെ ലംഘിക്കുന്ന നിലയിലാകുമ്പോൾ എന്നർത്ഥം. വിശുദ്ധപൗലോസിനെപ്പോലെ ദൈവത്തോടും മനുഷ്യരോടും നീതിപുലർത്താൻ നാം നിരന്തരം ശ്രദ്ധിക്കണം. അപ്പോൾ മാത്രമാണ് കർത്താവിനോടും സഹവിശ്വാസികളോടും നാം തെറ്റു ചെയ്തു എന്ന മനസ്സാക്ഷിയുടെ കുറ്റാരോപണത്തിൽനിന്നു നമുക്കു ഒഴിഞ്ഞിരിക്കാൻ കഴിയൂ. അപ്രകാരമുള്ള നല്ല മനസ്സാക്ഷിയിൽ അടിസ്ഥാനപ്പെട്ട നമ്മുടെ അർപ്പണസ്വഭാവമുള്ള പ്രവൃത്തികൾ, കർത്താവിന്റെ ആത്മാവിനും വചനത്തിനും കരുതൽ നടപടികൾക്കും അനുസരണമെങ്കിൽ അവ ക്രമപ്രകാരവും സ്വീകാര്യവുമായിത്തീരുന്നു - P'32, 167

* * * * * *

**സമാന്തരവേദഭാഗങ്ങൾ : അപ്പൊ.23:1; റോമ.2:14,15;9:1;14; 1കൊരി.8:7-13;10:27-31; 2കൊരി.1:12;4:2; 1തിമൊ.1:5,19;3:9; എബ്രാ.9:14; 10:22;13:18; 1പത്രൊ.2:19;3:16,21; സദൃ.28:1; അപ്പൊ.2:37; 1തിമൊ.4:2**

ചോദ്യങ്ങൾ :- ഈ ആഴ്ച ഞാൻ നല്ല മനസ്സാക്ഷിയുള്ളവൻ ആയിരുന്നോ? എങ്ങനെ? എന്തുകൊ്? ഫലമെന്തായിരുന്നു?

# നവംബർ 25

***പരീക്ഷിക്കപ്പെടുമ്പോൾ "ഞാൻ ദൈവത്താൽ പരീക്ഷിക്കപ്പെടുന്നു" എന്ന് ആരും പറയരുത്. ദൈവം ദോഷങ്ങളാൽ പരീക്ഷിക്കപ്പെടാത്തവൻ ആകുന്നു; അവൻ ആരെയും പരീക്ഷിക്കുന്നതുമില്ല - യാക്കോ.1:13***

യുക്തമെന്നു സ്വർഗ്ഗസ്ഥപിതാവു കരുതുന്ന പരീക്ഷകളും പ്രതിയോഗിയായ പിശാചുമൂലമുള്ള പരീക്ഷകളും തമ്മിൽ വ്യത്യാസമുണ്ട്. ദൈവത്തോടും നീതിയോടുമുള്ള വിശ്വസ്തതയെ പരിശോധിക്കുന്നതിനുള്ളതാണ് ആദ്യത്തേത്. അവയെ നേരിടുന്നവരുടെ അനുഗ്രഹത്തിനും സഹായത്തിനും ഉദ്ദേശിച്ചുള്ളതാണവ. നീതിയോടുള്ള വിശ്വസ്തത തെളിയിക്കാൻ അത് അവർക്ക് അവസരം നൽകും. പിശാചിൽനിന്നുള്ള പരീക്ഷകൾ നേരെ മറിച്ച് തിന്മയിലേക്കും ദുഷ്കർമ്മങ്ങളിലേക്കും ഉള്ള കുഴികളും കുടുക്കുകളും ആണ്. അത് ഇരുളിനെ വെളിച്ചവും വെളിച്ചത്തെ ഇരുളുമാക്കി കാണിക്കുന്നു. ഇങ്ങനെ അന്യഥാ ധരിപ്പിച്ചും തിന്മയിലേക്കു പ്രലോഭിപ്പിച്ചും ദൈവം ആരെയും പരീക്ഷിക്കുന്നില്ല - Z'04, 7 (R 3296)

*　　*　　*　　*　　*　　*

പരീക്ഷകൾ പ്രലോഭനങ്ങളാണ്. നന്മയിലേക്കോ തിന്മയിലേക്കോ നാം പ്രലോഭിതരാകാം. ലോകം, ജഡം, പിശാച് ഇവയിൽ നിന്നാണു തിന്മയിലേക്കുള്ള പ്രലോഭനം. നന്മിലേക്കുള്ളതാകട്ടെ കർത്താവിങ്കൽ നിന്നും അവന്റെ ആത്മാവും വചനവും കരുതൽ നടപടികളും വഴി സംഭവിക്കുന്നു. തിന്മയിലേക്കുള്ള പ്രലോഭനം നമ്മുടെ പരിശോധനയ്ക്കായി കർത്താവിനാൽ അനുവദിക്കപ്പെട്ടതെങ്കിലും ഒരിക്കലും കർത്താവിൽ നിന്നുള്ളതല്ല. എന്തെന്നാൽ പൂർണ്ണതോതിലുള്ള ജ്ഞാനം, നീതി, ശക്തി, സ്നേഹം ഇവയുടെ ഉറവിടവും പരിപോഷകനുമെന്ന നിലയിൽ അപ്രകാരമുള്ള വ്യാമോഹചിന്തകൾ ജനിപ്പിക്കുക എന്നത് അവന്റെ സ്വഭാവലക്ഷ്യങ്ങൾക്കു നിരക്കുന്നതല്ല. തിന്മയിലേക്കുള്ള പ്രലോഭനങ്ങൾക്കു ദൈവസ്വഭാവത്തിന്മേൽ വശീകരണശക്തിയില്ലാത്തതുപോലെ അവന്റെ സൃഷ്ടികളെ വ്യാമോഹിപ്പിക്കുമാറ് അവന്റെ സ്വഭാവം അവയ്ക്ക് ഉറവിടമാകയില്ല. ദൈവത്തെ തിന്മയിലേക്കുള്ള പ്രലോഭനത്തിന്റെ കർത്താവായി കാണുന്നത് ദൈവദൂഷണമാണ്. നന്മയിലേക്കുള്ള പ്രലോഭനത്തിന്റെ കർത്തൃത്വം അവനു കല്പിക്കുന്നത് പുകഴ്ചയാണ്. നന്മയിലേക്കു നമുക്കുണ്ടാകുന്ന പ്രലോഭനങ്ങളെ നന്ദിപൂർവ്വം നാം അവനിൽ ആരോപിക്കെത്തന്നെ തിന്മയിലേക്കു നമുക്കുണ്ടാകുന്ന പ്രലോഭനങ്ങൾ അവനിൽ നിന്നു വരുന്നു എന്നു പറയരുത്. അവയുടെ യഥാർത്ഥ ഉറവിടമായ ലോകം, ജഡം, പിശാച് ഈ ശക്തികളിൽ തന്നെ ആരോപിക്കാം - P'26, 157

*　　*　　*　　*　　*　　*

**സമാന്തരവേദഭാഗങ്ങൾ : ഉല്പ.3:1-13; ആവ.13:3; സങ്കീ.119:165; സദൃ.1:10-17;6:27;14:27; യെശ.33:15,16; മത്താ.4:1-11;26:41; ലൂക്കൊ.11:4; 2കൊരി.11:3,14,15; യാക്കോ.1:14; 2പത്രൊ.2:9; 1കൊരി.10:13**

ചോദ്യങ്ങൾ :- ഈ ആഴ്ച എനിക്കു നേരിട്ട പ്രത്യേക പരീക്ഷ എന്തായിരുന്നു? അതിനെ ഞാൻ എങ്ങനെ നേരിട്ടു? ഫലമെന്തായിരുന്നു?

# നവംബർ 26

***"നിന്റെ കയ്യിൽ ഇരിക്കുന്നത് എന്ത്" എന്ന് യഹോവ മോശയോട് ചോദിച്ചു - പുറ. 4 : 2***

ഒരുവൻ കർത്തൃസേവനത്തിൽ ഏറെ ഉപയോഗിക്കപ്പെടണമെങ്കിൽ ഒന്നാമതായി അതിനു യോഗ്യനായിത്തീരുവാൻ അവൻ ഉത്തരോത്തരം ശ്രമിക്കട്ടെ. സൗമ്യതയിലും താഴ്മയിലും ഉത്സാഹത്തിലും അക്ഷീണമായ തീക്ഷ്ണതയിലും ആത്മപരിത്യാഗപരമായ കർത്തൃശുശ്രൂഷയിലും അവൻ, ദൈവം സ്നേഹിക്കയും മാനിക്കയും ചെയ്ത മോശയെ അനുകരിക്കട്ടെ. എന്നാൽ ബുദ്ധിമാനായ ഒരു കാര്യവിചാരകൻ ഇതിനായി തനിക്കു സഹജമായ കഴിവുകൾ മെച്ചപ്പെടുത്തുവാനായിരിക്കും ശ്രമിക്കുക. കർത്താവിങ്കൽ നിന്നു തന്റെ മുന്നേറ്റത്തിനുതകുന്ന ഒരു അത്ഭുതസിദ്ധി അവൻ പ്രതീക്ഷിക്കയില്ല. അങ്ങനെ പ്രകൃത്യാ തനിക്കില്ലാത്ത ഒരു സിദ്ധി കൈവരാനായി കാത്തിരുന്നു സമയം പാഴാക്കുകയില്ല. അതുകൊു താഴ്മയും തീക്ഷ്ണതയും വഴി, കർത്താവിനോടും അവന്റെ ദൗത്യത്തോടുമുള്ള  പ്രിയം വഴി, അവന്റെ ശക്തിയിലുള്ള വിശ്വാസം വഴി കർത്താവിന് ഇഷ്ടമാകുന്ന ശുശ്രൂഷയുടെ ഏതു തുറയിലും ഉപയോഗിക്കപ്പെടാനും പ്രയോജനപ്പെടാനും സന്നദ്ധമായ മനോഗതിക്കായി ആഗ്രഹിക്കാം - Z'94, 143; '01, 348 (R 1651, 2902)

* * * * * *

തിരുവെഴുത്തുകളിലെ പ്രതിരൂപങ്ങളിൽ കൈ ശക്തിയുടെ പ്രതീകമാണ്. അതുകൊ്, കയ്യിൽ എന്തെങ്കിലുമുായിരിക്കുക എന്നത് നമ്മിലുള്ള പുതിയ ഹൃദയത്തിനും മനസ്സിനും ഇച്ഛയ്ക്കും, നമ്മുടെ മാനുഷികാവസ്ഥയ്ക്കും ഉടമപ്പെട്ടു നമ്മുടെ അധീനതയിലുള്ള കാര്യങ്ങളെക്കുറിക്കുന്നു. പ്രത്യേകിച്ച് ഇതു നമ്മുടെ അധീനതയിലുള്ള ജ്ഞാനം, ലാവണ്യം, സ്വഭാവം, പദവി, സമയം, കഴിവുകൾ, സ്വാധീനം, വരുമാനമാർഗ്ഗങ്ങൾ, സുഹൃത്തുക്കൾ, ബന്ധുക്കൾ, പൗരത്വം, ആരോഗ്യം, ജീവൻ ഇവയെ പരാമർശിക്കുന്നു. നാം ആരല്ല, നമുക്കെന്തില്ല എന്നതിന്റെ അടിസ്ഥാനത്തിലല്ല, നാം ആര്, നമുക്കെന്തു് എന്നതിന്റെ അടിസ്ഥാനത്തിൽ പ്രവർത്തിപ്പാനാണ്  കർത്താവ് ആഗ്രഹിക്കുന്നത്. അതുകൊ് ഈ വാക്യത്തിലെ ചോദ്യത്തിൽ നാം ആര്, നമുക്കെന്തു് എന്ന വസ്തുത കണക്കിലെടുക്കാൻ അവൻ ആവശ്യപ്പെടുന്നു. തന്റെ അറിവിനായിട്ടല്ല ദൈവം ഇതു ചോദിക്കുന്നത്. പ്രത്യുത കർത്താവിന്റെ മഹത്ത്വത്തിനും നമ്മുടെ തന്നെയും അന്യരുടെയും പ്രയോജനത്തിനുമായി നമ്മുടെ കാര്യവിചാരകത്വം കൂടുതൽ ഫലപ്രദമാക്കാൻ നാം ശക്തരാകേതിനു നമ്മുടെ വിചാരണയിലുള്ള കലവറയുടെ നിജസ്ഥിതി നാം കണക്കിലെടുക്കുന്നതിനാണ് - P'36, 166

* * * * * *

**സമാന്തരവേദഭാഗങ്ങൾ : സങ്കീ.34:10; 68:35; 84:11; സഭാ.2:26; യെശ.42:5; ദാനി.2:21-23; മത്താ.25:14,15; റോമ.12:6-8; 1കൊരി.1:5-7;7:7; എഫെ.4:7; 1തിമൊ.6:17; യാക്കോ.1:17; 1പത്രൊ.4:10; യിരെ.8:20; ലൂക്കൊ.12:47,48; 19:12,13**

ചോദ്യങ്ങൾ :- എന്റെ കഴിവുകളും അവസരങ്ങളും ഉപയോഗപ്പെടുത്തി ഈ ആഴ്ച ഞാൻ എന്തു ചെയ്തു? എന്തുകൊ്? എന്തിനായി? ഫലമെന്തായിരുന്നു?

# നവംബർ 27

***സകലപ്രാർത്ഥനയാലും യാചനയാലും ഏതു നേരത്തും ആത്മാവിൽ പ്രാർത്ഥിച്ചും അതിനായി ജാഗരിച്ചും കൊ് സകല വിശുദ്ധന്മാർക്കും എനിക്കും വേി പ്രാർത്ഥനയിൽ പൂർണ്ണസ്ഥിരത കാണിപ്പിൻ - എഫെ. 6 : 18***

നമ്മുടെ വാക്കുകളിലും പ്രവൃത്തികളിലുമെല്ലാം പ്രാർത്ഥനയുടെ ആത്മാവുായിരിക്കണം. അതായത് ജീവിതസംബന്ധമായ ഏതു വിഷയത്തിലും മാർഗ്ഗദർശനത്തിനായി ഹൃദയം നിരന്തരം കർത്താവുമായി സമ്പർക്കത്തിലായിരിക്കണം. നാം ചെയ്യേതെന്തും കർത്താവിനു പ്രസാദകരമാകുംവണ്ണം ശക്തിയോടെ ചെയ്യാൻ ഇതുമൂലം കഴിയും. പ്രലോഭനങ്ങളിൽ ഒരു പരിചപോലെ ഇതു നമുക്കു രക്ഷാകവചമായിരിക്കും. അല്ലാത്തപക്ഷം അവ നമ്മുടെ സഹനശക്തിക്കപ്പുറമായിരിക്കും. ഒടുവിലായി നാം ദുഷ്ടനിൽനിന്നു വിമോചിതരായി ക്രിസ്തുവിന്റെ രാജ്യത്തിൽ സ്ഥാനം കത്തൊൻ ഇതുമൂലം ഇടയാകും. "പരീക്ഷയിൽ പ്രവേശിക്കാതിരിക്കാൻ ഉണർന്നിരുന്നു പ്രാർത്ഥിപ്പിൻ" എന്ന കർത്തൃവചനം വീും വീും സ്മരിക്കയും പ്രവൃത്തിപഥത്തിലാക്കുകയും ചെയ്യാം - Z'01, 80 (R 2773)

*　*　*　*　*　*

പ്രാർത്ഥന എന്നത് ശബ്ദരൂപത്തിലോ നിശ്ശബ്ദമായോ നല്ലകാര്യങ്ങൾക്കുവേി ദൈവത്തിങ്കലേക്ക് ഉയരുന്ന ഹൃദയത്തിന്റെ പരമാർത്ഥമായ ആഗ്രഹങ്ങളാണ്. പ്രാകൃതമനുഷ്യന് അവന്റെ വളർച്ചയ്ക്കു ഭൗമികാനുഗ്രഹങ്ങളിലുള്ള ആഗ്രഹം പോലെ നമ്മുടെ വളർച്ചയ്ക്ക് നമുക്കും ഇത് അനുപേക്ഷണീയമാണ്. ഈ ആഗ്രഹങ്ങളുടെ അഭാവത്തിൽ പ്രാകൃതമനുഷ്യൻ താമസിയാതെ മൃതിയടയുന്നതുപോലെ പരമാർത്ഥമായ പ്രാർത്ഥനയുടെ അഭാവത്തിൽ പുതിയ ഹൃദയവും മനസ്സും ഇച്ഛയും മരണമടയുന്നു. നമ്മുടെ പ്രാർത്ഥനകൾ വെറും ചടങ്ങായിരിക്കരുത്. അതു ഹൃദയത്തിൽനിന്നുള്ളതായിരിക്കണം. കർത്താവിന്റെ വചനത്തിന് അനുസരണമായി ഇപ്രകാരം അർപ്പിക്കപ്പെടുന്ന പ്രാർത്ഥനകൾക്ക് ഉത്തരം കിട്ടുമെന്നത് ഉറപ്പാണ്. മറുപടിക്കായി കാത്തിരിക്കാതെ നാം നമ്മുടെ ഹൃദയയാചനയ്ക്കുള്ള കർത്താവിന്റെ പ്രതികരണത്തെ പലപ്പോഴും വ്യർഥാവാക്കുന്നു. ചിലപ്പോൾ അവന്റെ മറുപടിക്കായി നാം കാത്തിരുന്നാലും അവ ലഭിക്കുന്നതിൽ നാം പരാജയപ്പെടുന്നു. എന്തെന്നാൽ നമ്മുടെ യാചനകൾ അനുവദിക്കുന്നതിൽ അവൻ കാലവിളംബം വരുത്തുന്നു. അതുകൊ് ഇപ്രകാരമുള്ള ജാഗരണത്തിൽ ഉറച്ചുനിൽപ്പ് ആവശ്യമാണ്. ഒടുവിൽ പ്രാർത്ഥിതമായ ഉത്തരം ലഭിക്കുക വഴി നാം പുലർത്തുന്ന പൂർണ്ണസ്ഥിരത സഫലീഭവിക്കുന്നു - P'30, 183

*　*　*　*　*　*

**സമാന്തരവേദഭാഗങ്ങൾ : ലൂക്കൊ.11:5-13;21:36; സങ്കീ.5:1-3;116:1,2; ദാനി.6:10; അപ്പൊ.6:4;10:2,9; റോമ.12:12; ഫിലി.4:6,7; കൊലൊ.4:2; 1തെസ്സ.5:17; മത്താ.26:39-44; എഫെ.1:16; 1തിമൊ.5:5**

ചോദ്യങ്ങൾ :- ഈ ആഴ്ച ഞാൻ എല്ലായ്പ്പോഴും പ്രാർത്ഥിച്ചുവോ? എന്തിനുവേിയാണ് ഞാൻ പ്രാർത്ഥിച്ചത്? ദൈവത്തിന്റെ മറുപടിക്കായി ഞാൻ സ്ഥിരതയോടെ ജാഗരിച്ചുവോ? ഫലമെന്തായിരുന്നു?

# നവംബർ 28

***അവൻ സ്വസ്ഥത നൽകിയാൽ, ആകുലപ്പെടുത്തുവാൻ ആർക്കു കഴിയും? - ഇയ്യോ. 34 : 30***

മഹാസമുദ്രത്തിൽ പെട്ടെന്നുാകുന്ന കൊടുകാറ്റുപോലെ മനസ്സിന്റെമേൽ ആഞ്ഞടിക്കുന്ന അലമാലകൾക്കു മദ്ധ്യേ ശാന്തത നൽകുവാൻ "സകല ആശ്വാസങ്ങളുടെയും ദൈവമായ" യഹോവയ്ക്കല്ലാതെ ആർക്കു കഴിയും? ആപത്തിൽപ്പെട്ട സമുദ്രസഞ്ചാരികളെപ്പോലെ നാം അവനോടു നിലവിളിക്കുകയും അവൻ നമ്മെ ആഗ്രഹിച്ച തുറമുഖത്ത് പ്രശാന്തതയുടെയും ദൈവത്തിലുളള സമാധാനത്തിന്റെയും വാഴ്ത്തപ്പെട്ട തുറമുഖത്ത് സുരക്ഷിതരായി എത്തിക്കുകയും ചെയ്യുന്നു. ഏതു നിലവിളിക്കുമുള്ള മറുപടിയായിട്ടാണ് നമുക്കു സമാധാനം നൽകപ്പെടുന്നത്? ആകുലകാരിയായ സന്ദർഭങ്ങളെല്ലാം ഒഴിഞ്ഞു കിട്ടണമെന്ന പ്രാർത്ഥനയല്ല ഇത്. എന്തെന്നാൽ മനുഷ്യാത്മാവിന് ആ വിധമുള്ള സമാധാനം ദൈവം എപ്പോഴും ആഗ്രഹിക്കുന്നില്ല. ആ മാർഗ്ഗം എപ്പോഴും ഉത്തമമായിരിക്കയില്ല. എന്നാൽ ആർക്കും ഭഞ്ജിക്കാനാവാത്ത ഒരു ശാന്തതയ്ക്കു വഴിയൊരുക്കുന്നതിൽ തോൽവി പറ്റാത്ത ഒരു നിലവിളിയു്, സ്നേഹപൂർവ്വം വിശ്വാസത്തോടെ വിവാദമോ പിറുപിറുപ്പോ കൂടാതെ ദൈവത്തിനു വിധേയപ്പെടുന്ന മനോവൃത്തിക്കുവേിയുള്ള പ്രാർത്ഥനയാണത് - Z'96, 259 (R 2058)

* * * * * *

ഇയ്യോബുമായി വിവാദത്തിൽ ഏർപ്പെട്ട മറ്റു മൂന്നുപേരെയുംപോലെ എലീഹൂവിനും ദിവ്യനിശ്വസ്തതയില്ലായിരുന്നു. ഇയ്യോബിനാകട്ടെ അതുായിരുന്നു. എന്നിരുന്നാലും എലീഹൂവിന്റെ വാക്കുകൾ വിജ്ഞാനസമ്പന്നമാണ്. അബ്രഹാമിന്റെ സമകാലീനനായ അവന്റെ വാക്കുകൾ കുരങ്ങിനെ ബഹുദൂരം പിന്നിലാക്കുന്നു എന്നു തെളിയിക്കുന്ന ജ്ഞാനം ഉൾക്കൊള്ളുന്നതാണ്. പരിണാമവാദികൾക്ക് ഇനിയും എത്തിപ്പിടിക്കാൻ കഴിയാത്തതരത്തിൽ സമുന്നതമാണ് ആ ജ്ഞാനം. ഈ വാക്യം ദൈവനിശ്വസ്തമല്ലെങ്കിലും ഇത് ഒരു സത്യകഥനമാണ്. മറ്റുള്ളവർക്ക് അപഹരിക്കാൻ കഴിയാത്ത സമാധാനം ദൈവം തനിക്കുള്ളവർക്കു നൽകുന്നു. അവനിലുള്ള പരിപൂർണ്ണ വിശ്വാസത്തിലും അവനോടും അവന്റെ സ്വഭാവം, നിർണ്ണയം, പ്രവൃത്തികൾ എന്നിവയോടും ഉള്ള ഹൃദയത്തിന്റെ യോജിപ്പിലും നിന്ന് ഉളവാകുന്നതാണ് ഈ സമാധാനം. ലോകത്തിന് അറിയാനോ പ്രാപിക്കാനോ അപഹരിക്കാനോ കഴിയാത്തതും ആണിത്. ധന്യമായ അനുഭവങ്ങളിലൂടെ അവനുള്ളവർ ഇത് അറിയുന്നു. അവന്റെ ആണയോടുകൂടിയ വാഗ്ദത്തവും യേശുവിന്റെ മഹാപുരോഹിതവേലയും പരിശുദ്ധാത്മാവിന്റെ കൂട്ടായ്മയും കൊ് സുരക്ഷിതമായി ഇപ്പോഴത്തെ വിഷമങ്ങളെ കീഴമർത്തിക്കൊ് സകലബുദ്ധിയെയും കവിയുന്ന ദൈവസമാധാനത്തിൽ അവർ ആനന്ദിക്കുന്നു - P'35, 171, 172

* * * * * *

**സമാന്തരവേദഭാഗങ്ങൾ : യെശ.26:3; റോമ.8:31; ഫിലി.4:7; സങ്കീ.1:1,2; 4:8; 25:12,13; 29:11; 85:8; 119:165; ലൂക്കൊ.1:79;2:14; യോഹ.14:27;16:33; റോമ.2:10;5:1;8:6**

ചോദ്യങ്ങൾ :- ഈ വേദവാക്യത്തോടനുബന്ധിച്ച് ഈ ആഴ്ചയിലെ അനുഭവങ്ങൾ ഏതെല്ലാമായിരുന്നു? അവ എന്തു ഫലമുളവാക്കി?

# നവംബർ 29

***വിശ്വാസത്തിന്റെ സ്വീകാരം നാം മുറുകെപ്പിടിച്ചുകൊള്ളുക; വാഗ്ദത്തം ചെയ്തവൻ വിശ്വസ്തനല്ലോ - എബ്രാ. 10 : 23***

സ്വഭാവസംസ്കാരം സംബന്ധിച്ചായാലും ഭാവിമഹിമ സംബന്ധിച്ചായാലും നമ്മുടെ പ്രതീക്ഷകൾക്കെല്ലാം ആധാരം ദൈവവാഗ്ദാനമാണ്. ഏതെങ്കിലും അളവിലോ അർത്ഥത്തിലോ വിട്ടുവീഴ്ചകൾക്കു വഴങ്ങാൻ ഇടയാകാതിരിക്കേതിന് ഇതിനെ നാം വിലമതിക്കണം. സത്യത്തെ അതിന്റെ അക്ഷരത്തിൽ മാത്രമല്ല ആത്മാവിലും പിടിച്ചുകൊള്ളണം. സത്യത്തെ അതിനോടുള്ള പ്രതിപത്തിയുടെ പേരിലാണ് പിടിച്ചുകൊള്ളേത്. അതു രമ്യവും ശ്രേഷ്ഠവുമെന്നപോലെ സത്യവും ആയിരിക്കുന്നതുകൊണ്ടാണ് ഈ പ്രതിപത്തി. ക്ഷമാപൂർവ്വമായ സഹിഷ്ണുതയുടെ പ്രാമാണ്യം നാം ഒരിക്കലും വിസ്മരിക്കരുത്. ഇതുമൂലം ക്രിസ്തീയമായ ഗുണവിശേഷങ്ങൾ ഉളവാകുവാനും അവ പ്രവൃത്തിപഥത്തിലാക്കുവാനും കഴിയുമെന്നു മാത്രമല്ല, ദൈവം നമ്മുടെ നന്മയ്ക്കുവേി അനുവദിക്കുന്ന ക്ലേശങ്ങളും പരീക്ഷകളും സന്തോഷപൂർവ്വം സ്വാഗതം ചെയ്യാനും ഇടയാകും. ഇത് അതിപ്രധാനമാണെന്നും ഇതിന്റെ അഭാവത്തിൽ പൂർണ്ണസ്നേഹത്തിലെത്താനോ, അതു നിലനിറുത്താനോ കഴികയില്ലെന്നും അവൻ നമുക്കു വിശദമാക്കിത്തരുന്നു - Z'01, 119 (R 2790)

*　　*　　*　　*　　*　　*

ഇവിടെ “സ്വീകാരം” എന്ന പദം “ഏറ്റുപറയുക” അല്ലെങ്കിൽ “സമ്മതിച്ചു പറയുക” എന്നു പരിഭാഷപ്പെടുത്തിയാൽ ഈ വാക്യത്തിലെ ആശയം വ്യക്തമാകും. “വിശ്വാസം”എന്ന പദത്തിനു “സത്യം” എന്നാണർത്ഥം (യൂദാ 3) . സത്യം പ്രസ്താവിക്കുന്നതിൽ നാം നിർഭയം ഉറച്ചു നിൽക്കണം എന്നതാണ് അപ്പൊസ്തൊലന്റെ ആശയം. ഈ അദ്ധ്യായത്തിൽ അവൻ ഒന്നാമത് ശുദ്ധത്തിലും അതിശുദ്ധത്തിലും ക്രിസ്തുവിനെയും രാമത് ശുദ്ധത്തിൽ ഉപപുരോഹിതന്മാരെയും കുറിച്ചു പ്രതിപാദിക്കുന്നു എന്ന വസ്തുത ഓർമ്മിച്ചാൽ ഇതു തെളിവാകും. ഈ വാക്യത്തിൽ നിലവിളക്കിന്റെ പൊരുളിലെ അർത്ഥമാണ് അവൻ വ്യക്തമാക്കുന്നത്. വെളിച്ചം നൽകുക എന്ന സഭയുടെ ധർമ്മം അതു നിഴലിപ്പിക്കുന്നു. നിലവിളക്കു പ്രകാശിക്കുന്നത് ശുദ്ധത്തിൽ മാത്രമാണ്. ഇതിന്റെ അർത്ഥം, പുരോഹിതഗണം ജഡത്തിൽ ആയിരിക്കുംകാലത്തോളം ആഴമാർന്ന വിശ്വാസസത്യങ്ങളെ സംബന്ധിച്ചു പരസ്പരം പ്രകാശിതരാകുന്നു എന്നാണ്. ഈ നല്ല പ്രവൃത്തിയിൽ ഉറച്ചു നിൽക്കുന്നിടത്തോളം അവർക്കും ദൈവം വാഗ്ദത്തം ചെയ്തിട്ടുള്ള അനുഗ്രഹങ്ങളുടെ നിവൃത്തി സംബന്ധിച്ച് ഏതു സാഹചര്യത്തിലും അവൻ വിശ്വസ്തനായിരിക്കും - P'34, 160

*　　*　　*　　*　　*　　*

**സമാന്തരവേദഭാഗങ്ങൾ:എബ്രാ.4:14; 1കൊരി.1:17,18,21,31,27-29; 2:1-8,12,13; 14:1-25; 2കൊരി.2:14-16;3:12,13; കൊലൊ.1:23-29; 1തെസ്സ.2:3-12; 2തിമൊ.2:15; തീത്തൊ.3:8,9; സങ്കീ.57:7; മത്താ.10:22; 1കൊരി.15:58; എബ്രാ.13:9; ആവ.7:8,9; യോശു.23:14; 2ശമു.7:28; 1രാജാ.8:23,24,56; സങ്കീ.59:1,2,5,8,14,24,28,33,34;യെശ.54:9,10**

ചോദ്യങ്ങൾ :- ഈ ആഴ്ച സത്യം പ്രസ്താവിക്കുന്നതിൽ ഞാൻ ഉറച്ചുനിന്നുവോ? അതിൽ ദൈവം തന്റെ വിശ്വസ്തത എങ്ങനെ പ്രകടമാക്കി? അതു നിമിത്തം എന്തു ഫലം ഉളവായി?

# നവംബർ 30

***കാലും, യുഗാവസാനത്തോളം എല്ലാ നാളും ഞാൻ നിങ്ങളോടു കൂടെ ഉ് - മത്താ. 28 : 20***

വിതയുടെ മേൽനോട്ടം വഹിക്കുന്നതിൽ ശ്രദ്ധാലുവായിരുന്നവന് കൊയ്ത്തുസംബന്ധിച്ചും അതിൽ ഒട്ടും കുറയാത്ത താത്പര്യവും ശ്രദ്ധയും ഉായിരിക്കും. അതുകൊ്, സത്യത്തിന്റെ അരിവാൾ തളരാതെ ധൈര്യമായി കൈയ്യിലേന്തുക. നാം കർത്താവിന്റെ വേലക്കാരാണെന്നും കൊയ്ത്തിന്റെ ചുമതല നമുക്കല്ലെന്നും, കത്തൊൻ കഴിയുന്ന വിളഞ്ഞ മണികൾ ശേഖരിക്കാൻ ഊർജ്ജിതമായ ശ്രമം കാഴ്ചവെയ്ക്കേവർ മാത്രമാണ് നാമെന്നും ഓർമ്മിക്കുക. അദ്ധ്വാനം വളരെയും അതുകൊ് കത്തൊൻ കഴിയുന്ന മണികൾ ചുരുക്കവുമെങ്കിൽ ആ ചുരുക്കം പേരെപ്പറ്റി നാം അധികം സന്തോഷിക്കണം. അമൂല്യവും ദുർലഭവുമായതിനെ സ്നേഹിക്കാനും അതിനെപ്പറ്റി അഭിമാനിക്കാനും നാം പഠിക്കണം. ഈ ശുശ്രൂഷയിൽ ആവുന്നത്ര ജ്ഞാനം നാം പ്രയോജനപ്പെടുത്തുമ്പോൾത്തന്നെ അവന്റെ വേലയിൽ നമ്മെ പങ്കാളികളാക്കുന്നതിൽ കർത്താവിന്റെ ലക്ഷ്യം, നമ്മെക്കൊുള്ള ജോലിനിർവ്വഹണത്തിലുപരി ആ പങ്കാളിത്തം വഴി നമുക്കുാകുന്ന അനുഗ്രഹമാണ് - Z'01, 155 (R 2808)

* * * * * *

നമ്മുടെ കർത്താവ് തന്റെ സ്വർഗ്ഗാരോഹണത്തിനു മുമ്പ് സഭയ്ക്കു നൽകിയ ഒടുവിലത്തെ വാഗ്ദത്തങ്ങളിൽ ഒന്നാണിത്. ഇത് അവന്റെ ശാരീരിക സാന്നിദ്ധ്യമല്ല, അവന്റെ പ്രത്യേക കൃപയും സംസർഗ്ഗവും സഹതാപവും സ്നേഹവും പരിപാലനവും മാർഗ്ഗനിർദ്ദേശവും നിയന്ത്രണവും സംരക്ഷണവും തിരുത്തലും പ്രോത്സാഹനവും ഉപദേശവും സഹകരണവും തന്റെ തെരഞ്ഞെടുപ്പു വിഭാഗത്തിന് ഉായിരിക്കുമെന്ന് ഉറപ്പു നൽകുന്നു. "എല്ലാ നാളും" എന്നതുകൊ്, കർത്താവിന്റെ സാന്നിദ്ധ്യം ഇടവിട്ടല്ല, നിരന്തരമായിരിക്കുമെന്നു സൂചിതമാകുന്നു. സഭയുടെ ആവശ്യാനുസരണം അവന്റെ സാന്നിദ്ധ്യത്തെ സംബന്ധിച്ച വാഗ്ദാനത്തിന്റെ നിവൃത്തികൂടാതെ ഒറ്റദിവസവും പിന്നിടേിവരികയില്ല. സഭയുടെ ചരിത്രം തെളിയിക്കുന്നതുപോലെ അവൻ തന്റെ വാഗ്ദത്തങ്ങൾ വിശ്വസ്തതയോടെ പാലിച്ചിട്ടു്. സത്യത്തിന്റെ കവാടങ്ങൾ തുറന്നുകിട്ടുന്നതിലും കൊയ്ത്തിൻ ഫലശേഖരണത്തിലും പാറ്റിത്തിരിക്കലിലും സഭയുടെ ഈ ലവദോക്യകാലയളവിലെ നമ്മുടെ വ്യക്തിഗതമായ ജീവിതത്തിലുമെല്ലാം അനുഭവങ്ങളും നിരീക്ഷണവും വഴി നാം ഈ വസ്തുതയ്ക്കു ജീവിക്കുന്ന സാക്ഷികളാണ് - P'33, 162

* * * * * *

**സമാന്തരവേദഭാഗങ്ങൾ : പുറ.33:14,15; യോശു.1:5,9; സങ്കീ.34:7; 46:1,5,7,11;105:14,15; യെശ.41:10; യിരെ.15:20; യെഹെ.48:35; ഹഗ്ഗാ.1:13; സെഖ.2:5; യോഹ.14:16-23; 1യോഹ.1:3**

ചോദ്യങ്ങൾ :- ഈ ആഴ്ചയിൽ കർത്താവിന്റെ സാന്നിദ്ധ്യം എനിക്ക് അനുഭവപ്പെട്ടോ? എങ്ങനെ? അതിന്റെ ഫലങ്ങൾ ഏതെല്ലാമായിരുന്നു?

# ഡിസംബർ 1

***നിന്റെ അയൽക്കാരനെ നിന്നെപ്പോലെന്നെ സ്നേഹിക്കണം - മത്താ.22:39***

നിന്നെപ്പറ്റി അപവാദം പ്രചരിപ്പിക്കാനും ദോഷം ആരോപിക്കാനും അയൽക്കാരൻ തന്റെ ബുദ്ധിയും നാവും ഉപയോഗിക്കാൻ നീ ഇഷ്ടപ്പെടുകയില്ല. നീ അവനോടും അപ്രകാരം ചെയ്യരുത്. ദൈവവുമായി ഉടമ്പടിയിൽ പ്രവേശിച്ചിട്ടുള്ള ഏവരോടും കർത്ത്യനിയമം അനുശാസിക്കുന്നത് അയൽക്കാരനെതിരായി ഒറ്റ ദുശ്ശങ്കപോലും ഉരുവിടാതിരിക്കാൻ ശ്രദ്ധിക്കണമെന്നാണ്. എന്നാൽ അറിവിന്റെ അടിസ്ഥാനത്തിലല്ലാതെ ബന്ധപ്പെട്ട സാഹചര്യങ്ങളുടെ സമ്മർദ്ദഫലമായി ദുശ്ശങ്ക മനസ്സിനെ മഥിക്കുന്നുവെങ്കിൽ പുതിയ മനസ്സ് ഉടൻ തന്നെ സഹജമായ സദ്ബുദ്ധികൊണ്ട് അതിനെ നേരിടണം. തെറ്റായ വിവരങ്ങൾക്കോ ധാരണകൾക്കോ ഇടവന്നിരിക്കാം എന്നു വിചാരിക്കണം. സംശയത്തിന്റെ ആനുകൂല്യം കുറ്റക്കാരനെന്നു തോന്നുന്നവനു നൽകണം - Z'99, 72 (R 2442)

* * * * * *

സ്വതന്ത്രചിത്തവും ധർമ്മാധർമ്മവിവേകവുമുള്ള ഏതൊരാളും നമ്മുടെ അയൽക്കാരനാണ്. വർഗ്ഗം, ജന്മദേശം, ലിംഗം, സ്ഥാനം, പ്രായം, കാലാവസ്ഥ, ബന്ധം, തൊഴിൽ ഇവയൊന്നും ഇക്കാര്യത്തിൽ പരിഗണിക്കേണ്ടതില്ല. വിശേഷിച്ചും നമ്മുടെ അയൽക്കാർ ഇരുവിഭാഗത്തിൽപ്പെടുന്നു; ആദാമിലുള്ളവരും ക്രിസ്തുവിലുള്ളവരും. ചില അയൽക്കാർ മറ്റുള്ളവരെ അപേക്ഷിച്ചു കൂടുതൽ അടുത്തവരാണ്. ഈ അടുപ്പത്തിന്റെ ഏറ്റക്കുറവനുസരിച്ച് അവരോടുള്ള നമ്മുടെ കടപ്പാടിലും ഏറ്റക്കുറവുാകും. അതുകൊണ്ട് നമ്മുടെ വീട്ടുകാരോട് അന്യരോടുള്ളതിലും അധികം കടപ്പാട്. പരീക്ഷണാർത്ഥനീതീകരണം പ്രാപിച്ചവരോടുള്ളതിലുമധികം സമർപ്പിതരോടും, നീതീകരണമില്ലാത്തവരിലുമധികം പരീക്ഷണാർത്ഥ നീതീകരണം പ്രാപിച്ചവരോടും നാം കടപ്പെട്ടിരിക്കുന്നു. ഈ വാക്യം പ്രയോഗത്തിൽ വരുത്തേണ്ടതു താഴെപ്പറയും പ്രകാരമാണെന്നു തോന്നുന്നു. ഒരു പ്രത്യേക സാഹചര്യത്തിൽ കർത്താവിന്റെ ഇഷ്ടത്തെ സംബന്ധിച്ച നമ്മുടെ ഉത്തമബോധ്യത്തിന്റെ അടിസ്ഥാനത്തിൽ നാം അയൽക്കാരന്റെ സ്ഥാനത്താണെങ്കിൽ അയാൾ നമ്മോട് എപ്രകാരം വർത്തിക്കണമെന്നു നാം വിചാരിക്കുന്നുവോ അപ്രകാരം അയാൾക്കു നാം സന്മനസ്സും സേവനവും നൽകുക. ഇതാണു കർത്തവ്യസ്നേഹം അഥവാ സമസൃഷ്ടങ്ങളോടുള്ള നീതി. ഈ പ്രമാണത്തെ ലംഘിച്ചുകൊള്ള ഒരു ബലിയും ദൈവത്തിനു സ്വീകാര്യമല്ല - P'32, 197

* * * * * *

**സമാന്തരവേദഭാഗങ്ങൾ : ലേവ്യ.19:18; മീഖാ.6:8; മത്താ.7:12;9:13; മർക്കൊ.12:31; റോമ.13:9; ഗലാ.5:14; യാക്കോ.2:8; 1തിമൊ.1:5; 1പത്രൊ.1:22; 2 പത്രൊ.1:7; 1യോഹ.3:18**

ചോദ്യങ്ങൾ :- ഈ ആഴ്ച ഞാൻ എന്നെപ്പോലെതന്നെ എന്റെ അയൽക്കാരനെ സ്നേഹിച്ചുവോ? സാഹചര്യങ്ങളും ഫലങ്ങളും എന്തായിരുന്നു?

# ഡിസംബർ 2

***ഇനി താമസിക്കുന്നതെന്ത്? എഴുന്നേറ്റു സ്നാനമേൽക്കുക - അപ്പൊ. 22 : 16***

ഈ പ്രസ്താവനയിലെ വളച്ചുകെട്ടില്ലായ്മ, മറ്റുള്ളവരുടെമേൽ ഏതെങ്കിലും സ്വാധീനമുള്ളവരും അവരെ ശരിയായ പാതയിലേക്കു നയിക്കുവാൻ ആഗ്രഹിക്കുന്നവരും പകർത്തേതാണ്. തത്ക്ഷണം പ്രവർത്തിക്കാനും കർത്താവിനെയും സത്യത്തെയും പൂർണ്ണമായി ഏറ്റുപറയാനും അനുസരിക്കാനും അവരെ ഉത്സാഹിപ്പിക്കുക. അവർ വിശ്വാസദൃഷ്ടികൾകൊു കർത്താവിനെ ദർശിച്ചശേഷം, അവരുടെ കാതുകൾ അവന്റെ ശബ്ദം ശ്രവിച്ചശേഷം തത്ക്ഷണം അനുസരിക്കാൻ പ്രേരിതരാകാത്ത പക്ഷം, സമയം പിന്നിടുന്തോറും അതു കൂടുതൽ ദുഷ്ക്കരമാകും. അപ്പോൾ ലോകവും ജഡവും പിശാചും ഇങ്ങനെ പറഞ്ഞുതുടങ്ങും : "തീവ്രവാദിയാകേതില്ല, മിതവാദിയായിരുന്നാൽ മതി. പൂർണ്ണസമർപ്പണം ആവശ്യമില്ല. നിങ്ങളുടെ അയൽവാസികളും സുഹൃത്തുക്കളും നിങ്ങളിൽ താളപ്പിഴ ആരോപിക്കും. അതു നിങ്ങളുടെ പ്രതീക്ഷകളെ പ്രതികൂലമായി ബാധിക്കും. അതു നിങ്ങൾക്കു സഹിക്കാവുന്നതിലുമധികമായിരിക്കും. സാവധാനം ചുവടുവയ്ക്കുക". - Z'01, 186 (R 2823)

* * * * * *

തർസോസുകാരനായ പൗലോസ്, സാഹചര്യങ്ങളും അനുഭവങ്ങളും സ്ഥിതിവിശേഷങ്ങളും അനുകൂലമായിരുന്നതായി തോന്നിയെങ്കിലും, കർത്താവിന്റെ ദൂതൻ പ്രേരിപ്പിക്കുന്നതുവരെ പ്രവർത്തനരംഗത്തു പ്രവേശിക്കാതെ കാത്തിരുന്നതായി തോന്നുന്നു. ഇക്കാര്യത്തിൽ അവൻ നമുക്കൊരു മാതൃകയാണ്. മുന്നോട്ടുപോകാൻ പ്രേരകമായ നിലയിൽ സാഹചര്യങ്ങൾ അനുകൂലമായി തോന്നിയാലും കർത്താവിന്റെ വചനവും ആത്മാവും സമ്മതിക്കുംവരെ അതിനു മുതിരാതെ ശാന്തമായി കർത്തൃ-നിയോഗത്തിനായി കാത്തിരിക്കണം. എന്നാൽ മുന്നോട്ടുനീങ്ങാൻ കർത്താവു ആജ്ഞാപിച്ചു കഴിഞ്ഞാൽ ശൗലിനെപ്പോലെ പിന്നെ നാം അതിനു വിസമ്മതിച്ചുകൂടാ. മുന്നോട്ടു നീങ്ങാനുള്ള തെറ്റായ സമ്മർദ്ദത്തെ വിജയകരമായി ചെറുത്തുനിൽക്കുന്നതും, കർത്താവിന്റെ സമയത്തിനായി ക്ഷമാപൂർവ്വം കാത്തിരിക്കുന്നതും, അനുമതി ലഭിച്ചാലുടൻ പിന്നെ മടിക്കാതെ കർത്തൃനിയോഗം അനുസരിക്കുന്നതും സ്വഭാവപക്വതയിലേക്കുള്ള മഹത്തായ ചുവടുവയ്പാണ്. നമ്മുടെ ക്രിസ്തീയ സ്വഭാവത്തിന്റെ വിശേഷിച്ചും നാം ദൈവജനങ്ങളെ നടത്തുവാൻ ചുമതലപ്പെട്ടവരെങ്കിൽ ഇതിലുപരി പരീക്ഷിക്കപ്പെടേ മറ്റൊരു ഘടകവുമില്ല.- P'26, 172

* * * * * *

**സമാന്തരവേദഭാഗങ്ങൾ:പുറ.22:29; മത്താ.8:21,22;19:16-22; ലൂക്കൊ.9:61,62; അപ്പൊ.24:25; യോശു.24:15; 1രാജാ.18:21; യെശ.50:7; 1കൊരി.15:58; 2പത്രൊ.1:10**

ചോദ്യങ്ങൾ :- ഈ ആഴ്ച ഒട്ടും മടിക്കാതെ കർത്തൃനിയോഗം അനുസരിക്കുവാൻ എനിക്കു കഴിഞ്ഞോ? എന്തുകൊ്? ഫലമെന്തായിരുന്നു?

# ഡിസംബർ 3

***സഹിഷ്ണുതയെക്കുറിച്ചുള്ള എന്റെ വചനം നീ കാത്തുകൊതിനാൽ ഭൂമിയിൽ വസിക്കുന്നവരെ പരീക്ഷിക്കേതിന് ഭൂതലത്തിൽ എങ്ങും വരുവാനുള്ള പരീക്ഷാനാഴികയിൽ ഞാനും നിന്നെ കാക്കും - വെളി. 3 : 10***

നാം വന്നെത്തിയിരിക്കുന്ന ഈ ലവദോക്യകാലയളവിൽ ക്ഷമാപൂർവ്വമായ സഹിഷ്ണുതയോടെ ഓട്ടക്കളത്തിൽ ഓടുന്നവർക്കുള്ള പ്രത്യേകമായ പ്രതിഫലമാണിത്. പരീക്ഷാനാഴികയിൽനിന്ന് ഒഴിവാക്കപ്പെടുന്നില്ലെങ്കിലും നമ്മുടെ കർത്താവിന്റെ സാന്നിദ്ധ്യകാലത്തു ജീവിക്കുന്നതുമൂലമുള്ള സവിശേഷാനുഗ്രഹങ്ങൾകൊ് അതിനെ അതിജീവിക്കുന്നതിനുള്ള അവകാശം നമുക്കു നൽകപ്പെടുന്നു. നമുക്ക് അവന്റെ കൂട്ടായ്മയും അവനിൽനിന്നുള്ള പ്രബോധനവും ലഭിക്കുന്നു. ഇപ്പോൾ "തക്കസമയത്തെ ഭക്ഷണമായിരിക്കുന്ന" ആത്മീയാഹാരം വിളമ്പിക്കിട്ടുന്നു. അതാകട്ടെ കഴിഞ്ഞകാലങ്ങളിൽ വിശ്വസ്തരായ അവന്റെ ജനങ്ങൾക്ക് അനുവദിക്കാതിരുന്ന വിധത്തിലും അളവിലും ആണുതാനും. എന്നാൽ സർവ്വലോകത്തിന്മേലും നിപതിക്കുന്ന ഈ പരീക്ഷാനാഴികയുടെ കപടതയും കാഠിന്യവും ഈ വലിയ വെളിച്ചത്തിന്റെ ഇരു മറുപുറമാണ്. ക്ഷമാപൂർണ്ണമായ സഹിഷ്ണുത എപ്പോഴെങ്കിലും ആവശ്യമെങ്കിൽ അതിപ്പോഴാണ് വേത്. - Z'01, 118 (R 2790)

* * * * * *

പരീക്ഷാനാഴിക എന്നു വിശേഷിപ്പിക്കാൻ കാരണം ഈ കാലഘട്ടത്തിലുടനീളം മനുഷ്യരാശിക്കാകെ, യഥാർത്ഥവും നാമധേയവുമായ സഭകൾക്ക്, വിശേഷിച്ചും കൊടിയ പരിശോധനകൾ നേരിടേിവരും എന്നതാണ്. ദൈവത്തിന്റെ സത്യജനത്തെയും നാമധേയജനത്തെയും ഈ പരിശോധനകൾ വിശേഷിച്ചും ആറുപ്രകാരത്തിൽ ഗുരുതരമായി അഭിമുഖീകരിക്കുകയുായി. അവ മറുവില നിഷേധം, വിശ്വാസനിരാകരണം, ഏകോപനവാദം, പരിഷ്കരണവാദം, വൈരുദ്ധ്യവാദം, പരിവർത്തനവാദം ഇവയാണ്. ഫിലദൽഫിയസഭ ഈ പ്രത്യേക പരിശോധനകളിൽനിന്ന് ഒഴിവാക്കപ്പെട്ടു. എന്നാൽ ലവദോക്യസഭയ്ക്ക് ഇവയെ അഭിമുഖീകരിക്കേി വന്നു. കർത്താവിന്റെ സാന്നിദ്ധ്യനാളിലും പ്രത്യക്ഷതയുടെ നാളിലും കാലോചിതമായി ഉദിച്ച വെളിച്ചത്തിൽ ലവദോക്യസഭയിലെ തന്റെ വിശ്വസ്തജനത്തിനു കർത്താവു പ്രത്യേക സഹായം നൽകി. ഈ പരീക്ഷാനാഴികയുടെ പരിവർത്തനവാദമെന്ന ദുരുപദേശം എപ്പിഫനി അഥവാ "പ്രഭാതിശയ" കാലഘട്ടത്തോടനുബന്ധിച്ചു പ്രവർത്തിക്കാൻ തുടങ്ങി - ഇത് അനേക കാര്യങ്ങളെ വെളിച്ചത്തിലേക്കു നയിച്ചു. - P'36, 166

* * * * * *

**സമാന്തരവേദഭാഗങ്ങൾ:വെളി.1:9;13:10;14:12;മത്താ.6:13;26:41; 1 കൊരി.10:13; എഫെ.6:13; 2പത്രൊ.2:9; മത്താ.24:24; യെശ.24:17; ദാനി.12:10; യാക്കോ.1:12; 1പത്രൊ.4:12**

ചോദ്യങ്ങൾ :- ഈ വേദവാക്യത്തോടനുബന്ധിച്ച് ഈ ആഴ്ചയിലെ അനുഭവങ്ങൾ എന്തായിരുന്നു? അവയെ എങ്ങനെ അഭിമുഖീകരിച്ചു? അവ എന്തു ഫലമുളവാക്കി?

# ഡിസംബർ 4

***ദോഷികളായ നിങ്ങൾ നിങ്ങളുടെ മക്കൾക്കു നല്ല ദാനങ്ങളെ കൊടുക്കുവാൻ അറിയുന്നുവെങ്കിൽ സ്വർഗ്ഗസ്ഥനായ പിതാവു തന്നോടു യാചിക്കുന്നവർക്കു പരിശുദ്ധാത്മാവിനെ എത്ര അധികം കൊടുക്കും - ലൂക്കൊ. 11 : 13***

ജീവിതത്തിന്റെ മുഖ്യലക്ഷ്യവും മുഴുവൻ പ്രാർത്ഥനയുടെയും സാരവും വിശുദ്ധിയുടെയും സത്യത്തിന്റെയും സുബോധത്തിന്റെയും ആത്മാവായ ക്രിസ്തുവിൻ ആത്മാവിനെ സമൃദ്ധിയായി പ്രാപിക്കുകയാണ് എന്ന മനോഗതിയിൽ എത്തുവാൻ കർത്താവിന്റെ സമർപ്പിതജനങ്ങൾക്കു കഴിഞ്ഞിരുന്നെങ്കിൽ അത് എത്ര അനുഗ്രഹകരം! ഉഷസ്സാകും വരെ അവർക്കു കർത്താവിനോടു മല്ലുപിടിക്കേിവരുന്നുവെങ്കിൽ, അവന്റെമേലുള്ള അവരുടെ വിടാത്ത പിടി നിശ്ചയമായും അവർ ആഗ്രഹിക്കുന്ന അനുഗ്രഹത്തിലേക്കു നയിക്കും. ഈ അനുഗ്രഹം അവർക്കു നൽകുക എന്ന ഒരേയൊരു ലക്ഷ്യത്തിലാണ് അവൻ തന്നെ അവർക്കു വെളിപ്പെടുത്തിയിരിക്കുന്നത്. എന്നാലും അവർ അതിനെ അഭിനന്ദിക്കുന്നതിനും കലശലായി ആഗ്രഹിക്കുന്നതിനും തുടങ്ങും വരെ അത് അവൻ തടഞ്ഞുവെക്കുന്നു. - Z'01, 271 (R 2864)

* * * * * *

നമ്മുടെ കർത്താവു ശിഷ്യന്മാരോട് അവർ ദോഷികളാണെന്നു പറഞ്ഞപ്പോൾ അവരുടെ ഉദ്ദേശ്യശുദ്ധിയല്ല അവൻ നിഷേധിച്ചത്. മാനസികമായും ഹൃദയപരമായും അവർക്കു വീഴ്ചഭവിച്ചിരിക്കുന്നു എന്നാണ് അവന്റെ ആശയം. എന്നാലും ഇനിയും ദൈവപ്രതിമയുടെ ലക്ഷണങ്ങൾ കുറെയൊക്കെ അവരിൽ അവശേഷിച്ചിട്ടുന്നെും തന്മൂലം തങ്ങളുടെ കുഞ്ഞുങ്ങൾക്കു പ്രകൃതിദത്തമായ നല്ല ദാനങ്ങൾ കൊടുക്കേത് എപ്രകാരമെന്ന് അവർ അറിയുന്നു എന്നും അതിനവർക്കു കഴിയുന്നുവെന്നും അവൻ സൂചിപ്പിച്ചു. പൂർണ്ണത നഷ്ടപ്പെട്ടവർക്കും ചില നന്മകൾ ചെയ്യാൻ കഴിയുമെങ്കിൽ പരമസമ്പൂർണ്ണതയുടെ ഉടമയായ ഒരുവന് എത്രയധികം നന്മചെയ്യാൻ കഴിയുമെന്ന യുക്തി ഇതിൽ അന്തർഭവിച്ചിരിക്കുന്നു. അതായത് തന്നോടു യാചിക്കുന്ന തന്റെ കുഞ്ഞുങ്ങൾക്കു പരിശുദ്ധാത്മാവിനെ നൽകാൻ അവനു കഴിയുമെന്നും അവൻ അതു നൽകുമെന്നും അർത്ഥം. പരിശുദ്ധാത്മദാനമാണ് ഏറ്റവും ഉന്നതമായ ആത്മീയദാനം. വാസ്തവത്തിൽ ഇതു നമ്മുടെ വർത്തമാനകാലാനുഗ്രഹങ്ങളുടെയെല്ലാം സാരസംഗ്രഹവും ഭാവിയിലെ സ്വർഗ്ഗീയ കൃപകളുടെയെല്ലാം അച്ചാരവുമാകുന്നു. അതുകൊ് നമ്മുടെ സ്വർഗ്ഗീയപിതാവിനോടുള്ള നമ്മുടെ പ്രാർത്ഥനകളെല്ലാം മുഖ്യമായും പരിശുദ്ധാത്മാവിനായുള്ള യാചനകൾകൊ് സാന്ദ്രമായതായിരിക്കണം. ദൈവം ഇതു തനിക്കുള്ളവർക്കു നൽകുന്നു. - P'30, 183, 184

* * * * * *

**സമാന്തരവേദഭാഗങ്ങൾ : സങ്കീ.103:13;സദൃ.1:23;3:12; യോവേ.2:29; മത്താ.7:7-11;21:22; മർക്കൊ.11:24; യോഹ.14:16;15:7;4:10; എഫെ.1:3; തീത്തൊ.3:4,5**

ചോദ്യങ്ങൾ :- ഈ ആഴ്ച ഞാൻ പരിശുദ്ധാത്മാവിനുവേി പ്രാർത്ഥിച്ചുവോ? എങ്ങനെ? എപ്രകാരം? എന്തു ഫലമുളവായി?

# ഡിസംബർ 5

***നിങ്ങൾ ആരെ സേവിക്കുമെന്ന് ഇന്നു തിരഞ്ഞെടുത്തുകൊൾവിൻ; ഞാനും എന്റെ കുടുംബവുമോ, ഞങ്ങൾ യഹോവയെ സേവിക്കും - യോശു. 24 : 15***

മറ്റുള്ളവർ തങ്ങൾക്കിഷ്ടപ്പെട്ട ആരെയും എന്തിനെയും വണങ്ങട്ടെ. കർത്താവു കൃപാലു എന്ന് രുചിച്ചറിഞ്ഞിട്ടുള്ള നമുക്ക്, അവന്റെ വചനവും ജീവന്റെ പുതുക്കത്തിനായി നമ്മെ ചൈതന്യവത്കരിച്ച അവന്റെ ആത്മാവും മൂലം അവനെക്കുറിച്ചുള്ള പരിജ്ഞാനം ലഭിച്ച നമുക്ക് നമ്മുടെ ദൈവത്തെ വണങ്ങുകയല്ലാതെ മറ്റൊന്നും ചെയ്യാനില്ല. അവനെ വണങ്ങുകയെന്നാൽ നിസ്സംശയം അവനിൽ വിശ്വാസമർപ്പിക്കുകയാണ്. അവനെ സംശയാതീതമായി വിശ്വസിക്കുന്നപക്ഷം അവൻ നമുക്കുവേി ഒരുക്കുന്ന ഏതു പാതയിലും നാം സന്തോഷപൂർവ്വം നടക്കും. അങ്ങനെ അചഞ്ചലരായി നടക്കയിൽ നേരിടുന്നതെന്തായാലും നാം സംതൃപ്തരായിരിക്കും. എന്തെന്നാൽ അവന്റെ കരങ്ങളാണ് നമ്മെ നയിക്കുന്നത്. ഇപ്രകാരം യഥാർത്ഥ ഇടയനെ അനുഗമിക്കയിൽ അന്തിമമായി നാം രാജ്യമാകുന്ന തൊഴുത്തിൽ എത്തുമെന്നുള്ള ഉറപ്പു നമുക്കുാകട്ടെ. ഈ ഉറപ്പുകൾമൂലം നാം പരദേശികളായിരിക്കുന്ന ഈ ഭവനത്തിൽപോലും നമുക്കു ഹൃദയത്തിൽ സന്തോഷവും സമാധാനവും അനുഭവിക്കാൻ കഴിയും. - Z'01, 284 (R 2872)

* * * * * *

കർത്താവിന്റെ ഇഷ്ടം തിരിച്ചറിഞ്ഞു കഴിഞ്ഞാൽ അത് അനുഷ്ഠിക്കാൻ ഉടനടി തീരുമാനിക്കുന്നതാണ് വിശ്വസ്തന്മാരുടെ പ്രവൃത്തിമാർഗ്ഗം. നന്മതിന്മകളെ സംബന്ധിച്ച ദൈവഹിതം തിരിച്ചറിഞ്ഞശേഷവും ദൈവേഷ്ടം പാലിക്കുന്നതിൽ നിന്ന് ഒഴിഞ്ഞുനിൽക്കുകയും തിന്മയോടു ഗണ്യമായിസഖ്യം പുലർത്തുകയും ചെയ്യുന്നത് പ്രകടമായും അവിശ്വസ്തരായിരിക്കുന്നവരുടെ ലക്ഷണമാണ്. കർത്താവു ദീർഘക്ഷമയുള്ളവനായിരിക്കെത്തന്നെ അവസാനം ഒരു തീരുമാനത്തിലെത്താൻ ഇവരുടെമേൽ അവൻ സമ്മർദ്ദം പ്രയോഗിക്കും. അവന്റെ ഇച്ഛയ്ക്ക് അനുകൂലമോ പ്രതികൂലമോ ആയ തീരുമാനം കൈക്കൊള്ളാൻ പ്രേരകമായ അനുഭവങ്ങൾക്ക് അവൻ രൂപം നൽകും. വിശ്വസ്തരായവർ പുരാതന പുരുഷനായ യോശുവയെപ്പോലെ വാക്കുകളും ദൃഷ്ടാന്തവും വഴി പ്രകടമായും അവിശ്വസ്തരായവരെ ശരിയായ തീരുമാനം കൈക്കൊള്ളാൻ പ്രോത്സാഹിപ്പിക്കട്ടെ. ഇപ്രകാരമുള്ള പ്രോത്സാഹനം അവർ അംഗീകരിച്ചാലും ഇല്ലെങ്കിലും വിശ്വസ്തജനം ശിരസ്സായ ക്രിസ്തുവിനു കീഴ്പ്പെട്ടിരുന്നുകൊ് സ്വയത്തിനും ലോകത്തിനും മരിച്ചവരും ദൈവത്തിനു ജീവിക്കുന്നവരുമായി നിലകൊള്ളണം. ഇങ്ങനെ കഴിയുന്നവരിലെല്ലാം സ്വാധീനം പ്രയോഗിച്ചുകൊ് അവർ കർത്താവിനെ സേവിക്കട്ടെ. - P'35, 172

* * * * * *

**സമാന്തരവേദഭാഗങ്ങൾ : 1 രാജാ.18:21; യെഹെ20:39; ലൂക്കൊ.16:13; റോമ.6:16; ഉല്പ.18:19; യോഹ.6:67-69; മത്താ.19:16-22;26:33,35; യോശു.24:16-18;23:15; 1ദിന.28:9**

ചോദ്യങ്ങൾ :- ഈ ആഴ്ച ഒരു ഉറച്ച തീരുമാനമെടുക്കാൻ എനിക്കു കഴിഞ്ഞോ? എങ്ങനെ? ഏതു സാഹചര്യത്തിൽ? ഫലമെന്തായിരുന്നു?

# ഡിസംബർ 6

***ആത്മസംയമനം ഇല്ലാത്ത പുരുഷൻ മതിൽ ഇല്ലാതെ ഇടിഞ്ഞുകിട ക്കുന്ന പട്ടണംപോലെ - സദൃ. 25 :28***

സ്വയത്തെ കീഴടക്കാനുള്ള പോരാട്ടമാണ് ഏറ്റവും വലുത്. "ജിതമാന സൻ (മനസ്സിനെ, ഇച്ഛയെ കീഴടക്കുന്നവൻ) പട്ടണം പിടിക്കുന്നവനിലും ശ്രേഷ്ഠൻ" എന്നു കർത്താവിന്റെ വചനം പറയുന്നു. എന്തെന്നാൽ മാത്സര്യം എന്ന സ്വഭാവധർമ്മം ശരിയായ വഴിക്ക് ആത്മസംയമനരൂപത്തിൽ, പ്രായോഗിക മാക്കാൻ അത്രത്തോളം അവനു കഴിഞ്ഞിരിക്കുന്നു. നമ്മിൽതന്നെ കുടികൊ ള്ളുന്ന പാപത്തോടും സ്വാർത്ഥത്തോടും പടവെട്ടുന്നതിലും സ്വന്തം കണ്ണിൽനിന്നു കോൽ എടുത്തുകളയുന്നതിലും നമ്മുടെതന്നെ ഹൃദയത്തിലും ജഡത്തിലും വസിക്കുന്ന കോപവും അസൂയയും വിദ്വേഷവും ശണ്ഠയും കീഴട ക്കുന്നതിലും ഗണ്യമായ നേട്ടം കൈവരിച്ചശേഷം ഈ കടുത്ത പോരാട്ടവും അനുഭവസമ്പത്തും ആധാരമാക്കി വേണം സഹോദരവർഗ്ഗത്തെയും അയൽക്കാ രെയും സഹായിക്കുന്നതിനും അവരുടെ പരീക്ഷകളിലും ദൗർബ്ബല്യങ്ങളിലും അവരെ താങ്ങുന്നതിനും ഒരുങ്ങുന്നത്. - Z'01, 295 (R 2877)

* * * * * *

ഇവിടെ ആത്മ ശബ്ദത്തിന് സ്വഭാവം എന്നർത്ഥം. ആത്മസംയമനത്തിന്റെ അഭാവം ആത്മനിയന്ത്രണമില്ലായ്മയെ കുറിക്കുന്നു. അങ്ങനെയുള്ള ഒരുവൻ സ്വഭാവം സംബന്ധിച്ച് ഒരു തികഞ്ഞ പരാജയം തന്നെ. അപ്രകാരമുള്ള ഒരു വനെ ശലോമോൻ മതിലില്ലാതെയും ഇടിഞ്ഞുതകർന്നും കിടക്കുന്ന ഒരു പട്ടണ ത്തോട് ഉപമിക്കുന്നു. ഇതനുസരിച്ച് സ്വഭാവപരമായി നാം ഒരു പട്ടണംപോലെ യാണ്. നമ്മിലുള്ള നാനാസദ്ഗുണങ്ങളെ അതിലെ വീടുകളോടും സദ്വിചാര ങ്ങളെ നഗരരക്ഷികളായ കാവൽ ഭടന്മാരോടും ആത്മനിയന്ത്രണത്തെ നഗരമതി ലിനോടും സാദൃശ്യപ്പെടുത്താം. പാപം, അസത്യം, സ്വാർത്ഥത, ലോകമയത്വം ഇവ സാത്താനാകുന്ന സർവ്വസൈന്യാധിപന്റെയും ജഡവും ലോകവുമാകുന്ന ഉപസേനാപതികളുടെയും കീഴിൽ പുറത്തു പടയാളികളായി അണിനിരക്കുന്നു. ഇവയുടെ ആക്രമണലക്ഷ്യം മുഖ്യമായും നമ്മുടെ ആത്മനിയന്ത്രണമാണ്. ആത്മനിയന്ത്രണമാകുന്ന മതിൽ വീണുകഴിഞ്ഞാൽ അവ നമ്മിലുള്ള എല്ലാ സദ്ഗുണങ്ങളെയും സദ്വിചാരങ്ങളെയും നിർമ്മൂലമാക്കുന്നു. ആത്മനിയ ന്ത്രണമാകുന്ന ഭിത്തിയിൽ വിള്ളൽവീഴാതെ സൂക്ഷിക്കുന്നതിലാകണം നമ്മുടെ മുഖ്യ ശ്രദ്ധ. ഇങ്ങനെ ചെയ്താൽ നമ്മുടെ പ്രതിരോധ യുദ്ധതന്ത്രത്തിൽ നാം വിജയികളാകും. നമ്മുടെ പ്രതിരൂപാത്മക നഗരം പരിരക്ഷിതമായിരിക്കയും ചെയ്യും. - P'34, 174, 175

* * * * * *

**സമാന്തരവേദഭാഗങ്ങൾ:സങ്കീ.116:11; സദൃ.14:29; 16:32; 19:2; 21:5; 23:2; 25:8; 29:20; സഭാ.5:2;7:9; ലൂക്കൊ.14:26,27; റോമ.8:12,13;13:14:1-15:5; 1കൊരി.6:12; 8:13; 9:12,15,18, 19,23,25-27; കൊലൊ.3:5; തീത്തൊ.2:12; 1പത്രൊ.4:1,2; 2പത്രൊ.1:6**

ചോദ്യങ്ങൾ :- ആത്മസംയമനം പാലിക്കുന്നതിൽ ഞാൻ ഈ ആഴ്ച വിജയിച്ചോ അഥവാ പരാജയപ്പെട്ടോ? എന്തുകൊ്? എങ്ങനെ? ഫലങ്ങൾ എന്തായിരുന്നു?

# ഡിസംബർ 7

***അവൻ ശകാരം കേട്ടിട്ടു പകരം ശകാരിച്ചില്ല - 1 പത്രൊ. 2 : 23***

യേശുവിന്റെ ശത്രുക്കൾ അവനിൽ ന്യായമായും ഉചിതമായും ശകാരമോ ദോഷാരോപണമോ അർഹിക്കുന്ന വല്ലതും കത്തെിയതുകൊല്ല, ശകാരമോ ദോഷാരോപണമോ അർഹിക്കുന്നതൊന്നും കത്തൊൻ കഴിയാതെവണ്ണം അവന്റെ എതിരാളികൾ സദ്ഗുണപൂർണ്ണരായിരുന്നതുകൊുമല്ല, മറിച്ച് ദൈവേഷ്ടത്തോടുളള പൂർണ്ണവിധേയത്വം കൊാണ് പുരുഷാരത്തിന്റെ അധിക്ഷേപത്തെയും ശകാരത്തെയും നേരിടാൻ അവൻ ശക്തനായത്. താഴ്മയോടും ക്ഷമയോടും അതു സഹിക്കാനും ഇതിനായിത്തന്നെ അവൻ വിളിക്കപ്പെട്ടു എന്ന് ഓർമ്മിച്ചുകൊള്ളാനും അവനു കഴിഞ്ഞു. അതുകൊുതന്നെ അവൻ ക്ഷമയോടെ സഹിക്കയും പാഠങ്ങൾ ഉൾക്കൊള്ളുകയും വിശ്വസ്തനെന്നു തെളിയിക്കയും തന്റെ യഥാർത്ഥ സ്വഭാവം പരിപോഷിപ്പിച്ചു വെളിപ്പെടുത്തുകയും ജനങ്ങളുടെ നേർക്ക് അവരുടെ അന്ധതയിലും അജ്ഞതയിലും സഹതപിക്കുകയും അവരോടുള്ള സ്നേഹം പ്രകടമാക്കുകയും ചെയ്തു. - Z'01, 298 (R 2877)

* * * * * *

ശകാരിക്കുക എന്നത് നീതികേടായും നിഷ്കരുണമായും മറ്റുള്ളവരോട് അപമാനകരമായ നിലയിൽ സംസാരിക്കുന്നതും പെരുമാറുന്നതുമാണ്. ശിക്ഷയ്ക്കു വിധിക്കപ്പെട്ടശേഷം യേശു കയ്യഫാവിന്റെയും പീലാത്തോസിന്റെയും അരമനകളിൽവച്ച് പട്ടാളക്കാരാലും കാൽവരിയിലും അങ്ങോട്ടുള്ള വഴിക്കുംവച്ച് ജനങ്ങളാലും പട്ടാളക്കാരാലും വിശേഷാൽ ശകാരിക്കപ്പെട്ടു. അവൻ ശകാരയോഗ്യനല്ലാതിരുന്നിട്ടും ശകാരത്തിനു പകരം ശകാരിച്ചില്ല. അവരുടെ നിന്ദ്യമായ വാക്കുകളും പ്രവൃത്തികളും മൂലം അവന്റെ മനസ്സിനെ വ്രണപ്പെടുത്തി, ശകാരത്തിന്റെ ആത്മാവിനെയും വാക്കുകളെയും പെരുമാറ്റങ്ങളെയും അവനിൽ ഉത്തേജിപ്പിക്കുവാൻ സംശയലേശമെന്യേ സാത്താൻ ശ്രമിച്ചിരിക്കും. ഇതിൽ സാത്താൻ പരാജിതനായി. കാരണം നമ്മുടെ പ്രിയപ്പെട്ട വീടുപ്പുകാരൻ "അപമാനം അലക്ഷ്യമാക്കി" ആ ശകാരത്തെ അവഗണിക്കയും പിതാവിനെ പ്രീതിപ്പെടുത്തുകയും ചെയ്തു. മറ്റെല്ലാവരിലുമെന്നപ്രകാരം ഇക്കാര്യത്തിലും അനുഗ്രഹിക്കപ്പെട്ട കർത്താവു നമുക്കൊരു ദൃഷ്ടാന്തമാണ്. എന്തൊക്കെ ശകാരങ്ങൾ നമുക്കു നേരിട്ടാലും ശകാരത്തിനു ശകാരം പകരം നൽകാൻ നാം എത്രമേൽ പ്രലോഭിതരായാലും അവനെപ്പോലെ നമുക്കും "അപമാനം അലക്ഷ്യമാക്കി" ശകാരങ്ങൾക്കുമദ്ധ്യേ അവയെ അവഗണിച്ചുകൊ് കർത്താവിനെ പ്രസാദിപ്പിക്കുന്നതിൽ മനസ്സുറപ്പിക്കാം. - P'33, 177

* * * * * *

**സമാന്തരവേദഭാഗങ്ങൾ : മത്താ.26:65;27:13,27-30,39-44,49; സങ്കീ.22:6,7,16, 17;31:11-13;35:20,21;71:10,11;109:25; യെശ.50:6;53:7; എബ്രാ.12:3**

ചോദ്യങ്ങൾ :- ഈ വേദവാക്യം ഈ ആഴ്ച എനിക്ക് എങ്ങനെ ഉപകരിച്ചു?

# ഡിസംബർ 8

***ലോകം നിങ്ങളെ പകയ്ക്കുന്നു എങ്കിൽ അതു നിങ്ങൾക്കു മുമ്പെ എന്നെ പകച്ചിരിക്കുന്നു എന്ന് അറിവിൻ - യോഹ. 15 : 18***

നമ്മുടെ ഗുരു പകയ്ക്കപ്പെട്ടതു നിഷ്കാരണമായിരുന്നപ്രകാരം നമ്മെ സംബന്ധിച്ചും അത് ആവതും അപ്രകാരമായിരിക്കട്ടെ. നമുക്ക് എതിരായി അണിനിരത്തപ്പെട്ടേക്കാവുന്ന ദ്വേഷവും അസൂയയും പകയും കൊലയും അശേഷം നാം അർഹിക്കാത്തതായിരിക്കട്ടെ. നമ്മുടെ ജീവിതം കഴിവതും നിർമ്മലമായിരിക്കട്ടെ. നമ്മുടെ വിചാരങ്ങളും വാക്കുകളും പ്രവൃത്തികളും നമ്മുടെ കഴിവിനൊത്തവിധം കർത്താവിന്റെ സ്തുതികളെ ഘോഷിക്കുന്നതും സകലമനുഷ്യരോടും വിശേഷാൽ വിശ്വാസത്തിന്റെ ഭവനത്തോടുമുള്ള നമ്മുടെ സ്നേഹത്തെ വിളിച്ചറിയിക്കുന്നതുമാകണം. ക്രമേണ പുതിയ യുഗം പൂർണ്ണമായി പ്രവർത്തിച്ചു തുടങ്ങുമ്പോൾ എതിരാളിയാൽ അന്ധരാക്കപ്പെട്ടും വഴിതെറ്റിക്കപ്പെട്ടും ഇപ്പോൾ നമ്മെ ദ്വേഷിക്കുന്നവർ കർത്താവിന്റെ അഭിഷിക്തഗണത്തിനു മുമ്പിൽ പ്രണമിക്കും. നമുക്കാകട്ടെ അവരെ ഉദ്ധരിക്കയും അനുഗ്രഹിക്കയും പ്രോത്സാഹിപ്പിക്കയും അവരോടു ക്ഷമിക്കയും ദൈവത്തിന്റെ പൂർണ്ണസാദൃശ്യത്തിലേക്കും സ്വരൂപത്തിലേക്കും മടങ്ങിവരുന്നതിൽ സഹായിക്കയും ചെയ്യുന്നതിലുള്ള മഹാസന്തോഷം കൈവരികയും ചെയ്യും. - Z'01, 300 (R 2880)

* * * * * *

ലോകം എന്ന പദത്തിന് തിരുവെഴുത്തുകളിൽ പ്രപഞ്ചം, ഭൂമി, യുഗപരമായ വ്യവസ്ഥിതി, ആ വ്യവസ്ഥിതിയുമായി ബന്ധപ്പെട്ടിരിക്കുന്ന ജനത, മനുഷ്യരാശി മൊത്തത്തിൽ എന്നെല്ലാമർത്ഥമുട്. മനുഷ്യസമൂഹം ഒന്നാകെ നമ്മുടെ കർത്താവിനെ പകച്ചില്ല എന്നത് പ്രകടമാണ്. എന്തെന്നാൽ അവനുമായി സമ്പർക്കമുാകാൻ അവസരം ലഭിച്ച ചില വിജാതിയർ അവനെ ബഹുമാനിച്ചതായി കാണുന്നു. എന്നാൽ യഹൂദമതനേതാക്കളും അവരുടെ സ്വാധീനവലയത്തിൽപ്പെട്ടവരും അവനെ പകച്ചു. അവന്റെ ഉപദേശങ്ങൾ അവരുടെ തെറ്റുകളെ ഖണ്ഡിച്ചതാണ് ഈ പകയ്ക്കു കാരണം. അവന്റെ ദൃഷ്ടാന്തം അവരുടെ കപടഭക്തിയുടെ വിലയിടിച്ചു. അവന്റെ തുറന്ന വിമർശനങ്ങൾ അവരുടെ അഭിമാനത്തെ അതിമോഹങ്ങളെ അപകടത്തിലാക്കി. അവന്റെ ധർമ്മസംഹിത അവരുടെ കക്ഷിഭേദങ്ങളെ നിരർത്ഥകമാക്കി. അവന്റെ സ്വാധീനം അവരുടെ ശക്തിയെ ക്ഷയിപ്പിച്ചു. "ഇരുൾ വെളിച്ചത്തെ പകയ്ക്കുന്നു" എന്നതിനാൽ സുവിശേഷയുഗത്തിൽ നാമധേയദൈവജനം ദൈവത്തിന്റെ വിശ്വസ്തജനത്തെ പകച്ചു. യേശുവിനെ പകച്ച അതേകാരണം കൊുതന്നെ അവസാനത്തോളം ഇത് അങ്ങനെ തന്നെ ആയിരിക്കയും ചെയ്യും. - P'32, 197

* * * * * *

**സമാന്തരവേദഭാഗങ്ങൾ:സങ്കീ.41:9;യോഹ.15:17,19-25;യെശ.53:1-3; മത്താ. 10:16-39;24:9; മർക്കൊ.13:13; ലൂക്കൊ.21:17;19:14; യോഹ.16:2,3;17:14; 1യോഹ.3:1,13**

ചോദ്യങ്ങൾ :- സത്യം നിമിത്തം ഈ ആഴ്ച ഞാൻ മറ്റുള്ളവരുടെ വിദ്വേഷത്തിനു വിധേയനായോ? എങ്ങനെ? ഫലമെന്തായിരുന്നു?

# ഡിസംബർ 9

***പ്രലോഭനത്തെ നേരിടുന്ന മനുഷ്യൻ ഭാഗ്യവാൻ; അവൻ കൊള്ളാവുന്നവനായി തെളിഞ്ഞശേഷം കർത്താവു തന്നെ സ്നേഹിക്കുന്നവർക്കു വാഗ്ദത്തം ചെയ്ത ജീവകിരീടം പ്രാപിക്കും - യാക്കോ. 1 : 12***

ദൈവത്തോടു യാഗം ചെയ്ത് ഉടമ്പടി ചെയ്തവർക്ക് അനുവദിച്ചിരിക്കുന്ന ഓരോ പരീക്ഷയും ഓരോ പീഡനവും ഓരോ ജീവിതക്ളേശവും അവരെ പരിശോധിക്കുന്നതിനും സ്നേഹത്തിന്റെ മാറ്റ് നിർണ്ണയിക്കുന്നതിനും, സ്വഭാവം നീതിയിൽ വേരൂന്നി ദൃഢപ്പെട്ടു സ്നേഹത്തിൽ അടിസ്ഥാനപ്പെട്ടതോ എന്നു തെളിയിക്കേതിനും ഉദ്ദേശിച്ചുള്ളതാണെന്ന വസ്തുത ഓർമ്മിച്ചുകൊാൽ ഈ പരീക്ഷകളെയും ക്ലേശങ്ങളെയും പ്രലോഭനങ്ങളെയും പറ്റി നമുക്കു പുതിയൊരു കാഴ്ചപ്പാടുാകും. നല്ലപോർ പൊരുതുന്നതിനും വിജയം വരിക്കുന്നതിനും ആ കാഴ്ചപ്പാടു വലിയൊരളവിൽ സഹായകമാകും. അപ്പോൾ നാം ഇങ്ങനെ പറയും : "ഈ ലഘുപരീക്ഷകൾവഴി കർത്താവ് എനിക്ക് അവനോടുള്ള സ്നേഹവും ഭക്തിയും മാറ്റുരച്ചുനോക്കുകയാണെങ്കിൽ അവ ഒരുവേള ലഘുതരമോ അഥവാ ഗുരുതരമോ ആകട്ടെ, കർത്താവിനോടും അവന്റെ സന്ദേശത്തോടും എനിക്കുള്ള നിറഞ്ഞ സ്നേഹാദരങ്ങൾ പ്രകടിപ്പിക്കാൻ ഉപകരിക്കുന്ന സുവർണ്ണാവസരങ്ങളായി ഞാൻ അതിനെ ശ്രദ്ധാപൂർവ്വം പ്രയോജനപ്പെടുത്തും." - Z'98, 41 (R 2257)

* * * * * *

ഇവിടെ പ്രലോഭനം എന്നതിനു പരിശോധന, പരീക്ഷ എന്നാണർത്ഥം. പ്രലോഭനത്തെ നേരിടുക എന്നാൽ പരീക്ഷകളെ സന്തോഷപൂർവ്വം സ്വാഗതം ചെയ്യുന്നതോടൊപ്പം അവയുടെ മദ്ധ്യേ സത്പ്രവൃത്തികളിൽ വിജയകരമായി ഉറച്ചുനിൽക്കുക എന്നാണ്. ക്രിസ്തീയജീവിതം പരീക്ഷകൾ നിറഞ്ഞതാണ്. പൂർണ്ണജേതാക്കളെന്നു എണ്ണപ്പെടുംമുമ്പു നാം പരിശോധിക്കപ്പെടുകയും സ്വഭാവത്തിന്റെ എല്ലാവശത്തും സുസമ്മതരായി അംഗീകരിക്കപ്പെടുകയും വേണം. പരീക്ഷകൾ പ്രതീക്ഷിക്കുന്നുവെങ്കിൽ നാം ഭാഗ്യവാന്മാരാണ്. കാരണം അപ്രകാരമുള്ള പ്രതീക്ഷ അതിനു നമ്മെ സന്നദ്ധരാക്കും. പരിശോധിക്കപ്പെടുന്നുവെങ്കിൽ നാം ഇരട്ടി ഭാഗ്യവാന്മാരാണ്. കാരണം ഇതു നമുക്ക് വിജയത്തിന് അവസരം സൃഷ്ടിക്കും. സ്വഭാവം, പ്രകൃതി, ദർശനം, ബഹുമാനം, സംസർഗ്ഗം, അവകാശം, പ്രവർത്തനം എന്നീ അർത്ഥങ്ങളെല്ലാം അന്തർഭവിച്ചിരിക്കുന്ന രാജ്യത്തിലെ നിത്യജീവിതം നിശ്ചയമായും നമ്മുടേതാകും. വാഗ്ദത്ത "സന്തതിക്കു" ദൈവം ഇവയെല്ലാം ആണയോടുകൂടിയ ഉടമ്പടി കൊ് ഉറപ്പിച്ചിരിക്കുന്നു. ദൈവത്തെ പരമമായി സ്നേഹിക്കുന്ന സമർപ്പിതർ അടങ്ങുന്നതാണ് ആ "സന്തതി". - P' 26, 173

* * * * * *

**സമാന്തരവേദഭാഗങ്ങൾ:ഇയ്യോ.5:17; സങ്കീ.94:12;119:67,71; സദൃ.3:11,12; മത്താ.24:13; 1കൊരി.9:25; 2തിമൊ.4:8; 1പത്രൊ.5:4; മത്താ.19:28,29; യാക്കോ.2:5; വെളി.2:10**

ചോദ്യങ്ങൾ :- ഈ ആഴ്ച ഞാൻ എന്തെല്ലാം പരീക്ഷകളെയാണ് അതിജീവിച്ചത്? എങ്ങനെ? ഫലങ്ങൾ എന്തായിരുന്നു?

# ഡിസംബർ 10

***എന്നെ മാനിക്കുന്നവരെ ഞാൻ മാനിക്കും - 1 ശമു.2:30***

കർത്താവിനെ സേവിക്കുന്നതിനു നമുക്ക് അവസരം നൽകുവാൻ അവനു തിരുവിഷ്ടമാകുന്ന തുറ ഏതായാലും അതിൽ നാം ഉടനടി ഉത്സാഹപൂർവ്വം പ്രവേശിക്കണം. അവനോടും അവൻ നമ്മെ ഭരമേൽപ്പിച്ചിരിക്കുന്ന ദൗത്യ ത്തോടും തികഞ്ഞ തീക്ഷ്ണതയോടു കൂടെത്തന്നെ. അവന്റെ അംഗീകാര ത്തിനുള്ള ഒരു യോഗ്യത ഇതാണ്. നാം അലസരും അവസരങ്ങളെപ്പറ്റി അശ്ര ദ്ധാലുക്കളുമാകുമ്പോൾ അവ നിശ്ചയമായും നമ്മിൽനിന്ന് എടുത്തു മറ്റുള്ള വർക്കു നൽകപ്പെടും. എന്തെന്നാൽ നമ്മുടെ സ്വതന്ത്രചിത്തത്തിൽ ഇടപെടാതെ തന്റെ ദൗത്യം ഏറ്റെടുക്കുന്നതിന് മറ്റാരെയെങ്കിലും എഴുന്നേൽപ്പിക്കാൻ കർത്താവു തികച്ചും ശക്തനാണ്. ദൈവത്തോടുകൂടെ കൂട്ടുവേലക്കാരായിരി ക്കുന്ന പദവിയിൽ നമുക്ക് അത്യന്തം അഭിമാനഭരിതരാകാം. വിശേഷിച്ചും നമ്മുടെ കർത്താവും ഗുരുവുമായവൻ നിർവഹിക്കുന്ന ഈ വലിയ ശുശ്രൂഷ യോടനുബന്ധിച്ചും നാം വിളിക്കപ്പെട്ടിരിക്കുന്ന കൂട്ടായ്മയിലും നമുക്ക് ആഹ്ലാദി ക്കാം.
Z'01, 318(R 2888)

*　　*　　*　　*　　*　　*

ദൈവത്തെ മാനിക്കുക എന്നതിനർത്ഥം നമ്മുടെ ജീവിതത്തിൽ ദൈവത്തിനു പ്രഥ മസ്ഥാനം നൽകുക എന്നാണ്. ഒരു വശത്തു ദൈവം എതിരാളിയായി കാണുന്ന തിനെ നാമും നിരന്തരമായും വിജയകരമായും അങ്ങനെതന്നെ കാണുക എന്നാണ് ഇതിനർത്ഥം. അകത്തും പുറത്തും പാപത്തിന്റെയും അസത്യത്തിന്റെയും സ്വാർത്ഥത്തി ന്റെയും പ്രാപഞ്ചികത്വത്തിന്റെയും രൂപത്തിൽ വ്യാപരിക്കുന്ന സാത്താനെയും ജഡ ത്തെയും ലോകത്തെയും ശത്രുവിന്റെ നിലയിൽ കാണുക എന്നുതന്നെ. അതായത് ദൈവവചനം ധ്യാനിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുക, ദൈവവചനത്തിനനുരൂപ മായി സ്വഭാവസംസ്കാരം നേടുക, ദൈവവചനത്തോടുള്ള വിശ്വസ്തതയുടെ പേരിൽ ദോഷങ്ങൾ സഹിക്കുക, ദൈവവചനത്തിനു ചേരുംവിധം ജാഗരിക്കയും പ്രാർത്ഥിക്കയും ചെയ്യുക. അങ്ങനെയുള്ളവരെ ദൈവം വാസ്തവമായി മാനിക്കും. അവൻ അവരെ ഈ ആയുസ്സിൽ പരിശുദ്ധാത്മാവുകൊണ്ടും അവന്റെ വചനത്തിന്റെ പരിജ്ഞാനംകൊണ്ടും പ്രാർത്ഥിക്കുവാനും ശുശ്രൂഷിക്കുവാനുമുള്ള അവകാശംകൊണ്ടും പാപം, അസത്യം, സ്വാർത്ഥത, പ്രാപഞ്ചികത്വം ഇവയിൽനിന്നുള്ള വേർപാടുകൊണ്ടും ക്രിസ്തുവിൻ സാദൃശ്യ ത്തിലുള്ള വളർച്ചകൊണ്ടും പോരാട്ടങ്ങളിലുള്ള വിജയംകൊണ്ടും മാനിക്കും. വരുന്ന ആയു സ്സിൽ സ്വഭാവം, പ്രകൃതി, ദർശനങ്ങൾ, മഹത്ത്വീകരണം, സംസർഗ്ഗം, അവകാശം, ചുമത ല, പ്രവർത്തനം എന്നിവയിൽ രാജ്യത്തിലെ അതിമഹത്തായ അനുഗ്രഹങ്ങൾകൊണ്ടും അവൻ അവരെ മാനിക്കും.- P'36, 166

*　　*　　*　　*　　*　　*

**സമാന്തരവേദഭാഗങ്ങൾ : യിരെ.18:9,10; സങ്കീ.18:20;91:14;50:23; സദൃ.3:9,10; യെശ.29:13,14; ദാനി.4:34; മലാ.1:6; യോഹ.5:23,44;8:49;12:26; 13:31,32;17:4,5; 1കൊ രി.4:5; 1പത്രൊ.1:7**

ചോദ്യങ്ങൾ :- ഈ വേദവാക്യം ഈ ആഴ്ച എന്നിൽ നിറവേറിയോ? എങ്ങനെ? ഏതു പരിതസ്ഥിതികളിൽ? ഫലമെന്തായിരുന്നു?

# ഡിസംബർ 11

***മകനേ, നിന്റെ ഹൃദയം എനിക്കു തരുക; എന്റെ വഴി നിന്റെ കണ്ണിന് ഇമ്പമായിരിക്കട്ടെ - സദൃ. 23 : 26***

ഇപ്രകാരം ദൈവത്തിനു വിട്ടുകൊടുക്കപ്പെട്ട ഹൃദയം അഥവാ ഇച്ഛ ദൈവത്തിന്റെ ഇഷ്ടം അറിവാനും ദൈവത്തിന്റെ വിചാരം ഗ്രഹിക്കാനും അതിനെ വാക്കിലും പ്രവൃത്തിയിലും അനുസരിക്കാനും ശ്രമിക്കുന്നു. നാം പ്രാപിക്കുന്ന ഈ പുതിയ മാനസികാവസ്ഥയ്ക്ക് ആനുപാതികമായി എല്ലാ തലത്തിലും ജീവിതത്തിൽ ഒരു പുതുക്കം ആരംഭിക്കും. ആഗ്രഹങ്ങളിലും ആശകളിലും മനോഭാവങ്ങളിലും ഉദ്യമങ്ങളിലും എല്ലാം ഈ വ്യതിയാനം ഉാകും. ഇക്കാരണത്താലാണ് ദിവ്യനിർണ്ണയത്തിന്റെയും ആലോചനയുടെയും വെളിപ്പാടു വിശ്വാസികൾക്കു നൽകപ്പെടുന്നത്. തത്സംബന്ധമായ പരിജ്ഞാനത്തിൽ വളർന്നും ഈ അറിവുകൾ ചിന്താവിഷയമാക്കിയും മനസ്സ് ദിവ്യനിർണ്ണയം കൊു നിറയപ്പെടും. ജീവിതത്തിന്റെ എല്ലാ മേഖലകളിലേക്കും ഈ രൂപാന്തരീകരണം വ്യാപിക്കേതിനു തന്നെ. - Z'01, 324 (R 2890)

* * * * * *

നമ്മുടെ ബുദ്ധിയും അഭിരുചികളും ഇച്ഛാശക്തിയും തനിക്കു സമർഷിതമാകാൻ ദൈവം ആഗ്രഹിക്കുന്നു. പാപമയവും സത്യവിരുദ്ധവും സ്വാർത്ഥനിഷ്ഠവും പ്രാപഞ്ചികവുമായ ചിന്തകളിൽനിന്നു വിമുക്തരായി നീതിപൂർവ്വവും സത്യനിഷ്ഠവും സ്നേഹമയവും സ്വർഗ്ഗീയവുമായ ചിന്തകൾകൊു നിറഞ്ഞ് നമുക്കും മറ്റുള്ളവർക്കും പ്രയോജനപ്പെടുമാറ് യജമാനന്റെ ഉപയോഗത്തിനുതകുന്ന വെടിപ്പാക്കപ്പെട്ട പാത്രമായിരിക്കേതിന് നമ്മുടെ ബുദ്ധി അവൻ ആവശ്യപ്പെടുന്നു. നമ്മുടെ അഭിരുചികളും ഇച്ഛകളും അവനു സമർപ്പിക്കപ്പെടണം. പാപമയവും സ്വാർത്ഥപരവും പ്രാപഞ്ചികവും പ്രമാദജടിലവുമായ അഭിലാഷങ്ങളിൽ നിന്നും ലാക്കുകളിൽ നിന്നും വിമുക്തരായി നീതിയുക്തവും സത്യനിഷ്ഠവും സ്നേഹബദ്ധവും സ്വർഗ്ഗീയവുമായ അഭിലാഷവും ലാക്കുംകൊു നിറയ്ക്കപ്പെട്ട് നമ്മുടെയും അന്യരുടെയും അനുഗ്രഹത്തിന് ഉതകുമാറു നമ്മുടെ അഭിരുചികളും ഇച്ഛകളും യജമാനന് ഉപയോഗമുള്ള വിശുദ്ധീകരിക്കപ്പെട്ട പാത്രങ്ങളാകേതിനുതന്നെ. അതുകൊ്, നമ്മുടെ ഹൃദയവും ബുദ്ധിയും ദൈവത്തിനു വിധേയമാക്കുവാൻ ഈ വേദഭാഗം നമ്മെ പ്രേരിപ്പിക്കുന്നു. അങ്ങനെ ചെയ്യുന്നവൻ തത്ഫലമായി ഹൃദയത്തിനും ബുദ്ധിക്കും പരിപോഷണം ലഭിച്ച് ധന്യരായിത്തീരും. - P'30, 184

* * * * * *

**സമാന്തരവേദഭാഗങ്ങൾ : സങ്കീ.119:9; സഭാ.12:1; മത്താ.13:15;16:24; യോഹ.17:17; റോമ.6:13,16,19;12:1;15:16; 2കൊരി.8:5; ഗലാ.2:20; കൊലൊ.2:11; എബ്രാ.10:5-7,10**

ചോദ്യങ്ങൾ :- എന്റെ സമർഷണഫലമായി ഞാൻ ഈ ആഴ്ച എന്തു പ്രവർത്തിച്ചു? എന്തുകൊു ഞാനതു നിർവ്വഹിച്ചു? ഫലമെന്തായിരുന്നു?

# ഡിസംബര്‍ 12

***ഒരുവന്‍ തന്റെ ഹൃദയത്തില്‍ എങ്ങനെ കണക്കു കൂട്ടുന്നുവോ അങ്ങനെ തന്നെ ആകുന്നു അവന്‍ - സദൃ. 23 : 7***

കര്‍ത്താവിന്റെ സമര്‍പ്പിതജനം സകല മാലിന്യങ്ങളെയും പുറന്തള്ളാനും നമ്മുടെ ഹൃദയത്തിലും വിചാരങ്ങളിലും അവ വീണ്ടും കടന്നുകൂടാതിരിക്കാനും വളരെ കരുതലോടെ ശ്രദ്ധിക്കണം. അവ കടന്നുകൂടുന്നപക്ഷം കൂടിയ അളവിലോ കുറഞ്ഞ അളവിലോ ഉള്ള മലിനീകരണമായിരിക്കും ഫലം. വിചാരം പരിശുദ്ധമെങ്കില്‍ വാക്കിലും പ്രവൃത്തിയിലും വിശുദ്ധി പാലിക്കാന്‍ വളരെ ക്ലേശിക്കേണ്ടി വരികയില്ല. അശുദ്ധിയുടെ ഉറവിടം ലോകം, ജഡം, പിശാച്, ഇവയില്‍ ഏതായാലും ആദ്യമായി അതിന്റെ ആക്രമണത്തിനു വിധേയമാകുന്നത് മനസ്സാണ്. അവിടെ അതു ചെറുക്കപ്പെടുന്നുവെങ്കില്‍ വിജയം കൈവന്നു കഴിഞ്ഞു. ചെറുക്കപ്പെടുന്നില്ലെങ്കില്‍ അനന്തരഫലമെന്താകുമെന്നു പ്രവചിക്കാന്‍ കഴികയില്ല. യാക്കോബു പറയുന്നതുപോലെ (യാക്കോ.1:15):"മോഹം (സ്വാര്‍ത്ഥതാത്പര്യം) ഗര്‍ഭം ധരിച്ച് (മനസ്സില്‍) പാപത്തെ പ്രസവിക്കുന്നു (പാപകരമായ വാക്കുകള്‍ക്കും പ്രവൃത്തികള്‍ക്കും ജന്മം നല്‍കുന്നു); പാപം മുഴുത്തിട്ടു മരണത്തെ പെറുന്നു" - Z'01, 325 (R 2890)

* * * * * *

തലകൊണ്ടു ചിന്തിക്കുന്നതും ഹൃദയംകൊണ്ടു ചിന്തിക്കുന്നതും രണ്ടു വ്യത്യസ്ത കാര്യങ്ങളാണ്. എല്ലാവിധ വിചാരങ്ങളും ബുദ്ധിയില്‍ പ്രവേശിക്കുന്നു്. വിചാരങ്ങളില്‍ ചിലത് സാത്താനും ലോകവും ജഡവും നമ്മുടെ മനസ്സിലേക്കു കടത്തിവിടുന്നു. ചിലത് ദൈവവും അവന്റെ ദാസന്മാരും ജനങ്ങളും വഴി നമ്മില്‍ ഉളവാക്കുന്നു. ബാഹ്യമുഖാന്തരങ്ങളില്‍ നിന്നു മനസ്സില്‍ പ്രതിഷ്ഠിതമാകുന്ന ചിന്തകള്‍ക്ക് ആദ്യം നാം ഉത്തരവാദികളാകണമെന്നില്ല. അവയെ നാം താലോലിക്കുന്ന മുറയ്ക്കേ നമുക്ക് ഉത്തരവാദിത്വം ഉാകുന്നുള്ളു. ഇതുമൂലം നാം അവയെ നമ്മുടെ ഹൃദയത്തില്‍ കുടിയിരുത്തുന്നു. അതിന്റെ അര്‍ത്ഥം നമ്മുടെ ചായ്‌വ് അതിലേക്കാണെന്നത്രേ. ക്രമേണ നമ്മുടെ ഇച്ഛ അതില്‍ പതിയുകയും അവസാനം അതു നമ്മുടെ സ്വന്തമായിത്തീരുകയും ചെയ്യുന്നു. അപ്രകാരമുള്ള ചിന്തകള്‍ മാത്രമേ നമ്മുടെ സ്വഭാവത്തിനു രൂപം നല്‍കൂ. അവ അശുദ്ധിയും ദുഷ്ടതയും അവിശ്വാസവും കോപവും ദുരഭിമാനവും നിഗളവും ഭീരുത്വവും മാത്സര്യവും മൃഗീയതയും അത്യാഗ്രഹവും കപടഭക്തിയും നിറഞ്ഞതാണെങ്കില്‍ അതേ ഗുണവിശേഷങ്ങളോടു കൂടിയ സ്വഭാവം നമ്മില്‍ ഉളവാക്കുന്നു. അവ നിര്‍മ്മലവും ശ്രേഷ്ഠവും വിശ്വാസപൂര്‍വ്വവും ദീര്‍ഘക്ഷമയുള്ളതും വിനീതവും ലളിതവും ധീരവും കര്‍മ്മോല്‍സുകവും സമാധാനപരവും ശാന്തവും വിശാലവും നിഷ്കപടവുമാണെങ്കില്‍ അപ്രകാരമുള്ള സ്വഭാവത്തിന് രൂപം നല്‍കും. ഈ വിധം നാം പുലര്‍ത്തുന്ന വിചാരത്തിന്റെ മൂശയില്‍ നമ്മുടെ സ്വഭാവങ്ങള്‍ വാര്‍ത്തെടുക്കപ്പെടുന്നു. - P'35, 172

* * * * * *

**സമാന്തരവേദഭാഗങ്ങള്‍:ഉല്പ.6:5; ആവ.5:29;6:5; 1ശമു.16:7; 1ദിന.28:9; 2ദിന.12:14; സങ്കീ.22:26;34:18;51:10,17;57:7; സദൃ.4:23;15:13-15; യിരെ.17:1,9,10; മത്താ.15:19-21**

ചോദ്യങ്ങള്‍ :- ഞാന്‍ ഈ ആഴ്ച എന്റെ ഹൃദയത്തെ കാത്തുസൂക്ഷിച്ചുവോ? എങ്ങനെ? എന്തുകൊണ്ട്?

# ഡിസംബർ 13

***ഈ പാപം അവർക്കു നിറുത്തരുതേ - അപ്പൊ. 7 : 60***

ഈ പാഠം വേവണ്ണം ഗ്രഹിക്കുന്നത് ആത്മീയ യിസ്രയേല്യർക്കെല്ലാം എത്ര അനുഗ്രഹകരം! ഏതെങ്കിലും ഒന്നിന്റെ ഫലം നന്മ എന്നു നാം അംഗീകരിക്കയും ആ സത്ഫലങ്ങളിലേക്കു നാം ദിവ്യവിചാരണയാൽ നയിക്കപ്പെട്ടു എന്നു മനസ്സിലാക്കുകയും ചെയ്യുന്നുവെങ്കിൽ അതിലേക്കു ദൈവം ഉപകരണങ്ങളാക്കിയവരുടെ നേർക്ക് നമുക്ക് അങ്ങേയറ്റം മഹാമനസ്കതയും അലിവും തോന്നണം. വിസമ്മതപൂർവ്വമോ ഒരുവേള യോസേഫിന്റെ സഹോദരന്മാരെപ്പോലെ വിപരീതഫലം ലക്ഷ്യമാക്കിയോ അവർ പ്രവർത്തിച്ചത് എന്നത് അപ്രധാനമാണ്. തങ്ങളുടെ ദൈനംദിനജീവിതത്തിലെ സംഭവങ്ങളെ ഈ നിലയിൽ വീക്ഷിക്കാൻ കഴിയുന്നവർ അപ്പൊസ്തൊലൻ പറയുംപ്രകാരം "കർത്താവായ യേശുമൂലം എപ്പോഴും ജയം കൊള്ളുവാൻ" ശക്തരാകും. അങ്ങനെയുള്ളവർ സാത്താനെതിരെയോ അവന്റെ സേവകർക്കെതിരെയോ അമർഷം കൊള്ളുന്നതിൽ ന്യായം കാണുന്നില്ല. - Z'01, 331 (R 2895)

* * * * * *

ശത്രുക്കളോടു ക്ഷമിക്കുന്നതിൽ വിശുദ്ധനായ സ്തെഫാനോസ് മഹത്തായ ഒരു മാതൃകയാണ്. ഒരുവനു ശത്രുക്കളില്ലാതിരിക്കുമ്പോൾ "ഞാൻ ശത്രുക്കളോടു ക്ഷമിക്കും" എന്നു ചിന്തിക്കുന്നതും പറയുന്നതും എളുപ്പമാണ്. നമ്മോട് അനീതി ചെയ്യുന്നവരുടെ നേരെ ഹൃദയത്തിൽ വിദ്വേഷം വച്ചുപുലർത്താതിരിക്കുന്നത് തികച്ചും വ്യത്യസ്തമായൊരു സംഗതിയാണ്. നമ്മോട് അനീതിയാണ് പ്രവർത്തിക്കുന്നതെന്നു നമുക്കും അവർക്കും ഒരുപോലെ അറിവുായിരിക്കെ നാം ഹൃദയത്തിൽ നീരസം പുലർത്താതിരിക്കുക അതിലേറെ ശ്രമകരമാണ്. എന്നാൽ അനീതി ചെയ്തുകൊിരിക്കെത്തന്നെ അവർക്കു നന്മ ആഗ്രഹിക്കയും പ്രവർത്തിക്കയും ചെയ്ക എന്നതാണ് ഇവയിൽ എല്ലാം ഏറെ ശ്രമകരം. സ്വഭാവമഹത്ത്വത്തിന്റെ ആ ഉച്ചകോടിയിലാണ് സ്തെഫാനോസ് എത്തിപ്പിടിച്ചിരിക്കുന്നത്. കല്ലുകളും പാറകളും അതിവേദനാജനകമായ ഹേമത്തോടെ അവനെതിരെ പ്രയോഗിക്കപ്പെട്ടപ്പോഴും ആ ക്രൂരമർദ്ദകർക്കുവേി അവൻ ദൈവത്തോടു പ്രാർത്ഥിച്ചു. ഇപ്രകാരമുള്ള ഒരു സ്വഭാവപക്വത കൈവരിക്കണമെങ്കിൽ നാം തികച്ചും സ്വാർത്ഥത്യാഗികളും സൗമ്യരും തീക്ഷ്ണതയുള്ളവരും സ്നേഹധനരും വിശ്വസ്തരുമായിരിക്കണം. ഈ ഗുണവിശേഷങ്ങൾ ജീവിതത്തിലെ അല്പകാര്യങ്ങളിൽ പരിശീലിക്കുന്നപക്ഷം ജീവിതത്തിലെ ഏറ്റവും കർക്കശമായ അനുഭവങ്ങളെയും നേരിടാൻ വേ കരുത്തു ക്രമേണ സ്വഭാവത്തിനു കൈവരും. പ്രതിദിനം നേരിടുന്ന നിസ്സാര പരീക്ഷകളെ അഭിമുഖീകരിക്കുന്നതിലുള്ള തോൽവി കടുത്ത പ്രതിസന്ധികളിൽ പരാജയത്തിനു കാരണമാകും - P'34, 175

* * * * * *

**സമാന്തരവേദഭാഗങ്ങൾ : മത്താ.5:40-48;6:12,14,15;18:21-35; ലൂക്കൊ.6:28; 23:34; റോമ.12:14,17,19,20; പുറ.23:4,5; സദൃ.19:11;24:17; സഭാ.7:21; മർക്കൊ.11:25; ലൂക്കൊ.6:35-37;17:3,4; 1കൊരി.4:12; എഫെ.4:32; കൊലൊ.3:13; ഫിലേമോൻ.10; 1പത്രൊ.3:9**

ചോദ്യങ്ങൾ :- ഈ ആഴ്ച ഞാൻ ക്ഷമയുള്ളവൻ ആയിരുന്നുവോ? എങ്ങനെ? എന്തുകൊ്? അതിനു സഹായിച്ചതെന്ത്? പ്രതിബന്ധമായതെന്ത്? ഫലങ്ങൾ ഏവ?

# ഡിസംബർ 14

***കരുണയുള്ളവർ ഭാഗ്യവാന്മാർ; അവർക്കു കരുണ ലഭിക്കും - മത്താ. 5 : 7***

എല്ലാവരും ഇത് അറിയുന്നില്ല. മനുഷ്യനു കരണീയമായതിൽ പരമോൽകൃഷ്ടവും അത്യന്തം അനുഗ്രഹപ്രദവുമായ ഒന്നാണ് കാരുണ്യം അഥവാ സഹതാപം - ദയ എന്ന ദൈവാനുരൂപമായ ഗുണവിശേഷം. അറിവിലും കൃപാവരങ്ങളിലും നാം എന്തെല്ലാം നേട്ടങ്ങൾ കൈവരിച്ചാലും ഈ ഗുണത്തിന്റെ അഭാവത്തിൽ നാം അവന് അംഗീകാരയോഗ്യരാവുകയില്ലെന്നു പ്രഖ്യാപിക്കുകവഴി കർത്താവു കരുണയ്ക്കു വലിയ പ്രാമാണ്യം കല്പിക്കുന്നു. നാം മറ്റുള്ളവരോടു കരുണ കാണിക്കാതിരുന്നാൽ നമ്മുടെ സ്വർഗ്ഗീയപിതാവ് നമ്മോടും കരുണകാണിക്കയില്ല. കരുണ കേവലം ബാഹ്യപ്രകടനമോ വെറുമൊരു ക്ഷമാപണമോ അല്ലെന്നു ഉറപ്പു വരുത്താൻ "നിങ്ങൾ പരസ്പരം ഹൃദയപൂർവ്വം ക്ഷമിക്കാഞ്ഞാൽ സ്വർഗ്ഗീയപിതാവ് നിങ്ങളോടും ക്ഷമിക്കയില്ല" എന്നൊരു വിശദീകരണം കൂടി കർത്താവു നൽകുന്നു. കരുണയുള്ളവർക്കു മാത്രം കരുണ ലഭിക്കും. കർത്താവികൽനിന്നു നമുക്കു കരുണ ലഭിക്കാത്തപക്ഷം എല്ലാം നഷ്ടപ്പെട്ടതു തന്നെ. എന്തെന്നാൽ മറ്റുള്ളവരെപ്പോലെ തന്നെ നാം കോപത്തിന്റെ മക്കളും നീതിയുടെ മുമ്പിൽ ശിക്ഷയ്ക്കു വിധിക്കപ്പെട്ടവരുമാണ്. - Z'01, 332; '00, 70 (R 2895, 2585)

* * * * * *

ദോഷകരമായ അവസ്ഥകളിലേ കരുണയ്ക്കു വ്യാപാരമുള്ളു. എന്തെന്നാൽ ദുർബ്ബലരോടും ഭാഗ്യഹീനരോടുമുള്ള സഹതാപമാണു കരുണ. കരുണയുടെ പ്രവർത്തനരംഗം ഒന്നിനൊന്നു വികസിച്ചുകൊിരിക്കും. ഒന്നാമത് ശാരീരികമായ ബലഹീനതകളും നിർഭാഗ്യങ്ങളുമാണ് കരുണയ്ക്കു വിഷയമാകുന്നത്. പിന്നീടു മാനസിക ദൗർബ്ബല്യങ്ങളുടെയും നിർഭാഗ്യങ്ങളുടെയും നേർക്ക് അതിന്റെ ശ്രദ്ധ തിരിയുന്നു. സാന്മാർഗ്ഗികമായ ദൗർബ്ബല്യങ്ങളുടെയും നിർഭാഗ്യങ്ങളുടെയും വിളിക്ക് അത് ചെവി കൊടുക്കുന്നത് ഇതിനു ശേഷമാണ്. എല്ലാറ്റിലുമൊടുവിലായി മതപരമായ ദൗർബ്ബല്യങ്ങളിലേക്കും നിർഭാഗ്യങ്ങളിലേക്കും അതു ശ്രദ്ധ തിരിക്കുന്നു. ഇവയിൽ ഓരോന്നിലും അത് ത്രിവിധം അനുഗ്രഹിക്കപ്പെടുന്നു. നല്കുന്നവനും ലഭിക്കുന്നവും കാണുന്നവനും അനുഗ്രഹപ്രദമാകുന്നു. മിക്കപ്പോഴും ദയാലു തന്റെ കൂട്ടുകാരിൽനിന്ന് ആവശ്യം നേരിടുമ്പോൾ ദയ കത്തെുന്നു. എന്നാൽ ആവശ്യപ്പെടുമ്പോഴെല്ലാം ദൈവത്തിൽനിന്ന് അവനു കരുണ ലഭിക്കുന്നു. ദയാലു മറ്റുള്ളവരോടു ദയ കാണിക്കുന്ന അളവിലായിരിക്കും സാമാന്യേന അവനു തന്റെ കരുണ അനുവദിക്കുന്നത്. - P'33, 177

* * * * * *

**സമാന്തരവേദഭാഗങ്ങൾ : സങ്കീ.18:25;41:1; സദൃ.3:3;11:17;14:21,22,31;21:21; മർക്കൊ.11:25,26; എഫെ.4:32; കൊലൊ.3:12,13; 2തിമൊ.1:16; എബ്രാ.6:10,11; യാക്കോ.2:13; മത്താ.18:35; മീഖാ.6:8; ലൂക്കൊ.6:36; റോമ.12:8**

ചോദ്യങ്ങൾ :- ഈ ആഴ്ച ഞാൻ എന്തെല്ലാം കാരുണ്യപ്രവൃത്തികൾ ആണു നിർവ്വഹിച്ചത്? എന്തുകൊ്? എങ്ങനെ? ഫലങ്ങളെന്തെല്ലാം?

# ഡിസംബർ 15

***യഹോവ എന്റെ ഇടയനാകുന്നു. - സങ്കീ. 23 : 1***

കർത്താവു തന്റെ ജനത്തെ ആടുകൾ എന്നു വിശേഷിപ്പിക്കുമ്പോൾ അവരിൽ തെളിഞ്ഞുവരണമെന്ന് അവൻ ആഗ്രഹിക്കുന്ന സ്വഭാവത്തിന്റെ അർത്ഥവത്തായ ഒരു പ്രതിബിംബമാണ് തിരഞ്ഞെടുത്തിരിക്കുന്നത്. ആടുകളിൽ കാണുന്ന ഏറ്റവും ശ്രദ്ധേയമായ സ്വഭാവവിശേഷങ്ങൾ സൗമ്യതയും കീഴ്വഴക്കവും തങ്ങൾ പൂർണമായി വിശ്വസിച്ചാശ്രയിക്കുന്ന ഇടയനോടുള്ള അനുസരണവുമാണ്. യഥാർത്ഥ ആടുകൾ ഇടയന്റെ ശബ്ദത്തിന്റെ നേരിയ സ്വരത്തിനു പോലും കാതോർത്തിരിക്കും. അതായത് ഹൃദയത്തിൽ ആ വാക്കുകൾ ഒരു നിധിപോലെ സൂക്ഷിക്കും. അവന്റെ കരുതലുകളെപ്പറ്റി അവൻ മനസ്സിലാക്കും. ദൈവവുമായുള്ള സംസർഗ്ഗവും വ്യക്തിപരമായ കൂട്ടായ്മയും അവൻ പുലർത്തും. അവ തന്റെ അവകാശമായി അവൻ മാനിക്കും. അങ്ങനെ അവനിൽ വസിക്കുന്നവന് ഒരു നാളും മാർഗ്ഗഭ്രംശം നേരിടുകയില്ല. “അവർക്ക് ഒരിക്കലും വഴി തെറ്റുകയില്ല” - Z'02, 365 (R 3116)

* * * * * *

യഹോവ നമ്മുടെ ഇടയനാകുന്നു. നമ്മുടെ ഇടയൻ എന്ന നിലയിൽ അവൻ തീർച്ചയായും നല്ലവൻ തന്നെ. എന്തെന്നാൽ അവൻ നമ്മോടു സൗമ്യനും സ്നേഹവാനും പ്രവൃത്തിനിരതനും നിസ്സ്വാർത്ഥനും ജ്ഞാനിയും ബലവാനും മാറാത്തവനും ആകുന്നു. അവന്റെ ആടുകൾ എന്ന നിലയിൽ അവൻ നമുക്കു വേ പരിചരണം നൽകുന്നു. അവൻ നമ്മെ ഗർഭം മുതൽ പരിപാലിക്കുന്നു. നമ്മെ അനുയാത്ര ചെയ്യുന്നു, കൂട്ടിച്ചേർക്കുന്നു, തളർച്ചയിൽ താങ്ങുന്നു, പേർചൊല്ലി വിളിക്കുന്നു. ഭക്ഷണപാനീയങ്ങൾ നൽകുന്നു, ആരോഗ്യം വീടെുക്കുന്നു. ക്ലേശങ്ങളെ ലഘൂകരിക്കുന്നു, ക്ഷീണത്തിൽ വിശ്രമം നൽകുന്നു, വിഷമങ്ങളിൽ സമാശ്വസിപ്പിക്കുന്നു, അപകടങ്ങളെപ്പറ്റി മുന്നറിയിപ്പു തരുന്നു, അവയിൽനിന്നു സംരക്ഷിക്കുന്നു, നമുക്കുവേി ജാഗരിക്കുന്നു, സാഹചര്യങ്ങൾക്കു കാവൽ ഏർപ്പെടുത്തുന്നു, അഭ്യസിപ്പിക്കുന്നു, ലോകമാലിന്യങ്ങളിൽ നിന്നു കഴുകിവെടിപ്പാക്കുന്നു, വഴിവിട്ടുപോകുമ്പോൾ തേടിയെത്തുന്നു, കൂട്ടാടുകളെ ദ്രോഹിക്കുന്നതിൽ നിന്നു തടയുകയും, അന്യന്മാരുടെ ആടുകളിൽ നിന്നു വേർതിരിക്കുകയും കൂലിക്കാർക്കു വിട്ടുകൊടുക്കാതിരിക്കുകയും നല്ല ഇടയന്മാരെ ചുമതലപ്പെടുത്തുകയും സഫലന്മാരാകാൻ സഹായിക്കുകയും ചെയ്യുന്നു. അതേ, നമ്മുടെ ഇടയനായ യഹോവ നല്ലവൻ തന്നെ. - P'32, 197

* * * * * *

**സമാന്തരവേദഭാഗങ്ങൾ : ഉല്പ.49:24; സങ്കീ.23:2-6;27:1;37:25;56:4,11; 118:6; യെശ.40:11; ലൂക്കൊ.15:3-7; യോഹ.10:1-16; എബ്രാ.13:6,20; 1പത്രൊ.2:25;5:4**

ചോദ്യങ്ങൾ :- ഇടയന്റെ പ്രത്യേകമായ സംരക്ഷണം ഈ ആഴ്ചയിൽ എനിക്കുായോ? എങ്ങനെ? ഞാൻ അതിനോട് എങ്ങനെ പ്രതികരിച്ചു?

# ഡിസംബർ 16

***നിങ്ങൾ എത്രത്തോളം രു തോണിയിൽ കാൽവെക്കും? യഹോവ ദൈവം എങ്കിൽ അവനെ അനുഗമിപ്പിൻ; ബാൽ എങ്കിലോ അവനെ അനുഗമിപ്പിൻ - 1 രാജാ. 18 : 21***

നമുക്ക് ഏതെങ്കിലും ഒരു ഉരകല്ലു വേണം. സംശയിച്ചുനിൽക്കാതെ ഒരു തീരുമാനം കൈക്കൊള്ളാൻ സഹായകമായ ഏതെങ്കിലും ഒരു അടിസ്ഥാനം വേണം. ഈ ഉരകല്ലു ദൈവേഷ്ടം ആയിരിക്കണം. ഏതെങ്കിലും വിഷയത്തിൽ ദൈവഹിതം വിവേചിക്കാൻ കഴിയുന്ന ക്ഷണം തന്നെ അതിൽ തീരുമാനമാകണം. പെട്ടെന്നു തീരുമാനിക്കാനുള്ള കഴിവും, എപ്പോഴും തീരുമാനം ശരിയായ വഴിക്കായിരിക്കുക എന്നതും കുറെയൊക്കെ അനുഭവത്തെയും അച്ചടക്കത്തെയും ആശ്രയിച്ചിരിക്കുന്നു. എന്നാൽ എത്രനേരത്തെ നാം തുടക്കമിടുന്നുവോ അത്ര നേരത്തേ നാം വൈദഗ്ദ്ധ്യം നേടുന്നു. കർത്താവിന്റെ മനസ്സറിയാനും അനുഷ്ഠിക്കാനും എത്ര ഊർജ്ജിതമായി നാം സന്നദ്ധരാകുന്നുവോ അത്രയ്ക്കു നന്നായും സത്വരമായും നമ്മുടെ സ്വഭാവം വേ വഴിക്കു വേരൂന്നി ദൃഢപ്പെടുന്നു എന്നു നാം കാണും - Z'02, 42 (R 2950)

* * * * * *

യഹോവയെ സേവിക്കുക എന്നതിനർത്ഥം: സ്വയത്തിനും ലോകത്തിനും മരിച്ച് ദൈവത്തിനു ജീവിക്കുക എന്നാണ്. ജഡത്തെയും ലോകത്തെയും അനുസരിക്കാൻ വിസമ്മതിച്ച് ദൈവത്തെ അനുസരിക്കുന്നവനാണ് അവനെ സേവിക്കുന്നത്. ബാൽ എന്നതുകൊു പ്രധാനമായും ഈ ലോകത്തിന്റെ ദൈവമെന്ന നിലയിൽ സാത്താനെയാണ് ഉദ്ദേശിക്കുന്നത്. ബാലിനെ സേവിക്കുക എന്നാൽ സ്വയത്തിനും ലോകത്തിനും, എതിരാളിയായ സാത്താനും വേി ജീവിക്കുക എന്നാണർത്ഥം. അധികാരമോഹത്തിൽ സാത്താനെ അനുകരിക്കുന്നവർ അറിഞ്ഞോ അറിയാതെയോ വിശേഷിച്ചും ബാലിനെ സേവിക്കയാണ്. അധികാരം പിടിച്ചെടുക്കുന്നതിൽ മറ്റുള്ളവർക്കു കൂട്ടുനിൽക്കുന്നവരും അങ്ങനെതന്നെ. ദൈവജനങ്ങൾക്കിടയിൽ നേതൃസ്ഥാനത്തുള്ളവർ ഈ വഴിക്കുള്ള പ്രലോഭനത്തിനു സാത്താന്റെ സവിശേഷലക്ഷ്യങ്ങളാണ്. അവരിൽ പലരും ഏറെക്കുറെ ഈ പരീക്ഷയിൽ തോൽവിയടഞ്ഞിട്ടു്. നമ്മുടെ കർത്താവിന്റെ രാം വരവിനോടനുബന്ധിച്ചുള്ള എപ്പിഫനി കാലഘട്ടത്തിലെ പ്രത്യേക പരീക്ഷ ഈ വഴിക്കാണ്. ഈ വിഷയത്തിൽ നാം ജാഗ്രത പുലർത്തുക. - P'26, 173

* * * * * *

**സമാന്തരവേദഭാഗങ്ങൾ : പുറ.22:29; മത്താ.6:24;8:21,22;19:16-22; ലൂക്കൊ.9:61,62; അപ്പൊ.24:25; യോശു.24:15; യെശ.50:7; 1കൊരി.15:58; 2പത്രൊ.1:10**

ചോദ്യങ്ങൾ :- ഒരു തീരുമാനമെടുക്കാൻ സഹായകമായി ഈ ആഴ്ചയിൽ നേരിട്ട അനുഭവങ്ങൾ ഏതെല്ലാമായിരുന്നു? അവയെ എങ്ങനെ അഭിമുഖീകരിച്ചു? അവ എന്തു ഫലങ്ങൾ ഉളവാക്കി?

# ഡിസംബർ 17

***പ്രിയമുള്ളവരേ, ........ ഭയത്തോടും വിറയലോടും കൂടി നിങ്ങളുടെ രക്ഷയ്ക്കായി പ്രവർത്തിപ്പിൻ. ഇച്ഛിക്ക എന്നതും പ്രവർത്തിക്ക എന്നതും നിങ്ങളിൽ ദൈവമല്ലോ തിരുവുള്ളം ഉായിട്ടു പ്രവർത്തിക്കുന്നത് - ഫിലി. 2 : 12,13***

ക്രിസ്തുയേശുവിലുള്ള നമ്മുടെ വീടെടുപ്പിനു വഴിയൊരുക്കിയതു ദൈവമാണ്. തങ്കലേക്കു നമ്മെ ആകർഷിച്ചതും നീതിയുടെ പാതയിൽ നടക്കാൻ ആവശ്യമായ കൃപാവരങ്ങൾ, പോരാ, ആത്മത്യാഗത്തിന്റെ പാതയിൽ ക്രിസ്തുവിന്റെ കാൽച്ചുവടുകളിൽ അവനെ അനുഗമിപ്പാനുളള വരംതന്നെ വാഗ്ദത്തം ചെയ്തതും മറ്റാരുമല്ല. അതുകൊു ഭയത്തോടും വിറയലോടുംകൂടെ - അതീവ ശ്രദ്ധാപൂർവ്വം - നമ്മുടെ രക്ഷയ്ക്കുവേി പ്രവർത്തിപ്പാൻ പരിശ്രമിക്കുമ്പോൾ തക്കസമയത്തേക്കു വാഗ്ദത്തം ചെയ്യപ്പെട്ടിരിക്കുന്ന സഹായത്തിനുളള കൃപ എല്ലാ സന്ദർഭത്തിലും കൈവരിക എന്നതും, വിശ്വാസത്താൽ നമുക്കു കണക്കിടപ്പെട്ടിരിക്കുന്ന ക്രിസ്തുവിന്റെ നീതിയുടെ ബലത്തിലൂന്നി, നീതിക്കുവേിയുള്ള നമ്മുടെ സദുദ്യമങ്ങൾ ദൈവത്തിന് അംഗീകാരയോഗ്യമാകുക എന്നതും നമ്മുടെ അവകാശങ്ങളാണ്. - Z'97, 147 (R 2154)

* * * * * *

സ്വന്തം രക്ഷയ്ക്കായി പ്രവർത്തിക്ക എന്നാൽ സമർപ്പണ വ്യവസ്ഥകൾ പാലിക്കുക എന്നാണർത്ഥം. അതായത് സ്വേച്ഛയ്ക്കും ലോകത്തിന്റെ ഇഷ്ടത്തിനും മരിച്ച്, മാനുഷികമായതെല്ലാം ദൈവവിഷയകമായി യാഗമായി അർപ്പിക്കുക, വചനാനുസരണമുള്ള ധ്യാനം, ജാഗരണം, പ്രാർത്ഥന, സാക്ഷീകരണം, സ്വഭാവപരിപോഷണം, സഹിഷ്ണുത ഇവയിലൂടെ ദൈവത്തിനായി ജീവിക്കുക എന്നുതന്നെ. ഇതിനോടു ബന്ധപ്പെട്ട പ്രശ്നങ്ങളും ആളുകളും ഫലങ്ങളും കണക്കിലെടുക്കുമ്പോൾ ദൈവത്തോടുള്ള ആദരവിന്റെ ലക്ഷണങ്ങളായ ഭയത്തോടും വിറയലോടും കൂടെവേണം നാം ഇതു ചെയ്യാൻ എന്നു വരുന്നു. എന്തുകൊന്നൊൽ നമ്മുടെ രക്ഷയ്ക്കായി അഥവാ സാത്താൻ, ലോകം, ജഡം ഇവയിൽനിന്നുള്ള വിമോചനത്തിനായി നാം പ്രവർത്തിക്കയിൽ ദൈവം തന്റെ ആത്മാവും വചനവും വഴി നമ്മിൽ പ്രവർത്തിക്കയാണ്. തദ്വാരാ നാം ദൈവത്തോടു സഹകരിക്കുമെങ്കിൽ തിന്മയെ ജയിച്ച് നന്മ വളർത്തുന്നതിൽ മനസ്സുവെക്കാനും പ്രവർത്തിക്കാനും അവൻ നമ്മെ പ്രേരിപ്പിക്കും. ദൈവത്തോടുള്ള ആദരം പ്രകടമാക്കുന്ന ഭയത്തോടും വിറയലോടും കൂടി എല്ലാറ്റിലും അവനോടു ചേർന്നു പ്രവർത്തിപ്പാൻ ഇതു നമ്മെ ഉപദേശിക്കുന്നു - P'36, 166

* * * * * *

**സമാന്തരവേദഭാഗങ്ങൾ : യോഹ.3:27;6:27-29; എബ്രാ.4:1,11; 2കൊരി.7:1; 1പത്രൊ.1:5-8; 2പത്രൊ.1:10; എബ്രാ.6:11,12; 2കൊരി.3:5; എഫെ.2:8,9; സദൃ.10:16;16:1; യിരെ.32:39; എബ്രാ.13:20,21; യെശ.26:12**

ചോദ്യങ്ങൾ :- എന്റെ രക്ഷയ്ക്കായി പ്രവർത്തിക്കയിൽ ഞാൻ ഈ ആഴ്ച ദൈവത്തോടു സഹകരിച്ചത് എപ്രകാരമായിരുന്നു? അതിൽ സഹായകമായും പ്രതിബന്ധമായും വർത്തിച്ചതെന്ത്? ഈ സഹകരണം എന്നെ എത്രത്തോളം സ്വാധീനിച്ചു?

# ഡിസംബർ 18

***കർത്താവ് എനിക്കു തുണ; ഞാൻ പേടിക്കയില്ല; മനുഷ്യൻ എന്നോട് എന്തു ചെയ്യും - എബ്രാ. 13 : 6***

കഷ്ടതകളിൽ സന്തോഷിക്കയും അപ്രകാരമുള്ള തിക്താനുഭവങ്ങളെയെല്ലാം അശേഷം സന്തോഷം എന്നെണ്ണുകയും ചെയ്തുകൊ് ജീവിതത്തിലെ പരീക്ഷകളോടും ക്ലേശങ്ങളോടും കർത്താവിന്റെ ആത്മാവിനൊത്തവണ്ണമുള്ള ഒരു സമീപനം കൈക്കൊള്ളാൻ മനുഷ്യനെ നാം ഭയപ്പെടാതിരിക്കണം. മനുഷ്യഭയം ഒരു കെണിയാണ്. നാം ഭയപ്പെടേത് യഹോവയെ ആണ്. മർത്യരായ സമസൃഷ്ടങ്ങളെയല്ല എന്നതാണ് കർത്താവു നൽകുന്ന മാർഗ്ഗനിർദ്ദേശം. നീതിമാന്മാർ സിംഹത്തെപ്പോലെ ധീരരും പ്രാവിനെപ്പോലെ ശാന്തരും കുഞ്ഞാടിനെപ്പോലെ സൗമ്യരുമാണ്. സവിശേഷമായ ഈ സ്വഭാവസങ്കലനം ഓരോ ക്രൈസ്തവനിലും കാണപ്പെടണം. മറ്റാരിലെങ്കിലും ഇതു കാണപ്പെടുമോ എന്നത് സംശയാസ്പദമാണ് - Z'02, 45 (R 2951)

*　　*　　*　　*　　*　　*

വിശ്വസ്തന്മാരുടെ ജീവിതഗതിക്ക് മനുഷ്യരിൽനിന്നു നേരിടുന്ന എതിർപ്പുകളുടെ മദ്ധ്യേ കർത്താവിങ്കൽനിന്ന് അവർക്കു ലഭിക്കുന്ന വിലപ്പെട്ട ഉറപ്പുകളിൽ ഒന്ന് ഈ വാക്യത്തിൽ അടങ്ങിയിരിക്കുന്നു. ഏറിയാൽ ശരീരത്തെ കൊല്ലുവാനേ മനുഷ്യർക്കു കഴിയൂ. അവരുടെ പുതിയ ഹൃദയത്തെയും മനസ്സിനെയും ഇച്ഛയെയും നശിപ്പിക്കുവാൻ അവർക്കു കഴികയില്ല.കൂടാതെ നമ്മോടുള്ള അവരുടെ എതിർപ്പിന് കർത്താവ് അതിർത്തി നിശ്ചയിച്ചിട്ടുമു്. "ഇത്രത്തോളം, ഇതിനപ്പുറം അരുത്"" എന്ന വാക്കുകൾ അവർക്കു ചേരുന്നു. പുതിയ ഹൃദയത്തിന്റെ നന്മയ്ക്ക് ഉതകുന്നിടത്തോളമല്ലാതെ മറ്റൊന്നും ചെയ്വാൻ കർത്താവ് അവരെ അനുവദിക്കുകയില്ല. അവരുടെ എതിർപ്പുകളെ നേരിടാൻ നമ്മെ സഹായിക്കുക വഴി ഇക്കാര്യം കർത്താവ് ആവർത്തിച്ചാവർത്തിച്ചു വ്യക്തമാക്കിയിട്ടു്. ഈ എതിർപ്പ് സഭയും രാജ്യവും സംബന്ധിച്ചോ തൊഴിലാളി -മുതലാളി ബന്ധത്തിലോ കുടുംബപരമോ സമുദായപരമോ ആകാം. ചിലപ്പോൾ അവന്റെ സഹായം വൈകുന്നതായി തോന്നാം. എന്നാലും ഈ വാക്യത്തിലെ ഉറപ്പിനനുസരിച്ച് ഈ സഹായം എല്ലായ്പ്പോഴും തക്കസമയത്ത് ലഭിക്കും. നമ്മുടെ ജീവിതത്തിൽ ദൈവപരിപാലനയുടെ പിൻബലത്തോടുകൂടി ഈ ഉറപ്പ് "പാപികളിൽ നിന്നുള്ള വിരോധം" നിമിത്തം പതറാതിരിപ്പാൻ നമ്മെ ശക്തരാക്കും - P'30, 184

*　　*　　*　　*　　*　　*

**സമാന്തരവേദഭാഗങ്ങൾ : സങ്കീ.3:27; 28:1; 29:11; 56:1-11; 118:5-16; 8:2; യെശ.51:12,13; ദാനി.3:17,18; മത്താ.8:26;10:28; റോമ.8:15,33-39; 2തിമൊ.1:7; 1പത്രൊ.3:13,14; 1യോഹ.4:4,16-18**

ചോദ്യങ്ങൾ :- ദൈവം ഈ ആഴ്ച എന്നെ എങ്ങനെ സഹായിച്ചു? മനുഷ്യൻ എന്നെ ഭീരുവാക്കുന്നതിനു ശ്രമിച്ചുവോ? എങ്ങനെ? മനുഷ്യഭയത്തിനെതിരെ ദൈവസഹായം എനിക്ക് എങ്ങനെ ഉപകരിച്ചു?

# ഡിസംബർ 19

***വാൾ അരയ്ക്കുകെട്ടുന്നവൻ അഴിച്ചുകളയുന്നവനെപ്പോലെ വമ്പുപറയരുത് - 1 രാജാ. 20 : 11***

തിരഞ്ഞെടുക്കപ്പെട്ട സഭയുടെ വിശ്വസ്തത നിർണ്ണയിക്കുന്നതിനുള്ള നിശിത ശോധനകളിൽ ഒന്നാണ് സഹിഷ്ണുതയുടെ പരീക്ഷ. മറ്റേ തൊരു നന്മയുടെയും സദ്ഗുണത്തിന്റെയും ഈടും മേന്മയും അളന്നു തിട്ടപ്പെടുത്തുന്നതിനുള്ള പരീക്ഷയാണിത്. മാറ്റു തെളിയിക്കാത്തപക്ഷം ഈ പരീക്ഷയിൽ ക്രൂശിന്റെ യാതൊരു പടയാളിയും വിജയകിരീടമണി യുകയില്ല. മറ്റെല്ലാ പോരാട്ടങ്ങളിലുമെന്നപോലെ ഈ നാളിലെ പോരാട്ട ത്തിലും സംഭ്രാന്തി സൃഷ്ടിച്ചുകൊ് ദൈവജനത്തിന്മേൽ ആകസ്മികമായ ഒരു കടന്നാക്രമണം അഴിച്ചുവിടാനാണ് ശത്രുവിന്റെ ശ്രമം. അതുകൊ് ഇപ്രകാരമുള്ള അടിയന്തരാവസ്ഥയെ നേരിടാനുള്ള ഒരേയൊരു തയ്യാ റെടുപ്പ് നിരന്തരം ജാഗരിക്കയും പ്രാർത്ഥിക്കയും സത്യവും സത്യത്തിന്റെ ആത്മാവുമാകുന്ന ദൈവത്തിന്റെ സർവ്വായുധവർഗ്ഗം ധരിച്ചുകൊള്ളുക യുമാണ് - Z'94, 155 (R 1656)

* * * * * *

കർത്താവിലുള്ള പ്രശംസ അവന്റെ ജനങ്ങൾക്കു യോജിച്ചതാണെ ങ്കിലും വമ്പു പറയുന്നത് ഉചിതമല്ല. എന്തെന്നാൽ അത് ആത്മപ്രശംസയ ല്ലാതെ മറ്റൊന്നുമല്ല. നമ്മുടെ കഴിഞ്ഞകാലനേട്ടങ്ങളെപ്പറ്റി പറയുന്നത് ചിലപ്പോൾ കുറെയൊക്കെ ന്യായീകരിക്കാമെങ്കിലും അതു വിനയപൂർവ്വ മായിരിക്കണം. വ്യർഥാഭിമാനത്തിനാകരുത്. എന്നാൽ ഭാവിപ്രവർത്തനങ്ങ ളെപ്പറ്റിയുള്ള പ്രശംസ ഒട്ടും യുക്തമല്ല. കാരണം അവ അനിശ്ചിതമാണ്. അപ്രകാരമുള്ള പുകഴ്ച ആത്മപ്രശംസയിലും, മിക്കപ്പോഴും പരനിന്ദയി ലും, എല്ലായ്പ്പോഴും ദൈവത്തെ അപമാനിക്കുന്നതിലും കലാശിക്കുന്നു. വമ്പ് നന്മ വിളയിക്കുന്നില്ലെന്നു മാത്രമല്ല വിപത്തുകളെ വിളിച്ചുവരുത്തു കയും ചെയ്യുന്നു. നമുക്കു നമ്മിൽത്തന്നെ വമ്പിനു വകയില്ല. ലഭിച്ചത ല്ലാതെ നമുക്ക് എന്തുള്ളൂ? യാചകൻ തനിക്കു ലഭിക്കുന്ന ഭിക്ഷയെപ്പറ്റി ഊറ്റം കൊള്ളണമോ? നമുക്കു ലഭിക്കുന്ന നന്മകൾ ദൈവത്തിന്റെ ദാന മല്ലേ? അതുകൊ് നമ്മുടെ സ്ഥാനത്തിനും നേട്ടങ്ങൾക്കും വേി ദൈവ ത്തിനു മഹത്ത്വം കൊടുക്കുന്നതിലും അവന്റെ നന്മയ്ക്കും സ്നേഹ ത്തിനും നമ്മൾ അപാത്രങ്ങൾ എന്നു ചിന്തിക്കുന്നതിലും നമുക്ക് തീക്ഷ് ണത പുലർത്താം. - P'35, 172

* * * * * *

**സമാന്തരവേദഭാഗങ്ങൾ : സദൃ.27:1; യെശ.10:15; സങ്കീ.49:6-9; 52:1; 94:4; റോമ.3:27;11:17-21; 1കൊരി.1:17-31;4:6,7; 2കൊരി.10:12-17; എഫെ.2:8-10**

ചോദ്യങ്ങൾ :- ഈ ആഴ്ച ഞാൻ അഹങ്കരിച്ചുപോയോ? എങ്ങനെ? എ ന്തുകൊ്? അതിന്റെ ഫലങ്ങൾ എന്തായിരുന്നു?

# ഡിസംബർ 20

***സത്യവചനത്തെ ശരിയായി അപഗ്രഥനം ചെയ്തുകൊ് ലജ്ജിപ്പാൻ സംഗതിയില്ലാത്ത വേലക്കാരനായി, ദൈവത്തിനു കൊള്ളാവുന്നവനായി നിന്നെത്തന്നെ കാണിപ്പാൻ പഠിക്കുക - 2 തിമൊ. 2 : 15***

"പഠിക്കുക" എന്ന പദം വളരെ അർത്ഥവത്താണ്. ദൈവത്തിന്റെ അംഗീകാരത്തിലേക്കും അഭിനന്ദനത്തിലേക്കുമുള്ള ഇടുക്കുവഴി അന്വേഷണശീലമുള്ളവർക്കേ കത്തൊൻ കഴിയൂ. കൊള്ളാവുന്നവനായി തെളിയിക്കാൻ പഠനം നടത്തുക - വിശ്വാസസത്യങ്ങൾ പഠിക്കുക, നിങ്ങളുടെ നടത്തയെപ്പറ്റി പഠിക്കുക, അതു വിശ്വാസവുമായി പൊരുത്തപ്പെട്ടിരിക്കാൻ ശ്രദ്ധിക്കുക. സീയോനു സമാധാനവും സമ്പൽസമൃദ്ധിയും വളർത്താനുള്ള വഴികളെപ്പറ്റി പഠിക്കുക. നിങ്ങളെത്തന്നെയും മറ്റുള്ളവരെയും അസത്യത്തിന്റെ കൂരമ്പുകളിൽനിന്നും ലോകത്തിന്റെ ആത്മാവിനാലുള്ള വിഷബാധയിൽനിന്നും മറച്ചുകൊള്ളുവാൻ പഠിക്കുക. കുരിശിന്റെ ഒരു വിശ്വസ്ത പടയാളി എന്ന നിലയിലുള്ള കർത്തവ്യങ്ങൾ നിർവഹിക്കാൻ പഠിക്കുക. ധീരവും മഹത്തരവും ആയവ മാത്രമല്ല, നിസ്സാരമെന്നു തോന്നുന്ന കർത്തവ്യങ്ങളെയും നിർവഹിക്കാൻ പഠിക്കുക - Z'02, 318 (R 3096)

* * * * * *

ദൈവകുഞ്ഞുങ്ങൾ, വിശേഷാൽ ഗുരുസ്ഥാനീയരായവർ ഒരു ഉപദേശവും അന്ധമായോ പരിശോധിച്ചറിയാതെയോ സ്വീകരിക്കരുത്. ഓരോന്നിനും അതിൽത്തന്നെയും, ഇതരവേദഭാഗങ്ങൾ, സിദ്ധാന്തങ്ങൾ, ദൈവസ്വഭാവം, ക്രിസ്തുവിൻ മറുവില, വസ്തുതകൾ, ദൈവത്തോടും ക്രിസ്തുവിനോടും സഭയോടും ലോകത്തോടുമുള്ള ബന്ധത്തിൽ തിരുവെഴുത്ത് ഉൾക്കൊള്ളുന്ന ദൈവനിർണ്ണയത്തിന്റെ രൂപകൽപ്പന എന്നിവയോടുമുള്ള പൊരുത്തം ഇവയെ എല്ലാം കണക്കിലെടുക്കണം. ഈ ഏഴു കാര്യങ്ങളുമായി പൊരുത്തപ്പെടുന്നതായി തെളിയുന്ന കാര്യങ്ങൾ മാത്രമേ ദൈവജനങ്ങൾ അംഗീകരിക്കാവൂ. ദൈവത്താൽ അംഗീകരിക്കപ്പെട്ട വേലക്കാരാകുന്നതിന് ഇങ്ങനെയുള്ള അദ്ധ്യയനവും പരിശോധനയും ആവശ്യമാണ്. അങ്ങനെയെങ്കിൽ മത്സരികളുമായുള്ള വിവാദത്തിൽ തോറ്റു ലജ്ജിതരായി ഒരിക്കലും തലകുനിക്കേിവരികയില്ല. തിരുവെഴുത്തിലെ ഭിന്നകോടികളെ വിവേചിക്കാനും നമുക്കു കഴിയും. ബൈബിളിലെ വെവ്വേറെയായ ഉപദേശങ്ങൾ, ചട്ടങ്ങൾ, വാഗ്ദത്തങ്ങൾ, പ്രബോധനങ്ങൾ, പ്രവചനങ്ങൾ, ചരിത്രങ്ങൾ, പ്രതിരൂപങ്ങൾ ഇവയെ സംബന്ധിച്ചും സ്പഷ്ടവും സുബദ്ധവുമായ വീക്ഷണം നമുക്കു കൈവരികയും ചെയ്യും - P'34, 175

* * * * * *

**സമാന്തരവേദഭാഗങ്ങൾ : യോശു.1:8; 2ദിന.29:11; യെശ.40:9;52:11;57:14; യിരെ.1:7,8,17-19; യെഹെ.2:6-8;3:8-10,17-21,27; മത്താ.7:6;10:7,11-13,16,25,27,28;20:25-28;28:19,20; യോഹ.21:15-17; അപ്പൊ.20:28; റോമ.12:6-8; 1കൊരി.4:1,2;9:16,17; 2കൊരി.1:24;4:1,2,5; 1തിമൊ.1:3,4,11,18,19;4:6,7,12-16; 2തിമൊ.4:2,5**

ചോദ്യങ്ങൾ :- ഈ ആഴ്ച ഞാൻ സത്യത്തിനുവേി സേവനം അനുഷ്ഠിച്ചോ? എങ്ങനെ? എന്തുകൊ്? ഏതു സാഹചര്യങ്ങളിൽ? അതിന് സഹായിച്ചതെന്ത്? പ്രതികൂലിച്ചതെന്ത്? ഫലങ്ങൾ ഏവ?

# ഡിസംബർ 21

## *യോഗ്യൻ ആര് ? വെളി. 5 : 2*

പ്രിയരേ, വാഴ്ത്തപ്പെട്ട കർത്താവു നമുക്കുവേി മുദ്രഭേദിച്ചു തുറന്നു തന്നിരിക്കുന്ന അവന്റെ നിർണ്ണയത്തിന്റെ ചുരുൾ ഇത്രത്തോളം വായിച്ചറിയുവാൻ അവൻ നമ്മെ യോഗ്യരായി എണ്ണിയിരിക്കുന്നു എന്നറിയുകയാൽ അതിലേക്കു തുടർന്നും ദൃഷ്ടിപതിച്ചു ദൈവനിയമത്തിലെ അത്ഭുതസത്യങ്ങൾ വായിച്ചു ഗ്രഹിക്കാനുള്ള നമ്മുടെ യോഗ്യത തെളിയിക്കാം. എല്ലാറ്റിലും അതിനോടുള്ള ഭക്തിയും വിശ്വസ്തതയും അനുസരണവും ഇതിലേക്ക് ആവശ്യമാണ്. ദിവ്യസത്യത്തിന്റെ പ്രകാശം പ്രതിഫലിപ്പിക്കുക എന്ന അനുഗൃഹീതശുശ്രൂഷയിൽ ഭാഗഭാക്കാകാൻ അർഹരായി എണ്ണപ്പെടുന്നു എന്ന വലിയ പദവി നാം വിലകുറച്ചു കാണരുത്. അമൂല്യങ്ങളായ അസുലഭ രത്നങ്ങളാണ്, സത്യത്തിന്റെ പ്രകാശം ഉൾക്കൊ് അത്യാകർഷകമായി മറ്റുള്ളവർക്കു പകർന്നുകൊടുക്കുന്ന യഥാർത്ഥ വജ്രക്കല്ലുകളാണ് നാം എന്നു തെളിയിക്കാം. നമ്മുടെമേൽ ആഞ്ഞടിക്കാൻ ദൈവം അനുവദിച്ചിരിക്കുന്ന ഏതു കൊടുങ്കാറ്റിനെയും നമുക്കു വിശ്വസ്തതയോടെ സ്വാഗതം ചെയ്യാം. ഈ ചെറിയ കാര്യങ്ങളിൽ നാം വിശ്വസ്തരായിരുന്നാൽ തക്ക സമയത്ത് ക്രിസ്തുവിനോടുകൂടി ശക്തിയിലും മഹാതേജസ്സിലും പങ്കാളികളാകാൻ അവൻ നമ്മെ യോഗ്യരായി എണ്ണും - Z'02, 333 (R 3103)

*　　*　　*　　*　　*　　*

ദൈവനിർണ്ണയത്തിന്റെ വ്യാഖ്യാതാവും നിർവ്വാഹകനും ആകാൻ യോഗ്യൻ ആര് എന്നതു സംബന്ധിച്ചാണ് പ്രകൃതത്തിലെ ചോദ്യം. ചോദ്യകർത്താവായ ബലിഷ്ഠദൂതൻ ന്യായപ്രമാണഉഭയസമ്മതമാണ്. ദൈവനിർണ്ണയത്തിന്റെ വ്യാഖ്യാതാവും നിർവ്വാഹകനുമാകാൻ യോഗ്യനായി യഹൂദയുഗത്തിൽ ആരെയും കത്തുെവാൻ അതിനു കഴിഞ്ഞില്ല. എന്നാൽ ലോകസ്ഥാപനത്തിനു മുമ്പേ അറുക്കപ്പെട്ട കുഞ്ഞാടായ യേശുക്രിസ്തുവിലൂടെ പ്രവർത്തിക്കുന്ന ജ്ഞാനവും നീതിയും ശക്തിയും സ്നേഹവും മുഖേന നമുക്കായി ജീവന്റെ ഉറവിടം കുവെച്ച ദൈവകൃപ വാഴ്ത്തപ്പെടുമാറാകട്ടെ. ദൈവജനങ്ങളുടെ നടത്തിപ്പുകാരിൽ ബലവാനായവൻ നീതിയുടെ എല്ലാ നിയോഗങ്ങളും പൂർണ്ണമായി പാലിച്ചുകൊം ആദാമിനും അവന്റെ വർഗ്ഗത്തിനുമെതിരായ അതിന്റെ തീർപ്പിനു പ്രതിശാന്തി വരുത്തിക്കൊം നീതിയുടെ ആഹ്വാനമെല്ലാം പ്രവൃത്തിപഥത്തിലാക്കുക മാത്രമല്ല, ത്യാഗത്തിനു കിട്ടുന്ന ഏതവസരവും തികച്ചും പ്രയോജനപ്പെടുത്തുമാറ് സ്നേഹത്തിന്റെ മാർഗ്ഗത്തിൽ ചരിക്കയും ചെയ്തു. അവൻ യോഗ്യൻ തന്നെ! അതേ, അവൻ സർവ്വാംഗസുന്ദരൻ!. - P'33, 177

*　　*　　*　　*　　*　　*

**സമാന്തരവേദഭാഗങ്ങൾ : വെളി.5:6,9-14; സങ്കീ.45:2; യെശ.11:5;53:9; മീഖാ.5:4; മത്താ.12:41,42;27:3,4; ലൂക്കൊ.3:16;23:41; യോഹ.1:14;5:30,34,41;7:18; അപ്പൊ.13:28; 1കൊരി.1:24; 2കൊരി.4:4;5:21; കൊലൊ.1:19; 2തിമൊ.2:13**

ചോദ്യങ്ങൾ :- ഈ ആഴ്ച ക്രിസ്തുവുമായി ഞാൻ ബന്ധപ്പെട്ടത് എങ്ങനെ? എന്തായിരുന്നു ഫലം?

# ഡിസംബർ 22

***ഇവയെ വിട്ടകന്നു തന്നെത്താൻ വെടിപ്പാക്കുന്നവൻ വിശുദ്ധവും ഉടമസ്ഥന് ഉപയോഗവുമായി നല്ല വേലയ്ക്ക് ഒക്കെയും ഒരുങ്ങിയിരിക്കുന്നമാന പാത്രം ആയിരിക്കും - 2 തിമൊ. 2 : 21***

ഒരുവൻ ദൈവത്തിങ്കൽനിന്നു ബഹുമാനം ആഗ്രഹിക്കുന്നുവെങ്കിൽ ദൈവവ്യവസ്ഥപ്രകാരമുള്ള വഴിയിൽകൂടെ വേണം അതു നേടാൻ. താഴ്മയുടെ വഴിയിൽക്കൂടെത്തന്നെ. എന്തെന്നാൽ താഴ്മയുള്ളവരാണ് കർത്താവിന്റെ പ്രസാദത്തിന് പാത്രമാകുന്നത്. നിങ്ങൾ യജമാനനു യോഗ്യമായ മാനപാത്രമായിരിക്കണമെങ്കിൽ ദൈവത്തിന്റെ ബലമുള്ള കൈക്കീഴ് താണിരിക്കുക; തക്കസമയത്ത് അവൻ നിങ്ങളെ ഉയർത്തും. അതിനെ സംബന്ധിച്ചു തിടുക്കം കൈക്കൊള്ളുകയുമരുത്. “ചെയ്യാൻ നിന്റെ കൈ കത്തെുന്നതെല്ലാം ശക്തിയോടെ ചെയ്യുക” യജമാനന് ഉപയോഗയോഗ്യമാകേതിന് നിന്റെ മൺപാത്രം വെടിപ്പാക്കാൻ ആരംഭിക്കയും ആ വേല തുടരുകയും ചെയ്യുക - Z'02, 319 (R 3096)

* * * * * *

നമുക്കു നിർമ്മലീകരണം വേത് ജഡത്തിലെയും ആത്മാവിലെയും കല്മഷങ്ങളിൽ നിന്നാണ്. ഇവയിൽ ശാരീരികമായ ശുചിത്വമില്ലായ്മ, പുകവലി, മദ്യം, ലഹരിമരുന്ന്, അമിതഭാഷണം, ദുർനടത്ത തുടങ്ങി ബാഹ്യമായ അശുദ്ധികൾ മാത്രമല്ല, അവിശ്വാസം, അബദ്ധവിശ്വാസം, നൈരാശ്യം അസ്ഥിരത, അസഹിഷ്ണുത, അഭക്തി, സാഹോദര്യമില്ലായ്മ, സ്വാർത്ഥം, അഹന്ത, നിഗളം, ഭീരുത്വം, അലസത, ശണ്ഠ, വിദ്വേഷം, കാപട്യം, അത്യാഗ്രഹം മുതലായി മനസ്സിലും ഹൃദയത്തിലും വേരൂന്നുന്ന അശുദ്ധികളും ഉൾപ്പെടുന്നു. ക്രിസ്തീയമായ പോരാട്ടത്തിന്റെ വലിയൊരു ഭാഗം പാപത്തിനും അസത്യത്തിനും സ്വാർത്ഥത്തിനും ലോകമയത്വത്തിനും എതിരായുള്ള സമരമാണ്. പരിശുദ്ധാത്മവ്യാപാരം കൊാണ് ശുദ്ധീകരണം സാധിക്കുന്നത്. ഇതു നമ്മെ ദൈവമുമ്പാകെ മാന്യരാക്കുന്നു. നമ്മെ അവനായി വേർതിരിക്കുന്നു. ദൈവസേവനത്തിനു നമ്മെ യോഗ്യരാക്കുന്നു. എല്ലാ നല്ലവാക്കിനും പ്രവൃത്തിക്കും നമ്മെ ഒരുക്കുന്നു. “കർത്താവിന്റെ പാത്രങ്ങളെ ചുമക്കുന്നവരേ, നിങ്ങളെത്തന്നെ നിർമ്മലീകരിപ്പിൻ” എന്ന നിയോഗം എല്ലാവർക്കും വിശേഷാൽ സഞ്ചാരസുവിശേഷകന്മാർക്കും മൂപ്പന്മാർക്കും അനുയോജ്യമാണ് - P'32, 197

* * * * * *

**സമാന്തരവേദഭാഗങ്ങൾ : ലേവ്യ.21:6;യെഹെ.7:10; യെശ.6:5-8;52:11; യിരെ.15:19; മത്താ.20:25-28; റോമ.2:21-23; 1കൊരി.5:1-8;6:9-20;11:28-32; 2കൊരി.6:3-7,16-7:1;13:5; ഗലാ.5:19-21; എഫെ.5:3,4; 1തിമൊ.3:1-15;6:11; യാക്കോ.3:10**

ചോദ്യങ്ങൾ :- ഈ വേദവാക്യം സംബന്ധിച്ച് ഈ ആഴ്ചയിലെ അനുഭവങ്ങൾ ഏവയായിരുന്നു? അവയെ എങ്ങനെ അഭിമുഖീകരിച്ചു? അവ മൂലമുളവായ ഫലങ്ങൾ ഏവ?

# ഡിസംബർ 23

***തക്കസമയത്തു പറയുന്ന വാക്ക് എത്ര മനോഹരം! ഉചിതമായി പറയപ്പെടുന്ന വാക്കു വെള്ളിത്താലത്തിൽ പൊൻനാരങ്ങാപോലെ - സദൃ. 15:23; 25:11***

കേൾക്കാൻ ചെവിതരുകയും കർത്താവിന്റെ വഴി ആരായുകയും ചെയ്യുന്നവരോടു സംഭാഷിക്കാൻ അവസരം ലഭിക്കുമ്പോൾ മനുഷ്യജീവിതത്തിൽ കടുത്ത പ്രതിസന്ധിയുടെ പല സന്ദർഭങ്ങളും ഉാകുമെന്നോർക്കണം. ആ അവസരത്തിൽ പറയുന്ന ഒരു വാക്ക് മറ്റൊരവസരത്തിൽ, വ്യത്യസ്ത സാഹചര്യത്തിൽ പറയുന്ന നൂറുനൂറുവാക്കുകളേക്കാൾ ഫലവത്തും ശക്തവുമായിരിക്കും. നമ്മുടെ സൗകര്യാസൗകര്യങ്ങൾ കണക്കിലെടുക്കാതെ സഹോദരങ്ങൾക്കുവേി സസന്തോഷം ജീവൻ ബലികഴിക്കാനുള്ള സന്നദ്ധതയോടെ കർത്താവിനെ സേവിക്കുന്നതിൽ സത്വരം പ്രവർത്തിക്കണം. നമ്മെ സംബന്ധിച്ച് അനവസരമായാലും മറ്റുള്ളവർക്കു സൗകര്യപ്രദമായ ഏതു സമയത്തും പ്രവർത്തിപ്പാൻ നാം ഒരുങ്ങിയിരിക്കണം. നമ്മെ സംബന്ധിച്ചു സമയം വളരെ അനുകൂലമെന്നിരുന്നാൽത്തന്നെ മറ്റുള്ളവർക്ക് അനവസരമെങ്കിൽ സുവിശേഷമായാലും അവതരിപ്പിച്ചു കൂടാ - Z'02, 381,382 (R 3122)

*　　*　　*　　*　　*　　*

മൗനം പാലിക്കേ സമയങ്ങളും ലംഘിക്കേ സമയങ്ങളും ഉ്. പറയേ കാര്യങ്ങളും പറയാതിരിക്കേ കാര്യങ്ങളും ഉ്. മൗനം പാലിക്കേ സമയത്തു സംസാരിക്കുന്നവനും പറയാതെ അടക്കി വയ്ക്കേ കാര്യങ്ങൾ പറയുന്നവനും, പറയേ കാര്യങ്ങളിൽ നിശ്ശബ്ദത പാലിക്കുന്നവനും ബുദ്ധിഹീനനും ആപത്കാരിയുമാണ്. മൗനം ഉചിതമായിരിക്കുമ്പോൾ മൗനം പാലിക്കുന്നവനും അനുചിതവും ദ്രോഹകരവുമായ പ്രസ്താവനകളെ അടക്കിവെയ്ക്കുന്നവനും സ്ഥലകാലങ്ങളെയും ആളിനെയും അവസരത്തെയും കണക്കിലെടുത്ത് ശരിയായ ആത്മാവിലും ശരിയായ രീതിയിലും സംസാരിക്കുന്നവനും ബുദ്ധിമാനും സഹായകാരിയും ആകുന്നു. വേ സംഗതി വേവിധത്തിലും ആത്മാവിലും ശരിയായ സന്ദർഭത്തിലും സമയത്തും സ്ഥലത്തും ആളറിഞ്ഞ് സംസാരിക്കുവാനുള്ള കഴിവ് അസുലഭവും വിലപ്പെട്ടതും ഫലവത്തുമായ ഒരു സവിശേഷ കൃപയാണ്. സയോചിതമായതുകൊു നമ്മുടെ വാക്കുകൾ മേൽക്കുമേൽ നന്മവിളയിക്കുന്നതാകും - P'26, 173

*　　*　　*　　*　　*　　*

**സമാന്തരവേദഭാഗങ്ങൾ : സങ്കീ.37:30;39:1;119:13,46,172;141:3; സദൃ.12:18-20; 15:1,2,4,7;16:21,23,24;31:26; സഭാ.12:9-11; എഫെ.4:25,29; കൊലൊ.4:6; 1പത്രൊ.3:15,16; വെളി.14:5**

ചോദ്യങ്ങൾ :- ഞാൻ ഈ ആഴ്ച എന്റെ നാവിനെ എങ്ങനെ ഉപയോഗപ്പെടുത്തി? പരിണതഫലങ്ങൾ ഏവ?

# ഡിസംബർ 24

***അവൻ തന്റെ ജനത്തെ അവരുടെ പാപങ്ങളിൽനിന്നു രക്ഷിപ്പാനിരിക്കകൊ‌ു നീ അവന് യേശു എന്നു പേർ ഇടേണം എന്നു പറഞ്ഞു -മത്താ.1:21***

നമ്മുടെ രക്ഷകന്റെ പിറവിക്കും സുവിശേഷദൗത്യത്തിന്റെ രംഗപ്രവേശത്തിനും വഴിയൊരുക്കുന്നതിനുപകരിച്ച നിസ്സാരസംഭവങ്ങളുടെ പിന്നിൽ പ്രവർത്തിച്ച ദൈവനിയോഗം ഗ്രഹിക്കുന്നത് കർത്തൃജനങ്ങൾക്കു വിശ്വാസദാർഢ്യത്തിനു പ്രയോജനപ്പെടും. ചെറിയ കാര്യങ്ങളിൽപോലും കഴിഞ്ഞകാലത്ത് ദൈവം പ്രദർശിപ്പിച്ചുപോന്ന ശ്രദ്ധ, അവന്റെ നിർണ്ണയത്തിൽ നിറവേറാൻ ഇനിയും അവശേഷിക്കുന്ന കാര്യങ്ങളും പ്രവൃത്തിപഥത്തിലാക്കുന്നതിനുള്ള അവന്റെ ജ്ഞാനത്തിലും വിഭവശേഷിയിലും നാം അർപ്പിക്കുന്ന വിശ്വാസത്തിന്, ബേത്‌ലഹേമിൽ ജനിച്ച ലോകൈകരക്ഷകനിൽ കേന്ദ്രീകരിച്ചു നിൽക്കുന്ന വിലയേറിയതും അതിമഹത്തുമായ വാഗ്ദത്തങ്ങളുടെയെല്ലാം നിവൃത്തിയിലുള്ള നമ്മുടെ വിശ്വാസത്തിനുതന്നെ ആധാരമായിത്തീരുന്നു. കൂടാതെ ദൈവനിർണ്ണയത്തിൽപ്പെട്ട അതിബൃഹത്തായ വിഷയങ്ങൾ പ്രവൃത്തിപഥത്തിലാക്കാനുള്ള കാര്യനിർവ്വഹണോപായം സംബന്ധിച്ച അവബോധം നമ്മുടെ വ്യക്തിഗതവും താരതമ്യേന സ്വകാര്യപരവുമായ കാര്യങ്ങളിലുള്ള കർത്തൃപരിപാലനത്തിലും വിശ്വാസമർപ്പിക്കാൻ ഉത്തേജകമാകുന്നു - Z'00, 8 (R 2555)

*　　*　　*　　*　　*　　*

വേദത്തിലെ കഥാപാത്രങ്ങൾക്കും മറ്റും നൽകപ്പെടുന്ന പേരുകൾ അർത്ഥവത്താണ്. അവ അതതു വസ്തുക്കളുടെയോ ആളുകളുടെയോ സ്വഭാവം, വേല, ഉദ്യോഗം, അനുഭവം, നിഴൽപ്പൊരുൾബന്ധങ്ങൾ ഇവ ദ്യോതിപ്പിക്കുന്നു. ദൈവം തന്റെ അഭിഷിക്തപുരുഷന് ഒരു പേരു തിരഞ്ഞെടുക്കാൻ ഇതാണു കാരണം. യോശുവ അഥവാ യെശുവ (യഹോവ രക്ഷയാകുന്നു) എന്ന എബ്രായപദത്തിന്റെ ലത്തീൻ രൂപമാണ് യേശു (Jesus) എന്നത്. ഇതു നമ്മുടെ കർത്താവിന്റെ ഔദ്യോഗികകൃത്യനിർവ്വഹണത്തെ കുറിക്കുന്നു. ഇപ്പോൾ സമർപ്പിതജനത്തിനു കണക്കിടപ്പെടുന്ന അവന്റെ പുണ്യം അവരെ പാപത്തിന്റെ ശിക്ഷാവിധിയിൽനിന്നു മോചിപ്പിക്കുന്നു. കർത്താവിന്റെ ആത്മാവും വചനവും ദിവ്യപരിപാലനവും വഴി അവൻ അവരെ ക്രമേണ പാപത്തിന്റെ അധികാരം അഥവാ ശക്തിയിൽനിന്ന് വിടുവിക്കുന്നു. അന്തിമമായി ഒന്നാം പുനരുത്ഥാനത്തിൽ പാപത്തിന്റെ എല്ലാ ദുഷ്ഫലങ്ങളിൽനിന്നും അവരെ മോചിപ്പിക്കും. പിന്നീട് തന്റെ പുണ്യം മുഖേന പാപത്തിന്റെ ശിക്ഷാവിധിയിൽനിന്ന് ലോകത്തെ മോചിപ്പിക്കും. പുരോഹിതൻ, മധ്യസ്ഥൻ, രാജാവ്, നിയമദാതാവ്, ന്യായാധിപൻ, പ്രവാചകൻ, പിതാവ് എന്നീ ഔദ്യോഗിക നിലകളിലുള്ള കൃത്യനിർവ്വഹണം മുഖേന അനുസരണം വഴി അവന്റെ ജനമായിത്തീരുന്ന സകലരെയും പാപത്തിന്റെ അധികാരത്തിൽ നിന്നും അനിഷ്ടഫലങ്ങളിൽ നിന്നും മോചിപ്പിക്കും. ഹല്ലേലുയ്യ, എത്ര വലിയ രക്ഷ! രക്ഷിപ്പാൻ അവൻ ശക്തൻ! - P'36, 167

*　　*　　*　　*　　*　　*

**സമാന്തരവേദഭാഗങ്ങൾ : ഉല്പ.49:18; ഇയ്യോ.33:23,24; സങ്കീ.72:4,12-14,17; 80:17;89:19; യെശ.28:16;40:10,11;42:6,7;53:10-12;62:11; സെഖ.9:9; മത്താ.15:24;18:11-13; ലൂക്കൊ.1:68-77;2:11,30-34; അപ്പൊ.16:31; റോമ.3:24-26**

ചോദ്യങ്ങൾ :- എന്നെ സംബന്ധിച്ച് യേശു എന്ന പേരിന്റെ അർത്ഥമെന്ത്? അത് എന്നിൽ എന്തു പ്രതികരണം സൃഷ്ടിച്ചു?

# ഡിസംബർ 25

***ഭയപ്പെടോ; സർവ്വജനത്തിനും ഉാകുവാനുള്ളൊരു മഹാസ ന്താഷം ഞാൻ നിങ്ങളോടു സുവിശേഷിക്കുന്നു. കർത്താവായ ക്രിസ്തു എന്ന രക്ഷിതാവ് ഇന്നു ദാവീദിന്റെ പട്ടണത്തിൽ നിങ്ങൾക്കായി ജനിച്ചിരിക്കുന്നു - ലൂക്കൊ. 2 : 10,11***

നമ്മുടെ പ്രിയപ്പെട്ട വീടെുപ്പുകാരന്റെ ജനനം ആഘോഷിക്കുന്നതിന് ഉചിതമായ ദിവസം ഡിസംബർ 25 ആണെന്നതിനോടു യോജിക്കാൻ കഴികയില്ലെങ്കിലും (അതു മിക്കവാറും ഒക്ടോബർ ഒന്നാം തീയതിയാണെന്നു സിദ്ധാന്തിക്കേിയിരിക്കുന്നു - വേദാദ്ധ്യയനവാല്യം II, പേജ് 54) തന്റെ ജന്മദിനം ആചരിക്കണമെന്ന ആഗ്രഹം അവൻ സൂചിപ്പിച്ചിട്ടില്ലായ്കയാൽ എല്ലാവർക്കും വളരെ പ്രാധാന്യമുള്ള ആ സംഭവം ആഘോഷിക്കുന്നത് ഏതു ദിവസം എന്നത് അപ്രധാനമാണ്. സംവത്സരത്തിന്റെ ഈ ഘട്ടത്തിൽ പരസ്പരം ലഘുസമ്മാനങ്ങൾ കൈമാറുന്നത് വിശേഷിച്ചു സമുചിതമെന്നു ഞങ്ങൾക്കു തോന്നുന്നു. എല്ലാ നല്ല ദാനങ്ങളുടെയും ദാതാവാണ് ദൈവം. അവൻ നിരന്തരം ദാനം ചെയ്യുന്നു. നാം അവനിൽ നിന്നു നിരന്തരം കൈക്കൊളളുകയും ചെയ്യുന്നു. എന്നാൽ അവന്റെ ദാനങ്ങളിൽ സർവ്വോത്തമമായത് തന്റെ പുത്രനെ നമ്മുടെ വീടെുപ്പുകാരനായി നൽകിയതാണ് - Z'03, 457 (R 3289)

*　　*　　*　　*　　*　　*

സകല ജനങ്ങൾക്കുമുള്ള മഹാസന്തോഷത്തിന്റെ സദ്വർത്തമാനം നാനാമുഖമായ അനുഗ്രഹങ്ങൾ വിളംബരം ചെയ്യുന്നു. പാപങ്ങൾക്കു ക്ഷമ, തത്ഫലമായി മരിച്ചവർക്കെല്ലാം പുനരുത്ഥാനം; സത്യത്തെ സംബന്ധിച്ച സൂക്ഷ്മജ്ഞാനം; ക്രിസ്തുവികലേക്കു തിരിയുവാനുള്ള പ്രേരണ സകലരിലും ജനിപ്പിക്കുക; ക്രിസ്തുവിന്റെ കർത്തൃത്വത്തിനുമുമ്പിൽ എല്ലാ മുഴങ്കാലും മടങ്ങുകയും എല്ലാ നാവും അത് ഏറ്റുപറയുകയും ചെയ്യുമാറാക്കുക; എല്ലാവർക്കുമായുള്ള പരിശുദ്ധാത്മവാഗ്ദാനം; എല്ലാവർക്കും വിശുദ്ധിയിൻ പെരുവഴിയിൽ സഞ്ചരിക്കാനുളള അവകാശം മുതലായവയാണ് ഈ അനുഗ്രഹങ്ങൾ. അബ്രഹാമ്യ സന്തതി മുഖേന ലോകത്തിനു പ്രഖ്യാപിക്കാൻ ആണയോടുകൂടിയ ഉടമ്പടിയാൽ ഉറപ്പിക്കപ്പെട്ട അനുഗ്രഹങ്ങൾ ഇവ തന്നെ. ഈ എല്ലാ അനുഗ്രഹങ്ങൾക്കും ആധാരമായി ഒരു മറുവില നൽകപ്പെടുന്നതിന് ഒരു പൂർണ്ണമനുഷ്യൻ ഉായിരിക്കേിയിരുന്നു. അതിന് കർത്താവും ക്രിസ്തുവുമായിരിക്കേ ഒരുവന്റെ മനുഷ്യജന്മം സംഭവിക്കേിയിരുന്നു. ആ ജനനം നടന്നുകഴിഞ്ഞതിനാൽ അതിനെ അങ്കുരാവസ്ഥയിൽ കുകൊു ദൂതൻ ബേത്ലഹേമിലെ ആ ശിശുവിന്റെ പിറവിയിൽ വേരൂന്നിയ അനുഗ്രഹങ്ങളുടെ വർദ്ധനവിനെയും മനുഷ്യന്റെ യഥാസ്ഥാപനത്തിൽ അതു വിളയിക്കുന്ന ഫലങ്ങളെയും കുറിച്ചു പ്രതിപാദിക്കുന്നു - P'30, 184

*　　*　　*　　*　　*　　*

**സമാന്തരവേദഭാഗങ്ങൾ : ഉല്പ.12:3; സങ്കീ.22:27-29; യെശ.9:6;29:18,24;35:5,6,10; ലൂക്കൊ.2:30-32,34; യോഹ.1:9;12:32; റോമ.14:9; ഫിലി.2:9-11**

ചോദ്യങ്ങൾ :- സുവിശേഷം എനിക്ക് ഈ ആഴ്ചയിൽ നല്ല വർത്തമാനം ആയിരുന്നോ? എന്തുകൊ്? എങ്ങനെ?

# ഡിസംബർ 26

***നല്ല ഉറപ്പും ധൈര്യവും ഉള്ളവനായി മാത്രം ഇരിക്ക - യോശു. 1:7***

"ഉറപ്പും നല്ല ധൈര്യവുമുള്ളവനായിരിക്കുക." ധൈര്യം പല പ്രകാരത്തിലു്: ഒന്ന് അഹംബുദ്ധിയിൽ നിന്നും സ്വാശ്രയത്തിൽ നിന്നും ഉാകുന്നതാണ്; ഇനിയൊന്ന് സ്ഥിതിഗതികളോടു ബന്ധപ്പെട്ട വൈഷമ്യങ്ങളെ കണക്കിലെടുക്കാൻ കൂട്ടാക്കാത്ത സാഹസികതയിൽ നിന്നുളവാകുന്നതാണ്. എന്നാൽ കർത്താവു പകർന്നുതരുന്നതും ആത്മീയയിസ്രയേല്യരായ ഏവരും കൈവരുത്താൻ ശ്രമിക്കേതുമായ ധൈര്യം കർത്താവിന്റെ പിൻബലത്തിൽ ആധാരപ്പെട്ടതാണ്. വഴിമദ്ധ്യേ വരാവുന്ന പരീക്ഷകളെയും പ്രതിബന്ധങ്ങളെയും, പകച്ചുപോകാതെ ശാന്തതയോടെ വകയിരുത്തുകയും അവയെ നേരിടുന്നതിലുള്ള സ്വന്തം അപര്യാപ്തത മനസ്സിലാക്കുകയും ചെയ്യാതെയുള്ള ധൈര്യമല്ല ഇത്. കർത്താവിലും അവന്റെ ബലത്തിൻ വല്ലഭത്വത്തിലും ഉറച്ചു നില്ക്കാൻ അവരെ ശക്തരാക്കുന്ന ദിവ്യവാഗ്ദാനങ്ങളിലുള്ള വിശ്വാസത്തിൽ നിന്നു ജനിക്കുന്നതാണ് ഈ ധൈര്യം - Z'02, 285 (R 3079)

* * * * * *

ധീരതയും കരുത്തും: കേവലം നിർഭയത്വവും ശാരീരികബലവും അല്ല, പിന്നെയോ ദൈവവിശ്വാസം, വിജയപ്രതീക്ഷ, ദിവ്യപ്രമാണങ്ങളിലുള്ള പ്രമോദം, അനുസരണം ഇവയിൽനിന്നുളവാകുന്ന മാനസികവും ധാർമ്മികവും ഭക്തിപരവുമായ ശക്തിയും ധീരതയുമാണ്. ഇതിൽ ആത്മനിയന്ത്രണം, സഹിഷ്ണുത, ധൈര്യം ഇവ അടങ്ങിയിരിക്കുന്നു. നാം ജിവിക്കുന്നതു ദുഷ്ക്കാലത്താകയാൽ ഇത് ആവശ്യമാണ്. ദൈവത്തോടും ക്രിസ്തുവിനോടും സത്യത്തോടും സഭയോടും ലോകത്തോടും ബന്ധപ്പെട്ട വിഷയങ്ങൾ അന്തർഭവിച്ചിട്ടുള്ളതുകൊ് തത്ത്വങ്ങൾ എന്ന നിലയിൽ പാപം, സ്വാർത്ഥം, ലോകമയത്വം ഇവയോടും വ്യക്തികൾ എന്ന നിലയിൽ പിശാചിനോടും സ്വയത്തോടും ലോകത്തോടും പോരാടേതിനാലും, അവനവനുവേിയും സഭയ്ക്കുവേിയും ലോകത്തിനുവേിയും പ്രവർത്തിക്കേതിനാലും, നേടേ വിജയങ്ങളും അന്തിമമായി പ്രാപിക്കേ പ്രതിഫലങ്ങളും ഉള്ളതിനാലും ധൈര്യവും ഉറപ്പും ആവശ്യമാണ്. അലസത കൊോ വെറും ആഗ്രഹം കൊോ നേടാവുന്നതല്ല അത്. ദിനംപ്രതിയുള്ള ചെറുതും വലുതുമായ അനുഭവങ്ങളുടെയും പോരാട്ടങ്ങളുടെയും മദ്ധ്യേ കർത്താവിന്റെ വചനവും ആത്മാവും നടത്തിപ്പുകളും വിശ്വസ്തതയോടെ കൈകാര്യം ചെയ്യുകയല്ലാതെ ആ ഉറപ്പും ധൈര്യവും നേടാൻ വേറെ വഴിയില്ല - P'35, 172

* * * * * *

**സമാന്തരവേദഭാഗങ്ങൾ : യോശു.1:5-9; ആവ.5:32,33; 31:7,8; യെശ.35:4; 41:10-14; റോമ.8:31,37; 1കൊരി.16:13; എഫെ.6:10-16; സങ്കീ.27:1; 46:1,7; 119:42; സദൃ.2:7; ന്യായാ.6:14**

ചോദ്യങ്ങൾ :- ഈ ആഴ്ച ഞാൻ ഉറപ്പും ധൈര്യവും ഉള്ളവൻ ആയിരുന്നോ? എന്തുകൊ്? എവിടെയെല്ലാം? അനുകൂലമായതെന്ത്? പ്രതികൂലമായതെന്ത്? എന്തു ഫലങ്ങൾ ഉളവായി?

## ഡിസംബർ 27

***കുഞ്ഞുങ്ങളേ,വിഗ്രഹങ്ങളോട് അകന്നു സൂക്ഷിച്ചുകൊൾവിൻ - 1യോഹ. 5 : 21***

നാം നേതാക്കന്മാരിലല്ല, കർത്താവിലാണ് വിശ്വാസം അർപ്പിക്കേത്. ഇതിന്റെ അർത്ഥം നേതാക്കന്മാരിൽ വിശ്വാസം അർപ്പിക്കരുതെന്നോ നേതൃത്വത്തെ അംഗീകരിക്കരുതെന്നോ അല്ല. എന്തെന്നാൽ പൊരുളിലെന്നപോലെ നിഴലിലെയും ജനങ്ങളെ ദൈവം നയിച്ചതിന്റെ ചരിത്രം തന്റെ ജനത്തെ ഉപദേശിക്കയും കൃപയിൽനിന്നു കൃപയിലേക്കും പരിജ്ഞാനത്തിൽനിന്നു പരിജ്ഞാനത്തിലേക്കും നടത്തുകയും ചെയ്യുന്നതിന് മാനുഷിക മുഖാന്തരങ്ങളെ ഉപകരണമാക്കാൻ അവന് ഇഷ്ടമായി എന്നു തെളിയിക്കുന്നു. തന്റെ വേല നിർവഹിക്കുന്നതിന് ദൈവം തികച്ചും കഴിവുള്ളവനാണെന്നും നമുക്കു മാർഗ്ഗദർശികളായി മാനുഷികമുഖാന്തരങ്ങൾ നിയോഗിക്കപ്പെട്ടു കാണുമ്പോൾതന്നെ നാം വിശ്വാസം അർപ്പിക്കുന്നത് അവരുടെ ജ്ഞാനത്തിലോ ശക്തിയിലോ അല്ല, അവരെയും അവർവഴി നമ്മെയും നയിക്കുന്ന കർത്താവിന്റെ ജ്ഞാനത്തിലും ശക്തിയിലും ആണെന്നും ഉള്ള പാഠമാണ് നാം പഠിക്കേത്- Z'02, 284 (R 3077)

* * * * * *

വിഗ്രഹം എന്നാൽ മൂർത്തമായ വെറും പ്രതിമകൾ മാത്രമല്ല. യഹോവ ഒഴികെ മനുഷ്യന്റെ വണക്കത്തിനും പരമമായ ആരാധനയ്ക്കും പാത്രമാകുന്ന ശാരീരികവും മാനസികവും ധാർമ്മികവും മതപരവും ആയ ഏതു വസ്തുവും വിഗ്രഹമാണ്. ഒരുവന്റെ പരമമായ ആരാധനയ്ക്കു വിഷയമായ ഏതും അവന്റെ ദൈവമാണ്. അതു യഹോവയല്ലെങ്കിൽ വിഗ്രഹം തന്നെ. ഇങ്ങനെ നോക്കിയാൽ പലരും അവരുടെ വിശ്വാസങ്ങൾ, മതവിഭാഗം, കക്ഷി, അതിമോഹങ്ങൾ, വേഷഭൂഷകൾ, വിദ്യാഭ്യാസം, പദവി, ജനസമ്മതി, സുരക്ഷിതത്വം, അഭിപ്രായം, അവകാശങ്ങൾ, അഭിരുചികൾ, ഭവനം, സ്വത്ത്, കുടുംബം, സ്ഥാനപ്പേരുകൾ, സുഹൃത്തുക്കൾ, ദേശം, നേതാക്കൾ, പ്രണയബന്ധം മുതലായവയെ വിഗ്രഹമാക്കുന്നു. ജാതീയ വിഗ്രഹങ്ങളെ വെറുക്കുന്നവരും ഈ വക വിഗ്രഹങ്ങൾക്കു വശംവദരായിപ്പോകുന്നു. ഈ വിഗ്രഹങ്ങളിൽ നിന്നാണ് നാം വിശേഷവിധിയായി അകന്നുകൊള്ളണമെന്ന് അപ്പൊസ്തൊലൻ പ്രബോധിപ്പിക്കുന്നത്. ഇങ്ങനെയുള്ള വിഗ്രഹസേവയിൽ തത്പരരാകുക എന്നുവച്ചാൽ സ്വയത്തിനും ലോകത്തിനും മരിച്ച് ദൈവത്തിനു ജീവിച്ചുകൊള്ളാമെന്ന പ്രതിഷ്ഠയിൽനിന്നു പിൻവാങ്ങി പിശാചിന്റെ പ്രേരണയിൽ കുടുങ്ങി, പാപത്തിനും അസത്യത്തിനും സ്വാർത്ഥത്തിനും ലോകമയത്വത്തിനും ദാസന്മാരായിത്തീരുക എന്നാണർത്ഥം - P'34, 175

* * * * * *

**സമാന്തരവേദഭാഗങ്ങൾ : 1കൊരി.10:7-14; പുറ.32:23-26; 2കൊരി.6:16; പുറ:20:3-6; 1ശമു.15:23; സങ്കീ.16:4;44:20; യോശു.24:23; യോനാ.2:8,9; 1കൊരി.6:9,10; വെളി.9:20;21:8; കൊലൊ.3:5,6; എഫെ.5:5.**

ചോദ്യങ്ങൾ :- ഈ ആഴ്ച ഞാൻ വിഗ്രഹങ്ങളിൽനിന്നകന്ന് എന്നെത്തന്നെ സൂക്ഷിച്ചുവോ? എങ്ങനെ? ഏതു പരിതസ്ഥിതികളിൽ? അതിൽ സഹായകമായ തെന്ത്? പ്രതികൂലമായതെന്ത്? പരിണതഫലങ്ങൾ എന്ത്?

# ഡിസംബർ 28

***അവൻ വഴിയരികെയുള്ള തോട്ടിൽനിന്നു കുടിക്കും; അതുകൊ് അവൻ തല ഉയർത്തും - സങ്കീ. 110 : 7***

നവമായ തീക്ഷ്ണതയോടെ നാം വിശ്വസ്തതയോടും ആഹ്ളാദത്തോടുംകൂടി ജീവിതാനുഭവങ്ങളുടെ നീർത്തോട്ടിൽനിന്നു കുടിക്കുകയും അതുവഴി യഥാകാലം അവന്റെ ശുശ്രൂഷയ്ക്കു നമ്മെ സജ്ജരും സമർത്ഥരുമാക്കുന്ന ജ്ഞാനം നേടുകയും ചെയ്യുകയിൽ ഉത്തരോത്തരമായ അനുഗ്രഹത്തിനു നാം നമ്മുടെ ഗുരുവും ശിരസ്സുമായ കർത്താവിനോടു യാചിക്കേിയിരിക്കുന്നു. ഇപ്പോൾ തന്നെയും അവന്റെ ശുശ്രൂഷയ്ക്ക് അതു നമ്മെ പൂർവ്വാധികം അനുയോജ്യരും സന്നദ്ധരുമാക്കും. അവന്റെ വകയായ നമ്മുടെ ശരീരത്തിലും ആത്മാവിലും അവനെ മഹത്ത്വപ്പെടുത്തുവാൻ ഇടയാകുമാറു ജീവിതത്തിലെ പരീക്ഷണ ഘട്ടങ്ങളിലും അവസ്ഥാന്തരങ്ങളിലും അവന്റെ സ്തുതികളെ വർണ്ണിക്കാൻ അതു നമ്മെ ശക്തരാക്കും. നീർത്തോട്ടിൽ നിന്നു കുടിക്കുന്ന നമുക്ക്, ജലപാനമദ്ധ്യേ ഇടയ്ക്കിടെ ദൈവത്തിനു നന്ദി അർപ്പിക്കാനെന്ന പോലെ തലയുയർത്തുന്ന കൊച്ചു പക്ഷികൾ ഒരു പാഠം ഉപദേശിച്ചുതരുന്നു്. ജീവിതാനുഭവങ്ങളുടെ ഏതു രുചിഭേദത്തിനും ഏതു പാഠത്തിനും ഏതു പരീക്ഷയ്ക്കും വേി നാം നിരന്തരം കർത്താവിനു നന്ദി അർപ്പിച്ചുകൊിരിക്കണം. അവയെല്ലാം നമ്മുടെ ആത്മീയാഭിവൃദ്ധിക്ക് ഉപയുക്തമാണ് - Z'02, 14 (R 2935)

* * * * * *

ഈ വാക്യത്തിൽ പ്രതിപാദിക്കുന്ന തോട് ദൈവവചനവും ജീവിതാനുഭവങ്ങളുമാണ്. തെളിഞ്ഞ അരുവി അരികുചേർന്നൊഴുകുന്ന വഴിയിലൂടെയുള്ള ഒരു യാത്രയുടെ ചിത്രമാണ് ഇവിടെ ലഭിക്കുന്നത്. ഇതിൽനിന്നും കുടിച്ച് യാത്രക്കാർക്കു ദാഹശമനം വരുത്താം. നമ്മുടെ പ്രിയപ്പെട്ട വീടെുപ്പുകാരൻ ക്ഷീണം പോക്കാനുതകുന്ന ദൈവവചനമാകുന്ന നീരൊഴുക്കു തന്റെ യാത്രയിലുടനീളം കാണുകയുായി. അവൻ അതിൽ നിന്നും പാനം ചെയ്ത് നവോന്മേഷംപ്രാപിച്ചിരുന്നു. അവനെപ്പോലെ നമുക്കും സ്വർഗ്ഗീയ സീയോനിലേക്കുള്ള പ്രയാണമദ്ധ്യേ ഉന്മേഷം പുതുക്കേപ്പോഴെല്ലാം ഈ കുളിർനീരൊഴുക്കിൽ നിന്നു കുടിക്കാം. അതുപോലെ ജീവിതാനുഭവങ്ങളുടെ തോട്ടിൽ നിന്നും കൂടെ അവൻ കുടിച്ചും അങ്ങനെ പുതിയ പാഠങ്ങൾ അവൻ പഠിച്ചും ഭാവിയിലെ അനുഭവങ്ങൾക്കു സഹായകമായ പുതിയ പാഠങ്ങൾ ജീവിതാനുഭവങ്ങൾക്കു വഴിയൊരുക്കും. അനുഭവങ്ങൾ ഏറ്റവും വിദഗ്ദ്ധനായ അദ്ധ്യാപകനാണ്. ഏറ്റവും മടയനായ വിദ്യാർത്ഥി മാത്രമേ അതിൽനിന്നു പഠിക്കുന്നതിന് അസമർത്ഥനാകൂ. മൂഢവിദ്യാർത്ഥികളുടെ ഗണത്തിൽ പെടാതെ കർത്താവു നമ്മെ പഠിപ്പിക്കുന്ന പാഠങ്ങൾ ദൈവവചനം, ജീവിതാനുഭവം ഇവ രിൽനിന്നും പഠിക്കാം - P'33, 177, 178

* * * * * *

**സമാന്തരവേദഭാഗങ്ങൾ : ലൂക്കൊ.22:27; അപ്പൊ.8:32,33; 2കൊരി.8:9;10:1; ഫിലി.2:5-8; യെശ.50:5,6; മത്താ.26:51-54; എബ്രാ.12:2-14; എസ്രാ.7:10; സങ്കീ.78:2-8; 143:8,10; സദൃ.23:12**

ചോദ്യങ്ങൾ :- ദൈവവചനത്തിൽ നിന്നും ജീവിതാനുഭവത്തിൽ നിന്നും ഈ ആഴ്ച ഞാൻ എന്തു പാഠം പഠിച്ചു? എങ്ങനെ? ഫലമെന്തായിരുന്നു?

# ഡിസംബർ 29

***രാവിലെ നിന്റെ വിത്തുവിതയ്ക്ക; വൈകുന്നേരത്തു നിന്റെ കൈ ഇളച്ചിരിക്കരുത്; ഇതോ, അതോ, ഏതു സഫലമാകും എന്നും രും ഒരുപോലെ നന്നായിരിക്കുമോ എന്നും അറിയുന്നില്ലല്ലോ - സഭാ. 11 : 6***

സത്യത്തിന്റെ ശുശ്രൂഷകരായിരിക്കാനുള്ള ആഗ്രഹത്തിന്റെ അളവിനൊത്തവണ്ണം മുഴുവൻ കർത്തൃജനങ്ങളും സേവനത്തിനുള്ള അവസരങ്ങൾ കത്തെുന്നതിൽ സദാ ജാഗരൂകരായിരിക്കയും കർത്താവിൽ നിന്നുളള മാർഗ്ഗദർശനം പ്രതീക്ഷിക്കുകയും വേണം. കർത്താവിനോടും അവന്റെ വചനത്തോടുമുള്ള ഭക്തി എവിടെയെല്ലാം പ്രകടമാകുന്നുവോ അവിടെയെല്ലാം സഹായഹസ്തം നീട്ടുന്നതിൽ നാം ജാഗ്രതപുലർത്തണം. നാം പ്രാപിച്ച അനുഗ്രഹം മറ്റുള്ളവർക്കും കൈമാറുന്നതിൽ നാം ശ്രദ്ധാലുക്കളാകണം. രാജാധിരാജാവിന്റെ സേവനത്തിനു സമർപ്പണം ചെയ്തിരിക്കുന്ന തങ്ങളുടെ ജീവിതത്തിലെ മുഖ്യകർത്തവ്യമായി ഇതിനെ വിലമതിക്കണം - Z'02, 71 (R 2964)

* * * * * *

മറ്റുള്ളവരുടെ ഹൃദയം വായിപ്പാൻ നമുക്കു കഴിയുകയില്ല. ദൈവത്തിനേ അതു കഴിയൂ. അതുകൊ് എല്ലാ വെള്ളത്തിന്നരികിലും നാം വിതയ്ക്കണം. വിശുദ്ധവസ്തുക്കളും, സത്യത്തിന്റെയും സദ്സ്വഭാവത്തിന്റെയും മുത്തുകളും രു വിഭാഗങ്ങൾക്കു മാത്രമേ നിഷേധിക്കുവാൻ നമുക്ക് അധികാരമുള്ളു. (1) നായ്ക്കൾ - നമുക്കെതിരെ മുറുമുറുക്കുകയും കുരച്ചു ചാടുകയും കടിക്കുകയും ചെയ്യുന്ന ആക്രമണകാരികൾ. (2) പന്നികൾ - പാപത്തിന്റെ ചെളിയിൽ ഉരുളുന്നവർ. മറ്റെല്ലാവർക്കും തിരുവെഴുത്തിൽ നിന്ന് യഥോചിതം നൽകേതാണ്. ഇത് ഒന്നോ രോ തവണ ചെയ്താൽ പോരതാനും. നമ്മുടെ അസൗകര്യം വകവയ്ക്കാതെ നാം ബന്ധപ്പെടുന്നവരുടെ ആവശ്യാനുസരണം ഇത് ആവർത്തിച്ചുകൊിരിക്കണം. എത്രാമത്തെ ആവർത്തനത്തിലാണ് വചനത്തിനു കവാടം തുറന്നുകിട്ടുന്നതെന്നോ, ആരിൽനിന്നാണ് അനുകൂലമായ പ്രതികരണം ഉാകുന്നതെന്നോ നമുക്ക് അറിഞ്ഞുകൂടാ. കർത്താവു നിരസിക്കുന്നവരെ അവന്റെ അഭിഷിക്തരെന്നും മറിച്ചും ശമുവേലിനെപ്പോലെ നാം പലപ്പോഴും അന്യഥാ ധരിക്കുന്നു. അതുകൊ് വിധിക്കുന്നതിൽ നാം വളരെ ശ്രദ്ധാലുക്കളാകണം. ദൈവം മാത്രം ആത്മാവിന്റെയും വചനത്തിന്റെയും ദിവ്യനടത്തിപ്പിന്റെയും ഉരകല്ലിനാൽ അവരുടെ മനോഗതിയെ വെളിപ്പെടുത്തുകയും ഹൃദയങ്ങളെ പ്രമാദരഹിതമായി വിധിയെഴുതുകയും ചെയ്യുന്നു. ശുദ്ധമോ കൂട്ടുലോഹമോ എന്ന് അവ തെളിയിക്കും. അതുകൊ് ആ വിലയിരുത്തലിനായി കാത്തിരിക്കാം. ഓരോന്നിന്റെയും തനിനിറം അതു തുറന്നുകാട്ടും - P'32, 197

* * * * * *

**സമാന്തരവേദഭാഗങ്ങൾ : ഉല്പ.33:11;49:24-26; സങ്കീ.1:3;127:1,2;128:1,2; സദൃ.11:18,19,30; യെശ.58:6-14;62:1; യോഹ.18:37; 1കൊരി.15:58; ഗലാ.6:9; 2തിമൊ.4:2,5**

ചോദ്യങ്ങൾ :- ഈ ആഴ്ച ഞാൻ സത്യം പ്രചരിപ്പിച്ചുവോ? എപ്രകാരം? എന്തുകൊ്? പരിണതഫലങ്ങൾ ഏവയായിരുന്നു?

# ഡിസംബർ 30

***നീ സംവത്സരത്തെ നിന്റെ നന്മകൊു കിരീടം ചൂടിക്കുന്നു-സങ്കീ. 65:11***

നാം പിന്നിട്ടുകഴിഞ്ഞ വർഷത്തിൽ ദിവ്യവിചാരണ നമ്മെ വഴിനടത്തിയ വിധങ്ങളിലേക്കു തിരിഞ്ഞുനോക്കുമ്പോൾ സമാഗതമാകുന്ന നവവത്സരത്തെ സംബന്ധിച്ചും ശുഭപ്രതീക്ഷ പുലർത്താൻ ദൈവത്തിന്റെ നന്മയും കരുണയും അവനിലുള്ള വിശ്വാസത്തിനും ഉറപ്പിനും പ്രേരകമാകട്ടെ. യഥോചിതമായ ഒരു തിരിഞ്ഞുനോട്ടം കഴിഞ്ഞവർഷത്തെ സംബന്ധിച്ചു ദൈവത്തോടു കൃതജ്ഞനായിരിക്കുന്നതിനു മാത്രമല്ല ആദിയിൽ നാം വിശ്വസിച്ച സമയത്തെക്കാൾ നമ്മുടെ വിമോചനം ആസന്നമായിരിക്കുന്നു എന്നു ഗ്രഹിച്ചുകൊ് നിവർന്നു തല ഉയർത്തുന്നതിനും ഒരു യഥാർത്ഥ ദൈവപൈതലിനെ ശക്തനാക്കും. കൂടാതെ നമ്മുടെ ഇച്ഛകളും ജീവിതവും എന്നല്ല സമസ്തവും അവന്റെ ജ്ഞാനത്തിനും സ്നേഹപൂർവ്വമായ കരുതലിനും വിധേയപ്പെടുത്തുകമാത്രം ചെയ്യുമെങ്കിൽ നമ്മിൽ ഒരു നല്ല പ്രവൃത്തി ആരംഭിച്ചവൻ അതു പൂർത്തിയാക്കാൻ കഴിവും മനസ്സുമുള്ളവനെന്ന് അവൻ ഗ്രഹിക്കയും ചെയ്യും - Z'00, 365 (R 2737)

* * * * * *

സംവത്സരം എന്ന പദം തിരുവെഴുത്തിൽ ചിലപ്പോൾ ശരാശരി 365¼ ദിവസമുള്ള കാലയളവിനെയും ചിലപ്പോൾ ഒരു യുഗത്തെയും കുറിക്കുന്നു. ഇരുവിധത്തിലുള്ള സംവത്സരങ്ങളെയും കർത്താവു തന്റെ നന്മകൊ് കിരീടം ചൂടിക്കുന്നു. സൗരവർഷത്തെ അവൻ നന്മകൊ് അലങ്കരിക്കുന്നു. എങ്ങനെ? പ്രപഞ്ചസന്ധാരണത്തിലും തന്റെ മഹത്ത്വത്തിനും തന്റെ സൃഷ്ടികളുടെ നന്മയ്ക്കുംവേി അതിന്റെ ബൃഹത്തായ യന്ത്രസംവിധാനം പ്രവർത്തിപ്പിക്കുന്നതിലും ഋതുഭേദം കാഴ്ചവെയ്ക്കുന്ന മഹാ അനുഗ്രഹങ്ങളിലും ഇതു ദർശിക്കാം. ഇപ്രകാരം ശാപത്തിന്റെ പരിമിതികൾ നിലനിൽക്കെത്തന്നെ ദൈവത്തിന്റെ അനുഗ്രഹവർഷം നമുക്കു നൽകപ്പെടുന്നു. കർത്താവിന്റെ പ്രസാദവർഷം എന്ന നിലയിൽ വീക്ഷിക്കുമ്പോൾ സുവിശേഷയുഗം അവന്റെ നന്മകൊ് അലങ്കരിക്കപ്പെട്ടിരിക്കുന്നു. സഭയെ വീടെുക്കുകയും പഠിപ്പിക്കുകയും നീതീകരിക്കയും വിശുദ്ധീകരിക്കയും പൂർത്തീകരിക്കയും വിമോചിപ്പിക്കയും മഹത്ത്വീകരിക്കയും ചെയ്യുക, മഹാപുരുഷാരത്തെ നിത്യജീവനു യോഗ്യരാക്കുക, ആത്മോത്പാദനം ലഭിക്കാത്ത സമർപ്പിതഗണത്തിനു ഭൂമിയിൽ പ്രഭുക്കന്മാരായി നിയമിക്കപ്പെടാൻ വേ പ്രൗഢത വരുത്തുക, യഹൂദന്മാരെയും ജാതികളെയും സഹസ്രാബ്ദവാഴ്ചയ്ക്കായി ഒരുക്കുക മുതലായവയാണ് ആ നന്മകൾ. അപ്രകാരം തന്നെ സഹസ്രാബ്ദയുഗവും കർത്താവിന്റെ നന്മകളാൽ അലങ്കരിക്കപ്പെടും. മുഴുവൻ മനുഷ്യരാശിയോടും ക്ഷമിക്കയും സഹതപിക്കയും അവരെ മരണനിദ്രയിൽനിന്ന് ഉണർത്തുകയും ഉപദേശിക്കയും ആകർഷിക്കയും അനുഗ്രഹിക്കയും വിശ്വസ്തരെന്നു തെളിയിക്കുന്നവർക്കു പറുദീസയിൽ നിത്യജീവൻ നൽകുകയും ചെയ്യുക എന്നതാണ് ഈ നന്മകൾ - P'26, 173

* * * * * *

**സമാന്തരവേദഭാഗങ്ങൾ : പുറ.33:19;34:6; സങ്കീ.33:5; 34:8; 73:1; 107:8,9,43; 145:7,9; യെശ.61:1,2;63:7; മത്താ.7:11; ലൂക്കൊ.4:18,19; റോമ.2:4; തീത്തൊ.3:4**

ചോദ്യങ്ങൾ :- ഈ വർഷത്തെ പ്രത്യേകമായ അനുഗ്രഹങ്ങൾ ഏതെല്ലാമായിരുന്നു? അവ എന്നെ എങ്ങനെ സ്വാധീനിച്ചു?

## ഡിസംബർ 31

***യഹോവ എനിക്കു ചെയ്ത സകല ഉപകാരങ്ങൾക്കും ഞാൻ അവന് എന്തു പകരം കൊടുക്കും? ഞാൻ രക്ഷയുടെ പാനപാത്രം എടുത്തു യഹോവയുടെ നാമം വിളിച്ചപേക്ഷിക്കും. യഹോവയ്ക്കു ഞാൻ എന്റെ നേർച്ചകളെ അവന്റെ സകല ജനവും കാൺകെ കഴിക്കും - സങ്കീ. 116 : 12-14***

വരും കൊല്ലത്തേക്കു പുതിയ തീരുമാനങ്ങൾ കൈക്കൊള്ളുന്നതിന് ഉചിതമായ സമയമാണ് വർഷാന്ത്യം. പ്രിയ സഹോദരങ്ങളേ, കർത്താവുമായി ഏകീഭവിച്ച് നാം എന്തായിത്തീരണം എന്തു ചെയ്യണം എന്തെല്ലാം സഹിക്കണം എന്നീ കാര്യങ്ങളെപ്പറ്റി അനേകം നല്ല തീരുമാനങ്ങൾ കൈക്കൊള്ളുക. കർത്താവിന്റെ കൃപയാൽ നമ്മുടെ ജീവിതത്തിൽ വരും വർഷം മുൻവർഷങ്ങളെയെല്ലാം അതിശയിക്കുന്നതാകട്ടെ. ആത്മത്യാഗത്തിലും ലോകത്തെയും അതിന്റെ ആത്മാവിനെയും കീഴടക്കുന്നതിലും സ്വാർത്ഥത്തെയും ജഡമോഹങ്ങളെയും ഉച്ചാടനം ചെയ്യുന്നതിലും ശത്രുവിനോട് എതിർത്ത് നിൽക്കുന്നതിലും കർത്താവിനെ മഹത്ത്വപ്പെടുത്തുന്നതിലും അവന്റെ ജനത്തെ അനുഗ്രഹിക്കുന്നതിലും മികച്ച വിജയം കൈവരിച്ചതിന്റെയും വിപുലതരമായ പ്രതീക്ഷകളുടെയും നാനാമുഖമായ പരിശ്രമങ്ങളുടെയും വർഷമായിരിക്കട്ടെ അത് - Z'99, 286 (R 2551)

* * * * * *

സൃഷ്ടി, പരിപാലനം, വീടെടുപ്പ്, പ്രബോധനം, നീതീകരണം, വിശുദ്ധീകരണം, വിമോചനം എന്നിവയോടു ബന്ധപ്പെട്ട അനുഗ്രഹങ്ങളാണ് കർത്താവിങ്കൽ നിന്നു വർത്തമാന ജീവിതത്തിൽ നാം പ്രാപിക്കുന്ന നന്മകൾ. ഭാവിയിലെ നന്മകളാകട്ടെ രാജ്യപ്രാപ്തി, മനോവൃത്തി, പ്രകൃതി, കാഴ്ചകൾ, പദവികൾ, സമ്പർക്കങ്ങൾ, പൈതൃകാവകാശങ്ങൾ, ഔദ്യോഗികസ്ഥാനം ഇവയെ കേന്ദ്രീകരിച്ചിരിക്കും. ഈ നന്മകൾക്കു നമ്മുടെ ഭാഗത്തുനിന്നുാകേ ഒന്നാമത്തെ പ്രതികരണം രക്ഷയുടെ പാനപാത്രം എടുക്കുക എന്നതാണ്. സാധാരണ ഗതിയിൽ പാനപാത്രം മധുരാനുഭവങ്ങളുടെയും തിക്താനുഭവങ്ങളുടെയും പ്രതീകമാണ്. രക്ഷയുടെ പാനപാത്രമെന്നത്, രക്ഷ കരസ്ഥമാക്കുന്നതിനോടനുബന്ധിച്ചു നമുക്കു നേരിടേി വരുന്ന സുഖദുഃഖാനുഭവങ്ങളാണ്. അതുകൊ് നാം ഹൃദയംഗമമായ നന്ദിയോടെ അപ്രകാരമുള്ള അനുഭവങ്ങളെ സ്വാഗതം ചെയ്യും. കൂടാതെ കർത്താവിന്റെ കൃപയെയും കരുണയെയും സത്യത്തെയും അചഞ്ചലമായി അംഗീകരിച്ചുകൊ് അവന്റെ നാമത്തെ വിളിച്ചപേക്ഷിക്കും. ഒടുവിലായി സ്വയത്തിനും ലോകത്തിനും മരിച്ചു ദൈവത്തിനായി ജീവിക്കുമെന്നുള്ള നമ്മുടെ പൊതുവായ സമർപ്പണത്തെ വിശേഷവിധിയായ പ്രതിജ്ഞകളോടൊപ്പം നാം നിവർത്തിക്കും. കർത്താവിന്റെ മുഴുവൻ ജനങ്ങളുടെയും പ്രയോജനം മുൻനിറുത്തി ഇപ്പോഴും മേലിലും നാം ഇതു ചെയ്യും. - P'36, 167

* * * * * *

**സമാന്തരവേദഭാഗങ്ങൾ : സങ്കീ.51:12,13;103:2,3; യെശ.6:5-8; റോമ.12:1,2; 1കൊരി.6:20; 2കൊരി.5:14,15; സങ്കീ.23:5;63:6; ലൂക്കൊ.22:17,18,20; മത്താ.20:22,23; 26:39,42; യോഹ.18:11; സംഖ്യ.15:2-5; ആവ.23:21; യോന.2:9; സങ്കീ.66:13-15**

ചോദ്യങ്ങൾ :- ഈ വേദവാക്യത്തോടനുബന്ധിച്ച് ഈ ആഴ്ചയിലെ അനുഭവങ്ങൾ എന്തെല്ലാമായിരുന്നു? അവയെ എങ്ങനെ അഭിമുഖീകരിച്ചു? അതിൽ

അനുകൂലമായും പ്രതികൂലമായും വർത്തിച്ചതെന്ത്? അവ എന്തു ഫലമുള വാക്കി?